# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 ഫെബ്രുവരി 7, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 191 –നമ്പർ 6

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 7, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

# തിരുവനന്തപുരം

## മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി : ശ്രീ. വി. എൻ. വാസവൻ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി : ശ്രീമതി വീണാ ജോർജ്

**ഉള്ളടക്കം**


പേജ്

I **ചോദ്യോത്തരങ്ങൾ**

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**
**(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)**

II **അടിയന്തര പ്രമേയം**

വെള്ളക്കരം വർദ്ധന
(അവതരണാനുമതി നിഷേധിച്ചു)

III **ശ്രദ്ധക്ഷണിക്കൽ**

(1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ദുർബലപ്പെടുത്തുന്ന നയങ്ങൾ തിരുത്തൽ

- ശ്രീ. എം. രാജഗോപാലൻ

(2) ചാലക്കുടിപ്പുഴ സംരക്ഷണം

- ശ്രീ. സനീഷ്‌കുമാർ ജോസഫ്

IV **സബ്മിഷൻ**

(1) പട്ടികജാതി കോളനിയിലെ ഹോമിയോ ഡിസ്പെൻസറികൾ

- ഡോ. എം. കെ. മുനീർ

(2) ചെർപ്പുളശ്ശേരി കുടിവെള്ള പദ്ധതി

- ശ്രീ. പി. മമ്മിക്കുട്ടി

(3) തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

- ശ്രീ. കെ. കെ. രാമചന്ദ്രൻ

(4) കോണോത്തുപുഴ പുനരുദ്ധാരണം

- ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

(5) പയ്യന്നൂരിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ

- ശ്രീ. ടി. ഐ. മധുസൂദനൻ

(6) പുതമൺ പാലം പുനർനിർമ്മാണം

- ശ്രീ. പ്രമോദ് നാരായൺ

(7) സീപോർട്ട്-എയർപോർട്ട് റോഡ്

- ശ്രീ. അൻവർ സാദത്ത്

(8) ഇരിക്കൂർ പാലം പുനർനിർമ്മാണം

- ശ്രീ. സജീവ് ജോസഫ്

(9) കൊടുങ്ങല്ലൂർ താലൂക്കാശുപത്രി

- ശ്രീ. വി. ആർ. സുനിൽ കുമാർ

(10) സൈക്കിൾ പോളോ കായികതാരത്തിന്റെ മരണം

- ശ്രീ. എച്ച്. സലാം

V **റിപ്പോർട്ട് സമർപ്പണം**

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ
ഒന്നാമത് റിപ്പോർട്ട്

VI **ക്രമപ്രശ്നം**

നയപരമായ തീരുമാനങ്ങൾ സഭയിൽ പ്രഖ്യാപിക്കൽ

**റൂളിംഗ്**

VII **ധനകാര്യം**

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച)

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 7, ചൊവ്വ

---

വാല്യം 191} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 6

---

നിയമസഭ 2023 ഫെബ്രുവരി മാസം 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *91

### കേരളം ലോകത്ത് കണ്ടിരിക്കേണ്ട സ്ഥലങ്ങളുടെ പട്ടികയിൽ

1 (*91) ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്ത് കണ്ടിരിക്കേണ്ട സ്ഥലങ്ങളുടെ പട്ടികയിൽ ന്യൂയോർക്ക് ടൈംസ് കേരളത്തെ ഉൾപ്പെടുത്തിയത് സംസ്ഥാനത്തേയ്ക്ക് വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള സാഹചര്യം കൂടുതൽ അനുകൂലമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംതൃപ്തരായ വിനോദസഞ്ചാരികളാണ് ഏറ്റവും മികച്ച പ്രചരണോപാധി എന്നതിനാൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ സുരക്ഷിതമാക്കുന്നതിനും മാലിന്യരഹിതമാക്കുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രകൃതി സൗന്ദര്യത്തോടൊപ്പം സംസ്ഥാനത്തിന്റെ സംസ്കാരവും രുചി വൈവിധ്യവും വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) പ്രശസ്ത അന്താരാഷ്ട്ര മാധ്യമമായ ന്യൂയോർക്ക് ടൈംസ് തയ്യാറാക്കിയ 2023-ൽ ലോകത്ത് കണ്ടിരിക്കേണ്ട 52 ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ കേരളം ഇടം നേടി. ഇന്ത്യയിൽനിന്ന് കേരളം മാത്രമാണ് ഇത്തവണത്തെ പട്ടികയിൽ ഇടം പിടിച്ചത്. പട്ടികയിൽ പതിമൂന്നാം സ്ഥാനത്താണ് കേരളത്തെ അടയാളപ്പെടുത്തിയത്. കേരളത്തിലെ ഉത്സവങ്ങൾ, അനുഭവവേദ്യ ടൂറിസം, അന്താരാഷ്ട്ര മാതൃകയായ ഉത്തരവാദിത്ത ടൂറിസം എന്നിവ ഈ നേട്ടം സ്വന്തമാക്കാൻ സംസ്ഥാനത്തെ സഹായിച്ചു. പ്രദേശവാസികളുടെകൂടി പങ്കാളിത്തത്തോടെ നടക്കുന്ന ടൂറിസം പ്രവർത്തനങ്ങളെ ന്യൂയോർക്ക് ടൈംസ് എടുത്തുപറഞ്ഞു. കേരളത്തിന്റെ സാംസ്കാരിക പൈതൃകം വിളിച്ചറിയിക്കുന്ന ഉത്സവങ്ങൾ ആരെയും

ആകർഷിക്കുന്നതാണ്. ബീച്ചുകൾ, കായലുകൾ, രുചിഭേദം എന്നിവ കേരള ടൂറിസത്തിന്റെ സവിശേഷതയായി ന്യൂയോർക്ക് ടൈംസ് വിലയിരുത്തുന്നു. ജനങ്ങളുമായി ഇടപഴകാൻ വിനോദസഞ്ചാരികൾക്ക് അവസരമൊരുക്കി ടൂറിസം അനുഭവവേദ്യമാക്കുന്ന കേരളത്തിന്റെ രീതിയെ ന്യൂയോർക്ക് ടൈംസ് പ്രശംസിക്കുകയും ചെയ്യുന്നു.

ലോക ടൂറിസം മേഖലയിലെ ഈ അടയാളപ്പെടുത്തൽ വിദേശ വിനോദസഞ്ചാരികളുടെ വരവ് വേഗത്തിലാക്കാൻ സഹായകരമാണ്. കൂടുതൽ മേഖലയിൽ കേരളത്തിന്റെ സവിശേഷതകളെത്തിക്കാൻ ഇത് ഗുണം ചെയ്യും. ഉത്തരവാദിത്ത ടൂറിസം മേഖലയിലെ സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ വേഗം കൈവരിക്കാനും ടൂറിസം കൂടുതൽ ജനകീയമാകാനും ഈ നേട്ടം സഹായിക്കും.

(ബി) ടൂറിസം കേന്ദ്രങ്ങൾ സുരക്ഷിതമാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. സർക്കാരിന്റെ പൊതുകാഴ്ചപ്പാടിന്റെ ഭാഗമായി പരിശീലനം ലഭിച്ച 184 ടൂറിസം പോലീസുകാരെ കേരളത്തിലെ 14 ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശ ആഭ്യന്തര വിനോദസഞ്ചാരികൾക്ക് കുറ്റമറ്റ സുരക്ഷ ഏർപ്പാടാക്കുന്നതിനായി തിരുവനന്തപുരം കനകക്കുന്നിൽ കൂടുതൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും മികച്ച ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നതിനായി "ഗ്രീൻ കാർപെറ്റ്" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി വിനോദസഞ്ചാര വകുപ്പ് "ക്ലീൻ ഡെസ്റ്റിനേഷൻ" എന്ന പദ്ധതിവഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖാന്തരം മാലിന്യനിർമാർജ്ജന പ്രവർത്തനം നടത്തിവരുന്നുണ്ട്. തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ്. (Material Collection

Facility)-ൽ എത്തിച്ചുനൽകുന്ന പദ്ധതിപ്രകാരം 36 കേന്ദ്രങ്ങളിൽ ജൈവമാലിന്യ സംസ്കരണ യൂണിറ്റുകളുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

വിനോദസഞ്ചാര മേഖല മാലിന്യ വിമുക്തമാക്കുന്നതിനും വിനോദസഞ്ചാര കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫിക്കേഷനിലേയ്ക്ക് കൊണ്ടുവരുന്നതിനുമായുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി അക്കൊമഡേഷൻ യൂണിറ്റുകളിലെ 19 മുതൽ 21 വരെ ഇനം സിംഗിൾ യൂസ് പ്ലാസ്റ്റിക് ഒഴിവാക്കിക്കൊണ്ടുള്ള പ്ലാസ്റ്റിക് ഫ്രീ സോൺ ഡിക്ലറേഷൻ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്. പാരിസ്ഥിതിക ഉത്തരവാദിത്വത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ, ഓരോ തരം കേന്ദ്രങ്ങൾക്കുമായുള്ള പ്രത്യേക ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ തയ്യാറാക്കി വരുന്നുണ്ട്. യു.എൻ.ഡി.പി (യുണൈറ്റഡ് നേഷൻ ഡെവലപ്മെന്റ് പ്രോഗ്രാം) ഹരിത കേരള മിഷൻ എന്നിവരുമായി

ചേർന്ന് മൂന്നാർ കേന്ദ്രീകരിച്ചുള്ള മൗണ്ടൻ ടൂറിസം കേന്ദ്രങ്ങൾക്കുള്ള ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ തയ്യാറാക്കിയിട്ടുണ്ട്. ടൂറിസം ക്ലബ് രൂപീകരിച്ച് ഡെസ്റ്റിനേഷനുകളുടെ പരിപാലനം ഉറപ്പാക്കാനുള്ള പ്രവർത്തനവും നടന്നുവരുന്നു.

(സി) സംസ്ഥാനത്ത് നാടിന്റെ സംസ്കാരവും രുചിവൈവിധ്യവും വിനോദസഞ്ചാരികൾക്ക് അനുഭവേദ്യമാക്കാൻ വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഓണം ഉൾപ്പെടെയുള്ള കേരളത്തിന്റെ തനത് ആഘോഷങ്ങൾ ടൂറിസം മേഖലയിൽ പ്രചരിപ്പിച്ച് സഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതിയുണ്ട്. കേരളത്തിന്റെ രുചി പെരുമ വിളിച്ചറിയിക്കുന്ന ഫുഡ് സ്ട്രീറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പഴയ പാലങ്ങളുൾപ്പെടെ ഇതിനായി ഉപയോഗപ്പെടുത്താനാണ് ആലോചിക്കുന്നത്. ഉത്തരവാദിത്ത ടൂറിസത്തിലെ "സ്ട്രീറ്റ്" പദ്ധതിയുടെ ഭാഗമായി ഫുഡ് സ്ട്രീറ്റുകളും നിർമ്മിക്കുന്നുണ്ട്. പ്രാദേശിക രുചിവൈവിധ്യങ്ങൾ ഇതിലൂടെ നമുക്ക് വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കാനാകും. ആർട്ടിസ്റ്റുകളിലൂടെ കലാ-

സാംസ്കാരിക പരിപാടികളും പരിപോഷിപ്പിക്കുകയാണ്. ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി "എക്സ്പീരിയൻസ് എത്നിക് ക്യൂസിൻ" എന്നപദ്ധതി സംസ്ഥാന സർക്കാർ സംസ്ഥാനത്ത് വളരെ മുമ്പുതന്നെ ആരംഭിച്ചിട്ടുണ്ട്. 2800-ഓളം വീടുകളിൽ ടൂറിസ്റ്റുകൾ നേരിട്ടെത്തി ഭക്ഷണം തയ്യാറാക്കുന്നരീതി കണ്ടുകൊണ്ട് ഭക്ഷണവൈവിദ്ധ്യങ്ങൾ ആസ്വദിക്കുന്ന പദ്ധതിയാണ് "എക്സ്പീരിയൻസ് എത്നിക് ക്യൂസിൻ". ഈ പ്രവർത്തനം കൂടുതൽ വീടുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം ഫുഡ് സ്ട്രീറ്റുകൾ സാദ്ധ്യമാകുന്ന പ്രദേശങ്ങളിലെല്ലാം തദ്ദേശീയ പങ്കാളിത്തത്തോടെ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇതിനുപുറമെ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ വൈക്കത്ത് നടപ്പാക്കിയ കെ.എസ്.ആർ.ടി.സി. ബസ് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള നൂതന പദ്ധതിയായ കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ഫുഡ് ഓൺ വീൽസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഫുഡ് ഓൺ വീൽസ് പദ്ധതി മറ്റിടങ്ങളിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ലോകസഞ്ചാരികളുടെ പറുദീസകളിൽ ഒഴിവാക്കാനാകാത്തവിധം കേരളം മാറിയിട്ടുണ്ട്. നിർബന്ധമായി കണ്ടിരിക്കേണ്ട 52 ടൂറിസം കേന്ദ്രങ്ങൾ ന്യൂയോർക്ക് ടൈംസ് 2023-ൽ തയ്യാറാക്കിയപ്പോൾ കേരളം ലോകത്തിന്റെ നെറുകയിൽ 13-ാം സ്ഥാനത്താണ് എത്തിയത്. ഇന്ത്യയിൽ നിന്നാകട്ടെ കേരളം മാത്രമാണ് ഈ പട്ടികയിൽ സ്ഥാനം പിടിച്ചത്. കേരള ടൂറിസത്തെ ഉന്നതിയിലേയ്ക്ക് എത്തിച്ച ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ദേശീയ അന്തർദേശീയ തലത്തിൽ കേരള ടൂറിസത്തിന് ലഭിക്കുന്ന പുരസ്കാരങ്ങളും അംഗീകാരങ്ങളും കേരളത്തിലേയ്ക്കുള്ള സഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, തീർച്ചയായിട്ടും സഹായിച്ചിട്ടുണ്ട്. 2021 മെയ് 20-ന് ഈ സർക്കാർ അധികാരത്തിൽ വന്നത് കോവിഡ് രൂക്ഷമായ സാഹചര്യത്തിലായിരുന്നു. സഞ്ചാരം സാദ്ധ്യമാകുന്നില്ലെങ്കിൽ ടൂറിസമുണ്ടെന്ന് പറയാൻ സാധിക്കില്ല. യഥാർത്ഥത്തിൽ ടൂറിസം വെന്റിലേറ്ററിലായിരുന്ന അവസ്ഥയിലാണ് ഈ സർക്കാർ

അധികാരത്തിൽ വന്നത്. എന്നാൽ സർക്കാർ അന്ധാളിച്ച് നിലവിളിച്ച് കരയുകയായിരുന്നില്ല. സർക്കാർ ടൂറിസം സാദ്ധ്യതകൾ പരിശോധിക്കുകയും ആ സാദ്ധ്യതകൾ കോവിഡിന്റെ രൂക്ഷതകുറയുന്ന തൊട്ടടുത്ത ദിവസം പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് പദ്ധതികൾ ആവിഷ്കരിക്കുകയുമായിരുന്നു. ഇത്തരത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികളിൽ പ്രാധാന്യം നൽകിയത് ആഭ്യന്തര സഞ്ചാരത്തിനാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വരാനുള്ള അനന്തസാദ്ധ്യതയെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ടൂറിസം വകുപ്പ് മുന്നോട്ടുപോയി. അതിന്റെ ഭാഗമായി 2022-ാം വർഷം അവസാനിക്കുമ്പോൾ കേരളം രൂപംകൊണ്ടതിനുശേഷം ചരിത്രത്തിൽ ഏറ്റവുമധികം ആഭ്യന്തര സഞ്ചാരികളുള്ള വർഷമായി 2022 മാറിയെന്ന് സന്തോഷപൂർവ്വം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. 2022-ൽ കേരളത്തിലേയ്ക്ക് വന്ന ആഭ്യന്തര സഞ്ചാരികളുടെ എണ്ണം 1കോടി 88 ലക്ഷമാണ്. ഇതിനുമുൻപ് 1,83,84,233 ആയിരുന്നു കേരളത്തിന്റെ ഏറ്റവും വലിയ നമ്പർ. 2.63

ശതമാനം വളർച്ചയാണ് 2022-ൽ ഉണ്ടായിട്ടുള്ളത്. ഈ റെക്കോർഡിന്റെ ഭാഗമായി അധികം അഹങ്കരിക്കാനുള്ള അവസരം എന്തായാലും ഞങ്ങൾ നൽകില്ല. 2022-ന്റെ റെക്കോർഡ് 2023 മറികടക്കുമെന്നുള്ള കാര്യം സഭയെ പ്രത്യേകം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏറ്റവും നേട്ടമുണ്ടാക്കിയ ജില്ലകൾ പത്തനംതിട്ട, വയനാട്, ഇടുക്കി എന്നിവയാണ്. ഈ ജില്ലകളെല്ലാം പ്രത്യേകം മാർക്കറ്റിംഗ് നടത്തിമുന്നോട്ടുകൊണ്ട് പോകാൻ ശ്രദ്ധിച്ചിരുന്നു. അതുപോലെതന്നെ ആലപ്പുഴ, മലപ്പുറം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വലിയ മുന്നേറ്റമുണ്ടാകുന്ന സ്ഥിതിയുണ്ടായി. ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ ഈ ആറ് ജില്ലകൾ സർവ്വകാല റെക്കോർഡിലേയ്ക്ക് എത്തി. 2022-ൽ ഏറ്റവുമധികം ആഭ്യന്തര വിനോദ സഞ്ചാരികൾ എത്തിയത് എറണാകുളം ജില്ലയിലാണ്. പിന്നീട് തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, വയനാട് ജില്ലകളിലാണ് കൂടുതൽ ആഭ്യന്തര വിനോദസഞ്ചാരികളെത്തിയത്. ഇതിൽ വയനാടും, ഇടുക്കിയുമാണ് വൻ കുതിപ്പുണ്ടാക്കാൻ കാരണമായി മാറിയത്. പൊതുസ്ഥിതി പരിശോധിക്കുമ്പോൾ കോവിഡിന്റെ രൂക്ഷത

കുറയുന്നുണ്ടെങ്കിലും ലോകത്താകമാനം വിദേശ സഞ്ചാരികളുടെ വരവ് അത്രത്തോളം സജീവമായിട്ടില്ല. അത് നമ്മുടെ കേരളത്തിലും കാണുന്നുണ്ട്. എന്നാലും കോവിഡ് സാഹചര്യത്തെ അപേക്ഷിച്ച് വിദേശസഞ്ചാരികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഇത് നമ്മളെ സംബന്ധിച്ചിടത്തോളം വലിയ കരുത്താണ്. ഇന്ത്യയിലെ പ്രധാന മാഗസിനാണ് ഇന്ത്യാ ടുഡേ. നേരത്തെ അത് മലയാളത്തിലുമുണ്ടായിരുന്നത് നമുക്കറിയാം. ഓരോ സംസ്ഥാനത്തും കോവിഡിനുശേഷം നടന്ന സർക്കാർ ഇടപെടലുകളും ടൂറിസത്തിന്റെ കുതിപ്പും ഇന്ത്യാ ടുഡേ സമയമെടുത്ത് പരിശോധിച്ചു. അങ്ങനെ പരിശോധിച്ച് റാങ്കിംഗ് നിശ്ചയിച്ചപ്പോൾ കേരളത്തിനാണ് അതിൽ ഒന്നാം സ്ഥാനമെന്നുള്ളത് വളരെ സന്തോഷത്തോടെ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. പൊതുവെ കൂട്ടായ ശ്രമങ്ങൾ ഇനിയും തുടരാം എന്ന കാര്യം ഇവിടെ സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, പൈതൃക ടൂറിസം, മുസിരിസ് ടൂറിസം തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കാനും സ്ത്രീ സൗഹൃദ ടൂറിസം ശൃംഖല,

നൈറ്റ് ലൈഫ് ആസ്വാദന പദ്ധതി എന്നിവയ്ക്ക് തുടക്കമിടാനും ടൂറിസം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാന്യനായ അംഗം ശ്രീ. കെ. ജെ. മാക്സി ഇവിടെ ഉന്നയിച്ച വിഷയം കേരളത്തിന് വളരെ സാദ്ധ്യതയുള്ള മേഖലയാണ്. ഹെറിറ്റേജ് ടൂറിസത്തിന്റെ സാദ്ധ്യതയെ ഫലപ്രദമായി ഉപയോഗപ്പെടുത്താനാണ് ടൂറിസം വകുപ്പ് ശ്രമിക്കുന്നത്. കേരള ടൂറിസം സംസ്ഥാനത്തിന്റെ ഭാവിയായിട്ടാണ് പൊതുവെ കണക്കാക്കുന്നത്. കേരള ടൂറിസത്തെ കേരളത്തിന്റെ പ്രധാനപ്പെട്ട മേഖലയായി ഈ ബഡ്ജറ്റിൽ അടയാളപ്പെടുത്തിയതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ടൂറിസം ഇടനാഴി ഉൾപ്പെടെ കേരള ടൂറിസത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ചുവടുപിടിച്ചുകൊണ്ട് വിപുലമായ പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പൈതൃക ടൂറിസം പദ്ധതി കൂടുതൽ ഇടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനും സ്ത്രീ സൗഹൃദ ടൂറിസം ഈ വർഷത്തോടെ പൂർണ്ണ

അർത്ഥത്തിൽ പ്രായോഗികമാക്കാനും നൈറ്റ് ലൈഫ് പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള കാര്യങ്ങൾ നിശ്ചയിച്ച് മുന്നോട്ടുപോകാനുമാണ് ആലോചിക്കുന്നത്. നിലവിലുള്ള ഹെറിറ്റേജ് പ്രോജക്ടുകളെ ശക്തിപ്പെടുത്താനും അതോടൊപ്പം പുതിയ സാദ്ധ്യതകളെ കോർത്തിണക്കി മുന്നോട്ടുപോകാനുമാണ് ടൂറിസം വകുപ്പും സർക്കാറും ഉദ്ദേശിക്കുന്നത്.

<u>ശ്രീമതി ശാന്തകുമാരി കെ</u>: സർ, ലോകം ഇനി കാണേണ്ടത് കേരളത്തെയാണെന്ന് ലോക ടൂറിസം ഭൂപടം രേഖപ്പെടുത്തിയതിൽ നമ്മൾ നടത്തിയ റെസ്പോൺസിബിൾ ടൂറിസത്തിന്റെയും കാരവൻ ടൂറിസം പ്രൊമോഷന്റെയും പങ്ക് എടുത്തുപറയേണ്ടതാണ്. അതുപോലെതന്നെ വിവിധ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന രീതിയിൽ കേരളത്തിന്റെ പൊതുമരാമത്ത് - വിനോദസഞ്ചാര മേഖലയിൽ പ്രത്യേകിച്ച് നിർമ്മാണമേഖലയിൽ വൈവിധ്യമായിട്ടുള്ള ആശയങ്ങൾ കൊണ്ടുവരികയെന്നുള്ളത് ഇന്ന് അനിവാര്യമായിരിക്കുകയാണ്. ഇന്ത്യയിലെ പ്രധാന തുറമുഖമായ വിശാഖപട്ടണം ഞങ്ങൾ കുറച്ച് വനിതാ എം.എൽ.എ.-മാർ സന്ദർശിക്കുകയുണ്ടായി. സാംസ്കാരിക സംസ്കൃതിയും

പ്രകൃതിരമണീയതയും ആലേഖനം ചെയ്ത ചിത്രങ്ങൾ അവിടത്തെ പാതയോരങ്ങൾ കയ്യടക്കിയിരിക്കുന്ന കാഴ്ച മനോഹരമായി തോന്നി. അതിന്റെ പശ്ചാത്തലത്തിൽ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്, കേരളത്തിലെ പൊതുമരാമത്ത്-വിനോദസഞ്ചാര മേഖലയിൽ പ്രത്യേകിച്ച് നിർമ്മാണ മേഖലയിൽ ഒരു പുതിയ ഡിസൈൻ പോളിസി ആകർഷണീയമായ രീതിയിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നേരത്തെതന്നെ സർക്കാരിന്റെ ഒരു പ്രഖ്യാപിത ഡിസൈൻ നയം സംസ്ഥാനത്താകെ കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊച്ചിയിൽ വച്ച് സൂചിപ്പിച്ചിരുന്നു. ടൂറിസം-പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചിടത്തോളം ഡിസൈൻ വളരെ പ്രാധാന്യം അർഹിക്കുന്നൊരു കാര്യമാണ്. കേരളത്തിന്റെ നിലവിലുള്ള കുതിപ്പിനനുസൃതമായി പുതിയ നിർമ്മാണങ്ങൾക്ക് ഒരു ഡിസൈൻ അനിവാര്യമാണ്. ഇതിന്റെ ഭാഗമായി പൊതുവെ ഞങ്ങൾ ചില കാര്യങ്ങൾ

ആലോചിച്ചിരുന്നു. നമ്മുടെ രാജ്യത്ത് ഒരു ഡിസൈൻ നയത്തിന്റെ കാര്യം അടിവരയിട്ടുകൊണ്ട് പ്രഖ്യാപനം വന്നത് 2007-ലാണ്. പിന്നീട് പലകാരണങ്ങളാൽ ദൗർഭാഗ്യവശാൽ അത് മുന്നോട്ടുപോയില്ല. പല വിദേശരാജ്യങ്ങളിലും കൃത്യമായ ഡിസൈൻ പോളിസിയുണ്ട്. ഇതൊക്കെ കണക്കാക്കി മൂന്നു ദിവസം നീണ്ടു നിൽക്കുന്ന ഒരു ഡിസൈൻ പോളിസി വർക്ക്ഷോപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായി. പൊതുമരാമത്ത്-ടൂറിസം മേഖലയിൽ ഒരു ഡിസൈൻ നയം കൊണ്ടുവരാൻ വേണ്ടിയാണ് ഇത്തരത്തിലൊരു വർക്ക്ഷോപ്പ് സംഘടിപ്പിച്ചത്. ബഹുമാന്യനായ മുഖ്യമന്ത്രിയാണ് വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തത്. ഇന്ത്യയിലെ പ്രധാന ഡിസൈനേഴ്സും അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട ആർക്കിടെക്ടുകളും ഉൾപ്പെടെയുള്ള നൂറിലധികം പേരും രണ്ടു വകുപ്പുകളുടെ ഉദ്യോഗസ്ഥരും എട്ട് സെഷനുകളായിരുന്ന് വിവിധ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അത് നടപ്പിലാക്കേണ്ടതാണ്. പ്രത്യേകിച്ച് ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ പല നിലയിലും പല മേഖലയിലുള്ളവർക്കും സൗഹൃദപരമാക്കാൻ സാധിക്കും.

ഭിന്നശേഷിസൗഹൃദം, സ്ത്രീസൗഹൃദം മറ്റു വയോജനങ്ങൾക്ക് പ്രത്യേക സംവിധാനം എന്നിവ ഒരുക്കാൻ ഈ ഡിസൈൻ പോളിസിയിലൂടെ സാധിക്കും. പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങളുടെ അടിയിലെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലം ഉപയോഗപ്രദമാക്കി മാറ്റാൻ സാധിച്ചാൽ വയോജന പാർക്ക്, ചിൽഡ്രൻസ് പാർക്ക്, സ്കേറ്റിംഗ് പ്ലേസ് തുടങ്ങിയവ കേരളത്തിൽ വ്യാപകമാക്കാൻ സാധിക്കും. കംഫർട്ട് സ്റ്റേഷനുകളും മറ്റു പല സൗകര്യങ്ങളും കൊണ്ടുവരാൻ കഴിയും. കേരളത്തിലെ സമസ്ത മേഖലകളിലുമുള്ളവരെയും യോജിപ്പിക്കാൻ കഴിയും. കേരളത്തിലെ നഗരങ്ങളിലെ/ജില്ലാകേന്ദ്രങ്ങളിലെ ഓട്ടോറിക്ഷാ തൊഴിലാളികളെ കേരള ടൂറിസത്തിന്റെ ബ്രാൻഡ് അംബാസഡർമാരാക്കി മാറ്റുന്നതോടൊപ്പം അവരുടെ വാഹനയാത്രാ സൗകര്യങ്ങളും മുന്നോട്ടുകൊണ്ടുവരാൻ സാധിക്കും. വയനാട് ജില്ലയിൽ ഞങ്ങളത് ആരംഭിച്ചു. വയനാടിലെ ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് പ്രത്യേക ശില്പശാല സംഘടിപ്പിച്ച് ട്രെയിനിംഗ് നൽകിവരുന്നു. ഇങ്ങനെ, വിദേശരാജ്യങ്ങളിലുള്ളതുപോലെ ഓട്ടോറിക്ഷകളെ ടൂറിസത്തിന്റെയും കേരളത്തിന്റെ സമസ്ത മേഖലകളിലെയും

പ്രചാരകരായി മാറ്റുന്ന ഒരു ഡിസൈൻ പോളിസിയുടെ കരടാണ് ഇപ്പോൾ ഞങ്ങൾ സ്വീകരിച്ചത്. അത് ചർച്ച ചെയ്ത്, അധികം വൈകാതെ ഇത്തരത്തിലൊരു പോളിസി കേരളത്തിൽ വരുമ്പോൾ ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി പൊതുമരാമത്ത്-ടൂറിസം വകുപ്പ് ഒരു ഡിസൈൻ പോളിസി പ്രഖ്യാപിക്കുന്നത് കേരളത്തിലായിരിക്കുമെന്നതും അറിയിക്കാനാഗ്രഹിക്കുകയാണ്.

ശ്രീ. പി. പി. സുമോദ്: സർ, രണ്ടാം പിണറായി സർക്കാർ വന്നതിനുശേഷം, കഴിഞ്ഞ ഒന്നേമുക്കാൽ വർഷത്തിനിടയിൽ പൊതുവിൽ നല്ല ഉണർവ്വും കുതിപ്പും ടൂറിസം രംഗത്തുണ്ടായിരിക്കുന്നു. കോവിഡ് നിയന്ത്രണങ്ങൾ ഏറെക്കുറെ മാറിയ സാഹചര്യത്തിൽ അന്തർദേശീയ ആഭ്യന്തര ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാൻ എന്തെങ്കിലും പ്രത്യേക മാർക്കറ്റിംഗ് സ്ട്രാറ്റജികൾ ടൂറിസം വകുപ്പ് നടത്തിയിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പോസ്റ്റ് കോവിഡും അതിന് മുമ്പുള്ള അവസ്ഥയും ലോക ടൂറിസത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യത്യസ്തമാണ്. കോവിഡിനുശേഷമുള്ള സാധ്യതകൾ പല നിലയിലാണ്.

വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ ഇതിനുശേഷം വന്നതാണ്. സഭയിൽ മുമ്പ് ഇത് ചർച്ച ചെയ്തതാണ്. ദൂരസ്ഥലങ്ങളിൽ പോയി വിവാഹം കഴിക്കുന്ന രീതിയാണ് ഇപ്പോഴുള്ളത്. മുമ്പ് വീട്ടിൽ സമ്മതിച്ചില്ലെങ്കിലാണ് ദൂരസ്ഥലത്തുപോയി രജിസ്റ്റർ വിവാഹം ചെയ്യുന്നത്. ഇന്ന് arranged marriage-കളിൽ വധൂവരന്മാർ അവരുടെ ബന്ധുമിത്രാദികൾക്കൊപ്പം ദൂരസ്ഥലങ്ങളിൽ പോയി വിവാഹം നടത്തുകയാണ്. ഇതിന്റെ ട്രെൻഡ് മനസ്സിലാക്കി നേരത്തെതന്നെ ചില പദ്ധതികളാവിഷ്കരിച്ച് പ്രത്യേക മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പിലാക്കി. ഇപ്പോൾ Travel Leisure മാഗസിൻ ഏറ്റവും നല്ല വെഡ്ഡിംഗ് ഡെസ്റ്റിനേഷനുതകുന്ന സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിരിക്കുകയാണ്. പല ഡെസ്റ്റിനേഷനുകളും പരിശോധിച്ചാൽ വിവാഹം നടത്താൻ വലിയ റിസോർട്ടിന്റെ ആവശ്യമില്ലെന്ന് നമുക്ക് കാണാൻ സാധിക്കും. അടച്ചുപൂട്ടിയ ഓട്ടുകമ്പനിയും മറ്റിടങ്ങളുമെല്ലാം വിവാഹത്തിനുവേണ്ടി ഉത്തരേന്ത്യയിലുള്ളവർ ഉപയോഗപ്പെടുത്തുകയാണ്. പരമാവധി അതിന് മാർക്കറ്റിംഗ് നൽകി മുന്നോട്ടുപോകാനാണ് പൊതുവെ ടൂറിസം വകുപ്പ് എന്നുള്ള നിലയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ലോകത്ത്

കണ്ടുകൊണ്ടിരിക്കുന്ന മറ്റ് പല ട്രെൻഡുകളുമുണ്ട്. ആ ട്രെൻഡുകളെയും ഫലപ്രദമായി ഉപയോഗപ്പെടുത്തിപോകാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. ആ സാധ്യതകളെ നല്ല നിലയിൽ ഉപയോഗിച്ച് മാർക്കറ്റിംഗ് ചെയ്ത് മുന്നോട്ടുപോകും. അതിൽ ഏറ്റവും സാധ്യതയുള്ളതാണ് കേരളത്തിന്റെ വെൽനസ് ടൂറിസം. യൂറോപ്യൻ രാജ്യങ്ങൾ പരിശോധിച്ചാൽ അവർക്ക് ആയൂർവേദ ചികിത്സയിൽ വലിയ താൽപ്പര്യമുണ്ടെന്നുകാണാം. എന്നാൽ വെൽനസ് ടൂറിസത്തിന്റെ പ്രധാനകേന്ദ്രമായി മാറേണ്ട കേരളം അങ്ങനെ മാറുന്നില്ല. ശ്രീലങ്ക ഉൾപ്പെടെയുള്ള രാജ്യങ്ങൾ അങ്ങനെ മാറുന്നു. വെൽനസ് ടൂറിസത്തെ ഫോക്കസ് ചെയ്തുകൊണ്ട് ചില കാര്യങ്ങൾ മാർക്കറ്റിംഗിൽ ആലോചിക്കുന്നു. ഇതെല്ലാം ഫലപ്രദമായി നടപ്പിലാക്കാൻ നമുക്ക് സാധിക്കും. ടൂറിസം മാർക്കറ്റിംഗ് സ്ട്രാറ്റജി ശക്തിപ്പെടുത്തുവാൻ പൊതുവെ ഒരു വർക്ക്ഷോപ്പുകൂടി സംസ്ഥാനത്ത് സംഘടിപ്പിക്കാനാണ് ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നത്.

ശ്രീമതി കാനത്തിൽ ജമീല: സർ, കയാക്കിങ് പോലെയുള്ള അഡ്വഞ്ചർ ടൂറിസത്തെ ടൂറിസം വകുപ്പ് പ്രോത്സാഹിപ്പിക്കുന്നുണ്ട്. ജല സാഹസിക

ടൂറിസത്തിന്റെ ഭാഗമായി എത്രയിടങ്ങളിലാണ് ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നത്; ഇത് എവിടെയെല്ലാമാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഫ്ലോട്ടിംഗ് ബ്രിഡ്ജ് പരീക്ഷിച്ച് വിജയകരമായ പദ്ധതിയാണ്. നിലവിൽ കോഴിക്കോട് ജില്ലയിലും കണ്ണൂർ ജില്ലയിലും ആരംഭിച്ചു. കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലും ഫ്ലോട്ടിംഗ് ബ്രിഡ്ജ് ഒരു കേന്ദ്രത്തിലാരംഭിക്കും. മറ്റ് ജില്ലകളിൽ കടലില്ല എന്നൊരു പ്രശ്നമുള്ളതുകൊണ്ട് അവിടെ ആരംഭിക്കാൻ കഴിയില്ല. ബാക്കി 9 ജില്ലകളിലും ഒരു കേന്ദ്രമെന്ന നിലയിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജുകളാരംഭിക്കാനും അത് വ്യാപകമാക്കി മുമ്പോട്ടുപോകാനും തയ്യാറാണെന്നുള്ള കാര്യം അറിയിക്കുകയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കഴിഞ്ഞ അഞ്ചാറ് വർഷക്കാലമായി നമ്മുടെ സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തം, കോവിഡ് തുടങ്ങിയ പ്രശ്നങ്ങളൊക്കെ ഏറെ ബാധിച്ച മേഖലയാണ് ടൂറിസം. അതിനെ മറികടക്കുന്നതിനുവേണ്ടി വിവിധ പദ്ധതികളാവിഷ്ക്കരിക്കാനും അതിലൂടെ

വളർച്ച കൈവരിക്കാനും സാധിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ ഒരു പ്രധാന പദ്ധതിയായിരുന്നു തിരുവിതാംകൂർ - പൈതൃക ടൂറിസം പദ്ധതി. ആ പദ്ധതിയുടെ പൂർത്തീകരണം നൈറ്റ് ലൈഫ് എന്ന ആശയം തലസ്ഥാന നഗരിയിൽ പൂർത്തീകരിക്കുന്നതിന് സഹായിക്കുന്നതാണ്. Lightning-ഉം മറ്റും ആരംഭിച്ചിട്ടുണ്ട്. അത് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമോ; അത് പൂർത്തീകരിക്കുന്നതിന് ശക്തമായ നടപടികളെടുക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ടും മറ്റും റിവ്യൂ ചെയ്തുകൊണ്ട് നടപ്പിലാക്കി മുന്നോട്ടുപോകാനുള്ള ശ്രമമാണ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് കേരളത്തിന്റെ മറ്റ് നഗരങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ട്. നൈറ്റ് ലൈഫിന്റെ സാധ്യതയെ ഫലപ്രദമായി ഉപയോഗിക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. കനകക്കുന്നിൽ ഇത്തവണത്തെ പുതുവത്സരത്തിൽ പ്രത്യേക ഇല്യൂമിനേഷനാണ് നൽകിയത്. ആ ഇല്യൂമിനേഷൻ കാണാൻ രാത്രി 12.00

മണി വരെ ജനങ്ങൾ വരുന്ന സ്ഥിതിയാണുണ്ടായത്. ഇത് കണ്ട്കൊണ്ട് കനകക്കുന്ന് കേന്ദ്രീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ മന്ത്രിമാരുമായി ആദ്യം സംസാരിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് ജില്ലയിലെ മന്ത്രിമാർ, എം.എൽ.എ.-മാർ., കോർപ്പറേഷൻ മേയർ, മറ്റ് ജനപ്രതിനിധികളെയെല്ലാം വിളിച്ചുചേർത്ത് ഒരു യോഗംകൂടി സംഘടിപ്പിക്കാനാണ് ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നത്. അത് നല്ല നിലയിൽ നടപ്പിലാക്കാനാകും. കേരളത്തിൽ അത്തരമൊരു അന്തരീക്ഷം സൃഷ്ടിക്കാനാകും. ഫോർട്ട് കൊച്ചിയിലെ ഇത്തവണത്തെ പുതുവത്സരാഘോഷം സർവ്വകാല റിക്കാർഡായിരുന്നു. ജനങ്ങൾക്ക് ജോലി ചെയ്തുകഴിഞ്ഞാൽ രാത്രി നഗരത്തിലേയ്ക്കിറങ്ങാൻ കഴിയുന്ന അവസ്ഥയിൽ നൈറ്റ് ലൈഫ് എങ്ങനെ വേണമെന്ന കാര്യം പരിശോധിക്കാം. രണ്ടാം ശനിയാഴ്ചയ്ക്കുമുമ്പുള്ള വെള്ളിയാഴ്ചയും രണ്ടാം ശനിയുമാണെങ്കിൽ കൂടുതൽ സൗകര്യമായിരിക്കും. എങ്ങനെ വേണമെന്നുള്ളത് ചർച്ച ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വളർച്ചയ്ക്ക് നാശകരമാകുന്ന രീതിയിലേയ്ക്ക് നമ്മുടെ നാട്ടിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം മാറിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. അടുത്തകാലത്ത് വിദേശ വനിതപോലും ആക്രമിക്കപ്പെടുന്ന ഒരു സാഹചര്യം നമ്മുടെ നാട്ടിലുണ്ടായി. അപമാനകരമായ ഇത്തരം സാഹചര്യങ്ങളുണ്ടാകാതിരിക്കാൻ എന്തെങ്കിലും മുൻകരുതലെടുത്തിട്ടുണ്ടോ; മയക്കുമരുന്നിന്റെ വ്യാപനം ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബാധിക്കാതിരിക്കാൻ നടപടികളെടുത്തിട്ടുണ്ടോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കേരളം പൊതുവെ ഏറ്റവുമധികം സഞ്ചാരികൾ വരുന്ന സംസ്ഥാനമാണെന്ന് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. അതിന്റെ കാരണമെന്തെന്ന് പരിശോധിക്കുമ്പോൾ നമ്മൾ പറയുന്നത് പ്രകൃതിരമണീയമായ സ്ഥലങ്ങളും ചരിത്രപ്രാധാന്യമായ ഇടങ്ങളുമുണ്ടെന്നാണ്. ഇത് മാത്രമാണോ? ഇതിന്റെ പ്രധാനപ്പെട്ട കാരണം മറ്റ് സംസ്ഥാനങ്ങൾക്കില്ലാത്ത നിലയിൽ കേരളത്തിലേയ്ക്ക് വളരെ സുരക്ഷിത മനോഭാവത്തോടുകൂടി വരാനുള്ള സാഹചര്യമിവിടെയുണ്ട്. മാത്രമല്ല

ആതിഥേയമര്യാദയോടുകൂടി ടൂറിസ്റ്റുകളെ സ്വീകരിക്കാൻ പ്രാപ്തരായ ജനവിഭാഗവും കേരളത്തിലുണ്ട്. അത് കേരളത്തിന്റെ പ്രത്യേകതയാണ്. ഏതെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളുണ്ടെങ്കിൽ അത് പരിശോധിക്കാം. ആരൊക്കെ എന്തൊക്കെ ശ്രമിച്ചാലും അത് തുടർന്നുപോകാനാണ് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ആ അർത്ഥത്തിലല്ല പറഞ്ഞതെന്ന് എനിക്ക് നന്നായിട്ടറിയാം. പക്ഷേ അത്തരം കുപ്രചരണങ്ങൾ ആര് നടത്തിയാലും കേരളത്തിന്റെ ടൂറിസവും വികാസവും മുന്നോട്ടുകൊണ്ടുപോകുന്നതിന് ജനങ്ങൾ വഹിക്കുന്ന പങ്ക്, മാതൃകാപരമായ നിലപാട് എല്ലാകാലത്തും കേരളത്തിനൊരു കരുത്താണ്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, പശ്ചിമഘട്ട മലനിരകളുടെ ഭാഗമായിട്ടുള്ള തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മണ്ഡലത്തിൽപ്പെടുന്ന ചിമ്മിനി ഡാം മേഖല മനോഹരമായ ഭൂപ്രദേശമാണ്. ചിമ്മിനി ഡാമിന്റെയും സമീപ ഗാർഡന്റെയും അനന്ത സാധ്യതകളെ നിയന്ത്രിതമായി ഉപയോഗപ്പെടുത്തിയാൽ അത് വലിയ നേട്ടമായിരിക്കും. പറമ്പിക്കുളം മോഡലിൽ വനം വകുപ്പിന്റെ നിയന്ത്രണത്തിലും നേതൃത്വത്തിലും

ഇറിഗേഷൻ, ടൂറിസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ഇക്കോ ടൂറിസം പദ്ധതി ഈ മേഖലയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. ഇതിനായി വനം വകുപ്പ്, പീച്ചി വൈൽഡ് ലൈഫ് വാർഡൻ മുഖേന സമർപ്പിച്ചിട്ടുള്ള 5 കോടി രൂപയുടെ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യം വിവിധ വകുപ്പുകളുമായി ചർച്ച ചെയ്ത് ഏകോപന രൂപത്തിൽ പരിശോധിക്കാമെന്ന് സഭയെ അറിയിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ടൂറിസം രംഗത്ത് ഒരു പുത്തൻ ഉണർവ്വുണ്ടായിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അങ്ങ് ആവിഷ്കരിക്കുന്ന പുത്തൻ ആശയങ്ങൾ കേരളത്തിന്റെ വികസന മുന്നേറ്റത്തെ സഹായിക്കുകയും ചെയ്യും. ഇക്കൂട്ടത്തിൽ റെസ്പോൺസിബിൾ ടൂറിസവുമായി ബന്ധപ്പെടുത്തി കാരവൻ ടൂറിസം കൊണ്ടുവന്നിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ അതിമനോഹരമായ ഒട്ടേറെ പ്രദേശങ്ങളുണ്ട്. ഉദാഹരണത്തിന് എന്റെ

നിയോജകമണ്ഡലത്തിൽ വനപ്രദേശത്ത് ധാരാളം സസ്യ ഗവേഷകർ സന്ദർശിക്കുന്ന, വളരെ അപൂർവ്വമായ സസ്യശേഖരമുള്ള, ഒരു ശുദ്ധജല കണ്ടൽക്കാടുണ്ട്. പക്ഷേ ആ പ്രദേശം ടൂറിസ്റ്റുകൾക്ക് അപ്രാപ്യമാണ്. കാരവൻ ടൂറിസത്തിന്റെ ഡെസ്റ്റിനേഷനുകളിൽ ഇത്തരത്തിൽ പ്രകൃതി മനോഹരമായ പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്താനും ഗ്രാമപ്രദേശങ്ങളിലെ ഇത്തരം പ്രദേശങ്ങൾ കണ്ടെത്താനുമുള്ള പരിശ്രമങ്ങൾ ആരംഭിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, തീർച്ചയായും. 35 വർഷത്തിനുശേഷം ടൂറിസ്റ്റ് ഉത്പ്പന്നമെന്ന നിലയിൽ പുറത്തിറക്കിയതാണ് 'കാരവൻ'. പുതിയ ചുവടുവയ്പ്പ് വരുമ്പോൾ ഏതെങ്കിലും നിലയിൽ ചില തടസ്സങ്ങളുണ്ടാകും. അത് നീക്കിപോകേണ്ടതുണ്ട്. ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. അതുപോലെ വിവിധ വകുപ്പുകൾ ഇതിൽ കാര്യമായ സഹായം ചെയ്തിട്ടുണ്ട്. പക്ഷേ നമുക്കിനിയും ആ മേഖലയിൽ മുന്നോട്ടുപോകണം. അതിൽ പ്രധാനമാണ് കാരവൻ പാർക്ക്. കാരവൻ പാർക്കിന്റെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. വ്യാപകമായി കാരവൻ പാർക്കുകൾ ആരംഭിക്കാൻ

കെ.ടി.ഡി.സി. ആലോചന നടത്തി മുന്നോട്ടുവരുന്ന വിവരം ഈ സഭയെ അറിയിക്കാൻ ഞാൻ  ആഗ്രഹിക്കുന്നു. അതുപോലെ മറ്റ് സംവിധാനങ്ങളും വിവിധ നിലയിലുപയോഗപ്പെടുത്തി ഗ്രാമഗ്രാമാന്തരങ്ങളിൽ എത്തിപ്പെടുന്ന നിലയിലേയ്ക്ക് കാരവനെ മാറ്റിത്തീർക്കാൻ ഭാവിയിൽ സാധിക്കും. നിലവിലുള്ള ചില പ്രയാസങ്ങളെ മാറ്റാനുള്ള കൂടിയാലോചനകളാണ് ഇപ്പോൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

**ഭൂപതിവ് ചട്ടങ്ങളുടെ ഭേദഗതി**

2(*92) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഭേദഗതിയിലൂടെ എന്തൊക്കെ മാറ്റങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ;

(ബി) വനാതിർത്തിയിലുള്ള പ്രദേശങ്ങളിൽ റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ; പൂർത്തിയായ സ്ഥലങ്ങളിൽ പൂർണ്ണമായും പട്ടയം നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; ബാക്കിയുള്ളവ എന്നത്തേയ്ക്ക് നൽകാനാകുമെന്ന് അറിയിക്കാമോ;

(സി) വനഭൂമിയുടെ അവകാശം സ്വകാര്യ വ്യക്തികൾക്ക് ഭാഗികമായെങ്കിലും ലഭിക്കുന്നതിനെതിരെ ഹർജി സമർപ്പിച്ചിട്ടുണ്ടോ; ഇതിന്മേൽ അന്തിമ ഉത്തരവ് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്തിമ ഉത്തരവ് വേഗത്തിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

(എ) സംസ്ഥാനത്ത് ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.01.2023-ന ചേർന്ന യോഗത്തിൽ ഭൂപതിവ് നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 10.01.2023-ലെ യോഗ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു+. ഭൂപതിവ് നിയമം നിലവിൽ വന്ന 1960 -ന് ശേഷം പതിച്ചു കൊടുത്ത ഭൂമി പതിച്ചു കൊടുത്ത ആവശ്യങ്ങൾക്കല്ലാതെ ധാരാളമായി

\+ അനുബന്ധമായി ചേർക്കുന്നു.

വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. ചട്ട ലംഘനത്തിന്റെ പേരിൽ ഇത്തരം പട്ടയങ്ങൾ റദ്ദാക്കുന്നത് നിരവധിയായ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുക എന്നുള്ളതാണ് ലക്ഷ്യം.

(ബി) സംയുക്ത പരിശോധന സംസ്ഥാനത്ത് പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിച്ച സ്ഥലങ്ങളിൽ ഫയലുകൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് അയച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെകൂടി അനുവാദത്തോടെ മാത്രമേ വനഭൂമിയിലെ കൈവശക്കാർക്ക് പട്ടയം കൊടുക്കാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള അപേക്ഷകളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്താനുള്ള നിരവധി കേസ്സുകൾ നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ മലയോര മേഖലയിലെ പട്ടയ വിതരണത്തിന്റെ വേഗത വർദ്ധിപ്പിക്കാൻ ഒരു എസ്.ഒ.പി (Standard Operating Procedure) തന്നെ റവന്യൂ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

1980 -ലെ കേന്ദ്ര വന നിയമപ്രകാരം വനഭൂമി വനേതര പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി

ആവശ്യമാണ്. സംസ്ഥാനത്ത് വനഭൂമി കുടിയേറി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നത് 1993-ലെ വനഭൂമി ക്രമീകരിച്ച കൊടുക്കൽ ചട്ട പ്രകാരമാണ്. ഇതുപ്രകാരം വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനക്കുശേഷം കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ മാത്രമേ പട്ടയം നൽകാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച കേസുകളിൽ വ്യക്തിഗത സർവ്വേ പൂർത്തീകരിച്ച് പട്ടയം അതിവേഗം നൽകി വരികയാണ്. വനഭൂമിയിൽ കുടിയേറി വീട് വെച്ച് താമസിച്ചുവരുന്ന ധാരാളം ജനങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുവേണ്ടി ഒരു മലയോര പട്ടയമിഷൻ റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് വനഭൂമി പട്ടയ വിഷയത്തെ നാല് വിഭാഗങ്ങളായി തിരിച്ചു കൊണ്ടുള്ള പ്രവർത്തനമാണ് നടത്തുന്നത്.

1. ഇതിനകം കേന്ദ്ര അനുമതി ലഭിച്ചിട്ടുള്ള കേസുകളിൽ സർവ്വെ പൂർത്തീകരിച്ച് പട്ടയം വിതരണം പൂർത്തീകരിക്കുക.

2. കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് അയച്ചിട്ടുള്ള കേസുകളിൽ അനുമതി ലഭിക്കുന്നതിന് വേണ്ടിയിട്ടുള്ള ഗൗരവമായ ഇടപെടലുകൾ നടത്തുക

3. ജോയിന്റ് സർവ്വേ പൂർത്തീകരിച്ച ശേഷം പർവേഷ് പോർട്ടൽ വഴി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അയക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ച് അനുമതി ലഭ്യമാക്കുക.

4. ഇനിയും ജോയിന്റ് സർവ്വേ പൂർത്തീകരിക്കാനുള്ള സ്ഥലങ്ങളിൽ വനം വകുപ്പിന്റെ കൂടി സഹകരണത്തോടെ എത്രയും പെട്ടെന്ന് ജോയിന്റ് സർവ്വെ പൂർത്തീകരിച്ച് തുടർ നടപടികൾ പൂർത്തീകരിക്കുക

5. ഇനിയും പട്ടയ അപേക്ഷകൾ സമർപ്പിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടെ പുതിയ അപേക്ഷകൾ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുക.

(സി) റിസർവ് വനഭൂമിയിൽ വനേതര പ്രവർത്തികൾ ചെയ്യുന്നത് നിയമംമൂലം നിരോധിച്ചിട്ടുണ്ട്. 1980-ലെ Forest Conservation Act, Section (2) അനുസരിച്ച് വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന്

നിലവിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. കൂടാതെ വനഭൂമിയെ സംബന്ധിച്ച് ബഹു. സുപ്രീം കോടതി WP(C) No. 202/95 നമ്പർ കേസിൽ 12.12.1996-ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിയുടെ പശ്ചാത്തലത്തിൽ, വനം കൈയേറ്റം റഗുലറൈസ് ചെയ്യുന്നതിന് കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. റിസർവ് ഫോറസ്റ്റ്/വെസ്റ്റഡ് ഫോറസ്റ്റ്/ഇ.എഫ്.എൽ സ്ഥലങ്ങളിൽ വിവിധ വ്യക്തികളും സ്ഥാപനങ്ങളും അവകാശം ഉന്നയിച്ച് കേസുകൾ നടത്തുന്നുണ്ട്.

ഇതോടൊപ്പം മറ്റുചില കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭൂപരിഷ്കരണ നിയമംപോലെ വളരെ പ്രധാനപ്പെട്ട നിയമമാണ് ഭൂപതിവ് നിയമവുമായി ബന്ധപ്പെട്ട് 1960-ൽ പാസ്സാക്കിയ ഭൂപരിഷ്കരണ നിയമം. ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് ഇരുപതിലധികം ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ കൈവശത്തിലുള്ളതും അല്ലാത്തതുമായ സർക്കാർ ഭൂമി അർഹരായ ഭൂരഹിതർക്ക് പതിച്ചുകൊടുക്കാനുണ്ടാക്കിയ 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പ്രധാനമായും കൃഷിക്കും വീട് വയ്ക്കുന്നതിനും

അനുബന്ധപ്രവർത്തനങ്ങൾക്കുമാണ് ഭൂമി നൽകുന്നത്. പതിറ്റാണ്ടുകൾക്കുമുമ്പ് ഭൂമി കൃഷിയാവശ്യത്തിന് പതിച്ചുനൽകുകയും അതിന്റെ പിന്തുടർച്ചയായി പട്ടാദാറിന്റെ പിൻതലമുറക്കാർക്ക് കുടുംബ ഓഹരിയായി ലഭിക്കുകയും ചെയ്തിട്ടുള്ള ഭൂമിയാണ് ഇതിൽ പലതും. കാലാന്തരത്തിൽ അത്തരത്തിൽ ലഭിച്ച ഭൂമിയിൽ കൃഷി അസാധ്യമാകുകയും നിരവധിപേർ വീടുവച്ച് താമസിച്ചുവരികയും ചിലർ ഉപജീവനാർത്ഥം ചെറുകിട-വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ നടത്തിവരികയുമാണ്. കാർഷികമേഖല നഷ്ടത്തിലാകുകയും പുത്തൻതലമുറ പുതിയ ജീവനോപാധികൾ തേടിയതുമൊക്കെ ഇതിന് കാരണമാണ്. ഭൂമി പതിച്ചുകൊടുക്കുന്ന ആവശ്യത്തിനുതന്നെ വിനിയോഗിക്കണമെന്നാണ് നിയമത്തിലും ചട്ടത്തിലുമുള്ള വ്യവസ്ഥ. ഇപ്രകാരം ചട്ടലംഘനമെന്ന് ഒറ്റനോട്ടത്തിൽ തോന്നാവുന്നതാണെങ്കിലും ബോധപൂർവ്വമായ പ്രവൃത്തിയല്ലാതെ സാമൂഹ്യമാറ്റത്തിനനുസൃതമായ പ്രതിഫലനം മാത്രമാണ് പലതിലും ഉണ്ടാകുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. കേരളത്തിൽ ഭൂമിയുടെ ഉടമസ്ഥചരിത്രം പരിശോധിച്ചാൽ, പണ്ടാരംവകയും ബ്രഹ്മസ്വം

വകയും കാർഷികാവശ്യത്തിന് പാട്ടത്തിന് നൽകിയതുമായ ഭൂമി പണ്ടാരപ്പാട്ട വിളംബരത്തിലൂടെയും പിന്നീടുവന്ന ഭൂപരിഷ്കരണ നിയമത്തിലൂടെയും കൃഷിക്കാരുടെ വ്യവസ്ഥാരഹിതമായിട്ടുള്ള ഉടമസ്ഥതയിൽ എത്തിച്ചേരുകയാണുണ്ടായത്. അതുകൊണ്ടുതന്നെ പൂർവ്വികർക്ക് പതിച്ചുനൽകിയ ഭൂമി ഒരേ ആവശ്യത്തിനുമാത്രമായി വിനിയോഗിക്കണമെന്ന് നിഷ്കർഷിക്കുന്നത് ചരിത്രപരമായ നിഷേധമായിരിക്കുമെന്ന് മനസ്സിലാക്കിക്കൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 269/2019 എന്നൊരു ഉത്തരവിലൂടെ ചില ആവശ്യങ്ങൾ വരുന്നത്. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വീണ്ടുംചേർന്ന യോഗത്തിൽ കാർഷികമേഖലയ്ക്കും പരിസ്ഥിതിക്കും ബുദ്ധിമുട്ടുണ്ടാക്കാത്തവിധത്തിൽ സമൂഹത്തിലുണ്ടായ തൊഴിൽ വൈവിദ്ധ്യങ്ങളെ അംഗീകരിച്ചുകൊണ്ട് പതിച്ചുകൊടുത്ത ഭൂമി മറ്റ് ന്യായമായ ആവശ്യങ്ങൾക്കുകൂടി ഉപയോഗിക്കുന്നവിധത്തിൽ ഒരു നിയമഭേദഗതി ഉണ്ടാക്കാമെന്ന് ആലോചിച്ചിട്ടുണ്ട്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഇവിടെ സൂചിപ്പിച്ചതുപോലെ 1993-ലെ ചട്ടപ്രകാരം 1977-നുമുമ്പ് കുടിയേറിയവർക്ക് പട്ടയം നൽകുന്നതിന് നിലവിൽ തടസ്സങ്ങളെന്തെങ്കിലുമുണ്ടോ; വനഭൂമി പട്ടയം എന്നുള്ള നിലയിൽ ഇത് കേന്ദ്രവുമായി ബന്ധപ്പെട്ടതാണെങ്കിൽപ്പോലും 1977-നുമുമ്പ് കുടിയേറിയ മുഴുവൻ ആളുകൾക്കും പട്ടയം നൽകുവാൻ എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ സമയബന്ധിതമായി മുഴുവനാളുകൾക്കും പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഇതൊരു സങ്കീർണ്ണമായ ചോദ്യമാണ്. 1980-ലെ കേന്ദ്രവന നിയമത്തിൽ വനഭൂമി വനേതരാവശ്യങ്ങൾക്ക് പതിച്ചുകൊടുക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാലാണ് 1993-ൽ പ്രത്യേക ചട്ടം ഉണ്ടാക്കി 1977-നുമുമ്പ് കുടിയേറിപ്പാർത്തവർക്ക് ഭൂമികൊടുക്കാമെന്ന് നിശ്ചയിച്ചിട്ടുള്ളത്. അക്കാര്യത്തിൽവരുന്ന പ്രധാനപ്പെട്ട പ്രശ്നം, ഇതിന്റെ പതിവ് അംഗീകരിക്കാൻ കേരള സർക്കാരിനാവില്ല എന്നതാണ്. കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണ് വനം. ഒരു കൺകറന്റ് ഇഷ്യൂവാണെന്നുള്ളതുകൊണ്ട് വനംവകുപ്പുകൂടി ഇടപെടേണ്ടതുണ്ട്.

ചട്ടപ്രകാരം ഇങ്ങനെ ആവശ്യപ്പെടുന്നൊരു ഭൂമിയിൽ ജോയിന്റ് സർവ്വേ നടത്തേണ്ടതുണ്ട്. ജോയിന്റ് സർവ്വേ കഴിഞ്ഞാൽ, കഴിഞ്ഞ തവണകളിൽനിന്ന് വ്യത്യസ്തമായി പുതിയ ചട്ടം രൂപീകരിക്കപ്പെട്ടപ്പോൾ അതിനകത്ത് പ്രത്യേകമായ ജെ.വി.ആർ. നടത്തുകയും സർവ്വേ നടത്തി ലൈനും സ്കെച്ചും തീരുമാനിക്കുകയും അതനുസരിച്ച് പരിവേഷ് പോർട്ടലിലൂടെ കേന്ദ്രഗവൺമെന്റിന് നൽകുകയും ചെയ്യണം. കേന്ദ്രഗവൺമെന്റ് അതിൽ സെൻട്രൽ പതിവുകൾ അംഗീകരിച്ചാൽമാത്രമേ നമുക്കവിടെ വിതരണം ചെയ്യാൻ കഴിയുകയുള്ളൂവെന്ന സ്ഥിതിയാണ് യഥാർത്ഥത്തിൽ നിലനിൽക്കുന്നത്. പക്ഷേ 1993-ലെ ചട്ടപ്രകാരം അതിവേഗം ഭൂമി കൊടുക്കാൻവേണ്ടി പട്ടയ മിഷനിൽ ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കിയിരിക്കുകയാണ്. അതിന്റെ ഭാഗമായി മലയോരമേഖലയിലും ആദിവാസിമേഖലയിലും ഭൂമികൊടുക്കാൻവേണ്ടി ഒരു പട്ടയമിഷൻ തയ്യാറാക്കിയിട്ടുണ്ട്. പട്ടയമിഷനിൽ നാല് പ്രധാനപ്പെട്ട കാര്യങ്ങളാണുള്ളത്. ഒന്ന്, നേരത്തെ സെൻട്രൽ പതിവ് ലിസ്റ്റിൽ ഭൂമി അംഗീകരിച്ച് തന്നിട്ടുള്ള സ്ഥലങ്ങൾ അതിവേഗം ആളുകൾക്ക് കൊടുക്കുക.

രണ്ട്, ജോയിന്റ് വെരിഫിക്കേഷൻ നടത്തുകയും എന്നാൽ കേന്ദ്രത്തിൽ പരിവേഷ് പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യുകയും ചെയ്യാത്ത ഭൂമി അപ്‌ലോഡ് ചെയ്ത് അതിന് അംഗീകാരം വാങ്ങിക്കുകയും ചെയ്യുക. മൂന്ന്, ഇതുവരെ അപേക്ഷ നൽകിയതിൽ ജെ.വി.ആർ. നടത്താത്ത സ്ഥലങ്ങളിൽ വനംവകുപ്പിന്റെകൂടി അനുവാദത്തോടുകൂടി ജെ.വി.ആർ. നടത്തുക. നാലാമത്തെ പ്രശ്നമാണ് ഏറ്റവും പ്രധാനം. 1977-നുമുമ്പ് കുടിയേറിപാർത്തവരുണ്ടാകും, പക്ഷേ അവർക്ക് തലമുറകളായി കൈമാറിക്കിട്ടിയ ഭൂമിയായിരിക്കും അല്ലെങ്കിൽ പലർക്കും വിറ്റുപോയ ഭൂമിയായിരിക്കും. പക്ഷേ അവരിപ്പോൾ ആ സ്ഥലത്ത് താമസിക്കുകയാണ്. അവർക്ക് അപേക്ഷ കൊടുക്കാനുള്ള സാധ്യത ഇപ്പോഴില്ല. 1977-നുമുമ്പ് കുടിയേറിപ്പാർത്തവർ അപേക്ഷ കൊടുത്തിട്ടുണ്ടാവുമെന്ന ധാരണയിലാണ് നമ്മൾ നിൽക്കുന്നത്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുംകൂടി കൂടിയാലോചിച്ച് 1977-നുമുമ്പ് കുടിയേറിപ്പാർത്തവരിൽ ഇനിയും പട്ടയം കിട്ടാത്തവരുണ്ടെങ്കിൽ അവർക്കുകൂടി അപേക്ഷകൊടുത്ത് പട്ടയം ഡാഷ്ബോർഡിൽ അതുൾപ്പെടുത്തി അർഹരായ മുഴുവനാളുകൾക്കും

ഭൂമികൊടുക്കാൻ കഴിയുന്നവിധത്തിൽ പട്ടയമിഷന് കേരളത്തിലെ ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. അത് ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതോടെ ഈ പ്രശ്നം പരിഹരിക്കാനാകും.

ഡോ. എൻ. ജയരാജ്: സർ, 1930-ലെ ചട്ടപ്രകാരം രണ്ടുതരത്തിലുള്ള ഭൂമിയാണുള്ളത്, occupied land ഉം unoccupied land ഉം. ചട്ടപ്രകാരം occupied land 01-08-1977-നുമുമ്പ് കൈവശമുള്ള ആളുകൾക്ക് മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ. തണ്ണീർത്തടങ്ങളിൽ രണ്ടേക്കറും മലമ്പ്രദേശങ്ങളിൽ നാലേക്കറുമുള്ളവർക്കുമാത്രമേ പട്ടയം ലഭിക്കൂ. യഥാർത്ഥത്തിൽ unoccupied land വിഭാഗത്തിൽവരുന്ന ആളുകൾക്ക് ലഭിക്കണമെങ്കിൽ ഇപ്പോൾ ഒരു ലക്ഷംരൂപ വരുമാനമോ അല്ലെങ്കിൽ അവർക്ക് വേറെ ഭൂമിയുണ്ടാകാനോ പാടില്ലെന്നുള്ളതാണ് നിലവിലുള്ള ചട്ടത്തിൽ പറയുന്നത്. അർഹരായ നിരവധി ആളുകൾ unoccupied land വിഭാഗത്തിൽവരുന്നുണ്ട്. അതുകൊണ്ട് 01-08-1977 എന്ന കാലാവധി ചട്ടത്തിൽ ഭേദഗതിവരുത്തിക്കൊണ്ട് ഈ

തടസ്സം മാറ്റി കുറെക്കൂടി ആളുകൾക്ക് പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണെന്നുമാത്രമല്ല, വലിയ സാമൂഹിക പ്രത്യാഘാതമുണ്ടാക്കിക്കൊണ്ടിരിക്കുന്ന പ്രശ്നവുമാണ്. 1964-ലെ ചട്ടം 7-ലെ ഒന്നും രണ്ടും വ്യവസ്ഥകൾ പ്രകാരം 1971 ഓഗസ്റ്റ് 1-നുമുമ്പ് ഭൂമി കൈവശമുള്ളവർക്ക് നിർബന്ധമായും ഭൂമി കൊടുത്തേ മതിയാകൂ. അതിന്റെ വരുമാനപരിധി ഇപ്പോൾ ഉപേക്ഷിച്ചിട്ടുണ്ട്. 1971-നുമുമ്പ് ഭൂമി കൈവശമുള്ളവരാണെങ്കിൽ നിർബന്ധമായും പട്ടയം കൊടുക്കാനുള്ള സംവിധാനം ചട്ടഭേദഗതിയിലൂടെ ഇതിനകം അംഗീകരിച്ചിട്ടുണ്ട്. രണ്ടാമത്തെ പ്രശ്നം, യഥാർത്ഥത്തിൽ കുറച്ച് തെറ്റിദ്ധരിപ്പിക്കുന്നതാണ്. റവന്യൂ വകുപ്പിലെ ജീവനക്കാർപോലും അങ്ങനെ തെറ്റിദ്ധരിച്ചിട്ടുണ്ടോയെന്ന് സംശയമുണ്ട്. അൺഒക്ക്യൂപൈഡ് ലാൻഡിനെക്കുറിച്ച് അഞ്ച് മുൻഗണനാക്രമങ്ങളെ പറഞ്ഞിട്ടുള്ളൂ. 1971-നുമുമ്പ് ഭൂമിയുള്ളവർക്ക് നിർബന്ധമായും കൊടുക്കണം. അല്ലാത്തവർക്ക് അഞ്ച് മുൻഗണനാക്രമത്തിലൂടെ കൊടുക്കണം

അതിനുശേഷമുള്ളത് കൊടുക്കേണ്ടതില്ലെന്ന് പറഞ്ഞിട്ടില്ല. എന്തായാലും മുപ്പതുവർഷത്തിലധികം ഭൂമികൈവശംവച്ചവരെ അൺഒക്ക്യൂപൈഡ് എന്ന വിഭാഗത്തിൽപ്പെടുത്തണമെന്ന നിബന്ധനമാറ്റി ഒക്ക്യൂപൈഡ് എന്ന വിഭാഗത്തിൽപ്പെടുത്തണമെന്നാണ് ഇപ്പോൾ സർക്കാർ ആഗ്രഹിക്കുന്നത്. ദീർഘകാലമായി കൈവശംവച്ചവർക്ക് അവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്കുകൂടി പരിഹാരം കാണാൻ കഴിയുന്നവിധത്തിലായിരിക്കും ചട്ടഭേദഗതി. ഒരുകാര്യംകൂടി സഭയെ അറിയിക്കാനാഗ്രഹിക്കുകയാണ്. അഞ്ചുസെന്റിലും പത്തുസെന്റിലുമൊക്കെ വീടുവച്ച് ജീവിക്കുന്ന സാധാരണക്കാരായവർക്ക്, പ്രത്യേകിച്ച് മലയോരത്തും ആദിവാസിമേഖലകളിലും താമസിക്കുന്നവർക്ക് നിയമപരമായ പരിജ്ഞാനമില്ലാത്തതിന്റെ പേരിൽ ഏതെങ്കിലുംവിധത്തിൽ നഷ്ടമുണ്ടാകുകയും അവർക്ക് ഭൂമി കിട്ടാൻ തടസ്സമാവുകയും ചെയ്യുന്നത് ചട്ടങ്ങളുടെ പേരിലാണെങ്കിൽ ആ ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ ഈ ഗവൺമെന്റിന് ഒരു മടിയുമുണ്ടാവില്ല. പക്ഷേ കേരളത്തിലെ ഭൂപരിഷ്കരണ നിയമത്തെ അട്ടിമറിച്ചുകൊണ്ട് ഏക്കറുകണക്കിന് ഭൂമി കൈവശംവയ്ക്കുന്നവർ

എത്ര ഉന്നതരായാലും ആ ഭൂമി തിരിച്ചുപിടിക്കാനും ഈ ഗവൺമെന്റിന് ഒരു മടിയും ഉണ്ടാകില്ല എന്ന കാര്യവും ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, അർഹതപ്പെട്ട എല്ലാവർക്കും ഭൂമിയും ഭൂമിക്കുരേഖയും എന്ന ലക്ഷ്യം സഫലമാക്കാൻ റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് പ്രകടിപ്പിക്കുന്ന ഇച്ഛാശക്തിക്ക് ആദരവുകലർന്ന അഭിനന്ദനം. റാന്നി മണ്ഡലത്തിലെ പെരുമ്പെട്ടി വില്ലേജിലെ 518 കുടുംബങ്ങളുടെ പട്ടയത്തിനായുള്ള 64 വർഷത്തെ കാത്തിരിപ്പ് റവന്യൂ-വനംവകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കാത്തതിനാൽ നീളുകയാണ്. കോഴിക്കോട് നിന്നുള്ള മിനി സർവ്വേ ടീമിന്റെ സ്ഥലപരിശോധന സമയക്രമം നിശ്ചയിച്ച് നടത്തി പെരുമ്പെട്ടിയിലെ ജനകീയപ്രക്ഷോഭത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, പന്തമ്പുഴ പെരുമ്പെട്ടി വനഭൂമിയാണെന്നുള്ള തെറ്റിദ്ധാരണയിൽ 1977-നുമുമ്പ് ഭൂമി കുടിയേറിപ്പാർത്തവർക്ക് ചെയ്യുന്നതുപോലെ ജെ.വി.ആർ. നേരത്തെ നടത്തിപ്പോയിട്ടുണ്ട്. പക്ഷേ രേഖ പരിശോധിക്കുമ്പോൾ ബി.റ്റി.ആർ.-ന്റെ അഞ്ചാംകോളത്തിൽ

പുറമ്പോക്കെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉടമയുടെ പേര് കാണിക്കേണ്ട കോളം നമ്പർ ഒമ്പതിൽ സർക്കാർ എന്നാണ് കാണിച്ചിരിക്കുന്നത്. റിമാർക്ക്സ് എന്ന 10-ാം കോളത്തിൽ ചിലയിടത്ത് കൈവശക്കാരുടെ പേരും ചിലയിടത്ത് റിസർവ്വെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മൾ കൂട്ടായി ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ 1964-ലെ ചട്ടപ്രകാരം ഭൂമികൊടുക്കാമെന്ന ധാരണയിലേയ്ക്ക് എത്തുകയാണ്. പക്ഷേ ഇപ്പോഴുള്ള പ്രയാസം നേരത്തെ ജെ.വി.ആർ. നടത്തിയതുകൊണ്ട് വനമേഖലകൂടി ഇക്കാര്യത്തിൽ അവകാശപ്പെടുന്നുണ്ട്. പൂർണ്ണമായും ഈ മേഖല ജണ്ടയ്ക്ക് പുറത്തുള്ളതാണ്. അതുകൊണ്ട് ഭൂമി സാധാരണനിലയിൽ കൊടുക്കേണ്ടതാണെന്ന് നിർബന്ധമാണ്. സാധാരണനിലയിലുള്ളതിനെക്കാൾ വലിയ എഫർട്ടാണ് അവിടുത്തെ എം.എൽ.എ. എന്ന നിലയിൽ ശ്രീ. പ്രമോദ് നാരായൺ എടുത്തത്. ഇതുമായി ബന്ധപ്പെട്ട് മൂന്ന് യോഗങ്ങൾ കൂടി. ഇപ്പോൾ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായും ആലോചിച്ചു. കോഴിക്കോട് മിനി സർവ്വേ ടീമിനെ ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റവന്യൂവകുപ്പ് ഇതിനകം ആവശ്യം

ഉന്നയിച്ചിട്ടുണ്ട്. പക്ഷേ ഈ ചോദ്യം ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രികൂടി പങ്കെടുക്കുന്ന വനം-റവന്യൂ ഉദ്യോഗസ്ഥരുടെ യോഗം 15-ാമത് നിയമസഭയുടെ 8-ാം സമ്മേളന കാലയളവിൽ ചേർന്ന് അടിയന്തരമായി ആ ടീമിനെ അവിടെ എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുമെന്ന് ഞാൻ അങ്ങയെ അറിയിക്കുന്നു.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, വർഷങ്ങളായി വിവിധ സ്ഥലങ്ങളിൽ കൈവശരേഖകളില്ലാതെ രണ്ട്, അഞ്ച്, പത്ത് സെന്റ് ഭൂമി കൈവശം വച്ചുപയോഗിക്കുന്ന ആളുകളുണ്ട്. എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരിയിലെ വിവിധ പഞ്ചായത്തുകളിൽ പ്രത്യേകിച്ച് കുറിച്ചി പഞ്ചായത്തിലെ പുലിക്കുഴി പ്രദേശത്തെ ആളുകൾ പട്ടയത്തിന് അപേക്ഷിച്ചിട്ട് ഏറെ നാളുകളായി. ഇവർക്ക് പട്ടയം നൽകാൻ അടിയന്തരമായി നടപടിയുണ്ടാകുമോ; ഇതിനായി ചട്ടഭേദഗതികളിൽ ഇളവ് വരുത്തുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ഇത് ചട്ടവുമായി ബന്ധപ്പെട്ടതല്ലെങ്കിലും വളരെ ഗൗരവമുള്ളൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. പട്ടയമിഷന്റെ ഭാഗമായി ജലവിഭവ വകുപ്പ്, വൈദ്യുതി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ കൈയിലിരിക്കുന്ന ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്ത് പട്ടയം കൊടുക്കാൻ കഴിയുമോയെന്ന കാര്യം ഗൗരവമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പട്ടയമിഷനിൽ അത് ഉൾപ്പെടുത്തിയിട്ടുമുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തിയതിന്റെ ഭാഗമായി ഒരു മിഷൻ തീരുമാനിച്ചിട്ടുണ്ട്. ജലവിഭവ വകുപ്പുമന്ത്രിയും വൈദ്യുതി വകുപ്പുമന്ത്രിയുമായും ഇതുസംബന്ധിച്ച് യോഗം നടത്തിയിട്ടുണ്ട്. ഇടുക്കിയിലെ പത്ത് ചെയിനിലും മൂന്ന് ചെയിനിലും ഏഴ് ചെയിനിലും പട്ടയം കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള സൊല്യൂഷനിലേയ്ക്ക് സർക്കാർ കടന്നിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഉപയോഗശൂന്യമായ ഭൂമി അവരുടെകൂടി അനുവാദത്തോടെ റവന്യൂ വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്ത്

കൈവശക്കാർക്ക് വിതരണം ചെയ്യാമോയെന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നുണ്ട്. അതിനുവേണ്ടിയാണ് പട്ടയമിഷൻ തയ്യാറാക്കിയിട്ടുള്ളത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, സംസ്ഥാനത്ത് ഭൂവിനിയോഗവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിക്കുന്ന കർഷകാഭിമുഖ്യമുള്ള നടപടികളെ പ്രത്യേകം അഭിനന്ദിക്കുന്നു. ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് ജനങ്ങൾ അഭിമുഖീകരിക്കുന്ന ഗൗരവതരമായ വിഷയമാണ് തോട്ടം-പുരയിടം വിഷയം. Kerala Land Reforms Act, 1963 സെക്ഷൻ 81(1) പ്രകാരം തോട്ടഭൂമികളിൽ 15 ഏക്കറിലധികമുള്ളവ പുരയിടമായി തരംമാറ്റാൻ കഴിയാത്ത ഭൂമിയാണ്. എന്നാൽ, സാമൂഹ്യമാറ്റത്തിന്റെ കാലഘട്ടത്തിൽ കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായി മാറുകയും കൂടുതൽ ആളുകൾ വീടുവയ്ക്കാൻ തുണ്ടുഭൂമികൾ വാങ്ങുകയും ചെയ്ത സന്ദർഭത്തിൽ തോട്ടഭൂമികൾ തുണ്ടുഭൂമികളായി മുറിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ എക്സംപ്റ്റഡ് ലാൻഡ് എന്ന നിലയിൽ അവയൊന്നും പേരിൽ കൂട്ടാനോ കരമടയ്ക്കാനോ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ടി ഭൂമി ഉപയോഗിക്കാൻ

കഴിയുന്നില്ലെന്നുള്ള വലിയ പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. കൂടാതെ, നിയമപരമായി തരംമാറ്റാൻ കഴിയുന്ന പതിനഞ്ച് ഏക്കർ എന്ന സീലിംഗിനുള്ളിലുള്ള ഭൂമിയുടെ ഇനം തോട്ടമെന്ന് രേഖപ്പെടുത്തപ്പെട്ടതുമൂലം അത് പേരിൽക്കൂട്ടി കിട്ടുന്നതിന് തടസ്സം സൃഷ്ടിക്കപ്പെടുന്ന സാഹചര്യവുമുണ്ട്. ഇത് രണ്ടും രണ്ട് സ്റ്റാറ്റസിലുള്ളതാണെങ്കിലും ഇഷ്യൂ ഒന്നാണ്. ഇക്കാര്യത്തിൽ ഒട്ടേറെ ആളുകൾ ദുരിതമനുഭവിക്കുന്നുണ്ട്. ആയതിനാൽ ഭൂപ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇത്തരം കേസ്സുകൾ റെഗുലറൈസ് ചെയ്ത് കൈവശക്കാർക്ക് സംരക്ഷണം നൽകുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ രണ്ടും രണ്ട് വിഷയമാണ്. ഭൂപരിഷ്കരണ നിയമത്തിൽ പതിനഞ്ച് ഏക്കർ എന്ന സീലിംഗാണുള്ളത്. അഞ്ച് മുതൽ പതിനഞ്ച് ഏക്കർ ഭൂമി വരെ ആളുകൾക്ക് കൈവശം സൂക്ഷിക്കാം. അതിലധികം ഭൂമി വരുന്നത് പ്ലാന്റേഷന്റെ ആവശ്യത്തിലാണെങ്കിൽ എക്സംപ്ഷൻ ചെയ്തുകൊടുക്കാനാണ് 81(ഇ) എന്ന സെക്ഷനിലൂടെ നേരത്തെ അനുവാദം നൽകിയിട്ടുള്ളത്.

അങ്ങനെ കൈവശംവച്ച ഭൂമി തുണ്ടുകളായി വിൽക്കുന്നത് നിലവിലെ നിയമപ്രകാരം അംഗീകരിക്കാവുന്നതല്ല. ഇതൊരു സാമൂഹ്യപ്രശ്നമായി വന്നിട്ടുണ്ട്. നിയമപരമായി അത് പരിശോധിക്കേണ്ടിവരും. പക്ഷെ, പതിനഞ്ച് ഏക്കർ എന്ന സീലിംഗിനുതാഴെ നിൽക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ച് ബി.ടി.ആർ.-ൽ തോട്ടം എന്ന് രേഖപ്പെടുത്തിയതുകൊണ്ട് ക്രയവിക്രയം ചെയ്യാനോ ഈടുകൊടുക്കാനോ സാദ്ധ്യമാകാത്തവിധത്തിൽ വില്ലേജുകളിൽനിന്നും റവന്യൂ വകുപ്പിൽനിന്നും ചില തടസ്സങ്ങളുണ്ടാകുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം നേരത്തെ എഴുതി നൽകിയിട്ടുണ്ട്. അക്കാര്യം പരിഹരിക്കാം. പതിനഞ്ച് ഏക്കറിൽ താഴെയുള്ള ഭൂമിയിൽ തോട്ടമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതിൽ ഒരു തർക്കവുമുണ്ടാകില്ല. അതിനായി നിയമത്തിലാവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം റവന്യൂ സെക്രട്ടേറിയറ്റിൽ ആലോചിച്ച് നിശ്ചയിക്കാവുന്നതാണ്. മറ്റ് പ്രശ്നം നിയമപരമായി പരിശോധിക്കേണ്ടതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഭൂപതിവ് ചട്ടങ്ങളും ഹൈക്കോടതിവിധിയും സംസ്ഥാനത്ത് എല്ലായിടത്തും ഒരുപോലെ ബാധകമാണ്. പക്ഷെ, ഇടുക്കി ജില്ലയിൽ മാത്രമാണ് ഇത് കർശനമായി നടപ്പാക്കുന്നത്. അതുകൊണ്ടുതന്നെ ഇടുക്കി ജില്ലയിലെ ജനങ്ങൾ മുഴുവൻ വലിയ ഭീതിയിലും ആശങ്കയിലുമാണ്. കാരണം, അവിടെ കൂടുതലും പതിവ് പട്ടയം ലഭിച്ച ഭൂമിയാണുള്ളത്. ഭൂപതിവ് ചട്ടങ്ങളിൽ മാറ്റം വരുത്തുമ്പോൾ ഇതുവരെ ചെയ്ത വയലേഷനുകൾ റെക്ടിഫൈ ചെയ്യുന്ന കാര്യമാണ് അതിൽ സൂചിപ്പിച്ചിട്ടുള്ളതെന്നാണ് മാധ്യമ വാർത്തകളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. അതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; ഏതുതരത്തിലുള്ള ഭേദഗതിയാണ് ഭൂപതിവ് ചട്ടത്തിൽ വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന് എന്നേക്കാൾ നന്നായി നിയമമറിയാവുന്നതുകൊണ്ട് അതിനെപ്പറ്റി കൂടുതലായി വിശദീകരിക്കുന്നില്ല. ആദ്യം ഭൂപതിവ് നിയമമാണ് സഭ മുമ്പാകെ സമർപ്പിക്കാനുദ്ദേശിക്കുന്നത്. ഭൂപതിവ് ചട്ടം പിന്നീട് എക്സിക്യൂട്ടീവ്

ഓർഡറിലൂടെ മാറ്റാവുന്നതാണ്. ഭൂപതിവ് നിയമത്തിൽ ഭേദഗതി വരുത്താനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഭൂപതിവ് നിയമത്തിൽ ഭേദഗതി വരുത്തുമ്പോൾ ബഹുമാനപ്പെട്ട അംഗം നേരത്തെ സൂചിപ്പിച്ചതുപോലെ മുൻകാലത്തുണ്ടായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവൽക്കരിക്കേണ്ട പ്രശ്നം സർക്കാരിന് മുമ്പിൽ വരുമെന്നത് വസ്തുതയാണ്. ഇപ്പോൾ നിലനിൽക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ടയാളുകൾക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന ആവശ്യം ഉയർന്നുവരും. ഇതിന് നിയമപരമായ പരിശോധന ആവശ്യമാണ്. അങ്ങ് പറഞ്ഞതുപോലെ പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ലാതെ വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട കാര്യമാണിത്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ WP(C) No. 1801/2010 എന്ന കേസ്സിലെ ഹൈക്കോടതി വിധിപ്രകാരമാണ് ഇടുക്കി ജില്ലയിൽ ഭൂപതിവ് ചട്ടം നിർബന്ധമാക്കാൻ തീരുമാനിക്കുന്നത്. എട്ട് വില്ലേജുകളിൽ നിർബന്ധമായി നടപ്പിലാക്കണമെന്ന കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്തത്. റവന്യൂ വകുപ്പ് എൻ.ഒ.സി. കൊടുത്താൽ മാത്രമെ നിർമ്മാണപ്രവർത്തനങ്ങൾ നടത്താനാവൂയെന്ന

കാര്യത്തിൽ കോടതിവിധി നിലനിൽക്കുന്നതുകൊണ്ടാണ് ഇടുക്കിയിൽ പ്രത്യേകമായി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. അതിനായി Special Leave Petition (SLP) പോയപ്പോൾ സംസ്ഥാനത്തിന് മൊത്തം അത് ബാധകമായി. നിയമത്തിൽ മാറ്റം വരുത്താതെ മറ്റൊരുവഴിയുമില്ല. ഈ വിഷയം സംബന്ധിച്ച ചർച്ച നടക്കുന്നതുകൊണ്ടാണ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി സഭയിലേയ്ക്കെത്തിയതെന്ന് എനിക്കറിയാം. അദ്ദേഹം തൊട്ടടുത്തിരുന്നുകൊണ്ട് നിരന്തരം ആവശ്യപ്പെടുന്ന വിഷയമാണിത്. നിയമഭേദഗതി വരുത്തുന്ന കാര്യം വളരെ ഗൗരവമുള്ള കാര്യമാണ്. പ്രതിപക്ഷാംഗങ്ങളെ മുഖവിലയ്ക്കെടുത്ത് അവരുമായി ചർച്ച ചെയ്തശേഷം മാത്രമായിരിക്കും നിയമത്തിൽ ഭേദഗതി വരുത്തുന്നത്. സഭ ഒറ്റക്കെട്ടായിനിന്ന് നടത്തേണ്ടൊരു ഭേദഗതിയായതുകൊണ്ട് പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷാംഗങ്ങളോടും കൂടിയാലോചിക്കേണ്ടതാവശ്യമാണ്. അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 10-01-2023-ൽ നടത്തിയ യോഗത്തിലെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൂടി

മുഖവിലയ്ക്കെടുത്തുകൊണ്ടായിരിക്കും നിയമഭേദഗതി നടത്തുന്നത്. ഇടുക്കിയിലെ ജനങ്ങൾക്ക് മാത്രമല്ല കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ആശ്വാസമുണ്ടാകുന്ന നടപടിയായിരിക്കുമിത്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഗവൺമെന്റിന്റെ ഒന്നാം വർഷംതന്നെ അമ്പതിനായിരത്തിലേറെ പട്ടയം കൊടുത്തുവെന്നത് അഭിനന്ദനാർഹമാണ്. കേരളത്തിലെ സർവ്വെയുമായി ബന്ധപ്പെട്ട് വലിയ പ്രശ്നങ്ങൾ ഉയരുന്നുണ്ട്. ഇക്കാര്യത്തിൽ ഇതിനോടകം ഡീറ്റയിൽഡ് സർവ്വെ നടത്തുകയും 200 വില്ലേജുകളിൽ അതിന്റെ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഏത് തീയതിക്കകം ഭൂപതിവ് ഭേദഗതി നടപ്പിലാക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്?

ശ്രീ. കെ. രാജൻ: സർ, ഇത് ദീർഘകാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയമാണ്. കഴിഞ്ഞ ദിവസം ഞാനും സർവ്വശ്രീ. എ. രാജ, വാഴൂർ സോമൻ എന്നീ എം.എൽ.എ.മാരും മൂന്നാർ സന്ദർശിക്കാനിടയായി. അവിടെവച്ച് നിയമഭേദഗതി വരുത്തുമെന്ന് പറഞ്ഞ് പുറത്തിറങ്ങിയപ്പോൾ കിലുക്കം സിനിമയിൽ ശ്രീ. ഇന്നസെന്റിന്

ലോട്ടറിയടിച്ചപ്പോൾ പറഞ്ഞതുപോലെ “2 കേട്ടിട്ടുണ്ട്, 4 കേട്ടിട്ടുണ്ട്, 3 കേട്ടിട്ടുണ്ട്" അങ്ങനെയാണ് ഈ വിഷയത്തിലും സർക്കാരുകൾ ദീർഘകാലമായി പറഞ്ഞുകൊണ്ടിരിക്കുന്നതെന്നൊരു ആക്ഷേപമുന്നയിക്കുകയുണ്ടായി. അവിടെ പറഞ്ഞ ഒരു കാര്യത്തിന്മേൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ എൻ.ഒ.സി. കൊടുക്കേണ്ട എട്ട് വില്ലേജുകളിൽനിന്ന് ആനവിലാസം വില്ലേജിനെ ഒഴിവാക്കിയിട്ടുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട വാഴൂർ സോമൻ അന്ന് ഉന്നയിച്ച വിഷയത്തിന് മറുപടിയായി ഞാനിപ്പോൾ രേഖപ്പെടുത്തുകയാണ്. കുറേക്കാലമായി പറഞ്ഞുകൊണ്ടിരിക്കുന്ന ഈയൊരു കാര്യം എന്ന് നടപ്പിലാക്കുമെന്നാണ് ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ. സഭയിൽ ചോദിച്ചത്. പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽത്തന്നെ സഭ മുമ്പാകെ പ്രസ്തുത നിയമഭേദഗതി അവതരിപ്പിക്കുമെന്ന കാര്യത്തിൽ ഉറപ്പ് നൽകുകയാണ്.

## വിനോദസഞ്ചാര മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

3(*93) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മാണി. സി. കാപ്പൻ:

ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(സി) പദ്ധതി നടത്തിപ്പിലെ ജാഗ്രതക്കുറവ് കാരണം കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) കേന്ദ്ര സർക്കാർ അനുവദിച്ച ഏതെങ്കിലും ടൂറിസം പദ്ധതിയുടെ തുക തിരികെ നൽകേണ്ടതായി വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഏതെങ്കിലും പുതിയ ടൂറിസം പദ്ധതിക്ക് കേന്ദ്രത്തിന്റെ അനുമതി തേടിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ&ബി) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ നിലവിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇവയാണ്:

<u>ശബരിമല -എരുമേലി -പമ്പ-സന്നിധാനം -സ്പിരിച്വൽ സർക്യൂട്ട്:</u>

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ' പദ്ധതിയിലെ സ്പിരിച്വൽ സർക്യൂട്ടിലുൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് "ശബരിമല-എരുമേലി-പമ്പ-സന്നിധാനം-സ്പിരിച്വൽ സർക്യൂട്ട്". നിർവ്വഹണ ഏജൻസിയായ ഹൈപവർ കമ്മിറ്റി ഫോർ ഇംപ്ലിമെന്റേഷൻ ഓഫ് ശബരിമല മാസ്റ്റർ പ്ലാൻ-ട്രാവൻകൂർ ദേവസ്വം ബോർഡ് (TDB) മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

പുതുക്കിയ ഭരണാനുമതി പ്രകാരമുള്ള 75.01% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

<u>റൂറൽ സർക്യൂട്ട് - മലനാട് - മലബാർ- ക്രൂയിസ് - ടൂറിസം പദ്ധതി:</u>

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ' പദ്ധതിയിലെ റൂറൽ സർക്യൂട്ടിലുൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് 'മലനാട് - മലബാർ - ക്രൂയിസ് - ടൂറിസം പദ്ധതി'. ഉൾനാടൻ ഗതാഗത വകുപ്പും കേരള ഇലക്ട്രിക്കൽ

ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയും (KEL) ആണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ.

പദ്ധതിയുടെ 38.74% പൂർത്തിയായി.

ശ്രീപത്മനാഭ - ആറന്മുള ആസ് എ സ്പിരിച്വൽ സർക്യൂട്ട്:

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ' പദ്ധതിയിലുൾപ്പെടുത്തിയാണ് 'ശ്രീപത്മനാഭ-ആറന്മുള-സ്പിരിച്വൽ സർക്യൂട്ട്' അനുവദിച്ചത്. പദ്ധതി പൂർത്തിയാക്കി.

ഇക്കോ ടൂറിസം സർക്യൂട്ട് - പത്തനംതിട്ട - ഗവി - വാഗമൺ -തേക്കടി:

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ' പദ്ധതിയിലെ ഇക്കോ ടൂറിസം സർക്യൂട്ടിലുൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് 'ഡെവലപ്മെന്റ് ഓഫ് പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി ആസ് ഇക്കോ ടൂറിസം സർക്യൂട്ട് ഇൻ ഇടുക്കി & പത്തനംതിട്ട. പദ്ധതി പൂർത്തീകരിച്ചു.

ഡെവലപ്മെന്റ് ഓഫ് ഗുരുവായൂർ ടെമ്പിൾ:

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'പ്രസാദ്' പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് ‘ഡെവലപ്മെന്റ് ഓഫ് ഗുരുവായൂർ ടെമ്പിൾ'.

ഗുരുവായൂർ ദേവസ്വം ബോർഡും ഗുരുവായൂർ നഗരസഭയും മുഖേന കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KTIL)-ആയിരുന്നു പദ്ധതിയുടെ നിർവ്വഹണം. പദ്ധതി പൂർത്തിയായിട്ടുണ്ട്.

<u>ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് ശിവഗിരി ശ്രീനാരായണഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപാറശ്രീസുബ്രഹ്മണ്യ - ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ഇൻ കേരള</u> :

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ' പദ്ധതിയിൽപ്പെടുത്തി അനുവദിച്ചതാണ് ‘ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് ശിവഗിരി ശ്രീനാരായണഗുരു ആശ്രമം - അരുവിപ്പുറം - കുന്നുംപാറ ശ്രീസുബ്രഹ്മണ്യ - ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ഇൻ കേരള’. ഇന്ത്യ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (ITDC)-ആണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ഇതുവരെ പദ്ധതിയുടെ 42.26% ജോലികൾ പൂർത്തിയായി.

(സി) നഷ്ടപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

(ഇ) കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിനുകീഴിലെ 'പ്രസാദ്' പദ്ധതിയിൽ പരിഗണിക്കാനായി സമർപ്പിച്ച പദ്ധതികൾ ഇവയാണ്:

1. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ, മലയാറ്റൂർ (പദ്ധതി തുക 29.91 കോടി രൂപ).

2. ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ (പദ്ധതി തുക 4.29 കോടി രൂപ).

3. ഡെവലപ്മെന്റ് ഓഫ് റിലീജിയസ് സെന്റേഴ്സ് അറ്റ് പെരുമ്പാവൂർ ഇൻ എറണാകുളം ഡിസ്ട്രിക്റ്റ് (പദ്ധതി തുക ഏഴ് കോടി രൂപ).

കേന്ദ്ര സർക്കാരിന്റെ 'സ്വദേശ് ദർശൻ 2.0' പദ്ധതിയിലുൾപ്പെടുത്തുന്നതിനായി ബേപ്പൂർ- കുമരകം, ബേക്കൽ- ഇടുക്കി ഡാം സറൗണ്ടിങ്സ്, മലങ്കര ഡാം സറൗണ്ടിങ്സ്, കാരാപ്പുഴ എന്നീ ഡെസ്റ്റിനേഷനുകളുടെ മൊത്തത്തിലുള്ള വികസനം ലക്ഷ്യമിട്ടുള്ള State Perspective Plan സമർപ്പിച്ചിരുന്നു.

04.01.2023-ലെ ഓഫീസ് മെമ്മോറാണ്ടം ഫയൽ നമ്പർ: എസ്. ഡി-8/15/2020 പ്രകാരം കുമരകം, കോഴിക്കോട് (ബേപ്പൂർ) എന്നീ

വിനോദസഞ്ചാരകേന്ദ്രങ്ങളെ 'സ്വദേശ് ദർശൻ 2.0' പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ടൂറിസം രംഗത്ത് സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപ നേടിത്തരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ട്. എന്നാൽ സമയബന്ധിതമായും കേന്ദ്രം നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും കൃത്യമായ പ്രൊപ്പോസൽ സമർപ്പിക്കാത്തതിനാൽ സംസ്ഥാനത്തിന് അനിവാര്യമായ പദ്ധതികൾ ലഭിക്കുന്നില്ലെന്ന പരാതി എല്ലാകാലത്തും ഉയർന്നുവരുന്നുണ്ട്, ഇത് വസ്തുതാപരമാണോ; ലോകോത്തര അടിസ്ഥാന ടൂറിസം വികസനരംഗത്ത് ശ്രദ്ധേയമായതും രാജ്യത്താകമാനം നടപ്പാക്കുന്നതുമായ 'സ്വദേശ് ദർശൻ' പദ്ധതി കേന്ദ്രഗവൺമെന്റ് വളരെയേറെ പ്രാധാന്യത്തോടെ നടപ്പാക്കുന്നതാണ്. ഇത് കേരളത്തിന് ലഭിച്ചിട്ടുണ്ടോ; ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ 'സ്വദേശ് ദർശൻ' പദ്ധതി സംസ്ഥാന സർക്കാരിന്റെ

പിടിപ്പുകേടുമൂലം നഷ്ടപ്പെട്ടിട്ടില്ല. കേന്ദ്രസർക്കാർ പറയുന്നതുമാത്രമേ വിശ്വസിക്കുകയുള്ളൂവെന്ന സ്ഥിതിയിലേയ്ക്കെത്തരുത്. സംസ്ഥാന സർക്കാർ ചെയ്യുന്ന കാര്യങ്ങൾ കുറച്ചൊക്കെ മനസ്സിലാക്കാനും രാജ്യത്തിന്റെ പൊതുസാഹചര്യത്തെ തിരിച്ചറിഞ്ഞ് ഇടപെടാനും സാധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതുവേ ഭരണ-പ്രതിപക്ഷ നേതൃത്വത്തിലെ താഴെത്തട്ടിൽ കഠിനാദ്ധ്വാനം ചെയ്യുന്ന പ്രവർത്തകരുടെ വികാരം അതായിരിക്കുമെന്നുകൂടി ഞാൻ ഉറച്ച് വിശ്വസിക്കുകയാണ്. രണ്ടാമതായി, 29 കോടി 91 ലക്ഷം രൂപയുടെ സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ മലയാറ്റൂർ പദ്ധതി, 4 കോടി 29 ലക്ഷം രൂപയുടെ ചേരാമൻ ജൂമാ മസ്ജിദ് കൊടുങ്ങല്ലൂർ (തൃശ്ശൂർ), 7 കോടി രൂപയുടെ എറണാകുളം ജില്ലയിലെ ഡെവലപ്മെന്റ് ഓഫ് റിലീജിയസ് സെന്റേഴ്സ്, പെരുമ്പാവൂർ എന്നീ പദ്ധതികളാണ് 'പ്രസാദ്' പദ്ധതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നത്. കേന്ദ്രസർക്കാരിന്റെ 'സ്വദേശ് ദർശൻ 2.0' പരിപാടിയിൽ ഉൾപ്പെടുത്തുന്നതിനായി ബേപ്പൂർ, കുമരകം, ബേക്കൽ, ഇടുക്കി ഡാം സറൗണ്ടിംഗ്സ്, മലങ്കര ഡാം സറൗണ്ടിംഗ്സ്, കാരാപ്പുഴ എന്നീ

ഡെസ്റ്റിനേഷനുകളുടെ മൊത്തത്തിലുള്ള വികസനം ലക്ഷ്യമിട്ടുള്ള State Perspective Plan സമർപ്പിച്ചിരുന്നു. 04/01/2023-ലെ ഓഫീസ് മെമ്മോറാണ്ടം ഫയൽ നമ്പർ SD-8/15/2020 പ്രകാരം കുമരകം, കോഴിക്കോട്, ബേപ്പൂർ എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെ 'സ്വദേശ് ദർശൻ 2.0' പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, കേന്ദ്ര സർക്കാരിൽനിന്നും പരമാവധി തുക കേരളത്തിന് ലഭിക്കട്ടേയെന്ന് കരുതിയാണ് ഈ ചോദ്യം ഉന്നയിച്ചത്. അപ്പോൾ കയ്യടിച്ചവർക്ക് അക്കാര്യം മനസ്സിലായിട്ടില്ല. കേരളത്തിന് എത്ര തുക കിട്ടിയെന്ന് ഞാൻ ചോദിക്കുന്നില്ല. അതൊക്കെ പരിശോധിക്കേണ്ട വിഷയമാണ്. കേരളത്തിന് കാര്യമായിട്ടൊന്നും കിട്ടുന്നില്ലെന്നുള്ളതുകൊണ്ടാണ് പറഞ്ഞത്.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്. അതൊക്കെ ധനാഭ്യർത്ഥന ചർച്ചയിൽ അവതരിപ്പിക്കാം.

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്തേയ്ക്ക് രാജ്യാന്തര ടൂറിസ്റ്റുകൾ ധാരാളമായി എത്തുന്നത് ക്രൂയിസ് ടൂറിസത്തിലൂടെയാണ്. 13

വിദേശ ക്രൂയിസ് ട്രിപ്പുകൾ ഇന്ത്യയിലേയ്ക്കും കേരളത്തിലേയ്ക്കും വരുന്നുവെന്ന് പറയുന്നു. കേരളതീരങ്ങളിൽ ക്രൂയിസ് ടൂറിസം വികസിപ്പിച്ച് ആഭ്യന്തര ടൂറിസവും രാജ്യാന്തര ടൂറിസവും വികസിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കാര്യമായി ശ്രദ്ധിക്കാതെ പോകുന്നൊരു മേഖലയാണത്. ഏറ്റവുമധികം ടൂറിസം സാദ്ധ്യതകളുള്ള കായലും കടലുമൊക്കെ പ്രയോജനപ്പെടുത്തി വിനോദസഞ്ചാരം വ്യാപകമാക്കാൻ ഉപകരിക്കുന്നൊരു പദ്ധതിയായ ക്രൂയിസ് ടൂറിസത്തിലൂടെ രാജ്യാന്തര ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് വരുന്നുണ്ടോ; ആഭ്യന്തര ടൂറിസം രംഗത്ത് ക്രൂയിസ് ടൂറിസത്തിന്റെ ഡെവലപ്മെന്റ്സ് എന്താണ്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് വളരെ പ്രസക്തമായ കാര്യമാണ്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ അവഗണനയും മറ്റുമുണ്ടാകുന്ന സമയത്ത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചുനിന്ന് പ്രതിഷേധിക്കേണ്ട സ്ഥാനത്ത് അത്തരം പ്രതിഷേധം വരാത്തതാണ് ഞാൻ പ്രത്യേകമായി സൂചിപ്പിച്ചത്. കേന്ദ്രസർക്കാർ കേരളത്തെ കഴുത്ത് ഞെരിച്ച് കൊല്ലാനുള്ള ശ്രമം നടത്തുമ്പോൾ ഇവിടെയാരും സത്യാഗ്രഹം നടത്താതെ

പോകുന്നതെന്തുകൊണ്ടെന്ന് ഈ നാട്ടിലെ ജനങ്ങൾ പൊതുവിൽ ചോദിക്കുകയാണ്. ക്രൂയിസ് ടൂറിസം പദ്ധതി തീർച്ചയായും ടൂറിസം സാദ്ധ്യതയുള്ള പദ്ധതിയാണ്. മറ്റ് വകുപ്പുകളുമായി ചേർന്നുകൊണ്ട് ക്രൂയിസ് ടൂറിസം നടപ്പിലാക്കാൻ ടൂറിസം വകുപ്പ് ചില കാര്യങ്ങൾ ആലോചിക്കുന്നുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, നിലവിലെ പാലങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം ഉപയോഗിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുകയുണ്ടായി. കേരളത്തിലെമ്പാടും ധാരാളം തൂക്കുപാലങ്ങളുണ്ട്. അതെല്ലാം മറ്റൊരു തരത്തിൽ പ്രാദേശിക ഡെസ്റ്റിനേഷനുകളാണ്. ഫോട്ടോ ഷൂട്ടുൾപ്പെടെയുള്ള കാര്യങ്ങൾ അവിടെ നടക്കുന്നുണ്ട്. പ്രദേശവാസികളുടെ യാത്രാസൗകര്യത്തിനൊപ്പം വിനോദത്തിനും ഇത്തരം തൂക്കുപാലങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇവയുടെ നവീകരണപ്രവർത്തനങ്ങൾ നടക്കാത്തതുകൊണ്ടുതന്നെ അവയിൽ പലതും നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള രണ്ട് തൂക്കുപാലങ്ങളുൾപ്പെടെയുള്ള മുഴുവൻ

പാലങ്ങളും DTPC-യുടെ സ്കീമുകളിലുൾപ്പെടുത്തി അതിന്റെ നവീകരണത്തിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്നതാണ് എന്റെ ചോദ്യം?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പാലങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. വിദേശരാജ്യങ്ങളിലുള്ളതുപോലെ പാലങ്ങളെ ഇല്യൂമിനേറ്റ് ചെയ്യുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ/സ്വകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവരൊക്കെ ചേർന്നുകൊണ്ട് നടത്താവുന്നതാണ്. അതിൽ ബഹുമാന്യരായ എം.എൽ.എ.-മാർക്ക് അവരുടെ നിയോജകമണ്ഡലത്തിൽ അത്തരം സാദ്ധ്യതകളുണ്ടെങ്കിൽ ടൂറിസം വകുപ്പ് അതിനോട് പരിപൂർണ്ണമായി സഹകരിച്ച് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. ലോകത്ത് കണ്ടുകൊണ്ടിരിക്കുന്ന പുതിയ ട്രെൻഡ് ഹെക്കേഷൻസ് (haycations) ആണ്. ഇതുപ്രകാരം നഗരഹൃദയങ്ങളിലോ റിസോർട്ടുകളിലോ അല്ല താമസിക്കുന്നത്; ഗ്രാമഗ്രാമന്തരങ്ങളിലേയ്ക്ക് ആളുകൾ താമസിക്കാൻ

പോകുകയാണ്. അങ്ങയെയുള്ള ഒരു ഹെക്കേഷൻസ് ട്രെൻഡിൽ ഇത്തരം കാര്യങ്ങൾക്കൂടി പരിഗണിച്ചുപോകുമ്പോൾ, ഗ്രാമങ്ങളിൽ എത്തി അവിടെയുള്ള ഉൾക്കപാലം സൗന്ദര്യവത്ക്കരിക്കുക, അതിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുകയെന്നുള്ളത് പുതിയൊരു ട്രെൻഡായി കൊണ്ടുവരാൻ കഴിയും. ബഹുമാന്യനായ എം.എൽ.എ. മുന്നോട്ടുവയ്ക്കുന്ന ഏതുകാര്യങ്ങളിലും പരിപൂർണ്ണമായി പിന്തുണനൽകി വകുപ്പ് കൂടെയുണ്ടാകുമെന്ന് അറിയിക്കുകയാണ്.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിവഴി ടൂറിസ്റ്റുകളെ ആകർഷിക്കാൻ പിൽഗ്രിം ടൂറിസം പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ടി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ, പ്രത്യേകിച്ച് പാല, രാമപുരം, ഭരണങ്ങാനം എന്നീ സ്ഥലങ്ങളെക്കൂടി ഉൾപ്പെടുത്തി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി നേടിയെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; പാലാ മണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഇല്ലിക്കൽക്കല്ലിനെയും ഇലവീഴാപ്പൂഞ്ചിറയെയും കേന്ദ്ര ടൂറിസം മാപ്പിൽ കൊണ്ടുവരാനുള്ള നടപടികൂടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പാലാ നിയോജകമണ്ഡലത്തിലുള്ള ഇത്തരം പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി വാങ്ങാൻ നമുക്ക് ഒരുമിച്ച് ശ്രമിക്കാമെന്നത് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

ശ്രീ. പി. ജെ. ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇന്ത്യൻ ടൂറിസം മേഖലയിൽ ദൈവം കനിഞ്ഞനുഗ്രഹിച്ചൊരു സംസ്ഥാനമാണ് കേരളം. ഈ സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് കേന്ദ്രം അംഗീകാരം നൽകുന്നുണ്ടോ; അതോ അക്കാര്യത്തിലും അർഹമായ പരിഗണന കേന്ദ്ര സർക്കാർ നൽകുന്നില്ലേ; എത്ര കോടി രൂപയുടെ പദ്ധതിക്കാണ് ഈ കാലഘട്ടങ്ങളിൽ അംഗീകാരം നൽകിയിട്ടുള്ളത്; എത്ര പദ്ധതികൾ കേന്ദ്രസർക്കാരിൽ പെൻഡിംഗായി കിടക്കുന്നുണ്ട്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അതിന്റെ വിശദവിവരങ്ങളിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല. കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് പരമാവധി ടൂറിസം മേഖലയിൽ ഉപയോഗപ്പെടുത്താനുള്ള ശ്രമം സംസ്ഥാന

സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അക്കാര്യത്തിൽ ഇനിയും ബഹുദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. കേരളത്തിലെ ബഹുമാന്യരായ എം.പി.-മാർ ഉൾപ്പെടെയുള്ളവരുടെയെല്ലാം സഹകരണത്തോടെ മുന്നോട്ടുപോകാനുള്ള ശ്രമമാണ് പൊതുവെ നടത്തുന്നത്. ന്യൂയോർക്ക് ടൈംസിന്റെ പുതിയ വിവരത്തിൽ 53 കേന്ദ്രങ്ങളിലൊന്നായി കേരളത്തെ തെരഞ്ഞെടുത്തതിൽ ഇന്ത്യയിൽനിന്നുള്ള ഏക സംസ്ഥാനം കേരളം മാത്രമാണ്. ടൈം മാഗസിൻ ലോകത്ത് കണ്ടിരിക്കേണ്ട 50 ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി കേരളത്തെയാണ് തെരഞ്ഞെടുത്തത്. ഇന്ത്യ ടുഡേ നമ്പർ വൺ റാങ്കിംഗ് നൽകിയത് കേരളത്തിനാണ്. കേരളത്തിന്റെ ടൂറിസം വികാസമെന്ന് പറഞ്ഞാൽ നമ്മുടെ രാജ്യത്തിന്റെ വികാസമാണ്. ലോകത്ത് ടൂറിസം മാർട്ടുകൾ നടക്കുമ്പോൾ അവിടെ മുൻപന്തിയിൽ നിൽക്കുന്നത് കേരളമാണ്. അതിനനുസരിച്ചുള്ള കുറേക്കൂടി സപ്പോർട്ട് കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കണമെന്ന് പ്രതീക്ഷിക്കുന്നു. അതിന് നമുക്കൊരുമിച്ച് നിലപാടെടുത്ത് മുന്നോട്ടുപോകാമെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, എല്ലാ കാലഘട്ടങ്ങളിലും കേരളത്തിനുതന്നെയാണ് ഈ അവാർഡുകളൊക്കെ ലഭിക്കാറുള്ളത്. കാരണം, കേരളം പ്രകൃതി മനോഹരമായ ഒരു പ്രദേശമായതുകൊണ്ടാണ്. വിദേശ ടൂറിസ്റ്റുകളേക്കാൾ കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകൾ ഇന്ന് കേരളത്തിലേയ്ക്ക് വരുന്നുണ്ട്. ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിനെ പ്രോത്സാഹിപ്പിക്കാനുള്ള പ്രത്യേക പദ്ധതികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിനൊരു അംഗീകാരം ലഭിക്കുന്നത് ഏതെങ്കിലുമൊരു സർക്കാരിന്റെ മാത്രം അംഗീകാരമായിട്ടല്ല, കേരളത്തിലെ ജനങ്ങൾക്ക് ലഭിക്കുന്ന അംഗീകാരമായിട്ടാണ് പൊതുവെ കാണുന്നത്. ന്യൂയോർക്ക് ടൈംസും ടൈം മാഗസിനും കേരളത്തെ തെരഞ്ഞെടുത്തത് ഒരു പുതിയ സംഭവമായാണ് കാണാൻ സാധിക്കുന്നത്. അതിൽ നമ്മളെല്ലാവരും സന്തോഷിക്കുകയാണ്. ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവും അതിൽ സന്തോഷിക്കുന്നുവെന്ന് അദ്ദേഹത്തിന്റെ ചർച്ച കേട്ടപ്പോൾ എനിക്ക് മനസ്സിലായി. ആഭ്യന്തരസഞ്ചാരികൾ കേരളത്തിലേയ്ക്ക് വരുന്ന കാര്യത്തിൽ ഇപ്പോൾ സർവ്വകാല

റെക്കോർഡിലെത്തിയിരിക്കുകയാണ്. അതിനെക്കുറിച്ച് ഞാൻ നേരത്തെ സംസാരിച്ചപ്പോൾ അദ്ദേഹം ഇവിടെയുണ്ടായിരുന്നോയെന്ന് അറിയില്ല. എന്തായാലും 2022-ൽ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം ഒരു കോടി എൺപത്തിയെട്ട് ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. അടുത്ത വർഷം അത് ഇനിയും ശക്തിപ്പെടുത്തണം.

## ഐ.ടി.ഐ.-കളുടെ അടിസ്ഥാനസൗകര്യ വികസനം

4 (*94) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി.ഐ.-കളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും പരിശീലനമേന്മ വർദ്ധിപ്പിക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങളെന്തെല്ലാമാണ്;

(ബി) വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കായി തൊഴിൽസാദ്ധ്യതയൊരുക്കുന്നതിന് ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ടോ;

(സി) തൊഴിൽസാദ്ധ്യതകൾക്കനുസരിച്ച് സമയബന്ധിതമായി കോഴ്സുകൾ പുന:സംഘടിപ്പിക്കുന്നതിനും ഉള്ളടക്കം പരിഷ്കരിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) ഐ.ടി.ഐ.-കളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് മതിയായ കെട്ടിടനിർമ്മാണത്തിലേയ്ക്കായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ മാനദണ്ഡപ്രകാരം ഭൂമി ലഭ്യമാക്കാനുതകുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കിഫ്ബി ഫണ്ട് വിനിയോഗത്തിലൂടെ വകുപ്പിനുകീഴിലുള്ള 10 ഐ.ടി.ഐ.-കളെയും സംസ്ഥാന ഫണ്ട് വിനിയോഗിച്ച് 2 ഐ.ടി.ഐ.-കളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരികയാണ്. കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാകാത്ത സ്ഥാപനങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പരിശീലനമേന്മ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ഏകീകരിക്കപ്പെട്ടതും

ഗുണമേന്മയുള്ളതുമായ പരിശീലന സംവിധാനം നടപ്പിലാക്കുന്നുണ്ട്. കാലാകാലങ്ങളിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് പരിചയപ്പെടുത്തുന്ന കോഴ്സുകൾ പരമാവധി സ്ഥാപനങ്ങളിൽ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീവാമ്പിംഗ് പ്രക്രിയയിലൂടെ കാലഹരണപ്പെട്ട കോഴ്സുകൾ പരമാവധി ഒഴിവാക്കി കാലോചിതമായ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) വ്യാവസായിക പരിശീലന വകുപ്പിന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും നോഡൽ ഐ.ടി.ഐ.-കളിൽവച്ച് എല്ലാവർഷവും ജോബ് ഫെയർ സംഘടിപ്പിക്കുന്നുണ്ട്. 2023 വർഷത്തെ ജോബ് ഫെയർ ജനുവരി 16 മുതൽ 23 വരെയുള്ള തീയതികളിൽ 14 ജില്ലകളിലും സംഘടിപ്പിച്ചു. പ്ലേസ്മെന്റ് നടപടികൾ നടന്നുവരുന്നുണ്ട്.

(സി) ആഗോളതലത്തിൽ മാറിമാറി വരുന്ന തൊഴിൽ മേഖലയ്ക്കനുസൃതമായി കാലാകാലങ്ങളിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്-ഡൽഹി കോഴ്സുകളുടെ സിലബസ് പരിഷ്കരിച്ചുവരികയാണ്.

നിലവിൽ ന്യൂ ജനറേഷൻ കോഴ്സുകളുൾപ്പെടുത്തി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് സിലബസ് പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സിലബസ് പ്രകാരമുള്ള പരിശീലനം നല്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഐ.ടി.ഐ.-കളുടെ അടിസ്ഥാനവികസനത്തിന് മുന്തിയ പരിഗണന നൽകിയ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഐ.ടി.ഐ. ട്രെയിനികൾക്ക് നൈപുണ്യവികസനത്തിനായി ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, പരിഗണനയിലുണ്ട്. പഴയ കോഴ്സുകളെല്ലാം മാറി വർത്തമാന കാലഘട്ടത്തിലെ തൊഴിൽസാദ്ധ്യതയ്ക്കനുസരിച്ചുള്ള പുതിയ കോഴ്സുകൾ ആരംഭിക്കേണ്ടതുള്ളതിനാൽ ഐ.ടി.ഐ ട്രെയിനികൾക്ക് നൈപുണ്യവികസനത്തിനായി ഹ്രസ്വകാല കോഴ്സുകൾകൂടി ആരംഭിക്കണമെന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ

തെരഞ്ഞെടുത്ത സർക്കാർ ഐ.ടി.ഐ.-കളിൽ ഇത്തരം കോഴ്സുകൾ നടന്നുവരികയാണ്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ഐ.ടി.ഐ.-കളിൽ നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകളുമായി ബന്ധപ്പെട്ടതും തൊഴിൽ സാദ്ധ്യതയുള്ളതും നാഷണൽ ക്വാളിഫിക്കേഷൻ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ വിവിധ ഹ്രസ്വകാല കോഴ്സുകളും നൈപുണ്യപരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഐ.ടി.ഐ. ട്രെയിനികൾക്ക് പരിശീലന കാലത്തുതന്നെ പരിശീലനത്തിൽനിന്നും ലഭിക്കുന്ന വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഉണ്ട്. ഐ.ടി.ഐ. ട്രെയിനികൾക്ക് പരിശീലന കാലത്തുതന്നെ പരിശീലനത്തിൽനിന്നും ലഭിക്കുന്ന വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി

പ്രൊഡക്ഷൻ സെന്ററുകൾ സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 സർക്കാർ ഐ.ടി.ഐ.-കളിൽ രൂപീകരിച്ചിട്ടുള്ള പ്രൊഡക്ഷൻ സെന്ററുകളിലൂടെ വിവിധ ഉല്പന്നങ്ങളായിട്ടുള്ള ഫർണിച്ചർ, ബേക്കറി ഐറ്റങ്ങൾ, ഹാൻഡ് സാനിറ്റൈസർ എന്നിവ നിർമ്മിക്കുന്ന പ്രൊഫഷണൽ സെന്ററുകളും കോഴിക്കോട് ഗവൺമെന്റ് വനിതാ ഐ.ടി.ഐ.-യിൽ സൗന്ദര്യവർദ്ധക സേവനങ്ങൾ ലഭ്യമാക്കുന്ന ബ്യൂട്ടി & വെൽനസ് സെന്ററും ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, എന്തെല്ലാം എതിർപ്പുകളുണ്ടായാലും സംസ്ഥാനതലസ്ഥാനത്ത് വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകാൻ പോകുകയാണ്. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ അത് സിംഗപ്പൂർ, ദുബായ്, കൊളംബോ എന്നിവ പോലെയുള്ള വലിയ നഗരമായും ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന ഒരിടമായും മാറുകയാണ്. ആ സന്ദർഭത്തിലുണ്ടാകുന്ന തൊഴിൽ സാദ്ധ്യതകൾ പരിഗണിച്ച് മറൈൻ മേഖലയുമായി ബന്ധപ്പെട്ട ട്രേഡുകൾ ഐ.ടി.ഐ.-കളിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; പല ഐ.ടി.ഐ.-കളിലും പരമ്പരാഗത

ട്രേഡുകളാണുള്ളത്. പുതിയ ട്രേഡുകൾ നടത്തുന്നതിനുള്ള ഫാക്കൽറ്റിയുടെ പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, വിഴിഞ്ഞമടക്കമുള്ള തുറമുഖങ്ങളിലും അതുപോലെയുള്ള പുതിയ സ്ഥാപനങ്ങളിലും ജോലിക്ക് പ്രാപ്തരാക്കുന്ന തരത്തിലുള്ള പുതിയ ട്രേഡുകൾ ഐ.ടി.ഐ.കളിൽ ആരംഭിക്കുന്നതുസംബന്ധിച്ച് ആലോചിച്ചിട്ടുണ്ട്. പ്രധാനമായും Drone Technician പുതിയൊരു കോഴ്സാണ്. IoT Technician (Smart City), IoT Technician (Smart Healthcare), Database System Assistant, Remotely Piloted Aircraft/Drone Pilot, Software Testing Assistant തുടങ്ങിയ പുതിയ കോഴ്സുകളും ആരംഭിക്കുന്നുണ്ട്. വിഴിഞ്ഞം തുറമുഖത്തിനനുയോജ്യമായിട്ടുള്ള കോഴ്സുകളാരംഭിക്കുന്നത് സംബന്ധിച്ചുള്ള കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഐ.ടി.ഐ. ട്രെയിനികൾക്ക് പരിശീലനകാലത്തുതന്നെ വ്യാവസായികസ്ഥാപനങ്ങളിൽ പ്രായോഗിക

പരിശീലനം ലഭിക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഐ.ടി.ഐ. ട്രെയിനികൾക്ക് പരിശീലന കാലത്തുതന്നെ വ്യാവസായികസ്ഥാപനങ്ങളിൽ പ്രായോഗിക പരിശീലനം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ പഠിച്ചുകൊണ്ടിരിക്കുന്ന എല്ലാ പരിശീലനാർത്ഥികൾക്കും പ്രതിവർഷം 150 മണിക്കൂർ ദൈർഘ്യമുള്ള പ്രായോഗിക പരിശീലനം ബന്ധപ്പെട്ട വ്യവസായശാലകളിൽ നൽകുന്നതിനുള്ള MoU കരാർ ഐ.ടി.ഐ.-കളും വ്യവസായശാലകളുമായി ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. നിലവിൽ 19 സർക്കാർ ഐ.ടി.ഐ.-കളിൽ വ്യവസായശാലകളുമായി ചേർന്ന OJT (On the job training) കഴിഞ്ഞ അദ്ധ്യയനവർഷം മുതൽ നടന്നുവരികയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ദേശീയതലത്തിൽ ഐ.ടി.ഐ.-കളിൽ എത്ര ട്രേഡുകളാണ് നിലവിലുള്ളതെന്നും ഇതിൽ എത്രയെണ്ണം കേരളത്തിലെ ഐ.ടി.ഐ.-കളിൽ നിലവിലുണ്ടെന്നും

വ്യക്തമാക്കുന്നതിനോടൊപ്പം അഖിലേന്ത്യാതലത്തിൽ കേരളത്തിൽനിന്നുള്ള ട്രെയിനികൾക്ക് ഉന്നതവിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; ഐ.ടി.ഐ-കളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് നോൺ ടീച്ചിംഗ് സ്റ്റാഫ് ഇപ്പോഴില്ല. അതുകൊണ്ട് 80-ൽ കുറവ് കുട്ടികളുള്ളിടത്ത് നിരവധി നോൺ ടീച്ചിംഗ് സ്റ്റാഫുള്ളപ്പോൾ 264 കുട്ടികളുള്ള പാലക്കാട് കുഴൽമന്ദം ഐ.ടി.ഐ.-യിൽ ആകെ രണ്ട് ക്ലാർക്ക് മാത്രമേയുള്ളൂ. ഇത്തരത്തിലുള്ള അപര്യാപ്തത പുനഃക്രമീകരണം വഴി പരിഹരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇപ്പോൾ ദേശീയതലത്തിൽ ആകെ 150 ട്രേഡുകളാണ് നിലവിലുള്ളത്. കേരളത്തിലെ വിവിധ ഐ.ടി.ഐ.-കളിലായി ഏകദേശം 78-ഓളം ട്രേഡുകളിൽ പരിശീലനം നടത്തുന്നുണ്ട്. കഴിഞ്ഞതവണ അഖിലേന്ത്യാതലത്തിൽ കേരളത്തിൽ നിന്നുള്ള ട്രെയിനികൾ ഉന്നതവിജയം കരസ്ഥമാക്കിയിട്ടുണ്ട്. കഴക്കൂട്ടം സർക്കാർ ഐ.ടി.ഐ.-യിലെ അനീഷ എന്ന ട്രെയിനി ദേശീയതലത്തിൽത്തന്നെ ഒന്നാം റാങ്ക് കരസ്ഥമാക്കിയതുകൂടാതെ വിവിധ ട്രേഡുകളിലായി

157 ട്രെയിനികൾക്ക് ദേശീയതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് റാങ്കുകൾ കരസ്ഥമാക്കാനും സാധിച്ചിട്ടുണ്ട്.

ശ്രീ. എം. എസ്. അരുൺകുമാർ: സർ, ഐ.ടി.ഐ. ട്രെയിനികൾക്കുള്ള സാങ്കേതിക പരിശീലനം സമൂഹത്തിന് പ്രയോജനകരമായി ഉപയോഗിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഐ.ടി.ഐ. ട്രെയിനികൾക്കുള്ള സാങ്കേതികപരിശീലനം സമൂഹത്തിന് പ്രയോജനകരമായി ഉപയോഗിക്കുന്നതിലേയ്ക്കായി തെരഞ്ഞെടുത്ത ഐ.ടി.ഐ.-കളിൽ നൈപുണ്യകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ.-കളിൽ പരിശീലനം നേടുന്ന ട്രെയിനികളെ ക്രോഡീകരിച്ച് നൈപുണ്യകർമ്മസേന രൂപീകരിച്ച് അവരുടെ ഐ.ടി.ഐ.-കളുടെ സമീപപ്രദേശങ്ങളിലെ സർക്കാർ ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ, മറ്റ് സർക്കാർ മേൽനോട്ടത്തിലുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നേരിട്ടെത്തി അവർ ആർജ്ജിച്ച

സാങ്കേതികവൈദഗ്ദ്ധ്യമുപയോഗിച്ച് സൗജന്യമായി അറ്റകുറ്റപ്പണികൾ നിർവ്വഹിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

**വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയാൻ നടപടി**

5(*95) ശ്രീ. സണ്ണി ജോസഫ് (Not in the seat)
ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീ. എം. വിൻസെന്റ്):
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ വലിയൊരു വിഭാഗം ലഹരിക്ക് അടിമകളാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എല്ലാ സ്കൂൾ വിദ്യാർത്ഥികളെയും ആറ് മാസത്തിലൊരിക്കലെങ്കിലും മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കി അവർ ലഹരിക്കടിമകളല്ലെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(സി) കുട്ടികൾക്ക് ഒഴിവുസമയം ക്രിയാത്മകമായി ചെലവഴിക്കുവാനുതകുന്ന സംവിധാനമൊരുക്കുന്നതിനും കരിക്കുലത്തിൽ സ്പോർട്സിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ലഹരി മാഫിയയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ പുറത്തുപോകാതിരിക്കാനാവശ്യമായ ശ്രദ്ധനൽകുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) അങ്ങനെയൊരു റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽപോലും സ്കൂൾ വിദ്യാർത്ഥികളിൽ ലഹരിവസ്തുക്കളുടെ ഉപയോഗം കണ്ടെത്തുന്നതിനും അവ ഇല്ലായ്മ ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ ഏറ്റെടുത്ത് നടപ്പാക്കിവരികയാണ്. ഗവൺമെന്റിന്റെ ലഹരിവിരുദ്ധ പ്രവർത്തനം വിദ്യാലയങ്ങളിൽ വ്യാപിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കിടയിൽ ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിന് ശക്തമായ നടപടി സ്വീകരിച്ചുവരികയാണ്. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ഭരണ-പ്രതിപക്ഷ

വ്യത്യാസമില്ലാതെ ഐക്യത്തോടെ ലഹരിവിരുദ്ധ പോരാട്ടപ്രവർത്തനങ്ങൾ സംഘടിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. ലഹരിവിരുദ്ധ പോരാട്ടങ്ങൾ നിയമം കൊണ്ടുമാത്രം അവസാനിപ്പിക്കാൻ കഴിയുന്ന കാര്യമല്ല; സമൂഹം ഒറ്റക്കെട്ടായി നിന്നുകൊണ്ടുള്ള പ്രവർത്തനം നടത്തിയാൽ മാത്രമേ ഇത് അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇതൊരു മുഖ്യ അജണ്ടയായി എടുത്തിട്ടുണ്ടെന്ന കാര്യംകൂടി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇതിന്റെ തുടർച്ചയായി രണ്ടാംഘട്ട ലഹരിവിരുദ്ധ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ലഹരിയുപയോഗത്തിന് കൂട്ടുന്നതിനായി പ്രവർത്തിക്കുന്ന റാക്കറ്റുകളെ തകർക്കുന്നതിനായി പോലീസും എക്സൈസും പൊതുവിദ്യാഭ്യാസ വകുപ്പും ഒത്തുചേർന്ന് പ്രവർത്തനം നടത്തുന്നു. സ്കൂളുകളിൽ ജനജാഗ്രതാസമിതി രൂപീകരിച്ചുകൊണ്ടും പ്രവർത്തനം നടത്തുന്നുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല

(സി) സ്കൂൾതലത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമായി നിലവിൽ കായിക വിദ്യാഭ്യാസവും സ്പോർട്സ്/ഗെയിംസിനും കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ഊന്നൽ നൽകും.

(ഡി) എക്സൈസ്, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നത്. വിദ്യാർത്ഥികളുടെ വിവരങ്ങൾ പുറത്തുപോകാതിരിക്കുന്നതിന് ശ്രദ്ധ നൽകുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, വിദ്യാർത്ഥികൾക്കിടയിൽ ലഹരിവിരുദ്ധ ക്യാമ്പയിൻ നടത്തുന്നതോടൊപ്പം കുട്ടികൾ വീടുകളിൽ എത്തുമ്പോൾ അവരുടെ സ്വഭാവത്തിൽ എന്തെങ്കിലും മാറ്റം വരുന്നുണ്ടോ എന്നതിനെക്കുറിച്ച് പരിശോധിക്കുന്നതിനുവേണ്ടി മാതാപിതാക്കൾക്ക് നല്ല നിലയിലുള്ള അവബോധവും പരിശീലനവും നൽകുന്ന രീതിയിൽ ക്യാമ്പയിനിൽ അവരെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നതാണ് ചോദ്യം?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശരിയാണ്. സമൂഹത്തിലാകെ ലഹരിവിരുദ്ധ ക്യാമ്പയിൻ നടത്തേണ്ടതായിട്ടുണ്ട്. ഓരോ അദ്ധ്യാപകനും ഓരോ വിദ്യാർത്ഥിയെയും സംബന്ധിച്ചുള്ള കാര്യങ്ങൾ അറിഞ്ഞിരിക്കണമെന്നും ഒരു കുട്ടി ക്ലാസിൽ വന്നില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും ഒരു കുട്ടിയുടെ ഒരു ദിവസത്തെ മാനസികാവസ്ഥ മോശമാണെങ്കിൽ എന്തുകൊണ്ട് കുട്ടിക്ക് അത്തരമൊരു മാനസികാവസ്ഥയുണ്ടായി എന്നുമുള്ള കാര്യങ്ങൾ അന്വേഷിക്കുന്നതോടൊപ്പം രക്ഷകർത്താക്കളുമായി ബന്ധപ്പെടണമെന്നുമുള്ള നിർദ്ദേശം സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിനായി രക്ഷകർത്താക്കൾക്കാവശ്യമായ ട്രെയിനിംഗ് കൊടുക്കുന്നതിനുള്ളൊരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പേരന്റ്-ടീച്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ചെറിയ രൂപത്തിലുള്ള പദ്ധതികൾ ഇപ്പോൾത്തന്നെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 14000-ത്തിലധികം കുട്ടികൾ പഠിക്കുന്ന പട്ടം സെന്റ് മേരീസ് സ്കൂളിലും 3000-ത്തിലധികം കുട്ടികൾ പഠിക്കുന്ന കോട്ടൺഹിൽ സ്കൂളിലും മറ്റ് സ്കൂളുകളിലും ഇത്തരം

ബോധവൽക്കരണ ക്ലാസുകൾ നടത്താൻ പേരന്റ്-ടീച്ചേഴ്സ് അസോസിയേഷന്റെയും സമൂഹത്തിന്റെയാകെയും പിന്തുണ നേടിയെടുത്തുകൊണ്ട് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്ക് ലഹരിയുടെ ദൂഷ്യവശങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി പാഠ്യപദ്ധതിയിൽ ലഹരിക്കെതിരായ പാഠ്യഭാഗങ്ങൾ ഉൾപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, പാഠ്യപദ്ധതി പരിഷ്കരിക്കുന്ന അവസരത്തിൽ തീർച്ചയായും ഈ വിഷയം പരിഗണിക്കാം. ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയ വിഷയം വളരെ ഗൗരവമുള്ളതായതിനാൽ അതേ പ്രാധാന്യത്തോടുകൂടി പരിഗണിക്കുമെന്ന കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ..........ഓർഡർ...........ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്. ചോദ്യോത്തരവേളയിൽ ധാരാളം അംഗങ്ങൾ ഉപചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. ചെയറിന്റെ മുന്നിലുള്ള സ്ക്രീനിൽ ഓരോ

അംഗങ്ങൾക്കും ലഭിക്കുന്ന അവസരം കാണിക്കുന്നുണ്ട്. അതുകൊണ്ടാണ് പലർക്കും അവസരം നല്കാൻ സാധിക്കാതെ പോകുന്നത്. (ബഹളം) ഭരണ-പ്രതിപക്ഷ അംഗങ്ങളെ കൺസിഡർ ചെയ്യുന്നുണ്ട്. ശ്രീ. ഷംസുദ്ദീന് ഇതുവരെ മൂന്നുതവണ അവസരം ലഭിച്ചുകഴിഞ്ഞു. (ബഹളം) അതോടൊപ്പം ഒരുകാര്യംകൂടി ചെയറിന് അഭ്യർത്ഥിക്കാനുള്ളത് ഫ്ലോറിൽ പാലിക്കേണ്ട അച്ചടക്കത്തെക്കുറിച്ച് Rules of procedure Annexure II-ൽ വളരെ വ്യക്തമായി പറയുന്നുണ്ട്. നിർഭാഗ്യവശാൽ ചോദ്യോത്തരവേള നടക്കുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും പലരും നടക്കുന്നത് ചെയറിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. അംഗങ്ങൾ ചെയറുമായി സഹകരിക്കുന്ന നിലപാട് സ്വീകരിക്കണം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+)

**10.00 A.M]**

**II അടിയന്തരപ്രമേയം**

<u>വെള്ളക്കരം വർദ്ധന</u>

<u>മി. സ്പീക്കർ</u>: സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിച്ചതുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ

\+ അനുബന്ധം - I

നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇന്ന് ഇങ്ങനെയൊരു വിഷയം അടിയന്തരപ്രമേയമായി കൊണ്ടുവന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇന്നലെ ഇതേവിഷയം ചോദ്യോത്തരവേളയിൽ പ്രതിപക്ഷത്തെ സീനീയർ എം.എൽ.എ.-മാർ ചോദിച്ചതിന് ഗവൺമെന്റിന്റെ നയം വ്യക്തമാക്കിയിട്ടുള്ളതാണ്. ഗവൺമെന്റിന്റെ ഇപ്പോഴത്തെ പ്രവർത്തനം സംബന്ധിച്ച് നല്ലരീതിയിൽ വിലയിരുത്തുന്നവരാണ് കേരള പൊതുസമൂഹവും നിയമസഭയിലെ എല്ലാ അംഗങ്ങളും. നമ്മളിപ്പോൾ വലിയൊരു മൂവ്മെന്റിലാണ്. ജലവിതരണ രംഗത്തും ഗ്രാമീണ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനും ഒരു ദൗത്യം ഏറ്റെടുത്ത് സാക്ഷാത്കരിക്കുന്നതിനുവേണ്ടിയുള്ള ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനങ്ങൾക്കാണ് ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നത്. അതിൽ എല്ലാ വിഭാഗം ആളുകളുടെയും പിന്തുണ ലഭിച്ചിട്ടുണ്ടെന്നത് പറയുന്നതിൽ വളരെയേറെ നന്ദിയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ

പതിനേഴര ലക്ഷം കുടിവെള്ള കണക്ഷനായിരുന്നു ഗ്രാമീണ മേഖലയിലുണ്ടായിരുന്നത്. എന്നാൽ ശക്തമായ പ്രവർത്തനത്തിലൂടെയും അതുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളിലൂടെയുമെല്ലാം നിലവിലുണ്ടായിരുന്ന സംവിധാനത്തെ ശാക്തീകരിച്ചുകൊണ്ടുതന്നെ ഏകദേശം പതിമൂന്ന് ലക്ഷത്തിലധികം കണക്ഷൻകൂടി കൊടുക്കാൻ കഴിഞ്ഞു. എന്നാൽ ഈ രണ്ടുവർഷക്കാലംകൊണ്ട് ശേഷിച്ച കുടുംബങ്ങളിൽ എഴുപത് ലക്ഷത്തി എൺപതിനായിരത്തിൽപ്പരം കുടുംബങ്ങളിലേയ്ക്കുകൂടി കുടിവെള്ളം എത്തിച്ചുകൊടുക്കണം. അതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്ന ഘട്ടത്തിലാണ് വെള്ളക്കര വർദ്ധനയുമായി ബന്ധപ്പെട്ട ചർച്ച ഇവിടെ വരുന്നത്. നമ്മുടെ പൊതുസ്ഥിതി പരിശോധിക്കുമ്പോൾ കേരളത്തിലെ എല്ലാ സ്ഥാപനങ്ങളും കാലാകാലങ്ങളിൽ പണപ്പെരുപ്പത്തിനനുസരിച്ച് നിരക്ക് വർദ്ധന വരുത്തിയിട്ടുണ്ടെന്നാണ് കാണാൻ കഴിയുന്നത്. അതാവശ്യമാണ്. അല്ലാതെ എങ്ങനെയാണ് ഒരു സ്ഥാപനം മുന്നോട്ടുപോകുക. അത്തരം വർദ്ധന വരുന്ന സന്ദർഭത്തിൽ ഓരോരുത്തരും/സംഘടനകളുമൊക്കെ നടത്തിയ ഇടപെടലുകൾ

കേരളത്തിൽ നമ്മൾ നല്ലവണ്ണം ശ്രദ്ധിച്ചിട്ടുണ്ട്. ജലവിതരണ രംഗത്തുപോലും ഈ വർദ്ധനയുണ്ടായിട്ടുണ്ട്. 2008-ലും 2014-ലും വർദ്ധനയുണ്ടായി. ഇന്ന് ഏതാണ്ട് ഒൻപത് വർഷങ്ങൾക്കുശേഷം വീണ്ടുമൊരു വർദ്ധനയുടെ ഘട്ടത്തിലേയ്ക്ക് വന്നതെന്ത്? അതാണല്ലോ ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതായിട്ടുള്ളത്. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം എന്നുപറഞ്ഞാൽ കുടിവെള്ള വിതരണവും അതിൽനിന്നുള്ള വരുമാനവുമാണ്. അതിനായാണ് ഈ അതോറിറ്റി രൂപപ്പെട്ടത്. അങ്ങനെവരുന്ന പശ്ചാത്തലത്തിൽ ചെലവാകുന്ന തുകയെത്രയാണ്? ഒരു കിലോലിറ്റർ വെള്ളം ട്രീറ്റ് ചെയ്യുന്നതിന് 22.85 രൂപ ചെലവുണ്ട്. അതിലൂടെ ലഭിക്കുന്ന വരുമാനം 10.92 രൂപയാണ്. 11.93 രൂപ നഷ്ടം സഹിച്ച് ഇതെങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. നമ്മൾ കൂട്ടായി ആലോചിക്കേണ്ട വിഷയമല്ലേ? വാട്ടർ അതോറിറ്റിയുടെ സഞ്ചിത നഷ്ടം 4911.42 കോടി രൂപയാണ്. നിലവിലെ ലയബിലിറ്റി 2567.05 കോടി രൂപയാണ്. ഇതിൽ കെ.എസ്.ഇ.ബി.-ക്ക് മാത്രം കൊടുക്കാനുള്ള തുക 1263 കോടി രൂപയാണ്. 2019-ൽ സ്ഥിതി രൂക്ഷമായ സമയത്ത് കെ.എസ്.ഇ.ബി. തുക

ആവശ്യപ്പെട്ടപ്പോൾ ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചശേഷം വാട്ടർ അതോറിറ്റിക്ക് മറ്റ് ഡിപ്പാർട്ട്മെന്റുകളിൽനിന്നും ലഭിക്കേണ്ട തുക അവരുടെ പ്ലാൻ ഫണ്ടിൽനിന്നും കുറവുവരുത്തി നാലുഘട്ടങ്ങളായി കെ.എസ്.ഇ.ബി.-ക്ക് കൊടുക്കാമെന്ന തീരുമാനമെടുത്തു. അങ്ങനെ എത്രകാലം പോകാൻ കഴിയും. മറ്റ് ഡിപ്പാർട്ട്മെന്റുകളുടെ വികസന കാര്യങ്ങളെ തടസ്സപ്പെടുത്താൻ മാത്രമേ ഇത് ഉപകരിക്കുകയുള്ളൂ. അങ്ങനെയുള്ള പോക്ക് നമുക്ക് ആരോഗ്യകരമല്ല. അതുകൊണ്ടാണ് ഇത്തരം കാര്യങ്ങളിൽ ഒരു ചെറിയ വർദ്ധന രൂപപ്പെടുത്തേണ്ടിവന്നത്. ഇന്നലെ ഞാനത് പറഞ്ഞപ്പോൾ ഒരു അനാദരവായിക്കണ്ട് അതിനെ വിലയിരുത്തപ്പെടുകയുണ്ടായി എന്ന് ഞാൻ മനസ്സിലാക്കി. ഞാൻ ഇപ്പോഴും ആ സ്റ്റാൻഡിലാണ് നിൽക്കുന്നത്. ഒരു ലിറ്റർ വെള്ളത്തിന് ഒരു പൈസ കൂട്ടി. അതല്ലേ കണക്ക്? അത് മനസ്സിലാക്കാനുള്ള ഭാഷയെ ഞാൻ പറഞ്ഞുള്ളൂ. ഒരു ലിറ്റർ വെള്ളം വാങ്ങിച്ചു. അതിന്റെ തുക, അതിനൊരു പൈസയുടെ വർദ്ധനയേ ഉണ്ടായിട്ടുള്ളൂ. 50000 ലിറ്റർ ഉപയോഗിച്ചാൽ അതനുസരിച്ച് വർദ്ധിക്കും. ഒരുലക്ഷമാണെങ്കിൽ അതനുസരിച്ച് വർദ്ധിക്കും. ജലത്തിന്റെ

വിനിയോഗത്തിൽ ചില സാധ്യതകളും ഉപയോഗത്തിൽ ചില കുറവുകളും വരുത്താൻ പൊതുസമൂഹത്തെ പഠിപ്പിക്കേണ്ട സമയമായിട്ടുണ്ട്. അത്ര ഭീകരമായൊരു വർദ്ധനയാണോ? സ്വാഭാവികമായും അക്കാര്യം നമ്മൾ ചിന്തിക്കണം. അതുകൊണ്ട് അതിനെ സംബന്ധിച്ച് എനിക്ക് ഇക്കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. തീർച്ചയായും ഇതുമായി ബന്ധപ്പെട്ട് ചിന്തിക്കുമ്പോൾ ഒരുകാര്യം മാത്രമൊന്ന് വിലയിരുത്തുക, വാട്ടർ ട്രീറ്റ്മെന്റിനായി വേണ്ടിവരുന്ന രാസപദാർത്ഥങ്ങൾക്കുണ്ടായ വിലവർദ്ധനയൊന്ന് പരിഗണിക്കണം. നേരത്തെ ഒരു മെട്രിക് ടൺ ആലത്തിന് 12,200 രൂപയായിരുന്നു വിലയെങ്കിൽ ഇപ്പോഴത് 24,600 രൂപയായും ലൈം 8,857 രൂപയായിരുന്നത് 16,800 രൂപയായും ബ്ലീച്ചിംഗ് പൗഡർ 19,800 രൂപയായിരുന്നത് 24,564 രൂപയായും വർദ്ധിച്ചു. ഇത്തരത്തിലുള്ള വർദ്ധന വരുമ്പോൾ വാട്ടർ അതോറിറ്റിയെ നിലനിർത്താനുള്ള മാർഗ്ഗേ സ്വഭാവികമായും കണ്ടെത്തേണ്ടിവരും. അനുദിനകാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന നിലയിൽ ഇതിനെ ശാക്തീകരിക്കാൻ വേണ്ടിയുള്ള ഒരു ചെറിയ നീക്കം മാത്രമേയുള്ളൂ.

ഇതുകൊണ്ട് അധികമായി പ്രതീക്ഷിക്കുന്നത് 400 കോടി രൂപ മാത്രമാണ്. അതുകൊണ്ട് ഇക്കാര്യങ്ങളൊന്നും നടപ്പാക്കാൻ കഴിയുന്നതല്ല. എങ്കിലും സ്വാഭാവികമായൊരു വർദ്ധനയിലൂടെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പരമാവധി ശ്രദ്ധയോടെയാണ് കാര്യങ്ങൾ ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ജനങ്ങളോടൊപ്പം പ്രതിപക്ഷവും സഹകരിക്കണമെന്നാണ് പറയാനുള്ളത്. നിങ്ങളുടെ സഹകരണമാണ് ഇതിനാവശ്യം. കാലാകാലങ്ങളിൽ നിരക്ക് വർദ്ധിപ്പിക്കേണ്ടിവരും. എല്ലാകാലഘട്ടത്തിലും ഇത് ഉണ്ടായിട്ടുണ്ടല്ലോ? അതിനോട് സഹകരിക്കണം. എല്ലാ മണ്ഡലങ്ങളിലെയും ശുദ്ധജലവിതരണ പദ്ധതികൾ നല്ലനിലയിൽ പോകണമെന്ന് ആഗ്രഹിക്കാത്ത ഒരു എം.എൽ.എ.-യും ഈ നിയമസഭയിലുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. അതിന് വിഘാതമായി നിൽക്കുന്നത് നമ്മുടെ സാമ്പത്തിക പരിമിതിയാണ്. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ ജനകീയമായിട്ടുള്ള ബുദ്ധിമുട്ട് രൂപപ്പെടുത്താത്ത ഒരു വർദ്ധനയെ നഖശിഖാന്തം എതിർക്കുകയല്ല, വലിയ രീതിയിൽ ബുദ്ധിമുട്ട് ഉളവാകാതെ വന്നിട്ടുള്ള ഇതിനെ ഒരു

കരുതലായിക്കണ്ട് ഗവൺമെന്റിനോട് സഹകരിക്കുകയാണ് ചെയ്യേണ്ടതെന്ന് മാത്രമാണ് ഈ ഘട്ടത്തിൽ സൂചിപ്പിക്കാനുള്ളത്.

ശ്രീ. എം. വിൻസെന്റ്: സർ, ഇന്നലെ പറഞ്ഞ കാര്യങ്ങളിൽ ഉറച്ചുനിൽക്കുന്നുവെന്നാണ് അങ്ങ് മറുപടിയിൽ പറഞ്ഞത്. വിലക്കയറ്റം കൊണ്ട് ബോധം കെട്ടുകിടക്കുന്ന ആളിന് തളിക്കാനുള്ള വെള്ളത്തിനുപോലും വില കൂടിയില്ലേ, എന്ന് ബഹുമാന്യനായ ശ്രീ. പി. സി. വിഷ്ണുനാഥ് ഇന്നലെ ചോദിച്ചപ്പോൾ കൂടുതൽ വെള്ളം വേണമെങ്കിൽ എം.എൽ.എ.-മാരുടെ കത്ത് വേണമെന്നാണ് അങ്ങ് പറഞ്ഞത്. മരണക്കിടക്കയിൽ കിടക്കുന്ന ഒരാൾക്ക് ഒരിറ്റ് വെള്ളം ചോദിച്ചാൽ അതിനും എം.എൽ.എ-മാർ കത്ത് നൽകേണ്ടിവരുമോ? ജനങ്ങൾക്കുനേരെ സർക്കാർ നടത്തിയ അതിക്രൂരമായ നികുതി ആക്രമണത്തിന് വിധേയമായി ജനങ്ങൾ വീണുകിടക്കുമ്പോൾ തൊട്ടടുത്ത ദിവസം വെള്ളക്കരം രണ്ടര ഇരട്ടിയിലധികം വർദ്ധിപ്പിച്ചത് ചരിത്രത്തിൽ സമാനതകളില്ലാത്ത ക്രൂരതയാണ്. ആരാച്ചാർക്കുപോലുമുള്ള ദയ ഈ സർക്കാരിനില്ല. ആരാച്ചാർ പോലും വെള്ളം ചോദിച്ചാൽ വെള്ളം നൽകും. വെള്ളംകുടി മുട്ടിക്കുന്നൊരു

സർക്കാരാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതിക്ക് ചാർജ്ജ് വർദ്ധിപ്പിക്കുകയും സർച്ചാർജ്ജ് ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. വെള്ളക്കരവും ഇപ്പോൾ കൂട്ടിയിരിക്കുകയാണ്. വെള്ളത്തിനും വെളിച്ചത്തിനുംവരെ ചാർജ്ജ് വർദ്ധിപ്പിച്ച സർക്കാർ ഇനി ജനങ്ങളുടെ മൂക്കിൽ ഒരു മീറ്റർ ഘടിപ്പിച്ച് ശ്വസിക്കുന്ന വായുവിനും ചാർജ്ജ് ഈടാക്കുമോ എന്നുമാത്രമേ നമുക്ക് ചോദിക്കാനുള്ളൂ. 10 യൂണിറ്റ് വരെ വെള്ളത്തിന് മിനിമം ചാർജ്ജ് 44 രൂപയായിരുന്നു. ഒരു ലിറ്റർ വെള്ളത്തിന് ഒരു പൈസ മാത്രമേ കൂട്ടുന്നുള്ളൂവെന്ന് നിസ്സാരമായി അദ്ദേഹം പറഞ്ഞു. പക്ഷേ നൂറ് രൂപയുടെ അധിക ബാധ്യതയാണിത്. ഈ ചാർജ്ജ് വർദ്ധനയിലൂടെ 44 രൂപയുടെ സ്ഥാനത്ത് 144 രൂപയായി വർദ്ധിക്കുകയാണ്. 2021 മുതൽ എല്ലാവർഷവും 5 ശതമാനം വീതം ചാർജ്ജ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വർദ്ധന ഒരു പൈസ മാത്രമല്ല, അതായത് 10 യൂണിറ്റ് വെള്ളം ഉപയോഗിക്കുന്ന ഒരു ഉപഭോക്താവിനെ സംബന്ധിച്ചിടത്തോളം 44 രൂപയുടെ സ്ഥാനത്ത് 144 രൂപയാകുകയും അതിന്റെ 5 ശതമാനംകൂടി ചേർക്കുമ്പോൾ ഏകദേശം 7 രൂപകൂടി അധികമായി ഉപഭോക്താവ് നൽകേണ്ടിവരികയുമാണ്. 44 രൂപ

അടച്ചുകൊണ്ടിരുന്ന ഒരു ഉപഭോക്താവ് 107 രൂപ 22 പൈസയാണ് അധികമായി നൽകാൻ പോകുന്നതെന്ന് നിങ്ങൾ ഓർക്കണം. ഇക്കാലത്ത് വെള്ളക്കരം ഒരു സർക്കാരും വർദ്ധിപ്പിക്കാൻ പാടില്ല. കോവിഡിനെത്തുടർന്ന് ജനങ്ങളുടെ വരുമാനവും ക്രയശേഷിയുമെല്ലാം കുറഞ്ഞിരിക്കുന്ന ഈ സമയത്ത് വലിയ തോതിലുള്ള നികുതി ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള ചാർജ്ജ് ഒരിക്കലും വർദ്ധിപ്പിക്കാൻ പാടില്ല. ജൽജീവൻ മിഷനിലൂടെ എല്ലാവർക്കും പൈപ്പ് കണക്ഷൻ നൽകാൻ പേകുന്നകാര്യത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ജൽജീവൻ മിഷൻ വരുന്നതിനുമുമ്പ് ചാർജ്ജ് വർദ്ധിപ്പിച്ചിരുന്നുവെങ്കിൽ അന്ന് സ്വന്തമായി പൈപ്പ് കണക്ഷൻ എടുക്കാൻ കഴിവുള്ള 1664000 പേരെ മാത്രമെ ഇത് ബാധിക്കുമായിരുന്നുള്ളൂ. ജൽജീവൻ മിഷൻ വന്നതിനുശേഷം നിലവിൽ 1440783 പേർക്കുകൂടി കണക്ഷൻ നൽകി. ഇപ്പോൾ എന്താണ് സംഭവിച്ചിരിക്കുന്നത്; സ്വന്തമായി കണക്ഷൻ എടുക്കാൻ കഴിവില്ലാത്ത പതിനാലര ലക്ഷം പേർക്കുകൂടി ഈ ചാർജ്ജ് വർദ്ധന ബാധകമാകുകയാണ്. 2024 ആകുന്നതോടെ 16 ലക്ഷം പേർക്കുമാത്രം ഏത് ചാർജ്ജ് വർദ്ധനയും

ബാധകമായിരുന്ന സ്ഥാനത്ത് 70 ലക്ഷം ആളുകൾക്ക് ഈ ചാർജ്ജ് വർദ്ധന ബാധകമാകാൻ പോകുകയാണ്. ചാർജ്ജ് വർദ്ധനയില്ലാതെ മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന് മന്ത്രി ഇവിടെ പറയുകയുണ്ടായി. നിലവിൽ ചാർജ്ജ് വർദ്ധിപ്പിക്കാതെ ജൽജീവൻ മിഷൻപ്രകാരം നിങ്ങൾ കണക്ഷൻ നൽകിയാലും വാട്ടർ അതോറിറ്റിയുടെ വരുമാനം വർദ്ധിക്കുന്നതാണ്. കാരണം നിലവിൽ പുതിയ സ്കീമുകളില്ലാതെ, നിലവിലുള്ള എസ്റ്റാബ്ലിഷ്മെന്റ് ഉപയോഗിച്ച് 16 ലക്ഷം പേരിൽനിന്നും ഈടാക്കുന്ന ചാർജ്ജ് 70 ലക്ഷം പേരിലേയ്ക്ക് മാറുമ്പോൾ വർദ്ധനയില്ലെങ്കിലും സ്വാഭാവികമായും വാട്ടർ അതോറിറ്റിയുടെ വരുമാനം വർദ്ധിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ജൽജീവൻ മിഷന്റെ കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഒരു പുതിയ സ്കീം പോലും ഇവിടെ വന്നിട്ടില്ല. നിലവിലുള്ള സ്രോതസ്സ് ഉപയോഗിച്ചാണ് വെള്ളം നൽകുന്നത്. 2024 ആകുമ്പോൾ 16 പേർക്ക് നൽകിയിരുന്ന വെള്ളം 69 പേർക്ക് കൊടുക്കാൻ പോകുകയാണ്. ആർക്കും വെള്ളം ലഭിക്കുകയുമില്ല. പുതിയ കുടിവെള്ള

പദ്ധതിയില്ലാതെ പൈപ്പ് ലൈൻ വെറുതെ നൽകുകയാണ്. മുമ്പ് അംബാനി റിലയൻസ് സൗജന്യമായി മൊബൈൽ കണക്ഷൻ നൽകി. സൗജന്യമായി കണക്ഷൻ നൽകിയവർക്ക് പിന്നീട് ബിൽ കിട്ടിയപ്പോൾ ആകെ ഞെട്ടലായി. ആ ആവസ്ഥയിലാണ് എത്തിനിൽക്കുന്നത്. സൗജന്യമായി പൈപ്പ് കണക്ഷൻ ലഭിച്ചെങ്കിലും അതിന്റെ പേരിൽ വെള്ളം കിട്ടുന്നില്ല. കിട്ടാത്ത വെള്ളത്തിനും മിനിമം ചാർജ്ജ് ഈ 70 ലക്ഷം ആളുകൾക്കും അടയ്ക്കേണ്ടിവരുന്ന എന്ന കാര്യം ഓർക്കണം. മോദിയുടെയും പിണറായി വിജയന്റെയും സർക്കാരുകൾ ജൽജീവൻ മിഷന്റെ പേരിൽ കേരളത്തിലെ ജനങ്ങളെ കെണിവച്ച് പിടിച്ചിരിക്കുകയാണ്. അടച്ചിട്ട വീട്ടിന് നികുതി ഏർപ്പെടുത്തിയതുപോലെ കിട്ടാത്ത വെള്ളത്തിനും അധിക ചാർജ്ജ് ഈടാക്കാനുള്ള ഒരു സമീപനമാണ് ഇവിടെ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇവിടത്തെ ചാർജ്ജ് വർദ്ധന രണ്ട് കാര്യങ്ങൾക്കുവേണ്ടിയാണ്. സർക്കാർ നൽകാനുള്ള പണം യഥാസമയം വാട്ടർ അതോറിറ്റിക്ക് നൽകാത്തതാണ് ഒന്നാമത്തെ കാര്യം. അതിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടിയുള്ളതാണ് ഈ ചാർജ്ജ് വർദ്ധന. ഒരു മാസത്തെ

ശരാശരി വരുമാനം 55 മുതൽ 60 കോടിരൂപവരെയാണ്; ശമ്പളത്തിനും പെൻഷനുംകൂടി മറ്റൊരു 60 കോടി രൂപ; മറ്റ് ചെലവുകൾക്കായ് സർക്കാർ നോൺപ്ലാൻ ഗ്രാന്റ് നൽകാറുമുണ്ട്.

കഴിഞ്ഞ വർഷത്തെ നോൺപ്ലാൻ ഗ്രാന്റ് 353 കോടി രൂപയാണ്. അതിൽ ഇന്നുവരെ 169 കോടി രൂപയുടെ കുടിശ്ശികയുണ്ട്. ഓരോ മാസവും വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് 30-35 ലക്ഷം രൂപയുടെ ബിൽ വാട്ടർ അതോറിറ്റി കൊടുക്കും. അത് കൃത്യമായി നോൺപ്ലാൻ ഗ്രാന്റിൽ നിന്നാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. പക്ഷേ ഈ ഗവൺമെന്റ് ചരിത്രത്തിൽ ഇന്നുവരെയില്ലാത്ത വിധത്തിൽ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. 30 കോടി രൂപ ചോദിക്കുമ്പോൾ 15 കോടി രൂപയും 20 കോടി രൂപയും നൽകി കുടിശ്ശികയാക്കി പ്രതിസന്ധിയിൽ എത്തിച്ചിരിക്കുകയാണ്. 2567 കോടി രൂപ വാട്ടർ അതോറിറ്റി കൊടുത്തുതീർക്കാനുള്ള ബാധ്യതയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 1500 കോടിയിലേറെ തുക വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞു കിട്ടാനുണ്ട്. അതിൽ ഏറിയ പങ്കും സർക്കാർ സ്ഥാപനങ്ങളിലെ കുടിശ്ശികയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്. 957 കോടി രൂപയാണ് തദ്ദേശസ്വയംഭരണ വകുപ്പ് വാട്ടർ അതോറിറ്റിക്ക് കൊടുക്കാനുള്ളത്. സർക്കാർ കൊടുക്കേണ്ട നോൺ പ്ലാൻ ഗ്രാന്റ് കൊടുക്കാതിരിക്കുകയും സർക്കാർ തിരിച്ചടയ്ക്കേണ്ടുന്ന തുക അടയ്ക്കാതിരിക്കുകയും ചെയ്തിട്ട് ജനങ്ങളുടെമേൽ അധികഭാരം കെട്ടിവയ്ക്കുന്നതിന് എന്തുന്യായീകരണമാണുള്ളത്; ഒരു സിനിമയിൽ ദിലീപ് പറഞ്ഞതുപോലെ 'ചിന്നാടൻ ചിന്നാടന്റെ ലോറിയിൽ സ്പിരിറ്റ് കടത്തിയതിന് എന്റെ മെക്കിട്ട് കയറരുത്'. സർക്കാർ കൊടുക്കേണ്ട പണം സർക്കാർ കൊടുക്കാത്തതിന് ജനങ്ങളുടെ മെക്കിട്ട് കയറരുതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കും, താങ്ങാൻ കഴിയാത്ത ബാധ്യതകൾ ഒഴിവാക്കും, വിതരണ നഷ്ടം കുറയ്ക്കും, സർക്കാരുമായി ധാരണാപത്രമുണ്ടാക്കി നഷ്ടം സബ്സിഡിയായി നൽകുമെന്നുമാണ് 249-ാമത്തെ പോയിന്റായി ഇടതുപക്ഷ മുന്നണിയുടെ മാനിഫെസ്റ്റോയിൽ പറഞ്ഞിരിക്കുന്നത്. ആ സബ്സിഡിയാണോ നിങ്ങൾ ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്; ജനങ്ങളിൽ നിന്നും ഈടാക്കുകയല്ലേ നിങ്ങൾ

ചെയ്യുന്നത്? സ്വന്തം മാനിഫെസ്റ്റോയോടെങ്കിലും കൂറുപുലർത്താൻ നിങ്ങൾക്ക് സാധിക്കണ്ടേ; രണ്ടാമത്തേത്, എ.ഡി.ബി.-ക്കുവേണ്ടിയാണ് ഈ ചാർജ്ജ് വദ്ധിപ്പിച്ചതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ 2511 കോടി രൂപ തിരുവനന്തപുരം, കൊച്ചി എന്നീ കോർപ്പറേഷനുകൾക്കുവേണ്ടിയുള്ളതാണ്. കൊച്ചി കോർപ്പറേഷൻ പ്രോജക്ടിന്റെ ഡി.പി.ആർ അംഗീകരിച്ച് ടെണ്ടർ നടപടിയിലേയ്ക്ക് പോകുകയാണ്. എന്താണ് ഈ പ്രോജക്ട്; 51 ശതമാനം നോൺ റവന്യൂ വാട്ടറാണ്. അതായത് മീറ്ററിൽ റീഡ് ചെയ്യപ്പെടാതെ പോകുന്ന വെള്ളം, വിതരണ നഷ്ടവും തെഫ്റ്റും ഉൾപ്പെടെ 51 ശതമാനമാണ് എ.ഡി.ബി. എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത്. സഖാവ് പി. കരുണാകരൻ പ്രസിഡന്റായിട്ടുള്ള സി.ഐ.ടി. യൂണിയൻ 27 പോയിന്റുകളിൽ എ.ഡി.ബി. വായ്പയുമായിട്ടുള്ള കരാറിനെക്കുറിച്ചുള്ള ക്രമക്കേടുകൾ പറഞ്ഞ് എം.ഡി.-യുമായി ചർച്ച നടത്തിയിട്ടുണ്ട്. അതിന്റെ മിനിറ്റ്സിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. 27 ക്രമക്കേടുകളാണ് അവർ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. എ.ഡി.ബി. എക്സാജറേറ്റ് ചെയ്തിട്ടുള്ള ഒരു എസ്റ്റിമേറ്റാണ്

തയ്യാറാക്കിയിരിക്കുന്നത്. 51 ശതമാനം എൻ.ആർ.ഡബ്ല്യൂ.(non revenue water) ഉണ്ടെന്നുപറയുന്നു. സി.ഐ.ടി.യു. വെറും 35 ശതമാനമെന്നാണ് പറയുന്നത്. വാട്ടർ അതോറിറ്റിയുടെ കണക്കുകൾപ്രകാരം 35 ശതമാനം മാത്രമാണ് എൻ.ആർ.ഡബ്ല്യൂ. എ.ഡി.ബി. അവകാശപ്പെടുന്നത് 51 ശതമാനം നോൺ റവന്യൂ വാട്ടർ നാഷണൽ ലെവലായ 20 ശതമാനത്തിലേയ്ക്ക് എത്തിക്കുമെന്നാണ്. യഥാർത്ഥത്തിൽ 35 ശതമാനമേയുള്ളൂ. അപ്പോൾ 15 ശതമാനം കുറയ്ക്കുന്നതിനുവേണ്ടിയാണ് എക്സാജറേറ്റ് ചെയ്തൊരു എസ്റ്റിമേറ്റ് കൊണ്ടുവന്നിരിക്കുന്നത്. അതുപോലെതന്നെ 750 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുമെന്ന് പറഞ്ഞിരിക്കുന്നു. ഇപ്പോൾത്തന്നെ കൊച്ചി നഗരത്തിൽ അമൃത് പദ്ധതിയുടെ ഭാഗമായി ഏറെക്കുറെ പൈപ്പുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ കൊച്ചിയുടെ സാഹചര്യത്തിൽ കൊച്ചി നഗരത്തിൽ 750 കിലോമീറ്റർ കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കാൻ കഴിയുമോയെന്നൊരു പഠനം പോലും നടത്താതെ എ.ഡി.ബി നൽകുന്ന എസ്റ്റിമേറ്റ് അനുസരിച്ച്, എ.ഡി.ബി പറയുന്ന മൂന്നാമത്തെ കമ്പോണന്റിൽ പത്ത് പമ്പ് ഹൗസുകൾ നവീകരിക്കുമെന്നാണ്. ഈ പറയുന്ന പത്തിൽ

മൂന്നെണ്ണം ഇതിനോടകംതന്നെ നവീകരിച്ചു കഴിഞ്ഞു. എ.ഡി.ബി-ക്കാരെ കരിഓയിൽ ഒഴിച്ച് നിരന്തരം എതിർത്തുകൊണ്ടിരുന്ന ഇടതുപക്ഷം എ.ഡി.ബി തയ്യാറാക്കിയൊരു എസ്റ്റിമേറ്റിന്റെയും കോൺട്രാക്ടിന്റെയും പേരിൽ സി.ഐ.റ്റി.യു പോലും പറ്റില്ലെന്ന് പറഞ്ഞിരിക്കുന്ന കോൺട്രാക്ടിന്റെ പേരിൽ അവരുടെ മുപ്പത് ശതമാനം ലോൺ തിരിച്ചടയ്ക്കേണ്ട ബാധ്യത ഏറ്റെടുക്കുന്നതിനു കൂടിയാണ് സർക്കാർ വെള്ളക്കരം വർദ്ധിപ്പിച്ചതെന്ന് ഞാൻ ആരോപിക്കുകയാണ്. ഇവിടെ എല്ലാ നികുതികളും വർദ്ധിപ്പിച്ചു. ഭൂനികുതി, ഫെയർവാല്യു, ഇന്ധന സർച്ചാർജ്, ഇരുചക്രവാഹനങ്ങളുടേയും മോട്ടോർ വാഹനങ്ങളുടേയും നികുതി, കോർട്ട് ഫീസ്, കെട്ടിട നികുതി, വൈദ്യുതി ചാർജ് തുടങ്ങിയവയെല്ലാം വർദ്ധിപ്പിച്ചു. ഇനിയെങ്കിലും ഈ പാവപ്പെട്ട ജനത്തെ വെറുതെ വിടണമെന്ന് മാത്രം ആവശ്യപ്പെട്ടുകൊണ്ട്, വെള്ളക്കരം വർദ്ധിപ്പിച്ചതിനെക്കുറിച്ച് സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, തുക വർദ്ധിപ്പിക്കേണ്ടതിന്റെ സാഹചര്യത്തെ സംബന്ധിച്ച് പ്രമേയാവതാരകൻ തന്നെ വിശദമായി സംസാരിച്ചു. ബഹുമാനപ്പെട്ട എം.എൽ.എ ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ തന്നെയാണ് നിരക്ക് വർദ്ധനയ്ക്കാധാരമായി എടുത്തത്. പക്ഷേ, ഇത്തരം കാര്യങ്ങൾ നിയമസഭയിൽ പറയുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്. മരണക്കിടക്കയിൽ കിടക്കുന്നയാളുടെ വെള്ളംകുടി മുട്ടിക്കുന്ന പണിയൊന്നും പിണറായി സർക്കാർ ചെയ്തിട്ടില്ല. അതെല്ലാം ആലോചിച്ചു പറയേണ്ട കാര്യങ്ങളാണ്. അതുപോലതന്നെ അതിക്രൂരമായ നിലപാട് എന്നാണ് പറഞ്ഞത്. അത്ര ക്രൂരമാണോയെന്ന് ചിന്തിക്കണം. ഒരു പൈസയുടെ ക്രൂരതയ്ക്ക് ആരാച്ചാരുടെ പണിയിലേക്ക് ഞങ്ങളെ കൊണ്ടുചെന്നെത്തിക്കുന്ന സ്ഥിതി സഭയുടെ നല്ല നീക്കത്തിന് ഭൂഷണമല്ലെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. പിന്നെക്കണ്ടൊരു പ്രധാന വിഷയം 5 ശതമാനത്തിന്റെ വർദ്ധന അടിച്ചേൽപ്പിച്ചു എന്ന് പറഞ്ഞതാണ്. ഇത് അടിച്ചേൽപ്പിക്കുന്നതല്ല, 5 ശതമാനത്തിന്റെ വർദ്ധനയെന്ന് പറയുന്നത്, നിലവിൽ സ്വാഭാവികമായും സംസ്ഥാനങ്ങൾക്ക് സാമ്പത്തിക ചട്ടങ്ങൾ

കണക്കിലെടുത്ത് ആർ.ബി.ഐ.-ൽനിന്ന് വായ്പകൾ എടുക്കേണ്ടതായിവരും. അങ്ങനെ ലോൺ എടുക്കേണ്ടി വന്നാൽ സർക്കാരിന്റെ എല്ലാ സേവനങ്ങൾക്കും 5 ശതമാനം വീതം അടിസ്ഥാന വർദ്ധന വരുത്തണമെന്ന് കേന്ദ്രം കർശനമായി നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ഇതിന് മാത്രമല്ല എല്ലാത്തിനും ബാധകമാണ്. അതിന്റെ ഭാഗമായി വന്നതാണ്. അതിന്റെ ഭാഗമായി വന്നൊരു കാര്യത്തെ ഈ വർദ്ധനയുമായി ബന്ധപ്പെടുത്തി പറയുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഇനി അറിഞ്ഞിരിക്കേണ്ട ഒന്നുരണ്ട് കാര്യങ്ങളിലേയ്ക്ക് ഞാൻ വരാം. ഗവൺമെന്റും ധനകാര്യവകുപ്പും ഒന്നും ചെയ്യുന്നില്ലെന്നാണല്ലോ പറയുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. അക്കാര്യം ധനകാര്യവകുപ്പുമന്ത്രി എത്രയോ പ്രാവശ്യം സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹമിത് ഒളിച്ചു വച്ചിട്ടില്ലല്ലോ. അതെല്ലാം നമുക്കറിയാം സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്ന് ഈ സഭയിൽതന്നെ പറഞ്ഞിട്ടുണ്ട്. പക്ഷേ, ജനങ്ങൾക്ക് വെള്ളം കൊടുക്കുന്ന കാര്യത്തിൽ ഒരു തരത്തിലും പിശുക്ക് വരുത്തിയിട്ടില്ല. ജലജീവൻ മിഷൻ മുഖാന്തരം നാളിതുവരെ നൽകേണ്ട കണക്ഷനുകളിൽ നടപടി തീർത്തതനുസരിച്ച്

2835.44 കോടി രൂപ ധനകാര്യ വകുപ്പ് നൽകിക്കഴിഞ്ഞു. കാര്യങ്ങൾ മനസ്സിലാക്കണം. ഇനിയും നമുക്ക് എത്രയോ തരാനുണ്ട്. ജൽജീവൻ മിഷന്റെ സ്ഥിതി എടുക്കാം; എഴുപത് ലക്ഷത്തി അറുപത്തിയെട്ടായിരത്തിൽപ്പരം ഗ്രാമീണ വീടുകളുണ്ട്. അതിൽ ജെ.ജെ.എം.(ജൽജീവൻ മിഷൻ)-ന് മുമ്പുണ്ടായിരുന്ന കണക്ഷൻ പതിനേഴ് ലക്ഷത്തി നാൽപ്പത്തിഒൻപതിനായിരം. ഇതുവരെ നമ്മൾ നൽകിയത് 53.34 ശതമാനം കണക്ഷനാണ്. ഇതുവരെ ഭരണാനുമതി നൽകിയത് നാൽപതിനായിരം കോടി രൂപയിലധികം. ഇനി നമുക്ക് മുപ്പത്തേഴ് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം കണക്ഷൻ കൂടി നൽകാനുണ്ട്. അതിനാവശ്യമായ വർക്കുകൾ ഇതിനോടകം തന്നെ ടെണ്ടർ ചെയ്തിട്ടുണ്ട്. എല്ലാ മണ്ഡലത്തിനുമുണ്ട്, ആരും എതിര് പറയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. മാത്രമല്ല കണേണ്ട മറ്റൊരു പ്രശ്നം, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി യോഗങ്ങൾ സംഘടിപ്പിച്ചിരുന്നു. എല്ലാവരും പങ്കെടുത്തു. പല പ്രധാനപ്പെട്ട വിഷയങ്ങൾക്കും പരിഹാരം കണ്ടെത്താൻ എം.എൽ.എ.-മാർ തന്നെ മുൻകൈയെടുത്തു. ചില അസൗകര്യങ്ങൾ കാരണം ചില എം.എൽ.എ.

മാർക്ക് എത്തിച്ചേരാൻ സാധിച്ചില്ലെങ്കിലും അവരുടെ മണ്ഡലത്തിലെ കാര്യങ്ങളും റിവ്യൂ ചെയ്തു. അങ്ങനെ റിവ്യൂ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേരാൻ സാധിക്കാത്ത എം.എൽ.എ. മാർക്കുകൂടി ആ മണ്ഡലത്തിലെ ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെക്കൊണ്ട് നോട്ട് തയ്യാറാക്കി നൽകി. കേരളത്തിലെ മുഴുവൻ പഞ്ചായത്ത് പ്രസിഡന്റുമാർക്കും അവരവരുടെ പഞ്ചായത്തിലുള്ള പ്രശ്നങ്ങൾ കാണിച്ച് ഞാൻ തന്നെ കത്ത് നൽകി. അവരെല്ലാം സജീവമായി ഇക്കാര്യത്തിൽ ശ്രദ്ധിക്കുകയാണ്. നിങ്ങൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണം. അത്തരം കാര്യങ്ങളിലെല്ലാം നല്ലനിലയിൽ മുന്നോട്ട് പോകുമ്പോൾ ഈ വിഷയങ്ങൾകൂടി കണക്കിലെടുക്കണം. എന്താണ് പ്രമേയാവതാരകൻ പറഞ്ഞത്; പതിനേഴ് ലക്ഷമേ ഉണ്ടായിരുന്നുള്ളൂവെങ്കിൽ ഈ ബുദ്ധിമുട്ട് അത്രയുംപേർ സഹിച്ചാൽ മതിയല്ലോയെന്നാണ്; അതാണോ ശരി? ആ പതിനേഴ് ലക്ഷം പേർ അങ്ങനെ ബുദ്ധിമുട്ട് സഹിക്കണോ? അതല്ല ആവശ്യം, ഇവിടെ നമുക്ക് വന്നിരിക്കുന്ന പ്രശ്നങ്ങൾ സൂചിപ്പിച്ചു. സാധാരണ സേവന വകുപ്പുപോലെ വാട്ടർ അതോറിറ്റിയെ കണക്കാക്കാൻ സാധിക്കില്ല. വാട്ടർ അതോറിറ്റിയുടെ

പ്രശ്നം നമുക്കറിയാവുന്നതുപോലെ ശമ്പളം, പെൻഷൻ, ആനുകൂല്യങ്ങൾ, ജീവനക്കാരുടെ മക്കളുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ, മക്കളുടെ വിവാഹ കാര്യങ്ങൾ, റണ്ണിംഗ് കോൺട്രാക്ടേഴ്സിന് നൽകേണ്ട തുക ഇതെല്ലാം വാട്ടർ അതോറിറ്റിയാണ് നൽകേണ്ടത്. അങ്ങനെയുള്ളൊരു അതോറിറ്റിയുടെ പ്രവർത്തനത്തെ ശാക്തീകരിക്കേണ്ടേ; അത് കണ്ടില്ലെന്ന് നടിക്കാൻ പറ്റുമോ? റണ്ണിംഗ് കോൺട്രാക്ടേഴ്സിന് നൽകാനുള്ള തുക 137.06 കോടിയാണ്. അതുകൊണ്ട് അവർ സമരം നടത്തി. അവർ സമരം നടത്തുമ്പോൾ നമുക്ക് വാശിപടിക്കാൻ കഴിയുമോ; തുക നൽകേണ്ടതല്ലേ? അങ്ങനെ തുക നൽകേണ്ട സമയത്ത് ചില ബുദ്ധിമുട്ടുകൾ വന്നപ്പോൾ ജല വിതരണത്തിന് തടസ്സം വന്നു. പല എം.എൽ.എ. മാരും വിളിച്ചു. ഞങ്ങൾ അവരോട് സ്നേഹഭാവത്തിൽ പറഞ്ഞു. കുറച്ചെല്ലാം അവർ ശരിയായവിധം കേട്ടു. ഉദ്യോഗസ്ഥർ അക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലേ? എനിക്ക് തോന്നിയത് പഴയേതിനേക്കാൾ സജീവമായി ഉദ്യോഗസ്ഥരുടെ ശ്രദ്ധയുണ്ടാകുന്നുണ്ടെന്നാണ്. വലിയ ആക്ഷേപമുണ്ടാകാതെ പോകാനായി ശ്രദ്ധിച്ചു. ഇങ്ങനെ കൊടുക്കണമെങ്കിൽ ഒരു ചെറിയ സഹകരണം

ജനങ്ങളിൽനിന്ന് ആർജ്ജിച്ചേ മുന്നോട്ടുപോകാൻ സാധിക്കൂ. പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞു; പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ഓഫീസുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുംകൂടി 1591 കോടി രൂപ നൽകാനുണ്ട്. അതുകൊണ്ട് എസൻഷ്യൽ ആയിട്ടുള്ള സർവ്വീസുകൾ നിർത്താൻ കഴിയുമോ? ഒരു ഗവൺമെന്റ് ആശുപത്രിക്ക് വെള്ളം കൊടുക്കുന്നത് നിർത്തലാക്കാൻ സാധിക്കുമോ? ചില ബുദ്ധിമുട്ടുകൾ വരും. ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച ചോദ്യം വളരെ പ്രസക്തമായിരുന്നു. ഇത്തരത്തിലുള്ളൊരു സർവ്വീസ് ആയതുകൊണ്ട് സൗജന്യമായി നൽകിയാൽപ്പോരെ, അങ്ങനെ നൽകാൻ കഴിഞ്ഞിട്ടുണ്ടോ; എല്ലാ കാലഘട്ടത്തിലും വർദ്ധനയുണ്ടാക്കിയിട്ടില്ലേ? 1591 കോടി രൂപ ലഭിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമായിരുന്നെങ്കിൽ നമുക്ക് എളുപ്പമായിരുന്നു. നമ്മുടെ ലയബിലിറ്റി എന്നുപറയുന്നത് തന്നെ 2567 കോടി രൂപയാണ്. അപ്പോൾ 1591 കോടി രൂപ കിട്ടിയാൽ പ്രശ്നം പരിഹരിക്കില്ലല്ലോ. മാത്രമല്ല ഉൽപ്പാദനച്ചെലവും വരവും തമ്മിലുള്ള അന്തരം 11 രൂപയായി തുടരുകയാണ്.

ഓരോ വർദ്ധനയും ഓരോ തവണയും ഒരു കിലോ ലിറ്ററിൽ പത്ത് രൂപയുടെ വ്യത്യാസം വന്നുകൊണ്ടേയിരിക്കും. കെ.എസ്.ഇ.ബി-ക്ക് 30 കോടി രൂപ വീണ്ടും വീണ്ടും കൊടുക്കേണ്ടി വരുന്നു. ഇത് എവിടെപ്പോയി നിൽക്കും. ആ നിലയിൽ നമുക്ക് പോകാൻ കഴിയാത്ത സ്ഥിതിവരും. കെ.എസ്.ഇ.ബി കണക്ഷൻ കട്ട് ചെയ്താൽ വെള്ളം എങ്ങനെ ട്രീറ്റ് ചെയ്യാൻ സാധിക്കും, വെള്ളമെങ്ങനെ കൊടുക്കാൻ സാധിക്കും. അത്തരത്തിലുള്ള ബുദ്ധിമുട്ടുകൾക്കൊരു പരിഹാരമെന്ന നിലയിലാണ് ഞങ്ങൾ ഇതിനെ കണ്ടിട്ടുള്ളത്. വർഷന്തോറുമുള്ള അഞ്ച് ശതമാനം വർദ്ധനയിലൂടെ ഒരു വർഷം നമുക്ക് ലഭിക്കുന്ന മൊത്തം വരുമാനം 30 കോടി രൂപയാണ്. അതിനെയൊരു വർദ്ധനവ് എന്ന രീതിയിൽ ചിന്തിക്കേണ്ടതായിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതോടൊപ്പം തന്നെ പ്രധാനപ്പെട്ടൊരു വിഷയം ഇവിടെ സൂചിപ്പിച്ചത് പുതിയ സ്കീമുകൾ എടുക്കുന്നില്ലെന്നതാണ്. നമുക്ക് നഷ്ടമുണ്ട്. നബാർഡിന്റെ പുതിയ അസിസ്റ്റൻസ് നമുക്ക് ലഭിക്കണമെങ്കിൽ സ്റ്റേറ്റ് വിഹിതം നൽകണം. ഡിപ്പാർട്ടുമെന്റുകൾ അത് നൽകണം. അങ്ങനെ നമുക്ക് നൽകാൻ കഴിയാതെ വരുന്നു. പുതിയ സ്കീമുകളും പദ്ധതികളും

കൊണ്ടുവരാൻ സാധിക്കാത്ത അവസ്ഥവരും. അതെല്ലാം മെച്ചപ്പെടണമെങ്കിൽ ഇത്തരത്തിലുള്ള ചെറിയ വർദ്ധനവിനോട് ജനങ്ങൾ സഹകരിക്കാൻ തയ്യാറാകണം. നമുക്ക് ഇക്കാര്യം മുന്നോട്ട് കൊണ്ടുപോയേ കഴിയൂ. ജൽജീവൻ മിഷന്റെ വെള്ളം കൊടുക്കുന്നു, ചാർജ് ഈടാക്കുന്നു വെള്ളം കിട്ടുന്നില്ലെന്ന ആക്ഷേപമുണ്ട്. ഒരു കാര്യം ഉറപ്പു നൽകുന്നു, വെള്ളം ലഭിക്കാത്ത ഒരാളുപോലും ചാർജ് നൽകേണ്ടതില്ല. അങ്ങനെ എവിടെയെങ്കിലുമുണ്ടെങ്കിൽ അറിയിച്ചാൽ മതി. അങ്ങനെ ഉണ്ടായിട്ടുണ്ടാകാം. ഞാൻ അത് പരിശോധിച്ചു. എന്റെ പരിശോധനയിൽ ചില കാര്യങ്ങൾ ബോധ്യപ്പെട്ടു. എം.എൽ.എ-മാർ, ബന്ധപ്പെട്ട വ്യക്തികൾ അതുമായി ബന്ധപ്പെട്ടകാര്യങ്ങൾ പറഞ്ഞാൽ അത് പരിശോധിക്കും. ആ തുക നൽകേണ്ടതില്ല. ടെക്നിക്കലായി ചില ബുദ്ധിമുട്ടുകൾ ഉണ്ടായെന്നുവരാം. അതെല്ലാം പരിശോധനയ്ക്ക് വിധേയമാക്കും, ആ തുക ഈടാക്കാൻ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടില്ല. മെയിന്റനൻസിന്റെ കാര്യം, ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചത്, ജൽജീവൻ മിഷന് ഇതെല്ലാം കൂടി നൽകുമ്പോൾ അതിൽ നിന്നും ലഭിക്കുന്ന വരുമാനം കൊണ്ട് നമുക്ക് ഇതിനെയെല്ലാം കവർ

ചെയ്യാൻ കഴിയും. ബഹുമാനപ്പെട്ട മെമ്പർ ചിന്തിക്കേണ്ടൊരു പ്രശ്നം കണക്ഷനുകളുടെ എണ്ണം 17 ലക്ഷമുണ്ടായിരുന്നപ്പോഴുണ്ടായിരുന്ന മെയിന്റ്നൻസിനെക്കാൾ എത്രയോ മടങ്ങ് വർദ്ധിക്കുകയാണ് 71 ലക്ഷത്തിലേയ്ക്ക് വരുമ്പോൾ. ഒന്നോ രണ്ടോ വർഷം കഴിയുമ്പോൾ 10 ശതമാനം മെയിന്റനൻസ് എടുത്താൽപ്പോലും ഇതിലും വലിയ വർദ്ധന അക്കാര്യത്തിലുണ്ടാകും. അതുകൊണ്ട് അക്കാര്യത്തെക്കുറിച്ചൊരു ആശങ്കവേണ്ട. മെയിന്റനൻസ് നടത്തുമ്പോൾ ഉണ്ടാകേണ്ട തുക നൽകേണ്ടത് വാട്ടർ അതോറിറ്റി തന്നെയാണ്. അതെല്ലാം നേരത്തെ തന്നെ കണക്കാക്കേണ്ടതുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി 5% വർദ്ധനയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മിനിമം ചാർജ് 44 രൂപയായിരിക്കുമ്പോഴാണ് 30 കോടി രൂപ ലഭിക്കുന്നത്. അത് 144 രൂപയായി വർദ്ധിക്കുമ്പോൾ രണ്ടര ഇരട്ടി ലാഭം അതിലൂടെ ലഭിക്കുകയാണ്. മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കുന്നത്, 17 ലക്ഷം ആളുകൾക്ക് ലഭ്യമാക്കിയ വെള്ളം അതേ ജീവനക്കാരും എസ്റ്റാബ്ലിഷ്മെന്റും ഉപയോഗിച്ചുകൊണ്ടാണ് 70

ലക്ഷം ആളുകൾക്ക് ലഭ്യമാക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ മെയിന്റനൻസ് ചാർജിൽ മാത്രമേ വർദ്ധന വരുന്നുള്ളൂ.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തെറ്റായ വിലയിരുത്തലുകൾ നടത്തി കണക്കുകൂട്ടരുത്. അത്തരത്തിൽ 30 കോടി രൂപയുടെ വർദ്ധന കൊണ്ടുമാത്രം സഞ്ചിത നഷ്ടവും 2657 കോടി രൂപയുടെ നഷ്ടവും K.S.E.B.L. -ന് കൊടുക്കാനുള്ള തുകയുടെ നഷ്ടവും നികത്താൻ കഴിയുമോ? ഇതുസംബന്ധിച്ച കണക്ക് സമർത്ഥിച്ചാൽ ഞാൻ വഴങ്ങാം. കണക്ക് പറയുമ്പോൾ എല്ലാം പറയേണ്ടതാണ്. 70 ലക്ഷം കുടുംബങ്ങളിൽ ടി തുക ഈടാക്കാൻ കഴിയുന്ന സന്ദർഭത്തിൽ വാട്ടർ അതോറിറ്റിക്ക് ഇപ്പോഴുള്ള പ്രശ്നം പരിഹരിക്കാൻ കഴിയുന്ന സാഹചര്യം രൂപപ്പെട്ടുവരുന്നുണ്ടോ; അതിന് വ്യക്തമായ കണക്കുണ്ടോ; കണക്ക് വ്യക്തമാക്കുകയാണെങ്കിൽ നമുക്ക് പരിശോധിക്കാം. ഞങ്ങൾ ഇതെല്ലാം കണക്കുകൂട്ടി. ഒരിടത്തും എത്തില്ല. മാത്രമല്ല, ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ശ്രീ. എം. വിൻസെന്റിന്റെ മണ്ഡലത്തിൽപോലും ഈ വർക്കുകൾ നടത്താൻ ഓവർസിയർമാരെ ചുമതലപ്പെടുത്തി. ഇതെല്ലാം എങ്ങനെയാണ് എടുക്കുന്നത്? ഇവരുടെ ശമ്പളവും വാട്ടർ അതോറിറ്റി

നല്കണം. എ.ഇ.-മാരെ നിയമിച്ചു. അവരുടെ ശമ്പളവും വാട്ടർ അതോറിറ്റി കൊടുക്കണം. ഈ കാലയളവിൽ നിർമ്മാണപുരോഗതിക്കാവശ്യമായ ശക്തി കൊണ്ടെത്തിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചാണ് സർക്കാർ മുന്നോട്ടുവരുന്നത്. നബാർഡിന്റെ പുതിയ സ്കീമുകൾ ഫലപ്രാപ്തിയിലെത്തിക്കാൻ ഇത്തരം കാര്യങ്ങളിൽ മാറ്റത്തിന് ഇടകൊടുക്കാൻ കഴിയുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. വാർഷിക വർദ്ധനയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം കാര്യങ്ങളിലെല്ലാം കൂട്ടായ ആലോചനയും നിലപാടുകളുമാണ് നമുക്കാവശ്യം. സർക്കാരിനെക്കുറിച്ച് പരാമർശിക്കുമ്പോൾ, സർക്കാരിന്റെ പുതിയ രീതിയിലുള്ള നിലപാടുകളെക്കുറിച്ച് പരാമർശിക്കുമ്പോൾ, സ്രോതസ്സില്ലാതെ വെള്ളം കൊടുക്കുന്നു എന്ന് സൂചിപ്പിക്കപ്പെട്ട കാര്യം ഞാൻ ശ്രദ്ധിച്ചു. അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ അത് കടുത്ത തെറ്റാണ്. ഏതെങ്കിലും മണ്ഡലത്തിൽ അങ്ങനെ നടത്തുന്നുണ്ടെങ്കിൽ അത് പരിശോധിക്കും. നല്ല ഡാമുകൾ, നദികൾ, സസ്റ്റെയിനബിളായി വെള്ളം കിട്ടുമെന്നുറപ്പുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നല്ലാതെ വെള്ളം നല്കുന്ന പദ്ധതി

നടത്തുന്നില്ല. മൈക്രോ പദ്ധതികളെല്ലാം പരാജയപ്പെടുകയാണ്. ഏതെങ്കിലുമൊരു നിയോജകമണ്ഡലത്തിൽ 20 വർഷം മുമ്പുണ്ടായിരുന്ന ഏതെങ്കിലും പദ്ധതി പ്രകാരം വെള്ളം ലഭ്യമാകുന്നുണ്ടോ; ഞങ്ങളുടെ ഗ്രാമത്തിലില്ല. ഒരു കാലത്ത് കുടിവെള്ള ലഭ്യതയ്ക്ക് കുറവുണ്ടായാൽ അലക്കും കുളിയുമെല്ലാം തോട്ടിലേക്കും പുഴയിലേക്കും മാറ്റി ഓലി കുത്തി വെള്ളം എടുക്കുമായിരുന്നു. ഇന്ന് ഓലികുത്തിയിട്ട് കാര്യമുണ്ടോ; വെള്ളമില്ല. കേരള സോൺ എടുത്തു നോക്കുമ്പോൾ തീരദേശത്തെ കടലിന്റെ ജലനിരപ്പ് ഉയരുകയും എന്നാൽ ഗ്രൗണ്ട് വാട്ടർ ലെവൽ താഴ്ന്നുപോകുകയും ചെയ്യുന്ന അത്യപൂർവ്വ പ്രതിഭാസം നമ്മുടെ മുന്നിലുണ്ട്. ലോകത്തെമ്പാടുമുള്ള ഏതാണ്ട് 267 കോടി ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി ബുദ്ധിമുട്ടുന്ന സ്ഥിതി നിലനില്ക്കുന്ന സന്ദർഭത്തിലാണ് നമ്മൾ ഇത്തരത്തിലുള്ള ചർച്ചകൾ നടത്തുന്നത്. അതുകൊണ്ടാണ് ശുദ്ധജലം ലഭ്യമാക്കാൻ ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ നടപ്പാക്കുന്ന മറ്റൊരുകാര്യംകൂടി ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

മി.സ്പീക്കർ: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് ഇനിയും സമയം ആവശ്യമുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, രണ്ട് മിനിട്ട് കൂടി അനുവദിക്കണം. ജൽ ജീവൻ മിഷൻ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വലിയ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. വിവിധ വകുപ്പുകളുമായുള്ള ഏകോപനം നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ടെന്നാണ് അഭിപ്രായം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇക്കാര്യങ്ങൾ വിലയിരുത്തുന്നത്. അദ്ദേഹം ഇക്കാര്യം കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ട്. പ്രസ്തുത വിഷയം നാളെ ഉച്ചയ്ക്ക് മൂന്ന് മണിക്ക് വിവിധ വകുപ്പുമന്ത്രിമാരുമായി അവലോകനം ചെയ്യുകയാണ്. ഇതിന്റെ ഗൗരവം അതേ നിലയിലാണ് സർക്കാർ കാണുന്നത്. ഒരു പൈസ വർദ്ധനയുമായി ബന്ധപ്പെട്ട്, പാവപ്പെട്ട, പാർശ്വവല്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളോടുള്ള സർക്കാരിന്റെ സമീപനങ്ങളെ പ്രതിപക്ഷം ചോദ്യം ചെയ്തത് തെറ്റായിപ്പോയി. ഒരുപക്ഷെ നമുക്ക് കുറച്ച് കാര്യങ്ങൾ ഓർമ്മയുണ്ടാകും. കോവിഡ് കാലഘട്ടത്തിൽ എല്ലാവരും ഭയന്നു. ലോക്ഡൗൺ ഉണ്ടായി. ആ സാഹചര്യത്തിൽ എല്ലാവരും

ഒരുപോലെയായിരുന്നു. പുറത്തിറങ്ങാൻ പറ്റാത്ത സാഹചര്യം. ആഹാര വസ്തുക്കൾക്കുവരെ കുറവുണ്ടാകുമെന്ന അവസ്ഥയുണ്ടായി. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അന്നത്തെ  ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും സൂചിപ്പിച്ചത് ഞാനിപ്പോഴും ഓർക്കുന്നുണ്ട്. 'ആരും ഭയപ്പെടേണ്ട; ആശങ്കപ്പെടേണ്ട; നിങ്ങൾ ജാഗ്രത പുലർത്തിയാൽ മതി; ഞങ്ങൾ നിങ്ങളെ സംരക്ഷിക്കും' ഇത്തരത്തിലായിരുന്നു സർക്കാരിന്റെ സമീപനം. അന്ന് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ കേരളത്തിലെ മുഴുവൻ ഭവനങ്ങളിൽ ഒരുവന്റെ വീട്ടിൽപോലും അന്തിക്ക് അടുപ്പിൽ തീ അണയരുതെന്ന് ആഗ്രഹിച്ച് മാറോട് ചേർത്തുപിടിച്ചത് പിണറായി വിജയൻ സർക്കാരാണെന്ന കാര്യം മറക്കരുത്. എവിടെയെങ്കിലും ആക്ഷേപമുണ്ടായിട്ടുണ്ടോ; ഏതെങ്കിലും ആക്ഷേപത്തിന് സർക്കാർ  ഇട നൽകിയോ?

മി.സ്പീക്കർ:  ബഹുമാനപ്പെട്ട മിനിസ്റ്റർ.. പ്ലീസ്.. കൺക്ലൂഡ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അതുകൊണ്ട് സർക്കാരിന്റെ കരുണ ഇക്കാര്യത്തിലുണ്ട്. കഴിഞ്ഞ ദിവസം ഫോൺ ചെയ്തുമായി ബന്ധപ്പെട്ട

വിഷയം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ഇന്നലെ ഉച്ചയ്ക്കുശേഷം വന്ന രണ്ടുമൂന്ന് കോളുകൾ ഞാൻ എടുത്തു. കാര്യങ്ങൾ പറഞ്ഞപ്പോൾ മനസ്സിലായി. പാവപ്പെട്ട ഒരാൾ എന്നെ വിളിച്ചിരുന്നു. അദ്ദേഹത്തിന്റെ രണ്ട് കുട്ടികളും ഭിന്നശേഷിക്കാരാണ്. ഇത്തരത്തിൽ വർദ്ധന വരുന്നതുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുണ്ടെന്നും എ.പി.എൽ. കാർഡാണ് കൈവശമുള്ളതെന്നും അറിയിച്ചു. എ.പി.എൽ. ഫാമിലിയാണെങ്കിൽപ്പോലും ഭിന്നശേഷിക്കാരായ കുട്ടികളുള്ള വീടുകളിൽ ഈ വർദ്ധന ബാധകമാക്കുന്നില്ലെന്ന് ഞാൻ ഈ സഭയിൽ ഉറപ്പുനല്കുന്നു. പാർശ്വവല്ക്കരിക്കപ്പെട്ട ഏതെങ്കിലും വിഭാഗത്തെ ആ നിലയിൽ കാണേണ്ടതുണ്ടെങ്കിൽ അവരെ ചാർജ് വർദ്ധനവിൽനിന്ന് ഒഴിവാക്കും. അത് ഇതിന്റെ ഭാഗമല്ല. പൊതുവായി നമ്മൾ സ്വീകരിക്കേണ്ട ഒരു സമീപനം ആയിട്ടാണ്. തമിഴ്നാടിന്റെ കാര്യമെടുക്കുകയാണെങ്കിൽ അവിടെയൊക്കെ ആശുപത്രി, വിദ്യാലയം, എന്നിവിടങ്ങളിലേയ്ക്ക് 125 മുതൽ 130 രൂപ വരെ കിലോ ലിറ്ററിന് ചാർജ് ഈടാക്കുകയാണ്. ഹൗസ് കൺസ്യൂമേഴ്സിന് കുറഞ്ഞില്ലല്ലോയെന്ന് ചോദ്യമുണ്ടാകും. അങ്ങനെ ഒരു വലിയ വിഭാഗത്തെ

ഒറ്റപ്പെട്ടുത്തിക്കൊണ്ട് കേരള പൊതുസമൂഹത്തിൽ സ്കൂളുകളിലും ആശുപത്രികളിലും അധിക ഭാരം നല്കി നടപ്പാക്കാൻ കഴിയുമോ? അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ചെറിയ ഹൈക്ക് മാത്രമേയുള്ളൂ. ഭരണ - പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇക്കാര്യങ്ങൾ കാണണം. എ.ഡി.ബി. സംബന്ധിച്ച വിഷയങ്ങളിൽ ഇപ്പോൾ പൂർണ്ണമായും മറുപടി പറയുന്നില്ല. അക്കാര്യത്തിൽ ആശങ്കയുടെ ആവശ്യമില്ല. വെള്ളക്കരം പിരിക്കുന്നതും വെള്ളം കൊടുക്കുന്നതും അതിന്റെ നടപടിക്രമങ്ങളുമെല്ലാം വാട്ടർ അതോറിറ്റി തന്നെ നടത്തും. അതിന്റെ ഭാഗമായി ഒരു ജീവനക്കാരനുപോലും പ്രശ്നമുണ്ടാകില്ല. ജലവിതരണത്തിന് ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. മുൻകാലങ്ങളിൽ അനുവദിച്ച കാര്യങ്ങളെല്ലാം ലഭ്യമാകും. എല്ലാം സുതാര്യമാണ്. യാതൊരു ബുദ്ധിമുട്ടുമില്ല. അത്തരം ആശങ്കകൾക്കൊന്നും ഇട നൽകേണ്ടതില്ല. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും സുപ്രധാന വിഷയത്തിന് നമ്മൾ നേതൃത്വം കൊടുക്കുമ്പോൾ, കൂട്ടായ പരിശ്രമത്തിന് ഒരുമിച്ച് ശ്രമിക്കുമ്പോൾ 'ഒരു ലിറ്ററിന് ഒരു പൈസ' നമ്മുടെ വരുംകാല നിലനില്പിന് അനിവാര്യമാണെന്ന യാഥാർത്ഥ്യ ബോധത്തോടെ എല്ലാവരും

കാണാൻ തയ്യാറാകണം. ഓരോരുത്തരുടേയും നിവേദനങ്ങളും ആവലാതികളുമെല്ലാം അത്തരത്തിൽ പരിശോധിച്ച് പരിഹാരമുണ്ടാക്കാൻ പരമാവധി ശ്രമിക്കുന്ന വകുപ്പെന്ന നിലയിൽ മുന്നോട്ട് കൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്. ആ നിശ്ചയദാർഢ്യത്തോടുകൂടി നമുക്ക് ഒരുമിച്ച് മുന്നോട്ടുപോകാൻ കഴിയട്ടെ. പ്രസ്തുത വിഷയം ഒരു അടിയന്തരപ്രമേയമായി ഉന്നയിച്ചെങ്കിലും ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യപ്പെടേണ്ട ആവശ്യകതയുണ്ടെന്ന് തോന്നുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നികുതി ഈടാക്കുന്നതും ചാർജ് വർദ്ധിപ്പിക്കുന്നതും സർക്കാരിന്റെ അവകാശമാണ്. ഒരു സർക്കാരും നികുതി ഈടാക്കാൻ പാടില്ലെന്നോ ചാർജ് വർദ്ധിപ്പിക്കാൻ പാടില്ലെന്നോവുള്ള നിലപാട് ഞങ്ങൾക്കില്ല. പക്ഷെ ഇതെല്ലാം

ആനുപാതികമായിരിക്കണം. ഓരോ കാലഘട്ടത്തിലെയും സാമൂഹിക-സാമ്പത്തിക പശ്ചാത്തലം പരിഗണിച്ചും മനുഷ്യന്റെ അവസ്ഥ പരിഗണിച്ചുമായിരിക്കണം ഇക്കാര്യങ്ങൾ ചെയ്യേണ്ടത്. കേരളത്തിന്റെ സ്ഥിതിയെന്താണ്? മഹാപ്രളയം, മഹാമാരി തുടങ്ങിയ സാഹചര്യങ്ങളിലൂടെ ജനങ്ങളാകെ പ്രയാസത്തിൽ നില്ക്കുന്ന കാലമാണ്. സാമ്പത്തിക മാന്ദ്യത്തിന് സമാനമായൊരു കാലഘട്ടമാണ് നമ്മുടെ നാട്ടിൽ നിലവിലുള്ളത്. ഞാൻ കഴിഞ്ഞ ദിവസം ഇവിടെ സൂചിപ്പിച്ചതുപോലെ, എല്ലാ വീടുകളിലേയ്ക്കും ജപ്തി നോട്ടീസുകൾ പ്രവഹിക്കുകയാണ്. ജനപ്രതിനിധികളെ ഓഫീസിലും വീട്ടിലും കാണാൻ വരുന്നവരിൽ പകുതിയിൽ കൂടുതൽ ആളുകളും വിവിധ ബാങ്കുകളിൽ നിന്നുകിട്ടിയ ജപ്തി നോട്ടീസുമായി വരുന്നവരാണ്. ഇക്കാര്യത്തെ വളരെ യാന്ത്രികമായാണ് നിങ്ങൾ സമീപിക്കുന്നതെങ്കിൽ നിങ്ങൾക്ക് അതാകാം. കേരളത്തിലെ സാധാരണ ജനങ്ങൾ കടക്കെണിയിലാണ്. പ്രസംഗിക്കാനാകാത്ത വിധം സഭയ്ക്കകത്ത് അംഗങ്ങളുടെ സംസാരം കേൾക്കുകയാണ്.

<u>മി.സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിലിരിക്കണം. ഇക്കാര്യം എപ്പോഴും ആവർത്തിക്കേണ്ട ആവശ്യമില്ലല്ലോ.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, കേരളം ഇന്ന് കടക്കെണിയിലാണ്. എല്ലാവരും പ്രയാസം നിറഞ്ഞ സാഹചര്യങ്ങളിലൂടെ പോകുകയാണ്. രൂക്ഷമായ വിലക്കയറ്റത്തിന്റെ പശ്ചാത്തലമാണുള്ളത്. കഴിഞ്ഞ വർഷമുണ്ടായിരുന്ന വിലയും ഇന്നത്തെ വിലയും താരതമ്യം ചെയ്യുമ്പോൾ നാല് അംഗങ്ങളുള്ള ഒരു കുടുംബത്തിന് ചെലവിലുണ്ടായിരിക്കുന്ന വർദ്ധന 3500-നും 4000 രൂപയ്ക്കും ഇടയിലാണ്. എന്തെങ്കിലും വരുമാന വർദ്ധന ഉണ്ടായിട്ടുണ്ടോയെന്നു ചോദിച്ചാൽ ഇല്ല. ഉണ്ടായിരുന്ന വരുമാനങ്ങൾ കുറയുന്ന സ്ഥിതിയാണ്. എല്ലാ കാർഷിക ഉല്പന്നങ്ങൾക്കും വിലയിടിവാണ്. റബ്ബർ കർഷകരടക്കമുള്ളവർ ഉൾക്കൊള്ളുന്ന മേഖലയെ പ്രതിനിധാനം ചെയ്യുന്ന വ്യക്തി കൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി. വാക്കൗട്ട് പ്രസംഗം വേണമോയെന്ന് ചോദിച്ച വൈദ്യുതി വകുപ്പുമന്ത്രിയോടും ഞാൻ ഇക്കാര്യം ചോദിക്കുകയാണ്. അങ്ങൊരു കർഷകനല്ലേ; കാർഷിക മേഖലയിലെ ഒരു

സാധാരണ കൃഷിക്കാരന്റെ സങ്കടമെന്താണ്? ഉല്പന്നങ്ങൾക്ക് വിലകിട്ടാതെ, കഠിനാദ്ധ്വാനം നടത്തിയിട്ടും ഒന്നും ലഭിക്കാതെ, രണ്ടാമത്തെ വിളവെടുക്കാൻ കഴിയാതെ എല്ലാവരും പ്രയാസപ്പെടുകയാണ്. തീരപ്രദേശങ്ങളിലെ സങ്കടങ്ങൾ വേറെയാണ്. കേരളത്തിലെ സാധാരണക്കാരായവരുടെ ദുരിതങ്ങളും കഷ്ടപ്പാടുകളും ഒന്നും മനസ്സിലാക്കാതെ നിങ്ങൾക്ക് പണം വേണം. സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. ആ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാനത്തിൽ ഒറ്റയടിക്ക് ഇതെല്ലാം ചെയ്യുകയാണ്. ഞാൻ അങ്ങയോട് ഒരു കാര്യം പറയുകയാണ്; ഇവിടെ ഒരു ഇംപ്രൊപ്രൈറ്റിയില്ലേ? നിയമസഭ സമ്മേളിക്കുന്ന സമയത്ത്, ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ പിറ്റേദിവസം വെള്ളക്കരം വർദ്ധിപ്പിച്ചതായി ഒരു സർക്കാർ ഉത്തരവ് ഇറക്കുന്നത് സഭയോടുള്ള അനാദരവാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. അത് ചെയ്യാൻ പാടില്ല; സഭയുടെ അനുവാദത്തോടുകൂടി, സഭയെ അറിയിച്ചുകൊണ്ടാണ് ആ ഉത്തരവ് ഇറക്കേണ്ടിയിരുന്നത്. അത് ശരിയായില്ലെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: അങ്ങയുടെ പാർട്ടിയുടെ പാർലമെന്ററി പാർട്ടി സെക്രട്ടറി ഒരു കത്ത് നൽകിയിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ഗൗരവത്തോടെയാണ് കാണുന്നത്. അങ്ങനെ ഉത്തരവിറക്കാൻ പാടില്ല. ജനങ്ങൾക്ക് അതൊരു ഷോക്കാണ്. ബഡ്ജറ്റിലുള്ള നാലായിരം കോടി രൂപയുടെ ഇംപാക്ട് ജനങ്ങളുടെമേലാണ്. ഇന്ധനവില കൂട്ടിയപ്പോഴുള്ള ജനങ്ങളുടെ പ്രതിഷേധം നിലനിൽക്കുന്ന സമയത്താണ് ഇങ്ങനെ ചെയ്തത്. എന്തൊരു ധൈര്യമാണ്. പിറ്റേ ദിവസം ഒന്നുകൂടി ജനങ്ങളെ വെല്ലുവിളിച്ച് വെള്ളക്കരം കൂട്ടിക്കൊടുത്തു. അത് വെല്ലുവിളിയല്ലേ? അതിനിടയിൽ വൈദ്യുതി സർചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. വൈദ്യുതിബോർഡ് ലാഭത്തിലാണെന്നു പറയുമ്പോൾത്തന്നെ വൈദ്യുതി ചാർജ്ജും കൂട്ടുകയാണ്. നിങ്ങൾ അതൊക്കെ ചെയ്യും. വൈദ്യുതിബോർഡ് ലാഭത്തിലാണെന്ന് മന്ത്രി ഒരുവശത്ത് പറയും; വൈദ്യുതി ചാർജ്ജും കൂട്ടും. പിന്നെയും വൈദ്യുതി ചാർജ്ജ് കൂട്ടുകയുണ്ടായി, സെസ്സും കൂട്ടി. എല്ലാത്തിന്റെയും ടാർഗറ്റ് ആരാണ്? സാധാരണക്കാരായ ജനങ്ങളല്ലേ; അവരുടെ തലയിലേയ്ക്കല്ലേ ഇതെല്ലാം എടുത്തുവയ്ക്കുന്നത്;

അവരുടെ തലയിലേയ്ക്ക് ഒരു ഭാരം എടുത്ത് വയ്ക്കുകയല്ലേ? 'ഒരു പൈസ കൂട്ടി', ഒരു പൈസ എന്നാണ് പറയുന്നത്. 10 കി.ലി. വെള്ളം ഉപയോഗിക്കാൻ 44 രൂപയാണ് നിലവിലെ ചാർജ്ജ്. 44 രൂപ കൊടുത്തിരുന്നവർ 144 രൂപ കൊടുക്കണം. 88 രൂപ കൊടുത്തിരുന്നവർ 200 രൂപ കൂടി ചേർത്ത് 288 രൂപ കൊടുക്കണം. എന്നിട്ടും ലിറ്ററിന് ഒരു പൈസ മാത്രമാണ് വർദ്ധിപ്പിച്ചത് എന്നാണ് പറയുന്നത്. ഇരുപതിനും മുപ്പതിനും ഇടയിൽ കിലോ ലിറ്റർ വെള്ളമാണ് വീടുകളിൽ ശരാശരി ഉപയോഗിക്കുന്നത്. അവർ 142 രൂപ കൊടുത്തിരുന്ന സ്ഥാനത്ത് 300 രൂപ കൂടി കൂട്ടി 442 രൂപ കൊടുക്കണം. ഒരു പൈസ കൂട്ടിയതാണ്. ഒറ്റയടിക്കാണ് വില കൂട്ടിയത്, 142 രൂപ ബിൽ കൊടുത്തിരുന്ന ഒരു കുടുംബത്തിന് 300 രൂപ കൂട്ടി 442 രൂപ ആയി വർദ്ധിക്കുകയാണ്. എന്തൊരു മര്യാദയാണ്? പെൻഷൻകാരുടെ പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക കൊടുക്കാനുണ്ട്. ജനങ്ങൾ കഷ്ടപ്പെട്ട്, വിഷമിച്ച്, പ്രയാസപ്പെട്ട് കടങ്ങളും പ്രശ്നങ്ങളുമായി ജീവിതം തള്ളിനീക്കുകയാണ്. അതിന്റെ മുകളിൽ നിങ്ങൾ മാറിമാറി അവരുടെ കരണത്തടിച്ചുകൊണ്ടിരിക്കുകയാണ്. അതാണ്

പറഞ്ഞത്, അല്ലാതെ കൂട്ടിയതിനല്ല. എന്നിട്ട് ഒരു പൈസയാണ് കൂട്ടിയതെന്നുള്ള ന്യായവുമായി വന്നിരിക്കുന്നു. ഇതൊന്നും ജനങ്ങൾക്ക് താങ്ങാൻ പറ്റാത്തതാണ്. പിന്നെ ഇവിടെ പറഞ്ഞല്ലോ, കേന്ദ്ര സർക്കാരിന്റെ വായ്പാവ്യവസ്ഥയനുസരിച്ച് എല്ലാ വർഷവും 5 ശതമാനം വച്ച് 5 വർഷത്തേയ്ക്ക് കൂട്ടണ്ടേ? 2021-ലും 2022 ലുമായി രണ്ട് ഉത്തരവിറക്കി, അടുത്ത മൂന്ന് വർഷവും ഉത്തരവ് ഇറക്കുമല്ലോ; 25 ശതമാനം വർദ്ധിക്കുമല്ലോ. 500 കോടി രൂപയുടെവരെ ലാഭമാണ് പുതിയ വരുമാനമായി ഇതിൽനിന്നും ലഭിക്കുന്നത്. കണക്ഷനുകൾ ഇരട്ടിയായി വർദ്ധിക്കുമ്പോൾ 1000 കോടി രൂപയാകുമല്ലോ. കണക്ഷൻ വർദ്ധിക്കുന്നതനുസരിച്ച് വരുമാനവും കൂടിക്കൊണ്ടിരിക്കുമല്ലോ. ഇപ്പോൾ കുടിശ്ശിക പിരിക്കുന്നതിൽ വാട്ടർ അതോറിറ്റി പരാജയപ്പെട്ടിരിക്കുകയാണ്, അതിന്റെ ഭാരവുംകൂടി ജനങ്ങളുടെ തലയിൽ വയ്ക്കണോ? തുക എവിടെ നിന്നാണ് കിട്ടാനുള്ളതെന്നത് വേറെ ചോദ്യമാണ്. പഞ്ചായത്തുകളിൽനിന്നും നിർബന്ധിതമായി തുക വാങ്ങാറുണ്ടല്ലോ, അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും കട്ട് ചെയ്ത് തുക വാങ്ങാറുണ്ടല്ലോ. അപ്പോൾ കുടിശ്ശിക പിരിക്കുന്നതിൽ വാട്ടർ അതോറിറ്റിക്ക്

പരാജയമുണ്ടായി, അതിന്റെ ഭാരവും ജനങ്ങളുടെ തലയിലിരിക്കട്ടെയെന്നാണ്. സർക്കാർ നോൺ പ്ലാൻ ഗ്രാന്റ് 353 കോടി രൂപ നൽകേണ്ടിയിരുന്നിടത്ത് 183 കോടി രൂപ മാത്രം നൽകിയെന്നും 169 കോടി രൂപ കൊടുത്തിട്ടില്ലെന്നും ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചല്ലോ. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് ഞങ്ങളെല്ലാവരും സഹകരിക്കുന്നുണ്ട്. ഇവിടെ ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചതുപൊലെ സാധാരണക്കാരായവർക്കുകൂടി കണക്ഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ ചാർജ്ജ് വച്ചുകൊണ്ടാണ് സാധാരണക്കാർ കണക്ഷനെടുക്കുന്നത്. വെള്ളം ലഭിക്കാത്ത ഒരുപാട് സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റി ബിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. വെള്ളം കിട്ടാത്ത സ്ഥലത്ത് ബിൽ കൊടുത്തിട്ടുണ്ടെന്ന് കഴിഞ്ഞ ദിവസവും അറിയാൻ കഴിഞ്ഞു, ഇപ്പോൾ ഇവിടെ ഇരുന്ന സമയത്തും മെസ്സേജ് വന്നു. നമുക്കെല്ലാമറിയാവുന്ന ഒരു സ്നേഹിതന് ജൽജീവൻ മിഷന്റെ കീഴിൽ കണക്ഷൻ ലഭിച്ചിട്ടില്ല, പക്ഷെ, പൈപ്പ് ഇട്ടു. പക്ഷെ, നാലുമാസമായി ബിൽ വന്നുകൊണ്ടിരിക്കുകയാണ്. ജലവിതരണത്തിലുള്ള പാളിച്ചകൾ വ്യാപകമായുണ്ട്. വൈദ്യുതി

പ്രസരണനഷ്ടം 12 ശതമാനമായി കുറച്ചു. വാട്ടർ അതോറിറ്റിയുടെ വിതരണനഷ്ടം 45 ശതമാനമാണ്. വാട്ടർ അതോറിറ്റി ട്രീറ്റ് ചെയ്ത് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ 45 ശതമാനവും നഷ്ടപ്പെടുകയാണ്. അതിന്റെ ഭാരവും സാധാരണക്കാരിലാണ്. പല സ്ഥലങ്ങളിലും പല കാരണങ്ങൾ കൊണ്ടും വെള്ളത്തിന്റെ കൃത്യമായ വിതരണം നടക്കുന്നില്ല. പഴയ പൈപ്പായതിനാലും ട്രീറ്റ്മെന്റ് പ്ലാന്റിലെ വൈദ്യുതി പ്രശ്നങ്ങൾകൊണ്ടും വിതരണം നടക്കുന്നില്ല. ജലക്ഷാമം വേനൽക്കാലമാകുമ്പോഴേക്കും രൂക്ഷമാകുകയാണ്. ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളൊക്കെയുള്ള എന്റെ നിയോജകമണ്ഡലത്തിൽ അടുത്ത 30 വർഷത്തേയ്ക്ക് കുടിവെള്ളപ്രശ്നം ഉണ്ടാകാൻ പാടില്ലാത്ത വിധത്തിലുള്ള പദ്ധതി നടപ്പാക്കിയതാണ്. പക്ഷേ അവിടെയൊക്കെ വീണ്ടും വിവിധ കാരണങ്ങൾകൊണ്ട് കുടിവെള്ള വിതരണം പാളുകയാണ്. അങ്ങ് ഇത്രയും പറഞ്ഞതുകൊണ്ട് പറയുകയാണ് വാട്ടർ അതോറിറ്റി പ്രൊഫഷണലിസമില്ലാത്ത ഒരു പൊതുമേഖലാ സ്ഥാപനമാണ്. കാര്യങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യാനോ പൈപ്പ്

പൊട്ടിയാൽ നന്നാക്കുന്നതിനോ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാനോ സംവിധാനമില്ല.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഞാൻ ഒരു പൈസ എന്നുപറഞ്ഞതിനെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉയർത്തിക്കാണിച്ച് സംസാരിച്ചത്. ശരാശരി 15000 ലിറ്റർ വേണ്ടിവരുന്ന എത്ര കുടുംബങ്ങളുണ്ടെന്ന് ഞങ്ങൾ വിലയിരുത്തുകയുണ്ടായി. എന്നുപറഞ്ഞാൽ നാലോ അഞ്ചോ പേരടങ്ങുന്ന കുടുംബത്തിന് 100 ലിറ്ററിൽ കൂടുതൽ വെള്ളം ഒരു ദിവസം വേണ്ടി വരുമോ? ഇതൊരു ചർച്ചയ്ക്ക് വേണ്ടിയാണ്. 15000 ലിറ്റർ വരെ വെള്ളം ബി. പി. എൽ. കുടുംബത്തിന് സൗജന്യമാണ്. അത്രയും സൗജന്യമായിക്കൊടുക്കുമ്പോൾ അതിന്റെ പ്രൊഡക്ഷൻ കോസ്റ്റ് നമ്മൾ സഹിച്ചേ മതിയാകൂ, അവർക്കത് കൊടുത്തേ പറ്റൂ. അതിൽ കുറവ് വരുത്താതെയല്ലേ വർദ്ധന വരുത്തിയത്. 20 കി.ലി. വെള്ളം വേണ്ടവർ ഉണ്ടാവും, ഇല്ലെന്ന് പറയുന്നില്ല. അങ്ങനെ വരുന്നവർ യാഥാർത്ഥ്യ ബോധത്തോടുകൂടി ചിന്തിച്ചാൽ വെള്ളത്തിന്റെ ഉപയോഗം കുറയ്ക്കാൻ സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഒരു കാര്യം കൂടി

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ അറിയിക്കുകയാണ്, നമുക്ക് ഭാവിയിൽ ചില മാറ്റങ്ങൾ കൂടി വരുത്തണം. ഒന്ന്, കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം പോലെയുള്ള സ്ഥലങ്ങളിൽ ടൗൺഷിപ്പിൽ താമസിക്കുന്നവരായതുകൊണ്ട് ട്രീറ്റ് ചെയ്ത വെള്ളമാണ് കുടിവെള്ളമായും മറ്റിതര ആവശ്യങ്ങൾക്കായും ഉപയോഗിക്കുന്നത്. ഭാവിയിൽ റോ-വാട്ടർ സംവിധാനം പ്രത്യേകമായി നൽകാൻ കഴിയുമോ എന്നുകൂടിയാലോചിക്കാം.

രണ്ട്, വാട്ടർ അതോറിറ്റിയുടെ മോണിട്ടറിംഗിനായി നമ്മുടെ ഇരുഭാഗത്തുമുള്ള യൂണിയൻകാരും ജീവനക്കാരുമാണുള്ളത്. അവർ ഭംഗിയായി ഇക്കാര്യത്തിൽ സഹകരിക്കുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം. എനിക്ക് അതിന് എതിരഭിപ്രായമില്ല. നിങ്ങളുടെ യൂണിയനും സഹകരിക്കുന്നുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. അവരെയാകെ മൊത്തത്തിൽ കുറ്റക്കാരും കുഴപ്പക്കാരുമാക്കി മാറ്റരുതെന്ന മാത്രമേ പറയാനുള്ളൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ദുർവ്യാഖ്യാനങ്ങളൊന്നും വേണ്ട. പറയുമ്പോൾ ദുർവ്യാഖ്യാനിക്കുന്നത് ശരിയല്ല. ഒരു

പൊതുമേഖലാസ്ഥാപനത്തിന്റെ പരാജയത്തെക്കുറിച്ച് നിയമസഭയിൽ തിരുത്താൻ വേണ്ടി ചൂണ്ടിക്കാണിക്കുമ്പോൾ യൂണിയൻകാരെ എന്റെ ശത്രുക്കളാക്കാനായി ബഹുമാനപ്പെട്ട മന്ത്രി ചതുര ഉപായം ഉപയോഗിക്കേണ്ട. അത് ശരിയായ രീതിയിലുള്ള പ്രതികരണമല്ല. അങ്ങനെയൊന്നുമല്ല മന്ത്രിമാർ പ്രതികരിക്കേണ്ടത്. അങ്ങ് ഇന്നലെ ശ്രീ. പി. സി. വിഷ്ണുനാഥ് ചോദിച്ചതിന് മറുപടി പറഞ്ഞു...(..ബഹളം...)

മി. സ്പീക്കർ: പ്ലീസ്..പ്ലീസ്... ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ...

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്കറിയാവുന്ന ഞങ്ങൾക്കറിയാവുന്ന ശ്രീ. റോഷി അഗസ്റ്റിൻ ഉണ്ടായിരുന്നു. അങ്ങ് അതുപോലെയുള്ള മറുപടി പറയുന്ന ആളല്ലായിരുന്നു. ഇപ്പോൾ മന്ത്രിയായപ്പോഴോ അപ്പുറത്തുപോയപ്പോഴോ ഉള്ള കുഴപ്പമാണ്. ഞങ്ങൾക്ക് പരിചയമുള്ള റോഷി അഗസ്റ്റിൻ ഇപ്പോൾ പറഞ്ഞതുപോലെയും ഇന്നലെ പറഞ്ഞതുപോലെയുമുള്ള മറുപടി പറയില്ലായിരുന്നു. ഒന്നുകിൽ മന്ത്രിയായതിന്റെ കുഴപ്പം അല്ലെങ്കിൽ അപ്പുറത്തുപോയതിന്റെ കുഴപ്പം.

മി. സ്പീക്കർ: പേഴ്സണൽ റിമാർക്ക്സ് ഒഴിവാക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ വാട്ടർ അതോറിറ്റിയുടെ ജീവനക്കാരെ മുഴുവൻ ഞാൻ മോശക്കാരാക്കിയെന്ന് വ്യാഖ്യാനിക്കേണ്ട. പറയാനുള്ളത് പറയും. ഏത് സംഘടിതശക്തിയാണെങ്കിലും ആരുടെ മുമ്പിലാണെങ്കിലും പറയാനുള്ളത് പറയും. വാട്ടർ അതോറിറ്റിയിൽ ധാരാളം കാര്യങ്ങൾ തിരുത്തേണ്ടതായിട്ടുണ്ട്. ഒരു പ്രൊഫഷണലിസവുമില്ലാത്ത സ്ഥാപനമാണ്. ജനപ്രതിനിധികൾ എന്നുള്ള നിലയിൽ നിരന്തരമായി അനുഭവിക്കുന്ന കാര്യങ്ങളാണ് നിയമസഭയിൽ പറയുന്നത്. അല്ലാതെ, വാതിലിന് പുറത്തുപോയി പറഞ്ഞാൽ മതിയോ? ഇതൊക്കെ നമ്മളെല്ലാം ദൈനംദിനം നേരിടുന്ന പ്രശ്നങ്ങളാണ്. ഒരു പൈപ്പ് പൊട്ടിയാൽ രാത്രി ഒരു മണിക്ക് കോൾ വരില്ലേ; നിങ്ങളെ വിളിക്കുമോയെന്ന് അറിയില്ല; എന്നെ വിളിക്കാറുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, അത് അസഹിഷ്ണുതയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അസഹിഷ്ണുതയുടെ കാര്യം എന്നെ പഠിപ്പിക്കരുത്. ഗൗരവമുള്ള ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തി

ശരിയാക്കാനാണ് ഇക്കാര്യം പറയുന്നത്. ഈ ഗവൺമെന്റിന്റെ സമീപനത്തെക്കുറിച്ചാണ് ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചത്. സർക്കാർ നിരന്തരമായി ജനങ്ങളെ പ്രഹരിക്കുകയാണ്. ജനങ്ങളോട് ശത്രുക്കളോടെന്നപോലെ പെരുമാറുകയാണ്. നിരന്തരം നികുതി വർദ്ധന പരമ്പരയ്ക്കിടയിൽ നിയമസഭപോലും അറിയാതെ വെള്ളക്കരം കൂട്ടുകയാണ്. അതിന് മറുപടിയായി ഒരു പൈസയെന്ന് പറഞ്ഞ് ന്യായീകരിക്കുകയാണ്. പതിനയ്യായിരം കിലോ ലിറ്റർ ഉപയോഗിക്കുന്ന ബി.പി.എൽ. കാർഡുടമകൾക്ക് വെള്ളക്കരം ഫ്രീയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞു. ആരാണ് പതിനയ്യായിരത്തിൽ കൂടുതൽ വെള്ളം ഉപയോഗിക്കുന്നത്? നാന്നൂറും അഞ്ഞൂറും കോടി രൂപ ലഭിക്കാൻ പോകുന്നത് ആകാശത്തുനിന്നാണോ; ഇതൊക്കെ ആളുകൾ വെള്ളം ഉപയോഗിക്കുമ്പോൾ കിട്ടുന്ന പണമല്ലേ; ഇപ്പോൾ ലഭിക്കുന്ന തുകയുടെ മൂന്നിരട്ടി വർദ്ധിപ്പിച്ചശേഷം, 500 കോടി രൂപ ആകാശത്തുനിന്നാണോ ലഭിക്കുന്നത്; അത് ജനങ്ങളിൽ നിന്നല്ലേ വാങ്ങാൻ പോകുന്നത്. ഇനിയും കണക്ഷൻ വർദ്ധിപ്പിക്കണം. സാധാരണ ടാക്സ് പിരിക്കുന്നതുപോലെയല്ല. വാട്ടർ അതോറിറ്റിയുടെ പൈപ്പ്

ഉപയോഗിക്കുന്നവർ പരിമിതമാണ്. അത് വർദ്ധിപ്പിക്കുന്ന കാര്യം സമ്മതിച്ചു. പക്ഷേ ഈ പരിമിതരുടെ കയ്യിൽ നിന്നാണ് 500 കോടി രൂപ സർക്കാർ ഈടാക്കാൻ പോകുന്നത്. അവരെ വീണ്ടും ദ്രോഹിക്കാൻ പോകുകയാണ്. നിലവിൽ കൊടുക്കുന്ന വെള്ളക്കരത്തിന്റെ മൂന്നിരട്ടി തുക ഒരു സുപ്രഭാതത്തിൽ അടുത്ത ബില്ല് തൊട്ട് കൊടുക്കേണ്ട സ്ഥിതിയിലേയ്ക്ക് എത്തിയിട്ട് ഒരു പൈസയെന്ന് പറഞ്ഞ് ന്യായീകരിക്കുകയാണ്. ഗവൺമെന്റിന്റെ ഈ സമീപനത്തിൽ ഞങ്ങൾ അതിശക്തിയായി പ്രതിഷേധിക്കുന്നു. തുടർച്ചയായി പ്രതിഷേധിക്കേണ്ടിവരും. അതുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ സർക്കാർ എല്ലാത്തിനും ചാർജ്ജ് വർദ്ധിപ്പിച്ചുക്കൊണ്ടിരിക്കുന്നതിനെക്കുറിച്ചുള്ള പൊതുവിമർശനം അധിക സമയംനീട്ടി പ്രസംഗിക്കാതെ ചുരുക്കിപ്പറഞ്ഞാൽത്തന്നെ വളരെ അർത്ഥവത്തായി പറയാൻ സാധിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല,

അതുകൊണ്ട് വളരെ ചുരുക്കിത്തന്നെ ഞാൻ പറയാം. അതായത്, നിങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുമായിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്ന സകല കുറ്റത്തിനും ജനങ്ങളിൽനിന്നും പിഴ ഈടാക്കുകയാണ്. ഇപ്പോൾ നമ്മുടെ സർചാർജ്ജിനെക്കുറിച്ചുള്ള വിമർശനം; എല്ലാ ടാക്സിനെയും ഞങ്ങൾ എതിർക്കുകയാണോ എന്ന് നിങ്ങൾ വിചാരിക്കും. പക്ഷെ എല്ലാത്തിനുമുള്ള പരിഹാരം ചാർജ്ജ് വർദ്ധനയാണെന്ന നിങ്ങളുടെ സമീപനത്തെയാണ് ഞങ്ങൾ എതിർക്കുന്നത്. സർചാർജ്ജായാലും വെള്ളക്കരമായാലും വൈദ്യുതി ചാർജ്ജായാലും വേണ്ടില്ലെന്ന് കരുതി കണ്ണടച്ച് ടാക്സ് കൂട്ടുന്നതിനുപകരം അല്പം പാഴ്ച്ചെലവുകൾ കുറച്ച്, പിരിച്ചെടുക്കാവുന്ന നികുതികൾ പിരിച്ചെടുത്ത് കേന്ദ്രസഹായ പദ്ധതികളിൽനിന്നും പരമാവധി പണം വാങ്ങിയെടുക്കാൻ നോക്കണം. എത്രയോ കോടി രൂപ നിങ്ങൾ പാഴാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ജി.എസ്.ടി. സർചാർജ്ജിൽനിന്നും 700 കോടി രൂപ കിട്ടുമെന്ന് പറഞ്ഞു. അതിന്റെ കണക്കുണ്ട്, ഇപ്പോൾ ശരിക്കുള്ള തുക ഓർമ്മ വരുന്നില്ല. ജി.എസ്.ടി. ഇന്റഗ്രേറ്റഡ് ടാക്സിനത്തിലും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കിട്ടേണ്ട

നികുതിയിനത്തിലുമൊക്കെ കിട്ടേണ്ട തുക ഈ ഗവൺമെന്റിന്റെ നോട്ടപ്പിശകം കഴിവില്ലായ്മയുംകൊണ്ട് നഷ്ടപ്പെടുകയാണ്. അത് വാങ്ങിയിരുന്നെങ്കിൽ പെട്രോളിന്റെയൊക്കെ സർചാർജ്ജ് കൂട്ടുന്നത് ഒഴിവാക്കാമായിരുന്നുവെന്നാണ് വിദഗ്ദ്ധർ പറയുന്നത്. സർക്കാരിന്റെ കാര്യക്ഷമതയില്ലായ്മയ്ക്ക് ഇപ്പോൾ പിഴ കൊടുക്കേണ്ടിവരുന്നത് ജനങ്ങളാണെന്നാണ് ഞാൻ പറഞ്ഞത്. അതുപോലെ യു.ജി.സി. ഗ്രാന്റ് വൻതോതിൽ ഈ ഗവൺമെന്റ് നഷ്ടപ്പെടുത്തി. അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റിൽനിന്നും മുഴുവനായും അസിസ്റ്റൻസ് കിട്ടുന്ന സെൻട്രലി സ്പോൺസേർഡ് സ്കീമുകളിൽ പലതും ഈ ഗവൺമെന്റ് സമയത്തിന് കാര്യങ്ങൾ ചെയ്യാത്തതുകൊണ്ട് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിനെ താരതമ്യപ്പെടുത്തിക്കൊണ്ട് പറയുകയാണെങ്കിൽ ഇപ്പോൾ ഈ രംഗങ്ങളിലൊക്കെ പ്രാപ്തിക്കുറവുണ്ട്. ജി.എസ്.ടി. ഇന്റഗ്രേറ്റഡ് ടാക്സിനത്തിലും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കിട്ടേണ്ട നികുതിയിനത്തിലുമൊക്കെ സമയത്തിന് കാര്യങ്ങൾ ചെയ്യാത്തതുമൂലം ധാരാളം പണം സർക്കാരിന്

നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എന്നിട്ട് പെട്രോൾ സർചാർജ്ജ് ഉൾപ്പെടെ വർദ്ധിപ്പിച്ച് എളുപ്പവഴി നോക്കുന്നു. ആ സമീപനത്തെയാണ് ഞങ്ങൾ എതിർക്കുന്നത്. ഒരുപാട് പാഴ്ച്ചെലവുകൾ കുറയ്ക്കാമായിരുന്നു. അതിനുള്ള യാതൊരു നടപടിയുമെടുക്കുന്നില്ല. ഞങ്ങളുടെ ഭരണകാലത്ത് പാഴ്ച്ചെലവുകൾ കുറയ്ക്കാനുള്ള എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത്. അങ്ങനെയൊരു സംഗതിതന്നെ ഇപ്പോഴില്ല. അതുപോലെ, വാട്ടർ അതോറിറ്റിയെക്കുറിച്ച് ബഹു. പ്രതിപക്ഷനേതാവ് പറഞ്ഞ വിമർശനം പൊതുവിലുള്ളതല്ലേ? കാരണം, കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നെങ്കിൽ കുറച്ചുകൂടി മെച്ചമുണ്ടാകുമായിരുന്നു. മിഷൻ മോഡലിൽ വന്ന പല സ്കീമുകൾക്കും മുഴുവനായും കേന്ദ്ര ഗവൺമെന്റിന്റെ അസിസ്റ്റൻസുണ്ട്. കുറച്ചുകൂടി കാര്യക്ഷമത അവിടെ കൂട്ടണമെന്ന് പറയുന്നതിനെ ആ നിലയിൽ കണ്ടാൽമതി. അതിനുപകരം വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചു. എല്ലാത്തിന്റെയും ചാർജ്ജും ടാക്സും വർദ്ധിപ്പിക്കുകയാണ്. ഈയൊരു സമീപനമാണ് നിങ്ങളുടെ പ്രശ്നം. എന്നാൽ പാഴ്ച്ചെലവുകൾ കുറയ്ക്കുകയുമില്ല. കേന്ദ്ര സ്കീമുകളുടെ കാര്യത്തിൽ യു.ജി.സി. ഗ്രാന്റ്

ഒരുദാഹരണമാണ്. എത്ര കോടി രൂപയാണ് അതുവഴി നഷ്ടപ്പെട്ടത്. ഈ സ്ഥിതിതന്നെയാണ് എല്ലാ രംഗത്തുമുള്ളത്. വൈദ്യുതി ബോർഡിനെക്കുറിച്ച് എല്ലാവർക്കും അറിയാമല്ലോ; കാര്യക്ഷമതയില്ലായ്മയ്ക്കുള്ള മുഴുവൻ വിലയും കൊടുക്കേണ്ടി വരുന്നത് ജനങ്ങളാണ്. അതാണ് ഈ ഗവൺമെന്റിനെ കുറിച്ചുള്ള വിമർശനം. ഇന്ധന സർചാർജ്ജൊക്കെ ഏതെങ്കിലും ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. സർച്ചാർജ്ജായാലും വേണ്ടില്ല, വെള്ളക്കരമായാലും വേണ്ടില്ല വൈദ്യുതി ചാർജ്ജായാലും വേണ്ടില്ല സർക്കാരിന് എളുപ്പവഴി ചാർജ്ജ് വർദ്ധനവാണ്. ഒന്നിനുപിറകെയൊന്നായുള്ള ഈയൊരു സമീപനം ശരിയല്ല. അതുകൊണ്ടാണ് ഇതിനെതിരായി കേരളത്തിൽ രൂക്ഷമായ പ്രക്ഷോഭങ്ങൾ ഉയർന്നുവരുന്നത്. നമ്മുടെ എം.എൽ.എ.-മാരൊക്കെ സത്യാഗ്രഹം ഇരിക്കേണ്ടി വന്നതിനും ഇതുതന്നെയാണ് കാരണം. ഇത് ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. അതിന് അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, ജനങ്ങൾക്ക് താങ്ങാനാകാത്ത നികുതിഭാരം ബഡ്ജറ്റിലൂടെ അടിച്ചേൽപ്പിച്ചതിന് തൊട്ടുപിന്നാലെ വെള്ളക്കരം വർദ്ധിപ്പിച്ചപ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടാണ് പ്രതിപക്ഷം നിയമസഭയിൽ ചൂണ്ടിക്കാണിച്ചത്. ബഹുമാന്യരായ പ്രതിപക്ഷനേതാവും ഉപനേതാവും അവതാരകനും ചൂണ്ടിക്കാണിച്ചതുപോലെ, വാട്ടർ അതോറിറ്റിയുടെ പ്രതിസന്ധികൾ പരിഹരിക്കുവാൻ ഗവൺമെന്റ് മേഖലയിൽത്തന്നെയുള്ള വിവിധ സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിക്കുകയും അത്തരത്തിലുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നതായിരുന്നു യഥാർത്ഥത്തിൽ ഈ സമയത്ത് അഭികാമ്യമായിട്ടുള്ളത്. കാരണം, കോവിഡിനുശേഷം ജനങ്ങൾ ദുരിതത്തിൽ നിൽക്കുന്നൊരു സമയമായതിനാൽ വാട്ടർ അതോറിറ്റിയെ നിലനിർത്തേണ്ടതായിട്ടുണ്ട്. വാട്ടർ അതോറിറ്റി നേരിടുന്ന പ്രശ്നങ്ങൾ

പരിഹരിക്കേണ്ടതാണെന്നതിലൊന്നും തർക്കമില്ല. അതിനുള്ള മാർഗ്ഗം ജനങ്ങളുടെ മേൽ വെള്ളക്കരം വർദ്ധിപ്പിച്ചുകൊണ്ട് ഇടപെടുകയെന്നുള്ളതായിരുന്നില്ല. ഈ സമയത്ത് അത് ഒഴിവാക്കേണ്ടതായിരുന്നു. നിലവിലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ കാരണം കേരളമൊട്ടാകെ വലിയ പ്രതിഷേധങ്ങൾ ഉയർന്നിരിക്കുന്നു. ഒരു കാലത്തുമില്ലാത്ത നികുതി നിർദ്ദേശം വരുന്നു. അതിന്റെകൂടെ വൈദ്യുതി ചാർജ്ജ് കൂട്ടുകയും സർവ്വതിനും വിലക്കയറ്റമുണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെ രൂക്ഷമായ പ്രതിസന്ധി നിലനിൽക്കുമ്പോൾ ജനങ്ങളെ സഹായിക്കേണ്ട സമയത്ത് സഹായിച്ചില്ലെങ്കിൽപോലും ഉപദ്രവിക്കാതിരിക്കാനാണ് ഈ ഗവൺമെന്റ് ശ്രദ്ധിക്കേണ്ടിയിരുന്നത്. പ്രതിസന്ധി പരിഹരിക്കാൻ ഇപ്പോൾ മറ്റ് മാർഗ്ഗങ്ങൾ തേടേണ്ടതിനുപകരം എളുപ്പത്തിൽ വെള്ളക്കരംകൂട്ടി കോടിക്കണക്കിന് രൂപയുടെ ബാധ്യത ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ച സർക്കാരിന്റെ നിലപാട് ജനദ്രോഹമാണ്. ഇത് ഒഴിവാക്കേണ്ടതായിരുന്നു. ഇത്രയും പ്രതിസന്ധിയുള്ള ഘട്ടത്തിൽ ഗവൺമെന്റിന്റെ മുമ്പിൽ ഈ വിഷയങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷം

ആവശ്യപ്പെട്ടത് ജനവികാരത്തെ മാനിച്ചുകൊണ്ടാണ്. അതിന് തയ്യാറാകാതെ ജനദ്രോഹ നടപടിയുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് എടുത്ത നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളടക്കം 1,591 കോടി രൂപയുടെ കുടിശ്ശിക വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുണ്ടെന്ന് ഇവിടെ പ്രതിപാദിക്കുകയുണ്ടായി. അത്തരത്തിലുള്ള കുടിശ്ശികകൾ പിരിച്ചെടുക്കാനും ഗവൺമെന്റിൽനിന്ന് ലഭിക്കുന്ന ഗ്രാന്റ് കൃത്യസമയത്ത് ലഭ്യമാക്കാനുമുള്ള നടപടിയാണുണ്ടാകേണ്ടത്. ഇപ്രാവശ്യം 169 കോടി രൂപയുടെ കുറവ് ഗ്രാന്റിൽ വന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ രീതിയിൽ മുന്നോട്ട് പോയിരുന്നെങ്കിൽ 400 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്ന താരിഫ് വർദ്ധനവ് ഒഴിവാക്കാൻ കഴിയുമായിരുന്നു. 2023-24-ലെ ബഡ്ജറ്റ് വലിയൊരു നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചു. വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതോടൊപ്പം

വെള്ളക്കരവും വർദ്ധിപ്പിച്ചത് സാധാരണക്കാരന്റെ ജീവിതം ദുസ്സഹമാകുന്ന നിലയിലേയ്ക്ക് മാറുകയാണ്. ഭിന്നശേഷിക്കാരായ കുട്ടികളുള്ള കുടുംബങ്ങളെ ഒഴിവാക്കുമെന്ന് അങ്ങിവിടെ പറഞ്ഞു. മാരകരോഗം പിടിപെട്ടവരുള്ള എത്രയോ കുടുംബങ്ങളുണ്ടാകും. അവരുടെ അവസ്ഥയെന്താണ്? ഓരോരുത്തരുടെയും ജീവിത സാഹചര്യങ്ങൾ വ്യത്യസ്തമായ നിലയിൽ, ക്ലേശകരമായ നിലയിൽ വന്നുകൊണ്ടിരിക്കുന്ന ഇന്നത്ത പ്രത്യേക അന്തരീക്ഷത്തിൽ വെള്ളക്കരം വർദ്ധിപ്പിക്കുന്നത്. ഒരു പൈസയെന്ന് ലഘൂകരിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുന്നതിനോട് ഒരുകാരണവശാലും യോജിക്കാൻ കഴിയില്ല. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഇത് ഒഴിവാക്കപ്പെടേണ്ടതുതന്നെയാണ്. അക്കാര്യം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനകം സഭയിൽ തിരികെ ഹാജരായി.)

**11.00 a.m.]**

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III ശ്രദ്ധക്ഷണിക്കൽ

### (1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ദുർബ്ബലപ്പെടുത്തുന്ന നയങ്ങൾ തിരുത്തൽ

ശ്രീ. എം. രാജഗോപാലൻ: സർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ദുർബ്ബലപ്പെടുത്തുന്ന കേന്ദ്ര സർക്കാർ നയങ്ങളും നടപടികളും തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടത് സംബന്ധിച്ചാണ് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. പദ്ധതി രൂപീകരണ സാഹചര്യം നമുക്കെല്ലാവർക്കുമറിയാം. ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിത നിലവാരം മെച്ചപ്പെടുത്താൻ സഹായകമായ രീതിയിലാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ഒരുപക്ഷേ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ അതിബൃഹത്തായ ഒരു പദ്ധതിയായാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ വിശേഷിപ്പിക്കുന്നത്. നാളിതുവരെ സമ്പന്നവർഗ്ഗങ്ങളുടെ താൽപ്പര്യങ്ങൾമാത്രം സംരക്ഷിക്കുന്ന കേന്ദ്ര ഗവൺമെന്റ് നയത്തിൽനിന്നും വ്യത്യസ്തമായി ബഹുഭൂരിപക്ഷം വരുന്ന

സാധാരണ ജനങ്ങൾക്കുവേണ്ടിയുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം നൽകിയത് ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് ഇടതുപക്ഷപാർട്ടികളുടെ പിന്തുണയോടെയുള്ള സർക്കാരായിരുന്നു. ഗ്രാമീണ ജനതയുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്ക് അടിസ്ഥാനപരമായ മാറ്റംവരുത്താൻ സഹായകരമായുള്ള പദ്ധതിയാണിത്. തൊഴിലെന്നതിനോടൊപ്പം കുടുംബത്തിന്റെ ഉപജീവനമാർഗ്ഗം ഉറപ്പുവരുത്താനുള്ള ആസ്തിവികസനത്തിനുള്ള പദ്ധതിയായിക്കൂടി ഇതിനെ വിഭാവന ചെയ്യാൻ സാധിക്കുന്നുവെന്നതാണ് മറ്റൊരു പ്രത്യേകത. ഇതര മേഖലകളിൽ എന്നതുപോലെതന്നെ ജനാധിപത്യവിരുദ്ധവും ജനവിരുദ്ധവും തൊഴിലാളിവിരുദ്ധവുമായ നിലപാടാണ് ഈ പദ്ധതിയോട് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. തൊഴിലുറപ്പ് പദ്ധതിക്കുനേരെ ക്രൂരവിനോദമാണ് ആവിഷ്കരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിക്കായി 2020-21-ൽ 1,13,000 കോടി രൂപയായിരുന്നു കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. അത് 2021-22 ആയപ്പോഴേയ്ക്കും 98,000 കോടി രൂപയായി ചുരുക്കി. നടപ്പുസാമ്പത്തിക വർഷം 60,000 കോടി രൂപയായി

വെട്ടിച്ചുരുക്കിയിരിക്കുകയാണ്. മൂന്നുവർഷംകൊണ്ട് 53,000 കോടി രൂപയാണ് ഈ ഇനത്തിൽ വെട്ടിച്ചുരുക്കിയത്. സംസ്ഥാനങ്ങൾ ആവശ്യപ്പെടുന്നമുറയ്ക്ക് 100 തൊഴിൽ ദിനങ്ങൾ നൽകണമെന്നും ജോലി ചെയ്താൽ രണ്ടാഴ്ചയ്ക്കകം കൂലി നൽകണമെന്നും വ്യവസ്ഥ ചെയ്തുകൊണ്ട് സമഗ്ര നിയമനിർമ്മാണം കേന്ദ്ര സർക്കാർ നടത്തിയിരുന്നു. ഈ നിയമം നിലനിൽക്കുമ്പോഴാണ് പദ്ധതിയെ ദുർബലപ്പെടുത്തുന്നവിധം പദ്ധതി വിഹിതം വെട്ടിച്ചുരുക്കുന്ന നിഷേധാത്മക സമീപനം കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. പത്ത് കോടിയോളം കുടുംബങ്ങളാണ് ഇന്ത്യയിൽ തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിക്കുന്നത്. കേരളത്തിലെ 20 ലക്ഷത്തോളം കുടുംബങ്ങൾ ആശ്രയിക്കുന്ന ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കോർപ്പറേറ്റുകൾക്ക് നൽകുന്ന സൗജന്യത്തിന്റെ ഒരു ശതമാനംപോലും നൽകാൻ തയ്യാറല്ലെന്ന ധിക്കാരപരമായ സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. പാവങ്ങളോട് കാണിക്കുന്ന ക്രൂരതയും അനീതിയുമാണിത്. പഞ്ചായത്തുകളിൽ 20 പ്രവൃത്തികൾ മാത്രമേ പാടുള്ളൂവെന്ന ഉത്തരവ് കേന്ദ്രഗവൺമെന്റ് ഒരു ഘട്ടത്തിൽ ഇറക്കുകയുണ്ടായി. എന്നാൽ കേരള

ജനതയും കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റും അതിശക്തമായി ഇതിനെതിരെ പ്രതികരിക്കുകയും പ്രതിഷേധിക്കുകയും ചെയ്തതിന്റെ ഫലമായി കേരളത്തിൽ മാത്രം 50 വരെ പ്രവൃത്തികളാകാമെന്ന് സമ്മതിച്ച് ഉത്തരവായി. 'Only for Kerala' എന്ന് പുനരുത്തരവിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. കൂടുതൽ വേണമെങ്കിൽ ഡി.പി.സി.-യുടെ അനുമതിയും അംഗീകാരവും വേണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ശക്തമായ സമ്മർദ്ദത്തിന്റെയും പ്രതിഷേധത്തിന്റെയും ഫലമായാണ് ഇത്തരം ഇളവിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് എത്തിയത്. കേരളത്തിൽ കഴിഞ്ഞ വർഷം 20 ലക്ഷം കുടുംബങ്ങളിലായി 10.5 കോടി തൊഴിൽ ദിനങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്. അഖിലേന്ത്യാ ശരാശരി 45 തൊഴിൽ ദിനങ്ങളാണ്. അതുമായി താരതമ്യം ചെയ്താൽ സംസ്ഥാനത്ത് 65 തൊഴിൽ ദിനങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 517000 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് കേന്ദ്ര ഗവൺമെന്റ് നൽകുന്ന 100 തൊഴിൽ ദിനങ്ങൾക്കുപുറമേ സംസ്ഥാന സർക്കാർ 100 തൊഴിൽ

ദിനങ്ങൾകൂടി നൽകിയിട്ടുണ്ട്. ട്രൈബൽ പ്ലസ് പദ്ധതി ഇന്ത്യയിൽത്തന്നെ കേരളത്തിൽ മാത്രമാണ് നടപ്പിലാക്കിയത്. അതിനായി സംസ്ഥാന സർക്കാർ 30 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷത്തേയ്ക്ക് 35 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ഈ പദ്ധതിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ മുഴുവൻ പേർക്കും 1,000 രൂപ ഫെസ്റ്റിവൽ അലവൻസ് നൽകിയ ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പല സംസ്ഥാനങ്ങളിലും നടപ്പിൽ വന്നിട്ടില്ല. അതും നമ്മുടെ സംസ്ഥാനത്ത് മാതൃകാപരമായി നടപ്പിലാക്കിക്കഴിഞ്ഞു. ഇതിനായി 150 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് കേരളത്തിന്റെ ലേബർ ബഡ്ജറ്റ് 8.5 കോടി രൂപയായി ചുരുക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെടുന്നത്. അടുത്ത വർഷത്തെ പദ്ധതിക്കുവേണ്ടി ഏറ്റവും കുറഞ്ഞ തുക 60,000 കോടി രൂപ നീക്കിവയ്ക്കുന്ന സ്ഥിതിയുണ്ടായിരുന്നു. ഇത് തീർത്തും പ്രതിഷേധാർഹമാണ്. കേരളം ഇനിയും കൂടുതൽ പ്രതികരണ സജ്ജമാകേണ്ടിയിരിക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വസ്തുത. ഈ

പദ്ധതിയിൽ സ്ത്രീകളാണ് പ്രധാന തൊഴിൽശക്തിയായി തുടരുന്നത്. നടപ്പ് സാമ്പത്തികവർഷം സൃഷ്ടിക്കപ്പെട്ട ആകെ തൊഴിൽ ദിനങ്ങളിൽ 89.45 ശതമാനം സ്ത്രീ തൊഴിൽ ദിനങ്ങളാണ്. അവരുടെ സാമ്പത്തിക സ്വയംപര്യാപ്തത നിലനിർത്തുന്നതിനും ശാക്തീകരണത്തിനും സഹായിക്കുന്ന ഏറ്റവും വലിയ പദ്ധതിയായി ഇത് മാറിക്കഴിഞ്ഞു. അതെല്ലാംകൊണ്ടുതന്നെ ഈ പദ്ധതിയോട് കേന്ദ്രഗവൺമെന്റ് കാണിക്കുന്ന തൊഴിലാളിവിരുദ്ധ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഈ മേഖലയിൽ കേന്ദ്രഗവൺമെന്റ് കാണിക്കുന്ന അവഗണനയും നയങ്ങളും തിരുത്താൻ സംസ്ഥാന സർക്കാരും ജനങ്ങളും ഒറ്റക്കെട്ടായി ആവശ്യപ്പെടേണ്ടതാണ്. ഇതിൽ സർക്കാർ ശക്തമായി ഇടപെടണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ ശരിയും വളരെ പ്രാധാന്യമുള്ളതുമാണ്. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ

ഇന്ത്യയിൽ തൊഴിലുറപ്പ് പദ്ധതി ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. കഴിഞ്ഞ രണ്ട് സാമ്പത്തികവർഷവും തുടർച്ചയായി പത്ത് കോടിയിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. കാര്യക്ഷമമായി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയതുവഴിയാണ് കോവിഡ് പകർച്ചവ്യാധി നമ്മുടെ സമ്പദ്‌വ്യവസ്ഥയെയും ജനജീവിതത്തെയും പിടിച്ചുലച്ച സമയത്ത് അവർക്ക് വലിയ ആശ്വാസം നൽകാൻ സാധിച്ചത്. അത് ഉപജീവന മാർഗ്ഗമായും വരുമാന മാർഗ്ഗമായും മാറ്റാൻ സാധിച്ചു. ഇന്ത്യയിൽ കഴിഞ്ഞ സാമ്പത്തികവർഷം ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനം 50 ആണെങ്കിൽ കേരളത്തിൽ അത് 64 ആണ്. ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. 100 ദിവസത്തെ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം ദേശീയതലത്തിൽ 8 ശതമാനമാണെങ്കിൽ കേരളത്തിൽ അത് 31 ശതമാനമാണ്. ദേശീയ തലത്തിലേതിന്റെ നാലിരട്ടിയാണ് കേരളത്തിൽ. കേരളം ഫലപ്രദമായ രീതിയിലാണ് പദ്ധതികളെല്ലാം നടപ്പിലാക്കുന്നതെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. പട്ടികവർഗ്ഗ

കുടുംബങ്ങൾക്ക് ദേശീയതലത്തിൽ 58 തൊഴിൽ ദിനം മാത്രമാണ് ലഭിച്ചതെങ്കിൽ കേരളത്തിൽ അത് 86 ആണ്. 'ട്രൈബൽ പ്ലസ്'-ന്റെ കാര്യം ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചു. കേരളത്തിൽ മാത്രമാണ് സംസ്ഥാന ബഡ്ജറ്റിൽനിന്ന് വിഹിതം നീക്കിവച്ച് 200 തൊഴിൽ ദിനം ലഭ്യമാക്കുന്ന 'ട്രൈബൽ പ്ലസ് ' എന്ന പ്രത്യേക പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യയിൽ മറ്റെവിടെയും ഈ പദ്ധതിയില്ല. നഗര തൊഴിലുറപ്പ് പദ്ധതി ഇടതുപക്ഷം എത്രയോകാലമായി പാർലമെന്റിൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. എൻ.ആർ.ഇ.ജി.എസ്.-ന്റെ അതേ മാതൃകയിൽ നഗരദരിദ്രർക്കായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കണമെന്നത് ഇടതുപക്ഷ ബദലാണ്.  ഇടതുപക്ഷ ബദലെന്താണെന്ന് പലപ്പോഴും പ്രതിപക്ഷത്തുനിന്ന് ചോദിക്കാറുണ്ട്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ഇടതുപക്ഷ ബദലാണ്. കേരളത്തിൽ മാത്രമാണ് നഗരങ്ങളിലെ ദരിദ്രർക്ക് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ദേശീയതലത്തിൽ സ്ത്രീകൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ലഭിക്കുന്നത് 55 ശതമാനമാണെങ്കിൽ കേരളത്തിൽ 90

ശതമാനവും സ്ത്രീകളാണ് ജോലിചെയ്യുന്നത്. 26.82 ലക്ഷം കുടുംബങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിച്ച് ജീവിക്കുന്നത്, അല്ലെങ്കിൽ അതിന്റെ പ്രയോജനം ലഭിക്കുന്നത്. എന്നാൽ കേന്ദ്ര സർക്കാർ ആസൂത്രിതമായി തൊഴിലുറപ്പ് പദ്ധതിയെ അട്ടിമറിക്കാനുള്ള നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. രണ്ടാം യു.പി.എ. സർക്കാരിന്റെ കാലത്ത് തുടങ്ങിയതാണ് ഈ വെള്ളം ചേർക്കൽ. എന്നാൽ നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽ വന്നതോടുകൂടി സംഘടിതമായും സൂക്ഷ്മമായുമുള്ള ആക്രമണം തൊഴിലുറപ്പ് പദ്ധതിക്കെതിരായി നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ തെളിവാണ് കേന്ദ്ര ഗവൺമെന്റ് അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്ന നിബന്ധനകൾ. അടിച്ചമർത്തുകയെന്നതാണ് ഈ നിബന്ധനകളിലൂടെ കേന്ദ്ര സർക്കാർ പ്രയോഗിക്കുന്ന കുതന്ത്രം. ഗ്രാമപഞ്ചായത്തിൽ 20 വർക്ക് മാത്രമേയെടുക്കാവൂ എന്നാണ് ഒരു നിബന്ധന. കേരളം ശക്തമായി ഇടപെട്ട് നിരന്തരം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി 20 വർക്ക് മാത്രമെന്ന നിബന്ധന കേരളത്തിനുമാത്രമായി 50 എന്ന് ഇളവുചെയ്തു ലഭിച്ചു. കേരളത്തിന്റെ

ഇടപെടലിന്റെ ഗുണമാണിത്. കേന്ദ്ര ഗവൺമെന്റ് തൊഴിലുറപ്പ് തൊഴിലാളികളുടെ ഹാജരിന് മൊബൈൽ ആപ്പ് നിഷ്കർഷിച്ചിരിക്കുകയാണ്. അത് പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. എൻ.എം.എം.എസ്.-ന്റെ സാങ്കേതിക പ്രശ്നങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം വൈകുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. മെറ്റീരിയൽ കമ്പോണന്റിനുള്ള തുക ലഭിക്കാത്തതും ഭരണ ചെലവിനുള്ള തുക കൃത്യസമയത്ത് ലഭ്യമാക്കാത്തതും തൊഴിലാളികളുടെ ആധാർ ലിങ്ക് ചെയ്താൽമാത്രമേ വേതനം നൽകാനാകുവെന്ന വ്യവസ്ഥയും തൊഴിലുറപ്പിന്റെ നടത്തിപ്പിനെ വളരെ ദോഷകരമായി ബാധിച്ചിട്ടുള്ള കാര്യങ്ങളാണ്. തൊഴിലാളികൾ ജോലി സ്ഥലത്തുവന്നതിനുശേഷം ഹാജർ രേഖപ്പെടുത്താനുള്ള മൊബൈൽ ആപ്പ് പ്രവർത്തനക്ഷമമല്ലാത്തതുകൊണ്ട് അവർക്ക് തിരിച്ചുപോകേണ്ട സ്ഥിതി പതിവായി ഉണ്ടാകുന്നുണ്ട്. മൊബൈൽ ആപ്പിന്റെ സാങ്കേതിക തകരാർ കാരണം ജോലിചെയ്ത ദിവസത്തെ വേതനം നഷ്ടപ്പെടുന്ന സ്ഥിതിവിശേഷവുമുണ്ടായിട്ടുണ്ട്. ഇതെല്ലാം തൊഴിലാളികൾക്ക് തൊഴിലുറപ്പ്

പദ്ധതിയിലുള്ള താൽപ്പര്യമില്ലാതാക്കാനും ജോലി തേടിവരാതിരിക്കാനുമുള്ള ഉദ്ദേശ്യത്തോടുകൂടിയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സാമഗ്രികൾ വിതരണം ചെയ്യുന്ന വെണ്ടർമാർക്ക് തുക നൽകാൻ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള പി.എഫ്.എം.എസ്. വെണ്ടർ ഐ.ഡി. സംവിധാനവും സാങ്കേതിക പ്രശ്നംമൂലം ശരിയായി പ്രവർത്തിക്കുന്നില്ല. അത് മെറ്റീരിയൽ ഫണ്ട് വിതരണത്തിൽ കാലതാമസമുണ്ടാക്കി. വെണ്ടർമാർ ഇപ്പോൾ സാമഗ്രികൾ ലഭ്യമാക്കാൻ തയ്യാറല്ല, അവർ പിൻവാങ്ങിയിരിക്കുകയാണ്. പണിയായുധങ്ങളുടെ വാടക നൽകുമ്പോൾ വേതനത്തിനുപുറമെ 5 രൂപ അധികമായി തൊഴിലാളിക്ക് ലഭിക്കുമായിരുന്നു. ഇപ്പോൾ കേന്ദ്ര സർക്കാർ പണിയായുധങ്ങളുടെ വാടക നിർത്തലാക്കി ഉത്തരവായിട്ടുണ്ട്. ആവർത്തന സ്വഭാവമുള്ള ജോലികൾ ചെയ്യാൻ പാടില്ലെന്ന ഉത്തരവ് ഇറിഗേഷൻ കനാലുകൾ നവീകരിക്കുന്ന പ്രവൃത്തിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പാലക്കാട് പോലെയുള്ള ജില്ലകളിൽ അതിന്റെ വലിയ പ്രയാസങ്ങളുണ്ടാക്കി. കേന്ദ്രസർക്കാരിൽനിന്നും മെറ്റീരിയൽ ഇനത്തിൽ കിട്ടാനുള്ളത് 263.64 കോടി രൂപയും ഭരണ ചെലവിനത്തിൽ കിട്ടാനുള്ളത് 152.72 കോടി

രൂപയുമാണ്. ഇത് ഫെബ്രുവരി 4-ാം തീയതിയിലെ കണക്കാണ്. ആകെ 416.36 കോടി രൂപ കുടിശ്ശികയായുണ്ട്. 2022-23-ൽ കേരളം 10.32 കോടി തൊഴിൽ ദിനങ്ങൾക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുവദിച്ചത് വെറും 6 കോടി തൊഴിൽദിനങ്ങളാണ്. കേന്ദ്രഗവൺമെന്റ് അനുവദിച്ച അത്രയും തൊഴിൽ ദിനങ്ങളെന്ന ലക്ഷ്യം കേരളം നവംബർ മാസത്തിൽത്തന്നെ കൈവരിച്ചുകഴിഞ്ഞു. പിന്നീട് ശക്തമായ ഇടപെടലുകളും സമ്മർദ്ദവും ചെലുത്തിയപ്പോൾ 8.5 കോടി മാത്രമായാണ് വർദ്ധിപ്പിച്ചത്. പക്ഷേ സംസ്ഥാനത്തിന്റെ ആവശ്യം 10.32 കോടിയാണ്. ഈ പ്രതികൂല സാഹചര്യത്തിലും ഇതുവരെ 778.73 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. എങ്ങനെയാണ് കേന്ദ്രഗവൺമെന്റ് ഇതിനെ അട്ടിമറിക്കുന്നതെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് കേന്ദ്ര ബജറ്റിൽ വ്യക്തമാകുന്നത്. നിലവിലുള്ള 89,000 കോടി രൂപ 60,000 കോടി രൂപയായി വെട്ടിച്ചുരുക്കിയിരിക്കുകയാണ്. ഇന്നത്തെ 'ഹിന്ദു' ദിനപ്പത്രത്തിൽ അസിം പ്രേംജി യൂണിവേഴ്സിറ്റിയിലെ രണ്ട് ഗവേഷകരുടെ ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'The demand for MGNREGS work is unmet'

എന്നാണ് ആ ലേഖനത്തിന്റെ തലക്കെട്ട്. എങ്ങനെയാണ് കേന്ദ്ര സർക്കാർ ഇതിനെ ആസൂത്രിതമായി അട്ടിമറിക്കുന്നതെന്ന് ആ പഠനം ചൂണ്ടിക്കാണിക്കുന്നു. ഇപ്പോൾ അനുവദിച്ച 60,000 കോടി രൂപ 20 ദിവസത്തെ തൊഴിൽ ചെയ്യുന്നതിനുമാത്രമേ കൊടുക്കാൻ തികയുകയുള്ളൂവെന്നാണ്. ഈ നിലയിൽ പാവപ്പെട്ടവർക്കുനേരെ സർജിക്കൽ സ്ട്രൈക്ക് നടത്തി തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര സർക്കാർ അട്ടിമറിക്കുകയാണ്. കേരള സർക്കാർ ശക്തമായി ഈ കാര്യത്തിൽ ഇടപെടൽ നടത്തുന്നുണ്ട്. നമ്മൾ ഒറ്റക്കെട്ടായി ഇതിൽ ഇടപെടണം. പക്ഷേ ബഹുമാന്യരായിട്ടുള്ള പ്രതിപക്ഷാംഗങ്ങൾ ഇക്കാര്യത്തിൽ ഒരു വാക്കുപറയാൻ തയ്യാറായിട്ടുണ്ടോ? ജനുവരി ഒന്നാം തീയതി കേന്ദ്ര ബജറ്റ് അവതരിപ്പിച്ച ദിവസം, ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ ഫേസ്ബുക്ക് പേജിൽ ഒരു വരിപോലും അതിനെപ്പറ്റി പ്രതികരിച്ചിട്ടില്ല. ഏറ്റവും ചുരുങ്ങിയത് നിങ്ങളുടെ കാലത്ത് കൊണ്ടുവന്നതെന്ന് നിങ്ങൾ അവകാശപ്പെടുന്ന തൊഴിലുറപ്പ് പദ്ധതിയെ കൊല്ലുന്ന കേന്ദ്ര ബജറ്റിലെ വ്യവസ്ഥയ്ക്കെതിരെയെങ്കിലും പ്രതികരണമുണ്ടാകേണ്ടതായിരുന്നില്ലേ? കേന്ദ്ര

ഗവൺമെന്റ് ബജറ്റ് അവതരിപ്പിച്ച്, തൊഴിലുറപ്പ് തൊഴിലാളികളുടെ നേരെ സർജിക്കൽ സ്ട്രൈക്ക് നടത്തിയ ദിവസം മഞ്ഞുപൊഴിയുന്ന കാശ്മീരിൽ രാഹുൽ ഗാന്ധി നിൽക്കുന്ന മനോഹരമായ ചിത്രം അദ്ദേഹം പോസ്റ്റ് ചെയ്തിരിക്കുന്നതാണ് കണ്ടത്. തൊഴിലുറപ്പ് പദ്ധതിയെ ഇല്ലാതാക്കുന്നതിനെതിരെ പ്രതികരിക്കാൻ തയ്യാറായിട്ടില്ല. നിങ്ങൾ ഇതിനെതിരെ പ്രതികരിക്കാതെ എന്തുകൊണ്ടാണ് മൗനം പാലിക്കുന്നത്; നിങ്ങളിപ്പോൾ ഇവിടെ സത്യാഗ്രഹം കിടന്ന് സമരം നടത്തിക്കൊണ്ടിരിക്കുകയാണല്ലോ? തൊഴിലുറപ്പ് പദ്ധതിക്കെതിരെ ഇത്ര വലിയ ആക്രമണം നടത്തിയിട്ട് നിങ്ങൾക്കത് ഒരു പ്രശ്നമേയല്ലെന്ന് പറഞ്ഞാൽ നിങ്ങളുടെ ഇരട്ടമുഖവും കാപട്യവുംകൂടിയാണ് വ്യക്തമാകുന്നത്. ഇക്കാര്യത്തിൽ നമുക്ക് ഒരുമിച്ച് നിൽക്കാം, അതിന് നിങ്ങൾ തയ്യാറാണോ; കേന്ദ്രത്തിനെതിരെ, ഈ പാവപ്പെട്ട തൊഴിലുറപ്പ് തൊഴിലാളികളെ സംരക്ഷിക്കാൻ ഒരുമിച്ചുനിൽക്കാൻ തയ്യാറുണ്ടോ; നിങ്ങൾ ആരെ ഭയന്നിട്ടാണ് മൗനം പാലിക്കുന്നത്? ബഹുമാന്യനായ അംഗം പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഇന്ത്യയിലാദ്യമായി

കേരള സർക്കാരാണ് തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിലുറപ്പ് ക്ഷേമനിധി ഏർപ്പെടുത്തിയത്. 2023 ജനവരി 1-ാംതീയതി ക്ഷേമനിധി ബോർഡ് നിലവിൽവന്നു. കേന്ദ്രഗവൺമെന്റ് തൊഴിലുറപ്പ് പദ്ധതിയെ കൊല്ലുമ്പോൾ പുതുവത്സര സമ്മാനമെന്ന നിലയിൽ ഇന്ത്യയിലാദ്യം തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയതിലൂടെ ഇടതുബദലാണ് കേരളത്തിലെ ഗവൺമെന്റ് നടപ്പാക്കുന്നത്.

ശ്രീ. എം. രാജഗോപാലൻ: സർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ നെൽക്കൃഷി, മത്സ്യബന്ധനം, ക്ഷീരോൽപ്പാദനം തുടങ്ങിയ കാർഷിക അനുബന്ധ മേഖലകളിൽക്കൂടി പ്രയോജനകരമാക്കുന്നവിധം ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തീർച്ചയായും, കേരളം ഇതിനോടകംതന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ 20:50 എന്ന അനുപാതത്തിൽ പ്രവൃത്തികൾ ഇളവുചെയ്ത ശേഷവും കേന്ദ്രസർക്കാർ ഇതുവരെ ഉൾപ്പെടുത്താൻ തയ്യാറാകാത്ത മേഖലകളുമുണ്ട്. വ്യക്തിഗത ആസ്തി നിർമ്മാണം ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല.

വ്യക്തിഗത ആസ്തികളായിട്ടുള്ള കോഴിക്കൂട് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, പശുത്തൊഴുത്ത് നിർമ്മാണം, സോക്ക് പിറ്റ് നിർമ്മാണം, കമ്പോസ്റ്റ് നിർമ്മാണം എന്നിവയാണ് ഗ്രാമപഞ്ചായത്തുകളിൽ കൂടുതലായി നടക്കുന്നത്. ഇത് ഉൾപ്പെടുത്താൻ സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക മേഖലയിലെ പ്രവൃത്തികൾക്കൂടി ഉപയോഗിച്ച് തൊഴിലുറപ്പ് പദ്ധതിയെ വിപുലീകരിക്കണമെന്ന് മാത്രമല്ല, ഉത്പാദന മേഖലകളിൽ ഉത്പാദനം വർദ്ധിപ്പിക്കാൻ ആസ്തി നിർമ്മിതിക്കായി ഉപയോഗിക്കണമെന്നതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്.

(2) ചാലക്കുടിപ്പുഴ സംരക്ഷണം

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, തൃശ്ശൂർ, എറണാകുളം ജില്ലകളിലുൾപ്പെടുന്ന ചാലക്കുടിപ്പുഴയെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ട അതീവ ഗൗരവമുള്ള ആവശ്യത്തിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. പശ്ചിമഘട്ടത്തിൽ ആനമല നിരകളിൽനിന്നും പറമ്പിക്കുളം പീഠഭൂമിയിൽനിന്നും നെല്ലിയാമ്പതി മലനിരകളിൽനിന്നുമുള്ള കൈവഴികൾ ചേർന്നാണ്

ചാലക്കുടിപ്പുഴയാകുന്നത്. പുഴയുടെ വൃഷ്ടി പ്രദേശം ആകെ 1,704 ചതുരശ്ര കിലോമീറ്ററാണ്. കേരളത്തിൽ പാലക്കാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിലായി പുഴത്തടം വ്യാപിച്ചുകിടക്കുന്നു. 144 കിലോമീറ്റർ നീളമുള്ള പുഴ സംസ്ഥാനത്തെ അഞ്ചാമത്തെ നീളംകൂടിയ പുഴയാണ്. അപ്പർ ഷോളയാർ, പെരിങ്ങൽക്കുത്ത്, പെരുവാരിപ്പള്ളം, തുണക്കടവ്, ഷോളയാർ, പറമ്പിക്കുളം എന്നീ ആറ് ഡാമുകളാണ് ഈ നദിയിലുള്ളത്. ജലവർഷത്തിന്റെ തുടക്കത്തിൽത്തന്നെ ഈ ഡാമുകൾ നിറച്ചുനിർത്തുന്നതുകൊണ്ടും തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിൽനിന്ന് മുന്നറിയിപ്പില്ലാതെ വെള്ളം തുറന്നുവിടുന്നതുകൊണ്ടും പുഴയോരത്ത് താമസിക്കുന്നവർക്ക് പ്രളയഭീതിയിൽ കഴിയേണ്ട അവസ്ഥയാണ്. 2018-19-ലെ പ്രളയങ്ങൾ പുഴയുടെ സ്വാഭാവിക ഗതിതന്നെ മാറ്റി. മഴക്കാലത്ത് പ്രളയവും വേനൽക്കാലത്ത് കടുത്ത വരൾച്ചയുമാണ് പുഴയുടെ ഇന്നത്തെ അവസ്ഥ. പ്രളയത്തിൽ പുഴ വഴിമാറി ഒഴുകിയതുനിമിത്തം തീരം തകർന്ന അവസ്ഥയിലാണ്. പുഴയുടെ ഇരുവശങ്ങളിലെയും മണ്ണിടിച്ചിൽ തടഞ്ഞ് തീരം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മഹാനായ പനമ്പിള്ളി ഗോവിന്ദമേനോന്റെ ദീർഘവീക്ഷണത്തിൽ ചാലക്കുടിപ്പുഴയിൽ ആരംഭിച്ച ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം ചാലക്കുടി, അങ്കമാലി, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, പുതുക്കാട് എന്നീ അഞ്ച് നിയോജകമണ്ഡലങ്ങളിലെ 14,000 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്ന പദ്ധതിയാണ്. ചാലക്കുടിപ്പുഴയിലൂടെ ഒഴുകിവരുന്ന ജലം സംഭരിച്ചുനിർത്താതെതന്നെ 3.6 മീറ്റർ ഉയരമുള്ള തടയണയുടെ സഹായത്തോടെ ഭൂമിയുടെ ചരിവുകളെ ഉപയോഗപ്പെടുത്തി ഇടതുവലത് കനാലുകളിലൂടെ ഒഴുക്കി തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ജലസേചനം നടത്തുന്ന പദ്ധതിയാണ് ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം. വേനൽക്കാലത്ത് പുഴയിൽ വെള്ളമില്ലാത്തതിനാൽ ജലസേചന-കുടിവെള്ള പദ്ധതികൾ പ്രതിസന്ധിയിലാണ്. പശ്ചിമഘട്ടത്തിലെ അപൂർവ്വ മത്സ്യസമ്പത്തിനും പരിസ്ഥിതി മേഖലയ്ക്കും ഇത് ഭീഷണിയാണ്. വർഷം മുഴുവൻ ഒഴുകിയിരുന്ന നീർച്ചാലുകളാണ് അര നൂറ്റാണ്ട് മുമ്പുവരെ പുഴയിൽ വേനൽക്കാലാവശ്യങ്ങൾക്കുള്ള ജലം ഉറപ്പാക്കിയിരുന്നത്. പക്ഷേ ഇന്ന് ഈ നീർച്ചാലുകൾ മിക്കതും മഴക്കാലത്ത് മാത്രമാണുള്ളത്. അണക്കെട്ടുകളിൽ

സംഭരിക്കുന്ന വെള്ളം ലഭിക്കുന്നുണ്ടെങ്കിലും അത് ജല ആവശ്യങ്ങളെ പൂർണ്ണമായി നിറവേറ്റാൻ പര്യാപ്തമല്ല. വർദ്ധിക്കുന്ന അന്തരീക്ഷ താപനില ഭാവിയിലെ ജല ആവശ്യകത വർദ്ധിപ്പിക്കാനിടയുണ്ട്. അങ്ങനെ വന്നാൽ ജലദൗർലഭ്യം അതിരൂക്ഷമാകും. ജലവിനിയോഗക്ഷമത വർദ്ധിപ്പിച്ചും സാധ്യമായ ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയും നിലവിലുള്ള കുറവ് ഒരു പരിധിവരെ നികത്താനാകും. എങ്കിലും ഭാവിയിൽ വർദ്ധിക്കുന്ന ജല ആവശ്യകത നിറവേറ്റണമെങ്കിൽ പുഴയുടെ സ്വാഭാവിക വേനൽക്കാല നീരൊഴുക്ക് തിരികെവരണം. അതിന് നീർച്ചാലുകൾ വീണ്ടും വർഷം മുഴുവൻ ഒഴുകണം. ഉയർന്ന വൃഷ്ടിപ്രദേശങ്ങളുടെ പരിസ്ഥിതി പുന:സ്ഥാപനത്തിലൂടെയാണ് ഇത് സാധ്യമാകുക. ഇതുമായി ബന്ധപ്പെട്ട് പലതലങ്ങളിലുള്ള പഠനങ്ങൾ ആവശ്യമാണ്. പുഴത്തടത്തിന്റെ ആകെയും ഉപനീർത്തടങ്ങളുടെയും വാട്ടർ ബാലൻസ് കണ്ടെത്തണം. ഒപ്പംതന്നെ പുഴത്തടത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വാട്ടർ റിസോഴ്സ് മാനേജ്മെന്റ് പ്ലാനുണ്ടാകണം. ജലലഭ്യതയും വിനിയോഗവും മാത്രമല്ല ജല ഗുണനിലവാരവും വിശദമായ പഠനങ്ങൾക്കും

കാലാകാലങ്ങളിലുള്ള വിലയിരുത്തലുകൾക്കും വിധേയമാക്കണം. മലിനീകരണ സ്രോതസ്സുകൾ കണ്ടെത്തി മലിനീകരണം ഒഴിവാക്കാനുള്ള നടപടികളുണ്ടാവണം. കേരളത്തിലെ ഷോളയാറിലെ ജലലഭ്യത പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാറിലെ വ്യവസ്ഥകൾ പ്രകാരമാണ്. വർഷകാലത്തെ വെള്ളപ്പൊക്ക സാഹചര്യം ഒഴിവാക്കാനായി കരാർ പുതുക്കാനുള്ള നടപടികൾ സ്വീകരിക്കണം. പുഴയുടെ പ്രഭവസ്ഥാനം മുതൽ കടലിൽ പതിക്കുന്നതുവരെയുള്ള ഭാഗം ഒറ്റയൂണിറ്റായി പരിഗണിച്ചുകൊണ്ട് ചാലക്കുടിപ്പുഴയെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന വിഷയത്തിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത് ശ്രദ്ധേയമായ വിഷയമാണ്. കേരളത്തിലെ പ്രധാനപ്പെട്ട നദികളിലൊന്നായ ചാലക്കുടിപ്പുഴ ഒരു അന്തർ സംസ്ഥാന നദികൂടിയാണ്. അഞ്ച് പ്രധാനപ്പെട്ട കൈവഴികൾ (പറമ്പിക്കുളം,

കരിയാർകുറ്റി, ഷോളയാർ, കാരാപ്പാറ, ആനക്കയം) ചേർന്നാണ് ഈ നദി രൂപം കൊണ്ടിട്ടുള്ളത്. പശ്ചിമഘട്ട മലനിരയിലെ ആനമലയിൽനിന്നാണ് ഇവയെല്ലാം ഉത്ഭവിക്കുന്നത്. ഇതിൽ പറമ്പിക്കുളം, ഷോളയാർ എന്നിവ തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ലയിൽനിന്നും ഉത്ഭവിക്കുന്നു. സമുദ്രനിരപ്പിൽനിന്ന് 470 മീറ്റർ ഉയരത്തിലാണ് പറമ്പിക്കുളം ഉപനദി കുരിയാർകുറ്റിയുമായി ചേരുന്നത്. തുടർന്ന് മറ്റ് കൈവഴികൾ പ്രധാന നദിയുമായി ചേരുന്നു. നദിയുടെ ആദ്യഭാഗങ്ങളെല്ലാം ഇടതൂർന്ന വനപ്രദേശമാണ്. ചാലക്കുടിപ്പുഴയിലെ രണ്ട് പ്രധാനപ്പെട്ട വെള്ളച്ചാട്ടമാണ് പെരിങ്ങൽക്കുത്തും അതിരപ്പിള്ളിയും. 130 കിലോമീറ്റർ നീളവും 1704 ചതുരശ്ര കിലോമീറ്റർ വൃഷ്ടിപ്രദേശവുമുള്ള ഈ നദി എറണാകുളം ജില്ലയിലെ എളന്തിക്കരവച്ച് പെരിയാറിന്റെ വലതുകരയിൽ പതിക്കുന്നു. നദിയുടെ 370 ചതുരശ്ര കിലോമീറ്റർ വൃഷ്ടിപ്രദേശം തമിഴ്നാട്ടിൽ വരുന്നു.

കേരളം, തമിഴ്നാട് സംസ്ഥാനങ്ങളിലായി വിവിധ ഡാമുകളാൽ നിയന്ത്രിതമാണ് ചാലക്കുടിപ്പുഴ. പുഴയുടെ സ്വാഭാവികമായുണ്ടാകുന്ന നീരൊഴുക്ക് തിരികെ കൊണ്ടുവരികയെന്നത് പൂർണ്ണമായും സാദ്ധ്യമല്ല.

കൂടാതെ, തെക്കുപടിഞ്ഞാറൻ കാലവർഷ സമയത്ത് മുൻകാലങ്ങളിൽ ലഭ്യമായിരുന്ന അളവിൽ മഴ ലഭിക്കുന്നില്ല എന്നതുകൂടി പരിഗണിക്കുമ്പോൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ വലിയതോതിൽ നിർവ്വഹിക്കേണ്ട ആവശ്യമാണ് കാണാൻ കഴിയുന്നത്. കോഴിക്കോട് ആസ്ഥാനമായ "ജലവിഭവ വികസന വിനിയോഗ കേന്ദ്രം" 1980 മുതൽ 2021 വരെ ചാലക്കുടിപ്പുഴ നദീതടത്തിലെ മഴ ലഭ്യതയെക്കുറിച്ച് നടത്തിയ വിശകലനത്തിൽ വെറ്റിലപ്പാല, തുമ്പൂർമൂഴി പ്രദേശങ്ങളിലെ മഴ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാകുന്നുണ്ട്. 2018-ലെ മഹാപ്രളയം, 2019 - 2020 വർഷങ്ങളിലെ പ്രളയം എന്നിവകൂടി കണക്കിലെടുക്കുമ്പോൾ നദീതടത്തിലെ മഴയുടെ തോതിലും സ്വഭാവത്തിലും വന്നിട്ടുള്ള മാറ്റം കാണാൻ കഴിയും. നദീതടത്തിൽ പൊതുവെയും നദിയോടുചേർന്ന് വരുന്ന ഗ്രാമപഞ്ചായത്ത്/നഗരസഭാ പ്രദേശങ്ങളിൽ വന്നിട്ടുള്ള നഗരവൽക്കരണം, ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റം, ഹരിതാവരണത്തിൽ വന്നിട്ടുള്ള കുറവ് എന്നിവ നദിയിലേയ്ക്കുള്ള നീരൊഴുക്കിനെ ദോഷകരമായി ബാധിക്കുന്നുണ്ട്. കഴിഞ്ഞ നാല് വർഷക്കാലംകൊണ്ട് കൃഷിഭൂമിയുടെ വിസ്തൃതിയിൽവന്ന

മാറ്റവും നദിയിലേയ്ക്കുള്ള നീരൊഴുക്ക് കുറയുന്നതിന് കാരണമാണ്. കാലാവസ്ഥയിൽ വന്നിട്ടുള്ള വ്യതിയാനവും മനുഷ്യ ഇടപെടലുകളും ഈ നദീതടത്തെ വലിയ അളവിൽ സ്വാധീനിച്ചിട്ടുണ്ട്.

നദീതടത്തിലെ ചെറുതും വലുതുമായ നീർച്ചാലുകൾക്കും മേൽപ്പറഞ്ഞ കാരണങ്ങളാൽ മാറ്റം വന്നിട്ടുണ്ട്. എന്നാൽ, ഇവ വീണ്ടെടുക്കുന്ന പ്രവർത്തനം ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. ഇതിന് സഹായകമായ രീതിയിൽ നദീതടത്തിനകത്തുവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. നീർത്തട പ്ലാനുകളിൽ റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി ഓരോ ചെറുനീർത്തടത്തിലും നിർവ്വഹിക്കേണ്ട പ്രവൃത്തികൾ പട്ടികപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ഓരോ ചെറുനീർത്തടത്തിലും നിർവ്വഹിക്കേണ്ട പാരിസ്ഥിതിക പുനഃസ്ഥാപന പ്രവൃത്തികളും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ചില പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ജലബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഹരിതകേരളം മിഷന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. CWRDM (Centre for Water Resources Development and Management) കോഴിക്കോടിന്റെ സഹായത്താൽ തയ്യാറാക്കിയിട്ടുള്ള മാർഗ്ഗരേഖ പ്രകാരം വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ മാതൃകാ പദ്ധതിയായി ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് തയ്യാറായിക്കഴിഞ്ഞാൽ, നവകേരളം കർമ്മ പദ്ധതി II-ന്റെ ഭാഗമായി കേരളം മുഴുവൻ ഈ പഠനം ഏറ്റെടുക്കാൻ ലക്ഷ്യമിടുന്നുണ്ട്. അതിന്റെ തുടർച്ചയായി ചാലക്കുടിപ്പുഴയുടെ വാട്ടർ ബാലൻസ് പഠനം നടത്താൻ കഴിയും. ഇതിന് CWRDM പോലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നത് പരിഗണിക്കാവുന്നതാണ്. ജലഗുണനിലവാരം സംബന്ധിച്ച് കോഴിക്കോട് CWRDM നടത്തിയ പഠനമനുസരിച്ച് നദിയിലെ ജലം പൊതുവിൽ ഗുണനിലവാരം കുറഞ്ഞതാണെന്ന് കാണുന്നു. നദീതടത്തിൽനിന്ന് മാലിന്യം നദിയിലെത്തിച്ചേരുന്നതാണ് ഇതിനിടയാകുന്നത്. കൂടാതെ, അപ്പർ ക്യാച്മെന്റിലെ പ്ലാന്റേഷൻ മേഖലയിൽനിന്നുള്ള വിവിധ മാലിന്യങ്ങളും

പുഴയിലെത്തുന്നുണ്ട്. CWRDM പഠനമനുസരിച്ച് നദീതടത്തിലെ ഭൂജല ഗുണനിലവാരവും താഴ്ന്നതായി കാണുന്നു. പ്രത്യേകിച്ച് ഇ-കോളി സാന്നിദ്ധ്യമാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത് പരിഹരിക്കണമെങ്കിൽ വലിയതോതിലുള്ള ഭൂജലപോഷണം സാദ്ധ്യമാക്കണം. ഇതിനുള്ള പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന നിർവ്വഹിച്ചുവരുന്നു. എങ്കിലും ജനപങ്കാളിത്തത്തോടുകൂടി കൂടുതൽ വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്.

മലിനീകരണ സ്രോതസ്സുകളായി കാണുന്നത് നഗരങ്ങളോട് ചേർന്നുള്ള മാലിന്യനിക്ഷേപമാണ്. ഇതോടൊപ്പം റോഡുകളോട് ചേർന്നുള്ള ഓടകൾ നദികളിൽ പതിക്കുന്നതും നദീജല മലിനീകരണത്തിന് പ്രധാന കാരണങ്ങളിലൊന്നാണ്. നദികളിലെ കൈയേറ്റം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ, കൈയേറ്റം ഒരു വസ്തുതയാണെന്ന് കാണാൻ കഴിയും. ഇതൊഴിവാക്കാനുള്ള ശ്രമം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മാത്രമേ നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. റവന്യൂ അധികൃതരുടെ സഹായവും ഇക്കാര്യത്തിൽ ആവശ്യമാണ്. ചാലക്കുടിപ്പുഴയുടെ

പാരിസ്ഥിതിക നീരൊഴുക്ക് സംബന്ധിച്ച പഠനം ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം ജലസേചന വകുപ്പ് മുഖാന്തരം നടത്തിയിട്ടുണ്ട്. ഈ പഠനം പ്രകാരം ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ നിലനിർത്തേണ്ട പാരിസ്ഥിതിക ഒഴുക്കിനേക്കാളും താഴ്ന്നാണ് നിലവിലുള്ള ഒഴുക്കെന്ന് കാണാം. അപ്രകാരം അധികജലം ലഭ്യമാക്കുന്നതിനും അതുവഴി പാരിസ്ഥിതിക ഒഴുക്ക് സാദ്ധ്യമാക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. എന്നാൽ ഇതൊരു അന്തർ സംസ്ഥാന നദിയാണ് എന്നതുകൂടി കണക്കിലെടുത്തുമാത്രമെ ഇക്കാര്യത്തിലും നദീതട മാസ്റ്റർപ്ലാൻ രൂപീകരിക്കുന്ന കാര്യത്തിലും മുന്നോട്ടുപോകാൻ കഴിയൂ. പറമ്പിക്കുളം ആളിയാർ പ്രോജക്ടിന്റെ പ്രധാന നദിയും ഇതുതന്നെയാണ്.

കേന്ദ്ര ജലകമ്മീഷൻ ഗൈഡ് ലൈൻ/മാർഗ്ഗരേഖ അനുസരിച്ച് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹായം ആവശ്യമാണ്. കൂടാതെ, ശാസ്ത്രീയപഠനം നടത്തേണ്ടതുണ്ട്. നദിയിലെ ആവാസവ്യവസ്ഥ, നദിയുടെ അടിത്തട്ടിന്റെ അവസ്ഥ,

ജലഗുണനിലവാരം, ജനസംഖ്യ, വനപ്രദേശത്തിന്റെ പ്രത്യേകതകൾ, കാലാവസ്ഥ തുടങ്ങിയവയുൾപ്പെട്ട പഠനം പൂർത്തിയാക്കിയാൽ മാത്രമേ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ കഴിയൂ. ഇതിനാവശ്യമായ നടപടികൾ CWRDM പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനമാണ് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടിപ്പുഴയുടെ നീരൊഴുക്ക് സുഗമമാക്കി പ്രളയസാദ്ധ്യത കുറയ്ക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് തയ്യാറാകുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ചാലക്കുടിപ്പുഴയുടെ നീരൊഴുക്ക് സുഗമമാക്കി പ്രളയസാദ്ധ്യത കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ രൂപപ്പെടുത്തുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ കേരളത്തിലെ 44 നദികളെക്കുറിച്ചും വലിയ പഠനം ആവശ്യമാണ്. ആ നിലയിൽ ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ചുമതല നൽകിയിട്ടുണ്ട്. ഇക്കാര്യം പ്രത്യേകം പരിശോധിച്ച് ചാലക്കുടിപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചുമതല നൽകിക്കൊണ്ട് പ്രസ്തുത നദിയും

ഉപനദികളിലും കേന്ദ്രീകരിച്ച് ഡിസിൽറ്റിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നാണ് പറയാനുള്ളത്.

**11.26 a.m]**

**IV സബ്മിഷൻ**

(1) <u>പട്ടികജാതി കോളനികളിലെ ഹോമിയോ ഡിസ്പെൻസറികൾ</u>

<u>ഡോ. എം. കെ. മുനീർ</u>: സർ, സംസ്ഥാനത്തെ പട്ടികജാതി കോളനികളിൽ പത്തുവർഷമായി പ്രവർത്തിച്ചുവരുന്ന 29 ഹോമിയോ ഡിസ്പെൻസറികൾ നിലവിലുണ്ട്. ഈ ഹോമിയോ ഡിസ്പെൻസറികൾ പട്ടികജാതി കോളനികളിലെ പാവപ്പെട്ട മനുഷ്യർക്ക് നൽകുന്ന സേവനം വളരെ വലുതാണ്. കിടപ്പുരോഗികളെയും ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരെയും ജീവിതശൈലീ രോഗങ്ങളുള്ളവരെയുമൊക്കെ ഗൃഹസന്ദർശനം നടത്തി ചികിത്സിച്ചുവരുന്ന ഡിസ്പെൻസറികളാണിവ. 24-07-2019-ൽ അന്നത്തെ പട്ടികജാതി വികസന വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും സംയുക്തമായി നടത്തിയ യോഗതീരുമാന പ്രകാരം 29 ഹോമിയോ ഡിസ്പെൻസറികളെയും ആയുഷ് വകുപ്പ് എത്രയുംവേഗം

ഏറ്റെടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ മിനിട്ട്സ് എന്റെ കയ്യിലുണ്ട്. ഇത് ആയുഷ് വകുപ്പ് ഏറ്റെടുക്കുന്നതുവരെ മാത്രമാണ് പട്ടികജാതി വകുപ്പ് ഇതിന്റെ മറ്റ് ചെലവുകൾ നിർവ്വഹിക്കുക എന്നുള്ളത് അതിൽ കൃത്യമായി പറയുന്നുണ്ട്. ഈ 29 ഡിസ്പെൻസറികളുടെ കാര്യത്തിൽ ഇതുവരെ ഒരു തീരുമാനവുമായിട്ടില്ല. തത്വത്തിൽ അംഗീകരിച്ചുകൊണ്ട് തസ്തികകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആരോഗ്യ വകുപ്പ് ഉത്തരവ് ഇറക്കിയിരുന്നതിൽ ആയുഷ് വകുപ്പിനുവേണ്ടി മുന്നൂറോളം തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആയുർവേദിക് ഡിസ്പെൻസറികൾ ആയുഷ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഈ ഹോമിയോ ഡിസ്പെൻസറികൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണ്. ഇതിലെ പ്രധാനപ്പെട്ട തസ്തികകളിലെ ഡോക്ടർമാരുടെയും മറ്റ് അനുബന്ധ ജീവനക്കാരുടെയും കാര്യത്തിൽ തീരുമാനമെടുക്കേണ്ടതുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയാണ് ഇതിന് മറുപടി നൽകേണ്ടിയിരുന്നത്. ആരോഗ്യ വകുപ്പുമന്ത്രിക്കാണ് ഞാൻ നോട്ടീസ് കൊടുത്തിരുന്നത്. എന്നാൽ പട്ടികജാതി വികസന

വകുപ്പുമന്ത്രിയാണ് മറുപടി പറയുന്നത്. ശ്രീ. എ. കെ. ബാലൻ പട്ടികജാതി വികസന വകുപ്പുമന്ത്രിയും ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയും ആയിരുന്നപ്പോൾ എടുത്ത തീരുമാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 2012-13 കാലഘട്ടത്തിലാണ് പട്ടികജാതി വിഭാഗങ്ങൾ കൂടുതലായി തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് 29-ഓളം ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാൻ തീരുമാനിച്ചത്. നമ്മുടെ സംസ്ഥാനത്ത് 9 ജില്ലകളിലായിട്ടാണ് 29 ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നത്. ഈ ഡിസ്പെൻസറികളുടെ പ്രവർത്തനംകൊണ്ട് പട്ടികജാതി വിഭാഗങ്ങൾക്ക് ഒട്ടേറെ സഹായങ്ങൾ ആരോഗ്യരംഗത്ത് നൽകിവരുന്നുണ്ട്. അതിന്റെ പ്രവർത്തനത്തിനാവശ്യമായ മുഴുവൻ സാമ്പത്തികസഹായവും നൽകുന്നത് പട്ടികജാതി വികസന വകുപ്പാണ്. അതിന്റെ നടത്തിപ്പ് ചുമതല ആരോഗ്യവകുപ്പിനാണ്. ആരോഗ്യവകുപ്പിനുതന്നെ ഇത്

വിട്ടുകൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. അതുസംബന്ധിച്ച് മുൻഗവൺമെന്റിന്റെ കാലത്ത് ചർച്ച നടന്നിട്ടുണ്ടെന്നുള്ളത് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആരോഗ്യവകുപ്പുമന്ത്രിയും പട്ടികജാതി വികസന വകുപ്പുമന്ത്രിയും അതുസംബന്ധിച്ച് ചർച്ച നടത്തുന്നുണ്ടെങ്കിലും അന്തിമ തീരുമാനമെടുത്തിട്ടില്ല. തുടർന്നും ആയുഷ് വകുപ്പുമായി ചർച്ച ചെയ്തുകൊണ്ട് ആവശ്യമായ തീരുമാനമെടുക്കാം. ഹോമിയോ ഡിസ്പെൻസറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ആരോഗ്യവകുപ്പുതന്നെ കൈകാര്യം ചെയ്യുന്നതാണോ നല്ലത് അതോ എസ്.സി. ഡിപ്പാർട്ടുമെന്റിൽനിന്ന് ധനസഹായം മാത്രം കൊടുത്തുകൊണ്ടുള്ള പദ്ധതിയുമായി മുന്നോട്ടുപോകണോ എന്ന കാര്യം ആരോഗ്യവകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാം.

## (2) ചെർപ്പുളശ്ശേരി കുടിവെള്ള പദ്ധതി

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിക്കും ചളവറ, അനങ്ങനടി, തൃക്കടീരി പഞ്ചായത്തുകൾക്കുമായി സ്റ്റേറ്റ് പ്ലാനിലും ജൽജീവൻ പദ്ധതിയിലുമായി

207.81 കോടി രൂപയുടെ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 13-10-2022-നാണ് വർക്ക് ഓർഡർ കൊടുത്തത്. എഗ്രിമെന്റ് വച്ചത് 21-10-2022-നാണ്. ജൽജീവൻ പദ്ധതിയുടെ കാലാവധി 2024-ൽ അവസാനിക്കുമെന്നാണ് പറയുന്നത്. ഇതിനിടയിൽ പദ്ധതിയുടെ നിർമ്മാണപ്രവർത്തനം പൂർത്തിയാക്കുന്നതിനുള്ള ചില പ്രായോഗിക തടസ്സങ്ങളും വരുന്നുണ്ട്. ബി.എം. ചെയ്ത മൂന്നുറോഡുകളിൽക്കൂടിയാണ് പ്രധാനപ്പെട്ട പമ്പിംഗ് ലൈനിലേയ്ക്ക് / ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്ക് വെള്ളം എത്തുന്നത്. ഡിസ്ട്രിബ്യൂഷൻ ലൈനുമായി ബന്ധപ്പെട്ടുകൊണ്ടും ചില തടസ്സങ്ങളുണ്ട്. വിവിധ പദ്ധതികളുടെ നിർമ്മാണപ്രവർത്തനം നടക്കുന്ന റോഡുകളിലൂടെയാണ് പൈപ്പ്ലൈൻ എക്സ്റ്റൻഡ് ചെയ്യേണ്ടത്. സമയബന്ധിതമായി ഈ പ്രവൃത്തി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാന്യനായ മന്ത്രിയോട് ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പ്രിയപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച കാര്യങ്ങൾ ഏറെ ശ്രദ്ധേയമായിട്ടുള്ളതാണ്.

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി, അനങ്ങനടി, ചളവറ, തൃക്കടീരി എന്നീ ഗ്രാമപഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി 157.81 കോടിരൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി, അനങ്ങനടി, തൃക്കടീരി, ചളവറ ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്കായുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിയിൽ ചെർപ്പുളശ്ശേരി സ്വാമിയാർകുന്നിൽ 22 ദശലക്ഷം ലിറ്റർ സ്ഥാപിതശേഷിയുള്ള ജലശുദ്ധീകരണശാല, തൂതപ്പുഴയിൽ-പാപ്പറമ്പിൽ 9 മീറ്റർ വ്യാസമുള്ള കിണർ, 3000 മീറ്റർ നീളത്തിൽ റാ വാട്ടർ പമ്പിംഗ് മെയിൻ, 250 എച്ച്.പി. വെർട്ടിക്കിൾ ടർബൈൻ, റാ വാട്ടർ പമ്പ്സെറ്റുകൾ മൂന്നെണ്ണം, മൂന്ന് ഗ്രാമപഞ്ചായത്തുകളിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ഉന്നതതല/ഭൂതലജല സംഭരണികൾ, വിതരണശൃംഖലകൾ, 15364 ഗാർഹിക കുടിവെള്ള കണക്ഷനുകൾ എന്നിവയാണ് പ്രധാന ഘടകങ്ങൾ. ഇതുകൂടാതെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ കുടിവെള്ള പദ്ധതിക്കായി

10 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ്സെറ്റുകൾ, സ്വാമിയാർകുന്നിൽ 22 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി, 9275 മീറ്റർ വിതരണശൃംഖല എന്നിവയാണ് ഇതിലുൾപ്പെട്ടിട്ടുള്ളത്. ജൽജീവൻ മിഷൻ, സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ സംയോജിപ്പിച്ച് നാല് പാക്കേജുകളിലായിട്ടാണ് നിർമ്മാണപ്രവർത്തനം ഏർപ്പാടാക്കിയിട്ടുള്ളത്. പാപ്പറമ്പിൽ ചളവറ പഞ്ചായത്തിനുവേണ്ടി 12 ലക്ഷം ലിറ്റർ, തൃക്കടീരി പഞ്ചായത്തിനുവേണ്ടി 5 ലക്ഷം ലിറ്റർ, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിക്കായി 27 ലക്ഷം ലിറ്റർ എന്നീ ഉന്നതതല ജല സംഭരണികൾ, അനങ്ങനടി പഞ്ചായത്തിനുവേണ്ടി 5 ലക്ഷം ലിറ്റർ ഉപരിതല സംഭരണി എന്നിവയുടെ നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 22-7-2022-ന് ടെണ്ടർ ചെയ്ത് 19-10-2022-ന് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചു. അനങ്ങനടി പഞ്ചായത്തിൽ 139.58 കിലോമീറ്റർ നീളത്തിൽ വരുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 17-5-2022-ന് ടെണ്ടർ ചെയ്ത് 5-9-2022-ന് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചു. ചളവറ പഞ്ചായത്തിൽ 185.93 കിലോമീറ്റർ നീളത്തിൽ വിതരണ ശൃംഖല

സ്ഥാപിക്കുന്ന പ്രവൃത്തി 17-5-2022-ന് ടെണ്ടർ ചെയ്ത് 13-9-2022-ന് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചു. തൃക്കടീരി പഞ്ചായത്തിൽ 138.35 കിലോമീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 16-8-2022-ന് ടെണ്ടർ ചെയ്ത് 21-10-2022-ന് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചു.

കെ.ആർ.എഫ്.ബി.-യുടെ അധീനതയിലുള്ള ഒറ്റപ്പാലം-പെരിന്തൽമണ്ണ റോഡിൽ 5 കിലോമീറ്റർ റോഡ് കട്ടിംഗിന് അനുമതി ലഭിക്കുവാനുണ്ട്. ആയതിനുള്ള അപേക്ഷ കെ.ആർ.എഫ്.ബി.-ക്ക് ഓൺലൈൻ ആയി 27-10-2022-ന് സമർപ്പിച്ചിട്ടുണ്ട്. സംയുക്ത സ്ഥല പരിശോധന 1-2-2023-ന് നടന്നു. 4-2-2023-ന് കിഫ്ബി ഇൻസ്പെക്ഷൻ വിംഗിന്റെ സ്ഥലപരിശോധന നിശ്ചയിച്ചിട്ടുണ്ട്. ഈ സ്ഥലപരിശോധനകൂടി കഴിഞ്ഞാൽ മാത്രമേ റോഡ് കട്ടിംഗ് സംബന്ധിച്ച് വ്യക്തത വരികയുള്ളൂ. പി.ഡബ്ല്യൂ.ഡി. അധീനതയിലുള്ള കുളപ്പുള്ളി-എലിയപറ്റ റോഡ് ടാർ കട്ടിംഗിനായി 4-1-2023-ന് പി.ഡബ്ല്യൂ.ഡി. റോഡ്സ് ഡിവിഷന് (പാലക്കാട്) അനുമതിക്കായി ഓൺലൈനിൽ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത

റോഡ് 15-4-2022 മുതൽ 14-4-2024 വരെ ഡി.എൽ.പി. ആയതിനാൽ റോഡ് കട്ടിംഗിനുള്ള അനുമതി നിഷേധിച്ചിരിക്കുകയാണ്.

പി.ഡബ്ല്യൂ.ഡി. അധീനതയിലുള്ള കോതക്കുർശ്ശി-ചേറുമ്പറ്റക്കാവ് റോഡിന്റെ ടാർ കട്ടിംഗിനായി 4-1-2023-ന് ഓൺലൈനായി അപേക്ഷ സമർപ്പിച്ചു. പ്രസ്തുത റോഡ് 15-4-2022 മുതൽ 14-4-2024 വരെ ഡി.എൽ.പി.-ആയതിനാൽ അനുമതി നിഷേധിച്ചിരിക്കുകയാണ്. പി.ഡബ്ല്യൂ.ഡി. അധീനതയിലുള്ള വാണിയംകുളം-വല്ലപ്പുഴ റോഡിൽ 20-12-22-ന് റോഡ് കട്ടിംഗ് അനുമതിക്കായി ഓൺലൈനായി അപേക്ഷ സമർപ്പിച്ചു. വകുപ്പുകളുടെ സംയുക്തപരിശോധന നടത്തിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. (എൻ.എച്ച്.) ഈ റോഡിൽ പ്രവൃത്തി ചെയ്ത് പി.ഡബ്ല്യൂ.ഡി. റോഡ്സിന് കൈമാറിയിട്ടുള്ളതാണ്. ആയതിനാൽ പി.ഡബ്ല്യൂ.ഡി. റോഡ്സ് ഡിവിഷൻ റോഡ് കട്ടിംഗിന് അനുമതി നൽകണമെങ്കിൽ പി.ഡബ്ല്യൂ.ഡി. എൻ.എച്ച്. വിഭാഗത്തിൽനിന്നും എൻ.ഒ.സി. ലഭ്യമാകേണ്ടതുണ്ട്.

പി.ഡബ്ല്യൂ.ഡി. റോഡ്സ് ഡിവിഷന്റെ (പാലക്കാട്) അധീനതയിലുള്ള കൃഷ്ണപ്പടി-കയിലിയാട് റോഡ് ടാർ കട്ടിംഗിനായി 4-1-2023-ന്

ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ജോയിന്റ് ഇൻസ്പെക്ഷൻ കഴിഞ്ഞ് പി.ഡബ്ള്യു.ഡി.-യിൽനിന്നും അനുമതി ലഭിക്കാനുണ്ട്. മേൽപ്പറഞ്ഞ റോഡ് കട്ടിംഗിനായുള്ള അനുമതിയുംകൂടി ലഭ്യമായാൽ മാത്രമേ ഈ മൂന്നുപഞ്ചായത്തുകളിലും 15364 എഫ്.എച്ച്.ടി.സി.-കൾ നൽകുവാനും സമഗ്ര കുടിവെള്ള പദ്ധതി പൂർത്തീകരിക്കാനും സാധിക്കുകയുള്ളൂ. ഇക്കാര്യംകൊണ്ടുതന്നെ ഈ വിഷയം ഏറെ ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി എന്താണ് ചെയ്യാൻ കഴിയുകയെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി കൂടിയാലോചന നടത്തുന്നതാണ്.

## (3) <u>തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, പുതുക്കാട് മണ്ഡലത്തിൽ നിർമ്മാണാനുമതി ലഭിച്ച് 17 വർഷം പിന്നിട്ട വരന്തരപ്പിള്ളി പഞ്ചായത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം ഇതുവരെയും പൂർത്തിയാക്കിയിട്ടില്ല. അഞ്ച് പഞ്ചായത്തുകളുടെ കുടിവെള്ളത്തിനും ജലസേചനത്തിനും ഏറെ സഹായകരമായ തോട്ടുമുഖം

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഒന്നാംഘട്ടം ഉടൻ പൂർത്തിയാക്കി ജനങ്ങൾക്ക് പ്രയോജനകരമാക്കേണ്ടതുണ്ട്. പൈപ്പുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിന് ഉണ്ടായിരുന്ന തടസ്സങ്ങൾ ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും സജീവമായ ഇടപെടലുകളോടെ നീക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. പൈപ്പുകൾ പൂർണ്ണമായും സ്ഥാപിച്ചും ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിച്ചും തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ജി.എസ്.ടി. അനുവദിച്ച് നൽകുന്നത് സംബന്ധിച്ചും പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിക്കുന്നത് സംബന്ധിച്ചും ചില തടസ്സവാദങ്ങൾ ഉണ്ടായിരിക്കുന്നതുമൂലം കരാറുകാരൻ പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടണമെന്നും പ്രവൃത്തി ഉടൻ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി ജനങ്ങൾക്ക് സമർപ്പിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിനും

ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് ഫണ്ട് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാന്യനായ എം.എൽ.എ. ശ്രീ. കെ. കെ. രാമചന്ദ്രൻ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് സൂചിപ്പിച്ചിട്ടുള്ളത്. കുറുമാലി നദിയിൽനിന്നും വെള്ളം പമ്പ് ചെയ്ത് പീച്ചി സ്കീമിന്റെ ആമ്പല്ലൂർ ബ്രാഞ്ച് കനാലിന്റെ അറ്റത്തേയ്ക്കും പാലാമ്പ്രകുന്ന് ഭാഗത്തേയ്ക്കും വെള്ളം എത്തിക്കുന്നതിനുവേണ്ടിയാണ് വരന്തരപ്പിള്ളി പഞ്ചായത്തിലെ തോട്ടുമുഖം എൽ.ഐ.സ്കീം ആസൂത്രണം ചെയ്തിട്ടുള്ളത്. ടി പദ്ധതിക്ക് 22-5-2014-ൽ 11.18 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും 10.17 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ബാലൻസ് സിവിൽ പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചു. 06-01-2020-ൽ ശ്രീ. ടോജി കുര്യൻ എന്ന കരാറുകാരൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഉടമ്പടി വച്ച് 05-01-2020-ന് പ്രവൃത്തി ആരംഭിച്ചെങ്കിലും ടി

പദ്ധതിയുടെ ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി 31-03-2023 വരെയാണ്. പ്രസ്തുത പ്രവൃത്തിയിൽ Item No.1 –Trough- നിർമ്മാണം, നിലവിലുള്ള പീച്ചി കനാലിന്റെ ലൈനിംഗ്, മോട്ടോർ ഫൗണ്ടേഷൻ നിർമ്മാണം എന്നിവയുടെ പൂർത്തീകരണം ഉൾപ്പെടെ 92 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ് ഹൗസിനുള്ളിലെ സക്ഷൻ ഡെലിവറി പൈപ്പുകൾ സ്ഥാപിക്കൽ, 570 മീറ്റർ ഡി.ഐ. പൈപ്പുകളുടെ പണികൾ, സെപ്റ്റിക് ടാങ്ക് നിർമ്മാണം എന്നിവ മാത്രമാണ് ഇനി നിർവ്വഹിക്കാനുള്ള പ്രവൃത്തികൾ. നിലവിലെ സാങ്കേതികാനുമതി എസ്റ്റിമേറ്റിൽ മോട്ടോറും പമ്പ് സെറ്റും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഉൾപ്പെട്ടിട്ടില്ലാത്തതിനാലും പദ്ധതി നിർവ്വഹണത്തിന് തടസ്സം വരാത്തവിധം നിലവിൽ ആവശ്യമായിട്ടുള്ള അലൈൻമെന്റിൽ മാറ്റം അനിവാര്യമായതിനാലും പുതുക്കിയ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ ടി പ്രവൃത്തിയുടെ 1 മുതൽ 5 വരെയുള്ള പാർട്ട് ബില്ലുകൾക്ക് കരാർ ഉടമ്പടിയിലെ വ്യവസ്ഥ അനുസരിച്ച് 12% ജി.എസ്.ടി. അടക്കം ഡിവിഷൻ

കാര്യാലയത്തിൽനിന്നും പേമെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ ബിൽ തുകയോടൊപ്പം 12% ജി.എസ്.ടി. കൂടി നൽകിയത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായതിനാൽ, ശേഷമുള്ള 6, 7 പാർട്ട് ബില്ലുകൾക്ക് ജി.എസ്.ടി. തുക നൽകിയിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ഒബ്ജക്ഷന്റേയും കരാറുകാരന്റെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ ജി.എസ്.ടി. നൽകേണ്ട കാര്യത്തിൽ നിർദ്ദേശം നൽകണമെന്ന് അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിലേയ്ക്ക്, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ടി പേമെന്റ് നടത്തുന്നതാണ്. പദ്ധതിയിൽ ഉൾപ്പെട്ട ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും കരാറുടമ്പടി വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തികൾ മാർച്ച് 31-നകം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി ട്രാൻസ്ഫോർമർ യാർഡ്, പമ്പ് ഹൗസിന് മുകളിലുള്ള ട്രസ്സ്

വർക്ക്, കോമ്പൗണ്ട് വാൾ എന്നീ പ്രവൃത്തികൾ കൂടി പൂർത്തീകരിക്കാനുണ്ട്. മേൽ പ്രവൃത്തികൾ ഉൾപ്പെട്ട 50 ലക്ഷം രൂപ അടങ്കൽ തുകയുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്. നിലവിലുള്ള പദ്ധതികൾ പൂർത്തീകരിച്ചതിനുശേഷം അതിന്റെ പ്രവർത്തനം വിലയിരുത്തി സാധ്യതാപഠനം നടത്തി തുടർപദ്ധതി ആസൂത്രണം ചെയ്യുവാനാവശ്യമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്.

(4) കോണോത്തുപുഴ പുനരുദ്ധാരണം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എറണാകുളം ജില്ലയിലെ കോണോത്തുപുഴ നവീകരണത്തിനായി 26 കോടി രൂപയുടെ ഭരണാനുമതി 07-03-2022-ന് നൽകിയിട്ടുണ്ടെന്ന് അങ്ങേയ്ക്കറിയാം. പുഴയുടെ പുത്തൻകാവ് മുതൽ വെട്ടുവേലിക്കടവ് വരെയുള്ള 17 കി.മീ. ദൂരമാണ് നവീകരിക്കേണ്ടത്. ഇത്രയും ദൂരത്തിൽ പുഴ ശുദ്ധീകരിക്കുക, ഡീസിൽറ്റ് ചെയ്യുക, ബണ്ട് നിർമ്മിക്കുക, പുഴയുടെ സംരക്ഷണഭിത്തി നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുന്നത്. ഇതിനുവേണ്ടി 17 കോടി രൂപയുടെ

എസ്റ്റിമേറ്റാണ് ആദ്യം തയ്യാറാക്കിയിരുന്നത്. എന്നാൽ പല കാരണങ്ങൾകൊണ്ട് ഭരണാനുമതി നൽകുന്നത് നീണ്ടുപോകുകയും 2018-ലെ ഡി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ അത് 26 കോടി രൂപയായി മാറുകയും ചെയ്തു. ഭരണാനുമതി ലഭിച്ച് ഏകദേശം ഒരു വർഷം പൂർത്തിയാകാൻ പോകുന്ന ഈ പ്രവൃത്തിക്ക് ഇതുവരെയും സാങ്കേതികാനുമതി നൽകിയിട്ടില്ല. പ്രവൃത്തി ആരംഭിക്കാൻ ഇനിയും കാലതാമസം വരികയാണെങ്കിൽ വീണ്ടും റേറ്റ് റിവിഷൻ വരികയും അടങ്കൽത്തുക 26 കോടി രൂപയിൽ നിന്നും ഉയരാൻ ഇടയാകുകയും ചെയ്യും. അതുമാത്രമല്ല ഇത്തരം പ്രവൃത്തികൾ മഴയില്ലാത്ത സമയത്തുമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് അങ്ങേയ്ക്കറിയാമെന്ന് ഞാൻ കരുതുന്നു. ഇതെല്ലാം കണക്കിലെടുത്ത് എത്രയുംവേഗം ഈ പ്രവൃത്തി ആരംഭിക്കുന്നതിന് സാങ്കേതികാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്. എറണാകുളം ജില്ലയിലെ കോണോത്തുപുഴ പുത്തൻകാവ് മുതൽ

വെട്ടുവേലിക്കടവ് വരെ 17 കി.മീ. പുനരുദ്ധാരണത്തിനായി 07-03-2022-ലെ സ.ഉ. (സാധാ) നം. 171/2022/ജവിവ പ്രകാരം 12 ശതമാനം ജി.എസ്.ടി. ഉൾപ്പെടെ 26 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു.

ഐ.ഡി.ആർ.ബി.-യിൽ നിന്നും ലഭിച്ച tentative design അനുസരിച്ച് സ്പാനുകളുടെ എണ്ണം വർദ്ധിച്ചതിനാലും നിലവിലെ ജി.എസ്.ടി. തുക 18 ശതമാനമായതിനാലും എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഏകദേശം 35 കോടി രൂപ ആവശ്യമായി വന്നു. ഭരണാനുമതി ലഭിച്ച തുകയ്ക്കുള്ളിൽ അടിയന്തിരമായി പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തികളെ ഫേസ്-1, ഫേസ് -2 എന്നാക്കി വിഭജിച്ച് 18 ശതമാനം ജി.എസ്.ടി. ഉൾപ്പെടെ 18 കോടി രൂപ ഫേസ്- 1, 8 കോടി രൂപ ഫേസ്- 2 എന്നിങ്ങനെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നെടുങ്ങാപ്പുഴ പാലത്തിന്റെ നിർമ്മാണം ഒഴിവാക്കി രണ്ട് ഫേസുകളായി പ്രവൃത്തി നടപ്പിലാക്കുന്നതിന് 30-01-2023-ലെ സ.ഉ (സാധാ) നം. 118/2023/ജവിവ പ്രകാരം 26 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവിലെ സാങ്കേതികാനുമതി നൽകുമ്പോൾ

പാലിക്കേണ്ട നിബന്ധനകൾ അനുസരിച്ചും ഐ.ഡി.ആർ.ബി.യിൽ നിന്നും ലഭിക്കുന്ന അന്തിമ രൂപരേഖയുടെ അടിസ്ഥാനത്തിലും സാങ്കേതികാനുമതി നൽകി കോണോത്തുപുഴയുടെ പുനരുദ്ധാരണ പ്രവൃത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) <u>പയ്യന്നൂരിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ</u>

<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u> സർ, ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 3 കോടി രൂപാവീതം ഓരോ വിദ്യാലയങ്ങൾക്കും അനുവദിച്ചിരുന്നു. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായി കഴിഞ്ഞിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. അതിൽ പയ്യന്നൂർ മണ്ഡലത്തിലെ മാതമംഗലം ഹയർസെക്കണ്ടറി സ്കൂളും ഉൾപ്പെടുന്നുണ്ട്. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത സ്കൂളുകളുടെ ലിസ്റ്റിൽ പയ്യന്നൂർ മണ്ഡലത്തിൽനിന്നും ഷേണായി സ്മാരക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കണ്ടങ്ങാടി;

വെള്ളൂർ ജി.എച്ച്.എസ്.എസ്., മാത്തിൽ ജി.എച്ച്.എസ്.എസ്., വയൽക്കര ജി.എച്ച്.എസ്.എസ്., എന്നീ നാല് സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ എസ്.പി.വി. കിലയാണ്. ഈ നാല് സ്കൂളുകൾക്കും കിഫ്ബിയിൽനിന്നും ധനാനുമതി ലഭിക്കുകയും എസ്.പി.വി. ആയ കില സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സാങ്കേതികാനുമതിക്ക് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചാൽ മാത്രമേ പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ സാധിക്കുകയുള്ളൂ. കിഫ്ബിയിൽനിന്നും അംഗീകാരം വൈകുന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഇനിയും കാലതാമസം വരാതെ ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പയ്യന്നൂർ നിയോജകമണ്ഡലത്തിലെ നാല് സ്കൂളുകൾക്ക് ഭൗതിക സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി മൂന്നുകോടി രൂപ അനുവദിച്ചു. നിലവിലുള്ള നിർമ്മാണങ്ങൾക്ക് 2018-ലെ പുതുക്കിയ

ഡി.എസ്.ആർ./ജി.എസ്.ടി. നിരക്ക് ബാധകമാക്കിയതിനാൽ 3.90 കോടി രൂപ വീതമുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത നിർമ്മാണങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

ഷേണായി സ്മാരക ഗവൺമെന്റ് എച്ച്.എസ്.എസ്. സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിലയിൽനിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നുള്ള അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും പ്രൊട്ടക്റ്റീവ് എക്സിക്യൂട്ടീവ് ഡോക്യുമെന്റ് (PED) അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വെള്ളൂർ ഗവൺമെന്റ് എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. തയ്യാറാക്കി കിലയിൽനിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സബ് പ്രോജക്റ്റ് റിവിഷൻ നടത്തി സാങ്കേതികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നുള്ള പി.ഇ.ഡി. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മാത്തിൽ ഗവൺമെന്റ് എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. തയ്യാറാക്കി കിലയിൽനിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

വയൽക്കര ഗവൺമെന്റ് എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. തയ്യാറാക്കി കിലയിൽനിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയും അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതിന് പ്രസ്തുത പ്രവൃത്തികളുടെ പി.ഇ.ഡി. കിഫ്ബി അംഗീകരിക്കേണ്ടതായിട്ടുണ്ട്. പി.ഇ.ഡി. ഡോക്യുമെന്റ് കിഫ്ബിക്ക് സമർപ്പിക്കുന്നതിൽ ചില തിരുത്തലുകൾ നിർദ്ദേശിച്ചിട്ടുള്ളത് ചർച്ച ചെയ്ത് പരിഹരിച്ചുവരുന്നു. ഇതാണ് നിലവിലെ സ്ഥിതി. പല പണികളും ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. നാല് സ്കൂളുകളുടെയും വിഷയം ചർച്ച ചെയ്യുന്നതിന് കിലയുടെയും കിഫ്ബിയുടെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം നിയമസഭാ സമ്മേളനം ചേരുന്ന സമയത്ത് വിളിച്ചുചേർത്ത് പരിഹാരം കാണാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാം.

## (6) പുതുമൺ പാലം പുനർനിർമ്മാണം

ശ്രീ. പ്രമോദ് നാരായൺ: സർ, മലയോര മേഖലയുടെ കവാടവും കേന്ദ്രവും റാന്നിയിലെ സുപ്രധാന സഞ്ചാരമാർഗ്ഗവുമായ റാന്നി-കോഴഞ്ചേരി പാതയിലെ പുതുമൺ പാലം അപകടാവസ്ഥയിലായതിനാൽ പുനർനിർമ്മിക്കണമെന്നും നിലവിലുള്ള ഗതാഗതസ്തംഭനം പരിഹരിക്കാൻ താൽക്കാലിക പാലം നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നമാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്. റാന്നിയിലെ ജനങ്ങളെ കോഴഞ്ചേരി-തിരുവല്ല-ചെങ്ങന്നൂർ ടൗണുകളുമായും റെയിൽവേ സ്റ്റേഷനുകളിലേയ്ക്കും വിമാനത്താവളങ്ങളിലേയ്ക്കുമുള്ള പാതകളുമായും ബന്ധിപ്പിക്കുന്ന പാതയിലെ ഈ പാലം 1957-നുമുൻപ് നിർമ്മിച്ചതാണ്. കരിങ്കല്ലുകൊണ്ട് നിർമ്മിച്ച പാലത്തിന്റെ രണ്ട് ഭാഗത്തേയ്ക്കുള്ള സ്ലാബുകളുടെ നിർമ്മാണം മാത്രമാണ് 2008-ൽ നടന്നത്. നിലവിലുള്ള ഈ പാലത്തിന്റെ ബീമുകൾ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായതിനാൽ ഗതാഗതം പൂർണ്ണമായും നിരോധിച്ചിരിക്കുകയാണ്. എഴുപതിലേറെ സർവ്വീസുകൾ നടത്തിയിരുന്ന

ബസ്സുകൾ പൂർണ്ണമായും ഗതാഗതം നിർത്തുകയും വിദ്യാർത്ഥികളുൾപ്പെടെയുള്ള യാത്രക്കാർ റാന്നി-കോഴഞ്ചേരി പാതയിൽ 12 കി. മീ. അധികമായി യാത്ര ചെയ്യേണ്ടിവരികയും ചെയ്യുന്നു. ഈ പാതയുടെ വീതി കുറവായതിനാൽ പൂർണ്ണമായ ഗതാഗത സ്തംഭനമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ശബരിമല തീർത്ഥാടന കാലത്ത് ഈ പാതയ്ക്കുള്ള സവിശേഷത ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രിക്കുതന്നെ നേരിട്ടറിയാം. ശബരിമല തീർത്ഥാടനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിട്ടെത്തി റോഡുകളുടെ കുറവ്/അവസ്ഥയെന്തെന്ന് കണ്ട് ബോധ്യപ്പെട്ട് ആ കുറവുകൾ പരിഹരിക്കാൻ രണ്ട് ദിവസം അഞ്ഞൂറ് കിലോമീറ്ററിലേറെ യാത്ര ചെയ്ത് അടിയന്തര നടപടി സ്വീകരിച്ചുവെന്നത് ശബരിമല സ്ഥിതി ചെയ്യുന്ന മണ്ഡലത്തിലെ എം.എൽ.എ. എന്ന നിലയിൽ ആഹ്ലാദത്തോടെ ഈ സാഹചര്യത്തിൽ പരാമർശിക്കാനും ഞാൻ ആഗ്രഹിക്കുകയാണ്. ഈ പാതയിലൂടെയാണ് ശബരിമല തീർത്ഥാടനം പോലെതന്നെ നൂറ്റാണ്ടുകളുടെ തീർത്ഥാടന പാരമ്പര്യമുള്ള മാരാമൺ കൺവെൻഷൻ സെന്ററിലേയ്ക്കും

ചെറുകോൽപ്പുഴ ഹിന്ദുമത കേന്ദ്രങ്ങളിലേയ്ക്കും ജനങ്ങൾ എത്തുന്നത്. 24 മണിക്കൂറിനുള്ളിൽ ഈ സ്ഥലം സന്ദർശിക്കണമെന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം ചീഫ് എഞ്ചിനീയറുൾപ്പെടെയുള്ളവർ അവിടെ സന്ദർശനം നടത്തുകയുണ്ടായി. പുതുമൺ പാലത്തിന്റെ നിർമ്മാണം ഏറ്റവും വേഗത്തിലാക്കാൻ നടപടിയുണ്ടാകണം. നിലവിൽ ഗതാഗതം സ്തംഭിച്ചിരിക്കുന്നതിനാൽ അവിടെയുള്ള പെരുംതോടിന് കുറുകെ ഒരു താൽക്കാലിക പാലം നിർമ്മിക്കാനും അടിയന്തര നടപടിയുണ്ടാകണമെന്നും സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പുതുമൺ പാലത്തിന് 13½ മീറ്റർ നീളവും 10.20 മീറ്റർ വീതിയുമുണ്ട്. കാലപ്പഴക്കംമൂലം ഇരു ബീമുകൾക്കും abutment-ൽനിന്നും രണ്ട് മീറ്ററോളം മാറി ഒടിവ് സംഭവിച്ചിട്ടുണ്ട്. റാന്നി താലൂക്കിലെ പുതുമൺ പാലം ശ്രീ. പ്രമോദ് നാരായൺ ജനിക്കുന്നതിന് 23 വർഷം മുമ്പുള്ളതാണ്, ഏതാണ്ട് 70 വർഷത്തോളം പഴക്കമുണ്ട്. നിലവിൽ ഇതിന്റെ സ്ലാബ് താഴ്ന്നുപോയിട്ടുണ്ട്. ഈ പാലത്തിലൂടെയുള്ള ഗതാഗതം നിരോധിച്ച് വേലികെട്ടി പോലീസിന്റെ

സഹായത്തോടുകൂടി വാഹനങ്ങൾ വഴിതിരിച്ചുവിട്ടിരിക്കുകയാണ്. 4.20 മീറ്റർ വീതിയുണ്ടായിരുന്ന പാലം ഏകദേശം 10 വർഷങ്ങൾക്കുമുമ്പ് 3 മീറ്റർവീതം ഇരുവശങ്ങളിലേയ്ക്കും വീതികൂട്ടി നിർമ്മിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയ ഘട്ടത്തിൽതന്നെ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തെ പരിശോധനയ്ക്ക് നിയോഗിക്കുകയും അവർ സ്ഥലം സന്ദർശിച്ച് മധ്യഭാഗത്തെ പഴയപാലം അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്താൻ കഴിയാത്തവിധം ബീമുകൾക്ക് ഒടിവ് സംഭവിച്ചതിനാൽ പാലം വളരെ അപകടാവസ്ഥയിലാണെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. പാലം പൂർണ്ണമായി പൊളിച്ച് പുനർനിർമ്മിക്കേണ്ട സ്ഥിതിയാണുള്ളത്. പാലം പുനർനിർമ്മാണത്തിനായുള്ള മണ്ണ് പരിശോധന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന് ഉടൻ ഭരണാനുമതി നൽകി മറ്റ് പ്രവർത്തനങ്ങളിലേയ്ക്ക് കടക്കുമെന്ന വിവരം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ താൽക്കാലിക ഡൈവേർഷൻ റോഡ് നിർമ്മിക്കാനുള്ള സാധ്യതയും പരിശോധിച്ചുവരുന്നുണ്ട്.

## (7) സീപോർട്ട്-എയർപോർട്ട് റോഡ്

ശ്രീ. അൻവർ സാദത്ത്: സർ, പലപ്രാവശ്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയംതന്നെയാണ് ഞാൻ ഇന്നും ആവർത്തിക്കുന്നത്. എറണാകുളത്തെ പ്രധാനപ്പെട്ട പ്രോജക്ടാണ് എയർപോർട്ട്-സീപോർട്ട് റോഡ്. അതിന്റെ എൻ.എ.ഡി. ജംഗ്ഷൻ മുതൽ മഹിളാലയം വരെയുള്ള റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ഏകദേശം 437 കോടി രൂപയോളം അനുവദിച്ചെങ്കിലും പ്രവൃത്തി സമയബന്ധിതമായി തീർക്കാൻ സാധിക്കുന്നില്ല. ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്തുനിന്നും നിരന്തരമായ വീഴ്ചയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അവർ ഭൂമിയേറ്റെടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കാത്തതിനാൽ ഈ പദ്ധതി തുടങ്ങി 20 വർഷമായിട്ടും അവിടത്തെ ജനങ്ങൾ വലിയ ദുരിതമനുഭവിക്കുകയാണ്. ജനങ്ങൾക്ക് ഭൂമി വിൽക്കാനോ സർക്കാരിന് അത് ഏറ്റെടുക്കാനോ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ കല്യാണമുൾപ്പെടെയുള്ള പല പ്രധാനപ്പെട്ട ആവശ്യങ്ങൾക്കും സാമ്പത്തികമായി വളരെ പ്രതിസന്ധി അനുഭവിക്കുകയാണ് അവിടത്തെ

സാധാരണക്കാരായ ജനങ്ങൾ. പദ്ധതിപ്രദേശത്തെ ജനങ്ങളുടെ ദുരിതമാണിത്. അവർ ചെകുത്താനും കടലിനും ഇടയിൽപ്പെട്ട അവസ്ഥയിലാണ്. സർക്കാർ തുക അനുവദിച്ചിട്ടുണ്ടെങ്കിലും അത് ജനങ്ങൾക്ക് വിതരണം ചെയ്യാൻ സാധിക്കാത്തതിനാൽ ഈ പ്രവൃത്തി സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കുന്നില്ല. എയർപോർട്ട്-സീപോർട്ട് റോഡുമായി ബന്ധപ്പെട്ട യോഗം ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് വിളിച്ച് ഈ പ്രവൃത്തി സമയബന്ധിതമായി തീർക്കണമെന്നാണ് എനിക്ക് ഓർമ്മിക്കാനുള്ളത്. അതോടൊപ്പം മഹിളാലയം മുതൽ എയർപോർട്ടുവരെയുള്ള ബാക്കിഭാഗത്തിന്റെ പ്രവൃത്തികൾക്ക് 160 കോടി രൂപയോളം ഇനി ചെലവ് വരും. അതുംകൂടി പൂർത്തിയായാൽ മാത്രമേ സീപോർട്ട്-എയർപോർട്ട് റോഡ് എന്ന നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാകുകയുള്ളൂ. ഈ വിഷയംകൂടി ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് എഴുതിക്കൊടുത്തിട്ടുണ്ടായിരുന്നു. ബഡ്ജറ്റ് ചർച്ചയുടെ അവസാനഘട്ടത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനുവേണ്ടത് 160 കോടി

രൂപയാണ്. അത്രയും ഇല്ലെങ്കിലും കുറച്ചുതുക അനുവദിച്ച് ഭൂമി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കണം. ഇത് ആലുവയുടെ മാത്രം പ്രോജക്ടല്ല. ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിനെകുറിച്ചുള്ള പൊതുചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ വളരെ പ്രധാനപ്പെട്ട ഈയൊരു പ്രോജക്ട് കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

നബാർഡ് സ്കീം പ്രകാരം ലഭിച്ചതാണ് നെടുമ്പാശ്ശേരി പഞ്ചായത്തിലെ ആലുങ്കൽക്കടവ് പാലം. പാലംപണി പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡ് പൂർത്തിയായിട്ടില്ല. ആനയെ വാങ്ങും എന്നാൽ കെട്ടാൻ ചങ്ങലയില്ല എന്ന അവസ്ഥയാണ്. അന്ന് ചില റവന്യൂ ഉദ്യോഗസ്ഥരുടെ അനാസ്ഥ കൊണ്ടാണ് ഭൂമിയേറ്റെടുക്കാതിരുന്നത്. നബാർഡ് സ്കീമിന്റെ സമയം കഴിഞ്ഞപ്പോൾ ഫണ്ട് ക്ലോസ് ചെയ്തുകഴിഞ്ഞു. ഇനി 2 കോടി രൂപയാണ് അപ്രോച്ച് റോഡിനുവേണ്ടത്. അപ്രോച്ച് റോഡിന് ഫണ്ട് അനുവദിച്ചിട്ടില്ല. ഈ റോഡിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ഇല്ലയോ എന്നതിനുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി പറയണം. അപ്രോച്ച് റോഡിന് ഫണ്ട് അനുവദിച്ചിട്ടും എം.എൽ.എ. താൽപ്പര്യമെടുത്ത് ആ റോഡുപണി

പൂർത്തീകരിക്കുന്നില്ലെന്ന ആക്ഷേപം നാട്ടിലുണ്ട്. രണ്ട് കോടിരൂപ അനുവദിച്ച് ഈ പാലം നിർമ്മിച്ചാൽ പറമ്പുശ്ശേരി, മള്ളുശ്ശേരി പ്രദേശവാസികൾക്ക് പ്രളയം വന്നാൽപോലും അത് വളരെ ഗുണകരമാകും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഇതിനാവശ്യമായ രണ്ട് കോടി രൂപ അനുവദിക്കണം. ഇങ്ങനെയുള്ള കള്ളപ്രചരണങ്ങൾ ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും ജനപ്രതിനിധികൾക്ക് നേരെയുണ്ടാകുന്നുണ്ട്. ഇതിനായി ഫണ്ട് അനുവദിച്ചിട്ടില്ലെങ്കിൽ അത് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിഷയം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്നാണ് അറിയാൻ സാധിച്ചത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സീപോർട്ട്-എയർപോർട്ട് റോഡ്, ആലുങ്കൽ കടവ് പാലം നിർമ്മാണം എന്നീ വിഷയങ്ങളാണ് ശ്രീ. അൻവർ സാദത്ത് സബ്മിഷനായി ഉന്നയിച്ചിട്ടുള്ളത്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി സീപോർട്ട്-എയർപോർട്ട് റോഡ് ഫേസ് 2 പാക്കേജ് I & II NAD ജംഗ്ഷൻ മുതൽ മഹിളാലയം വരെ നിർമ്മാണം നടത്താൻ എ.എസ്. നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിന്റെ ചുമതല RBDCK-യെ ഏൽപ്പിക്കുകയും സ്ഥലമെടുപ്പിനുൾപ്പെടെ പദ്ധതി നടത്തിപ്പിനായി 437,28,00,000 രൂപ അനുവദിക്കുകയും ചെയ്തു. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലേയ്ക്ക് നീങ്ങുകയാണ്. ഇതിനായി 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ലാൻഡ് സബ്ഡിവിഷൻ സർവ്വേ പ്രവൃത്തികൾ എൽ.എ. ഓഫീസിൽ നടന്നുവരികയാണ്. ആർ.ആർ. പാക്കേജ് ഹിയറിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് സ്ഥലം കൈമാറി ലഭിച്ചാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കാനാകും. മാഞ്ഞാലിത്തോടിനുകുറുകെയുള്ള ആലുങ്കൽകടവ് പാലം നിർമ്മാണമാണ് മറ്റൊരു വിഷയം. ആലുവ നിയോജകമണ്ഡലത്തിൽ മേയ്ക്കാടിനെയും പറമ്പിശ്ശേരിയെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി മാഞ്ഞാലിത്തോടിനുകുറുകെയാണ് ആലുങ്കൽകടവ് പാലം നിർമ്മിച്ചിരിക്കുന്നത്. 2017-ൽ ഈ പാലത്തിന്റെ നിർമ്മാണം പൂർത്തിയായതാണ്. എന്നാൽ സ്ഥലം ഏറ്റെടുത്ത് ലഭിക്കാത്തതുമൂലം

അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ഭൂമി വിട്ടുകിട്ടിയിട്ടുണ്ട്. ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിക്കുകയാണ്. അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും. സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രശ്നങ്ങളുടെ പേരിൽ അപ്രോച്ച് റോഡ് നിർമ്മിക്കാനാകാത്ത പാലങ്ങൾ നിലവിലുണ്ട്. അത്തരത്തിലുള്ള നിരവധി വിഷയങ്ങൾ ശ്രദ്ധയിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിന് പ്രത്യേകം പരിഗണന നൽകി നിർമ്മാണം സാധ്യമാക്കാൻ ശ്രമിക്കുകയാണ്. രണ്ട് ROB അപ്രോച്ച് റോഡിന് അനുമതി നൽകിക്കഴിഞ്ഞു. ഘട്ടംഘട്ടമായി ഇത് സാധ്യമാക്കാനുള്ള പ്രവർത്തനം സംഘടിപ്പിച്ചുവരികയാണ്.

(8) <u>ഇരിക്കൂർ പാലം പുനർനിർമ്മാണം</u>

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, കണ്ണൂർ ജില്ലയിൽത്തന്നെ ഏറ്റവും പഴക്കം ചെന്നതും ഏറ്റവും വലുതും പ്രാധാന്യമുള്ളതുമായ പാലങ്ങളിലൊന്നായ ഇരിക്കൂർ പാലം പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ

സബ്മിഷൻ ഉന്നയിക്കുന്നത്. ഇരിക്കൂർ പഞ്ചായത്തിനെ മാത്രമല്ല, മലയോരമേഖലയെ പുറം ലോകവുമായി ബന്ധിപ്പിക്കുന്ന പ്രവേശന കവാടം കൂടിയാണ് ഇരിക്കൂർ പാലം. ഇരിക്കൂർ-മട്ടന്നൂർ നിയോജകമണ്ഡലങ്ങളുടെ സംഗമകേന്ദ്രം കൂടിയാണിത്. പ്രസിദ്ധമായ മാമാനം ക്ഷേത്രം, നിലാമുറ്റം പള്ളി തുടങ്ങി മലയോര മേഖലയിലെ ടൂറിസം കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന, ആയിരക്കണക്കിനാളുകൾ യാത്ര ചെയ്യുന്ന ഒരു പ്രധാനപ്പെട്ട പാലമാണ് ഇരിക്കൂർ പാലം. നാളേറെയായി ഈ പാലം അപകടാവസ്ഥയിലാണ്. നിരവധി വർഷങ്ങളായി പുതിയ പാലത്തിനുവേണ്ടിയുള്ള മുറവിളി ഉയരുകയാണ്. വകുപ്പിലെ ഉദ്യോഗസ്ഥർ ആ പ്രദേശം പരിശോധിക്കാൻ തയ്യാറാകുകയും ഇവിടെ പാലം അനിവാര്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ കൈവരികൾ തകർന്ന് ദ്രവിച്ച് തീരാറായിരിക്കുകയാണ്. പാലത്തിന്റെ കോൺക്രീറ്റ് സ്ലാബുകൾ തകർന്ന് പല സ്ഥലത്തും വിള്ളലുകൾ സംഭവിച്ചു. പാലത്തിന്റെ തൂണുകൾ, കോൺക്രീറ്റുകൾ അടർന്നുവീണ് അടിഭാഗത്ത് വിള്ളൽ സംഭവിച്ചിരിക്കുകയാണ്. ഇനിയൊരു കാലവർഷത്തെക്കൂടി

അതിജീവിക്കാൻ പാലത്തിന് സാധിക്കുമോയെന്ന ആശങ്കയിലാണ് നാട്ടുകാർ. ഭാരം കയറ്റിയ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നാണ് ഡിപ്പാർട്ട്മെന്റ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്. പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 6 ലക്ഷം രൂപ അനുവദിക്കുകയും അത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്താൻ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുമുണ്ട്. ഈ പാലം നിർമ്മാണ പ്രവൃത്തി ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. മണ്ഡലത്തിലെ മൂന്ന് റോഡുകൾ കിഫ്ബി ഏറ്റെടുത്തിരുന്നെങ്കിലും നവീകരിക്കുക എന്നത് പ്രായോഗികമല്ലെന്ന കാരണത്താൽ ഒഴിവാക്കിയിരുന്നു. ഈ റോഡുകൾക്ക് പകരമായി ഇരിക്കൂർ പാലം കിഫ്ബി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും നിവേദനം നൽകിയിരുന്നുവെങ്കിലും ഇതുവരെയും നടപടി ആയിട്ടില്ല. ഈ പാലത്തിന്റെ ഒരു വശം മട്ടന്നൂർ നിയോജകമണ്ഡലത്തിന്റെ ഭാഗമായതിനാൽ

മട്ടന്നൂർ അംഗം ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തിയതായി ഞാൻ മനസ്സിലാക്കുന്നു. ഈ പാലത്തിൽ ഇനിയും അറ്റകുറ്റപ്പണികൾ നടത്തി പണം പാഴാക്കാതെ, പഴയ പാലത്തിന് സമാന്തരമായി ഒരു പുതിയ പാലം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്കഭ്യർത്ഥിക്കാനുള്ളത്.

**12.00 Noon]**

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇരിക്കൂർ പാലത്തിന്റെ ബലക്ഷയം പരിഹരിക്കാൻ പുതിയ പാലം നിർമ്മിക്കണമെന്ന ആവശ്യം മട്ടന്നൂർ എം.എൽ.എ. കൂടിയായ മുൻ മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ഈ സബ്മിഷൻ ഉന്നയിച്ച ശ്രീ. സജീവ് ജോസഫും വിവിധ രാഷ്ട്രീയ പാർട്ടി നേതൃത്വങ്ങളും എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഈ വിഷയത്തിൽ ഒരു ഇടപെടൽ അനിവാര്യമാണെന്ന് ഇവിടെ സബ്മിഷൻ ഉന്നയിച്ചുകൊണ്ട് ശ്രീ. സജീവ് ജോസഫ് പറഞ്ഞിരിക്കുകയാണ്. Kerala Highway Research Institute (KHRI)-ന്റെ വിദഗ്ദ്ധർ ഇരിക്കൂർ പാലത്തിന്റെ ബലപരിശോധന നടത്തി റിപ്പോർട്ട്

സമർപ്പിക്കുകയും ചെയ്തിരുന്നു. പാലത്തിന്റെ കാലപ്പഴക്കം കാരണം നിലവിലുള്ള പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതാണ് ഉചിതമെന്ന നിർദ്ദേശമാണ് മുന്നിലുള്ളത്. ഇപ്പോൾ ഭാരമേറിയ വാഹനങ്ങൾ പാലത്തിലൂടെ കടന്നുപോകുന്നത് നിയന്ത്രിക്കണമെന്ന നിർദ്ദേശം കൂടി KHRI മുന്നോട്ടുവയ്ക്കുന്നു. പാലത്തിന്റെ ഇരുഭാഗങ്ങളിലും ഹൈറ്റ് ഗേജ് സ്ഥാപിക്കുന്നതിനും എ.ബി.1, പി.1, പി.ജി.എ.ബി.2 തുടങ്ങിയ സ്പാനുകളിൽ അടിന്തരമായി സ്റ്റീൽ ബീമുകൾ സ്ഥാപിക്കുന്നതിനും പാലത്തിന്റെ എക്സ്പാൻഷൻ ജോയിന്റ്, ബിയറിംഗ് എന്നിവ മാറ്റുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. കെ.എച്ച്.ആർ.ഐ. നിർദ്ദേശിച്ച പ്രകാരം ആവശ്യമായ സ്റ്റീൽ ബീമുകളുടെ ഡിസൈൻ ലഭ്യമാക്കുന്നതിനായി ഡിസൈൻ വിഭാഗത്തോട് പ്രത്യേകം നിർദ്ദേശിച്ചിരുന്നു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റീൽ ബീമുകളും എക്സ്പാൻഷൻ ജോയിന്റുകളും ഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പുതിയ പാലത്തിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന വിവരം സഭയെ

പ്രത്യേകം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിലവിൽ പാലത്തിന്റെ ഉപരിതലം റീടാറിംഗ് നടത്തിയിട്ടുമുണ്ട്.

(9) കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 2014-2015 സാമ്പത്തിക വർഷത്തിൽ 55 ലക്ഷം രൂപയും 2019-2020 സാമ്പത്തിക വർഷത്തിൽ 55 ലക്ഷം രൂപയും ചേർത്ത് ആകെ 110 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതും പദ്ധതി നടപ്പിലാക്കുന്നതിന് പി.ഡബ്ല്യു.ഡി. ബിൽഡിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ-നെ ചുമതലപ്പെടുത്തിയിരിക്കുന്നതുമാണ്. എന്നാൽ പി.ഡബ്ല്യു.ഡി.-ക്ക് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതിനാൽ ആയതിന് നിപുണരായ സർക്കാർ അംഗീകൃത ഏജൻസി Hindustan PreFab Limited-നെ ഏൽപ്പിക്കുന്നതിന് 09-10-2020-ൽ സർക്കാർ ഉത്തരവായിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച 110 ലക്ഷം രൂപ പി.ഡബ്ല്യു.ഡി. ഏത് അക്കൗണ്ടിലേക്ക് സറണ്ടർ

ചെയ്യണമെന്ന് നിർദ്ദേശം നൽകുകയോ Hindustan PreFab Limited-മായി യഥാസമയം കരാർ ഉറപ്പിക്കുകയോ ചെയ്യാതെ പദ്ധതി അനന്തമായി നീട്ടികൊണ്ടുപോയതിനാൽ ഇപ്പോൾ 2018-ലെ പുതുക്കിയ റേറ്റ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കേണ്ട സാഹചര്യത്തിലാണ്. ഇതിലൂടെ ഭാരിച്ച സാമ്പത്തിക ഭാരമാണ് ഉണ്ടാകാൻ പോകുന്നത്. ഇത്തരത്തിൽ ഒരു താലൂക്ക് ആശുപത്രിക്ക് വളരെ അത്യാവശ്യം വേണ്ട ജൈവ-മാലിന്യ സംസ്കരണ പ്ലാന്റിന് തുക അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ ഉണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ച പരിശോധിക്കണമെന്നും അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ കൊടുങ്ങല്ലൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് 28-11-2014-ലും 30-06-2019-ലുമായി 110 ലക്ഷം രൂപ അനുവദിക്കുകയും ഈ തുക ആരോഗ്യവകുപ്പ് ഡയറക്ടർ, പൊതുമരാമത്ത്

വകുപ്പ് തൃശ്ശൂർ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റിലീസ് ചെയ്ത് നൽകുകയും തുക പി.ഡബ്യു.ഡി. അക്കൗണ്ടിൽ മേൽ പറഞ്ഞ പ്രവൃത്തിക്കായി നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള ആധുനിക സാങ്കേതിക വിദ്യ ലഭ്യമല്ലാത്തതിനാൽ ഈ പ്രവൃത്തി നിർവ്വഹണം അംഗീകൃത ഏജൻസിയായ Hindustan PreFab Limited എന്ന സ്ഥാപനത്തിന് നൽകണമെന്ന് 2020-ൽ പി.ഡബ്യു.ഡി. ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡി.എച്ച്.എസ്. സർക്കാരിന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 09-10-2010-ലെ ഉത്തരവുപ്രകാരം Hindustan PreFab Limited എന്ന സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ട് ആരോഗ്യവകുപ്പ് ഉത്തരവ് നൽകി. പൊതുമരാമത്ത് വകുപ്പിന്റെ റസീപ്റ്റ് ഹെഡിൽ ഒരു കോടി പത്തുലക്ഷം രൂപ ഇതിനകം നിക്ഷേപിച്ചുകഴിഞ്ഞ സാഹചര്യത്തിൽ ഈ തുക ആരോഗ്യവകുപ്പിന്റെ മറ്റൊരു ശീർഷകത്തിലേയ്ക്ക് സറണ്ടർ ചെയ്യുന്നതിനും സറണ്ടർ ചെയ്ത് കിട്ടുന്ന തുക പുതിയ നിർവ്വഹണ ഏജൻസിയുടെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനായുള്ള ഉത്തരവിൽ

ഡി.എച്ച്.എസ്.-ന്റെ നിർദേശം സർക്കാർ പരിശോധിക്കുകയും 2018 DSR പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റിവൈസ്ഡ് പ്രൊപ്പോസൽ സർക്കാരിലേക്ക് ലഭിച്ചിട്ടില്ല. ഒരു പദ്ധതി എങ്ങനെ അനാവശ്യമായ സാങ്കേതിക കാര്യങ്ങൾ പറഞ്ഞ് തടസ്സപ്പെടുത്താമെന്നുള്ളതിന്റെ ഒരു ടിപ്പിക്കൽ ഉദാഹരണമായി ഇതിനെ കാണുകയാണ്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനായി വർഷങ്ങൾക്കുമുമ്പ്തന്നെ സർക്കാർ ഭരണാനുമതി നൽകുകയും ഒരു കോടി പത്തുലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടും പ്രവൃത്തി ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞില്ലെന്നുള്ളത് അതീവ ഗുരുതരമായ ഒരു കാര്യമാണ്. വളരെ ഗൗരവത്തോടെതന്നെ ഇതിനെ കാണുന്നു. സർക്കാർ ഭരണാനുമതി നൽകി തുക റിലീസ് ചെയ്യുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാതെ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന പ്രവണത ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഇത്തരത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ

പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഞാൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ഇക്കാര്യം സംസാരിച്ചു. ഈ പ്രവൃത്തി സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെയും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലെയും സീനിയർ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു. പൊതുമരാമത്ത് കെട്ടിട വിഭാഗം ഇപ്പോൾ അറിയിച്ചത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിന് തടസ്സമില്ലെന്നും 2018 DSR പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് എത്രയും പെട്ടെന്ന് സമർപ്പിക്കുന്നതുമാണെന്നാണ്. ഇപ്രകാരം പ്രപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി നിർമ്മാണം അധികം വൈകാതെ ആരംഭിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

(10) <u>സൈക്കിൾ പോളോ കായികതാരത്തിന്റെ മരണം</u>

<u>ശ്രീ. എച്ച്. സലാം</u>: സർ, ഡിസംബർ 22-ന് നാഗ്പൂരിൽ ദേശീയ സൈക്കിൾ പോളോ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിന് പോയിരുന്ന പത്തുവയസ്സുകാരി കായികതാരം നിദ ഫാത്തിമയുടെ മരണം സൃഷ്ടിച്ച

ഹൃദയവേദന വിവരണാതീതമാണ്. എന്റെ മണ്ഡലത്തിൽ കക്കാട് താമസിക്കുന്ന നിദയുടെ കുടുംബം വാടകവീട്ടിലാണ് കഴിയുന്നത്. പിതാവ് ഷിഹാബുദ്ദീൻ ഓട്ടോറിക്ഷ ഡ്രൈവറാണ്. എസ്.ഡി.വി.ജി.യു.പി.എസ്. നീർക്കുന്നം സ്കൂളിലെ അഞ്ചാം ക്ലാസുകാരിയായ നിദ ഫാത്തിമ, ചെറിയ പ്രായത്തിൽതന്നെ കായികമേഖലയോട് ഏറെ താൽപര്യം കാട്ടിയ കുട്ടിയായിരുന്നു. കോടതി വിധിയിലൂടെയാണ് ദേശീയ ഗെയിംസിൽ പങ്കെടുക്കുവാൻ പോയത്. ഇവർക്ക് താമസവും ഭക്ഷണവും കിട്ടിയില്ലെന്ന പരാതി അന്നുതന്നെ ഉണ്ടായിരുന്നു. നമ്മുടെ കായികമേഖലയിൽ ഒരേ ഇനത്തിൽത്തന്നെ വിവിധ അസോസിയേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവർ പലരും പരസ്പരം കലഹിക്കുന്നവരുമാണ്. ഈ കലഹങ്ങളിൽപ്പെട്ട് പ്രയാസപ്പെടുന്നത് നമ്മുടെ കായികതാരങ്ങളാണ്. കായിക മേഖലയിൽനിന്ന് അസോസിയേഷനുകളുടെ കിടമത്സരം ഒഴിവാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കണം. നാഗ്പൂരിൽ കുട്ടി ആശുപത്രിയിലായതിനുശേഷം ചികിത്സയ്ക്കും പിന്നീട് മൃതദേഹം നാട്ടിലെത്തിക്കുന്നതിനുമെല്ലാം കായികവകുപ്പ് നല്ല സഹായമാണ്

നൽകിയത്. ഇതുസംബന്ധിച്ച് രണ്ട് കത്ത് ഞാൻ നേരത്തെ തന്നിരുന്നു. ഏറെ പ്രതീക്ഷയുണ്ടായിരുന്ന കുഞ്ഞു കായികതാരത്തിന്റെ മരണം സംബന്ധിച്ച് അന്വേഷണം സമഗ്രമാക്കണമെന്നും നിദ ഫാത്തിമയുടെ മരണത്തിന്റെ ആഘാതത്തിൽനിന്നും ഇപ്പോൾ മുക്തരാകാത്ത നിദയുടെ കുടുംബത്തിന് നൽകാൻ കഴിയുന്ന പരമാവധി സഹായം നൽകണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ശ്രീ. എച്ച്. സലാം അവതരിപ്പിച്ച സബ്മിഷൻ വളരെ പ്രധാനപ്പെട്ടതാണ്. കായികരംഗത്ത് അസോസിയേഷനുകൾ തമ്മിലുള്ള കിടമത്സരം ഇത്തരത്തിലുള്ള നിരവധി സംഭവങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. ദേശീയ സബ്ജൂനിയർ സൈക്കിൾ പോളോ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ മഹാരാഷ്ട്രയിലെ നാഗ്പൂരിൽ എത്തിയ കുമാരി നിദ ഫാത്തിമയുടെ അപ്രതീക്ഷിത വിയോഗം കേരളത്തെയാകെ വേദനിപ്പിച്ച സംഭവമായി. ഈ വിവരം അറിഞ്ഞയുടൻ

അതേക്കുറിച്ച് വിശദമായി അന്വേഷിക്കാനും നടപടികൾ പൂർത്തിയാക്കി നിദയുടെ മൃതശരീരം വിട്ടുകിട്ടാനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മഹാരാഷ്ട്ര മുഖ്യമന്ത്രിക്കും കായികവകുപ്പുമന്ത്രിക്കും ഇവിടെനിന്നും അടിയന്തര സന്ദേശം അയച്ചിരുന്നു. കുട്ടിയെ മത്സരത്തിൽ പങ്കെടുപ്പിച്ച കേരള സൈക്കിൾ പോളോ അസോസിയേഷൻ സെക്രട്ടറിയോട് സംഭവത്തെക്കുറിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന സ്പോർട്സ് കൗൺസിൽ നിർദ്ദേശിച്ചിരുന്നു. അന്വേഷണം ത്വരിതപ്പെടുത്തണമെന്നും കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര കായികമന്ത്രിക്കും ബഹുമാനപ്പെട്ട മഹാരാഷ്ട്ര മുഖ്യമന്ത്രിക്കും ഈ മാസം വീണ്ടും കത്തയച്ചിട്ടുണ്ട്. കുട്ടിയുടെ ആശുപത്രി ചെലവിനും മൃതശരീരം നാട്ടിലെത്തിക്കാനും മറ്റ് അനുബന്ധ ചെലവിനുമായി മൂന്നു ലക്ഷം രൂപ സംസ്ഥാന സ്പോർട്സ് കൗൺസിൽ അടിയന്തരമായി അനുവദിച്ചിരുന്നു. സാമ്പത്തികമായി ഏറെ പിന്നാക്കം നിൽക്കുന്ന നിദയുടെ കുടുംബം വാടക വീട്ടിലാണ് കഴിയുന്നത്. ഓട്ടോ

ഡ്രൈവറായ പിതാവിന്റെ വരുമാനമാണ് ഏക ആശ്രയം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് നിദ ഫാത്തിമയുടെ കുടുംബത്തിന് ഉചിതമായ ധനസഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**12.09 p.m.]**

**V റിപ്പോർട്ട് സമർപ്പണം**

**മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്**

ശ്രീ. കെ. പി. മോഹനൻ: സർ, മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

**VI ക്രമപ്രശ്നം**

നയപരമായ തീരുമാനങ്ങൾ സഭയിൽ പ്രഖ്യാപിക്കൽ

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്ന് സഭയിൽ ഉന്നയിച്ച കാര്യമാണ്. വെള്ളക്കരം ലിറ്ററിന് ഒരു പൈസ കൂട്ടുന്നതിനായി 03-02-2023-ന് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവിലേയ്ക്ക്

അങ്ങയുടെ ശ്രദ്ധക്ഷണിക്കുകയാണ്. വെള്ളക്കരം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച ചോദ്യം 06-02-2023-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ പട്ടികയിൽ 64-ാം നമ്പർ ചോദ്യമായി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത ചോദ്യത്തിന്റെ മറുപടിയായി സഭയിൽ ഈ തീരുമാനം പ്രഖ്യാപിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നിട്ടുകൂടി സഭയെ വിശ്വാസത്തിലെടുക്കാതെ 03-02-2023-ന് സർക്കാർ ഉത്തരവിറക്കുകയായിരുന്നു. സഭാസമ്മേളനം നടക്കുമ്പോൾ വെള്ളക്കരം വർദ്ധിപ്പിക്കാനുള്ള നയപരമായ തീരുമാനം സഭയിലാണ് പ്രഖ്യാപിക്കേണ്ടത്. ഇക്കാര്യത്തിൽ ഏതാണ്ട് അങ്ങയുടെ മുൻഗാമികളായിട്ടുള്ള നാല് സ്പീക്കർമാർ വളരെ വ്യക്തമായ റൂളിംഗ് ഈ സഭയിൽത്തന്നെ നൽകിയിട്ടുള്ളതാണ്. പ്രസ്തുത റൂളിംഗിന് വിരുദ്ധമായി സഭയെയും സാമാജികരെയും വിശ്വാസത്തിലെടുക്കാതെ നയപരമായ തീരുമാനം സംബന്ധിച്ച ഉത്തരവിറക്കിയ സർക്കാർ നടപടി സംബന്ധിച്ച് വളരെ ശക്തമായ രീതിയിൽ അങ്ങ് റൂളിംഗ് നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വാട്ടർ അതോറിറ്റിയുടെ ചാർജ്ജ് വർദ്ധനയുമായി ബന്ധപ്പെട്ട്, മാനേജിംഗ് ഡയറക്ടറുടെ കത്ത് 18-11-2021-ൽ ഒരു പ്രൊപ്പോസലായി ലഭിച്ചിട്ടുള്ളതാണ്. സർക്കാർ ധൃതിപിടിച്ച് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്തിട്ടില്ല. മാത്രമല്ല ഈ വിഷയം ഏറെ ദിവസങ്ങളായി പൊതു മാധ്യമങ്ങളിലെല്ലാം ചർച്ച ചെയ്തിട്ടുള്ളതുമാണ്. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ ഈ വിഷയം സഭയിൽ അവതരിപ്പിക്കുകയും മറുപടി പറയുകയും ചെയ്തതാണ്. ഇതൊരു സാധാരണ സർക്കാർ കാര്യമെന്ന നിലയിൽ നടപടിക്രമങ്ങൾ കാലക്രമേണ പൂർത്തിയാക്കി വന്ന സമയത്ത് ഇതുമായി ബന്ധപ്പെട്ട് ഒരുത്തരവുണ്ടായി എന്നതിനപ്പുറം സഭ സമ്മേളിക്കുന്ന ഘട്ടമെന്നനിലയിൽ ഇത്തരമൊരു ഉത്തരവുണ്ടായത് ഒരു കാരണവശാലും ഒരു അനാദരവായി കണക്കാക്കരുത്. അങ്ങനെ കണക്കാക്കിയിട്ടുമില്ലെന്നാണ് അറിയിക്കാനുള്ളത്.

**റൂളിംഗ്**

മി. സ്പീക്കർ: ഓർഡർ....ഓർഡർ......

സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പ്രസിദ്ധീകരിച്ചത് സഭയുടെ സമ്മേളന കാലയളവിലാണെന്നും ഇത്തരം തീരുമാനങ്ങൾ സഭാ സമ്മേളനകാലത്ത് സഭയിൽത്തന്നെ ആദ്യം പ്രഖ്യാപിക്കുന്നതാണ് കീഴ്വഴക്കമെന്നും ഇതുസംബന്ധിച്ച് വ്യക്തമായ റൂളിംഗുണ്ടായിട്ടുണ്ടെന്നും അതിന് വിരുദ്ധമായി പ്രവർത്തിച്ചത് ഉചിമായിട്ടില്ലെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽകുമാർ തന്റെ ക്രമപ്രശ്നത്തിൽ ഉന്നയിച്ചത്. സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിച്ചത് സംബന്ധിച്ച തീരുമാനം ഭരണപരമായ ഒട്ടേറെ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടതിന്റെ തുടർച്ചയായി എടുത്തിട്ടുള്ളതാണെന്നും അത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായി വന്നതല്ലെന്നും അതുകൊണ്ടാണ് സഭയിൽ അത് പ്രത്യേകമായി അനൗൺസ് ചെയ്യാതിരുന്നതെന്നും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ചെയർ ഇക്കാര്യം പരിശോധിച്ചു. നയപരമായ കാര്യങ്ങളിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുമ്പോൾ സഭാ സമ്മേളന കാലയളവിലാണെങ്കിൽ അക്കാര്യം സഭയിൽതന്നെ ആദ്യം

പ്രഖ്യാപിക്കുന്ന ഒരു കീഴ്വഴക്കമാണ് നമ്മുടെ സഭയ്ക്കുള്ളത്. ഈ കീഴ്വഴക്കം ലംഘിക്കപ്പെട്ടപ്പോഴെല്ലാം മുൻകാലങ്ങളിൽ ഇതുസംബന്ധിച്ച് വ്യക്തമായ റൂളിംഗുണ്ടായിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് ഏറ്റവുമൊടുവിൽ ചെയറിൽനിന്നും റൂളിംഗുണ്ടായത് 2016 ജൂൺ മാസം 30-ന് ആയിരുന്നു. സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ സഭാ സമ്മേളന കാലയളവിൽ സഭയിൽത്തന്നെ ആദ്യം പ്രഖ്യാപിക്കുന്നതാണ് ഉത്തമമായ മാതൃകയെന്നുതന്നെയാണ് മുൻകാലങ്ങളിലെ റൂളിംഗുകളിലൂടെ ഊന്നിപ്പറഞ്ഞിരിക്കുന്നത്. സംസ്ഥാനത്ത് വർഷങ്ങളായി നിലനിന്നിരുന്ന വെള്ളക്കരം നിരക്ക് വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് ഔദ്യോഗിക തലത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചത് തികച്ചും ഭരണപരമായ ഒരു നടപടിക്രമം ആണെങ്കിൽപ്പോലും സംസ്ഥാനത്തെ എല്ലാ വിഭാഗങ്ങളേയും ബാധിക്കുന്ന ഒരു തീരുമാനമെന്ന നിലയിലും സഭാ സമ്മേളനത്തിലായിരുന്ന സാഹചര്യത്തിലും ഇക്കാര്യം സഭയിൽത്തന്നെ പ്രഖ്യാപിച്ചിരുന്നുവെങ്കിൽ അത് ഉത്തമമായൊരു മാതൃകയാകുമായിരുന്നുവെന്നാണ് ചെയറിന്

ഇക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്. ഭാവിയിൽ ബന്ധപ്പെട്ട എല്ലാവരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.

മി. സ്പീക്കർ: ഓർഡർ....ഓർഡർ......

**12.13 p.m]**

**VII. ധനകാര്യം**

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ ഈ ബജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. സമകാലിക യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിക്കൊണ്ടും നിലവിലുള്ള പ്രതിസന്ധികളെ അഭിമുഖീകരിച്ചും നാടിന് മുന്നേറാനുള്ള ദിശാബോധം സൃഷ്ടിക്കുന്ന ഒന്നാണ് ഈ ബജറ്റ്. അതാണ് ഈ ബജറ്റിന്റെ പ്രത്യേകതയും.

ബജറ്റ് പുസ്തകത്തിന്റെ മുഖച്ചിത്രംതന്നെ അതിന്റെ ഉള്ളടക്കം പ്രതിഫലിക്കുന്നതാണ്. വളരെ മനോഹരമായ ഒരു മുഖച്ചിത്രമാണ്, അതെല്ലാവരും കണ്ടതാണ്. Bird in Space എന്ന ഒരു റൊമേനിയൻ

ചിത്രകാരന്റെ ശിൽപമാണ് - വിലക്കുകളേയും പ്രതിസന്ധികളേയും മുറിച്ചുകടന്ന് മുന്നോട്ടേയ്ക്ക് കുതിക്കാനുള്ള ചലനാത്മകതയുടെ ഒരു പ്രതീകാത്മകമായ ചിത്രീകരണം. ഈ മുഖച്ചിത്രത്തിന്റെ പ്രസക്തി ബജറ്റ് പരിശോധിക്കുമ്പോൾ നമുക്ക് കാണാനാകും . നമ്മുടെ സംസ്ഥാനമിപ്പോൾ സാമ്പത്തിക പ്രതിസന്ധികളിലൂടെയാണ് മുന്നോട്ടുപോകുന്നതെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. എന്തുകൊണ്ടാണ് ഈ സാമ്പത്തിക പ്രതിസന്ധിയുണ്ടായത്? പ്രളയവും കോവിഡ് മഹാമാരിയുംപോലുള്ള ദുരന്തങ്ങൾ സൃഷ്ടിച്ച സാമൂഹിക പ്രത്യാഘാതങ്ങളും ഒരു കാരണമാണ്. അതുമാത്രമല്ല, നമുക്കർഹതപ്പെട്ട സാമ്പത്തിക സമാഹരണത്തിന് ഇന്ന് തടസ്സമായിരിക്കുകയാണ്. അതിന്റെ ഉത്തരവാദി കേന്ദ്ര ഗവൺമെന്റാണ്. ജി.എസ്.ടി നടപ്പാക്കിയ നാളുകളിൽ ഒരു പ്രതീക്ഷയുണ്ടായിരുന്നു. ട്രാൻസ്ഫർ ഓഫ് ഗുഡ്സ്-ന്റെ എൻഡിൽ വരുന്ന ഒരു കൺസ്യൂമർ സ്റ്റേറ്റെന്ന നിലയിൽ സ്വാഭാവികമായും കുറച്ചുകൂടുതൽ നികുതി വരുമാനം കേന്ദ്രത്തിൽനിന്നും ലഭിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. പക്ഷെ, കേന്ദ്രഗവൺമെന്റിന്റെ സമീപനം അതിനെയെല്ലാം തകിടം മറിക്കുന്നതായിരുന്നു. അതാണ്

അനുഭവങ്ങളിലൂടെ കാണുന്നത്. ജി.എസ്.ടി.യിലൂടെ സമാഹരിക്കുന്ന നികുതി പങ്കുവയ്ക്കലിന്റെ അനുപാതമെന്താണ്? ജി.എസ്.ടി. വരുമാനത്തിന്റെ വിഹിതത്തിൽ 59 ശതമാനം കേന്ദ്ര ഗവൺമെന്റിനും 41 ശതമാനം സംസ്ഥാനങ്ങൾക്കുമാണ്. നമ്മുടെ ഡിമാന്റ് 60 ശതമാനമെങ്കിലും സംസ്ഥാനങ്ങൾക്ക് ലഭിക്കണമെന്നുള്ളതാണ്. യഥാർത്ഥത്തിൽ ഒരു ഫെഡറൽ സംവിധാനമുള്ള രാജ്യത്ത് സംസ്ഥാനങ്ങളെക്കൂടി സംരക്ഷിക്കേണ്ട ബാധ്യത കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കേണ്ടതാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ]

ഇപ്പോൾ അത് ചെയ്യുന്നില്ല. 41 ശതമാനം ജി.എസ്.ടി. വരുമാനത്തിൽത്തന്നെ വലിയ വെട്ടിക്കുറവാണ് കേരളത്തിനെ സംബന്ധിച്ച് നേരിടേണ്ടി വരുന്നത്. അതാണ് മറ്റൊരു ദുരന്തമെന്ന് പറയുന്നത്. കേരളത്തിന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ വിഹിതം മറ്റ് സംസ്ഥാനങ്ങൾക്ക് നൽകുന്നുണ്ടെന്ന കാര്യവും നമുക്ക് കാണാനാകും. കേരളത്തിന്റെ ജി.എസ്.ടി. വിഹിതത്തെപ്പറ്റി നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ്. 1995-2000 കാലയളവിലെ പത്താം ധനകാര്യ

കമ്മീഷന്റെ കാലത്ത് സംസ്ഥാനത്തിന്റെ വിഹിതം 3.87 ശതമാനമായിരുന്നത് ഇപ്പോൾ 1.249 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. കേരളത്തിനേക്കാൾ ജനസംഖ്യ കുറവായ ഛത്തീസ്ഗഢിൽ 3.407 ശതമാനവും ആസ്സാമിന് 3.12 ശതമാനവും ഒഡീഷയ്ക്ക് 4.5 ശതമാനവുമാണ് വിഹിതം ലഭിച്ചത്. ഈ നികുതി വിഹിതം പങ്കുവയ്ക്കുന്നതിലെ അനീതിമൂലം 1,800 കോടിയോളം രൂപ കേരളത്തിന് നഷ്ടമാകുകയാണ്. ഇങ്ങനെയൊരു നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ ശക്തമായ പ്രതിഷേധം കേരളത്തിന്റെ താൽപര്യം മുൻനിർത്തി ഉയർത്തിക്കൊണ്ടുവരേണ്ടതല്ലേ? ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷം എന്തുകൊണ്ടാണ് മൗനം പാലിക്കുന്നത്; എന്തുകൊണ്ടാണ് ഇത് കണ്ടില്ലെന്ന് നടിക്കുന്നത്? ഇവിടെ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് രണ്ടുരൂപ കൂട്ടിയപ്പോൾ വലിയ പ്രതിഷേധമാണ് നടക്കുന്നത്. കത്തിച്ചെറിയുകയാണല്ലോ; അക്രമ സമരങ്ങളിലേയ്ക്ക് കടക്കുകയാണല്ലോ; പക്ഷെ സംസ്ഥാനങ്ങളുടെ എല്ലാ സ്വാതന്ത്ര്യവും കവർന്നെടുത്തുകൊണ്ട് നമ്മുടെ ഫിസ്കൽ ഫെഡറലിസത്തിനുനേരെ വലിയ കടന്നാക്രമണം നടത്തുമ്പോൾ

എന്തുകൊണ്ടാണ് നിങ്ങൾ മൗനം പാലിക്കുന്നത് ? ഇന്ത്യയിലാകെ വലിയ പ്രതിഷേധം ഉയർത്താൻ നേതൃത്വം കൊടുക്കേണ്ട പ്രസ്ഥാനമല്ലേ കോൺഗ്രസ്. അവർ ആ ഉത്തരവാദിത്തം നിറവേറ്റുന്നില്ലല്ലോ; അപ്പോൾ നിങ്ങളുടെ ലക്ഷ്യം ജനങ്ങളുടെ താൽപര്യമല്ല, കേവലം സങ്കുചിതമായ രാഷ്ട്രീയമാണ്. എത്ര പ്രാവശ്യമാണ് കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കൂട്ടിയത്; പന്ത്രണ്ട് പ്രാവശ്യം. അതുകൊണ്ടാണ് ഈ നിലയിലേയ്ക്ക് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിക്കാനിടയായത്. വിലക്കയറ്റത്തിന്റെ ഉത്തരവാദിത്തം കേന്ദ്രഗവൺമെന്റിലാണ് നിക്ഷിപ്തമാകുന്നത്. അതൊന്നും കണ്ടില്ലെന്ന് നടിക്കുകയാണ്. പിന്നെ എന്തിനാണ് സംസ്ഥാനം പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കൂട്ടിയത്; കേരളത്തിന് മുന്നോട്ടുപോകണ്ടേ? ഈ സംസ്ഥാനത്തിനെ എല്ലാ അർത്ഥത്തിലും സാമ്പത്തികമായി ഞെരുക്കുമ്പോൾ, സംസ്ഥാനത്ത് വികസന ക്ഷേമ പ്രവർത്തനങ്ങൾ നടക്കാൻ പാടില്ലെന്ന തീരുമാനത്തിലെത്തുമ്പോൾ, അവിടെ അസ്തപ്രജ്ഞരായി നോക്കി നിൽക്കുകയാണോ ഒരു ഗവൺമെന്റ് ചെയ്യേണ്ടത്? സ്വാഭാവികമായും വിഭവ

സമാഹരണത്തിനുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കേണ്ടിവരും. എന്തിനാണ് അങ്ങനെ ചെയ്യേണ്ടിവരുന്നത്? ക്ഷേമ പെൻഷനുകൾ മുടങ്ങാതിരിക്കാൻ. ഇന്ന് 62 ലക്ഷം കുടുംബങ്ങൾക്ക് 1,600 രൂപ വെച്ച് സാമൂഹ്യക്ഷേമ പെൻഷനുകൾ കേരളത്തിൽ മുടങ്ങാതെ കൊടുക്കുന്നുണ്ട്. ആ തുക കൊടുക്കേണ്ടെന്നാണോ നിങ്ങൾ പറയുന്നത്; അത് നിർത്തലാക്കണമെന്നാണോ നിങ്ങൾ പറയുന്നത്; നിങ്ങളുടെ കാലത്തേതുപോലെ ആ തുക കുടിശ്ശികയാക്കണമെന്നാണോ നിങ്ങൾ പറയുന്നത്? അത് കൊടുക്കണമെങ്കിൽ നമുക്ക് വരുമാനമുണ്ടാകണം. ക്ഷേമ പെൻഷനുകൾ കൊടുക്കാൻവേണ്ടി ക്ഷേമ ബോർഡുണ്ടാക്കി. പക്ഷെ അതിനെക്കൂടി കടമെടുപ്പുപരിധിയിലേയ്ക്ക് കൊണ്ടുവന്നിരിക്കുന്നു - ബഡ്ജറ്റിനുപുറത്തുള്ള ഒരു സാമ്പത്തിക സമാഹരണം എന്നതാണ് കിഫ്ബി. ഈ സംവിധാനം മുൻപുതന്നെ നിലവിലുണ്ടായിരുന്നതാണ്. അന്ന് കിഫ്ബിക്കെതിരെ വലിയ എതിർപ്പൊക്കെയുണ്ടായിരുന്നു. കിഫ്ബിയിലൂടെ ഒരുപാട് വികസന പ്രവർത്തനങ്ങൾ നമുക്ക് നാട്ടിൽ നടത്തുവാനായി. അതിനെയിപ്പോൾ കടമെടുപ്പ് പരിധിയിലേയ്ക്ക്

കൊണ്ടുവന്നിരിക്കുകയാണ്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ കേരളത്തിന് ഇനി കടമെടുക്കാനാവില്ല. കടമെടുത്ത് വികസന, ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതും നാടിനെ മുന്നോട്ട് നയിക്കുന്നതും തടസ്സപ്പെടുത്തൽ, വിഹിതം നൽകാതിരിക്കൽ; ആ നിലയിൽ സാമ്പത്തികമായി ഞെരുക്കി ഈ സർക്കാരിനെ തകർക്കുക. അതിൽ നിങ്ങൾ ആഹ്ളാദം കൊള്ളുകയാണോ; ഗവൺമെന്റിനെ നയിക്കുന്നത് എൽ.ഡി.എഫ്. ആണ്. പക്ഷെ, ഇതിന്റെ ദുരിതം അനുഭവിക്കുന്നത് കേരളത്തിലെ ജനങ്ങളല്ലേ? സ്വാഭാവികമായും അതിനെതിരെ ഉയർന്നുവരേണ്ട പ്രതിഷേധത്തെ മാറ്റിവച്ച്, അനിവാര്യമായൊരു വിഭവ സമാഹരണത്തിന് ഈ ഗവൺമെന്റ് അതിന്റെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് പരിശ്രമിക്കുമ്പോൾ അതിനെ കത്തിജ്വലിപ്പിക്കാൻ നോക്കുകയാണ്. പക്ഷെ, നിങ്ങൾ മനസ്സിലാക്കേണ്ടൊരു കാര്യം, കേരളം പഴയതുപോലെയല്ല. ഇത്തരത്തിൽ സമര ആഭാസങ്ങൾ നടത്തി എന്നതുകൊണ്ടൊന്നും കേരളത്തിന്റെ പൊതുബോധം നിങ്ങൾക്ക് അനുകൂലമാകില്ല. കാരണം, അവർക്ക്

അനുഭവമുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില 34 ഉം 39 ഉം രൂപയിൽനിന്നും 108 രൂപയിലേയ്ക്ക് മാറിയതിന്റെ ഉത്തരവാദിത്വം കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിനല്ലെന്ന നല്ല തിരിച്ചറിവ് കേരളത്തിലെ ജനങ്ങൾക്കുണ്ട്. നിങ്ങളുടെ ഭരണകാലത്ത് പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചതിന്റെ അനുഭവം കേരളത്തിലെ ജനങ്ങൾക്കുണ്ട്. അതുകൊണ്ടുതന്നെ ഈ സർക്കാർ കഴിഞ്ഞ സർക്കാരിന്റെ 5 വർഷക്കാലയളവിൽ ചെയ്യാതിരുന്നത് ഇപ്പോൾ ചെയ്തതിന്റെ കാരണം അത് അനിവാര്യമായതുകൊണ്ടാണ്. അത് നാടിനെ നിലനിർത്താനും ക്ഷേമ, വികസന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനുമാണെന്ന നല്ല ബോധം നമ്മുടെ നാട്ടിലെ ജനങ്ങൾക്കുണ്ടെന്നത് നിങ്ങൾക്ക് മനസ്സിലായാൽ നല്ലത്. യഥാർത്ഥത്തിൽ നിങ്ങൾ ഒളിച്ചോടുകയാണ്. നിങ്ങൾ കേന്ദ്രത്തിനെതിരെ നടത്തേണ്ട സമരത്തിൽനിന്നും മാറി കേരള സർക്കാരിനെ എങ്ങനെയെങ്കിലും തകർത്ത് ജനരോക്ഷം അഴിച്ചുവിട്ട് വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ അധികാരത്തിലേയ്ക്ക് കയറാൻ പറ്റുമോ എന്ന് നോക്കുകയാണ്.  അത് വെറും വ്യാമോഹമായി മാത്രം മാറുമെന്നതിന്

ഒരു സംശയവും വേണ്ട. എന്നാൽ ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന സമീപനം കാർഷിക മേഖലയിൽ ഊന്നൽ നൽകുകയെന്നതാണ്. മൂലധന വർദ്ധനവിനും തൊഴിൽ സാധ്യത കണ്ടെത്താനും ഉൽപ്പാദന മേഖലയുടെ വളർച്ചയിലൂടെ ആഭ്യന്തര സാമ്പത്തിക വളർച്ച ഉണ്ടാക്കുന്നതിനും സഹായിക്കാൻ കഴിയുന്നത് കാർഷിക മേഖലയിലൂടെയാണ്. അതുകൊണ്ടാണ് കാർഷിക മേഖലയ്ക്ക് കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലുമൊക്കെ ഈ ഗവൺമെന്റ് ഊന്നൽ നൽകുന്നത്. ആസിയാൻ കരാറിനുശേഷം റബ്ബർ മേഖല പാടെ തകർന്നിരിക്കുന്നു. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന ആഭ്യന്തര റബ്ബർ ഉൽപ്പാദനത്തിൽ ഏകദേശം 90 ശതമാനവും കേരളത്തിൽനിന്നാണ്. ഒട്ടേറെ റബ്ബർ കർഷകരുണ്ട്. അവർക്കുവേണ്ടി 600 കോടി രൂപ ഈ ബഡ്ജറ്റിൽ മാറ്റി വച്ചിരിക്കുകയാണ്. വിലസ്ഥിരത ഉറപ്പാക്കുന്നത് റബ്ബർ കൃഷിക്കാർക്കൊരു ആശ്വാസമല്ലേ; സ്വാഭാവികമായും റബ്ബർ കൃഷിക്കാരെ നിലനിർത്തേണ്ടത് ആവശ്യമല്ലേ; റബ്ബർ കൃഷിക്കാരുടെ പ്രതിനിധി ഇപ്പുറത്തിരിക്കുന്നവർ മാത്രമല്ലല്ലോ; ഒരുപാടുപേർ അപ്പുറത്തിരിക്കുന്നുണ്ടല്ലോ; ഈ ഗവൺമെന്റ് റബ്ബർ

കൃഷിക്കാരെ സഹായിക്കാൻ ചെയ്ത ഈ പദ്ധതി ന്യായമാണോയെന്ന് നിങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; നിങ്ങളുടെ പ്രസ്താവനകളിൽനിന്ന് അത് വരുന്നുണ്ടോ? ഇത്തരം കാര്യങ്ങൾക്ക് ഊന്നൽ നൽകുവാനാണ്, ഇത്തരം കാര്യങ്ങൾ ചെയ്യുവാനാണ് യഥാർത്ഥത്തിൽ ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുന്നത്. ഒപ്പം, വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്.

എത്രയോ കാര്യങ്ങൾ പറയാം. തൊഴിലെടുക്കുന്നവരുടെ കാര്യമെടുക്കാം. തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് എന്താണ് ചെയ്യുന്നത്; വലിയ തോതിൽ ഓരോ വർഷവും വിഹിതം വെട്ടിക്കുറച്ചുകൊണ്ടുവരികയാണ്. ഓരോ ബഡ്ജറ്റിലും വെട്ടിക്കുറയ്ക്കുകയാണ്. ഇപ്പോഴും പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇവിടെ എന്താണ് ചെയ്യുന്നത്; തൊഴിലുറപ്പുകാരെ സഹായിക്കുന്നതിനായി ക്ഷേമ പദ്ധതി രൂപീകരിച്ചിരിക്കുന്നു. അവരുടെ കുടുംബാംഗങ്ങളെ സഹായിക്കുന്ന രൂപത്തിൽ വളരെ വിശദമായ ഒരു ക്ഷേമ പദ്ധതി തയ്യാറാക്കുവാൻ ഈ ഗവൺമെന്റ് തയ്യാറായിരിക്കുന്നു. അതാണ് ഈ ഗവൺമെന്റിന്റെ

പരിപ്രേക്ഷ്യം. പാവപ്പെട്ടവർക്കൊപ്പം നിൽക്കുക, സാധാരണക്കാരനെ സഹായിച്ചുകൊണ്ട് വികസന ക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുക, സാധാരണക്കാരന്റെ ജീവിത നിലവാരം വർദ്ധിപ്പിച്ചുകൊണ്ടുവരിക. കേന്ദ്രം ഞെരുക്കിക്കൊണ്ട്, നിങ്ങളുടെയെല്ലാം കള്ള പ്രചരണവേലകളിലൂടെ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമ്പോഴും അതിനെ അതിജീവിക്കാൻ ആവശ്യമായ കാര്യങ്ങൾ മാത്രമേ ഈ ബഡ്ജറ്റിലൂടെ ചെയ്തിട്ടുള്ളൂ എന്നുള്ള കാര്യം മറന്നുപോകരുത്. തിരുവനന്തപുരം ജില്ലയ്ക്ക് ഈ ബഡ്ജറ്റിലൂടെ ഒട്ടേറെ കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് നന്ദി പറയുകയാണ്. എന്നാൽ കളിയിക്കാവിള-കരമന റോഡിന്റെ കാര്യംകൂടി അങ്ങ് ശ്രദ്ധിക്കണം. അത് തുടരേണ്ടൊരു പദ്ധതിയാണ്. അതുകൂടി പരാമർശിക്കാൻ തയ്യാറാകണം. എന്റെ നിയോജക മണ്ഡലത്തിൽ പാവപ്പെട്ട സ്ത്രീകളെല്ലാംകൂടി ജോലി ചെയ്യുന്നൊരു ഖാദി സെന്ററുണ്ട്. അതിന്റെ കെട്ടിടം പൊളിഞ്ഞുവീഴാറായി. പ്രസ്തുത കെട്ടിടം നവീകരിക്കുന്നതിനുള്ള തുകകൂടി ഈ ബഡ്ജറ്റിന്റെ

ഭാഗമായി അനുവദിക്കണം എന്നതുകൂടി സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ അനുകൂലിച്ച് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. മാണി സി. കാപ്പൻ: സർ, ധനകാര്യ വകുപ്പുമന്ത്രി ബഹുമാന്യനായ കെ. എൻ. ബാലഗോപാൽ 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

ഇരന്ന് തിന്നുന്നവനെ തുരന്ന് തിന്നുന്ന ബഡ്ജറ്റാണിത്. കേന്ദ്ര ബഡ്ജറ്റിൽ കേരളത്തോട് അനീതി കാണിച്ചുവെന്ന് വിലപിച്ച സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിയിൽനിന്ന് സാധാരണക്കാർക്ക് അനുകൂലമായ പ്രഖ്യാപനങ്ങളും ക്ഷേമ പദ്ധതികളും സ്വാഭാവികമായും കേരള സമൂഹം പ്രതീക്ഷിച്ചിരുന്നു. എന്നാൽ അതിന് നേർവിപരീതമായാണ് ബഡ്ജറ്റ്. മുണ്ടുടുക്കാമെന്ന് വിചാരിച്ച് അമ്മാവന്റെ വീട്ടിൽ ചെന്നപ്പോൾ അമ്മാവൻ താറുടുത്തുകൊണ്ട് നടക്കുകയാണ് എന്നുള്ള സ്ഥിതിയായിപ്പോയി ഇന്നത്തെ കേരളത്തിലെ ജനതയുടേത്. ഇന്ത്യയിലെ ഒരു സംസ്ഥാനവും സമീപ കാലത്ത് ഇതുപോലെ ബഡ്ജറ്റിലൂടെ നികുതിക്കൊള്ള നടത്തിയിട്ടില്ല. അതാണ് എല്ലാ വിഭാഗം ജനങ്ങളിൽനിന്നും വ്യാപകമായ പ്രതിഷേധത്തിന്

കാരണമായത്. കാൽ നൂറ്റാണ്ടിനിടെ ഇത്രയും വലിയൊരു വിഭവ സമാഹരണത്തിന് സംസ്ഥാന സർക്കാർ തുനിഞ്ഞിട്ടില്ല. ഇതിന്റെ കാരണം, ധനകാര്യ മാനേജ്മെന്റിലെ പിടിപ്പുകേടും സർക്കാരിന്റെ തികഞ്ഞ ധൂർത്തുമാണ്. ഓരോ ഇന്ധന വിലവർദ്ധനവിലും കേന്ദ്രസർക്കാരിനെ പഴിക്കുകയും പരമാവധി നേട്ടമുണ്ടാക്കുകയും ചെയ്യുന്നത് സംസ്ഥാന സർക്കാരാണ്. ഇപ്പോൾത്തന്നെ ഉയർന്നുനിൽക്കുന്ന ഇന്ധന വിലയിൽ 2 രൂപ സെസ്സ് കൂട്ടിയതോടെ ഓട്ടോ ടാക്സി ഡ്രൈവർമാരടക്കം എല്ലാ വിഭാഗം ജനങ്ങൾക്കുമേലും അധികഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. കേരളത്തിൽ ഇന്ധനവില കൂടുതലായതിനാൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ കർണ്ണാടകയിൽനിന്നും തമിഴ്നാട്ടിൽനിന്നും ഇന്ധനം നിറയ്ക്കാൻ നിർദ്ദേശിച്ച സർക്കാരിൽനിന്നാണിത് ഉണ്ടായതെന്നത് വിചിത്രമായിരിക്കുന്നു. ഇന്ധന വിലക്കയറ്റം അതിൽമാത്രം ഒതുങ്ങുന്ന ഒന്നല്ല. ചരക്കുനീക്കത്തിന്റെ ചെലവ് വർദ്ധിക്കും. ബഡ്ജറ്റിന് മുമ്പ് പ്രഖ്യാപിച്ച മിൽമ പാലിന്റെയും വൈദ്യുതിയുടെയും വെള്ളത്തിന്റെയുമൊക്കെ വിലവർദ്ധനവുകൂടി ചേരുമ്പോൾ ഇപ്പോഴത്തെ ഈ അധിക സെസ്സ് കേരളത്തിൽ വിലക്കയറ്റം എത്രമാത്രം

ദുക്ഷമാക്കുമെന്നറിയാൻ പാഴൂർ പടിപ്പുരവരെ പോകേണ്ട കാര്യമില്ല. ഒട്ടേറെ സംസ്ഥാനങ്ങൾ ഇന്ധന നികുതി കുറച്ച് ജനങ്ങൾക്കൊപ്പം നിന്ന വേളയിലൊന്നും ഈ സർക്കാർ അതിന് തയ്യാറായിട്ടില്ല.

റബ്ബറിന് 250 രൂപ വില പ്രഖ്യാപിക്കുമെന്ന് വാഗ്ദാനം ചെയ്ത് അധികാരത്തിൽവന്ന സർക്കാർ നാളിതുവരെ അക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നിലവിലുള്ള തറവില 170 രൂപയാണ്. എന്നാൽ മാർക്കറ്റ് പ്രൈസ് 140 രൂപയിൽ താഴെയാണ്. ഈ വ്യത്യാസം വരുന്ന തുക വിലസ്ഥിരതാ ഫണ്ടിൽനിന്നും സമയബന്ധിതമായി നൽകുന്നതിനുപോലും സർക്കാർ തയ്യാറായിട്ടില്ല. കാർഷിക കേരളത്തിന്റെ പ്രതീക്ഷകളെ തല്ലിക്കെടുത്തുന്നതാണ് ഈ ബഡ്ജറ്റ് എന്ന കാര്യത്തിൽ സംശയമില്ല.

പാലാ നിയോജക മണ്ഡലത്തിൽനിന്നും 173 കോടി രൂപയുടെ 20 പദ്ധതികൾ ഞാൻ  സമർപ്പിച്ചിരുന്നു. അതിൽ വെറും മൂന്ന് പദ്ധതികൾക്കായി കേവലം 5 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്. പാലായിൽ ഒരു സാംസ്കാരിക പഠന കേന്ദ്രം, സ്പോർട്സ് അക്കാദമി, ടൂറിസം വികസനം, പാലാ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ്,

പാലായിൽ റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭം, മീനച്ചിൽ പഞ്ചായത്തിൽ പുതിയ ഐ.ടി.ഐ. കെട്ടിടം, കാർഷിക വിഭവങ്ങൾ സംഭരിച്ച് ശീതീകരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണിയിലെത്തിക്കുന്നതിനായി ഒരു ഫുഡ് പാർക്ക് എന്നിവ ബഡ്ജറ്റിൽ ഞാൻ അഭ്യർത്ഥിച്ചിരുന്നു. നഗര കേന്ദ്രീകൃത വികസനത്തിനുപകരം പാലായിലെ ഗ്രാമപ്രദേശങ്ങളിലേയ്ക്ക്, വിശിഷ്യാ മലയോര, പിന്നോക്ക, പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലേയ്ക്ക് കൂടുതൽ വികസനം എത്തിക്കുമെന്ന് വാഗ്ദാനം ചെയ്താണ് ഞാൻ തെരഞ്ഞെടുപ്പുകളെ നേരിട്ടത്. എം.എൽ.എ. ഫണ്ട് വിതരണത്തിലും സർക്കാർ ഫണ്ട് ലഭ്യമാക്കുന്നതിലും ആ വാഗ്ദാനം പരമാവധി പാലിക്കുന്നുണ്ട്.

വളരെ ഹൃദയ വേദനയോടെയാണ് ഞാൻ ഈ സഭയുടെ മുമ്പിൽ നിൽക്കുന്നത്. ബഡ്ജറ്റുമായി ബന്ധപ്പെട്ട് പാലാ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയം എനിക്ക് സഭയുടെ മുമ്പാകെ അവതരിപ്പിക്കുവാനുണ്ട്. പാലായിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് മൂന്നിലവ്, മേലുകാവ്

പഞ്ചായത്തുകൾ. 2018 മുതലുള്ള പ്രളയങ്ങളിലും പ്രകൃതിക്ഷോഭങ്ങളിലും ഏറ്റവുമധികം നാശനഷ്ടമുണ്ടായ പ്രദേശങ്ങളാണിത്. ഇതിൽത്തന്നെ 16.10.2021-ലുണ്ടായ അതിതീവ്ര മഴയിലും ഉരുൾപൊട്ടലിലും മേച്ചാൽ, വാളകം പ്രദേശങ്ങളെ മൂന്നിലവ് ടൗണുമായി ബന്ധിപ്പിക്കുന്ന കടപുഴ പാലവും റോഡും തകർന്നു. 05.08.2022-ലെ പ്രകൃതിക്ഷോഭത്തിൽ ഇത് പൂർണ്ണമായും തകർന്ന് ഗതാഗത യോഗ്യമല്ലാതായിത്തീർന്നു. ഇപ്പോൾ മേച്ചാൽ, വാളകം പ്രദേശത്തുള്ളവർ 5 കിലോമീറ്റർ സഞ്ചരിച്ച് മൂന്നിലവിൽ എത്തുന്നതിനുപകരം 20 കിലോമീറ്റർ ചുറ്റി സഞ്ചരിച്ച് മൂന്ന് വാഹനങ്ങൾ മാറിയാണ് മൂന്നിലവിൽ എത്തുന്നത്. കുട്ടികൾക്ക് സ്കൂളുകളിലേയ്ക്ക് പോകുന്നതിനുള്ള അവസരം ഇത് നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ദുരന്തങ്ങളുണ്ടാകുമ്പോൾ ആവർത്തിക്കപ്പെടുന്ന നടപടിക്രമങ്ങൾപോലെ കൃത്യമായ അവലോകനം, കണക്കെടുപ്പ്, ബഹുമാനപ്പെട്ട മന്ത്രിമാരുടെ സന്ദർശനം എന്നിവ മുറപോലെ നടക്കുന്നുണ്ട്. ദുരന്ത നിവാരണ ഫണ്ടിൽനിന്നും പട്ടികജാതി, പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടിൽനിന്നും തുക കണ്ടെത്തി ഈ പാലം പുതുക്കി പണിയുന്നതിന് അനുവദിക്കുമെന്ന്

ജില്ലയുടെ ചാർജ്ജുള്ള ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ ഉൾപ്പെടെയുള്ള മന്ത്രിമാർ അവലോകന യോഗങ്ങളിലും സന്ദർശനവേളകളിലും ഉറപ്പ് നൽകുകയും അവ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കുകയും ചെയ്തിരുന്നു. പൂർണ്ണമായും ആ പാവങ്ങൾ അത് വിശ്വസിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തുവെങ്കിലും പ്രഖ്യാപനങ്ങളല്ലാതെ ഒന്നും സംഭവിച്ചിട്ടില്ല. പാലായിലെ ഒരു സ്വകാര്യ ട്രസ്റ്റിന് ഈ ഗവൺമെന്റ് രണ്ട് ബഡ്ജറ്റുകളിലായി 10 കോടി രൂപ അനുവദിച്ചത് ആരെ തൃപ്തിപ്പെടുത്താനാണ്? ജനങ്ങൾ ചോദിക്കുന്ന ചോദ്യമാണിത്. ഇതൊന്ന് പ്രാവർത്തികമാക്കാൻ 2023-24 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കടപുഴ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും തുക അനുവദിച്ച് ആ പാലം പണിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പാലായിലെ ജനങ്ങൾക്കുവേണ്ടിയുള്ള എന്റെ ഈ അഭ്യർത്ഥന ഗവൺമെന്റ് കണക്കിലെടുത്ത് കടപുഴ പാലം പുനർ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രതിസന്ധികളെ ശക്തമായി നേരിട്ട് മുന്നേറാനുള്ള

നിർദ്ദേശങ്ങളൊന്നുമില്ലാത്ത, വിലക്കയറ്റംമൂലം സാധാരണക്കാരന്റെ നട്ടെല്ലൊടിക്കുന്ന ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. എങ്ങനെയാണ് പിന്തുണയ്ക്കാതിരിക്കുന്നത്; ഇതൊരു ജനകീയ ബഡ്ജറ്റാണ്. കേന്ദ്ര സർക്കാർ സൃഷ്ടിച്ച ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കാൻ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കുന്നതിന് സഹായകരമായ ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. രാജ്യത്തുതന്നെ ഇതൊരു ജനകീയ ബദലാണ്; ഒരു ഇടതുപക്ഷ ബദലാണ്. കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റ് അദാനിക്കും അംബാനിക്കും കോർപ്പറേറ്റുകൾക്കും വേണ്ടിയുള്ളതാണ്. കോടിക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന തൊഴിലുറപ്പുമേഖലയെ അവഗണിച്ച ബഡ്ജറ്റാണിത്. വൻകിട കോർപ്പറേറ്റുകൾക്ക് നികുതി കുറയ്ക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. കേരളത്തിന് എയിംസ് അനുവദിക്കാതെ കേരളത്തിലെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് യാതൊരു

പ്രഖ്യാപനവും നടത്താതെ കേരളം ആവശ്യപ്പെട്ട ഒന്നുംതന്നെ നൽകാതെ കടുത്ത അവഗണനയാണ് കേന്ദ്രം പുലർത്തുന്നത്. കേന്ദ്രവിഹിതം ഗണ്യമായി കുറച്ചുകൊണ്ട് കേന്ദ്രസർക്കാർ നമ്മുടെ സംസ്ഥാനത്തെ ശ്വാസംമുട്ടിക്കാൻ ശ്രമിക്കുന്നു. 3.85 ശതമാനമായിരുന്ന സംസ്ഥാനവിഹിതം 1.92 ശതമാനമായി കുറച്ചതിനാൽ കോടികളുടെ നഷ്ടമാണ് സംസ്ഥാനത്തിനുണ്ടാകുന്നത്. റവന്യൂ കമ്മി ഗ്രാന്റിൽ 6,700 കോടി രൂപയുടെ കുറവാണ് വരുത്തിയത്. നമ്മുടെ കടമെടുപ്പ് പരിധി കുറയ്ക്കുകയാണ് ചെയ്തത്. കേന്ദ്രസർക്കാരിന് പരിധി ലംഘിച്ചുകൊണ്ട് വായ്പയെടുക്കുന്നതിന് തടസ്സമില്ല, പക്ഷെ കേരളത്തിന്റെ വികസനം തടസ്സപ്പെടണമെന്നുള്ളതുകൊണ്ട് കടമെടുക്കാൻ പാടില്ലെന്നുള്ള സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. കേരളത്തിന്റെ വികസനത്തിന് പുതിയ അദ്ധ്യായം രചിച്ച കിഫ്ബിയെന്ന സംവിധാനം അട്ടിമറിക്കുന്നതിന് അതും കടമെടുപ്പിന്റെ പരിധിയിൽപ്പെടുത്തുന്ന സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചത്. സാമൂഹ്യസുരക്ഷാ പെൻഷൻ കമ്പനിയെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തി ക്ഷേമ പെൻഷൻ

മുടക്കാനുള്ള ശ്രമമാണ് കേന്ദ്രഗവൺമെന്റ് നടത്തിയിട്ടുള്ളത്. ജി.എസ്.ടി. വിഹിതം നിർത്തലാക്കുകയും കേന്ദ്ര വിഹിതം കുറയ്ക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇല്ലാതാക്കുകയും ചെയ്തു. പ്രളയകാലത്ത് നമുക്ക് നൽകിയ അരിയുടെ വിലപോലും ചോദിച്ചുവാങ്ങിയ നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. ഈ പ്രതിസന്ധിയിൽ നിന്നുകൊണ്ടാണ്, ക്ഷേമ പദ്ധതികൾക്ക് കുറവുവരുത്താതെ വികസന കുതിപ്പിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ നയിക്കുന്നതിനുതകുന്ന ഈ വികസനക്ഷേമ ബഡ്ജറ്റിനെ കാണേണ്ടത്. ഇന്ധന സെസ്സുമായി ബന്ധപ്പെട്ട് പ്രതിപക്ഷം കഴിഞ്ഞദിവസം ഇവിടെ സമരം ആരംഭിച്ചിട്ടുണ്ട്. ഒരു ഓട്ടോറിക്ഷാ തൊഴിലാളിയുടെ ഫെയ്സ് ബുക്ക് പോസ്റ്റിനെ സംബന്ധിച്ച് കഴിഞ്ഞദിവസം ഇവിടെ പറഞ്ഞതാണ്. അദ്ദേഹം പറഞ്ഞത്; "എനിക്ക് രണ്ടുകുട്ടികളാണ്, രണ്ടുപേരും സർക്കാർ സ്കൂളിലാണ് പഠിക്കുന്നത്, അതിന് ചെലവില്ല. പ്രായമായ അച്ഛനും അമ്മയ്ക്കും അസുഖം വരുമ്പോൾ സർക്കാർ ആശുപത്രിയിലാണ് ചികിത്സിക്കുന്നത്, അതിനും ചെലവില്ല. അവർക്ക് രണ്ടുപേർക്കും പെൻഷനുണ്ട്, 3,200 രൂപ വരെ ലഭിക്കുന്നു. എനിക്കും എന്റെ

കുടുംബത്തിനും ഇത്രയധികം കാര്യങ്ങൾ ചെയ്യുന്ന ഈ സർക്കാരിനെ സഹായിക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണ്" എന്നാണ്. കേരളത്തിലെ സാധാരണക്കാരായ മുഴുവൻ ജനങ്ങളുടെയും അഭിപ്രായമാണ് ആ തൊഴിലാളിയിലൂടെ നമുക്ക് കേൾക്കാൻ കഴിഞ്ഞത്. നിങ്ങളുടെ സമരത്തിന് എന്ത് ആത്മാർത്ഥതയാണുള്ളത്; നിങ്ങൾക്ക് സമരം കിടക്കാൻ നാണമില്ലേ? ഈ രാജ്യത്ത് ഇന്ധനവില വർദ്ധിപ്പിക്കുന്നതിനിടയായിട്ടുള്ള സാഹചര്യമൊരുക്കിയത് കോൺഗ്രസ്സ് കേന്ദ്രം ഭരിക്കുന്ന അവസരത്തിലല്ലേ? പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില നിർണ്ണയിക്കാനുള്ള അവകാശം പെട്രോളിയം കമ്പനികൾക്ക് നൽകിക്കൊണ്ട് നിങ്ങൾ പെട്രോളിന്റെ വില വർദ്ധിക്കുന്നതിന് സാഹചര്യമൊരുക്കി. പിന്നീട് വന്ന ബി.ജെ.പി. ഗവൺമെന്റും ആ സമീപനംതന്നെ സ്വീകരിച്ചതിനാലാണ് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നമ്മുടെ രാജ്യത്ത് വില വർദ്ധിക്കുന്ന സാഹചര്യമുണ്ടായത്. ഈ സമരം നടത്തുമ്പോൾ നിങ്ങൾ മറന്നുപോകുന്നൊരു കാര്യമുണ്ട്; യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2011-ൽ 7 തവണയാണ് പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ചത്. 2011-ൽ 26.64

ശതമാനമായിരുന്ന ടാക്സ്, 5.16 ശതമാനം വർദ്ധിപ്പിച്ച് 31.8 ശതമാനമാക്കിയത് നിങ്ങളുടെ ഭരണകാലത്താണ്. യഥാർത്ഥ കൊള്ളനടത്തിയത് യു.ഡി.എഫ്. സർക്കാരാണ്. നിങ്ങൾ വർദ്ധിപ്പിച്ച 31.8 ശതമാനം ടാക്സ് 30.8 ശതമാനമായി കുറച്ചത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. 1.90 രൂപയുടെ കുറവാണ് അന്ന് വരുത്തിയത്. അത് കണ്ടില്ലെന്നു പറയാൻ നിങ്ങൾക്ക് കഴിയുമോ? കേന്ദ്ര സർക്കാർ പലപ്പോഴായി ഇന്ധനവില വർദ്ധിപ്പിച്ചു. 45 രൂപയുണ്ടായിരുന്ന ഇന്ധനവില 106 രൂപയായും പാചക വാതകത്തിന്റെ വില 410-ൽനിന്ന് 1062 ആയും വർദ്ധിപ്പിച്ചു. കേന്ദ്ര സർക്കാരിനെതിരെ സമരം നടത്താൻ നിങ്ങൾക്കു ഭയമാണോ? ഈ നിയമസഭയുടെ മുൻപിലല്ല പാർലമെന്റിലാണ് നിങ്ങൾ സമരം നടത്തേണ്ടത്. നിങ്ങൾ അതിന് തയ്യാറുണ്ടോ? നിങ്ങൾക്ക് ഭയമുണ്ടെങ്കിൽ ഞങ്ങളോടൊപ്പം വന്നാൽ നമുക്കൊരുമിച്ച് പാർലമെന്റിന് മുൻപിൽ സമരം നടത്താം. നിങ്ങളുടെ 18 എം.പി.മാർ അവിടെ എന്താണ് ചെയ്യുന്നത്? പെട്രോളിയം വില വർദ്ധനയുമായി ബന്ധപ്പെട്ട് അവിടെ ഒരു സമരവും നടത്താതെ ഇവിടെ സമരം നടത്തിയതുകൊണ്ട് എന്തെങ്കിലും

കാര്യമുണ്ടോ? ഈ സർക്കാരിന് പണം വേണം, ആ പണം എന്തിനുവേണ്ടിയാണ് വിനിയോഗിക്കുന്നത്? ഈ സംസ്ഥാനത്തെ പാവപ്പെട്ട ആളുകളെ സഹായിക്കാൻ വേണ്ടിയാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ പണം വിനിയോഗിക്കുന്നത്. സാധാരണക്കാരുടെ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നമുക്കറിയാം, 63 ലക്ഷം പേർക്ക് 1600 രൂപവീതം പെൻഷൻ കൊടുക്കുന്ന ഗവൺമെന്റാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ്. നിങ്ങളുടെ കാലത്ത് 600 രൂപയായിരുന്നു, എത്രമാസം നിങ്ങളത് മുടക്കി? പക്ഷെ, മുടങ്ങാതെ 1600 രൂപ അവരുടെ വീടുകളിൽ എത്തിക്കുന്ന ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ക്ഷേമ പെൻഷൻ കൊടുക്കാൻ പാടില്ലെന്നാണ് കേന്ദ്രം പറഞ്ഞത്. എന്നാൽ ക്ഷേമ പെൻഷൻ കൊടുക്കുമെന്നാണ് കേരളത്തിലെ മുഖ്യമന്ത്രി പറഞ്ഞത്. അക്കാര്യത്തിൽ ഉറച്ച നിലപാടുമായി ഈ സർക്കാർ മുന്നോട്ടുപോകും.

നമ്മുടെ നാട്ടിൽ ഭക്ഷണം കഴിക്കാത്ത ആരും ഉണ്ടാകാൻ പാടില്ലെന്നകാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുത്താണ് വിശപ്പുരഹിത

കേരളത്തിനുവേണ്ടി 'സുഭിക്ഷ ഹോട്ടൽ' ആരംഭിച്ച് ആ പ്രവർത്തനങ്ങൾക്ക് സർക്കാർ നേതൃത്വം നൽകിയത്. അതിദാരിദ്ര്യ ലഘൂകരണത്തിനുവേണ്ടി 50 കോടി രൂപയും കാരുണ്യപദ്ധതിക്കായി 574.50 കോടി രൂപയുമാണ് ഈ സർക്കാർ നീക്കിവച്ചിരിക്കുന്നത്. സ്വന്തമായി വീടില്ലാത്തവർക്ക് ലൈഫ് പദ്ധതി മുഖേന ലക്ഷക്കണക്കിന് വീടുനിർമ്മിച്ചുകൊടുത്ത ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. 2.5 ലക്ഷം വീടുകളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മിച്ചുനൽകിയത്. ഈ സർക്കാരിന്റെ കാലത്ത് 108025 വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം നമ്മുടെ മുൻപിലുള്ള യാഥാർത്ഥ്യങ്ങളാണ്.

അയ്യൻകാളി തൊഴിൽദാന പദ്ധതിക്കുവേണ്ടി 150 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 65 ലക്ഷം തൊഴിൽ ദിനങ്ങളാണ് ലക്ഷ്യമിടുന്നത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ ശക്തമായി നടപ്പിലാക്കുന്നതിനുവേണ്ടി ശക്തമായിട്ടുള്ള ഇടപെടലാണ് കേരള സർക്കാർ നടപ്പിലാക്കുന്നത്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച കണക്കുപ്രകാരം ഒരു വിദ്യാർത്ഥിക്ക് 50,000

രൂപയാണ് ഒരു വർഷം കേരള സർക്കാർ ചെലവഴിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 10 ലക്ഷത്തോളം വിദ്യാർത്ഥികളാണ് പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവന്നതെന്നുപറയുമ്പോൾ കേരള സർക്കാർ വിദ്യാഭ്യാസ മേഖലയെ എത്രമാത്രം ശക്തിപ്പെടുത്തിയെന്നുള്ളതിനെ സംബന്ധിച്ച് കൂടുതൽ വിശദീകരിക്കേണ്ട കാര്യമില്ല.

കാർഷികമേഖലയെ സംബന്ധിച്ച്, റബ്ബറിന് 600 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. നാളികേര സംഭരണവില 32 രൂപയിൽ നിന്ന് 34 രൂപയാക്കുകയും നെൽകൃഷിക്ക് 95 കോടി രൂപ വകയിരുത്തുകയും ചെയ്തു. കാർഷികമേഖലയിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കുന്നതിനുവേണ്ടി മൂല്യവർദ്ധിത കാർഷിക മിഷൻ രൂപീകരിച്ചുകൊണ്ട് കേരളത്തിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്താനുള്ള നിലപാടുമായാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്.

വ്യവസായമേഖലയിൽ, ഇന്ന് ഇന്ത്യയിൽ ഏറ്റവും നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറിയിട്ടുള്ളത് കേരളമാണെന്നുള്ളത് അഭിമാനത്തോടുകൂടി നമുക്ക് പറയാൻ സാധിക്കും. ചെറുകിട വ്യവസായങ്ങളുമായി ബന്ധപ്പെട്ട്, ഒരു

വർഷംകൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങാനാണ് തീരുമാനിച്ചിരുന്നത്, രണ്ടുമാസം ബാക്കിയിരിക്കെ ഏതാണ്ട് ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ തുടങ്ങാനും 220500 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. 6282 കോടി രൂപയുടെ നിക്ഷേപമാണ് അതിന്റെയടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ളത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ശക്തമായ നടപടികളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ചത്. ഇതിനായി 2000 കോടി രൂപ വകയിരുത്തിയിരിക്കുന്നുവെന്ന് പറയുമ്പോൾത്തന്നെ പ്രസ്തുത കാര്യത്തിൽ എത്രമാത്രം താത്പര്യം സ്വീകരിക്കുന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും. പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം കേരളത്തോടൊപ്പംനിന്ന ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. നമ്മുടെ സംസ്ഥാനത്ത് പ്രളയദുരന്തവും കോവിഡ് മഹാമാരിയുമുണ്ടായപ്പോൾ ജനങ്ങളെ ചേർത്തുപിടിച്ച സർക്കാരിനെ കേരളത്തിലെ ജനങ്ങൾ നെഞ്ചോടുചേർത്തുപിടിച്ചു. അവർ വീണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അധികാരത്തിൽ കൊണ്ടുവന്നു. കഴിഞ്ഞദിവസം ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്, ജനങ്ങൾക്ക് ഒരു

കൈപ്പിഴ പറ്റിയെന്നാണ്. ജനങ്ങൾക്ക് കൈപ്പിഴ പറ്റിയിട്ടില്ല; ഈ സർക്കാർ വീണ്ടും അധികാരത്തിൽ വരേണ്ടത് കേരളത്തിലെ ജനങ്ങളുടെ താത്പര്യം സംരക്ഷിക്കുന്നതിന് ആവശ്യമാണെന്നതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ ജനങ്ങൾ വീണ്ടും ഈ സർക്കാരിനെ അധികാരത്തിലേറ്റിയത്. അതുകൊണ്ടാണ് നിങ്ങൾ അപ്പുറത്തും ഞങ്ങൾ ഇപ്പുറത്തും ഇരിക്കുന്നത്. ഒരൽപ്പം പ്രതിസന്ധി നമ്മുടെ മുമ്പിലുണ്ടെന്നത് യാഥാർത്ഥ്യമാണ്; അത് സാമ്പത്തിക പ്രതിസന്ധിയാണ്. കേന്ദ്രം സൃഷ്ടിച്ച ആ പ്രതിസന്ധി മറികടക്കാൻ നമുക്ക് സാധിക്കും. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇതുവരെയുള്ള എല്ലാ പ്രതിസന്ധികളെയും മറികടന്നതുപോലെ, ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് ഈ പ്രതിസന്ധിയെയും മറികടക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല, അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിനെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഈ ബഡ്ജറ്റിനെ അനുകൂലിക്കാൻ നിർവ്വാഹമില്ലെന്ന് ആദ്യമായി അറിയിക്കട്ടെ. ഇവിടെ പെട്രോൾ-ഡീസൽ

എന്നിവയ്ക്ക് സാമൂഹ്യ സുരക്ഷാ സെസ്സ് ഏർപ്പെടുത്തിയിരിക്കുന്നതിനെ ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങൾ സന്തോഷത്തോടെ സ്വാഗതം ചെയ്യുകയുണ്ടായി. ഇന്ധനവില വർദ്ധനയ്ക്കെതിരായി എല്ലാകാലത്തും ധാരാളം പ്രതിഷേധങ്ങളും സമരപരിപാടികളും നടത്തിയവരാണ് നമ്മൾ. അതുണ്ടാക്കുന്ന ദുഷ്ഫലങ്ങൾ, തന്മൂലമുണ്ടാകുന്ന വിലക്കയറ്റം, അവ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുന്നത് എന്നിവയെയെല്ലാം സംബന്ധിച്ച് സഭയ്ക്കകത്തും പുറത്തും നമ്മളെല്ലാവരും പ്രതിഷേധമറിയിച്ചിട്ടുള്ള കാര്യവുമാണ്. ഇന്ധനവില വർദ്ധിപ്പിക്കാൻ കേന്ദ്രം തീരുമാനിക്കുമ്പോൾ അവർക്ക് അതിനുള്ള കാരണങ്ങളുണ്ടാകും. അവർ അത് ന്യായീകരിക്കുകയും ചെയ്യാറുണ്ട്. അതുപോലെതന്നെയാണ് ഇവിടെയും ഇന്ധന സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള ന്യായീകരണം, സുരക്ഷാ സ്കീമുകൾക്ക് വേണ്ടിയാണെന്ന ന്യായം പറയുന്നത്. ഇന്ധനവില വർദ്ധനവിനെ അനുകൂലിച്ച് സംസാരിക്കുന്നവരുടെ തൊലിക്കട്ടി ഓർത്താൽ കണ്ടാമൃഗംപോലും കരയുമെന്നാണ് എനിക്ക് പറയാനുള്ളത്. എങ്ങനെയാണ് നിങ്ങൾ ഇതിനെ അനുകൂലിക്കുന്നത്; ഇതുണ്ടാക്കുന്ന

ഫലങ്ങളെ സംബന്ധിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ വിഭവസമാഹരണം നടത്തുന്നതിന് നമ്മളാരും എതിരല്ല. പക്ഷേ വിഭവസമാഹരണം എങ്ങനെ നടത്തണമെന്ന് അറിയണം. വിഭവസമാഹരണം നടത്തേണ്ടത് സാധാരണ ജനങ്ങളെ ദ്രോഹിക്കുകയും പ്രയാസപ്പെടുത്തുകയും ചെയ്യുന്ന രീതിയിലാണോ? ഇവിടെ വന്നിട്ടുള്ള ഓരോ കാര്യവും എടുത്തുനോക്കൂ, ഇന്ധനവിലയെക്കുറിച്ച് ഞാൻ സൂചിപ്പിച്ചുകഴിഞ്ഞു. ഭൂമിയുടെ ന്യായവിലയിൽ 20% വർദ്ധനയുണ്ടായി, വിപണി മൂല്യം വർദ്ധിച്ച പ്രദേശങ്ങളിൽ ന്യായവില 30% വർദ്ധിക്കുമ്പോൾ ഫലത്തിൽ 50 ശതമാനം വില വർദ്ധിക്കുന്നു. ദീർഘകാലമായി ഒഴിഞ്ഞുകിടക്കുന്ന വീടുകൾ, അതായത് ഗൾഫ് നാടുകളുൾപ്പെടെ വിദേശങ്ങളിൽ പോയിട്ടുള്ള പ്രവാസികളുടെ വീടുകൾ ഇവിടെ പൂട്ടിക്കിടക്കുകയായിരിക്കും, അതിന് പ്രത്യേകമായി നികുതി ഏർപ്പെടുത്തുകയാണ്. വാണിജ്യ-വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി തീരുവ 5 ശതമാനമാക്കി വർദ്ധിപ്പിച്ച് 20 പൈസ മുതൽ 35 പൈസ വരെ വർദ്ധിപ്പിക്കുന്ന സാഹചര്യം വരികയാണ്. 5 ലക്ഷം രൂപവരെ വിലയുള്ള കാറുകൾക്ക് 1%, പുതുതായി വാങ്ങുന്ന 2 ലക്ഷം രൂപ വരെ

വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ നികുതിയിൽ 2% എന്നിങ്ങനെയുള്ള വർദ്ധന വരുത്തുകയും ഇലക്ട്രിക് മോട്ടോർ വാഹനങ്ങൾക്ക് ആദ്യ 5 വർഷത്തേയ്ക്ക് നൽകിയിരുന്ന 50% നികുതിയിളവ് ഒഴിവാക്കുകയും ചെയ്തതിലൂടെ സാധാരണക്കാരെ ബാധിക്കുന്ന നികുതി നിർദ്ദേശമാണ് ബഡ്ജറ്റിലുള്ളത് എന്നതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. ഇങ്ങനെയെല്ലാം ചെയ്യുന്നത് കേന്ദ്ര അവഗണനയുടെ പേര് പറഞ്ഞാണല്ലോ, കേന്ദ്ര അവഗണന പറയാതെ ഈ നിയമസഭയിൽ ഏത് ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്? കേന്ദ്രത്തിൽ യു.പി.എ. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ഞങ്ങൾ അവതരിപ്പിച്ച ബഡ്ജറ്റിലും ഈ സംസ്ഥാനത്തിന്റെ പ്രശ്നങ്ങളും കേന്ദ്ര അവഗണനയും പറഞ്ഞിട്ടുണ്ട്. എന്നാൽ അക്കാര്യങ്ങളെല്ലാം പറഞ്ഞ് ജനങ്ങളെ കൊള്ളയടിക്കുകയല്ല ചെയ്യേണ്ടത്. ഇങ്ങനെയെല്ലാം ചെയ്യണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ആരാണ് ഉപദേശിച്ചത്! ഇതിന്റെയൊക്കെ ഫലം എന്താകുമെന്ന് അങ്ങ് ഒരിക്കലെങ്കിലും പരിശോധിക്കുമോ? കോവിഡിന്റെ ഫലമായിവന്നിട്ടുള്ള സാമ്പത്തിക മാന്ദ്യത്തിൽനിന്നും കരകയറുന്നതിനിടയിൽ അങ്ങ് ചെയ്തിട്ടുള്ള

ഈ മായാജാലം, കട്ടംകൈ എവിടേയ്ക്കാണ് കൊണ്ടുപോകുന്നത്? നിങ്ങളെ പറ്റിച്ചത് കേന്ദ്രഗവൺമെന്റല്ല, കിഫ്ബിയാണ്. അതിന്റെ ഭവിഷ്യത്തിനെക്കുറിച്ചും ഭാവിയിൽ ഉണ്ടാകാവുന്ന പ്രയാസങ്ങളെക്കുറിച്ചും ഞങ്ങൾ അന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ സി.&എ.ജി. റിപ്പോർട്ട് വരെ അതുസംബന്ധിച്ച് വന്നല്ലോ? യാതൊരു ദീർഘവീക്ഷണവുമില്ലാത്ത രീതിയിൽ എടുത്തിട്ടുള്ള ചില തീരുമാനങ്ങളും നിലപാടുകളുംകൊണ്ടാണ് ഈയൊരു സംഗതി വന്നുഭവിച്ചതെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിഭവസമാഹരണത്തിനായി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യംതന്നെയെടുക്കാം, നികുതിയിനത്തിലും നികുതിയേതര ഇനത്തിലും നമ്മൾ ലക്ഷ്യംവച്ച രീതിയിൽ അവ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ? അതൊക്കെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴുള്ള വിഭാവനയിൽമാത്രമുള്ളതാണ്. യഥാർത്ഥത്തിൽ സാധിക്കുന്നില്ല. ഇവിടെ ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നല്ലോ, നടപ്പുവർഷത്തിൽ നികുതിയോ നികുതിയേതര വരുമാനമോ വന്നില്ല. നികുതി പിരിച്ചെടുക്കുന്നതിൽ അലംഭാവമുണ്ടാകുന്നത് പരിശോധിക്കപ്പെടണം. നികുതി കുടിശ്ശിക

പലിശയും പിഴപ്പലിശയും ഒഴിവാക്കി പിരിച്ചെടുക്കുന്നതിനുവേണ്ടി ആദ്യഘട്ടത്തിൽ ആവിഷ്കരിച്ച ആംനെസ്റ്റി സ്കീം പരാജയപ്പെട്ടു. രണ്ടാമതും ഒരു സ്കീം വന്നെങ്കിലും അതുമായി ബന്ധപ്പെട്ടവർ സഹകരിച്ചോ; അത് ലക്ഷ്യത്തിലെത്തിക്കാൻ സാധിച്ചോ? ന്യായമായും കിട്ടേണ്ട ആനുകൂല്യങ്ങളും നികുതിയടക്കമുള്ള വിഭവ സമാഹരണവും യഥാസമയം ലഭ്യമാക്കാൻ സാധിക്കുന്നില്ലെന്നത് ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. സംസാരിച്ചവരിൽ ഒന്നോ രണ്ടോ അംഗങ്ങൾ കേന്ദ്രത്തിന്റെ ന്യൂനപക്ഷ വിരുദ്ധ സമീപനവും കേന്ദ്ര ബഡ്ജറ്റിൽ പ്രസ്തുത വിഭാഗത്തെ സംബന്ധിച്ച അവഗണനയും സ്കോളർഷിപ്പ് തുക കുറച്ചതുമെല്ലാം ചൂണ്ടിക്കാണിച്ചു. എന്നാൽ അതേ വിഷയത്തിൽ സംസ്ഥാന ഗവൺമെന്റ് നീതിപുലർത്തിയിട്ടുണ്ടോ; അവിടെയിരുന്ന് കേന്ദ്രത്തെ കുറ്റം പറയുമ്പോൾ സംസ്ഥാനം സ്വീകരിച്ച നിലപാട് എന്താണെന്ന് നോക്കണ്ടേ? നിങ്ങൾ ഗവൺമെന്റിനെക്കുറിച്ച് എപ്പോഴും ഒന്നാം പിണറായി, രണ്ടാം പിണറായി എന്നുപറയാറുണ്ടല്ലോ, ഈ രണ്ട് ഗവൺമെന്റിന്റെയും മുന്നോടിയായി കൊണ്ടുവന്ന പ്രകടനപത്രികയിൽ പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം

എന്തായിരുന്നുവെന്ന് ഓർമ്മയുണ്ടോ? അത് അറബിക് യൂണിവേഴ്സിറ്റി കൊണ്ടുവരുമെന്നായിരുന്നു. നിങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞ എല്ലാ കാര്യങ്ങളും ഭരണത്തിൽവന്നപ്പോൾ നടപ്പിലാക്കിയെന്നാണല്ലോ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞത്. അറബിക് യൂണിവേഴ്സിറ്റി കൊണ്ടുവരുമെന്ന നിങ്ങളുടെ വാഗ്ദാനം ഇതുവരെ നടപ്പിലായോ? മൈനോരിറ്റി വിഭാഗങ്ങൾക്ക് എത്രതുക വകയിരുത്തി, മറ്റുള്ള കാര്യങ്ങൾക്ക് എത്ര തുക വകയിരുത്തി എന്നെല്ലാമുള്ളത് ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്ന ബഡ്ജറ്റ് പരിശോധിച്ചാൽത്തന്നെ മനസിലാകും. ക്ഷേമനിധി സ്കോളർഷിപ്പുകൾ വെട്ടിക്കുറച്ചതിനെ സംബന്ധിച്ച് പരാമർശിക്കാതിരുന്ന നിങ്ങൾ ന്യൂനപക്ഷങ്ങളോട് നീതിപുലർത്തുകയോ അതിനായി ബഡ്ജറ്റിൽ വിഹിതം അനുവദിക്കുയോ ചെയ്തില്ല. എന്നാൽ സംസ്ഥാനത്തിന്റെ മറ്റുകാര്യങ്ങൾക്ക് ഫണ്ട് നീക്കിവച്ചതും കാണാം. വെറുതേ സംസാരിക്കുമെന്നല്ലാതെ ന്യൂനപക്ഷങ്ങളോട് അവഗണനയാണ് കാട്ടുന്നത്, ന്യായമായ രീതിയിൽ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് ഒരു നടപടിയും സ്വീകരിക്കുന്നില്ലെന്നതാണ് വസ്തുത. സമയക്കുറവുമൂലം കൂടുതൽ

കാര്യങ്ങൾ ഞാൻ പറയുന്നില്ല. എന്റെ മണ്ഡലത്തിലെ കുറച്ച് കാര്യങ്ങൾ പറയുകയാണ്. പരപ്പനങ്ങാടി എൽ.ബി.എസ് സെന്ററിന്റെ കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്, സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ പാലോളി മുഹമ്മദ് കുട്ടി അദ്ധ്യക്ഷനായ മൈനോറിറ്റി കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ അന്ന് മലപ്പുറത്ത് L.B.S. Integrated Institute of Science and Technology (LBSIIST) തുടങ്ങാൻ തീരുമാനിച്ചതാണ്. ഈ അപ്ലൈഡ് സയൻസ് കോളേജിന് എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് കോളേജ് എന്നിവയും എൽ.ബി.എസ്.-ലെ പി.ജി.ഡി.സി.എ., മൾട്ടിമീഡിയ തുടങ്ങിയ കോഴ്സുകളും ഉണ്ടാകണമെന്നാണ് ഉദ്ദേശിച്ചിരുന്നത്. ഇതിന്റെ സയൻസ് കോളേജ് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഈ സംരംഭത്തിന് സ്വന്തമായി കെട്ടിടത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനായി മലപ്പുറം ജില്ലാകളക്ടറുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും റവന്യൂ വകുപ്പ് രണ്ട് സ്ഥലം അളന്ന് തിട്ടപ്പെടുത്തുകയും ചെയ്തിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതിനായി 130 കോടി രൂപ അനുവദിച്ചതുമാണ്. എന്നാൽ

ഇപ്പോഴത്തെ ഗവൺമെന്റ് ആ കാര്യത്തിൽ ഒന്നും ചെയ്തില്ല. മുതിർന്ന സി.പി.ഐ.(എം) നേതാവും സാത്വികനുമായ പാലോളി മുഹമ്മദ് കുട്ടി സാഹിബ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെത്തന്നെ വന്നുകണ്ട് ഈ ബഡ്ജറ്റിൽ പ്രസ്തുത സ്ഥാപനത്തിനായി പണം വകയിരുത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും അതിന്റെ സ്ഥിതി എന്താണ്? ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയത് ആകെ നൂറ് രൂപ മാത്രമാണ്. ഇത് ശരിയായ കാര്യമാണോയെന്ന് നിങ്ങൾ പരിശോധിക്കണം. അതുപോലെതന്നെ സൂക്ഷ്മ നീർത്തട പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള എല്ലാ പരിശോധനയും നടത്തിക്കഴിഞ്ഞ് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ച തിരൂരങ്ങാടിയിലെ സ്കീമും ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നൽകിയിരുന്നു. ഒരു എം.എൽ.എ. ഇക്കാര്യങ്ങൾക്ക് പിന്നാലെ നടന്ന് ഒരു പദ്ധതി ഉണ്ടാക്കിയെടുക്കുന്നതിലെ ബുദ്ധിമുട്ട് അങ്ങേയ്ക്കും അറിയാമല്ലോ? തൃത്താല, തിരൂരങ്ങാടി മണ്ഡലങ്ങൾ മാത്രമാണ് അത്തരമൊരു പദ്ധതി സമർപ്പിച്ചത്, എന്നാൽ ബഡ്ജറ്റ് പ്രസംഗത്തിൽ തിരൂരങ്ങാടിയെ മാറ്റുകയും തൃത്താലയ്ക്ക് പകരം മറ്റൊരു സ്ഥലത്തേയ്ക്ക് അത് അനുവദിക്കുകയുംചെയ്ത നടപടി ന്യായമാണോ?

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, അങ്ങയുടെ മനഃസാക്ഷിയോട് അക്കാര്യം ചോദിക്കണം. ഈ നിലപാട് സ്വീകരിക്കുന്നത് ഗുണകരമാണോയെന്ന് അങ്ങ് സ്വയം ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. താങ്കളുടെ ബഡ്ജറ്റ് പ്രസംഗത്തിൽ, കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാവരും യോജിക്കണമെന്ന് പറയുന്നുണ്ടല്ലോ, ഭരണ-പ്രതിപക്ഷ എം.എൽ.എ.മാർ എന്ന വിവേചനം മാറ്റിവച്ച് വികസന കാര്യത്തിൽ തുക നീക്കിവയ്ക്കണമെന്ന നീതിയുക്തമായ നിലപാട് കൈക്കൊള്ളാതെ കേരളത്തിനുവേണ്ടി ചേർത്തുപിടിക്കണമെന്ന് പറയുന്നതിൽ അർത്ഥമില്ലാത്തതിനാൽ ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച സൃഷ്ടിപരവും ക്രിയാത്മകവുമായ ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. ഈ പ്രതിസന്ധി ഘട്ടത്തിലും ഇത്രയും നല്ലൊരു കാഴ്ചപ്പാടോടുകൂടി ഈ സംസ്ഥാനത്തെ ചേർത്തുപിടിച്ചുകൊണ്ട് ഒരു

ബഡ്ജറ്റ് അവതരിപ്പിക്കാൻ കാണിച്ച ധിഷണാവൈഭവത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രശംസിക്കുകയാണ്.

ഒരു കാലഘട്ടത്തിലുമില്ലാത്തവിധം കേന്ദ്രസർക്കാർ സംസ്ഥാനത്തെ ഞെരുക്കിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലൂടെയാണ് നമ്മൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അതിന്റെ വിശദാംശങ്ങളൊക്കെ ഇവിടെ പ്രതിപാദിക്കപ്പെട്ടതാണ്. നമ്മുടെ ധനകാര്യ വിഹിതം വെട്ടിക്കുറയ്ക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ചിറ്റമ്മ നയംവച്ചുപുലർത്തുകയും ചെയ്യുന്നു. ഓഫ് ബഡ്ജറ്റ് ബോറോവിങ്സെല്ലാം നമ്മുടെ കടമെടുപ്പു പരിധിയിലേയ്ക്ക് കൊണ്ടുവരികയും ഫിസ്കൽ ഫെഡറലിസത്തിന്റെ എല്ലാതത്വങ്ങളും ലംഘിച്ചുകൊണ്ട് മുന്നോട്ടുപോകുകയും ചെയ്യുന്നു. ഇവിടെപ്പറഞ്ഞതുപോലെ, ദുരിതകാലത്തെ അരിയുടെ പണംപോലും ഞെക്കിപ്പിഴിഞ്ഞ് വാങ്ങിക്കുന്ന, ആപത്ഘട്ടത്തിൽ സഹായിക്കാൻ വരുന്ന കൈകളെ തട്ടിമാറ്റുന്ന ക്രൂരവിനോദം, ഇത്തരമൊരു നയവുമായി കേന്ദ്ര സർക്കാർ പോകുമ്പോഴും അതിൽനിന്നെല്ലാം ഈ നാടിനെ സംരക്ഷിച്ചുകൊണ്ട് പോകാനുള്ള വലിയ കാഴ്ചപ്പാടോടുകൂടിയാണ് ബഡ്ജറ്റ് ഇവിടെ

അവതരിപ്പിക്കപ്പെട്ടിരിക്കുന്നതെന്ന് വസ്തുനിഷ്ഠമായി വിലയിരുത്തുന്ന ഓരോരുത്തർക്കും മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

അതുപോലെതന്നെ സമീപദിനങ്ങളിൽ രണ്ട് ബഡ്ജറ്റുകൾ നമ്മൾ കണ്ടല്ലോ; കേന്ദ്ര ബഡ്ജറ്റും സംസ്ഥാന ബഡ്ജറ്റും. എന്താണ് അതിന്റെ വ്യത്യാസം? കേന്ദ്ര ബഡ്ജറ്റിൽ ആനുകൂല്യങ്ങളെല്ലാം വെട്ടിക്കുറച്ചുകൊണ്ട് നികുതികൾ വല്ലാതെ വർദ്ധിപ്പിച്ചു. എന്തിനുവേണ്ടിയാണത്; കുബേരന്മാർക്ക് തടിച്ചുകൊഴുക്കുന്നതിന് അവസരം സൃഷ്ടിക്കാൻ. അതേസമയം കേരളത്തിൽ, ദുർബല ജനവിഭാഗങ്ങളെ ആകെ സംരക്ഷിച്ചുകൊണ്ട് കുചേലന്മാരെ ചേർത്തുപിടിക്കുന്ന ബഡ്ജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ രാജ്യത്തുതന്നെ സൗജന്യ വിദ്യാഭ്യാസവും ആരോഗ്യമേഖലയിലെ സംരക്ഷണവും സാർവ്വത്രികമായ സാമൂഹ്യസുരക്ഷാ പെൻഷനടക്കമുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഏകഗവൺമെന്റാണിത്. 42 ലക്ഷം ആളുകൾക്ക് കാരുണ്യ ചികിത്സാ പദ്ധതിയുടെ ആനുകൂല്യം, 60 ലക്ഷം ആളുകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ, 30 ലക്ഷം ആളുകൾക്ക്

മെഡിസെപ് ഇതെല്ലാം നടത്തിക്കൊണ്ട് മുന്നോട്ടുപോകുമ്പോഴും ഏറ്റവും മികച്ച ധനകാര്യ മാനേജ്മെന്റാണ് കേരളത്തിന്റേതെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പറഞ്ഞിട്ടുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏറ്റവും അവസാനത്തെ അവലോകന റിപ്പോർട്ട് പരിശോധിച്ചാൽ ഇന്ത്യയിൽ ഏറ്റവും മികച്ച സാമ്പത്തിക മാനേജ്മെന്റ് നടത്തുന്ന സംസ്ഥാനം കേരളമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

ചില കാര്യങ്ങൾ എടുത്തുപറയാൻ ആഗ്രഹിക്കുന്നത്, ഈ സർക്കാരിന്റെ വികസനോന്മുഖ കാഴ്ചപ്പാടിന്റെ കാര്യങ്ങൾകൂടിയാണ്. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട എരുമേലി, ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട പ്രവേശന കവാടമാണ്. എരുമേലിക്കുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ ഈ ബഡ്ജറ്റിൽ അവതരിപ്പിക്കാനുള്ള മനോഭാവം കാണിച്ച ധനകാര്യ വകുപ്പുമന്ത്രിയെ ശബരിമല തീർത്ഥാടന കാര്യവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നന്ദിപറയാനും അഭിനന്ദിക്കാനുംകൂടി ഈ അവസരം വിനിയോഗിക്കുകയാണ്. ശബരി ഗ്രീൻ ഫീൽഡ് എയർപോർട്ട്

യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതടക്കം പ്രാഥമിക ചെലവുകൾക്ക് പണം അനുവദിച്ചതുൾപ്പെടെയുള്ള കാര്യങ്ങളുമായി ഈ സർക്കാർ മുന്നോട്ടുപോകുന്നത് എടുത്തുപറയേണ്ട കാര്യമാണ്. അതുപോലെതന്നെ, റബ്ബർ കർഷകരുടെ കാര്യം ചർച്ച ചെയ്തു; റബ്ബർ വിലസ്ഥിരത ഫണ്ടിന്റെ പരിധി മുമ്പുണ്ടായിരുന്ന 500 കോടി രൂപയിൽനിന്ന് 600 കോടി രൂപയായി വർദ്ധിപ്പിക്കാൻ ഈ ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ടായതിന് പ്രത്യേകം നന്ദി അറിയിക്കുന്നു. അതോടൊപ്പം ഒരു കാര്യംകൂടി കൂട്ടിചേർക്കാൻ ആഗ്രഹിക്കുന്നത് 600 കോടി രൂപയ്ക്കകത്തുനിന്നുകൊണ്ടുതന്നെ ഇപ്പോൾ നിലവിലുള്ള അടിസ്ഥാനവില 170 എന്നുള്ളത് വർദ്ധിപ്പിക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. കാരണം, ഇപ്പോൾ തെറ്റായ കേന്ദ്ര നയങ്ങളുടെ വെളിച്ചത്തിൽ റബ്ബർ രംഗത്ത് മുരടിപ്പ് വന്നിരിക്കുന്ന സാഹചര്യത്തിൽ പഴയ നിലയിലുള്ളൊരു ഉൽപാദനമില്ല എന്നത് വസ്തുതയാണ്. അതിന്റെകൂടി വെളിച്ചത്തിൽ ഡിമാന്റ് കുറയുമെന്നുള്ളതു കണക്കാക്കിക്കൊണ്ട് ഈ തുകയിൽനിന്നുകൊണ്ടുതന്നെ

വിലസ്ഥിരത ഫണ്ടിൽ വർദ്ധനവ് വരുത്തുന്ന കാര്യം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം കേരള റബ്ബർ ലിമിറ്റഡിന് 20 കോടി രൂപ വകയിരുത്തി റബ്ബർ മേഖലയ്ക്ക് പ്രോത്സാഹനം നൽകുന്ന സമീപനമെടുത്തതിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

സമീപനാളുകളിൽ ബഫർസോണുമായി ബന്ധപ്പെട്ടും ബഡ്ജറ്റിനെതിരായും പ്രതിപക്ഷത്തിന്റെ സമരം നടക്കുന്നുണ്ട്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി വസ്തുതകൾ തമസ്കരിച്ചുകൊണ്ടും വക്രീകരിച്ചുകൊണ്ടും ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് സമരമുഖത്ത് പ്രതിപക്ഷം നിൽക്കുന്നത് സർക്കാരിനെതിരെ ശരിയായ വസ്തുതകൾ കിട്ടാത്തതിനാലും പ്രതിപക്ഷത്തിന്റെ ആഭ്യന്തര പ്രശ്നങ്ങൾ മൂടിവയ്ക്കുന്നതിനുമാണ്. അവിടെ വലിയ തർക്കമാണ്; ആരാണ് അടുത്ത മുഖ്യമന്ത്രി ആകേണ്ടത് എന്നുള്ളതാണ് തർക്കം. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലത്തും ഇതേ തർക്കവും ഇതേ ചർച്ചയും പ്രതിപക്ഷം നടത്തി. എന്താണ് ആ ചർച്ചയിൽ അവസാനം ഉരിത്തിരിഞ്ഞ് എത്തിചേർന്നത്? ഉണ്ടായിരുന്ന പ്രതിപക്ഷ നേതാവിനെ മാറ്റി മറ്റൊരു പ്രതിപക്ഷ

നേതാവിനെ കൊണ്ടുവന്നു. ഈ ചർച്ചയുടെ അവസാനം സംഭവിക്കാൻ പോകുന്നതും അതുതന്നെയായിരിക്കും എന്നാണ് ഈ തെറ്റായ സമരവുമായി മുന്നോട്ടുപോകുന്ന പ്രതിപക്ഷത്തോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. പാർലമെന്റ് തെരഞ്ഞെടുപ്പാണ് ഏറ്റവും ആദ്യം വരുന്നത്. ആ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തയ്യാറാകാതെ, തങ്ങൾ മത്സരരംഗത്തില്ലെന്ന് മാസങ്ങൾക്കുമുമ്പുതന്നെ പ്രഖ്യാപിച്ചുകൊണ്ട് നിലവിലുള്ള എം.പി.മാർ ഓടിയൊളിക്കുന്ന സ്ഥിതിയാണുള്ളത്. രാഷ്ട്രീയ അപചയവും പാപ്പരത്തവും ജനങ്ങളുടെ മുമ്പിൽ മൂടിവയ്ക്കാനുള്ള കുത്സിതശ്രമത്തിന്റെ ഭാഗംമാത്രമാണ് ഇത്തരം തെറ്റായ വാദമുഖങ്ങൾ ഉയർത്തികൊണ്ടുള്ള സമരം. അതിൽനിന്ന് പ്രതിപക്ഷം പിന്മാറി, ഈ ഗവൺമെന്റ് നടത്തുന്ന ക്രിയാത്മകവും സൃഷ്ടിപരവുമായ പ്രവർത്തനങ്ങളെ പിന്തുണയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രതിസന്ധികൾക്കിടയിലും നവകേരള സൃഷ്ടിയും വൈജ്ഞാനിക സാമൂഹ്യ വളർച്ചയും ലക്ഷ്യമിട്ട് ദീർഘവീക്ഷണത്തോടെ ഇത്രയും നല്ല നിലയിൽ ഈ നാടിനെ മുന്നോട്ടുനയിക്കുന്ന ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയേയും

സർക്കാരിനെയും ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുതായി അറിയിച്ച് വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. രാജ്യത്താകെ സാമ്പത്തിക തകർച്ചയും വളർച്ചാമുരടിപ്പും നേരിടുമ്പോൾ കേരളത്തിലെ ആഭ്യന്തര ഉൽപ്പാദനത്തിൽ 12 ശതമാനവും കാർഷിക മേഖലയിൽ ഏകദേശം 7 ശതമാനവും വ്യവസായ മേഖലയിൽ 17.3 ശതമാനവും വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. വ്യവസായ മേഖലയിലേത് ഏറ്റവും വലിയ റിക്കാർഡാണ്. അതുപോലെ കേരളത്തിലെ സാമൂഹിക മേഖല, പ്രത്യേകിച്ച് ജനസംഖ്യാനിരക്കിന്റെ വളർച്ച കുറയുന്നു. വയോജനങ്ങളുടെ എണ്ണം ആകെ ജനസംഖ്യയുടെ 20 ശതമാനത്തിലേയ്ക്ക് കടക്കുമ്പോൾ അതിനെപ്പറ്റിയുള്ള ഒരു ശാസ്ത്രീയ പഠനം നടത്താനുള്ള തീരുമാനം തികച്ചും സ്വാഗതാർഹമാണ്.

ഗൾഫിൽനിന്നും തിരിച്ചുവരുന്നവർക്കുള്ള തൊഴിൽ ദാനപരിപാടി, പ്രവാസികളുടെ വിമാന ടിക്കറ്റ് കൊള്ളയടിക്കുന്നത് തടയാനുള്ള നടപടി

തുടങ്ങിയവയെല്ലാം അഭിനന്ദനാർഹമായ കാര്യങ്ങളാണ്. ബീഡി, ഖാദി, കൈത്തറി, മത്സ്യം തുടങ്ങിയ പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്ക് കഴിഞ്ഞവർഷത്തെക്കാൾ അധികമായി 4 കോടി രൂപ നീക്കിവച്ചതും ഈ ബഡ്ജറ്റിന്റെ തൊഴിലാളിപക്ഷം വ്യക്തമാക്കുന്നതാണ്. ഒരു ഹാർഡ് ബഡ്ജറ്റ് പ്രതിബന്ധമാണ് നാം നേരിടുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരിക്കുന്നു. കേന്ദ്ര സർക്കാർ നമുക്ക് നേരേ സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്. എന്താണ് ഇതിനുകാരണം; എന്തുകൊണ്ടാണ് യു.ഡി.എഫ്. ഇതിന് പിന്തുണ നൽകുന്നത്? കാരണം മറ്റൊന്നുമല്ല, ഇവർ രണ്ടുപേരുടേയും പുത്രനായിട്ടുള്ള ആഗോളവൽക്കരണത്തിനെ നാം എതിർക്കുന്നുവെന്നുള്ളതാണ്. അവർ സ്വകാര്യവൽക്കരണത്തെക്കുറിച്ച് പറഞ്ഞപ്പോൾ നമ്മൾ പൊതുമേഖലയെ ശക്തിപ്പെടുത്തുന്നു, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണ സമ്പ്രദായം, പാവങ്ങൾക്ക് പെൻഷൻ, പാവങ്ങൾക്ക് വീട് എന്നിവ നൽകുന്നു. ഇത് തകർക്കണം; ഇതുതകർന്നാൽ കേരളം തകരും; ഇടതുപക്ഷ ജനാധിപത്യമുന്നണി തകരും.

**01.00 p.m]**

പിണറായി സർക്കാരിന്റെ രണ്ടാം വരവ് ഇവരെ വല്ലാതെ പ്രകോപിതരാക്കിയിട്ടുണ്ട്. സാമൂഹ്യക്ഷേമ മേഖലയെ ചേർത്തുപിടിച്ചതാണ് എൽ.ഡി.എഫ്.-ന് തുടർഭരണം ലഭിക്കാൻ കാരണമെന്ന് ഇവർക്കറിയാം. ഇതുതടയാൻ ബി.ജെ.പി. കേരളത്തിനുനേരെ സാമ്പത്തിക ഉപരോധം പ്രഖ്യാപിച്ചിരിക്കുകയാണ്. ക്യൂബയ്ക്കെതിരെ അമേരിക്ക ഉപരോധം പ്രഖ്യാപിച്ചത് വേണമെങ്കിൽ അത് രണ്ട് രാഷ്ട്രങ്ങളാണെന്ന് പറയാം. എന്നാൽ ഇന്ത്യയുടെ ഭാഗമല്ലേ ഈ കേരളം; ഈ കേരളത്തെ ഇങ്ങനെ ചെറുക്കുമ്പോൾ, ഞെരുക്കുമ്പോൾ യു.ഡി.എഫ്. അതിനെക്കുറിച്ച് ഒന്നും പറയുന്നില്ലെന്നുള്ളത് സങ്കടകരമായ കാര്യമാണ്. കേരളത്തിന്റെ ക്ഷേമമേഖലയ്ക്കും വികസന പ്രവർത്തനങ്ങൾക്കുമെതിരെ കൊലവിളിയുമായി ബി.ജെ.പി. എന്ന പി.ടി.-7 മദയാന ചിന്നം വിളിക്കുമ്പോൾ യു.ഡി.എഫ്. ഒരു കുങ്കിയാനയെപോലെ വന്ന് ബി.ജെ.പി-യെ മെരുക്കുമെന്ന് നാം കരുതി. ഭാരത് ജോഡോ യാത്ര കഴിഞ്ഞിട്ടും അവർ ഇവിടെ പടയപ്പയും കബാലിയുമാകുകയാണ്. പി.ടി.-7 എന്ന ബി.ജെ.പി. മദയാന ധോണിയെ

മെരുക്കാൻ നിങ്ങൾ സർക്കാരുമായി സഹകരിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഇവിടെ യു.ഡി.എഫ്. സമരരംഗത്താണ്. 63 ലക്ഷം പേർക്ക് 11,000 കോടി രൂപ വിതരണം ചെയ്യുന്ന പെൻഷൻ വേണ്ടെന്ന് വയ്ക്കണമെന്നാണ്. കേരള ജനസംഖ്യയിൽ ആറിലൊരാൾ പെൻഷൻ വാങ്ങുന്നു, ഇത്ര വലിയ തുകയിൽ ഇത്രയധികം ആളുകൾക്ക് പെൻഷൻ നൽകുന്നത് എവിടെയാണ്; കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിലുണ്ടോ? 75,000 രൂപയും ഒന്നര ലക്ഷം രൂപയും ഭവനനിർമ്മാണത്തിന് സഹായം നൽകുമ്പോൾ ഇവിടെ നാല് ലക്ഷം രൂപയാണ് നൽകുന്നത്. ഇത് ഉപേക്ഷിക്കണോ? മത്സ്യത്തൊഴിലാളികൾക്ക് വീടും സ്ഥലവും നൽകാൻ 10 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നു. ഇപ്രാവശ്യം നാല് കോടി രൂപ കൂടുതലായി ഗവൺമെന്റ് നീക്കി വയ്ക്കുകയാണ്. ദേശീയപാതയും മേൽപ്പാല നിർമ്മാണങ്ങളുമുൾപ്പെടെയുള്ള പശ്ചാത്തലവികസനം വേണ്ടെന്ന് വയ്ക്കണോ; സൗജന്യ യൂണിഫോമും ഉച്ചഭക്ഷണവും ചികിത്സയും നിർത്തണമെന്നാണ് ആഗ്രഹമെങ്കിൽ അതിന് മനസ്സില്ലെന്നാണ് ഞങ്ങൾക്ക് മറുപടിയായി പറയാനുള്ളത്. കേന്ദ്രം തരുന്നില്ലെന്ന് പറഞ്ഞ് കരഞ്ഞിരിക്കാനുമല്ല, ക്ഷേമ

പദ്ധതികൾ വഴിയിൽ ഉപേക്ഷിക്കാനുമല്ല എൽ.ഡി.എഫ്. തീരുമാനിച്ചിട്ടുള്ളത്. വിഭവ സമാഹരണത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തിയും ബി.ജെ.പി., യു.ഡി.എഫ് നയത്തിനെതിരെ ജനങ്ങളെ അണിനിരത്തിയും ഞങ്ങൾ പ്രതിരോധിക്കും. ഇവിടെ സമരം ചെയ്യുന്നവരോട് ഞങ്ങൾ ചോദിക്കട്ടെ, കേന്ദ്രസർക്കാർ കേരളത്തിന് എയിംസ് നിഷേധിച്ചപ്പോൾ നിങ്ങളെന്തുകൊണ്ട് സമരം ചെയ്തില്ല? 28,000 കോടി രൂപ തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി വെട്ടിക്കുറച്ചപ്പോൾ എന്തുകൊണ്ട് നിങ്ങൾ മിണ്ടിയില്ല? ഉത്തർപ്രദേശിനും അസ്സമിനും വാരിക്കോരി കൊടുക്കുകയും കേരളത്തോട് ചിറ്റമ്മനയം സ്വീകരിക്കുകയും ചെയ്തപ്പോൾ നിങ്ങളെന്തുകൊണ്ട് മിണ്ടിയില്ല? അബ്ദുൾ വഹാബുമാർക്ക് ബി.ജെ.പി. വികസനത്തിന്റെ അംബാസിഡറും അനിൽ ആന്റണിമാർക്ക് ശ്രീ. നരേന്ദ്ര മോദിയ്ക്കെതിരെ പറയുന്നത് ദേശവിരുദ്ധവുമാകും. ആ നിങ്ങളിൽനിന്ന് ഞങ്ങൾ നന്മ പ്രതീക്ഷിക്കുന്നില്ല. കിഫ്ബി വായ്പ സ്വീകരിച്ചാൽ തെറ്റ്; കേന്ദ്ര സർക്കാർ എൻ.എച്ച്.എ.ഐ.-യ്ക്ക് 3 ലക്ഷം രൂപ കടമെടുത്താൽ ശരി; ഇതെന്ത് സാമ്പത്തികരീതി, ഫെഡറൽ സംവിധാനം? ശ്രീ.

ഉമ്മൻചാണ്ടിയുടെയും ശ്രീ. എ. കെ. ആന്റണിയുടെയും കാലത്ത് കേരളത്തിന്റെ കടബാധ്യത 39 ശതമാനമായിരുന്നത് ഇപ്പോൾ കടബാധ്യത 37 ശതമാനമായി ചുരുങ്ങി എന്നിട്ടും ധൂർത്ത്, ധൂർത്ത് എന്ന് നിങ്ങൾ ഞങ്ങളെ നോക്കി പറയുന്നു. ഇന്നലെ ശ്രീ. പി. സി വിഷ്ണുനാഥ് 'അടിയോടടി ഇടിയോടിടി' തുടങ്ങിയ ഒരുപാട് മാധ്യമത്തലക്കെട്ടുകളെക്കുറിച്ച് പറഞ്ഞു. മഹാത്മാഗാന്ധിയെ വെടിവച്ച് കൊന്നതാര് എന്നതിനെക്കുറിച്ച് നമ്മളാണ് കൊന്നതെന്നാണ് അതേ മാധ്യമമായ മലയാള മനോരമ പറഞ്ഞത്. മലയാള മനോരമ ഗാന്ധി ശിഷ്യന്മാർക്ക് വലിയതരത്തിലുള്ള ആവേശമാകുമ്പോൾ എന്തായാലും മാധ്യമപരിലാളന ഏറ്റുവളർന്നവരല്ല ഞങ്ങളെന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. ഇവിടെ കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ കുറയ്ക്കുന്നു. എസ്.എസ്.എ., എൻ.എച്ച്.എം. എന്നീ പദ്ധതികളിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുന്നു. വാട്ടർ അതോറിറ്റി മേഖലയിലുമെല്ലാം കേന്ദ്രം പദ്ധതി അനുവദിക്കണമെങ്കിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണമെന്ന രീതിയിൽ പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. കേരളത്തിന്റെ പ്രയാസങ്ങൾക്കിടയിൽ ഈ ഒരു

സന്ദർഭത്തിൽപോലും സാമ്പത്തികമായ മെച്ചപ്പെടലുകൾക്കുവേണ്ടിയുള്ള ശാസ്ത്രീയമായ രീതിയിലുള്ള പ്രവർത്തനങ്ങൾ ഞങ്ങളിവിടെ സംഘടിപ്പിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന ശ്രദ്ധേയമായ വികസന പ്രവർത്തനങ്ങൾ ഇനിയും മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ തീർച്ചയായും വിഭവസമാഹരണം വേണം. വിഭവസമാഹരണത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ ഗവൺമെന്റ് സ്വീകരിക്കുമ്പോൾ അതിനെതിരായി ഇടുങ്ങിയ രാഷ്ട്രീയ പ്രേരണ വച്ചുകൊണ്ട് ഗവൺമെന്റിനെ എതിർക്കുകയാണ്. ന്യൂനപക്ഷങ്ങൾക്ക് ഈ ഗവൺമെന്റ് എന്തുചെയ്തുവെന്ന് ശ്രീ. കെ. പി. എ. മജീദ് ചോദിച്ചു. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി. മുതൽ ബിരുദാനന്തര തലംവരെയുള്ള സമർത്ഥരായ വിദ്യാർത്ഥികൾക്കും സിവിൽ സർവ്വീസ് മത്സരാർത്ഥികൾക്കും പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അനുവദിക്കുന്നതിനുവേണ്ടി 6 കോടി 52 ലക്ഷം രൂപയും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഓഹരി മൂലധനമായി 13 കോടി രൂപയുമാണ് ഈ ഗവൺമെന്റ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

ഈ നാട്ടിലെ മതന്യൂനപക്ഷങ്ങൾക്കുവേണ്ടി ഏറ്റവും വലിയതോതിലുള്ള ഫണ്ട് തന്നെയാണ് നീക്കിവച്ചിട്ടുള്ളത്. ന്യൂനപക്ഷങ്ങൾക്കുവേണ്ടി ഒരു ഗവൺമെന്റും ചെയ്യാത്ത രീതിയിലുള്ള മികച്ച പ്രവർത്തനങ്ങൾക്കായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ബഡ്ജറ്റിൽ തുക നീക്കി വയ്ക്കുന്നുണ്ട്. അതേസമയം ബി.ജെ.പി.-യുടെ മോദി ഗവൺമെന്റ് മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതി വിഹിതം വൻതോതിൽ വെട്ടിക്കുറച്ചു. അവിടെ മുസ്ലീംലീഗിന്റെ എം.പി.-യില്ലേ; എന്താ ശ്രീ. പി. വി. അബ്ദുൾ വഹാബ് പറഞ്ഞത് 'അംബാസിഡർ' എന്നാണ്. മോദിയൊക്കെ നിങ്ങൾക്ക് അമീറും ഖായിദേ മില്ലത്തുമായിമാറുന്ന അപമാനകരമായ സാഹചര്യമാണുള്ളത്. അതുകൊണ്ട് ബി.ജെ.പി.-യു.ഡി.എഫ്. കേരളത്തിന്റെ മണ്ണിൽ ഭായ്-ഭായ് ആയി കളിക്കുന്നു. ഇത് ഈ രാജ്യത്തെ ജനങ്ങൾ തിരിച്ചറിയുകതന്നെ ചെയ്യും. നിങ്ങൾക്ക് എതിരായി രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തികൊണ്ടും കേരളത്തിന്റെ സാമ്പത്തിക ഞെരുക്കത്തിന്റെയും പ്രയാസത്തിന്റെയും ഇടയിലും വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന്റെ ശരിയായ രാഷ്ട്രീയം

ജനങ്ങളെ പഠിപ്പിച്ചും മോദി-യു.ഡി.എഫ്. ഗവൺമെന്റിനെതിരെ ജനങ്ങളെ അണിനിരത്തിക്കൊണ്ടുമുള്ള ശക്തമായ പോരാട്ടത്തിനുമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി തീരുമാനിച്ചിട്ടുള്ളതെന്ന കാര്യംകൂടി ഇവിടെ സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് അവതരിപ്പിച്ച ജനവിരുദ്ധ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിയമസഭാകവാടത്തിൽ സമരം നടത്തുന്ന സഭാംഗങ്ങളായ ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. നജീബ് കാന്തപുരം, ശ്രീ. സി. ആർ. മഹേഷ്, ഡോ. മാത്യു കുഴൽനാടൻ എന്നിവർക്ക് ആദ്യമായി അഭിവാദ്യം അർപ്പിക്കുകയാണ്. കേരള ജനതയ്ക്കുവേണ്ടിയുള്ള സമരമാണ് അവർ നിയമസഭാകവാടത്തിൽ നടത്തുന്നത്. കേരളത്തിലെ ജനങ്ങളുടെ അവസ്ഥയെന്താണ്? നിങ്ങളൊക്കെ ജനങ്ങളുമായി നിരന്തരം ബന്ധപ്പെടുന്നവരാണ്. ഒരു ഭാഗത്ത് അതിരൂക്ഷമായ തൊഴിലില്ലായ്മ, വലിയ

രീതിയിലുള്ള വിലക്കയറ്റം, സാമ്പത്തികമാന്ദ്യം. ഇന്ന് ഒരു കട തുറന്നാൽ നാളെ ആ കട അടയ്ക്കേണ്ടിവരുന്ന കച്ചവട സ്ഥാപനങ്ങൾ അടച്ചുപൂട്ടിപോകേണ്ട സാഹചര്യവുമാണുള്ളത്. ഇങ്ങനെ എല്ലാംകൊണ്ടും തകർന്നുനിൽക്കുന്ന കേരളം ഒരു പ്രതീക്ഷയോടുകൂടി നോക്കിക്കണ്ടത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ബഡ്ജറ്റുകളായിരുന്നു. ഈ രണ്ട് ബഡ്ജറ്റുംകൂടി വന്നപ്പോൾ കേരളത്തിലെ സ്ഥിതി, നമ്മുടെ നാട്ടിൻപുറത്തെ ചൊല്ലുപോലെ ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചുവെന്നുള്ളതുപോലെയായി. യഥാർത്ഥത്തിൽ കേരളത്തിലെ ഇന്നത്തെ ജനങ്ങളുടെ സ്ഥിതി അതിന് സമാനമാണ്. ശ്രീമതി നിർമ്മലാ സീതരാമന്റെ ഇടിവെട്ടേറ്റ് തരിച്ചുനിന്ന മലയാളിയെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ പാമ്പിനെവിട്ട് കടിപ്പിച്ച അവസ്ഥയാണിന്നുള്ളത്. അത്രമാത്രം ദയനീയ സാഹചര്യത്തിൽ കേരളം ഇന്ന് നിൽക്കുന്നു. എന്തുപറ്റി അങ്ങേയ്ക്ക്? അങ്ങയുടെ മാത്രം കുഴപ്പമല്ലെന്ന് എനിക്കറിയാം. 5 വർഷക്കാലത്തെ പിണറായി വിജയൻ ഗവൺമെന്റിന്റെ, ഡോ. ടി. എം. തോമസ് ഐസക്കിന്റെ യാതൊരു തത്വദീക്ഷയുമില്ലാത്ത ധനകാര്യ രംഗത്തുള്ള മിസ്

മാനേജ്മെന്റാണ് അങ്ങേയ്ക്ക് ഇതുപോലെയൊരു ബഡ്ജറ്റ് അവതരിപ്പിക്കേണ്ട സാഹചര്യമുണ്ടാക്കിയത്. അങ്ങ് സാധാരണ സഞ്ചരിക്കുന്ന ആളാണ്. നമ്മുടെ ബസ് സ്റ്റോപ്പുകൾ, ചായക്കടകൾ, ഓട്ടോറിക്ഷാ സ്റ്റാൻഡ്, കല്യാണപ്പന്തൽ എന്നിവിടങ്ങളിൽ ഒന്ന് ചെന്നുനോക്കൂ. ഒരു ചർച്ചമാത്രമേയുള്ളൂ, അത് കേരളത്തിന്റെ ബഡ്ജറ്റിനെക്കുറിച്ചാണ്. ബഡ്ജറ്റിനെക്കുറിച്ച് നിങ്ങളെന്തൊക്കെ പറഞ്ഞാലും ഈ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾക്ക് എന്തുമാത്രം പ്രയാസങ്ങളുണ്ടാക്കിയെന്ന് നിങ്ങൾക്കറിയാം. പക്ഷേ നിങ്ങൾക്ക് ഇതിനെ സപ്പോർട്ട് ചെയ്യാൻ മാത്രമേ സാധിക്കുകയുള്ളൂ. നിങ്ങളുടെ ഒരവസ്ഥ ഞങ്ങൾക്കറിയാം. ഒരുമിച്ച് ഇത്രത്തോളമുള്ള അടി, കൂട്ടയടി വേണ്ടായിരുന്നുവെന്നാണ് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് സൂചിപ്പിക്കാനുള്ളത്. ഈ ബഡ്ജറ്റ് തികച്ചും അശാസ്ത്രീയവും വൈരുദ്ധ്യം നിറഞ്ഞതും വിചിത്രവുമാണ്. ഒരു ബഡ്ജറ്റ് കൊണ്ടുവരുമ്പോൾ നമുക്ക് അതിലൊരു സമീപനമുണ്ടാകണം. ഈ ബഡ്ജറ്റിലെ സമീപനമെന്താണ്? ഒരുഭാഗത്ത് 2000 കോടി രൂപ വിലക്കയറ്റം തടയുന്നതിനുവേണ്ടി

നീക്കിവയ്ക്കുന്നു മറുഭാഗത്ത് അതിരൂക്ഷമായ വിലക്കയറ്റമുണ്ടാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യുന്നു. എങ്ങനെയാണ് ഗവൺമെന്റിന് ഇങ്ങനെയൊരു ദ്വീമുഖ സമീപനമുണ്ടാകുക? വിലക്കയറ്റം നിയന്ത്രിക്കാൻ പണം നീക്കിവയ്ക്കുമ്പോൾ സ്വഭാവികമായും വിലക്കയറ്റം കുറയ്ക്കുവാനുള്ള മറ്റ് സൂചകങ്ങളെക്കൂടി താഴോട്ട് കൊണ്ടുവരികയാണ് വേണ്ടത്. പക്ഷേ ഇവിടെ 2000 കോടി രൂപ വയ്ക്കുന്നതിനപ്പുറത്തേയ്ക്ക് ആയിരക്കണക്കിന് കോടി രൂപയുടെ നികുതികൾ വച്ച് എല്ലായിടത്തും വില വർദ്ധിപ്പിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ എങ്ങനെയാണ് നമുക്ക് വിലക്കയറ്റം നിയന്ത്രിച്ച് നിർത്താൻ കഴിയുക? ഞങ്ങളെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റിനെതിരെ ശക്തമായ നിലപാടാണുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റ് പാവപ്പെട്ടവർക്ക് എതിരായ ബഡ്ജറ്റാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ബഡ്ജറ്റ് പാവപ്പെട്ടവർക്ക് എതിരാണ്. കോൺഗ്രസ്സ് കൊണ്ടുവന്ന തൊഴിലുറപ്പ് പദ്ധതിയെ അട്ടിമറിക്കുന്നതും ന്യൂനപക്ഷ മേഖലയിലെ പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും തുരങ്കം വയ്ക്കുന്നതുമായ ബഡ്ജറ്റാണ്. പട്ടികജാതി

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്ലാൻ സൈസ് വെട്ടിക്കുറച്ച ഗവൺമെന്റാണ്. എല്ലാ അർത്ഥത്തിലും ഞങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റിനെതിരാണ്. ഇന്നലെയും ഇന്നുമായി അങ്ങുപറഞ്ഞ ബഡ്ജറ്റിലെ മറ്റൊരു വൈരുദ്ധ്യം ഞാൻ സൂചിപ്പിക്കുകയാണ്. കേരളത്തിൽ വലിയ രീതിയിലുള്ള തിരിച്ചുവരവ് നടക്കുന്നു, ആഭ്യന്തര ഉത്പ്പാദനത്തിൽ വളർച്ച, കാർഷിക മേഖലയിൽ വളർച്ച, വ്യവസായിക മേഖലയിൽ വളർച്ച, 2022-23 വർഷത്തെ ആഭ്യന്തര ഉത്പ്പാദനം 9.99 ലക്ഷം കോടി രൂപയാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത് പുതുക്കിയ കണക്കുകൾ പ്രകാരം 10.18 ലക്ഷം കോടി രൂപയായി വർദ്ധിച്ചു; 2020-21-ൽ 54,955 കോടി രൂപയായിരുന്നു തനത് വരുമാനം; ഈ സാമ്പത്തിക വർഷം 85,000 കോടി രൂപയോളമായി ഉയരുമെന്ന പ്രതീക്ഷയാണ് പറയുന്നത്. ഈ സൂചകങ്ങളെല്ലാം നൽകുമ്പോൾ സമ്പദ്ഘടനയിലും മറ്റും വളർച്ച കാണുന്ന കേരളത്തിൽ ഇത്രയും വലിയ നികുതി എന്തിന്റെ പേരിലാണ് അങ്ങ് വയ്ക്കുന്നത്? അതിന് അങ്ങേയ്ക്കൊരു മറുപടിയുണ്ട്; കേന്ദ്ര ഗവൺമെന്റ് വലിയ രീതിയിൽ വെട്ടിക്കുറവുണ്ടാക്കി എന്ന്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെ ശക്തമായി എതിർക്കുകയാണ്.

പക്ഷേ ഞാൻ ഈ ബഡ്ജറ്റ് നോക്കുമ്പോൾ അങ്ങ് പറഞ്ഞ പല കാര്യങ്ങളിലും അവ്യക്തത നിലനിൽക്കുകയാണ്. 10-ാം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന നികുതി 3.875 ശതമാനമായിരുന്നു. ഇപ്പോൾ 1.95 ശതമാനമാണ്. 14-ാം ധനകാര്യ കമ്മീഷനിൽ 2.5 ശതമാനവും 13-ാം ധനകാര്യ കമ്മീഷനിൽ 2.341 ശതമാനവുമാണ്. അങ്ങ് പറയുന്ന പതിനായിരക്കണക്കിന് കോടി രൂപയുടെ വ്യത്യാസം 14-ാം ധനകാര്യ കമ്മീഷനിൽനിന്ന് 15-ാം ധനകാര്യ കമ്മീഷനിലേയ്ക്കുണ്ടായതല്ല, 13-ഉം 14-ഉം കഴിഞ്ഞുള്ള കുറവാണ്. അത്തരം കാര്യങ്ങൾ അങ്ങ് പറഞ്ഞ് പെരുപ്പിക്കുകയാണ് ചെയ്യുന്നത്. റവന്യൂ കമ്മി ഗ്രാന്റിൽ കേന്ദ്രം കുറവ് വരുത്തിയതുമൂലം ഏകദേശം 6700 കോടി രൂപ നമുക്ക് നഷ്ടമായെന്ന് അങ്ങ് പറഞ്ഞു. ഇവിടെ പ്രസംഗിച്ചവരും ഇനി പ്രസംഗിക്കാനിരിക്കുന്നവരും അത് പറയുകയാണ്. എനിക്ക് അത് ബോദ്ധ്യമാകുന്നില്ല, അങ്ങ് മറുപടിയിൽ ബോദ്ധ്യപ്പെടുത്തണം. റവന്യൂ കമ്മി ഗ്രാന്റ് ഒരു കാലഘട്ടത്തിലുമില്ലാത്ത രീതിയിൽ കേരളത്തിന് ലഭിച്ചത് പതിനഞ്ചാം ധനകാര്യ കമ്മീഷനിലാണ്. മുഴവൻ ധനകാര്യ കമ്മീഷനും

പരിശോധിച്ചാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ റവന്യൂ കമ്മി ഗ്രാന്റ് ലഭിച്ച സംസ്ഥാനം കേരളമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്രത്തിന്റെ ഭാഗമായി കേരളത്തിന് 6700 കോടി രൂപ നഷ്ടപ്പെട്ടുവെന്നുപറയുന്നത് എവിടെയാണ്. പ്രതിക്രിയാ വാദികളും പ്രതിലോമ ശക്തികളും പ്രത്യക്ഷത്തിൽ എതിരാണെങ്കിലും അന്തർധാര സജീവമായിരുന്നുവെന്ന് ഒരു സിനിമയിൽ പറയുന്നതുപോലെ സി.പി.ഐ.(എം)-ഉം ബി.ജെ.പി.-യും തമ്മിലുള്ള അന്തർധാര സജീവമായതുകൊണ്ടാണ് ഇത്രയധികം റവന്യൂ കമ്മി ഗ്രാന്റ് നിങ്ങൾക്ക് ലഭിക്കുന്നത്. കൂടാതെ കേന്ദ്രസർക്കാർ അനുവദിച്ച ഒരു ലക്ഷം കോടി രൂപ വായ്പയുടെ ഭാഗമായി കഴിഞ്ഞവർഷം രണ്ടായിരം കോടി രൂപ കിട്ടി, ഈ വർഷവും രണ്ടായിരം കോടി രൂപ ലഭിക്കുമെന്നാണ് കേന്ദ്ര ധനകാര്യമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ പറഞ്ഞത്. ജി.എസ്.ടി. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് ഏഴായിരം കോടി രൂപയുടെ വ്യത്യാസമുണ്ടായത് എങ്ങനെയാണെന്ന് നിങ്ങൾക്കറിയില്ലേ? 5 വർഷം അത് ലിമിറ്റ് ചെയ്തത് ആരായിരുന്നു? ജി.എസ്.ടി.-കൗൺസിലിൽ അതിനുവേണ്ടി ശക്തമായി സംസാരിച്ചത് ഡോ. ടി. എം. തോമസ് ഐസക്

അല്ലേ; അത് 5 വർഷം കൊണ്ട് നിൽക്കുമെന്ന് നിങ്ങൾക്കറിയില്ലേ? എന്നിട്ട് ഇപ്പോഴാണോ 5 വർഷംകൊണ്ട് കഴിഞ്ഞുവെന്ന കണക്കിൽ ഏഴായിരത്തിന്റെ കാര്യം പറയുന്നത്. പൊതുകടത്തിന്റെ ഭാഗമായി പബ്ലിക് അക്കൗണ്ട് കടബാധ്യതയായി കണക്കാക്കിയതിനാൽ പതിനായിരം കോടി രൂപയുടെ വരുമാനനഷ്ടമുണ്ടാകുന്നുവെന്ന് പറയുന്നു. കിഫ്ബിയുടെ കാര്യത്തിൽ സി. ആൻഡ് എ.ജി.-യുടെ റിപ്പോർട്ടുള്ളപ്പോൾ ഇത് സ്വാഭാവികമായും കടത്തിന്റെ പരിധിയിൽ വരുമെന്ന് അങ്ങേയ്ക്കറിയില്ലേ? ഞാൻ ചോദിച്ചോട്ടെ, കിഫ്ബിയും പെൻഷൻ ബോർഡുമുണ്ടാക്കുമ്പോൾ ഗവൺമെന്റിന്റെ പിന്തുണയില്ലാതെ, ബഡ്ജറ്ററി സപ്പോർട്ടില്ലാതെ കിഫ്ബി എടുത്ത വായ്പാ പണം എങ്ങനെ തിരിച്ചടക്കുന്നുവെന്ന് അങ്ങ് പറയണം. ഒരു രൂപയെങ്കിലും വരുമാനം ജനറേറ്റ് ചെയ്യാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? പിന്നെ എങ്ങനെയാണ് നിങ്ങൾ തിരിച്ചടയ്ക്കുന്നത്? നിങ്ങൾ ആളുകളെ വിഡ്ഢികളാക്കിക്കൊണ്ട് ഇല്ലാത്ത കടം പറഞ്ഞുകൊണ്ടിരിക്കുന്നു. കിട്ടാത്ത തുക കിട്ടുമെന്ന് പ്രതീക്ഷിച്ച് നിങ്ങൾ അത് കണക്കിൽ വയ്ക്കുന്നു. അത് യഥാർത്ഥത്തിൽ നിങ്ങളുടെ മിസ്മാനേജ്മെന്റാണ്. കഴിഞ്ഞ 5 വർഷക്കാലം

നിങ്ങൾ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമാണ് ഇത്രയും വലിയ ദുരന്തവും ദുരിതവുമുണ്ടായത്. യു.ഡി.എഫ്. ഗവൺമെന്റാണ് വരുന്നതെങ്കിൽ ധനകാര്യമന്ത്രിയുടെ തലയ്ക്കിരിക്കട്ടെയെന്നുവച്ച് ശ്രീ. ടി. എം. തോമസ് ഐസക്കുണ്ടാക്കിയ ഈ മാൻഡ്രേക്ക് കഷ്ടകാലത്തിന് അങ്ങയുടെ തലയിൽത്തന്നെയാണ് വന്നുപെട്ടത്. ഈ 5 വർഷക്കാലം എന്തായിരുന്നു സ്ഥിതി? 5 വർഷക്കാലത്തെ ഭരണപരിഷ്കാര കമ്മീഷന്റെ പേരിൽ എത്ര കോടി രൂപ ചെലവഴിച്ചു. ഈ രാജ്യത്തെ ഓട്ടോറിക്ഷ തൊഴിലാളി ആ പണം അടയ്ക്കണോ? ഡൽഹിയിൽ കഴിഞ്ഞ 5 വർഷവും ഇപ്പോഴും ഉപദേഷ്ടാക്കളെ പ്രതിഷ്ഠിച്ച് കോടികൾ ചെലവഴിച്ചു. ആ പണം ഇവിടത്തെ ബസ് തൊഴിലാളി നൽകണോ? യുവജനകമ്മീഷൻ ചെയർമാൻമാർക്കുവേണ്ടി ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുമ്പോൾ പാടത്തും പറമ്പിലും പണിയെടുക്കുന്ന തൊഴിലാളിയുടെ വിയർപ്പിൽനിന്നും പിടിച്ചുവാങ്ങണോ? യഥാർത്ഥത്തിൽ നിങ്ങളുടെ പാളിച്ചകളാണ്, സാമ്പത്തികരംഗത്തുള്ള മിസ്മാനേജ്മെന്റാണ്, ദീർഘകാല കാഴ്ചപ്പാടില്ലാത്ത നികുതി പിരിവിലെ വീഴ്ചയാണ് ഇത്രയും വലിയ

തകർച്ചയിലേയ്ക്ക് കേരളത്തെക്കൊണ്ടെത്തിച്ചത്. ആ തകർച്ചയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി പാവപ്പെട്ട ജനങ്ങളെ ഇതുപോലെ കഴുത്തു ഞെരിച്ച് നിങ്ങൾ കൊല്ലരുതെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. അങ്ങ് ഇതിന് മറുപടി പറയുന്നത് ജനങ്ങളുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കിക്കൊണ്ടാകണം. എനിക്ക് സമയപരിമിതിയുള്ളതിനാൽ ഡീസലിന്റെയും പെട്രോളിന്റെയും കാര്യം പറയുന്നില്ല. റിയൽ എസ്റ്റേറ്റ് മേഖലയിലും വർദ്ധനയുണ്ടായിട്ടുണ്ട്. 20 ശതമാനം അല്ല. കണക്കെടുത്ത് നോക്കണം. അവസാനം വരുമ്പോൾ നിലവിലെ കണക്കനുസരിച്ച് 40 ശതമാനത്തിന് മുകളിലേയ്ക്ക് പോകും. അതുപോലെ ഓരോ തലത്തിലും വർദ്ധനവുണ്ടാക്കുന്നു. മൈനിംഗ് സെക്ടറിലുണ്ടാക്കുന്ന നികുതി - 5 സെന്റിൽ ഒരു വീട് വയ്ക്കുന്ന സാധാരണക്കാരൻ കരിങ്കല്ല് വാങ്ങുമ്പോൾ അതിനെ ബാധിക്കുന്ന ഒന്നായി മാറും. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റാണ് കോർപ്പറേറ്റ് ബഡ്ജറ്റെന്ന് അടിസ്ഥാനപരമായി നിങ്ങൾ പറയുന്നുണ്ടല്ലോ; യഥാർത്ഥത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ബഡ്ജറ്റും കോർപ്പറേറ്റ് ബഡ്ജറ്റാണ്. കേരളത്തിലെ പാവപ്പെട്ട പട്ടിണിക്കാരന്റെ മുതുകിൽ കൂടുതൽ

ഭാരം കയറ്റിവയ്ക്കുന്ന ബഡ്ജറ്റാണ് നിങ്ങളുടെ ബഡ്ജറ്റെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അവസാനം ഒരു കാര്യം കൂടി പറയട്ടെ, മദ്യത്തിന്റെ വില അനിയന്ത്രിതമായി കൂട്ടിക്കൊണ്ടിരിക്കുകയാണ്. ഒരു ഭാഗത്ത് ലഹരിക്കെതിരെ പോരാട്ടം നടത്തുന്നു. ഇതിന്റെയെല്ലാം ഫലമെന്താണ്? ഒരു വർഷം കഴിയുമ്പോൾ മദ്യത്തിന്റെ ഉപഭോഗം കുറയും. ഇപ്പോൾത്തന്നെ കുറഞ്ഞുവരുന്നുണ്ട്, ഇനിയും കുറയും. ഇത്രയും പണം ചെലവഴിച്ച് മദ്യം വാങ്ങാൻ കഴിയാത്തവർ നേരെ പോകുന്നത് കഞ്ചാവിലേയ്ക്കാണ്. നിങ്ങൾ നടത്തുന്ന ലഹരിക്കെതിരെയുള്ള പോരാട്ടം യഥാർത്ഥത്തിൽ ലഹരി ഉത്പ്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുന്ന സാഹചര്യമുണ്ടാക്കും. കാഴ്ചപ്പാടും ദീർഘവീക്ഷണവും ഇല്ലാതെ നികുതി വർദ്ധനവുകൊണ്ട് കേരളത്തിലെ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. അതുകൊണ്ട് അങ്ങ് ഇതൊരു ദുരഭിമാനമായെടുക്കരുത്, വാശിയായെടുക്കരുത്. ജനങ്ങളെ സഹായിക്കുന്ന സമീപനമുണ്ടാകണം. ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ഇത്

പിൻവലിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, കേരളത്തിന്റെ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2023-24 വർഷത്തേയ്ക്കുവേണ്ടി അവതരിപ്പിച്ച ബഡ്ജറ്റിനെ സർവ്വാത്മനാ ഞാൻ പിന്തുണയ്ക്കുകയാണ്. പ്രതിപക്ഷത്തിന്റെ ചർച്ച കേട്ടപ്പോൾ എന്റെ മനസ്സിൽ ഉയർന്നുവന്ന ആശയം, മകളെ സംരക്ഷിക്കാൻ ബാദ്ധ്യതയുള്ള പിതാവ് മകളെ കൊല്ലാൻ ശ്രമിക്കുന്നതുപോലെയാണ്. രക്ഷിക്കാൻ ബാദ്ധ്യതയുള്ള സഹോദരൻ പിതാവിനെതിരെ നിലപാടെടുക്കാതെ കൊല്ലാൻ കൂട്ടുനിൽക്കുന്നതുപോലെയാണ് എനിക്ക് അനുഭവപ്പെട്ടത്. ശ്രീ. എ. പി. അനിൽ കുമാർ ഇവിടെയൊരു ചാരിത്ര്യ പ്രസംഗമാണ് നടത്തിയത്. ചിലകാര്യങ്ങൾ ഞാൻ അവസാനം പറയാം. വളരെ പരിമിതപ്പെട്ടുകൊണ്ടിരിക്കുന്ന കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ നടുവിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിക്കാനിടയായത്. അധികാരങ്ങളും വിഭവങ്ങളും

കേന്ദ്രത്തിൽ കേന്ദ്രീകരിക്കുകയാണ്. ഇത് ഇന്നാരംഭിച്ച പ്രവണതയല്ല. കോൺഗ്രസ്സിന്റെ അധികാരക്കുത്തക നിലനിന്നകാലത്തോളം ഇതിന്റെ വേരുകൾ പടർന്നുകിടക്കുകയാണ്. സർക്കാരിയ കമ്മീഷനെയെല്ലാം നിയോഗിച്ചതും അതിന്റെ ചരിത്രപശ്ചാത്തലവും എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള താൽപ്പര്യ സംഘർഷം വളരെക്കാലമായി നിലനിൽക്കുന്ന ഒരു ഘട്ടത്തിലാണ് 1983-ൽ സുപ്രീംകോടതിയിൽനിന്നും വിരമിച്ച ജഡ്ജിയായിരുന്ന സർക്കാരിയയുടെ അദ്ധ്യക്ഷതയിൽ കമ്മീഷനെ നിയോഗിച്ചത്. അങ്ങനെയൊരു ചരിത്രപശ്ചാത്തലം കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ കാര്യത്തിൽ ഉണ്ടെന്നുള്ളത് ഞാൻ പറയുകയാണ്. ഇന്ന് നരേന്ദ്രമോദി സർക്കാർ വലിയതോതിൽ അമിതാധികാര പ്രവണതയിലേയ്ക്കും നവലിബറൽ നയങ്ങൾ തീവ്രമായി നടപ്പാക്കുന്നതിലേയ്ക്കും നീങ്ങുകയാണ്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഉള്ളടക്കം പരിശോധിച്ചാൽ ഇത് കാണാൻ കഴിയും. ഇന്നലെ കൊച്ചിയിൽ ഒരു പ്രമുഖ പത്രം നടത്തിയ ബഡ്ജറ്റ് അവലോകനത്തിൽ ഡോ. ബിശ്വജിത് ധർ കേന്ദ്ര

ബഡ്ജറ്റിനെതിരെ പ്രതികരണങ്ങൾ നടത്തിയിരുന്നു. ഒന്ന്, ഉൽപ്പാദനമേഖല മെച്ചപ്പെട്ടിട്ടില്ലെന്നും ഇന്ത്യയിൽ ആരോഗ്യമേഖലയിൽ നിക്ഷേപം കുറയുകയാണെന്നും എന്നാൽ കേരളത്തിന്റെ ആരോഗ്യരംഗത്തുവരുന്ന മാറ്റം/കേരള മോഡൽ ഇന്ത്യയ്ക്ക് മാതൃകയാണെന്നും ജി.ഡി.പി. അല്ല വളർച്ചയുടെ അളവ്, ജനത്തിന്റെ അനുഭവമാണ് പ്രധാനമെന്നും പരാമർശിച്ചതിനുപുറമേ ദേശീയ കേന്ദ്രസർക്കാർ ഭക്ഷ്യസുരക്ഷയ്ക്ക് തുക കുറച്ചതുൾപ്പെടെയുള്ള ഉത്കണ്ഠയും അദ്ദേഹം അതിൽ പരാമർശിക്കുകയുണ്ടായി. തൊഴിലാളികളുടെ ഇന്ത്യയിലെ പ്രധാനപ്പെട്ട നേതാവും പാർലമെന്റ് അംഗവുമായ ശ്രീ. എളമരം കരീം ഇന്ന് ദേശാഭിമാനി പത്രത്തിലൂടെ ആ ബഡ്ജറ്റിനെ അവലോകനം ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് അവതരണത്തിനുമുമ്പ് സാധാരണഗതിയിൽ ഇക്കണോമിക് സർവ്വേ വരാറുണ്ട്. അതിൽ ഇത്തവണത്തെ ബഡ്ജറ്റിലെ ഡാറ്റാ വളരെ പ്രധാനമാണ്. ഡാറ്റായാണ് അതിന്റെ പ്രധാനപ്പെട്ട ഹൈലൈറ്റ്. എന്നാൽ അത് പലതും വ്യാജമാണ്. ഏറ്റവുംകൂടുതൽ പേജുകൾ വരേണ്ട ഡാറ്റാ ഡീറ്റെയിൽസ് ഒഴിവാക്കിയിരിക്കുന്നു എന്നുള്ളതാണ്. അത് കാര്യമായി

ഇല്ലെന്ന് മാത്രമല്ല, എട്ടുവർഷങ്ങൾക്കുമുമ്പുള്ള 2013-ലെ ഡാറ്റാ വച്ചാണ് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. പല റിസർച്ചുകളും നടത്തി ആ പരാമർശങ്ങളോടുകൂടിയാണ് പലപ്പോഴും ബഡ്ജറ്റിൽ ഇക്കാര്യങ്ങളെല്ലാം വരുന്നത്. ജി.എസ്.ടി., വരുന്നത് എട്ടുപത്തുവർഷത്തെ വളരെ ഗൗരവമായ ധൈഷണികമായ റിസർച്ചുകളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിലാണ്. ആർ.ബി.ഐ.-യുടെ വൊക്കേഷണൽ പേപ്പറുൾപ്പെടെ ഈ ബഡ്ജറ്റിന്റെ അനുബന്ധമായി വരാറുണ്ട്. അങ്ങനെയാണ് സാധാരണ ബഡ്ജറ്റുകൾ അവതരിപ്പിക്കുന്നത്. കേന്ദ്ര ബഡ്ജറ്റിൽ സാധാരണഗതിയിൽ മൂന്ന് കാര്യങ്ങളാണ് പ്രധാനമായും കൈകാര്യം ചെയ്യുന്നത്. ഒന്ന്, പണപ്പെരുപ്പത്തിന്റെയും ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും പ്രശ്നം. മറ്റൊന്ന് ഇൻഫോർമൽ ഇക്കോണമി എന്ന ടൈറ്റിലിൽ കമ്പോളത്തെയും കൃഷിയെയും മത്സ്യമേഖലയെയും പരാമർശിക്കുന്നുണ്ട്. ആ മേഖലയും അവഗണിക്കപ്പെട്ടിരിക്കുകയാണ്. പണപ്പെരുപ്പം വർദ്ധിക്കുകയാണ്. ഉൽപ്പന്നങ്ങളുടെ പിൻബലമില്ലാതെ നോട്ടുകൾ അടിച്ചിറക്കുന്നതുൾപ്പെടെ പണപ്പെരുപ്പത്തിലേയ്ക്ക് നയിക്കുന്ന കാര്യങ്ങൾതന്നെയാണ്.

വിലക്കയറ്റമുൾപ്പെടെ സംഭവിക്കുന്നത് ഇതുമൂലമാണ്. ദരിദ്രജനകോടികളുടെ ജീവിത പ്രയാസങ്ങൾ പരിഹരിക്കാൻ പര്യാപ്തമായ നിർദ്ദേശങ്ങളൊന്നും കേന്ദ്ര ബഡ്ജറ്റിലില്ല. ഇന്ത്യയിൽ ദാരിദ്ര്യം അതിരൂക്ഷമാണെന്ന് ഈയടുത്തകാലത്ത് ആർ.എസ്.എസ്.-ന്റെ സമുന്നതനായ മുതിർന്ന നേതാവ് ദത്താത്രേയ ഹൊസബലെയ്ക്ക് പറയേണ്ടിവന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണത്തെക്കുറിച്ച് അദ്ദേഹം അടയാളപ്പെടുത്തിയത് ഇരുപത് കോടിയെന്നാണ്. യഥാർത്ഥത്തിൽ ഇരുപത്തിയാറ് കോടിയിലധികം വരുന്നയാളുകൾ ദാരിദ്ര്യത്തിന്റെ പരിധിയിലാണ്. ദാരിദ്ര്യ ലഘൂകരണത്തിന്റെ ഭാഗമായി ഗ്രാമീണമേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധമായ അവിദഗ്ദ്ധതൊഴിലാളികളുള്ള ഒരു കുടുംബത്തിന് സാമ്പത്തികവർഷം കുറഞ്ഞത് നൂറുദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് 2005 സെപ്റ്റംബർ അഞ്ചിന് രാജ്യത്ത് തൊഴിലുറപ്പ് നിയമം നിലവിൽവന്നത്. അന്ന് ഇടതുപക്ഷ പാർട്ടികൾ അതിൽ നിർണ്ണായക പങ്കാണ് വഹിച്ചത്. 2014 മുതൽ മഹാത്മാഗാന്ധിയുടെ പേരും നൽകി നിയമഭേദഗതി വരുത്തി

അത് പരിഷ്ക്കരിക്കുകയുണ്ടായി. 2020-21 സാമ്പത്തികവർഷത്തിൽ തൊഴിലുറപ്പ് മേഖലയിൽ 1,13,000/-കോടി രൂപയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയത്. 2021-22 ആകുമ്പോൾ അത് 98,000/- കോടി രൂപയായി കുറയുകയാണുണ്ടായത്. 2022-23-ൽ വെറും 89,400/- കോടി രൂപ മാത്രമായി ഈ ബഡ്ജറ്റിൽ പദ്ധതിവിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. ഏതാണ്ട് 16.6 കോടി വരുന്ന കുടുംബങ്ങളിലായി 30.40 കോടി തൊഴിലാളികൾ ഇന്ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 7.26 കോടി കുടുംബങ്ങളിലായി 10.62 കോടി തൊഴിലാളികൾക്ക് മാത്രമാണ് തൊഴിൽ ലഭിച്ചത്. അതായത് എട്ടുശതമാനത്തോളം തൊഴിലാളികൾക്ക് 50 ശതമാനത്തിൽതാഴെ തൊഴിൽദിനങ്ങൾ മാത്രമാണ് ലഭിച്ചത്. എന്നാൽ അവർക്ക് യഥാസമയം കൂലിയും ലഭ്യമായില്ലെന്നുള്ളതാണ് വസ്തുത. കേരളത്തിൽ 2010-ൽ സംസ്ഥാന ഗവൺമെന്റ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെ നടപ്പാക്കുകയുണ്ടായി. ഗ്രാമീണമേഖലയിലെ തൊഴിലില്ലായ്മ രൂക്ഷമാക്കി അവരെ ദ്രോഹിക്കുന്ന നിലപാട് കേന്ദ്രം സ്വീകരിക്കുമ്പോൾ കേരളത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

നഗരത്തിൽ നടപ്പാക്കുകയുണ്ടായി, അതാണ് നാം സ്വീകരിച്ച നിലപാട്. കേരളത്തിൽ മാത്രമുള്ള കാര്യമാണ്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി സംസ്ഥാനത്ത് തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയത് കേരളത്തിലെ ഗവൺമെന്റാണെന്ന് നമുക്കറിയാം. കേന്ദ്ര സർക്കാർ ഇപ്പോൾ ഈ ബഡ്ജറ്റിൽ ദാരിദ്ര്യനിർമ്മാർജ്ജനത്തിൽനിന്നും യഥാർത്ഥത്തിൽ പിന്നിലേയ്ക്ക് പോയിരിക്കുകയാണ്. ഒരു പുതിയ പ്രോജക്ടുപോലും കേന്ദ്ര ഗവൺമെന്റിന് മുന്നോട്ടുവയ്ക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ കേരളത്തിലാകട്ടെ, അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതി പ്രഖ്യാപിക്കുകയും ഏതാണ്ട് 64000-ത്തോളം കുടുംബങ്ങളെ അടയാളപ്പെടുത്തുകയും കേരളത്തിലെ ജനങ്ങളുടെ സാധാരണജീവിതത്തോടൊപ്പം മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള പദ്ധതികൾ തയ്യാറാക്കിയിരിക്കുകയുമാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ കേന്ദ്ര ബഡ്ജറ്റിൽ യാതൊരു നടപടിയുമില്ല. പത്തുലക്ഷം ഒഴിവുകളാണ് കേന്ദ്രസർക്കാർ സർവ്വീസുകളിൽ നികത്താനുള്ളത്. കേന്ദ്ര സർക്കാർ തന്നെ സമ്മതിച്ചിട്ടുള്ള കണക്കുകളാണ്. 2022 ഡിസംബറിൽ ശ്രീ. ശിവദാസനുള്ള

മറുപടിയിൽ കേന്ദ്രസർക്കാർ സമ്മതിച്ച കാര്യമാണ്. എന്നാൽ കേരളത്തിൽ സ്വീകരിക്കുന്ന നിലപാടെന്താണ്? കേരളത്തിലെ ക്ഷുഭിത യൗവനത്തെ സംതൃപ്തമായ ജീവിതത്തിലേയ്ക്ക് നയിക്കാൻ കഴിയുന്നവിധത്തിൽ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള നടപടികളാണ് നാം സ്വീകരിക്കുന്നത്. പി.എസ്.സി. വഴി ലഭ്യമാക്കിയ തൊഴിലവസരങ്ങളുണ്ട്. അതിനെല്ലാം കണക്കുകൾ ലഭ്യമായതുകൊണ്ട് ഞാനിവിടെ ആവർത്തിക്കുന്നില്ല. വ്യവസായ വകുപ്പ് വളരെ അഭിമാനകരമായ പദ്ധതിയാണ് പ്രഖ്യാപിച്ചത്. ഒരുവർഷം ഒരു ലക്ഷം തൊഴിൽ സംരംഭങ്ങൾ, 1,23,000 പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. 7500 കോടിയിലധികം വരുന്ന നിക്ഷേപങ്ങൾ വന്നു. രണ്ടുലക്ഷത്തിലധികം തൊഴിലവസരങ്ങൾ അതുവഴിയുണ്ടാക്കാൻ കഴിഞ്ഞു. കാർഷികമേഖലയിലാണെങ്കിൽ ഞങ്ങളും കൃഷിയിലേയ്ക്കെന്നുള്ള പദ്ധതികൾ, നഷ്ടപ്പെട്ടുപോയ കാർഷികസംസ്കാരം വീണ്ടെടുക്കാനും ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഉൽപ്പാദിപ്പിക്കുന്നവയെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കിമാറ്റാനും സംഭരണത്തിന്റെയും വിതരണത്തിന്റെയും മേഖലകളിൽ ശാസ്ത്രീയമായ നിലപാടുകൾ സ്വീകരിച്ച് ധാരാളമാളുകൾക്ക്

പുതിയ തൊഴിലവസരം സൃഷ്ടിക്കാനും കഴിയുന്നുണ്ട്. ഇരുപതുലക്ഷത്തോളം അഭ്യസ്തവിദ്യർക്ക് അവശേഷിക്കുന്ന മൂന്നുവർഷങ്ങൾകൊണ്ട് നോളഡ്ജ് മിഷൻവഴി തൊഴിൽ ലഭ്യമാക്കുന്നതിനുള്ള കർമ്മപദ്ധതിയും ആവിഷ്ക്കരിച്ചിരിക്കുകയാണ്. കേരള ബഡ്ജറ്റിനെ പ്രതിപക്ഷം വിമർശിക്കുമ്പോൾ കേന്ദ്രബഡ്ജറ്റിന്റെ സമീപനവുമായി താരതമ്യം ചെയ്യാനുംകൂടി സാധിക്കേണ്ടതാണ്. കേരളത്തിൽ ക്ഷേമവും കരുതലും വികസനവും തുടരുന്നതിനാണ് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വിഭവസമാഹരണ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചത്. ജി.എസ്.ടി.-യോടെ നികുതി അധികാരം പെട്രോൾ, ഡീസൽ, മദ്യം എന്നിവയിൽമാത്രം ചുരുങ്ങിയ പശ്ചാത്തലത്തിലാണ് നാമമാത്രമായ അധികവരുമാനം ഉറപ്പാക്കുന്നതിന് ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചിട്ടുള്ളത്. ഇതിനെ യാഥാർത്ഥ്യബോധത്തോടുകൂടി സമീപിക്കാൻ പ്രതിപക്ഷത്തിന് കഴിയേണ്ടതായിരുന്നു. കേരളത്തിന്റെ വളർച്ചയ്ക്കും വികസനപ്രവർത്തനങ്ങൾക്കും ആവശ്യമായ പണം കണ്ടെത്തണ്ടേ; ആ ഒരു സമീപനം പ്രതിപക്ഷം സ്വീകരിക്കേണ്ടതല്ലേ; ഈ

പരിമിതികൾക്കകത്തുനിന്നുകൊണ്ട് കേരളത്തെ വിജ്ഞാനാധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയിലേയ്ക്ക് കുതിയ്ക്കുവാൻവേണ്ടി ശ്രമിക്കുകയാണ്. 25 വർഷമാകുമ്പോൾ വികസിതരാജ്യങ്ങളോടൊപ്പം വരുമാനത്തിലും ജീവിതനിലവാരത്തിലും കേരളത്തെ എത്തിക്കാനുള്ള പരിശ്രമങ്ങളാണ് നടക്കുന്നത്. വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയുടെ പതാകവാഹകർ നമ്മുടെ വിദ്യാഭ്യാസമേഖലയാണെന്ന് അവർക്കുമറിയാം. പൊതുവിദ്യാഭ്യാസ മേഖലയിലും ഉന്നതവിദ്യാഭ്യാസ മേഖലകളിലും ഗവൺമെന്റ് ഭാവനാസമ്പന്നമായാണ് ഇതിനുവേണ്ടി പ്രവർത്തിക്കുന്നത്. കേരളത്തിൽ 60 ലക്ഷത്തോളം വിദ്യാർത്ഥികൾ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്നു. പന്ത്രണ്ടാംക്ലാസ് വരെ എത്തുമ്പോൾ 50 ശതമാനത്തോളം വരുന്ന വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസത്തിന്റെ മേഖലകളിലേയ്ക്ക് പോകുന്നു. 50 ശതമാനത്തോളംപേർ മറ്റ് തൊഴിലുകൾ തേടിപ്പോകും. തൊഴിൽ തേടിപ്പോകുന്ന വിദ്യാർത്ഥികൾക്ക് തൊഴിലുകളിൽ വേണ്ടത്ര നൈപുണ്യം ലഭിക്കുന്നില്ല. അവർക്ക് തൊഴിലുകളിലേർപ്പെടാനുള്ള ആത്മവിശ്വാസം നഷ്ടപ്പെടുന്നു. ഇത് പരിഹരിക്കുന്നതിനാണ് സിലബസ്

പരിഷ്കരണത്തിൽ ഇരുപത്തഞ്ചോളംവരുന്ന പ്രധാനപ്പെട്ട ഐറ്റം ഉൾപ്പെടുത്തിക്കൊണ്ട്, വളരെ ജനകീയമായ ചർച്ചകൾക്ക് തുടക്കം കുറിച്ചുകൊണ്ട് കേരളത്തിലെ ഗവൺമെന്റ് ആ പരിഷ്കാരത്തിനെ മുന്നോട്ടുനയിക്കുന്നത്. എന്റെ മണ്ഡലത്തിലെ രണ്ടുകാര്യങ്ങൾകൂടി പറഞ്ഞ് അവസാനിപ്പിക്കാം. കേരളത്തിൽ വളരെ പ്രധാനപ്പെട്ട കൊച്ചിയിലെ ഏറ്റവും ജനസാന്ദ്രതയുള്ള മണ്ഡലങ്ങളിലൊന്നാണ് വൈപ്പിൻ. അവിടത്തെ പ്രധാനപ്പെട്ട ജനകീയാവശ്യങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തീരസംരക്ഷണവുമായി ബന്ധപ്പെട്ട് മദ്രാസ് ഐ.ഐ.റ്റി. നടത്തിയ ഒരു പഠനമുണ്ട്. ആ പഠനത്തെത്തുടർന്ന് കടലാക്രമണം ഉൾപ്പെടെ പ്രതിരോധിക്കാനുള്ള ആശയങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ആ പദ്ധതി നടപ്പാക്കണമെങ്കിൽ 250-300 കോടി രൂപ വേണം. അവിടെ ദ്വീപ് വികസനത്തിനുവേണ്ടി രൂപീകരിച്ച ജിഡയുടെ കൈവശമുള്ള പണം ഇതിനുവേണ്ടി വിനിയോഗിക്കാവുന്നതാണ്. അതിന്റെ അദ്ധ്യക്ഷൻ മുഖ്യമന്ത്രിയാണ്. ആ നിലയിൽ ധനകാര്യ വകുപ്പുമന്ത്രി

മുൻകയ്യെടുത്ത് അതിനൊരവസരം സൃഷ്ടിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. നന്ദി.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, 2023-24 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പൂർണ്ണമായി പിന്താങ്ങുന്നു. കേന്ദ്ര സർക്കാർ എല്ലാ അർത്ഥത്തിലും നമ്മുടെ സംസ്ഥാനത്തെ ഞെക്കിക്കൊല്ലാൻ ശ്രമിക്കുന്ന അവസരത്തിൽ അതിനെതിരെ പ്രതിരോധം തീർത്തുകൊണ്ട് ബദൽനയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചത്. സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിവിഹിതം നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. കഴിഞ്ഞ ദിവസം കേന്ദ്രസർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ തികഞ്ഞ അവഗണനയാണ് സംസ്ഥാനത്തോട് കാണിച്ചിരിക്കുന്നത്. കേരളത്തിന് 15-ാം ധനകാര്യകമ്മിഷൻ ശിപാർശചെയ്ത മൊത്തം നികുതിയുടെ 1.925 ശതമാനം മാത്രമാണ് ലഭിക്കുന്നത്. പത്താം ധനകാര്യകമ്മീഷന്റെ കാലത്ത് 3.875 ശതമാനം ലഭിച്ചിരുന്നു. എന്നാൽ കേരളത്തെക്കാൾ

ജനസംഖ്യകുറഞ്ഞ ഛത്തീസ്ഗഡ് പോലെയുള്ള സംസ്ഥാനങ്ങൾക്ക് 3.40 ശതമാനം നികുതി നൽകുന്നു. ഇങ്ങനെ കടുത്ത അവഗണന കാണിക്കുമ്പോഴും യു.ഡി.എഫ്. ഇതിനെതിരെ ഒരക്ഷരം പ്രതികരിക്കുന്നില്ലെന്നത് അവരുടെ തനിനിറം വ്യക്തമാക്കുന്നതാണ്. കേരളം കടക്കെണിയിലാണെന്നാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒരുകൂട്ടം മാധ്യമങ്ങളും പ്രചരിപ്പിക്കുന്നത്. എന്നാൽ കേന്ദ്രത്തിന്റെ മൊത്തം വരുമാനത്തിൽ 15.4 ലക്ഷം കോടി കടമെടുത്ത പണമാണെന്ന് ആരും കാണുന്നില്ല. കേന്ദ്രത്തിന്റെ മൊത്തം വരവിന്റെ 34 ശതമാനം കടമാണ്. എന്നാൽ സംസ്ഥാനം 3.5 ശതമാനത്തിൽ കൂടുതൽ കടമെടുക്കാൻ പാടില്ലെന്ന് കേന്ദ്രം നിഷ്കർഷിക്കുന്നു. മാത്രമല്ല കിഫ്ബി, സാമൂഹ്യസുരക്ഷാ പെൻഷൻ ഫണ്ട് എന്നിവയെടുത്ത വായ്പപോലും സംസ്ഥാനത്തിന്റെ വായ്പാപരിധിയിൽപ്പെടുത്തുന്ന ഈ ഇരട്ടത്താപ്പിനെതിരെ യു.ഡി.എഫ്. ശബ്ദിക്കുന്നില്ല. ഇടതുപക്ഷം ബദൽ നയങ്ങളാണ് ഉയർത്തിപ്പിടിക്കുന്നതെന്ന് ഇത്തവണത്തെ ബഡ്ജറ്റ് പരിശോധിച്ചാൽ മനസ്സിലാകും.

കേന്ദ്രസർക്കാർ സാധാരണക്കാർക്ക് ആശ്വാസമാകുന്ന എല്ലാ പദ്ധതികളുടെയും വിഹിതം വൻതോതിൽ വെട്ടിക്കുറയ്ക്കുമ്പോൾ, എന്ത് പ്രതിസന്ധിയുണ്ടായാലും ക്ഷേമപ്രവർത്തനങ്ങളിൽനിന്നും പിറകിലേയ്ക്ക് പോകില്ലെന്ന് കേരളം ഉറക്കെ പ്രഖ്യാപിക്കുകയാണ്. കേന്ദ്രസർക്കാർ ഭക്ഷ്യ സബ്സിഡി 89844 കോടി രൂപ കുറച്ചപ്പോൾ വിലക്കയറ്റം പിടിച്ചുനിർത്താൻ സംസ്ഥാനം 2000 കോടി രൂപ പ്രത്യേകമായി വകയിരുത്തി. കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിയിൽ 29400 കോടി രൂപയും ഉച്ചഭക്ഷണ പരിപാടിയിൽ 1200 കോടി രൂപയും വെട്ടിക്കുറച്ചു. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് തുക നീക്കിവച്ചില്ല. ലോകത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുകയാണ്. ഇന്ത്യയിലെ മോദി സർക്കാർ ജനവിരുദ്ധ നയങ്ങളാൽ ജനങ്ങളെ ദുരിതത്തിലേയ്ക്ക് തള്ളിവിട്ടുകൊണ്ടിരിക്കുന്നു. ഇവിടെയാണ് നവകേരള സൃഷ്ടി ലക്ഷ്യമാക്കി മികവാർന്ന ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചത്. ദാരിദ്ര്യമില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റാൻ കഴിഞ്ഞ ബഡ്ജറ്റിൽ ആരംഭിച്ച പദ്ധതി ലക്ഷ്യത്തിലേയ്ക്കെത്തുകയാണ്.

അതിദരിദ്രരായി കണ്ടെത്തിയ 64006 കുടുംബങ്ങളുടെ ഉന്നമനത്തിനായി 50 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചത്. ഇതൊരു ബദൽ തന്നെയാണ്.

കേരളത്തിന്റെ തൊഴിലില്ലായ്മ പരിഹരിക്കാൻ ആഭ്യന്തര ഉൽപ്പാദനവും വർദ്ധനവിനുള്ള കരുത്തുപകരാൻ നിക്ഷേപാവസരങ്ങൾ കൂട്ടുന്നതും ലക്ഷ്യമാക്കിയാണ് 'മേക്ക് ഇൻ കേരള' പദ്ധതി പ്രഖ്യാപിച്ചത്. യുവതലമുറയ്ക്ക് പ്രതീക്ഷ നൽകുന്ന പ്രഖ്യാപനമാണിത്. സംരംഭക വികസനത്തിന്റെ ഭാഗമായി ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിച്ച് ലോക അംഗീകാരം പിടിച്ചുപറ്റിയ നമുക്ക് മേക്ക് ഇൻ കേരള പദ്ധതി ഒരു പുതിയ ചുവടുവയ്പ്പുതന്നെയാണ്. കേരളം അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന സംസ്ഥാനമായതു കൊണ്ട് മികച്ച രീതിയിലുള്ള നഗരാസൂത്രണം അനിവാര്യമാണ്. നവനഗരങ്ങളെ സൃഷ്ടിക്കുന്നതിന് നഗരനയം രൂപീകരിക്കാനുള്ള ഇടപെടൽ ഏറെ ഗുണകരമാണ്. നഗരനയം രൂപീകരിക്കാൻ അന്താരാഷ്ട്ര വിദഗ്ദ്ധരെ ഉൾപ്പെടുത്തി കമ്മീഷൻ രൂപീകരിക്കുമെന്ന പ്രഖ്യാപനം കേരള വികസനത്തിന് ഏറെ പ്രതീക്ഷ

നൽകുന്നതാണ്. സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം പരിശോധിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അവയുടെ വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കണമെന്ന ബഡ്ജറ്റ് പ്രഖ്യാപനം മാതൃകാപരമാണ്. കേരളത്തിന്റെ സമഗ്ര വികസനത്തിന് അനിവാര്യമായ 'വെസ്റ്റ് കോസ്റ്റ് കനാൽ' പദ്ധതിക്കായി 300 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ പദ്ധതിയും കോഴിക്കോടുള്ള കനോലി കനാൽ നവീകരണ പദ്ധതിയും ജലഗതാഗതം, വ്യവസായം, കൃഷി എന്നീ മേഖലകളിലെ വികസനത്തിന് ഏറെ ഗുണം ചെയ്യും. കേരളത്തിന്റെ ദേശീയപാതാ വികസനം ആരെയും അത്ഭുതപ്പെടുത്തുന്ന തരത്തിലാണ് മുന്നോട്ടുപോകുന്നത്. ദേശീയപാത നിർമ്മാണം കേന്ദ്രത്തിന്റേതാണെങ്കിലും സ്ഥലമെടുപ്പിനായി 25 ശതമാനം തുക സംസ്ഥാന സർക്കാർ നൽകാമെന്ന നിലപാട് സ്വീകരിച്ചതുകൊണ്ടാണ് പ്രവർത്തനങ്ങൾക്ക് വേഗതയേറിത്. യു.ഡി.എഫ്.-ന്റെ കാലത്ത് ഭൂമി ഏറ്റെടുക്കാൻ ചുമതലപ്പെടുത്തിയ ഓഫീസുകൾ അടച്ചുപൂട്ടിയത് കേരള ജനത മറക്കില്ല. വലിയ പശ്ചാത്തല വികസനമാണ് ഇതുവഴി നടക്കുന്നത്. 5580 കോടി രൂപയാണ് സംസ്ഥാനം

ഇതുവരെ ഈ മേഖലയിൽ ചെലവഴിച്ചത്. ദേശീയപാത വികസന പ്രവർത്തനം നടക്കുമ്പോൾ ജനങ്ങളെ ബാധിക്കാൻ സാധ്യതയുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. സർക്കാർ അതിനുള്ള നടപടിയും സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റിൽ സാധാരണക്കാരുടെ ജീവിതം മെച്ചപ്പെടുത്താനും തൊഴിലില്ലായ്മ പരിഹരിക്കാനുമുതകുന്ന ഒരു സമീപനവും കാണുന്നില്ല. ഇന്ത്യയുടെ വളർച്ചയുടെ നട്ടെല്ലായ പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്രസർക്കാർ തങ്ങളുടെ സ്വന്തക്കാരായ കോർപ്പറേറ്റുകൾക്ക് വിൽക്കുകയാണ് ചെയ്യുന്നത്. എന്നാൽ കേന്ദ്രം വിൽപ്പനയ്ക്കുവച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്തുനടത്തുന്ന മാതൃകാപരമായ സമീപനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കർഷകരുടെ ജനകീയ പ്രക്ഷോഭം കണ്ട നാടാണ് നമ്മുടേത്. എന്നാൽ കാർഷിക മേഖലയുടെ പ്രശ്നം പരിഹരിക്കാൻ കേന്ദ്രസർക്കാർ ഒന്നും ചെയ്തില്ല. കാർഷിക മേഖലയുടെ ബഡ്ജറ്റ് വിഹിതം 9000 കോടി രൂപയോളം വെട്ടിക്കുറച്ചു. കൂടാതെ വിള ഇൻഷ്വറൻസ്,

പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി തുടങ്ങിയവയുടെ വിഹിതവും വെട്ടിക്കുറച്ചു. മിനിമം താങ്ങുവില ഉറപ്പാക്കണമെന്ന ആവശ്യം കേന്ദ്രം പരിഗണിച്ചില്ല. എന്നാൽ കാർഷിക മേഖലയ്ക്ക് മുന്തിയ പരിഗണന നൽകി കേരളം മാതൃകയായി. തേങ്ങയുടെ സംഭരണ വില 34 രൂപയാക്കി ഉയർത്തുകയും റബ്ബർ വിലയിടിവ് തടയാൻ 600 കോടി രൂപ അനുവദിക്കുകയും കാർഷിക മേഖലയ്ക്ക് മൊത്തം 971.71 കോടി രൂപ വകയിരുത്തുകയും ചെയ്തു. വേങ്ങേരിയിലെ കാർഷിക വിപണന കേന്ദ്രം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പാവപ്പെട്ടവന് ഒരു വീട് എന്ന ലക്ഷ്യവുമായി സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതി മുന്നോട്ട് കുതിക്കുകയാണ്. ഇതുവരെ 322922 വീടുകൾ പൂർത്തിയാക്കിയെന്നുള്ളത് ചരിത്ര നേട്ടമാണ്. പുതിയതായി 71861 വീടുകൾക്ക് ആവശ്യമായ തുക വകയിരുത്തി. കേന്ദ്ര ഏജൻസികളെ കൂട്ടുപിടിച്ച് മാധ്യമങ്ങളുടെ പിന്തുണയോടെ ലൈഫ് പദ്ധതിയെ അട്ടിമറിക്കാൻ ശ്രമിച്ചവരാണ് പ്രതിപക്ഷമെന്നുള്ളത് മറക്കാൻ പാടില്ല.

ലോകത്തിലെ മികച്ച ടൂറിസ്റ്റ് കേന്ദ്രമാക്കി കേരളത്തെ മാറ്റാൻ പോകുകയാണ്. ലോകജനത കാണേണ്ട പ്രധാനപ്പെട്ട സ്ഥലങ്ങളുടെ പട്ടികയിൽ കേരളം ഇടംനേടിയെന്നത് നമുക്ക് അഭിമാനിക്കാവുന്നതാണ്. ടൂറിസത്തിന് വൻസാധ്യതകളുള്ള ജില്ലയാണ് കോഴിക്കോട്. ഇവിടെയുള്ള സരോവരം ബയോപാർക്ക്, ബീച്ച്, ബേപ്പൂർ, കാപ്പാട് എന്നിവയെല്ലാം ചേർത്തുകൊണ്ട് ഒരു സമഗ്ര ടൂറിസം പദ്ധതിക്ക് രൂപം നൽകണമെന്ന് ആവശ്യപ്പെടുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, സാക്ഷരത, വയോജന സംരക്ഷണം തുടങ്ങി നിരവധി മേഖലകളിൽ കേന്ദ്ര സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും പുരസ്കാരങ്ങൾ ഇക്കാലയളവിൽ കേരളത്തിന് ലഭിക്കുകയുണ്ടായി. എന്നാൽ ഏതാനും ചില മാധ്യമങ്ങളെ കൂട്ടുപിടിച്ച് നുണപ്രചരിപ്പിച്ച് കേരളത്തെ തകർക്കാൻ ശ്രമിക്കുന്ന ശക്തികളെ തിരിച്ചറിയാൻ നമുക്ക് സാധിക്കണം. 40 രൂപയായിരുന്ന പെട്രോളിന്റെ വില വർദ്ധനവിനെപ്പറ്റി ധാരാളം പേർ ഇവിടെ സംസാരിച്ചതുകൊണ്ട് അതിനെക്കുറിച്ച് വിശദീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തനത്

വരുമാനത്തിനുവേണ്ടി നടപടി സ്വീകരിക്കണമെന്ന് കക്ഷിരാഷ്ട്രീയ പരിഗണനയ്ക്കതീതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുകയാണ്. അതിനുവേണ്ടി സർക്കാർ സ്വീകരിച്ച ചില നടപടികളെ വക്രീകരിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. തങ്ങൾക്ക് അധികാരമില്ലെങ്കിൽ സംസ്ഥാനം തകരണമെന്ന പ്രതിപക്ഷത്തിന്റെ നിലപാടിന് കേരള ജനത ശക്തമായ തിരിച്ചടി നൽകും. സമസ്ത മേഖലകളിലും വികസനത്തിന്റെ കയ്യൊപ്പ് പതിച്ചുകൊണ്ട് സർക്കാർ മുന്നേറുകയാണ്. കുടുംബശ്രീ സംവിധാനം, തൊഴിലുറപ്പ് പദ്ധതി, അങ്കണവാടികൾ എന്നിവയെല്ലാം വലിയതോതിൽ പുരോഗതി കൈവരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും ഇന്നുവരെ പാവപ്പെട്ടവർക്ക് നൽകേണ്ട ഒരു ആശ്വാസവും സർക്കാർ വേണ്ടെന്ന് വച്ചിട്ടില്ല. ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടക്കുകയോ വികസന പ്രവർത്തനങ്ങൾ വെട്ടിക്കുറയ്ക്കുകയോ ചെയ്തിട്ടില്ല. ആരോഗ്യ മേഖലയിലെ ആഗോള സാധ്യതകൾ കണ്ടുകൊണ്ട് കേരളത്തെ ഒരു ഹെൽത്ത് ഹബ്ബാക്കി മാറ്റാനുള്ള വലിയ ശ്രമമാണ് നടക്കുന്നത്. അതിനുവേണ്ടി മാത്രം 30 കോടി

രൂപ നീക്കിവച്ചിട്ടുണ്ട്. ശബരിമല മാസ്റ്റർപ്ലാനിലെ വിവിധ ഘടകങ്ങൾക്കായി 30 കോടി രൂപയും വിവിധ സൗരോർജ്ജ പദ്ധതികൾക്കായി 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡിന് ആവശ്യമായ പണവും മഞ്ചുനാഥ റാവു റോഡിന്റെ വീതികൂട്ടാനാവശ്യമായ പണവും അനുവദിക്കണമെന്നും എൻ.ജി.ഒ. ക്വാർട്ടേഴ്സിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുവേണ്ട തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u> : സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ബഡ്ജറ്റ് അവതരിപ്പിച്ച് സംസ്ഥാനത്തെ ജനങ്ങൾക്ക് നിത്യദുരിതം സംഭാവന ചെയ്ത ധനകാര്യ വകുപ്പുമന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ച് നിയമസഭാ കവാടത്തിൽ സമരം നടത്തുന്ന യു.ഡി.എഫ്.-ലെ നാല് എം.എൽ.എ.-മാരായ സർവ്വശ്രീ ഷാഫി പറമ്പിൽ, സി. ആർ. മഹേഷ്, നജീബ് കാന്തപുരം, ഡോ. മാത്യു കുഴൽനാടൻ എന്നിവരെ ഞാൻ അഭിവാദ്യം ചെയ്യുന്നു.

സാമ്പത്തിക വികസനവും ക്ഷേമവുമാണ് ഏതൊരു ബഡ്ജറ്റിന്റെയും അടിസ്ഥാനലക്ഷ്യം. കാലാകാലങ്ങളിൽ സംസ്ഥാനവും ജനസമൂഹവും നേരിടുന്ന പ്രയാസങ്ങളും വെല്ലുവിളികളും ലഘൂകരിക്കുന്നതിനും വികസന ലക്ഷ്യങ്ങൾ നേടുന്നതിനുംവേണ്ടിയുള്ള ക്രിയാത്മകമായ ഉപകരണമാണ് ബഡ്ജറ്റ്. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ 2023-24 ബഡ്ജറ്റ് ഇതിന് അപവാദമാണ് എന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. പ്രളയത്തിന്റെയും കോവിഡിന്റെയും ദുരന്തത്തിൽനിന്ന് ജനങ്ങൾ സാധാരണ നിലയിലേയ്ക്ക് തിരിച്ച് വരുന്നതിനിടയിലാണ് ഇടിത്തീപോലെ സംസ്ഥാനം ഒരു നികുതി ഭാരം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റ് നിരാശാജനകവും വഞ്ചനാപരവും പ്രഖ്യാപനങ്ങൾ പ്രസംഗങ്ങളിൽ മാത്രം ഒതുങ്ങുന്നതുമാണ്.

2020-21-ലെ പദ്ധതി ചെലവ് 32290.3 കോടി രൂപയും 2021-22-ലെ പദ്ധതി ചെലവ് 34459.39 കോടി രൂപയുമാണ്. നടപ്പുസാമ്പത്തിക വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് 32345.3 കോടി രൂപയും 2023-24-ലെ

എസ്റ്റിമേറ്റ് 29329.01 കോടി രൂപയുമാണ്. അതായത് 2021-22-നെ അപേക്ഷിച്ച് 2023-24-ലെ പ്ലാൻ ചെലവിൽ 5130.78 കോടി രൂപയുടെ കുറവും 2022-23-നെ അപേക്ഷിച്ച് 3106.02 കോടി രൂപയുടെ കുറവുമാണുള്ളത്. 176540.14 കോടി രൂപ ചെലവ് വിഭാവനം ചെയ്യുന്ന 2023-24-ലെ ബഡ്ജറ്റിലെ മൂലധനച്ചെലവ് 14539.38 കോടി രൂപ മാത്രമാണ്. 2022-23-ലെ പുതുക്കിയ എസ്റ്റിമേറ്റിൽ മൂലധനച്ചെലവ് 14833.38 കോടി രൂപയാണ്. അതായത് മൂലധനച്ചെലവിൽ വർദ്ധനവില്ല എന്നുമാത്രമല്ല കുറവും സംഭവിച്ചിരിക്കുന്നു. 4040 കോടി രൂപയുടെ അധിക വിഭവസമാഹരണ പ്രഖ്യാപനം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച അധിക നികുതി ഭാരമാണ്. ബഡ്ജറ്റിന് മുൻപേ വെള്ളക്കരവും വൈദ്യുതിചാർജ്ജും വർദ്ധിപ്പിച്ചു കഴിഞ്ഞു. ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പെട്രോൾ, ഡീസൽ സെസ് എന്നിവ വിലക്കയറ്റത്തിന് കാരണമാകും. വിലക്കയറ്റംമൂലം ജനജീവിതം ദുസ്സഹമാകും. വിലവർദ്ധനവ് മാത്രമല്ല യാത്രാച്ചെലവും വർദ്ധിക്കും. പെട്രോൾ, ഡീസൽ വിലവർദ്ധനവുമൂലം കേരളത്തിലെ യാത്രാച്ചെലവ് വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമെടുക്കേണ്ടിവരുമെന്ന്

ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രി ഇന്നലെ പത്രലേഖകരോട് സൂചിപ്പിക്കുകയുണ്ടായി. 2023-ലെ ബഡ്ജറ്റിലെ റവന്യൂ കമ്മി 23942.24 കോടി രൂപയും പൊതുകടം 28522.79 കോടി രൂപയുമാണ്. അതായത് റവന്യൂകമ്മി നികത്തിക്കഴിഞ്ഞാൽ വികസനത്തിന് ബാക്കി 4610.55 കോടി രൂപ മാത്രമേയുള്ളൂ. ഇതാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലെ ചുരുക്കമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് നിരന്തരം പറയുന്ന ധനകാര്യ വകുപ്പുമന്ത്രി അനാവശ്യച്ചെലവ് വെട്ടിക്കുറയ്ക്കുന്ന ഒരു പ്രഖ്യാപനവും ഈ ബഡ്ജറ്റിൽ നടത്തിയിട്ടില്ലെന്നത് ധൂർത്തിന് വിരാമമില്ലെന്ന പ്രഖ്യാപനത്തിന് തുല്യമാണ്.

നമ്മുടെ നാട് ഏറ്റവും വലിയ വെല്ലുവിളി നേരിടാൻ പോകുന്നത് വിദ്യാഭ്യാസ രംഗത്താണ്. ഓരോ വർഷവും വിദ്യാഭ്യാസ രംഗത്ത് ബഡ്ജറ്റിന്റെ എക്സ്പെൻഡീച്ചർ കുറഞ്ഞുവരികയാണ്. 2017-18-ൽ 17.3% ആയിരുന്നുവെങ്കിൽ ഇപ്പോൾ അത് 13.98% ആയി കുറഞ്ഞിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്തിന് കൂടുതൽ ഊന്നൽ നൽകി നമ്മുടെ കുട്ടികളെ

വിദേശത്തേയ്ക്ക് പോകാതെ ഇവിടെത്തന്നെ പിടിച്ചുനിർത്താൻ കഴിയുന്ന രീതിയിൽ വിദ്യാഭ്യാസരംഗം മാറേണ്ടതുണ്ട്. ഉക്രയിനിനെ റഷ്യ ആക്രമിച്ചപ്പോൾ ഉക്രയിനിൽനിന്ന് പ്രാണരക്ഷാർത്ഥം ഓടിപ്പോന്നത് 3226 മലയാളി കുട്ടികളാണെന്ന വസ്തുത നമ്മൾ ഓർക്കേണ്ടതുണ്ട്. യു.കെ., കാനഡ, ന്യൂസീലാൻഡ്, ഓസ്ട്രേലിയ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്നത് ആയിരക്കണക്കിന് വിദ്യാർത്ഥികളാണ്. ഇരുപതും ഇരുപത്തഞ്ചും ലക്ഷം രൂപ ബാങ്കിൽനിന്ന് വായ്പയെടുത്താണ് വിവിധ യൂണിവേഴ്സിറ്റികളിൽ അവർ അഡ്മിഷൻ നേടുന്നത്. പഠനത്തിനുശേഷം ഇന്ത്യയിലേയ്ക്ക് വരുന്നവർ വളരെ ചുരുക്കമാണ്. അവർ ഇവിടെ ഇൻവെസ്റ്റ് ചെയ്യാൻ തയ്യാറാകാത്തത് വലിയ രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ സമൂഹത്തിൽ ഉണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങളുണ്ടാക്കി നമ്മുടെ കുട്ടികൾ ഇവിടെത്തന്നെ ഉന്നതവിദ്യാഭ്യാസം നടത്തുവാനുള്ള വിദ്യാഭ്യാസരീതി അനുവർത്തിക്കേണ്ട കാലം അതിക്രമിച്ചുവെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ലൈഫ് പദ്ധതിയാണ് ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയായി പറയുന്നത്. ആകെ 9 ലക്ഷം അപേക്ഷകളാണ് നിലവിലുള്ളത്. അതിൽ കഴിഞ്ഞ സാമ്പത്തിക വർഷം 106000 പേർക്കായി 1,871.82 കോടി രൂപ അനുവദിച്ചു. ഇപ്പോൾ അത് 1,436 കോടി രൂപയായി കുറച്ചിരിക്കുകയാണ്. ഏകദേശം 71861 കുടുംബങ്ങൾക്കാണ് ഈ വർഷം ഭവനം കൊടുക്കാനുദ്ദേശിക്കുന്നത്. ലൈഫ് പദ്ധതിയിൽ കഴിഞ്ഞ വർഷത്തേക്കാൾ 35000 കുടുംബങ്ങളെ ഈ ബഡ്ജറ്റിൽ കുറച്ചിരിക്കുകയാണ്. അങ്ങനെ സാധാരണക്കാരെ മറന്ന ഒരു സർക്കാരാണിത്. കിടപ്പുരോഗികളെ പരിചരിക്കുന്നവർക്കുള്ള 'ആശ്വാസകിരണം' പദ്ധതി കഴിഞ്ഞ 5 മാസമായി കുടിശ്ശികയാണ്. കുട്ടികൾക്കുവേണ്ടിയുള്ള 'സ്നേഹപൂർവ്വം' പദ്ധതി 2018 മുതൽ നാളിതുവരെ 14.95 കോടി രൂപ കുടിശ്ശികയാണ്. സാമൂഹ്യ സുരക്ഷ മിഷന്റെ 'സമാശ്വാസം' പദ്ധതി, മാതാപിതാക്കൾ മരിച്ചുപോയ കുട്ടികൾക്കുവേണ്ടിയുള്ള 'സ്നേഹപൂർവ്വം' പദ്ധതി എന്നിവ 10 മാസമായി കുടിശ്ശികയാണ്. പാവപ്പെട്ടവരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ കാരുണ്യ ആരോഗ്യ

സുരക്ഷാ പദ്ധതിയിലുൾപ്പെട്ട രോഗികൾക്ക് ചികിത്സ നൽകിയ ആശുപത്രികൾക്ക് സർക്കാർ ഇൻഷ്വറൻസ് തുക നൽകാത്തതിനാൽ ആശുപത്രികൾ ഈ പദ്ധതിയിൽനിന്ന് പിൻമാറാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നഗരസഭകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമായി ആയിരം കോടി രൂപയുടെ സാമ്പത്തിക വിഭവ സമാഹരണമാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. വീടുകളുടെ ടാക്സ് വർദ്ധിപ്പിച്ചിട്ടില്ലെന്നുള്ള രീതിയിലാണ് അതിൽ പറയുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ആയിരം കോടി രൂപയായി, കുറഞ്ഞ വർദ്ധനവ് ലക്ഷ്യമിട്ട് ബഡ്ജറ്റിൽ സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന നടപടികൾ ജനജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കും.

വസ്തു നികുതി പരിഷ്കാരം കുറച്ചുനാളായി നടപ്പാക്കിയിട്ടില്ലെന്ന ബഡ്ജറ്റിലെ പരാമർശം തെറ്റാണ്. 1992-നുശേഷം പല കാരണങ്ങളാൽ ടാക്സ് റിവിഷൻ നടന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ 2003-ലും 2016-ലും അതുമായി ബന്ധപ്പെട്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുകയും 2021-

ൽ നടപടികൾ ആരംഭിക്കുകയും 2023-ന് മുമ്പായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് റിവിഷൻ നടത്തി കൂടിയതോതിലെത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യമാണുള്ളത്. നാളിതുവരെയായി സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടാക്സ് വർദ്ധിപ്പിച്ചിട്ടില്ലെന്ന് മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് ശരിയല്ലെന്ന കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കൊച്ചി പോലുള്ള നഗരത്തിന് ഈ ബഡ്ജറ്റിൽ ഒരു പദ്ധതിയുമില്ല. ഇത് ഞാൻ പറയുന്നതല്ല, കൊച്ചി മേയർ, സി.പി.ഐ.(എം.)-ന്റെ നേതാവ് പറഞ്ഞതാണ്. 'State budget: Kochi has been let down, says Mayor' - 4-ാം തീയതിയിലെ ഇന്ത്യൻ എക്സ്പ്രസിൽ വന്ന വാർത്തയാണിത്. കൊച്ചി പോലെ റവന്യൂ വരുമാനത്തിന്റെ ഭൂരിഭാഗവും സംസ്ഥാനത്തിന് സംഭാവന ചെയ്യുന്ന നഗരത്തിൽ ഒരു KSRTC സ്റ്റാന്റ് വേണ്ടേ? എട്ട് KSRTC സ്റ്റാന്റുകൾക്കാണ് 20 കോടി രൂപ അനുവദിച്ചിട്ടുള്ളത്. ആ തുക ഉയർത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മറ്റൊരു പ്രധാനപ്പെട്ട വിഷയം ഒരു മഴ വന്നാൽ കൊച്ചി നഗരം മുങ്ങുന്ന സാഹചര്യമാണുള്ളത്. ആ

സാഹചര്യത്തെ മുൻനിർത്തി ബഹുമാനപ്പെട്ട മേയറും ഞങ്ങളുമെല്ലാം പല പദ്ധതികൾ സംസ്ഥാന ഗവൺമെന്റിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' എന്ന പദ്ധതിയാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ലോകത്തിന്റെ ടൂറിസം ഭൂപടത്തിൽ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ് കൊച്ചി. കൊച്ചി ഇന്ന് വെള്ളക്കെട്ട് ഭീഷണിയിലാണ്. അതുകൊണ്ട് ബഡ്ജറ്റിന്റെ സമാപനപ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ'-നെ ഉൾപ്പെടുത്തി ഏകദേശം 30 കോടി രൂപയെങ്കിലും അധികമായി അനുവദിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത്രയും ജനവിരുദ്ധമായ ബഡ്ജറ്റ് പ്രസംഗം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയതുകൊണ്ടും ഈ പ്രസംഗത്തോട് യോജിക്കാൻ കഴിയാത്തതുകൊണ്ടും ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്രത്തിന്റെ ഇടിയിൽനിന്നും കേരളത്തിലെ ജനങ്ങളെ പ്രതിരോധിക്കുന്ന കരുത്തുറ്റൊരു ബഡ്ജറ്റാണ് ഗവൺമെന്റിനുവേണ്ടി ശ്രീ. കെ. എൻ.

ബാലഗോപാൽ ഇവിടെ അവതരിപ്പിച്ചത്. ലോകമെമ്പാടും കോവിഡിനുശേഷം വലിയ രീതിയിലുള്ള അസാധാരണമായ ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. വലിയ സാമ്പത്തിക വിദഗ്ദ്ധന്മാർതന്നെ പറഞ്ഞിരിക്കുന്നത് ഗ്രേറ്റ് ഡിപ്രഷന് സമാനമായ ഒരു പ്രശ്നത്തെ ലോകം അഭിമുഖീകരിക്കുന്നുവെന്നാണ്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ കണക്കുപ്രകാരം 40 കോടി ആളുകൾ പട്ടിണിയിലേയ്ക്ക് പോകുകയും അത്രതന്നെ ആളുകൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്യുമെന്നാണ്. ഭീതിജനകമായൊരു സാമ്പത്തിക സാഹചര്യത്തെ ലോകം അഭിമുഖീകരിക്കുമ്പോൾ കേരള രാഷ്ട്രീയത്തിന്റെ ചരിത്രത്തിൽ തുടർ ഭരണം നയിക്കുന്ന ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റ് മലയാളിയെ ചേർത്തുപിടിച്ച അതിശ്രദ്ധേയമായൊരു ബഡ്ജറ്റാണ് കേരള നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബഡ്ജറ്റിന്റെ എല്ലാ മേഖലയും സൂക്ഷ്മമായി പരിശോധിച്ചാൽ നവകേരള സൃഷ്ടിക്ക് ശക്തിപകരുന്ന ആധുനിക കാഴ്ചപ്പാടാണ് മുന്നോട്ടുവച്ചിരിക്കുന്നതെന്നു കാണാം. ഹൈഡ്രജനാണ് ആധുനിക

ലോകത്തിന്റെ വാതകമായി/ഫ്യുവലായി വരാൻ പോകുന്നത്. കൊച്ചിയിലും തിരുവനന്തപുരത്തും ഹബ്ബുകൾ ആരംഭിക്കാൻ തീരുമാനിച്ചത് എത്രമാത്രം ശ്രദ്ധേയമാണ്. അങ്കണവാടിയിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താനുള്ള ബഡ്ജറ്റിലെ തീരുമാനം എത്രമാത്രം ഹൃദയസ്പർശിയാണെന്ന് ആലോചിച്ചുനോക്കൂ. അതിദാരിദ്ര്യം ഇല്ലാതാക്കാൻ ഏതാണ്ട് രണ്ടായിരം കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ശ്രദ്ധേയമായ വിലക്കയറ്റം പിടിച്ചുനിർത്താൻ ബഡ്ജറ്റിൽ രണ്ടായിരം കോടി രൂപ ഗവൺമെന്റ് വകയിരുത്തിയിരിക്കുന്നു. കേന്ദ്രനിയമത്തിന്റെ ഭാഗമായി രൂക്ഷമായിക്കൊണ്ടിരിക്കുന്ന കേരളത്തിലെ റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 600 കോടി രൂപ ഈ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആധുനികതയിലേയ്ക്ക് നയിക്കാനും ലോകത്ത് ആദ്യമായി ഡിജിറ്റൈസേഷനിലൂടെ ആധുനിക മലയാളി വിദ്യാർത്ഥിയെ ലോകനിലവാരത്തിലെത്തിക്കാനും കഴിയുന്ന വിദ്യാഭ്യാസത്തിന്റെ ആധുനികവത്കരണത്തിന് ശ്രദ്ധേയമായ പദ്ധതി ഈ ബഡ്ജറ്റിന്റെ

ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നു. നാട്ടിൻപുറത്തെ കളിക്കളങ്ങൾ അതായത് പഞ്ചായത്ത് കളിക്കളങ്ങളെ ആധുനീകരിക്കാൻ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതിക്ക് ശ്രദ്ധേയമായ തുകയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ടൂറിസം മേഖലയുടെ ആധുനികവത്കരണത്തിന് സഹായകമായ പദ്ധതിയും ബഡ്ജറ്റിന്റെ ഭാഗമായുണ്ട്.

കേരളത്തിൽ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് രാജ്യത്തിനുതന്നെ മാതൃകയായി മാറിയിരിക്കുകയാണ്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ ഏതാണ്ട് ഒരാഴ്ചയ്ക്കുമുമ്പ് പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റിന്റെ സ്ഥിതിയെന്താണ്? പ്രതിപക്ഷത്തിന് സ്ഥലജല വിഭ്രാന്തിയാണുള്ളത്, അവർ സമരം നടത്തുന്നു. അവർക്ക് മാറിപ്പോയതാണെന്ന് എനിക്കുതോന്നുന്നു. കേരളത്തിലെ ജനങ്ങളോട് എന്തെങ്കിലും ആത്മാർത്ഥതയോ പ്രതിബദ്ധതയോ ഉണ്ടെങ്കിൽ യഥാർത്ഥത്തിൽ അവർ സമരം നടത്തേണ്ടത് മോദി ഗവൺമെന്റിനെതിരായിട്ടായിരുന്നില്ലേ എന്നുള്ളതാണ് വസ്തുത. നിങ്ങൾ

എന്തിനാണ് കണ്ണടച്ച് ഇരുട്ടാക്കുന്നത്. ഈ കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ കേരളത്തോട് എത്രമാത്രം വൈരനിര്യാതന ബുദ്ധിയാണ് സ്വീകരിച്ചിരിക്കുന്നത്. പത്താം ധനകാര്യ കമ്മീഷനിൽനിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനിലേയ്ക്കെത്തുമ്പോൾ 3.92 ശതമാനത്തിൽനിന്നും കുറഞ്ഞ് 1.92 ശതമാനമായി. ഭരണഘടനാവിരുദ്ധമായും ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായും ഒരു സംസ്ഥാനത്തിന് നൽകേണ്ട ഗ്രാന്റുപോലും രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടെ നൽകാതിരിക്കുന്നതിനെതിരെ യു.ഡി.എഫ്.-ൽനിന്നും സംസാരിച്ചവർ ആരും തങ്ങളുടെ രാഷ്ട്രീയ നിലപാട് പറഞ്ഞില്ലല്ലോ? ജി.എസ്.ടി. ഇനത്തിൽ 18000 കോടി രൂപയുടെ നഷ്ടം കേരളത്തിലുണ്ടായി. കോമ്പൻസേഷൻ പാക്കേജ് നൽകാമെന്ന് പറഞ്ഞ് 'ഒരു രാജ്യം ഒരു നികുതി' എന്ന നിലയിൽ ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി കേരളത്തിൽ 20,000 കോടി രൂപയ്ക്കടുത്ത് നഷ്ടമുണ്ടായില്ലേ; പ്രത്യക്ഷമായും പരോക്ഷമായും കേരളത്തിൽ ആകെയുണ്ടായ 33,000 കോടി രൂപയുടെ നഷ്ടം എങ്ങനെ പരിഹരിക്കും? കേരളം ഭരിച്ച ഒരു രാഷ്ട്രീയ മുന്നണിയായ യു.ഡി.എഫ്.-ന്റെ ബദൽ എന്താണ്; ആരും ഒന്നും

പറയാത്തതെന്താണ്? ഞങ്ങളുടെ മണ്ഡലത്തിന്റെ തൊട്ടടുത്താണ് കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരി സ്ഥിതിചെയ്യുന്നത്. അവിടെ റേഷൻകടയില്ലാത്തതിനാലും മരുന്നിന് ഇരട്ടിയിലേറെ ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളതിനാലും അവിടെയുള്ളവർ സാധനം വാങ്ങാൻ വരുന്നത് തലശ്ശേരിയിലാണ്. ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് റേഷൻകടകൾ അപ്രത്യക്ഷമാകുന്നുവെന്ന് ഇന്നലെ പറയുകയുണ്ടായി. കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്ന രാഷ്ട്രീയ വിവേചനത്തിന്റെ ഭാഗമായി സംസ്ഥാനത്തിനുണ്ടാകുന്ന വലിയ നഷ്ടം എങ്ങനെ പരിഹരിക്കാൻ കഴിയും? കേരളത്തിൽ മാത്രമല്ലേയിത്. കേരളത്തെക്കാൾ ജനസംഖ്യ കുറഞ്ഞ ആസാമിന് 3.82-ഉം ഒഡീഷയ്ക്ക് 4.42-ഉം ഉത്തർപ്രദേശിന് 19.12-ഉം ആണ് കൊടുത്തിരിക്കുന്നത്. എത്ര വലിയ വ്യത്യാസമാണിത്. ഒരു ജനാധിപത്യ രാജ്യത്ത് തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിനോട് രാഷ്ട്രീയ വിരോധമുണ്ടെന്നതിനാലാണോ? കേരളത്തിൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തുടരുന്നുവെന്നതാണ് നിങ്ങൾക്ക് ഞങ്ങളോടുള്ള വിരോധമെന്ന് അറിയാം. മാത്രവുമല്ല, പൗരത്വ ഭേദഗതി നിയമം

നടപ്പിലാക്കാൻ അനുവദിക്കില്ലെന്ന് ഞങ്ങൾ പ്രഖ്യാപിക്കുകയും സഹകരണ മേഖലയെ തകർക്കാൻ വന്നപ്പോൾ സഹകരണ മേഖലയെ തൊടാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഒരു രാജ്യം, ഒരു ഭാഷ, ഏത് അർത്ഥത്തിലായാലും ഒരു രാജ്യത്തെ തകർക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷനെ ഉപയോഗപ്പെടുത്തുക, രാജ്യത്തെ വർഗ്ഗീയതയുടെ കേന്ദ്രമാക്കി മാറ്റുന്നതിന് ഭരണഘടനാ സ്ഥാപനങ്ങളെ ഉപയോഗിക്കുക തുടങ്ങിയ കാര്യങ്ങളാണ് ഇന്ത്യയിൽ ബി.ജെ.പി. നടപ്പിലാക്കുന്നത്. അവിടെയെല്ലാം കോൺഗ്രസിനെയോ യു.ഡി.എഫ്.-നെയോ പോലെയല്ല; ആർജ്ജവത്തോടെനിന്ന് അത് എന്റെ നാട്ടിൽ നടപ്പിലാക്കില്ലെന്ന് പറഞ്ഞ മുഖ്യമന്ത്രിയുടെ നാടാണ് കേരളം. ആ കേരളത്തെ വരിഞ്ഞുമുറുക്കി എങ്ങനെയും നശിപ്പിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്.

ലോകത്തിന് മാതൃകയായ കേരളത്തിൽ, കോവിഡും അതിനുമുമ്പ് പ്രളയവും വന്നപ്പോൾ ചെറിയൊരു സംസ്ഥാനമായതിനാൽ വിഭവങ്ങൾ പരിമിതമായിരുന്നു. നാം ആശ്രയിക്കുന്ന പ്രധാനപ്പെട്ട വരുമാനമായ നികുതി വരുമാനത്തിലുണ്ടായ ഇടിവ് ഞങ്ങളെ തകർക്കുമെന്ന് അറിയാമെങ്കിലും

തകർക്കാനോ തകരാനോ നിന്നുകൊടുത്തതല്ല പിന്നീട് നാം കണ്ടത്. കേരള സർക്കാർ ഒരു അടിസ്ഥാന വികസനനിധി രൂപീകരിക്കുകയാണുണ്ടായത്. എന്താണ് കിഫ്ബിയെന്ന് ചോദിച്ചല്ലോ? കേരളത്തിൽ തലയെടുപ്പോടെ അംബരചുംബികളായി നിൽക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയെ ചൂണ്ടിക്കാണിക്കാം. പ്രതിസന്ധികാലത്ത് സാമ്പത്തിക മാന്ദ്യമില്ലാതെ സമ്പദ്ഘടനയെ ചലിപ്പിക്കാൻ ഗവൺമെന്റ് നടപ്പിലാക്കിയ നീക്കം എത്രയോ മാറ്റങ്ങൾ കേരളത്തിലുണ്ടാക്കി. ആ വലിയ മാറ്റം രാഷ്ട്രീയ പ്രേരിതമായിരുന്നോ; അതിന് യു.ഡി.എഫ്, എൽ.ഡി.എഫ്. എന്ന് വ്യത്യാസമുണ്ടോ? മലയാളി പിടിച്ചുനിന്നു. അതുകൊണ്ടാണ് ലോകത്തിലെ വളരെ ശ്രദ്ധേയമായ ഒരു പത്രം 'The Crisis Manager' എന്ന് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിനെ വിളിച്ചത്. ലോകത്തിനും ഇന്ത്യയ്ക്കും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയായി നിൽക്കുന്ന ഒരു ഗവൺമെന്റ് കേരളത്തെ അതിശക്തമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. ഇടിവെട്ടേറ്റവനെ പാമ്പ് കടിക്കാനല്ല; മലയാളിയെ തൊടാൻ, മലയാളിയെ

ദ്രോഹിക്കാൻ കേന്ദ്രത്തെ അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കുന്ന അതിശക്തമായ ബഡ്ജറ്റാണിത്. കേരളത്തെ ഞങ്ങൾക്ക് അറിയാം, മുഖ്യമന്ത്രിയെ വീഴ്ത്തണമെന്ന അജണ്ട നടപ്പിലാക്കാൻ വേണ്ടിയുള്ള ആസൂത്രിത ശ്രമം സംഘ്പരിവാറിന്റെ അജണ്ടയിലുണ്ട്. ഈ ഗവൺമെന്റിനെ വീഴ്ത്തുന്നതിനുള്ള വഴിയെല്ലാം അവർ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ ഒറ്റക്കെട്ടാണെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. കഴിഞ്ഞ ദിവസം ഇവിടെ നിങ്ങൾ എന്തെല്ലാം കോലാഹലങ്ങളും പ്രശ്നങ്ങളുമുണ്ടാക്കി. 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. സർക്കാർ, 1967-ലെ ഇ.എം.എസ്. സർക്കാർ, 1980-ലെയും 1987-ലെയും 1996-ലെയും നായനാർ സർക്കാർ, 2006-ലെ വി. എസ്. അച്ചുതാനന്ദൻ സർക്കാർ, 2016-ലെയും 2021-ലെയും പിണറായി വിജയൻ സർക്കാർ എന്നുതുടങ്ങി ഒരു കാലത്തും മലയാളിക്ക് വിരുദ്ധമായ തീരുമാനമെടുക്കാത്ത ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പാരമ്പര്യം കേരളത്തിലെ ജനങ്ങൾക്കറിയാം. അതുകൊണ്ട് കേരളത്തെ തോല്പിക്കാനും തകർക്കാനുമുള്ള നീക്കത്തെ പ്രതിരോധിക്കുന്നതാണ് ധനകാര്യ വകുപ്പുമന്ത്രി

ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റ്. ഈ ബഡ്ജറ്റ് കേരളത്തിന്റെ പ്രതിരോധമായതിനാൽ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

ശ്രീ. എം. മുകേഷ്: സർ, 2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. നിലവിലുള്ള സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് വളരെ യാഥാർത്ഥ്യബോധത്തോടെ രൂപപ്പെടുത്തിയ ബഡ്ജറ്റാണിത്. സാമ്പത്തിക അച്ചടക്കവും പുതുധനാഗമന മാർഗ്ഗങ്ങളും കണ്ടെത്തിയ, സാധാരണ ജനങ്ങൾക്ക് ആശ്വാസം പകരാൻ നിലപാട് സ്വീകരിച്ച ബഡ്ജറ്റാണിത്. വിലക്കയറ്റം തടയാൻ 2000 കോടി രൂപ നീക്കിവച്ചതും അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 50 കോടി രൂപ ഗ്യാപ് ഫണ്ട് രൂപീകരിച്ചതും തൊഴിൽ നഷ്ടപ്പെട്ട് വിദേശത്തുനിന്നും മടങ്ങിയെത്തിയവർക്ക് 100 തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തിയതും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ബോട്ടുകൾ വാങ്ങാൻ പുതിയ പദ്ധതികൾ പ്രഖ്യാപിച്ചതും ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാരുടെ പുനരധിവാസത്തിനായി 45 കോടി രൂപ മാറ്റിവച്ചതും

അതുകൊണ്ടാണ്. ഞാൻ ഓരോന്നും എണ്ണിയെണ്ണിപ്പറയാൻ ശ്രമിക്കുന്നില്ല. ഈ ബഡ്ജറ്റിനെ നേരിട്ടും അല്ലാതെയും എതിർക്കുന്നവർക്കുള്ള വ്യക്തമായ രാഷ്ട്രീയ കാരണങ്ങളെ ഞാൻ ചോദ്യം ചെയ്യുന്നില്ല, പകരം ഒറ്റക്കാര്യം മാത്രമേ പറയുന്നുള്ളൂ. ഈ ബഡ്ജറ്റ് ഒരു മുഖം മിനുക്കൽ ബഡ്ജറ്റല്ല, കയ്യടി നേടാനുള്ള താല്ക്കാലിക ഗിമ്മിക്കുകൾ കൂട്ടിച്ചേർത്ത ബഡ്ജറ്റുമല്ല. അത്തരമൊരു ബഡ്ജറ്റ് അവതരണം നാം പാർലമെന്റിൽ കണ്ടതാണ്. ഒന്നാംതരം മുഖം മിനുക്കൽ ബഡ്ജറ്റ്. കേരളം കേന്ദ്രത്തോട് 17 ആവശ്യങ്ങൾ ഉന്നയിച്ചെങ്കിലും ഒന്നിനും ഒരു സ്ഥാനവും മറുപടിയും ലഭിച്ചില്ല. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി അര ശതമാനമെങ്കിലും കൂട്ടുന്നതിലും ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാക്കുന്നതിലുമൊന്നും മറുപടിയില്ല. ഇവിടെ ബഹളമുണ്ടാക്കുന്ന പ്രിയ സുഹൃത്തുക്കൾക്ക് കേന്ദ്ര ബഡ്ജറ്റിനെതിരെ യാതൊരു പരാതിയുമില്ല. മുഖം മിനുക്കലിന് അപ്പുറമുള്ളത് കാണാൻ അവർ ശ്രമിക്കുന്നതേയില്ല. മുഖം മിനുക്കുന്ന കാര്യത്തിൽ കേന്ദ്രത്തിനുള്ള മിടുക്ക് നമുക്ക് അറിയാമല്ലോ?

ഇന്ത്യാ സന്ദർശനത്തിന്റെ ഭാഗമായി അമേരിക്കൻ പ്രസിഡന്റ് കുറച്ചുകാലംമുമ്പ് അഹമ്മദാബാദ് സന്ദർശിച്ചപ്പോൾ കേന്ദ്രസർക്കാർ ഒരു പ്രത്യേക മുഖം മിനുക്കൽ നടത്തി. അമേരിക്കൻ പ്രസിഡന്റ് കടന്നുപോകുന്ന തെരുവുകൾക്ക് ഇരുവശവും കൂറ്റൻ സ്ക്രീനുകൾ സ്ഥാപിച്ച് കാഴ്ചമറച്ചു. ഇരുവശവുമുള്ള ചേരികളും പട്ടിണിക്കാരായ പാവം മനുഷ്യരുടെ അതിദയനീയ ജീവിതവും അമേരിക്കൻ പ്രസിഡന്റും സംഘവും കാണാതിരിക്കാനായിരുന്നു ഈ സ്ക്രീൻ വിപ്ലവം നടത്തിയത്. 'അഹമ്മദാബാദ് ഹാ എത്ര സുന്ദരം! Very prosperous country, no poverty at all' എന്നൊക്കെപ്പറഞ്ഞ് അമേരിക്കൻ പ്രസിഡന്റും സംഘവും മടങ്ങി. കേന്ദ്ര ധനമന്ത്രി നടത്തിയ ബഡ്ജറ്റ് പ്രഖ്യാപനവും മേൽപ്പറഞ്ഞ സ്ക്രീൻ വിപ്ലവത്തിന് തുല്യമാണ്. ഒളിഞ്ഞിരിക്കുന്ന ദുരന്തങ്ങളെ കേന്ദ്ര ബഡ്ജറ്റിലെ തട്ടിക്കൂട്ട് പ്രഖ്യാപനങ്ങൾകൊണ്ട് മറച്ചുപിടിക്കാൻ കഴിഞ്ഞിരിക്കുന്നു; ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ നടത്തിയ ഇത്തരം നടപടികൾ ചരിത്രത്തിൽ സ്ക്രീൻ റെവല്യൂഷൻ എന്നപേരിൽ അറിയപ്പെടാതിരിക്കില്ല. ജി-20 സമ്മേളനങ്ങൾ രാജ്യത്ത് വരും മാസങ്ങളിൽ നടക്കാൻ

പോകുകയാണ്. ഈ സമ്മേളനങ്ങൾ നടക്കുന്ന ചില സംസ്ഥാനങ്ങളിലേയ്ക്കുള്ള ക്രൂറ്റൻ സ്ക്രീനുകൾക്ക് ടെണ്ടർ കൊടുത്തുകഴിഞ്ഞുവെന്നാണ് അറിയാൻ കഴിഞ്ഞത്.

**02.00 p.m]**

സംസ്ഥാന ബഡ്ജറ്റിനെ രാഷ്ട്രീയമായി എതിർക്കുന്നവർ ചില കാര്യങ്ങൾ ഓർക്കാറില്ല. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയാണ് ഇവർ കാണാതെ പോകുന്നത്. 60 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണെന്ന കണക്കുകൾ ആർക്കാണ് അവഗണിക്കാൻ കഴിയുന്നത്? കഴിഞ്ഞവർഷം 52 സ്ഥാപനങ്ങളായിരുന്നു ലാഭത്തിലുണ്ടായിരുന്നത്. ഈ വർഷം അത് 60 ആയി ഉയർന്നു. വൈദ്യുതി ബോർഡും കെ.എം.എം.എൽ.-ഉം ഉൾപ്പെടെയുള്ള 50 പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിന് അഭിമാനിക്കാനുള്ള അവസരമാണ് നൽകുന്നത്. സർക്കാരിന്റെ പൊതുമേഖലയോടുള്ള കാഴ്ചപ്പാടിന്റെ സാക്ഷ്യപത്രം കൂടിയാണ് ലാഭമുണ്ടാക്കിയ ഈ 60 സ്ഥാപനങ്ങൾ.

കൊല്ലം ജില്ലയിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ബഡ്ജറ്റിൽ അഭിമാനിക്കാൻ ധാരാളം വകകളുണ്ട്. കൊല്ലം ജില്ലയുടെ വ്യാപാര-വാണിജ്യ ചരിത്രവും പ്രാധാന്യവും വിശദീകരിക്കുന്നതിനായി തങ്കശ്ശേരിയിൽ മ്യൂസിയവും സമുദ്ര വിജ്ഞാന കേന്ദ്രവും സ്ഥാപിക്കുന്നതിനായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൊല്ലം തുറമുഖത്തിന്റെ വികസനത്തിനും ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി മേഖലയുടെ പുനരുജ്ജീവന പാക്കേജിൽ 30 കോടി രൂപയും കാഷ്യൂ ബോർഡിന് 43 കോടി രൂപയും വകയിരുത്തിയത് സ്വാഗതാർഹമാണ്. സർഗ്ഗാത്മകമായ ചില ടൂറിസം ചുവടുവയ്പ്പുകളും ഈ ബഡ്ജറ്റിൽ കണ്ടു. തീരദേശ ഹൈവേ, ജലപാത കനാൽ, ദേശീയ പാത, ഹിൽ ഹൈവേ, റെയിൽവേ എന്നിവ അടിസ്ഥാനമാക്കിയുള്ള ടൂറിസം കോറിഡോർ പദ്ധതി നവീന ആശയമാണ്. അനുഭവവേദ്യ ടൂറിസത്തിനായി കൊല്ലം അഷ്ടമുടി ഉൾപ്പെടുന്ന പദ്ധതിക്കായി 50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

സാമൂഹ്യ നവോത്ഥാന മുന്നേറ്റത്തിൽ കൊല്ലം ജില്ല അതിന്റേതായ പങ്കുവഹിച്ചിട്ടുണ്ട്. 1915-ൽ കൊല്ലം പീരങ്കി മൈതാനത്ത് നടന്ന ഒരു മഹായോഗം, മാറുമറച്ച് വസ്ത്രം ധരിക്കാനുള്ള കേരളീയ സ്ത്രീകളുടെ പോരാട്ടത്തിലെ ധീരമായ ഏടായി ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. അതിന്റെ ഓർമ്മയ്ക്കായി പീരങ്കി മൈതാനത്ത് കല്ലുമാല സ്ക്വയർ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ 5 കോടി രൂപയാണ് വകയിരുത്തിട്ടുള്ളത്. സാമൂഹ്യ മുന്നേറ്റ സ്മരണകൾക്കുമുന്നിൽ ഇടതുസർക്കാർ ആദരവ് അർപ്പിക്കുന്നതിന്റെ നേർക്കാഴ്ചയാണ് കൊല്ലത്ത് വിഭാവന ചെയ്ത കല്ലുമാല സ്ക്വയർ.

നമ്മുടെ രാജ്യം ഇന്ന് അപ്രഖ്യാപിത അടിയന്തരാവസ്ഥയിലൂടെ കടന്നുപോകുകയാണ്. എതിർ ശബ്ദങ്ങൾ അടിച്ചമർത്തപ്പെടുന്നു, ഏകാധിപത്യത്തിന്റെ സുവർണ്ണകാലം പാർലമെന്റിനെ സജീവമാക്കാനുള്ള ശ്രമം നടത്തുന്നു, സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്നു. ഒരു ഡോക്യുമെന്ററിയോടുപോലും അസഹിഷ്ണുതയാണ്. രാജ്യദ്രോഹം, കലാപാഹ്വാനം എന്നീ കാരണങ്ങൾ പറഞ്ഞ് ബി.ബി.സി.-യുടെ ഒരു

ഡോക്യുമെന്ററി നിരോധിച്ചു. അത് കാണാൻ ശ്രമിച്ചവരെ ജയിലിൽ അടച്ചു. കലാപാഹ്വാനം, രാജ്യദ്രോഹം എന്നീ രണ്ട് വാക്കുകൾ കേൾക്കുമ്പോൾ എനിക്ക് പഴയൊരു ചരിത്രസംഭവമാണ് ഓർമ്മവരുന്നത്. 1886-ൽ ലോകം കണ്ട ഏറ്റവും വലിയ ഫാസിസ്റ്റ് ക്രൂരനായ സാർചക്രവർത്തി ഒരു പ്രഖ്യാപനം നടത്തി. 'കലാപാഹ്വാനം, രാജ്യദ്രോഹം എന്നീ കുറ്റങ്ങൾക്ക് ലിയോ ടോൾസ്റ്റോയിയുടെ എല്ലാ കൃതികളും നിരോധിക്കുന്നു'. അദ്ദേഹത്തിന്റെ 'ദ പവർ ഓഫ് ഡാർക്ക്നസ്' എന്ന നാടകം പുറത്തിറങ്ങിയ സമയമായിരുന്നു അത്. റഷ്യയിൽ ആ പുസ്തകങ്ങൾ കൂട്ടിയിട്ട് കത്തിച്ചു. എന്നാൽ അവിടത്തെ ചെറുപ്പക്കാർ ആ സമയത്ത് കൊടുംവനത്തിനുള്ളിലും ഇരുട്ടുമുറികളിലും മെഴുകുതിരി കത്തിച്ചുവച്ച് ഈ പുസ്തകം വായിച്ച് ആവേശംകൊണ്ട് മുദ്രാവാക്യം വിളിച്ചു. ഇതറിഞ്ഞ ചക്രവർത്തി കൊട്ടാരത്തിൽ വീണ്ടും യോഗം വിളിച്ച് നിരോധിച്ച ഈ പുസ്തകം വായിച്ചില്ലെന്ന് പറയുകയും അങ്ങനെ ആ പുസ്തകം വായിക്കുകയും ചെയ്തു. ഇത്രയും ക്രൂരനായ സർ ചക്രവർത്തിപോലും വായിക്കുന്നതിനിടയിൽ പതിമൂന്നോ പതിനാലോ പ്രാവശ്യം പൊട്ടിക്കരഞ്ഞു എന്നാണ് ചരിത്ര സംഭവം. ഇത്രയും നല്ല പുസ്തകമാണോ ഞാൻ

നിരോധിച്ചത്, നാളെ മുതൽ എല്ലാവരും സൗജന്യമായി ഈ പുസ്തകം വായിക്കട്ടെ എന്ന് പ്രഖ്യാപിച്ചു. അതാണ് കലയുടെ ശക്തി. റഷ്യൻ വിപ്ലവത്തിന്റെ തുടക്കം അവിടെ നിന്നായിരുന്നു. വലിയ മണ്ടത്തരമാണ് സാർ ചക്രവർത്തി ചെയ്തതെങ്കിലും ഫാസിസത്തെയും അടിച്ചമർത്തലിനെയും എതിരിടാൻ കലയ്ക്കും സാഹിത്യത്തിനും മാത്രമേ കഴിയൂവെന്ന വലിയ സത്യം ലോകത്തിന് മനസ്സിലായി. നമ്മുടെ രാജ്യത്തും ഏകദേശം അത്തരമൊരു വെള്ളിവെളിച്ചത്തിന്റെ രശ്മികൾ പതിഞ്ഞുതുടങ്ങിയിട്ടുണ്ട്. കുറെക്കാലമായി കലാകാരന്മാർക്കും കലാപ്രവർത്തകർക്കുമെതിരെ വധം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നു. എന്നാൽ അവസാനത്തെ നമ്മുടെ ഉദാഹരണം 'പത്താൻ' എന്ന സിനിമയാണ്. എന്തൊക്കെ കോലാഹലങ്ങളായിരുന്നു രണ്ടാഴ്ച മുമ്പുവരെ ഇവിടെ നടന്നത്. ചിത്രം പ്രദർശിപ്പിക്കാൻ സമ്മതിക്കില്ല, അത് രാജ്യദ്രോഹമാണ്, തിയേറ്ററിൽ കയറി കർട്ടൻ തീയിടുന്നു, സ്ക്രീൻ തീയിടുന്നു. അവസാനം ലോക ജനതയുടെ മുന്നിൽ നാണംകെടുമെന്ന് കണ്ടപ്പോൾ അതിന് പ്രദർശനാനുമതി നൽകി. മൂന്നോ നാലോ ദിവസം കൊണ്ട് 500 കോടി ക്ലബ്ബിൽ കയറുകയും ആയിരം

കോടി ക്ലബ്ബിലേയ്ക്കുടുക്കുകയും ചെയ്യുന്നു. എന്താണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്? ഒരുപക്ഷേ സിനിമ നന്നായതുകൊണ്ട് മാത്രമല്ല, നിഷ്പക്ഷമതികളും പ്രബുദ്ധരുമായ ഇന്ത്യൻ ജനത അടിച്ചമർത്തലിനെയും ഫാസിസത്തെയും എതിർക്കുകയും കലയെ കൂട്ടുപിടിക്കുകയും ചെയ്യുന്നു. വരുംകാലങ്ങളിൽ തീർച്ചയായും കലാസാഹിത്യ മേഖലകൾ ഉണരാൻ പോകുകയാണ്. കലാസാഹിത്യ വിപ്ലവംതന്നെ നമ്മുടെ നാട്ടിൽ നടക്കും. അങ്ങനെ നടന്നേ മതിയാകൂ. ഈ സന്ദർഭത്തിൽ ഒരിക്കൽക്കൂടി നമ്മുടെ നാട്ടിലെ കലാകാരന്മാരെയും കലാസ്വാദകരെയും സ്മരിച്ചുകൊണ്ടും ശ്രീ. കെ. എൻ. ബാലഗോപാൽ കൊണ്ടുവന്ന ഈ ഗംഭീരമായ ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ടും ഞാനെന്റെ വാക്കുകൾ ചുരുക്കുന്നു. നന്ദി.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ)

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, എനിക്കുമുമ്പേ സംസാരിച്ച കൊല്ലം എം.എൽ.എ. ശ്രീ. എം. മുകേഷ് ഉൾപ്പെടെയുള്ള ഭരണകക്ഷിയിലെ എം.എൽ.എ.-മാർ അവരവരുടെ നിയോജകമണ്ഡലങ്ങളിലേയ്ക്ക് കിട്ടിയ 50

കോടി രൂപയുടെയും 100 കോടി രൂപയുടെയും വികസനത്തിന്റെ കഥ പറയുമ്പോൾ, ജനശതാബ്ദി എക്സ്പ്രസ് തിരുവനന്തപുരത്തുനിന്നും പുറപ്പെട്ട് അവസാനത്തെ സ്റ്റോപ്പായ കണ്ണൂരിൽ അവസാനിക്കുന്നതുപോലെ, ശ്രീ. കെ. എൻ. ബാലഗോപാലിന്റെ ബഡ്ജറ്റ് കണ്ണൂർ വരെയുള്ള ജനശതാബ്ദി ബഡ്ജറ്റാണോയെന്ന് ഞാൻ സംശയിക്കുകയാണ്. കോവിഡ് മഹാമാരിക്കും നോട്ട് നിരോധനത്തിനും സാമ്പത്തിക മാന്ദ്യത്തിനും കേരളത്തിലെ ജനങ്ങളെ ഏറ്റവും ശക്തമായി ദ്രോഹിക്കുന്ന കേന്ദ്ര ജനദ്രോഹ ബഡ്ജറ്റിനുംശേഷം ഇടതുപക്ഷ ഗവൺമെന്റ് അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ വളരെ പ്രതീക്ഷയോടെയാണ് എല്ലാവരും നോക്കിക്കണ്ടത്. സി.അച്യുതമേനോൻ ധനകാര്യ വകുപ്പുമന്ത്രിയായതിനുശേഷം കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിമാർ അവതരിപ്പിച്ച ബഡ്ജറ്റുകളിൽ ഏറ്റവും മോശവും ജനദ്രോഹപരവുമായ ബഡ്ജറ്റ് ഏതാണെന്ന് ചോദിച്ചാൽ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന്റെ ബഡ്ജറ്റാണെന്ന് ചരിത്രം രേഖപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിന്റെ അതിർത്തിയിൽ കോവിഡ് മഹാമാരി ബാധിച്ച് 22 പേർ മരിച്ച ദയനീയകഥ

പലപ്രാവശ്യം ഞാൻ ഈ സഭയിൽ പറഞ്ഞതാണ്. ഉമ്മൻ ചാണ്ടി ഗവൺമെന്റ് ഞങ്ങൾക്ക് പ്രഖ്യാപിച്ച മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-മാർ സമരമുഖത്താണ്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഈ വിഷയത്തിന്മേൽ നിരവധി തവണ ചോദ്യങ്ങളും സബ്മിഷനും ഉന്നയിച്ചിട്ടുണ്ട്. ബഹുമാന്യരായ കെ. വി. സുമേഷും എം. മുകേഷും ഉൾപ്പെടെയുള്ള അംഗങ്ങൾ നവകേരള സൃഷ്ടിക്കായി അവതരിപ്പിച്ച ബഡ്ജറ്റാണ് ഇതെന്ന് പറയുമ്പോൾ എനിക്ക് ചോദിക്കാനുള്ളത് കാസർഗോഡ് കേരളത്തിന്റെ ഭൂപടത്തിലുള്ളതല്ലേ എന്നാണ്. ആ മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ഒരു തുകപോലും ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. കോവിഡ് കാലത്ത് സി.എസ്.ആർ. ഫണ്ടിലൂടെ ടാറ്റയിൽനിന്നും ഞങ്ങൾക്ക് ലഭിച്ച ടാറ്റ ഹോസ്പിറ്റലിനെ സംരക്ഷിക്കുമെന്ന പരാമർശം മാത്രമേ ഈ ബഡ്ജറ്റിലുള്ളൂ. അക്കാര്യത്തിനായി ഒരു ടോക്കൺ തുകപോലും നീക്കിവച്ചിട്ടില്ല. ശ്രീ. രമേശ് ചെന്നിത്തല കാസർഗോഡ് നിന്നും യാത്ര നടത്തിയതിന്റെ ഫലമായി ഉമ്മൻ ചാണ്ടി ഗവൺമെന്റ് കാസർഗോഡ് ജില്ലക്കാർക്ക് ഏർപ്പെടുത്തിയ, സ്കൂൾ കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ

തുടങ്ങി എല്ലാ വികസനങ്ങൾക്കും പ്രതീക്ഷയുള്ള, കാസർഗോഡ് ഡിസ്ട്രിക്ട് പാക്കേജിൽ 150 കോടി രൂപയെങ്കിലും നീക്കിവയ്ക്കേണ്ടതിനു പകരം വീണ്ടും 75 കോടി രൂപമാത്രം നീക്കിവച്ച് ഞങ്ങളുടെ ജില്ലയുടെ വികസന മുരടിപ്പിന് കാരണമാക്കുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഒരു കന്നഡ എം.എൽ.എ. എന്ന നിലയിൽ കന്നഡയിലെ മഹാകവി ഡി.വി.ജി. പണ്ട് എപ്പോഴോ പ്രശസ്തമായ ഒരു കവിത ആലപിച്ചിട്ടുള്ളത് ഞാനിവിടെ ഓർക്കുകയാണ്. അത് ബഹുമാന്യനായ ധനകാര്യമന്ത്രി കെ. എൻ. ബാലഗോപാലിന്റെ ബഡ്ജറ്റിനെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള ഒരു കവിതയാണോയെന്ന് ഞാൻ സംശയിക്കുകയാണ്. ആ കവിത ഇങ്ങനെയാണ്,

'.......ഹല്ലാഗു ബെട്ടദഡി മനെഗെ മല്ലിഗെയാഗു
കല്ലാഗു കഷ്ടകള വിധി മളെ സുരിയെ
ബെല്ല സക്കരെയാഗു ദീന ദുർബലരിഗെ
എല്ലറെളം ഗൊംദാഗു മംകുത്തിമ്മ
എല്ലറെളം ഗൊംദാഗു മംകുത്തിമ്മ....'.

ഏതെങ്കിലുമൊരു വികസനം വരുമ്പോൾ അത് പാവങ്ങളെ ചേർത്തുനിർത്തിക്കൊണ്ടുള്ള വികസനമാകണമെന്നും അത് ദുർബ്ബലരുടെയും കണ്ണീരുള്ളവന്റെയും കണ്ണീരൊപ്പുന്ന ബഡ്ജറ്റാകണമെന്നും അദ്ദേഹം ആ കവിതയിലൂടെ പറഞ്ഞത് ഞാനിവിടെ സാന്ദർഭികമായി പരാമർശിക്കുകയാണ്. കാസർഗോഡിനെ ഇത്രമാത്രം അവഗണിക്കുമ്പോൾ കേരളത്തിന്റെ ഭൂപടത്തിൽ ഞങ്ങളുടെ ജില്ലയുണ്ടോ എന്നുപോലും സംശയിക്കുന്ന ബഡ്ജറ്റാണിത്. കാസർഗോഡുകാർക്ക് സി.പി.ഐ.(എം)-ന്റെ കന്നഡക്കാരനായ രാമണ്ണറേ എന്നൊരു എം.പി. ഉണ്ടായിരുന്നു. കേരളത്തിന്റെ പ്രിയപ്പെട്ട ശ്രീ. പിണറായി വിജയൻ കാസർഗോഡ് നിന്ന് ഒരു യാത്ര നയിക്കുമ്പോൾ എല്ലാ കണ്ണുകളും കാതുകളും വീക്ഷിച്ചത്, എം.പി.-യായ രാമണ്ണറേ അന്നത്തെ സി.പി.ഐ.(എം)-ന്റെ യാത്രയുടെ ഉദ്ഘാടന വേദിയിലില്ലായിരുന്നു എന്നതാണ്. പിറ്റേദിവസത്തെ പത്രത്തിൽ അത് വലിയൊരു ചർച്ചയായി. കാസർഗോഡിന്റെ വികസന അവഗണനയിൽ സഹികെട്ട് കന്നഡ സംഘക്കാർ കർണ്ണാടകത്തിന്റെ മുഖ്യമന്ത്രിയെക്കണ്ട് നിവേദനം സമർപ്പിക്കുന്ന ടീമിൽ അദ്ദേഹം പങ്കെടുത്ത

ഫോട്ടോയാണ് പിറ്റേദിവസം വന്നത്. സി.പി.ഐ.(എം) അദ്ദേഹത്തെ ശാസിച്ചതും നടപടിയിലേയ്ക്ക് പോയതും നമുക്ക് ഓർമ്മയുണ്ട്. കാസർഗോഡിനെ അവഗണിച്ച ഈ ബഡ്ജറ്റിൽ ഞങ്ങളെ പ്രത്യേകം പരിഗണിക്കണമെന്ന അഭ്യർത്ഥനയാണ് ഞാനിവിടെ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നത്. (...ബഹളം...)

ശ്രീ. എം. രാജഗോപാലൻ: സർ, പോയിന്റ് ഓഫ് ഓർഡർ........

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എം. രാജഗോപാലൻ: സർ, മുൻ എം.പി. ആയിരുന്ന രാമണ്ണ റേയെക്കുറിച്ച് നടത്തിയ പരാമർശം തീർത്തും വാസ്തവവിരുദ്ധമാണ്. സി.പി.ഐ.(എം)-വുമായി ബന്ധപ്പെട്ട് അങ്ങനെയൊരു സംഭവം നടന്നിട്ടില്ല. ഇത് രേഖകളിൽനിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ: അത് പരിശോധിക്കാം.*

ശ്രീ. എ. കെ. എം. അഷ്റഫ്: അതുസംബന്ധിച്ച പത്ര കട്ടിംഗ് ഹാജരാക്കാൻ ഞാൻ തയ്യാറാണ്. നിയമസഭയിലാണ് ഇക്കാര്യം വരുന്നത്.

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 2309/ഇ.ബി./2023/ നി.സെ. തീയതി 07-02-2023) രേഖയിൽ നിലനിർത്തി.

അത് ബഹുമാന്യനായ സ്പീക്കറിന്റെ മുമ്പിൽ ഹാജരാക്കാൻ തയ്യാറാണ്. ഞാൻ വാസ്തവവിരുദ്ധമായ കഥയല്ല പറഞ്ഞത്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെയും വികസനത്തിന്റെയുംകാര്യത്തിൽ തൃക്കരിപ്പൂർ എം.എൽ.എ. കൂടെനിൽക്കാത്തതിന്റെ വേവലാതി ഞാൻ സങ്കടത്തോടെ പറയാനാഗ്രഹിക്കുകയാണ്. കാസർഗോഡിനോട് മാത്രമല്ല, മഞ്ചേശ്വരത്തെ ഭാഷാന്യൂനപക്ഷങ്ങൾക്ക് പ്രഖ്യാപിച്ച തുളു അക്കാദമിക്കും ഉർദു അക്കാദമിക്കും ഒരു രൂപപോലും നീക്കിവച്ചിട്ടില്ല. മഞ്ചേശ്വരത്തെ ജനങ്ങൾക്ക് ഉമ്മൻ ചാണ്ടി ഗവൺമെന്റ് നൽകിയ മിനി സിവിൽ സ്റ്റേഷന്റെ കാര്യം പത്ത് വർഷത്തിലധികമായി ഈ നിയമസഭയിൽ എന്നെക്കാൾ മുമ്പുവന്ന എം.എൽ.എ.-മാരടക്കം നിരന്തരമായി ആവശ്യപ്പെട്ടത് ഈ ബഡ്ജറ്റിന്റെ കാലത്തെങ്കിലും ലഭിക്കുമെന്ന് ഞങ്ങൾക്ക് വലിയ പ്രതീക്ഷയായിരുന്നു. അതിന്റെ കാര്യത്തിൽപ്പോലും ഒന്നും മിണ്ടാതെ കടന്നുപോയ ബഡ്ജറ്റാണിത്. കേരളത്തിന്റെ അതിർത്തിയായ കാസർഗോഡ് ജില്ല ദിവസേന മോഷണങ്ങളും കുറ്റകൃത്യങ്ങളും കൊലപാതകങ്ങളും നടക്കുന്ന പ്രദേശമാണ്. മഞ്ചേശ്വരത്തെ ഉപ്പളയും

പയ്യോളിയും കേന്ദ്രീകരിച്ച് മെരിറ്റടിസ്ഥാനത്തിൽ ഒരു പോലീസ് സ്റ്റേഷൻ എന്ന നിർദ്ദേശം ഇവിടെ സമർപ്പിച്ചിരുന്നു. കാസർഗോഡുകാരുടെ പ്രിയപ്പെട്ട മഹാകവി ടി. ഉബൈദ്,

'...വിട തരികമ്മേ വിട തരികമ്മേ

കന്നഡധാത്രി

വിളികേൾക്കുന്നു വിളികേൾക്കുന്നു

മാതാവിൻ വിളികേൾക്കുന്നു...' എന്ന് പാടിയിട്ടുണ്ട്.

ഈ ബഡ്ജറ്റിൽ കാസർഗോഡിനെ ശക്തമായി അവഗണിച്ച, മഞ്ചേശ്വരത്തെ മിനി സിവിൽ സ്റ്റേഷന് ഒരു രൂപപോലും നീക്കിവയ്ക്കാത്ത, ജനപക്ഷവിരുദ്ധമായ ഈ ബഡ്ജറ്റിനെ ശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. കെ. ടി. ജലീൽ: സർ, 2023-24 വർഷത്തേയ്ക്കുള്ള കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ച് പറയാതെ കേരള ബഡ്ജറ്റിനെ സംബന്ധിച്ച് സംസാരിക്കാൻ കഴിയില്ല. കേന്ദ്രസർക്കാരും ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമനും കേരളത്തെ ശത്രുരാജ്യംപോലെ കണ്ടാണ് ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പാർലമെന്റിൽ അവതരിപ്പിച്ചത്.

ജനസംഖ്യാനുപാതികമായി നോക്കിയാൽ, രാജ്യത്ത് ഏറ്റവും കുറഞ്ഞ ബഡ്ജറ്റ് വിഹിതം ലഭിച്ചിരിക്കുന്നത് കേരളത്തിനാണ്. 'ഒരു രാജ്യം ഒരു നികതി' എന്ന ഓമനപ്പേരിട്ട് നടപ്പിലാക്കിയ ജി.എസ്.ടി. എല്ലാ സംസ്ഥാനങ്ങളിലും ദുരന്തമാണ് വിതറിയിരിക്കുന്നത്. അമിത നികുതി ചുമത്തിയതിനെത്തുടർന്ന് രൂക്ഷമായ വിലക്കയറ്റമാണ് രാജ്യത്തെങ്ങുമുണ്ടായത്. ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുൻപ് പൊതുമാർക്കറ്റിൽ ഒരു കിലോ അരിക്ക് 34 രൂപയായിരുന്നു. ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഒരു കിലോ അരിക്ക് 63 രൂപ കൊടുക്കേണ്ടതായി വന്നു. ധനകാര്യ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് കേരളത്തിന് അർഹമായി കിട്ടേണ്ട ബഡ്ജറ്റ് വിഹിതം 3.87 ശതമാനമാണ്. എന്നാൽ നമുക്ക് ലഭിച്ചത് 1.925 ശതമാനം മാത്രമാണ്. ഒരൊറ്റ വർഷംകൊണ്ട് 24,000 കോടി രൂപയുടെ കമ്മിയാണ് ഉണ്ടായിരിക്കുന്നത്. ഇതിന്റെ കാരണം സുവ്യക്തമാണ്. ബി.ജെ.പി.-യെ കേരളത്തിന്റെ അധികാരഭ്രമികയുടെ നാലയലത്തുപോലും അടുപ്പിക്കാൻ മലയാളിയുടെ മതേതര മനസ്സ് തയ്യാറായില്ല. ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും

അർഹതപ്പെട്ടത് നിഷേധിച്ച് കേരളത്തോട് പകവീട്ടുന്നത്. അതുകൊണ്ടാണ് ആർ.എസ്.എസ്.-ന്റെ രാഷ്ട്രീയത്തോട് വിയോജിച്ചു എന്നതാണ് കേരളം ചെയ്ത തെറ്റെങ്കിൽ ആ തെറ്റ് ഒരായിരം തവണ ഇനിയുമാവർത്തിക്കാൻ മലയാളികൾക്ക് യാതൊരു മടിയുമില്ല. പട്ടിണി കിടന്ന് മരിച്ചാലും ബി.ജെ.പി.-യെ ജയിപ്പിച്ച് നല്ലപിള്ള ചമയാൻ ശ്രീനാരായണഗുരുവിന്റെയും അയ്യങ്കാളിയുടെയും മന്നത്ത് പത്മനാഭന്റെയും വക്കം അബ്ദുൾ ഖാദർ മൗലവിയുടെയും ചാവറയച്ചന്റെയും മണ്ണിനാകില്ല. വർഗ്ഗീയ ഫാസിസ്റ്റുകൾക്ക് സല്യൂട്ടടിച്ചാലേ കേരളത്തോട് കനിവ് കാണിക്കുകയുള്ളൂവെന്നാണെങ്കിൽ അതിന് ഞങ്ങൾക്ക് മനസ്സില്ലെന്നാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പ്രഖ്യാപിക്കുന്നത്. കേന്ദ്രസർക്കാരിന്റെ കൊടിയ വിവേചനത്തിനെതിരായുള്ള ബദൽ, എന്ത് ത്യാഗം സഹിച്ചും കേരളം പടുത്തുയർത്തുമെന്നതാണ്. മുഴുവൻ മതേതര വിശ്വാസികളെയും ആ ഐക്യനിരയിൽ പങ്കാളികളാക്കും. 2022-ലെ നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 554034 ജയിൽ തടവുകാരാണ് രാജ്യത്തുള്ളത്. അതിന്റെ 77.21 ശതമാനവും വിചാരണ

കാത്ത് കഴിയുന്ന സാധാരണക്കാരായ പാവപ്പെട്ട മനുഷ്യരാണ്. അനന്തമായി വിചാരണ നീട്ടിക്കൊണ്ടുപോയി അവരെ കൊല്ലാക്കൊല ചെയ്യുകയാണ് കേന്ദ്രഭരണകൂടം. വിചാരണ തടവുകാരിൽ 60 ശതമാനത്തിലധികം മുസ്ലിം ന്യൂനപക്ഷ വിഭാഗത്തിൽനിന്നുള്ളവരും 22.8 ശതമാനം പട്ടികജാതിക്കാരും 10.7 ശതമാനം പട്ടികവർഗ്ഗക്കാരുമാണ്. ഞാൻ ഈയടുത്തിടെ ബെല്ലാരി ജയിൽ സന്ദർശിച്ച സമയത്ത് അവിടെക്കണ്ട വിചാരണ തടവുകാരോട് സംസാരിച്ചപ്പോൾ ഇക്കാര്യം എനിക്ക് ബോധ്യമായതാണ്. മാവോയിസ്റ്റുകൾ എന്ന് മുദ്രകുത്തിയാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരെ നമ്മുടെ രാജ്യത്തെ വിവിധ ജയിലുകളിൽ വിചാരണ തടവുകാരായി പാർപ്പിച്ചിരിക്കുന്നത്. അതുപോലെതന്നെ തീവ്രവാദ മുദ്രകുത്തി മുസ്ലിം വിഭാഗത്തിൽപ്പെടുന്നവരെയും രാജ്യത്തെ പല ജയിലുകളിലും അടച്ചിരിക്കുന്നു. വീട്ടുതടങ്കലിന് സമാനമായ ജാമ്യവ്യവസ്ഥയിൽ കഴിയുന്ന അബ്ദുൾ നാസർ മഅദനി ഇക്കൂട്ടത്തിലെ ഒരു ഹതഭാഗ്യനാണ്. ഇത്തരമൊരു സങ്കീർണമായ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ സാഹചര്യത്തിലാണ് ബഹുമാന്യനായ കേരളത്തിന്റെ ധനകാര്യ

വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ രണ്ടാം പിണറായി സർക്കാരിനുവേണ്ടി 2023-24 വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിച്ചത്. രണ്ടാഴ്ചകൾക്ക് മുമ്പ് പത്ത് ദിവസം ഞാൻ ഗുജറാത്തിലായിരുന്നു. കേരളത്തിന്റെ അഞ്ചിരട്ടി ഭൂവിസ്തൃതിയാണ് ഗുജറാത്തിനുള്ളത്. എന്നാൽ ജനസംഖ്യയുടെ കാര്യത്തിൽ കഷ്ടിച്ച് ഒരു ഇരട്ടി മാത്രമേ കൂടുതലുള്ളൂ. മൂന്നരക്കോടിയാണ് കേരളത്തിലെ ജനസംഖ്യയെങ്കിൽ ഗുജറാത്തിൽ ആറ് കോടിയാണ് ജനസംഖ്യ. പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണം, ആളോഹരി വരുമാനം, ദിവസവേതനം, സാക്ഷരത, സ്ത്രീവിദ്യാഭ്യാസം, ജനങ്ങളുടെ സമൃദ്ധി, ജീവിതനിലവാരം, മതസൗഹാർദ്ദം, ജനങ്ങൾക്കിടയിലെ വിവേചനരാഹിത്യം തുടങ്ങി സർവ്വമേഖലകളിലും കേരളത്തിന്റെ അടുത്തെത്താൻ ഗുജറാത്തിന് ഒരു നൂറ് കൊല്ലമെങ്കിലും യാത്ര ചെയ്യേണ്ടതായി വരും. അധിക വിഭവസമാഹരണത്തെക്കുറിച്ച് പ്രതിപക്ഷം ചില വിമർശനങ്ങൾ സഭയിൽ ഉന്നയിക്കുന്നത് കേട്ടു. വലതുപക്ഷ മാധ്യമ പിന്തുണയിൽ അവർ ഒരു സമരപ്രഹസനവും നടത്തുന്നുണ്ട്. കേരളത്തിലെ

ബഹുഭൂരിഭാഗം വിദ്യാർത്ഥികളും പൊതുവിദ്യാലയങ്ങളിലാണ് പഠിക്കുന്നത്. ഒന്നാം പിണറായി സർക്കാർ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ പത്ത് ലക്ഷം കുട്ടികളാണ് അധികമായി നമ്മുടെ പൊതുവിദ്യാലയങ്ങളിൽ എത്തിയത്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഒരു കുട്ടിക്ക് ഒരു വർഷത്തെ ചെലവ് 50,000 രൂപയാണ്. അധ്യാപകരുടെ ശമ്പളം, സൗജന്യ യൂണിഫോം തുക, സൗജന്യ ഉച്ചഭക്ഷണ തുക, സൗജന്യ പാഠപുസ്തക ചെലവ്, പുതിയ സ്കൂൾ കെട്ടിടങ്ങൾക്കായി ഒഴുക്കുന്ന കോടികൾ ഇതെല്ലാം ചേർത്തുള്ള സംഖ്യയെ മൊത്തം വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണംകൊണ്ട് ഹരിച്ചാൽ കിട്ടുന്ന സംഖ്യയാണ് 50,000 രൂപ. എല്ലാ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലും മലയാളം മീഡിയവും ഇംഗ്ലീഷ് മീഡിയവും പ്രവർത്തിക്കുന്നു. ഇന്ത്യയിൽ കേരളത്തിൽ മാത്രം കാണാൻ കഴിയുന്ന ഒരു സവിശേഷതയാണിത്. പുതുതായി പൊതുവിദ്യാലയങ്ങളിൽ എത്തുന്ന കുട്ടികൾക്ക് മുൻവർഷങ്ങളെ അപേക്ഷിച്ച് വന്നിരിക്കുന്ന അധിക ചെലവ് (10,00,000 x 50,000) 5,000 കോടി രൂപയാണ്. ഈ 5,000 കോടി രൂപ യു.ഡി.എഫ്. സർക്കാർ

ഭരിക്കുമ്പോൾ ഇല്ലാതിരുന്ന ചെലവാണ്. രണ്ടുമൂന്ന് വർഷം മുമ്പുവരെ ലക്ഷക്കണക്കിന് കുട്ടികൾ താങ്ങാനാകാത്ത ഫീസ് കൊടുത്ത് സ്വകാര്യ സ്കൂളുകളിലാണ് പഠിച്ചിരുന്നത്. പുതുതായി പൊതുവിദ്യാലയങ്ങളിലെത്തിയ പത്ത് ലക്ഷം കുട്ടികളുടെ പഠന ചെലവിന് പണം കണ്ടെത്താനാണ് പെട്രോളിനും ഡീസലിനും രണ്ട് രൂപ സെസ്സ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. അല്ലാതെ ധനകാര്യ വകുപ്പുമന്ത്രിയുടെ വീട്ടിൽ കൊണ്ടുപോകാൻ വേണ്ടിയല്ല. ഗുജറാത്തിലെപ്പോലെ ഭൂരിഭാഗം കുട്ടികളും വലിയ ഫീസ് കൊടുത്ത് പ്രൈവറ്റ് സ്കൂളുകളിലാണ് പഠിച്ചിരുന്നതെങ്കിൽ രണ്ട് രൂപ അധിക സെസ്സ് ഇവിടെ ഏർപ്പെടുത്തേണ്ടി വരുമായിരുന്നില്ല. ദേശീയപാതയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുത്തപ്പോൾ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും ഭൂമി ഏറ്റെടുത്ത തുകയ്ക്ക് സമാനമായിട്ടുള്ള തുക കേന്ദ്രം നൽകി, പക്ഷേ കേരളത്തിനുമാത്രം അവരത് നൽകിയില്ല. ഭൂവിലയുടെ 25 ശതമാനം തുക സംസ്ഥാന സർക്കാർ നൽകണമെന്ന് കേന്ദ്രം ശഠിച്ചപ്പോൾ സംസ്ഥാന സർക്കാർ അത് നൽകി. ആ ഇനത്തിൽ സംസ്ഥാന സർക്കാരിന് ചെലവായത് 5,570 കോടി രൂപയാണ്. ആ പണം കണ്ടെത്താനാണ് നാമമാത്ര മേഖലകളിൽ

അധികനികുതി ചുമത്താൻ സർക്കാർ തീരുമാനിച്ചത്. അതെങ്ങനെ അന്യായമാകും; നമ്മുടെ സംസ്ഥാനത്തുള്ള ഭൂവുടമകൾക്ക് വിലയുടെ 75 ശതമാനം മാത്രമേ തങ്ങൾ നൽകുകയുള്ളൂവെന്ന് കേന്ദ്രം പറഞ്ഞപ്പോൾ ബാക്കി 25 ശതമാനം സംസ്ഥാന സർക്കാർ നൽകാമെന്ന് പറഞ്ഞത് തെറ്റായിപ്പോയോ; അതിനുവേണ്ടിയിട്ടുള്ള വിഭവസമാഹരണമാണ് സർക്കാർ നടത്തുന്നത്. 1600 രൂപ ക്ഷേമ പെൻഷൻ ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനം നൽകുന്നുണ്ടോ; കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾ നൽകുന്നുണ്ടോ; 62 ലക്ഷം ആളുകൾക്കാണ് 1600 രൂപ വീതം ഒരോ മാസവും മുടങ്ങാതെ അവരുടെ കൈവെള്ളയിൽ എത്തിച്ചുനൽകുന്നത്. കേരളത്തിൽ അഞ്ചുപേരിൽ ഒരാൾക്ക് ക്ഷേമ പെൻഷൻ ലഭിക്കുന്നുണ്ട്. വൃദ്ധജനങ്ങൾക്കും വിധവകൾക്കും ഭിന്നശേഷിക്കാർക്കും മുടങ്ങാതെ, തുടർന്നും 1600 രൂപ വീതം പെൻഷൻ നൽകാൻ ഭൂമിയുടെ ന്യായവില 20 ശതമാനം കൂട്ടിയതിനെയാണോ പ്രതിപക്ഷം എതിർക്കുന്നത്? 62 ലക്ഷം പാവപ്പെട്ടവരെ നെഞ്ചോട് ചേർത്തുവയ്ക്കാൻ പ്രതിവർഷം ചെലവാകുന്ന തുക എത്രയാണെന്ന് പ്രതിപക്ഷത്തിന് അറിയാമോ; 1190 കോടി രൂപയാണ്

അതിനുവേണ്ടിവരുന്നത്. യു.ഡി.എഫ്. ഭരിച്ചിരുന്നകാലത്ത് കേവലം 600 രൂപ മാത്രമായിരുന്നു ക്ഷേമപെൻഷൻ. അതും രണ്ടര കൊല്ലത്തെ കുടിശ്ശികയാക്കിയാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ സർക്കാർ ഭരണത്തിൽനിന്നും ഇറങ്ങിപോയത്. അന്നത്തേതിനെക്കാൾ ഏതാണ്ട് മൂന്നിരട്ടി തുകയാണ് പിണറായി സർക്കാർ ക്ഷേമപെൻഷനായി നൽകുന്നത്. ഇപ്പോൾ ചുമത്തിയ അധിക നികുതിയെ എതിർക്കുന്നവർക്ക് ആ ഓർമ്മയുണ്ടാകണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി. സി. വിഷ്ണുനാഥ്: യു.ഡി.എഫ്.-ന്റെ കാലത്ത് സാമൂഹ്യക്ഷേമപെൻഷനിൽ രണ്ടര കൊല്ലത്തെ കുടിശ്ശികയുണ്ടായിരുന്നുവെന്ന് പറഞ്ഞത് അവാസ്തവമായ കാര്യമാണ് അത് രേഖയിൽനിന്നും നീക്കം ചെയ്യണം. (.....ബഹളം......)

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാന്യനായ അംഗം പറഞ്ഞതനുസരിച്ച് രണ്ടര കൊല്ലമല്ല ഒന്നര കൊല്ലത്തെ കുടിശ്ശികയാണ്

(പതിനെട്ട് മാസത്തെ) ഉണ്ടായിരുന്നത്. അത് സത്യമാണ്. ദേശീയ തലത്തിൽ നഗര മേഖലയിൽ........ (.....ബഹളം......)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അദ്ദേഹം പറയുന്ന കാര്യങ്ങളുടെ വ്യക്തത കണ്ടില്ലേ; രണ്ടര കൊല്ലമാണെന്ന് പറഞ്ഞു. ഞാൻ മിണ്ടാതിരുന്നുവെങ്കിൽ അത് രണ്ടര കൊല്ലമായിതന്നെ പോകുമായിരുന്നു. പിന്നീട് അര സെക്കന്റ് കൊണ്ട് അത് ഒന്നരക്കൊല്ലമായി. നാളെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ ഒന്നരക്കൊല്ലത്തെ കുടിശ്ശിക സംബന്ധിച്ച കണക്കുകൾ പറയണം.

തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പതിനെട്ട് മാസമാണെന്ന് തിരുത്തിയതിന് ബഹുമാന്യനായ പി. സി. വിഷ്ണുനാഥിന് നന്ദി രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. പതിനെട്ട് മാസത്തെ കുടിശ്ശിക ബാക്കിവച്ചാണ് യു.ഡി.എഫ്. സർക്കാർ അധികാരമൊഴിഞ്ഞത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ......

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> പി. സി. വിഷ്ണുനാഥ് ഒന്നര കൊല്ലമായി തിരുത്തിയെന്നാണ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞത്. എങ്ങനെയാണ് എല്ലാവരും കേട്ടകാര്യം ഇത്ര വാസ്തവ വിരുദ്ധമായി പറയാൻ സാധിക്കുന്നത്; ഞാൻ തിരുത്തിയോ; ഞാൻ തിരുത്തിയില്ലല്ലോ; ഒന്നരക്കൊല്ലത്തെ കുടിശ്ശിക തെളിയിക്കാനുള്ള രേഖ ഹാജരാക്കണമെന്നാണ് ഞാൻ പറഞ്ഞത്.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, രണ്ടര കൊല്ലമെന്ന് ഞാൻ പറഞ്ഞത് പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ പ്രസംഗം ശ്രദ്ധിക്കുന്നുണ്ടോയെന്ന് അറിയാൻ വേണ്ടിയാണ്. ഏതായാലും നന്നായി, ഒന്നര കൊല്ലമെന്ന് തിരുത്തിയല്ലോ; ഒന്നര കൊല്ലത്തെ ക്ഷേമ പെൻഷൻ കൊടുക്കാതെയാണ് ഉമ്മൻ ചാണ്ടി സർക്കാർ ഇറങ്ങിപോയതെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ സമ്മതിച്ചതിന് നന്ദി.

ദേശീയ തലത്തിൽ നഗരമേഖലയിൽ തൊഴിലുറപ്പ് പദ്ധതിയുള്ളത് കേരളത്തിൽ മാത്രമാണ്. 2006-ലെ വി. എസ്. അച്ചുതാനന്ദൻ സർക്കാരാണ് അതിന് തുടക്കമിട്ടത്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയെന്നാണ് ഇത്

അറിയപ്പെടുന്നത്. സമീപകാലത്ത് കേരള മാതൃക പിന്തുടർന്നാണ് രാജസ്ഥാനിൽ നഗര തൊഴിലുറപ്പ് പദ്ധതിക്ക് തുടക്കമിട്ടത്. നഗര മേഖലയിലെ പതിനായിരക്കണക്കിന് പാവപ്പെട്ടവർക്ക് തൊഴിൽ നൽകിക്കൊണ്ട് അവരുടെ പട്ടിണി മാറ്റാൻ നൽകുന്ന കോടിക്കണക്കിന് രൂപയിലേയ്ക്ക് ധനസമാഹരണം നടത്താൻ ഫ്ലാറ്റുകളുടെ മുദ്രവിലയിൽ രണ്ട് ശതമാനം വർദ്ധന വരുത്തിയതാണോ മഹാപരാധമായി പ്രതിപക്ഷം ചൂണ്ടിക്കാണിക്കുന്നത്. 2020-21-ൽ സർക്കാർ ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകാൻ ചെലവായത് 46,754 കോടി രൂപയാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ അത് 71,393 കോടി രൂപയായി വർദ്ധിച്ചു. ഒരു കൊല്ലം കൊണ്ടുണ്ടായ അധിക ബാധ്യത 24,000 കോടി രൂപയാണ്. ഗവൺമെന്റ് ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്ന തുകയിലേയ്ക്ക് ധനം കണ്ടെത്താൻ മദ്യകുപ്പിക്ക് 20 രൂപ കൂട്ടിയതാണോ ഹിമാലയൻ തെറ്റായി പ്രതിപക്ഷം ചൂണ്ടിക്കാണിക്കുന്നത്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ കേരളത്തിന്റെ കയ്യും കാലും വരിഞ്ഞുമുറുക്കി നിലയില്ലാ കയത്തിലേയ്ക്ക് വലിച്ചെറിഞ്ഞിട്ട് നീന്തി രക്ഷപ്പെടാൻ പറഞ്ഞ് കരയ്ക്കിരുന്ന്

ആർത്ത് ചിരിക്കുകയാണ്. ആ കെട്ടുകളഴിച്ച് വികസനത്തിന്റെയും പ്രതീക്ഷകളുടെയും തീരമണയാൻ പെടാപ്പാടുപെടുകയാണ് മലയാളികളുടെ മാതൃഭൂമി. കേരളം മുങ്ങി ചാകുന്നതുകാണാൻ കാത്തിരിക്കുന്ന കേന്ദ്ര സർക്കാരിനോട് ചേർന്ന് കയ്യടിക്കരുതെന്ന് മാത്രമാണ് പ്രതിപക്ഷത്തോട് എനിക്ക് ഉണർത്താനുള്ളത്. ഈ അപേക്ഷയോടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. സമാനതകളില്ലാത്ത ദുരിതങ്ങളെ നേരിട്ടുകണ്ട സർക്കാരാണ് ഇവിടെ ഭരിക്കുന്നത്. അതിന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നമ്മുടെ മുഖ്യമന്ത്രിക്ക് വളരെ വ്യക്തമായി അറിയാമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. സത്യത്തിൽ ഇത് നല്ലൊരു ബഡ്ജറ്റാണെന്ന് യു.ഡി.എഫ്.-ലെ എന്റെ സഹോദരന്മാർക്കറിയാം. പക്ഷേ അവരിത് സമ്മതിക്കില്ല. കാരണം ഇത്രയും വിവേകത്തോടും ബുദ്ധിയോടുംകൂടി ശ്രീ. കെ. എൻ. ബാലഗോപാൽ എങ്ങനെ ഇത് അവതരിപ്പിച്ചുവെന്നുള്ളതാണ് അവരുടെ വിഷയം. അവരുടെ നിയോജകമണ്ഡലങ്ങളിലെല്ലാം കാശ്

വേണം. എറണാകുളം ബസ് സ്റ്റാൻഡ് ശരിയാക്കാൻ തുക അനുവദിക്കണമെന്ന് ശ്രീ. ടി. ജെ. വിനോദ് പറഞ്ഞു. എത്ര പ്രാവശ്യം നിങ്ങളുടെ പാർട്ടി ഭരിച്ചു; അന്ന് ഇതൊന്നും ശരിയാക്കാൻ സാധിച്ചില്ലല്ലോ; നിങ്ങൾക്ക് പൈസവേണം പക്ഷേ ഒരുരീതിയിലുമുള്ള വരുമാനം ഗവൺമെന്റിന് വരരുത്. സെസ്സ് വർദ്ധിപ്പിച്ചുവെന്നതാണ് നിങ്ങളുടെ പ്രയാസം. രണ്ടുരൂപ വർദ്ധിപ്പിച്ചത് വലിയൊരു വിഷയമായി നിങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്. നിങ്ങൾക്കെല്ലാവർക്കും പൈസ ആവശ്യവുമാണ് എന്നാൽ സർക്കാരിന്റെ വരുമാനമാർഗ്ഗം അടയ്ക്കുകയും വേണം. നിങ്ങൾ ഒരുകാര്യം ചിന്തിക്കണം, 2017-ലെ നോട്ട് നിരോധനം നമ്മുടെയെല്ലാം നടുവൊടിച്ചു. അനുഭവിക്കുന്നവർക്കാണ് അതിന്റെ ബുദ്ധിമുട്ട് മനസ്സിലാകുന്നത്. സംസ്ഥാനങ്ങളുടെ നടുവൊടിച്ച പിന്തിരിപ്പൻ തീരുമാനമായിരുന്നു അതെന്ന് കാലം തെളിയിച്ചു. എന്നിട്ടും നിങ്ങൾ അതിനെ എതിർക്കുകയോ അതിനെതിരായി സമരം നടത്തുകയോ ചെയ്തിട്ടില്ല. ഇവിടെയുള്ള ചെറുപ്പക്കാർ മുഴുവൻ ജോലി തേടി മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുന്നൊരു അവസ്ഥയുണ്ടായി. നമ്മുടെ മക്കൾക്കും പുറം

രാജ്യങ്ങളിൽ പോയി പഠിക്കേണ്ടൊരു അവസ്ഥവന്നു. നോട്ടുനിരോധനം സാമ്പത്തികമായി ഇന്ത്യാ രാജ്യത്തെ ഒരുപാട് വർഷം പുറകോട്ടുവലിച്ചു. നോട്ടുനിരോധനത്തിലൂടെ ഗുജറാത്തിലെ സൂററ്റ് എന്ന ഗ്രാമത്തിൽമാത്രം മൂന്നുലക്ഷം തൊഴിൽ മേഖലയാണ് ഇല്ലാതായത്. അത്തരത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് ഈ രാജ്യത്തുണ്ടാക്കിയിട്ടുള്ളതെന്ന് നാം തിരിച്ചറിയണം. നോട്ടുനിരോധനം കഴിഞ്ഞയുടൻ ഉണ്ടായ 2018-ലെയും 2019-ലെയും വെള്ളപ്പൊക്കം നമുക്ക് കിട്ടിയ അടുത്ത അടിയായിരുന്നു. ആദ്യം കുട്ടനാട്ടിലാണ് ഏറ്റവും കൂടുതൽ വെള്ളപ്പൊക്കമുണ്ടായത്. എല്ലാ കണ്ണുകളും ഞങ്ങളുടെ ദേശത്തേയ്ക്കാണ് വന്നത്. എല്ലാവരും സഹായ ഹസ്തവുമായി വന്നത് കുട്ടനാട്ടിലേയ്ക്കാണ്. പിന്നീടത് കേരളത്തെയാകെ ഒരുപോലെ ബാധിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലപ്പുഴയിൽ വരികയും കുട്ടനാട് സന്ദർശിക്കുകയും ഈ വിഷയങ്ങളിലെല്ലാം നേരിട്ട് ഇടപെടുകയും എല്ലാകാര്യങ്ങളും വളരെ ഭംഗിയായി ചെയ്യുകയും ചെയ്തു. ആദ്യത്തെ വെള്ളപ്പൊക്കമുണ്ടായി ഒരു മാസത്തിനുശേഷം രണ്ടാമത്തെ വെള്ളപ്പൊക്കം വന്നു. ആദ്യത്തെ വെള്ളപ്പൊക്കത്തിനെക്കാളും രണ്ടടികൂടി ഉയരത്തിലാണ്

അടുത്ത വെള്ളപ്പൊക്കം വന്നത്. എന്തുമാത്രം പ്രയാസങ്ങൾ സഹിച്ചുവെന്നത് നേരിട്ട് അനുഭവമുള്ള ആളാണ് ഞാൻ. ഇങ്ങനെയുള്ള കാര്യങ്ങളെ അതിജീവിക്കണമെങ്കിൽ നമുക്ക് അതിനുള്ള ആർജ്ജവവും സാമ്പത്തിക ഭദ്രതയും വേണം. നിങ്ങൾ പറയുന്നത് ഒരുരീതിയിലും സാമ്പത്തിക ഭദ്രത വേണ്ടെന്നാണ്. കർത്താവായ യേശുക്രിസ്തു അഞ്ച് അപ്പവും രണ്ട് മീനും സ്വർഗ്ഗത്തിലേയ്ക്ക് ഉയർത്തി അയ്യായിരം പേർക്ക് നൽകിയതുപോലെ ശ്രീ. പിണറായി വിജയന്റെ കയ്യിൽ മാജിക്കൊന്നുമില്ല. അദ്ദേഹത്തിന് വരുമാനമുണ്ടെങ്കിൽ മാത്രമേ വീതിച്ച് നൽകാൻ സാധിക്കുകയുള്ളൂ. അതിനുള്ള മാർഗ്ഗങ്ങളാണ് ഞങ്ങളുടെ ഗവൺമെന്റ് കണ്ടുപിടിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നിങ്ങൾ എല്ലാവരും വിചാരിച്ചതിനെക്കാളും ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന ആളാണ്. ഒരുപാട് സംസാരവും സാഹിത്യവുമില്ലെങ്കിലും പ്രവർത്തിക്കാൻ അറിയാവുന്ന ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ് അദ്ദേഹം. അതുകൊണ്ട് നിങ്ങൾ ഭാരപ്പെടേണ്ട. നിങ്ങൾ സമരമൊക്കെ ചെയ്തോളൂ. അത് നിങ്ങളുടെ രാഷ്ട്രീയ ലക്ഷ്യത്തിന്റെ ഭാഗമായാണെന്നേയുള്ളൂ. അല്ലാതെ ഹൃദയപൂർവ്വമല്ല. ഞാൻ

അവരെ കണ്ട് സംസാരിച്ചതിനുശേഷമാണ് ഇങ്ങോട്ടുവന്നത്. അവരുടെ നേതാക്കൾ പറയുന്നത് അവർക്ക് ചെയ്യാതിരിക്കാൻ സാധിക്കില്ലെന്നാണ്. അവർ ചെയ്യും അത് നടക്കട്ടെ, അതിൽ ഞങ്ങൾക്ക് വിരോധമൊന്നുമില്ല. 2019-ലെ കോവിഡ് മഹാമാരി വന്നപ്പോൾ നമ്മുടെ എല്ലാവരുടേയും നട്ടെല്ലൊടിഞ്ഞില്ലേ? 'ഒരു ഫ്ലൈറ്റും ഉയരുകയില്ല, ഒരു മനുഷ്യനും യാത്രചെയ്യുകയില്ല, ഇവിടെയെല്ലാം പ്രശ്നമാകും, ബാങ്കുകൾ വർക്ക് ചെയ്യുകയില്ല' എന്ന രീതിയിലുള്ളൊരു അവസ്ഥ ഒരു പ്രവാചകൻ പ്രവചിച്ചു. എല്ലാവരും അതിനെ പുച്ഛിച്ചുതള്ളി. പക്ഷേ, ഇത് സംഭവിച്ച് കഴിഞ്ഞപ്പോൾ ലോകത്തെങ്ങും ഒരു ഫ്ലൈറ്റുപോലും ഉയർന്നില്ല. എന്തെല്ലാം പ്രതികൂല സാഹചര്യങ്ങളിലൂടെയാണ് നാം കടന്നുപോയത്. ഇത് വലിയൊരു സംഭവം തന്നെയായിരുന്നു. ഒരു മനുഷ്യനും വീടിന് പുറത്തിറങ്ങിയില്ല. അങ്ങനെയുള്ളൊരു സാഹചര്യത്തിൽ എല്ലാ ദിവസവും ടെലിവിഷനിലൂടെ ആരാധ്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കോവിഡ്-19-നെക്കുറിച്ചുള്ള വിവരണം നൽകിയിരുന്നു. ഇതിന്റെ ആവശ്യമുണ്ടോയെന്ന് ചോദിച്ച് ആദ്യമെല്ലാം ഇതിനെ കളിയാക്കി. അവസാനം ഇത് കേൾക്കാതെ

പോകുന്ന ഒരു വ്യക്തിയുമില്ലാതായി. കോടിക്കണക്കിന് ജനങ്ങൾ ദിവസവും കണ്ടുകൊണ്ടിരിക്കുന്നത് ഈ വാർത്താ സമ്മേളനമാണെന്നാണ് അന്നത്തെ ഒരു ടെലിവിഷൻ റിപ്പോർട്ടർ പറഞ്ഞത്. രാജ്യത്തിനും കേരളത്തിനും എന്താണ് സംഭവിക്കുന്നതെന്നും ഏതൊക്കെ രീതിയിലുള്ള കാര്യങ്ങളാണ് മുന്നോട്ട് ചെയ്യേണ്ടതെന്നും കേൾക്കാൻ ജനങ്ങൾക്കാഗ്രഹമുണ്ട്. കാരണം, ഇത് പറയുന്നത് വേറെയാരുമല്ലെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. നമ്മുടെ മാത്രമല്ല, ലോകത്തിന്റെ സാമ്പത്തികസ്ഥിതി തന്നെ പ്രതികൂലമായൊരു സന്ദർഭമായിരുന്നു അത്. പ്രിയപ്പെട്ട യു.ഡി.എഫ്. സഹോദരങ്ങളോട് നിങ്ങൾ ഇതിനെ ഒരിക്കലും എതിർത്ത് സംസാരിക്കരുതെന്ന് ഞങ്ങൾ പറയുകയില്ല. നിങ്ങൾ എതിർത്തോളൂ, വിരോധമൊന്നുമില്ല. ഇതിനുമുമ്പ് പെട്രോളിന് ദിവസേന 25, 30, 40 പൈസ വീതം വർദ്ധിപ്പിച്ചപ്പോൾ നിങ്ങളുടെ വികാരം എവിടെയായിരുന്നു. ഒരു മാസംകൊണ്ട് എട്ട് മുതൽ പത്ത് വരെ രൂപ കൂടിയപ്പോൾ നിങ്ങളെയാരെയും ഒരു പ്രതിരോധത്തിനും കണ്ടില്ലല്ലോ! അന്ന് നിങ്ങളുടെ സമരവീര്യവും നിരാഹാരവും എവിടെയായിരുന്നു; നിങ്ങൾ എന്തുകൊണ്ട് അന്ന്

ഇക്കാര്യങ്ങളൊന്നും ചെയ്തില്ല; ഇപ്പോൾ എന്തുകൊണ്ട് ചെയ്യുന്നു? നമ്മൾ വലിയൊരു പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ശ്രീ. എ. കെ. എം. അഷ്റഫിന്റെ പ്രദേശമായ കാസർഗോഡിനെ മറന്നുപോയെന്നും 2023-24-ലെ ബഡ്ജറ്റിൽ ഒരു തുകയും അനുവദിച്ചിട്ടില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. നിങ്ങൾക്കെല്ലാം ഫണ്ട് വേണമെന്നുള്ള ആഗ്രഹമുണ്ട്; പക്ഷേ, ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ കയ്യിലേയ്ക്ക് ഫണ്ട് വരുന്ന സകല മാർഗ്ഗങ്ങളും അടയ്ക്കണമെന്നുള്ള ഒരു ചിന്താഗതിയാണ് നിങ്ങൾക്കുള്ളത്. ഞങ്ങളുടെ നാട്ടിലെല്ലാം ഒരു പഴമൊഴിയുണ്ട് "മകൻ മരിച്ചാലും കുഴപ്പമില്ല, മരുമകളുടെ കണ്ണുനീർ കണ്ടാൽ മതി." എന്ന്. അതുപോലുള്ളൊരു സംവിധാനമാണ്. കേരളത്തിനെന്ത് സംഭവിച്ചാലും വിഷയമില്ല; എങ്ങനെയെങ്കിലും ശ്രീ. പിണറായി വിജയനെയും കൂട്ടരെയും തകർക്കണമെന്നൊരു ചിന്താഗതിയാണ് നിങ്ങൾക്കുള്ളത്. അതെല്ലാം മനസ്സിൽ വച്ചാൽ മതി, അതൊന്നും ഇവിടെ ചെലവാകില്ല. ഇതിനെയെല്ലാം നേരിടാൻ കഴിവുള്ള ഒരു ശക്തനായ മുഖ്യമന്ത്രി തന്നെയാണ് കേരളത്തിനുള്ളത്. നിങ്ങൾ കേന്ദ്ര സർക്കാരിന്റെ പ്രതികാര രാഷ്ട്രീയം

കാണാതെ പോകരുത്. അവർ എന്താണ് ചെയ്യുന്നതെന്ന് നിങ്ങൾ കാണണം. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു,' 2400 കോടി രൂപ ഇന്നലെ പ്രഖ്യാപിച്ചു, എല്ലാം എഴുതിക്കഴിഞ്ഞതിനുശേഷമാണ് വന്നത്. കാരണം, അതൊരു വലിയ ബുദ്ധിമുട്ടാണ്. കേന്ദ്രസർക്കാർ ഏതൊക്കെ രീതിയിൽ നമ്മെ ഞെരുക്കാമോ ആ രീതിയിലെല്ലാം ഞെരുക്കുമ്പോൾ ഒരു വാക്ക് പോലും പറയാതെ 18 എം.പി.-മാർ അവിടെയുണ്ടല്ലോ; രാജ്യസഭാ മെമ്പർമാരുണ്ടല്ലോ, ഇതിനെ എതിർക്കാൻ അവരോട് പറയുക. എന്തുകൊണ്ട് തരുന്നില്ലെന്നൊരു ചോദ്യം ചോദിക്കാനുള്ളൊരു ആർജ്ജവം പോലും കാണിക്കാതെ നിങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന്റെ കഴുത്തിന് പിടിക്കാൻ വന്നിട്ട് ഒരു കാര്യവുമില്ല. അദ്ദേഹം ഇവിടെ ആവശ്യമുള്ള കാര്യങ്ങൾ മാത്രമേ ചെയ്യുന്നുള്ളൂ. ഫണ്ടുണ്ടെങ്കിൽ മാത്രമേ കാര്യങ്ങൾ മുന്നോട്ട് പോകുകയുള്ളൂ. ഫണ്ടില്ലാതെ എന്തെങ്കിലും പ്രവൃത്തികൾ നടത്താൻ സാധിക്കുമോ? കുട്ടനാട്ടുകാർക്ക് ഏറ്റവുമധികം സ്നേഹവും ബഹുമാനവുമുള്ളത് 2016-ലെയും

2021-ലെയും ഗവൺമെന്റുകളോടാണ്. കാരണം ഞങ്ങൾ കൈകൂപ്പിക്കൊണ്ട് പറയുന്നു; അവിടെ ഞങ്ങൾക്ക് നല്ലൊരു പാലമോ റോഡോ ഇല്ലായിരുന്നു, വെള്ളത്തിനുള്ള സംവിധാനമില്ലായിരുന്നു. സത്യത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ കുട്ടനാട്ടുകാരുടെ പേരില്ലായിരുന്നു. ഓരോന്നും തകർന്നടിഞ്ഞുകൊണ്ടിരുന്ന ഞങ്ങൾക്ക്, ഇടതുപക്ഷ സർക്കാരിന്റെ 2016 മുതൽ 2023 വരെയുള്ള കാലഘട്ടങ്ങളിൽ കോടിക്കണക്കിന് രൂപ നൽകുകയും ഞങ്ങളെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റിന്റെ കയ്യിൽ ഫണ്ടില്ലെങ്കിൽ ഇതെല്ലാം എവിടെ നിന്ന് നൽകും? എ.സി റോഡിന്റെ നവീകരണത്തിന് 750 കോടി രൂപ നൽകി. ആ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയാൽ പുതിയൊരു കുട്ടനാടിന്റെ ഉയർത്തെഴുന്നേൽപ്പാകും വരിക. ഇതിനെല്ലാം തുക തരണമെങ്കിൽ സർക്കാരിന്റെ കൈവശം ഫണ്ട് ആവശ്യമാണ്. എ.സി. പാലത്തിന്റെ കാര്യത്തിൽ ശ്രീ. ജോബ് മൈക്കിളിന്റെ അക്ഷീണമായ പ്രവർത്തനമുണ്ട്. 2016-ലെ കാര്യമാണ് പറഞ്ഞത്. തോമസ് ചാണ്ടിയാണ് ചെയ്തത്. തോമസ് കെ. തോമസ് അതിന്റെ പുറകിലുണ്ടായിരുന്നുവെന്നേയുള്ളൂ. തോമസ് ചാണ്ടി

മരിച്ചത് 2019-ലാണ്. 2016 മുതൽ 2023 വരെ ഞങ്ങൾക്ക് ലഭിച്ചിട്ടുള്ള കാര്യങ്ങളാണ് ഞാൻ സൂചിപ്പിച്ചത്. ശ്രീ. ജോബ് മൈക്കിൾ കെ.സി. പാലത്തെക്കുറിച്ച് സൂചിപ്പിച്ചു, ശരിയാണ്. ആരാധ്യനായ ധനകാര്യ വകുപ്പുമന്ത്രി നേരിട്ടുവന്ന് കണ്ടതാണ്. അത് അനിവാര്യമാണ്. കാരണം വെള്ളപ്പൊക്കമുണ്ടായാൽ ചങ്ങനാശ്ശേരിയിലേയ്ക്കോ കുട്ടനാട്ടിലേയ്ക്കോ പോകാൻ കഴിയില്ല. മുമ്പ് ഒരു പാലം നിർമ്മിച്ചിരുന്നു, അത് അന്നത്തെ കാലഘട്ടത്തിലായിരുന്നു. എന്തായിരുന്നാലും ഇതിന് 46 കോടി രൂപ ചോദിച്ചാൽ എവിടെ നിന്ന് തരും? അതിന് ഫണ്ട് ആവശ്യമാണ്. ഇതെല്ലാം ശ്രീ. പി. സി. വിഷ്ണുനാഥിന് വളരെ വ്യക്തമായിട്ടറിയാം. അദ്ദേഹം ചെങ്ങന്നൂരിൽ നിന്ന് മത്സരിച്ച വ്യക്തിയാണ്, അപ്പർ കുട്ടനാട്ടുകാരനാണ്. അതിനുശേഷമാണ് കുണ്ടറയിലേയ്ക്ക് പോയത്. ഫണ്ടില്ലാതെ കാര്യങ്ങൾ നടപ്പാക്കാൻ സാധിക്കില്ലെന്ന് ശ്രീ. പി. സി. വിഷ്ണുനാഥിനും അറിയാവുന്നതാണ്. ഫണ്ട് അനിവാര്യമാണ്. അതുകൊണ്ട് എങ്ങനെയെങ്കിലും നമ്മൾ ഒന്ന് മുന്നോട്ട് പോകട്ടെ, ദൈവത്തെയോർത്ത് ആവശ്യമില്ലാത്ത പ്രശ്നങ്ങൾ സൃഷ്ടിക്കരുത്. ഞങ്ങളുടെ ധനകാര്യ

വകുപ്പുമന്ത്രിയുടെ മനോവീര്യത്തെ ഇല്ലാതാക്കരുത്. അദ്ദേഹം കഴിവുള്ളൊരു വ്യക്തിയാണ്. ഈ മന്ത്രിസഭയിലുള്ള 21 മന്ത്രിമാരും നല്ല രീതിയിൽ പ്രവർത്തിക്കുന്നവരും കുട്ടനാട്ടുകാർക്ക് എന്തെങ്കിലും തരുന്നവരുമാണ്. അതുകൊണ്ട് ദൈവത്തെയോർത്ത് അവരുടെ മനോവീര്യം കെടുത്തരുത്. അവർ നല്ലരീതിയിൽ പ്രവർത്തിച്ചുകൊള്ളട്ടെ. ഒന്നും ചെയ്തില്ലെങ്കിലും കുഴപ്പമില്ല, ഉപദ്രവിക്കാതിരുന്നാൽ മതി. ഞങ്ങൾക്ക് ലഭിച്ചിട്ടുള്ളതെല്ലാം കേരളത്തിലുള്ള എല്ലാവർക്കും ലഭിക്കണം. ഞാൻ കുട്ടനാടിനുവേണ്ടി സംസാരിക്കാനാണ് ഇവിടെ വന്നിരിക്കുന്നത്. കുട്ടനാടിനുവേണ്ടി സംസാരിക്കാൻ ഈ സഭയിൽ ഞാൻ മാത്രമേയുള്ളൂ. അതുകൊണ്ട് നമുക്ക് ലഭിച്ചിട്ടുള്ള സഹായങ്ങൾ വിസ്മരിച്ചുകൊണ്ട് ഒരിക്കലും ബഡ്ജറ്റിനെ അലങ്കോലപ്പെടുത്തുന്ന രീതിയിൽ സംസാരിക്കരുത്. ഇത് നല്ലൊരു ബഡ്ജറ്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും മറ്റ് മന്ത്രിമാരെയും അപവാദമൊന്നും പറയാതിരുന്നാൽ മതി. അവർ നല്ല രീതിയിൽ ഭരിച്ച് കാലാവധി പൂർത്തിയാക്കും. നമുക്കാവശ്യമുള്ള കാര്യങ്ങളെല്ലാം തരും. ഈ ബഡ്ജറ്റ് ഏറ്റവും നല്ല ബഡ്ജറ്റാണ്. ആലപ്പുഴയിലൊരു സൂപ്പർ സ്പെഷ്യാലിറ്റി

ഹോസ്പിറ്റലുണ്ട്. അവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശിച്ചപ്പോൾ ഒരു വാക്ക് പറഞ്ഞിരുന്നു. അത് എന്റെ ഹൃദയത്തെ വളരെയധികം സ്പർശിച്ചു. 'ഈ കെട്ടിടം പോലെതന്നെ ഇത് നല്ല രീതിയിൽ പ്രവർത്തിക്കാനാവശ്യമായ എല്ലാ യോഗ്യതയുമുള്ള രീതിയിലാക്കിത്തീർക്കും; യോഗ്യതയുമുള്ള നല്ല ഡോക്ടർമാരുൾപ്പെടെയുള്ള സംവിധാനം നൽകും' എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതാണ് ആവശ്യം. കെട്ടിടം പോലെതന്നെ നല്ലൊരു പ്രവർത്തന ശൈലിയുണ്ടാക്കിത്തരുമെന്ന് അദ്ദേഹം പറഞ്ഞു. അത് വലിയൊരു കാര്യം തന്നെയാണ്. കാരണം കുട്ടനാട്ടുകാർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ആലപ്പുഴ മെഡിക്കൽ കോളേജിനെയാണ്. എന്ത് വിഷയമുണ്ടെങ്കിലും അങ്ങോട്ടാണ് ഓടിച്ചെല്ലുന്നത്. അതിന്റെ പുന:രുദ്ധാരണം ഞങ്ങളെ സംബന്ധിച്ചിടത്തോളം വലിയ കാര്യമാണ്. മെഡിക്കൽ കോളേജിനെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലാക്കി മാറ്റിയതാണ്. ശ്രീ. എച്ച്. സലാമിനാണ് അതിന്റെ ക്രെഡിറ്റ്. പക്ഷേ അതിന്റെ ഏറ്റവും വലിയ ഉപഭോക്താവ് ഞാനാണ്. അതുകൊണ്ടാണ് അക്കാര്യം പ്രത്യേകമെടുത്ത് പറയുന്നത്.

ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ടും അത് നടപ്പിലാക്കുന്നതിനുള്ള എല്ലാ കഴിവും ഞങ്ങളുടെ പ്രിയങ്കരനായ മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും സ്വർഗ്ഗസ്ഥനായ ദൈവം നൽകട്ടെയെന്ന് അനുഗ്രഹിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. ആൻസലൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2023-24-ലെ പൊതുബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. നെയ്യാറ്റിൻകര മണ്ഡലവുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന്, വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുമ്പോൾ ലക്ഷക്കണക്കിന് വരുന്ന തൊഴിൽസാദ്ധ്യതയും അതിനപ്പുറത്ത് തിരുവനന്തപുരം ജില്ലയിലെ പൊതുവായ വികസനസാദ്ധ്യതകളും ഉണ്ടാകുന്നൊരു ഘട്ടത്തിൽ ഇപ്പോഴുള്ള പ്രൊപ്പോസ്ഡ് റിംഗ് റോഡ് യഥാർത്ഥത്തിൽ നെയ്യാറ്റിൻകര ഭാഗത്ത് വരുന്നതല്ല. നെയ്യാറ്റിൻകരയുമായി ബന്ധപ്പെട്ട് പോകുന്ന പ്രധാനപ്പെട്ട റോഡാണ് കരമന-കളിയിക്കാവിള പാത. അതിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. മൂന്നാം ഘട്ട പ്രവർത്തനത്തിലേയ്ക്ക്

ഗവൺമെന്റ് കടന്നിട്ടുണ്ട്. എന്നാൽ ശേഷിക്കുന്ന നെയ്യാറ്റിൻകര പട്ടണം തുടങ്ങുന്ന വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള 17 കിലോമീറ്റർ ദൂരം റോഡിന്റെ വികസനം അത്യാവശ്യമായി മാറിയിരിക്കുകയാണ്. നെയ്യാറ്റിൻകര ആർ.ടി.ഒ.-യിൽത്തന്നെ ഇന്ന് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളുടെ എണ്ണം ഒരു ലക്ഷത്തി അമ്പത്തിയാറായിരത്തിലധികമാണ്. ഗതാഗതക്കുരുക്ക് വലിയ തോതിൽ അനുഭവപ്പെടുന്ന ഒരു അന്തർസംസ്ഥാന പാതയെന്ന രൂപത്തിലേയ്ക്ക് റോഡിന്റെ അലൈൻമെന്റുകൾ മാറ്റേണ്ടതുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളിലെ പ്രൊപ്പോസലുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കുറച്ചുകൂടി വ്യക്തതയോടെ റഡാർ സർവ്വെ നടത്തിക്കൊണ്ട് റോഡിന്റെ പ്രവർത്തനങ്ങളുടെ കാര്യങ്ങൾ പരിശോധിക്കാൻ land acquisition വിഭാഗം നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭഘട്ട പ്രവർത്തനത്തിനുള്ള തുകയുടെ കാര്യംകൂടി ബഹു.ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. തിരുവനന്തപുരം ജില്ലയിൽത്തന്നെ ഏറ്റവും പ്രധാനപ്പെട്ട വികസന പദ്ധതിയായി അത് മാറേണ്ടതായിട്ടുണ്ട്. മറ്റൊന്ന്, കേരളത്തിലെ താലൂക്ക്

കേന്ദ്രങ്ങളിൽ ഏറ്റവും കൂടുതൽ കോടതികൾ പ്രവർത്തിക്കുന്നൊരു പ്രദേശമാണ് നെയ്യാറ്റിൻകര. അവിടെ കുടുംബകോടതി ആരംഭിക്കാൻ വലിയ ബുദ്ധിമുട്ടുണ്ടായിരുന്നെങ്കിലും ലായേഴ്സ് യൂണിയന്റെ ഓഫീസ് ഒഴിപ്പിച്ചുകൊണ്ട് താൽക്കാലികമായി പ്രസ്തുത കോടതി പ്രവർത്തിപ്പിക്കാൻ സാധിച്ചു. ഇപ്പോൾ പോക്സോ ഫാസ്റ്റ്ട്രാക്ക് കോടതിയും മറ്റ് സ്പെഷ്യൽ കോടതികളും അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾത്തന്നെ തിരുവനന്തപുരത്തെ കുടുംബകോടതിയിൽ നടക്കുന്ന കേസ്സുകളിൽ എണ്ണായിരത്തോളം കേസ്സുകൾ ഈ കോടതിയിലേയ്ക്ക് കൈമാറിയിട്ടുണ്ട്. കെട്ടിടങ്ങളുടെ അപര്യാപ്തത വലിയ തോതിൽ കോടതികളുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. അതിനൊരു നിർദ്ദേശം നൽകിയിരുന്നു. അതിനായി ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. അത് ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കേണ്ട വിധത്തിൽ ഒരു കോർട്ട് കോംപ്ലക്സിനാവശ്യമായ ഫണ്ട് നെയ്യാറ്റിൻകര മണ്ഡലത്തിന് അനുവദിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ബഡ്ജറ്റിനെ സംബന്ധിച്ച് നല്ല രീതിയിലുള്ള ചർച്ച നടന്നിട്ടുണ്ട്. എല്ലാം കമത്തുകയെന്ന ലക്ഷ്യത്തോടെയാണ് പ്രതിപക്ഷം ബഡ്ജറ്റിനെ

നോക്കിക്കാണുന്നത്. അവർക്കിതൊന്നും പിടിക്കുന്നില്ല. ഗതികിട്ടാത്ത പ്രേതത്തെപ്പോലെ കേരളത്തിലെ പ്രതിപക്ഷം ഇന്ന് അലയുകയാണ്. കാരണം അവർക്കെന്ത് ചെയ്യണമെന്ന് ഒരു നിശ്ചയവുമില്ല. എവിടെ എന്തുപറയണമെന്ന് ഒരു പിടിയുമില്ല. അങ്ങനെ നടക്കുകയാണ്. നാല് പാവങ്ങളെ നിയമസഭയ്ക്ക് മുന്നിൽ ഇരുത്തിയിരിക്കുകയാണ്. നാളെ കഴിഞ്ഞ് മറ്റന്നാൾ സഭാസമ്മേളനം അവസാനിക്കും. പൊടിയുംതട്ടി എഴുന്നേറ്റുപോകുക എന്നതിനപ്പുറം ഒന്നും നടക്കാനില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ, നാടിനെ ബാധിക്കുന്ന പ്രശ്നങ്ങളിലെങ്ങനെയാണ് പ്രതികരിക്കുന്നതെന്നും കേരളത്തെക്കുറിച്ച് കേന്ദ്രസർക്കാർ സമീപകാലത്ത് നടത്തിയ വിലയിരുത്തലുകളൊക്കെയാണെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷം കണ്ണുതുറന്ന് നോക്കണം. കേരളത്തിലെ മൂന്നരകോടിയോളം ജനങ്ങളുടെ ഭാഗമായാണ് നിങ്ങളും പ്രവർത്തിക്കുന്നത്. ഒരു ദിവസം ഒരു നേരം മാത്രം ആഹാരം കിട്ടുന്ന ആളുകളുടെ കണക്കെടുപ്പ് അടുത്ത കാലത്ത് കേന്ദ്രസർക്കാർ നടത്തുകയുണ്ടായി. ആ കണക്കെടുപ്പിന്റെ പട്ടിക

പരിശോധിക്കുകയാണെങ്കിൽ ബീഹാറിൽ 56% കുടുംബങ്ങൾക്ക് ഒരുനേരത്തെ ആഹാരമില്ല. ഉത്തർപ്രദേശിൽ 47%, ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളും പരിശോധിക്കുമ്പോൾ 20%-56% വരെ കുടുംബങ്ങൾ മുഴപ്പട്ടിണിയിലാണ്. ഇന്ത്യയിൽ ഒരു മിനിട്ടിൽ 11 ആളുകൾ പട്ടിണിമൂലം മരണപ്പെടുന്നെന്നാണ് കേന്ദ്രസർക്കാരിന്റെ കണക്കുകൾ വ്യക്തമാക്കുന്നത്. 5,60,00,000 ജനങ്ങൾ വസിക്കുന്ന കേരളത്തിന്റെ പ്രത്യേകത എന്താണ്; ആ കണക്കെടുപ്പ് പൂർത്തീകരിക്കപ്പെടുമ്പോൾ കേരളം 0.7%, അതായത് 64,000 കുടുംബങ്ങളാണ് കേരളത്തിൽ ചെറിയ തോതിലുള്ള പ്രയാസങ്ങൾ നേരിടുന്നത്. ഇത്തരം കുടുംബങ്ങളുടെ അവസ്ഥ മാറ്റാൻ വേണ്ടിയാണ് 50 കോടി രൂപ പ്രത്യേകമായി പ്രഖ്യാപിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇത്തരം കുടുംബങ്ങളെ കണ്ടെത്തി അവരെ കേരളത്തിന്റെ പൊതുജീവിതത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ആറ് മാസം കഴിയുമ്പോൾ, പട്ടിണിയും ദാരിദ്ര്യവും ഇല്ലാത്ത സ്ഥലമായി, ലോക ചരിത്രത്തിൽ കേരളം മാറുന്നത് കണ്ട് നമുക്ക് അഭിമാനിക്കാൻ കഴിയും.

എനിക്ക് 56 വയസ്സാകാറായി. അതായത് 40 വർഷത്തെ അനുഭവം എന്റെ മുന്നിലുണ്ട്. സ്കൂൾ തുറക്കുന്ന സമയത്ത് സ്വന്തം മക്കൾക്ക് ഒരു മുഴം തുണിയെടുത്ത് തയ്യൽകടയിൽ കൊണ്ടുപോയി തയ്പ്പിച്ച് പുതിയ വസ്ത്രം കൊടുക്കാനോ, ഓണം, ക്രിസ്തുമസ്, വിഷു തുടങ്ങിയ വിശേഷ ദിവസങ്ങളിൽ മക്കൾക്ക് പുതിയ വസ്ത്രം വാങ്ങികൊടുക്കാനോ കഴിയാത്തതുകൊണ്ട് അന്യന്റെ വീട്ടിൽനിന്ന് പഴയ വസ്ത്രം വാങ്ങി അത് ചുരുക്കി തയ്ച്ച് മക്കൾക്ക് കൊടുക്കേണ്ട അവസ്ഥ 40 വർഷം മുമ്പ് നമ്മുടെ നാട്ടിലുണ്ടായിരുന്നു. ഒരു നേരത്തെ ആഹാരം കൊടുക്കാൻ കഴിയാത്തതുകൊണ്ട്, 12 ഉം 13-ഉം വയസ്സുള്ള 7, 8 ക്ലാസുകളിൽ പഠിക്കുന്ന മക്കളെ പട്ടണത്തിലെ സമ്പന്നരുടെ വീടുകളിൽ ജോലിക്ക് ഏൽപ്പിക്കുന്ന ദുരിതപൂർണ്ണമായ അവസ്ഥ നമ്മുടെ നാട്ടിലുണ്ടായിരുന്നു. ഇത്തരം അവസ്ഥയിലൂടെയാണ് കഴിഞ്ഞ നാല്പത് വർഷക്കാലം പിന്നിടുമ്പോൾ കേരളം ഇന്നത്തെ മഹത്തായ പ്രദേശമായി മാറിയത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ വന്ന ദീർഘവീക്ഷണമുള്ള പദ്ധതിയുടെ ഭാഗമാണ് സഖാവ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റ്. എല്ലാ പ്രതിസന്ധികളും ഇവിടെ

സൂചിപ്പിച്ചിട്ടുണ്ട്. നമുക്ക് ലഭിക്കേണ്ട പദ്ധതി വിഹിതം വെട്ടിക്കുറച്ചു. 3.87% പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുമ്പോൾ കേരളത്തിൽനിന്ന് മരവാഴകളെപ്പോലെയുള്ള 18 എം.പി.-മാർ പാർലമെന്റിൽ പോയിരിക്കുകയാണ്. സഖാവ് പിണറായി വിജയനെ ജയിലിൽ അടയ്ക്കാൻ എന്തെങ്കിലും വഴിയുണ്ടോ; ആ കേസ് എന്തായി? ഇത്തരം ചോദ്യങ്ങൾ മാത്രം എഴുതിക്കൊടുക്കാനാണ് അവർ അവിടെ ഇരിക്കുന്നത്. കേരളത്തിനെതിരായ നിലപാടുകൾ സ്വീകരിക്കുന്ന കേരളത്തിലെ 18 എം.പി.-മാരുടെ നിലപാടുകളെ സംബന്ധിച്ച് പരിശോധിച്ചുനോക്കൂ. നമ്മുടെ നാടിനെ സംബന്ധിച്ച ഏതെങ്കിലും ഒരു പ്രശ്നത്തിന് പരിഹാരമുണ്ടായിട്ടുണ്ടോ? (.............ബഹളം......)

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ

<u>മി.സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ. റൂൾ വ്യക്തമാക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, റൂൾ 307.

<u>മി.സ്പീക്കർ</u>: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ റൂൾ 307 ക്രമപ്രശ്നമുന്നായിക്കാനുള്ളതല്ല. ശ്രീ. കെ. ആൻസലന് പ്രസംഗം തുടരാം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഒരു പരാമർശം....

<u>മി.സ്പീക്കർ</u>: ഒരു ക്രമപ്രശ്നം ഉന്നയിക്കുമ്പോൾ.. You should mention the rule.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, കേരളത്തിലെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ബാദ്ധ്യതയില്ലാത്തവരായി, കേരളത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാൻ ഒരു ശ്രമവും നടത്താത്തവരായി കേരളത്തിലെ 18 എം.പി.-മാർ അധഃപതിച്ചിട്ടുണ്ടെന്നത് കേരളീയ സമൂഹം 2024-ലെ പാർലമെന്റ് തെരെഞ്ഞെടുപ്പിൽ തെളിയിക്കാൻ പോകുകയാണ്. ഒരു കാര്യത്തിലും അവർക്ക് പ്രതിഷേധമില്ലല്ലോ; കേരളത്തിന്റെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കുമ്പോഴും പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുമ്പോഴും ജി.എസ്.ടി. കോമ്പൻസേഷന്റെ ഭാഗമായി ലഭിക്കേണ്ട ഏകദേശം 15,000 കോടി രൂപ തരില്ലെന്ന് പ്രഖ്യാപിക്കുമ്പോഴും കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട 17-ഓളം

അവകാശങ്ങൾ പൊതുബഡ്ജറ്റിനകത്ത് നിർദ്ദേശമായി കേന്ദ്രസർക്കാരിന്റെ മുന്നിലേയ്ക്ക് അവതരിപ്പിക്കപ്പെടുമ്പോൾ, അതെല്ലാം നേടിയെടുക്കുന്നതിന് ഒരു വാചകം പോലും പാർലമെന്റിൽ എഴുതിക്കൊടുക്കാത്തവരെ സംബന്ധിച്ച് ഇതേ പദപ്രയോഗമാണ് ഇപ്പോൾ നാട്ടിലെ ആളുകൾ സൂചിപ്പിക്കുന്നത്. പെട്രോളിനും ഡീസലിനും രണ്ട് രൂപ വീതം സെസ്സ് ഏർപ്പെടുത്തിയപ്പോൾ അതുമായി ബന്ധപ്പെട്ട സെസ്സിനെ ചോദ്യം ചെയ്തുകൊണ്ടാണ് ഇവിടെ സമരം നടത്തുന്നത്. നമുക്കറിയാം. ഡോ. മൻമോഹൻ സിംഗ് സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിക്കാനുള്ള തീരുമാനം പിൻവലിക്കുമ്പോൾ 42 രൂപയായിരുന്നു പെട്രോളിന്റെ വില. ടി സർക്കാർ അധികാരമൊഴിഞ്ഞ് 4 വർഷം കഴിഞ്ഞ് ശ്രീ. നരേന്ദ്ര മോദിയുടെ സർക്കാർ അധികാരത്തിൽ വരുമ്പോൾ 70 രൂപയിൽ എത്തിയിരുന്ന പെട്രോൾ വില വർദ്ധിച്ച് 110 രൂപയിലേയ്ക്ക് എത്തി. ഈ അവസരത്തിൽ ഒരക്ഷരം പോലും മിണ്ടാതെ, അതിനെതിരായി സമരം നടത്താതെ കേന്ദ്രസർക്കാർ കേരളത്തോടുകാണിക്കുന്ന അവഗണനയ്ക്കെതിരെ ഒരു നടപടിയും സ്വീകരിക്കാതെ ഇവിടെ കുഴൽനാടൻമാരെ കൊണ്ട് കുഴലൂത്ത് നടത്തി

സി.പി.ഐ.(എം.)-ന്റെ സദാചാര പ്രവർത്തനങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്ന നിങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്, സഭയ്ക്കകത്തുള്ള നിങ്ങളുടെ ചില ആളുകളുടെ സദാചാര വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആദ്യം തിരുത്താൻ തയ്യാറായി മുന്നോട്ടുവരണമെന്നാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ തുടർഭരണം 7 വർഷം പൂർത്തീകരിക്കപ്പെടുമ്പോൾ കേരളം അഭിമാനകരമായ നേട്ടങ്ങളുടെ പട്ടികയിലേയ്ക്ക് ലോകശ്രദ്ധ ആകർഷിക്കുന്ന രൂപത്തിലുള്ള നടപടിയുമായാണ് മുന്നോട്ടുപോകുന്നത്. അത് കാണുമ്പോൾ നിങ്ങൾക്ക് വട്ടിളകും. നിങ്ങൾക്ക് പ്രയാസമുണ്ടാകും. നിങ്ങൾ ഉറഞ്ഞു തുള്ളും. ഇല്ലാത്ത സമരകഥകളുമായി മുന്നോട്ടുവരും. ബി.ജെ.പി.-യുമായി അണ്ണൻ-തമ്പി ബന്ധം സ്ഥാപിച്ചുകൊണ്ട് ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നും അനുകൂലമായ നിലപാട് സ്വീകരിക്കും. ആർ.എസ്.എസ്. ശാഖയ്ക്ക് കാവൽ നിന്ന മഹാമാന്യനെ കെ.പി.സി.സി.-യുടെ പ്രസിഡന്റായി വാഴിച്ചുകൊണ്ട് ആർ.എസ്.എസ്. കൂടാരത്തിലേയ്ക്കും ബി.ജെ.പി. കൂടാരത്തിലേയ്ക്കും പോകുന്നതിന് അനുകൂലമായ നിലപാട് സ്വീകരിക്കുന്ന പാപ്പരത്തം പിടിച്ച രാഷ്ട്രീയ പാർട്ടിയായി കേരളത്തിലെ

യു.ഡി.എഫ്.-ഉം യു.ഡി.എഫ്.-ന് നേതൃത്വം നൽകുന്ന കോൺഗ്രസ്സും മാറിക്കൊണ്ടിരിക്കുന്നത് കേരളത്തിലെ മത നിരപേക്ഷതയ്ക്ക് അടിത്തറയുള്ള ഈ മണ്ണ് കാത്തിരുന്ന് കാണുകയാണ്. ഇവിടെ പ്രളയമുണ്ടാകണമെന്നാണ് നിങ്ങളുടെ പ്രതീക്ഷ.

മി.സ്പീക്കർ: ശ്രീ. കെ. ആൻസലൻ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. ആൻസലൻ: സർ, ഈ നിയമസഭയിൽ പാരമ്പര്യമുള്ള ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചത് ഇനിയും ഇവിടെ പ്രളയവും കോവിഡ് മഹാമാരിയും ഉണ്ടാകാൻ പോകുന്നുവെന്നാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. ആൻസലൻ: സർ, ഇക്കാര്യങ്ങൾ കൊണ്ടുണ്ടാകാൻ പോകുന്ന നഷ്ടങ്ങളുടെ കണക്ക് പറയുന്ന പ്രതിപക്ഷം ഗതികിട്ടാത്ത പ്രേതമായി. ഞാൻ നിർത്തുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ബഡ്ജറ്റിനെതിരെ ഈ സഭാകവാടത്തിൽ സത്യാഗ്രഹമിരിക്കുന്ന നാല് യു.ഡി.എഫ്. അംഗങ്ങളെ ഞാൻ ആദ്യമായി അഭിവാദ്യം ചെയ്യുന്നു.

ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം, അതിരൂക്ഷമായ തൊഴിലില്ലായ്മ, കൊലപാതകങ്ങൾ, ബലാത്സംഗങ്ങൾ, സൈബർ തട്ടിപ്പുകൾ, പോക്സോ കേസുകൾ, ഗുണ്ടാ ആക്രമണങ്ങൾ, കർഷക ജപ്തി തുടങ്ങിയവയെല്ലാം നമ്മുടെ സംസ്ഥാനത്ത് കൊടികുത്തിവാഴുമ്പോൾ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിന്റെ ആമുഖവും ഉപസംഹാരവും വിവിധ പത്രങ്ങളുടെ തലക്കെട്ടുകളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് വലിയ തമാശയായി തോന്നും. ബഡ്ജറ്റുമായി ബന്ധപ്പെട്ട കുറച്ച് ഭാഗം ഞാനിവിടെ വായിക്കുകയാണ്. "കേരളത്തെ സംബന്ധിച്ചിടത്തോളം അതിജീവനത്തിന്റെയും വീണ്ടെടുപ്പിന്റെയും വർഷമാകും വരാൻ പോകുന്നത് എന്ന ശുഭപ്രതീക്ഷ പങ്കുവച്ചുകൊണ്ടാണ് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രസംഗം ഞാൻ ആരംഭിച്ചത്. ആ പ്രതീക്ഷ യാഥാർത്ഥ്യമായി എന്ന

സന്തോഷം അറിയിച്ചുകൊണ്ട് 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് പ്രസംഗം ആരംഭിക്കാം". എല്ലാം ശരിയായി, എല്ലാം അംഗീകരിച്ച് ഉഷാറായെന്നാണ് ആമുഖത്തിൽ ചൂണ്ടിക്കാണിക്കുന്നത്. ബഡ്ജറ്റിലെ (മലയാളം) 151-ാം പേജിലെ 568-ാം പാരഗ്രാഫിൽ "ബഡ്ജറ്റ് കേവലം കണക്കുകൾ മാത്രമല്ല, നാടിനെ കൂടുതൽ കരുത്തോടെ മുന്നോട്ടുനയിക്കാനുള്ള ഒരു സമീപന രേഖയാണ്. നമ്മുടെ നാടിനെ കൂടുതൽ പുരോഗതിയിലേയ്ക്കും വികസനത്തിലേയ്ക്കും നയിക്കാനുള്ള പ്രവർത്തന രേഖയായി ഈ ബഡ്ജറ്റ് മാറുമെന്നാണ് എന്റെ പ്രതീക്ഷ." എന്നതാണ് ഉപസംഹാരം. 'പാവങ്ങളുടെ പടത്തലവൻ' എന്ന് എല്ലാവരും വിശേഷിപ്പിക്കുന്ന എ.കെ.ജി. ഇപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, പാവപ്പെട്ടവരുടെ നടുവൊടിക്കുന്ന ഈ ബഡ്ജറ്റ് പ്രസംഗം പൊതുസ്ഥലത്തുവച്ച് കത്തിക്കുമായിരുന്നു എന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് പ്രസംഗത്തിൽ 153 പേജുകളിലായി 570 കാര്യങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റ് പ്രസംഗത്തിൽ ഇടതുപക്ഷ സ്വഭാവമില്ലെന്ന് മാത്രമല്ല സാധാരണക്കാരുടെ ജീവിതത്തെ

വെല്ലുവിളിക്കുകയുമാണ് ചെയ്യുന്നത്. ഇതിൽ 6 മുതൽ 16 വരെയുള്ള പാരഗ്രാഫുകളിൽ കേന്ദ്രനയത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. 15-ാം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ 6700 കോടി രൂപയുടെ കുറവ്, ജി.എസ്.ടി. വരുമാനത്തിൽ 7000 കോടി രൂപയുടെ കുറവ്, കടമെടുപ്പ് കുറവ് വരുത്തിയതിൽ 4000 കോടി രൂപയുടെ കുറവ്, പബ്ലിക് അക്കൗണ്ട്സ് കടബാധ്യതയായി കണക്കാക്കിയ കേന്ദ്രനയം കാരണം 10,000 കോടി രൂപയുടെ വരുമാന നഷ്ടം, ബഡ്ജറ്റിന് പുറത്ത് ധനം സമാഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന് കടബാധ്യതയായി കണക്കാക്കുന്നതിനാലും കടമെടുപ്പ് കുറവ് വരുത്തിയതിനാലും 7100 കോടി രൂപയുടെ നഷ്ടം, പദ്ധതികളുടെ വിഹിതം വയ്പ്പിലും നഷ്ടം എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ഇതെല്ലാം പ്രസംഗത്തിൽ പറയുകയെന്നല്ലാതെ നേടിയെടുക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത്? മുമ്പ് കോൺഗ്രസ്സ് പാർട്ടി കേന്ദ്രം ഭരിച്ചിരുന്ന സമയത്ത് ഭരണവും സമരവും ഒന്നിച്ച് നടത്തിയിരുന്ന ഇടത് സർക്കാർ, ഇപ്പോൾ ബി.ജെ.പി. സർക്കാരിനെതിരെ ഈ നയം സ്വീകരിക്കാതെ

മുദുസമീപനം നടത്തുന്നത് ബി.ജെ.പി.-യുമായി രഹസ്യസന്ധി ചെയ്തതുകൊണ്ടാണെന്നാണ് ജനങ്ങൾ ധരിക്കുന്നത്.

ബഡ്ജറ്റിലെ 37-ാം പാരഗ്രാഫിൽ 'മേക്ക് ഇൻ കേരള' പദ്ധതിക്ക് യോജിച്ച തൊഴിൽ സംസ്കാരം ഇവിടെ നടപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സാമർത്ഥ്യമുള്ള വ്യവസായികൾ ആരും കേരളത്തിൽ ഇൻവെസ്റ്റ്മെന്റിന് തയ്യാറാകുന്നില്ല. 54-ാം പാരഗ്രാഫിൽ പ്രവാസികളെക്കുറിച്ച് ധാരാളം പറയുന്നുണ്ട്. പക്ഷേ അവരുടെ വിമാനയാത്രാ ടിക്കറ്റുകൾ ഓരോ ദിവസവും അഞ്ച് ഇരട്ടിയും പത്ത് ഇരട്ടിയുമായി വർദ്ധിക്കുമ്പോൾ അത് കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. 66 മുതൽ 84 വരെയുള്ള പാരഗ്രാഫുകളിൽ കൃഷിയെ സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. നിത്യേന ഈ മേഖലയിൽ കൂലി വർദ്ധിക്കുന്നു, വളങ്ങളുടെ വില വർദ്ധിക്കുന്നു, മെഷിനറികളുടെ വില വർദ്ധിക്കുന്നു, ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നില്ല, അതുകൊണ്ട് കർഷകർ അതീവ വിഷമത്തിലാണ്. ഇത് പരിഹരിക്കുന്നതിനുള്ള ഒരു നടപടിയും ബഡ്ജറ്റ് പ്രസംഗത്തിൽ കാണാനില്ല. മാത്രമല്ല നെല്ല്,

നാളികേരം എന്നിവയുടെ സംഭരണത്തിലും പരാജയമായി. 140-ാം പാരഗ്രാഫിൽ തദ്ദേശസ്വയംഭരണത്തെക്കുറിച്ചാണ് പറയുന്നത്, പദ്ധതിവിഹിതം വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ സാധിക്കാത്ത അവസ്ഥയാണ്. ലൈഫ് പദ്ധതിയിൽ വീട് നിർമ്മിക്കാൻ സാധിക്കാത്ത തരത്തിലുള്ള മാനദണ്ഡങ്ങൾ വയ്ക്കുന്നു. കേന്ദ്രവും തദ്ദേശസ്വയംഭരണസ്ഥാപനവും ഇതിന് പണം ചെലവഴിക്കണം. അഥവാ വീട് നിർമ്മിച്ചാൽ അതിന്റെ പേര് സംസ്ഥാന സർക്കാരിനും. പുതിയ വീടുകൾ നിർമ്മിക്കാൻ ഇപ്പോൾ സാധിക്കാതെ പോയിരിക്കുന്നു. 153-ാം പാരഗ്രാഫിൽ സഹകരണ മേഖലയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. സഹകരണതത്വങ്ങൾ തന്നെ ഇല്ലാതായിരിക്കുന്നു. പുതിയ കരട് ബില്ലിലും അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് സംസാരിക്കുന്നില്ല; അധികാരകേന്ദ്രീകരണമാണ്; രജിസ്ട്രാറും ഗവൺമെന്റും, ഇവർക്ക് നൽകുന്ന അധികാരം വളരെ വിശാലമാണ്. അതുപോലെ സഹകരണബാങ്കുകൾ ഒരു പരസ്യം പോലും നൽകാൻ പാടില്ലെന്ന് മലപ്പുറത്ത് ജോയിന്റ് രജിസ്ട്രാർ ഒരു

രാജകല്പന പുറപ്പെടുവിക്കുകയുണ്ടായി. 205 മുതൽ 250 വരെയുള്ള പാരഗ്രാഫുകളിൽ വ്യവസായത്തെക്കുറിച്ചാണ് പറയുന്നത്. യു.ഡി.എഫ്. ഭരിച്ചപ്പോൾ ധാരാളം വ്യവസായങ്ങൾ ആരംഭിച്ചതിലൂടെ ആയിരക്കണക്കിനാളുകൾക്ക് ജോലി ലഭ്യമായിട്ടുണ്ട്. എന്നാൽ ഒരു വൻകിട വ്യവസായം പോലും ഈ സർക്കാർ ഇവിടെ കൊണ്ടുവന്നിട്ടില്ല.

ഇവിടെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ മുസ്ലീം ലീഗിന് നല്ല സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി. അത് അംഗീകരിക്കാൻ ബഹുമാനപ്പെട്ട കാനം രാജേന്ദ്രന് സാധിച്ചില്ല. അദ്ദേഹം എതിർത്തു, എന്നാൽ ഇപ്പോൾ ഇടതു സർക്കാരിനെക്കുറിച്ച് ധാരാളം കാര്യങ്ങൾ സംസാരിച്ചു.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, എന്റെ മണ്ഡലത്തിൽ ഒരു മെഡിക്കൽ കോളേജുണ്ട്. അവിടെയുള്ള ജനറൽ ആശുപത്രിയുടെ വിപുലീകരണം ഏറ്റെടുക്കണം. എന്റെ മണ്ഡലത്തിലെ റോഡിന്റെ അവസ്ഥ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് കണ്ടതാണ്. അതിനൊരു പരിഹാരമുണ്ടാക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. വാഴൂർ സോമൻ:</u> സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി അനുകൂലിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

സമാനതകളില്ലാത്ത പ്രതിസന്ധികളെ അതിജീവിച്ചാണ് ഈ സർക്കാർ വീണ്ടും അധികാരത്തിലെത്തിയത്. കേന്ദ്രബഡ്ജറ്റിൽ കർഷകരെ വഞ്ചിക്കുന്ന പ്രത്യേകിച്ച് തോട്ടം മേഖലയെ തീർത്തും അവഗണിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. എന്നാൽ സംസ്ഥാന ബഡ്ജറ്റിൽ റബ്ബർ സബ്സിഡിക്കുള്ള ബഡ്ജറ്റ് വിഹിതം 600 കോടി രൂപയും നെൽകൃഷി വികസനത്തിന് 95.10 കോടി രൂപയും സമഗ്ര പച്ചക്കറി കൃഷി വികസനപദ്ധതിയിലേയ്ക്ക് 93.45 കോടി രൂപയും അനുവദിച്ചത് കർഷകർക്ക് ഏറ്റവും ആശ്വാസമായ നടപടിയാണ്. നാളികേരത്തിന്റെ താങ്ങുവില 32 രൂപയിൽനിന്നും 34 രൂപയായി ഉയർത്തിയത് കർഷകരോടുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ ആത്മാർത്ഥതയും പ്രതിബദ്ധതയുമാണ് കാണിക്കുന്നത്. തോട്ടം ഉൽപ്പന്നങ്ങളുടെ സുരക്ഷിത ശേഖരണത്തിനായി പൊതുസ്വകാര്യപങ്കാളിത്ത മാതൃകയിൽ ആധുനിക

വെയർഹൗസുകൾ സ്ഥാപിക്കാനും മറ്റനുബന്ധ വികസനത്തിന് 2 കോടി രൂപയും വകയിരുത്തി. തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ അറ്റകുറ്റപ്പണിക്ക് 10 കോടി രൂപയും തോട്ടം തൊഴിലാളികളുടെ ദുരിതാശ്വാസ നിധി പദ്ധതിക്കായി 1.10 കോടി രൂപയും അനുവദിച്ചതിന് ഒരു ട്രേഡ് യൂണിയൻ പ്രവർത്തകനെന്ന നിലയിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. എന്നാൽ വിലത്തകർച്ചയിൽ ദുരിതം അനുഭവിക്കുന്ന തേയില, കാപ്പി, ഏലം കർഷകർക്ക് ആശ്വാസ നടപടികൾ സ്വീകരിക്കാൻ ഇനിയും താമസിക്കരുത്. കഴിഞ്ഞ 22 വർഷങ്ങളായി പൂട്ടിക്കിടക്കുന്ന പീരുമേട്ടിലെ ബോണാമി, കോട്ടമല, ചീന്തലാർ, ലോൺട്രീ എന്നീ എസ്റ്റേറ്റുകൾ തുറന്നുപ്രവർത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ അവസ്ഥയ്ക്ക് പരിഹാരം കാണാനായി കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലും ഈ വർഷത്തെ ബഡ്ജറ്റിലും 10 കോടി രൂപ വീതം നീക്കിവച്ചത് സ്വാഗതാർഹമാണ്. എന്നാൽ എനിക്കൊരു അഭ്യർത്ഥനയുണ്ട്, കഴിഞ്ഞ 22 വർഷമായി പീരുമേട്ടിൽ പൂട്ടിക്കിടക്കുന്നതും തോട്ടമുടമ ഉപേക്ഷിച്ചുപോയതുമായ ബോണാമി, കോട്ടമല, ചീന്തലാർ,

ലോൺട്രീ എന്നീ എസ്റ്റേറ്റുകളിലെ ലയങ്ങളുടെ അവസ്ഥ പരിതാപകരമാണ്. സ്വകാര്യ എസ്റ്റേറ്റ് മാനേജ്മെന്റുകളുടെ ഉടമസ്ഥതയിലുള്ള ലയങ്ങൾ സർക്കാർ ഫണ്ടുപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്താൻ നിയമതടസ്സമുണ്ടെന്നാണ് കരുതുന്നത്. അതുപോലെതന്നെ തകർന്നുകിടക്കുന്ന ലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താൻ ഉദ്യോഗസ്ഥരെ ഏല്പിച്ചുകഴിഞ്ഞാൽ യഥാർത്ഥലക്ഷ്യം കൈവരിക്കാൻ സാധിക്കുമോയെന്ന സംശയവുമുണ്ട്. ആയതിനാൽ ഈ 20 കോടി രൂപ വിനിയോഗിച്ചാൽ തോട്ടത്തിന്റെ സ്ഥലമേറ്റെടുത്ത് 4 ലക്ഷം രൂപവീതം ഉപയോഗിച്ച് 500 തോട്ടം തൊഴിലാളികൾക്ക് വേണ്ടിയുള്ള ഫ്ലാറ്റുകൾ നിർമ്മിക്കാൻ സാധിക്കും. ഇതിലേയ്ക്ക് വേണ്ടിയുള്ള സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കാൻ സർക്കാർ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കേന്ദ്രസർക്കാരിന്റെ തെറ്റായ ധനകാര്യ മാനേജ്മെന്റ് പണപ്പെരുപ്പത്തിനും രൂപയുടെ മൂല്യശോഷണത്തിനും വഴിയൊരുക്കി. രാജ്യത്ത് ഉപഭോക്തൃവിലസൂചിക സമീപകാലത്തെ ഏറ്റവും ഉയർന്ന നിരക്കായ 7.41 ശതമാനത്തിലേയ്ക്ക് എത്തുകയുണ്ടായി. എന്നാൽ

സംസ്ഥാനത്തെ വിലക്കയറ്റം ദേശീയ ശരാശരിക്ക് താഴെയായി പിടിച്ചുനിർത്തുന്നതിന് പൊതുവിപണിയിൽ എൽ. ഡി. എഫ്. സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ വളരെയധികം സഹായകരമായിട്ടുണ്ട്. സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ 20 ശതമാനം മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലയിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വില്പനവിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 2021-22 സാമ്പത്തിക വർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾ വഴി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും സപ്ലൈകോ വില്പനശാലകൾ കുറവുള്ള ഇടങ്ങളിലെല്ലാം അരിയും മറ്റ് അവശ്യസാധനങ്ങളും ലഭ്യമാക്കുന്നതിനായി 3 ലക്ഷം കിലോ അരിയാണ് അരിവണ്ടി മുഖേന സംസ്ഥാനത്ത് വിതരണം

ചെയ്യത്. പുതിയതും നവീകരിച്ച ഗ്രേഡ് ചെയ്യതുമായ 85 സപ്ലൈകോ വില്പനശാലകൾ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചത് പാവപ്പെട്ട ജനങ്ങൾക്ക് വലിയ കൈത്താങ്ങായി മാറി. വിലക്കയറ്റം നിയന്ത്രിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി വിപണിയിൽ ഇടപെടാനായി ഈ വർഷം ബഡ്ജറ്റിൽ 2000 കോടി രൂപ വകയിരുത്തിയത് പ്രത്യേകം എടുത്തുപറയേണ്ടതും അഭിനന്ദനാർഹവുമാണ്. ഇന്ത്യയിൽതന്നെ ഏറ്റവും കുറവ് വിലക്കയറ്റനിരക്കുള്ള സംസ്ഥാനമായി കേരളം അടയാളപ്പെടുത്തപ്പെട്ടുവെന്ന് ബഡ്ജറ്റിൽ വ്യക്തമാക്കുന്നു. ഈ വർഷത്തെ ബഡ്ജറ്റ് റോഡുകൾക്കും പാലങ്ങൾക്കുമായി 1144.22 കോടി രൂപ വകയിരുത്തിയിരിക്കുന്നു. 2020-21 ഒക്ടോബറിൽ പീരുമേട്ടിലെ കൊക്കയാറിലുണ്ടായ പ്രളയത്തിൽ തകർന്ന ഏന്തയാർ പാലം പുനർനിർമ്മിക്കാൻ 4.7 കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി എ.എസ്. കമ്മിറ്റി വരെ ഫയലെത്തിച്ചിട്ടും ഭരണാനുമതി ലഭിച്ചിട്ടില്ലെന്നുള്ളത് ദുഃഖകരമായ വിഷയമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രാമീണമേഖലയിൽ തൊഴിലുറപ്പ് ദിനങ്ങളുടെ ആവശ്യം കൂടുമ്പോഴും ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം കേന്ദ്രബഡ്ജറ്റിൽ 29,400 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിക്കുറയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. രാജ്യത്ത് തൊഴിലില്ലായ്മയുടെ നിരക്ക് വർദ്ധിച്ചുവരുമ്പോഴാണ് കേന്ദ്രസർക്കാർ ഈ നടപടി സ്വീകരിച്ചത് എന്നത് പ്രതിഷേധാർഹമാണ്. 10 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനും 310 കോടി രൂപ തൊഴിലുറപ്പ് വേതനം ലഭ്യമാക്കുന്നതിനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയുടെ സംസ്ഥാന വിഹിതമായി 230.10 കോടി രൂപയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 65 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനായി 150 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയത് പാവപ്പെട്ട ജനങ്ങൾക്കുള്ള ഒരു കൈത്താങ്ങാണ്.

കേന്ദ്രബഡ്ജറ്റിൽ ഭക്ഷ്യ സബ്സിഡിയുടെ കാര്യത്തിൽ വലിയ കുറവാണുണ്ടായത്. 2022-23 ബഡ്ജറ്റിൽ പുതുക്കിയ കണക്കുകൾ പ്രകാരം 2,87,194 കോടി രൂപയാണ് സബ്സിഡിക്കുവേണ്ടി മാറ്റിവച്ചത്. എന്നാൽ

നിലവിൽ 1,97,350 കോടി രൂപയായി ചുരുങ്ങി. 31 ശതമാനത്തിന്റെ കുറവാണ് ഈയിനത്തിൽ കേന്ദ്രസർക്കാർ വരുത്തിയത്. വിനോദസഞ്ചാര മേഖലയ്ക്ക് 362.15 കോടി രൂപ മാറ്റിവച്ചത് ശ്രദ്ധേയമായ നടപടിയാണ്. ഏഴ് ടൂറിസം ഇടനാഴികളായി കോവളം, ആലപ്പുഴ, കുട്ടനാട്, കുമരകം, കൊല്ലം, അഷ്ടമുടി, മൂന്നാർ എന്നീ ഡെസ്റ്റിനേഷനുകളെ ലോകോത്തര ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിനാണ് ഈ തുക മാറ്റിവച്ചത്. അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ എന്റെ മണ്ഡലത്തിലുള്ള തേക്കടിയെയും ഈ ടൂറിസം ഇടനാഴിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രാജ്യത്ത് ചേരികളിൽ 6.54 കോടി ആളുകളാണ് താമസിക്കുന്നത്. ഗുജറാത്തിലെ സൂററ്റ് നഗരത്തിൽ മാത്രം നാലുലക്ഷത്തിൽപ്പരം പേർ ഇപ്പോഴും ചേരികളിലുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. പ്രധാന സംസ്ഥാനങ്ങളിൽ ചേരികളിൽ താമസിക്കുന്ന കുടുംബങ്ങൾ ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. ബി. ജെ. പി. തുടരുന്ന കോർപ്പറേറ്റ് അനുകൂല സാമ്പത്തികനയങ്ങളടക്കം രാജ്യത്തിന്റെ വികസന മാതൃക അങ്ങേയറ്റം ജനവിരുദ്ധമാണെന്നതിന്റെ തെളിവുകൂടിയാണ്

ഈ കണക്കുകൾ. ധനപരമായ ഫെഡറലിസം തകർക്കുന്ന പ്രവണതയാണ് കേന്ദ്രബഡ്ജറ്റിൽ ആവർത്തിക്കുന്നത്. വരുമാനത്തിൽനിന്നും സംസ്ഥാനങ്ങൾക്ക് അർഹമായ വിഹിതം നൽകുന്നില്ല. സംസ്ഥാനങ്ങൾ കടമെടുക്കുന്നതിന് കൂടുതൽ നിബന്ധനകൾ അടിച്ചേല്പിക്കുമ്പോൾ സമ്പന്നർക്കുള്ള ഇളവുകൾ തുടരെത്തുടരെ പ്രഖ്യാപിക്കുന്നത് ശീലമാക്കിയിരിക്കുകയാണ് കേന്ദ്രസർക്കാർ.

2020-ൽ ഇന്ത്യയിൽ കോടീശ്വരന്മാർ 102 പേരായിരുന്നുവെങ്കിൽ ഇപ്പോഴത് 166 ആണ്. 2022-ൽമാത്രം അദാനിയുടെ സ്വത്ത് 42 ശതമാനം ഉയർന്നിരുന്നു. ഇപ്പോൾ അദാനിയുടെ അവസ്ഥ രാജ്യത്തെ സമ്പദ്ഘടനയ്ക്ക് ഭീഷണിയായിരിക്കുകയാണ്. രാജ്യത്തെ ജി.എസ്.ടി.-യുടെ 64 ശതമാനം ഏറ്റവും പാവപ്പെട്ട 50 ശതമാനം ജനങ്ങളുടേതാണെന്ന് ഓർക്കണം. പക്ഷേ സംസ്ഥാനങ്ങൾക്കുള്ള ജി.എസ്.ടി. വിഹിതം വെട്ടിക്കുറയ്ക്കുന്ന നിലപാടാണ് കേന്ദ്രത്തിന്റേത്. വൈദ്യുതി മേഖലയിൽ സ്വകാര്യമേഖലയ്ക്ക് നിയന്ത്രണരഹിതമായി ലാഭം കൊയ്യുവാനും കർഷകർക്കുള്ള സബ്സിഡി ആനുകൂല്യമില്ലാതാക്കാനും പാവപ്പെട്ട സാധാരണക്കാർക്ക് വൈദ്യുതി

സൗകര്യങ്ങൾ നിഷേധിക്കാനും വഴിവയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള വൈദ്യുത നിയമഭേദഗതികൾ കേന്ദ്ര സർക്കാർ ലോക്സഭയിൽ അവതരിപ്പിച്ചത് അങ്ങേയറ്റം ജനവിരുദ്ധ നടപടിയാണ്. വൈദ്യുതി ബോർഡുകൾ സ്വകാര്യവത്കരിച്ച് സംസ്ഥാനങ്ങളിലെ വൈദ്യുതിനിരക്ക് വർദ്ധിപ്പിച്ചപ്പോൾ, ഇവിടെ ക്രോസ് സബ്സിഡിയുൾപ്പെടെയുള്ള സംവിധാനങ്ങൾ ഫലപ്രദമായി നടപ്പാക്കി താങ്ങാവുന്ന നിരക്കിൽ പൊതുജനങ്ങൾക്ക് വൈദ്യുതി നൽകിവരുന്നുവെന്നുള്ളത് എടുത്തുപറയേണ്ട വിഷയമാണ്. പ്രതിസന്ധിയിലായ തേയില ഫാക്ടറികളുടെ വൈദ്യുതി ചാർജ്ജിൽ ഇളവ് നൽകാൻ സർക്കാർ ഗൗരവമായി ആലോചിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. നവകേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ അതിജീവനത്തിന്റെയും വീണ്ടെടുപ്പിന്റെയും വർഷത്തെ മുന്നിൽ കണ്ടുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് എന്തുകൊണ്ടും എടുത്തുപറയേണ്ടതാണ്. ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നൂൺ ഫീഡിംഗ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള പാചകത്തൊഴിലാളികളുടെ വേതന

കുടിശ്ശിക കൃത്യമായി നൽകാനും അവർക്കുള്ള ശമ്പളം യഥാസമയം നൽകാനും മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേന്ദ്ര വിഹിതം കിട്ടുന്നില്ലെന്ന കാരണത്താൽ പാവപ്പെട്ട തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ നിഷേധിക്കരുതെന്നുകൂടി വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ ബഡ്ജറ്റിനെ അങ്ങേയറ്റം പ്രശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു. നന്ദി നമസ്കാരം.

**03.00 p.m]**

ശ്രീ. അൻവർ സാദത്ത്: സർ, ജനങ്ങൾക്ക് അമിതഭാരം ഏൽപ്പിക്കുന്ന ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ജനദ്രോഹ ബഡ്ജറ്റിനെതിരെയുള്ള കേരളത്തിലെ ജനങ്ങളുടെ പൊതുവികാരം മനസ്സിലാക്കിക്കൊണ്ട് സഭാകവാടത്തിനുമുമ്പിൽ നമ്മുടെ സഹപ്രവർത്തകരായ ശ്രീ. ഷാഫി പറമ്പിൽ, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. നജീബ് കാന്തപുരം, ശ്രീ. സി. ആർ. മഹേഷ് എന്നിവർ സത്യാഗ്രഹം ഇരിക്കുകയാണ്. അവർ നാലുപേരെയും ഞാൻ ഇത്തരുണത്തിൽ അഭിവാദ്യം ചെയ്യാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇന്നലെ അവരെ

വന്ന് കണ്ടിരുന്നു. സഭയ്ക്കുപുറത്ത് സത്യാഗ്രഹം കിടക്കുന്ന സഹപ്രവർത്തകരുടെ അടുത്തുപോയി അന്വേഷിക്കാനും അവരുടെ വികാരം ഉൾക്കൊള്ളാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മനസ്സ് കാണിക്കണമെന്നാണ് ഇത്തരുണത്തിൽ ഓർമ്മപ്പെടുത്താനുള്ളത്.

ജനവിരുദ്ധ ബഡ്ജറ്റിനെതിരെ ഇന്ന് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രതിഷേധങ്ങൾ നടക്കുകയാണ്. ആ പ്രതിഷേധങ്ങളെ അടിച്ചമർത്താനാണ് കേരളത്തിലെ സർക്കാരും പോലീസും ശ്രമിക്കുന്നത്. എറണാകുളം ജില്ലയിൽ ഡി.സി.സി. പ്രസിഡന്റിന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ മാർച്ചിലേയ്ക്ക് ഗ്രനേഡും ടിയർ ഗ്യാസും എറിഞ്ഞ്, ഞങ്ങളുടെ പ്രിയങ്കരനായ കെ.പി.സി.സി. ജനറൽ സെക്രട്ടറി ശ്രീ. അബ്ദുൽ മുത്തലിബിനെയടക്കം ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇങ്ങനെ പോലീസ് അതിക്രമം നടത്തിക്കൊണ്ട് ഞങ്ങളുടെ സമരങ്ങളെ അടിച്ചമർത്താൻ നോക്കിയാൽ അതിനെ കേരളത്തിലെ ജനങ്ങൾ ഒന്നിച്ചുനിന്ന് എതിർക്കുന്ന രാഷ്ട്രീയ സാഹചര്യമുണ്ടാകുമെന്ന് ഞാൻ ഗവൺമെന്റിനെ ഓർമ്മപ്പെടുത്തുകയാണ്.

പണ്ട് രാജാക്കന്മാർ ചില നികുതികൾ ഏർപ്പെടുത്തിയിരുന്നു. സ്ത്രീകളുടെ മാറുമറയ്ക്കുന്നതിന് നികുതി ഏർപ്പെടുത്തിയിരുന്നു. മീശക്കരം ഏർപ്പെടുത്തിയിരുന്നു. അവമാത്രമാണ് ഈ സർക്കാർ ഒഴിവാക്കിയിട്ടുള്ളത്. ബാക്കിയെല്ലാ മേഖലകളിലും നികുതി ചുമത്തുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. അതും തിരിച്ചുവരുമോയെന്നാണ് സർക്കാരിന്റെ പോക്കുകണ്ട് ജനങ്ങൾ ആശങ്കാകുലരാകുന്നതെന്ന് ഇത്തരുണത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഞാൻ പഴയൊരു സിനിമ ഓർക്കുകയാണ്. അന്നുണ്ടായിരുന്ന രണ്ട് വില്ലൻ കഥാപാത്രങ്ങളാണ് ബാലൻ കെ. നായരും ജോസ് പ്രകാശും. കേന്ദ്ര ബഡ്ജറ്റും സംസ്ഥാന ബഡ്ജറ്റും കഴിഞ്ഞപ്പോൾ, അതാണ് എനിക്ക് ഓർമ്മ വരുന്നത്. വില്ലനായ ബാലൻ കെ. നായരുടെ അടുത്ത് ചെന്നുപെട്ട നായിക അവിടെനിന്നും രക്ഷപ്പെട്ട് ജോസ് പ്രകാശിന്റെ വീട്ടിൽ കയറുന്ന അവസ്ഥയാണ് ഇന്ന് കേന്ദ്ര ബഡ്ജറ്റും സംസ്ഥാന ബഡ്ജറ്റും അവതരിപ്പിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. അത്രമാത്രം ജനങ്ങൾ പൊറുതിമുട്ടുകയാണെന്നാണ് ഈ രണ്ട് ബഡ്ജറ്റിലൂടെയും മനസ്സിലാക്കാൻ സാധിച്ചത്. ഇന്ധന വില കുറയ്ക്കുമെന്ന്

പറഞ്ഞിട്ട് ഒറ്റയടിക്ക് രണ്ട് രൂപ വർദ്ധിപ്പിച്ചു. ഇലക്ട്രിക് വാഹനം വാങ്ങാമെന്ന് വച്ചാൽ ഇലക്ട്രിക് വാഹനങ്ങൾക്ക് ആദ്യം നൽകിയിരുന്ന 50% നികുതിയിളവ് പിൻവലിച്ചു. മാത്രമല്ല, ഇപ്പോൾ ഇലക്ട്രിക് വാഹനങ്ങൾക്ക് വലിയ വിലയാണ്. വീട്ടിൽ വെറുതെ ഇരിക്കാമെന്ന് വച്ചാൽ വീട്ടുകരം കുത്തനെ കൂട്ടി. വീട് അടച്ചിട്ട് എങ്ങോട്ടെങ്കിലും പോകാമെന്ന് വച്ചാൽ അടച്ചിട്ട വീടിന് പ്രത്യേക നികുതി. വീട് വിറ്റ് എങ്ങോട്ടെങ്കിലും പോകാമെന്ന് വച്ചാൽ ന്യായവില 20% കൂട്ടിയപ്പോൾ വീട് വാങ്ങാനും ആളില്ല. അതുകാരണം വിൽക്കാനും കഴിയാത്ത സാഹചര്യം വന്നുചേരും. ഇതൊക്കെ മറക്കാൻ രണ്ടെണ്ണം അടിക്കാമെന്ന് വച്ചാൽ അതിനും വിലകൂട്ടി. എന്നാൽ താൻ കേസ് കൊടുക്കുമെന്ന് സർക്കാർ പറഞ്ഞാൽ, കോർട്ട് ഫീസും വർദ്ധിപ്പിച്ചു. ജനങ്ങൾ വലിയ ദുരിതത്തിലാണ്. ക്യാപ്സ്യൂൾ കൊടുക്കുമെന്ന് ശ്രീ. എം. വി. ജയരാജൻ പറഞ്ഞത് വാട്സാപ്പ് മെസ്സേജിൽ നമ്മൾ കണ്ടതാണ്. ഇതിനെ ന്യായീകരിക്കാൻ ഇന്ന് ക്യാപ്സ്യൂൾ പോരാ വാക്സിൻതന്നെ സി.പി.ഐ.(എം) ഇറക്കേണ്ടിവരും. എന്നാലും ജനങ്ങൾ പുച്ഛത്തോടെ തള്ളും. ഡി.വൈ.എഫ്.ഐ.-യുടെ അഖിലേന്ത്യാ

പ്രസിഡന്റായിരുന്ന ആളാണ് ഇന്ന് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി. ബഡ്ജറ്റിലെ 27-ാം ഖണ്ഡികയിലെ ഒരു കാര്യം ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിക്കുകയാണ്. 'കേരളത്തിൽനിന്ന് വിദ്യാഭ്യാസത്തിനും തൊഴിലെടുക്കുന്നതിനുമായി വിദേശത്ത് പോകുന്ന ചെറുപ്പക്കാർ അവിടെ സ്ഥിരതാമസമാക്കുന്ന സ്ഥിതിവിശേഷം വ്യാപകമായുണ്ട്. ഇതുമൂലം തൊഴിലെടുക്കാൻ പര്യാപ്തരായ യുവജനങ്ങൾ കേരളത്തിൽ കുറയുകയാണ് ' എന്നാണ് അതിൽ അദ്ദേഹം പറഞ്ഞത്. ഇങ്ങനെയൊരു ഖണ്ഡികയിൽ ഇത് കൂട്ടിച്ചേർക്കാൻ ഒരു ഡി.വൈ.എഫ്.ഐ. നേതാവിന് എങ്ങനെ സാധിച്ചു? കുറച്ചുനാളുകൾക്കുമുമ്പാണ് 'Where is my job?' എന്നുചോദിച്ച് കേന്ദ്രത്തിനെതിരെ ഡി.വൈ.എഫ്.ഐ. ഇവിടെ സമരം നടത്തിയത്. ചെറുപ്പക്കാർക്ക് തൊഴിലില്ലാത്തതുകൊണ്ടാണ് ഡി.വൈ.എഫ്.ഐ. സമരം നടത്തിയത്. അത് ഡി.വൈ.എഫ്.ഐ. ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കണമെന്നാണ് ഇത്തരുണത്തിൽ ഓർമ്മപ്പെടുത്താനുള്ളത്. ഇവിടെ തൊഴിലില്ലാത്തതുകൊണ്ടുതന്നെയാണ് 'where is my job?' എന്നുചോദിച്ച് ഡി.വൈ.എഫ്.ഐ.-യ്ക്ക് അങ്ങനെയൊരു സമരം ചെയ്യേണ്ടിവന്നത്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആ തെറ്റ് തിരുത്തണമെന്നാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. കേന്ദ്ര സർക്കാർ ചെയ്ത ഏറ്റവും വലിയ നീചപ്രവൃത്തി തൊഴിലുറപ്പ് പദ്ധതി വിഹിതം വെട്ടിക്കുറച്ചതാണ്. തൊഴിലുറപ്പ്  പദ്ധതിയിലൂടെ ഇന്ത്യയിലേയും കേരളത്തിലേയും എത്രയോ പാവപ്പെട്ട ആളുകൾക്ക് തൊഴിൽ കിട്ടിയിരുന്നു. കേന്ദ്ര ഗവൺമെന്റ് തൊഴിലുറപ്പ് പദ്ധതി വിഹിതം വെട്ടിക്കുറച്ചത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. അതിൽ ശക്തമായി പ്രതിഷേധിക്കുന്നു. ഈ സർക്കാർ ഭൂമിയുടെ ന്യായവില കഴിഞ്ഞ വർഷം 10% കൂട്ടി, ഇത്തവണ 20% കൂട്ടി, പിന്നീട് 30% കൂട്ടിയിരിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഭൂമി വിൽക്കാനും വാങ്ങാനും കഴിയാത്ത സ്ഥിതിവിശേഷമാണുള്ളത്. ഉച്ചഭക്ഷണ പദ്ധതിക്ക് വിഹിതം ഉയർത്തിയിട്ടില്ല. അതുകാരണം എൽ.പി./യു.പി. സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരാണ് ഏറ്റവും പ്രയാസപ്പെടുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി 'ശരിയാക്കാം' എന്നുപറഞ്ഞു. പക്ഷേ ധനകാര്യ വകുപ്പുമന്ത്രിയോ  ഈ ഗവൺമെന്റോ അതിന് ഫണ്ട് അനുവദിക്കാത്തതുകൊണ്ട് സ്കൂളുകളിൽ ഉച്ചക്കഞ്ഞി

നൽകുന്നതിന്റെ അവസ്ഥ വളരെ ദയനീയമാണ്. ലൈഫ് മിഷനിൽ വീട് കൊടുക്കുന്നില്ല. ലൈഫ് മിഷനുണ്ട് എന്നല്ലാതെ ഈ ഗവൺമെന്റ് അധികാരത്തിൽവന്നിട്ട് ഒരു വീടുപോലും ലൈഫ് മിഷനിൽ കൊടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഒന്നുരണ്ട് നിർദ്ദേശങ്ങൾ എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ലൈഫ് മിഷനിൽ ഒരു വീടുപോലും കൊടുക്കാൻ പറ്റാത്ത സ്ഥിതിയാണെന്ന് അദ്ദേഹം പറഞ്ഞത് വസ്തുതാപരമായി തെറ്റാണ്. 322000-ത്തിലധികം വീടുകൾ കൊടുത്തുകഴിഞ്ഞു. 60000 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. ഈ വർഷം 46000 വീടുകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവുമിറങ്ങി. ഇതാണ് വസ്തുത.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ പറഞ്ഞതിൽ വാസ്തവ വിരുദ്ധമായ യാതൊരു കാര്യവുമില്ല. കാരണം ഈ തവണ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടില്ലെന്നാണ് പറഞ്ഞത്. 2017-ലെ പട്ടികയുടെ

കാര്യമല്ല പറഞ്ഞത്, 2021-ലെ പുതിയ പട്ടിക പ്രകാരം ഉണ്ടായിട്ടില്ലെന്നാണ് പറഞ്ഞത്.

ഒരു പൊതുവിഷയമായ എയർപോർട്ട്-സീപോർട്ട് റോഡിന്റെ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സീപോർട്ട് - എയർപോർട്ട് റോഡ് ആലുവ നിയോജകമണ്ഡലത്തിലെ മാത്രം പ്രശ്നമല്ല. ഒരു സുപ്രധാന പ്രോജക്ടാണ്. എച്ച്.എം.ടി. മുതൽ മഹിളാലയം വരെ മാത്രമേ അതിന് ഫണ്ട് അനുവദിച്ചിട്ടുള്ളൂ. മഹിളാലയം മുതൽ എയർപോർട്ട് വരെ ഏകദേശം 160 കോടി രൂപ വേണ്ടിവരും. ആ 160 കോടി രൂപ ഈ ബഡ്ജറ്റ് പ്രസംഗത്തിന്റെ അവസാനഘട്ടത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചാൽ അവിടുത്തെ യാത്രാദുരിതത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കും. ആലുവയിലെ രൂക്ഷമായ ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇക്കാര്യം പലതവണ ഗവൺമെന്റിന്റെ മുമ്പിലും നിയമസഭയിലും അവതരിപ്പിച്ചിട്ടുമുണ്ട്. അതുവഴി പോകുന്നതുകൊണ്ട് അവിടുത്തെ ഗതാഗതക്കുരുക്ക് ബഹുമാനപ്പെട്ട മന്ത്രിമാർക്കറിയാം. അതുകൊണ്ട് ആലുവ മാർക്കറ്റ് റോഡ്

വികസിപ്പിക്കുന്നതിനുവേണ്ടി പത്തുകോടി രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആലുവയിൽ 190 MLD-യുടെ പുതിയ കുടിവെള്ള പദ്ധതിയുണ്ട്. ഇത് ആലുവയുടെ മാത്രം പദ്ധതിയല്ല. ഏകദേശം പതിനാലോളം പഞ്ചായത്തുകളും അഞ്ചോളം മുനിസിപ്പാലിറ്റികളും കൊച്ചി കോർപ്പറേഷനുമടക്കമുള്ള കുടിവെള്ള പദ്ധതിയാണ്. അതിന് ഏകദേശം 316 കോടി രൂപ ആവശ്യമാണ്. എം.എൽ.എ. ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നില്ലെന്നാണ് അവിടെ സി.പി.ഐ.(എം) അടക്കമുള്ള പാർട്ടികൾ പറയുന്നത്. ഫണ്ട് അനുവദിക്കാതെ എം.എൽ.എ. ഈ പദ്ധതിയുമായി എങ്ങനെ മുന്നോട്ടുപോകാനാണ്? ഈ കുടിവെള്ള പദ്ധതിക്കും ഫണ്ട് അനുവദിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. ജനദ്രോഹ ബഡ്ജറ്റായതുകൊണ്ട് ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു.

**ശ്രീ. കെ. ബാബു (നെന്മാറ):** സർ, കാൽനൂറ്റാണ്ട് മുന്നിൽകണ്ട് വിജ്ഞാനാധിഷ്ഠിത സമൂഹം വാർത്തെടുത്ത് നവകേരളം വിഭാവനം ചെയ്യുന്ന കാർഷിക-വ്യാവസായിക-ഉൽപ്പാദന-തൊഴിൽ മേഖലകളിൽ മുന്നേറ്റവും

എല്ലാ വിഭാഗം ജനങ്ങളെയും ചേർത്തുപിടിക്കുകയും ചെയ്യുന്ന എൽ.ഡി.എഫ്. സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. സഭാകവാടത്തിനുമുന്നിൽ യു.ഡി.എഫ്. അംഗങ്ങൾ സത്യാഗ്രഹം നടത്തുന്നുണ്ടെന്ന് ശ്രീ. അൻവർ സാദത്ത് പറഞ്ഞു. കേരളത്തിന്റെ തെരുവോരങ്ങളിലേയ്ക്ക് സമരാഭാസവുമായി ചിലർ ഇറങ്ങിത്തിരിക്കുന്നുണ്ട്. അതിക്രമസമരം നടത്തിയാൽ അതിനെയെല്ലാം കൈയുംകെട്ടി നോക്കിനിൽക്കുന്ന ഗവൺമെന്റാണ് എൽ.ഡി.എഫ്. ഗവൺമെന്റെന്ന് ധരിക്കുന്നത് തിരുത്തണമെന്നാണ് എനിക്ക് അവരോട് അഭ്യർത്ഥിക്കാനുള്ളത്. എല്ലാവർക്കും സമരം നടത്താൻ അവകാശമുണ്ട്. അവർ സമരം നടത്തട്ടെ. ആസൂത്രണ കമ്മീഷനെ പിരിച്ചുവിട്ട് രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി ഓരോ സംസ്ഥാനത്തിനും വീതംവയ്പ്പ് നടത്തുന്ന കേന്ദ്ര ഗവൺമെന്റാണ് ഇന്ന് അധികാരത്തിലുള്ളത്. അതുകൊണ്ടാണ് പത്താം ധനകാര്യ കമ്മിഷന്റെ കാലത്ത് സംസ്ഥാനത്തിന് ലഭിക്കേണ്ട 3.875 ശതമാനം 1.94 ശതമാനമാക്കി വെട്ടിക്കുറച്ചത്. ജി.എസ്.ടി.-യിൽ 16 ശതമാനം ആഡംബര നികുതിയുണ്ടായിരുന്നത്

സമ്പന്നർക്കുവേണ്ടി 11 ശതമാനമായി കുറച്ചു. മാത്രമല്ല നികുതി കുറച്ചപ്പോൾ സാധനങ്ങളുടെ വില കുറച്ചില്ല, അതിന്റെ ഭാഗമായി 6,000 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിനുണ്ടായത്. കേന്ദ്രത്തിന്റെ ധനകമ്മി ജി.എസ്.ഡി.പി.-യുടെ 5.9 ശതമാനമാണ്, സംസ്ഥാനത്തിന്റേത് 3.5 ശതമാനവും. കോവിഡ്, പ്രളയം, നിപ, ഓഖി മുതലായ കെടുതികളെ അതിജീവിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഈ കാലഘട്ടത്തിൽ കോവിഡാനന്തരം, കേരളത്തിന്റെ സാമ്പത്തിക വളർച്ച 12 ശതമാനവും വ്യാവസായിക വളർച്ച 17 ശതമാനവും കാർഷിക വളർച്ച 4 ശതമാനവുമാണ്. ഇത് കേരളത്തിന് വലിയ ആശാവഹംതന്നെയാണ്. കേന്ദ്രം അനുവദിച്ച പരിധിക്ക് പുറത്തുനിന്ന് കേരളം കടമെടുത്താൽ കേന്ദ്രം വാളെടുക്കും. ചില മാധ്യമങ്ങൾ കേരളം കടക്കെണിയിലാണെന്ന് മുറവിളി കൂട്ടുകയാണ്. കേന്ദ്രത്തിന് പരിധിയില്ലാതെ കടമെടുക്കാൻ അവകാശമുണ്ട്. ആരാണ് ചോദ്യം ചെയ്യുന്നത്? കേരളത്തിന്റെ മൂലധനനിക്ഷേപത്തിന് ശക്തി പകരാൻ കൊണ്ടുവന്ന കിഫ്ബിയെ തകർക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുകയാണ്. നാട്ടിൽ വികസനം നടക്കണ്ടേ? നാടിന്റെ വികസനത്തിന്റെ കാര്യം പറഞ്ഞ്

പാർലമെന്റിലേയ്ക്ക് 18 എം.പി.-മാരെ കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുത്ത് വിട്ടിട്ടുണ്ട്. പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഒരൊറ്റ പദ്ധതിയും കേരളത്തിന് ഇല്ലാതിരുന്നപ്പോൾ വായും തുറന്നിരിക്കുകയെന്നല്ലാതെ കേരളത്തിന്റെ അവകാശങ്ങൾക്കുവേണ്ടി 18 എം.പി.-മാരിൽ ആരെങ്കിലുമൊരാൾ ശബ്ദിച്ചോ; അതിന് യു.ഡി.എഫ്. മറുപടി പറയണ്ടേ; പിന്നെ എങ്ങനെയാണ് കേരളം മുന്നോട്ടുപോകുന്നത്? സംസ്ഥാന സർക്കാരിന് ഒട്ടും ഇഷ്ടമില്ലാതിരുന്നിട്ടും നികുതികൾ വർദ്ധിപ്പിക്കേണ്ടിവന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രിതന്നെ ഇവിടെ പറഞ്ഞതാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിക്കുന്നതിനിടയിൽ ചില പത്രവാർത്തകളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അതിലൊന്ന് 'അടിയോടടി അയ്യോ' എന്നാണ്. എന്നാൽ ശ്രീ. പി. സി. വിഷ്ണുനാഥ് ഉദ്ദേശിച്ചത് 'അടിയോടടി 'ഐ.' 'എ.' എന്നാണ്. കേരളത്തിലെ കോൺഗ്രസ്സിനകത്തുള്ള പ്രബലമായ രണ്ട് ഗ്രൂപ്പുകളുടെ അടിയാണ് അതിൽ സൂചിപ്പിച്ചത്. അതിലെ ചിത്രങ്ങൾ നോക്കിയില്ലേ; ഒരുഭാഗത്ത് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ, മറുഭാഗത്ത് ശ്രീ.

രമേശ് ചെന്നിത്തല, മറ്റൊരുഭാഗത്ത് ശ്രീ. കെ. മുരളീധരൻ, അപ്പുറത്തുനിൽക്കുന്നത് കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. സുധാകരൻ. ഇതിനെല്ലാം മുകളിലായി ഡോ. ശശി തരൂർ നിന്ന് ചിരിക്കുന്നതുമാണ്. 'ഐ.' 'എ.' അടിയോടടി' എന്നാണ് ആ പത്രം സൂചിപ്പിച്ചതെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. ചില മാധ്യമ സുഹൃത്തുക്കൾ ചെണ്ടയും കോലുമായിട്ടാണ് ജനങ്ങൾക്കിടയിലേയ്ക്ക് എൽ.ഡി.എഫ്.-നെ കൊട്ടാൻ തക്കംപാർത്ത് പോയത്. എന്നാൽ എന്താണ് സ്ഥിതി? ഇലഞ്ഞിത്തറ മേളവും പാണ്ടി മേളവും ഒടുവിൽ പൊങ്കാലയുമിട്ടാണ് ഈ മാധ്യമങ്ങളെ കേരളത്തിലെ ജനങ്ങൾ ബഡ്ജറ്റിനുശേഷം തിരിച്ചയച്ചതെന്ന് മനസ്സിലാക്കാൻ കഴിയും. 60 കഴിഞ്ഞ വയോധികരായ 62 ലക്ഷം ആളുകൾക്ക് അന്നം മുട്ടാതിരിക്കാൻ പെൻഷൻ നൽകുന്നതിന് എതിരായാണോ യു.ഡി.എഫ്.-ലെ നാല് എം.എൽ.എ.-മാർ നിയമസഭയ്ക്ക് മുന്നിലിരുന്ന് സത്യാഗ്രഹം നടത്തുന്നത്? നാളെ നിങ്ങളെയൊക്കെ അന്നം മുടക്കികളെന്ന് കേരളത്തിലെ ജനത വിളിക്കുമെന്ന് നിങ്ങൾ മറന്നുപോകരുത്. ഇന്ത്യയിൽ ദരിദ്രരുടെ എണ്ണം 28 കോടിയിൽനിന്നും 32

കോടിയായി വർദ്ധിച്ചു. ഭക്ഷ്യ സബ്സിഡി 89,844 കോടി രൂപയാണ് വെട്ടിക്കുറച്ചത്. എന്നാൽ കേരളത്തിൽ സബ്സിഡിക്കുമാത്രമായി 2190 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. അത് സാധാരണക്കാരന്റെ അന്നം മുട്ടാതിരിക്കാനാണെന്ന തിരിച്ചറിവ് യു.ഡി.എഫ്.-നുണ്ടാകണം. കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിക്ക് 29,400 കോടി രൂപയാണ് വെട്ടിക്കുറച്ചത്. ആ തൊഴിലുറപ്പിനൊരു ഉറപ്പുണ്ടാക്കാൻ കേരളത്തിൽ 230 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിനെ തൊഴിലാളികളാണ് അംഗീകരിക്കുന്നത്. സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി വിഹിതം 1200 കോടി രൂപയാണ് കേന്ദ്രം വെട്ടിക്കുറച്ചത്. പക്ഷേ അങ്കണവാടിയിലെ കുട്ടികൾക്കുപോലും പാലും മുട്ടയും നൽകാൻ 63.5 കോടി രൂപ ഈ സർക്കാർ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചു. ഗ്രാമവികസന രംഗത്ത് 5113 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റിൽ വെട്ടിക്കുറച്ചത്. എന്നാൽ കേരളം 14149 കോടി രൂപയാണ് ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനായി മാറ്റിവച്ചത്. ന്യൂനപക്ഷ-പിന്നോക്ക വിഭാഗ സ്കോളർഷിപ്പുകൾ കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചപ്പോൾ സംസ്ഥാനം

സ്റ്റൈപ്പന്റിനും സ്കോളർഷിപ്പിനും മാത്രമായി 1013 കോടി രൂപ മാറ്റി വച്ചുവെന്നത് ആരുടെ പക്ഷത്താണ് ഈ ഗവൺമെന്റെന്ന് തെളിയിക്കുകയാണ്.

ഇന്ത്യയിൽ സ്ത്രീകളും കുട്ടികളും പ്രത്യേകിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുൾപ്പെടെ അതിക്രൂരമായി പീഡിപ്പിക്കപ്പെടുമ്പോഴും കേരളത്തിൽ സ്ത്രീസുരക്ഷ ഉറപ്പാക്കാൻ 14 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. നിർഭയ, കുടുംബശ്രീ, വനിത സഹകരണ സംഘം, വനിത തൊഴിലവസരങ്ങൾ എന്നിവയ്ക്കും തുക വകയിരുത്തിയിട്ടുണ്ട്. അങ്കണവാടി പ്രവർത്തകർക്കായി ഇൻഷ്വറൻസ് ഏർപ്പെടുത്തി. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം, 80 ശതമാനവും സ്ത്രീകൾമാത്രം പണിയെടുക്കുന്ന തൊഴിലുറപ്പ് പദ്ധതിക്ക് 230 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ജെൻഡർ പാർക്ക്, മഴവിൽ പദ്ധതി എന്നിവയ്ക്കും തുക വകയിരുത്തി. അതിനുമപ്പുറം ആർത്തവ സുരക്ഷയും ഉൽപ്പന്നങ്ങളുടെ അമിതവിലയും പരിസ്ഥിതി മലിനീകരണവും മറികടക്കുക എന്ന ലക്ഷ്യത്തിനായി മെൻസ്ട്രുവൽ കപ്പുകളുടെ ഉപയോഗം

പ്രോത്സാഹിപ്പിക്കുന്നതിന് തുക വകയിരുത്തി. അതും ശ്രീ. പി. സി. വിഷ്ണുനാഥ് മറ്റാരുടെയൊക്കെയോ പിതൃത്വത്തിലേയ്ക്ക് കൊണ്ടുപോയെങ്കിലും അതിനെ അംഗീകരിച്ചിരിക്കുന്നു എന്നതിൽ ഏറെ അഭിമാനിക്കേണ്ടിയിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതത്തിൽനിന്നും 5 ശതമാനം തുക വനിതകൾക്കുവേണ്ടി മാറ്റിവയ്ക്കുന്നുവെന്നത് സ്ത്രീകളോട് ഈ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടി എങ്ങനെയാണെന്നുള്ളത് വ്യക്തമാക്കും. 2023 ജനുവരി 26-ന് റിപ്പബ്ലിക് ദിനത്തിൽ കേരളത്തിലെ 3.9 ലക്ഷം കുടുംബശ്രീ യൂണിറ്റുകളിൽനിന്നുമായി 46 ലക്ഷം വനിതകളും വയോധികരും കുട്ടികളും ഉൾപ്പെടെ ഭരണഘടന സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ പങ്കാളികളായിയെന്നതിൽ അഭിമാനിക്കുന്നു. അതിന് നേതൃത്വം കൊടുത്ത വകുപ്പിനെയും മന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുന്നു.

കേന്ദ്രം പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി അടച്ചുപൂട്ടുക മാത്രമല്ല, അത് വിൽപ്പനയ്ക്ക് വച്ചിരിക്കുകയുമാണ്. കേരളത്തിന്റെ സ്റ്റാർട്ടപ്പ് മിഷനാണ് അന്താരാഷ്ട്ര തലത്തിൽ നാലാം സ്ഥാനം ലഭിച്ചതെന്നതിൽ

നമുക്ക് അഭിമാനിക്കാം. വ്യാവസായിക ഇടനാഴി, ആയിരം സംരംഭങ്ങളിലൂടെ നാലുവർഷത്തിനകം ലക്ഷം കോടിയുടെ ഉൽപ്പാദന പാക്കേജ്, വിഴിഞ്ഞം തുറമുഖത്തിന്റെ ചുറ്റുമായി വ്യാവസായിക ഇടനാഴി, മേക്ക്-ഇൻ-കേരള എന്ന നിലയിലേയ്ക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് കേരളത്തിലെ യുവജനങ്ങളെ പുതിയ ലോകത്തിലേയ്ക്ക് പടുത്തുയർത്തുക എന്നതാണ് വ്യവസായ വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള മാറ്റം. കോവിഡാനന്തരം വിനോദസഞ്ചാര മേഖലയിൽ ടൂറിസ്റ്റുകളുടെ കുടുംബസമേതമുള്ള ഒഴുക്കാണ്. ആഭ്യന്തരമാകട്ടെ, വിദേശികളാകട്ടെ, ടൂറിസ്റ്റുകൾ കേരളത്തിന്റെ പല വേദികളിലേയ്ക്കും ഒഴുകിയെത്തുകയാണ്. അന്താരാഷ്ട്ര അംഗീകാരം കേരളത്തിന് നേടിയെടുക്കാൻ കഴിഞ്ഞു. കേരളത്തിലെ എഴുപതിനായിരം പേർക്കാണ് കെ-ഫോൺ സൗജന്യമായി കൊടുക്കുന്നത്. വിദ്യാഭ്യാസ രംഗത്തും ഒന്നാമതാണ് കേരളം. നഴ്സിംഗ് പഠനത്തിനുൾപ്പെടെ താലൂക്കാശുപത്രികളെ ഉപയോഗപ്പെടുത്തുമെന്ന് പറയുന്നത് കേരളത്തിലെ പുതിയ തൊഴിലവസരങ്ങൾക്കുള്ള കാര്യമായി കാണുന്നു. ലോകാരോഗ്യരംഗത്ത് നാം ഒന്നാമതെത്തി നിൽക്കുമ്പോൾ ലോകോത്തര

ഹെൽത്ത് ക്ലബ്ബാക്കി കേരളത്തെ മാറ്റും. രണ്ടുവർഷംകൊണ്ട് ഭൂമിയില്ലാത്ത അമ്പതിനായിരം പേർക്ക് ഭൂമിയുടെ അവകാശം കൊടുക്കാൻ കഴിഞ്ഞെങ്കിൽ, മുത്തങ്ങയിലെ 242 പേർക്കുൾപ്പെടെ പട്ടികവർഗ്ഗത്തിൽപ്പെട്ട 1752 പേർക്കാണ് കേരളത്തിൽ ഭൂമി നൽകിയിട്ടുള്ളത്. വീടില്ലാത്ത 71861 പേർക്കാണ് ലൈഫ് മിഷനിലൂടെ പുതുതായി വീട് കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചത്. സ്പോർട്സ് ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ - കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലത്തിൽ, ആദ്യമായി സ്പോർട്സ് കൗൺസിൽ നിലവിൽ വന്നതിൽ അഭിമാനിക്കാം. ബഡ്ജറ്റ് സമ്മേളനത്തോടനുബന്ധിച്ച് ചില പ്രതിപക്ഷ എം.എൽ.എ.-മാർ പരിഹാസരൂപേണ ചോദിച്ചു, മുഖ്യമന്ത്രിയുടെ നോർവെ സന്ദർശനത്തിലെ പ്രധാന നേട്ടങ്ങളിലൊന്നായി കണ്ട് പത്രങ്ങൾ പ്രചരിപ്പിച്ചിരുന്ന ഒരുകാര്യം അവർ കണ്ടില്ല എന്നതാണ്. പത്രങ്ങൾ വായിക്കാൻ അവർ തയ്യാറാകണം. കേരളത്തിൽ ലോകസമാധാന സമ്മേളനം വിളിച്ചുചേർക്കാനുള്ള കേരള സർക്കാരിന്റെ ആവശ്യത്തെ ഗൗരവമായി പരിഗണിക്കാമെന്ന് Nobel Peace Center Executive Director

Kjersti Flogstad മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ പറഞ്ഞകാര്യം ഞാൻ ഒന്നുകൂടി നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. ഭാരത് ജോഡോ യാത്രയെക്കുറിച്ച് ധാരാളം എം.എൽ.എ.-മാർ ഇവിടെ സംസാരിച്ചു. അതിൽ സി.പി.ഐ.(എം) പങ്കെടുത്തില്ലെന്നാണ് അവരുടെ ആക്ഷേപം. ജോഡോ യാത്രയിൽ ശ്രീ. നരേന്ദ്ര മോദിക്കെതിരെയും ബി.ജെ.പി.-ക്കെതിരെയും നാലായിരം കിലോമീറ്റർ ദൂരം സഞ്ചരിച്ചാണ് അവർ പ്രതിഷേധിച്ചത്. എന്റെ നിയോജകമണ്ഡലത്തിലെ മുതലമട പഞ്ചായത്തിലാണ് ജോഡോ യാത്ര അവസാനിച്ച് ഒരാഴ്ചയ്ക്കകം ബി.ജെ.പി.-യുമായി കൈകോർത്തുപിടിച്ച് എൽ.ഡി.എഫ്.-ന്റെ പ്രസിഡന്റിനെതിരെ അവിശ്വാസ പ്രമേയം പാസ്സാക്കിയത്. നിങ്ങളെ എങ്ങനെയാണ് വിശ്വസിക്കുക; ബി.ജെ.പി.-യുമായി സന്ധി ചെയ്യുന്നവരല്ലേ നിങ്ങൾ? ഈ ഭരണത്തെ അട്ടിമറിക്കുന്നതിനുവേണ്ടി കൂട്ടുനിന്നവരാണ് ബി.ജെ.പി.

ബഡ്ജറ്റ് ചർച്ചയ്ക്കിടെ ബഹുമാനപ്പെട്ട അംഗം സജീവ് ജോസഫ് ഞങ്ങളോട് ചോദിക്കുന്നു, 'നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായി' എന്ന്. കടമ്മനിട്ട കവിത ചൊല്ലുകയാണ് അദ്ദേഹം. ഞങ്ങൾക്കും

അതുതന്നെയാണ് പറയാനുള്ളത്. 80 മുതൽ 100 വരെ സീറ്റുണ്ടായിരുന്ന നിങ്ങളിപ്പോൾ നിങ്ങളോർക്കുക നിങ്ങളെങ്ങനെ ഈ ഗതിയിലായെന്ന് ചിന്തിക്കുന്നത് നല്ലതായിരിക്കും. 'പുഷ്പനെ അറിയാമോ' എന്നൊരു പാട്ട് അദ്ദേഹം പാടുന്നത് കേട്ടു. എന്തർത്ഥത്തിലാണ് അത് പാടിയതെന്ന് എനിക്ക് മനസ്സിലായില്ല. ആകാശംമുട്ടെ പറന്നുയരേണ്ട ഞങ്ങളുടെ പ്രിയപ്പെട്ട പുഷ്പന്റെ ചിറകരിഞ്ഞവരാണ് നിങ്ങൾ. ഞങ്ങളത് മറന്നുപോയിട്ടില്ല. അത് വീണ്ടും ഓർമ്മപ്പെടുത്തരുത്. 1994-ലെ വിദ്യാഭ്യാസ കച്ചവടത്തിനെതിരെ പടപൊരുതിയ സഖാക്കൾ കെ. കെ. രാജീവൻ, മധു, റോഷൻ, ബാബു, ഷിബുലാൽ എന്നീ രക്തനക്ഷത്രങ്ങളെ നെഞ്ചിലേറ്റി നടക്കുന്നവരാണ് ഞങ്ങൾ. നിങ്ങൾ ഞങ്ങളെ വീണ്ടും വീണ്ടും അത് ഓർമ്മപ്പെടുത്തുമ്പോൾ നിങ്ങളോട് ഒന്നേ പറയാനുള്ളൂ, കുത്തി നോവിക്കരുത് എന്ന്. ചാവക്കാട് ഖനീഫയെ നിങ്ങൾ ഓർക്കുന്നോ; നിങ്ങളല്ലേ കൊലപ്പെടുത്തിയത്; അയ്യന്തോളിലെ മധു ഈച്ചരത്തിനെയും ലാൽജിയേയും നിങ്ങൾ ഓർക്കുന്നോ? അതുകൊണ്ട് നിങ്ങളോർക്കുക

നിങ്ങളെങ്ങനെ നിങ്ങളായെന്ന് എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 ഫെബ്രുവരി മാസം 08-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.24-ന് പിരിഞ്ഞു.)

* * * * * * *

## അനുബന്ധം-I

II 07-02-2023-ലെ ചോദ്യംനമ്പർ *92-ന്റെ ഉത്തരത്തിലെ അനുബന്ധം

ഇടുക്കി ജില്ലയിലെ ഭൂമി സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി, ബഹു. വനം വന്യജീവി വകുപ്പുമന്ത്രി, അഡ്വക്കേറ്റ് ജനറൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 10-01-2023 രാവിലെ 10.30-ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്

യോഗത്തിൽ പങ്കെടുത്തവർ;

1) ഡോ. വി. പി. ജോയി ഐ.എ.എസ്, ചീഫ് സെക്രട്ടറിയും

2) ഡോ. എ. ജയതിലക് ഐ.എ.എസ്, അഡീഷണൽ ചീഫ് സെകട്ടറി, റവന്യൂ വകുപ്പ്

3) ശ്രീ. കെ. ആർ. ജ്യോതിലാൽ ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്

4) ഡോ. ശർമ്മിളാ മേരി ജോസഫ് ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

5) ശ്രീ. ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്, PCCF &HFF

6) ശ്രീമതി അനുപമ. റ്റി.വി, ഐ.എ.എസ്, ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

22-08-2019-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭൂപതിവ് ആക്റ്റിൽ ഭേദഗതി വരുത്തണമെന്ന നിർദ്ദേശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി കൂടിയാലോചന നടത്തുന്നതിനായിട്ടാണ് ഈ യോഗം വിളിച്ച് ചേർത്തിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആമുഖമായി പറഞ്ഞു. ജീവനോപാധിയ്ക്കായി നടത്തിയ ചെറുനിർമ്മാണങ്ങളും (1500 square Feet) വകമാറ്റിയുള്ള ഉപയോഗവും ക്രമവത്ക്കരിക്കുന്നതിനുവേണ്ടി കേരള ഭൂപതിവ് നിയമ ഭേദഗതിയും ചട്ടനിർമ്മാണവും സംബന്ധിച്ച വിശദാംശങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. 1960-ലെ ഭൂപതിവ് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താവുന്നതാണെന്ന് അഡ്വക്കേറ്റ് ജനറലും നിയമവകുപ്പ് സെക്രട്ടറിയും അഭിപ്രായപ്പെട്ടു. 1500 ചതുരശ്ര അടിക്ക് മുകളിലുള്ള നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നത് സംബന്ധിച്ച് കൂടുതൽ പരിശോധനയും കൂടിയാലോചനകളും നടത്തുന്നത് ഉചിതമായിരിക്കുമെന്ന് ബഹുമാനപ്പെട്ട

റവന്യൂ വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. 1500 ചതുരശ്ര അടിക്ക് മുകളിലുള്ള നിർമ്മാണങ്ങൾക്ക് 'Green Cess' ചുമത്തുന്ന കാര്യവും പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചു. പൊതുസ്ഥലങ്ങൾ എന്ന് വിവക്ഷിക്കപ്പെടുന്ന (Public Places) കെട്ടിടങ്ങൾക്ക് പൊതുവെ ഇളവ് നൽകേണ്ടിവരുന്ന കാര്യവും നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യവും പരിശോധിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. തുടർന്ന് വിശദമായ ചർച്ചകൾക്കുശേഷം ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1) 1960-ലെ ഭൂപതിവ് നിയമത്തിൽ കൃഷി ആവശ്യത്തിനായി നൽകിയ ഭൂമി വകമാറ്റിയുള്ള ഉപയോഗം ക്രമവൽക്കരിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്ന പുതിയ വകുപ്പ് ചേർക്കുവാൻ ഭേദഗതി കൊണ്ടുവരിക. ഇത് വരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുക.

2) മേൽ നിയമ ഭേദഗതി വഴി സർക്കാരിന് ലഭിക്കുന്ന അധികാരം വിനിയോഗിച്ച് വിവിധ വകമാറ്റലുകളെ ക്രമപ്പെടുത്തുന്നതിനായി പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുക.

3) ജീവനോപാധിയ്ക്കായി നടത്തിയിട്ടുള്ള 1500 സ്ക്വയർഫീറ്റ് വരെയുള്ള ചെറിയ തരത്തിലുള്ള നിർമ്മാണങ്ങളും അതിൽപ്പെടുന്ന ജീവനോപാധിക്കായി തിരിച്ചിട്ടുള്ള ചെറിയ കടമുറികളും അപേക്ഷാഫീസും ക്രമവൽക്കരിക്കുന്നതിനുള്ള പ്രത്യേക ഫീസും ഈടാക്കി ക്രമപ്പെടുത്താവുന്നതാണ്. ഇവ ക്രമീകരിക്കുമ്പോൾ താമസിക്കുന്നതിനുള്ള 1500 സ്ക്വയർഫീറ്റ് വരെയുള്ള നിർമ്മാണങ്ങളും അതിൽപ്പെടുന്ന ജീവനോപാധിക്കായി തിരിച്ചിട്ടുള്ള ചെറിയ കടമുറികളും അപേക്ഷാഫീസും ക്രമവത്ക്കരിക്കുന്നതിനുള്ള പ്രത്യേക ഫീസും ഈടാക്കി ക്രമപ്പെടുത്താവുന്നതാണ്.

4) 1500-ന് മുകളിൽ വിസ്തീർണ്ണമുള്ള നിർമ്മിതികളെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് വലിയ നിർമ്മിതികൾക്ക് അപേക്ഷാഫീസ്, ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് എന്നിവയ്ക്ക് പുറമെ സെസ്, വാർഷിക സെസ്, പരിസ്ഥിതി സംരക്ഷണത്തിനായി ഗ്രീൻ ടാക്സ് എന്നിവ ഈടാക്കി ക്രമപ്പെടുത്തുന്ന കാര്യം ആവശ്യമായ കൂടിയാലോചനകൾ നടത്തി തീരുമാനിക്കാവുന്നതാണ്.

5) പൊതു ആവശ്യത്തിനുള്ള നിർമ്മിതികളെ ക്രമപ്പെടുത്തുമ്പോൾ അവ പ്രത്യേകമായി വേണം പരിഗണിക്കുവാൻ.

6) വകമാറ്റിയുള്ള നിർമ്മാണങ്ങളും ഭൂവിനിയോഗങ്ങളും ക്രമീകരിക്കുന്നതിനുള്ള പുതിയ നിയമം നിലവിൽ വരുന്ന തീയതി വരെയുള്ളവ മറ്റു വ്യവസ്ഥകൾക്കനുസൃതമാണെങ്കിൽ ക്രമവൽക്കരിക്കുക.

7) ചരിഞ്ഞ പ്രതലങ്ങളിലെ നിർമ്മാണങ്ങൾക്കനുസൃതമായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണോ എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിക്കണം.

8)സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിലുള്ള ക്രമീകരണങ്ങൾ ആവശ്യമായി വരാം. അതിനാൽ പുതുതായി കൊണ്ടുവരുന്ന ചട്ടങ്ങൾ പ്രകാരമുള്ള ക്രമവൽക്കരണം സംസ്ഥാനത്തിന് പൊതുവേ ബാധകമാക്കണം.

9) കൃഷി ആവശ്യത്തിനായി പതിച്ചുനൽകിയതും എന്നാൽ ഇപ്പോൾ കൃഷിയിലേർപ്പെടാത്തതുമായ ഭൂമി മറ്റേതെങ്കിലും ആവശ്യത്തിനായി പരിവർത്തനം ചെയ്ത് ഉപയോഗിക്കുന്നതിന് (conversion of agricultural land

to non agricultural land) അനുമതി നൽകാവുന്ന വിധം നിയമത്തിൽ ഭേദഗതി കൊണ്ടുവരണം.

10) മേൽ സൂചിപ്പിച്ച വകമാറ്റിയുള്ള വിനിയോഗം സാധൂകരിക്കുന്നതിനോടൊപ്പം കാർഷികേതര ആവശ്യത്തിന് പരിവർത്തനം ചെയ്ത്, സർക്കാർ അനുമതിയോടെ വിനിയോഗിക്കുന്നതിന് കഴിയും വിധം, പുതിയ ചട്ടങ്ങൾ രൂപീകരിക്കണം.

11) ഇതുകൂടി ഉൾപ്പെടുത്തി 1960-ലെ ഭൂപതിവ് നിയമത്തിൽ ആവശ്യമായ ഭേദഗതി ഈ വരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

12) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ള 20384.59 ഹെക്ടർ ഭൂമിയിൽ, CHR പട്ടയം നൽകുവാനും, ബാക്കി ഉള്ളവയിൽ അടിയന്തര തീരുമാനം എടുക്കുവാനും റവന്യൂ, വനം വകുപ്പ് സെക്രട്ടറിമാരും ജില്ലാ കളക്ടറും ചേർന്ന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

13) ഇടുക്കി ജില്ലയിലെ അറക്കുളം, ഉടമ്പന്നൂർ, വെള്ളിയാമറ്റം, കുഞ്ചിക്കുഴി, ഇരട്ടയാർ, ഉടുമ്പൻചോല, വണ്ടൻമേട്, അയ്യപ്പൻകോവിൽ, കാഞ്ചിയാർ,

രാജക്കാട്, കൊന്നത്തടി, കുഞ്ചിത്തണ്ണി, കല്ലാർക്കുടി, വണ്ടൻമേട്, കൽക്കുന്തൽ, പാറത്തോട്, ആനവിലാസം, ഉപ്പുതോട്, വാത്തിപ്പൊടി, പൂപ്പാറ, ശാന്തൻപാറ, ആനവിരട്ടി, പള്ളിവാസൽ, കെ.ഡി.എച്ച്, വെള്ളത്തൂവൽ, ചിന്നക്കനാൽ, ബൈസൺവാലി, മൂന്നാർ, ഇടമലർക്കുടി തുടങ്ങിയ പ്രദേശങ്ങളിലെ പട്ടയ വിതരണം സംബന്ധിച്ച് റവന്യൂ വകുപ്പും വനം വകുപ്പും ആവശ്യമുള്ള ഇടങ്ങളിൽ KSEB-യും ജില്ലാ കളക്ടറും സംയുക്തമായി പരിശോധന നടത്തി എല്ലാ പ്രശ്നങ്ങൾക്കും സമയബന്ധിതമായി ശാശ്വത പരിഹാരം കാണുവാനും നിർദ്ദേശിച്ചു.

14) ഇടുക്കി ജില്ലയിലെ ആനവിലാസം വില്ലേജിനെ, കെട്ടിട നിർമ്മാണങ്ങൾക്ക് റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രം വേണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കുന്നതിന്, ഒരാഴ്ച്ചയ്ക്കകം തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു.

യോഗം 12 മണിക്ക് അവസാനിച്ചു.

പിണറായി വിജയൻ

മുഖ്യമന്ത്രി

## അനുബന്ധം – II

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ :

### വിനോദസഞ്ചാര മേഖലയിലെ പ്രവർത്തന മികവിന് അവാർഡ്

6 (*96) ശ്രീ സി. കെ ഹരീന്ദ്രൻ;
ശ്രീ ഒ. ആർ. കേളു;
ശ്രീ. ആന്റണി ജോൺ;
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ പ്രവർത്തന മികവിന് 2022-ലെ ഇൻഡ്യ ടുഡേ അവാർഡ് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ?

കോവിഡാനന്തരം ടൂറിസം മേഖലയിൽ നടത്തിയ മികച്ച പ്രവർത്തനത്തിന് ഇന്ത്യാ ടുഡേ ടൂറിസം മേഖലയിലെ ബെസ്റ്റ് പെർഫോമിംഗ് സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിരുന്നു. 90.5 പോയിന്റ് നേടിയാണ് കേരളം ഇന്ത്യാ ടുഡേ സ്റ്റേറ്റ്സ് ഓഫ് സ്റ്റേറ്റ്

സർവേയിൽ ടൂറിസം മേഖലയിൽ ഒന്നാമത് എത്തിയത്. കോവിഡ് ഘട്ടത്തിൽ തകർന്നു കിടക്കുകയായിരുന്ന ടൂറിസം മേഖലയെ തിരിച്ചുകൊണ്ടുവരുവാൻ കേരള ടൂറിസം നടത്തിയ പ്രവർത്തനങ്ങളെ ഇന്ത്യാ ടുഡേ എടുത്തുപറഞ്ഞു. കാരവൻ പോളിസി പ്രഖ്യാപിച്ച് കാരവൻ ടൂറിസവും കാരവൻ പാർക്കും സജ്ജമാക്കിയത് ടൂറിസത്തിന് കരുത്തേകി. ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, ലിറ്റററി സർക്യൂട്ട് തുടങ്ങി നൂതന പദ്ധതികളിലൂടെ ടൂറിസം മേഖലയ്ക്ക് പുതിയ ഉണർവേകി എന്നും ഇന്ത്യാ ടുഡേ എടുത്തുപറയുന്നു.

(ബി) സഞ്ചാരികളുടെ അഭിരുചികൾക്കനുസരിച്ച് സേവനങ്ങൾ നൽകുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

സഞ്ചാരികളുടെ അഭിരുചികൾക്കനുസരിച്ച് ടൂറിസം അനുഭവവേദ്യമാക്കാനുള്ള പദ്ധതികളാണ് ടൂറിസം വകുപ്പ് ആവിഷ്കരിച്ചുനടപ്പാക്കുന്നത്. കോവിഡാനന്തരം ലോക ടൂറിസം മേഖലയിലുണ്ടാകുന്ന ട്രെൻഡുകൾക്കനുസരിച്ച് കേരള ടൂറിസത്തെയും

നയിക്കുകയാണ്. ആദ്യഘട്ടത്തിൽ സുരക്ഷിത ടൂറിസം എന്ന സന്ദേശം മുന്നോട്ടുവച്ച് ആഭ്യന്തര ടൂറിസത്തെ ആകർഷിച്ചു. ഇതിനായി കാരവൻ ടൂറിസം എന്ന പുതിയ ഉല്പന്നം രംഗത്തിറക്കി. വർക്കേഷൻ എന്ന ആശയം വ്യാപകമായപ്പോൾ വയനാട് കേന്ദ്രീകരിച്ച് പ്രത്യേക പ്രവർത്തനം നടത്തി. സഞ്ചാരികൾക്ക് അനുഭവവേദ്യ ടൂറിസത്തിന്റെ സാധ്യതകൾ കൂടിവരുന്ന ഘട്ടത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷനെ ശക്തിപ്പെടുത്തി സൊസൈറ്റിയാക്കി മികച്ച വെഡിംഗ് ഡെസ്റ്റിഷനായി കേരളം പേരെടുക്കുന്ന ഘട്ടത്തിൽ അതിനുള്ള പ്രവർത്തനങ്ങളും സജീവമാക്കി. ഈ തരത്തിൽ സഞ്ചാരികളുടെ അഭിരുചികളെ സാക്ഷാത്കരിക്കാൻ കേരള ടൂറിസം സജ്ജമാണ്. ഇതിനായി ആധുനിക സാങ്കേതിക വിദ്യയെ മികച്ച നിലയിൽ ഉപയോഗിക്കുകയാണ്. പ്രചരണ സംവിധാനങ്ങൾ ആധുനികവൽക്കരിച്ചു കഴിഞ്ഞു. കേരളത്തെ അതിവേഗം കാര്യക്ഷമമായി അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരം ഒരുക്കുന്ന ടൂറിസം വകുപ്പിന്റെ വാട്സ് ആപ്പ് ചാറ്റ് ബോട്ട് സേവനമാണ് "**മായ**". 2022 മാർച്ച് മാസത്തിൽ സേവനം ആരംഭിച്ച "**മായ**" ഇതിനോടകം ഏകദേശം 2,50,000 ചാറ്റുകൾ

പൂർത്തീകരിച്ചിട്ടുണ്ട്. ഇൻഫർമേഷൻ കിയോസ്ക് വഴി വിരൽത്തുമ്പിലൂടെ വിവരങ്ങൾ അറിയാനുള്ള സംവിധാനവും വിനോദ സഞ്ചാരികൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ടൂറിസത്തിനായി പരിഷ്കരിച്ച് മൊബൈൽ ആപ്പ് പുറത്തിറക്കിയിരുന്നു. അതോടൊപ്പം ടൂറിസം കേന്ദ്രങ്ങളെ അടുത്തറിയാനുള്ള വെർച്വൽ ഗൈഡും പുറത്തിറക്കി.

(സി) വിനോദസഞ്ചാര മേഖലയുടെ സുസ്ഥിര വികസനത്തിനാവശ്യമായ നൂതന ഉല്പന്നങ്ങൾക്കും പ്രവർത്തനങ്ങൾക്കും യു.എൻ.-ന് കീഴിലുള്ള വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ സഹായ വാഗ്ദാനം ലഭിച്ചിട്ടുണ്ടോ;

(ഡി) ടൂറിസം ആഗോള ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കാനുള്ള സന്നദ്ധത സംസ്ഥാന സർക്കാർ അറിയിച്ചിരുന്നോ; വ്യക്തമാക്കുമോ?

(സി&ഡി) സ്പെയിനിലെ മാഡ്രിഡിൽ നടന്ന ലോകത്തെ രണ്ടാമത്തെ വലിയ ടൂറിസം മേളയായ ഫിത്തൂർ 43-ാം പതിപ്പിൽ UNWTO ഏഷ്യൻ & പസഫിക് റീജിയണൽ ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ ഹാരി ഹ്വാങിന്റെ നേതൃത്വത്തിലുള്ള UNWTO പ്രതിനിധി സംഘവുമായി മന്ത്രിതല

സംഘം നടത്തിയ ആശയ വിനിമയത്തിനിടെയാണ് വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ (UNWTO), സുപ്രധാന ആഗോള പരിപാടിക്ക് ആതിഥേയത്വം വഹിക്കാൻ കേരളം താൽപ്പര്യം പ്രകടിപ്പിച്ചത്. വിനോദസഞ്ചാര മേഖലയുടെ സുസ്ഥിര വികസനത്തിനാവശ്യമായ നൂതന ഉത്പന്നങ്ങൾക്കും പ്രവർത്തനങ്ങൾക്കും ആവശ്യമായ സഹായം ലഭ്യമാക്കാമെന്ന് UNWTO വാഗ്ദാനം നൽകിയിട്ടുണ്ട്.

2023 അവസാന പാദത്തിൽ കൂടുതൽ ഏഷ്യൻ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ശിൽപ്പശാല നടത്താമെന്നും UNWTO വാഗ്ദാനം ചെയ്തിട്ടുണ്ട്. കൂടാതെ "**ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികൾ 2022-23 ഗ്ലോബൽ ആർ.ടി സമ്മിറ്റ് 2023"** എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുമുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+).

**ഹർത്താലിൽ പങ്കെടുക്കാത്തവരുടെ സ്വത്ത് കണ്ടുകെട്ടുന്നതായ പരാതി**

7 (*97) ശ്രീ. നജീബ് കാന്തപുരം;
ശ്രീ. പി. കെ. ബഷീർ;
ശ്രീ. മഞ്ഞളാംകുഴി അലി;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോപ്പുലർ ഫ്രണ്ട് നടത്തിയ ഹർത്താലിൽ ഉണ്ടായ നാശനഷ്ടങ്ങൾ ഈടാക്കുന്നതിന്റെ ഭാഗമായി നടത്തുന്ന ജപ്തി നടപടികളിൽ ഹർത്താലിൽ പങ്കെടുക്കാത്തവരുടെ സ്വത്ത് കണ്ട് കെട്ടുന്നതായ പരാതി ഉണ്ടായിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പരാതികൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ബഹു. കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട വ്യക്തികളുടെ സ്വത്ത് ജപ്തി ചെയ്ത കേസുകളിൽ ലഭിച്ച പരാതികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി അർത്ഥനാധികാരികളായ അതത് ജില്ലാ

പോലീസ് മേധാവിയ്ക്ക് ജില്ലാ കളക്ടർമാർ അയച്ചുകൊടുത്തിട്ടുള്ളതും പ്രസ്തുത വിവരം ആഭ്യന്തര വകുപ്പിനെ അറിയിച്ചിട്ടുള്ളതുമാണ്.

**എല്ലാവർക്കും ഭൂമി**

8 (*98) ശ്രീ. പി. മമ്മിക്കുട്ടി;

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര പുതിയ പട്ടയങ്ങൾ അനുവദിച്ചുവെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരമേറ്റതിനുശേഷം 14 ജില്ലകളിലായി 54535 പുതിയ പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 992 |
| 2 | കൊല്ലം | 1169 |
| 3 | ആലപ്പുഴ | 635 |
| 4 | പത്തനംതിട്ട | 373 |
| 5 | കോട്ടയം | 382 |
| 6 | ഇടുക്കി | 3671 |
| 7 | എറണാകുളം | 2977 |
| 8 | തൃശ്ശൂർ | 11356 |
| 9 | പാലക്കാട് | 7606 |
| 10 | മലപ്പുറം | 10736 |
| 11 | കോഴിക്കോട് | 6738 |
| 12 | വയനാട് | 1733 |
| 13 | കണ്ണൂർ | 4221 |
| 14 | കാസർഗോഡ് | 1946 |
| | **ആകെ** | **54535** |

(ബി) ഒരോ പ്രദേശത്തെയും പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിച്ച് സമയബന്ധിതമായി പട്ടയം അനുവദിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. ഓരോ പ്രദേശത്തെയും പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിച്ച് സമയബന്ധിതമായി പട്ടയം അനുവദിക്കുന്നതിന് പട്ടയം ഡാഷ് ബോർഡ്

എന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ പ്രദേശത്തെയും പട്ടയം നൽകുന്നതിലെ പ്രശ്നങ്ങൾ ഈ വെബ് പോർട്ടലിൽ രേഖപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇവ കൃത്യമായി വിലയിരുത്തുന്നതിനായി ലാൻറ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു പട്ടയ മിഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. മിഷന്റെ ഭാഗമായി സുനാമി പുനരധിവാസത്തിന്റെ ഭാഗമായി നൽകിയിട്ടുള്ള വീട്/ഫ്ളാറ്റ്, മത്സ്യത്തൊഴിലാളി കോളനികൾ, മറ്റ് കോളനികൾ തുടങ്ങിയവയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്.

(സി) ലാൻഡ് ട്രിബ്യൂണലിൽ നിരവധി വർഷങ്ങളായി അപേക്ഷകൾ കെട്ടിക്കിടക്കുന്നതിനാൽ മലയോര മേഖലകളിലെ കുടിയേറ്റക്കാർക്ക് പട്ടയം ലഭിക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ മിക്കവാറും എല്ലാ ലാൻഡ് ട്രൈബ്യൂണലുകളിലും പട്ടയത്തിനായി അപേക്ഷിച്ചാൽ (രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും

അർഹതയുള്ള പക്ഷവും) ഉടൻ തന്നെ പട്ടയം നൽകാൻ ഇപ്പോൾ പട്ടയ മിഷനിലൂടെ കഴിയുന്നുണ്ട്. എല്ലാ ട്രൈബ്യൂണലുകളിലും 2022, 2023-ലെ അപേക്ഷകൾ പരിഗണിച്ച് ഇപ്പോൾ പട്ടയം നല്കി വരുന്നുണ്ട്.

ലാൻഡ് ട്രൈബ്യൂണലുകളിൽ വർഷങ്ങൾക്ക് മുമ്പ് ആളുകൾ നല്കിയ അപേക്ഷകൾ ഉണ്ട്. നിരവധി നോട്ടീസുകൾ അയച്ചിട്ടും ഈ കക്ഷികൾ ഹാജരാകുന്നില്ല എന്ന് ഭൂരിഭാഗം ലാൻഡ് ട്രൈബ്യൂണലുകളും അറിയിച്ചിട്ടുണ്ട്. അപേക്ഷ നൽകിയ വ്യക്തികൾ വിചാരണയ്ക്ക് ഹാജരാകാത്തതും രേഖകൾ ഹാജരാക്കാത്തതുമാണ് അപേക്ഷകൾ കെട്ടിക്കിടക്കാൻ കാരണം. ഈ അപേക്ഷകർ എന്നെങ്കിലും വരുമ്പോൾ പരിഗണിക്കാം എന്നു കരുതിയാണ് ഒഴിവാക്കാത്തത്. ഇക്കാരണത്താലാണ് ധാരാളം അപേക്ഷകൾ നിലവിലുള്ളതായി കാണുന്നത്. നിലവിൽ ലാൻഡ് ട്രൈബ്യൂണലിൽ ഹാജരാകുന്ന മുഴുവൻ വ്യക്തികൾക്കും അപ്പോൾ തന്നെ പട്ടയം നൽകാൻ കഴിയുന്നുണ്ട്. ആയതിനാൽ ആവശ്യക്കാർക്ക് യാതൊരു കാലതാമസവും ഇപ്പോൾ ഉണ്ടാകാത്തതരത്തിൽ ലാൻഡ് ട്രൈബ്യൂണൽ പ്രവർത്തനങ്ങൾ സുശക്തമാക്കിയിട്ടുണ്ട്.

## പ്രകൃതിദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ

9 (*99) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി;
ശ്രീ. പി. വി. അൻവർ;
ശ്രീമതി ശാന്തകുമാരി കെ.;
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സജ്ജം എന്നപേരിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ജനങ്ങളെ ദുരന്ത നിവാരണത്തിൽ അറിവുള്ളവരാക്കി അതിലൂടെ ദുരന്ത പ്രതികരണ ശേഷിയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച ദുരന്ത സാക്ഷരതാ പരിപാടിയാണ് സജ്ജം. ഇതിലൂടെ വിവിധ പൊതുജന ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

(ബി) ദുരന്ത ലഘൂകരണത്തിലൂടെ ദുരന്ത നിവാരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി അത് കൂടുതൽ കുട്ടികൾക്ക്

പ്രേരണയാകത്തക്കവിധം വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് ദുരന്ത നിവാരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് ആവശ്യമായ ശ്രമം നടത്തുമോ?

ദുരന്ത ലഘൂകരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കുവാനുള്ള ശ്രമങ്ങൾ 2018-19 വർഷം മുതൽ തന്നെ ആരംഭിച്ചിട്ടുണ്ട്. സ്കൂൾ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകളിലെ DIET, SCERT, SIEMAT എന്നിവയുടെ സഹകരണത്തോടെ വിവിധ പരിശീലന പരിപാടികൾ ജില്ലകളിൽ നടത്തിയിട്ടുണ്ട്.

യൂണിസെഫ്, നിംഹാൻസ് ബാംഗ്ലൂർ എന്നിവയുമായി ചേർന്ന് എസ്.സി.ഇ.ആർ.ടി. പ്രളയ ദുരന്തം ബാധിച്ച ജില്ലകളിലെല്ലാം റിക്രിയേഷണൽ കൗൺസലിംഗ് പരിപാടി സംഘടിപ്പിച്ചു. അയ്യായിരത്തോളം അധ്യാപകർക്ക് പരിശീലനം നൽകി. തുടർന്ന് പാഠഭാഗങ്ങളിൽ DRR(Disaster Risk Reduction) ആശയങ്ങൾ എങ്ങനെ ഉൾച്ചേർക്കാമെന്ന് ആലോചിക്കുന്നതിനായി ശിൽപശാലകൾ സംഘടിപ്പിച്ചു. ദേശീയ തലത്തിലുള്ള വിദഗ്ധരുടെ മേൽനോട്ടത്തിൽ നടത്തിയ

ശിൽപശാലകളുടെ ഭാഗമായി ഒന്ന് മുതൽ 12 ക്ലാസുകളിലെ വിവിധ വിഷയങ്ങളിൽ എവിടെയെല്ലാം ഏതെല്ലാം ദുരന്ത അപായ ലഘൂകരണ ആശയങ്ങൾ ഉൾപ്പെടുത്താമെന്ന ആശയപടം വികസിപ്പിച്ചു. തുടർന്ന് 8. 9, 10 ക്ലാസുകളിലെ പുസ്തകങ്ങളിൽ ഈ ആശയപടം ഉൾക്കൊള്ളിക്കുന്ന പ്രവർത്തനവും നടന്നു. 2020 മുതൽ ഹൈസ്കൂൾ ക്ലാസുകളിൽ ദുരന്ത ലഘൂകരണ ആശയങ്ങൾ കൂടി ഉൾച്ചേർത്ത പുസ്തകങ്ങളാണ് വിനിമയം ചെയ്തുവരുന്നത്. ദുരന്ത ലഘൂകരണത്തിലൂടെ ദുരന്തനിവാരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കുട്ടികൾക്ക് പ്രേരണയാകത്തക്കവിധം ഈ പാഠ്യപദ്ധതി പരിഷ്കരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

സ്കൂൾ സുരക്ഷാസംവിധാനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടുള്ള കൂടിയാലോചനാസമിതിയിൽ അതുമായി ബന്ധപ്പെട്ടുള്ള മാർഗനിർദേശകരേഖ തയ്യാറാക്കുന്നതും പഠനപദ്ധതിയുടെ ഭാഗമായി ദുരന്ത ലഘൂകരണവും മുന്നറിയിപ്പുകളും കുട്ടികളിലേക്ക് എത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ചർച്ച ചെയ്ത് നടപടി സ്വീകരിച്ചുവരുന്നു.

(സി) കാലാവസ്ഥയുമായി ബന്ധപ്പെട്ട ആഘാതങ്ങൾ ഏറിവരുന്ന പശ്ചാത്തലത്തിൽ വിദ്യാർത്ഥികളിൽ ദുരന്ത നിവാരണ പ്രതിരോധ അവബോധം സൃഷ്ടിക്കുന്നതിനും സ്കൂൾ സുരക്ഷാ പ്ലാനുകൾ തയ്യാറാക്കുന്നതിനുമായി യുനിസെഫിന്റെ സഹായത്തോടെ സ്കൂൾ ആപ്പ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കാമോ?

ഉണ്ട്. എല്ലാ സ്കൂളുകളിലും സ്കൂൾ സുരക്ഷാപ്ലാനുകൾ അഥവാ സ്കൂൾ ദുരന്തനിവാരണപ്ലാനുകൾ കുട്ടികളുടെയും അധ്യാപക-അനധ്യാപക-രക്ഷാകർത്തൃ സമിതിയുടെയും പങ്കാളിത്തത്തോടെ തയ്യാറാക്കുക, അവ നടപ്പിലാക്കുക എന്നത് ഒരു പ്രധാനപ്രവർത്തനമാണ്. ഈ സുരക്ഷാ പദ്ധതി രേഖ തയാറാക്കുന്നതിൽ അദ്ധ്യാപകരെ സഹായിക്കുക, വിവിധ ദുരന്തങ്ങളെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടെയാണ് 'ഉസ്കൂൾ' ആപ്പ് രൂപീകരിച്ചിരിക്കുന്നത്.

ഈ ആപ്പിൽ സ്കൂളുകളെക്കുറിച്ചുള്ള അടിസ്ഥാനവിവരങ്ങൾ, സ്കൂളുകളിലെ വിവിധ അപകടസാധ്യതകളുടെ വിവരണം, സ്കൂൾ സുരക്ഷാസമിതി അംഗങ്ങളുടെ വിവരങ്ങൾ, സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, അടിയന്തര

സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ടവരുടെ ഫോൺ നമ്പറുകൾ തുടങ്ങിയവയെല്ലാം രേഖപ്പെടുത്തി സുരക്ഷാപ്ലാനുകൾ തയ്യാറാക്കാവുന്നതാണ്.

'ഉസ്കൂൾ' ആപ്പുമായി ബന്ധപ്പെട്ട തുടർപരിശീലനങ്ങളുടെയും തുടർപ്രവർത്തനങ്ങളുടെയും രൂപരേഖ പരിശോധനയിലാണ്.

**മോക്ക് ഡ്രില്ലിനിടെയുണ്ടായ മരണം അന്വേഷിക്കാൻ നടപടി**

10 (*100) ശ്രീ. എം. വിൻസെൻറ്;
ശ്രീ. പി. സി. വിഷ്ണുനാഥ്;
ശ്രീ. ടി. ജെ. വിനോദ്;
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിറ്റി പത്തനംതിട്ടയിൽ വച്ച് നടത്തിയ മോക്ക് ഡ്രില്ലിനിടെ പ്രദേശവാസിയായ യുവാവ് മുങ്ങിമരിച്ച സംഭവത്തിൽ റവന്യൂ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദേശത്തെത്തുടർന്ന് സംസ്ഥാന, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ സംഘടിപ്പിക്കുന്ന മോക്ക് ഡ്രില്ലുകളിൽ പാലിക്കേണ്ട മുൻകരുതലുകളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പത്തനംതിട്ടയിൽ സംഘടിപ്പിച്ച മോക്ക് ഡ്രില്ലിൽ പ്രസ്തുത മുൻകരുതലുകളും നടപടിക്രമങ്ങളും പാലിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

**(എ-ഡി)** ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദേശാനുസരണവും, മേൽ നോട്ടത്തിലും, സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ, വിവിധ വകുപ്പുകളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ 29.12.2022 തീയതിയിൽ സംസ്ഥാന വ്യാപകമായി എല്ലാ താലൂക്ക് തലത്തിലും മോക് ഡ്രിൽ നടത്തുകയുകയുണ്ടായി.

അതത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ വിവിധ കേന്ദ്ര സേനകൾ, ദേശീയ ദുരന്ത പ്രതികരണ സേന, ഫയർ & റസ്ക്യൂ സർവ്വീസസ്സ്, പോലീസ് എന്നിവരെയും, വിവിധ വകുപ്പുകളേയും, സിവിൽ

ഡിഫൻസ്, ആപ്ദ മിത്ര, തദ്ദേശ സ്വയംഭരണ സ്ഥാപന എമർജൻസി റെസ്പോൺസ് ടീം, സാമൂഹിക സന്നദ്ധ സേന, സന്നദ്ധ സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി ഏകോപിപ്പിച്ച് കൊണ്ടാണ് പരിപാടി സംഘടിപ്പിച്ചത്.

പത്തനംതിട്ടയിൽ നടന്ന മോക്ക് ഡ്രില്ലിൽ മണിമലയാറ്റിൽ, പ്രദേശവാസിയായ പുതുശ്ശേരി മുറിയിൽ കാരക്കുന്നേൽ വീട്ടിൽ സോമൻ മകൻ ബിനു സോമൻ (34 വയസ്സ്) എന്നയാൾക്ക് ജീവഹാനി സംഭവിച്ചു. ഇതു സംബന്ധിച്ച് പത്തനംതിട്ട ജില്ലാ കളക്ടർ നൽകിയ പ്രാഥമിക റിപ്പോർട്ടിനെ തുടർന്ന് സംഭവവുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണത്തിന് സ.ഉ. (സാധാ.) നമ്പർ 10/2023/ഡിഎംഡി തീയതി 07.01.2023 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം നടന്നു വരികയാണ്.

ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

മോക്ക് ഡ്രിൽ സംബന്ധിച്ച് ദേശീയ ദുരന്ത നിവാരണ അതോറിറ്റി നല്കിയിട്ടുള്ള നിർദേശങ്ങളും പ്രസിദ്ധീകരിച്ച കൈപ്പുസ്തകവും അനുബന്ധം 1, 2 ആയി ചേർക്കുന്നു+.

മരണം സംഭവിച്ച ശ്രീ. ബിനു സോമന്റെ അനന്തരാവകാശികൾക്ക് 06.01.2023-ലെ സ.ഉ.(കൈ) നമ്പർ 1/2023/ഡിഎംഡി നമ്പർ ഉത്തരവ് പ്രകാരം 4 ലക്ഷം രൂപ ആശ്വാസധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**ഉത്തരവാദിത്ത ടൂറിസം**

11 (*101) ശ്രീ. കടകംപള്ളി സുരേന്ദ്രൻ;
ശ്രീ. എം.വിജിൻ;
ശ്രീ. കെ. ഡി. പ്രസേനൻ;
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം രംഗത്ത് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും, വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/ പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. കായൽ, ബീച്ച്, ഹിൽ, വില്ലേജ് എന്നീ മേഖലകളിലെ വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിയ പദ്ധതികളായ 'സ്ട്രീറ്റ്', 'പെപ്പർ', 'മോഡൽ ആർ ടി വില്ലേജ് പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക 'സ്ത്രീ

സൗഹൃദ ടൂറിസം' എന്ന പുതിയ പദ്ധതി മിഷൻ ഈ സാമ്പത്തിക വർഷം ആരംഭിച്ച് പരിശീലനങ്ങൾ നടന്നുവരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ തിരുവനന്തപുരം ജില്ലയിലെ മടവൂർപ്പാറ ടൂർ പാക്കേജുകൾ പുനരാരംഭിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങൾ ആരംഭിക്കുകയും ചെയ്തു.

(ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതി വിനോദസഞ്ചാര മേഖലയെ എത്രമാത്രം മുന്നോട്ട് നയിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ & ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ കൊണ്ടുണ്ടായ നേട്ടങ്ങൾ വിവിധ ഘട്ടങ്ങളിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. വിവിധ ഏജൻസികൾ അതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ട്. ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം (ICRT) ഡയറക്ടർ ഡോ. ഹരോൾഡ് ഗുഡ്‌വിൻ തന്നെ ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലൂടെ അനുഭവവേദ്യ വിനോദസഞ്ചാരമെന്ന പുതിയ ടൂറിസം പ്രോഡക്ട് (എക്സ്പീരിയൻഷ്യൽ

ടൂറിസം) തന്നെ കേരളത്തിൽ വികസിച്ചുവന്നു. അതിന്റെ ഭാഗമായി വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ, നേറ്റീവ് എക്സ്പീരിയൻസ് പാക്കേജുകൾ, കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ, കാർബൺ ന്യൂട്രൽ പാക്കേജുകൾ, ഫാം വിസിറ്റ് പാക്കേജുകൾ, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ, ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിങ്ങനെ വിവിധങ്ങളായ ടൂർ പാക്കേജുകളും ഗ്രാമീണ മേഖലയിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. ഏകദേശം ഒന്നരലക്ഷത്തോളം വിദേശ ടൂറിസ്റ്റുകൾ 2018 മുതൽ ഈ പാക്കേജുകളിൽ എത്തിയിട്ടുണ്ട്. ന്യൂയോർക്ക് ടൈംസ് ലോകത്ത് കണ്ടിരിക്കേണ്ട 52 ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തിയപ്പോൾ കേരളത്തെ തെരഞ്ഞെടുത്തതിൽ ഉത്തരവാദിത്ത ടൂറിസത്തിനും പ്രധാന പങ്കുണ്ട്. ജനങ്ങളുടെ ഇടപഴകലിനെ ന്യൂയോർക്ക് ടൈംസ് എടുത്തു പറയുന്നത് ആർ.ടി. പ്രവർത്തനങ്ങളുടെ കൂടി ഫലമാണ്.

(സി) ഉത്തരവാദിത്ത ടൂറിസം മേഖലയിൽ സംസ്ഥാനത്തിന് ലഭിച്ച അംഗീകാരങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) ഉത്തരവാദിത്ത ടൂറിസം മേഖലയിലെ ഏത് പദ്ധതിയിലൂടെയാണ് ഈ അംഗീകാരത്തിന് കേരളം അർഹമായതെന്ന് വെളിപ്പെടുത്തുമോ?

(സി&ഡി) 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനുശേഷം മിഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 13 അന്താരാഷ്ട്ര അവാർഡുകൾ ഉൾപ്പെടെ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

**1. World Travel Mart Responsible Tourism Awards-2017**

Category: WTM Highly Commended Award

Recipient: Kumarakom Responsible

Tourism Project, RT Mission

**2. World Travel Mart Awards-2018**

Category: Best in Responsible Tourism

Recipient: Kerala Tourism, Responsible Tourism Mission

**3. World Travel Mart Awards-2018**

Category: Best for Managing Success category Gold Award

Recipient: Kumarakom Responsible Tourism Project, RT Mission

**4. PATA Awards - 2019**

Category: Women Empowerment in Tourism Sector- Gold Award

Recipient: Responsible Tourism Women Empowerment Activities at Kumarakom

**5. World Travel Mart Responsible Tourism Awards-2020**

Category: Meaningful Connections – Highly commended

Recipient: Responsible Tourism Mission Kerala

**6. World Travel Mart Responsible Tourism Awards-2021**

Category: Increasing Diversity in Tourism- One to Watch

Recipient: Aymanam- Model RT Village-Responsible Tourism Mission Kerala

**7. Travel + Leisure Global Vision Award 2022**

Recipient: Responsible Tourism Mission Kerala

**8. Aymanam Model RT Village is listed as one of the must watch destination in 2022.**

**9. Gold Awards by ICRT International on September 2022 –** Destination Building Back Better- Post Covid

**10. Gold Awards by ICRT International on September 2022 –** Increasing Diversity in Tourism- How Inclusive is our Industry?

**11. Gold Awards by ICRT International on September 2022 –** Reducing Plastic Waste in the Environment

**12. Gold Awards by ICRT International on September 2022 –** Conserving Water and improving water scarcity & supply for neighbours

**13. WTM –GLOBAL RT AWARDS 2022**

**Category:** Conserving Water and improving water scarcity & supply for neighbours

**Recipient:** Water Street by RT Mission.

ന്യൂയോർക്ക് ടൈംസ് തയ്യാറാക്കിയ ലോകത്ത് സഞ്ചരിക്കേണ്ട 52 സ്ഥലങ്ങളുടെ പട്ടികയിൽ കേരളത്തെ 13-ാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. കുമരകം, മറവന്തുരുത്ത്, വൈക്കം എന്നിവിടങ്ങളിലെ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾക്കാണ് പ്രത്യേക പരാമർശം ലഭിച്ചത്.

**കയറ്റിറക്ക് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

12 (*102) ശ്രീ. മുരളി പെരുനെല്ലി;
ശ്രീ വി. ജോയി;
ശ്രീ. പി. നന്ദകുമാർ;
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ കയറ്റിറക്ക് മേഖലയിലെ അമിതകൂലി, നോക്കുകൂലി എന്നീ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിൽ ചെയ്യാത്ത ജോലിയ്ക്ക് കൂലി വാങ്ങുക, അമിത/അധിക കൂലി വാങ്ങുക എന്നീ അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം

പ്രാവർത്തികമാക്കുവാനും രമ്യമായ തൊഴിൽ ബന്ധങ്ങൾ മേഖലയിൽ ഊട്ടിയുറപ്പിക്കുവാനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ നല്കി 30.04.2018-ലെ സ.ഉ (സാധാ) നം. 511/2018/ തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിയ്ക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടാനും കൈപ്പറ്റാനും പാടില്ല എന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് നിയമവിരുദ്ധമായി കണക്കാക്കുന്നതും ചട്ടപ്രകാരം മേൽ നടപടികൾ സ്വീകരിക്കുന്നതുമാണെന്നും മേൽ ഉത്തരവ് പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളതാണ്. എന്നാൽ മേൽ പ്രകാരം നിർദ്ദേശം നല്കിയിട്ടും ചില സ്ഥലങ്ങളിൽ നോക്കുകൂലി/അമിതകൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ തൊഴിൽ വകുപ്പ് പ്രശ്നത്തിൽ ഇടപെട്ട് കൂടുതലായി വാങ്ങിയ കൂലി തിരികെ നൽകുകയും ചില സ്ഥലങ്ങളിൽ അമിത കൂലി വാങ്ങിയ തൊഴിലാളികളുടെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിൽ സംസ്ഥാനമൊട്ടാകെ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റിയുമുൾപ്പെടെ ആകെ 15 കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. മേൽ

ജില്ലാ കമ്മിറ്റികളിലേയും കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റിയിലേയും ചുമട്ടു തൊഴിൽ മേഖലയിൽ മുൻകാലങ്ങളിൽ അങ്ങിങ്ങായി നിലനിന്നിരുന്ന നോക്കുകൂലി, അധികകൂലി അമിതകൂലി എന്നീ പ്രവണതകളെ നിർമ്മാർജ്ജനം ചെയ്യുന്നതിനായി 2021-22 വർഷത്തിൽ "നോ നോക്കുകൂലി-22" ക്യാമ്പയിൻ ഉൾപ്പെടെയുള്ള ബോധവല്കരണ നടപടികൾ സംഘടിപ്പിക്കുകയുണ്ടായി. നിലവിൽ ഉണ്ടാകുന്ന ഒറ്റപ്പെട്ട പരാതികൾ വരുന്ന മുറയ്ക്ക് തന്നെ 15 കമ്മിറ്റികളും അതിനുകീഴിലുള്ള സബ് ഓഫീസ് അധികൃതരും വിഷയത്തിൽ ഇടപെട്ട് പരാതികൾ രമ്യമായി പരിഹരിച്ചുപോരുന്നു.

(ബി) തൊഴിൽ തർക്കങ്ങളും കൂലി സംബന്ധിച്ച തർക്കങ്ങളും ഒഴിവാക്കുന്നതിന് തൊഴിൽ സേവ ആപ്പ് രൂപീകരിച്ചിട്ടുണ്ടോ; ജില്ലാതലത്തിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ചുമട്ടുതൊഴിൽ മേഖലയിലെ വിവിധ പ്രശ്നങ്ങൾ, നോക്കുകൂലി, അമിതകൂലി എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ

പരിഹരിക്കുന്നതിന് പൊതുജനങ്ങൾക്കായി തൊഴിൽ വകുപ്പ് "തൊഴിൽ സേവ ആപ്പ്" എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ട്. ചുമട്ടുതൊഴിൽ മേഖലയുമായി ബന്ധപ്പെട്ടുള്ള ഏതു പരാതിയും ആർക്കും ഈ മൊബൈൽ ആപ്പിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. പരാതി രജിസ്റ്റർ ചെയ്ത ഉടൻ തന്നെ ആയത് SMS Alert ആയി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ലഭിക്കുകയും ടി ഉദ്യോഗസ്ഥൻ അപ്പോൾ തന്നെ സംഭവസ്ഥലത്ത് എത്തിച്ചേരുകയും പ്രശ്നത്തിൽ ഇടപെട്ട് പരിഹാരം കാണുകയും ടി വിവരം മൊബൈൽ ആപ്പിൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്യുന്നു. ടി മൊബൈൽ ആപ്പിൽ പരിശോധിക്കുന്നത് വഴി തങ്ങളുടെ പരാതിയിൽ പരിഹാരമായിട്ടുണ്ടോ എന്നത് ഉറപ്പുവരുത്താനും പരാതിക്കാരന് കഴിയുന്നു. കൂടാതെ പ്രസ്തുത ആപ്പിൽ ആവശ്യമായ മോഡിഫിക്കേഷനുകൾ വരുത്തുന്നതിനായുള്ള നടപടികൾ നടന്നുവരുന്നുണ്ട്. സ്റ്റാർട്ടപ്പ് മിഷൻ മുഖാന്തിരം Global Innovative Technologies Private Limited-ന് വർക്ക് ഓർഡർ നല്കുകയും, പ്രാരംഭ ഘട്ടമായി ഒരു ഡെമോ പ്രസന്റേഷൻ നടത്തുകയും തുടർ അപ്ഡേഷനുകൾക്കുമേൽ പ്രവർത്തികൾ നടന്നുവരികയും

ചെയ്യുന്നു. ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ജില്ലകളിൽ ഏകീകൃത ചുമട്ടുകൂലി നടപ്പിലാക്കുന്നതിനുള്ള ചർച്ച നടത്തിവരുന്നു.

(സി) സ്ഥാപന ഉടമകൾക്ക് തങ്ങൾക്കിഷ്ടമുള്ളവരെക്കൊണ്ട് ചരക്ക് കയറ്റിറക്ക് ജോലി ചെയ്യിക്കാമെന്ന കോടതിയുത്തരവ് പ്രാദേശികമായുള്ള തൊഴിലാളികളുടെ തൊഴിൽ അവകാശത്തെ ലംഘിക്കുന്നതായതിനാൽ ഇക്കാര്യത്തിൽ എങ്ങനെ ഇടപെടാൻ കഴിയുമെന്ന് പരിശോധിക്കുമോ?

സ്ഥാപന ഉടമകൾക്ക് തങ്ങൾക്ക് ഇഷ്ടമുള്ളവരെക്കൊണ്ട് കയറ്റിറക്ക് ജോലി ചെയ്യിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ടി തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് തൊഴിൽ വകുപ്പ് ബാധ്യസ്ഥരാണ്. ഇത്തരം വിഷയങ്ങൾ മൂലം തൊഴിലാളികൾ ചെയ്തുകൊണ്ടിരുന്ന പല മേഖലകളിലെയും തൊഴിൽ കുറയുന്നതിനിടയാക്കിയിട്ടുണ്ട്. ഇവയുമായി ബന്ധപ്പെട്ട് ചിലയിടങ്ങളിൽ താൽക്കാലിക തൊഴിൽ സമരങ്ങൾ ഉണ്ടാകുന്നുണ്ട്. എന്നാൽ ഇത്തരം തൊഴിൽ തർക്കങ്ങളിൽ ബോർഡും, തൊഴിൽ വകുപ്പും സമയോചിതമായി ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നു.

## ഖാദർ കമ്മിറ്റി റിപ്പോർട്ട്

13 (*103) ശ്രീ. എൻ. ഷംസുദ്ദീൻ;
ഡോ. എം. കെ. മുനീർ;
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ;
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസ പരിഷ്കരണത്തെക്കുറിച്ച് പഠിച്ച ഖാദർ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ-സി) ഖാദർ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ 2-ാം ഭാഗം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റം തുടരാൻ നടപടി

14 (*104) ശ്രീ. കെ. പി. മോഹനൻ;
ശ്രീ. തോമസ് കെ. തോമസ്;
ശ്രീ. കെ. ബി. ഗണേഷ് കുമാർ;
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ മുന്നേറ്റം തുടരാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ വികസനങ്ങൾ നടപ്പിലാക്കുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും പ്രസ്തുത പദ്ധതി 'വിദ്യാകിരണം' എന്ന പേരിൽ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കി കൊണ്ടിരിക്കുകയുമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി. സ്കൂളുകളെ

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.

**സമഗ്രശിക്ഷാ കേരളം മുഖാന്തിരം ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:**

1. ക്വാളിറ്റി - എൽ.ഇ.പി (പഠനപോഷണ പരിപാടികൾ)

മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ്, സുരിലീ ഹിന്ദി, സംസ്കൃതമാധുരി, അഹ്ലൻ അറബിക്, പ്യാരി ഉറുദു, ഗണിതവിജയം, വായനാക്കാർഡുകൾ, ഭൂമിശാസ്ത്രലാബുകൾ, സ്കൂൾ വെതർസ്റ്റേഷൻ, ശലഭപാർക്ക്, ശാസ്ത്രപാർക്ക്, ഗണിതോത്സവം, ശാസ്ത്രകൗതുകം

2.ക്വാളിറ്റി- രാഷ്ട്രീയ ആവിഷ്ക്കാർ അഭിയാൻ

ശാസ്ത്രപഥം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി മെന്ററിംഗ്, ഗണിതകിറ്റ്, ശാസ്ത്രകിറ്റ്, ക്വിസ് പ്രോഗ്രാമുകൾ, ശാസ്ത്രപ്രോഗ്രാമുകൾ, ടിങ്കറിംഗ് ലാബ്, ശാസ്ത്ര-ഗണിതക്ലബ് പ്രവർത്തനങ്ങൾ, ഗണിതപാർക്ക്.

3.ക്വാളിറ്റി - ഇന്നവേഷൻ

വർക്ക് എജ്യൂക്കേഷൻ, ഇന്നൊവേറ്റീവ് പ്രോഗ്രാംസ് ഫോർ കൊമേഴ്സ്, ജില്ലാ സ്പെസിഫിക് പ്രോഗ്രാമുകൾ, അക്സസ് ഫോക്കസ്ഡ് ഇന്നൊവേറ്റീവ് പ്രോഗ്രാം പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ, ടാലന്റ് ലാബ് പ്രവർത്തനങ്ങൾ

4. ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി

വായനാച്ചങ്ങാത്തം, ഉല്ലാസഗണിതം, ഗണിതവിജയം, കുഞ്ഞുവായന

5. സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി ശാക്തീകരണം

6. പ്രീ സ്കൂൾ പ്രവർത്തനങ്ങൾ

7. മെച്ചപ്പെട്ട രീതിയിലുള്ള അധ്യാപക പരിശീലനം, രക്ഷാകർതൃപരിശീലനം

8. വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ

9. ഇൻക്ലൂസീവ് എജ്യൂക്കേഷൻ

10. കലാകായിക വർക്ക് എജ്യൂക്കേഷൻ, ജെന്റർ & ഇക്വിറ്റി പ്രോഗ്രാം

**എസ്.സി.ഇ.ആർ.റ്റി. മുഖാന്തിരം ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:**

1. ശാസ്ത്രരംഗത്തും ആധുനിക സാങ്കേതിക രംഗത്തും ബോധനശാസ്ത്ര രംഗത്തും ഉണ്ടായ വികാസത്തെ പരിഗണിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. അധ്യാപക വിദ്യാഭ്യാസം

3. സഹിതം-മെന്ററിംഗ് പോർട്ടലുമായി ബന്ധപ്പെട്ട് സംസ്ഥാന, ജില്ലാതല പരിശീലനങ്ങൾ.

4. കേരള സ്കൂൾ എഡ്യൂക്കേഷൻ കോൺഗ്രസ്

5. സ്റ്റേറ്റ് അച്ചീവ്മെന്റ് സർവ്വേ (SAS)

**സീമാറ്റ്-കേരള വഴി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:**

1. EVOLVE- എൽ.പി/യു.പി പ്രഥമ അധ്യാപകർക്കുള്ള മാനേജ്മെന്റ് പരിശീലനം

2. INFUSION – ഹൈസ്കൂൾ പ്രഥമ അധ്യാപകർക്കുള്ള എഡ്യൂക്കേഷൻ മാനേജ്മെന്റ് പ്രോഗ്രാം പുനഃരാവിഷ്കരിച്ചിരിക്കുന്നത് INFUSION എന്ന പേരിലാണ്.

3. ABSOLUTE – ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർക്കുള്ള പ്രത്യേക പരിശീലനം

4. PATH – വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ കരിയർ മാസ്റ്റർക്കായുള്ള പ്രത്യേക പരിശീലനം.

5. INSPIRE - പൊതുവിദ്യാഭ്യാസ വകുപ്പിലെ അനധ്യാപകർക്കായി ആവിഷ്കരിച്ചിട്ടുള്ള ഈ പരിപാടിയുടെ ഫൗണ്ടേഷൻ ലെവൽ പ്രോഗ്രാം.

6. BEYOND – AEOs, DEOs, RDDs, Dds, Ads, DIET പ്രിൻസിപ്പൽമാർ തുടങ്ങി വിദ്യാഭ്യാസ വകുപ്പിലെ നേതൃസ്ഥാനീയരായ ഉദ്യോഗസ്ഥർക്ക് നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പരിശീലന പരിപാടി.

7. ഗോത്രമേഖലയിൽ നിലനിൽക്കുന്ന വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനം

8. കോവിഡ് മഹാമാരി പൊതുവിദ്യാഭ്യാസ രംഗത്ത് ഉളവാക്കിയ ആഘാതം സംബന്ധിച്ച പഠനം.

No to Drugs ക്യാമ്പെയ്ൻ ഭാഗമായി നടത്തിയ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ

(ബി) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ മികച്ച പരിശീലനം നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ മികച്ച പരിശീലനം നൽകുന്നതിന് സമഗ്ര ശിക്ഷാ

കേരളയുടെ ആഭിമുഖ്യത്തിൽ ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ് എന്നീ പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് സ്കൂൾ പാഠ്യപദ്ധതിയിൽ സവിശേഷമായ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം**

15 (*105) ശ്രീ. എൻ. എ. നെല്ലിക്കുന്ന്;
ശ്രീ. കെ. പി. എ. മജീദ്;
ശ്രീ. അബ്ദുൽ ഹമീദ് പി;
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനാവശ്യമായ കരിങ്കൽ എത്തിക്കുന്നതിൽ എന്തെങ്കിലും പ്രയാസം അനുഭവിക്കുന്നതായി നിർമ്മാണ കമ്പനി പരാതിപ്പെട്ടിട്ടുണ്ടോ?

വിവിധ ക്വാറികളിൽ നിന്നും കരിങ്കൽ എത്തിക്കുന്നത് ശ്രമകരവും വിവിധങ്ങളായ പ്രയാസം നേരിടുന്നതുമായ പ്രവൃത്തിയായി കരാർ കമ്പനി

പലപ്പോഴായി അറിയിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ ഏതാണ്ട് 84 ലക്ഷം ടൺ പാറ വേണ്ടിവരുന്ന ഈ പദ്ധതിക്ക്, വിവിധ ക്വാറികളെയും സ്രോതസ്സുകളെയും ആശ്രയിക്കേണ്ടിവരും. തിരുവനന്തപുരം, കൊല്ലം, തിരുനെൽവേലി (തമിഴ്നാട്) എന്നീ ജില്ലകളിൽ നിന്നും നിലവിലെ റോഡുകളിൽ കൂടി ഇത്ര ബൃഹത്തായ അളവിൽ പാറ എത്തിക്കുമ്പോൾ നിരവധി പ്രയാസങ്ങൾ തരണം ചെയ്യേണ്ടി വരുന്നുണ്ട്. പാറ കൊണ്ടുവരുന്നതിനുള്ള തടസ്സങ്ങൾ കുറയ്ക്കുന്നതിനായി വിവിധ തലങ്ങളിൽ സർക്കാർ നിയമപരമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

(ബി) പാറകളുമായി എത്തുന്ന ലോറികളെ മോട്ടോർ വാഹന, ജിയോളജി, റവന്യൂ വകുപ്പുകൾ പരിശോധനയുടെ പേരിൽ തടഞ്ഞ് പിഴ ഈടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാറകളുമായി എത്തുന്ന ലോറികളെ മോട്ടോർ വാഹന, ജിയോളജി, റവന്യൂ വകുപ്പുകൾ പല അവസരങ്ങളിൽ പരിശോധിക്കാറുണ്ട്. പരിശോധനയിൽ നിയമ ലംഘനത്തിന് പിഴയും ഈടാക്കാറുണ്ട്.

(സി) തുറമുഖ നിർമ്മാണത്തിലെ പ്രതിസന്ധികൾ പരിഹരിച്ച് എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

പുലിമുട്ട് നിർമ്മാണത്തിന്റെയും മറ്റ് പ്രവൃത്തികളുടെയും പുരോഗതി നിരന്തരം വിലയിരുത്തി പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുമരാമത്ത് പ്രവൃത്തികളിലെ ക്രമക്കേടുകൾ തടയാൻ നടപടി**

16 (*106) ശ്രീ. സജീവ് ജോസഫ്;
ഡോ. മാത്യു കുഴൽനാടൻ;
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ;
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളിൽ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പൊതുമരാമത്ത് പ്രവൃത്തികളിലെ ക്രമക്കേടുകൾ സംബന്ധിച്ചുള്ള പരിശോധന പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗമാണ് നടത്തുന്നത്. ക്രമക്കേടുകൾ തടയാൻ റോഡിന്റെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ Quality Control Manual അനുസരിച്ചിട്ടുള്ള വിവിധ പരിശോധനകൾ നടപ്പിലാക്കുന്നുണ്ട്. ഇതിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും Quality Control വിഭാഗങ്ങൾ പ്രവൃത്തിക്കുന്നുണ്ട്. മോർത്ത് സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഗുണനിലവാര പരിശോധനയും നടപ്പാക്കിവരുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തി ഇടങ്ങളിൽ നേരിട്ടെത്തി പരിശോധിക്കാനുള്ള ഓട്ടോമേറ്റഡ് മൊബൈൽ ലാബുകൾ തയ്യാറായിട്ടുണ്ട്.

(ബി) സോഷ്യൽ ഓഡിറ്റിംഗിനായി ജില്ലാതലത്തിൽ രൂപീകരിച്ച സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് തൃപ്തികരമാണോ എന്ന് വ്യക്തമാക്കാമോ?

ജില്ലാതല ഓഡിറ്റിംഗ് സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) റാന്നിയിൽ ബണ്ട് പാലത്തിനുവേണ്ടി കോൺക്രീറ്റ് ഇൂണിൽ കമ്പിക്ക് പകരം തടി ഉപയോഗിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സമാനമായ സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി&ഡി) ഈ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്നതല്ല.

**മോക് ഡ്രില്ലിനിടെയുണ്ടായ അപകടം**

17 (*107) ശ്രീ. ടി. സിദ്ദിഖ്;
ശ്രീ. എ. പി. അനിൽ കുമാർ;
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ അതോറിറ്റി സംഘടിപ്പിച്ച മോക് ഡ്രില്ലിനിടെ കല്ലൂപ്പാറ തുരുത്തിക്കാട് പാലത്തിങ്കൽ കാക്കരക്കുന്നിൽ യുവാവ് മുങ്ങി മരിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മോക് ഡ്രിൽ നടത്തിയത് നിശ്ചയിച്ച സ്ഥലത്തുനിന്ന് നാല് കിലോമീറ്റർ അകലെയാണെന്നും പ്രസ്തുത സ്ഥലം മാറ്റിയ വിവരം ചുമതലയുണ്ടായിരുന്ന തഹസിൽദാറെ അറിയിക്കാതെയായിരുന്നെന്നുമുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയെ തുടർന്ന് ഒരു യുവാവിന്റെ ജീവൻ നഷ്ടപ്പെടാനുണ്ടായ സാഹചര്യം ഗൗരവമേറിയതായി കാണുന്നുണ്ടോ; സമാനമായ സംഭവങ്ങൾ ആവർത്തിക്കില്ലെന്ന് ഉറപ്പു വരുത്താൻ നടപടികൾ സ്വീകരിക്കുമോ?

(എ-സി) ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദേശാനുസരണവും, മേൽ നോട്ടത്തിലും, സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ, വിവിധ വകുപ്പുകളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ 29.12.2022 തീയതിയിൽ സംസ്ഥാന വ്യാപകമായി എല്ലാ താലൂക്ക് തലത്തിലും മോക് ഡ്രിൽ നടത്തുകയുകയുണ്ടായി.

അതത് ജില്ലാ ദുരന്ത നിവാരണ അതോറിട്ടികളുടെ നേതൃത്വത്തിൽ വിവിധ കേന്ദ്ര സേനകൾ, ദേശീയ ദുരന്ത പ്രതികരണ സേന, ഫയർ & റസ്ക്യൂ സർവ്വീസസ്സ്, പോലീസ് എന്നിവരെയും, വിവിധ വകുപ്പുകളേയും, സിവിൽ ഡിഫെൻസ്, ആപ്ദ മിത്ര, തദ്ദേശ സ്വയംഭരണ സ്ഥാപന എമർജൻസി റെസ്പോൺസ് ടീം, സാമൂഹിക സന്നദ്ധ സേന, സന്നദ്ധ സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി ഏകോപിപ്പിച്ച് കൊണ്ടാണ് പരിപാടി സംഘടിപ്പിച്ചത്.

പത്തനംതിട്ടയിൽ നടന്ന മോക്ക് ഡ്രില്ലിൽ മണിമലയാറ്റിൽ, പ്രദേശവാസിയായ പുതുശ്ശേരി മുറിയിൽ കാരക്കുന്നേൽ വീട്ടിൽ സോമൻ മകൻ ബിനു സോമൻ (34 വയസ്സ്) എന്നയാൾക്ക് ജീവഹാനി സംഭവിച്ചു. ഇതു സംബന്ധിച്ച് പത്തനംതിട്ട ജില്ലാ കളക്ടർ നൽകിയ പ്രാഥമിക റിപ്പോർട്ടിനെ തുടർന്ന് സംഭവവുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണത്തിന് സ.ഉ. (സാധാ.) നമ്പർ 10/2023/ഡിഎംഡി തീയതി 07.01.2023 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം നടന്നു വരികയാണ്.

ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

മോക്ക് ഡ്രിൽ സംബന്ധിച്ച് ദേശീയ ദുരന്ത നിവാരണ അതോറിറ്റി നല്കിയിട്ടുള്ള നിർദേശങ്ങളും പ്രസിദ്ധീകരിച്ച കൈപ്പുസ്തകവും അനുബന്ധം 1, 2 ആയി ചേർക്കുന്നു+.

മരണം സംഭവിച്ച ശ്രീ. ബിനു സോമന്റെ അനന്തരാവകാശികൾക്ക് 06.01.2023-ലെ സ.ഉ.(കൈ) നമ്പർ 1/2023/ഡിഎംഡി നമ്പർ ഉത്തരവ് പ്രകാരം 4 ലക്ഷം രൂപ ആശ്വാസധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**ഇടുക്കിയിലെ പട്ടയഭൂമിയിലെ ഗാർഹികേതര നിർമ്മാണങ്ങളുടെ വിലക്ക്**

18 (*108) ശ്രീ. എ. രാജ;
ശ്രീ. എം. എം. മണി;
ശ്രീ. ലിന്റോ ജോസഫ്;
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഇടുക്കിയിൽ ഭൂപതിവ് നിയമ പ്രകാരം പതിച്ച് നൽകിയ ഭൂമിയിൽ ഗാർഹികേതര നിർമ്മാണങ്ങളും കൃഷി ഭൂമിയുടെ വകമാറ്റിയ വിനിയോഗവും വിലക്കിയത് സൃഷ്ടിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ തീരുമാനമായിട്ടുണ്ടോ?

WP (സി) 34095/2007 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 21.10.2010 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ഏതാനും വില്ലേജുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നും നിരാക്ഷേപപത്രം വാങ്ങിയിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഇടുക്കി ജില്ലയിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ സംബന്ധിച്ച് 17.12.2019 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി യോഗം ചേർന്ന് ചർച്ച ചെയ്തിട്ടുള്ളതാണ്.

ബോധപൂർവം ചട്ടങ്ങൾ പാലിക്കാതെയുള്ള വൻകിട നിർമ്മാണങ്ങൾ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്നതല്ല എന്നും ആരാധനാലയങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആശുപത്രികൾ തുടങ്ങിയവയുടെ വിഷയത്തിലും സാധാരണക്കാരായ ജനങ്ങളെയും കർഷകരെയും പരിഗണിച്ചുകൊണ്ട്

അനുകൂല നിലപാടുകൾ സ്വീകരിക്കുമെന്നും ഈ യോഗത്തിൽ തീരുമാനിച്ചിരുന്നു. തുടർന്ന് 14.02.2022-ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടത്തിയ വീഡിയോ കോൺഫറൻസിൽ വാണിജ്യ നിർമ്മാണ പ്രവർത്തികളുടെ ക്രമവത്കരണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുന്നത് എന്നീ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുള്ളതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി ആവശ്യമാണെന്ന് കാണുന്നതിനാൽ ആയതു സംബന്ധിച്ച 10.01.2023 ഉന്നതതല യോഗം ചേർന്നിട്ടുള്ളതും ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമ ഭേദഗതി ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നതുമാണ്. മൂന്നാർ മേഖലയിൽ കോടതി വിധിപ്രകാരം NOC നിർബന്ധമാക്കിയ വില്ലേജുകളിൽ നിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കി 01.02.2023 തീയതിയിൽ G.O (Ms) 17/2023/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പട്ടയഭൂമിയിൽ കൈവശക്കാർ വച്ച് പിടിപ്പിച്ച മരങ്ങൾ മുറിക്കാൻ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടയഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനു ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഏലമല റിസർവ് വനത്തിൽ കൈവശക്കാർക്ക് പട്ടയം അനുവദിക്കാൻ തീരുമാനമായിട്ടുണ്ടോ; എങ്കിൽ ഇത് എത്ര പേർക്ക് പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ?

ഏലമല റിസർവ് വനത്തിൽ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചുവരുന്നു. ഏകദേശം 5800 അപേക്ഷകൾ ഉടുമ്പൻചോല ഇടുക്കി താലൂക്കുകളിലായി ലഭിച്ചിട്ടുണ്ട്.

**പുതിയ അദ്ധ്യാപക തസ്തികകൾ**

19 (*109) ശ്രീ. കെ. പി. എ. മജീദ്;
ശ്രീ. എൻ. ഷംസുദ്ദീൻ;
ശ്രീ. എ. കെ. എം. അഷ്റഫ്;

ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ വർദ്ധനവിന് ആനുപാതികമായി പുതിയ ഡിവിഷനുകളും അദ്ധ്യാപക തസ്തികകളും സൃഷ്ടിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓരോ അദ്ധ്യയന വർഷവും ആറാം പ്രവൃത്തി ദിവസം നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തി അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ കേരള വിദ്യാഭ്യാസ ചട്ടപ്രകാരം വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. സർക്കാർ പ്രത്യേകം ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ ആയതിൽ നിന്നും വ്യത്യസ്തമായി തസ്തിക നിർണ്ണയം നടത്താതിരിക്കുകയുള്ളൂ. 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2019-20 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം തന്നെ തുടരാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു.

2022-23 അദ്ധ്യയന വർഷം ആറാം പ്രവൃത്തി ദിനത്തെ കുട്ടികളുടെ എണ്ണം അനുസരിച്ച് തസ്തിക നിർണ്ണയം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പുതുതായി സൃഷ്ടിക്കേണ്ട അദ്ധ്യാപക തസ്തികകൾ കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഓരോ അദ്ധ്യയന വർഷവും ആറാം പ്രവൃത്തി ദിവസം നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തേണ്ടത്. കേരള വിദ്യാഭ്യാസ ചട്ടത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച 2022-2023 വർഷം മുതൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അധിക തസ്തിക അനുവദിക്കേണ്ടത് സർക്കാർ തലത്തിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അനുവദിക്കാവുന്ന തസ്തികകളുടെ എണ്ണം കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഈ അദ്ധ്യയന വർഷത്തെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ഒഴിവുകളിൽ ചട്ട പ്രകാരം പി.എസ്.സി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

**ഐ.ടി.ഐ. ലാബുകളിൽ ആയുധ നിർമ്മാണം**

20 (*110) ശ്രീ. ടി. വി. ഇബ്രാഹിം;
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ;
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പ്രവൃത്തി പരിചയത്തിന്റെ പേരിൽ ഐ.ടി.ഐ. ലാബുകളിൽ വടിവാൾ ഉൾപ്പെടെയുള്ള ആയുധ നിർമ്മാണം നടക്കുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രവൃത്തി പരിചയത്തിന്റെ പേരിൽ ഐ.ടി.ഐ. ലാബുകളിൽ വടിവാൾ ഉൾപ്പെടെയുള്ള ആയുധ നിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധനുവച്ചപുരം ഐ.ടി.ഐ.യിൽ പഠനാവശ്യത്തിന് വാങ്ങിയിട്ടുള്ള മെറ്റൽ

ഷീറ്റ് ഉപയോഗിച്ച് ആയുധത്തിന് സമാനമായ ഒരു മോഡൽ പരിശീലനാർത്ഥികൾ ഉണ്ടാക്കിയിട്ടുള്ളതായി ബന്ധപ്പെട്ട പ്രിൻസിപ്പൽ ട്രെയിനിംഗ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ലാബ് സംബന്ധമായ കാര്യങ്ങളിൽ കൃത്യമായ മേൽനോട്ടവും നിരീക്ഷണവും നടത്തുന്നതിൽ അദ്ധ്യാപകർക്ക് വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി&സി) ലാബ് സംബന്ധമായ കാര്യങ്ങളിൽ കൃത്യമായ മേൽനോട്ടവും നിരീക്ഷണവും അദ്ധ്യാപകർ നല്കാറുണ്ട്. ധനുവച്ചപുരം ഐ.ടി.ഐ.-യിലേത് ഒരു ഒറ്റപ്പെട്ട സംഭവമാണ്. ടി സംഭവത്തിനുശേഷം പാഠ്യവിഷയത്തിനുള്ളിൽ നിന്ന് പ്രായോഗിക പരിശീലനം നടത്താനും പ്രായോഗിക പരിശീലന സമയങ്ങളിൽ ഇൻസ്ട്രക്ടർമാരുടെയോ, വർക്ഷോപ്പ് അറ്റന്റർമാരുടെയോ സൂക്ഷ്മമായ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതാണെന്ന

കർശന നിർദേശം ട്രെയിനിംഗ് ഡയറക്ടർ ഐ.ടി.ഐ.-കൾക്ക് നൽകിയിട്ടുണ്ട്.

## സാഹസിക ടൂറിസം

21 (*111) ശ്രീ. പി. പി. ചിത്തരഞ്ജൻ;
ശ്രീ. വി. ജോയി;
ശ്രീ. ടി. ഐ. മധുസൂദനൻ;
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളുടെ സൗന്ദര്യവും സൗകര്യവും ഉപയോഗപ്പെടുത്തി ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് നദികളുടെ സൗന്ദര്യവും സൗകര്യവും ഉപയോഗപ്പെടുത്തി ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നതിന് വിവിധങ്ങളായ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് മലബാർ- മലനാട് - റിവർ ക്രൂയിസ് പദ്ധതി.

ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ 59.52 കോടി രൂപയുടേയും കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുന്ന റൂറൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി 8037.38 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഫണ്ടിൽ 17 ബോട്ട് ജെട്ടികളുടെ നിർമ്മാണവും 6 ബോട്ടുകളുടെ പർച്ചേസും ഉൾപ്പെടുന്നു. കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തിയിൽ 27 ബോട്ട് ജെട്ടികളുടെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണവും ഉൾപ്പെടുന്നു. ഇതിനു പുറമേ സംസ്ഥാനത്തെ വിവിധ നദികളുടെ സാഹസിക ടൂറിസം സാഹചര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് താഴെ പറയുന്ന വിവിധങ്ങളായ ജല സാഹസിക ടൂറിസം പദ്ധതികൾ വകുപ്പ് സംഘടിപ്പിച്ചു വരുന്നു.

കോഴിക്കോട് ചാലിപ്പുഴയിലുള്ള പുലിക്കയത്ത് എല്ലാവർഷവും മലബാർ റിവർ ഫെസ്റ്റിവൽ എന്ന പേരിൽ അന്തർദ്ദേശീയ വൈറ്റ് വാട്ടർ കയാക്കിംഗ് ഫെസ്റ്റിവൽ സംഘടിപ്പിച്ചുവരുന്നുണ്ട്. അതുപോലെ തന്നെ പുലിക്കയത്ത്

കയാക്കിംഗ് അക്കാദമിയുടെ നിർമ്മാണം പൂർത്തീക്കരണത്തിന്റെ അവസാന ഘട്ടത്തിലാണ്. കണ്ണൂർ വളപട്ടണം പുഴയിൽ പറശ്ശിനിക്കടവ് മുതൽ അഴീക്കൽ പോർട്ട് വരെയുള്ള 12 കി. മി. ദൈർഘ്യത്തിൽ കയാക്കിംഗ് മത്സരവും കഴിഞ്ഞ വർഷം സംഘടിപ്പിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ വളപ്പട്ടണം പുഴയിൽ കാട്ടാമ്പള്ളിയിൽ ഡി.ടി.പി.സി.-യുടെ അധീനതയിൽ കയാക്കിംഗ് പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ചാലിയാർ റിവർ പാഡിൽ നിലമ്പൂർ മുതൽ കോഴിക്കോട് ചെറുവണ്ണൂർ വരെയുള്ള 68 കി. മി. ദൂരത്തിൽ 3 ദിവസം നീണ്ടുനിൽക്കുന്ന കയാക്കിംഗ് എല്ലാ വർഷവും സംഘടിപ്പിച്ചുവരുന്നു. ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിന്റെ ഭാഗമായി ചാലിയാർ പുഴയിൽ വിവിധങ്ങളായ വാട്ടർ സ്പോർട്സ് ആക്റ്റിവിറ്റികൾ സംഘടിപ്പിച്ചുവരുന്നു. ബേപ്പൂരിൽ ആർ. ടി മിഷന്റെയും ഡി.ടി.പി.സി.യുടെയും സഹകരണത്തോടെ സർഫിംഗ് രംഗത്ത് പരിശീലനം നൽകുന്നതിനായി സർഫിംഗ് അക്കാദമി ആരംഭിച്ചിട്ടുണ്ട്. വർക്കലയിൽ അഞ്ചുതെങ്ങിലും കൊല്ലം പരവൂർ മാൻഗ്രൂവ് വില്ലേജിലും കയാക്കിംഗ് പരിശീലനവും പ്രദർശനവും നടത്തിവരുന്നുണ്ട്. ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായി 2022-ൽ ചാലിയാർപ്പുഴയിൽ

മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. വരും വർഷങ്ങളിൽ കൂടുതൽ മേഖലകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കാവുന്നതാണ്.

(ബി) റാഫ്റ്റിംഗിനും കയാക്കിംഗിനും നദികളെ കോർത്തിണക്കി സാഹസിക ടൂറിസം സർക്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

റാഫ്റ്റിംഗിനും കയാക്കിംഗിനും നദികളെ കോർത്തിണക്കി സാഹസിക ടൂറിസം സർക്യൂട്ട് നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്.

(സി) ഉത്തര മലബാറിൽ പുരോഗമിക്കുന്ന റിവർ ക്രൂയിസ് പദ്ധതിയുമായി സാഹസിക ടൂറിസത്തെ ബന്ധിപ്പിക്കുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

റിവർ ക്രൂയിസ് പദ്ധതിയുമായി സാഹസിക ടൂറിസത്തെ ബന്ധിപ്പിക്കുന്നത് ഉത്തര മേഖലയിലെ ടൂറിസം വികസനത്തിന് വളരെ സാധ്യത ഉള്ളതാണ്. പ്രധാനമായും കാസറഗോഡ് തേജസ്വിനി പുഴയിൽ വൈറ്റ് വാട്ടർ കയാക്കിംഗിനും റാഫ്റ്റിങ്ങിനും അനുയോജ്യമായ ട്രാക്കാണുള്ളത്. അതുപോലെ വളപട്ടണം പുഴ കയാക്കിംഗിനും മറ്റു വാട്ടർ

സ്പോർട്സ് ആക്റ്റിവിറ്റികൾക്കും അനുയോജ്യമാണ്. കണ്ണൂരിലെ കവ്വായി മാംഗ്രൂവ്സ് കയാക്കേഴ്സിന്റെ പ്രധാനപ്പെട്ട ഒരിടമാണ്. കവ്വായി തീരം സെയിലിംഗിനും അനുയോജ്യമാണ് .

**വിദ്യാർത്ഥി കേന്ദ്രീകൃത പഠന സമ്പ്രദായം**

22 (*112) ശ്രീ. പി. ബാലചന്ദ്രൻ;
ശ്രീ. വി. ആർ. സുനിൽകുമാർ;
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ;
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ പിന്തുടരുന്ന നിരന്തര മൂല്യനിർണ്ണയ സമ്പ്രദായം കൂടുതൽ ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിലെ നിരന്തര മൂല്യനിർണയ രീതിശാസ്ത്രം ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കുന്നതിനു

യോജ്യമായ നടപടികൾ പുരോഗമിക്കുന്നുണ്ട്. പഠിതാവിന്റെ സമഗ്ര ഗുണപരവികാസത്തിനായുള്ള അറിവിന്റെ വിശകലനമാണ് വിലയിരുത്തൽ. നിരന്തര വിലയിരുത്തൽ ശാസ്ത്രീയവും വസ്തുനിഷ്ഠവുമായി നടത്തുന്നതിനും സംസ്ഥാന പഠനനേട്ട സർവേകൾക്ക് നേതൃത്വം നല്കുന്നതിന് സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിലെ നിരന്തര മൂല്യനിർണയ രീതിശാസ്ത്രം ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കുന്നതിനു യോജ്യമായ നടപടികൾ പുരോഗമിക്കുന്നുണ്ട്. പഠിതാവിന്റെ സമഗ്ര ഗുണപരവികാസത്തിനായുള്ള അറിവിന്റെ വിശകലനമാണ് വിലയിരുത്തൽ. നിരന്തര വിലയിരുത്തൽ ശാസ്ത്രീയവും വസ്തുനിഷ്ഠവുമായി സംസ്ഥാന വിലയിരുത്തൽ കേന്ദ്രം (State Assessment Cell) എസ്.സി.ഇ.ആർ.ടി.-യിൽ രൂപവത്ക്കരിച്ചിട്ടുണ്ട്. പഠനപരിപോഷണ പദ്ധതികളായ ന്യൂമാറ്റ്സ്, സ്റ്റെപ്പ്സ്, ന്യൂസെറ്റ്സ് എന്നിവയ്ക്കും എൻ.റ്റി.എസ്.ഇ., എൽ.എം.എം.എസ്. പോലുള്ള ദേശീയതലത്തിലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്കും എൽ.എസ്.എസ്./യു.എസ്.എസ്. പരീക്ഷകൾക്കും ആവശ്യമായ അക്കാദമിക നേതൃത്വം അസ്സസ്സ്മെന്റ് സെൽ നല്കും.

ആത്യന്തിക വിലയിരുത്തലിനൊപ്പം തന്നെ (Summative Assessment) സംരചന വിലയിരുത്തലും (Formative Assessment) കൂടുതൽ കാര്യക്ഷമവും വസ്തുനിഷ്ഠവുമാക്കുന്നതിനുവേണ്ടി സഹിതം മെന്ററിംഗ് പോർട്ടൽ വിഭാവനം ചെയ്തിട്ടുണ്ട്. ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ പിന്തുണ നൽകാൻ സഹിതം മെന്ററിംഗ് പോർട്ടൽ വഴി അദ്ധ്യാപകർക്ക് സാധിക്കും. കുട്ടികളെ നിരന്തരമായ സ്നേഹോഷ്മള ബന്ധത്തോടെ നിരീക്ഷിക്കുക, നിരന്തരമായി മനസ്സിലാക്കുക, കൃത്യമായ ആസൂത്രണത്തോടെ പിന്തുണയ്ക്കുക എന്ന പ്രക്രിയയ്ക്കാണ് സഹിതം പോർട്ടൽ പ്രാധാന്യം നല്കുന്നത്.

(ബി) പഠന, ബോധന പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പരീക്ഷാ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പഠന ബോധന പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതമാക്കുന്നതിനുതകുന്ന വിലയിരുത്തൽ സമ്പ്രദായം

രൂപപ്പെടുത്തുന്നതിനായുള്ള പരിശ്രമങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നേതൃത്വം നൽകുന്നുണ്ട്. ഓരോ പഠിതാവിനെയും കൃത്യമായി മനസ്സിലാക്കി അവരുടെ സമഗ്രവികാസത്തിനായി പിന്തുണയ്ക്കുക എന്നതാണ് വിലയിരുത്തൽ സംവിധാനത്തിന്റെ പ്രധാന ധർമ്മം. ഇതിലൂടെ കുട്ടികളുടെ പഠന പങ്കാളിത്തവും പഠന ഗുണനിലവാരവും വർദ്ധിപ്പിക്കാനാകും. വിലയിരുത്തലിന് സംഘപരമായ ഊന്നലിനോടൊപ്പം വ്യക്തിപരമായ ഊന്നൽ നൽകി ഓരോ കുട്ടിയേയും പഠന പ്രക്രിയയിൽ ഒരു യൂണിറ്റായി പരിഗണിക്കും. പഠനത്തിലൂടെ നേടിയ ഗുണപരമായ മികവുകൾ കുട്ടിയേയും സമൂഹത്തേയും ബോധ്യപ്പെടുത്തും വിധം വിലയിരുത്തൽ പഠന പ്രവർത്തനത്തിന് അനുപൂരകമാക്കും. ഇതിനായി സ്വയം വിലയിരുത്തൽ, സഹപഠിതാക്കളുടെ വിലയിരുത്തൽ, ടീച്ചർ വിലയിരുത്തൽ, രക്ഷകർതൃ വിലയിരുത്തൽ എന്നിവയ്ക്കുള്ള ഇടം വിദ്യാഭ്യാസ പ്രക്രിയയിൽ ഉറപ്പുവരുത്തും. വിദ്യാർത്ഥികൾക്ക് അവരുടെ വളർച്ച അനസ്യൂതം ട്രാക്ക് ചെയ്യാനും അതിനനുസൃതമായി അവരുടെ കഴിവുകളും താൽപ്പര്യങ്ങളും ശ്രദ്ധിക്കേണ്ട മേഖലകളും മനസ്സിലാക്കി മികച്ച അഭിരുചി മേഖലകൾ തെരഞ്ഞെടുക്കാനും

സഹായകരമാകുന്ന രീതിയിലുള്ള നിർമ്മിത ബുദ്ധി അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിന്റെ സാധ്യതകൾ പരിശോധിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യും.

(സി) പൊതുപരീക്ഷകളുടെ ചോദ്യപേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരം ലഭിക്കും വിധത്തിൽ മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയവും വിദ്യാർത്ഥി കേന്ദ്രീകൃതവുമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പൊതുപരീക്ഷകളുടെ ചോദ്യപേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർത്ഥികൾക്ക് അവസരങ്ങൾ നൽകി മൂല്യനിർണയം കൂടുതൽ വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

പൊതുപരീക്ഷയിൽ കുട്ടികൾ നേരിട്ട പ്രയാസങ്ങൾ കണ്ടെത്തുന്നതിനും പൊതുപരീക്ഷ ചോദ്യപേപ്പർ മെച്ചപ്പെടുത്തുന്നതിനായി കുട്ടികളിൽ നിന്ന് നിർദ്ദേശങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഒരു പ്രതിഫലനാത്മക പഠനം 2021-22 അദ്ധ്യയന വർഷാവസാനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിലൂടെ പൊതുപരീക്ഷയെ

സംബന്ധിച്ച് കുട്ടികൾക്ക് ഒട്ടേറെ അഭിപ്രായങ്ങൾ തുറന്നു പറയുന്നതിനുള്ള അവസരം ഉണ്ടായിട്ടുണ്ട്. ഭാവിയിൽ കുട്ടികളുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള മെച്ചപ്പെട്ട പൊതുപരീക്ഷ നടത്തുന്നതിന് അവസരം കൈവരുന്ന ഒരു പഠനമാണിത്. കേരളത്തിലെ തെരഞ്ഞെടുത്ത 7 ജില്ലകളിൽ പത്താംതരം, പന്ത്രണ്ടാംതരം ചോദ്യ പേപ്പറുകളിൽ നിന്നും തെരഞ്ഞെടുത്ത വിഷയങ്ങളിലാണ് പഠനം നടത്തിയത്.

(ഡി) പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതോടൊപ്പം മാതൃഭാഷയായ മലയാളം ഉൾപ്പെടെയുള്ള ഭാഷകളിലെ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതിനോടൊപ്പം മാതൃഭാഷ ഉൾപ്പെടെയുള്ള ഭാഷകളിലെ പരിജ്ഞാനം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നുണ്ട്.

ഭാഷാപരമായി മുന്നോക്കം നിൽക്കുന്ന പഠിതാക്കൾക്കു വേണ്ടി 'വാങ്മയം' എന്ന പേരിലുള്ള പ്രവർത്തനങ്ങളും മാതൃഭാഷ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി 'മലയാളത്തിളക്കം' എന്ന പരിപാടിയും ഏറ്റെടുത്ത് നടപ്പിലാക്കി. ഒന്നു മുതൽ പത്താംതരം വരെയുള്ള കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ കണ്ടെത്തി അത് പരിഹരിക്കുന്നതിനാവശ്യമായ പഠനബോധന പ്രവർത്തനങ്ങൾ പുസ്തക രൂപത്തിൽ തയ്യാറാക്കി അദ്ധ്യാപകർക്ക് മലയാളത്തിളക്കം ശില്പശാല നടത്തി. ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കേരള സർക്കാരിന്റെ മലയാള ഭാഷ പഠനനിയമത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ മലയാള ഭാഷ നിർബന്ധമായും പഠിക്കണമെന്നതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി. ശാസ്ത്ര-മാനവിക വിഷയങ്ങളിൽ 2 വാല്യങ്ങളായി സാങ്കേതിക പദാവലി തയ്യാറാക്കിയിട്ടുണ്ട്.

**വിഴിഞ്ഞം തീരശോഷണം പഠിക്കാൻ സമിതി**

23 (*113) ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. എം. വിൻസെൻറ്;
ശ്രീ. സി. ആർ. മഹേഷ്;
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സമിതി പഠനവിധേയമാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; സമിതിയുടെ പഠന റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്.

താഴെ പറയുന്ന വിഷയങ്ങളാണ് സമിതി പഠന വിധേയമാക്കുന്നത്.

1. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനുശേഷം അതിന്റെ സ്വാധീന മേഖലയിൽ തീരശോഷണം സംഭവിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കൃത്യമായതും സുപ്രധാനവുമായ കാരണങ്ങൾ കണ്ടെത്തി ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

2. മത്സ്യബന്ധന പ്രവർത്തനങ്ങൾക്കോ കടലിന്റെ ആവാസവ്യവസ്ഥയ്ക്കോ നാവിഗേഷൻ ചാനലിനോ തുറമുഖ നിർമ്മാണം മൂലം ഏതെങ്കിലും തരത്തിലുള്ള പ്രത്യാഘാതങ്ങൾ സ്വാധീന മേഖലയിൽ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ ഉചിതമായ പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക.

3. ടി വിഷയവുമായി ബന്ധപ്പെട്ട കക്ഷികളുമായി ആവശ്യമുള്ളപക്ഷം വേണ്ട ആശയവിനിമയം നടത്തുക.

കരട് റിപ്പോർട്ട് 4 മാസത്തിനുള്ളിലും അന്തിമ റിപ്പോർട്ട് 6 മാസത്തിനുള്ളിലും സമർപ്പിക്കണമെന്നാണ് സമിതിക്ക് കൊടുത്തിട്ടുള്ള നിർദ്ദേശം.

(സി) തീരശോഷണം പഠിക്കേണ്ട പ്രദേശങ്ങൾ സംബന്ധിച്ച വിവരങ്ങൾ സർക്കാർ സമിതിയെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തുറമുഖ നിർമ്മാണത്തിന്റെ സ്വാധീന മേഖലയിൽ ഉൾപ്പെട്ടുവരുന്ന മുഴുവൻ സ്ഥലങ്ങളിലെയും തീരശോഷണം പഠിക്കണമെന്നാണ് വിദഗ്ദ്ധ സമിതിക്ക് നൽകിയ നിർദ്ദേശം. സ്വാധീന മേഖല എവിടെ വരെയാണ്,

ഏതൊക്കെയാണ് എന്നുള്ളത് വിദഗ്ധ സമിതി പരിശോധിച്ച് നിർണ്ണയിക്കുന്നതാണ്.

(ഡി) സമിതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

വിദഗ്ധ സമിതിയുടെ ആദ്യഘട്ട യോഗം 19-01-2023-ന് ചേരുകയുണ്ടായി. നിലവിൽ വിദഗ്ധ സമിതി പഠന വിഷയവുമായി ബന്ധപ്പെട്ട് ലഭ്യമായ റിപ്പോർട്ടുകളും രേഖകളും പരിശോധിച്ച് വരുകയാണ്.

**അതിതീവ്രമഴ പൊതുമരാമത്ത് വകുപ്പിന് സൃഷ്ടിച്ച അധിക ബാധ്യത**

24 (*114) ശ്രീ ഐ. ബി. സതീഷ്;
ശ്രീ. എം. നൗഷാദ്;
ശ്രീ. കെ. കെ. രാമചന്ദ്രൻ;
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന അതിവൃഷ്ടി സംസ്ഥാനത്തെ റോഡുകളുടെ പരിപാലനത്തിൽ വൻ തോതിൽ അധിക ബാധ്യത

സൃഷ്ടിക്കുന്ന സാഹചര്യമുണ്ടോ; ഈ വർഷം അതിതീവ്രമഴ പൊതുമരാമത്ത് വകുപ്പിന് സൃഷ്ടിച്ച അധിക ബാധ്യത എത്രയായിരുന്നു?

സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന അതിവൃഷ്ടി റോഡുകളുടെ പരിപാലനത്തിൽ അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്. ഈ വർഷം ദേശീയപാതാ വിഭാഗത്തിന് 3,37,29,343/-രൂപയും, പാലങ്ങൾ വിഭാഗത്തിന് 35,61,500/-രൂപയും, നിരത്ത് വിഭാഗത്തിന് 299.43 കോടി രൂപയും അധികബാധ്യത വന്നിട്ടുണ്ട്.

(ബി) അതിതീവ്രമഴ പ്രതിരോധിക്കുന്ന തരത്തിലുള്ള റോഡ് നിർമ്മാണത്തിന് പുതിയ സാങ്കേതികവിദ്യകൾ പ്രയോഗിക്കുന്നതിനും നിർമ്മാണത്തിൽ ഗുണനിലവാരം പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്. പ്രളയ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യകൾ ഇപ്പോൾ ഉപയോഗിച്ചു വരുന്നുണ്ട്

(സി) റബ്ബർ ചേർത്ത ടാർ മിശ്രിതം ഉപയോഗിച്ചുകൊണ്ടുള്ള ടാറിംഗ് രീതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയതിന്റെ ഫലം അറിവായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്തു നിരത്തു വിഭാഗത്തിന് കീഴിൽ ബിറ്റുമിനസ് കോൺക്രീറ്റ് ഉപരിതല നിർമ്മാണത്തിനായി നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (എൻ.ആർ.എം.ബി.) ഉപയോഗിച്ചുവരുന്നു. എൻ.ആർ.എം.ബി. ഉപയോഗിച്ച് നിർമിക്കുന്ന റോഡുകൾ കൂടുതൽ കാലം ഈടുനിൽക്കുന്നതും താപനിലയിലെ വ്യതിയാനം മൂലം ഉപരിതലത്തിൽ ഉണ്ടാകുന്ന വിള്ളലുകൾ കുറയ്ക്കുന്നതിന് സഹായിക്കുന്നതുമാണ്. ഇന്ത്യൻ റോഡ് കോൺഗ്രസ് മാർഗനിർദേശങ്ങൾ, മോർത്ത് സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം എൻ.ആർ.എം.ബി ഉപയോഗിച്ചുള്ള ടാറിങ് അംഗീകരിച്ചിട്ടുള്ളതാണ്.

(ഡി) റബ്ബറൈസ് ചെയ്യുന്നത് റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും റബ്ബർ കർഷകർക്ക് ന്യായവില ലഭിക്കുന്നതിനും

പ്രയോജനപ്രദമായതിനാൽ ഇത്തരം റോഡുകൾ വ്യാപകമാക്കാൻ തയ്യാറാകുമോ?

റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് റബ്ബറൈസ്ഡ് റോഡുകൾ വ്യാപകമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി എൻ.ആർ.എം.ബി ആണ് ഉപയോഗിക്കുന്നത്.

**പൊതുവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം**

25 (*115) ശ്രീമതി ഒ. എസ്. അംബിക;
ശ്രീ. ടി. പി .രാമകൃഷ്ണൻ;
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പ്രാപ്യതയുടെയും ഗുണനിലവാരത്തിന്റെയും കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മികവ് പുലർത്താൻ കഴിയുന്ന തരത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ?

പ്രാപ്യതയുടെയും ഗുണനിലവാരത്തിന്റെയും കാര്യത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ സർക്കാർ ഒട്ടേറെ മാതൃകാപരമായ ഇടപെടലുകൾ നടത്തി. ഒരേ സമയം ഭൗതികവും അക്കാദമികവുമായ മേഖലകളെ ശക്തിപ്പെടുത്തിക്കൊണ്ടാണ് ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്.

(ബി) 2022-ലെ അസെർ (റൂറൽ) റിപ്പോർട്ട് പ്രകാരം 6-14 പ്രായത്തിലുള്ള എല്ലാ കുട്ടികളെയും സ്കൂളിലെത്തിക്കാൻ സംസ്ഥാനത്തിനായിട്ടുണ്ടോ; ഇനിയും സ്കൂളിലെത്താത്ത 0.1 ശതമാനം കുട്ടികളെ കൂടി സ്കൂളിലെത്തിക്കാൻ പ്രത്യേക യത്നം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

അസെർ റിപ്പോർട്ട് (Annual Status of Education Report) വിശദമായി പഠിച്ചുകൊണ്ടിരിക്കുന്നു. ഏതൊക്കെ മേഖലയിലാണ് ഇനിയും കുട്ടികൾ സ്കൂളിലെത്താനുള്ളതെന്ന് കണ്ടെത്തി പരിഹരിക്കുന്നതിന് അടിയന്തര ഇടപെടലുകൾ നടത്തുന്നതാണ്.

(സി) സ്കൂളുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനും എല്ലാ സ്കൂളുകളിലും കുടിവെള്ളം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഉപയോഗയോഗ്യമായ ടോയ്‌ലെറ്റ് ഏർപ്പെടുത്തുന്നതിനും പ്രത്യേകം പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിദ്യാകിരണം പദ്ധതിയിലൂടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതോടൊപ്പംതന്നെ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചുകൊണ്ട് സർക്കാർ സ്കൂളുകളുടെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു.

സമഗ്ര ശിക്ഷാ കേരള, സ്കൂളുകളുടെ കുടിവെള്ള സൗകര്യം ഉറപ്പുവരുത്തുന്നതിനും ടോയ്‌ലെറ്റ് സൗകര്യങ്ങൾ കുട്ടികൾക്ക് ആനുപാതികമായി നിർമ്മിക്കുന്നതിനും സ്കൂളുകളുടെ ആവശ്യപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**റോഡുകളുടെ അറ്റകുറ്റപ്പണി**

26 (*116) <u>ശ്രീ. പി. ടി. എ. റഹീം;</u>

ശ്രീ. എം. എസ്. അരുൺ കുമാർ;
ശ്രീ. എം. എം. മണി;
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് റോഡുകളുടെ അറ്റകുറ്റപ്പണി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി റോഡുകളുടെ പരിപാലനത്തിനും അറ്റകുറ്റപണികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ നിരത്ത് വിഭാഗം, നിരത്ത് പരിപാലന വിഭാഗം എന്നിവ മുഖേന നടപ്പിലാക്കിവരുന്നു. ബാധ്യത കാലയളവിൽ അല്ലാത്തതും നിലവിൽ മറ്റ് പ്രവൃത്തികൾ നടപ്പിലാക്കി

വരാത്തതുമായ എല്ലാ റോഡുകളും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തി പരിപാലിക്കുന്നതാണ്. നിലവിൽ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ I, റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ II ഫേസ് I എന്നിവയിൽ ഉൾപ്പെടുത്തി 12332 കിലോമീറ്റർ റോഡുകൾ പരിപാലിച്ചുവരുന്നു. റണ്ണിംഗ് കോൺട്രാക്ടിനായി ഈ സാമ്പത്തിക വർഷം 183.4 കോടി രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്. റണ്ണിംഗ് കോൺട്രാക്ട് - 2 ഫേസ് II-വിനായി ഈ തുക വിനിയോഗിക്കും. 7685.054 കി. മീ. റോഡ് ഇതിലൂടെ സംരക്ഷിക്കാനാണ് പദ്ധതി തയ്യാറാക്കുന്നത്.

റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളുടെ പുരോഗതി ജില്ലാതലത്തിൽ വിലയിരുത്തുന്നതിനായി 19.09.2022-ലെ ജി.ഒ (ആർ.റ്റി) നം.942/2022/പൊ.മ.വ. പ്രകാരം ചീഫ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ ഉൾപ്പെടുന്ന ഇൻസ്പെക്ഷൻ ടീമും, 13.10.2022-ലെ ജി.ഒ (ആർ.റ്റി) നം.1012/2022/പൊ.മ.വ. പ്രകാരം നിരത്തുവിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സർക്കിൾതല ഇൻസ്പെക്ഷൻ ടീമും രൂപീകരിച്ചിട്ടുണ്ട്. മേൽ ടീമുകൾ റണ്ണിംഗ്

കോൺട്രാക്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

ബാധ്യത കാലയളവിലുള്ള റോഡുകളിൽ തകരാറുകൾ ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ തന്നെ അത് പരിഹരിച്ചുവരുന്നു. ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ബാധ്യത കാലയളവിലുള്ള എല്ലാ റോഡുകളിലും ഡി.എൽ.പി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം 12.75 കോടി രൂപയുടെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികളും നടപ്പിലാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള റോഡുകളിൽ State (OR)-ൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപണികൾ നടപ്പിലാക്കാറുണ്ട്.

(ബി) മണ്ഡലകാലം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ സാധിച്ചിരുന്നോയെന്ന് വിശദമാക്കുമോ?

ശബരിമല തീർത്ഥാടനകാലത്തിനുമുമ്പേ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് പ്രത്യേക ശ്രദ്ധ തന്നെ പൊതുമരാമത്ത് വകുപ്പ് പതിപ്പിച്ചിരുന്നു. മന്ത്രിതലത്തിൽ പ്രത്യേക യോഗം ചേർന്ന് പ്രവൃത്തികൾക്ക് കൃത്യമായ സമയക്രമം നിശ്ചയിച്ചു. സമയക്രമം പാലിച്ചുവെന്ന് ഉറപ്പുവരുത്താൻ ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി. തുടർന്ന് പൊതുമരാമത്ത് മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും അടങ്ങിയ സംഘം റോഡുകളിലൂടെ യാത്ര ചെയ്ത് സ്ഥിതി വിലയിരുത്തി. ആവശ്യമായ ഇടങ്ങളിൽ ഇടപെടലുകൾ നടത്തി ഇത്തരം ഇടപെടലുകളെത്തുടർന്ന് മണ്ഡലകാലം ആരംഭിക്കും മുമ്പ് ശബരിമലയിലെ പൊതുമരാമത്ത് റോഡുകൾ പൂർണ്ണ ഗതാഗതയോഗ്യമാക്കാൻ സാധിച്ചിരുന്നു.

(സി) പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പരിശോധനകൾ ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പ്രവൃത്തി ഇടങ്ങളിൽ എത്തി തത്സമയം പരിശോധിക്കാനാകുന്ന

ഓട്ടോമേറ്റഡ് മൊബൈൽ ലാബ് സജ്ജമാക്കിയിട്ടുണ്ട്. 3 ഓട്ടോമേറ്റഡ് മൊബൈൽ ലാബാണ് പ്രവർത്തനം ആരംഭിക്കുക. ഇതോടെ പ്രവൃത്തികളുടെ ഗുണ പരിശോധന ഉറപ്പാക്കാനാകും.

പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് മൂന്ന് തലത്തിലുള്ള ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അംഗീകൃത ഷെഡ്യൂൾ സ്പെസിഫിക്കേഷൻ എന്നിവ പ്രകാരമാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. റോഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ മാന്വൽ അനുസരിച്ചുള്ള വിവിധ പരിശോധനകൾ നടപ്പിലാക്കുന്നുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ക്വാളിറ്റി കൺട്രോൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ

ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ നിർമ്മാണ പ്രവൃത്തികളുടെ പരിശോധനയ്ക്കായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തലവനായുള്ള വിജിലൻസ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗം മുഖേന നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തി അനന്തര നടപടികൾ സ്വീകരിക്കാറുണ്ട്.

**കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ പ്രവർത്തനങ്ങൾ**

27 (*117) ശ്രീ. പി. വി. ശ്രീനിജിൻ;
ശ്രീ. കെ. ബാബു (നെന്മാറ);
ശ്രീ. കെ. ആൻസലൻ;
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും ഉയർന്ന വാഹന സാന്ദ്രതയും റോഡ് നിർമ്മാണത്തിലും പരിപാലനത്തിനും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിലും

പരിപാലനത്തിലും അവലംബിക്കാൻ ഉദ്ദേശിക്കുന്ന പുത്തൻ നിർമ്മാണ രീതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കാലാവസ്ഥാവ്യതിയാനവും ഉയർന്ന വാഹനസാന്ദ്രതയും റോഡ് നിർമ്മാണത്തിലും പരിപാലനത്തിനും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് ദീർഘകാലം ഈടുനിൽക്കുന്ന റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നൂതന സാങ്കേതികവിദ്യകളായ വൈറ്റ്ടോപ്പിംഗ്, ഫുൾഡെപ്ത് റിക്ലമേഷൻ, മൈക്രോ സർഫേസിങ്, വാം മിക്സ് ആസ്ഫാൾട്ട്, കോൾഡ് മിക്സ് ആസ്ഫാൾട്ട് തുടങ്ങിയവ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റോഡുകളുടെ അടിത്തറ ബലപ്പെടുത്തുന്നതിനും ചരിവുകൾ സംരക്ഷിക്കുന്നതിനും കയർ, സിന്തറ്റിക് ഭൂവസ്ത്രങ്ങൾ, Perforated vertical drains (PVD), Gabion Retaining Walls എന്നിവ ഉപയോഗിച്ചുവരുന്നു. പരിസ്ഥിതിസൗഹാർദമായ റോഡ് നിർമ്മാണം മുൻനിർത്തി ഷ്രെഡഡ് പ്ലാസ്റ്റിക്, നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമെൻ, കയർഭൂവസ്ത്രം എന്നിവ ഉൾപ്പെടുത്തിയ നിർമ്മാണരീതികൾ ഉപയോഗിച്ചുവരുന്നു. നിരന്തരമായി

തകരുന്ന റോഡുകൾ കണ്ടെത്തി അവ തകരുന്നതിനുള്ള കാരണം പരിശോധിച്ച് ആയതിനു ശാശ്വതപരിഹാരമാകും വിധത്തിലുള്ള നിർമ്മാണരീതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മതിയായ ഡ്രൈനേജുകളുടെ നിർമ്മാണവും, ഉറവകളുടെ സാന്നിദ്ധ്യവുമുള്ള സ്ഥലങ്ങളിൽ ഇന്റർലോക്ക് പോലുള്ള അനുയോജ്യമായ നിർമ്മാണ രീതികൾ നടപ്പിലാക്കിവരുന്നതും റോഡുകൾ തകരുന്നത് ഒഴിവാക്കുവാൻ ഉപകരിക്കുന്നുണ്ട്. സംസ്ഥാനത്തെ റോഡുകൾ ബി.എം. - ബി.സി. നിലവാരത്തിലേക്ക് ഉയർത്തി ദീർഘകാലം ഈടുനിൽക്കുന്നതാക്കി മാറ്റാനുള്ള പദ്ധതിയും നടപ്പാക്കുന്നു.

(ബി) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റോഡുനിർമ്മാണത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തിന് അനുയോജ്യമായ നിർമ്മാണ വസ്തുക്കളുടെ ഉപയോഗവും നിർമ്മാണ രീതികളുടെ പ്രയോഗവും നടപ്പിലാക്കാൻ

പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം അറിയിക്കുമോ?

**(ബി&സി)** കാലാവസ്ഥാ വ്യതിയാനവും ഉയർന്ന വാഹന സാന്ദ്രതയും റോഡ് നിർമ്മാണത്തിലും പരിപാലനത്തിലും ഉതകുന്ന രീതിയിലുള്ള റോഡ് നിർമ്മാണ സാങ്കേതിക വിദ്യകളെക്കുറിച്ച് കെ.എച്ച്.ആർ.ഐ. പഠനം നടത്തി വരുന്നു. കാലാവസ്ഥാ വ്യതിയാനം ചെറുക്കാനായുള്ള നൂതന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള പഠനങ്ങളും കെ.എച്ച്.ആർ.ഐ. നടത്തി വരുന്നു. അത്യുഷ്ണം, ശൈത്യം പോലുള്ള കാലാവസ്ഥയിൽ ഊഷ്മാവിന്റെ വ്യത്യാസം കണക്കിലെടുത്തുകൊണ്ട് രൂപകൽപ്പന ചെയ്യുന്ന ആധുനിക Bitumen mix design എന്നിവയിലൊന്നാണ്. ശക്തമായ മഴയും വെള്ളപ്പൊക്കവുംമൂലം റോഡുകളിലുണ്ടാകുന്ന തകരാറിനെ കേരളത്തിലെ aggregate bitumen mix-ൽ മേൽ വെള്ളത്തിന്റെ പ്രവർത്തനം aggregate -ന്റെ രാസഘടനയുടെ അടിസ്ഥാനത്തിൽ പഠനവിധേയമാക്കുന്നുണ്ട്. Kerala University Geology വിഭാഗത്തിന്റെ സഹായത്തോടെ പഠനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ recycling കൂടുതലായി നടപ്പിലാക്കാൻ RAP സാങ്കേതികവിദ്യയുടെ

പഠനവും ആരംഭിച്ചിട്ടുണ്ട്. അധികം കാലപ്പഴക്കം ഇല്ലാത്ത റോഡുകളുടെ സർവ്വീസ് ലൈഫ് ദീർഘിപ്പിക്കുന്നതിന് Prevention maintenance രീതിയായ micro surfacing-നെ കുറിച്ച് പഠനം നടത്തി Pilot project ചെയ്യാനായി തയ്യാറെടുക്കുന്നു. റോഡു നിർമ്മാണത്തിനുള്ള ചില നൂതന സാങ്കേതികവിദ്യകളിൽ കെ.എച്ച്.ആർ.ഐ. ഗവേഷണം നടത്തി വരികയാണ്. സംസ്ഥാനത്തിന് അനുയോജ്യമായ നിർമ്മാണ രീതികളും നിർമ്മാണ വസ്തുക്കളുടെ ഉപയോഗവും പൊതുമരാമത്ത് പ്രവൃത്തികളിൽ ഉൾക്കൊള്ളിച്ചുവരുന്നു.

**വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനം**

28 (*118) ശ്രീമതി കാനത്തിൽ ജമീല;
ശ്രീ. മുരളി പെരുനെല്ലി;
ഡോ. സുജിത് വിജയൻപിള്ള;
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ടൂറിസം മേഖലയുടെ വികസനം ലക്ഷ്യമിട്ട് വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കുന്നത്. എല്ലാ ഡെസ്റ്റിനേഷനുകളും ഡിസൈൻഡ് ആയി മാറ്റുക എന്ന ഉദ്ദേശത്തോടെ സമഗ്രമായ ഡിസൈൻ നയത്തിന് രൂപം നൽകുകയാണ്. കേരളത്തെ മുഴവൻ ഒറ്റ ഡെസ്റ്റിനേഷൻ ആയി വികസിപ്പിക്കാനുള്ള വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കുന്നതിനാണ് മുൻതൂക്കം. നിലവിലുള്ള ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനവും പുതിയ ടൂറിസം ഡെസ്റ്റിനേഷൻ വികസിപ്പിക്കുന്നതും ഇതിൽ പ്രധാനമാണ്. മൂന്ന പതിറ്റാണ്ടിനുശേഷം കാരവൻ എന്ന പുതിയ ഉത്പ്പന്നം രംഗത്തിറക്കിയത് കേരളത്തിന്റെ ടൂറിസം മേഖലയ്ക്ക് നേട്ടമാണ്. ടൂറിസം കേന്ദ്രങ്ങളിൽ കൂടുതൽ നിക്ഷേപം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരികയാണ്. എല്ലായിടത്തും മികച്ച താമസ സൗകര്യം ഉറപ്പാക്കാനുള്ള പ്രവർത്തനം നടക്കുന്നു. ടൂറിസത്തെ

അനുഭവവേദ്യമാക്കി മാറ്റാൻ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റി ആക്കി മാറ്റാനുള്ള തീരുമാനം ഈ മേഖലയിലെ പ്രധാന ചുവടുവയ്പ്പാണ്. സാഹസിക ടൂറിസം, ഫുഡ് ടൂറിസം, സ്ട്രീറ്റ് ടൂറിസം, സിനിമാ ടൂറിസം, കൾച്ചറൽ ടൂറിസം തുടങ്ങി വ്യത്യസ്തങ്ങളായ പുത്തൻ പദ്ധതികൾ കേരള ടൂറിസത്തിന് പുതിയ ഉണർവേകി.

പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ അംഗപരിമിതരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകും വിധമുള്ള 'ബാരിയർ ഫ്രി' ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്നതിന് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതി കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കിവരുന്നു. ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ക്രൂയിസ് ടൂറിസം വികസിപ്പിക്കുന്നതിനായി മലബാർ റിവർ ക്രൂയിസ് പദ്ധതി, ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് മുഴപ്പിലങ്ങാട് ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ നടപ്പിലാക്കിവരുന്നു. മലബാർ ലിറ്ററി സർക്യൂട്ട്, കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട് എന്നീ രണ്ട് സർക്യൂട്ട് പദ്ധതികളും വകുപ്പ് നടപ്പിലാക്കിവരുന്നു. നിലവിലുള്ള ഗസ്റ്റ്ഹൗസുകളുടെ നവീകരണവും പുതിയ ഗസ്റ്റ്ഹൗസ് ബ്ലോക്കുകളുടെ നിർമ്മാണവും നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. അതിൽ ഇടുക്കി, ആതിരപ്പള്ളി, കന്യാകുമാരി എന്നിവിടങ്ങളിൽ യാത്രിനിവാസും സുൽത്താൻ ബത്തേരി, കോഴിക്കോട്

(അഡീഷണൽ ബ്ലോക്ക്), ഗുരുവായൂർ എന്നിവിടങ്ങളിൽ അതിഥി മന്ദിരങ്ങളും നിർമ്മിച്ചുവരുന്നു. കൂടാതെ KTDC മുഴപ്പിലങ്ങാട് 3 സ്റ്റാർ ബീച്ച് ഹോട്ടലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആക്സ്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർ വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ, പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും വിവിധങ്ങളായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ വിദേശ വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്ന

വിധം ടൂറിസം പദ്ധതികൾ നൂതനവും കാലികവുമാക്കാനുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ കാരവൻ ടൂറിസം തന്നെ ഇതിന് നല്ലൊരു ഉദാഹരണമാണ്. നൂതനമായ ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ പ്രത്യേകിച്ചും വിദേശികളെ കൂടുതലായി ആകർഷിക്കാൻ കാരവൻ ടൂറിസത്തിന് കഴിയും എന്ന് വിലയിരുത്തുന്നു.

സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇത് കൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ നിരവധി നൂതന പദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപം നൽകി നടപ്പാക്കിവരുന്നു.

കോവിഡ് കാരണം ഉണ്ടായ തൊഴിൽ നഷ്ടത്തിന്റെ ആഘാതം പരിഹരിക്കുവാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന ബിസ്സിനസ്സ് യൂണിറ്റുകളുടെ അതിജീവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ

ഭാഗമായി ടൂറിസം സംരംഭകർക്ക് ബാങ്കുകളുമായി ചേർന്ന് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടൂറിസം മേഖലയിൽ തൊഴിൽ എടുക്കുന്നവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്കും ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികൾ അനുസരിച്ച് വായ്പയുടെ അമ്പത് ശതമാനം പലിശ സർക്കാരാണ് വഹിക്കുന്നത്. കൂടാതെ ഹൗസ് ബോട്ടുകൾക്ക് മെയിന്റനൻസിനായി ഒറ്റത്തവണ സഹായവും ഗൈഡുകൾക്കായി പ്രത്യേക സാമ്പത്തിക സഹായവും കോവിഡ് കാലയളവിൽ നൽകിയിട്ടുണ്ട്. ഇത് കൂടാതെ ടൂറിസം മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർക്കായി ഒരു റിവോൾവിംഗ് ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ തൊഴിലാളികൾക്കും പതിനായിരം രൂപ വരെ പലിശ രഹിത വായ്പയായി ലഭ്യമാകുന്നുണ്ട്. ആയിരം പേർക്ക് റിവോൾവിംഗ് ഫണ്ട് പ്രകാരമുള്ള സാമ്പത്തിക സഹായം നൽകികഴിഞ്ഞു. പദ്ധതി ഇപ്പോഴും മുന്നോട്ട് പോകുന്നു.

ടൂറിസം ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളെ ടൂറിസവുമായി ചേർത്തുനിർത്തുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളുടെ പരിപാലന ചുമതലയും ടൂറിസം ക്ലബ്ബുകൾക്ക് നൽകുന്നു.

ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെപ്പറയുന്ന പ്രചരണ പരിപാടികളെല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽകണ്ടാണ്.

സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ

കേരള ഡ്രൈവ് ഹോളിഡെയ്സ്

ലോംഗ് സ്റ്റെയ്സ് ഇൻ കേരള

ഹോംസ്റ്റേ പ്രമോഷൻ

ഹണിമൂൺ ഹോളിഡെയ്സ്

കാരവൻ ടൂറിസം പ്രമോഷൻ

ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ

ഫാം ട്രിപ്പുകൾ

വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

(ബി) ഈ രംഗത്തെ സമഗ്ര വികസനം സാദ്ധ്യമാക്കുന്നതിനായി ടൂറിസത്തിന് വ്യവസായ പദവി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ടൂറിസത്തിന് സംസ്ഥാനത്ത് വ്യവസായ പദവി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. വ്യവസായ വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ ടൂറിസം മേഖലയ്ക്ക് കൂടി ലഭ്യമാക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ടൂറിസം - വ്യവസായ വകുപ്പുകളുടെ ഒരു യോഗം 20.12.2022-ൽ ചേർന്നിരുന്നു. ചർച്ചകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളെ നൈറ്റ് ലൈഫ് സ്ട്രീറ്റാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് വിദേശ-ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം

കനകക്കുന്ന് കൊട്ടാരം വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി 2.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി അവയെ 5 സോണുകളിലായി തരംതിരിച്ച് 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി 'സ്ട്രീറ്റ് ' പദ്ധതിയിൽ നൈറ്റ് ലൈഫ് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിൽ നൈറ്റ് വാക്കുകൾ, ഫുഡ് ടൂറിസം കൂടാതെ നൈറ്റ് ലൈഫ് ടൂറിസവുമായി ബന്ധപ്പെട്ട് ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്.

**പാഠ്യപദ്ധതി പരിഷ്കരണം**

29 (*119) ശ്രീ. കെ. എം. സച്ചിൻദേവ്;
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ;
ശ്രീ. വി. കെ. പ്രശാന്ത്;

**ശ്രീ. എച്ച്. സലാം:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ ആഗോള നിലവാരത്തിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ പശ്ചാത്തലസൗകര്യ വികസനവും അക്കാദമിക നിലവാരവും ഉയർത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി കൈവരിച്ച പശ്ചാത്തലത്തിൽ അനിവാര്യമായ പാഠ്യപദ്ധതി നവീകരണത്തിന് നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

പൊതുവിദ്യാലയങ്ങളെ സംബന്ധിച്ച പരമ്പരാഗത കാഴ്ചപ്പാടുകളെയാകെ തിരുത്തിയെഴുതുകയും പുതിയ കാലത്തിന് അനുയോജ്യമായ വിധം മാറുകയും ചെയ്ത പൊതുവിദ്യാലയങ്ങളും കോവിഡ് കാലത്ത് നടത്തിയ സവിശേഷമായ ഇടപെടലുകളും ലോകശ്രദ്ധ നേടുകയുണ്ടായി. ഇതിന്റെ തുടർച്ചയായിട്ടാണ് ലോക നിലവാരത്തിലുള്ള ഒരു പാഠ്യപദ്ധതിക്കു വേണ്ടിയുള്ള പരിഷ്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം

കുറിച്ചിരിക്കുന്നത്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007-ന്റെ അടിസ്ഥാനത്തിലാണ് അവസാനമായി കേരളത്തിൽ സമഗ്രമായി പാഠ്യപദ്ധതി പരിഷ്കരണം നടന്നത്. അതിനുശേഷം നിരവധി വർഷക്കാലം അറിവിന്റെ നാനാമേഖലയിലുണ്ടായ വികാസം പരിഗണിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

(ബി) പാഠ്യപദ്ധതി നവീകരണത്തിലൂടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാലോചിതമായ പരിഷ്കരണത്തോടൊപ്പം അദ്ധ്യാപക വിദ്യാഭ്യാസത്തിനും കുട്ടികളുടെ സ്കൂൾ പൂർവപരിചരണത്തിനും വേണ്ട നവീകരണം ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ അദ്ധ്യാപക വിദ്യാഭ്യാസവും സ്കൂൾ വിദ്യാഭ്യാസം ആരംഭിക്കുന്നതിന് മുമ്പുള്ള കുട്ടികളുടെ പരിചരണവും ശാസ്ത്രീയമായി നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പുതിയ ദേശീയ വിദ്യാഭ്യാസ നയം ജനാധിപത്യവൽക്കരണം ദുർവഹമാക്കുന്നുവെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനം ചരിത്രത്തിൽ ആദ്യമായി വിദ്യാഭ്യാസ വിചക്ഷണരോടൊപ്പം

ഗുണഭോക്താക്കളായ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും രക്ഷിതാക്കൾ ഉൾപ്പെടുന്ന പൊതുസമൂഹത്തെയാകെയും പങ്കാളികളാക്കിക്കൊണ്ട് ജനാധിപത്യ രീതിയിൽ പാഠ്യപദ്ധതി പരിഷ്കരണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി വിപുലമായ ജനകീയ ചർച്ചകളാണ് നടത്തിയത്. ഇതിനായി വിവിധതലങ്ങളിൽ സംഘാടക സമിതികൾ രൂപീകരിക്കുകയുണ്ടായി. ഈ സംഘാടക സമിതികളുടെ നേതൃത്വത്തിലാണ് ജനകീയ ചർച്ചകൾ നടത്തിയത്. വലിയ തോതിലുള്ള പൊതുജന പങ്കാളിത്തമാണ് ഈ ജനകീയ ചർച്ചകളിൽ ഉണ്ടായത്. കൂടാതെ, പാഠ്യപദ്ധതിയുടെ പ്രധാന ഗുണഭോക്താക്കളായ കുട്ടികളെ പങ്കെടുപ്പിച്ചുള്ള പ്രത്യേക ചർച്ച എല്ലാ ക്ലാസ്സ് മുറികളിലും നടത്തി. ടെക്പ്ലാറ്റ്ഫോമിലൂടെയും എല്ലാ മേഖലയിലും ഉൾപ്പെട്ടവരുടെ അഭിപ്രായങ്ങൾ കൂടി ആരാഞ്ഞുകൊണ്ടാണ് പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നത്.

(ഡി) പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയാക്കുന്നതിനും അതിൻപ്രകാരം പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ട്.

**വെർച്വൽ ട്രാവൽ ഗൈഡ്**

30 (*120) ശ്രീ. കെ. ബാബു (നെന്മാറ);
ഡോ. കെ. ടി. ജലീൽ;
ശ്രീ. ജി. സ്റ്റീഫൻ;
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കേരളത്തിലെ വിനോദസഞ്ചാര വികസനത്തിന് ഉതകുംവിധം സഞ്ചാരികളുടെ വഴികാട്ടിയായി വെർച്വൽ ട്രാവൽ ഗൈഡ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് കൃത്യമായ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് വെർച്വൽ ട്രാവൽ ഗൈഡ് എന്ന പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. അതത് ടൂറിസം കേന്ദ്രങ്ങളുടെ സവിശേഷതകൾ എടുത്തുകാട്ടുന്ന വെർച്വൽ ട്രാവൽ ഗൈഡ് ഫോർട്ട് കൊച്ചിയിലാണ് ആദ്യം ആരംഭിച്ചത്. വെർച്വൽ ട്രാവൽ ഗൈഡുകൾ സഞ്ചാരികൾക്ക് എളുപ്പത്തിൽ ലഭ്യമാക്കാനായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ക്യു.ആർ. കോഡ് അടങ്ങിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, മൂന്നാർ, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിലും വെർച്വൽ ട്രാവൽ ഗൈഡുകൾ തയ്യാറാക്കിയിട്ടുണ്ട്.

ഇതിനുപുറമെ വിനോദസഞ്ചാര കേന്ദ്രങ്ങളെ അടിസ്ഥാനമാക്കി, കേരളത്തെ അതിവേഗം അടുത്തറിയാൻ, രാജ്യത്തെ തന്നെ ആദ്യ ചാറ്റ് ബോട്ട് സംവിധാനമായ വിനോദസഞ്ചാര വകുപ്പിന്റെ വാട്സ് ആപ്പ് ചാറ്റ് ബോട്ട് സേവനമാണ് **"മായ"**. **"7510512345"** എന്ന വാട്സ് ആപ്പ് നമ്പറിലേക്ക് ഒരു ഹായ് അയച്ചോ അല്ലെങ്കിൽ ക്യൂ ആർ കോഡ് സ്കാൻ ചെയ്തുകൊണ്ടോ സംസ്ഥാനത്തിന്റെ വിവിധ വിനോദസഞ്ചാര

മേഖലകളെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ സഞ്ചാരികൾക്ക് സാധിക്കും. വെർച്വൽ ട്രാവൽ അസ്സിസ്റ്റന്റ് ആയ "**മായ**" വിനോദസഞ്ചാരികളുടെ ചോദ്യങ്ങൾക്ക് ഉടനടി പ്രതികരിക്കുകയും സംസ്ഥാനത്ത് തടസ്സരഹിതമായ യാത്രാനുഭവത്തിന് ആവശ്യമായ എല്ലാ വിവരങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. ലക്ഷ്യസ്ഥാനങ്ങൾ, അനുഭവങ്ങൾ, താമസ സൗകര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ "**മായ**" പങ്കിടുന്നു. ഇതിനു പുറമെ കേരളത്തിന്റെ വിവിധ വിനോദസഞ്ചാര മേഖലകളെ കുറിച്ചുള്ള ബ്രോഷറുകളും പോസ്റ്ററുകളും വാട്സ് ആപ്പിലൂടെ ഉപഭോക്താക്കൾക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ്. സാങ്കേതികവിദ്യയുടെ പിൻബലത്തോടെ വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച ചാറ്റ്ബോട്ട് കേരളത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. 2022 മാർച്ച് മാസത്തിൽ സേവനം ആരംഭിച്ച "**മായ**" ഇതിനോടകം ഏകദേശം 2,50,000 ചാറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഓരോ വിനോദസഞ്ചാര കേന്ദ്രത്തിന്റെയും പ്രത്യേകതയും ഫോട്ടോയും വീഡിയോകളും അവിടെ ലഭ്യമാകുന്ന സൗകര്യങ്ങളും വെർച്വൽ ട്രാവൽ ഗൈഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഓരോ വിനോദസഞ്ചാര കേന്ദ്രത്തിന്റെയും സവിശേഷതകൾ എടുത്തു കാട്ടുന്ന വീഡിയോകളും, ഫോട്ടോകളും, അവിടെ ലഭ്യമാകുന്ന സൗകര്യങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഓരോ വിനോദസഞ്ചാര കേന്ദ്രത്തിലും സുഗമമായി എത്തിച്ചേരുന്നതിന് സഹായകരമായ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഓരോ വിനോദസഞ്ചാര കേന്ദ്രത്തിലും സുഗമമായി എത്തിച്ചേരുന്നതിന് ലൊക്കേഷൻ മാപ്പും ഉൾപ്പെടുത്തിയാണ് വെർച്വൽ ട്രാവൽ ഗൈഡ് തയ്യാറാക്കിയിരിക്കുന്നത്.

(ഡി) ഓരോ വിനോദസഞ്ചാര കേന്ദ്രത്തിന്റെയും ചരിത്ര പ്രാധാന്യവും കലാപരവും സാംസ്കാരികവുമായ പ്രത്യേകതകളും ഇതിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

നമ്മുടെ നാടിന്റെ ചരിത്രവും സംസ്കാരവും പൈതൃക സ്മാരകങ്ങളും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് ഉതകുന്നവയായതു കൊണ്ട് കേരളത്തിന്റെ കലാപരവും സാംസ്കാരികവുമായ പ്രത്യേകതകൾ വെർച്വൽ ട്രാവൽ ഗൈഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ**

1 (1181) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ കെട്ടിടം, നിരത്ത്, പാലങ്ങൾ, മെയിന്റനൻസ് വിഭാഗങ്ങൾക്ക് അനുവദിച്ച പ്രവൃത്തികളുടെയും തുകയുടെയും വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുമോ?

ചോദ്യത്തിനുള്ള മറുപടി അനുബന്ധം I, II, III, IV ആയി ചേർക്കുന്നു.+

**നേര്യമംഗലത്ത് പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2 (1182) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് നിർമ്മിക്കുന്ന പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

നേര്യമംഗലം പി.ഡബ്യു.ഡി. എഞ്ചിനീയേഴ്സ് ട്രെയിനിംഗ് സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. വൈദ്യുതി കണക്ഷനും, അനുബന്ധ കെട്ടിടങ്ങളിൽ ഫർണിച്ചർ ലഭ്യമാക്കുന്നതിനും, പമ്പുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ട്രെയിനിംഗ് സെന്ററിനോട് അനുബന്ധിച്ചുള്ള റസ്റ്റ് ഹൗസ് നിർമ്മാണം പൂർത്തീകരിച്ച് FIRE NOC-യും കെട്ടിട നമ്പറും ലഭ്യമാക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരിശീലന കേന്ദ്രത്തിലെ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

പൂർത്തീകരിച്ച പ്രവൃത്തികളുടേയും, പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടേയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പൂർത്തീകരിക്കുവാൻ ബാക്കിയുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പൂർത്തീകരിക്കുവാൻ ബാക്കിയുള്ള പ്രവൃത്തികൾ 2023 മാർച്ച് 31 നുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നേര്യമംഗലം പി.ഡബ്ല്യു.ഡി. പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിച്ച് ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് അടിയന്തരമായി പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പര്യാപ്തമായ ജീവനക്കാരെ നിയമിച്ച് ട്രെയിനിംഗ് സെന്റർ പ്രവർത്തന സജ്ജമാക്കാൻ കഴിയുന്നതാണ്.

**ദേവികുളം മണ്ഡലത്തിലെ പ്രവൃത്തികൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3 (1183) <u>ശ്രീ. എ. രാജ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2022-23 വരെയുള്ള വർഷങ്ങളിലെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കാനുള്ള 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച ദേവികുളം മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണവും വിശദമാക്കാമോ?

(എ-സി)

<u>നിരത്ത് വിഭാഗം</u> :-

മാങ്കുളം-പെരുമ്പൻകുത്ത്-കുവൈറ്റ് സിറ്റി-ആനക്കുളം റോഡ്, ഇല്ലക്കൽമാടം കാവള മേരിലാൻഡ്, അഞ്ചൽ അമ്പലം റോഡിന്

ഭരണാനുമതി നല്കി പ്രവൃത്തി പുരോഗമിക്കുന്നു. മൂന്നാർ-സൈലന്റ് വാലി റോഡിന് പുതുക്കിയ ഭരണാനുമതി നല്കിയിട്ടുണ്ട്. എസ്.പി.പുരം-കാന്തള്ളൂർ റോഡ് ഇംപ്രൂവ്മെന്റിന് വനം വകുപ്പിന്റെ അനുമതി ലഭിയ്ക്കാത്തതിനാൽ എസ്റ്റിമേറ്റ് എടുത്തിട്ടില്ല.

പാലങ്ങൾ വിഭാഗം:-

1. കാന്തല്ലൂർ മറയൂർ റോഡിൽ കോവിൽക്കടവ് പാലത്തിന്റെ താഴ് വശത്ത് KM10/900-ൽ സമാന്തര പാലത്തിന്റെ നിർമ്മാണം പ്രവർത്തി പൂർത്തികരിച്ചു.

2. ഇരുട്ടുകാനം-മയിലാട്ടുംപാറ റോഡിൽ അമ്പഴച്ചാൽ പാലത്തിന്റെ താഴ് വശത്ത് KM 0/800-ൽ സമാന്തര പാലം നിർമ്മാണത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

കെട്ടിടം വിഭാഗം:-

അടിമാലി താലൂക്ക് ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും. സ്ഥലം ലഭിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

**കഴക്കൂട്ടം മണ്ഡലത്തിൽ റോഡ് വികസനം**

4 (1184) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിൽ കുടിവെള്ളം, സ്വീവേജ് തുടങ്ങിയ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ഡെപ്പോസിറ്റ് ഈടാക്കിയ ശേഷം പ്രസ്തുത റോഡുകളുടെ പുന:സ്ഥാപന പ്രവൃത്തികൾക്ക് ഈ തുക മതിയാകാതെ വരുന്നുണ്ടോ; എങ്കിൽ ഈ അവസ്ഥ പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പൊതുമരാമത്ത് റോഡുകളിൽ കുടിവെള്ളം, സ്വീവേജ് തുടങ്ങിയ പ്രവൃത്തികൾ നിർവഹിക്കുന്നതിന് ഡെപ്പോസിറ്റ് തുക മതിയാകാതെ വരുന്ന സാഹചര്യം സാധാരണ സംഭവിക്കുന്നില്ല. എന്നാൽ വാട്ടർ അതോറിറ്റി അനുവദിച്ച നീളം/വീതി എന്നിവയിൽ കൂടുതൽ കുഴിക്കുന്നതുമൂലവും പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ കാലതാമസം മൂലവും ഡെപ്പോസിറ്റ് തുക മതിയാകാതെ വരുന്ന അവസരത്തിൽ അധിക തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നു. കൂടാതെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ

പ്രകാരം കുടിവെള്ള പദ്ധതികൾക്കായി വാട്ടർ അതോറിറ്റി കഴിക്കുന്ന റോഡുകൾ പുന:സ്ഥാപിച്ച് പൂർവ്വസ്ഥിതിയിലാക്കേണ്ട ഉത്തരവാദിത്തം വാട്ടർ അതോറിറ്റിക്ക് തന്നെയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ഫണ്ട് ഉപയോഗിച്ച് കഴക്കൂട്ടം മണ്ഡലത്തിൽ പൂർത്തിയാക്കിയ റോഡ് പ്രവൃത്തികളുടെ വിവരം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ഫണ്ട് ഉപയോഗിച്ച് കഴക്കൂട്ടം മണ്ഡലത്തിൽ റോഡ് പ്രവൃത്തികളൊന്നുംതന്നെ പൂർത്തിയാക്കിയിട്ടില്ല.

(സി) കാര്യവട്ടം, ചേങ്കോട്ടുകോണം റോഡ് വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത റോഡ് നബാർഡ് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധരിക്കുവാനുള്ള എസ്റ്റിമേറ്റ് നബാർഡിൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രവൃത്തിക്ക് അനുമതി ലഭിച്ചിരുന്നില്ല.

(ഡി) തുമ്പ സ്റ്റേഷൻകടവ് ജംഗ്ഷൻ റോഡ് വികസനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

വി.എസ്.എസ്.സി.-യിലേക്കുള്ള റോഡ് കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിന് വി.എസ്.എസ്.സി. അധികൃതരുടെ നിർദ്ദേശംകൂടി പരിഗണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. റോഡ് വികസനത്തിന് ഫണ്ട് ലഭ്യമാക്കുന്നതിന് വി.എസ്.എസ്.സി.-യുടെ നിർദ്ദേശംകൂടി പരിഗണിച്ച് എസ്റ്റിമേറ്റ് വി.എസ്.എസ്.സി.-യിൽ സമർപ്പിച്ചിരുന്നു. എന്നാൽ 16-09-2022-ന് ചേർന്ന ചീഫ് സെക്രട്ടറിതല യോഗത്തിൽ ഫണ്ട് അനുവദിക്കാൻ കഴിയില്ല എന്ന നിലപാടാണ് വി.എസ്.എസ്.സി. അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായത്.

**പൊതുമരാമത്ത് വകുപ്പിലെ ഗ്രേഡ് II സിവിൽ ഓവർസിയർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം**

5 (1185) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഗ്രേഡ് II സിവിൽ ഓവർസിയർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം ലഭിച്ചവർക്ക് സംസ്ഥാന ഓഫീസിൽ ഹാജരായി വെരിഫിക്കേഷൻ പൂർത്തീകരിച്ച ശേഷം അപ്പോയിന്റ്മെന്റ് ഓർഡർ നൽകുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ?

വെരിഫിക്കേഷൻ പൂർത്തീകരിച്ചശേഷം മാത്രമേ അപ്പോയിന്റ്മെന്റ് ഓർഡർ നൽകാനാവൂ എന്ന് ചട്ടത്തിൽ വ്യവസ്ഥയില്ല. പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭ്യമാകുന്നമുറയ്ക്ക് നിയമന അധികാരി എന്ന നിലയിൽ പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ അപ്പോയിന്റ്മെന്റ് ഓർഡർ നൽകിവരുന്നു. KS&SSR ഭാഗം II ചട്ടം 10(ബി)(iii)-യുടെ പ്രൊവിസോയ്ക്ക് ചുവടെയുള്ള കുറിപ്പ് (2) പ്രകാരമാണ് പ്രസ്തുത നിയമനങ്ങളുടെ നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നത്.

(ബി) പ്രസ്തുത വെരിഫിക്കേഷന് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ ജോയിനിംഗ് ടൈം ആയ 15/45 ദിവസം പൂർത്തീകരിക്കുന്ന മുറയ്ക്ക് അവ

എൻ.ജെ.ഡി. ആയി വീണ്ടും റിപ്പോർട്ട് ചെയ്യണമെന്നിരിക്കെ ഇ.ബി.6 സീറ്റിൽ നിന്നും അപ്രകാരം റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആയത് കൈകാര്യം ചെയ്യുന്ന സി.ഇ. ഓഫീസിലെ സെക്ഷന് ഇപ്രകാരമുള്ള എൻ.ജെ.ഡി. സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകാമോ?

നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് NJD ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്തുവരുന്നു.

**മലയോര ഹൈവേയിലെ അപകടകരമായ വളവുകൾ പരിശോധിക്കാൻ നടപടി**

6 (1186) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനലൂർ മണ്ഡലത്തിലെ പുനലൂർ-അഞ്ചൽ-കുളത്തുപ്പുഴ മലയോര ഹൈവേയിൽ അടുക്കളമൂല പ്രദേശത്തെ അപകടകരമായ നിലയിലുള്ള വളവ്

ഒഴിവാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോയെന്ന് വിശദമാക്കാമോ?

അടുക്കളമൂല ജംഗ്ഷൻ ഉൾപ്പെടുന്ന പുനലൂർ- അഞ്ചൽ-കുളത്തുപ്പുഴ മലയോര ഹൈവേയുടെ നിർമ്മാണം പുറമ്പോക്ക് ഭൂമിയും ഫ്രീസറണ്ടർ ആയി ലഭ്യമായ ഭൂമിയും മാത്രം ഉപയോഗിച്ച് നടത്തിയതിനാൽ സ്ഥലം ഏറ്റെടുത്തു വളവുകൾ നിവർത്താൻ സാധിച്ചിട്ടില്ല. ഈ റോഡിൽ കിഫ്ബിയുടെ റോഡ് സുരക്ഷാ ഓഡിറ്റിന്റെ ഭാഗമായി നാറ്റ്പാക്ക് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഭാഗങ്ങളിൽ സുരക്ഷ കൂട്ടുന്നതിന് വേണ്ടി അധികമായി സൈൻ ബോർഡുകളും റോഡ് മാർക്കിങ്ങുകളും ചെയ്യുന്നതിനുള്ള 5.55 കോടി രൂപയുടെ എസ്റ്റിമേറ്റ് കിഫ്ബിയുടെ പരിഗണനയിലുണ്ട്. ആയതിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കുണ്ടറ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

7 (1187) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കുണ്ടറ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

<u>പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് കേരള റോഡ് ഫണ്ട് ബോർഡ് വിഭാഗം</u>:

വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു.+

<u>നിരത്ത് വിഭാഗം</u>:

വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.+

<u>കെ.എസ്.റ്റി.പി. വിഭാഗം</u>:

OPBRC Package-03 പ്രവൃത്തിയിൽ ഉൾപ്പെട്ട കൊല്ലം - ആയൂർ റോഡിൽ കി.മീ. 8/900 മുതൽ 15/600 വരെയുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഇതുകൂടാതെ, കെ.എസ്.റ്റി.പി. ചലഞ്ച് ഫണ്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിലുൾപ്പെടുത്തി കൊട്ടിയം - കുണ്ടറ റോഡ് പ്രവൃത്തി നിർവ്വഹിക്കുന്നു. നിലവിൽ ഈ പ്രവൃത്തി 35 ശതമാനം പുരോഗമിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗം:

1. ഹൈസ്കൂൾ ജംഗ്ഷൻ കടപുഴ ബലപ്പെടുത്തൽ പ്രവൃത്തി നടന്നുവരുന്നു. ടാറിംഗ് പൂർത്തിയാക്കി ഷോൾഡർ പ്രൊട്ടക്ഷൻ പ്രവൃത്തി നടന്നു വരുന്നു.

2. ദേശീയപാത 744 പ്രീ മൺസൂൺ പ്രവൃത്തി-കേരളപുരം മുതൽ അമ്പലത്തുംകാല വരെ- ടെണ്ടർ ചെയ്തു.

3. ദേശീയപാത 744 പ്രീ-മൺസൂൺ ചിന്നക്കട-കേരളപുരം പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

ഡിസൈൻ വിഭാഗം:

1) കൊല്ലം തിരുമംഗലം നാഷണൽ ഹൈവേ കോയിക്കൽ കരിക്കോട് ജംഗ്ഷന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തിയുടെ കരട് അലൈൻമെന്റ് സാധ്യതാ പഠനത്തിനായി കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിഗണനയിലാണ്.

2. കുണ്ടറ-പള്ളിമുക്ക് ജംഗ്ഷൻ മേൽപ്പാലവും, റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ പുതുക്കിയ സാധ്യതയ്ക്ക് അനുസൃതമായ ടോപ്പോഗ്രാഫിക് സർവ്വെ ലഭ്യമാകുന്ന മുറയ്ക്ക് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതാണ്.

കെട്ടിട വിഭാഗം:

വിശദാംശം അനുബന്ധം-III ആയി ചേർക്കുന്നു.+

**പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമതയും സാങ്കേതിക മികവും**

8 (1188) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമതയും സാങ്കേതിക മികവും പ്രവൃത്തികളുടെ ഗുണനിലവാരവും ഉയർത്തി വകുപ്പിനെ കാലികമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത ഉയർത്തുന്നത് സംബന്ധിച്ച പഠനം നടക്കുകയാണ്. ഗുണനിലവാരം ഉയർത്തുന്നതിനായി ക്വാളിറ്റിമാന്വൽ അവലംബിക്കുകയും എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ഇടങ്ങളിൽ നേരിട്ടെത്തി ഗുണനിലവാര പരിശോധന നടത്തുന്നതിന് മൂന്ന് ആട്ടോമേറ്റഡ് മൊബൈൽ ടെസ്റ്റിംഗ് ലാബ് സജ്ജമാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിൽ പുനരുപയോഗിക്കാൻ സാധിക്കുന്ന പ്രീ-എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനു തയ്യാറെടുപ്പുകൾ നടത്തി വരുന്നുണ്ട്.

(ബി) പ്രീ-എഞ്ചിനീയറിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നത് വഴി നിർമ്മാണത്തിന്റെ വേഗതയും ഗുണമേന്മയും മെച്ചപ്പെടുത്താൻ സാധിക്കുമോ എന്നത് വ്യക്തമാക്കാമോ?

പ്രീ-എഞ്ചിനീയറിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതുവഴി നിർമ്മാണത്തിന്റെ വേഗത മെച്ചപ്പെടുത്താൻ സാധിക്കുന്നു. കൂടാതെ പുനരുപയോഗവും, ഭാരക്കുറവുമാണ് ഇത്തരത്തിലുള്ള നിർമ്മിതികളുടെ മറ്റുസവിശേഷതകളായി കണക്കാക്കുന്നത്. നിലവിൽ

ആലപ്പുഴ ജില്ലയിലെ ഗവ.യു.പി.എസ്. നാലുചിറ എന്ന പ്രവൃത്തി പ്രീ-എഞ്ചിനീയറിഗ് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) സാങ്കേതിക വിദ്യയിലും ഗുണമേന്മയിലും മികവു വർദ്ധിപ്പിക്കാൻ എന്തൊക്കെ പരിഷ്കാരങ്ങൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

സാങ്കേതിക വിദ്യയിലും ഗുണമേന്മയിലും മികവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ കാലം ഈടു നിൽക്കുന്ന ബി.എം. & ബി.സി. റോഡുകൾ നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ ജിയോടെക്സ്റ്റയിൽസ്, പ്ലാസ്റ്റിക്ക് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകി വരുന്നു. സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദപരവുമായ റോഡുകളുടെ നിർമ്മാണത്തിന് ആധുനിക നിർമ്മാണ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കാലാവസ്ഥയെ പ്രതിരോധിക്കുന്ന റോഡ് നിർമ്മാണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഫുൾ ഡെപ്ത് റിക്ലമേഷൻ, കോൾഡ് മിക്സ് വാം, മിക്സ് അസ്ഫാൽറ്റ് ടെക്നിക്ക്, വൈറ്റ് ടോപ്പിംഗ്, കയർ

ഭ്രവസ്ത്രം എന്നിവയുൾപ്പെടെയുള്ള നൂതന നിർമ്മാണ സാങ്കേതിക വിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പദ്ധതികൾ തയ്യാറാക്കി വരുന്നു. റോഡിന്റെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ മാന്വൽ അനുസരിച്ചുള്ള വിവിധ പരിശോധനകൾ നടപ്പിലാക്കുന്നുണ്ട്. ഇതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ക്വാളിറ്റി കൺട്രോൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

സാങ്കേതിക വിദ്യയിലും ഗുണമേന്മയിലുള്ള മികവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശോധനകളെക്കുറിച്ചും ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചും പൊതുമരാമത്ത് ഉദ്യോഗസ്ഥർക്ക് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന പരിശീലനം നൽകിവരുന്നുണ്ട്. നിലവിൽ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ക്വാളിറ്റി കൺട്രോൾ മാന്വലിൽ നിഷ്കർഷിക്കും വിധമാണ് പ്രവൃത്തികൾ നടന്നുവരുന്നത്. കൂടാതെ പണി നടക്കുമ്പോൾ തന്നെ ഗുണമേന്മ ഉറപ്പ് വരുത്താനായി ആട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ തിരുവനന്തപുരം, എറണാകുളം,

കോഴിക്കോട് മേഖലകളിൽ പ്രാവർത്തികമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഗവൺമെന്റ് ഇലക്ട്രിക്കൽ കോൺട്രാക്ടർമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ**

9 (1189) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഇലക്ട്രിക്കൽ കോൺട്രാക്ടർമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കെട്ടിട വിഭാഗത്തിൽ കോമ്പോസിറ്റ് ടെണ്ടർ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് അംഗീകൃത ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് കരാർ സംഘടനകൾ നൽകിയ നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇലക്ട്രിക് ജോലികൾ സിവിൽ കരാറുകാർക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ ഇടയായ സാഹചര്യം വിശദമാക്കുമോ?

ഇലക്ട്രിക് ജോലികൾ സിവിൽ കരാറുകാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല.

(സി) ഇന്ത്യൻ ഇലക്ട്രിസിറ്റി നിയമം അനുസരിച്ച് യോഗ്യരായവർക്ക് തൊഴിൽ നൽകുന്നതിനുപകരം സിവിൽ കരാറുകാർ അന്യസംസ്ഥാന തൊഴിലാളികളെ ഉപയോഗിച്ച് സർക്കാർ കെട്ടിടങ്ങളിൽ ഇലക്ട്രിക് പ്രവൃത്തികൾ നടത്തുന്നത് നിയമ വിരുദ്ധമാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ കോംപോസിറ്റ് ടെണ്ടറിൽ ഇലക്ട്രിക്കൽ പാർട്ടിൽ അംഗീകൃത ഇലക്ട്രിക്കൽ കരാറുകാർക്കുകൂടി പങ്കെടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ?

(സി & ഡി) ഇലക്ട്രിക് പ്രവൃത്തികൾ, പി.ഡബ്ല്യൂ.ഡി രജിസ്റ്റേർഡ്/ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്/അംഗീകൃത കരാറുകാരെ കൊണ്ട് ചെയ്യുന്നതിനാണ് അനുമതിയുള്ളത്. നിലവിലെ ഉത്തരവുകൾ പ്രകാരം യോഗ്യരായ ഇലക്ട്രിക്/സിവിൽ കരാറുകാർക്ക് ടെണ്ടർ നടപടികളിൽ പങ്കെടുക്കാവുന്നതാണ്.

**നെയ്യാറ്റിൻകര അമരവിള എക്സൈസ് മന്ദിരം നിർമ്മിക്കുന്നതിന്റെ ടെണ്ടർ നടപടി**

10 (1190) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അമരവിള എക്സൈസ് മന്ദിരം നിർമ്മിക്കുന്നതിന്റെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര അമരവിള എക്സൈസ് മന്ദിരം നിർമ്മിക്കുന്നതിന്റെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം നടക്കുന്നു.

(ബി) ഡി.പി.ആർ. പ്രകാരം എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ?

ഡി.പി.ആർ. പ്രകാരം അമരവിള എക്സൈസ് മന്ദിരം നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭ്യമായത് 1,30,00,000/- രൂപയ്ക്കാണ്.

**അമിനിറ്റി സെന്റർ കാടുകയറി നശിച്ചുപോകുന്നത് സംബന്ധിച്ച്**

11 (1191) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജക മണ്ഡലത്തിൽ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന അമിനിറ്റി സെന്റർ കാടുകയറി നശിച്ചുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സെന്ററിന്റെ പരിപാലന ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

(എ&ബി) അരൂർ നിയോജക മണ്ഡലത്തിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന അമിനിറ്റി സെന്ററിന്റെ പരിപാലന ചുമതല കൈരളി സോഷ്യൽ സർവ്വീസ് സൊസൈറ്റിയെയാണ് ഏൽപ്പിച്ചിരുന്നത്. ടി സൊസൈറ്റിയുമായുള്ള കരാർ അവസാനിച്ചതിനാൽ പുതിയ കരാർ വയ്ക്കുന്നതിനായി ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(സി) പ്രസ്തുത സെന്ററിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ?

പ്രസ്തുത അമിനിറ്റി സെന്ററിന്റെ കീഴിൽ ഫെഡറൽ ബാങ്കിന്റെ ഒരു ATM മാത്രം നിലവിൽ പ്രവർത്തിക്കുന്നു.

## ഗുരുവായൂർ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള ഭരണാനുമതി

12 (1192) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികളിൽ ഏതൊക്കെ പ്രവൃത്തികൾ പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ബഡ്ജറ്റ് വർക്ക് 2017-18 - മുതുവട്ടൂർ- പാലയൂർ

2. ഇംപ്രൂവ്മെന്റ്സ് ടു മല്ലാട്- ഓവുങ്കൽപ്പള്ളി റോഡ് ch 3/82 to 6/900

3. ബഡ്ജറ്റ് വർക്ക് 2019-2022 - ഇംപ്രൂവ്മെന്റ്സ് ടു പുന്നയൂർക്കുളം-ചങ്ങരംകുളം റോഡ്

4. ബഡ്ജറ്റ് വർക്ക് 2018-19 – ബി. സി. ഓവർലേയിംഗ് ടു തൃപ്രയാർ - കാഞ്ഞാണി ch:22/000 to 24/000.

(ബി) പുതിയ ഭരണാനുമതിക്കായി സമർപ്പിച്ച ഓരോ പൊതുമരാമത്ത് പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കുമോ?

മേൽ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കാലതാമസം ഒഴിവാക്കി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പുതുക്കിയ ഭരണാനുമതി നൽകി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

**ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ**

13 (1193) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ പ്രവൃത്തി എപ്പോഴാണ് ടെണ്ടർ നടപടി പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി 09-08-2021-ലാണ് SE(K) 23/2021-22 നമ്പർ പ്രകാരം കരാറുകാരനുമായി ഉടമ്പടി ഏർപ്പെട്ടിട്ടുള്ളത്.

(ബി) ടെണ്ടർ ചെയ്ത പ്രവൃത്തി നാളിതുവരെയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതിനായി മണ്ണ് നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് എത്ര തവണയാണ് ലേലം നടത്തിയിട്ടുള്ളത്; ലേല തീയതി ഉൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ?

സ്ഥലത്തെ മണ്ണ് നീക്കം ചെയ്യാൻ സാധിക്കാത്തതിനാൽ ടെണ്ടർ ചെയ്ത പ്രവൃത്തി നാളിതുവരെയായി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ലേല നടപടികളിലൂടെ മണ്ണ് നീക്കം ചെയ്യുന്നതിനായി സർവ്വെ റിപ്പോർട്ടിന് 25-07-2022-ന് അംഗീകാരം ലഭ്യമാക്കിയിരുന്നു. ലേല നടപടികൾ

സ്വീകരിച്ചിരുന്നുവെങ്കിലും സർവ്വെ റിപ്പോർട്ട് പ്രകാരം നിശ്ചയിച്ച തുക ലഭ്യമാകാത്തതിനാൽ ലേല നടപടികൾ അംഗീകരിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. മണ്ണ് നീക്കുന്ന പ്രവൃത്തിക്ക് 3 തവണയാണ് ലേല നടപടികൾ കൈക്കൊണ്ടത്. ഇവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നമ്പർ | ലേല തീയതി | ലേലം കൊണ്ട തുക |
|---|---|---|
| 1 | 27-07-2022 | ആരും പങ്കെടുത്തില്ല. |
| 2 | 04-08-2022 | ആരും പങ്കെടുത്തില്ല. |
| 3 | 19-08-2022 | 3,10,000/- |

(സി) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

സർവ്വെ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച തുക 21,67,352/-ആണ്. എന്നാൽ ലേല നടപടികളിൽ ക്വാട്ട് ചെയ്ത ലേലത്തുക 3,10,000/- മാത്രമാണ്. ടി തുക അംഗീകരിച്ചുനൽകിയ തുകയേക്കാൾ 85.69% കുറവായതിനാൽ ലേല നടപടികൾക്ക് ആവശ്യമായ അംഗീകാരം ലഭ്യമാക്കുന്നതിന് നിർദ്ദേശം ലഭിച്ചിരുന്നു. മണ്ണ് സർക്കാരിന്റെ മറ്റ്

പ്രവൃത്തികൾക്കൊന്നും ലാഭകരമായി ഉപയോഗിക്കാനാവില്ലെന്ന് ഉറപ്പ് വരുത്തേണ്ടതും നിലവിലുള്ള നിയമങ്ങൾ പ്രകാരം ലേലത്തുകയായ 3,10,000/- രൂപയോടൊപ്പം GST, Royalty, Seigniorage ചാർജ്ജ് എന്നിവയും ഈടാക്കേണ്ടതുണ്ടെന്നും ചീഫ് എഞ്ചിനീയറെ അറിയിച്ചിരുന്നു. Seigniorage ചാർജ് 100/MT നിരക്കിൽ 18,72,038/- രൂപ അടയ്ക്കാൻ ലേലം കൈക്കൊണ്ടയാൾ വിസമ്മതം അറിയിച്ചതിനെ തുടർന്ന് ലേല തുകയിൽനിന്നും Seigniorage ചാർജ് ഒഴിവാക്കുന്നതിനായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**പേരാമ്പ്ര മണ്ഡലത്തിലെ മലയോര ഹൈവേ, ചേനായി പാലം**

14 (1194) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ മലയോര ഹൈവേയുടെ ഭാഗമായുള്ള റോഡ് നിർമ്മാണത്തിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ടോ;

പ്രസ്തുത റോഡ് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ മലയോര ഹൈവേയുടെ അലൈൻമെന്റിന് അന്തിമ രൂപമാക്കി ഡി.പി.ആർ. സമർപ്പിച്ച് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളതാണ്. പേരാമ്പ്ര മണ്ഡലത്തിൽ മലയോര ഹൈവേയുടെ ദൈർഘ്യം 13 കി.മി. ആണ്.

പ്രസ്തുത പ്രവൃത്തിക്ക് ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സ്ഥലലഭ്യത ഉറപ്പാക്കി സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റിന് അനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ചേനായി പാലം നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ചേനായി പാലം നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ നബാർഡ് ട്രാഞ്ചെ XXVIII (2022 -2023)- പരിഗണിച്ചിട്ടില്ല. 2023 - 2024

ബഡ്ജറ്റിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ക്രമ നമ്പർ 432 പ്രകാരം 100 രൂപ ടോക്കൺ പ്രൊവിഷൻ ഉണ്ട്.

**മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന ഓഫീസുകൾ**

15 (1195) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കെട്ടിടം, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളുടെ എത്ര ഓഫീസുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത വിഭാഗങ്ങളിൽ ഏതൊക്കെ തസ്തികകൾ നിലവിലുണ്ടെന്നും അവയിൽ ഒഴിവുകൾ ഉണ്ടോയെന്നും അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കെട്ടിടം, ഇലക്ട്രിക്കൽ വിഭാഗങ്ങളിലായി 20 ഓഫീസുകളാണ് നിലവിലുള്ളത്. നിലവിലുള്ള തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | ഒഴിവുകൾ |
|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഇല്ല |

| | |
|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഇല്ല |
| അസിസ്റ്റന്റ് എഞ്ചിനീയർ | 3 |
| സെക്കന്റ് ഗ്രേഡ് ഓവർസീയർ | ഇല്ല |
| തേർഡ് ഗ്രേഡ് ഓവർസീയർ | ഇല്ല |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | ഇല്ല |
| അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | ഇല്ല |
| ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (ഇലക്ട്രിക്കൽ) | 2 |
| സെക്കന്റ് ഗ്രേഡ് ഓവർസീയർ (ഇലക്ട്രിക്കൽ) | ഇല്ല |
| ലൈൻമാൻ | 3 |
| ജൂനിയർ സൂപ്രണ്ട് | ഇല്ല |
| ഹെഡ് ക്ലാർക്ക് | ഇല്ല |
| ക്ലാർക്ക്/സീനിയർ ക്ലാർക്ക് | ഇല്ല |
| ടൈപ്പിസ്റ്റ് | ഇല്ല |
| ഡ്രൈവർ | ഇല്ല |
| ഓഫീസ് അറ്റൻഡന്റ് | ഇല്ല |
| വാച്ച്മാൻ | ഇല്ല |

(ബി) പ്രസ്തുത ജില്ലയിലെ പൊതുമരാമത്ത് ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി എത്ര സെക്ഷൻ ഓഫീസുകൾ, സബ് ഡിവിഷൻ ഓഫീസുകൾ എന്നിവ നിലവിലുണ്ടെന്ന് അറിയിക്കാമോ; ഇലക്ട്രിക്കൽ

പ്രവൃത്തികൾ ചെയ്യുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഓവർസിയർ, ലൈൻമാൻ എന്നീ തസ്തികകളിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി ഒരു സബ് ഡിവിഷൻ ഓഫീസും രണ്ട് സെക്ഷൻ ഓഫീസും നിലവിലുണ്ട്. നിലവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുവാൻ ഓവർസീയർ I, II ഗ്രേഡുകളിൽ 5 പേരും ലൈൻമാൻ തസ്തികയിൽ 13 പേരും ജോലി ചെയ്യുന്നുണ്ട്. മലപ്പുറം ജില്ലയ്ക്ക് മാത്രമായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക നിലവിലില്ല. മലപ്പുറം ജില്ല കോഴിക്കോട് ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയിലാണ്.

(സി) മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന കെട്ടിടങ്ങളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ പരിഗണനയിൽ ഇല്ല.

**ഗുരുവായൂർ-ചൂണ്ടൽ റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ**

16 (1196) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ ഗുരുവായൂർ-ചൂണ്ടൽ റോഡിലെ ചൊവ്വല്ലൂർപടി തൈക്കാട് ജംഗ്ഷനിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ ഗുരുവായൂർ ചൂണ്ടൽ റോഡിലെ ചൊവ്വല്ലൂർപ്പടി, തൈക്കാട് ജംഗ്ഷനിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി കാന നിർമ്മിക്കുന്നതിനുള്ള 57.36 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് പരിശോധിച്ചുവരുന്നു.

**വല്ലാർപാടം കണ്ടെയിനർ റോഡ്-റെയിൽ പദ്ധതി**

17 (1197) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വല്ലാർപാടം കണ്ടെയിനർ റോഡ് - റെയിൽ പദ്ധതിക്ക് വേണ്ടി 2008- ൽ കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് വേണ്ടി 2008 മാർച്ച് 19-ന് ഇറക്കിയ പുനരധിവാസ ഉത്തരവിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു. +

(ബി) പുനരധിവാസ ഭൂമികളിൽ റോഡ്, വൈദ്യുതി, കുടിവെള്ളം, ഡ്രെയിനേജ്, ഇരുനിലക്കെട്ടിടം പണിയത്തക്ക എ ക്ലാസ് ഭൂമി എന്നി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുവരെ പ്രതിമാസം എത്ര രൂപ വീട്ടു വാടക ഇനത്തിൽ നൽകണമെന്നാണ് ഹൈക്കോടതി വിധിയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വീട്ടുവാടക ഇനത്തിലുള്ള ഈ തുക ഏതു വർഷം വരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി & സി) മുലമ്പിള്ളി, കോതാട്, കോരമ്പാടം, മുളവുകാട്, തുതിയൂർ (കാക്കനാട്), വടുതല എന്നീ സ്ഥലങ്ങളിലെ അടിസ്ഥാന സൗകര്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

31-07-2012-ൽ പൂർത്തീകരിച്ചിട്ടുള്ളതും, ടി പുനരധിവാസ സ്ഥലം കിട്ടിയവർക്ക് 31-01-2013 വരെ പ്രതിമാസം 5000/- രൂപ വാടക നൽകിയിട്ടുണ്ട്. ഉതിയൂർ (വാഴക്കാല) പുനരധിവാസ സ്ഥലത്തിന്റെ അടിസ്ഥാന സൗകര്യം 31-07-2013-ൽ പൂർത്തിയാക്കിയിട്ടുള്ളതും ടി പുനരധിവാസ സ്ഥലം കിട്ടിയവർക്ക് 31-01-2014 വരെ പ്രതിമാസം 5000/- രൂപ നൽകിയിട്ടുണ്ട്.

(ഡി) കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ ഒരാൾക്ക് വീതം വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് പദ്ധതിയിൽ ജോലി നൽകും എന്ന ഉത്തരവ് അനുസരിച്ച് എത്രപേർക്ക് ജോലി നൽകിയിട്ടുണ്ട്; ആർക്കൊക്കെ; പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ?

ടി പദ്ധതിയിൽ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ആർക്കും ജോലി നൽകിയിട്ടില്ലാത്തതാണ്. ICTT വല്ലാർപാടം പദ്ധതി BOT വ്യവസ്ഥയിൽ ആയതിനാൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ അംഗങ്ങൾക്ക് ജോലി നൽകുന്നതിന് സാധ്യമല്ലായെന്നുള്ള വിവരം കൊച്ചി പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുള്ളതാണ്.

(ഇ) എറണാകുളം ജില്ലയിലെ ചേരാനല്ലൂർ വില്ലേജിലെ വടുതല പുനരധിവാസ ഭൂമിയിലെ റോഡ് നിർമ്മാണവും ഡ്രെയിനേജ് നിർമ്മിക്കലും കളിസ്ഥലത്തിന്റെ പുനരുദ്ധാരണവും എന്നത്തേയ്ക്ക് തുടങ്ങി പൂർത്തിയാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

വടുതല പുനരധിവാസ പ്ലോട്ടിൽ കളി സ്ഥലം നിർമ്മിക്കുന്നതിനായി GCDA പ്രൊപ്പോസൽ ലഭ്യമാക്കിയാൽ തുടർനടപടി സ്വീകരിക്കാമെന്ന് മൂലമ്പിള്ളി മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ 07-02-2019-ന് കൂടിയ യോഗത്തിൽ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ GCDA ഇതുവരെയും പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

**താമരശ്ശേരി ചുരം വികസനം**

18 (1198) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 766-ലെ താമരശ്ശേരി ചുരത്തിൽ അടുത്ത കാലത്തായി നടത്തിയ വികസന പ്രവൃത്തികളും ഇനി നടത്താൻ വിഭാവനം

ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ദേശീയപാത 766-ൽ താമരശ്ശേരി ചുരത്തിൽ വാർഷിക പദ്ധതി 2019-20-ൽ ഉൾപ്പെടുത്തി കി.മീ 45/000(അടിവാരം) മുതൽ 66/000(ലക്കിടി) വരെയുള്ള ഭാഗം ഉപരിതലം DBM&BC ചെയ്ത് നവീകരണ പ്രവൃത്തി 30-12-2021-ന് പൂർത്തീകരിച്ചു. വനം വകുപ്പിന്റെ സ്ഥലം ലഭ്യമായ ഇടങ്ങളിൽ ഹെയർപിൻ വീതി കൂട്ടി ഗതാഗത സൗകര്യം സുഗമമാക്കുന്ന പ്രവൃത്തി വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ പുതുപ്പാടി മുതൽ മുത്തങ്ങ (കി.മീ.40/00 മുതൽ 117/600) വരെ പേവ്ഡ് ഷോൾഡറോട്ടുകൂടി രണ്ട് വരി പാതയായി വികസിപ്പിക്കുന്ന ഡി.പി.ആർ. പ്രവൃത്തിയിൽ വയനാട് ചുരം കൂടി ഉൾപ്പെടുന്നുണ്ട്.

(ബി) ചുരം വികസനത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ചുരത്തിൽ കൂടുതലും വനം വകുപ്പിന്റെ കൈവശ ഭൂമിയാണ്. ആയതിനാൽ വീതി കൂട്ടുന്നതിനും റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനും സ്ഥല ലഭ്യതയ്ക്ക് വനം വകുപ്പിന്റെ അനുമതി ലഭ്യമാകണം.

**പീച്ചി-വാഴാനി കോറിഡോർ നിർമ്മാണം**

19 (1199) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് പീച്ചി-വാഴാനി കോറിഡോർ നിർമ്മിക്കുന്നതു സംബന്ധിച്ച നടപടികളുടെ സ്ഥിതി അറിയിക്കാമോ?

പീച്ചി-വാഴാനി ടൂറിസം കോറിഡോർ റോഡ് എന്ന പ്രവൃത്തിക്ക് 20 കോടിയുടെ ഭരണാനുമതിയും തുടർന്ന് കിഫ്ബിയിൽനിന്നും 62 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ റോഡിന്റെ ആകെ നീളം 18.65 കി.മീ. ആണ്. ഇതനുസരിച്ച് പ്രവൃത്തി ടെണ്ടർ ചെയ്ത് 05-08-2019-ൽ കരാർ വച്ചു. ടി റോഡ് വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ കൂടി കടന്നു പോകുന്നതിനാൽ ചെയിനേജ് (0/000) മുതൽ (7/000) വരെ കയ്യേറ്റം ഒഴിപ്പിക്കൽ നടത്തി ആവശ്യമായ വീതി ലഭ്യമാക്കാൻ സാധിച്ചില്ല.

റോഡിന്റെ ഇരുവശങ്ങളിലുമുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾക്കും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും താമസം നേരിട്ടു. കരാറുകാരന്റെ അഭ്യർത്ഥന പ്രകാരവും വകുപ്പ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തിയിൽ നിന്നും കരാറുകാരനെ ഒഴിവാക്കി. തുടർന്ന് വീതി ലഭ്യമായ 7/000 (പോങ്ങനങ്ങാട്) മുതൽ 18/650 (കരുമത്ര) വരെ ഒന്നാം ഘട്ടമായും, സ്ഥല ലഭ്യത ഉറപ്പാക്കാൻ സാധിക്കാത്ത 0/000 മുടിക്കോട്) മുതൽ 7/000 (പോങ്ങനങ്ങാട്) വരെ ഭൂമി ഏറ്റെടുത്തശേഷം രണ്ടാം ഘട്ടമായും നടപ്പാക്കാൻ തീരുമാനിച്ചു. ഒന്നാം ഘട്ടമായ പോങ്ങനങ്ങാട് മുതൽ കരുമത്ര വരെയുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി 16-07-2022-ൽ ടെണ്ടർ ചെയ്ത് കരാറുകാരനെ നിശ്ചയിച്ചിട്ടുണ്ട്. കിഫ്ബി നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് എഗ്രിമെന്റ് വയ്ക്കുന്നതാണ്. രണ്ടാം ഘട്ടമായ മുടിക്കോട് മുതൽ പോങ്ങനങ്ങാട് വരെയുള്ള പ്രവൃത്തി FDR ടെക്നോളജി പ്രകാരം ചെയ്യാൻ കിഫ്ബിയിൽ നിന്നും അനുമതി ലഭിച്ചിരുന്നു. ആയതിന് ആവശ്യമായ വീതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്ന് വരികയാണ്. ബഹു.എം.എൽ.എ.-

യുടെ ആവശ്യപ്രകാരം ലഭ്യമായ വീതിയിൽ DBM & BC ചെയ്യാൻ അനുമതിക്കായി 22-09-2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നെങ്കിലും അന്തിമാനുമതി ലഭിച്ചിട്ടില്ല. അത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഈ പ്രവൃത്തിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ നടത്തി വരികയാണ്.

**തരൂർ നിയോജക മണ്ഡലത്തിലെ കാരപ്പൊറ്റ-പുളിതപ്പറമ്പ് റോഡ്**

20 (1200) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ നിയോജക മണ്ഡലത്തിലെ കാരപ്പൊറ്റ-പുളിതപ്പറമ്പ് റോഡ് പണി എന്നുതുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

05-01-2021-ൽ ഭരണാനുമതി നൽകിയ കാരപ്പൊറ്റ-പുളിതപ്പറമ്പ് റോഡ് പ്രവൃത്തിയുടെ പുനർനാമകരണത്തിനും പരിഷ്കരിച്ച ജി.എസ്.ടി. നിരക്ക് പ്രകാരം പുതുക്കിയ ഭരണാനുമതിക്കുമായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പുതുക്കിയ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്.

**പാലക്കാട് ജില്ലയിൽ ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ നവീകരിക്കുന്ന റോഡുകൾ**

21 (1201) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് പാലക്കാട് ജില്ലയിൽ ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള റോഡുകളുടെ പേര്, ദൈർഘ്യം, അനുവദിച്ച തുക എന്നീ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് പാലക്കാട് ജില്ലയിൽ ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**തീരദേശ ഹൈവേയ്ക്കായി ഭൂമി ഏറ്റെടുക്കൽ**

22 (1202) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മുതൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വരെ 623 കി. മീ. ദൂരത്തിൽ വിഭാവനം ചെയ്യുന്ന തീരദേശ ഹൈവേയുടെ കെ.ആർ.എഫ്.ബി. പി.എം.യു.-വിന് കീഴിലുള്ള കെ.ആർ.എഫ്.ബി. 556 കി. മീറ്ററിൽ 460 കി.മീ. ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കുകയും 6(1)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നോട്ടിഫിക്കേഷൻ എന്നിവ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇതിൽ 200 കി. മീ. ഭാഗത്ത് ഇതിനോടകം അതിർത്തികല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 12 കി. മീ. ഭാഗത്ത് 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആകെ 330 കി.മീ. ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും കോസ്റ്റൽ ലഭ്യമായിട്ടുണ്ട്. തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഹൈവേയുടെ ഭാഗമായി വരുന്ന അഴീക്കോട് മുനമ്പം പാലം, കുഞ്ഞാലി മരക്കാർ പാലം എന്നിവയുടെ സ്ഥലം ഏറ്റെടുപ്പിനായി 9.6 കോടി രൂപയുടെ നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായുള്ള നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ?

കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSCADC)-നെയാണ് തീരദേശ ഹൈവേയുടെ പുനരധിവാസ പ്രവൃത്തികൾക്കുള്ള എസ്.പി.വി. ആയി നിശ്ചയിച്ചിട്ടുള്ളത്. തീരദേശ ഹൈവേയുടെ നഷ്ടപരിഹാര തുക RFCTLARR ആക്റ്റ് 2013 പ്രകാരമാണ്

നിശ്ചയിക്കുന്നത്. പദ്ധതിക്കായുള്ള പ്രത്യേക പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്.

**കൊട്ടുവായൂർ ബൈപാസ് റോഡ്**

23 (1203) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കൊട്ടുവായൂർ ബൈപാസ് റോഡ് പ്രവൃത്തി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചു. KIIFB order No.PWD-003-05-PA-01 dated 09-11-2018 പ്രകാരം 38.2 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. ജില്ലാ കളക്ടർക്ക് 15-01-2019-ൽ അർത്ഥനാപത്രം സമർപ്പിച്ചു. ഏറ്റെടുക്കേണ്ടതായിട്ടുള്ള ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും, 29-01-2020-ൽ റവന്യൂ

അധികാരികളുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. ഭൂമിയേറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി. അന്തിമ റിപ്പോർട്ട് 25-06-2020-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. സ്ഥലമെടുപ്പ് തഹസിൽദാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ വിട്ടുപോയ സർവ്വെ നമ്പരുകൾ ഉൾപ്പെടുത്തി പുതുക്കിയ അർത്ഥനാപത്രം 06-02-2021-ൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും റവന്യൂ വകുപ്പിന്റെ പുതുക്കിയ ഉത്തരവിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിട്ടുപോയ സർവ്വെ നമ്പറുകളിലുള്ള സ്ഥലം ഉടമകളെ കേൾക്കുന്നതിനായി എസ്.ഐ.എ. യൂണിറ്റായ YSSO 22-07-2022-ന് കൊടുവായൂർ പഞ്ചായത്ത് ഹാളിൽ പബ്ലിക് ഹിയറിംഗ് നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ 11(1) വിജ്ഞാപനം 30-09-2022-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) നടപടിക്രമങ്ങൾ എല്ലാം പൂർത്തീകരിച്ച് പ്രസ്തുത റോഡ് പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-ക്ക് കൈമാറിയ ശേഷം ബൈപ്പാസിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

**വർക്കല-കല്ലമ്പലം-റോഡ് നവീകരിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ**

24 (1204) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല-കല്ലമ്പലം-റോഡ് നവീകരിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

വർക്കല-കല്ലമ്പലം റോഡിന്റെ നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച സമയത്ത് അതേ റോഡിൽ 4 ഓട നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടായിരുന്നു. ഇത് പൂർത്തീകരിക്കുന്നതിനുണ്ടായ കാലതാമസമാണ് പ്രസ്തുത നവീകരണ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് വൈകാൻ കാരണമായത്. നിലവിൽ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ്

തയ്യാറാക്കിയത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ചുവരുന്നു.

**എൻ.എച്ച്. 966-ന്റെ താണാവ്-നാട്ടുകൽ റോഡ് നിർമ്മാണം**

25 (1205) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന എൻ.എച്ച്. 966-ന്റെ താണാവ്-നാട്ടുകൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥാപിക്കാൻ നിശ്ചയിച്ചിട്ടുള്ള ടോൾ ബൂത്ത് പൊരിയാനിയിൽ നിന്നും മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ?

ടോൾ പ്ലാസ നിലവിൽ നിശ്ചയിച്ച സ്ഥലത്ത് നിന്ന് മാറ്റാനുള്ള സാധ്യത പരിശോധിക്കണമെന്ന് ജനപ്രതിനിധികൾ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ടോൾ ബൂത്ത് നിർമ്മാണം സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർക്ക് ദേശീയപാത വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ദേശീയപാത 966-ലെ നാട്ടുകൽ-താണാവ് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ടതുള്ളതിനാൽ ജനപ്രതിനിധികളുടേയും ജില്ലാ കളക്ടറുടേയും സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്ന് തീരുമാനമെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ദേശീയപാതാവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ മുണ്ടൂർ-തൂത റോഡിന്റെ നിലവിലെ സ്ഥിതി**

26 (1206) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി. നിർമ്മാണ ചുമതല നിർവ്വഹിക്കുന്ന പാലക്കാട് ജില്ലയിലെ മുണ്ടൂർ-തൂത റോഡിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ജില്ലയിൽ മുണ്ടൂർ മുതൽ തൂത വരേയുള്ള 37.134 കി.മീ നീളത്തിലുള്ള

റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ 37.134 കി.മീ. റോഡ് വീതി കൂട്ടുന്നതിൽ 25.58 കി.മീ. ദൂരം പൂർത്തീകരിച്ചിട്ടുണ്ട്. 9.6 കി.മീ. നീളത്തിൽ ഡി.ബി.എം. നിർമ്മാണവും, 0.60 കി.മീ. നീളത്തിൽ ബി.സി. നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ ഇരുവശങ്ങളിലുമായി 68.76 കി.മീ. നീളംവരുന്ന ഓടയുടെ നിർമ്മാണത്തിൽ 62.24 കി.മീ. ദൈർഘ്യത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. 110 കലുങ്കുകളിൽ 83 എണ്ണവും 2 പാലം വീതി കൂട്ടുന്നതിൽ ഒന്നും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

20-04-2024-ൽ പൂർത്തീകരിക്കേണ്ട പദ്ധതിയാണ്.

**കോഴിക്കോട് നഗരപാത വികസന പദ്ധതി രണ്ടാം ഘട്ടം പ്രവൃത്തി**

27 (1207) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരപാത വികസന പദ്ധതി രണ്ടാം ഘട്ടം പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പദ്ധതി വേഗത്തിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) കോഴിക്കോട് നഗരപാത വികസന പദ്ധതി രണ്ടാം ഘട്ടം പ്രവൃത്തികളിൽ ഉൾപ്പെട്ട 10 റോഡുകളുടെയും രാമനാട്ടുകര-വട്ടക്കിണർ-പന്നിയങ്കര-പന്തീരങ്കാവ് റോഡുകളുടെയും വിശദമായ രൂപരേഖയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിഗണനയിലാണ്. 06-06-2022-ലെ ജി.ഒ (ആർ.റ്റി) നം.613/2022/പൊ.മ.വ. പ്രകാരം കോഴിക്കോട് നഗര വികസന പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെട്ട ചെറുവണ്ണൂർ, അരീക്കാട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഡി.ബി.എഫ്.ഒ.റ്റി. - ആന്വിറ്റി വ്യവസ്ഥയിൽ 1.70 കി.മീ. മേൽപ്പാല നിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കല്ലിടൽ പ്രവൃത്തികൾ പുരോഗമിക്കുന്നു.

## ആറ്റിങ്ങൽ മണ്ഡലത്തിലെ നിലയ്ക്കാമുക്ക്-കായിക്കരക്കടവ്-പണയിൽ കടവ് റോഡ് നവീകരണം

28 (1208) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ നിലയ്ക്കാമുക്ക്-കായിക്കരക്കടവ്-പണയിൽ കടവ് റോഡ് നവീകരണത്തിന് 4 കോടി രൂപ അനുവദിച്ചതിൽ നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തിക്കായി 13-08-2021-ൽ ഭരണാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നതാണ്. എന്നാൽ പ്രസ്തുത ടെണ്ടറിലും തുടർന്ന് നടത്തിയ 3 റീടെണ്ടറുകളിലും ആരും തന്നെ പങ്കെടുത്തിരുന്നില്ല. തുടർന്ന് മരാമത്ത് പണികളുടെ ജി.എസ്.റ്റി. 12%-ൽ നിന്ന് 18% ആയി ഉയർത്തിയ സാഹചര്യത്തിൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 05-12-2022-ൽ 421.42 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുനമതി നൽകി സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പ്രവൃത്തി ആരംഭിച്ചതിനുശേഷമുള്ള സി.ടി.ഇ. ഇടപെടലുകൾ.**

29 (1209) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ് പ്രവൃത്തി നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചതിനുശേഷം നിർമ്മാണ ഘട്ടത്തിൽ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തുന്നതിന് സി.ടി.ഇ. (ചീഫ് ടെക്നിക്കൽ എക്സാമിനർ) നിർദ്ദേശം നൽകുന്ന പതിവുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ് പ്രവൃത്തിക്കായി നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചതിനുശേഷം നിർമ്മാണ ഘട്ടത്തിൽ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തുന്നതിന് സാധാരണ ഗതിയിൽ സി.ടി.ഇ. നിർദ്ദേശം നൽകാറില്ല. എന്നാൽ പ്രവൃത്തി നിർവ്വഹണ സമയത്ത് സൈറ്റിലെ ആവശ്യങ്ങൾക്ക് അനുസൃതമായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരുന്ന വേളയിൽ അംഗീകൃത എസ്റ്റിമേറ്റിൽ നിന്നും വലിയ വ്യത്യാസം ഉണ്ടാകുന്ന പക്ഷം ആയവ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ

പരിശോധനയ്ക്ക് നൽകാറുണ്ട്. ഇത്തരം സാഹചര്യത്തിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം ഉണ്ടാകാറുണ്ട്.

(ബി) ഷെഡ്യൂൾ നിരക്കിൽ വരുന്ന വ്യതിയാനം മൂലം നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പിൻമാറുന്ന സാഹചര്യം ഉണ്ടാകാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സാഹചര്യങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി & സി) ഷെഡ്യൂൾ നിരക്കിൽ വരുന്ന വ്യതിയാനം മൂലം നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ പിൻമാറുന്ന ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ, സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുന:ക്രമീകരിക്കുകയാണ് ചെയ്യുന്നത്.

**പൊതുമരാമത്ത് വകുപ്പിന്റെ പഴയ റോഡ് ഭാഗങ്ങൾതിരിച്ച് പിടിക്കാൻ നടപടി**

30 (1210) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പല റോഡുകളുടെയും വളവുകൾ നിവർത്തുമ്പോഴും മറ്റും ഉപയോഗിക്കാതെ കിടക്കുന്ന പഴയ റോഡ് ഭാഗങ്ങൾ സമീപവാസികൾ കയ്യേറുന്ന സംഭവങ്ങൾ സംസ്ഥാനത്ത് നിരവധി ഉണ്ടായിട്ടും അവ തിരിച്ചുപിടിക്കാൻ വകുപ്പ് നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുമരാമത്ത് വകുപ്പിന്റെ പല റോഡുകളും വളവുകൾ നിവർത്തുമ്പോഴും മറ്റും ഉപയോഗിക്കാതെ കിടക്കുന്ന റോഡ് ഭാഗങ്ങളിൽ കയ്യേറ്റം ഉള്ളതായി കണ്ടെത്തുന്ന പക്ഷം ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ Kerala Highway Protection Act പ്രകാരം സ്വീകരിക്കാറുണ്ട്.

(ബി) ഇത്തരത്തിലുള്ള ഉപയോഗിക്കാത്ത പഴയ റോഡ് ഭാഗങ്ങൾ വകുപ്പിൽ നിലനിർത്തുന്നതിനും ആവശ്യമെങ്കിൽ പ്രസ്തുത റോഡ് ഭാഗങ്ങൾ ലീസിന് നൽകുക വഴി ഡിപ്പാർട്ട്മെന്റിന് അധിക വിഭവ സമാഹരണം

നടത്തുന്നതിനും സാധിക്കുമോ എന്ന് പരിശോധിക്കുമോ; ഇതിനായി ഒരു പ്രത്യേക പാക്കേജ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

**വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണം**

31 (1211) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) വടക്കാഞ്ചേരി ബൈപാസ് നിർമ്മാണം എന്ന പ്രവൃത്തി 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 10-07-2017-ൽ 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2018 നവംബർ മാസം പൊതുമരാമത്ത് വകുപ്പ്

നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിയ അലൈൻമെന്റ് പ്രകാരം നിർദ്ദിഷ്ട ബൈപാസിന് 5.10 കി.മീ. നീളമാണുള്ളത്. ഈ അലൈൻമെന്റിൽ 4/810 ചെയിനേജിൽ ഒരു റെയിൽവേ ക്രോസിങ് ഉൾപ്പെട്ട് വരുന്നുണ്ട്. റെയിൽവേ ഉദ്യോഗസ്ഥർ പ്രസ്തുത ചെയിനേജിൽ ഓവർ ബ്രിഡ്ജിന്റെ സ്ഥാനം സ്ഥിരീകരിക്കുകയും, നിർമ്മാണത്തിന് എൻ.ഒ.സി. നൽകുകയും ചെയ്യേണ്ടതുണ്ട്. 09-03-2022-ൽ ഇതിനായി റെയിൽവേയുമായി ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തുകയും 16-08-2022-ൽ റെയിൽവേ ഡിവിഷൻ മാനേജർക്ക് ഈ ആവശ്യം ഉന്നയിച്ച് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. റെയിൽവേയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിക്കുവാൻ സാധിക്കും.

**വലിയതോവാള ക്രിസ്തുരാജ ഹൈസ്കൂൾ ഭാഗത്തെ സംരക്ഷണ ഭിത്തി നിർമ്മാണം**

32 (1212) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോവാള-ഇരട്ടയാർ റോഡിന് വീതി കൂട്ടുന്നതിനായി ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ വലിയതോവാളയിൽ പ്രവർത്തിക്കുന്ന ക്രിസ്തുരാജ ഹൈസ്കൂൾ സ്ഥലം വിട്ടു നൽകിയിരുന്നുവോയെന്ന് വ്യക്തമാക്കുമോ?

തോവാള-ഇരട്ടയാർ റോഡിന് വീതി കൂട്ടുന്നതിനായി ക്രിസ്തുരാജ ഹൈസ്കൂൾ സ്ഥലം വിട്ടുതന്നിരുന്നു.

(ബി) അപകട ഭീഷണി ഒഴിവാക്കുന്നതിനായി പ്രസ്തുത ഭാഗത്ത് ഭാഗികമായി സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകിയിട്ടുണ്ടോ?

അപകട ഭീഷണിയുള്ള ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്.

(സി) ബാക്കി ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കാത്തത് സ്കൂൾ കുട്ടികൾക്കും വഴിയാത്രക്കാർക്കും അപകട ഭീഷണി ഉയർത്തുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബാക്കി ഭാഗത്ത് നിലവിൽ 7 മീറ്റർ ഉയരത്തിൽ സംരക്ഷണ ഭിത്തി ഉണ്ട്.

(ഡി) ഈ ഭാഗത്തെ സംരക്ഷണ ഭിത്തി നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ റോഡിന്റെ കട്ടിംഗ് സൈഡിൽ 80 മീറ്റർ നീളത്തിൽ 7 മീറ്റർ ഉയരത്തിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ടി സംരക്ഷണ ഭിത്തിയുടെ മുകളിലായി ഏതാണ്ട് 70 സെന്റീമീറ്റർ ഉയരത്തിൽ ഇനിയും കെട്ടേണ്ടതായിട്ടുണ്ട്. അധിക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കും. ഏകദേശം 5 ലക്ഷം രൂപ ഇതിനായി ചെലവ് പ്രതീക്ഷിക്കുന്നു.

**അങ്കമാലി ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി**

33 (1213) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി പട്ടണത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇതിന് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ?

(ബി) 02-06-2017-ൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതിയും 2017-ൽ തന്നെ കിഫ്ബി അംഗീകാരം നൽകിയതുമായ അങ്കമാലി ബൈപ്പാസ് പദ്ധതി നാളിതുവരെയായി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ബൈപ്പാസ് നിർമ്മാണം ആരംഭിക്കുവാനായി ഇനി എന്തെല്ലാം നടപടികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(എ & ബി) അങ്കമാലി പട്ടണത്തിലെ ഗതാഗത കുരുക്കിന് ശാശ്വത പരിഹാരമായിട്ടാണ് അങ്കമാലി ബൈപ്പാസ് (കരയാംപറമ്പ് ജംഗ്ഷൻ- എൻ.എച്ച് 544 മുതൽ അങ്കമാലി റെയിൽവേ സ്റ്റേഷൻ റോഡ്- എൻ.എച്ച് 544 വരെ) നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ബൈപാസ് നിർമ്മാണത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 50 കോടി രൂപയ്ക്ക് 23-09-2016-ലെ G.O(Rt)No.1324/2016/PWD ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയോഗിച്ചിട്ടുണ്ട്. ആവശ്യമായ പഠനങ്ങൾക്ക് ശേഷം 6 വരി പാത നിർമ്മിക്കുന്നതിന് സമർപ്പിച്ച ഡി.പി.ആർ. പ്രകാരം പദ്ധതിക്ക് 390.68 കോടി രൂപയുടെ

ഭരണാനുമതി 02-06-2017-ലെ G.O(Rt)No.771/2017/PWD പ്രകാരം നൽകിയിട്ടുണ്ട്.

NH-66-ൽ കരയാമ്പറമ്പ് കവലയിൽ നിന്നു തുടങ്ങി അങ്കമാലി റെയിൽവേ സ്റ്റേഷന് സമീപം നാഷണൽ ഹൈവേയിൽ അവസാനിക്കുന്ന തരത്തിൽ 6 വരി പാതയായാണ് അലൈൻമെന്റ് നിശ്ചയിച്ചത്. 3.115 കി.മീ. ദീർഘമുള്ള അലൈൻമെന്റിൽ 1.785 കി.മീ. ഭാഗം മാഞ്ഞാലി കനാലിന് കുറുകെ എലിവേറ്റഡ് ഹൈവേ ആയിട്ടാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ 4 വരി പാത നിർമ്മിക്കുവാനും എലിവേറ്റഡ് ഹൈവേയുടെ ഭാഗത്തെ അലൈൻമെന്റ് മാഞ്ഞാലി കനാലിന് പടിഞ്ഞാറോട്ടു നീക്കി സ്ഥലം നികത്തി റോഡ് നിർമ്മിക്കുന്ന തരത്തിൽ ഡി.പി.ആർ. പരിഷ്കരിക്കുവാനും കിഫ്ബി ആവശ്യപ്പെട്ടു. ഇത്തരത്തിൽ പരിഷ്കരിച്ച ഡി.പി.ആർ.-ന് കിഫ്ബി 190.16 കോടി രൂപ അനുവദിച്ചു. എന്നാൽ 2018-ൽ ഉണ്ടായ വെള്ളപ്പൊക്കത്തോടെ ചതുപ്പ് നികത്തി റോഡ് നിർമ്മിക്കുന്നത് അഭികാമ്യമല്ല എന്ന് കണ്ടതിനാൽ, ആർ.ബി.ഡി.സി.കെ.-യുടെ ശിപാർശ പ്രകാരം അലൈൻമെന്റ് മാറ്റി എലിവേറ്റഡ് ഹൈവേ ഉൾപ്പെട്ട ബൈപ്പാസ്

നിർമ്മിക്കുവാൻ കിഫ്ബിയിൽ നിന്ന് നിർദ്ദേശം നൽകി. ഇത്തരത്തിൽ വീണ്ടും പരിഷ്കരിച്ച ഡി.പി.ആർ.-ന് 275.52 കോടി രൂപ കിഫ്ബി അനുവദിച്ചു. 17-09-2020-ലെ G.O(Rt)No. 2898/2020/RD പ്രകാരം സ്ഥലമേറ്റെടുപ്പിന് ഭരണാനുമതി നൽകി. അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് സംയുക്ത സ്ഥല പരിശോധന നടത്തി, 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് സാമൂഹ്യാഘാത പഠനം നടത്തുകയും പൊന്നുംവില നടപടി പ്രകാരം 11(1) വിജ്ഞാപനം 22-08-2022-ൽ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ എൽ.എ. സബ് ഡിവിഷൻ സർവ്വെ വർക്കുകൾ എൽ.എ. ഓഫീസിൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

(സി) പ്രസ്തുത പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ റവന്യൂ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പും ഇതിന്മേൽ വകുപ്പ് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശവും ലഭ്യമാക്കാമോ;

(ഡി) അങ്കമാലി ബൈപ്പാസ് നിർമ്മാണം വേഗത്തിലാക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിന് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുമോ; വിശദാംശം ലഭ്യമാക്കുമോ?

(സി & ഡി) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിന്റെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ, സ്ഥലമെടുപ്പ് തഹസിൽദാർ, ആർ.ബി.ഡി.സി.കെ. ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത സാന്നിദ്ധ്യത്തിൽ പല തവണ പുരോഗതി വിലയിരുത്തുന്നതിനായി മീറ്റിംഗുകൾ നടത്തിയിട്ടുള്ളതാണ്. സർവ്വെ വർക്കുകൾ വേഗത്തിലാക്കുവാൻ സ്പെഷ്യൽ സർവ്വെ ടീമിനെ നിയോഗിക്കണമെന്ന് ആർ.ബി.ഡി.സി.കെ. ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുമുണ്ട്. കൂടാതെ 24-01-2023-ൽ ബഹു. എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിൽ വെച്ച് എൽ.എ. പ്രതിനിധികളെയും, ആർ.ബി.ഡി.സി.കെ. പ്രതിനിധികളെയും ഉൾക്കൊള്ളിച്ച് മീറ്റിംഗ് നടത്തുകയും, എൽ.എ. നടപടികൾ വേഗത്തിലാക്കാൻവേണ്ട തീരുമാനങ്ങൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. യോഗത്തിലെ നിർദ്ദേശ പ്രകാരമുള്ള പ്രവൃത്തികൾ അതത്

വകുപ്പിൽ നടന്നു വരുന്നു. മീറ്റിംഗിന്റെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു.+

(ഇ) അടിയന്തര ഇടപെടൽ നടത്തി അങ്കമാലി ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ എൽ.എ. ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ. കിഫ്ബി, എറണാകുളം ഓഫീസിൽ പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്ന് കൊണ്ടിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും.

**കോഴിക്കോട് പുതിയങ്ങാടി-മാളിക്കടവ് റോഡ് വികസനം**

34 (1214) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് പുതിയങ്ങാടി-മാളിക്കടവ് റോഡ് വികസനത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പുതിയങ്ങാടി-മാളിക്കടവ്-കൃഷ്ണൻനായർ റോഡ് പ്രവൃത്തിക്ക് 01-11-2016-ൽ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 07-12-2018-ൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള 106.92 കോടി രൂപ ഉൾപ്പെടെ 155.45 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു. റോഡിന്റെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ സാമൂഹ്യാഘാത പഠനത്തിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചാർജ് ഇനത്തിൽ 3,00,240/- രൂപ കിഫ്ബിയിൽ നിന്നും 28-03-2022-ൽ നൽകിയിട്ടുണ്ട്. പദ്ധതിയുടെ സാമൂഹികാഘാത പഠനത്തിനു വേണ്ട നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിക്കാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാക്കി ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ സാങ്കേതികാനുമതി നൽകിയതിനു ശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**അരുവിക്കര മണ്ഡലത്തിലെ റോഡുകളുടെ പരിപാലനം**

35 (1215) <u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷത്തിൽ അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡ് മെയിന്റനൻസ് പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാനുള്ളവ ഏതെല്ലാമാണെന്ന വിവരം നൽകുമോ?

അരുവിക്കര നിയോജക മണ്ഡലത്തിൽ റണ്ണിംഗ് കോൺട്രാക്ട് 2-ൽ ഫേസ് 2-ൽ ഉൾപ്പെട്ട ഏഴ് മെയിന്റനൻസ് പ്രവൃത്തികൾക്ക് 214 ലക്ഷം രൂപയുടെ ഭരണാനുമതി 04-02-2023-ൽ നൽകിയിട്ടുണ്ട്. നെടുമങ്ങാട്-

ഷെർലക്കോട് റോഡിൽ തകർന്ന Retaining wall പുതുക്കുന്നതിനുള്ള 75.90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

**ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട്-മീരാൻകടവ് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

36 (1216) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആലംകോട്-മീരാൻകടവ് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ആലംകോട്-മീരാൻകടവ് റോഡ് പ്രവൃത്തിക്ക് 20-08-2016-ൽ തത്വത്തിൽ ഭരണാനുമതിയും കിഫ്ബിയിൽ നിന്ന് 31.33 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 03-07-2020-ൽ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി 14-07-2020-ൽ ടെണ്ടർ ചെയ്തിരുന്നു. 13-10-2020-ൽ ഏറ്റവും കുറവ് തുകയായ 32.98 കോടി രേഖപ്പെടുത്തിയ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട് സൈറ്റ് കൈമാറിയിട്ടുണ്ട്.

ആകെയുള്ള 9.25 കി.മീ. നീളത്തിൽ, ആലംകോട് മുതൽ തൊപ്പിച്ചന്ത വരെയുള്ള 2.670 കിലോമീറ്റർ റോഡ് ലൈം സ്റ്റെബിലൈസ്റ്റേഷൻ ഉപയോഗിച്ച് സബ്ഗ്രേഡ് നിർമ്മാണം, ജി.എസ്.ബി., ഡബ്ല്യൂ.എം.എം., ഡി.ബി.എം. എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി മാറ്റുന്നതിനായി 75.68 ലക്ഷം രൂപയും കെ.എസ്.ഇ.ബി.-യുടെ യൂട്ടിലിറ്റി മാറ്റുന്നതിനായി 87.30 ലക്ഷം രൂപയും കിഫ്ബിയിൽ നിന്ന് അതാത് വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി മണനാക്ക് ജംഗ്ഷൻ വരെ പൂർത്തീകരിക്കുകയും മണനാക്ക് മുതൽ കടക്കാവൂർ വരെയുള്ള പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സെക്ഷനുകളുടെ കീഴിലായി ടി റോഡിലെ കെ.എസ്.ഇ.ബി. പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നുണ്ട്. അതോടൊപ്പം തന്നെ തൊപ്പിച്ചന്ത മുതൽ മണനാക്ക് വരെയുള്ള റോഡിന്റെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ടി ഭാഗത്തെ സബ്ഗ്രേഡ് ലൈം ഉപയോഗിച്ചു ബലപ്പെടുത്തുന്ന പ്രവൃത്തിയാണ് നിലവിൽ നടന്നുവരുന്നത്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിലെ കാലതാമസം

37 (1217) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ 20% തുക അനുവദിച്ച ചില പൊതുമരാമത്ത് പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) റേറ്റിലും, ജി.എസ്.ടി.-യിലും വരുന്ന വർദ്ധനവ് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടത് മൂലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിൽ പൊതുമരാമത്ത് വകുപ്പ് ജി.എസ്.ടി. 12-ൽ നിന്നും 18 ശതമാനത്തിലേയ്ക്ക് സർക്കാർ ഉത്തരവായതിനെ തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക ഭരണാനുമതിയേക്കാൾ അധികരിച്ച്

വരുന്നുണ്ട്. ആയതിന് പുതുക്കിയ ഭരണാനുമതി നൽകേണ്ടതുള്ളതിനാൽ നേരിയ താമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2022-23 സാമ്പത്തിക വർഷത്തിൽ 20% തുക അനുവദിച്ച മുണ്ടോത്ത് തെരുവത്ത കടവ് റോഡിന്റെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത ഫയൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

സർക്കാരിന്റെ പരിഗണനയിലാണ്.

**റോഡുകളുടെ നവീകരണം**

38 (1218) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേട്ട - ആനയറ - ഒരുവാതിൽകോട്ട റോഡ് നവീകരണ പ്രോജക്ടിന്റെ പുരോഗതി വിശദമാക്കാമോ?

പേട്ട-ആനയറ-ഒരുവാതിൽക്കോട്ട റോഡ് പ്രവൃത്തിക്ക് 20-08-2016-ൽ തത്വത്തിൽ ഭരണാനുമതിയും 03-11-2020-ൽ കിഫ്ബിയിൽ നിന്ന് ഭൂമി

ഏറ്റെടുക്കുന്നതിനുൾപ്പെടെ 133.60 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ സിവിൽ വർക്കും കെ.എസ്.ഇ.ബി.-യുടെയും വാട്ടർ അതോറിറ്റിയുടെയും സ്വീവേജ് മെയിൻ ലൈൻ ഉൾപ്പെടെയുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും കൂടിയുള്ള കോംപോസിറ്റ് ടെണ്ടർ ചെയ്യാനാണ് കിഫ്ബി നിർദ്ദേശിച്ചിരിക്കുന്നത്. സ്വീവേജ് മെയിൻ ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 4.26 കോടി രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഡീറ്റെയിൽഡ് കോംപോസിറ്റ് എസ്റ്റിമേറ്റ് 24-11-2022-ൽ നടന്ന 116-ാമത്തെ ടെക്നിക്കൽ കമ്മിറ്റിയിൽ സൂക്ഷ്മ പരിശോധന നടത്തി ഭേദഗതികൾ നിർദ്ദേശിച്ച് എസ്റ്റിമേറ്റ് പുനർസമർപ്പിക്കുവാൻ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ തിരുത്തലുകൾ വരുത്തി ലഭിച്ച എസ്റ്റിമേറ്റ് അടുത്ത ടെക്നിക്കൽ കമ്മിറ്റിയിൽ പുനഃപരിശോധിച്ച് PRICE SOFTWARE മുഖേന സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാവുന്നതാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്വീവേജ് മെയിൻ ലൈനിന്റെ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മണ്ണന്തല-പൗഡിക്കോണം റോഡ് നവീകരണ പ്രോജക്ട് ഉദ്യോഗസ്ഥ അലംഭാവം നിമിത്തം ഇഴഞ്ഞു നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പൗഡിക്കോണം-ശ്രീകാര്യം റോഡ് നവീകരണ പ്രോജക്ടിന്റെ പുരോഗതി വിശദമാക്കാമോ?

(സി & ഡി) മണ്ണന്തല-പൗഡിക്കോണം-ശ്രീകാര്യം റോഡ് പ്രവൃത്തിക്ക് 10-07-2017-ൽ തത്വത്തിൽ ഭരണാനുമതിയും 08-03-2021-ൽ ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പെടെ കിഫ്ബിയിൽ നിന്ന് 32.11 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ റീച്ച്-I, മണ്ണന്തല-സൊസൈറ്റി ജംഗ്ഷൻ-പൗഡിക്കോണം വരെയുള്ള ഭാഗത്തെ ചമയങ്ങളുടെ വില നിർണ്ണയിക്കുന്ന നടപടി പുരോഗമിക്കുന്നു. 11 (1) നോട്ടിഫിക്കേഷൻ

പ്രസിദ്ധീകരിച്ചിട്ടുണ്ട്. റീച്ച് -II, സൊസൈറ്റി ജംഗ്ഷൻ - ശ്രീകാര്യം റോഡിന്റെ കല്ലിടൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കണ്ടിൻജൻസി ചാർജ് ഇനത്തിൽ 50 ലക്ഷം രൂപ 02-07-2020-ൽ കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

**ചാട്ടുകുളം മുതൽ ചാവക്കാട് വരെയുള്ള റോഡ് വീതി കൂട്ടുന്നതിന് നടപടി**

39 (1219) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട്-വടക്കാഞ്ചേരി പൊതുമരാമത്ത് റോഡിൽ വീതി കൂട്ടാത്ത ഗുരുവായൂർ മണ്ഡലത്തിലെ ചാട്ടുകുളം മുതൽ ചാവക്കാട് വരെയുള്ള ഭാഗം വീതി കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സർക്കാരിന്റെ ബജറ്റ് നിർദ്ദേശത്തിൽ പ്രസ്തുത പദ്ധതി ഉണ്ടാകാറുണ്ടെങ്കിലും ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ & ബി) ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് വടക്കാഞ്ചേരി റോഡിലെ ചാട്ടുകുളം മുതൽ ചാവക്കാട് വരെയുള്ള ഭാഗത്തിന്റെ വീതി കൂട്ടൽ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സർക്കാർ തലത്തിൽ പരിശോധനയിലാണ്.

**കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ**

40 (1220) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റ പണിയുടേയും നവീകരണ പ്രവൃത്തികളുടേയും വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയും, ദേശീയപാതാ

വിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയും ചേർത്തിരിക്കുന്നു.+

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് പ്രൊജക്ട് ഡയറക്ടറുടെ ഓഫീസ് മുഖേന നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പേരും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. കാരാപ്പറമ്പ - തടമ്പാട്ടുതാഴം പാറോപ്പടി റോഡ് പ്രവൃത്തിക്ക് 01-11-2016-ൽ 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടമായി ഭൂമി ഏറ്റെടുക്കുന്നതിനായി 20 കോടി രൂപയുടെ സാമ്പത്തികാനുമതി 02-02-2019-ൽ കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു. പ്രവൃത്തിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും പുരോഗമിക്കുന്നു.

2. അരയിടത്തുപാലം കാരന്തൂർ റോഡ് പ്രവൃത്തിക്ക് 01-11-2016-ൽ 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആദ്യഘട്ടമായി മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ ജംഗ്ഷൻ വരെയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 205 കോടി രൂപയുടെ സാമ്പത്തികാനുമതി 06-09-2019-ൽ കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ വരെയുള്ള ഭാഗത്തിന്റെ റോഡ് വികസനത്തിനായുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് തുടർന്നുള്ള നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു.

3. പുതിയങ്ങാടി - മാവിളിക്കടവ് കൃഷ്ണൻനായർ റോഡ് പ്രവൃത്തിക്ക് 01-11-2016-ൽ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 07-12-2018-ൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള 106.92 കോടി രൂപ ഉൾപ്പെടെ 155.45 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു. പ്രവൃത്തിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

4. ഈസ്റ്റ്ഹിൽ-ഗണപതിക്കാവ്-കാരപ്പറമ്പ റോഡ് പ്രവൃത്തി 14-09-2021-ൽ പൂർത്തീകരിച്ചിട്ടുണ്ട്

**ജലവിതരണ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി**

41 (1221) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയുടെ പൈപ്പ് സ്ഥാപിക്കുന്നതിനായി ഷൊർണ്ണൂർ മണ്ഡലത്തിൽ നിന്ന് എന്തെല്ലാം പദ്ധതികളിൽ റോഡ് കട്ടിംഗിന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിലുള്ള റോഡുകളുടെ വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.+

കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിനു കീഴിലുള്ള റോഡുകളായ ഷൊർണൂർ മണ്ഡലത്തിൽ വാണിയംകുളം-പത്തംകുളം- കോതകുറിശ്ശി റോഡിലും ഒറ്റപ്പാലം-പെരിന്തൽമണ്ണ റോഡിലും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലജീവൻ പദ്ധതിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുവാൻ കേരള വാട്ടർ അതോറിറ്റി അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ ഏതെല്ലാം റോഡുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഇനിയും അനുമതി നൽകാത്തവയ്ക്ക് എപ്പോൾ അനുമതി നൽകാൻ കഴിയുമെന്നും വിശദമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിലുള്ള പ്രവൃത്തികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.+

കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ കീഴിൽ നിലവിൽ വാണിയംകുളം-പത്തംകുളം-കോതകുറിശ്ശി റോഡിന് അനുമതി നൽകിയിട്ടുണ്ട്. ഒറ്റപ്പാലം പെരിന്തൽമണ്ണ റോഡിൽ രണ്ട് ഭാഗങ്ങളിലായാണ് (ഒറ്റപ്പാലം ടൗൺ മുതൽ കീഴൂർ വരെയും, കീഴൂർ മുതൽ ചെറുപ്ലശ്ശേരി വരെയും) കിഫ്ബി വർക്കുള്ളത്. അതിൽ ആദ്യത്തെ റീച്ചിൽ കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പാലക്കാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. രണ്ടാമത്തെ റീച്ചിൽ കിഫ്ബി പ്രോജക്ടിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തി പൂർത്തീകരിച്ച ഭാഗം പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ DBM പൊളിക്കേണ്ടിവരുന്നതുമൂലം കിഫ്ബിയുടെ അനുമതിയോട് കൂടി മാത്രമെ പൈപ്പ്ലൈൻ സ്ഥാപിക്കുവാൻ സാധിക്കു.

**ഗ്രീൻഫീൽഡ് ഹൈവേ**

42 (1222) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻഫീൽഡ് ഹൈവേ കോങ്ങാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് കടന്നു പോകുന്നതെന്ന് വ്യക്തമാക്കാമോ?

പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് 966 ദേശീയപാത കോങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന കരിമ്പ, തച്ചമ്പാറ, കാരാകുറിശ്ശി, കാഞ്ഞിരപ്പുഴ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നു.

(ബി) പ്രസ്തുത ആവശ്യത്തിനായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ വിസ്തൃതി ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

**ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡ് നവീകരണം**

43 (1223) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡ് നവീകരണവുമായി ബന്ധപ്പെട്ട റീടെണ്ടറിന്റെ ഭാഗമായുള്ള ടെക്നിക്കൽ ബിഡ് തുറന്നത് ഏത് തീയതിയിലാണെന്ന് വ്യക്തമാക്കാമോ?

ചിറക്കൽപ്പടി കാഞ്ഞിരംപുഴ റോഡ് നവീകരണത്തിന്റെ ബാലൻസ് പ്രവൃത്തിയുടെ ടെണ്ടറിന്റെ ഭാഗമായിട്ടുള്ള ടെക്നിക്കൽ ബിഡ് 28-11-2022-ലാണ് തുറന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) റീടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം തീയതി ഉൾപ്പെടെ അറിയിക്കാമോ;

(സി) റീടെണ്ടർ നടപടികളിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി & സി) പ്രസ്തുത ടെണ്ടറിൽ ആറ് ദർഘാസുകളാണ് ലഭിച്ചത്. 28-11-2022-ൽ തുറന്ന ടെക്നിക്കൽ ബിഡ് പരിശോധിച്ച് 22-12-2022-ൽ കൂടിയ 115-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ അംഗീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 23-12-2022-ൽ ഫിനാൻഷ്യൽ ബിഡ് തുറന്നു. തുടർന്ന് പ്രൈസ് സോഫ്റ്റ്‌വെയറിൽ ടെണ്ടറിൽ പങ്കെടുത്ത എല്ലാ കരാറുകാരുടെയും ദർഘാസ് പ്രമാണങ്ങൾ അപ്‌ലോഡ് ചെയ്യുകയും ഏറ്റവും കുറച്ച് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനോട് നെഗോസിയേഷൻ ആവശ്യപ്പെട്ട് കത്ത് നൽകുകയും ചെയ്തു. ആയതിന് കരാറുകാരൻ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർ അടുത്ത ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിച്ചശേഷം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള

കരാറുകാരന്റെ ടെണ്ടർ, ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച് കിഫ്ബിയിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാർ ഉടമ്പടി വെച്ച് കഴിഞ്ഞാൽ എട്ട് മാസത്തിനുള്ളിൽ നവീകരണ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

(ഡി) പ്രസ്തുത റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള കരാറുകാരന്റെ ടെണ്ടർ, ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച് കിഫ്ബിയിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാർ ഉടമ്പടി വെച്ച് കഴിഞ്ഞാൽ എട്ട് മാസത്തിനുള്ളിൽ നവീകരണ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് വകുപ്പിന് കീഴിലാക്കുന്ന നടപടി**

44 (1224) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത് റോഡുകളെ പൊതുമരാമത്ത് വകുപ്പിന് കീഴിലാക്കുന്നതിനായി അരുവിക്കര മണ്ഡലത്തിൽ നിന്ന് ലഭിച്ചിട്ടുള്ള അപേക്ഷകൾ സംബന്ധിച്ച വിശദവിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

അരുവിക്കര മണ്ഡലത്തിലെ കുറ്റിച്ചൽ പഞ്ചായത്തിലെ കോട്ടൂർ - കാപ്പുകാട് റോഡ്, ആര്യനാട് പഞ്ചായത്തിലെ ആര്യനാട് ആനന്ദേശ്വരം - ഈഞ്ചപ്പുരി റോഡ് എന്നിവയാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളത്.

**നെടുമങ്ങാട് മഞ്ച-അരുവിക്കര-വെള്ളനാട് കുളക്കോട് റോഡ് നവീകരണം**

45 (1225) <u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജക മണ്ഡലത്തിലെ നെടുമങ്ങാട് മഞ്ച-അരുവിക്കര-വെള്ളനാട് കുളക്കോട് റോഡ് നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

അരുവിക്കര നിയോജക മണ്ഡലത്തിലെ നെടുമങ്ങാട്-മഞ്ച-അരുവിക്കര-വെള്ളനാട്-കുളക്കോട് റോഡ് പ്രവൃത്തിക്ക് 20-08-2016-ൽ തത്വത്തിൽ ഭരണാനുമതിയും 26-07-2017-ൽ 41.60 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. നെടുമങ്ങാട് മുതൽ അരുവിക്കര മുള്ളലവൻമൂട് വരെയുള്ള റീച്ച് - I-ന്റെ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള അതിർത്തി കല്ലുകൾ ഇടുന്ന പ്രവൃത്തികൾ നടന്നു വരുന്നു. കുളക്കോട് മുതൽ അരുവിക്കര വരെയുള്ള റീച്ച് - II – FDR പദ്ധതിയിൽ ഉൾപ്പെടുത്തി 19-04-2022-ൽ ടെണ്ടർ ചെയ്യുകയും ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ LSR Infracon എന്ന കമ്പനിക്ക് 67.94 കോടി രൂപയുടെ കരാർ നൽകുന്നതിന്, 21-10-2022-ൽ നടന്ന 37-ാമത്തെ ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുമുണ്ട്. 02-02-2023 -ൽ കരാറുകാരന് LoA നൽകി കരാർ ഉടമ്പടിയുടെ തുടർനടപടികൾ നടന്നുവരുന്നു. വാട്ടർ അതോറിറ്റിയുടെയും കെ.എസ്.ഇ.ബി.-യുടെയും യൂട്ടിലിറ്റി മാറ്റുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് കിഫ്ബിയിൽ സമർപ്പിക്കുകയും അതിന്റെ

തുടർനടപടികൾ നടന്നു വരികയുമാണ്. ടി വർക്കിന്റെ പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ റോഡ് നവീകരണം**

46 (1226) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിൽ 2022-23 വർഷത്തിൽ റോഡ് നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ; ഒരോ റോഡിനും അനുവദിച്ച തുക എത്ര എന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നെയ്യാറ്റിൻകര അമരവിള-ഒറ്റശേഖരമംഗലം റോഡ് നവീകരണം**

47 (1227) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെയ്യാറ്റിൻകര-അമരവിള-ഒറ്റശേഖരമംഗലം റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

അമരവിള ഒറ്റശേഖരമംഗലം റോഡ് പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേനയാണ് നടപ്പിലാക്കി വരുന്നത്. പ്രവൃത്തിക്ക് 01-11-2016-ൽ 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 16-09-2017-ൽ 26.97 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 01-11-2017-ൽ 26.97 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി 09-11-2017-ൽ ടെണ്ടർ ചെയ്തിരുന്നു. 23-01-2018-ൽ M/s കുദ്രോളി കൺസ്ട്രക്ഷൻ കമ്പനിയുമായി 21.27 കോടി രൂപയുടെ കരാറിൽ ഏർപ്പെട്ടിരുന്നു. ഒരു വർഷമായിരുന്നു പൂർത്തീകരണ കാലാവധി. 31-12-2021 വരെ നിർമ്മാണ കാലാവധി നീട്ടി നൽകിയിരുന്നു. വാട്ടർ അതോറിറ്റി യൂട്ടിലിറ്റികൾ മാറ്റുന്നതിലും റോഡ് പുറമ്പോക്കിലെ അനധികൃത കയ്യേറ്റങ്ങൾ നിയമപരമായി നീക്കം ചെയ്ത് സ്ഥലം വിട്ടുകിട്ടുന്നതിലുള്ള കാലതാമസം കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ

കഴിഞ്ഞില്ല. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ ബി.സി. പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ എന്ന് 13-10-2021-ലെ ഒബ്സർവേഷൻ മെമ്മോ പ്രകാരം കിഫ്ബി നിർദ്ദേശിച്ചു. DBM ഉൾപ്പടെ 76% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 08-03-2022-ലെ കോൺട്രാക്ടറുടെ അപേക്ഷ പ്രകാരവും കിഫ്ബിയുടെ നിർദ്ദേശമനുസരിച്ചും കരാർ ഉടമ്പടി 19-05-2022-ൽ foreclose ചെയ്തു.

ബാലൻസ് ഉണ്ടായിരുന്ന ബി.സി., കാൽനടപാലത്തിന്റെ നിർമ്മാണം, പാലത്തിന്റെ നവീകരണം, റോഡ് സേഫ്റ്റി തുടങ്ങിയ പ്രവൃത്തികൾക്ക് 21-10-2022-ൽ സാങ്കേതികാനുമതി നൽകി. വാട്ടർ അതോറിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തി Composite tender ആയിട്ട് പ്രവൃത്തി 22-10-2022-ൽ ടെണ്ടർ ചെയ്തു. എന്നാൽ യാതൊരു പ്രതികരണവും ലഭിക്കാത്തതിനെ തുടർന്ന് 19-11-2022-ൽ റീ-ടെണ്ടർ ക്ഷണിക്കുകയും 08-12-2022-ന് ടെണ്ടർ തുറക്കുകയും ചെയ്തു. 36.28% അധിക നിരക്കിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ഏക ടെണ്ടർ മാത്രമാണ് ലഭിച്ചത്. Negotiation നടത്തി 24.35% ആയി തുക കുറച്ചിട്ടുണ്ട്.

ടെണ്ടർ അംഗീകാരത്തിനായി ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയപാതകളുടെ പുനർനാമകരണം**

48 (1228) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ പുനർനാമകരണത്തിന് ശേഷമുള്ള പേരുവിവരം വിശദമാക്കാമോ; പുനർനാമകരണത്തിന് ആധാരമായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

സംസ്ഥാനത്തെ ദേശീയപാതകളുടെ പുനർനാമകരണത്തിന് ശേഷമുള്ള പേരുവിവരം അനുബന്ധമായി ചേർക്കുന്നു.+ പുനർനാമകരണത്തിനുള്ള മാനദണ്ഡം കേന്ദ്രസർക്കാറാണ് തീരുമാനിക്കുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്തെ ഏതെങ്കിലും സംസ്ഥാന,സംസ്ഥാനാന്തര പാതകൾ ദേശീയ പാതയായി പ്രഖ്യാപിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

കേരളത്തിലെ റോഡുകളെ കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കുന്നതും അതുവഴി സാമ്പത്തിക പുരോഗതി നേടുന്നതിനും കേരളത്തിലെ 12 റോഡുകൾ തത്വത്തിൽ ദേശീയപാതയായി MoRTH പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ സാദ്ധ്യതാ പഠനത്തിനുള്ള ഡി.പി.ആർ. പ്രവൃത്തികൾ നടന്നുവരുന്നു.

(സി) കൊല്ലം-തേനി, കൊല്ലം-ചെങ്കോട്ട ദേശീയപാതകളുടെ അലൈൻമെന്റിന് അന്തിമരൂപമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

(ഡി) പ്രസ്തുത ദേശീയപാതകളുടെ വികസനം സംബന്ധിച്ച പദ്ധതിരേഖയ്ക്ക് കേന്ദ്രത്തിന്റെ അന്തിമാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(സി & ഡി) നിലവിലെ ദേശീയപാതയായ കൊല്ലം-തേനി (NH-183) നടപാതയോട്ടുകൂടി 2 വരി പാതയായി വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. പ്രവൃത്തി നടന്നുവരുന്നു. കൊല്ലം-ചെങ്കോട്ട ദേശീയപാതയുടെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ഇടുമൺ മുതൽ കടമ്പാട്ടുകോണം വരെയുള്ള സ്ട്രച്ചിൽ ടെണ്ടർ നടപടികൾ തുടങ്ങിയിട്ടുണ്ട്. പദ്ധതിക്ക് NHAI-യുടെ PATSC Committee-യുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. തുടർ അനുമതിക്കായി MoRTH-ന്റെ Standing Financial Committee-യ്ക്ക് നൽകിയിട്ടുണ്ട്.

## പാറശ്ശാല നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾ

49 (1229) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നീളം, അവയുടെ നിലവിലെ അവസ്ഥ എന്നീ വിവരങ്ങൾ സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ;

വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാറശ്ശാല റെസ്റ്റ് ഹൗസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; റെസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

പാറശ്ശാല റെസ്റ്റ് ഹൗസിന്റെ പരിപാലന പ്രവൃത്തികൾ ആവശ്യാനുസരണം നടത്തിവരുന്നുണ്ട്. റെസ്റ്റ് ഹൗസിന് പുതുക്കിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് 2022-23 സാമ്പത്തിക വർഷത്തിൽ 100 രൂപ ടോക്കൺ പ്രൊവിഷനാണ് ഉള്ളത്. നിലവിൽ മണ്ണ് പരിശോധനയും സർവ്വെയും പൂർത്തീകരിച്ച് പുതിയ കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്.

(സി) പാറശ്ശാല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക

എത്രയാണെന്നും വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിശദവിവരവും ലഭ്യമാക്കുമോ?

പാറശ്ശാല മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലും കെട്ടിട വിഭാഗത്തിന് കീഴിലും ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.+ പാലങ്ങൾ വിഭാഗത്തിന് കീഴിൽ വേങ്കോട് - കൊടിഞ്ഞാമൂല പാലം നിർമ്മാണം എന്ന പ്രവൃത്തിയാണ് ഭരണാനുമതി ലഭിച്ച് പൂർത്തിയാക്കാനുള്ളത്. പാലത്തിന്റെ ഫൗണ്ടേഷൻ സബ് സ്ട്രക്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചു. സൂപ്പർ സ്ട്രക്ചറിന്റെയും പാർശ്വ ഭിത്തികളുടെയും നിർമ്മാണം പുരോഗമിക്കുന്നു.

**കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കാവിൽ തീക്കുനി റോഡ്**

50 (1230) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ, കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കോട്ടപ്പള്ളി കാവിൽ തീക്കുനി റോഡിലൂടെയുള്ള ഗതാഗതം ദുഷ്കരമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദിവസേന ആയിരക്കണക്കിന് ജനങ്ങൾ ആശ്രയിക്കുന്ന ഈ റോഡിന്റെ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലാണ്. 31-01-2023-ൽ ഡിസി9/പ്രൈസ്/340/2020 ഉത്തരവ് പ്രകാരം കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. ബാലൻസ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്. നിലവിൽ റോഡിൽ രൂപപ്പെട്ടിരിക്കുന്ന വലിയ കുഴികൾ അടച്ച് ഗതാഗതയോഗ്യമാക്കുന്നതിന് 3 ലക്ഷം രൂപയുടെ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്.

(ബി) ധാരാളം പരാതികൾ ദിവസേന ഉയർന്നുവരുന്ന സാഹചര്യത്തിൽ ഈ റോഡിലെ കുണ്ടും കുഴിയും നികത്തി ഗതാഗതയോഗ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

റോഡിൽ രൂപപ്പെട്ടിരിക്കുന്ന വലിയ കുഴികൾ അടച്ച് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്

(സി) പ്രവൃത്തി പാതിവഴിയിൽ നിർത്തിവച്ചത് കാരണം ആയഞ്ചേരി ടൗണിൽ പൊടിശല്യം രൂക്ഷമായിരിക്കുന്നതും ഉപജീവനത്തിന് കച്ചവടക്കാർ ഉൾപ്പെടെയുള്ളവർ പ്രയാസപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി റോഡിൽ രൂപപ്പെടുന്ന കുഴികൾ അടച്ച് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

**വളാഞ്ചേരി–അങ്ങാടിപ്പുറം–വണ്ടൂർ–വടപുരം റോഡ് നവീകരണം**

51 (1231) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡിന്റെ 6/395 മുതൽ 20/055 വരെയുള്ള 13.660 കിലോമീറ്റർ ദൂരം മെയിന്റനൻസ് നടത്തുന്നതിനായി റണ്ണിംഗ് കോൺട്രാക്ട് അനുവദിച്ചതിൽ എത്ര ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്; നാളിതുവരെ എത്ര തുകയ്ക്കുള്ള പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡിന്റെ കി.മീ. 6/395 മുതൽ 20/055 വരെയുള്ള 13.66 കീ.മീ. ഭാഗം ചെയ്യുന്നതിന് ആർ.സി.-2-ൽ 54.64 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 42.93 ലക്ഷം രൂപയ്ക്കാണ് കരാറുകാരൻ കരാർ ഏറ്റെടുത്തിട്ടുള്ളത്. മഴയ്ക്ക് ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്ന സമയത്തേക്കാൾ വളരെയധികം കൂടുതൽ പോട്ട് ഹോൾസ് റോഡിൽ ഉണ്ടായി. മഴക്കാലത്ത് ഈ പോട്ട് ഹോൾ, ജി.എസ്.ബി., ഡബ്ല്യൂ.എം.എം. എന്നിവ താൽക്കാലികമായിട്ട് അടയ്ക്കുകയും മഴയ്ക്ക് ശേഷം 36 എം.എം. മെറ്റലും ടാറും ഉപയോഗിച്ച് 13.66 കി.മീ. ദൂരം

പോട്ട് ഹോൾസ് അടയ്ക്കുകയും ചെയ്തു. ആയതിനാൽ ഏകദേശം 5 കി.മീ. ദൂരം മാത്രമേ സീൽകോട്ട് ചെയ്യാൻ സാധിച്ചിട്ടുള്ളു. കരാർ തുകയായ 42.93 ലക്ഷം രൂപ ഉപയോഗിച്ച് ആകെ ദൂരമായ 13.66 കി.മീ. ദൂരം പോട്ട് ഹോൾസ് അടയ്ക്കുകയും 5 കി.മീ. ദൂരം സീൽകോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ തുകയിൽ നിലവിൽ 60% പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകുപ്പ് ഏതെല്ലാം തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്; റോഡിന്റെ തകർന്ന ഭാഗങ്ങളിലെ മുഴുവൻ മെയിന്റനൻസ് പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ബാക്കിയുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി ബാക്കിയുള്ള ഭാഗം സീൽകോട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(സി) പ്രസ്തുത റോഡ് പൂർണ്ണമായും ബി.എം.& ബി.സി. ചെയ്ത് നവീകരിക്കുന്ന പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി എന്താണ്; ആയതിന് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഈ റോഡ് ബി.എം., ബി.സി. പ്രവൃത്തി ചെയ്യുന്നതിന് 16 കോടി 24 ലക്ഷം രൂപയുടെ രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ.

**പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് നിർമ്മാണം**

52 (1232) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നിർദിഷ്ട പതിനാറുങ്ങൽ പൂക്കിപ്പറമ്പ് ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ അലൈൻമെന്റ് പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് നിർമ്മാണം എന്നാക്കി മാറ്റുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പുതിയ അലൈൻമെന്റ് പ്രകാരം ഭരണാനുമതി ലഭ്യമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാനുള്ള നടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പുതിയ അലൈൻമെന്റ് പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ - സി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പതിനാറുങ്ങൽ പൂക്കിപ്പറമ്പ് - ബൈപാസ് എന്ന പ്രവൃത്തിക്ക് 10-07-2017-ൽ 100 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി 11-05-2018-ൽ പൂർത്തീകരിച്ചിരുന്നതുമാണ്. എന്നാൽ സ്ഥലവാസികളുടെ എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് വെന്നിയൂർ മുതൽ പതിനാറുങ്ങൽ വരെ ആക്കി വെന്നിയൂർ- പതിനാറുങ്ങൽ ബൈപാസ് നിർമ്മാണം എന്നാക്കുന്നതിനായി 26-08-2022-ൽ നടന്ന LAC യോഗത്തിലെ തീരുമാന പ്രകാരം ബഹു.എം.എൽ.എ.-യുടെയും ജനപ്രതിനിധികളുടെയും കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥരുടെയും

സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തുകയും ചെയ്തു. പുതിയ അലൈൻമെന്റ് പ്രകാരം പ്രവൃത്തിയുടെ പുനർനാമകരണത്തിന് സർക്കാരിൽ നിന്നും പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. അപ്രകാരം പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് വിശദമായി പരിശോധിച്ച് പുതുക്കിയ ഭരണാനുമതി നൽകുന്നതിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. പുതുക്കിയ ഭരണാനുമതി ലഭിച്ച ശേഷം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി അതിൻപ്രകാരം DPR തയ്യാറാക്കിയാൽ മാത്രമേ പ്രവൃത്തിക്കുള്ള സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

**തുപ്പനാട് മീൻവല്ലം റോഡിന്റെ നവീകരണ പ്രവൃത്തി**

53 (1233) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള തുപ്പനാട് മീൻവല്ലം റോഡിന്റെ നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി

പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ?

തുപ്പനാട് - മീൻവല്ലം റോഡിന്റെ നവീകരണ പ്രവൃത്തിക്കായി 13-03-2020-ൽ SE(K)219/2019-20 കരാർ പ്രകാരം കരാറിൽ ഏർപ്പെട്ടു. ശ്രീ. പി. കേശവദേവ് എന്ന കരാറുകാരന് 01-07-2020-ൽ സൈറ്റ് കൈമാറി നൽകി. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധിയായ 31-12-2020-ൽ കേരള വാട്ടർ അതോറിറ്റിയുടെ കിഫ്ബി പദ്ധതി നടപ്പിലാക്കിയതിനാൽ നവംബർ 2021 വരെ കോൺക്രീറ്റ് പ്രവൃത്തികൾ ഒഴികെയുള്ള മറ്റ് റോഡ് പ്രവൃത്തികളെല്ലാം തന്നെ തടസപ്പെടുന്ന സാഹചര്യം ഉണ്ടായിരുന്നു. ഇതിന് ശേഷം കേരള വാട്ടർ അതോറിറ്റിയുടെ തന്നെ ജലജീവൻ മിഷൻ പ്രവൃത്തിയും ഈ റോഡിൽ തുടർന്ന് നടപ്പിലാക്കി ആയത് നവംബർ 2022-ൽ മാത്രമാണ് പൂർത്തിയായയത്. ഈ കാലയളവിൽ റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി കോൺക്രീറ്റ് ചാൽ, കൾവർട്ട്, സംരക്ഷണ ഭിത്തി, ഭാഗികമായി വീതി കൂട്ടൽ പ്രവൃത്തി എന്നിവ മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളത്. കിഫ്ബി, ജലജീവൻ മിഷൻ എന്നീ പദ്ധതികൾ

മുഖേനയുള്ള കുടിവെള്ള പൈപ്പ്‌ലൈൻ കേരള വാട്ടർ അതോറിറ്റി ഈ റോഡിലൂടെ സ്ഥാപിക്കുന്നതിൽ വന്ന കാലതാമസമാണ് റോഡ് പ്രവൃത്തി പൂർത്തിയാവാത്തതിന്റെ കാരണം.

(ബി) പ്രസ്തുത പ്രവൃത്തി പുനഃക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ (നിരത്ത്) ശിപാർശ സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ അതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി & സി) ഉണ്ട്. പൊ.മ.വ-പി.എസ്1/24/2023-പൊ.മ.വ എന്ന ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

**കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കമ്മുട്ടികളും കലുങ്ക് നിർമ്മാണം**

54 (1234) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുറം-നിലമ്പൂർ റോഡിൽ കമ്മുട്ടികളം ഭാഗത്ത് (2/600) നിലവിലുള്ള കലുങ്ക് പുതുക്കി പണിയുന്നതിലേക്കുള്ള എസ്റ്റിമേറ്റും പ്രൊപ്പോസലും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വേഗത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുറം-നിലമ്പൂർ റോഡിൽ കമ്മുട്ടികളം ഭാഗത്ത് (കി.മീ 2/600) നിലവിലുള്ള കലുങ്ക് പുതുക്കി പണിയുന്നതിനായി 11-05-2022-ലെ Price ID PWD/RB/EST/22660/പ്രകാരം ലഭിച്ച എസ്റ്റിമേറ്റ് അധിക വിവരങ്ങൾക്കായി നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ 10-01-2023-ൽ

മടക്കി അയച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ചാപ്പനങ്ങാടി- ഇന്ത്യനൂർ- കോട്ടക്കൽ റോഡിലെ പൂഴിത്തറ വളവ് വീതി കൂട്ടൽ**

55 (1235) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ചാപ്പനങ്ങാടി- ഇന്ത്യനൂർ- കോട്ടക്കൽ റോഡിലെ പൂഴിത്തറ വളവ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൻമേൽ മഞ്ചേരി പൊതുമരാമത്ത് റോഡ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ചാപ്പനങ്ങാടി- ഇന്ത്യനൂർ- കോട്ടക്കൽ റോഡിലെ പൂഴിത്തറ വളവ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് അലൈൻമെന്റ് സ്കെച്ച് തയ്യാറാക്കിയിട്ടുണ്ട്.

(ബി) വീതി കുറവ് മൂലമുള്ള ഗതാഗത തടസ്സം പരിഹരിക്കുന്നതിന് പ്രസ്തുത റോഡിലെ പൂഴിത്തറ വളവ് വീതി കൂട്ടി നിവർത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അലൈൻമെന്റ് സ്കെച്ചിന് അംഗീകാരം നൽകി സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികളിലേക്ക് കടക്കുന്നതിന് ആലോചിക്കുന്നു.

## കിള്ളി-ഇ.എം.എസ്. അക്കാഡമി, പൊട്ടൻകാവ്-നെല്ലിക്കാട് റോഡ് പ്രവൃത്തികൾ

56 (1236) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജക മണ്ഡലത്തിലെ കിഫ്ബി വഴി നടപ്പിലാക്കുന്ന കിള്ളി-ഇ.എം.എസ്. അക്കാഡമി റോഡിന്റെയും പൊട്ടൻകാവ്-നെല്ലിക്കാട് റോഡിന്റെയും ഫുൾ ഡെപ്ത്ത് റിക്ലമേഷൻ പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ; പ്രസ്തുത റോഡ് പ്രവൃത്തികൾ

മഴക്കാലം ആരംഭിക്കുന്നതിന് മുൻപേ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

കിള്ളി-ഇ.എം.എസ്. അക്കാഡമി റോഡ്, പൊട്ടൻകാവ്-നെല്ലിക്കാട് റോഡ് എന്നിവയും മറ്റ 3 റോഡുകളും ഒറ്റ പ്രവൃത്തിയായി FDR Technology-യിൽ പുനരുദ്ധരിക്കുന്നതിനായി എൽ.എസ്.ആർ. ഇൻഫ്രാകോൺ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് 04-11-2022-ൽ വർക്ക് ഓർഡർ നൽകിയിരുന്നു. 02-02-2023-ൽ കരാറുകാരന് Letter of Acceptance നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പ്രാരംഭ പ്രവൃത്തികൾ നടന്നു വരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡ്**

57 (1237) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡ് നവീകരണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ഉണ്ട്. റണ്ണിംഗ് കോൺട്രാക്ട് ഫെയ്സ് II-ൽ ഉൾപ്പെടുത്തി 61 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കുറ്റ്യാടി ടൗൺ നവീകരണ പ്രവൃത്തി**

58 (1238) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നുവർഷം മുൻപ് കരാർ വച്ചെങ്കിലും കുറ്റ്യാടി ടൗൺ നവീകരണ പ്രവൃത്തി പൂർത്തിയാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തി പാതിവഴിയിലായതിനാൽ കണ്ണൂർ എയർപോർട്ടിലേക്കും വയനാട്ടിലേക്കും കോഴിക്കോട്ടേക്കുമുള്ള ഗതാഗതതിരക്കേറിയ റോഡുകൾ സംഗമിക്കുന്ന കുറ്റ്യാടി ടൗണിന്റെ ഹൃദയഭാഗത്ത് പൊതുജനങ്ങളും, കച്ചവടക്കാരും വലിയ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ ഏതൊക്കെയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റ്യാടി ടൗൺ നവീകരണ പ്രവൃത്തി നിലവിൽ 45% മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. കരാറുകാരനോട് പ്രവൃത്തി ദ്രുതഗതിയിൽ പൂർത്തിയാക്കാൻ കർശന നിർദ്ദേശം നൽകിയെങ്കിലും കയ്യേറ്റങ്ങൾ നിലനിൽക്കുന്നുണ്ടെന്നും, സൈറ്റ് തടസ്സരഹിതമല്ല എന്നും കാണിച്ച് ബഹു.ഹൈക്കോടതിയിൽ WP(C)35682/2022 ഫയൽ ചെയ്തിട്ടുണ്ട്. കരാറുകാരൻ തുടർനടപടികളിൽ സ്റ്റേ സമ്പാദിക്കുകയും തുടർന്ന് കോടതി നിർദ്ദേശ പ്രകാരം കരാറുകാരനുമായുള്ള ഹിയറിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിയുടെ ഭാഗമായി ഡ്രെയിനേജിനായി കുഴിച്ച കുഴികളിൽ മഴവെള്ളം കെട്ടിക്കിടന്ന് യാത്രക്കാർക്ക് അപകട ഭീഷണി ഉയർത്തുന്ന സാഹചര്യം പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഡ്രെയിനേജ് കണക്ടിവിറ്റി ഉൾപ്പെടെയുള്ള ബാലൻസ് പ്രവൃത്തികൾ പൂർത്തീകരിച്ചാൽ മാത്രമേ ഡ്രെയിനേജിൽ വെള്ളം കെട്ടിക്കിടന്ന്

യാത്രക്കാർക്ക് അപകട ഭീഷണി ഉയർത്തുന്ന സാഹചര്യം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. കരാറുകാരൻ നൽകിയ കേസ് തീർപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ തുടർപ്രവൃത്തി നടപ്പാക്കുന്നതിനാവശ്യമായ നിയമോപദേശം തേടിയിട്ടുണ്ട്.

**മലയോര ഹൈവേയിൽ അധിക സുരക്ഷാക്രമീകരണങ്ങൾ**

59 (1239) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടെ ഇരുപതോളം അപകടങ്ങൾ ഉണ്ടായ പുനലൂർ നിയോജക മണ്ഡലത്തിലെ പുനലൂർ കുളത്തുപ്പുഴ മലയോര ഹൈവേയിൽ പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ മുതൽ ചല്ലിമുക്ക് വരെയുള്ള പാതയുടെ സുരക്ഷക്കായി കിഫ്ബി-യും നാറ്റ്പാക്കും നടത്തിയ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് അനുസരിച്ചുള്ള സുരക്ഷാക്രമീകരണങ്ങൾ പ്രസ്തുത പ്രദേശത്ത് നടപ്പാക്കുന്നതിനുള്ള അനുകൂല തീരുമാനങ്ങൾ എടുക്കുമോയെന്ന് വിശദമാക്കാമോ ?

പുനലൂർ–കുളത്തൂപ്പുഴ മലയോര ഹൈവേയുടെ സുരക്ഷ വിലയിരുത്തുന്നതിന് വേണ്ടി നാറ്റ്പാക് പഠനം നടത്തുകയും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമുണ്ട്. നാറ്റ്പാക് നൽകിയ റിപ്പോർട്ടിൽ റോഡിന്റെ വിവിധ ഭാഗങ്ങളിൽ സുരക്ഷ കൂട്ടുന്നതിന് വേണ്ടി അധികമായി സൈൻ ബോർഡുകളും റോഡ് മാർക്കിങ്ങുകളും വിഭാവനം ചെയ്തിട്ടുണ്ട്. ഇവ അടിസ്ഥാനമാക്കി 5.55 കോടി രൂപയുടെ എസ്റ്റിമേറ്റ് 10-01-2023-ാം തീയതി കിഫ്ബിയിൽ അംഗീകാരത്തിനും ഫണ്ട് ലഭ്യമാക്കുന്നതിനുമായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് കിഫ്ബി അംഗീകാരം നൽകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**'പേരാമ്പ്ര ബൈപാസ്' നിർമ്മാണം**

60 (1240) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര നിയോജക മണ്ഡലത്തിലെ 'പേരാമ്പ്ര ബൈപാസി'-ന്റെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പേരാമ്പ്ര ബൈപ്പാസിന്റെ പ്രവൃത്തികൾ അതിന്റെ അന്തിമ ഘട്ടത്തിലാണ്. 200 മീറ്റർ ഒഴികെയുള്ള ഭാഗത്ത് DBM വരെയുള്ള (80%) പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

(ബി) ബൈപാസിന്റെ പ്രവൃത്തി പൂർത്തിയാവുമ്പോൾ കല്ലോട്-കക്കാട് ഭാഗത്ത് ഉണ്ടാവാൻ സാധ്യതയുള്ള ഗതാഗത പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലെ പേരാമ്പ്ര ബസ് സ്റ്റാൻഡിൽ നിന്നും ബൈപാസിലേക്ക് ഒരു ലിങ്ക് റോഡ് വേണമെന്ന ജനങ്ങളുടെ ആവശ്യം ശ്രദ്ധയിലുണ്ടോ;

(ഡി) കക്കാട്-കല്ലോട് ഭാഗത്തുള്ള പ്രവേശന കവാടം വീതി കൂട്ടാനും ട്രാഫിക് ഐലന്റ് നിർമ്മാണത്തിനും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ?

(ബി - ഡി) ബൈപ്പാസിലേക്ക് ബസ് സ്റ്റാന്റിൽ നിന്നും ഒരു ലിങ്ക് റോഡ് വേണമെന്ന ആവശ്യം പരിഗണിച്ച് ബഹു.എം.എൽ.എ-യുടെ അധ്യക്ഷതയിൽ ഒരു യോഗം ചേരുകയും, യോഗത്തിൽ ലിങ്ക് റോഡ്

സംബന്ധിച്ചും ബൈപ്പാസിന്റെ പ്രവൃത്തി പൂർത്തിയാവുമ്പോൾ കല്ലോട്-കക്കാട് ഭാഗത്തും ഉണ്ടാവാൻ സാധ്യതയുള്ള ഗതാഗത പ്രശ്നങ്ങൾ സംബന്ധിച്ചും ചർച്ച ചെയ്യുകയും കല്ലോട്-കക്കാട് ഭാഗത്തെ പ്രവേശന കവാടം വീതി കൂട്ടുന്നതിനും, ട്രാഫിക് ഐലന്റ് നിർമ്മാണത്തിനും ലിങ്ക് റോഡ് നിർമ്മാണത്തിനും വേണ്ടി കിഫ്ബിയിൽ പ്രോപ്പോസൽ സമർപ്പിക്കുന്നതിനു തീരുമാനിക്കുകയുമുണ്ടായി. പ്രസ്തുത തീരുമാനമനുസരിച്ച് 15-12-2022-ന് പ്രോപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) നിലവിലുള്ള ബൈപാസിന്റെ പ്രവൃത്തി പൂർത്തിയാകുമ്പോഴേക്കും മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനും മറ്റുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഈ പ്രവൃത്തികൾക്കുവേണ്ടിയുള്ള പ്രോപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്.

**തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്**

61 (1241) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നിലവിൽ നിശ്ചയിച്ചിട്ടുള്ള അലൈൻമെന്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ബ്ലോക്കുകളിൽ ആണ് മാറ്റം വരുത്തുന്നതെന്ന് വ്യക്തമാക്കുമോ?

(എ & ബി) ഔട്ടർ റിംഗ് റോഡിന്റെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. DPR പൂർത്തിയായതിനുശേഷമേ പദ്ധതിയുടെ അന്തിമ അലൈൻമെന്റ് ലഭ്യമാകുകയുള്ളൂ.

(സി) പ്രസ്തുത ഔട്ടർ റിംഗ് റോഡ് കണ്ടെയിനർ ഗതാഗതത്തിനു വേണ്ടി മാത്രമുള്ളതാണോ എന്നും മറ്റു വാഹനങ്ങൾക്ക് യാത്ര അനുമതി ഉണ്ടാകുമോ എന്നും വ്യക്തമാക്കുമോ?

ഔട്ടർ റിംഗ് റോഡിലൂടെ എല്ലാ വാഹനങ്ങൾക്കും യാത്രാനുമതി ഉണ്ടായിരിക്കും എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ തീരുമാനിച്ചിരിക്കുന്ന 45 മീറ്റർ കണ്ടെയ്നർ റോഡിനു പുറമേ അപ്രോച്ച് റോഡിനു വേണ്ടി സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

എങ്കിൽ ഇരുവശത്തും എത്ര മീറ്റർ വീതമാണ് ഏറ്റെടുക്കുക എന്ന് വ്യക്തമാക്കുമോ?

45 മീറ്റർ വീതിയിൽ മെയിൻ ക്യാരേജ് വേയും (MCW), സർവീസ് റോഡുകളും അടങ്ങുന്നതാണ് ദേശീയപാത അതോറിറ്റി തയ്യാറാക്കുന്ന ഡി.പി.ആർ പ്രകാരമുള്ള അലൈൻമെന്റ്. 29.11.2022-ലെ യോഗത്തിൽ ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ച പ്രകാരം ഔട്ടർ റിംഗ് റോഡിന് 25 മീറ്റർ വീതിയിൽ സർവ്വീസ് റോഡുകൾ നിർമ്മിക്കേണ്ടതുണ്ടോ എന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) ഏത് ഏജൻസി മുഖേനയാണ് റിംഗ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച സർവ്വെ നടത്തിയത്; റിംഗ് റോഡ് നിർമ്മാണത്തിന്റെ കൺസൾട്ടൻസിയായി തീരുമാനിച്ചിട്ടുള്ളത് ഏത് ഏജൻസിയെയാണ്; വിശദാംശം നൽകുമോ?

ക്യാപിറ്റൽ റീജിയൺ ഡെവലപ്പ്മെന്റ് പ്രോജക്ട് KITCO മുഖേനയാണ് ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച സർവ്വെ നടത്തിയത്.

പദ്ധതി ദേശീയപാത അതോറിറ്റിയ്ക്ക് കൈമാറിയതിനെത്തുടർന്ന് അതോറിറ്റി M/S Highway Engineerin-നെ ഡി.പി.ആർ. കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്.

**കൊടിനട - കളിയിക്കാവിള റോഡ് വികസനം**

62 (1242) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടിനട മുതൽ കളിയിക്കാവിള വരെയുള്ള റോഡ് വികസനം സംബന്ധിച്ച പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

കരമന കളിയിക്കാവിള റോഡ് വികസനത്തിൻറെ രണ്ടാം ഘട്ടമായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള പ്രവൃത്തിയ്ക്ക് 13-10-2016-ൽ ഭരണാനുമതി നൽകിയിരുന്നതും, 08-05-2017-ൽ കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിച്ചതുമാണ്. പ്രവൃത്തിയുടെ പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള ഭാഗം 30-03-2021-ൽ പൂർത്തീകരിച്ചു.

കൊടിനട മുതൽ വഴിമുക്ക് വരെയുള്ള (ബാലരാമപുരം അണ്ടർ പാസ് ഉൾപ്പടെ) ഭാഗത്തിന്റെ DPR, PWD ഡിസൈൻ വിഭാഗം തയ്യാറാക്കി, അധിക സാമ്പത്തിക അനുമതിയ്ക്കായി 05-01-2023-ന് കിഫ്ബിയിൽ സമർപ്പിച്ചു.

വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തെ റോഡ് വികസനം 2021-2022-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിന് തത്വത്തിലുള്ള ഭരണാനുമതിക്കുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. പ്രവൃത്തിയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുപ്പിനുള്ള 590 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പ്ലാൻ സാമ്പത്തിക അനുമതിക്കായി 02-02-2023 -ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ബാലരാമപുരം ജംഗ്ഷൻ വികസനത്തിനായി ഏതു രീതിയിലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

ബാലരാമപുരം ജംഗ്ഷൻ വികസനം അണ്ടർപാസായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ DPR സാമ്പത്തിക അനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു. കരമന-കളയിക്കാവിള പദ്ധതിയുടെ നിലവിൽ നടന്നു വരുന്ന ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 2023 മാർച്ച് മാസത്തിനകം 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണെന്ന് റവന്യൂ വകുപ്പിൽ നിന്ന് അറിയിച്ചിട്ടുണ്ട്.

## പൊൻകുന്നം കപ്പാട് കുഴിക്കാട്ട് വഴി തമ്പലക്കാട് മാന്തറ റോഡിന്റെ അറ്റകുറ്റപ്പണി

63 (1243) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻകുന്നം-കപ്പാട്-കുഴിക്കാട്ട് വഴി തമ്പലക്കാട്-മാന്തറ റോഡിന്റെ അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ അതീവ ശോച്യാവസ്ഥ കണക്കിലെടുത്ത് റീ ടാറിംഗിനുള്ള തുക അനുവദിക്കുന്നത് പ്രത്യേകമായി പരിഗണിക്കാമോ?

പൊൻകുന്നം-കപ്പാട്-കുഴിക്കാട്ട് വഴി തമ്പലക്കാട്-മാന്തറ റോഡിന്റെ ചെയിനേജ് 0/000 മുതൽ 6/500 കി.മീറ്റർ വരെയുള്ള ഭാഗം കുഴികളടച്ച് ഗതാഗതയോഗ്യമാക്കുന്നതിനായി റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി ഈ റോഡ് ഉൾപ്പെടുന്ന cluster-ന് 93.99 ലക്ഷം രൂപയുടെ ഭരണാനുമതി 04-02-2023 -ൽ നൽകിയിട്ടുണ്ട്.

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ റണ്ണിങ് കോൺട്രാക്ടിൽ ഉൾപ്പെട്ട റോഡുകൾ**

64 (1244) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ റണ്ണിങ് കോൺട്രാക്റ്റിൽ ഉൾപ്പെട്ട റോഡുകളുടെ പട്ടിക ലഭ്യമാക്കാമോ?

പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) അവയിൽ ഏതൊക്കെ റോഡുകൾക്ക് തുക അനുവദിച്ച് കരാർ ഉറപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; കരാറുകാരുടെ വിശദാംശം അറിയിക്കാമോ?

ഭരണാനുമതി ലഭ്യമായ റോഡുകൾക്ക് എല്ലാം കരാർ ഉറപ്പിച്ചിട്ടുണ്ട്.

കരാറുകാരൻ - ശ്രീ. പി. എം. പന്തപ്ലാക്കൽ, ചിറക്കടവ്.പി.ഒ., മണ്ണക്കയം (Kanjirappally Section)

കരാറുകാരൻ - ശ്രീ.മനോജ് തോമസ്, കോയിപ്പുറത്ത് മണിമല പി.ഒ., (Vazhoor Section)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരാറുകാരൻ - ശ്രീ. സിബി ജോസഫ്, മണിമേലത്ത്, വെച്ചൂച്ചിറ പി.ഒ., റാന്നി. (Erumely section)

(സി) പ്രസ്തുത കരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് എന്തു സംവിധാനമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

അനുമതി ലഭിച്ച പ്രവൃത്തിയിൽ (RC2 phase- I) ഉൾപ്പെടാത്ത അറ്റകുറ്റപ്പണികൾ ആവശ്യമായ എല്ലാ റോഡുകൾക്കും RC2 phase II-ൽ ഉൾപ്പെടുത്തി 04-02-2023-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉടൻ തന്നെ കരാർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.

**അങ്കമാലി-പറവൂർ റോഡ് നവീകരണം**

65 (1245) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-അങ്കമാലി-പറവൂർ റോഡിൽ കാരയ്ക്കാട്ട് കുന്ന് മുതൽ പൊയ്ക്കാട്ടുശ്ശേരി വരെയുള്ള ഭാഗം നവീകരിക്കുന്നതിനായി നൽകിയ അപേക്ഷയിൽ പി.ഡബ്ല്യു.ഡി. സെക്രട്ടറി (പി.ഡബ്ല്യു.ഡി - ജി2/150/2021-

പി.ഡബ്ല്യൂ.ഡി.) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ നിരത്ത് വിഭാഗം ചീഫ്എഞ്ചിനിയർ (സി.ഇ.പി.ഡബ്ല്യൂ.ഡി./6812/2021) നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതുവരെ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിയ്ക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് എത്രയും വേഗം പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ - സി) ആലുവ-അങ്കമാലി-പറവൂർ റോഡിൽ കാരയ്ക്കാട്ട് കുന്ന് മുതൽ പൊയ്ക്കാട്ടുശ്ശേരി വരെയുള്ള ഭാഗം നവീകരിക്കുന്നതിനായി ബഹുമാനപ്പെട്ട ആലുവ എം.എൽ.എ. നൽകിയ അപേക്ഷ സർക്കാർ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിരുന്നു. ചീഫ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റിന് 06-05-2022 -ലെ സർക്കാർ ഉത്തരവ് പ്രകാരം മൂന്നു കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 18-12-2022-ലെ Order

No.PWD/RB/ ESTTS/98921/2021-5-1 പ്രകാരം സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടറിൽ ശ്രീ. പി. പി. അബൂബക്കർ എന്ന കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. താമസംവിനാ കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

**അത്താണി വെടിമറ റോഡിലെ വളവ് നിവർത്തുന്നതിന് നടപടി**

66 (1246) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-അത്താണി-വെടിമറ റോഡിലെ പുത്തൻതോട് ചുങ്കം ഭാഗത്തുള്ള വളവ് നിവർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കണമെന്ന അപേക്ഷയിൽ പൊതുമാരാമത്ത് വകുപ്പ് സെക്രട്ടറി (ജി2/79/2022/പൊമവ.) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ വിഷയത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്/ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനിയർമാർ (സി.ഇ.പി.ഡബ്ല്യൂ.ഡി/5607/2022/സി6) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; നാളിതുവരെ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(എ & ബി) ആലുവ-അത്താണി-വെടിമറ റോഡിലെ പുത്തൻതോട് ചുങ്കം ഭാഗത്തുള്ള വളവ് നിവർത്തുന്നതിന് പദ്ധതി നടപ്പിലാക്കണമെന്ന ബഹു. അൻവർ സാദത്ത് എം.എൽ.എ.യുടെ അപേക്ഷ പരിശോധിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ സർക്കാരിൽ നിന്നും 11-03-2022-ന് ചീഫ് എഞ്ചിനീയർ നിരത്തു വിഭാഗത്തിന് നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർമാർ ഇതുമായി ബന്ധപ്പെട്ട് നടത്തിയ കത്തിടപാടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഈ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അത്താണി-വെടിമറ റോഡിലെ പുത്തൻതോട്-ചുങ്കം ഭാഗത്തെ വളവ് നിവർത്താനുള്ള പ്രവൃത്തിക്ക് 13-08-2021-ൽ 250 ലക്ഷം രൂപയ്ക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി നൽകിയിട്ടുണ്ട്. ടി റോഡിന്റെ പുത്തൻതോട് മുതൽ ചെങ്ങമനാട് പള്ളി വരെയുള്ള ഭാഗങ്ങളുടെ ഫീൽഡ് സർവ്വേ പൊതുമരാമത്ത് ഇൻവെസ്റ്റിഗേഷൻ വിഭാഗം വഴി നടത്തി അതനുസരിച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. അലൈൻമെന്റ് സ്കെച്ച് പ്രകാരം റോഡിന്റെ അതിർത്തി നിർണ്ണയിക്കേണ്ടതായിട്ടുണ്ട്. ഇതിനായി ആദ്യം റോഡിന്റെ നിലവിലത്തെ അതിർത്തി റവന്യൂ അധികാരികൾ അളന്ന് തിട്ടപ്പെടുത്തി ലഭ്യമാക്കുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

**എ.സി. റോഡ് നവീകരണം**

67 (1247) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.സി. റോഡിന്റെ നവീകരണം പൂർത്തീകരിക്കുമ്പോൾ നാടിനും ജനങ്ങൾക്കും ഉണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ ജനത ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ആലപ്പുഴ, കോട്ടയം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന 24.164 കി.മീ ദൂരമുള്ള എ.സി. റോഡ് കളർകോട് നിന്ന് ആരംഭിച്ച് പെരുന്നയിൽ അവസാനിക്കുന്നു. എ.സി. റോഡിന്റെ നവീകരണം പൂർത്തീകരിക്കുന്നതോടെ ഉന്നത നിലവാരത്തിലുള്ള ഒരു റോഡ് നാടിനും ജനങ്ങൾക്കും ലഭിക്കുന്നു. ഏത് കാലാവസ്ഥയിലും ഗതാഗതം സാധ്യമാകുന്ന രീതിയിലാണ് എ.സി. റോഡിന്റെ പുനർനിർമ്മാണം ഡിസൈൻ ചെയ്തിട്ടുള്ളത്. വെള്ളം അധികം കയറിയ സ്ഥലങ്ങളിൽ ഫ്ലൈഓവറുകൾ, റോഡിനു കുറുകെ നീരൊഴുക്ക് സുഗമമാക്കുന്നതിന് ക്രോസ് വേകൾ, നിലവിലുള്ള ചെറിയ കലുങ്കുകളുടെയും 13 ചെറു പാലങ്ങളുടേയും പുനർ നിർമ്മാണം റോഡിലുടനീളം രാത്രിയിലെ സുരക്ഷയ്ക്ക് തെരുവ് വിളക്കുകൾ, ബസ് യാത്രക്കാരുടെ സൗകര്യത്തിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ വെയിറ്റിംങ് ഷെഡ്, നടപ്പാതകൾ, ക്രാഷ് ബാരിയർ ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ എന്നിവയാണ് പദ്ധതിയിലെ പ്രധാന പ്രവൃത്തികൾ.

(ബി) പ്രസ്തുത റോഡിന്റെ നവീകരണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

പ്രവൃത്തി പൂർത്തീകരിക്കാൻ 28-11-2023 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(സി) കുട്ടനാടിന്റെ ടൂറിസം പ്രാധാന്യം മുന്നിൽ കണ്ട് പരിഷ്കരിക്കുന്ന എ.സി. റോഡിന്റെ പ്രാന്ത പ്രദേശങ്ങളിലെ പൊതുമരാമത്ത് റോഡുകളും നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

എ.സി. റോഡിന്റെ പ്രാന്തപ്രദേശങ്ങളെ ബന്ധിപ്പിച്ച് കടന്നുപോകുന്ന മുട്ടാർ സെൻട്രൽ റോഡ്, എ.സി. റോഡ് മങ്കൊമ്പ്- കാവാലം- വികാസ് മാർഗ്ഗ് റോഡ്, എ.സി.റോഡ് മങ്കൊമ്പ്-ചമ്പക്കുളം ഗവൺമെന്റ് ആശുപത്രി റോഡ്, നെടുമുടി-കരുവാറ്റ റോഡ്, നെടുമുടി- കുപ്പപ്പുറം റോഡ് (ഭാഗികം) എന്നിവ നവീകരിച്ചിട്ടുണ്ട്. കൂടാതെ എടത്വ-പുതുക്കരി-മാമ്പഴക്കരി & കിടങ്ങറ-വാലടി റോഡ് ആധുനിക രീതിയിൽ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് വരുന്നു.

**പൊതുമരാമത്ത് റോഡുകളിലെ റണ്ണിങ് കോൺട്രാക്ട് പരിശോധന**

68 (1248) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിലെ റണ്ണിംഗ് കോൺട്രാക്ട് പരിശോധിക്കുവാൻ ഓരോ ജില്ലകളിലും നിയോഗിക്കപ്പെട്ടിട്ടുള്ള സൂപ്രണ്ടിംഗ് എൻജിനീയറുടെ നേതൃത്വത്തിലുള്ള സംഘം നടത്തിയ പരിശോധനകൾ സംബന്ധിച്ചുള്ള വിശദാംശം നൽകുമോ?

സൗത്ത് സർക്കിൾ:

17-10-2022, 25-10-2022, 26-10-2022, 28-10-2022, 01-11-2022, 02-11-2022, 03-11-2022, 04-11-2022, 05-11-2022 എന്നീ തീയതികളിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ ആദ്യ പരിശോധന നടത്തുകയുണ്ടായി. പ്രവൃത്തികൾ എല്ലാം പുരോഗതിയിൽ ആയിരുന്നു. പുരോഗതി കുറവുള്ള ജില്ലകളിൽ വേഗത കൂട്ടാനുള്ള നടപടികൾ സ്വീകരിച്ചു.

സെൻട്രൽ സർക്കിൾ:

17-10-2022 മുതൽ ഒരു മാസത്തിനുള്ളിലായി എറണാകുളം, തൃശ്ശൂർ, ഇടുക്കി ജില്ലകളിലെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളുടെ പരിശോധന നടത്തുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു. പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകി.

നോർത്ത് സർക്കിൾ:

17-10-2022, 18-10-2022 തീയതികളിൽ പാലക്കാട് ജില്ലയിലും 19-10-2022, 20-10-2022 കോഴിക്കോട് ജില്ലയിലും 21-10-2022, 22-10-2022 കാസർഗോഡ് ജില്ലയിലും 25-10-2022, 26-10-2022 കണ്ണൂർ ജില്ലയിലും 28-10-2022, 29-10-2022 മലപ്പുറം ജില്ലയിലും 03-11-2022, 04-11-2022 വയനാട് ജില്ലയിലും ആദ്യ പരിശോധന നടത്തുകയും പ്രവൃത്തികൾ എല്ലാം പുരോഗതിയിലും ആയിരുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടർന്നുള്ള മാസങ്ങളിലും റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിരുന്നു.

(ബി) പ്രസ്തുത പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ചുള്ള വിശദവിവരം ജില്ലതിരിച്ച് ലഭ്യമാക്കുമോ?

പ്രസ്തുത പരിശോധനകളിൽ ചില ജില്ലകളിൽ പുരോഗതിയിൽ ദൃശ്യമായ വേഗത കുറവായതൊഴിച്ചാൽ നിലവിൽ മറ്റ് ക്രമക്കേടുകളൊന്നും കണ്ടെത്തിയിട്ടില്ല.

**എം.സി. റോഡിന്റെ വികസനം**

69 (1249) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. സി. റോഡിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

എം.സി. റോഡ് നാല് വരിയായി വികസിപ്പിക്കുന്നതിന് തത്വത്തിലുള്ള ഭരണാനുമതി 05-11-2022-ലെ GO(Rt)No.1069/2022/PWD പ്രകാരം

ഉത്തരവായി. പദ്ധതിക്കായുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നിലവിലുള്ള എം.സി. റോഡിന്റെ രണ്ട് വരിപ്പാത നാല് വരിപ്പാതയായി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് സർവേ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. ഈ പദ്ധതിയുടെ പ്രീ-ഫീസിബിലിറ്റി പഠനം പൊതുമരാമത്ത് ഡിസൈൻ വിഭാഗം നടത്തിവരുന്നു.

(സി) എം.സി. റോഡ് രണ്ട് വരിപ്പാതയായി വികസിപ്പിക്കുന്നതിനുവേണ്ടി സ്ഥലം വിട്ട് നൽകിയവർ തന്നെ നാലുവരിപ്പാതയ്ക്കും സ്ഥലം വിട്ടുനൽകേണ്ടിവരുമോയെന്നുള്ള റോഡ് കടന്നുപോകുന്ന സ്ഥലങ്ങളിലെ ജനങ്ങളുടെ ആശങ്ക ഒഴിവാക്കുന്നതിനായി ആയതിന്റെ സത്യാവസ്ഥ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുമോ;

(ഡി) എം.സി. റോഡ് നാല് വരിപ്പാത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(സി & ഡി) DPR തയ്യാറാക്കി, വിശദമായ പഠനം നടത്തി മാത്രമേ സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ. 2013-ലെ സ്ഥലം ഏറ്റെടുക്കൽ നിയമം നിഷ്കർഷിക്കുന്ന പ്രകാരം സാമൂഹിക ആഘാത പഠനം ഉൾപ്പെടെയുള്ളവ നടത്തി മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോവുകയുള്ളൂ.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ മണലായ-മുതുകുർശ്ശി റോഡ് നിർമ്മാണം**

70 (1250) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ മണലായ-മുതുകുർശ്ശി-ആനമങ്ങാട് റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കരാറിൽ പറഞ്ഞിരിക്കുന്ന സമയപരിധിയെന്നാണ് അവസാനിക്കുന്നതെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ മണ്ഡലത്തിലെ മണലായ - മുതുകുറുശ്ശി - ആനമങ്ങാട് റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കരാറിൽ പറഞ്ഞിരിക്കുന്ന സമയപരിധി അവസാനിച്ചത് 10-03-2021-നാണ്. 15-05-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 28-02-2023 വരെ ദീർഘിപ്പിച്ചുനൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി അനന്തമായി നീളുന്നതിന്റെ കാരണം വിശദമാക്കുമോ?

ഈ റോഡിന്റെ കി.മീ 0/000 മുതൽ 2/000 വരെ വലതുഭാഗം കെ.ഐ. ഐ.എഫ്.ബി രാമഞ്ചാടി അലിഗഡ് കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള റെസ്റ്റൊറേഷൻ പ്രവൃത്തി കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കിയിട്ടുണ്ട്. ഇടതുഭാഗത്ത് ജെ.ജെ.എം.-ന്റെ റെസ്റ്റൊറേഷൻ പ്രവൃത്തി ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. എത്രയുംപെട്ടെന്ന് ടി.എസ് ലഭ്യമാക്കി നിലവിലെ കരാറുകാരനെകൊണ്ട് റെസ്റ്റൊറേഷൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വലതുഭാഗത്ത് വീണ്ടും ജെ.ജെ.എം.-ന്റെ പൈപ്പ്ലൈൻ കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ റെസ്റ്റോറേഷൻ പ്രവൃത്തി കേരള വാട്ടർ അതോറിറ്റി ചെയ്യാനുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ബി.എം.&ബി.സി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും.

**മുരിങ്ങൂർ–ഏഴാറ്റുമുഖം റോഡ് നവീകരണം**

71 (1251) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരിക്കുന്ന തൃശ്ശൂർ ജില്ലയിലെ മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡ് പണിയുടെ പുരോഗതി വിശദീകരിക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരിക്കുന്ന തൃശ്ശൂർ ജില്ലയിലെ മുരിങ്ങൂർ - ഏഴാറ്റുമുഖം എന്ന റോഡ് പ്രവൃത്തി 05-06-2020-ൽ എഗ്രിമെന്റ് വച്ച്

ആരംഭിച്ചതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 12-12-2021 ആയിരുന്നു. ഇത് 10-6-2023 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതുവരെ ഈ പ്രവൃത്തിയിൽ 14 കലുങ്കുകളുടെ പുനർനിർമ്മാണം, 1.3 കി.മി. കാന നിർമ്മാണം, 4.35 കി. മി. ഡി ബി എം പ്രവൃത്തി, 775 മി. സംരക്ഷണഭിത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഈ പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചെന്ന് അറിയിക്കുമോ?

നിലവിൽ ഈ പ്രവൃത്തി 33 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

പ്രവൃത്തി പൂർത്തീകരിക്കാനുള്ള കരാറുകാരന്റെ വീഴ്ച്ച കണക്കിലെടുത്ത് ടി പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ 30-01-2023-ൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പുനഃക്രമീകരിച്ച് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊണ്ടോട്ടി മണ്ഡലത്തിലെ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ**

72 (1252) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ ഗതാഗതയോഗ്യമല്ലാത്ത പൊതുമരാമത്ത് റോഡുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ചന്നയിൽ - പള്ളിയാലിൽ – മൂലോട്ടുമൂല റോഡ് - (0/200 - 1/500), ഹെൽത്ത് സെന്റർ – ചക്കുംപുള റോഡ് - (0/300-2/500) എന്നീ റോഡുകളാണ് കൂടുതൽ അറ്റകുറ്റപ്പണി ആവശ്യമുള്ളത്.

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനും അവ ബി.എം.& ബി.സി ചെയ്യുന്നതിനുമായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

വെട്ടുകാട് - ഒളവെട്ടൂർ മുണ്ടുമുഴി റോഡ് കി.മീ. 0/000 മുതൽ 13/680 കി.മീ (മുഴുവൻ റോഡ്) വരെയുള്ള റോഡിന് കിഫ്ബിയിൽനിന്ന് അനുമതി ലഭ്യമാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വെട്ടുകാട് മുതൽ പുളിക്കൽ വരെയുള്ള ഭാഗം ബി.എം.& ബി.സി ചെയ്ത് നവീകരിക്കുന്നതിനുള്ള

സാമ്പത്തികാനുമതിക്കായി 7.36 കോടി രൂപയുടെ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ നന്നാക്കുന്ന റോഡുകൾ ഏതെല്ലാമാണെന്നും ഇവയിലൂടെ എന്തെല്ലാം നവീകരണ സാധ്യതകളാണുള്ളതെന്നും വിശദമാക്കുമോ?

1. ആലുങ്ങൽ - വലിയപറമ്പ് നീറാട് റോഡ് കി.മീ. 1//000 മുതൽ 3/200 വരെ

2. പേങ്ങാട് - ആലുങ്ങൽ റോഡ് കി.മീ. 3/000 മുതൽ. 5/970 വരെ

3, ഐക്കരപ്പടി ഒളവെട്ടൂർ റോഡ് കി.മീ. 2/500 മുതൽ 9/990 വരെ

4. പരപ്പനങ്ങാടി - അരീക്കോട് റോഡ് കി.മീ. 20/020 മുതൽ 28/670 - വരെ.

5. ഫറോക്ക് -കോളേജ് - വാഴക്കാട് റോഡ് കി.മീ. 4/300 മുതൽ 11/720 വരെ

6. പെരിങ്ങാവ് - കോട്ടുപാടം റോഡ് കി.മീ. 0/000 മുതൽ 1/000 വരെ

7. പുളിക്കൽ - ചെവിട്ടാണിക്കുന്ന് - വെട്ടുകാട് റോഡ് കി.മീ. 0/000 മുതൽ 9/990 വരെ

8. വെട്ടുകാട് - ഒളവെട്ടൂർ മുണ്ടുമുഴി റോഡ് കി.മീ 0/000 മുതൽ 1/670 വരെ,

എന്നീ നിരത്തുവിഭാഗത്തിന് കീഴിലുള്ള റോഡുകൾ റണ്ണിംഗ് കോൺടാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. റണ്ണിംഗ് കോൺടാക്ട് പ്രവൃത്തികളിൽ പ്രീ-മൺസൂൺ പ്രവൃത്തികൾ, കുഴിനികത്തൽ അടിയന്തര അറ്റകുറ്റപ്പണികൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

നിരത്ത് പരിപാലന വിഭാഗത്തിന് കൈമാറി നൽകിയ രണ്ട് റോഡുകൾ പൊതുമരാമത്ത് വകുപ്പ് സ്റ്റാൻഡേർഡനുസരിച്ചുള്ള വീതിയില്ലാത്തതും മണ്ണ് റോഡുകളുമാണ്. അവ റണ്ണിംഗ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ നന്നാക്കാൻ സാധിക്കുന്നവയല്ല.

## റോഡുകളുടെ ആധുനികീകരണം

73 (1253) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ ആധുനികീകരണത്തിന്റെ ഭാഗമായി വളവുകൾ നിവർത്തി റോഡ് നിർമ്മിക്കുന്നതുമൂലം വിവിധ സ്ഥലങ്ങൾ തമ്മിലുള്ള ദൂരത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വളവുകൾ നിവർത്തി റോഡ് നിർമ്മിക്കുന്നതുമൂലം വിവിധ സ്ഥലങ്ങൾ തമ്മിലുള്ള ദൂരത്തിൽ നേരിയ കുറവുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം റോഡുകളിലെ സൈൻബോർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ദൂരം പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

റോഡ് നവീകരണ പ്രവൃത്തികൾ നടത്തുന്നവേളയിൽ ശരിയായ ദൂരം രേഖപ്പെടുത്തിക്കൊണ്ടുള്ള ബോർഡുകൾ സ്ഥാപിക്കാറുണ്ട്. കൂടാതെ അസറ്റ് രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നു.

(സി) ഇപ്രകാരം റോഡിന്റെ ദൈർഘ്യത്തിൽ വന്ന കുറവ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ/ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പൊതുമരാമത്ത് വകുപ്പിൽനിന്നും റോഡ് ദൈർഘ്യത്തിൽ വന്ന കുറവ് സംബന്ധിച്ച് നോട്ടിഫിക്കേഷൻ/ഉത്തരവൊന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

74 (1254) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി പൊതുമരാമത്ത് റോഡുകൾ കുണ്ടും കുഴിയുമായി ഗതാഗത യോഗ്യമല്ലാത്തതിനാൽ യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്തുതന്നെ ചെയ്യുന്നതിനും പൊതുമരാമത്ത് പ്രവൃർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) നിലവിൽ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പ്ലാൻ നബാർഡ്, ശബരിമല എന്നീ പദ്ധതികളിലുൾപ്പെടുത്തി ഏകദേശം 2100 കി.മീ. റോഡുകളിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. പരിപാലന കാലാവധിയിലുള്ള റോഡുകളിൽ അതത് കരാറുകാരനെക്കൊണ്ടും പരിപാലന കാലാവധിയിലല്ലാത്ത റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട്, പ്രീ മൺസൂൺ പ്രവൃത്തികളുടെ കരാറുകാരെക്കൊണ്ടും കുഴികൾ സമയബന്ധിതമായി നികത്തി ഗതാഗതയോഗ്യമാക്കുന്നു. എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗതാഗത യോഗ്യമായി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. നിലവിൽ 12332 കി.മീ. റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 7685 കിലോമീറ്റർ റോഡുകൂടി റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തുന്നതിന് 183.4 കോടിരൂപയുക്കൂടി ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മഴക്കാലപൂർവ്വ പ്രവൃത്തികളിലുൾപ്പെടുത്തി അടിയന്തര അറ്റകുറ്റ പ്രവൃത്തികളും

നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡുകൾ പരിശോധിക്കാൻ നിലവിൽ പൊതുമരാമത്ത് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവരുൾപ്പെട്ട സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള പരിശോധന സംഘവും നിലവിലുണ്ട്. ഇതിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം 45 ദിവസത്തിലൊരിക്കലും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ടീം 30 ദിവസത്തിലൊരിക്കലും പരിശോധനകൾ നടത്തിവരുന്നു.

റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലൂടെ റോഡുകളിലെ കേടുപാടുകൾ സമയബന്ധിതമായി പരിഹരിച്ച് ഗതാഗതയോഗ്യമായി നിലനിർത്താനുള്ള പ്രവർത്തനമാണ് നടത്തിവരുന്നത്.

(സി) റാന്നിയിൽ ബണ്ട് പാലത്തിനുവേണ്ടി കോൺക്രീറ്റ് തൂണിൽ കമ്പിക്കുപകരം തടി ഉപയോഗിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഈ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്നതല്ല.

**തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള റോഡ് റീ ടാറിംഗിനായി**

**പി. ഡബ്ല്യൂ.ഡി.ഫണ്ട് അനുവദിക്കാൻ നടപടി**

75 (1255) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള നിരവധി റോഡുകൾ ഫണ്ടില്ലാത്തതിനാൽ അറ്റകുറ്റപ്പണി നടത്താൻ സാധിക്കാതെ ഗതാഗത യോഗ്യമല്ലാതെയായത് പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത്തരം റോഡുകൾ ഒറ്റത്തവണ റീടാർ ചെയ്യാൻ പി. ഡബ്ല്യൂ.ഡി. ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) നിലവിൽ പരിഗണനയിലില്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ഇത്തരം റോഡുകൾ ഏറ്റെടുക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കാവുന്നതാണ്.

**റോഡുകളിൽ യഥാസമയം അറ്റകുറ്റപ്പണി**

76 (1256) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റോഡുകളിൽ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നുവെന്ന് ഉറപ്പാക്കാൻ എന്തൊക്കെ ക്രമീകരണമാണ് എർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗതാഗത യോഗ്യമായി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. നിലവിൽ 12332 കി.മീ.റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 7685.05 കിലോമീറ്റർ റോഡുകൂടി റണ്ണിംഗ് കോൺട്രാക്ടിൽ പരിപാലിക്കാൻ 183.4 കോടി രൂപയുടെ ഭരണാനുമതികൂടി നൽകിയിട്ടുണ്ട്. കൂടാതെ മഴക്കാലപൂർവ്വ പ്രവൃത്തികളിലുൾപ്പെടുത്തി അടിയന്തര അറ്റകുറ്റ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പരിപാലന കാലാവധിയിലുള്ള റോഡുകളിൽ അതത് കരാറുകാരനെക്കൊണ്ടും പരിപാലന കാലാവധിയിലല്ലാത്ത റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട്, പ്രീമൺസൂൺ പ്രവൃത്തികളുടെ കരാറുകാരെക്കൊണ്ടും കുഴികളും മറ്റും സമയബന്ധിതമായി നികത്തി ഗതാഗതയോഗ്യമാക്കുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡുകൾ പരിശോധിക്കാൻ നിലവിൽ പൊതുമരാമത്ത് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവരുൾപ്പെട്ട സ്പെഷ്യൽ

ഇൻസ്പെക്ഷൻ ടീമും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള പരിശോധന സംഘവും നിലവിലുണ്ട്. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ടീം 30 ദിവസത്തിലൊരിക്കൽ പരിശോധനകൾ നടത്തിവരുന്നു.

ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള റോഡുകൾക്ക് കേടുപാടുകൾ പറ്റുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽകാലിക പരിഹാരമായി Ordinary Repair (OR) ലും Flood Damage Repair (FDR)-ലും തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ ഇവയുടെ സ്ഥായിയായ റിപ്പയറിനുവേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ റിന്യൂവൽ പ്രോഗ്രാമിലുൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്. ഇതുപയോഗിച്ച് ദേശീയപാത ഗതാഗതയോഗ്യമാക്കാറുണ്ട്. NHAI-യ്ക്ക് കൈമാറിയ ദേശീയപാതകളിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം NHAI-യ്ക്കാണ്. NHAI കൈമാറിയ സൂചികളിൽ അറ്റപ്പണി ചെയ്യുന്നതിന് NHAI-യിൽനിന്ന് ഫണ്ട് ലഭിക്കുന്നമുറയ്ക്ക് ദേശീയപാത വിഭാഗം ചെയ്യുന്നുണ്ട്.

(ബി) അറ്റകുറ്റപ്പണി സമയബന്ധിതമായി നടത്താതെ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ തൽസ്ഥാനത്തുനിന്ന് മാറ്റുന്നതുൾപ്പെടെയുള്ള അച്ചടക്ക നടപടികൾ കൈക്കൊണ്ടുവരുന്നു.

**മഞ്ചേരി നിയോജക മണ്ഡലത്തിലെ കേടായ റോഡുകൾ ഗതാഗത യോഗ്യമാക്കാൻ നടപടി**

77 (1257) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി സെൻട്രൽ ജംഗ്ഷൻ, മലപ്പുറം-മഞ്ചേരി റോഡ്, കച്ചേരിപ്പടി, മഞ്ചേരി-ഒലിപ്പുഴ റോഡ്, നാട്ടുകാണി-പരപ്പനങ്ങാടി റോഡ്, മുള്ളിയാക്കുറിശ്ശി-പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപ്പറമ്പ് വരെ, പാണ്ടിക്കാട്-വണ്ടൂർ- വടപുരം റോഡിൽ ഒറവംപുറം പാലം മുതൽ മരാട്ടപ്പടി പാലം വരെ, ചെരണി-പന്നിപ്പാറ റോഡ്, മഞ്ചേരി-ഒലിപ്പുഴ റോഡിൽ പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെ, പയ്യനാട് അങ്ങാടി,

മാലാങ്കുളം- ചെറാങ്കുത്ത്-ചെറുകുളംറോഡ്, മഞ്ചേരി 2nd ബൈപ്പാസ് എന്നീ റോഡുകൾ പൂർണ്ണമായും തകർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റോഡുകളുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

- മഞ്ചേരി സെൻട്രൽ ജംഗ്ഷൻ - KWA (KIIFB) പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- മലപ്പുറം - മഞ്ചേരി റോഡ് & നാട്ടുകാണി പരപ്പനങ്ങാടി റോഡ്- ഡി.എഫ്.ഐ.പി നാട്ടുകാണി പരപ്പനങ്ങാടി റോഡിൽ ബാലൻസ് എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.
- കച്ചേരിപ്പടി KWA (KIIFB,) പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- മഞ്ചേരി - ഒലിപ്പുഴ റോഡിൽ പാണ്ടിക്കാട് മുതൽ കിഴക്കേ പാണ്ടിക്കാട് വരെയും പയ്യനാട് - അങ്ങാടി ഭാഗത്തും ചില ഭാഗങ്ങൾക്ക് കേടുപാട് സംഭവിച്ചതിൽ കി.മീ. 0/000 മുതൽ 16/200 വരെ അറ്റകുറ്റപ്പണി നടത്തി പൂർണ്ണമായും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

- മുള്ള്യാകുർശ്ശി - പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപ്പറമ്പ് വരെ കുഴികളടച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട് . ടാറിംഗ് പ്രവൃത്തി ഉടൻ പൂർത്തീകരിക്കുന്നതാണ്.

- ചെരണി - പന്നിപ്പാറ റോഡ് - KWA യുടെ KIIFB പ്രവൃത്തിയും പൊതുമരാമത്ത് വകുപ്പിന്റെ RC-I & RC-II പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

- മാലാങ്കുളം - ചെറാംകുത്ത് ചെറുകുളം റോഡിൽ RC വർക്കുകൾ പുരോഗമിക്കുന്നുണ്ട്.

- മഞ്ചേരി സെക്കന്റ് ബൈപ്പാസ്- റോഡിൽ ബഡ്ജറ്റ് പ്രവൃത്തി 28-06-2022-ന് പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഈ റോഡിന് കേട്ടുപാടുകളൊന്നുംതന്നെയില്ല

- മാലാകുളം - ചെറുകുളം റോഡിന്റെ ആദ്യ 5.5. കിലോമീറ്ററിൽ പാച്ച് പ്രവൃത്തികൾ അറേഞ്ച് ചെയ്തിട്ടുണ്ട്. മുള്ള്യാംകുർശ്ശി- പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപറമ്പ് വരെ കുഴികൾ അടച്ച് ഗതഗത യോഗ്യമാക്കിയിട്ടുണ്ട്. ടാറിംഗ് പ്രവൃത്തി ഉടൻ പൂർത്തീകരിക്കുന്നതാണ്.

(ബി) വർഷങ്ങളായി ചുവപ്പുനാടയിൽ കുടുങ്ങിക്കിടക്കുന്ന മഞ്ചേരി-ഒലിപ്പുഴ റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സ്ഥലമേറ്റെടുപ്പിലുണ്ടാകുന്ന കാലതാമസംമൂലമാണ് പ്രവൃത്തി തുടങ്ങാൻ സാധിക്കാത്തത്. പ്രവൃത്തിക്കായി 0.637 ഹെക്ടർ സ്ഥലമേറ്റെടുക്കുന്നതിന് 19-01-2021-ൽ റവന്യൂ വകുപ്പിൽനിന്നും ഭരണാനുമതി നൽകിയിരുന്നതും 09-06-2022-ൽ 6(1) നോട്ടിഫിക്കേഷൻ നൽകിയിട്ടുള്ളതുമാണ്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

(സി) നാട്ടുകാണി - പരപ്പനങ്ങാടി റോഡിൽ ചെരണിമുതൽ ജസീല ജംഗ്ഷൻവരെയുള്ള ഭാഗങ്ങളിൽ റോഡ് തകർന്ന് ഗതാഗത യോഗ്യമല്ലാതായിട്ട് മാസങ്ങളായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ റോഡുകളെ അടിയന്തരമായി പുനരുദ്ധാരണം നടത്തി ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ:

(ഡി) ഈ റോഡുകളിലെ ഗതാഗതം സുഗമമാക്കുന്നതിന് പൂർണ്ണമായും ബി.എം.&ബി.സി. ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(സി & ഡി) നാട്ടുകാണി - പരപ്പനങ്ങാടി റോഡിൽ ചെരണി മുതൽ ജസീല ജംഗ്ഷൻ മുതൽ 1 കി.മീ വരെ വാട്ടർ അതോറിറ്റി റെസ്റ്റൊറേഷൻ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. പ്രസ്തുത റോഡിൽ നിരത്ത് പരിപാലന വിഭാഗത്തിനുകീഴിലുള്ള ഭാഗത്ത് ടെമ്പററി പാച്ച്‌വർക്ക് ചെയ്തിട്ടുണ്ട്. ആയതിനുശേഷം ഈ ഭാഗങ്ങളിലായി കെ.എസ്.ഇ.ബി ട്രെഞ്ച് എടുത്തിട്ടുണ്ട്. ഈ ഭാഗങ്ങളിൽ പെർമനെന്റ് പാച്ച്‌വർക്ക് ഉടൻ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നാട്ടുകാണി പരപ്പനങ്ങാടി റോഡിൽ ബാലൻസ് എസ്റ്റിമേറ്റായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 260 കോടിരൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

മഞ്ചേരി ഒലിപ്പുഴ റോഡ് ബി.എം&ബിസി നിലവാരത്തിൽ നവീകരിക്കുന്നതിന് കിഫ്ബിയിലുൾപ്പെടുത്തി 20-08-2016-ൽ പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 14-03-2018-ൽ KIIFB-യിൽ നിന്ന് 85.61 കോടിരൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്.

സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

(ഇ) മുള്ളമ്പാറ-കോണിക്കല്ല്-ഇരുമ്പുഴി റോഡ് പൂർണ്ണമായും തകർന്ന് കിടക്കുന്നതിനാൽ ടി റോഡിന്റെ പുനരുദ്ധാരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മുള്ളമ്പാറ - കോണിക്കല്ല് - ഇരുമ്പുഴി റോഡിന്റെ കേടുപാടുകൾ സംഭവിച്ച ഭാഗങ്ങൾ നവീകരിക്കുന്നതിനും പരിഗണനയ്ക്കുമായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കണ്ണൂർ മണ്ഡലത്തിൽ കിഫ്ബി വഴിയുള്ള പദ്ധതികൾ**

78 (1258) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിൽ നിലവിൽ കിഫ്ബിവഴി പ്രവൃത്തി നടത്തുന്ന റോഡ്, പാലം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബിവഴി എത്ര പദ്ധതികൾ നടപ്പിലാക്കിവരുന്നെന്ന് വിശദമാക്കാമോ?

കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന 3 പ്രവൃത്തികളും RBDCK നടപ്പിലാക്കുന്ന 2 പ്രവൃത്തികളും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ഒരു പ്രവൃത്തിയുമുൾപ്പെടെ 6 പ്രവൃത്തികളാണ് കിഫ്ബി വഴി നടപ്പിലാക്കിവരുന്നത്

**പട്ടാമ്പി മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ**

79 (1259) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പട്ടാമ്പി മണ്ഡലത്തിൽ ബി.എം&ബി.സി നിലവാരത്തിൽ ഉയർത്തുന്നതിന് അവശേഷിക്കുന്ന റോഡുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

പട്ടാമ്പി മണ്ഡലത്തിൽ ബി.എം&ബി.സി നിലവാരത്തിൽ ഉയർത്തുന്നതിന് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ അവശേഷിക്കുന്ന റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കുലുക്കല്ലൂർ - എരവത്ര റോഡ് കി.മീ. 0/000 -5/000

2. എരവ്വത - വല്ലപ്പുഴ റോഡ് കി.മീ. 0/000 - 4/000

3. കുലുക്കല്ലൂർ - റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 0/000 - 5/000

4. പാലത്തറ - കൊട്ടുമുണ്ട റോഡ് കി.മീ. 3/000 - 5/000

5. മുതുതല - ചെറുകടങ്ങാട് റോഡ് കി.മീ. 2/000 - 3/000

കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന് കീഴിൽ നിള ഹോസ്പിറ്റൽ മുതൽ ഷൊർണ്ണൂർ ഐ.പി.റ്റി വരെയുള്ള ഭാഗവും പട്ടാമ്പി ആമയൂർറോഡിൽ കൊട്ടുമുണ്ട മുതൽ ആമയൂർ വരെയുള്ള ഭാഗവും

കിഫ്ബി ഫണ്ടുപയോഗിച്ച് ബി.എം&ബി.സി നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് ഏറ്റെടുക്കാൻ സാധിക്കുന്ന ഗ്രാമീണ റോഡുകളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നൽകാമോ?

ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല.

**കാഞ്ഞിരപ്പള്ളി ടി.ബി. ക്ക് പുതിയ കെട്ടിടം**

80 (1260) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ടി.ബി.ക്ക് പുതിയ കെട്ടിടം പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര രൂപയാണ് ചെലവ് കണക്കാക്കുന്നത്?

കാഞ്ഞിരപ്പള്ളി (ടി.ബി) റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടില്ല.

(ബി) ഹൈറേഞ്ചിന്റെ കവാടമെന്ന നിലയിലുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കാലപ്പഴക്കമുള്ള നിലവിലെ കെട്ടിടത്തിന്റെ അവസ്ഥ പരിഗണിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രത്യേക പരിഗണന നൽകി തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് വിഷയം പരിശോധിക്കുന്നതാണ്.

**മഞ്ചേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് (കെട്ടിട) വിഭാഗം പ്രവൃത്തികൾ**

81 (1261) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് റസ്റ്റ്ഹൗസിനുവേണ്ടി പുതുതായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നിർദ്ദേശം സമർപ്പിക്കുന്നമുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ബി) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിന് ഡി.പി.ആർ

സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടത്തിന് ഫണ്ട് അനുവദിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിന് ഡി.പി.ആർ 20-10-2022-ൽ CE/BL/PL3/MLPM/2020/1970 നമ്പർ പ്രകാരം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ 1746.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 2017-ൽ 14 കോടിരൂപയുടെ ഭരണാനുമതി ലഭിച്ച മഞ്ചേരി സർക്കാർ നഴ്സിംഗ് കോളേജ് കെട്ടിട നിർമ്മാണം ടെണ്ടർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

13-03-2017-ലെ സ.ഉ(സാധാ)നം.643/2017/ആ.കു.വ പ്രകാരം 14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച മഞ്ചേരി സർക്കാർ നഴ്സിംഗ് കോളേജ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ്

ആർക്കിടെക്ട് വിഭാഗം തയ്യാർ ചെയ്ത ആർക്കിടെക്ചറൽ ഡ്രോയിംഗ് ബന്ധപ്പെട്ട സർക്കാർ നഴ്സിംഗ് കോളേജ് അധികാരികൾ ഇതുവരെയും അംഗീകരിച്ച് നൽകിയിട്ടില്ല അംഗീകാരം നൽകുന്നമുറയ്ക്ക് സ്ട്രക്ചറൽ ഡിസൈൻ വിഭാഗം ഡിസൈൻ ചെയ്ത് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**മട്ടന്നൂർ പൊളിടെക്നിക് കെട്ടിട നിർമ്മാണം**

82 (1262) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന മട്ടന്നൂർ പൊളിടെക്നിക് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ?

12-05-2022-ലെ സ.ഉ(സാധാ)നം 683/2022/ഉ.വി.വ പ്രകാരം 162 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായ ലാബ് ആൻഡ് ആഡിറ്റോറിയം

പ്രവൃത്തികൾക്കായി ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയും മണ്ണ് പരിശോധനയും നടന്നുവരുന്നുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ തടസ്സങ്ങൾ നേരിടുന്നില്ല.

(സി) സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ?

സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**തിരുർ-പൊൻമുണ്ടം റയിൽവെ ഓവർ ബ്രിഡ്ജ്**

83 (1263) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ പൂർത്തീകരിച്ച തിരുർ-പൊൻമുണ്ടം റയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കാത്തതുമൂലം പ്രസ്തുത പാലം ഗതാഗത യോഗ്യമാക്കാനാകാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരൂർ നഗരത്തിലെ ഗതാഗതകുരുക്ക് കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) തിരൂർ-പൊൻമുണ്ടം റയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി 2022-23 വർഷത്തെ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ നിലവിൽ പരിഗണിക്കാൻ സാധിച്ചിട്ടില്ല.

**കുരിശ്ശിങ്കൽ പാലം നിർമ്മാണം**

84 (1264) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ പാലാ നിയോജക മണ്ഡലത്തിലെ കുരിശ്ശിങ്കൽ പാലം നിർമ്മാണത്തിന് തുക അനുവദിച്ചിരുന്നെങ്കിലും വകുപ്പുകളുടെ ഏകോപനമില്ലാത്തതിനാൽ നിർമ്മാണത്തിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ-സി) 2022-23 ബഡ്ജറ്റിൽ 100 ലക്ഷംരൂപയുടെ ബഡ്ജറ്റ് പ്രൊവിഷൻ (20%) ലഭിച്ച കുരിശ്ശിങ്കൽ പാലം നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം പാലത്തിന്റെ ഡിസൈൻ ലഭ്യമാക്കി ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി അനന്തര നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതുമാണ്.

**മുദിയം പാലം നിർമ്മാണം**

85 (1265) <u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി) നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിന്റെ ഭാഗമായി ഡ്രോയിംഗ് പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണത്തിനുള്ള സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ സമയബന്ധിതമായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം, മലപ്പുറം ജില്ലയിലെ നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അവസാനത്തെ റീച്ചായ അരിയല്ലൂർ മുതൽ കടലുണ്ടി വരെയുള്ള റോഡിൽ വരുന്നതാണ്. തീരദേശ ഹൈവേയുടെ മാനദണ്ഡപ്രകാരം 15.7 മീറ്റർ വീതിയിൽ പ്രസ്തുത പാലത്തിന്റെ പുതുക്കിയ ഡിസൈൻ 10-01-2023-ന് ചീഫ് എഞ്ചിനീയർ ഡിസൈൻ തയ്യാറാക്കിയതു 24 കോടിരൂപയുടെ

സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഇരിക്കൂർ പാലത്തിന്റെ പുനർനിർമ്മാണം**

86 (1266) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ വർഷങ്ങൾ പഴക്കമുള്ള ഇരിക്കൂർ പാലം ബലക്ഷയംമൂലം ശോചനീയാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത പാലത്തിൽ ഭാരം കയറ്റിയ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്ന് പൊതുമരാമത്ത് വകുപ്പ് റിപ്പോർട്ട്

ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പാലത്തിനുപകരം പുതിയ പാലം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-ഡി) ഉണ്ട്. 1973-ൽ പണിത ഇരിക്കൂർ പാലത്തിന് 50 വർഷത്തെ പഴക്കമുണ്ട്. നിലവിൽ 6 ലക്ഷം രൂപയ്ക്ക് താൽക്കാലികമായി അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്. കെ.എച്ച്.ആർ.ഐ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലത്തിന് ഇരുവശവും Height gauge സ്ഥാപിച്ച് വലിയ വാഹനഗതാഗതം പൂർണമായും നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. ഇരിക്കൂർ പാലം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തി ലഭ്യമാകുന്ന വിവരങ്ങൾ പ്രകാരം DPR തയ്യാറാക്കാവുന്നതാണ്.

പാലത്തിലൂടെ LMV വാഹനങ്ങൾ മാത്രമായി പരിമിതപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ തുടർന്നുവരുന്നു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

**നിലമ്പൂർ നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

87 (1267) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ എത്ര പാലങ്ങളുടെ പ്രവൃത്തികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നതെന്നും അവയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന എത്ര പാലങ്ങളുണ്ടെന്നും അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ 10 പാലങ്ങളുടെ പ്രവൃത്തികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. അവയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന 6 പാലങ്ങൾ ഉണ്ട്.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരിമ്പുഴയ്ക്ക് കുറുകെയുള്ള ഏനാന്തി പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് വകുപ്പിലാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പർ, ഫയലിലെ ഇപ്പോഴത്തെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

ഏനാദി പാലത്തിന്റെ 1712 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി പൊതുമരാമത്ത് (ഡി) വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ഫയൽ നം.PWD-D1/482/2022-PWD-ഈ വകുപ്പിൽ പരിശോധിച്ച് വരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ ശാന്തിഗ്രാം അമ്പുട്ടാൻപൊട്ടി പാലത്തിന്റെ നിർമ്മാണം, ഇരുട്ടുകത്തി ആദിവാസി കോളനിയിലേയ്ക്കുള്ള പാലത്തിന്റെ നിർമ്മാണം എന്നിവ സംബന്ധിച്ച ഫയലുകൾ ഇപ്പോൾ ഏത് വകുപ്പുകളിലാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ഫയൽ നമ്പർ, ഫയലിലെ ഇപ്പോഴത്തെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

നിലമ്പൂർ മണ്ഡലത്തിലെ പോത്തുകല്ല് ഗ്രാമ പഞ്ചായത്തിലെ ശാന്തിഗ്രാം-അമ്പുട്ടാൻപൊട്ടി പാലത്തിന്റെ നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് PWD-D1/371/2022 എന്ന ഫയൽ നമ്പറിൽ സർക്കാരിൽ പരിശോധിച്ച് വരുന്നു.

നിലമ്പൂർ മണ്ഡലത്തിലെ ഇരുട്ടുകുത്തി പാലത്തിന്റെ നിർമ്മാണത്തിനായി 713.3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് PWD-D1/12/2023 ഫയൽ നമ്പറായി സർക്കാരിൽ പരിശോധിച്ചുവരുന്നു.

**തുരുത്തിമുക്ക് പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി**

88 (1268) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭാ പരിധിയിലുള്ള കിടഞ്ഞിയിൽ നിർമ്മിക്കുന്നതും കണ്ണൂർ, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്നതുമായ തുരുത്തിമുക്ക് പാലത്തിന്റെ പ്രവൃത്തി നിർത്തിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം അക്വയർ ചെയ്ത് കേരള റോഡ് ഫണ്ട് ബോർഡിന് (കെ.ആർ.എഫ്.ബി.) കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തി മുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ

പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ വരുന്ന തുരുത്തിമുക്ക് പാലം പ്രവൃത്തിക്ക് 12-05-2020-ന് ULCCS കമ്പനിയുമായി 11.90 കോടിരൂപയുടെ കരാറിൽ ഏർപ്പെട്ടു. 06-11-2020 നാണ് പ്രവൃത്തിയുടെ സ്ഥലം കരാറുകാരന് കൈമാറിയിട്ടുള്ളത്. പ്രവൃത്തിയുടെ പുഴഭാഗത്തെ 20 പൈലുകൾ, 3 പൈൽ ക്യാപ്പുകൾ എന്നിവ കരാർ കമ്പനി പൂർത്തീകരിച്ചിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 05-05-2022-നാണ്. എന്നാൽ 10-10-2022-നുമാത്രമാണ് പാലത്തിന്റെ അനുബന്ധ റോഡിന്റെ സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചത്. കരാർ കാലാവധി അവസാനിച്ചിരുന്നതിനാൽ കരാറുകാരായ ULCCS അധിക നിരക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധിക നിരക്ക് ശിപാർശ ചെയ്തുകൊണ്ട് 05-12-2022-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കെ.ആർ.എഫ്.ബി കത്ത് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കൂത്തുപറമ്പ് നിയോജക മണ്ഡലം എം.എൽ.എ, നാദാപുരം നിയോജക

മണ്ഡലം എം.എൽ.എ, പ്രൊജക്ട് ഡയറക്ടർ കെ.ആർ.എഫ്.ബി-പി.എം.യു എന്നിവർ ULCCS യുമായി നടത്തിയ ചർച്ചയിലും തുടർന്ന് പ്രൊജക്ട് ഡയറക്ടർ കെ.ആർ.എഫ്.ബി-പി.എം.യു കരാറുകാരനുമായി നടത്തിയ ഓൺലൈൻ മീറ്റിംഗിലും അധിക നിരക്ക് അനുവദിക്കാതെ പ്രവൃത്തി തുടരാൻ സാധിക്കില്ലെന്ന നിലപാടാണ് അറിയിച്ചത്. ഈ വിഷയത്തിൽ കരാറുകാരനുമായി ചർച്ച നടത്തി ഉചിതമായ തീരുമാനം കൈകൊള്ളാനുള്ള തുടർനടപടികൾ നടന്നുവരുന്നു.

**ഇഞ്ചത്തൊട്ടി പാലം നിർമ്മാണം**

89 (1269) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ കുട്ടമ്പുഴ-കീരംപാറ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇഞ്ചത്തൊട്ടി പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര തുകയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പൂർത്തിയാക്കി ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പാലം നിർമ്മാണത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) ഡി.പി.ആർ. വേഗത്തിലാക്കി എത്രയും പെട്ടെന്ന് ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ-എഫ്) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ - കീരംപാറ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇഞ്ചത്തൊട്ടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവ്യത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിവരുന്നു. പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ

പ്രവൃത്തികൾക്കായി 5.90 ലക്ഷംരൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പാലത്തിന്റെ ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭ്യമാകുന്നമുറയ്ക്ക് ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്.

**ആലത്തൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

90 (1270) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് പാലം വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് പുരോഗമിച്ചു വരുന്നത്; അവയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ ടെണ്ടർ നടപടികൾ സംബന്ധിച്ച പുരോഗതിയും വിശദമാക്കുമോ?

(എ&ബി)

<u>ആലത്തൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് പാലം വിഭാഗത്തിന്റെ മേൽനോട്ടത്തിൽ</u>

പുന്നപ്പാടം മമ്പാട് കോസ് വേയുടെ പുനർനിർമ്മാണമാണ് പുരോഗമിച്ചുവരുന്നത്. പ്രസ്തുത പ്രവൃത്തിയുടെ പിയറുകളുടെ സബ് സ്ട്രക്ചർ പ്രവർത്തികളും അബട്ട്മെന്റുകളുടെ ഫൗണ്ടേഷനും പുരോഗമിക്കുന്നു.

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ നടത്തി വരുന്ന പ്രവൃത്തികൾ

കിഫ്ബി - കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം - ടി പ്രവൃത്തിയുടെ നിർമ്മാണത്തിനായി ടെണ്ടർ ചെയ്യുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തതാണ്. എന്നാൽ പ്രാരംഭഘട്ടത്തിൽ Tribunal for Local Self Government Institution-ൽനിന്നും സ്റ്റേ വന്നതിനാൽ പ്രവൃത്തികൾ നിർത്തിവയ്ക്കേണ്ടതായി വന്നതിനാൽ കേസ്സിന്റെ സ്റ്റേ മാറിയതിനുശേഷം മാത്രമേ മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

NHM - മേലാർകോട് പ്രൈമറി ഹെൽത്ത് സെന്ററിന് പുതുക്കിയ കെട്ടിട നിർമ്മാണം - പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് 1,43,00,000/- രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡിസൈൻ ടെണ്ടർ ക്ഷണിക്കുകയും ടി പ്രവൃത്തി കരാറുകാരന്

നൽകിയിരിക്കുകയുമാണ്. ഡിസൈന് ലഭിക്കുന്നതിനനുസരിച്ച് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

<u>കിഫ്ബി ധനസഹായത്തോടെ കെ.ആർ. എഫ്.ബി.-പി.എം.യു. മുഖേന പുരോഗമിക്കുന്ന പ്രവൃത്തികൾ</u>

ചുള്ളിമാട് പാലം- ചുള്ളിമാട് പാലത്തിന് 10 കോടിരൂപക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകി. 9.78 കോടിരൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ച 9.78 കോടിരൂപയുടെ സാങ്കേതിക അനുമതി നൽകികൊണ്ട് 9.45 കോടിരൂപയ്ക്ക് 20-05-2020-ൽ കരാർ നൽകി, നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവർത്തി നിലവിൽ 78% പൂർത്തീകരിച്ചിട്ടുണ്ട്.

(ii) ആലത്തൂർ പറക്കുന്നം പാലത്തിന് 15 കോടിരൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. 13.871 കോടി രൂപയുടെ സാമ്പത്തിക അനുമതിക്കായി 23-07-2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക അനുമതി ലഭിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നവീകരണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയരുടെ കീഴിൽ പുരോഗമിക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു+.

**തരൂർ മണ്ഡലത്തിലെ പത്തനാപുരം പാലം നിർമ്മാണം**

91 (1271) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പത്തനാപുരം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിനോട് റിവൈസ്ഡ് എസ്റ്റിമേററ് സമർപ്പിക്കാൻ ആവശ്യപ്പെട്ടതെന്നാണെന്നും ആയത് ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) തരൂർ മണ്ഡലത്തിലെ പത്തനാപുരം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 13-08-2021-ലെ ജി.ഒ.(ആർ.റ്റി) നം.730/2021-പൊമവ പ്രകാരം 865 ലക്ഷംരൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പുതുക്കിയ ഭരണാനുമതിക്കായി പാലങ്ങൾ വിഭാഗം ചീഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൻജിനീയർ നൽകിയ പ്രൊപ്പോസലുകൾ 18% GST ഉൾപ്പെടുത്തി സമർപ്പിക്കാൻ 19-11-2022-ലെ PWD/D1/165/2022 നമ്പർ കത്തുപ്രകാരം ആവശ്യപ്പെട്ടിരുന്നു. ചീഫ് എൻജിനീയർ പാലങ്ങൾ വിഭാഗം സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**വർക്കല തൊട്ടുവൈ പാലം നിർമ്മാണം**

92 (1272) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല തൊട്ടുവൈ പാലം നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

വർക്കല ശിവഗിരി തൊട്ടുവൈ പാലം പദ്ധതിക്ക് 30 കോടിരൂപയുടെ തത്വത്തിൽ ഭരണാനുമതിയും 10.48 കോടിരൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തിക്ക് 26-09-2022-ന് 10.462 കോടിരൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 07.10.2022-ൽ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും ഒരു ബിഡ് മാത്രമുണ്ടായിരുന്നതിനാൽ 29-10-2022-ൽ റീ

ടെണ്ടർ ചെയ്തു. 2 കരാറുകാർ പങ്കെടുത്തു. L1 ബിഡ്ഡർ 19.9% അധികതുകയ്ക്ക് കരാർ ക്വാട്ട് ചെയ്തതിനാൽ Negotiation നടത്തി തുക കുറച്ചിട്ടുണ്ട് (18.27%). സർക്കാർതല ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി ടെണ്ടർ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാലക്കാട് അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപാലം നിർമ്മാണം**

93 (1273) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് ആർ.ബി.ഡി.സി.കെ. മുഖാന്തരം നിർമ്മാണം നടത്തിവരുന്ന 'അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപാലം നിർമ്മാണം' എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ?

അകത്തേത്തറ റെയിൽവേ മേൽപ്പാലത്തിന്റെ സ്ലാബിന്റെയും റീട്ടെയിനിംഗ് വാളിന്റെയും പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആർ.ബി.ഡി.സി.കെ യുടെ

നിർമ്മാണത്തിനുകീഴിൽ വരാത്ത റെയിൽവേ സ്പാനിന്റെ തൊട്ടടുത്തുള്ള സ്പാനുകൾ ഒഴികെയുള്ള പ്രവൃത്തികളെല്ലാം ഏപ്രിൽ അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ റെയിൽവേ സ്പാനിന്റെ തൊട്ടടുത്തുള്ള സ്പാനുകൾ റെയിൽവേയുടെ സ്പാനുകളുടെ പ്രവൃത്തി പൂർത്തിയായതിനുശേഷം മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് റെയിൽവേ നേരിട്ട് ചെയ്യേണ്ട പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാർ എത്ര തുകയാണ് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളതെന്നും ഇത് വിനിയോഗിച്ച് റെയിൽവേ എന്തെല്ലാം പ്രവർത്തികളാണ് നടത്തേണ്ടതെന്നും അറിയിക്കാമോ?

റെയിൽവേ നേരിട്ട് ചെയ്യുന്ന പ്രവൃത്തികൾക്കായി 11,81,80,499/- (11.82 Cr) രൂപ 06-09-2022-ന് ആർ.ബി.ഡി.സി.കെ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് റെയിൽവേ 3 സ്പാനുകളുടെ മുഴുവൻ പ്രവൃത്തികളുമാണ് നടത്തേണ്ടത്.

**കോഴിക്കോട് പി. ടി. ഉഷ റോഡിലെ റയിൽവേ മേൽപ്പാലം**

94 (1274) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് പി. ടി. ഉഷ റോഡിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോഴിക്കോട് പി. ടി. ഉഷ റോഡിലെ അമലാപുരി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം 27-04-2018-ലെ ജി.ഒ(ആർ.റ്റി) 771/2018/പൊ.മ.വ നമ്പർ ഉത്തരവുപ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആർ.ബി.ഡി.സി.കെ.യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. എന്നാൽ പദ്ധതി 2002-03-ലെ റെയിൽവേയുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പാക്കാത്തതിനാൽ റെയിൽവേ വർക്ക് പ്ലാനിൽനിന്നും പദ്ധതിയെ ഒഴിവാക്കി. ഈ പദ്ധതി വീണ്ടും റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് ദക്ഷിണ റെയിൽവേയ്ക്ക് 19-09-2019-ൽ കത്ത് നൽകി. റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള ദക്ഷിണ റെയിൽവേ

തയ്യാറാക്കിയ ലിസ്റ്റിൽ അമലാപുരി ആർ.ഒ.ബി. ഉൾപ്പെടുത്തിയിട്ടുണ്ട്. റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

**മുനമ്പം അഴീക്കോട് പാലം നിർമ്മാണം**

95 (1275) **ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി അംഗീകാരം ലഭിച്ചിട്ടുള്ള മുനമ്പം അഴീക്കോട് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അഴിക്കോട് മുനമ്പം പാലത്തിന് കിഫ്ബിയിൽനിന്നും 154.626 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാകുകയും തുടർന്ന് 16-12-2021-ൽ 143.15 കോടിരൂപയുടെ സാങ്കേതിക അനുമതി നൽകുകയും ചെയ്തു. ഈ പ്രവൃത്തി റീടെണ്ടർ ചെയ്തു. കുറഞ്ഞ തുക സമർപ്പിച്ച കരാറുകാരനോട് തുക വീണ്ടും കുറവ് ചെയ്യുന്നതിന് ആവശ്യപ്പെട്ടു. എന്നാൽ കരാറുകാരൻ തുക കുറയ്ക്കാൻ തയ്യാറായില്ല. തുടർന്ന് പ്രസ്തുത പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിന്

06-02-2023-ൽ എസ്.പി.വി.യായ പ്രോജക്ട് ഡയറക്ടർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്

(ബി) പ്രസ്തുത പ്രവൃത്തി എത്ര തവണ ടെണ്ടർ ചെയ്തിട്ടുണ്ടെന്നും എന്നൊക്കെയായിരുന്നു ടെണ്ടർ ചെയ്തതെന്നും ക്വാട്ട് ചെയ്ത റേറ്റുകൾ എത്രയാണെന്നും വിശദമാക്കാമോ?

പ്രവൃത്തി രണ്ട് തവണയാണ് ടെണ്ടർ ചെയ്തത്

ഒന്നാമത്തെ ടെണ്ടർ

തീയതി - 24-12-2021

ക്വാട്ട് ചെയ്ത തുക – Rs.158,47,78,934.40/-

അംഗീകരിച്ച എസ്റ്റിമേറ്റിനെക്കാൾ 24% അധികരിച്ച

രണ്ടാമത്തെ ടെൻഡർ

തീയതി - 19-07-2022

ക്വാട്ട് ചെയ്ത തുക – 143,64,26,354.68/-

അംഗീകരിച്ച എസ്റ്റിമേറ്റിനെക്കാൾ 12.39% അധികരിച്ച.

(സി) ടെണ്ടർ സംബന്ധിച്ചും ടെണ്ടറിന് അംഗീകാരം നൽകുന്നത് സംബന്ധിച്ചും കേസ്സുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ടോയെന്നും പ്രസ്തുത കേസ്സുകളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ടെണ്ടർ സംബന്ധിച്ച് ശ്രീ.മുഹമ്മദ് ഉണ്ണി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C)No.27137/22 –നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. കേസ്സിലെ അന്തിമവിധിക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്

**തോരായിക്കടവ് പാലം നിർമ്മാണം**

96 (1276) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തോരായിക്കടവ് പാലം നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ഉടനെ തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോയെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകുമെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) തോരായിക്കടവ് പാലം എന്ന പ്രവൃത്തിക്ക് 25 കോടിരൂപയുടെ ഭരണാനുമതിയും 18.24 കോടിരൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമായതിനെത്തുടർന്ന് 28-01-2022-ൽ സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്തു, ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ DSoR, GST എന്നിവയിൽ മാറ്റംവന്നതിനാൽ അതുൾപ്പെടുത്തി 22.76 കോടിരൂപയുടെ സാമ്പത്തികാനുമതിക്ക് കിഫ്ബിയിലേയ്ക്ക് പ്രൊപ്പോസൽ പുനഃസമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാക്കി കരാർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ കോരൻ കടവ് പാലം നിർമ്മാണം**

97 (1277) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട്, പിറവം നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും മൂവാറ്റുപുഴയാറിന് കുറുകെ നിർമ്മിക്കുന്നതുമായ കോരൻകടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

കുന്നത്തുനാട്, പിറവം നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂവാറ്റുപുഴയാറിനുകുറുകെ നിർമ്മിക്കുന്ന കോരൻകടവ് പാലത്തിന്റെ നിർമ്മാണം പെയിന്റിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തികരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡിനായുള്ള സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

(ബി&സി) നിലം പരിവർത്തനാനുമതി ലഭിച്ച മൂന്ന് നിലങ്ങളുടെ (8.95 ആർ) സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗതിയിലാണ്. ആയതിനാൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ഡി) അപ്രോച്ച് റോഡിന്റെ സ്ഥലമേറ്റെടുപ്പിനായി അധിക തുക അനുവദിക്കണമെന്ന പ്രൊപ്പോസൽ (ഫയൽ നം. പി.ഡബ്ല്യൂ.ഡി-ഡി1/463/2022-പി.ഡബ്ല്യൂ.ഡി) പ്രകാരം ഭരണാനുമതി പുതുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

8.5 ലക്ഷംരൂപ അധികമായി ആവശ്യപ്പെട്ടുള്ള പ്രൊപ്പോസലിൽ വ്യക്തത വരുത്തുന്നതിന് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമായാൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കൊടുവള്ളി നിയോജക മണ്ഡലത്തിലെ പടനിലം, നടമ്മൽകടവ് പാലങ്ങളുടെ നിർമ്മാണം**

98 (1278) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ വരുന്ന പടനിലം പാലം നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുകയായ 667 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച ഫയൽ നിലവിൽ ഏത് കാര്യാലയത്തിലെ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണെന്ന് വ്യക്തമാക്കുമോ?

പുതുക്കിയ ജി.എസ്.ടി ഉൾപ്പെടുത്തി 667 ലക്ഷം രൂപയുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ പക്കൽനിന്നും ലഭ്യമായാലുടൻ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

(ബി) കൊടുവള്ളി നിയോജകമണ്ഡലത്തിൽ വരുന്ന നടമ്മൽകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ന്യൂ ഇൻവെസ്റ്റിഗേഷൻ വിത്ത് ടോപോഗ്രാഫിക്കൽ ഡീറ്റെയിൽസ് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ടി പാലത്തിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടം വരെയായിയെന്ന് വ്യക്തമാക്കുമോ?

(ബി&സി) കൊടുവള്ളി നിയോജക മണ്ഡലത്തിൽ വരുന്ന നടമ്മൽകടവ് പാലത്തിന്റെ റിവൈസ്ഡ് ഡ്രോയിംഗ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 840 ലക്ഷംരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ലഭ്യമായാൽ തുടർനടപടി സ്വീകരിക്കാൻ കഴിയും.

ടി പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ ഭരണാനുമതി ലഭ്യമാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വയ്യാറ്റിൻകര പാലം**

99 (1279) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വയ്യാറ്റിൻകര പാലം നിർമ്മാണ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) നിർമ്മാണം എന്നുമുതൽ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) 31-03-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.388/2022/പൊ.മ.വ. പ്രകാരം ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ വയ്യാറ്റിൻകര പാലം നിർമ്മാണത്തിന് 450 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുകയും ഏറ്റവും താഴ്ന്ന നിരക്കിൽ ക്വാട്ട്ചെയ്ത തുകയായ 3,81,30,200/- രൂപ രേഖപ്പെടുത്തിയ കരാറുകാരനുമായി 01-02-2023-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

നിലവിൽ പാലത്തിലൂടെയുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആയത് പൂർത്തിയായാലുടൻ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയും

**ഊട്ടറ പാലത്തിന്റെയും റെയിൽവെ മേൽപാലത്തിന്റെയും പ്രവൃത്തികൾ**

100 (1280) <u>ശ്രീ. കെ. ബാബു (നെന്മാറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഊട്ടറ പാലത്തിന്റെയും റെയിൽവെ മേൽപാലത്തിന്റെയും പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) ഈ പ്രവൃത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) ഊട്ടറപ്പുഴപ്പാലത്തിനും റെയിൽവേ മേൽപ്പാലത്തിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് 27-01-2021-ലെ G.O.(Rt) No. 282/2021/RD പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനുള്ള തുക ഉൾപ്പെടെ റിവൈസ് ചെയ്ത എസ്റ്റിമേറ്റ് പ്രകാരം പദ്ധതി ടെണ്ടർ ചെയ്യുന്നതിന് 28-12-2022-ന് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. 02-12-2022-ലെ G.O.(Ms) No.34/2022/PWD-ൽ നിർദ്ദേശിച്ചപ്രകാരം ഐറ്റം റേറ്റ് രീതിയിൽ ടെണ്ടർ ക്ഷണിക്കുന്നതിന് പദ്ധതി ഡിസൈൻ ചെയ്യുന്നതിനായി

കൺസൾട്ടന്റായ M/s RITES-നെ 04-01-2023-ൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി കൂടുന്നതിനായി ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ് & ഡിസൈൻ)-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ ഡിസൈനും, ടെക്നിക്കൽ സാംഗ്ഷനും ലഭ്യമായാൽ ഊട്ടറ പുഴപ്പാലം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

റെയിൽവേ മേൽപ്പാലപദ്ധതി പ്രദേശത്തിന്റെ അതിർത്തി കല്ലുകൾ സ്ഥാപിച്ച് എൽ.എ. ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ നടപടികൾ അവസാനഘട്ടത്തിലാണ്.

റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി. അംഗീകാരത്തിനായി റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്. ജി.എ.ഡി.ക്ക് റെയിൽവേയിൽനിന്ന് അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ നിർമ്മാണത്തിനുള്ള പ്രോപ്പോസൽ കിഫ്ബിയിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. പ്രോപ്പോസലിന്

കിഫ്ബിയിൽനിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ സാധിക്കും.

**കാവിൻ മുനമ്പ് പാലം നിർമ്മാണം**

101 (1281) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതി ലഭിച്ച കാവിൻ മുനമ്പ് പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ കാവിൻമുനമ്പ് പാലം നിർമ്മാണത്തിനായി 35 കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ച് 59.98 കോടിരൂപയുടെ സാമ്പത്തികാനുമതി 26-2-2021-ന് ലഭ്യമായിട്ടുണ്ട്. തുടർന്ന് ഇതിനോടൊപ്പം കിഫ്ബിയിൽനിന്നും ലഭ്യമായ ഡീറ്റയിൽഡ് അപ്രൈസൽ റിപ്പോർട്ട് പ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ

നടപടികൾ പൂർത്തിയാക്കി, റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് രൂപകൽപന വിഭാഗത്തിന് 28-12-2022-ൽ നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമായാലുടൻ കിഫ്ബിയിൽ സമർപ്പിച്ച് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കി, തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കാവുന്നതാണ്.

**കാളംതിരുത്തി പാലം നിർമ്മാണം**

102 (1282) ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കാളംതിരുത്തി പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാളംതിരുത്തി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പര്യവേഷണ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള പരിശോധന നടന്നുവരുന്നു

(ബി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ?

മണ്ണ് പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം ഡിസൈൻ വിഭാഗത്തിൽനിന്നും ഡിസൈൻ ലഭിച്ചാൽ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പർ നൽകുമോ; നിലവിൽ ഈ ഫയൽ ഏത് ഓഫീസിലാണെന്നും, ഈ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും വിശദമാക്കാമോ?

ഫയൽ നമ്പർ:PWD/BR/FL/18336/2022. നിലവിൽ ഈ ഫയൽ പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയറുടെ കാര്യാലയത്തിലാണുള്ളത്. ഫണ്ട് ലഭിക്കുന്നമുറയ്ക്ക് മണ്ണ് പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി ടെണ്ടർ ചെയ്താൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയൂ.

**കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി**

103 (1283) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ കോൺവെന്റ് ജംഗ്ഷനെയും ബീച്ച് റോഡിനെയും ബന്ധിപ്പിച്ച് നബാർഡ് ധനസഹായത്തോടെ നിർമ്മിക്കുന്ന കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കാപ്പുപുഴയ്ക്ക് കുറുകെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ജംഗ്ഷനെയും ചെറായി ബീച്ച് റോഡിനെയും ബന്ധിപ്പിക്കുന്ന കോൺവെന്റ് ബീച്ച് പാലം നബാർഡ് Tranche XX പ്രവൃത്തിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ഈ പ്രവൃത്തിക്കുവേണ്ടി പുതുക്കിയ ഭരണാനുമതി പ്രകാരം 24.46 കോടിരൂപ അനുവദിച്ചിട്ടുണ്ട്. 266 മീറ്റർ നീളം വരുന്ന ഈ പാലം 8 സ്പാനുകളായാണ് നിർമ്മിക്കുന്നത്. നാളിതുവരെ ഈ പാലത്തിന്റെ 78% പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ, സബ്സ്ട്രക്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചു. സൂപ്പർസ്ട്രക്ചർ പ്രവൃത്തികൾ (ബീം & സ്ലാബ്) പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 24 ബീമുകളിൽ 17 എണ്ണവും 8 സ്ലാബുകളിൽ 3

സ്ലാബും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സ്ഥലം ഏറ്റെടുപ്പ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ ഭരണാനുമതിക്ക് ലഭ്യമായ എസ്റ്റിമേറ്റ് തുക എത്രയാണ്; നബാർഡ് ധനസഹായം എത്രയാണ്; വിശദമാക്കുമോ; പ്രവൃത്തി പൂർത്തീകരണത്തിന് കൂടുതലായി ആവശ്യമായി വരുന്ന തുക എത്രയെന്നും ഈ തുക കണ്ടെത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്നും വ്യക്തമാക്കാമോ;

(സി) പ്രവൃത്തി പൂർത്തീകരണത്തിന് കൂടുതലായി ആവശ്യമുള്ള തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഭരണാനുമതി തുക - 16.90 കോടി

നബാർഡ് ധനസഹായം ലഭ്യമായ തുക - 13.52 കോടി (Tranche closed)

പുതുക്കിയ ഭരണാനുമതി തുക - 24. 46 കോടി

Tranche XX close ചെയ്തതിൽ സ്റ്റേറ്റ് ഫണ്ടിൽനിന്നും പ്രവൃത്തി പൂർത്തീകരണത്തിനുവേണ്ടി ആവശ്യമായി വരുന്ന ബാക്കി തുക - 10.20 കോടി

ബാക്കി തുക സ്റ്റേറ്റ് ഫണ്ടിൽനിന്നും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പാലങ്ങൾ വിഭാഗംവഴി സ്വീകരിച്ചുവരുന്നു.

**പള്ളിക്കമണ്ണടി - കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം.**

104 (1284) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പള്ളിക്കമണ്ണടി - കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണത്തിനായി അന്തിമ ഭരണാനുമതി നൽകുന്നതിനുള്ള കിഫ്ബി നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന കുമ്മല്ലൂർ പാലം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനായി 12 കോടിരൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പദ്ധതിയുടെ പേര് കുമ്മല്ലൂർ പാലം എന്നതിനുപകരം കുമ്മല്ലൂർ പള്ളിക്കമണ്ണടി പാലം നിർമ്മാണം എന്ന് മാറ്റം വരുത്തി 15.70 കോടിരൂപയുടെ പുതുക്കിയ തത്വത്തിൽ ഭരണാനുമതി നൽകി

ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കുമ്മല്ലൂർ പള്ളിക്കമണ്ണടി പാലങ്ങളുടെ നിർമ്മാണത്തിനായുള്ള 12.07 കോടിരൂപയുടെ DPR 16-07-2022-ന് കിഫ്ബി പോർട്ടലിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബിയിൽ പുരോഗതിയിലാണ്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസങ്ങളുണ്ടോയെന്നും ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും വിശദമാക്കാമോ?

പള്ളിക്കമണ്ണടി പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടി നടന്നുവരുന്നു. അതിന്റെ 11(1) നോട്ടിഫിക്കേഷൻ 03-02-2022-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാകുന്നതിലെ കാലതാമസം കണക്കിലെടുത്ത് 03-02-2023-ൽ കാലാവധി അവസാനിക്കുന്ന നോട്ടിഫിക്കേഷൻ കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ബേസിക് വാല്യുവേഷൻ റിപ്പോർട്ട് ജില്ലാ കളക്ടർ

അംഗീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് തയ്യാറാക്കിയ ഡീറ്റെയിൽഡ് വാല്യൂഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം നഷ്ടപരിഹാര തുകയായി 1,56,40,693.00/- രൂപ കണക്കാക്കി 07-12-2022-ൽ ലഭ്യമായിട്ടുണ്ട്.

കിഫ്ബിയിൽനിന്നും കുമ്മല്ലൂർ പള്ളിക്കമണ്ണടി പാലങ്ങളുടെ നിർമ്മാണത്തിനായുള്ള സാമ്പത്തിക അനുമതി ലഭ്യമായാലുടൻതന്നെ നഷ്ടപരിഹാരത്തുക റവന്യൂ വകുപ്പിൽ ഒടുക്കി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിക്കാവുന്നതാണ്.

**കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

105 (1285) ശ്രീ. പി. വി. ശ്രീനിജിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ മംഗലത്തുനട-പാങ്കോട് റോഡിൽ വെട്ടിക്കൽ ക്ഷേത്രത്തിന് സമീപമുള്ള പാലം (ഫയൽ നം. പി.ഡബ്ല്യൂ.എഫ്./ബി.ആർ/എഫ്.എൽ/7680/2022) ചെമ്പറക്കി-വിലങ്ങ് റോഡിലെ കനാൽ പാലം (ഫയൽ നം. പി.ഡബ്ല്യൂ.ഡി./ബി.ആർ/

എഫ്.എൽ/8775/2022) എന്നിവയുടെ പുനർനിർമ്മാണത്തിനായി സമർപ്പിച്ച എസ്റ്റിമേറ്റ് പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പാലങ്ങളുടെ പുനർനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജക മണ്ഡലത്തിലുൾപ്പെട്ട മംഗലത്തുനട-പാങ്ങോട് റോഡിൽ ഏഴിപ്രം വെട്ടിക്കൽ അമ്പലത്തിനുകിഴക്കുവശമുള്ള തോടിനുകറുകെയുള്ള വെട്ടിക്കൽ പാലത്തിന്റെ പുനർനിർമ്മാണത്തിന് ബഡ്ജറ്റിൽ പ്രൊവിഷനില്ലാത്തതിനാലും, ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾക്ക് അനുവദിക്കപ്പെട്ട ഫണ്ട് പൂർണമായി വിനിയോഗിച്ച് കഴിഞ്ഞതിനാലും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി അനുമതി നൽകാൻ സാധിച്ചിട്ടില്ല. കുന്നത്തുനാട് മണ്ഡലത്തിലുൾപ്പെട്ട ചെമ്പറക്കി വിലങ്ങ് റോഡിലെ കനാൽ പാലത്തിന്റെ പുനർ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഭരണാനുമതി നൽകുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

**മാനന്തവാടി നിയോജക മണ്ഡലത്തിലെ പാലങ്ങൾ**

106 (1286) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം മാനന്തവാടി നിയോജകമണ്ഡലത്തിൽ നിർമ്മാണ അനുമതി ലഭിച്ച പാലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

1. പുലിക്കാട്ട് കടവ് പാലം

2. പൊള്ളൻ പാറ പാലം അപ്രോച്ച് റോഡ്

3. പനമരം ചെറുപുഴ പാലം

4. വള്ളിയൂർകാവ് പാലം

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പുരോഗതിയും നിർമ്മാണം ആരംഭിക്കാത്തവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

1. പുലിക്കാട്ട് കടവ് പാലം-ലാൻഡ് സ്പാൻ നിർമ്മാണം പൂർത്തിയായി, പ്രധാന പാലത്തിന്റെ എബട്ട്മെന്റുകളും പിയറും ഒരു സ്ലാബും പൂർത്തിയായി. സംരക്ഷണ ഭിത്തിയുടെ നിർമ്മാണം നടന്നുവരുന്നു.

2. പൊള്ളൻ പാറ പാലം അപ്രോച്ച് റോഡ് - പ്രവൃത്തി പൂർത്തീകരിച്ചു.

3. പനമരം ചെറുപുഴ പാലം - പ്രവൃത്തി ആരംഭിച്ചു.

4. വള്ളിയൂർകാവ് പാലം - പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ മണിക്കിണർ പാലം നിർമ്മാണം**

107 (1287) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പാലനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പാലനിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര തുകയ്ക്കുള്ള ഭരണാനുമതിയാണ് ലഭിച്ചതെന്നും തുടർന്ന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും അനുമതി ലഭ്യമായതിനുശേഷം ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥലമേറ്റെടുപ്പ് നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) സ്ഥലമേറ്റെടുപ്പ് നടപടികൾ എത്രയുംവേഗം പൂർത്തിയാക്കി സാങ്കേതികാനുമതിയും ടെണ്ടർനടപടികളും വേഗത്തിലാക്കി പാലനിർമ്മാണം ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഇ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ മണിക്കിണർപാലം നിർമ്മാണത്തിന് 19-02-2021-ലെ സ.ഉ.(സാധാ)നം.253/2021/പൊമവ പ്രകാരം 928 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സ്ഥലമെടുപ്പ് നടപടികൾക്കായി റവന്യൂ വകുപ്പിൽനിന്നും ഉത്തരവ് ലഭിച്ചതിനെത്തുടർന്ന് ജില്ലാകളക്ടർക്ക് അർത്ഥനാപത്രം സമർപ്പിക്കുകയും സ്ഥലമെടുപ്പ് നടപടികൾക്കായി സ്പെഷ്യൽ തഹസീൽദാർ എൻ.എച്ച് No.1 കാക്കനാടിന് ആവശ്യപ്പെട്ട തുക കൈമാറുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ റവന്യൂ വകുപ്പുമുഖേന പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക്

സാങ്കേതികാനുമതി ലഭ്യമാക്കി, ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

**കമ്പ ചളിക്കടവ് പാലം നിർമ്മാണ പ്രവൃത്തി**

108 (1288) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജക മണ്ഡലത്തിലെ കമ്പ ചളിക്കടവ് പാലം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ-ബി) കോങ്ങാട് നിയോജകമണ്ഡലത്തിലെ കമ്പ ചളിക്കടവ് പാലത്തിന് 10-7-2017-ലെ GO(Rt)No. 942/2017/PWD ഉത്തരവുപ്രകാരം 20 കോടിരൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയിൽനിന്നും 12-11-2018-ൽ 10.734 കോടിരൂപയ്ക്ക് സാമ്പത്തിക അനുമതി നൽകിയിട്ടുള്ളതുമാണ്. പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം ഫ്രീ

സറണ്ടറായി ലഭിക്കാത്ത സാഹചര്യമുണ്ട്. ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗത്തിനോട് പദ്ധതിപ്രദേശം സന്ദർശിച്ച് പുതുക്കിയ ഡ്രോയിംഗ് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**തവനൂർ മണ്ഡലത്തിലെ തവനൂർ– തിരുനാവായ പാലം പ്രവൃത്തി**

109 (1289) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തവനൂർ-തിരുനാവായ പാലം പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ടെണ്ടർ ആർക്കാണ് ലഭിച്ചതെന്നും ടെണ്ടർ സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) എങ്കിൽ എഗ്രിമെന്റ്വച്ച് പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) പദ്ധതി നിർമ്മാണത്തിനായി DSoR 2016 പ്രകാരം 05-08-2021-ന് ടെണ്ടർ ക്ഷണിക്കുകയും 21-12-2021-ന് ടെണ്ടർ തുറക്കുകയും ചെയ്തു.

ഇതിൽ ഏറ്റവും കുറഞ്ഞ തുക 48.88 കോടി രൂപയ്ക്ക് M/s ULCCS എന്ന കമ്പനി രേഖപ്പെടുത്തി. പ്രസ്തുത കമ്പനിയുമായി ക്വാട്ട് ചെയ്ത തുകയിൽ നെഗോസിയേഷൻ ആവശ്യപ്പെടുകയും ആയതിൽ കമ്പനി 48.83 കോടിരൂപയായി കുറയ്ക്കുകയും ചെയ്തു. ഈ തുക ടെണ്ടർ ക്ഷണിച്ച DSoR 2016 പ്രകാരം 13.88% അധികമാണ്. എന്നാൽ DSoR 2018-നെക്കാൾ 0.000106% കുറവും ലോക്കൽ മാർക്കറ്റ് റേറ്റ് (LMR)-നെക്കാൾ 17.71% കുറവുമാണ്. ഇതിനെ തുടർന്ന് പ്രസ്തുത കമ്പനിക്ക് LOA നൽകുകയും, ഈ വിവരം കിഫ്ബിയിൽ അറിയിക്കുകയും ചെയ്തു.

കിഫ്ബിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത ടെണ്ടർ അംഗീകരിക്കുന്നതിനായി ആർ.ബി.ഡി.സി.കെ സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

**കാസർകോട് ജില്ലയിലെ പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളും തസ്തികകളും**

110 (1290) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിലാസമടക്കമുള്ള വിശദവിവരങ്ങൾ നൽകുമോ?

വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത ഓഫീസുകൾ എത്രകാലമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും അവിടങ്ങളിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെയാണെന്നുമുള്ള ഓഫീസ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു+.

(സി) ഈ ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി പ്രസ്തുത ഒഴിവുകൾ നികത്താതെ കിടക്കുന്നെന്നുമുള്ള ഓഫീസ് തിരിച്ചുള്ള വിവരവും ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധം IIII ആയി ചേർക്കുന്നു+.

**കോഴിക്കോട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരുടെ ഒഴിവുകൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

111 (1291) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ ചീഫ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവരുടെ എത്ര തസ്തികകളുണ്ടെന്ന് വിശദമാക്കാമോ?

| | |
|---|---|
| ചീഫ് എഞ്ചിനീയർ (സിവിൽ) | 8 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 98 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 326 |
| അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 742 |

(ബി) ഇതിൽ ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥകളിൽ എത്ര തസ്തികകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

| | | |
|---|---|---|
| ചീഫ് എഞ്ചിനീയർ (സിവിൽ) | - 2 | ഡെപ്യൂട്ടേഷൻ |

| | | |
|---|---|---|
| | | |
| എക്സിക്യൂട്ടീവ്എഞ്ചിനീയർ (സിവിൽ) | - 17 | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | - 36 | ഡെപ്യൂട്ടേഷൻ |
| | - 10 | വർക്കിംഗ് അറേഞ്ച്മെന്റ് |
| അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | - 30 | ഡെപ്യൂട്ടേഷൻ |
| | - 40 | വർക്കിംഗ് അറേഞ്ച്മെന്റ് |

(സി) പ്രസ്തുത തസ്തികകളിൽ കോഴിക്കോട് ജില്ലയിലെ ഒഴിവുകൾ സംബന്ധിച്ച വിവരം അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 2 ഒഴിവുകളുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കെ.ആർ.എഫ്.ബി കോഴിക്കോട് ജില്ലയിലേയ്ക്ക് 4 പേരെ നിയമിച്ചിട്ടുണ്ട്.

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നബാർഡ് ധനസഹായം ലഭ്യമായ പദ്ധതികൾ**

112 (1292) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനായി

പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃർത്തികൾക്കാണ് നബാർഡ് മുഖാന്തരം ധനസഹായം ലഭ്യമായിട്ടുള്ളതെന്നതിന്റെ വിശദവിവരം നൽകുമോ?

(എ&ബി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനായി പ്രപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

**കക്കട്ടിൽ ടൗൺ നവീകരണം**

113 (1293) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കട്ടിൽ ടൗൺ നവീകരണ പ്രവൃത്തിയുടെ കരാറുകാരനെ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ നിന്നും ടെർമിനേറ്റ് ചെയ്തിട്ടുണ്ടോ; ആയതിനുണ്ടായ കാരണങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പുനഃക്രമീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) കാലവർഷത്തിന് മുൻപ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

(എ-സി) കക്കട്ടിൽ ടൗൺ നവീകരണ പ്രവൃത്തിയുടെ കരാറുകാരനെ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ നിന്നും ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ നടത്തിയ ഓൺലൈൻ മീറ്റിംഗിൽ പ്രവൃത്തി 30-08-2022-നകം പൂർത്തിയാക്കുമെന്ന് കോൺട്രാക്ടർ വാക്ക് നൽകുകയുണ്ടായി. കരാറുകാരന് ഫൈനൽ നോട്ടിസ് നൽകിയ പ്രകാരം 30-11-2022-നകം പ്രവൃത്തി പൂർത്തിയാക്കുമെന്നും അറിയിച്ചു. എന്നാൽ ഈ സമയപരിധിയിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയാണുണ്ടായത്. പ്രവൃത്തി പുനഃക്രമീകരിക്കുന്നതിന് നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ അനുമതി നൽകിയിട്ടുണ്ട്. കരാറുകാരൻ ടെർമിനേഷനെതിരെ ബഹു. കേരള

ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ കോടതി ഉത്തരവ് വരുന്നത് വരെ പ്രവൃത്തി പുന:ക്രമീകരിക്കുന്നതിന് നിലവിൽ തടസ്സമുണ്ട്. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന് വിധേയമായി പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**നബാർഡ് ഫണ്ടിൽ ഉൾപ്പെടുന്ന ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

114 (1294) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ഫണ്ടിലുൾപ്പെടുത്തി 2016 മുതൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിന് അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ പേരടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ?

(എ&ബി) നബാർഡ് ഫണ്ടിലുൾപ്പെടുത്തി 2016 മുതൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിരത്ത് വിഭാഗത്തിൽ ചുവടെ ചേർക്കുന്ന

പ്രവൃത്തി അനുവദിച്ചിട്ടുണ്ട്. NABARD 2018-19 Improvements to Amabalappara Mannur Road km 0/000 to 10/726 in Ottappalam LAC – 700 Lakhs – പ്രവൃത്തി പൂർത്തീകരിച്ചു.

(സി) 2022-23-ലെ സാമ്പത്തിക വർഷത്തെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തി അതിലുൾപ്പെട്ടിട്ടുണ്ടോ; പ്രവൃത്തികളൊന്നുമില്ലാത്തപക്ഷം പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകുമോയെന്ന് വ്യക്തമാക്കുമോ?

2022-23-ലെ സാമ്പത്തിക വർഷത്തെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചുകഴിഞ്ഞു. ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികളൊന്നും അതിലുൾപ്പെട്ടിട്ടില്ല.

**ശ്രീകാര്യം മേൽപ്പാലം നിർമ്മാണം**

115 (1295) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകാര്യം മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് കൊച്ചി മെട്രോ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

11-01-2023-ലെ സ.ഉ.(കൈ)നം.03/2023/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിലെ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL)-നെ നിയോഗിച്ചിട്ടുണ്ട്. ശ്രീകാര്യം മേൽപ്പാലം നിർമ്മിക്കുന്നതിന് കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL)-ന് ഭരണാനുമതി നൽകിയിട്ടുള്ളതും, KIIFB ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുള്ളതുമാണ്.

തുടർ പ്രവർത്തനങ്ങൾക്കായി പുതിയ SPV ആയ KMRL സാമ്പത്തിക അനുമതിക്കായി KIIFB-യെ സമീപിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി പൊതുമരാമത്ത് വകുപ്പ്, KIIFB, KMRL എന്നിവർ തമ്മിലുള്ള Tripartite Agreement-ന്റെ കരട് KIIFB മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) ശ്രീകാര്യം മേൽപ്പാലം നിർമ്മാണത്തിനുള്ള ടെണ്ടർ എന്ന് വിളിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) KIIFB-യിൽനിന്നും സാമ്പത്തിക അനുമതി ലഭിക്കുന്ന മുറയ്ക്ക് 10 ദിവസത്തിനുള്ളിൽ ടെണ്ടർ പ്രസിദ്ധപ്പെടുത്താവുന്നതും തുടർന്ന് മെയ് മാസത്തോടുകൂടി പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതുമാണ്.

(ഡി) നിലവിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

നിലവിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നും ഇല്ല.

(ഇ) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് മാറ്റി സ്ഥാപിക്കേണ്ടതായിട്ടുള്ള യൂട്ടിലിറ്റി സർവ്വീസുകളിന്മേൽ കെ.എം.ആർ.എൽ. എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

യൂട്ടിലിറ്റി സർവ്വീസുകൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ., ബി.എസ്.എൻ.എൽ. എന്നിവിടങ്ങളിൽനിന്നും ലഭിച്ച എസ്റ്റിമേറ്റ് സാമ്പത്തിക അനുമതിക്കുവേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക അനുമതി ലഭിക്കുന്നമുറയ്ക്ക് ഫണ്ട് അതത് ഏജൻസിക്ക് ഡെപ്പോസിറ്റ് ചെയ്ത് ടെണ്ടർ നടപടികൾ ആരംഭിക്കും.

**ഉടുമ്പൻചോല മണ്ഡലത്തിൽ 20% ബഡ്ജറ്റ് വിഹിതം ലഭിച്ച മരാമത്ത് പ്രവൃത്തികൾ**

116 (1296) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 മുതൽ നാളിതുവരെ ഉടുമ്പൻചോല മണ്ഡലത്തിലെ ഏതൊക്കെ മരാമത്ത് പ്രവൃത്തികൾക്കാണ് ബഡ്ജറ്റിൽ 20% വിഹിതം ലഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും പേര്, ബഡ്ജറ്റിൽ ലഭിച്ച ടോക്കൺ വിഹിതം, വർഷം, പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ഇവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടും നാളിതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത മരാമത്ത് പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-ഡി) അനുബന്ധമായി ചേർക്കുന്നു+.

**മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കാൻ നടപടി**

117 (1297) <u>ശ്രീ. കെ. പി. എ. മജീദ്:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനയ്ക്ക് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽവരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്താകെ മൂന്ന് (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) റീജിയണൽ ലബോറട്ടറികളും പതിനൊന്ന് ജില്ലകളിൽ ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള I st tier, II nd tier എന്നീ ശ്രേണികളിലായി ഗുണനിലവാര പരിശോധന നടത്തിവരുന്നു. ഇതിൽ ഒന്നാം ഘട്ട ഗുണനിലവാര പരിശോധന നടക്കുന്ന സമയത്ത് അതത് നിർവ്വഹണ

ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. രണ്ടാംഘട്ട ഗുണനിലവാര പരിശോധന നടത്തുന്നത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ്. രണ്ടാംഘട്ട ഗുണനിലവാര പരിശോധന നടത്തുന്നതിനായി നിർമ്മാണ പ്രവൃത്തിയുടെ അസംസ്കൃത വസ്തുക്കൾ, കോൺക്രീറ്റ്, ടാറിംഗ് എന്നിവയുടെ പരിശോധനകൾ നടത്തുന്നതിന് വേണ്ടിയുള്ള ഉപകരണങ്ങൾ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ റീജിയണൽ ലാബുകൾക്ക് സൈറ്റിൽ വച്ചുതന്നെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള ആട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്.

(ബി) ഗുണനിലവാര പരിശോധനയ്ക്കായി മൊബൈൽ ലാബുകൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ?

സൈറ്റുകളിൽ വച്ചുതന്നെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനാവശ്യമായ ആട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ്

ലാബുകൾക്കുവേണ്ടി 27-07-2020-ലെ ജി.ഒ (ആർ.റ്റി) നം.635/2020/പൊമവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം 3 മൊബൈൽ ലാബുകൾ സജ്ജമാകുന്നുണ്ട്.

(സി) വിവിധ പ്രവൃത്തികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ കൃത്യമായ അളവിൽ ഉപയോഗിക്കാത്ത കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ആവശ്യമായ അളവിൽ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കാതെ സംഭവിക്കുന്ന നഷ്ടങ്ങൾ, കരാറുകാരനിൽനിന്നും ഈടാക്കുന്നതാണ്. കരാറിനു വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരനെ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി പുന:ക്രമീകരിക്കുന്ന നടപടിയാണ് സ്വീകരിക്കാറുള്ളത്. ആവശ്യമെങ്കിൽ ലൈസൻസ് പുതുക്കാതിരിക്കുക, എസ്.ബി.ഡി., പൊതുമരാമത്ത് മാന്വൽ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കരിമ്പട്ടികയിൽ ഉൾപ്പെടുത്തുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. നിർമ്മാണം പൂർത്തിയാക്കി 6 മാസത്തിനകം റോഡ് തകരുന്ന സാഹചര്യമുണ്ടായാൽ ബന്ധപ്പെട്ട

എൻജിനീയർമാരെയും കരാറുകാരെയും പ്രതികളാക്കി FIR രജിസ്റ്റർ ചെയ്ത് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കുലർ G2/428/2019/PWD തീയതി 02.09.2022 പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**കിഫ്ബി സാമ്പത്തിക സഹായം നൽകുന്ന പൊതുമരാമത്ത് പ്രവൃത്തികൾ**

118 (1298) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സാമ്പത്തിക സഹായം നൽകുന്ന ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികളാണ് അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളതെന്നും അവയുടെ പേരും തുകയും നിലവിലെ സ്ഥിതിയും സഹിതം വെളിപ്പെടുത്താമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) വിവിധ വകുപ്പുകളും സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിശ്ചയിക്കപ്പെട്ട ഏജൻസികളും കിഫ്ബിയും തമ്മിലുള്ള ധാരണക്കുറവുമൂലം പല നിർമ്മാണ പ്രവൃത്തികളിലും അനുവദനീയമായതിനെക്കാൾ കൂടുതൽ സമയനഷ്ടമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യൂട്ടിലിറ്റികൾ നീക്കംചെയ്യുന്നത് അതത് ഏജൻസികൾ (KSEB/KWA) ആകയാൽ ആയതിന്റെ പൂർത്തീകരണത്തിനാവശ്യംവരുന്ന സമയവും ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പ് മുഖേന നടപ്പാക്കുന്നതിനാൽ ആയതിനുവേണ്ടിവരുന്ന കാലയളവും പ്രവൃത്തിയുടെ പൂർത്തീകരണത്തെ ബാധിക്കാറുണ്ടെങ്കിലും, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കിഫ്ബി ഉന്നയിക്കുന്ന പല തലങ്ങളിൽ അവലോകനം നടത്തി സമയബന്ധിതമായിതന്നെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) പലപ്പോഴും കിഫ്ബി ഉന്നയിക്കുന്ന ചോദ്യങ്ങൾ മറുപടി നൽകുന്നതിലുണ്ടാകുന്ന കാലതാമസം പ്രവൃത്തിയുടെ പൂർത്തീകരണത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സാഹചര്യങ്ങളിൽ വളരെ പെട്ടെന്നുതന്നെ കിഫ്ബിക്ക് മറുപടി ലഭ്യമാക്കി നിർമ്മാണം വേഗത്തിലാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) പ്രവൃത്തിയുമായി ബന്ധപ്പെട്ട കിഫ്ബി ഉന്നയിക്കുന്ന ചോദ്യങ്ങൾക്കുള്ള മറുപടി കാലതാമസം കൂടാതെതന്നെ കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. തുടർന്നും സ്വീകരിക്കുന്നതാണ്.

**കോഴിക്കോട്-കൊല്ലേഗൽ ദേശീയ പാതാ 766 വികസനം**

119 (1299) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 766 - കോഴിക്കോട്-കൊല്ലേഗൽ ദേശീയ പാതാ വികസനത്തിന്റെ ഭാഗമായി നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശവും നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ?

എൻ.എച്ച്. 766 – കോഴിക്കോട് - കൊല്ലേഗൽ ദേശീയപാതാ വികസനത്തിന്റെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തിയിൽ കൃത്യവിലോപം കാണിച്ച കരാർ കമ്പനിക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊടുവള്ളി കി.മീ. 25/000 മുതൽ 45/000 (അടിവാരം) വരെയുള്ള പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെ ടെർമിനേറ്റ് ചെയ്യാനുള്ള നടപടി നടന്നുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നടപടി സ്വീകരിക്കാവുന്നതാണ്.

**തൃപ്പൂണിത്തുറ ബൈപ്പാസിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ**

120 (1300) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദ്യം ദേശീയപാതയുടെ നിർമ്മാണത്തിനായും തുടർന്ന് തൃപ്പൂണിത്തുറ ബൈപ്പാസിനായും തീരുമാനിച്ച, മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണത്തിനായി ദേശീയപാതാ അതോറിറ്റിയുടെ ഭൂമി ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

ഉണ്ടെങ്കിൽ നാളിതുവരെയും ആയത് ഏറ്റെടുക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(എ&ബി) തൃപ്പൂണിത്തുറ ബൈപ്പാസിന് ആകെ ആവശ്യമുള്ള 34.0584 ഹെക്ടർ ഭൂമിയിൽ 4.4312 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ബാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് നിരവധി തവണ കേന്ദ്ര ഉപരിതലഗതാഗത വകുപ്പിന് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭ്യമായിട്ടില്ല. നിലവിൽ ദേശീയപാത - 85 ന് ഗ്രീൻഫീൽഡ് അലൈൻമെന്റ് ദേശീയപാത അതോറിറ്റി തയ്യാറാക്കുന്നു

(സി) ഭൂമി ഏറ്റെടുക്കാത്തതുമൂലം പതിറ്റാണ്ടുകളായി ഭൂവുടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അങ്കമാലി - കുണ്ടന്നൂർ പദ്ധതിയിലുൾപ്പെടുത്തി നാളിതുവരെയും ഏറ്റെടുക്കാൻ കഴിയാത്ത പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത ഭൂമിയുടെ നഷ്ടപരിഹാര തുക അർഹരായവർക്ക് അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(സി-ഇ) ഏറ്റെടുക്കാനായി Mark ചെയ്ത ഭൂമി കൈമാറുവാനും മറ്റും സാധിക്കുന്നില്ലെന്ന് ഭൂവുടമകൾ പരാതിപ്പെടുന്നതായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിനാൽ 03-08-2022-ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി നടത്തിയ യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്തിരുന്നു. ദേശീയപാത 85-ന്റെ അലൈൻമെന്റ് തൃപ്പൂണിത്തുറ ബൈപ്പാസിന് നിർദ്ദേശിക്കപ്പെട്ട ഭാഗത്തുകൂടി രൂപകൽപന ചെയ്യാൻ ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നു.

എന്നാൽ ഗ്രീൻഫീൽഡ് പാതയുടെ അങ്കമാലി കുണ്ടന്നൂർ ഭാഗത്ത് തൃപ്പൂണിത്തുറ ബൈപാസ് ഉൾക്കൊള്ളിക്കുന്നത് സാങ്കേതികമായി പ്രായോഗികമല്ലെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

**റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ**

121 (1301) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എ. സി. മൊയ്തീൻ :
ഡോ. സുജിത് വിജയൻപിള്ള :
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സൗകര്യം മെച്ചപ്പെടുത്തി പൊതുവികസനം ത്വരിതപ്പെടുത്തുന്നതിന് ഈ സർക്കാരും കഴിഞ്ഞ സർക്കാരും മുൻകൈയ്യെടുത്ത് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; ദേശീയപാതാ വികസന കാര്യത്തിൽ സംസ്ഥാനത്തിന്റെ ഇടപെടലിനെ കേന്ദ്ര ഗതാഗത വകുപ്പുമന്ത്രി ശ്ലാഘിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ റോഡ് സൗകര്യം മെച്ചപ്പെടുത്തി പൊതുവികസനം ത്വരിതപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാരും ഈ സർക്കാരും നിരവധി വികസന പദ്ധതികൾ, ബഡ്ജറ്റ് പദ്ധതികൾ മുഖേനയും കിഫ്ബി ഫണ്ട് മുഖേനയും നബാർഡ് പദ്ധതികൾ മുഖേനയും നടപ്പിലാക്കി.

ദീർഘകാലം ഈടുനിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകി വൈറ്റ് ടോപ്പിംഗ്, ഫുൾ ഡെപ്ത് റിക്ലമേഷൻ, കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ്, വാം മിക്സ്, കോൾഡ് മിക്സ്, അസ്ഫാൽറ്റ് ടെക്നിക് എന്നിവയുൾപ്പെടെയുള്ള ആധുനിക നിർമ്മാണ സാങ്കേതികവിദ്യകൾ നടപ്പിലാക്കിയും പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകികൊണ്ട് കയർ ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ, ഗാബിയോൺ റീട്ടെയിനിംഗ് വാൾ എന്നിവയും ഉപയോഗിക്കുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ റോഡുകളും 2026-ഓടുകൂടി ബി.എം&ബി.സി നിലവാരത്തിലാക്കാൻ ലക്ഷ്യമിടുന്നു.

റോഡ് ജ്യാമിതീയത്തിലെ പോരായ്മകൾമൂലമുണ്ടാകുന്ന അപകടങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ റോഡുകളുടെ നവീകരണം, റോഡ് സംരക്ഷണ ഉപാധികൾ, ബ്ലാക്ക് സ്പോട്ടുകൾ ഇല്ലാതാക്കൽ എന്നിവ ഏറ്റെടുത്ത് റോഡ് സേഫ്റ്റി അതോറിറ്റി മുഖേന ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കിവരുന്നു.

ദേശീയപാതാ വിഭാഗത്തിനുകീഴിൽ കേരളത്തിൽ കൂടി കടന്നുപോകുന്ന 1781 കി.മീ നീളമുള്ള II ദേശീയപാതകളിൽ 548 കി.മീ നീളം റോഡുകളുടെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് ദേശീയ പാത വിഭാഗമാണ് നടത്തിവരുന്നത്. സംസ്ഥാന സർക്കാരിന്റെ പിന്തുണയും കാര്യക്ഷമവുമായ ഇടപെടൽമൂലവും ദേശീയപാത 66-ന്റെ എല്ലാ സ്ട്രെച്ചുകളിലും കരാറുകൾ നൽകി, പ്രവൃത്തികൾ പുരോഗതിയിലാണ്. ദേശീയപാത പ്രവൃത്തിയിൽ സംസ്ഥാനത്തിന്റെ ഇടപെടലിനെ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്ലാഘിക്കുകയുണ്ടായി. കൊല്ലം ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ്, വൈറ്റില ഫ്ലൈഓവർ, കുണ്ടന്നൂർ ഫ്ലൈഓവർ, പ്രാവച്ചമ്പലം മുതൽ കോടിനട വരെയുള്ള ദേശീയപാതയുടെ വികസനം എന്നിവ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തിയായവയാണ്

തിരുവനന്തപുരം നഗരത്തിലെ തിരക്ക് നിയന്ത്രിക്കാനും തലസ്ഥാന വികസനത്തിനുമായി ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ തുകയുടെ 50 ശതമാനം സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കേരളത്തിലെ പോർട്ടുകളെ

നവീകരിക്കുന്നതിനും അവയെ പ്രധാന നിരത്തുകളുമായി ബന്ധിപ്പിക്കാനുമായി 11 പോർട്ട് കണക്ടിവിറ്റി പദ്ധതികളും NHAI മുഖേന DPR പഠനം പുരോഗമിച്ച് വരുകയാണ്. കേന്ദ്ര സർക്കാരുമായുള്ള ഉടമ്പടിപ്രകാരം ഭൂമി ഏറ്റെടുക്കലിനുള്ള മുഴുവൻ തുകയും സംസ്ഥാന സർക്കാർ വഹിക്കേണ്ടതായിവരും. എൻ എച്ച് - 85 ൽ 42.28 കി.മീ നീളത്തിലും എൻ.എച്ച്- 966-ൽ 46.7 കി.മീ നീളത്തിലും നടപ്പാതയോടുകൂടി രണ്ടുവരി പാതയായി വികസിപ്പിക്കുന്ന നവീകരണ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.

ദേശീയപാത 183, 185, 183A, 766 എന്നിവയിൽ നടപ്പാതയോടുകൂടി രണ്ടുവരിപാതയായി വികസിപ്പിക്കുന്നതിനുള്ള 7 പ്രവൃത്തികളുടെ DPR തയ്യാറാക്കൽ പുരോഗതിയിലാണ്.

സംസ്ഥാനത്തെ റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതിയാണ് ഔട്ട്പുട്ട് ആൻഡ് പെർഫോർമൻസ് ബേസ്ഡ് റോഡ് കോൺട്രാക്റ്റ് (ഒ.പി.ബി.ആർ.സി). ഇതിൻ പ്രകാരം, തെരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ പരിപാലനം 7 വർഷത്തേയ്ക്ക് ഒരു കരാറുകാരനെ ഏൽപ്പിക്കുന്നു. ഇതുകൂടാതെ ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം റണ്ണിംഗ് കോൺട്രാക്റ്റ് എന്ന നൂതന കരാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ ഒരു വർഷത്തെ പരിപാലനം ഒരു കരാറുകാരനെ ഏൽപ്പിക്കുന്നു. തന്മൂലം റോഡുകൾ ഗതാഗതയോഗ്യമാക്കി നിലനിർത്താൻ സാധിക്കുന്നുണ്ട്.

CRIF (സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്) ഉപയോഗിച്ച് സംസ്ഥാന പാതകളെ നവീകരിക്കുന്ന പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

<u>കോഴിക്കോട് നഗരപാത വികസന പദ്ധതി ഘട്ടം 1 (എ)</u>

നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരത്തിൽ ഘട്ടം 1(എ)-ൽ 22.251 കി.മീ നീളത്തിലുള്ള 6 റോഡുകളുടെ വികസനം നടപ്പിലാക്കി.

<u>കണ്ണൂർ നഗരപാതാ വികസന പദ്ധതി</u>

പ്രസ്തുത പദ്ധതിപ്രകാരം ആകെ 11 കോറിഡോറുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

<u>കോഴിക്കോട് നഗരപാത വികസന പദ്ധതി-ചെറുവണ്ണൂർ അരീക്കോട് മേൽപ്പാലങ്ങൾ</u>

കോഴിക്കോട് നഗരവികസന പദ്ധതി രണ്ടാംഘട്ടത്തിലുൾപ്പെട്ട ചെറുവണ്ണൂർ, അരീക്കോട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി നൽകി.

<u>കൊല്ലം നഗരപാത വികസന പദ്ധതി</u>

കൊല്ലം നഗരപാത വികസന പദ്ധതി നടപ്പാക്കുന്നതിന് 365.34 കോടി രൂപയുടെ ഇൻ പ്രിൻസിപ്പിൾ ഭരണാനുമതി നൽകുയുണ്ടായി.

(ബി) എൻ.എച്ച്. 66-ന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് ആശ്യമായ തുകയിൽ ഒരു ഭാഗം സംസ്ഥാനം വഹിക്കാനിടയാക്കിയ സാഹചര്യമെന്തായിരുന്നു; ഇത്തരത്തിൽ മറ്റ് പദ്ധതികൾക്കുള്ള ഭൂമി ഏറ്റെടുക്കലിന്റെ ഒരു പങ്ക് സംസ്ഥാനം വഹിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ദേശീയപാത 66-നെ 4/6 വരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി സ്ഥലമേറ്റെടുക്കൽ പ്രശ്നങ്ങളാൽ മുടങ്ങിക്കിടക്കുകയായിരുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് പ്രവൃത്തി ത്വരിതപ്പെടുത്താനായി സർക്കാർ ഇടപെടുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കേന്ദ്ര ഗതാഗത ഹൈവേ

മന്ത്രാലയവുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ വേഗത്തിലാക്കാൻ പ്രസ്തുത തുകയുടെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നുണ്ട്.

(സി) തലസ്ഥാന ജില്ലയുടെ സമഗ്ര വികസനത്തിനുതകുന്ന വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിനുവേണ്ട ഭൂമി ഏറ്റെടുക്കൽ പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; ഈ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് സംസ്ഥാനം വിഹിതം നൽകേണ്ടതായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ 3 എ ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 3D സർവ്വേ വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ 50% ലാൻഡ് അക്വിസിഷൻ കോസ്റ്റ്, കേരള ഗവൺമെന്റ് മൊത്തം GST & Royalty ഒഴിവാക്കിയും ഏറ്റെടുക്കണമെന്ന വ്യവസ്ഥയിൽ ടി പ്രവൃത്തികൾ ഭാരത്‌മാല പരിയോജനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ദേശീയ പാത 66-ന്റെ വികസനം**

122 (1302) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 66-ന്റെ വികസനത്തിന്റെ ഭാഗമായി കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ പടിഞ്ഞാറ് ഭാഗത്ത് കരിപ്പുഴ തോടിനുകുറുകെ നിർമ്മിക്കുന്ന പാലത്തിനായി നിലവിൽ തയ്യാറാക്കിയ രൂപരേഖയിൽ പ്രസ്തുത പാലത്തിന്റെ പടിഞ്ഞാറ് ഭാഗത്തേയ്ക്ക് പ്രവേശിക്കുന്നതിനായുള്ള സർവ്വീസ് റോഡുകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതക്കുറവുമൂലം നിലവിൽ പാലത്തിന്റെ കിഴക്കുവശത്ത് മാത്രമെ സർവ്വീസ് റോഡുകൾ രൂപകൽപന ചെയ്തിട്ടുള്ളൂ. പാലത്തിന്റെ പടിഞ്ഞാറ് ഭാഗത്തുകൂടി സർവ്വീസ് റോഡുകൾ നൽകുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഈ വിഷയം പരിഹരിക്കുന്നതിനും ഒ.എൻ.കെ. ജംഗ്ഷൻ മുതൽ വനിതാ പോളിടെക്നിക് വരെയുള്ള ഭാഗത്ത് സർവ്വീസ്

റോഡുകൾ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഒ.എൻ.കെ. ജംഗ്ഷൻ മുതൽ വനിതാ പോളിടെക്നിക് വരെയുള്ള ഭാഗത്ത് സർവ്വീസ് റോഡുകൾ നിർമ്മിക്കുന്ന വിഷയം അതിന്റെ സാങ്കേതിക സാധ്യത വിലയിരുത്തിയശേഷം പരിഗണിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**ദേശീയപാതാ വികസനം**

123 (1303) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസനം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി കൈക്കൊണ്ട നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ദേശീയപാത 66-ന്റെ വികസനം യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ, പ്രവൃത്തിയുടെ പുരോഗതി എന്നിവ വിലയിരുത്തുന്നതിന് വിവിധ തലങ്ങളിൽ അവലോകന യോഗം നടത്താറുണ്ട്. ദേശീയപാത 66-ന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള വ്യവഹാരങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

NHAI ലീഗൽ കൗൺസിലിനെ ഏർപ്പെടുത്തുകയും ബന്ധപ്പെട്ട കോടതികളുമായി ഏകോപിപ്പിച്ച് പെൻഡിംഗ് എൽ.എ കേസുകൾ hearing നടത്തി വേഗത്തിൽ തീർപ്പാക്കാൻ അവർക്ക് സമയാസമയങ്ങളിൽ നിർദ്ദേശം നൽകുകയും ചെയ്യുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റിനും NHAI യ്ക്കുമെതിരെ ഫയൽ ചെയ്ത കേസുകൾക്കുവേണ്ടി ഹൈക്കോടതിയിൽ ഹാജരാകുന്നതിന് Deputy Solicitor General of India യെയും കേന്ദ്ര ഗവൺമെന്റ് സ്റ്റാൻഡിംഗ് കൗൺസിലിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച കേസ്സുകളിൽ ബന്ധപ്പെട്ട Land acquisition officer മുഖേന നടപടി സ്വീകരിച്ചുവരുന്നു.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന ആറ് റീച്ചുകളുടെ കാര്യത്തിലും നിർമ്മാണവസ്തുക്കൾ ശേഖരിക്കുന്നതിനുൾപ്പെടെയുള്ള അനുമതി ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

എൻ.എച്ച് 66-ന്റെ വികസനത്തിനുവേണ്ടി നിർമ്മാണ വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കുവാൻവേണ്ടി ആവശ്യമായ സഹായം നൽകുന്നുണ്ട്. വിവിധ വകുപ്പുകളിൽനിന്ന് അനുമതി ലഭ്യമാകാനുള്ള വിഷയങ്ങളിൽ ചീഫ് സെക്രട്ടറിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നടത്തിയ യോഗങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് തുടർനടപടി സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തന സജ്ജമാകുന്നതോടെ അതിനാവശ്യമായ കണക്റ്റിവിറ്റി സൗകര്യങ്ങൾ

ദേശീയപാതാ വികസനത്തിന്റെ ഭാഗമായി ഏർപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ദേശീയപാത അതോറിറ്റി നിർമ്മിക്കുന്ന ഔട്ടർ റിംഗ് റോഡിനെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി M/s.അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ കീഴിൽ പദ്ധതി തയ്യാറാക്കിവരുന്നു.

**മലപ്പുറം – മൈസൂർ – ബാംഗ്ലൂർ പാത**

124 (1304) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് മാല പദ്ധതി പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന മലപ്പുറം മൈസൂർ പാതയുടെ അലൈൻമെന്റ് സംബന്ധിച്ച് ദേശീയപാത അതോറിറ്റി വ്യക്തത വരുത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

ദേശീയപാത അതോറിറ്റി ചെയർമാന്റെ അധ്യക്ഷതയിൽ കൂടിയ ഭൂമി ഏറ്റെടുക്കൽ കമ്മിറ്റിയിൽ മൈസൂർ മുതൽ മലപ്പുറം വരെയുള്ള സ്ട്രെച്ചിന് ഘട്ടം 1-ൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ഘട്ടം 2-ന്റെ

അംഗീകാരത്തിനായി കേരള, കർണ്ണാടക സംസ്ഥാനങ്ങളുടെ പരിസ്ഥിതി, വനം വന്യജീവി വകുപ്പിന്റെ അനുമതികളും ലഭ്യമാക്കേണ്ടതുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) മലപ്പുറം - മൈസൂർ ഗ്രീൻ ഫീൽഡ് പാതയുടെ അലൈൻമെന്റ് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ദേശീയപാത അതോറിറ്റിക്ക് എന്തെങ്കിലും നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഗ്രീൻഫീൽഡ്പാതയുടെ അലൈൻമെന്റ് സംബന്ധിച്ച് ദേശീയപാത അതോറിറ്റിക്ക് പൊതുമരാമത്ത് വകുപ്പിൽനിന്ന് നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല.

(സി) നിർദിഷ്ട മലപ്പുറം - മൈസൂർ - ബാംഗ്ലൂർ ഗ്രീൻഫീൽഡ് പാത യാഥാർഥ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്നു വ്യക്തമാക്കുമോ ?

സംസ്ഥാനത്തെ ദേശീയപാതകളും NHAI നടപ്പിലാക്കുന്ന മറ്റ് പ്രവൃത്തികളും വേഗത്തിലാക്കാൻ ഇടപെടലുകൾ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി കേന്ദ്രമന്ത്രിയെ നേരിട്ട് കണ്ട് ചർച്ച നടത്തിയിട്ടുണ്ട്

## പി.ഡബ്ല്യു.ഡി. വിഭാഗത്തിന്റെ കാര്യക്ഷമത ഉയർത്താൻ നടപടി

125 (1305) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുണ്ടാകുന്ന കാലതാമസം മറ്റ് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തന്നെ പൂർത്തീകരിക്കാറുണ്ട്. കോടതി ഇടപെടൽമൂലമോ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട തടസ്സങ്ങൾമൂലമോ പ്രകൃതിക്ഷോഭംമൂലമോ തടസ്സങ്ങളുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരുടെ അലംഭാവംമൂലവും പ്രവൃത്തികളിൽ കാലതാമസം വരാറുണ്ട്. ഇപ്രകാരം കാലതാമസം നേരിടുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നത്

സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ യോഗം ചേരുകയും തടസ്സം നീക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. കരാറുകാരുടെ അലംഭാവംമൂലം പ്രവൃത്തികളിലുണ്ടാകുന്ന നഷ്ടം കരാറുകാരനിൽനിന്നും ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കാറുണ്ട്.

(ബി) പി.ഡബ്ല്യു.ഡി. നിർമ്മാണം നടത്തുന്ന കെട്ടിടങ്ങളുടെ ഡിസൈൻ, സോയിൽ ടെസ്റ്റ് തുടങ്ങിയ കാര്യങ്ങൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർമ്മാണം നടത്തുന്ന കെട്ടിടങ്ങളുടെ രൂപകൽപ്പന പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗവും സ്ട്രക്ചറൽ ഡിസൈൻ, പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗവും ഡിസൈനുവേണ്ട സോയിൽ ടെസ്റ്റ് ഡിസൈൻ വിഭാഗത്തിന്റെ കീഴിലുള്ള റീജിയണൽ ഇൻവെസ്റ്റിഗേഷൻ ലാബും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പിലാക്കുന്ന സോയിൽ ടെസ്റ്റ് പ്രവൃത്തിയുടെ ഭരണാനുമതി

ലഭിച്ചതിനുശേഷം മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചിരുന്നത് എന്നാൽ ഇപ്പോൾ സോയിൽ ഇൻവെസ്റ്റിഗേഷനുവേണ്ടി പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് മാത്രമായി ഭരണാനുമതി നൽകി പ്രവൃത്തി ചെയ്യാൻ സാധിക്കും. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ RIQCL മുഖേനയും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു. 08-02-2022-ലെ സ.ഉ(സാധാ)നം.210/2022/പൊ.മ.വ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ മുഖേനയും ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു.

(സി) സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതുമൂലം സർക്കാരിന് വാടകയിനത്തിലും മറ്റും അധിക ചെലവുണ്ടാകുന്നതുംകൂടി പരിഗണിച്ച് പി.ഡബ്ല്യു.ഡി. വിഭാഗത്തിന്റെ കാര്യക്ഷമത ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ ഇപ്പോൾ സിവിൽ പ്രവൃത്തികളും അനുബന്ധ പ്രവൃത്തികളും ഒരുമിച്ച് ടെണ്ടർ ചെയ്യുന്നതിനായി

കോമ്പോസിറ്റ് ടെണ്ടർ രീതിയിലാണ് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടെണ്ടർ നടപടികൾ നടത്തിവരുന്നത്. ഇതുമൂലം കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കാനുള്ള കാലതാമസം ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ**

126 (1306) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

(എ & ബി) പൊതുമരാമത്ത് വകുപ്പിനുകീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ

1. തടിയൻ വളപ്പ് പാലം

കാസർഗോഡ് വികസന പദ്ധതിയിലുൾപ്പെടുത്തി ടെണ്ടർ ചെയ്തു. തടിയൻ വളപ്പ് പാലത്തിന് 275 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി 28.02.2021-ന് പൂർത്തീകരിക്കുകയും ചെയ്തു.

2. കുമ്പളപള്ളി പാലത്തിന്റെ നിർമ്മാണം നിലവിലെ പുരോഗതി : 65%

2016-17 മുതൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ പട്ടികയും നിലവിലുള്ള അവസ്ഥയും അനുബന്ധമായി (I) ചേർക്കുന്നു.+

2016-17 മുതൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ പട്ടികയും നിലവിലുള്ള അവസ്ഥയും അനുബന്ധമായി (II) ചേർക്കുന്നു.+

കെ.എസ്.റ്റി.പി രണ്ടാംഘട്ട പ്രവൃത്തിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് മണ്ഡലത്തിലെ കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് പണി കെ.എസ്.റ്റി.പി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കി. 133.05 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ച പ്രസ്തുത പ്രവൃത്തി 30-06-2018-ന് പൂർത്തിയായി.

2016-17 മുതൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന് കീഴിൽ 3 പ്രവൃത്തികളാണ് പൂർത്തീകരിച്ചത്.

1. സി. ആർ.എഫ് 2016-17 അഭിവൃദ്ധിപ്പെടുത്തൽ ഹോസ്ദുർഗ് - നീലേശ്വരം റോഡ് Km.0/000 to വരുന്നതുമായ പ്രവൃത്തികളുടെ പട്ടികയും നിലവിലുള്ള അവസ്ഥയും അനുബന്ധമായി (II) ചേർക്കുന്നു+

കെ.എസ്.റ്റി.പി രണ്ടാംഘട്ട പ്രവൃത്തിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് മണ്ഡലത്തിലെ കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് പണി കെ.എസ്.റ്റി.പി നടപ്പിലാക്കി. 133.05 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ച പ്രസ്തുത പ്രവൃത്തി 30-06-2018 - ന് പൂർത്തിയായി.

2016-17 മുതൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിനുകീഴിൽ മൂന്ന് പ്രവൃത്തികളാണ് പൂർത്തീകരിച്ചത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. സി. ആർ.എഫ് 2016-17 അഭിവൃദ്ധിപ്പെടുത്തൽ ഹോസ്ദുർഗ് - നീലേശ്വരം റോഡ് Km.0/000 to 13/000 പൂർത്തീകരിച്ച തീയതി: 31.03.2019

2. സി. ആർ.എഫ് 2018-19 അഭിവൃദ്ധിപ്പെടുത്തൽ ചൊയ്യംകോട് - മൂക്കോട് - ബീമാടി റോഡ് Km 0/000 to 9/000 പൂർത്തീകരിച്ച തീയതി 04.05.2021.

3. സി. ആർ.എഫ് 2018-19 അഭിവൃദ്ധിപ്പെടുത്തൽ ബോവിക്കോണം- കുടുമ്പൂർ - മലക്കോള് റോഡ് കാസർകോട് ജില്ല പൂർത്തിയാക്കിയ തീയതി. 30.04.2021

പൊതുമരാമത്ത് വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നതും നിലവിൽ കെ.ആർ.എഫ്.ബി - പി.എം.യു വിന്റെ മേൽ നോട്ടത്തിൽ വരുന്നതുമായ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1)കിളിയളം വരഞ്ഞൂർ റോഡ് കി.മീ. 0/000 മുതൽ 10/000 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ.

GBM പ്രവൃത്തികൾ മുഴുവൻ പൂർത്തീകരിച്ചിട്ടുണ്ട്. പാർശ്വഭിത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(2) ഹൊസ്ദുർഗ്ഗ് - പാണത്തൂർ റോഡ് കി.മീ. 24/000 മുതൽ 41/538 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ

പ്രസ്തുത പ്രവൃത്തിയുടെ കരാർ 13-04-2022 തീയതി 47.30 കോടി രൂപയ്ക്ക് കരാറുകാരൻ ഏറ്റെടുത്തു. കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതി 23-10-2023 ആണ്.

നിലവിൽ പൂടംകല്ല് മുതൽ പതിനെട്ടാം മൈൽ വരെയുള്ള ഭാഗത്തെ റോഡ് നവീകരണ പ്രവർത്തനങ്ങളും കലുങ്ക്, പാർശ്വഭിത്തി തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികളുമാണ് നടന്നുവരുന്നത്.

(3) മലയോര ഹൈവേ കോളിച്ചാൽ - ചെറുപുഴ റോഡ് വികസനം കി.മീ. 0/000 മുതൽ 31/200 വരെ (ബി.എം & ബി.സി) റോഡ് അഭിവൃദ്ധിപ്പെടുത്തൽ.

റോഡ് നവീകരണ പ്രവൃത്തി നടപ്പിലാക്കാനുള്ള 28.79 കി.മീ. റോഡിൽ വനഭൂമി ഒഴികെ ബാക്കി വരുന്ന 25.61 കി.മീ. ഭാഗത്തെ DGBM പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വനഭൂമിക്ക് രണ്ടാംഘട്ടം ഫോറസ്റ്റ് ക്ലിയറൻസ് അംഗീകാരം 19/02/2022-ൽ ലഭിച്ചു.

(4) നീലേശ്വരം എടത്തോട് റോഡ് കി.മീ. 0/000 മുതൽ 13/125 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ

റോഡ് നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള ആകെയുള്ള 13.125 കി.മീ റോഡിൽ 7.25 കി.മീ. ഭാഗത്തെ DGBM പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 1.39 കി.മീ. മുതൽ 2.520 കി.മീ. വരെയുള്ള റോഡ് നവീകരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

( 5) കിളിയളം പാലം

പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ 18/11/2022 തീയതിയിൽ കൂടിയ ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽ അംഗീകരിച്ചിട്ടുണ്ട്.

(6) മേക്കാട് - ഏരിക്കുളം റോഡ്

ട്രാഫിക് വളരെ കുറവാണെന്ന് കണ്ടെത്തിയതിനാലും കിഫ്ബി മാനദണ്ഡപ്രകാരമുള്ള വീതിയിൽ നവീകരിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാലും മേക്കാട് -ഏരിക്കുളം റോഡ് പദ്ധതിക്ക് ഭരണാനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണെന്ന് കിഫ്ബി 16-04-2022 -ൽ അറിയിച്ചിട്ടുണ്ട്.

(7) കോളിച്ചാൽ ചെറുപുഴ മലയോര ഹൈവേയിലെ വള്ളിക്കടവ് പാലം (കി.മീ. 18/250) പുനർനിർമ്മാണം.

പ്രസ്തുത പ്രവൃത്തിയുടെ 2.9 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണ്.

(8) പടന്നക്കാട് വെള്ളരിക്കുണ്ട് റോഡ് കി.മീ. 0/000 മുതൽ 30/100 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ & പടന്നക്കാട് മേൽപ്പാലം - വെള്ളരിക്കുണ്ട് റോഡിലെ പുളിക്കൽ, ആനപ്പെട്ടി, ബാനം പാലങ്ങൾ

പ്രസ്തുത പ്രവൃത്തിയുടെ ഒന്നാംഘട്ടമായി പുളിക്കൽ, ആനപ്പെട്ടി, ബാനം പാലങ്ങൾക്ക് 19-09-2022 -ൽ 9.37 കോടിരൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.

സ്ട്രക്ചറൽ ഡിസൈൻ യൂണിറ്റിലുള്ള കുഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം ചുവടെ ചേർക്കുന്നു.

1. എൻ.ജി.ഒ ഫ്ലാറ്റ് ടൈപ്പ് റസിഡൻഷ്യൽ ക്വാർട്ടേഴ്സ്, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് മണ്ണ് പരിശോധനാ റിപ്പോർട്ട് തയ്യാറായിട്ടുണ്ട്.

2. ഡിസ്ട്രിക്ട് ആയുർവേദ ഹോസ്പിറ്റൽ, കാസർകോഡിന് ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് പൂർത്തിയായിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ണ് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുന്നമുറയ്ക്ക് ഡിസൈൻ പൂർത്തിയാക്കുന്നതാണ്.

(സി) കരാറുകാരുടെ അലംഭാവംമൂലം മന്ദഗതിയിലായതും നിർത്തിവച്ചതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

കരാറുകാരുടെ അലംഭാവംമൂലം നിലവിൽ ഒരു പ്രവൃത്തി മാത്രമേ നിർത്തിവയ്ക്കേണ്ടിവന്നുള്ളൂ. ഈ കരാറുകാരനെ ഉടമ്പടിയിൽനിന്ന് ഒഴിവാക്കി മേൽ പ്രവൃത്തി പുനഃക്രമീകരിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ നബാർഡ് പദ്ധതികൾ**

127 (1307) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം പൊതുമരാമത്ത് പദ്ധതികളാണ് നബാർഡ് പദ്ധതിയിലുൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(എ &ബി) നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XXVIII (2022-23)-ൽ ഉൾപ്പെടുത്തുന്നതിനായി നിരത്ത് വിഭാഗത്തിൽനിന്നും സമർപ്പിച്ച ചുവടെ ചേർക്കുന്ന പദ്ധതി നബാർഡിന്റെ പരിഗണനയിലാണ്. NABARD RIDF XXVIII 2022-23 Widening and improvements to Karukaputhur Akkikkavu Road Km 0/000 to 8/100 in Thritala Lac – 1350 Lakhs.നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറും, ആരോഗ്യ വകുപ്പ് ഡയറക്ടറും കെട്ടിട വിഭാഗം ചീഫ് എൻജിനീയർക്ക് സമർപ്പിച്ച സ്കൂളുകളുടെയും ആശുപത്രികളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ

128 (1308) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിലെ പ്രവർത്തനരഹിതമായ സ്ട്രീറ്റ്ലൈറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പിലാത്തറ - പാപ്പിനിശ്ശേരി റോഡിലെ സൗരോർജ്ജ വിളക്കുകളുടെ അപാകതകൾ പരിഹരിക്കുന്നതിന് ഒരു ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (AMC) നൽകാൻവേണ്ടി ഒരു വിശദപഠനം നടത്താൻ M/s. ANERT നെ ഏൽപ്പിക്കുകയും M/s. ANERT സമർപ്പിച്ച റിപ്പോർട്ടിൽ ആന്വൽ മെയിന്റനൻസ് തുക അധികമായതിനാൽ ടി റിപ്പോർട്ട് കെ.എസ്.റ്റി.പിയുടെ സ്റ്റിയറിംഗ് കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും അംഗീകാരം കിട്ടുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ**

129 (1309) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ സേവനങ്ങൾ, നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ അറിയുന്നതിനും നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ചുള്ള പരാതികൾ അറിയിക്കുന്നതിനും നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് ജനകീയമാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി ആരംഭിച്ച "തൊട്ടറിയാം പി.ഡബ്ല്യൂ.ഡി" എന്ന പേരിലുള്ള പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ, പുരോഗതി സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാണ്. ഈ പോർട്ടൽ വകുപ്പിന്റെ പ്രോജക്ട് മോണിറ്ററിംഗ് & മാനേജ്മെന്റ് പോർട്ടലാണ്. ഇതിൽ പൊതുജനങ്ങൾക്ക് ലോഗിൻ ചെയ്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന

പ്രവൃത്തികളുടെ സ്ഥിതി അറിയുന്നതിനും അതിൽ അവർക്കുള്ള നിർദ്ദേശങ്ങളും പരാതികളും രേഖപ്പെടുത്തുന്നതിനും സാധിക്കും. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ റോഡ്, പാലങ്ങൾ എന്നീ ആസ്തികളിൻമേൽ പൊതുജനങ്ങൾക്ക് പരാതികൾ സമർപ്പിക്കാൻ "പി.ഡബ്ല്യൂ.ഡി ഫോർ യു" എന്ന മൊബൈൽ ആപ്പും നിലവിലുണ്ട്.

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും വകുപ്പുമന്ത്രിയെ അറിയിക്കുന്നതിനായി "റിംഗ് റോഡ്" എന്ന ഫോൺ-ഇൻ പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ "Grievances Redressal Cell" 18004257771 എന്ന ടോൾ ഫ്രീ നമ്പറിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും 9.30 am മുതൽ 7.30 pm വരെ പ്രവർത്തിക്കുന്നു. കൂടാതെ രേഖപ്പെടുത്തിയ പരാതിയുടെ നിലവിലെ സ്ഥിതി പരാതി നമ്പർ ഉപയോഗിച്ച് എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതുമാണ്. കൂടാതെ വകുപ്പുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതികൾ ഓഫീസുകൾ നേരിട്ടും സ്വീകരിക്കുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രവൃത്തികൾ, റോഡുകൾ, ലഭ്യമാവുന്ന സേവനങ്ങൾ എന്നിവയുടെ വിശദാംശങ്ങളും ഡി.എൽ.പി. കാലാവധിയിലുള്ള പ്രവൃത്തികളുടെ വിവരങ്ങളും പൊതുമരാമത്ത് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പണി പൂർത്തിയായി ഡി.എൽ.പി. കാലാവധിയിലുള്ള എല്ലാ പൊതുമരാമത്ത് വകുപ്പ് റോഡുകളിലും ബന്ധപ്പെട്ട റോഡ് പ്രവൃത്തിയുടെ വിവരങ്ങളും പരിപാലന കാലാവധിയും കരാറുകാരന്റെയും അസിസ്റ്റന്റ് എഞ്ചിനീയറുടെയും പേരും ബന്ധപ്പെടേണ്ട ഫോൺ നമ്പരും പ്രദർശിപ്പിച്ചുകൊണ്ടുള്ള ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുന്നുണ്ട്. കൂടാതെ സമൂഹമാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെടുന്ന പരാതികൾ പരിശോധിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ സേവനങ്ങളെപ്പറ്റി അറിയുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ഓദ്യോഗിക വെബ്സൈറ്റിന്റെ (https://www.pwd.kerala.gov.in) RTI പേജ് സന്ദർശിക്കാവുന്നതാണ്. കൂടാതെ സർക്കാരിന്റെ ഇ-സേവനം പോർട്ടലിലും

(https://services.kerala.gov.in/), പൊതുമരാമത്ത് വകുപ്പിന്റെ സർവീസസ് പോർട്ടലിലും (https://pwdservices.kerala.gov.in) പൊതുമരാമത്തു വകുപ്പിന്റെ ലഭ്യമായ ഓൺലൈൻ സേവനങ്ങൾ ലഭ്യമാണ്.

(ബി) പുതിയതായി ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനങ്ങൾ എത്ര പേർ ഇതുവരെ പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പുതുതായി ഏർപ്പെടുത്തിയ പരാതി പരിഹാര ഓൺലൈൻ സംവിധാനം (PWD 4U മൊബൈൽ ആപ്പ്, സോഷ്യൽ മീഡിയ, തൊട്ടറിയാം പി.ഡബ്ല്യൂ.ഡി) ഇതുവരെ 30,567 പേർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**ഗുരുവായൂർ പൈതൃക ടൂറിസം പദ്ധതി**

130 (1310) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഗുരുവായൂർ മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പിന്റെ പഴയ അതിഥി മന്ദിരം പൊളിച്ചുനീക്കി, 22.45 കോടി രൂപ ചെലവിൽ എട്ട് നിലകളിലായി ആധുനിക സൗകര്യങ്ങളുള്ള 55 മുറികളോടുകൂടിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 90% പൂർത്തിയായി. രണ്ടാംഘട്ട പ്രവൃത്തികൾക്ക് 10.96 കോടി രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്.

(ബി) 2022-23 വർഷത്തെ ബഡ്ജറ്റിൽ പരാമർശിച്ച ഗുരുവായൂർ പൈതൃക ടൂറിസം പദ്ധതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ പൈതൃക ടൂറിസം പദ്ധതിയുടെ വിശദമായ പദ്ധതിരൂപരേഖ ലഭ്യമാകുന്നമുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം**

131 (1311) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കിയതെന്ന് അറിയിക്കുമോ?

ട്രാവൽ ആൻഡ് ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ സർക്കാർ പ്രഖ്യാപിച്ച ഹ്രസ്വ കാലാവധിയുള്ള വ്യക്തിഗത ലോൺ സ്കീമാണ് ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം. ടി ജീവനക്കാർക്ക് പരമാവധി 30,000/- രൂപ വരെ കേരള ബാങ്ക് വഴി ലോൺ അനുവദിച്ചിരുന്നു.

(ബി) പ്രസ്തുത സ്കീം മുഖേന നാളിതുവരെ എത്ര പേർക്ക് എത്ര തുകയുടെ സഹായം അനുവദിച്ചു; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?

പ്രസ്തുത സ്കീം മുഖേന 53 പേർക്ക് ലോൺ അനുവദിച്ചിരുന്നു. ആകെ 15,83,000/- രൂപ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| തിരുവനന്തപുരം | 11 | തൃശ്ശൂർ | 1 |
| കൊല്ലം | 2 | പാലക്കാട് | 1 |
| ആലപ്പുഴ | 12 | മലപ്പുറം | 1 |
| കോട്ടയം | 2 | കോഴിക്കോട് | 4 |
| ഇടുക്കി | 1 | വയനാട് | 1 |

| | | | |
|---|---|---|---|
| എറണാകുളം | 17 | | |

**ടൂറിസം മേഖലയിൽ ലഭിച്ച അംഗീകാരങ്ങൾ**

132 (1312) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയിൽ ഏതെല്ലാം ദേശീയ, അന്തർദേശീയ ബഹുമതികളും അംഗീകാരങ്ങളുമാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

അന്താരാഷ്ട്ര തലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്ത ടൂറിസം അവാർഡായ 'വേൾഡ് റെസ്പോൺസബിൾ ടൂറിസം അവാർഡ്' ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ കേരള ടൂറിസത്തിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ളവയിൽ പ്രധാന അന്താരാഷ്ട്ര പുരസ്കാരങ്ങൾ ചുവടെ ചേർക്കുന്ന പ്രകാരമാണ്.

1. **World Travel Mart Responsible Tourism Awards – 2021**

Category : Increasing Diversity in Tourism – One to Watch

Recipient : Aymanam – Model RT Village – Responsible Tourism Mission Kerala

2. **Travel + Leisure Global Vision Award 2022**

Recipient : Responsible Tourism Mission Kerala

3. Aymanam Model RT Village is listed as one of the must watch destination in 2022.

4. Gold Awards by ICRT International on September 2022 – Destination Building Back Better – Post Covid

5. Gold Awards by ICRT International on September 2022 – Increasing Diversity in Tourism – How inclusive is our industry?

6. Gold Awards by ICRT International on September 2022 – Reducing Plastic Waste in the Environment

7. Gold Awards by ICRT International on September 2022 – Conserving Water and improving water scarcity & supply for neighbours

8. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചിക 2020-21 ൽ കേരളത്തിന് ഒന്നാം സ്ഥാനം.

9. ഇന്ത്യാ ടുഡേ ന്യൂസ് മാഗസിൻ സംഘടിപ്പിച്ച സ്റ്റേറ്റ് സർവ്വേ 2021 - ൽ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് ആയി കേരളം തെരഞ്ഞെടുക്കപ്പെട്ടു.

10. ട്രാവൽ & ലെയ്ഷർ ഇന്ത്യ റീഡേഴ്സ് ചോയ്സ് അവാർഡ് 2022-ബെസ്റ്റ് വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ.

11. ബുക്കിംഗ് ഡോട്ട് കോം എന്ന ഡിജിറ്റൽ ട്രാവൽ ഏജൻസി പ്രഖ്യാപിച്ച ട്രാവലർ റിവ്യൂ അവാർഡ്സ് 2022–ൽ മോസ്റ്റ് വെൽക്കമിംഗ് റീജിയൻ എന്ന അംഗീകാരം കേരളത്തിന് ലഭ്യമായി. പ്രസ്തുത പട്ടികയിൽ ഇത് നാലാം തവണയാണ് കേരളം ഒന്നാമതായത്.

12. ഇന്ത്യാ ടുഡേ സംഘടിപ്പിച്ച സർവ്വേയിൽ ടൂറിസം രംഗത്ത് ബെസ്റ്റ് പെർഫോമിംഗ് സ്റ്റേറ്റ് ആയി കേരളം തെരഞ്ഞെടുക്കപ്പെട്ടു.

(ബി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി ഏതെല്ലാം ടൂറിസം പദ്ധതികളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി ആരംഭിച്ച പങ്കാളിത്ത ടൂറിസം വികസന പദ്ധതികളാണ് 'സ്ട്രീറ്റ് - (സസ്റ്റൈനബിൾ, ടാൻജിബിൾ, റെസ്പോൺസിബിൾ, എക്സ്പീരിയൻഷ്യൽ, എത്നിക് ടൂറിസം) പദ്ധതി', 'പെപ്പർ – (പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺസബിൾ ടൂറിസം) പദ്ധതി', മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ. ഈ പദ്ധതികൾ ചെറുകിട ടൂറിസം സംരംഭങ്ങളുടെയും പ്രാദേശിക ടൂറിസ്റ്റ് സ്പോട്ടുകളുടെയും വികസനത്തിന് കൂടുതൽ ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ നിർണ്ണായകമാകുന്നുണ്ട്. ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷൻ 'കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്' എന്ന പദ്ധതി 2021 സെപ്റ്റംബർ മാസം ലോഞ്ച് ചെയ്തിട്ടുണ്ട്. സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക സ്ത്രീ സൗഹൃദ ടൂറിസം എന്ന പുതിയ പദ്ധതിക്ക് മിഷൻ ഈ

സാമ്പത്തിക വർഷം തുടക്കം കുറിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന "എക്സ്പീരിയൻസ് എത്നിക് ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക്" എന്ന പദ്ധതി കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പംതന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്. ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്ന മറ്റ് പ്രധാന പ്രവർത്തനങ്ങൾ ചുവടെ പറയുന്നവയാണ്.

- പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.
- ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.
- ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിനും പ്രോത്സാഹനം നൽകുക.
- വില്ലേജ് ടൂർ, റൂറൽ ടൂർ. കൾച്ചറൽ ടൂർ, ഫെസ്റ്റിവൽ ടൂർ, എക്സ്പീരിയൻഷ്യൽ ടൂർ, ഫാം/അഗ്രി ടൂർ, പൈതൃക ടൂർ, ഫുഡ്

/ക്യൂസീൻ ടൂർ, അക്സസിബിൾ ടൂർ പാക്കേജുകൾ ആരംഭിക്കുകയും പ്രൊമോട്ട് ചെയ്യുകയും ചെയ്യുക.

- ടൂറിസത്തിലൂടെ തദ്ദേശീയർക്ക് തൊഴിൽ ലഭ്യമാക്കുക.
- പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മാലിന്യ വിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരംഭകരുടെയും പ്രാദേശിക സമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുക.
- ടൂറിസ്റ്റുകളും ടൂറിസം വ്യവസായികളും തദ്ദേശീയ സമൂഹവും തമ്മിൽ ആരോഗ്യകരമായ ബന്ധവും സൗഹൃദവും വളർത്തിയെടുക്കുക.
- ടൂറിസം വികസനത്തിൽ പ്രാദേശിക ജനവികാരത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ താൽപ്പര്യത്തിനും പ്രാമുഖ്യം കൊടുക്കുന്ന പദ്ധതികൾ രൂപപ്പെടുത്തുക.
- ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള ആർ ടി ക്ലാസിഫിക്കേഷൻ.

- പരമ്പരാഗത തൊഴിൽ, കൃഷി, പ്രാദേശിക കലാരൂപങ്ങൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, സംസ്കാരം എന്നിവ ടൂറിസത്തിലൂടെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക. അതിനായുള്ള പാക്കേജുകൾ തയ്യാറാക്കി പ്രചരിപ്പിക്കുക.
- തദ്ദേശവാസികളെ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ തൊഴിൽ പരിശീലനങ്ങളും, തദ്ദേശവാസികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് സ്റ്റേക്ക് ഹോൾഡർമാർ എന്നിവർക്കാവശ്യമായ അവബോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.
- പൊതുജന പങ്കാളിത്തത്തോടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുക.

(സി) തിരുവനന്തപുരം ജില്ലയിലെ കോവളം-വർക്കല-പൊൻമുടി എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഹെലി ടൂറിസം പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഹെലി ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു കരട് ഹെലി ടൂറിസം നയം തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## സ്ട്രീറ്റ് പദ്ധതി

133 (1313) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സുസ്ഥിര ടൂറിസം പദ്ധതിയായ സ്ട്രീറ്റ് അന്താരാഷ്ട്രതലത്തിൽ പുരസ്കാരത്തിന് അർഹമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന ടൂറിസം വകുപ്പ് ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പാക്കുന്ന സുസ്ഥിര വിനോദ സഞ്ചാര വികസന പദ്ധതിയായ 'സ്ട്രീറ്റ് ' പദ്ധതിക്ക് അന്താരാഷ്ട്രതലത്തിൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്ത ടൂറിസം അവാർഡായ

‘വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്’’ 2022 - ൽ , 'സ്ട്രീറ്റ്' പദ്ധതിയുടെ ഭാഗമായി നടന്ന 'വാട്ടർ സ്ട്രീറ്റ്' പ്രവർത്തനങ്ങൾക്ക് ലോകത്തെ ഏറ്റവും മികച്ച ജലസംരക്ഷണത്തിലൂടെയുള്ള വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്കുള്ള അവാർഡ് (ഗ്ലോബൽ വിന്നർ) ലഭിച്ചു. WTM ലണ്ടനാണ് അവാർഡ് നൽകിയത്.

കോട്ടയം ജില്ലയിലെ മറവന്തുരുത്ത് ഗ്രാമപഞ്ചായത്തടക്കം നടത്തിയിട്ടുള്ള ജലസംരക്ഷണത്തിലൂന്നിയ വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്കാണ് ഈ അവാർഡ് ലഭിച്ചത്. മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളെ പ്രത്യേകമായി ശ്ലാഘിച്ചിട്ടുണ്ട്. ‘ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം അവാർഡ്’’ 2022-ൽ ഇന്ത്യൻ ഉപഭൂഖണ്ഡം വിഭാഗത്തിൽ 4 ഗോൾഡ് അവാർഡുകളും ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'വാട്ടർ സ്ട്രീറ്റ്' ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾക്ക് ലഭിച്ചിരുന്നു.

ന്യൂയോർക്ക് ടൈംസ് തയ്യാറാക്കിയ, 2023-ൽ ലോകത്ത് കണ്ടിരിക്കേണ്ട 52 സ്ഥലങ്ങളുടെ പട്ടികയിൽ കേരളത്തിന് 13-ാമത് സ്ഥാനം

ലഭിച്ചു. ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരാമർശവും ലഭിച്ചിട്ടുണ്ട്. കുമരകം, മറവന്തുരുത്ത്, വൈക്കം എന്നിവിടങ്ങളിലെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളാണ് ഈ പരാമർശം ലഭിക്കാൻ വഴിയൊരുക്കിയത്.

(ബി) ജലസംരക്ഷണം, പരിസ്ഥിതി പരിപാലനം എന്നീ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് സംസ്ഥാനം നടത്തുന്ന വിനോദസഞ്ചാര വികസന പദ്ധതികളെ ലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ജലസംരക്ഷണത്തിലൂന്നിയ വിനോദസഞ്ചാര പ്രവർത്തനങ്ങൾ 'സ്ട്രീറ്റ്' പദ്ധതിയുടെ ഭാഗമായാണ് നടപ്പാക്കി വരുന്നത്. 'സ്ട്രീറ്റ്' പദ്ധതിയുടെ ഭാഗമായ 'വാട്ടർ സ്ട്രീറ്റ്' എന്ന സങ്കൽപം അതിനെ അടിസ്ഥാനപ്പെടുത്തിയാണ് ചെയ്യുന്നത്. അതിന് വേൾഡ് ട്രാവൽ മാർട്ടിന്റെ ഗ്ലോബൽ അവാർഡ് ലഭിക്കുകയും ആയത് ലോക ശ്രദ്ധയിൽപ്പെടുകയും ചെയ്തിട്ടുണ്ട്

(സി) സ്ട്രീറ്റ് പദ്ധതി പ്രാദേശിക ജനതയ്ക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും കരകൗശല ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്തുന്നതിനും സഹായകമാണോ; വ്യക്തമാക്കുമോ?

സുസ്ഥിരവും ഉത്തരവാദിത്ത പൂർണ്ണവുമായ വിനോദസഞ്ചാരത്തിന് പ്രാധാന്യം നൽകുന്നതും വ്യക്തമായി കണ്ടറിയാനാവുന്നതും അനുഭവവേദ്യത ഉറപ്പാക്കുന്നതും പരമ്പരാഗത ജീവിത രീതികൾക്കും ഗ്രാമീണ ടൂറിസത്തിനും പ്രാധാന്യം നൽകുന്നതുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്ന ലക്ഷ്യത്തിലൂന്നിയതാണ് 'സ്ട്രീറ്റ് ' പദ്ധതി. പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഓരോ പദ്ധതിപ്രദേശത്തും സാദ്ധ്യതക്കനുസരിച്ച് ഗ്രീൻ സ്ട്രീറ്റ്, കൾച്ചറൽ സ്ട്രീറ്റ്, എത്തിക് ക്യൂസീൻ/ഫുഡ് സ്ട്രീറ്റ് , വില്ലേജ് ലൈഫ് എക്സ്പീരിയൻസ്/എക്സ്പീരിയൻഷ്യൽ ടൂറിസം സ്ട്രീറ്റ്, അഗ്രി ടൂറിസം സ്ട്രീറ്റ്, വാട്ടർ സ്ട്രീറ്റ്, ആർട്ട് സ്ട്രീറ്റ് എന്നിങ്ങനെ വിവിധ സ്ട്രീറ്റുകൾ നിലവിൽ വരും. കുറഞ്ഞത് 3 സ്ട്രീറ്റുകളെങ്കിലും പദ്ധതിയുടെ ഭാഗമായി ഓരോ പ്രോജക്ട്

ഏരിയയിലും നടപ്പാക്കപ്പെടുന്നു. പൂർണ്ണമായി പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കാൻ വിഭാവനം ചെയ്യുന്ന ഈ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങക്കൾക്കും തദ്ദേശവാസികൾക്കും വിനോദസഞ്ചാര പ്രക്രീയയിൽ മുഖ്യ പങ്ക് വഹിക്കാനാവുംവിധമാണ് നടപ്പാക്കപ്പെടുന്നത്. ഇതുവഴി പ്രാദേശിക ജനതയ്ക്ക് തൊഴിലും കരകൗശല ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്തുന്നതിനും സഹായകമാകുന്നു.

(ഡി) ചെറുകിട ടൂറിസം സംരംഭങ്ങളുടെയും പ്രാദേശിക ടൂറിസ്റ്റ് സ്പോട്ടുകളുടെയും വികസനത്തിന് സംസ്ഥാന സർക്കാർ നൽകുന്ന പ്രാധാന്യം കൂടുതൽ ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിൽ നിർണ്ണായകമായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന 'സ്ട്രീറ്റ്', 'പെപ്പർ', 'മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ' മുതലായ പദ്ധതികൾ ചെറുകിട ടൂറിസം സംരംഭങ്ങളുടെയും പ്രാദേശിക ടൂറിസ്റ്റ് സ്പോട്ടുകളുടെയും വികസനത്തിനും കൂടുതൽ ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും സഹായകമാകുന്നുണ്ട്. 'സ്ട്രീറ്റ്' പദ്ധതി

ആദ്യ ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കടലുണ്ടി, പാലക്കാട് ജില്ലയിലെ തൃത്താല, പട്ടിത്തറ, കണ്ണൂർ ജില്ലയിലെ പിണറായി, അഞ്ചരക്കണ്ടി, കോട്ടയം ജില്ലയിലെ മറവൻതുരുത്ത്, മാഞ്ചിറ,കാസർകോട് ജില്ലയിലെ വലിയപറമ്പ, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വയനാട് ജില്ലയിലെ ചേകാടി എന്നിങ്ങനെ 10 പ്രദേശങ്ങളിലാണ് നടപ്പാക്കിവരുന്നത്. 'സ്ട്രീറ്റ്' പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ മറവൻതുരുത്ത് പഞ്ചായത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ളവയാണ്.

'പെപ്പർ' പദ്ധതിയിൽ വിവിധ ഘട്ടങ്ങളിലായി വൈക്കത്തെ 10 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ 34 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

'മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ' പേര് സൂചിപ്പിക്കുന്നതുപോലെ അനുകരണീയമായ വിധത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നവിധത്തിൽ ഗ്രാമങ്ങളെ വളർത്തിക്കൊണ്ടുവരുന്ന പദ്ധതിയാണിത്. കോട്ടയം ജില്ലയിലെ അയ്മനം,

തിരുവാർപ്പ് പഞ്ചായത്തുകളിലും കണ്ണൂർ ജില്ലയിലെ കോൾതുരുത്തി, പാമ്പുരുത്തി, മലപ്പട്ടം, തെക്കുമ്പാട്, ഏഴോം പ്രദേശങ്ങളും, കാസറഗോഡ് ജില്ലയിലെ വലിയ പറമ്പ, പാലക്കാട് ജില്ലയിലെ വെള്ളിനേഴി, പെരുവെമ്പ പ്രദേശങ്ങളും, തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി പ്രദേശവും, കോഴിക്കോട് ജില്ലയിലെ കടലുണ്ടി, ഒളവണ്ണ പ്രദേശവുമാണ് പദ്ധതി നടത്തിപ്പിനായി പ്രാരംഭ ഘട്ടത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത്.

**വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി**

134 (1314) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-03-2017-ൽ വിനോദസഞ്ചാര വകുപ്പ് 160/2017 നമ്പർ സർക്കാർ ഉത്തരവുപ്രകാരം 4.5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന ഘടകങ്ങളെ ഒഴിവാക്കി നിലവിലെ നിർവ്വഹണ ഏജൻസിയെ മാറ്റി പുതിയ ഏജൻസിയെ നിശ്ചയിച്ച് പദ്ധതിയുമായി മുന്നോട്ട് പോകാനുള്ള തീരുമാനം നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി നിശ്ചയിച്ചിട്ടുള്ള ഏജൻസി ഏതെന്നും ഇതിനായി ഏജൻസി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ?

(എ-സി) 25-03-2017-ലെ സ. ഉ. (സാധാ.) 160/2017/ടൂറിസം നമ്പർ സർക്കാർ ഉത്തരവുപ്രകാരം 4.50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച Development of Beach Corridor at Vypin Island in Ernakulam District എന്ന പദ്ധതിയുടെ നിർവഹണ ഏജൻസിയായി ഹാർബർ എൻജിനീയറിംഗ് വിഭാഗത്തെ നിശ്ചയിച്ചിരുന്നു. പദ്ധതി നിർവഹണം കാര്യക്ഷമമല്ലെന്ന വിലയിരുത്തലിനെ തുടർന്നും പല ഘടകങ്ങൾക്കും തീരദേശ പരിപാലന നിയമ (CRZ) പ്രകാരമുള്ള അനുമതി ലഭ്യമാവാത്തതിനാലും പദ്ധതിയുടെ

ഇതുവരെയുള്ള പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാനും CRZ അനുമതി ആവശ്യമില്ലാത്ത ഘടകങ്ങളുൾപ്പെടുത്തി പുതിയ പ്രൊപ്പോസൽ തയാറാക്കാനും കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനിക്ക് (KEL) നിർദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം KEL സമർപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കും.

**സാഹസിക ടൂറിസം**

135 (1315) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ എം നൗഷാദ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാഹസിക ടൂറിസത്തിന് പ്രാധാന്യം നൽകി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; സാഹസിക പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നതിന് പഠന പരിശീലന

കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സോഫ്റ്റ് അഡ്വെഞ്ചർ പാർക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് സാഹസിക ടൂറിസത്തിന് പ്രാധാന്യം നൽകി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ മാറാട്ടുനിന്നും ഗോദീശ്വരത്തുനിന്നുമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ 10 യുവാക്കൾക്ക് കോവളത്തും വർക്കലയിലുമായി മൂന്നുമാസം നീണ്ടുനിന്ന സർഫിംഗ് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കി അന്താരാഷ്ട്ര സർഫിംഗ് അസോസിയേഷന്റെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ യുവാക്കളുടെ നേതൃത്വത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ മേൽനോട്ടത്തിലുള്ള ആദ്യ സർഫിംഗ് അക്കാദമി നിലവിൽ ഗോദീശ്വരം ബീച്ചിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം ആക്കുളം പാർക്കിലും വാഗമൺ അഡ്വഞ്ചർ പാർക്കിലും ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സോഫ്റ്റ് അഡ്വഞ്ചർ പാർക്കുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) അന്താരാഷ്ട്ര നിലവാരത്തിലുള്ള ജല സാഹസിക ടൂറിസം പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ജല സാഹസിക ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. കോഴിക്കോട് ഗോദീശ്വരം ബീച്ചിൽ സാഹസിക അക്കാദമി തുടങ്ങിയത് ഇതിന്റെ ഭാഗമായാണ്. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കയാക്കിംഗ് ഉൾപ്പെടെ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കടൽത്തീരമുള്ള 9 ജില്ലകളിലും കടലിലേയ്ക്ക് നീളുന്ന ഫ്ലോട്ടിംഗ് ബ്രിഡ്ജ് സജ്ജമാക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. നിലവിൽ കോഴിക്കോട് ജില്ലയിൽ ഇരുവഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലും മലബാർ റിവർ ഫെസ്റ്റിവൽ എന്ന പേരിൽ നിരവധി വിദേശ രാജ്യങ്ങളിൽനിന്നുള്ള അന്താരാഷ്ട്ര കയാക്കർമാർ മാറ്റുരയ്ക്കുന്ന ജല സാഹസിക മേള എല്ലാ വർഷവും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ റ്റി.പി.എസ്.) യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതിനുപുറമെ ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് എല്ലാ

വർഷവും ഡിസംബർ മാസത്തിൽ സംഘടിപ്പിച്ചുവരുന്നു. ഈ വർഷം വേൾഡ് സർഫിംഗ് അസോസിയേഷന്റെ സഹകരണത്തോടെ വർക്കലയിൽ അന്തർദേശീയ സർഫിംഗ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്ന കാര്യവും പരിഗണനയിലാണ്.

**ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതി**

136 (1316) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്ന പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽനിന്നും ക്രമപ്രകാരം എവിടെ നിന്നെല്ലാം അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്ന പദ്ധതിപ്രകാരം തിരുവമ്പാടി മണ്ഡലത്തിലെ മുക്കം മുൻസിപ്പാലിറ്റിയിൽനിന്നും ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ത്രികൂടമന്ന തീർത്ഥാടന ടൂറിസം എന്ന പദ്ധതിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

വിശദമായ പദ്ധതി രൂപരേഖ പരിശോധനയിലാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കേണ്ടത് പ്രസ്തുത പഞ്ചായത്താണ്.

**പാലാ മണ്ഡലത്തിൽ ടൂറിസ്റ്റ് ഗൈഡൻസ് സെന്റർ**

137 (1317) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ ഗ്രീൻ ടൂറിസം പദ്ധതി, ടൗൺ ബ്യൂട്ടിഫിക്കേഷൻ പദ്ധതി എന്നിവ പ്രവർത്തനക്ഷമമാക്കി ടൂറിസ്റ്റ് ഗൈഡൻസ് സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതിയിലെ 22 ഘടകങ്ങളിൽ 8 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ പാലാ ബ്യൂട്ടിഫിക്കേഷൻ പദ്ധതി എന്ന ഘടകത്തിന്റെ ഭാഗമായി നിർമ്മിച്ച കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത് ലഭിക്കുന്നമുറയ്ക്ക് കെട്ടിടം പ്രവർത്തനക്ഷമമാക്കാവുന്നതാണ്. പ്രസ്തുത കെട്ടിടത്തിൽ ടൂറിസ്റ്റ് ഗൈഡൻസ് സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ ടൂറിസ്റ്റുകൾ വർദ്ധിച്ച സാഹചര്യത്തിൽ പ്രസ്തുത സെന്റർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**പൈതൃക ടൂറിസം പദ്ധതി**

138 (1318) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എ. രാജ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിനുശേഷം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിനുശേഷം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2020, 2021, 2022, വർഷങ്ങളിൽ കേരളം സന്ദർശിച്ച ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം യഥാക്രമം 49,88,972, 75,37,617, 1,88,67,414 ആണ്. കോവിഡിനുമുമ്പുള്ള 2019 വർഷത്തെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തെക്കാൾ 2.63% അധികം ആഭ്യന്തര വിനോദസഞ്ചാരികൾ 2022–ൽ കേരളം സന്ദർശിച്ചിട്ടുണ്ട്.

(ബി) ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ആകർഷിക്കാൻ വിവിധ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- ആഭ്യന്തര ടൂറിസ്റ്റുകളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധങ്ങളായ പ്രചാരണ പദ്ധതികൾ സംഘടിപ്പിച്ചുവരുന്നു.
- 'ചെയ്ഞ്ച് ഓഫ് എയർ' എന്ന തീമിനെ അടിസ്ഥാനമാക്കി വിഷ്വൽ മീഡിയകളുടെയും പ്രിന്റ് മീഡിയകളിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയുമാണ് ഈ ക്യാമ്പയിനുകൾ നടപ്പിലാക്കിയത്.

**<u>പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ</u>**

1. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ ഇൻ ഒ.റ്റി.റ്റി. ചാനൽ
2. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എഫ്.എം. റേഡിയോ ആൻഡ് മ്യൂസിക് സ്ട്രീമിംഗ് ചാനൽസ്.
3. പോസ്റ്റ് കോവിഡ് ക്യാമ്പയിൻ-നാഷണൽ ടിവി
4. പോസ്റ്റ് കോവിഡ് ഓൺലൈൻ ആഡ് ക്യാമ്പയിൻ

5. പോസ്റ്റ് കോവിഡ് സോഷ്യൽ മീഡിയ ടാക്ടിക്കൽ ക്യാമ്പയിൻ

തദ്ദേശീയരെ ലക്ഷ്യമാക്കി 'കേരളം കാണാം' എന്ന ക്യാമ്പയിൻ സാമൂഹിക മാധ്യമങ്ങൾകൂടി ആവിഷ്കരിച്ച് നടപ്പിലാക്കി. കൂടാതെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വഴി 'വിർച്വൽ ടൂർ' ക്യാമ്പയിൻ നടത്തുകയും ചെയ്തു.

മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള സഞ്ചാരികളെ ലക്ഷ്യമാക്കി വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ, ഹണിമൂൺ, ഡ്രൈവ് ഹോളിഡെയ്സ് എന്നീ ക്യാമ്പയിനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ത്യയിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിപ്പിക്കുകയും അവർ മുഖേന സമൂഹമാധ്യമങ്ങളിൽ പ്രചാരണം നടത്തുകയും ചെയ്തു.

കോവിഡ് മഹാമാരിമൂലമുണ്ടായ യാത്രാനിയന്ത്രണങ്ങൾ നീക്കംചെയ്തതിനുശേഷം യാത്ര ചെയ്യാൻ ഏറ്റവും സുരക്ഷിതമായ സ്ഥലമാണ് കേരളം എന്ന വസ്തുത ശക്തിപ്പെടുത്തുന്നതിനായി 'പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ' സാമൂഹിക മാധ്യമങ്ങളിലൂടെയും ഡിജിറ്റൽ

മീഡിയ വഴിയും നടത്തിവരുന്നു. കേരളത്തിലേയ്ക്കുള്ള അവധിക്കാല യാത്രകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആഭ്യന്തര വിപണികളിൽ ഒന്നാമതെത്തുന്നതിനും 'പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും' നടത്തിവരികയാണ്.

സംസ്ഥാനത്ത് മൺസൂൺ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കാലാകാലങ്ങളിൽ വിവിധങ്ങളായ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചുവരാറുണ്ട്. "ഓഫ് സീസൺ/ഡ്രീം സീസൺ" ക്യാമ്പുകളെ പരമാവധി പ്രയോജനപ്പെടുത്തി മൺസൂൺ ടൂറിസത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ നടന്നുവരുന്ന പോസ്റ്റ് കോവിഡ് ക്യാമ്പയിനുകളും മൺസൂൺ സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ആവിഷ്കരിച്ചിരിക്കുന്നത്.

നൂതനവും കാലികവുമായ പ്രചരണ പരിപാടികളും കോവിഡിനുശേഷം സംസ്ഥാനം സഞ്ചാരികൾക്ക് സുരക്ഷിതമാണെന്ന നിലയിലുള്ള പ്രചരണപരിപാടികളും സംഘടിപ്പിച്ചുവരുന്നു.

**കാരവൻ ടൂറിസം**

നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

**മൊബൈൽ ആപ്പ്**

സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുന്ന രീതിയിൽ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കി വരുന്ന പൈതൃക ടൂറിസം പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിനോദസഞ്ചാര മേഖലകളിൽ പൈതൃക ടൂറിസത്തിന് പ്രാധാന്യം മനസ്സിലാക്കിക്കൊകൊണ്ട് മുസിരീസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക ടൂറിസം പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**കാരവൻ ടൂറിസം**

139 (1319) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരവൻ ടൂറിസം പദ്ധതിയുടെ ഭാഗമായ സംരംഭകർ പ്രതിസന്ധി നേരിടുന്നതായ മാധ്യമ റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) കാരവൻ ടൂറിസം ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള പദ്ധതികളാണ് ടൂറിസം വകുപ്പ് സ്വീകരിക്കുന്നത്. കാരവൻ സബ്സിഡി ഏർപ്പെടുത്തിയും കാരവനുകൾക്ക് നികുതിയിളവ് നൽകിയും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാരവൻ ടൂറിസവും കാരവൻ പാർക്കും സ്ഥാപിക്കാനെത്തുന്ന സംരംഭകരുമായി ചർച്ച ചെയ്ത് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും.

**ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനം**

140 (1320) ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ, സ്വദേശ ടൂറിസ്റ്റുകളെ ആകർഷിക്കുംവിധം സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ സൗന്ദര്യവും സൗകര്യവും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് പ്രത്യേക പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ; കോവളം ഡെസ്റ്റിനേഷന്റെ പ്രൗഢി വർദ്ധിപ്പിക്കാനുതകുന്ന പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് എത്തിച്ചേരുന്ന വിദേശ, സ്വദേശ ടൂറിസ്റ്റുകളെ ആകർഷിക്കുംവിധം സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ സൗന്ദര്യവും സൗകര്യവും സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. കോവളം വിനോദ സഞ്ചാരകേന്ദ്രത്തിൽ നിരവധി ടൂറിസം പദ്ധതികൾ നടപ്പിലാക്കി

വരുന്നുണ്ട്. കോവളം ഡെസ്റ്റിനേഷന്റെ പ്രൗഢി വർദ്ധിപ്പിക്കുന്നതിനായി KIIFB Consultancy Service Unit തയ്യാറാക്കിയ "കോവളം ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്" എന്ന പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷൻ ലഭിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ടോ; ഇതിലൂടെ ടൂറിസം മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. ഒഴിവാക്കിയതുവഴി വളരെ എളുപ്പത്തിൽ ഹോംസ്റ്റേ സംരംഭകർക്ക് ക്ലാസിഫിക്കേഷൻ ലഭിക്കാൻ കഴിയുന്നു. അതുവഴി ഹോംസ്റ്റേകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയും വിനോദസഞ്ചാരികൾക്ക് എളുപ്പത്തിൽ താമസസൗകര്യം ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്.

## തീർത്ഥാടന ടൂറിസം

141 (1321) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ പഴശ്ശി രാജവംശവുമായി ബന്ധപ്പെട്ട പഴശ്ശി കോവിലകത്തിനടുത്തുള്ള തൃക്കൈക്കുന്ന് മഹാദേവ ക്ഷേത്രം കേന്ദ്രമാക്കി തീർത്ഥാടന ടൂറിസം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) തൃക്കൈക്കുന്ന് മഹാദേവ ക്ഷേത്രത്തിലെ ചിരപുരാതനവും അത്യപൂർവ്വവുമായ ശില്പങ്ങളടങ്ങിയ നമസ്കാര മണ്ഡപം ഉൾപ്പെടെയുള്ളവ സംരക്ഷിച്ച് നിലനിർത്താനും തീർത്ഥാടകർക്ക് ഇടത്താവള സൗകര്യം ഏർപ്പെടുത്താനും പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഏറ്റവും വലുപ്പമേറിയ ക്ഷേത്രച്ചിറകളിലൊന്നായ കോട്ടയം ചിറയ്ക്ക് ചുറ്റും നടപ്പാത, ദീപവിതാനം, ഔഷധസസ്യ ഉദ്യാനം,

ഇരിപ്പിടം എന്നിവയൊരുക്കി സൗന്ദര്യവൽക്കരിക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ; വിശദമാക്കുമോ?

(എ-സി) പരിശോധിക്കാവുന്നതാണ്.

**മലബാർ മേഖലയിലെ ടൂറിസം വികസനം**

142 (1322) <u>ഡോ. എം. കെ. മുനീർ:</u>
<u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.

- മലബാറിനെ ടൂറിസം ഭൂപടത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആസൂത്രിത വികസനത്തിനായി ഒരു പ്രത്യേക ഉദ്യോഗസ്ഥന് ചുമതല

നൽകിയിട്ടുണ്ട്. KTIL MD ഡോ. മനോജ് കെ.-യെ ഏകോപന ചുമതല ഏൽപ്പിച്ചു.

- സംസ്ഥാനത്തേക്കുള്ള ആഭ്യന്തര സഞ്ചാരികളുടെ വരവിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൻ കുതിച്ചുചാട്ടം ഉണ്ടായി. വയനാട്, മലപ്പുറം ജില്ലകൾ ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ സർവ്വകാല റെക്കോർഡിൽ എത്തി. വയനാട്ടിലെ വർക്കേഷൻ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ചു. ബേക്കലിൽ BRDC-ക്ക് കീഴിലുള്ള പദ്ധതികൾ പുനരാരംഭിച്ചു. കാസർഗോഡ് ജില്ലയിൽ എയർ സ്ട്രിപ് സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ചാമ്പ്യൻസ് ബോട്ട് ലീഗ് ഇതാദ്യമായി മലബാറിലേക്കും വ്യാപിപ്പിച്ചു. ചാലിയാറിൽ ചെറുവള്ളങ്ങളുടെ മത്സരം സംഘടിപ്പിച്ചു. ടൂറിസം വകുപ്പ് തയ്യാറാക്കിയ ലിറ്ററി സർക്യൂട്ടിൽ ബേപ്പൂർ മുതൽ തൃത്താല വരെ സാഹിത്യ പ്രതിഭകളുടെ മണ്ണിലൂടെ ടൂറിസം സർക്യൂട്ട് വികസിപ്പിക്കാനുള്ള പദ്ധതി ആരംഭഘട്ടത്തിലാണ്. സ്പൈസസ് റൂട്ട്, പൈതൃക പദ്ധതികൾ

പൊന്നാനി, ബേപ്പൂർ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ആലോചിക്കുന്നുണ്ട്. ജലടൂറിസത്തിന്റെ സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സംഘടിപ്പിച്ച ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് ലോകശ്രദ്ധ ആകർഷിച്ചു. ബേക്കൽ ബീച്ച് ഫെസ്റ്റിവലും പ്രധാന ടൂറിസം ആകർഷണമായി മാറി. ജലസാഹസിക ടൂറിസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന മലബാർ റിവർ ഫെസ്റ്റ് പുനരാരംഭിച്ചു. അന്തർദ്ദേശീയ കയാക്കിംഗ് താരങ്ങളാണ് ഫെസ്റ്റിൽ പങ്കെടുത്തത്.

ഇതു കൂടാതെ താഴെ പറയുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്.

1. മലനാട് - മലബാർ റിവർ ക്രൂയിസ് പദ്ധതി
2. ബാലുശ്ശേരി ഹെറിറ്റേജ് പദ്ധതി
3. ധർമ്മടം -മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസനം
4. മലബാർ ലിറ്ററി സർക്യൂട്ട്

5. ബേപ്പൂരിന്റെ ബീച്ച് ടൂറിസം വികസനത്തിനായുള്ള ബേപ്പൂർ & ബിയോണ്ട് ടൂറിസം പദ്ധതി

6. വൈക്കം മുഹമ്മദ് ബഷീർ സ്മാരകം, ബേപ്പൂർ

7. പഴശ്ശി-പടിയൂർ എക്കോ ടൂറിസം പദ്ധതി

8. കണ്ണൂർ നാറാത്ത് പഞ്ചായത്തിലെ പുല്ലൂപ്പി ടൂറിസം പദ്ധതി

9. കണ്ണൂർ മയ്യിൽ പഞ്ചായത്തിലെ മുല്ലക്കൊടി ടൂറിസം പദ്ധതി

(ബി) അന്താരാഷ്ട്ര ടൂറിസം മാപ്പിൽ മലബാർ മേഖല കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

അന്താരാഷ്ട്ര ടൂറിസം മേഖലയിൽ മലബാർ മേഖലയെ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് നടപ്പാക്കി വരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ വിവിധ മാർക്കറ്റിംഗ് ഉപാധികളിൽ മലബാർ മേഖലകളിലെ തനതായ കലാ-സാംസ്കാരിക വൈവിധ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ ആഘോഷങ്ങളും ഉത്സവങ്ങളും മലബാറിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ബേക്കൽ, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്, ബേപ്പൂർ തുടങ്ങിയ സ്ഥലങ്ങൾ പുതുവത്സരവുമായി

ബന്ധപ്പെട്ട് വമ്പിച്ച സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. നിലവിൽ ബേക്കൽ ഫോർട്ട്, കണ്ണൂർ ഫോർട്ട് തുടങ്ങിയ ചരിത്രസ്മാരകങ്ങൾ അന്താരാഷ്ട്ര ടൂറിസം മേഖലയിൽ പ്രചാരം നേടിയിട്ടുണ്ട്.

(സി) മലബാറിലെ വിവിധ ജലാശയങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് 58.06 കോടി രൂപയുടെയും കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ച് 80.37 കോടി രൂപയുടെയും വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ ഇൻ ലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റും കേരള ഇലക്ട്രിക്കൽ ആന്റ് അലൈയ്ഡ് ലി. (കെൽ) ഉം ആണ്.

സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ 17 പദ്ധതികളിൽ 14 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു+.

കേന്ദ്ര ഫണ്ട് (സ്വദേശ് ദർശൻ) ഉപയോഗിച്ച് ഇൻലാൻറ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കിയ 27 പ്രവൃത്തികളിൽ 12 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു+.

M/s. KEL മുഖാന്തരം നടപ്പിലാക്കിയ 20 പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു+.

**കലശമല എക്കോ ടൂറിസം പദ്ധതി**

143 (1323) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കലശമല എക്കോ ടൂറിസം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കലശമല ഇക്കോടൂറിസം പദ്ധതിയുടെ വിപുലീകരണത്തിന് സ്ഥലം ഏറ്റെടുക്കാനായി 02-11-2019-ലെ സ. ഉ. (സാധാ.) 376/2019/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠനവും പൂർത്തിയായി. ഈ പഠന റിപ്പോർട്ട് വിലയിരുത്താനുള്ള വിദഗ്ദ്ധ സമിതി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്.

**ടൂറിസം രംഗത്ത് അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ**

144 (1324) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും കൂടുതൽ ടൂറിസം വളർച്ച കൈവരിച്ച സംസ്ഥാനം എന്ന നിലയിൽ ടൂറിസം രംഗത്ത് അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ജന സൗഹൃദമാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചുവരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, വേളി, ധർമ്മടം മുഴപ്പിലങ്ങാട് ബീച്ച്, ബേക്കൽ, ബേപ്പൂർ, കുമരകം, മൂന്നാർ തുടങ്ങിയ കേന്ദ്രങ്ങളിൽ മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു. ഇതുപ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകും വിധം ബാരിയർ ഫ്രീ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കി വരുന്നു.

(ബി) എല്ലാ ടൂറിസം കേന്ദ്രങ്ങളിലും വിവിധ മേഖലകളെ ഏകോപിപ്പിച്ചുകൊണ്ട് ശുചിത്വം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസുകാരുടെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റ് ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കിവരികയാണ്. തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറാ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകൾ എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായുള്ള ക്ലീൻ ഡെസ്റ്റിനേഷൻ എന്ന പദ്ധതി വഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖാന്തരം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം നടത്തിവരുന്നുണ്ട്. ഇതിനുപുറമേ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വം വഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളിൽ

ശേഖരിച്ച് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ്. (Material Collection Facility)-ൽ എത്തിച്ചുനൽകുന്ന ഒരു പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം 36 കേന്ദ്രങ്ങളിൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ 14 വിനോദസഞ്ചാര കേന്ദ്രങ്ങളിലേയും നേര്യമംഗലം മുതൽ മൂന്നാർ വരെയുള്ള ദേശീയ പാതയോരങ്ങളിലേയും മാലിന്യ നിർമ്മാർജ്ജനം M/s Exclean Pvt. Ltd. എന്ന സ്ഥാപനം വഴി ഇടുക്കി ഡി.ടി.പി.സി. നടപ്പാക്കി വരുന്നുണ്ട്.

**വിനോദസഞ്ചാര മേഖല പുനരുജ്ജീവിപ്പിക്കാൻ നടപടി**

145 (1325) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. മുകേഷ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിൽ തകർന്ന വിനോദസഞ്ചാര മേഖലയെ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഈ സാമ്പത്തിക വർഷം

നാളിതുവരെ സംസ്ഥാനത്ത് എത്ര ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾ എത്തി എന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ;

കോവിഡ് മഹാമാരി വിനോദസഞ്ചാര മേഖലയെ ഗുരുതരമായിട്ടാണ് ബാധിച്ചത്. എന്നാൽ സർക്കാർ നടപ്പാക്കിയ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി വിനോദസഞ്ചാര മേഖലയിലെ പ്രയാസങ്ങളെ അതിജീവിച്ച് വളർച്ചയുടെ പാതയിലേക്ക് തിരികെയെത്തിക്കാൻ കഴിഞ്ഞു. 2021-ൽ 75,37,617 ആഭ്യന്തര വിനോദസഞ്ചാരികളും 60,487 വിദേശ വിനോദസഞ്ചാരികളും കേരളം സന്ദർശിച്ച സ്ഥാനത്ത് 2022-ൽ യഥാക്രമം 1,88,67,414 ആഭ്യന്തര വിനോദസഞ്ചാരികളും 3,45,549 വിദേശ വിനോദ സഞ്ചാരികളും കേരളം സന്ദർശിച്ചു. ഈ സാമ്പത്തിക വർഷം നാളിതുവരെ (2022 ഏപ്രിൽ മുതൽ 2022 ഡിസംബർ വരെ) സംസ്ഥാനത്ത് എത്തിയ ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളുടെ എണ്ണം അനുബന്ധം (I ഉം II ഉം) ആയി യഥാക്രമം ഉള്ളടക്കം ചെയ്യുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്തിന്റെ ജനകീയ വിനോദസഞ്ചാര പ്രവർത്തനങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ നിരവധി അംഗീകാരം ലഭിച്ച സാഹചര്യത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ;

സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാനും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനുമായി നിലവിലെ ഉത്തരവാദിത്ത ടൂറിസം മിഷനെ ഒരു സ്വതന്ത്ര സംവിധാനം (Responsible Mission Society) ആക്കി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. ഘട്ടം ഘട്ടമായി കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ലോകത്തിനുതന്നെ മാതൃകയായ കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആഗോള ശ്രദ്ധ ആകർഷിക്കുന്നതിനും അതിലൂടെ സംസ്ഥാനം വിനോദസഞ്ചാര രംഗത്ത് മുന്നേറ്റങ്ങൾ സൃഷ്ടിക്കുന്നതിനുമായി ആദ്യത്തെ

ഉത്തരവാദിത്ത ടൂറിസം ആഗോള ഉച്ചകോടി 2023 ഫെബ്രുവരി 25 മുതൽ 28 വരെ കേരളത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാര മേഖലയിൽ വിവിധ സംരംഭങ്ങൾ ആരംഭിക്കാൻ പരിശീലനം, മാർക്കറ്റിംഗ്, മറ്റ് പിന്തുണ സംവിധാനങ്ങൾ എന്നിവ നൽകി സാധാരണക്കാരിലേക്ക് വിനോദസഞ്ചാരത്തിന്റെ സദ്ഫലങ്ങൾ ലഭ്യമാക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം സൊസൈറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത്തരത്തിൽ സൊസൈറ്റി രൂപീകരിക്കുന്നതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

13-01-2023-ലെ സ.ഉ.(കൈ) നം. 2/2023/TSM ഉത്തരവ് പ്രകാരം ഉത്തരവാദിത്ത ടൂറിസം സൊസൈറ്റി രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയായി മാറുന്നതോടെ വിനോദസഞ്ചാര വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു പ്രത്യേക സ്ഥാപനമായി മാറും. സ്വതന്ത്ര സ്വഭാവത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി മാറുന്നതോടെ കൂടുതൽ പദ്ധതികളും പ്രവർത്തനങ്ങളും

നടപ്പിലാക്കുവാനും യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം ഉൾപ്പെടെ നൽകികൊണ്ട് പ്രവർത്തനങ്ങളെ ഉയർത്തികൊണ്ടുവരുവാൻ സാധിക്കും. ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി ആകുന്നതോടെ പ്രാദേശിക ജനങ്ങൾക്കുണ്ടാകുന്ന പ്രധാന ഗുണങ്ങൾ ചുവടെ ചേർക്കുന്നു:

ഇതുവരെ സർക്കാർ ഫണ്ട് മാത്രം പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ട് പോയിരുന്നത്. എന്നാൽ സൊസൈറ്റിയായി മാറുന്നതോടെ മറ്റ് ഏജൻസികൾ, സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കുവാൻ സാധിക്കും.

മറ്റു പ്രദേശങ്ങളിൽ നിലവിലുള്ള മാതൃകാപരവും അനുകരണീയവുമായ പ്രവർത്തനങ്ങൾ കണ്ടുമനസിലാക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമുകൾ പോലുള്ളവ നടപ്പിലാക്കുവാൻ മറ്റ് പ്രദേശങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ സാധിക്കും. ഇത് സാധാരണക്കാരായ ജനങ്ങളുടെ വിനോദസഞ്ചാര രംഗത്തുള്ള

ഇടപെടലുകൾക്ക് കൂടുതൽ സാധ്യത തുറന്നുകൊടുക്കുകയും പ്രവർത്തനങ്ങൾക്ക് കൂടുതൽ ഗുണമേന്മ, വേഗത, വൈവിധ്യം എന്നിവ കൈവരിക്കുവാൻ സഹായകരവുമായിരിക്കും.

ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയായി മാറുന്നതോടെ നിലവിലെ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകാനും യൂണിറ്റുകൾ ആരംഭിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും സാധിക്കും.

മിഷൻ സൊസൈറ്റി ആയി സ്വതന്ത്രമാകുന്നതോടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും കൂടുതൽ ആളുകളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും സാധിക്കും. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നത് കൂടുതൽ വേഗത്തിൽ നടപ്പിലാക്കാൻ സൊസൈറ്റി നിലവിൽ വരുന്നതോടെ സാധിക്കും.

വിവിധ സ്ഥാപനങ്ങളിൽനിന്നുള്ള സി.എസ്.ആർ. ഫണ്ട് സ്വീകരിക്കാനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാനും അതിലൂടെ കൂടുതൽ ഗുണഭോക്താക്കളിലേയ്ക്ക് പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും സാധിക്കും.

ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയായി മാറുന്നതോടെ സൊസൈറ്റിക്ക് കീഴിലുള്ള യൂണിറ്റുകളുടെ ഉൽപ്പാദന, സംഭരണ, വിതരണ മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അതുവഴി ടൂറിസത്തിൽ നിന്നുള്ള പ്രാദേശിക വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

ടൂറിസം രംഗത്ത് കൂടുതൽ മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി രൂപീകരണം വഴി സാധിക്കും.

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നമ്മുടെ നാടിന്റെ സാംസ്കാരിക തനിമ, പാരമ്പര്യ കലാ രൂപങ്ങൾ, പരമ്പരാഗത ഉപജീവന പ്രവർത്തനങ്ങൾ എന്നിവയെല്ലാം വിനോദസഞ്ചാരത്തിലൂടെ വീണ്ടെടുക്കുകയും നിലനിർത്തുകയും ചെയ്യുക എന്നുള്ളത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഒരു പ്രധാന ദൗത്യമാണ്. സൊസൈറ്റി രൂപീകരണത്തിലൂടെ ഈ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് ആവശ്യമായ സഹായങ്ങൾ നൽകി ഒരു ശൃംഖല രൂപീകരിക്കുകയും സൊസൈറ്റിക്ക് കീഴിൽ പ്രവർത്തിപ്പിക്കാനും സാധിക്കും.

ടൂറിസം രംഗത്തുള്ള അസംഘടിതരായ പ്രാദേശിക ജനങ്ങൾക്ക് ഉത്തരവാദിത്ത ടൂറിസം സൊസൈറ്റിയുടെ കീഴിൽ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നതോടെ ഒരു സംഘടിത സ്വഭാവം കൈവരുകയും കൂട്ടായ്മയിൽ പ്രവർത്തിക്കാവാൻ സാധിക്കുകയും ചെയ്യും.

പാരിസ്ഥിതിക സംരക്ഷണം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ/ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏറ്റെടുത്ത് നടത്തുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിക്ക് സാധിക്കുമെന്നതിനാൽ പ്രാദേശികമായി തൊഴിൽ സാദ്ധ്യതകൾ വർദ്ധിക്കുന്നതിനും ഇടയാക്കും.

ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നതും എന്നാൽ യാതൊരു വിധ ലൈസൻസോ അനുമതിയോ ഇല്ലാതെ പ്രവർത്തിക്കുന്ന നിരവധി പ്രാദേശിക സംരംഭങ്ങൾക്കെല്ലാം ഒരു സ്റ്റാന്റൈഡേസേഷൻ ഏർപ്പെടുത്തികൊണ്ട് അനുമതി ലഭ്യമാക്കുവാൻ ഉത്തരവാദിത്ത ടൂറിസം സൊസൈറ്റിക്ക് സാധിക്കും.

നിലവിൽ രൂപപ്പെടുത്തിയെടുത്ത വിവിധ പ്രവർത്തന മാതൃകകൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കാനും പദ്ധതി പ്രവർത്തനങ്ങൾ സുസ്ഥിരമായി മുന്നോട്ടുകൊണ്ടുപോകാനും കഴിയും.

പ്രാദേശിക തൊഴിൽ വർദ്ധിപ്പിക്കുന്നതിനായി, ടൂറിസം ഇൻഡസ്ട്രിക്ക് ആവശ്യമായ ഉൽപ്പന്ന, സേവന മേഖലകളിൽ പ്രദേശവാസികൾക്ക് ആവശ്യമായ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കുന്ന മുറക്ക് ടൂറിസം ഇൻഡസ്ട്രിയുമായി ലിങ്ക് ചെയ്ത് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുന്ന തരത്തിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിക്ക് സാധിക്കും.

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഏറ്റവും കുറഞ്ഞത് 5 ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റ് എന്ന നിലയിൽ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ എല്ലാ പ്രദേശത്തും ടൂറിസത്തിന് ഒരു കോൺടാക്റ്റ് പോയിൻറ് ഉണ്ടാക്കിയെടുക്കാൻ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി വഴി ലക്ഷ്യമിടുന്നു.

ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി യൂണിറ്റുകളുടെ ഉൽപ്പന്ന സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഒരു കേന്ദ്രീകൃത പേയ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നത് വഴി യൂണിറ്റുകൾക്ക് പേയ്മെന്റ് തുക ലഭിക്കാത്ത സാഹചര്യം ഒഴിവായി കിട്ടും.

**വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം**

46 (1326) ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന് ലഭിച്ച ദേശീയ, അന്തർദ്ദേശീയ പുരസ്കാരങ്ങൾ, അംഗീകാരങ്ങൾ എന്നിവ വിശദമാക്കാമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജന സൗഹൃദമാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. നിലവിലുള്ള പ്രധാന

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകും വിധം ബാരിയർ ഫ്രീ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി" പ്രകാരം കുടുംബശ്രീ മുഖാന്തരം മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും മികച്ച ശുചിത്വ നിലവാരം ഉറപ്പ് വരുത്തുന്നതിനായി 'ഗ്രീൻ കാർപെറ്റ്' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിപാലന ചുമതല ടൂറിസം ക്ലബുകളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ സുരക്ഷിതമാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. സർക്കാരിന്റെ പൊതുകാഴ്ചപ്പാടിന്റെ ഭാഗമായി പരിശീലനം ലഭിച്ച 184 വിനോദസഞ്ചാര പോലീസുകാരെ കേരളത്തിലെ 14 ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്. കൂടാതെ വിനോദസഞ്ചാര പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റ് ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

കേരളത്തെ അതിവേഗം അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരം ഒരുക്കുന്ന 'മായാ’വാട്സാപ്പ് ചാറ്റ് ബോട്ട് സേവനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ലോകത്ത് എവിടെയും ഉള്ള സഞ്ചാരികൾക്ക് അനായാസം

നമ്മുടെ നാടിനെ കുറിച്ച് കൂടുതൽ മനസിലാക്കാനും യാത്രാ വിവരങ്ങൾ ചോദിച്ച് അറിയാനും ഉള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന നൂതന വെർച്വൽ അസിസ്റ്റൻറ് ആണ് 'മായ'. ഇതുകൂടാതെ കേരളാ ടൂറിസത്തെ കുറിച്ച് കൂടുതൽ അറിയാൻ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച 'ആപ്പും' പ്രവർത്തിക്കുന്നു. അന്താരാഷ്ട്ര തലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്ത ടൂറിസം അവാർഡായ 'വേൾഡ് റെസ്പോൺസബിൾ ടൂറിസം അവാർഡ്' ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ കേരള ടൂറിസം പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. പ്രധാന അന്താരാഷ്ട്ര പുരസ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1.World Travel Mart Responsible Tourism Awards – 2021

Category: Increasing Diversity in Tourism – One to Watch

Recipient: Aymanam – Model RT Village – Responsible Tourism Mission Kerala

2.Travel + Leisure Global Vision Award 2022

Recipient: Responsible Tourism Mission Kerala

3.Aymanam Model RT Village is listed as one of the must watch destination in 2022.

4.Gold Awards by ICRT International on September 2022– Destination Building Back Better – Post Covid

5.Gold Awards by ICRT International on September 2022– Increasing Diversity in Tourism – How inclusive is our industry?

6.Gold Awards by ICRT International on September 2022– Reducing Plastic Waste in the Environment

7.Gold Awards by ICRT International on September 2022– Conserving Water and improving water scarcity & supply for neighbours

8. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചിക 2020-21-ൽ കേരളത്തിന് ഒന്നാം സ്ഥാനം.

9. ഇന്ത്യാ ടുഡേ ന്യൂസ് മാഗസിൻ സംഘടിപ്പിച്ച സ്റ്റേറ്റ് സർവ്വേ 2021-ൽ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് ആയി കേരളം തെരഞ്ഞെടുക്കപ്പെട്ടു.

10. ട്രാവൽ & ലെയ്ഷർ ഇന്ത്യ റീഡേഴ്സ് ചോയ്സ് അവാർഡ് 2022-ബെസ്റ്റ് വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ.

11. ബുക്കിംഗ് ഡോട്ട് കോം എന്ന ഡിജിറ്റൽ ട്രാവൽ ഏജൻസി പ്രഖ്യാപിച്ച ട്രാവലർ റീവ്യൂ അവാർഡ്സ് 2022 -ൽ മോസ്റ്റ് വെൽക്കമിംഗ് റീജിയൻ എന്ന അംഗീകാരം കേരളത്തിന് ലഭ്യമായി. പ്രസ്തുത പട്ടികയിൽ ഇത് നാലാം തവണയാണ് കേരളം ഒന്നാമതായത്.

12. ഇന്ത്യാ ടുഡേ സംഘടിപ്പിച്ച സർവ്വേയിൽ ടൂറിസം രംഗത്ത് ബെസ്റ്റ് പെർഫോമിംഗ് സ്റ്റേറ്റ് ആയി കേരളം തെരഞ്ഞെടുക്കപ്പെട്ടു.

(ബി) പ്രാദേശിക തലം മുതൽ സംസ്ഥാന തലം വരെ ഏതൊക്കെ നവീന ടൂറിസം പദ്ധതികൾക്കാണ് കൂടുതൽ സ്വീകാര്യത ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

പ്രാദേശിക തലത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ മുന്നോട്ട് വച്ചിട്ടുള്ള 'മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ', 'സ്ട്രീറ്റ്-(സസ്റ്റൈനബിൾ, ടാൻജിബിൾ, റെസ്പോൺസിബിൾ, എക്സ്പീരിയൻഷ്യൽ, എത്നിക് ടൂറിസം) പദ്ധതി', 'പെപ്പർ –(പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ

പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസബിൾ ടൂറിസം) പദ്ധതി', എന്നീ പദ്ധതികൾ സർവ്വദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. ഇവയ്ക്ക് വിവിധ സർവ്വദേശീയ അവാർഡുകളും ലഭിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ശ്രദ്ധയാകർഷിച്ചുവരുന്ന ഒരു പരിപാടിയാണ് CBL.

(സി) ലിറ്ററി സർക്യൂട്ട്, ജൈവ വൈവിധ്യ സർക്യൂട്ട്, വെഡ്ഡിങ് ഡെസ്റ്റിനേഷൻ ആക്കി മാറ്റൽ തുടങ്ങിയ പദ്ധതികളുടെ നിലവിലെ സ്ഥിതിയും പുരോഗതിയും അറിയിക്കാമോ;

മലബാർ ലിറ്ററി സർക്യൂട്ട്, കൊല്ലം ജൈവ വൈവിധ്യ സർക്യൂട്ട് എന്നീ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന "ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്" (കർണ്ണാടക) എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം ഈ സ്ഥാപനം രണ്ട് പദ്ധതികളുടെയും ആദ്യ ഘട്ട DPR സമർപ്പിച്ചിട്ടുണ്ട്. ഇതിൽ മലബാർ ലിറ്ററി സർക്യൂട്ട് എന്ന പദ്ധതിയുടെ 58.37 ലക്ഷം രൂപ വരുന്ന ഒന്നാം ഘട്ട പദ്ധതിയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം ജൈവ വൈവിധ്യം സർക്യൂട്ട് ആരംഭിക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ട പ്രവൃത്തികൾക്കായുള്ള കരട് പദ്ധതി രൂപരേഖ തയ്യാറാക്കി വരികയാണ്.

കേരളത്തിലെ വിവാഹ വിനോദസഞ്ചാര സാധ്യതകളെ ആഭ്യന്തര - വിദേശ വിനോദ സഞ്ചാരികളെ പരിചയപ്പെടുത്തുവാനും അവരെ കേരളത്തിലേക്ക് ആകർഷിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് കേരളത്തെ മികച്ച വിവാഹ വിനോദസഞ്ചാര ഡെസ്റ്റിനേഷനാക്കി മാറ്റാനുള്ള പ്രചരണ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് ക്യാമ്പയിന്റെ പ്രചരണാർത്ഥം എയർപോർട്ട് ട്രാൻസ്‌ലൈറ്റ്സ്, ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കാമ്പയിൻ സോഷ്യൽ മീഡിയ, ഗൂഗിൾ സെർച്ച് & ഡിസ്‌പ്ലേ ആഡ്സ്, പ്രൊമോഷൻ ഓഫ് ഡെസ്റ്റിനേഷൻ വെഡിംഗ് മൈക്രോസൈറ്റ് എന്നീ പ്രചരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങൾ ജനസൗഹൃദമാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജന സൗഹൃദമാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതുപ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകും വിധം ബാരിയർ ഫ്രീ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി" പ്രകാരം കുടുംബശ്രീ മുഖാന്തരം മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കി

വരുന്നു. സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും മികച്ച ശുചിത്വ നിലവാരം ഉറപ്പ് വരുത്തുന്നതിനായി 'ഗ്രീൻ കാർപെറ്റ്' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിപാലന ചുമതല ടൂറിസം ക്ലബുകളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ സുരക്ഷിതമാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. സർക്കാരിന്റെ പൊതുകാഴ്ചപ്പാടിന്റെ ഭാഗമായി പരിശീലനം ലഭിച്ച 184 വിനോദസഞ്ചാര പോലീസുകാരെ കേരളത്തിലെ 14 ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്. കൂടാതെ വിനോദസഞ്ചാര പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റ് ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ്

ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

കേരളത്തെ അതിവേഗം അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരം ഒരുക്കുന്ന 'മായ'വാട്സാപ്പ് ചാറ്റ് ബോട്ട് സേവനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ലോകത്ത് എവിടെയും ഉള്ള സഞ്ചാരികൾക്ക് അനായാസം നമ്മുടെ നാടിനെ കുറിച്ച് കൂടുതൽ മനസിലാക്കാനും യാത്രാ വിവരങ്ങൾ ചോദിച്ച് അറിയാനുമുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന നൂതന വെർച്വൽ അസിസ്റ്റൻറ് ആണ് 'മായ'. ഇതുകൂടാതെ കേരളാ ടൂറിസത്തെ കുറിച്ച് കൂടുതൽ അറിയാൻ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച 'ആപ്പും' പ്രവർത്തിക്കുന്നു.

**റസ്റ്റ് ഹൗസുകളിലും ഗസ്റ്റ് ഹൗസുകളിലും റാംപ് സൗകര്യം**

47 (1327) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക റസ്റ്റ് ഹൗസുകളിലും ഗസ്റ്റ് ഹൗസുകളിലും ഭിന്നശേഷിക്കാർക്കായി റാംപ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള റസ്റ്റ് ഹൗസുകൾ, ഗസ്റ്റ് ഹൗസുകൾ എന്നിവ എത്രയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സൗകര്യം ഇല്ലാത്ത റസ്റ്റ് ഹൗസുകൾ, ഗസ്റ്റ് ഹൗസുകൾ എന്നിവ എത്രയെന്ന് വിശദമാക്കാമോ?

(എ-സി) വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള 11 ഗസ്റ്റ് ഹൗസുകളിലും പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 46 റസ്റ്റ് ഹൗസുകളിലും ഭിന്നശേഷിക്കാർക്കായി റാംപ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

15 ഗസ്റ്റ് ഹൗസുകളിലും 111 റസ്റ്റ് ഹൗസുകളിലും റാംപ് സൗകര്യം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. 4 ഗസ്റ്റ് ഹൗസുകളിൽ റാംപ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മറ്റിടങ്ങളിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി**

148 (1328) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ ഇരുപത് ശതമാനം വകയിരുത്തി ഉൾപ്പെടുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വാടാനപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ നിരാക്ഷേപപത്രം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ഫാം ടൂറിസം

149 (1329) <u>ശ്രീ. വി. ശശി:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളിൽ കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ?

ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ 'കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് ' എന്ന പദ്ധതി 2021 സെപ്തംബർ മാസം ആരംഭിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന അഞ്ചു വിഭാഗങ്ങളിലായാണ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നത്.

• കാറ്റഗറി 1 - പുരയിടത്തിലെ കൃഷി - 25 സെന്റ് വരെ (ടെറസ് ഗാർഡനുകൾ ഉൾപ്പെടെ) - കാർഷിക ഉൽപ്പന്നങ്ങളുടെ വിൽപ്പന ശൃംഖലയിൽ ഉൾപ്പെടുത്തും.

• കാറ്റഗറി 2 - ഫാം വിസിറ്റ് യൂണിറ്റുകൾ - 25 സെന്റ് മുതൽ 1 ഏക്കർ വരെ- ഉൽപ്പന്ന വിൽപ്പനയ്ക്കും ഫാം സന്ദർശനത്തിനുമായി നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തും.

• കാറ്റഗറി 3 - ഫാം ആക്ടിവിറ്റി സെന്ററുകൾ- 1 ഏക്കർ മുതൽ 10 ഏക്കർ വരെ- വിവിധ കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, മിയാവാക്കി വനങ്ങൾ, ഫാം റെസ്റ്റോറന്റുകൾ, ഉൽപ്പന്ന വിൽപ്പന ഔട്ട് ലെറ്റ്, മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ തുടങ്ങിയവ.

• കാറ്റഗറി 4 - ഫാമിൽ താമസ സൗകര്യം ഒരുക്കുവാനുള്ള സൗകര്യങ്ങൾ - ഹോംസ്റ്റേ/ഗൃഹസ്ഥലി/സർവീസ്ഡ് വില്ലകൾ/ ടെന്റ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവയിൽ ഏതിലെങ്കിലും ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ/ തദ്ദേശ സ്വയം ഭരണ സ്ഥാപന ലൈസൻസ് ഉള്ള ഫാമിംഗ് യൂണിറ്റുകൾ ഈ വിഭാഗത്തിൽ വരുന്നു.

• കാറ്റഗറി 5 - ഫാം ടൂറിസം സെന്റർ - 10 ഏക്കർ മുതൽ 50 ഏക്കർ വരെ - ഗ്രീൻ ഫാംസ് കേരള നിയമങ്ങൾ പ്രകാരമുള്ള യൂണിറ്റുകൾ.

പദ്ധതിയുടെ ഭാഗമാകുവാൻ താല്പ്പര്യമുള്ളവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയും 952 പേർ 2 ഘട്ടങ്ങളിലായി പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 452 യൂണിറ്റുകൾ പ്രവർത്തനം തുടങ്ങാൻ സന്നദ്ധത അറിയിക്കുകയും അവ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുമുണ്ട്. ഇവയിൽ 80 യൂണിറ്റുകളിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേരിട്ടുള്ള പരിശോധന പൂർത്തിയാവുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പൊസഡിഗുംപെ ടൂറിസം പദ്ധതി

150 (1330) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൊസഡിഗുംപെ ടൂറിസം പദ്ധതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി, 'പൊസഡിഗുംപെ' വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നതിന് 1.11 കോടി രൂപയുടെ ഡി.പി.ആർ. കാസർഗോഡ് ഡി.ടി.പി.സി., ജില്ലാ നിർമ്മിതി കേന്ദ്രം മുഖാന്തരം തയ്യാറാക്കിയിട്ടുണ്ട്. പ്രവേശന കവാടം, ഇൻഫർമേഷൻ കിയോസ്ക്, കഫേ, ക്ലോക്ക് റൂം, ടോയ്‌ലെറ്റുകൾ, വ്യൂ ടവർ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നതാണ് ഈ പദ്ധതി. ഡി.ടി.പി.സി. സമർപ്പിച്ച 1.11 കോടി രൂപയുടെ ഈ പ്രൊപ്പോസൽ കാസർഗോഡ് വികസന പാക്കേജ് (KDP) അംഗീകരിച്ചിട്ടുണ്ട്.

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

151 (1331) <u>ശ്രീ. കെ. പ്രേംകുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ?

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ തച്ചൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച കാരമല ചിൽഡ്രൻസ് പാർക്ക് & അഡ്വഞ്ചർ പാർക്ക് എന്ന പദ്ധതി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ പൈതൃക-കല-സാംസ്കാരിക മേഖലകളെ പ്രയോജനപ്പെടുത്തി ടൂറിസം പരിപോഷിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്.

- പാലക്കാട് ജില്ലയിലെ വെള്ളിനേഴി കലാഗ്രാമം ഫേസ് 1- കൾച്ചറൽ കോംപ്ലക്സ്
- സൗണ്ട് പ്രൂഫിംഗ് & റെനൊവേഷൻ വർക്ക് ഓഫ് കുഞ്ചൻ നമ്പ്യാർ സ്മാരക കലാപീഠം

- പാലക്കാട് ജില്ലയിലെ തസ്രകിൽ ഒ.വി. വിജയൻ സ്മാരകത്തിലെ റൈറ്റേഴ്സ് വില്ലേജിന്റെ നിർമ്മാണം എന്നിവ കൂടാതെ വകുപ്പിന്റെ പരിഗണനയിലുള്ള മലബാർ ലിറ്റററി സർക്യൂട്ടിൽ പാലക്കാട് ജില്ലയിലെ കലാ-സാംസ്കാരിക-പൈതൃക മേഖലകളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ശബരിമല പിൽഗ്രിം സെന്റർ പ്രോജക്ട്**

152 (1332) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യപ്പ ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ശബരിമല പിൽഗ്രിം സെന്റർ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

ശബരിമല പിൽഗ്രിം സെന്റർ നിർമ്മാണ കരാർ കാലാവധിയിലും ദീർഘിപ്പിച്ച് നൽകിയ കാലാവധിയിലും പൂർത്തിയാക്കാത്തതിനാൽ ടി കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. ഇതിനെതിരെ

നിലവിൽ റാന്നി മുൻസിഫ് കോടതിയിൽ OS 18/22 എന്ന ഒരു കേസും ടി പ്രോജക്ടിനുവേണ്ടി റാന്നി പഴവങ്ങാടി പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയ 110.28 ആർ ഭൂമി പരിസ്ഥിതി ലോല പ്രദേശത്താണ് എന്നാരോപിച്ച് മൂന്നാർ സ്വദേശി ശ്രീ. ഇബ്രാഹിം കരിം ബഹു. നാഷണൽ ഗ്രീൻ ട്രൈബ്യൂണലിൽ OS 128/2021 എന്ന ഒരു കേസ് ഫയൽ ചെയ്യുകയും അതിപ്പോൾ ട്രൈബ്യൂണലിന്റെ പരിഗണനയിലുമാണ്. നിലവിൽ 310 പൈലുകളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ കാര്യങ്ങളാണ് നിലവിൽ നടപ്പാക്കിയിട്ടുള്ളത്; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; അറിയിക്കുമോ?

310 പൈലുകളുടെ പ്രവൃത്തിയാണ് അവിടെ നടത്തിയിട്ടുള്ളത്. ശബരിമല പിൽഗ്രിം സെന്റർ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് എന്നിവയ്ക്കായി പഴവങ്ങാടി വില്ലേജിൽ കെട്ടിടം നിർമ്മിക്കുന്നതിന് മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 5 കോടി രൂപയിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിന് സ.ഉ.(സാധാ) നമ്പർ

1748/10/പൊ.മ.വ. തീയതി, 20-11-2010 പ്രകാരം 72.69 ലക്ഷം രൂപയും പൈലുകളുടെ പണി നടത്തിയതിന് കരാറുകാരൻ ബിൽ തുകയായി 2,67,87,072/- രൂപയും ചെലവാക്കിയിട്ടുണ്ട്.

(സി) ഈ മണ്ഡല കാലത്ത് തീർത്ഥാടകർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഈ മണ്ഡലകാലത്ത് തീർത്ഥാടകർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ലഭ്യമാകാൻ സാധിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട കേസുകൾക്ക് തീരുമാനമാകുന്ന മുറയ്ക്ക് ടി പ്രവൃത്തി പൂർത്തികരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പയ്യാമ്പലം ബീച്ച് വാക്‌വേയുടെ ഘട്ടം II-ന്റെ പ്രവൃത്തി

153 (1333) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പയ്യാമ്പലം ബീച്ച് വാക്‌വേയുടെ ഘട്ടം II -ന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) അനുമതി ആവശ്യപ്പെട്ടിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും എൻ.ഒ.സി. അനുവദിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(എ&ബി) ഇല്ല. ഈ പദ്ധതി സിൽക്ക് (Steel Industries Ltd. Kerala) ആണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ആവശ്യമായ NOC അനുവദിക്കുന്നതിനായി ഇറിഗേഷൻ വകുപ്പ്, ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുവാൻ സിൽക്കിനെ അറിയിച്ചിരുന്നു. 04-06-2022-ന് ബഹു. അഴീക്കോട് എം.എൽ.എ.-യുടെ അധ്യക്ഷതയിൽ ജില്ലാ കളക്ടർ, ടൂറിസം-ഇറിഗേഷൻ-സിൽക്ക് ഉദ്യോഗസ്ഥർ യോഗം ചേരുകയും ടി യോഗത്തിൽ ഇറിഗേഷൻ വകുപ്പ്, ടൂറിസം വകുപ്പിന് NOC കൈമാറാൻ തീരുമാനിക്കുകയുണ്ടായെങ്കിലും നാളിതുവരെ ഇറിഗേഷൻ വകുപ്പ് NOC നൽകിയിട്ടില്ല. അതിന്റെ കാരണവും അറിയിച്ചിട്ടില്ല.

**ലോകനാർകാവിൽ പിൽഗ്രിം ടൂറിസം പദ്ധതി**

154 (1334) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകനാർകാവിൽ പിൽഗ്രിം ടൂറിസം പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദവിവരം സഹിതം അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

(എ&ബി) ലോകനാർകാവ് പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് തീർത്ഥാടകർക്കുള്ള അടിസ്ഥാന സൗകര്യവികസനങ്ങൾക്കായി 'പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് ലോകനാർക്കാവ് ' എന്ന പദ്ധതിയ്ക്ക് 4.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി 35% പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി ജൂൺ 2023 -ഓടുകൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ലോകനാർക്കാവ് ക്ഷേത്രത്തിന്റെ നവീകരണത്തിനും ടൂറിസ്റ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 6.69 കോടി രൂപയുടെ ഭരണാനുമതിയും 3.91 കോടി രൂപയുടെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി 65% പൂർത്തീകരിച്ചു. ഈ പദ്ധതി 2023 ഡിസംബർ അവസാനത്തോടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് .

**ശാസ്താംപാറയിൽ അഡ്വഞ്ചർ അക്കാഡമി**

155 (1335) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംപാറയിൽ അഡ്വഞ്ചർ അക്കാഡമി ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ശാസ്താംപാറയിൽ അഡ്വഞ്ചർ അക്കാദമി സ്ഥാപിക്കുന്നന്നതിനുവേണ്ടി 12 ഏക്കർ റവന്യൂ ഭൂമി ടൂറിസം വകുപ്പിന് ലഭ്യമായിട്ടുണ്ട്. അഡ്വഞ്ചർ അക്കാദമി ആരംഭിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പ് ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. ടൂറിസം വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ ഫണ്ടിംഗ് നടത്തി അഡ്വഞ്ചർ ടൂറിസം അക്കാദമി ആരംഭിക്കുന്ന കാര്യം പരിശോധിക്കുകയാണ്. അക്കാദമി പ്രവർത്തനത്തിന് ഫലപ്രദമായ റവന്യൂ മോഡൽ സംബന്ധിച്ച പരിശോധനയും നടക്കുകയാണ്. ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തുവാൻ കിറ്റ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**നെല്ലിയാമ്പതി ടൂറിസം പദ്ധതി**

156 (1336) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ടൂറിസം പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

നെല്ലിയാമ്പതി ടൂറിസം പദ്ധതിക്കായി 17-08-2020-ലെ സ.ഉ.(സാ.ധാ) നം. 271/2020/TSM പ്രകാരം 5,13,00,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

പദ്ധതിക്ക് വനംവകുപ്പിന്റെ അനുമതി ലഭിക്കേണ്ടിയിരുന്നു.

(സി) നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വനം വകുപ്പിന്റെ അനുമതിക്കായി നിരവധി ഉന്നതതല മീറ്റിംഗുകൾ നടത്തിയിരുന്നു. നെല്ലിയാമ്പതിയിലെ പരിസ്ഥിതിക്ക് ദോഷകരമാകാത്ത രീതിയിൽ കൂടുതൽ അടിസ്ഥാന വികസന പദ്ധതികൾ വിനോദസഞ്ചാര വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാവുന്നതാണെന്നും നെല്ലിയാമ്പതി പഞ്ചായത്തിന്റെ അധീനതയിൽ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി പരിസ്ഥിതിക്ക് കോട്ടംതട്ടാതെതന്നെ വിനോദ സഞ്ചാരികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണെന്നും വനംവകുപ്പ്

സമ്മതിച്ചിട്ടുണ്ട്. വനംവകുപ്പിന്റെ കൂടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

**തിരുനാവായയിൽ ടൂറിസം പദ്ധതി**

157 (1337) **ശ്രീ. കുറുക്കോളി മൊയ്തീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിലെ ചരിത്ര പ്രസിദ്ധമായ തിരുനാവായയിൽ ചരിത്ര സ്മാരകങ്ങളും പുരാവസ്തുക്കളും കാണുന്നതിനായി ധാരാളം സന്ദർശകർ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പുരാവസ്തുക്കൾ സംരക്ഷിച്ച് പുരാവസ്തു വകുപ്പുമായി ചേർന്ന് തിരുനാവായയിൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

പരിശോധിക്കാവുന്നതാണ്.

**മുണ്ടേരി പക്ഷി സങ്കേതം**

158 (1338) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി പക്ഷി സങ്കേതത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

മുണ്ടേരിക്കടവ് ഇക്കോട്ടൂറിസം പദ്ധതിക്ക് 73,50,000/- രൂപയ്ക്ക് ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായ തെന്മല ഇക്കോട്ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും മുണ്ടേരി ഗ്രാമപഞ്ചായത്തും തുടർ പ്രവർത്തനങ്ങൾക്കായി കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ കോവിഡ് മഹാമാരിമൂലമുള്ള നിയന്ത്രണങ്ങൾ കാരണം പദ്ധതി സമയബന്ധിതമായി തുടങ്ങാൻ കഴിഞ്ഞില്ല. ഇതിനുപുറമേ പദ്ധതിയുടെ കേന്ദ്രബിന്ദുവായി പ്രവർത്തിക്കേണ്ട അതിഥിസൗകര്യ കേന്ദ്രത്തിന് ആവശ്യമായ കെട്ടിടവും മുണ്ടേരിക്കടവ് പക്ഷി നിരീക്ഷണ കേന്ദ്രത്തിന്റെ പ്രവേശന കവാടത്തിന്റെ അരികിലായി പഴശ്ശി ജലസേചന പദ്ധതിയുടെ ഭഗമായുള്ള 84 സെന്റ് സ്ഥലത്തിന്റെ വിനിയോഗാനുമതിയും ലഭ്യമാകുന്ന

മുറയ്ക്ക് ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തീർത്ഥാടന ടൂറിസം പദ്ധതി**

159 (1339) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റികര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിരാക്ഷേപ പത്രം ദേവസ്വം ബോർഡ് അധികാരികളിൽ നിന്നും ലഭിച്ചിട്ടുണ്ട്. വകുപ്പിന്റെ അംഗീകൃത ഏജൻസിയായ വാസ്തുശിൽപാലയ കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ് മുഖാന്തരം DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡെസ്റ്റിനേഷൻ ടൂറിസം പദ്ധതി**

160 (1340) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

(എ&ബി) ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". 08-06-2022-ന് സംസ്ഥാനതല ഉദ്ഘാടനം നടന്ന ഈ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50

ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ്. ബാക്കിതുക അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ഇതിനായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 'പദ്ധതി റിപ്പോർട്ട്' ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ്‌ലോഡ് ചെയ്യേണ്ടതും വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ; എങ്കിൽ അപേക്ഷയിൽ ഉൾക്കൊള്ളിക്കേണ്ട രേഖകൾ വിശദമാക്കാമോ;

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിയ്ക്കുള്ളിലെ വിനോദസഞ്ചാര സാധ്യതയുള്ള പ്രദേശം തിരിച്ചറിഞ്ഞ്/കണ്ടെത്തിയ പദ്ധതിയുടെ ഡി.പി.ആർ. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി അതിനോടൊപ്പം PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റും വിനോദ സഞ്ചാര വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ

പ്ലാറ്റ്ഫോം വഴി സമർപ്പിക്കേണ്ടതാണ്. പദ്ധതിയ്ക്കാവശ്യമായ നിയമപരമായ എല്ലാ അനുവാദങ്ങളും നിർദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഭ്രൂവുടമസ്ഥാവകാശ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള ലാൻഡ് എൻ.ഒ.സി.-യും പ്രൊപ്പോസലിനൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കി സമർപ്പിച്ചിരിക്കണം. പദ്ധതി പ്രദേശത്ത് നിന്നും ലഭിക്കുന്ന വരുമാനം പ്രസ്തുത ടൂറിസം പദ്ധതിയുടെ കൃത്യമായ നടത്തിപ്പിനും പരിപാലനത്തിനുമായി ഉപയോഗിക്കേണ്ടതിനാൽ പദ്ധതി പ്രൊപ്പോസലിനോടൊപ്പംതന്നെ ഈ വരുമാനവും അതിന്റെ ഉപയോഗവും സംബന്ധിച്ച ഒരു ബിസിനസ് പ്ലാൻ കൂടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

(ഡി) പള്ളിക്കത്തോട് പഞ്ചായത്തിൽ ഉൾപ്പെടുന്ന അരുവിക്കുഴി, ഡെസ്റ്റിനേഷൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തി വികസിപ്പിക്കുക എന്നതാണ് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അരുവിക്കുഴി,

നിലവിൽ ഒരു ടൂറിസം കേന്ദ്രം ആയതുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കില്ല.

**നെയ്യാർഡാം-ഈരാറ്റിൻപുറം ടൂറിസം പദ്ധതി**

161 (1341) **ശ്രീ. കെ. ആൻസലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാം-ഈരാറ്റിൻപുറം ടൂറിസം പദ്ധതി പ്രദേശത്ത് പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

ഈരാറ്റിൻപുറം ടൂറിസം പദ്ധതിക്കായി സർക്കാർ 16-03-2017-ലെ സ.ഉ.(സാധാ)നം. 125/2017/ടൂറിസം പ്രകാരം 2,66,19,369/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ജലസേചന വകുപ്പിനെയാണ് പദ്ധതിയുടെ നിർവഹണ ഏജൻസിയായി വകുപ്പ് ചുമതലപ്പെടുത്തിയത്. ഈരാറ്റിൻ പുറം ടൂറിസം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന പ്രവൃത്തികളിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ടിക്കറ്റ് കൗണ്ടർ കം സെക്യൂരിറ്റി റൂം

2. ടോയ്‌ലെറ്റ് ബ്ലോക്ക്

3. ലാൻഡ്സ്കേപിംഗ്

4. കാർ പാർക്കിംഗ്

5. ബോർവെൽ ആൻഡ് പമ്പ്

6. സൈനേജ്

7. റീറ്റെയ്നിംഗ് വാൾ

8. എർത്ത് ഫില്ലിംഗ്

9. പ്ലംബിംഗ് വർക്ക്

(ബി) ഓരോ പ്രവൃത്തിക്കും വിനിയോഗിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

മേൽ പ്രവർത്തികൾക്ക് ആനുപാതികമായി 1,25,60,366/- രൂപയുടെ ബിൽ ഏജൻസി സമർപ്പിച്ചിട്ടുണ്ട്.

(സി) ടൂറിസം വകുപ്പ് ആവശ്യപ്പെട്ടതിൻപ്രകാരം പദ്ധതി പ്രദേശത്ത് പുതിയ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഇംപ്ലിമെന്റിംഗ് ഏജൻസിയായ

ജലവിഭവ വകുപ്പ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് മാത്രമാണ് ഏജൻസി നിലവിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്.

## വാണിയമ്പലം ടൗൺ സ്ക്വയർ

162 (1342) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ മണ്ഡലത്തിലെ വാണിയമ്പലത്ത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ടൂറിസം വകുപ്പ് പൂർത്തിയാക്കിയ വാണിയമ്പലം ടൗൺ സ്ക്വയർ ഇതുവരെ പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തും ഡി.ടി.പി.സി.-യും തമ്മിലുള്ള തർക്കം പരിഹരിച്ച് പ്രസ്തുത ടൗൺ സ്ക്വയർ പൊതുജനങ്ങൾക്ക് തുറന്ന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) വാണിയമ്പലം ടൗൺ സ്ക്വയർ പദ്ധതിയുമായി ബന്ധപ്പെട്ട് വണ്ടൂർ ഗ്രാമപഞ്ചായത്തും ഡി.ടി.പി.സി.-യും തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിനായി ജില്ലാ വികസന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ വണ്ടൂർ ഗ്രാമപഞ്ചായത്ത് അധികൃതരും ഡി.ടി.പി.സി.-യും തമ്മിൽ യോഗം ചേരുകയുണ്ടായി. ഇത് സംബന്ധിച്ച തീരുമാനം ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി**

163 (1343) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ട് എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രോജക്റ്റിന്റെ എസ്.പി.വി. ആയി പ്രവർത്തിക്കുന്ന വാപ്കോസ് ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) എസ്.പി.വി. എന്ന നിലയിൽ വാപ്കോസ് ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ അലംഭാവം കാണിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) KIIFB മുഖേന നടപ്പിലാക്കി വരുന്ന “Rejuvenation at Akkulam lake and its watershed Rebuilding kerala in Sustainable way” എന്ന പദ്ധതിയ്ക്ക് 185.23 കോടി രൂപയുടെ തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ 64.13 കോടി രൂപക്ക് KIIFB-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ SPV ആയ M/s WAPCOS Ltd, ഈ പദ്ധതി Design Build Operator (DBO) മോഡലിൽ നടപ്പിലാക്കുന്നതിന് ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുകയായ 96 കോടി രൂപ ക്വാട്ട് ചെയ്ത ശ്രീ അവന്തിക Contractors (I) Pvt Ltd-ന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി SPV ആയ

M/s WAPCOS Ltd. -ഉം തെരെഞ്ഞെടുത്ത കരാറുകാരനായ ശ്രീ അവന്തിക കോൺട്രാക്ടേഴ്സും വിനോദസഞ്ചാര വകുപ്പും കരാറിൽ ഏർപ്പെടുന്നതിനുമുമ്പായി ഓപ്പറേഷൻ & മെയിന്റനൻസ് സംബന്ധിച്ചും റവന്യൂ ഷെയറിംഗിനെ സംബന്ധിച്ചും വ്യക്തത വരുത്തണമെന്ന KIIFB-യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു നാലംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കരാറിലേർപ്പെട്ടശേഷം പദ്ധതി കാലയളവായ രണ്ട് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**കടലുകാണിപ്പാറ ടൂറിസം പദ്ധതി**

164 (1344) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ കടലുകാണിപ്പാറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിലെ കടലുകാണിപ്പാറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ നിർവഹണ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രിഫാബ് ലിമിറ്റഡ് 27-10-2021-ന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. നിലവിൽ സൈറ്റ് ഡെവലപ്മെന്റ് വർക്കിനോട് അനുബന്ധിച്ചുള്ള earth work excavation മാത്രമാണ് ഏജൻസി നടത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഏജൻസി പുതുക്കിയ എസ്റ്റിമേറ്റ് DSR 2016 പ്രകാരം സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം ഈ പദ്ധതി നടപ്പാക്കാൻ കരാറുകാരന് താല്പര്യമില്ലെന്നും ആയതിനാൽ HPL-ഉം DTPC-യും തമ്മിൽ ഏർപ്പെട്ട കരാർ റദ്ദ് ചെയ്യണമെന്നും ഏജൻസി ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രദേശത്ത് നടപ്പിലാക്കാൻ കഴിയുന്ന ഘടകങ്ങൾ മാത്രം ഉൾപ്പെടുത്തി DSR 2018 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ്, ആർക്കിടെക്ട് ഫീ ഉൾപ്പെടുത്തി തയ്യാറാക്കി സമർപ്പിക്കാനും തുടർന്ന് HPL-

നെ കൊണ്ടുതന്നെ ഈ പദ്ധതി നടപ്പാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുവാനും തിരുവനന്തപുരം ഡി.റ്റി.പി.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**വള്ളിക്കുന്ന് ചിറ ടൂറിസം പദ്ധതി**

165 (1345) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ബഡ്ജറ്റിൽ അനുവദിച്ച വള്ളിക്കുന്ന് ചിറ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വള്ളിക്കുന്ന് ചിറ ടൂറിസം പദ്ധതിക്കായി വിശദ പദ്ധതി രേഖ (DPR) തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**ഇലവീഴാപൂഞ്ചിറ വിനോദസഞ്ചാര കേന്ദ്രം**

166 (1346) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിലെ ഇലവീഴാപൂഞ്ചിറ വിനോദസഞ്ചാര കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ പ്രസ്തുത പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, വിശ്രമ-ലഘുഭക്ഷണ കേന്ദ്രം, കെ.ടി.ഡി.സി.-യുടെ ഹോട്ടലിന്റെയും കോട്ടേജുകളുടെയും നവീകരണം എന്നിവ സാധ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) മീനച്ചിൽ താലൂക്കിലെ മേലുകാവ് ഗ്രാമപഞ്ചായത്തിൽപെട്ട ഇലവീഴാപൂഞ്ചിറ വിനോദ സഞ്ചാര കേന്ദ്രത്തിൽ ജില്ലാ ടൂറിസം പ്രമോഷൻ

കൗൺസിലിന്റെ ഫെസിലിറ്റേഷൻ സെന്റർ വിനോദ സഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്.

സ്ഥലം ലഭ്യമാകുന്നതനുസരിച്ചേ അധിക സൗകര്യം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ.

**വേ-സൈഡ് പാർക്കിന്റെ പരിപാലന ചുമതല**

167 (1347) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജക മണ്ഡലത്തിൽ തുറവൂർ ഗ്രാമപഞ്ചായത്തിൽ തൈക്കാട്ടുശ്ശേരി പാലത്തിന് സമീപം സ്ഥിതി ചെയ്യുന്ന വേ-സൈഡ് പാർക്കിന്റെ പരിപാലന ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ടി പാർക്കിന്റെ പരിപാലന ചുമതല നിലവിൽ ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനാണ് നൽയിട്ടുള്ളത്.

(ബി) പാർക്കിന്റെ പരിപാലനം ഏജൻസിയെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ ക്ഷണിച്ച

ടെണ്ടറിൽ ആരെല്ലാം പങ്കെടുത്തുവെന്ന് വിശദമാക്കാമോ; ടെണ്ടർ നടപടിയുടെ പൂർണ്ണവിവരം വ്യക്തമാക്കാമോ;

അമിനിറ്റി സെന്റർ നടത്തിപ്പിനായി ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി. ടി. പി. സി.) 01-12-2022-ൽ പത്രപരസ്യം വഴി താൽപര്യപത്രം ക്ഷണിച്ചിരുന്നതിൽ, താഴെപ്പറയുന്നവർ താല്പര്യപത്രം സമർപ്പിച്ചിട്ടുണ്ട്.

1. തീരം ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എ. 1174, പി. കെ. എം. എം. ബിൽഡിങ്, വാടയ്ക്കൽ പി. ഒ., ആലപ്പുഴ

2. ശ്രീ. സച്ചിൻ കെ. എസ്., കോഞ്ചേരി വെളി, മായിത്തറ, ചേർത്തല, ആലപ്പുഴ

3. ശ്രീ. ദേവദേവ് കെ. എസ്., കരുവേലി തയ്യിൽ ഹൗസ്, മായിത്തറ പി.ഒ, ചാരമംഗലം, ചേർത്തല, ആലപ്പുഴ.

താൽപ്പര്യപത്രം പ്രകാരം ലഭിച്ച അപേക്ഷയിൽ സാങ്കേതിക ബിഡിൽ ആർക്കുംതന്നെ മതിയായ യോഗ്യതയില്ലാത്തതിനാൽ ആലപ്പുഴ

ഡി.ടി.പി.സി. സെക്രട്ടറി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഉദ്ഘാടനത്തിനുശേഷം നാളിതുവരെ ടൂറിസം വകുപ്പിന് പാർക്കിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവായിയെന്നും ആയതിന്റെ ഇനം തിരിച്ചുള്ള വിശദാംശവും വ്യക്തമാക്കാമോ?

പാർക്കിന്റെ പരിപാലനത്തിനായി വിനോദസഞ്ചാര വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

എന്നാൽ പാർക്കിന്റെ ശുചീകരണം, പരിപാലനം (14,000/- രൂപ), വൈദ്യുതി ചാർജ് (25,975/- രൂപ) എന്നിവയ്ക്കായി ആലപ്പുഴ ഡി. ടി. പി. സി. 39,975/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പാർക്കിൽ നിർമ്മാണ പ്രവർത്തനം നടത്തിയ ഏജൻസി ഏതാണെന്നും ചെലവായ തുക എത്രയാണെന്നും വിശദമാക്കാമോ;

കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി (KEL), കൊച്ചി ആണ് പാർക്കിന്റെ നിർമ്മാണം നിർവ്വഹിച്ചത്. എന്നാൽ ഏജൻസി ഇതുവരെ അന്തിമ ബിൽ സമർപ്പിച്ചിട്ടില്ല.

(ഇ) പാർക്കിനോടനുബന്ധിച്ച് റോഡിനോട് ചേർന്ന് നടപ്പാത ഇല്ലാത്തത് അപകടങ്ങൾക്ക് കാരണമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പാലാ മണ്ഡലത്തിൽ പിൽഗ്രിം ടൂറിസം**

168 (1348) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ പിൽഗ്രിം ടൂറിസം പദ്ധതിയുടെ ഭാഗമായി അൽഫോൻസാ തീർത്ഥാടനം, നാലമ്പല ദർശനം, ശബരിമല ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ കൂടുതൽ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തി പിൽഗ്രിം ടൂറിസ്റ്റുകൾക്ക് നിലവിൽ

അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

പരിശോധിക്കാവുന്നതാണ്.

(ബി) പിൽഗ്രിം ടൂറിസത്തിന്റെ ഭാഗമായി ഈ സ്ഥലങ്ങളിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും വികസനത്തിനുമായി നിലവിൽ തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പിൽഗ്രിം ടൂറിസം പദ്ധതിയുടെ ഭാഗമായി പ്രസ്തുത സ്ഥലങ്ങൾക്കായി നിലവിൽ തുക അനുവദിച്ചിട്ടില്ല.

**കോടഞ്ചേരി പുലിക്കയത്തുള്ള കയാക്കിംഗ് സെന്റർ നിർമ്മാണ പുരോഗതി**

169 (1349) **ശ്രീ. ലിന്റോ ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ കയാക്കിംഗ് മത്സരവേദിയായ കോടഞ്ചേരി പുലിക്കയം കയാക്കിംഗ് സെന്ററിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

പുലിക്കയം കയാക്കിംഗ് സെന്റർ നിർമ്മാണത്തിനായി അനുവദിച്ച 99.14 ലക്ഷം രൂപ ഉപയോഗിച്ച് കയാക്കിംഗ് സെന്റർ ബിൽഡിംഗ് നിർമ്മാണം ആരംഭിക്കുകയും ഈ ബിൽഡിംഗിൽ കയാക്കിംഗ് ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂം, ടോയ്‌ലെറ്റ് ബ്ലോക്ക്, മീറ്റിംഗ് ഹാൾ, ഗാലറി എന്നിവയുടെ നിർമ്മാണം നടപ്പിലാക്കുകയും ചെയ്തു. കയാക്കിംഗ് അക്കാദമി ആണ് ഇവിടെ സ്ഥാപിക്കേണ്ടതെന്ന തീരുമാനത്തിന്റെ ഭാഗമായാണ് മേൽ പരാമർശിച്ച ഘടകങ്ങളുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിയത്. എന്നാൽ നിലവിലെ കയാക്കിംഗ് അക്കാദമി സെന്ററിൽ ഫ്ളോറിംഗ് ടൈൽ, കൈവരികളുടെ നിർമ്മാണം, ടോയ്‌ലെറ്റ് ഫിറ്റിംഗ്സ്, പ്ലംബിംഗ് വർക്കുകൾ, കയാക്കിംഗിനാവശ്യമായ റാമ്പുകൾ എന്നീ പ്രവർത്തികൾ നടപ്പിലാക്കാൻ നിലവിലെ ഭരണാനുമതി തുക പര്യാപ്തമല്ലാതെ വന്നു. അതിനാൽ ഇതിലേയ്ക്കായി ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) സെന്ററിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് നിലവിലെ നിർമ്മാണ ഏജൻസി മുഖേന തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(സി) കയാക്കിംഗ് സെന്റർ വികസനത്തിന് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കൂടുതൽ ഫണ്ട് ആവശ്യമായി വരുന്ന പക്ഷം പരിശോധിച്ച് നടപടികൾ സ്വീകരിക്കും.

**സ്കൂൾ വിദ്യാഭ്യാസ ഏകീകരണം**

170 (1350) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസ ഏകീകരണം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) സ്കൂൾ വിദ്യാഭ്യാസ ഏകീകരണത്തിൽ ഒൻപത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ് എന്ന നിലയിലേയ്ക്ക് മാറ്റുമ്പോൾ പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലേയ്ക്ക് പത്താം ക്ലാസിൽ വിജയിക്കുന്ന എല്ലാ കുട്ടികൾക്കും പ്രവേശനം നൽകുമോ; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ പത്താം ക്ലാസിൽ വിജയിക്കുന്ന എല്ലാ കുട്ടികൾക്കും പതിനൊന്നാം ക്ലാസിലേക്ക് പ്രവേശനം നൽകുമ്പോൾ അധികമായി ആവശ്യം വരുന്ന അദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിക്കുമോയെന്നും പ്രസ്തുത അധിക തസ്തിക എങ്ങനെ ക്രമീകരിക്കുമെന്നും വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ അധികമായി ആവശ്യം വരുന്ന അദ്ധ്യാപക തസ്തികകളിൽ അദ്ധ്യാപകരുടെ യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ-ഡി) സ്കൂൾ വിദ്യാഭ്യാസ ഏകീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ടി പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ക്ലാസ് ഏകീകരണം സംബന്ധിച്ചും അധ്യാപക തസ്തികകൾ സംബന്ധിച്ചും വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

**ദേവികുളം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പദ്ധതി**

171 (1351) **ശ്രീ. എ. രാജ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാത്തവയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ദേവികുളം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി ഫണ്ടിൽ അടിസ്ഥാന

സൗകര്യവികസനത്തിനായി ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി പദ്ധതി

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GHSS കുഞ്ചിത്തണ്ണി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി പദ്ധതി

കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GHS അടിമാലി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

1 കോടി കിഫ്ബി പദ്ധതി

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GVHSS ദേവിയാർ കോളനി, GHSS മൂന്നാർ എന്നീ സ്കൂളുകൾക്ക് നിലവിലെ പ്ലാനിൽ ഭേദഗതി ആവശ്യമായതിനാൽ പുതുക്കിയ പ്ലാൻ തയ്യാറാക്കി ഉടനെ സാങ്കേതിക അനുമതിക്ക് സമർപ്പിക്കുന്നതാണ്.

GHSS മറയൂർ സ്കൂളിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

**പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താൻ പുതിയ നയം**

172 (1352) <u>ശ്രീ. കെ. ജെ. മാക്സി</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കൂടുതൽ ഗുണപരമായ മാറ്റങ്ങൾക്കായി പുതിയ നയങ്ങൾ നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് തുടർച്ചയെന്ന നിലയിൽ വിദ്യാകിരണം എന്ന പ്രവർത്തനമാണ് സംസ്ഥാനത്ത് ഇപ്പോൾ നടപ്പാക്കുന്നത്.

പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും മേഖലകൾക്കുംവേണ്ടി 'ശ്രദ്ധ' പോലുള്ള പരിപാടികൾ, ശ്രുതിപാഠം, ഇന്ത്യൻ ആംഗ്യഭാഷയിൽ പരിശീലനം, ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പദ്ധതികൾ, അധ്യയനത്തിൽ മികവ് പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പരിപോഷണ പരിപാടികൾ എന്നിവ നടപ്പാക്കും.

സെൽഫ് റിഫ്ലക്ഷൻ കിയോസ്കുകൾ, തിങ്ക് ആൻഡ് ലോൺ പ്രോജക്ട്, വിവിധതരം ക്ലബ്ബുകളുടെ വ്യത്യസ്തങ്ങളായ ഇടപെടലുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കും. കുട്ടികളുടെ അഭിരുചി തിരിച്ചറിഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കലാകായിക വികസനത്തിനായുള്ള പരിപാടികളും നടപ്പാക്കും.

ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ശേഷി കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പുവരുത്തും. പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലംവരെ മാതൃഭാഷാപഠനത്തിന് മലയാളഭാഷാ നിയമം കൊണ്ടുവന്നിട്ടുണ്ട്. അത് ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. അതോടൊപ്പം ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തും. മധുരം മലയാളം, ഹലോ ഇംഗ്ലീഷ് പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കും.

പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി കാലാനുസൃതമാറ്റങ്ങൾ ഉൾക്കൊണ്ട് തയ്യാറാക്കിയ പാഠ്യപദ്ധതി അടിസ്ഥാനമാക്കി മുഴുവൻ

അധ്യാപകർക്കും പരിശീലനം നൽകും. പ്രീ-പ്രൈമറി ക്ലാസ് മുറികൾ ആകർഷകവും ശിശുസൗഹൃദവുമാക്കും.

ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗവാസനകൾ കണ്ടെത്തി അവയെ പോഷിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബ്, സർഗ്ഗ വിദ്യാലയം, സഹിതം തുടങ്ങിയ സ്കീമുകൾ കൂടുതൽ മെച്ചപ്പെടുത്തും.

എല്ലാ കുട്ടികൾക്കും കലാ-കായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസം കിട്ടത്തക്ക രീതിയിൽ പ്രവർത്തനപദ്ധതികൾ തയ്യാറാക്കും. അക്കാദമിക മോണിറ്ററിംഗ് ശക്തിപ്പെടുത്തും. വി.എച്ച്.എസ്.ഇ.-യിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കും.

നിലവിലുള്ള പി.ടി.എ., എസ്.എം.സി., എസ്.എം.ഡി.സി. സംവിധാനങ്ങളുടെ കൂടുതൽ ഏകോപനം ഉറപ്പുവരുത്തും. ഇവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. പൊതുവിദ്യാലയങ്ങൾക്ക് പുറമെ അംഗീകാരമുള്ള എല്ലാ വിദ്യാലയങ്ങൾക്കും ഇത് ബാധകമാക്കും.

എല്ലാ സ്കൂളുകൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക് മാസ്റ്റർപ്ലാൻ സമഗ്രമായി പരിഷ്കരിക്കും. മാസ്റ്റർ പ്ലാനുകളെ അടിസ്ഥാനമാക്കി

പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉന്നമനത്തിനായി സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കും.

ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളികൾ ലഘൂകരിക്കാൻ പദ്ധതികളുണ്ടാകും.

എല്ലാ സ്കൂളുകളിലും കൗൺസിലിംഗ് സേവനം ഉറപ്പുവരുത്തും. അധ്യാപകർക്ക് പ്രത്യേക പരിശീലനം നടത്തും. കുട്ടികളുടെ കായിക ക്ഷമത ഉറപ്പുവരുത്തും.

(ബി) പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് മികച്ച പരിശീലനവും വിദ്യാർത്ഥികൾക്ക് സാമൂഹിക അവബോധ ക്യാമ്പുകളും നിരന്തരമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ലക്ഷ്യം വയ്ക്കുന്ന അക്കാദമിക നേട്ടങ്ങളെ നടപ്പിലാക്കാൻ കഴിയുന്ന രീതിയിൽ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പുതിയതായി സർവ്വീസിൽ പ്രവേശിച്ച അധ്യാപകർക്കായി എൽ.പി., യു.പി., എച്ച്.എസ്. തലത്തിൽ റസിഡൻഷ്യൽ ഇൻഡക്ഷൻ പരിശീലനം നടപ്പിലാക്കിത്തുടങ്ങി.

അവധിക്കാല അധ്യാപക പരിശീലനങ്ങൾ, കലാ-കായിക അധ്യാപകർക്കുള്ള പരിശീലനങ്ങൾ, ഭിന്നശേഷി അധ്യാപകർക്കുള്ള പ്രത്യേക പരിശീലനങ്ങൾ, സാങ്കേതികവിദ്യയുടെ സഹായത്തോടെ ക്ലാസ്സ് മുറികളെ ആധുനിക കാലത്തിന് യോജിച്ച തരത്തിൽ മാറ്റുന്നതിനും പാഠ്യപദ്ധതി പരിഷ്കാരം വിഭാവനം ചെയ്യുന്നതരത്തിൽ അധ്യാപകരെ നിരന്തരം ശാക്തീകരിക്കുന്നതിനുള്ള നവീനമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കും.

പൊതുവിദ്യാലയങ്ങളിലെ എല്ലാ അധ്യാപകർക്കും വിദഗ്ധരുടെ സഹായത്തോടെ പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കി മികച്ച രീതിയിലുള്ള പരിശീലനം വിവിധ ഏജൻസികളുടെ ഏകോപനത്തോടെ സംഘടിപ്പിക്കുന്നു.

വിദ്യാർത്ഥികൾക്ക് സാമൂഹിക അവബോധ ക്യാമ്പുകൾ, വിവിധ വിഷയങ്ങളിലുള്ള ക്യാമ്പുകൾ എന്നിവ സമഗ്ര ശിക്ഷയുടെ നേതൃത്വത്തിൽ നടത്തി വരുന്നു. ഇവ മധ്യവേനൽ അവധിക്കാലത്തും തുടർന്നും നടപ്പിലാക്കും.

(സി) സമൂഹത്തോട് ഉത്തരവാദിത്തമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിന് ആവശ്യമായ സാമൂഹ്യസേവന പരിപാടികൾ സ്കൂളുകളിൽ നടപ്പാക്കുമോ; വിശദമാക്കുമോ?

സമൂഹത്തോട് ഉത്തരവാദിത്വമുള്ള പൗരൻമാരായി കുട്ടികളെ വളർത്തുന്നതിന് വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളാണ് ഇന്ന് വിദ്യാലയങ്ങളിൽ നടപ്പാക്കുന്നത്. വ്യത്യസ്ത ക്ലബ്ബുകളുടെ പ്രവർത്തനം, സ്റ്റുഡന്റ്സ് പോലീസ്, എൻ.എസ്.എസ്., എൻ.സി.സി. എന്നിവയും പ്രവർത്തിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് കുട്ടികളുടെ സാമൂഹിക ഇടപെടൽ ശക്തിപ്പെടുത്തുന്നതിന് സ്കൂൾ സോഷ്യൽ സർവ്വീസിന്റെ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. പാഠ്യപദ്ധതിയോട് ചേർന്നുനിന്നുകൊണ്ട് നിരവധി പ്രവർത്തനങ്ങളാണ് സാമൂഹ്യബോധം വളർത്തുന്നതിന് സഹായകമായ രീതിയിൽ നിലവിൽ പാഠപുസ്തകങ്ങളിലുള്ളത്. പാഠ്യപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ദിനാചരണങ്ങൾ കുട്ടികളിൽ ഉയർന്നതലത്തിൽ സാമൂഹ്യബോധവും സാമൂഹിക ഇടപെടലിനും വഴിയൊരുക്കിയിട്ടുണ്ട്.

സ്കൂൾ പാർലമെന്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**സംസ്ഥാനത്തെ സ്കൂൾ പ്രവേശനം**

173 (1353) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 അദ്ധ്യയന വർഷത്തെ സംസ്ഥാനത്തെ സ്കൂളുകളിലെ പ്രവേശനം സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായോ; എങ്കിൽ ക്ലാസ് അടിസ്ഥാനത്തിൽ പ്രവേശനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

പൂർത്തിയായി. 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം കൂടിയിട്ടുണ്ടോയെന്നും തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോയെന്നും അറിയിക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുട്ടികളുടെ എണ്ണം കൂടിയിട്ടുണ്ട്. 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ നടപടി സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഭിന്നശേഷി സംവരണത്തിന്റെ പേരിൽ 2018 മുതൽ തടഞ്ഞുവയ്ക്കപ്പെട്ട അദ്ധ്യാപക നിയമനങ്ങൾ എത്ര ഉണ്ടെന്നും ഇവർക്ക് അംഗീകാരവും ശമ്പളവും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഭിന്നശേഷി സംവരണത്തിന്റെ പേരിൽ തടസ്സപ്പെട്ട അധ്യാപക നിയമനങ്ങൾ എത്ര ഉണ്ടെന്ന ജില്ല തിരിച്ചുള്ള ലിസ്റ്റ് താഴെച്ചേർക്കുന്നു.

| **ജില്ല** | **അധ്യാപകരുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 533 |
| കൊല്ലം | 487 |
| പത്തനംതിട്ട | 169 |
| ആലപ്പുഴ | 678 |
| കോട്ടയം | 616 |
| ഇടുക്കി | 392 |
| എറണാകുളം | 484 |
| തൃശ്ശൂർ | 786 |
| പാലക്കാട് | 675 |
| മലപ്പുറം | 838 |

| | |
|---|---|
| കോഴിക്കോട് | 675 |
| വയനാട് | 191 |
| കണ്ണൂർ | 1037 |
| കാസർഗോഡ് | 300 |
| **ആകെ** | **7861** |

18-11-2018-ലെ സർക്കാർ ഉത്തരവ് (പി) നം.18/2018/സ നീ വ, 25-06-2022-ലെ സർക്കാർ ഉത്തരവ് (കൈ) നം.111/2022/പൊവിവ, 28-10-2022-ലെ ജെ3/49/2021/പൊവിവ നമ്പർ സർക്കാർ കത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23-11-2022-ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പാലിക്കേണ്ടതാണ് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്ന മുറയ്ക്ക് മറ്റ് നിയമന നിർദ്ദേശങ്ങൾ പരിഗണിച്ച് അവ അംഗീകരിക്കാവുന്നതാണ്.

**ഭിന്നശേഷി സൗഹൃദ വിദ്യാലയങ്ങൾ**

174 (1354) **ശ്രീ. കെ. പ്രേംകുമാർ:** താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിനായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം വഴി മോഡൽ ഇൻക്ലൂസീവ് സ്കൂൾ എന്ന പദ്ധതി 2022-23 വർഷം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി ബജറ്റിൽ 2202-02-109-71 (പി) എന്ന ശീർഷകത്തിൽ അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ 4202-01-202-93-02 (പി) എന്ന ശീർഷകത്തിൽ 1500 ലക്ഷം രൂപയും വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്. 2022 ഏപ്രിൽ, മെയ് മാസങ്ങളിൽ എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ നടന്ന അവധിക്കാല അധ്യാപക സംഗമത്തിൽ "ഭിന്നശേഷി സൗഹൃദ വിദ്യാലയം" സംബന്ധിച്ച് കേരളത്തിലെ പൊതുവിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകിയിട്ടുണ്ട്.

**പുതിയ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമം**

175 (1355) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട് കഴിഞ്ഞാൽ പുതിയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതിന്റെ നടപടിക്രമം വിശദമാക്കാമോ;

എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട് കഴിഞ്ഞാൽ പുതിയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട സ്കൂളിലെ (ഏത് സ്കൂളിലാണോ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത് ആ സ്കൂളിലെ) പ്രഥമാധ്യാപകന്റെ ഒപ്പും സീലും രേഖപ്പെടുത്തി ചുവടെ ചേർക്കുന്ന രേഖകൾ സഹിതം പരീക്ഷാ ഭവൻ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

1. ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിനുള്ള ഫീസ് 350/-രൂപ Triplicate-ന് 750/- രൂപ, Quadruplicate-ന് 1000/-രൂപ ക്രമത്തിൽ അപേക്ഷകൻ കേരള സംസ്ഥാനത്തിലെ ഏതെങ്കിലും ഗവൺമെന്റ് ട്രഷറിയിൽ "0202-01-102-92 Other Receipt” എന്ന അക്കൗണ്ട് ഹെഡ്ഡിൽ

ചെലാൻ എടുത്ത് ഫീസ് ഒടുക്കണം. അപേക്ഷകൻ കേരളത്തിന് പുറത്താണെങ്കിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് നമ്പർ '077 ബി(സി) ഐ.എസ്.എസ്.എ കേരള' എന്ന പേരിൽ ചെലാൻ എടുത്ത് ഫീസ് ഒടുക്കണം.

2. അസ്സൽ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാത്ത വിധത്തിൽ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ഒരു ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന്റെ കോടതി മുദ്ര പതിച്ച സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. ജവാനാണെങ്കിൽ, കമാന്റിംഗ് ഓഫീസറുടെ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

3. അസ്സൽ സർട്ടിഫിക്കറ്റ് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെ കുറിച്ചുള്ള വിശദവിവരങ്ങൾ നൽകുന്നതോടൊപ്പം കേടായ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും വേണം.

4. സർട്ടിഫിക്കറ്റ് വിദേശത്ത് വച്ച് തിരിച്ചുകിട്ടാത്ത വിധത്തിൽ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അപേക്ഷയോടൊപ്പം ഇന്ത്യൻ എംബസിയുടെ ജുഡീഷ്യൽ അധികാരമുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം കൂടി ഉൾപ്പെടുത്തിയിരിക്കണം.

5. ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക് ലഭിക്കുന്നതിനായി പി.ആർ.ഡി. അംഗീകരിച്ച ഏതെങ്കിലും ദിനപത്രത്തിൽ പരസ്യം നൽകേണ്ടതാണ്.

(ബി) അപേക്ഷ സമർപ്പിച്ച് കഴിഞ്ഞാൽ പുതിയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന്റെ കാലയളവ് എത്രയാണെന്ന് അറിയിക്കാമോ?

പുതിയ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലയളവ് 2000 വരെ പരീക്ഷ എഴുതിയവരുടെ പരമാവധി ഒന്നരമാസവും 2001 മുതൽ പരീക്ഷ എഴുതിയവരുടെ പുതിയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പരമാവധി ഒരു മാസവും ആണ്.

## സ്കൂൾ പാചക തൊഴിലാളികളുടെ വേതനം

176 (1356) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എത്ര പാചക തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ലതിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന പാചക തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പൊതുവിദ്യാലയങ്ങളിൽ പാചക തൊഴിലാളികളെ നിയമിക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

പാചകത്തൊഴിലാളികളെ പുതിയതായി നിയമിക്കുന്നതിനും പ്രത്യേക സാഹചര്യങ്ങളിൽ പിരിച്ച് വിടുന്നതിനുമുള്ള അധികാരം സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികൾക്കാണ്, പാചകത്തൊഴിലാളികളുടെ നിയമനത്തിൽ സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്കും എസ്.സി, എസ്.റ്റി, ഒ.ബി.സി, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവർക്കും മുൻഗണന നൽകുന്നുണ്ട്. പാചകത്തിലെ വൈദഗ്ധ്യം, ആരോഗ്യം, ശുചിത്വം, പ്രാദേശിക പ്രാതിനിധ്യം എന്നിവയും കണക്കിലെടുത്താണ് പാചകത്തൊഴിലാളികളെ നിയമിക്കുന്നത്. കൂടാതെ നേത്ര, ചർമ്മ, ശ്വാസകോശ സംബന്ധമായ രോഗങ്ങളില്ലായെന്ന് തെളിയിക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ പ്രാക്ടീഷണർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിയമനത്തിനപേക്ഷിക്കുന്ന ഘട്ടത്തിൽ പാചകത്തൊഴിലാളി സമർപ്പിക്കേണ്ടതാണ്. നിലവിൽ 500 കുട്ടികൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് ഒരു പാചകത്തൊഴിലാളിയെയും 500 കുട്ടികൾക്ക് മുകളിൽ 2 പാചക തൊഴിലാളികളേയും നിയമിക്കുന്നുണ്ട്. നിയമിക്കപ്പെടുന്ന പാചകത്തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. ആറ് മാസത്തിലൊരിക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവ മുഖാന്തരം ആരോഗ്യ പരിശോധന ഉറപ്പാക്കുന്നുണ്ട്.

(സി) പാചക തൊഴിലാളികൾക്ക് നൽകുന്ന പ്രതിഫലം എത്രയാണെന്നും പ്രതിഫലം വിതരണം ചെയ്യുന്നതിന് കൃത്യമായ ദിനങ്ങൾ നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

പ്രതിദിനം 600 രൂപ മുതൽ 675 രൂപ വരെയാണ് പാചകത്തൊഴിലാളികൾക്ക് ഓണറേറിയമായി അനുവദിക്കുന്നത്. 150

കുട്ടികൾ വരെ ഫീഡിംങ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ പാചകത്തൊഴിലാളികളുടെ പ്രതിദിന ഓണറേറിയം 600/- രൂപയാണ്. 151 മുതൽ 500 വരെ ഫീഡിങ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ പാചകത്തൊഴിലാളികളുടെ കുറഞ്ഞ പ്രതിദിന ഓണറേറിയം 600/- രൂപയും 150-ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന തോതിൽ കണക്കാക്കി പരമാവധി പ്രതിദിന ഓണറേറിയം 675/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. 500-ന് മുകളിൽ ഫീഡിങ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ രണ്ട് പാചകത്തൊഴിലാളികൾ ഉണ്ടാകും എന്നതിനാൽ മിനിമം ഓണറേറിയം ആയ 600/- രൂപ എന്ന നിരക്കിനെ അടിസ്ഥാനപ്പെടുത്തി ആദ്യത്തെ 300 കുട്ടികൾക്ക് ഓരോ പാചകത്തൊഴിലാളിക്കും പ്രതിദിനം 600/- രൂപ വീതവും 300-ന് മുകളിൽ അധികമായി കുട്ടി ഒന്നിന് 25 പൈസ നിരക്കിൽ കണക്കാക്കി ലഭിക്കുന്ന തുകയെ തുല്യമായി വീതിച്ച് പ്രതിദിനം പരമാവധി 675/- രൂപയിൽ നിജപ്പെടുത്തി ഇരു തൊഴിലാളികൾക്കും ഓണറേറിയമായി നൽകി വരുന്നു.

സ്കൂളുകൾ സമർപ്പിക്കുന്ന എൻ.എം.പി. (ന്യൂൺ മീൽ പ്രോഗ്രാം) ഫോറം ഒന്നിലെ പ്രവൃത്തി ദിനങ്ങൾ അടിസ്ഥാനപ്പെടുത്തി ഓരോ മാസവും പാചക തൊഴിലാളികൾക്ക് അർഹതപ്പെട്ട ഓണറേറിയം തൊട്ടടുത്ത മാസം 5–ാം തീയതിക്ക് മുൻപായി തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പി.എഫ്.എം.എസ്. മുഖാന്തരം ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇവർക്ക് നൽകാനുള്ള പ്രതിഫലം കുടിശ്ശിക ഉണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

2022 നവംബർ വരെയുള്ള ഓണറേറിയം പാചകത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തേക്കുള്ള (2022-23) രണ്ടാം ഗഡു കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ വന്നിട്ടുള്ള കാലതാമസംമൂലം ഡിസംബറിലെ ഓണറേറിയം പൂർണ്ണമായും വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല. ആയത് വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ദേശീയ വിദ്യാഭ്യാസ നയം

177 (1357) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയം പ്രകാരം സ്കൂളുകളുടെ പുതിയ ഘടന 5+3+3+4 എന്നതാണെന്നിരിക്കെ ഈ മാറ്റങ്ങളോട് സംസ്ഥാനത്തിന്റെ സമീപനം എന്താണെന്ന് അറിയിക്കാമോ;

ദേശീയ വിദ്യാഭ്യാസ നയം അനുസരിച്ചുള്ള സ്കൂൾ ഘടന നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല. സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിച്ചുകൊണ്ടുള്ള മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസ കമ്മിറ്റി റിപ്പോർട്ടടക്കമുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് തീരുമാനമെടുക്കുന്നതാണ്.

(ബി) പല സംസ്ഥാനങ്ങളും പ്രസ്തുത ഘടന നടപ്പാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രീ-പ്രൈമറി വിഭാഗത്തെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുമോ;

അഞ്ചുവർഷമുള്ള ഫൗണ്ടേഷണൽ സ്റ്റേജിലാണ് പ്രീ-പ്രൈമറി വിദ്യാഭ്യാസം ദേശീയ വിദ്യാഭ്യാസ നയത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത നിർദ്ദേശത്തിൽപോലും വിദ്യാഭ്യാസ ഘട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള സ്ഥാപനങ്ങളുടെ ക്രമീകരണത്തിനല്ല പ്രാധാന്യം. വ്യത്യസ്ത സ്ഥാപനങ്ങളിൽ പ്രവർത്തിച്ചാലും ഒരു ഘട്ടമായി പരിഗണിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുകയാണ് ചെയ്തിട്ടുള്ളത്.

കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തിൽ പ്രീ-പ്രൈമറി മേഖലയെ പ്രത്യേകമായി പരിഗണിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ നടക്കുന്നത്.

(സി) നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് വരുന്നതിന് മുൻപ് സംസ്ഥാനത്തെ പരിഷ്ക്കരണ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ ദേശീയ വിദ്യഭ്യാസ നയം സംസ്ഥാനത്ത് എങ്ങനെ നടപ്പാക്കുമെന്ന വിശദാംശം ലഭ്യമാക്കുമോ?

ദേശീയ വിദ്യാഭ്യാസ നയത്തെ അടിസ്ഥാനമാക്കിയല്ല കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരണം ആരംഭിച്ചിരിക്കുന്നത്. ഏതാണ്ട് ഒരു ദശകത്തിന്

മുമ്പ് തയ്യാറാക്കിയ പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും കാലാനുസൃതമായി മാറ്റം വരുത്തുക എന്നുള്ളതാണ് കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ മുഖ്യ ലക്ഷ്യം. വിദ്യാഭ്യാസ മേഖലയിലെ മറ്റെല്ലാ ഘടകങ്ങളെയും പരിഗണിക്കുന്നതുപോലെ ദേശീയതലത്തിൽ തയ്യാറാക്കിയിട്ടുള്ള ദേശീയ വിദ്യാഭ്യാസ നയത്തെയും പരിശോധിച്ചുകൊണ്ടാണ് കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണം നടക്കുന്നത്.

**വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെൻഡിനെ അനുവദിച്ച് നൽകുന്നതിനുള്ള നടപടി**

178 (1358) **ശ്രീ. ഒ. ആർ. കേളു:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ അനുവദിച്ച് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ?

സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ അനുവദിച്ച് നൽകുന്നതിനുള്ള

നടപടിക്രമങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്. ഓരോ വർഷവും കേരള പരീക്ഷാഭവൻ പുറപ്പെടുവിക്കുന്ന പരീക്ഷാ നോട്ടിഫിക്കേഷൻ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പരിപത്രം ഇവയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ നിർദ്ദിഷ്ട പ്രൊഫോർമയിലുള്ള അപേക്ഷ, വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവ പ്രധാനാദ്ധ്യാപകന്റെ ശിപാർശയോടെ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ക്രോഡീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ടി അപേക്ഷകൾ പരിശോധിച്ച് അർഹമായ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് നൽകുകയും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്ക്രൈബ് ഉൾപ്പെടെയുള്ള പരീക്ഷാനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തുവരുന്നു.

(ബി) ഒരു വിദ്യാർത്ഥിയ്ക്ക് സ്ക്രൈബിനെ ആവശ്യമാണെന്നുള്ള സർട്ടിഫിക്കറ്റ് നൽകാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണ്; വ്യക്തമാക്കാമോ?

മെഡിക്കൽ ബോർഡ്/മെഡിക്കൽ അതോറിറ്റിയിൽ അംഗങ്ങളായ ഡോക്ടർമാർ.

(സി) ഇങ്ങനെ സ്ക്രൈബിനെ ഉപയോഗിച്ച് പരീക്ഷ എഴുതുന്ന കുട്ടികൾക്ക് കൊടുക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന് കാലാവധി ഉണ്ടോയെന്ന് അറിയിക്കുമോ?

പരിമിതിയുടെ സ്വഭാവം അനുസരിച്ച് വൈകല്യത്തിന്റെ തോത് വ്യത്യാസം വരാൻ സാധ്യതയുള്ളവർക്ക് താൽക്കാലിക സർട്ടിഫിക്കറ്റും (temporary) സ്ഥിരവൈകല്യമുള്ളവർക്ക് സ്ഥിരമായ സർട്ടിഫിക്കറ്റും (permanent) ലഭിക്കുന്നതാണ്.

(ഡി) പ്രസ്തുത വിദ്യാർത്ഥികൾ സ്ക്രൈബിനെ ഉപയോഗിച്ചിരുന്നു എന്ന് എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്താറുണ്ടോ എന്ന് അറിയിക്കുമോ?

ഇല്ല.

## വിദ്യാഭ്യാസ ഗുണമേന്മ ഉറപ്പുവരുത്താൻ നടപടി

179 (1359) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും ഹയർ സെക്കണ്ടറി സീറ്റ് വിതരണത്തിലെ അശാസ്ത്രീയത പഠിക്കുന്നതിനും സർക്കാർ തലത്തിൽ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

ഹയർ സെക്കണ്ടറിയിലെ മതിയായ എണ്ണം കുട്ടികളില്ലാത്ത ബാച്ചുകളുടെ പുന:ക്രമീകരണം സംബന്ധിച്ച് പഠനം നടത്തുന്നതിന് 22-12-2022 തീയതിയിലെ സ.ഉ.(സാധാ)നം. 8329/2022/പൊ.വി.വ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ 2015 മുതൽ ഈ അദ്ധ്യയന വർഷം വരെ എയിഡഡ്, സർക്കാർ സ്കൂളുകളിൽ ഒരോ വർഷവും പുതുതായി എത്ര കുട്ടികൾ പ്രവേശനം നേടി എന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

ഒന്ന് മുതൽ പത്താം ക്ലാസ്സ് വരെ 2015 മുതൽ ഈ അധ്യയന വർഷം വരെ എയ്ഡഡ് സർക്കാർ സ്കൂളുകളിൽ ഓരോ വർഷവും പുതുതായി പ്രവേശനം നേടിയ കുട്ടികളുടെ ആകെ എണ്ണം ക്ലാസ്സ് തിരിച്ചും പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം ജില്ല തിരിച്ചും ഉള്ള വിവരങ്ങൾ അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു+. ഒന്നു മുതൽ പത്ത് വരെ ക്ലാസ്സുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) ഈ കാലയളവിൽ അൺ എയിഡഡ്/സി.ബി.എസ്.സി. സ്കൂളുകളിൽ ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ എത്ര കുട്ടികൾ പ്രവേശനം നേടി എന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

2015 മുതൽ ഈ അധ്യയന വർഷം വരെ അൺഎയ്ഡഡ്/സി.ബി.എസ്.ഇ. സ്കൂളുകളിൽ ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പ്രവേശനം നേടിയ കുട്ടികളുടെ ആകെ എണ്ണം ക്ലാസ്സ് തിരിച്ചും പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം ജില്ല തിരിച്ചും ഉള്ള വിവരങ്ങൾ അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്നു മുതൽ പത്ത് വരെ ക്ലാസ്സുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഡി) ഈ അദ്ധ്യയന വർഷം പ്ലസ് വൺ ബാച്ചുകളിൽ മാർജിനൽ ഇൻക്രീസ് പ്രകാരം അധികമായി കുട്ടികളെ ചേർക്കുന്നതിന് അനുമതി നൽകിയത് പ്രകാരം എത്ര കുട്ടികൾക്ക് അധികം പ്രവേശനം നൽകാൻ സാധിച്ചുവെന്നത് ജില്ല, എയിഡഡ്, സർക്കാർ സ്കൂളുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്യുന്നു+.

(ഇ) പ്ലസ് വൺ ക്ലാസ്സുകളിൽ അനുവദിച്ച ബാച്ചിൽ ഈ അദ്ധ്യയന വർഷം കുട്ടികൾ കുറവുള്ളതോ തീരെ അഡ്മിഷൻ നൽകാത്തതോ ആയ ബാച്ചുകളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

അനുബന്ധം 4 ആയി ഉള്ളടക്കം ചെയ്യുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) ഓപ്പൺ സ്കൂൾ മുഖേന ഈ അദ്ധ്യയന വർഷം പ്ലസ് വൺ കോഴ്സുകൾക്ക് എത്ര കുട്ടികൾ രജിസ്റ്റർ ചെയ്തു എന്നത് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

| ജില്ല | കുട്ടികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 659 |
| കൊല്ലം | 1018 |
| പത്തനംതിട്ട | 39 |
| ആലപ്പുഴ | 1676 |
| കോട്ടയം | 260 |
| ഇടുക്കി | 466 |
| എറണാകുളം | 1421 |
| തൃശ്ശൂർ | 2120 |
| പാലക്കാട് | 5489 |
| മലപ്പുറം | 16614 |
| കോഴിക്കോട് | 5118 |
| വയനാട് | 786 |

| | |
|---|---|
| കണ്ണൂർ | 2057 |
| കാസർഗോഡ് | 2187 |
| ദുബായി (യു.എ.ഇ) | 16 |

(ജി) ഉപരിപഠനത്തിന് അർഹരാകുന്ന കുട്ടികളുടെ എണ്ണത്തിന് അനുസൃതമായി ഓരോ ജില്ലയിലും ഹയർ സെക്കണ്ടറി ബാച്ചുകളും ഹയർ സെക്കണ്ടറി സ്കൂളുകളും അനുവദിച്ച് സീറ്റുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

പുതിയ ബാച്ചുകൾ അനുവദിക്കേണ്ടതുണ്ടോ എന്നതും പുതുതായി ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ടോ എന്നതും സംബന്ധിച്ച വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 22-12-2022 തീയതിയിലെ സ.ഉ.(സാധാ)നം. 8329/2022/പൊ.വി.വ ഉത്തരവ് പ്രകാരം ഒരു വിദഗ്ധ കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

**പഠന നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ**

180 (1360) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി മേഖലകളിലെ കുട്ടികളുടെ പഠന നിലവാരം വിലയിരുത്തിയിട്ടുണ്ടോ?

തീരപ്രദേശം, തോട്ടം മേഖല, ആദിവാസി വിഭാഗങ്ങൾ എന്നിവരുടെ പഠനപിന്നോക്കാവസ്ഥയുടെ കാരണങ്ങളും പരിഹാരങ്ങളും സംബന്ധിച്ച് 2018-19 വർഷത്തിൽ എസ്.സി.ഇ.ആർ.ടി. ഗവേഷണപഠനം സംഘടിപ്പിച്ചിരുന്നു. കോവിഡ് കാലത്തെ കുട്ടികളുടെ അക്കാദമികവും മനോ-സാമൂഹികവുമായ അവസ്ഥ സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി. 2021-ൽ നടത്തിയ പഠനത്തിൽ ആദിവാസി മേഖലകളെ പ്രത്യേകമായി പരിഗണിച്ചിരുന്നു.

(ബി) എങ്കിൽ പ്രസ്തുത മേഖലകളിലെ കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് എന്ത് ഇടപെടലാണ് നടത്തിയതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മേഖലകളിലെ ഓരോ കുട്ടിയുടെയും പഠനത്തിലുള്ള പ്രത്യേക ആവശ്യകതകൾ കണക്കിലെടുത്ത് അവർക്ക് പ്രത്യേക പിന്തുണ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) ആദിവാസി മേഖലകളിൽ ചെറിയ ക്ലാസുകളിൽ കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി മെന്റർ ടീച്ചർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തെ പ്രബല ആദിവാസി വിഭാഗത്തിൽപ്പെടുന്ന അഭ്യസ്തവിദ്യരായ ആളുകളെയാണ് മെന്റർ ടീച്ചറായി നിയോഗിച്ചിട്ടുള്ളത്. ഇവർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകിവരുന്നു. വിവിധ ആദിവാസി ഭാഷകളിലേയ്ക്ക് ഡിജിറ്റൽ വിഭവങ്ങൾ മൊഴിമാറ്റുന്ന പ്രവർത്തനം നടത്തിയിട്ടുണ്ട്. കൂടാതെ ആദിവാസി, തോട്ടം തീരപ്രദേശം എന്നീ മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക പഠന പരിപോഷണ പരിപാടിയും വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു

പട്ടികജാതി പട്ടികവർഗ്ഗ, വിദ്യാർത്ഥികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രീ-മെട്രിക് സ്കോളർഷിപ്പ്

2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

3. ഓവർസീസ് സ്കോളർഷിപ്പ്

4. പാരലൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ധനസഹായം

5. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

ഫിഷറീസ് വകുപ്പ്, പ്രസ്തുത വകുപ്പിൻകീഴിൽ മത്സ്യതൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, പോക്കറ്റ് മണി, സ്പെഷ്യൽ ഫീസ് എന്നിവ നൽകി വരുന്നു. പ്രസ്തുത ആവശ്യത്തിനായി 2022-23 സാമ്പത്തിക വർഷം 32.5 കോടി രൂപ ഫിഷറീസ് വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ

കീഴിലുള്ള പത്ത് ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഭക്ഷണം, താമസ സൗകര്യം, യൂണിഫോം സ്പെഷ്യൽ കോച്ചിംഗ്, സ്റ്റഡി ടൂർ എന്നിവ പൂർണ്ണമായും സൗജന്യമാണ്. അതുകൂടാതെ മത്സ്യതൊഴിലാളി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇൻർനെറ്റ്, ടി.വി. പ്രൊജക്ടർ, പ്രിന്റർ എന്നിവ നൽകുന്നതിനുള്ള 'പ്രതിഭാതീരം' എന്ന പദ്ധതി ഫിഷറീസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യതൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസവും ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

**എൽ.എസ്.എസ്. - യു.എസ്.എസ്. സ്കോളർഷിപ്പ്**

181 (1361) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.എസ്.എസ്.-യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് തുക ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

യഥാവർഷം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കോളർഷിപ്പ് തുകയും സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ?

ഫണ്ട് ലഭ്യതയനുസരിച്ച് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 വരെയുള്ള കാലയളവിലെ സർട്ടിഫിക്കറ്റുകൾ ഡയറ്റ് മുഖേനയും 2020-21-ലെ എൽ.എസ്.എസ്./ യു.എസ്.എസ്. സർട്ടിഫിക്കറ്റുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസ് മുഖേനയും വിതരണം ചെയ്തിട്ടുള്ളതാണ്. 2021-22 വർഷത്തെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(സി) ഏത് വർഷം മുതലുള്ള സ്കോളർഷിപ്പ് തുകയാണ് വിതരണം ചെയ്യാൻ കുടിശ്ശികയുള്ളതെന്ന് അറിയിക്കുമോ; ആയത് സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

2019-20, 2020-21, 2021-22 എന്നീ കാലയളവുകളിലെ സ്കോളർഷിപ്പ് തുക ഭാഗികമായി വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക തീർക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉച്ചഭക്ഷണ പദ്ധതിയുടെ തുക വർദ്ധിപ്പിക്കൽ**

182 (1362) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിക്കായി ഒരു കുട്ടിക്ക് നിലവിൽ നൽകി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി അവസാനമായി തുക വർദ്ധിപ്പിച്ചതെന്നാണെന്നും എത്രയായിരുന്നുവെന്നും വിശദമാക്കാമോ;

(എ&ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.

സ്ലാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് 8 രൂപ

സ്ലാബ് II – 151 മുതൽ 500 വരെ - കുട്ടിയൊന്നിന് 7 രൂപ

സ്ലാബ് III – 500 ന് മുകളിൽ - കുട്ടിയൊന്നിന് 6 രൂപ

05-09-2016-ലാണ് പ്രസ്തുത പദ്ധതിക്കായി അവസാനമായി തുക വർദ്ധിപ്പിച്ചത്.

(സി) പദ്ധതിക്കായി സ്കൂളുകൾക്ക് തുക അനുവദിക്കുന്നതിൽ കുടിശ്ശികയുണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

2022-23 വർഷം സംസ്ഥാനത്തിന് അർഹതപ്പെട്ട സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കായുള്ള രണ്ടാം ഗഡു കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ വന്നിട്ടുള്ള കാലതാമസംമൂലം 2022 ഡിസംബർ മാസം മുതൽക്കുള്ള തുക സ്കൂളുകൾക്ക്

അനുവദിക്കുവാൻ സാധിച്ചിട്ടില്ല. ടി തുക അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പദ്ധതിക്ക് കാലാനുസൃതമായി തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് അനുവദിക്കുന്ന മെറ്റീരിയൽ കോസ്റ്റ് (പാചകചെലവ്) 01-10-2022 തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവയുടെ തുക വർദ്ധിപ്പിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു.

### അദ്ധ്യയന ദിനങ്ങൾ ഉറപ്പാക്കുന്നതിന് നടപടി

183 (1363) <u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ഡോ. മാത്യു കുഴൽനാടൻ:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>

ശ്രീ. എം. വിൻസെൻറ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുന്നൂറ് അദ്ധ്യയന ദിനങ്ങളെങ്കിലും ഉറപ്പുവരുത്തുമെന്ന പ്രഖ്യാപനമുണ്ടായിരുന്നിട്ടും സംസ്ഥാനത്തെ പ്ലസ് വൺ വിദ്യാർഥികൾക്ക് നൂറിൽ താഴെ അദ്ധ്യയന ദിനങ്ങൾ മാത്രമാണ് നിലവിൽ ഉറപ്പാക്കാൻ സാധിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ വർഷങ്ങളിൽ ഓൺലൈൻ ക്ലാസുകൾ നടന്നതിനാൽ പല കുട്ടികൾക്കും ക്ലാസ് നഷ്ടപ്പെടുകയോ അടിസ്ഥാന കാര്യങ്ങളിൽ വേണ്ടത്ര അറിവില്ലാതിരിക്കുകയോ ചെയ്തതിനാൽ ഹയർ സെക്കണ്ടറി ക്ലാസുകളിലെ അദ്ധ്യയനത്തിന് കൂടുതൽ സമയവും ശ്രദ്ധയും ആവശ്യമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യമായതിന്റെ പകുതി പ്രവൃത്തിദിനങ്ങൾപോലും കുട്ടികൾക്ക് ലഭിക്കുന്നില്ലെന്നതും പ്രവൃത്തിദിനങ്ങൾ പൂർണ്ണമായും

പഠനത്തിനായി ഉപയോഗിക്കാൻ സാധിക്കുന്നില്ലെന്നതും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പ്രവേശന നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ചും അദ്ധ്യാപകരുടെ മറ്റ് ചുമതലകൾ ഒഴിവാക്കിയും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ ഇരുന്നൂറ് അദ്ധ്യയനദിനങ്ങളിലെങ്കിലും കാര്യക്ഷമമായ അദ്ധ്യയനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് രോഗവ്യാപനത്തെ തുടർന്ന് വളരെ നാളുകൾ അടച്ചിട്ട സ്കൂളുകൾ വീണ്ടും പൂർണ്ണ തോതിൽ ആരംഭിച്ചത് ഈ അദ്ധ്യയന വർഷമാണ്. പ്രസ്തുത കാലയളവിൽ നിന്നുപോയ പല അക്കാദമികവും പരീക്ഷാ സംബന്ധവുമായ പ്രവർത്തനങ്ങൾ ഈ വർഷം പുനരാരംഭിക്കുകയുണ്ടായി. കഴിയുന്നത്ര പ്രവൃത്തി ദിനങ്ങൾ ഉറപ്പുവരുത്താൻ ശ്രമിക്കുന്നുണ്ട്. പരീക്ഷകൾ സമയബന്ധിതമായി നടത്തിക്കൊണ്ട് അടുത്ത

അധ്യയന വർഷം പ്രവൃത്തി ദിനങ്ങൾ പരമാവധിയാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

**ഖാദർ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട്**

**184 (1364)** <u>**ഡോ. എം. കെ. മുനീർ**</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ പരിഷ്കരണവുമായി ബന്ധപ്പെട്ട എം. എ. ഖാദർ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഖാദർ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഖാദർ കമ്മിറ്റി അന്തിമ റിപ്പോർട്ട് സംബന്ധിച്ച് അധ്യാപക സംഘടനകൾ, സർവീസ് സംഘടനകൾ, വിദ്യാർഥി സംഘടനകൾ എന്നിവയുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ചർച്ച നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-ഡി) സ്കൂൾ വിദ്യാഭ്യാസ പരിഷ്കരണവുമായി ബന്ധപ്പെട്ട ഡോ. എം. എ. ഖാദർ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 22-09-2022-ൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**ഉച്ചഭക്ഷണ പദ്ധതി**

185 (1365) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിക്കുന്ന തുക ഭക്ഷ്യവസ്തുക്കളുടെ കമ്പോള നിലവാരവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത തുക ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ പോഷകാഹാര പദ്ധതിയുടെ ഭാഗമായി നൽകുന്ന മുട്ടയ്ക്കും പാലിനും അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുമോ; വിശദാംശം നൽകുമോ;

(സി) വിവിധ സ്കൂളുകളിൽ നാളിതുവരെ ഉച്ചഭക്ഷണം നൽകുന്നതിന് വിലക്കയറ്റംമൂലമുണ്ടായ അധിക ബാധ്യത നികത്തുന്നതിന് പ്രത്യേക തുക അനുവദിക്കുമോ; വിശദാംശം നൽകുമോ;

(എ-സി) ഭക്ഷ്യവസ്തുക്കളുടെ കമ്പോള വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയിൻകീഴിൽ സപ്ലിമെന്ററി ന്യൂട്രീഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും 01-10-2022 തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കുലറുകളും ഉത്തരവുകളും ഇറക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്യുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

2013-ൽ പാർലമെന്റ് പാസ്സാക്കിയ ഭക്ഷ്യ ഭദ്രതാ നിയമം, 2015-ൽ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്ത ഉച്ചഭക്ഷണ പദ്ധതി ചട്ടങ്ങൾ, 2006-ലും

2022-ലും കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്കൂൾ ഉച്ചഭക്ഷണ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ, എന്നിവയുടെ അടിസ്ഥാനത്തിലാണ് ടി പദ്ധതിയുമായി ബന്ധപ്പെട്ട സർക്കുലറുകളും ഉത്തരവുകളും സംസ്ഥാനത്ത് ഇറക്കുന്നത്.

(ഇ) ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതല പ്രധാന അധ്യാപകർതന്നെ നിർവഹിക്കുന്നതിനാൽ പല സ്കൂളുകളിലും അധ്യയനത്തിൽ ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതല പ്രധാന അധ്യാപകരിൽമാത്രം നിക്ഷിപ്തമല്ല. പ്രൈമറി സ്കൂളുകളടക്കം ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ സ്കൂളുകളിലും പദ്ധതി നടത്തിപ്പിനായി സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ പി.ടി.എ. പ്രസിഡന്റ് ടി കമ്മിറ്റിയുടെ ചെയർമാനും പ്രഥമാധ്യാപകൻ/ പ്രഥമാധ്യാപിക അതിന്റെ കൺവീനറുമാണ്. സർക്കാർ ഫണ്ട് കൃത്യമായി വിനിയോഗിച്ചും അതോടൊപ്പം രക്ഷാകർതൃ-പൊതുസമൂഹത്തിന്റെ പിന്തുണയോടും സഹകരണത്തോടുംകൂടി പദ്ധതി കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകേണ്ടതിന്റെ ഉത്തരവാദിത്വം

ഉച്ചഭക്ഷണ കമ്മറ്റികളുടേതാണ്. കൂടാതെ, ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ പ്രഥമാധ്യാപകരെ സഹായിക്കുന്നതിനായി രണ്ട് അധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതെല്ലാം ഉൾപ്പെടുത്തി 2022-23 അക്കാദമിക് വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകൾക്കും ബന്ധപ്പെട്ട ഓഫീസുകൾക്കും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പതിനെട്ടോളം രജിസ്റ്ററുകൾ/ഫോമുകളാണ് ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ഉപയോഗിച്ചിരുന്നത്. ഇത് പത്താക്കി ചുരുക്കുകയും ഇതിൽ മൂന്നെണ്ണം ഡിജിറ്റൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി രജിസ്റ്ററുകളുടെ പരിപാലന ചുമതല പ്രഥമാദ്ധ്യാപകരെ സഹായിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള രണ്ട് അദ്ധ്യാപകരിൽ ഒരാളിൽ നിക്ഷിപ്തമാണ്. ഉച്ചഭക്ഷണ ഹാജർ പുസ്തകം, അക്കൗണ്ട് രജിസ്റ്റർ, പാചകത്തൊഴിലാളികളുടെ ഹാജർ പുസ്തകം എന്നിവ മാത്രമാണ് പ്രതിദിനം രേഖപ്പെടുത്തലുകൾ ആവശ്യമായ രജിസ്റ്ററുകൾ. ഇതിൽ, ഉച്ചഭക്ഷണ ഹാജർ പുസ്തകത്തിൽ കുട്ടികളുടെ ഹാജർ രേഖപ്പെടുത്തുന്നത് അതത് ക്ലാസ് ടീച്ചർമാരാണ്. ഉച്ചഭക്ഷണ 'മെനു' നിശ്ചയിക്കുക, ഉച്ചഭക്ഷണം

തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുക, എന്നീ ചുമതല സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയിലാണ് നിക്ഷിപ്തമായിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിൽ സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയെ സഹായിക്കുന്നതിനും ഭക്ഷണത്തിന്റെ ഗുണമേന്മ, ഭക്ഷണവിതരണത്തിലെ ശുചിത്വം എന്നിവയൊക്കെ പരിശോധിക്കുന്നതിനും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയെ കൂടി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സ്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം

186 (1366)ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർഥികളുടെ പഠന നിലവാരം ശാസ്ത്രീയമായി വിലയിരുത്തുന്നതിനും ഗുണനിലവാരമുള്ള മൂല്യനിർണ്ണയ രീതി

വികസിപ്പിക്കുന്നതിനുമായി അസെസ്സ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. പഠനപരിപോഷണ പദ്ധതികളായ ന്യൂമാറ്റ്സ്, സ്റ്റെപ്പ്സ്, ന്യൂസെറ്റ്സ് എന്നിവയ്ക്കും എൻ.റ്റി.എസ്.ഇ, എൻ.എം.എം.എസ്. പോലുള്ള ദേശീയ തലത്തിലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്കും എൽ.എസ്.എസ്./ യു.എസ്.എസ്. പരീക്ഷകൾക്കും ആവശ്യമായ അക്കാദമിക നേതൃത്വം അസെസ്സ്മെന്റ് സെൽ നൽകും. അസെസ്സ്മെന്റ് സെല്ലിന്റെ അക്കാദമിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, ഭാഷ എന്നീ വിഷയങ്ങളിൽ ഇന്റേണൽ വിദഗ്ധരും എക്സ്റ്റേണൽ വിദഗ്ധരും ഒരു സ്റ്റേറ്റ് അസെസ്മെന്റ് സെൽ കോ-ഓർഡിനേറ്ററും ചേർന്നുള്ള സമിതി പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വിലയിരുത്തൽ സർവ്വേ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവ്വേയുടെ രീതി സംബന്ധിച്ച വിശദാംശം നൽകാമോ?

സ്റ്റേറ്റ് അസെസ്സ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ സംസ്ഥാന പഠനനേട്ട സർവ്വേ (State Achievement Survey- SAS) നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലയിലെയും തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സാമ്പിൾ ആയി എടുത്തുകൊണ്ട് സർവ്വേ നടത്തുന്നതായിരിക്കും. 3-ാം ക്ലാസ്, 5-ാം ക്ലാസ്, 8-ാം ക്ലാസ് വിദ്യാർത്ഥികളുടെ പഠന മികവാണ് പ്രസ്തുത സർവ്വേയിലൂടെ വിലയിരുത്തുന്നത്. ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളെ ആധാരമാക്കിയാണ് സംസ്ഥാന പഠനനേട്ട സർവ്വേ (SAS) നടക്കുന്നത്.

(സി) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി വ്യത്യസ്ത പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കോവിഡ് കാലം പഠിതാക്കളിൽ സൃഷ്ടിച്ച പഠനവിടവ് പരിഹരിക്കുന്നതിനാവശ്യമായ

ബ്രിഡ്ജ് മെറ്റീരിയൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 3-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി എല്ലാ വിഷയങ്ങളിലും പഠന പിന്തുണാ സാമഗ്രികൾ രൂപപ്പെടുത്തിയാണ് വെബ്സൈറ്റിൽ ഉൾച്ചേർത്തത്. അസെസ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ 3, 5, 8 ക്ലാസിലെ പഠിതാക്കളുടെ ആർജിത പഠനനേട്ടങ്ങളെ പരിശോധിക്കുന്നതിനുവേണ്ടി പ്രഥമ സംസ്ഥാന പഠനനേട്ട സർവ്വേ (SAS) ഫെബ്രുവരി 2023-ൽ നടത്തുന്നുണ്ട്. അവധിക്കാല അധ്യാപക സംഗമങ്ങളിലൂടെ പഠനബോധന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും മികവുറ്റതുമാക്കുന്നതിനുള്ള അധ്യാപക ശാക്തീകരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത അധ്യാപക ശാക്തീകരണ പരിപാടികളിലൂടെ വിദ്യാർത്ഥികളുടെ പഠന നിലവാരം പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങളേറ്റെടുത്ത് നടത്തുന്നതിന് അധ്യാപകർ പര്യാപ്തരാകുന്നുണ്ട്. ഓരോ ഘട്ടത്തിലും കുട്ടികൾ ആർജ്ജിക്കണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നേടാൻ കഴിയുന്നെന്ന് ഉറപ്പാക്കുകയും ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം

ആസ്വാദ്യകരമാക്കുകയും ചെയ്യുക, സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുക, ഓരോ വിദ്യാർത്ഥിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുക തുടങ്ങിയ സമീപനങ്ങളിലൂന്നിയ അക്കാദമിക പ്രവർത്തനങ്ങളാണ് 'അക്കാദമിക മാസ്റ്റർപ്ലാൻ' രണ്ടാംഘട്ട മാർഗരേഖ വിഭാവനം ചെയ്യുന്നത്. വിദ്യാലയങ്ങളുടെ അക്കാദമിക മാസ്റ്റർ പ്ലാൻ, വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുന്നു.

**തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ**

187 (1367) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ഡി.ഡി.ഇ. ഓഫീസിലും എ.ഇ.ഒ. ഓഫീസിലും നാളിതുവരെ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളും ഫയലുകളും എത്ര വീതം ഉണ്ടെന്നത് സംബന്ധിച്ചുള്ള വിശദാംശം

നൽകുമോ; ഓരോ ഫയലും എത്ര നാളുകളായി ബന്ധപ്പെട്ട ഓഫീസുകളിൽ തീർപ്പാകാതെ കിടക്കുന്നുവെന്നതിന്റെ വ്യക്തമായ മറുപടി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫയലുകളിലും മറ്റും തീർപ്പ് കൽപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സ്ഥാനക്കയറ്റം ലഭിച്ച പ്രധാനാദ്ധ്യാപകരുടെ ശമ്പളം

188 (1368) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രധാനാദ്ധ്യാപകരായി സ്ഥാനക്കയറ്റം ലഭിച്ച് ചുമതല നിർവ്വഹിച്ച് വരുന്നവർക്ക് പുതിയ തസ്തികയിലെ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) 27-11-2022-ലെ ജെ1/01/2021/പൊ.വി.വ. എന്ന സർക്കുലർ പ്രകാരം എയ്ഡഡ് മേഖലയിൽ മേൽപ്പറഞ്ഞ രീതിയിൽ സ്ഥാനക്കയറ്റം

ലഭിച്ച പ്രധാനാദ്ധ്യാപകർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകി തുടങ്ങിയെങ്കിലും സർക്കാർ മേഖലയിലെ പ്രധാനാദ്ധ്യാപകർക്ക് അത് ലഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

(എ&ബി) പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസ് നിലനിൽക്കുന്നു. പ്രഥമ അദ്ധ്യാപക പ്രൊമോഷൻ നൽകുന്നതിനെതിരെ ബഹുമാനപ്പെട്ട ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് താത്ക്കാലിക പ്രൊമോഷൻ നൽകുന്നതിനുവേണ്ടി സ്റ്റേ വെക്കേറ്റ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രൊമോഷൻ നൽകി. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ്

ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രൊമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹുമാനപ്പെട്ട ട്രൈബ്യൂണലിൽ നിലനിൽക്കുന്ന കേസ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രീ-പ്രൈമറി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ**

189 (1369) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി മേഖലയിൽ സർക്കാർ സ്കൂളുകളിലും സ്വകാര്യ സ്കൂളുകളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

സർക്കാർ സ്കൂളുകളിൽ പി.എസ്.സി. മുഖേന നിയമിതരായതും സർക്കാർ വേതനം നൽകിവരുന്നതുമായ 49 അദ്ധ്യാപകരും 39 ആയമാരും ജോലി ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-കളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറികളിൽ 2864 അദ്ധ്യാപകർക്കും 1965 ആയമാർക്കും നിലവിൽ

സർക്കാർ ഓണറേറിയം നൽകി വരുന്നു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികളിലെ ജീവനക്കാരുടെ എണ്ണം ശേഖരിച്ച് വച്ചിട്ടില്ല.

(ബി) സർക്കാർ സ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികളിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ ശമ്പളം എത്രയാണെന്ന് അറിയിക്കുമോ;

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.എസ്.സി. മുഖേന നിയമിതരാകുന്ന അദ്ധ്യാപകർക്ക് 35600-75400 രൂപ സ്കെയിലിലും ആയമാർക്ക് 23000-50200 രൂപ സ്കെയിലിലും അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്ക് അവരുടെ സേവന ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ 10 വർഷത്തിന് മുകളിൽ സേവന കാലയളവുള്ള അദ്ധ്യാപകർക്ക് 12,500/- രൂപയും ആയമാർക്ക് 7500/- രൂപയും 10 വർഷത്തിന് താഴെ സേവന കാലയളവുള്ള അദ്ധ്യാപകർക്ക്

12,000/- രൂപയും ആയമാർക്ക് 7000/- രൂപയും നിരക്കിൽ നിലവിൽ പ്രതിമാസ ഓണറേറിയമായി അനുവദിച്ചുവരുന്നു.

(സി) വിദ്യാഭ്യാസ വകുപ്പിലെ ദിവസ വേതനക്കാരായ അവിദഗ്ധ തൊഴിലാളികൾക്ക് നൽകുന്ന പ്രതിദിന വേതനവും അനുവദനീയമായ പരമാവധി പ്രതിമാസ വേതനവും എത്രയാണെന്ന് അറിയിക്കുമോ;

വിദ്യാഭ്യാസ വകുപ്പിലെ ദിവസ വേതനക്കാരായ അവിദഗ്ധ തൊഴിലാളികൾക്ക് നൽകുന്ന കുറഞ്ഞ പ്രതിദിന വേതനം 600/- രൂപയും അനുവദനീയമായ പരമാവധി പ്രതിമാസ വേതനം 16,875/- രൂപയുമാണ്.

(ഡി) പ്രീ-പ്രൈമറി ജീവനക്കാരുമായി ബന്ധപ്പെട്ട് സർക്കാർ ഏതെങ്കിലും കമ്മീഷനുകളെയോ കമ്മറ്റികളെയോ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റികൾ/കമ്മീഷനുകൾ എന്തൊക്കെ നിരീക്ഷണങ്ങളാണ് നടത്തിയത്; ഇവയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നു; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടുകളിന്മേൽ ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി വിഭാഗത്തിന് പൊതുനയം രൂപീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ പരിശോധനയ്ക്കായി ചുവടെ പറയുന്ന വിഷയങ്ങൾ നിശ്ചയിച്ച് നൽകുകയും ചെയ്തിരുന്നു.

1. പ്രീ-പ്രൈമറി അധ്യാപക യോഗ്യതയ്ക്ക് കെൽട്രോൺ നടത്തുന്ന കോഴ്സ് പരിഗണിയ്ക്കുന്നത് സംബന്ധിച്ച്

2. പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് യൂണിഫോം അനുവദിയ്ക്കുന്നത് സംബന്ധിച്ച്

3. 2012-നുശേഷം സർക്കാർ അംഗീകാരമില്ലാതെ നിയമിച്ച അധ്യാപകരെയും ആയമാരെയും സ്ഥിരപ്പെടുത്തുന്നതും അവർക്ക് ഓണറേറിയം നൽകുന്നതും സംബന്ധിച്ച്:

4. പ്രീ-പ്രൈമറി ക്ലാസുകളെ ഹൈടെക്ക് ആക്കുന്നത് സംബന്ധിച്ച്

5. പ്രീ-പ്രൈമറി സ്കൂളുകളെ ഉച്ച ഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

6. നിലവിൽ 60 കഴിഞ്ഞ ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുന്നത് സംബന്ധിച്ച്

മേൽ വിഷയത്തിൽ കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൽ മേൽ 1, 2, 3 വിഭാഗങ്ങളിൽ കമ്മിറ്റി ശിപാർശ ചെയ്യിരുന്നില്ല.

റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും കെൽട്രോൺ നടത്തുന്ന പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് അദ്ധ്യാപക നിയമനത്തിന് പരിഗണിക്കേണ്ടതില്ലെന്നും പ്രീ-പ്രൈമറി വിഭാഗത്തിലെ കുട്ടികൾക്ക് യൂണിഫോം ഏർപ്പെടുത്തേണ്ടെന്നും 2012-നുശേഷം പി.ടി.എ. നിയമിച്ച പ്രീ-പ്രൈമറി വിഭാഗം ജീവനക്കാർക്ക് ഓണറേറിയം നൽകേണ്ടതില്ലായെന്നും സർക്കാർ തീരുമാനമെടുത്തു. 2020-ലെ ദേശീയ വിദ്യാഭ്യാസനയത്തിലെ ഈ വിഷയവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടതിനുശേഷം മാത്രം സർക്കാർ സ്കൂളുകളിൽ പി.ടി.എ. നടത്തുന്ന, നിലവിൽ ഓണറേറിയം ലഭിക്കുന്ന അദ്ധ്യാപകർക്കും ആയമാർക്കും സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കിയാൽ മതിയെന്നും സർക്കാർ തീരുമാനിച്ചു.

4, 5, 6 വിഷയങ്ങളിൽ ഉചിത നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) പ്രീ-പ്രൈമറി ജീവനക്കാർക്ക് ദിവസവേതനക്കാരെക്കാൾ കുറഞ്ഞ വേതനം നൽകുന്നത് അവരോടുള്ള അവഗണനയാണെന്ന് കരുതുന്നുണ്ടോ;

സർക്കാർ വകുപ്പുകളിൽ ദിവസ വേതനക്കാരെ നിയമിക്കുന്നതിന് നിശ്ചിത കാലാവധിയുണ്ട്. എന്നാൽ പ്രീ-പ്രൈമറി വിഭാഗം സർക്കാർ സ്കൂളുകൾ ആരംഭിച്ച കാലം മുതൽ ടി വിഭാഗം ജീവനക്കാർക്ക് നിലവിൽ ഓണറേറിയവും പ്രസവാവധി, പഠനത്തിന്റെ ആവശ്യത്തിലേക്കായി ശൂന്യവേതനാവധി തുടങ്ങിയ ആനുകൂല്യങ്ങൾ സർക്കാർ നൽകിവരുന്നു.

(എഫ്) പ്രീ-പ്രൈമറി ജീവനക്കാരെ ശമ്പള സോഫ്റ്റ്‌വെയർ ആയ സ്പാർക്കിൽ ദിവസ വേതന ജീവനക്കാരുടേതിന് തുല്യമായ വിഭാഗത്തിലേക്ക് മാറ്റിക്കൊണ്ടുള്ള നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

പ്രീ-പ്രൈമറി വിഭാഗം ജീവനക്കാർക്ക് സ്പാർക്ക് മുഖേന ഓണറേറിയം വിതരണം ചെയ്യുന്നതിനുള്ള തീരുമാനം മരവിപ്പിച്ചിട്ടുണ്ട്.

(ജി) എങ്കിൽ പ്രീ-പ്രൈമറി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ 2021 മുതൽ അദ്ധ്യാപക രക്ഷാകർത്തൃസമിതികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ ജീവനക്കാരിൽ 10 വർഷത്തിന് മുകളിൽ സേവന കാലയളവുള്ള അദ്ധ്യാപകർക്ക് 12,500/- രൂപയും ആയമാർക്ക് 7,500/- രൂപയും 10 വർഷത്തിന് താഴെ സേവന കാലയളവുള്ള അദ്ധ്യാപകർക്ക് 12,000/- രൂപയും ആയമാർക്ക് 7,000/- രൂപയും നിരക്കിൽ പ്രതിമാസ ഓണറേറിയമായി അനുവദിച്ചുവരുന്നു.

**കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലെ തസ്തികകൾ**

190 (1370) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം, സാക്ഷരത മിഷൻ എന്നീ വകുപ്പുകളുടെ കീഴിൽ കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ

വിശദവിവരങ്ങൾ നൽകാമോ; ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എത്രകാലമായി ഈ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ ഓഫീസുകളിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ തുടരുന്നു എന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(എ-സി) പൊതുവിദ്യാഭ്യാസം, ഹയർസെക്കണ്ടറി വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുവരുന്നു.

സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ കീഴിൽ കാസർഗോഡ് വിദ്യാനഗറിലുള്ള ജില്ലാ പഞ്ചായത്ത് കോമ്പൗണ്ടിൽ ഒരു ജില്ലാ ഓഫീസ് പ്രവർത്തിച്ചുവരുന്നു. 1998 മുതൽ ഈ ഓഫീസ് പ്രവർത്തിക്കുന്നു. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ, അസിസ്റ്റന്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ, ഓഫീസ് അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ്, സ്വീപ്പർ കം പ്യൂൺ

എന്നിവയാണ് ഈ ഓഫീസിലെ തസ്തികകൾ. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ തസ്തിക 13-07-2020 മുതൽ ഒഴിഞ്ഞുകിടക്കുന്നു.

(ഡി) ജില്ലയിൽ എത്ര സർക്കാർ തല ഹയർ സെക്കണ്ടറി, ഹൈസ്കൂൾ, അപ്പർ പ്രൈമറി, ലോവർ പ്രൈമറി സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സ്കൂളുകളിലെ തസ്തികകൾ ഏതൊക്കെയാണെന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ഈ സ്കൂളുകളിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ തുടരുന്നു എന്നും സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ?

(ഡി-എഫ്) വിവരം ശേഖരിച്ചു വരുന്നു.

**ചലഞ്ച് ഫണ്ട് പദ്ധതി**

191 (1371) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകിയിട്ടുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള പട്ടികയും അനുവദിക്കപ്പെട്ട തുകയും ലഭ്യമാക്കാമോ?

ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം എയ്ഡഡ് സ്കൂളുകൾക്ക് സർക്കാർ നേരിട്ട് കെട്ടിടം നിർമ്മിച്ച് നൽകുന്നില്ല. ഭരണാനുമതി ലഭ്യമാകുന്ന സ്കൂളുകളിൽ നിലവിലെ മാർഗ്ഗ നിർദ്ദേശാനുസരണമായി മാനേജ്മെന്റ് നിർമ്മാണം നടത്തി ബില്ലുകൾ നൽകുന്നതനുസരിച്ച് സർക്കാർ വിഹിതം അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ 91 സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്+.

(ബി) ചലഞ്ച് ഫണ്ട് ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളോ നിബന്ധനകളോ ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്+.

**പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസ്. ന് സ്കൂൾ ബസ്**

192 (1372) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസ്.-ന് സ്കൂൾ ബസ് വാങ്ങി നൽകുന്നതിന് അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ വർഷത്തിൽ സ്കൂൾ ബസ് വാങ്ങുന്നതിന് അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതുമൂലം ബസ്സിന്റെ വില വർദ്ധിക്കുകയും ബസ് വാങ്ങി നൽകാൻ സാധിക്കാതെ വരികയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ ബസ് വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**റിട്ടയർ ചെയ്ത പ്രഥമാദ്ധ്യാപകർക്ക് എൻ.എൽ.സി. നൽകാൻ നടപടി**

193 (1373) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഹൈസ്കൂളുകളിൽ നിന്നും റിട്ടയർ ചെയ്ത പ്രഥമാദ്ധ്യാപകർക്ക് ഒരു വർഷമായിട്ടും എൻ.എൽ.സി. നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കാണ് ഇതുവരെ എൻ.എൽ.സി. ലഭിക്കാത്തത് എന്നതിന്റെ വിവരം ലഭ്യമാക്കുമോ?

14 പേർക്ക്

(ബി) വിരമിച്ച് ഒരു വർഷമായിട്ടും ഓഡിറ്റിന് ശേഷമുള്ള എൻ.എൽ.സി.-കൾ ലഭിച്ചിട്ടില്ല എന്ന പരാതികളിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇവർക്ക് അടിയന്തരമായി എൻ.എൽ.സി. ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

അത്തരത്തിൽ പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സമയബന്ധിതമായി ഓഡിറ്റ് നടത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടും ആലപ്പുഴ ഡി.ഡി.ഇ. ഇത് കൃത്യമായി ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ നിർദ്ദേശം പാലിക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

2022-23 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിൽ നിന്നും പ്രഥമാദ്ധ്യാപിക തസ്തിക/ ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിൽ നിന്നും 54 പേരാണ് വിരമിച്ചിട്ടുള്ളത്. ആയത് തീയതി വച്ച് ചുവടെ ചേർക്കുന്നു.

31-03-2022 തീയതിയിൽ വിരമിച്ചവർ - 9

30-04-2022 തീയതിയിൽ വിരമിച്ചവർ - 6

31-05-2022 തീയതിയിൽ വിരമിച്ചവർ - 39

മേൽ കാലയളവിൽ വിരമിച്ചവരുടെ കാര്യാലയങ്ങളിലെ കണക്ക് പരിശോധന 2022 ഒക്ടോബർ മാസത്തിനുള്ളിൽ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പൂർത്തീകരിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ

തുടർ നടപടി എന്ന നിലയ്ക്ക് ജനുവരി മാസം 23, 24, 25 എന്നീ തീയതികളിൽ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് അദാലത്ത് നടത്തുകയും തടസ്സവാദങ്ങൾ തീർപ്പാക്കി ഓഡിറ്റ് ക്ലിയറൻസ് നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പൂർത്തായാക്കി വരികയുമാണ്.

ഗണിത പഠന നിലവാരം

194 (1374) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ ഗണിത പഠന നിലവാരം കുത്തനെ കുറഞ്ഞതായി സന്നദ്ധ സംഘടനായ പ്രഥമിന്റെ വാർഷിക വിദ്യാഭ്യാസ നിലവാര റിപ്പോർട്ടിലെ (എ.എസ്.ഇ.ആർ.-റൂറൽ)

കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാജ്യവ്യാപകമായി കുട്ടികളുടെ സ്കൂൾ പ്രവേശനത്തെ സംബന്ധിച്ചും പഠന നിലവാരത്തെക്കുറിച്ചും (ഗ്രാമപ്രദേശങ്ങളിലെ) വിലയിരുത്തുന്നതിനുള്ള സർവ്വേയാണ് ASER (Annual Status of Education Report-Rural). അവസാനമായി ഈ സർവ്വേ നേരിട്ട് നടത്തിയത് 2018-ലാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ 2020, 2021 വർഷങ്ങളിൽ ടെലിഫോൺ വഴിയുള്ള സർവ്വേയാണ് നടത്തിയത്. പിന്നീട് നേരിട്ടുള്ള സർവ്വേ നടത്തിയത് 2022-ലാണ്. പ്രസ്തുത റിപ്പോർട്ട് പ്രകാരം 3-ാം ക്ലാസ് വിദ്യാർത്ഥികളുടെ ഗണിതശേഷി 2018-ൽ 48.5% ആയിരുന്നത് 2022-ൽ 38.6% ആയി കുറഞ്ഞിട്ടുണ്ട്. ദേശീയതലത്തിൽ ഈ ശേഷി 25.9% ആണ്. അഞ്ചാം ക്ലാസിൽ ഹരണക്രിയ ചെയ്യുന്നതിനുള്ള കഴിവ് കേരളത്തിൽ 2018-ൽ 43.0% ആയിരുന്നത് 2022-ൽ 26.6% ആയി. ദേശീയ ശരാശരി 25.6% ആണ്. ഏട്ടാം ക്ലാസിൽ ഹരണക്രിയ ചെയ്യാനുള്ള കഴിവ് 2018-ൽ 51.8% ആയിരുന്നപ്പോൾ 2022-ൽ 44.4% ആയി

കുറഞ്ഞിട്ടുണ്ട്. ദേശീയ ശരാശരി 44.7% ആണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ നേരിട്ടുള്ള പഠനം ലഭിക്കാത്തത് ഇതിന് ഒരു കാരണമായിരിക്കാം. എന്നിരുന്നാലും ഈ സർവ്വേഫലങ്ങൾ കേരളം ഗൗരവത്തോടെയാണ് കാണുന്നത്.

(ബി) സർക്കാർ, സ്വകാര്യ സ്കൂളുകളിലെ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ 20.3 ശതമാനം പേർക്കും ഒറ്റ അക്ക സംഖ്യകളെ തിരിച്ചറിയാൻ പോലും സാധിക്കുന്നില്ലെന്നുള്ള റിപ്പോർട്ടിലെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ഒറ്റ അക്ക സംഖ്യകൾ തിരിച്ചറിയാൻ കഴിയാത്ത കുട്ടികളുടെ ശതമാനം ക്ലാസ് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

ഒന്നാം ക്ലാസ് - 10.8%

രണ്ടാം ക്ലാസ് - 3.9%

മൂന്നാം ക്ലാസ് - 1.4%

നാലാം ക്ലാസ് - 1.5%

അഞ്ചാം ക്ലാസ് - 1.4%

ആറാം ക്ലാസ് -0.2%

എഴാം ക്ലാസ് - 0.7%

എട്ടാം ക്ലാസ് -0.4%

20.3% പേർക്ക് ഒറ്റ അക്ക സംഖ്യകൾ തിരിച്ചറിയാൻ കഴിയില്ല എന്ന് റിപ്പോർട്ടിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

(സി) സ്കൂൾ വിദ്യാർത്ഥികളുടെ ഗണിത പഠന നിലവാരം ഉയർത്താൻ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ?

സമഗ്ര ശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ സ്കൂൾ കുട്ടികളുടെ ഗണിതപരമായ പഠനനിലവാരം വർദ്ധിപ്പിക്കുന്നതിന് ഗണിതവിജയം, ഉല്ലാസഗണിതം, ഗണിതോത്സവം, ഗണിതപാർക്ക്, ക്ലാസ് ഗണിതനിലാവ്, ഗണിതകിറ്റ്, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെന്ററിംഗ്, ശാസ്ത്രപഥം, എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എസ്.സി.ഇ.ആർ.റ്റി.-യുടെ ആഭിമുഖ്യത്തിൽ ന്യൂമാറ്റ്സ് (NuMaTs-Nurturing Mathematics Talents in Schools) പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

**സ്കൂളുകൾക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതി**

195 (1375) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വന്തമായി ഭൂമിയും കെട്ടിടവുമില്ലാത്ത നൂറിലധികം സ്കൂളുകൾ സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിച്ച് പ്രസ്തുത സ്കൂളുകൾക്ക് ഭൂമിയും കെട്ടിടവും ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഒരു പൊതുപദ്ധതി ആവിഷ്കരിക്കുമോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ബഡ്ജറ്റ് പ്രസംഗം 2019, ഖണ്ഡിക 104-ൽ സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലം അപര്യാപ്തമായതോ ആയ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി രൂപകരണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട സ്കൂളുകളുടെ വിശദമായ പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

തലത്തിൽ ക്രോഡീകരിച്ചുവരുന്നു. പ്രസ്തുത പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങൾ**

196 (1376) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

പൂഞ്ഞാർ മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

പൂഞ്ഞാർ മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന സ്കൂളുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| 1 | ഗവ. എൽ.പി.സ്കൂൾ, കൈപ്പള്ളി |
| 2 | ജി.എച്ച്.ഡബ്ല്യു.എൽ.പി.സ്കൂൾ, പൂഞ്ഞാർ |
| 3 | ജി.ഡബ്ല്യു.എൽ.പി.സ്കൂൾ, മുട്ടപ്പള്ളി |
| 4 | പി.ജി.ജി.എം., പാഴൂമല |
| 5 | ജി.റ്റി.എൽ.പി.സ്കൂൾ, തുമരംപാറ |
| 6 | ജി.റ്റി.എൽ.പി.സ്കൂൾ, ഭദ്രമഠം |
| 7 | എം.ജി.എം.എൽ.പി.സ്കൂൾ, പാണപിലാവ് |
| 8 | ജി.ഡബ്ല്യു.എൽ.പി.സ്കൂൾ, പനയ്ക്കവയൽ |
| 9 | ഗവ.എൽ.പി.സ്കൂൾ, മുരിക്കുംവയൽ |
| 10 | ജി.ഡബ്ല്യു.എൽ.പി.സ്കൂൾ, കുഴിമാവ് |
| 11 | ഗവ. ഹൈസ്കൂൾ, കൊമ്പുകുത്തി |
| 12 | ഗവ. ഹൈസ്കൂൾ, പനയ്ക്കച്ചിറ |

(സി) കാലപ്പഴക്കം ചെന്നതും ശോച്യാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സ്കൂളുകൾ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

എം.ജി.എം.എൽ.പി.സ്കൂൾ, പാണപിലാവിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്രൊപ്പോസലിന്മേൽ തുടർ നടപടികൾ നടന്നുവരുന്നു.

ജി.ഡബ്ല്യ.എൽ.പി. സ്കൂൾ, കുഴിമാവ്-ന്റെ മേൽക്കൂര മാറ്റുന്ന നടപടികൾ പഞ്ചായത്ത് മുഖേന നടന്നുവരുന്നു.

ഗവ. ഹൈസ്കൂൾ, കൊമ്പുകുത്തി സ്കൂളിന്റെ കെട്ടിട നിർമ്മാണം നബാർഡിന്റെ 2 കോടി രൂപയുടെ പദ്ധതിയിലുൾപ്പെടുത്തി നടന്നു വരുന്നു.

ഗവ. ഹൈസ്കൂൾ, പനയ്ക്കച്ചിറ സ്കൂളിന്റെ കെട്ടിട നിർമ്മാണം നബാർഡിന്റെ 2 കോടി രൂപയുടെ പദ്ധതിയിലുൾപ്പെടുത്തി നടന്നുവരുന്നു.

**തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം**

197 (1377) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ (2016-21) കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലുമായി തിരുവനന്തപുരം ജില്ലയിൽ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയവയിൽ എത്ര കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 64 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം തിരുവനന്തപുരം ജില്ലയിൽ പൂർത്തിയാക്കിയിട്ടുണ്ട്.

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 35 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഭരണാനുമതി തുക വിനിയോഗിച്ച് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സ്കൂളുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 62 സ്കൂൾ കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കാനുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 72 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുവാനുണ്ട്.

**കോഴിക്കോട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫണ്ട്**

198 (1378) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ്

കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിലെ താഴെ പറയുന്ന സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

| | |
|---|---|
| 1 | ഗവ. എൽ.പി.സ്കൂൾ, നല്ലൂർ |
| 2 | ഗവ. എൽ.പി.സ്കൂൾ, ബേപ്പൂർ വെസ്റ്റ് |
| 3 | ഗവ. എൽ.പി.സ്കൂൾ, വെളിപ്പറമ്പ |
| 4 | ഗവ. മാപ്പിള എൽ.പി.സ്കൂൾ, കറുവൻതുരുത്തി |
| 5 | ഗവ. ഫിഷറീസ് സ്കൂൾ, മടപ്പള്ളി |

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ**

199 (1379) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പാക്കിവരുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെ തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്⁺.

(ബി) പ്രസ്തുത മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം (ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ) ലഭ്യമാക്കുമോ?

ചെർപ്പുളശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കൈറ്റ് എസ്.പി.വി.-യായി നിർമ്മാണം നടന്ന കെട്ടിടം പൂർത്തീകരിച്ച് സ്കൂളിന് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഭരണാനുമതി | 8.09 കോടി |
| കിഫ്ബി സാമ്പത്തിക ഭരണാനുമതി | 5 കോടി |

+

| | |
|---|---|
| എസ്റ്റിമേറ്റ് | 7.10 കോടി |
| ചെലവഴിച്ച തുക | - 3.84 കോടി |
| (ഫൈനൽ ബിൽ നൽകിയിട്ടില്ല) | |

**പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതി**

200 (1380) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിലെ എ.കെ.എ.എസ്.ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ, ജി.ജി.എച്ച്.എസ്. എസ്. പയ്യന്നൂർ എന്നീ സ്കൂളുകൾക്ക് അനുവദിച്ച ഒരു കോടി രൂപയുടെ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ?

പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭൗതികസൗകര്യ വികസനത്തിനായി അനുവദിച്ച എ.കെ.എ.എസ്.ജി.വി. എച്ച്.എസ്.എസ്. പയ്യന്നൂർ, ജി.ജി.എച്ച്.എസ്.എസ്. പയ്യന്നൂർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിലയിൽനിന്നും സാങ്കേതികാനുമതി

നൽകിയിട്ടുണ്ട്. ആയത് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു.

(ബി) പദ്ധതിയുടെ ടെണ്ടർ നടപടികൾ വൈകുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ?

കില തയ്യാറാക്കിയ ഡി.പി.ആർ.-ന് കിഫ്ബിയിൽനിന്നും സാങ്കേതികാനുമതിയും പി.ഇ.ഡി. (Project Executive Document)-യ്ക്ക് അംഗീകാരവും ലഭിച്ചാലുടൻ ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

(സി) പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

2023 ജനുവരി മാസം 3 കോടി, 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയും പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ

വേഗത്തിൽ ആക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

**സ്കൂളിന് പുതിയ ബ്ലോക്ക്**

201 (1381) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നടക്കാവ് സർക്കാർ ഗേൾസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനായുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും കിലയെ എസ്.പി.വി.-യായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എന്നാൽ സ്കൂൾ പി.ടി.എ. നിർദ്ദേശിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാൻ സ്ഥലപരിമിതിയുള്ളതിനാലും, കെട്ടിട നിർമ്മാണ സാമഗ്രികളെത്തിക്കാനുള്ള മാർഗ്ഗതടസ്സമുള്ളതിനാലും പകരം സ്ഥലം

ലഭ്യമാക്കുന്നതിന് സ്കൂൾ അധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ട്. സ്ഥലം ലഭ്യമായാൽ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടി സ്വീകരിക്കാൻ കഴിയും.

**മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ**

202 (1382) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദവിവരം ലഭ്യമാക്കുമോ; അനുവദിച്ച തുകയുടെയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരവും ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ അടിസ്ഥാന സൗകര്യ വികസനങ്ങളുടെയും അനുവദിച്ച തുകയുടെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്കൂളുകളിലെ കെട്ടിടനിർമ്മാണം

203 (1383) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി (മൂന്ന് കോടി, ഒരു കോടി രൂപ പദ്ധതി) കെട്ടിട നിർമ്മാണത്തിന് ഉത്തരവായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്മേലുള്ള നടപടി ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ?

(എ&ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.ജി.എച്ച്.എസ്.എസ്. വടക്കാഞ്ചേരി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട സി.എം.ജി.എച്ച്.എസ്.എസ്. കുറ്റൂർ സ്കൂളിന്റെ നിർമ്മാണം 95%-ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ജി.എച്ച്.എസ്.എസ്.മച്ചാട് സ്കൂളിന്റെ നിർമ്മാണം 98%-ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി സ്കൂളുകൾക്ക് ഭൗതിക സൗകര്യവികസനത്തിനായി തുക അനുവദിച്ചിട്ടില്ല.

**നബാർഡ് സ്കീമിൽ ഉൾപെടുത്തിയുള്ള കെട്ടിട നിർമ്മാണം**

204 (1384) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡ് സ്കീമിലുൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ തേങ്കുറുശ്ശി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പുരോഗമിക്കുന്ന പുതിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ തേങ്കുറുശ്ശി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിക്കായി ചീഫ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**മങ്കട മണ്ഡലത്തിലെ പ്രവൃത്തികൾ**

205 (1385) **ശ്രീ. മഞ്ഞളാംകുഴി അലി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കുമോ?

മങ്കട നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-1 ൽ ചേർത്തിട്ടുണ്ട്+.

(ബി) മണ്ഡലത്തിൽ നാളിതുവരെ ആരംഭിയ്ക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും എന്തുകൊണ്ടാണ് ഓരോ പ്രവൃത്തിയും ആരംഭിയ്ക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവഹണ ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശം ഏജൻസികൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി&സി) മങ്കട നിയോജക മണ്ഡലത്തിൽ നാളിതുവരെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം +2-ൽ ചേർത്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+

(ഡി) പ്രസ്തുത പ്രവൃത്തികൾ സമയപരിധി നിശ്ചയിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണം ആരംഭിക്കാത്ത സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കാൻ നിർവ്വഹണ ഏജൻസിയായ കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**എസ്.എസ്.കെ.-യിലെ കലാകായിക പ്രവൃത്തിപരിചയ അധ്യാപകർ**

206 (1386) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം) പദ്ധതിയുടെ ഭാഗമായി കലാ, കായിക, പ്രവൃത്തിപരിചയ അധ്യാപകരായി നാളിതുവരെ എത്ര പേരെയാണ് ആകെ നിയമിച്ചിട്ടുള്ളത്; നിയമിച്ച വർഷവും ശമ്പളനിരക്കും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ.) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) എന്നീ പ്രോജക്ടുകൾ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ കേരള എന്ന പുതിയ പ്രോജക്ട് 2018-ൽ നിലവിൽ വന്നു. എന്നാൽ

സ്പെഷ്യലിസ്റ്റ് അധ്യാപകരെ (കലാ, കായിക പ്രവൃത്തി പരിചയ) 2016-ൽ ആണ് എസ്.എസ്.എ.-യുടെ ഭാഗമായി ആദ്യം നിയമനം നടത്തിയത്. ആയതിന്റെയും തുടർന്നുള്ള വർഷങ്ങളിലേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിയമനങ്ങളുടെ എണ്ണം | ശമ്പള നിരക്ക് |
|---|---|---|
| 2016-17 | 1890 | 25,200 |
| 2017-18 | 1860 | 25,200 |
| 2018-19 | 1638 | 14,000 |
| 2019-20 | 1511 | 14,000 |
| 2020-21 | 1482 | 14,000 |
| 2021-22 | 1448 | 14,000 |
| 2022-23 | 1319 | 10,000 |

(ബി) എസ്.എസ്.കെ. പദ്ധതിയുടെ പ്രാരംഭം മുതൽ നാളിതുവരെ പ്രസ്തുത വിഭാഗങ്ങളിലുള്ള അധ്യാപകർക്ക് അനുവദിച്ചിരുന്ന പ്രതിമാസ ശമ്പളം എത്ര രൂപ വീതമാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

| ക്രമനമ്പർ | വർഷം | ശമ്പളം |
|---|---|---|

| | | |
|---|---|---|
| 1 | 2016-17 | 25,200 |
| 2 | 2017-18 | 25,200 |
| 3 | 2018-19 | 14,000 |
| 4 | 2019-20 | 14,000 |
| 5 | 2020-21 | 14,000 |
| 6 | 2021-22 | 14,000 |
| 7 | 2022-23 | 10,000 |

(സി) പ്രസ്തുത അധ്യാപകർക്ക് ആദ്യം നൽകിയ ശമ്പളത്തെക്കാൾ കുറവാണോ നിലവിലെ ശമ്പളമെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇവരുടെ മുൻ ശമ്പളവും നിലവിലെ ശമ്പളവും എത്ര വീതമാണെന്ന് അറിയിക്കുമോ; പ്രസ്തുത ജീവനക്കാർക്ക് ശമ്പളം കുറയ്ക്കാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

ആദ്യം നൽകിയ ശമ്പളത്തേക്കാൾ കുറവാണ് നിലവിലെ ശമ്പളം

| ക്രമനമ്പർ | വർഷം | ശമ്പളം |
|---|---|---|
| മുൻ ശമ്പളം | | |
| 1 | 2016-17 | 25,200 |
| 2 | 2017-18 | 25,200 |
| 3 | 2018-19 | 14,000 |
| 4 | 2019-20 | 14,000 |
| 5 | 2020-21 | 14,000 |

| | | |
|---|---|---|
| 6 | 2021-22 | 14,000 |
| നിലവിലെ ശമ്പളം | | |
| 7 | 2022-23 | 10,000 |

വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം, എസ്.എസ്.എ.-യുടെ പദ്ധതിയ്ക്ക് അനുസൃതമായും 100 കുട്ടികളിൽ കൂടുതലുള്ള യു.പി.സ്കൂളിലേയ്ക്കും 150 കുട്ടികളിൽ കൂടുതലുള്ള എൽ.പി. സ്കൂളിലേയ്ക്കും കല (സംഗീതം, ചിത്രകല), കായികം, പ്രവൃത്തി പരിചയം എന്നീ മൂന്ന വിഷയങ്ങളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ (838x3=2514) കരാർ അടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് ശമ്പളം 25200/-pm നൽകിക്കൊണ്ട് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും കെ.ഇ.ആർ.-ലെ യോഗ്യതാ മാനദണ്ഡങ്ങൾക്കും അനുസൃതമായി നിയമിക്കുവാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

2018-ൽ അതുവരെ നിലവിൽ ഉണ്ടായിരുന്ന സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ.) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

(ആർ.എം.എസ്.എ.) എന്നീ പ്രോജക്ടുകൾ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ, കേരള എന്ന പുതിയ പ്രോജക്ട് നിലവിൽ വന്നു. പ്രസ്തുത പ്രോജക്ടിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ വേതനം 7000/-രൂപയായി കുറച്ചു. സർവശിക്ഷാ അഭിയാൻ പദ്ധതിയിൽ കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവർത്തിച്ച് വന്ന മുഴുവൻ കലാകായിക പ്രവർത്തിപരിചയ അദ്ധ്യാപകരെയും സമഗ്ര ശിക്ഷയിൽ കേന്ദ്രമാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശാനുസരണം കരാർ വ്യവസ്ഥയിൽ 2018-19 വർഷത്തേയ്ക്ക് നിയമനം നൽകുന്നതിനും ഇവർക്ക് കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയം നിശ്ചയിച്ചിട്ടുള്ള പ്രതിമാസവേതനമായി 7000/-രൂപയ്ക്ക് പുറമേ സർക്കാർ അനുവദിക്കുന്ന 7000/-രൂപയും ചേർത്ത് പ്രതിമാസം 14000/-രൂപ വേതനം നൽകി, പാർട്ട് ടൈം അദ്ധ്യാപകരായി നിയമിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഇതേ നിരക്കിൽ 2019-20, 2020-21, 2021-22 വർഷവും നൽകിയിരുന്നു.

2021-22 സാമ്പത്തിക വർഷത്തെ AWP&B പ്രകാരം Salary of Teachers എന്ന ഒറ്റ മേജർ ശീർഷകത്തിലാണ് Total Financial Support for Salary of

Teachers (Elementary, HM/Teachers) വകയിരുത്തിയിട്ടുള്ളത്. 2022-23 വർഷം ഈ മേജർ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ആകെ തുക 17.150 കോടി രൂപ മാത്രമാണ്.

അധ്യാപകരുടെ ശമ്പളം സംബന്ധിച്ച കേന്ദ്ര സമഗ്ര ശിക്ഷയുടെ സാമ്പത്തിക വ്യവസ്ഥകൾ ഇപ്രകാരമാണ്.

Support for salary of teachers will be provided to the State as a lump sum grant and not on the basis of number of teachers as per following formulation.

- 2021-22: 100% of Central share of expenditure in 2019-20/2020-21
- 2022-23: 95% of Central share of expenditure incurred in 2019-20/2020-21
- 2023-24: 90% of Central share of expenditure in 2019-20/2020-21
- 2024-25: 85% of Central share of expenditure in 2019-20/2020-21
- 2025-26: 75% of Central share of expenditure in 2019-20/2020-21

This grant will be further subject to the State/ UT maintaining the same percentage of vacancies as in 2021-22 and will be reduced in case the percentage of vacancies increases.

(Programmatic and Financial norms SAMAGRA SHIKSHA)

മേൽ വിവരിച്ച സാഹചര്യത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് 10,000/-രൂപ മാത്രം ശമ്പളം നൽകാനേ ഇപ്പോൾ സാധിക്കുകയുള്ളൂ.

(ഡി) പ്രസ്തുത അധ്യാപകർക്ക് ദിവസവേതന തൊഴിലാളികൾക്ക് ലഭിക്കുന്ന തുകയിലും താഴെയുള്ള തുക ശമ്പളമായി നൽകുന്നത് കടുത്ത അനീതിയാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

2023-24-ലെ പ്ലാൻ പ്രൊപ്പോസലിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ശമ്പളത്തിന്റെ സംസ്ഥാന വിഹിതം ഉയർത്തണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയെ നേരിട്ടുകണ്ട് സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ

ശോചനീയാവസ്ഥ ബോധ്യപ്പെടുത്തുകയും കേന്ദ്രവിഹിതം വർദ്ധിപ്പിക്കുവാൻ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ചലഞ്ച് ഫണ്ട്**

207 (1387) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ചലഞ്ച് ഫണ്ട് പ്രയോജനപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് എത്ര സ്കൂളുകളാണ് അപേക്ഷിച്ചിരുന്നതെന്ന് അറിയിക്കുമോ; മണ്ഡലം തിരിച്ചുള്ള വിശദാംശം നൽകുമോ?

ഇടുക്കി ജില്ലയിൽ ചലഞ്ച് ഫണ്ട് വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് 3 സ്കൂളുകളാണ് പ്രൊപ്പോസൽ നൽകിയിട്ടുള്ളത്. മണ്ഡലം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | സി.ആർ.എച്ച്.എസ്., വലിയതോവാള | ഉടുമ്പൻചോല |
| 2 | എസ്.എൻ.ഡി.പി.വി.എച്ച്.എസ്., അടിമാലി | ദേവികുളം |
| 3 | എസ്.എം.എച്ച്.എസ്., മുരിക്കാശ്ശേരി | ഇടുക്കി |

(ബി) ഓരോ സ്കൂളിനും എത്ര രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചത്; സ്കൂളിന്റെ പേര്, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഓരോ സ്കൂളിനും ചലഞ്ച് ഫണ്ടിൽ നിന്നും എത്ര രൂപ വീതം അനുവദിച്ചിരുന്നെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) ചലഞ്ച് ഫണ്ട് നൽകുന്ന സ്കൂളുകൾക്ക് സർക്കാർ വിഹിതം 50 ലക്ഷം രൂപയും മാനേജ്മെന്റ് വിഹിതം 50 ലക്ഷം രൂപയും ചേർത്ത് ആകെ ഒരു കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകുന്നത്.

ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം ഓരോ സ്കൂളിനും നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ഡി) വലിയതോവാള ക്രിസ്തുരാജ സ്കൂളിന് കെട്ടിടം നിർമാണവുമായി ബന്ധപ്പെട്ട് പാർട്ട് ബിൽ മാറി നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ചലഞ്ച് ഫണ്ട് പ്രയോജനപ്പെടുത്തി പ്രസ്തുത സ്കൂളിനായി കെട്ടിടം നിർമ്മിച്ച വകയിൽ എത്ര രൂപയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം അറിയിക്കുമോ;

(എഫ്) ഫണ്ട് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതിനിടയായ സാഹചര്യം വിശദമാക്കാമോ; പ്രസ്തുത സ്കൂളിന് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഡി-എഫ്) ഉണ്ട്. ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം വലിയതോവാള ക്രിസ്തുരാജ സ്കൂളിന് കെട്ടിടം നിർമ്മിച്ച വകയിൽ 31,68,332/- രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി അറുപത്തിയെട്ടായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) നൽകാനുണ്ട്.

ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം തുക ലഭ്യമായ ആകെ സ്കൂളുകളുടെ ധനവിനിയോഗം സംബന്ധിച്ച വിവര ശേഖരണം നടത്തി വരികയാണ്. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്കോൾ-കേരള മുഖേനയുള്ള കോഴ്സുകൾ**

208 (1388) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ-കേരളയിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

സ്കോൾ-കേരള നിലവിൽ നടത്തിവരുന്ന കോഴ്സുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | ഹയർ സെക്കണ്ടറി - ഓപ്പൺ  റഗുലർ |
| 2. | ഹയർ സെക്കണ്ടറി - പ്രൈവറ്റ് രജിസ്ട്രേഷൻ |
| 3. | സ്പെഷ്യൽ കാറ്റഗറി - ഹയർ സെക്കണ്ടറി പാർട്ട് 3 |
| 4. | വൊക്കേഷണൽ ഹയർ സെക്കണ്ടറി - അഡീഷണൽ മാത്തമാറ്റിക്സ് |
| 5. | ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് (ഡി.സി.എ) |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കോൾ-കേരള മുഖേന പുതുതായി ആരംഭിച്ച കോഴ്സുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ; പുതുതായി കോഴ്സുകൾ തുടങ്ങാൻ ശിപാർശ ലഭിച്ചിട്ടുണ്ടോ; കോഴ്സുകളുടെ വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കോൾ-കേരള മുഖേന പുതുതായി ആരംഭിക്കാൻ ശിപാർശ ലഭിച്ച കോഴ്സുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ-ഹയർ സെക്കണ്ടറി/തത്തുല്യ കോഴ്സിലെ വിജയം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചുകൊണ്ട് ഒരു വർഷം ദൈർഘ്യമുള്ളതാണ് ഈ കോഴ്സ്.

2. ഡിപ്ലോമ ഇൻ ഭരതനാട്യം, ഡിപ്ലോമ ഇൻ മോഹിനിയാട്ടം-ഗുരുഗോപിനാഥ് നടന ഗ്രാമത്തിന്റെ സംയുക്ത സഹകരണത്തോടെ ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് പാഠ്യ പദ്ധതിക്കും സിലബസിനും അംഗീകാരം നൽകിയിട്ടുണ്ട്.

3. ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ കോഴ്സ് (ഡിപ്ലോമ ഇൻ ഡോമിസിലറി നഴ്സിംഗ് കെയർ കോഴ്സ്) എസ്.എസ്.എൽ.സി./തത്തുല്യ കോഴ്സിലെ വിജയം, യോഗ്യതയായി നിശ്ചയിച്ചുകൊണ്ട് 6 മാസം ദൈർഘ്യ മുള്ള കോഴ്സ് ആരംഭിക്കുന്നതിനുള്ള പാഠ്യപദ്ധതിക്കും സിലബസിനും അംഗീകാരം നൽകിയിട്ടുണ്ട്.

ഡിപ്ലോമ ഇൻ ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് കോഴ്സ്, ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആൻഡ് പ്രീ-സ്കൂൾ മാനേജ്മെന്റ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

(സി) ആദിവാസി മേഖലകളിലെയും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിലെയും പഠിതാക്കൾക്കായി സ്കോൾ-കേരള മുഖേന പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ആദിവാസി മേഖലകളിലെയും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിലെയും വിദ്യാർത്ഥികൾക്ക് ഹ്യൂമാനിറ്റീസ് കോഡ് നം.(11) കോമ്പിനേഷനിലെ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി എന്നീ വിഷയങ്ങളുടെ മലയാളത്തിൽ പരിഭാഷപ്പെടുത്തിയ ഒന്നും രണ്ടും വർഷത്തെ സ്വയം പഠനസഹായികൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം**

209 (1389) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് (കില) വഴി നടപ്പാക്കുന്ന വിളപ്പിൽ യു.പി.സ്കൂൾ, വിളവൂർക്കൽ ഹൈസ്കൂൾ, കുരുതംകോട് പ്രൈമറി സ്കൂൾ എന്നിവയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ; ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ&ബി) കാട്ടാക്കട നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന ഒരു കോടി രൂപ വീതം അനുവദിച്ച് കില എസ്.പി.വി.-യായി നടപ്പിലാക്കുന്ന ജി.യു.പി.എസ്. വിളപ്പിൽ സ്കൂളിന് ഡി.പി.ആർ. തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് എഗ്രിമെന്റ് വച്ചിരുന്നെങ്കിലും പഴയ കെട്ടിടം

പൊളിക്കാൻ കാലതാമസം നേരിട്ടതിനാൽ കരാറുകാരൻ സൈറ്റ് എടുക്കാൻ തയ്യാറാകാത്ത സാഹചര്യമായിരുന്നു. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ 2018 ഡി.എസ്.ആർ. നിരക്കിൽ പുതുക്കിയ ഭരണാനുമതി നൽകുകയും തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി ഈ മാസം കൂടുന്ന ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ സമർപ്പിക്കുന്നതാണ്.

ജി.എച്ച്.എസ്.എസ്. വിളവൂർക്കൽ സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് എഗ്രിമെന്റ് വച്ചിരുന്നെങ്കിലും നിർമ്മാണം ആരംഭിച്ചിരുന്നില്ല. ഇപ്പോൾ കരാറുകാരൻ നിർമ്മാണം ആരംഭിക്കാൻ മുന്നോട്ടുവന്നെങ്കിലും ഗ്രൗണ്ട് നഷ്ടപ്പെടുത്തിയുള്ള കെട്ടിടനിർമ്മാണം നിർത്തി വയ്ക്കണമെന്നാവശ്യപ്പെട്ട് ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ വേദി, പേരൂർക്കട എന്ന സംഘടനയുടെ പേരിൽ പരാതി നൽകിയിരിക്കുന്ന സാഹചര്യത്തിൽ നിർമ്മാണം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

ജി.എൽ.പി.എസ്. കുരുതംകോട് സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫെബ്രുവരി മാസം തന്നെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണെന്ന് കില റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കില എസ്.പി.വി.-യായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**അണ്ടത്തോട് സ്കൂളിന് കെട്ടിടം**

210 (1390) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി പൊളിച്ചുനീക്കപ്പെടുന്ന പുന്നയൂർക്കുളം പഞ്ചായത്തിലെ അണ്ടത്തോട് സ്കൂളിന് പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) പ്രൊപ്പോസൽ ലഭ്യമാകുന്നപക്ഷം പരിശോധിച്ച് ആവശ്യമെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ടൈപ്പ് വൺ ഡയബറ്റിസ് ബാധിതരായ സ്കൂൾ കുട്ടികൾക്ക് പരിരക്ഷ**

211 (1391) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൈപ്പ് വൺ (ജുവനൈൽ പ്രമേഹം) ഡയബറ്റിസ് ബാധിതരായ സ്കൂൾ കുട്ടികളുടെ പരിരക്ഷ സംബന്ധിച്ച് അധ്യാപകർക്ക് ബോധവത്ക്കരണം നൽകുന്നതിനായി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

എസ്.സി.ഇ.ആർ.ടി. കേരളയും കേരള സാമൂഹ്യ സുരക്ഷാ മിഷനും സംയുക്തമായി കുട്ടികളിലെ ടൈപ്പ് വൺ പ്രമേഹത്തെക്കുറിച്ച് സമഗ്രശിക്ഷാ കേരളയ്ക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന ട്രെയിനർമാർക്കും സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കും എസ്.ആർ.ജി. പരിശീലനം ജനുവരി മാസത്തിൽ

നൽകിയിട്ടുണ്ട്. ഫെബ്രുവരി മാസത്തിൽ നൽകാൻ പോകുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ജില്ലാതല പരിശീലന മൊഡ്യൂളിൽ ടൈപ്പ് വൺ പ്രമേഹത്തെക്കുറിച്ചുള്ള ഭാഗം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ കേരളത്തിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കും കുട്ടികളിലെ ടൈപ്പ് വൺ പ്രമേഹത്തെക്കുറിച്ച് അറിവ് ലഭിക്കുന്നതാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളുടെ കെട്ടിട നിർമ്മാണം**

212 (1392) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ കണ്ടങ്കാളി, വെള്ളൂർ, മാത്തിൽ, വയക്കര എന്നീ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപ അനുവദിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ കണ്ടങ്കാളി, വെള്ളൂർ, മാത്തിൽ, വയക്കര എന്നീ ഹയർ സെക്കണ്ടറി സ്കൂളുകളെ മൂന്ന് കോടി കിഫ്ബി ഫണ്ടിൽ

ഉൾപ്പെടുത്തി ഭൗതിക സൗകര്യവികസനത്തിനായി തുക അനുവദിച്ചിരുന്നു. പ്രസ്തുത നിർമ്മാണങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

ഷേണായി സ്മാരക ഗവ.എച്ച്.എസ്.എസ്. (കണ്ടങ്കാളി) സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിലയിൽനിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നുള്ള അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

ഗവ.എച്ച്.എസ്.എസ്. വെള്ളൂർ സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിലയിൽനിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സബ് പ്രോജക്ട് റിവിഷൻ നടത്തി സാങ്കേതിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

ഗവ.എച്ച്.എസ്.എസ്.മാത്തിൽ സ്കൂളിന്റെ ഡി.പി.ആർ. തയാറാക്കി കിലയിൽനിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നുള്ള അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

ഗവ.എച്ച്.എസ്.എസ് വയക്കര സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിലയിൽനിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അനുമതിയും ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതിന് ടി

പ്രവൃത്തിയുടെ പി.ഇ.ഡി. (Project Executive Document) കിഫ്ബി അംഗീകരിക്കേണ്ടതുണ്ട്. പി.ഇ.ഡി. കിഫ്ബിക്ക് സമർപ്പിച്ചിരുന്നതിൽ ചില തിരുത്തലുകൾ നിർദ്ദേശിച്ചിട്ടുള്ളത് ചർച്ച ചെയ്ത് പരിഹരിച്ചുവരുന്നു. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഭരണാനുമതി ലഭിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതിയുടെ നിർവ്വഹണം ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ കില സ്ഥലം സന്ദർശിച്ച് സ്കൂൾ അധികാരികളുമായി ചർച്ച ചെയ്ത് ടി പ്രവൃത്തികളുടെ ഡ്രോയിംഗ്, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി തുടർന്ന് വീണ്ടും ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി കിലയിൽനിന്നും സാങ്കേതിക അനുമതി നൽകുകയും അതിനുശേഷം പിഇഡി (Project Executive Document)-ക്ക് കിഫ്ബി അംഗീകാരം നൽകുകയും ചെയ്താൽ മാത്രമേ എസ്.പി.വി.യായ കിലക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ. കൂടാതെ നിലവിലുള്ള

നിർമ്മാണങ്ങൾക്ക് പുതുക്കിയ ഡി.എസ്.ആർ./ജിഎസ്.ടി. നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ 2018 ഡി.എസ്.ആർ. നിരക്കിൽ പുതുക്കിയ ഭരണാനുമതി നൽകി നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി ചെയ്ത് സാങ്കേതിക അനുമതി ലഭ്യമാക്കി കിഫ്ബിയുടെ അനുമതിയോടുകൂടി ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ട സാഹചര്യമുണ്ടായി. ഈ കാരണങ്ങളാലാണ് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസമുണ്ടായിട്ടുള്ളത്.

(സി) സ്കൂൾ കെട്ടിട നിർമ്മാണത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിച്ച് നിർമ്മാണം വേഗത്തിൽ ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. നിലവിലുള്ള നിർമ്മാണങ്ങൾക്ക് പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ 2018 ഡി.എസ്.ആർ. നിരക്കിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ ഭരണാനുമതി ആവശ്യമായി വരികയും ഇതിനായി എസ്.പി.വി.-യായ കില സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും പുതുക്കിയ

ഡി.എസ്.ആർ./ജി.എസ്.ടി. നിരക്ക് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി ചെയ്ത് സാങ്കേതിക അനുമതി ലഭ്യമാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

**പ്ലാൻ/നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിടനിർമ്മാണം**

213 (1393) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ/നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഈ സാമ്പത്തിക വർഷം എൽ.പി. തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള എത്ര സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; ആയതിന്റെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് എൽ.പി. തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള 127 സ്കൂളുകളിൽ

കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | സ്കൂളുകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 15 |
| 2. | കൊല്ലം | 11 |
| 3. | പത്തനംതിട്ട | 8 |
| 4. | ആലപ്പുഴ | 11 |
| 5. | കോട്ടയം | 7 |
| 6. | ഇടുക്കി | 2 |
| 7. | എറണാകുളം | 4 |
| 8. | തൃശ്ശൂർ | 13 |
| 9. | പാലക്കാട് | 7 |
| 10. | മലപ്പുറം | 16 |
| 11. | കോഴിക്കോട് | 5 |
| 12. | വയനാട് | 3 |
| 13. | കണ്ണൂർ | 20 |
| 14. | കാസർഗോഡ് | 5 |
| | ആകെ | 127 |

(ബി) മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ വകുപ്പിന്റെ പ്ലാൻ/നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പുസാമ്പത്തിക വർഷം എൽ.പി. തലം മുതൽ ഹയർ

സെക്കണ്ടറി തലം വരെയുള്ള എത്ര സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; ആയതിന്റെ വിശദാംശം നിയോജക മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് മലപ്പുറം ജില്ലയിൽ കെട്ടിട നിർമ്മാണത്തിന് 16 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബ്

214 (1394) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബ് അനുവദിക്കുന്നതിന് ഈ സാമ്പത്തിക വർഷം വകുപ്പ് എത്ര ഫണ്ട് അനുവദിച്ചുവെന്ന് വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മട്ടന്നൂർ മണ്ഡലത്തിലെ എടയന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് കമ്പ്യൂട്ടർ ലാബ് അനുവദിക്കുന്നതിന് നൽകിയ അപേക്ഷയിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത വിദ്യാലയത്തിന് കംപ്യൂട്ടർ ലാബ് ഒരുക്കുന്നതിനുള്ള ഫണ്ട് അടിയന്തരമായി അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് അനുവദിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തിൽ (2022-23) വകുപ്പിന് തുകയൊന്നും വകയിരുത്തിയിട്ടില്ല.

**നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്‌മെന്റ് ഫണ്ട് പദ്ധതി**

215 (1395) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഇരുപത്തിയെട്ട് സ്കൂളുകളുടെ വിവരങ്ങൾ അടങ്ങുന്ന പട്ടിക

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08-08-2022-ലെ കത്ത് മുഖേന പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്നോ എന്നറിയിക്കുമോ; ഇതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ സ്കൂളുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധ്യത ഇല്ലെങ്കിൽ വകുപ്പിന്റെ മറ്റ് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) നൽകിയിരുന്നു. നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഓരോ ജില്ലയിലും വലിയ കെട്ടിടങ്ങൾ അത്യാവശ്യമായ സ്കൂളുകളെ കണ്ടെത്തി കെട്ടിട നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് ചീഫ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി വരുന്നു. പ്രസ്തുത സ്കൂളുകളുടെ എസ്റ്റിമേറ്റുകൾ നബാർഡിന് സമർപ്പിച്ചശേഷം പദ്ധതിയിൽ ഉൾപ്പെടാത്ത സ്കൂളുകൾ ഉണ്ടാകുന്ന പക്ഷം ആയവ വകുപ്പിന്റെ

മറ്റ് ഏതെങ്കിലും പദ്ധതികളിൽ ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**അരൂർ മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികൾ**

216 (1396) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി വഴി അനുവദിക്കുന്ന പല പ്രവൃത്തികളും ഇപ്പോഴും പ്രാരംഭ ദശയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരിശോധിച്ചുവരുന്നു.

(ബി) ഇത്തരത്തിൽ അരൂർ മണ്ഡലത്തിൽ എത്ര പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തിയുടെ പേരും നിർവഹണ ഏജൻസിയുടെ പേരും ഇപ്പോഴത്തെ നിർമ്മാണ പുരോഗതിയും വിശദമാക്കാമോ?

(ബി&സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകൾ ചുവടെ ചേർക്കുന്നു.

**5 കോടി കിഫ്ബി പദ്ധതി**

5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്.ചന്തിരൂർ സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.യായി കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂളിന്റെ നിർമ്മാണം 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. (എൽ.പി. ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. ടോയ്ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ചുറ്റുമതിൽ, ഗേറ്റ് എന്നിവയുടെ നിർമ്മാണം 85 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.)

**3 കോടി കിഫ്ബി പദ്ധതി**

3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. തിരുനല്ലൂർ സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.യായി കൈറ്റിനെ

ചുമതലപ്പെടുത്തിയിരുന്നു. സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

**1 കോടി കിഫ്ബി പദ്ധതി**

1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.യായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. മററത്തിൽ ഭാഗം എൽ.പി.സ്കൂളിന് പുതുക്കിയ ഡി.എസ്.ആർ./ ജി.എസ്.ടി. നിരക്ക് പ്രകാരം 1.30 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. കിഫ്ബിയുടെ അനുമതി ലഭ്യമായാലുടൻ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പെരുമ്പളം എച്ച്.എസ്.എസ്, തേവർവട്ടം എച്ച്.എസ്. എന്നീ സ്കൂളുകൾക്ക് പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.ടി. നിരക്ക് പ്രകാരം 1.30 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ണ് പരിശോധന പൂർത്തിയായി. അതനുസരിച്ച് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ജി.വി.വി.എച്ച്.എസ്.എസ്. കോടംതുരുത്ത് സ്കൂൾ മാറ്റി

പകരമായി 2022-23 വർഷം അനുവദിച്ച ജി.യു.പി.എസ്. ഓടമ്പള്ളി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

**പാഠ്യപദ്ധതിയിൽ നീന്തൽ ഉൾപ്പെടുത്തുമെന്ന പ്രഖ്യാപനം**

217 (1397) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതിയിൽ ആരോഗ്യ-കായിക പദ്ധതിയുടെ ഭാഗമായി നീന്തൽ ഉൾപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നിലവിലുള്ള ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമായി നീന്തൽ നിർബന്ധിതമേഖലയായി ഉൾപ്പെടുത്തിയിട്ടുണ്ട്. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള ക്ലാസുകളിലെ ആരോഗ്യ കായിക വിദ്യാഭ്യാസം ടീച്ചർ ടെക്സ്റ്റിൽ വ്യത്യസ്ത ഘട്ടങ്ങളായി ഇതിന്റെ ഉള്ളടക്കം

ക്രമീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ വിദഗ്ദ്ധരായ നീന്തൽ പരിശീലകരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ഈ ഉള്ളടക്ക ഭാഗങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയത്.

(ബി) പാഠ്യപദ്ധതിയിൽ നീന്തൽ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്ത് മുങ്ങിമരണങ്ങൾ കുറയ്ക്കാൻ സാധിക്കുമെന്നത് വസ്തുതയാണോ; അറിയിക്കുമോ?

പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്ന നീന്തലുമായി ബന്ധപ്പെട്ട പ്രായോഗിക പരിശീലനം കൂടി കുട്ടികൾക്ക് പകർന്ന് നൽകേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തെ നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നീന്തലിന്റെ പ്രായോഗിക പരിശീലന സംവിധാനങ്ങൾ നിരവധി ഇടങ്ങളിൽ ഒരുക്കി കൊടുത്തിട്ടുണ്ട്. കുട്ടികൾ നീന്തലിന്റെ പ്രായോഗികശേഷി ആർജ്ജിക്കുന്നതിലൂടെ സംസ്ഥാനത്ത് ഉണ്ടാകുന്ന മുങ്ങിമരണങ്ങൾ കുറയ്ക്കാൻ കഴിയുമെന്നു കരുതുന്നു.

(സി) ഓരോ മണ്ഡലത്തിലെയും ഒരു സ്കൂളിൽ ഒരു നീന്തൽക്കുളം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ?

ഒരു നിയമസഭാ മണ്ഡലത്തിലെ ഒരു സ്കൂളിൽ ഒരു നീന്തൽക്കുളം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

**പാഠ്യപദ്ധതി പരിഷ്കരണം**

218 (1398) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി ദെലീമ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസം മത്സരാധിഷ്ഠിതം എന്നതിനുപകരം പാഠ്യപദ്ധതി പരിഷ്കരണം പ്രവർത്തനാധിഷ്ഠിതവും സഹകരണപഠനത്തിനും സംഘ പഠനത്തിനും സാദ്ധ്യത തുറന്നുനൽകുന്ന രീതിക്ക് ഊന്നൽ നൽകിക്കൊണ്ടുമാണോ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

അധ്യാപകർ അറിവ് പകർന്ന് നൽകുന്നതിന് പകരം പ്രവർത്തനാധിഷ്ഠിതമായി കുട്ടികൾ സഹപഠനത്തിലൂടെയും

സംഘപഠനത്തിലൂടെയും ഒരുമിച്ച് അറിവ് നിർമ്മിക്കുക എന്ന തികച്ചും മനഃശാസ്ത്രപരമായ സമീപനമാണ് കേരളം അനുവർത്തിക്കുന്നത്. 2007-ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂട് ഈ സമീപനത്തെ അടിസ്ഥാനപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഇപ്പോൾ നടക്കുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ പ്രവർത്തനാധിഷ്ഠിതമായി സഹപഠനത്തിനും സംഘപഠനത്തിനും സാധ്യത നൽകുന്ന രീതിയായിരിക്കും സ്വീകരിക്കുക.

(ബി) ശാസ്ത്രീയ മനോഭാവവും യുക്തിചിന്തയും വളർത്തിയെടുക്കുന്നതിനും സാമൂഹ്യനീതി, ലിംഗനീതി, ജാതിമതാതീത സാമൂഹ്യബോധം, ജനാധിപത്യ മൂല്യങ്ങൾ എന്നിവ വളർത്തിയെടുക്കുന്നതിനും പാഠ്യപദ്ധതി ലക്ഷ്യമിടുന്നുണ്ടോ?

എല്ലാ വൈവിധ്യങ്ങളെയും ഉൾക്കൊള്ളുന്ന ഉദാത്തമായ ജനാധിപത്യ മാതൃകയാണ് ഇന്ത്യൻ ഭരണഘടന മുന്നോട്ടുവയ്ക്കുന്നത്. ബഹുസ്വരമായ കാഴ്ചപ്പാടാണ് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനം. അതുകൊണ്ടുതന്നെ ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കുന്നതിന് അനുയോജ്യമായ മനോഭാവം

വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയായിരിക്കും പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുക.

(സി) പാഠ്യപദ്ധതി പരിഷ്കകരണത്തോടൊപ്പം അദ്ധ്യയന രീതിയിൽ അനിവാര്യമായി ഉണ്ടാകേണ്ട മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ലക്ഷ്യം വയ്ക്കുന്ന അക്കാദമിക മികവുകൾ ഉറപ്പാക്കാൻ കഴിയുംവിധം അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. അവധിക്കാല അധ്യാപക പരിശീലനങ്ങൾ, നവാധ്യാപക പരിശീലന പരിപാടികൾ, കലാ-കായിക അധ്യാപകർക്കുള്ള പരിശീലനങ്ങൾ, ഭിന്നശേഷി അധ്യാപകർക്കുള്ള പ്രത്യേക പരിശീലനങ്ങൾ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ ക്ലാസ് മുറികളെ ആധുനിക കാലത്തിന് യോജിച്ച തരത്തിൽ മാറ്റുന്നതിനും പാഠ്യപദ്ധതി പരിഷ്കാരം വിഭാവനം

ചെയ്യുന്നതരത്തിൽ അധ്യാപകരെ നിരന്തരം ശാക്തീകരിക്കുന്നതിനുമുള്ള നവീനമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

**പാഠ്യപദ്ധതി പരിഷ്കരണം**

219 (1399) ഡോ. എൻ. ജയരാജ്:
ശ്രീ പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

പൊതുവിദ്യാലയങ്ങളെ സംബന്ധിച്ച പരമ്പരാഗത കാഴ്ചപ്പാടുകളെയാകെ തിരുത്തിയെഴുതുകയും പുതിയ കാലത്തിന് അനുയോജ്യമായവിധം മാറുകയും ചെയ്ത പൊതുവിദ്യാലയങ്ങളും കോവിഡ് കാലത്ത് നടത്തിയ സവിശേഷമായ ഇടപെടലുകളും ലോക ശ്രദ്ധ നേടുകയുണ്ടായി. ഇതിന്റെ തുടർച്ചയായിട്ടാണ് ലോകനിലവാരത്തിലുള്ള ഒരു പാഠ്യപദ്ധതിയ്ക്കുവേണ്ടിയുള്ള പരിഷ്കരണ പ്രവർത്തനങ്ങൾക്ക്

തുടക്കംകുറിച്ചിരിക്കുന്നത്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007-ന്റെ അടിസ്ഥാനത്തിലാണ് അവസാനമായി കേരളത്തിൽ സമഗ്രമായി പാഠ്യപദ്ധതി പരിഷ്കരണം നടന്നത്. അതിനുശേഷം നിരവധി വർഷക്കാലം അറിവിന്റെ നാനാമേഖലയിലുണ്ടായ വികാസം പരിഗണിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. പാഠ്യപദ്ധതിയിലെ പ്രധാന വിഷയമേഖലകളെ കേന്ദ്രീകരിച്ച് 26 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽനിന്നുള്ള വിദഗ്ദ്ധർ ഉൾപ്പെട്ട ഈ ഫോക്കസ് ഗ്രൂപ്പുകൾ ഇന്ത്യയിലും വിദേശത്തുമുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരുമായി ചർച്ച നടത്തി ഓരോ ആശയമേഖലയിലും നിലപാട് രേഖകൾ തയ്യാറാക്കും. ഈ നിലപാട് രേഖകളെ അടിസ്ഥാനമാക്കി പ്രീപ്രൈമറി വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നീ നാല് മേഖലകളിൽ പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കും. ഇതിനെ അടിസ്ഥാനമാക്കി സിലബസ്സും പാഠപുസ്തകങ്ങളും തയ്യാറാക്കും. വിപുലമായ ഈ പ്രവർത്തനത്തിൽ എല്ലാ വിഭാഗം ജനങ്ങളിൽനിന്നും ആശയങ്ങളും

നിർദ്ദേശങ്ങളും സ്വാംശീകരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നു. ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത്, സ്കൂൾ തലങ്ങളിലൊക്കെ ചർച്ചകൾ സംഘടിപ്പിക്കുന്നു. കൂടാതെ ലോകത്തെവിടെയുള്ളവർക്കും അഭിപ്രായങ്ങൾ അറിയിക്കുന്നതിനായി ടെക്ക്പ്ലാറ്റ്ഫോമും സജ്ജമാക്കിയിട്ടുണ്ട്. 2023 ഒക്ടോബർ 31-ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരമുള്ള പുസ്തകങ്ങളുടെ രചന, അച്ചടി, വിതരണം എന്നിവ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ പാഠ്യപദ്ധതി ചട്ടക്കൂടുകൾ തയ്യാറാക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്. 2023 മാർച്ചിൽ പാഠ്യപദ്ധതി ചട്ടക്കൂടുകൾ പ്രസിദ്ധീകരിക്കും. തുടർന്ന് സിലബസ് തയ്യാറാക്കുകയും പാഠപുസ്തക രചന ആരംഭിക്കുകയും ചെയ്യും. രണ്ടു ഘട്ടങ്ങളായിട്ടാണ് പാഠപുസ്തക നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടം പാഠപുസ്തക രചന 2023 ഒക്ടോബറിൽ പൂർത്തിയാക്കും. 2024 ജൂണിൽ ഈ പുസ്തകങ്ങൾ നിലവിൽ വരും. രണ്ടാംഘട്ടം പാഠപുസ്തകങ്ങൾ 2025 ജൂണിൽ കുട്ടികൾക്ക് ലഭിക്കും.

(സി) പരിഷ്കരിച്ച പാഠ്യപദ്ധതിക്ക് അനുയോജ്യമായ രീതിയിൽ ഡിജിറ്റൽ പഠനോപാധികൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പാഠ്യപദ്ധതിയുടെയും പാഠപുസ്തകങ്ങളുടെയും അടിസ്ഥാനത്തിൽ ഓരോ പാഠഭാഗവും വിനിമയം ചെയ്യുന്നതിനാവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നതാണ്.

(ഡി) പുതിയ പാഠ്യക്രമമനുസരിച്ച് സ്കൂളുകളിലെ വിവിധ ലാബുകളും ലൈബ്രറി സംവിധാനങ്ങളും മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പാഠ്യപദ്ധതിയിൽ മാറ്റമുണ്ടാകുമ്പോൾ ലാബുകളും ലൈബ്രറികളും ഉൾപ്പെടെയുള്ള അനുബന്ധ സംവിധാനങ്ങളും അതിനനുസരിച്ച് പരിഷ്കരിക്കുന്നതാണ്.

**നിയമ പഠനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

220 (1400) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് കൃത്യമായ നിയമ ബോധവൽക്കരണം ഇല്ലാത്തതിനാൽ പലപ്പോഴും ചൂഷണം ചെയ്യപ്പെടുകയും കുറ്റകൃത്യങ്ങളിൽ പങ്കാളികളാകുകയും ചെയ്യുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

കുട്ടികൾക്ക് കൃത്യമായ നിയമബോധവൽക്കരണം ലഭിക്കാത്തതിനാൽ പലപ്പോഴും ചൂഷണം ചെയ്യപ്പെടുകയും കുറ്റകൃത്യങ്ങളിൽ പങ്കാളികളാകുകയും ചെയ്യുന്നത് സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. കുട്ടികളിൽ ഭരണഘടനാമൂല്യവും നേതൃത്വഗുണവും നിയമസംവിധാനങ്ങളെക്കുറിച്ചുള്ള അറിവും വളർത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് എസ്.സി.ഇ.ആർ.റ്റി.-യുടെ നേതൃത്വത്തിൽ "ഞങ്ങളുടെ അവകാശങ്ങൾ" എന്ന പേരിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി 3 മേഖലകളിലായി 4 ദിവസം നീണ്ടുനിൽക്കുന്ന നേതൃത്വ പരിശീലന ക്യാമ്പ് നടത്തിവരുന്നു. പരിശീലനം ലഭിച്ച വിദ്യാർത്ഥികളുടെ സ്കൂൾ തലത്തിൽ 'നിയമസഹായ ക്ലബുകൾ'സ്ഥാപിച്ചുകൊണ്ട് എല്ലാ കുട്ടികളിലും നിയമ

സംവിധാനങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(ബി) നിയമങ്ങളെക്കുറിച്ച് പ്രാഥമിക അവബോധമുണ്ടാകുന്ന രീതിയിൽ നിയമ പഠനം ഒരു പ്രത്യേക വിഷയമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ അവസരം ലഭ്യമാക്കുമോ; വിശദമാക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പുതിയ പാഠപുസ്തകം തയ്യാറാക്കുന്ന വേളയിൽ കാലികപ്രസക്തമായ നിയമപാഠങ്ങൾ വിവിധ വിഷയങ്ങളിൽ കൂടുതലായി ഉൾക്കൊള്ളിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**പാഠ്യപദ്ധതി പരിഷ്കരണം**

221 (1401) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ക്ലാസ്സുകളിലെ പാഠ്യപദ്ധതിയാണ് ഇതിനോടകം പരിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) പൊതുവിദ്യാലയങ്ങളെ സംബന്ധിച്ച പരമ്പരാഗത കാഴ്ചപ്പാടുകളെയാകെ തിരുത്തിയെഴുതുകയും പുതിയ കാലത്തിന് അനുയോജ്യമായവിധം മാറുകയും ചെയ്ത പൊതുവിദ്യാലയങ്ങളും കോവിഡ് കാലത്ത് നടത്തിയ സവിശേഷമായ ഇടപെടലുകളും ലോക ശ്രദ്ധ നേടുകയുണ്ടായി. ഇതിന്റെ തുടർച്ചയായിട്ടാണ് ലോക നിലവാരത്തിലുള്ള ഒരു പാഠ്യപദ്ധതിയ്ക്കുവേണ്ടിയുള്ള പരിഷ്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007-ന്റെ അടിസ്ഥാനത്തിലാണ് അവസാനമായി കേരളത്തിൽ സമഗ്രമായി പാഠ്യപദ്ധതി പരിഷ്കരണം നടന്നത്. അതിനുശേഷം നിരവധി വർഷക്കാലം അറിവിന്റെ നാനാമേഖലയിലുണ്ടായ വികാസം പരിഗണിച്ചുള്ള പാഠ്യപദ്ധതി

പരിഷ്കരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. പാഠ്യപദ്ധതിയിലെ പ്രധാന വിഷയ മേഖലകളെ കേന്ദ്രീകരിച്ച് 26 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽനിന്നുള്ള വിദഗ്ദ്ധർ ഉൾപ്പെട്ട ഈ ഫോക്കസ് ഗ്രൂപ്പുകൾ ഇന്ത്യയിലും വിദേശത്തുമുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരുമായി ചർച്ച നടത്തി ഓരോ ആശയ മേഖലയിലും നിലപാട് രേഖകൾ തയ്യാറാക്കും. ഈ നിലപാട് രേഖകളെ അടിസ്ഥാനമാക്കി പ്രീപ്രൈമറി വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നീ നാല് മേഖലകളിൽ പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കും. ഇതിനെ അടിസ്ഥാനമാക്കി സിലബസും പാഠപുസ്തകങ്ങളും തയ്യാറാക്കും. വിപുലമായ ഈ പ്രവർത്തനത്തിൽ എല്ലാ വിഭാഗം ജനങ്ങളിൽനിന്നും ആശയങ്ങളും നിർദ്ദേശങ്ങളും സ്വാംശീകരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നു. ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത്, സ്കൂൾ തലങ്ങളിലൊക്കെ ചർച്ചകൾ സംഘടിപ്പിക്കുന്നു. കൂടാതെ ലോകത്തെവിടെയുള്ളവർക്കും അഭിപ്രായങ്ങൾ

അറിയിക്കുന്നതിനായി ടെക്ക്പ്ലാറ്റ്ഫോമും സജ്ജമാക്കിയിട്ടുണ്ട്. 2023 ഒക്ടോബർ 31- ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) അടുത്ത അധ്യയന വർഷം പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ക്ലാസ്സുകളിലാണ് പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

അടുത്ത അധ്യയന വർഷം (2023-2024) പാഠപുസ്തകങ്ങൾക്ക് മാറ്റം ഉണ്ടാകുകയില്ല. 2024 ജൂൺ മുതലായിരിക്കും പുതിയ പാഠ്യപദ്ധതി അനുസരിച്ചുള്ള പാഠ പുസ്തകങ്ങൾ (ആദ്യഘട്ടം) നിലവിൽ വരിക.

(ഡി) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിനായി നിയോഗിച്ച ഖാദർ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ ഉള്ളടക്കം വിശദമാക്കാമോ;

(ഇ) ഖാദർ കമ്മിറ്റി നിർദ്ദേശിച്ച പരിഷ്കരണം അടുത്ത അധ്യയന വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

(ഡി & ഇ) ഖാദർ കമ്മിറ്റി രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**എൽ.പി. യു.പി. സ്കൂളുകൾക്ക് സ്വന്തമായി കളിസ്ഥലം**

222 (1402) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി. സ്കൂളുകൾ പ്രവർത്തിക്കുന്നതിന് എത്ര സ്ഥലമാണ് സ്വന്തമായി വേണ്ടതെന്നറിയിക്കുമോ; ഇതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്ന രേഖകളുണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ; ഏതെങ്കിലും സാഹചര്യങ്ങളിൽ സ്ഥലം സംബന്ധിച്ച ഇളവുകൾ അനുവദിച്ചിട്ടുള്ള സർക്കാർ സ്കൂളുകളുണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

എൽ. പി., യു. പി. സ്കൂളുകൾ പ്രവർത്തിക്കുന്നതിന് 0.4 മുതൽ 0.8 ഹെക്ടർ വരെ സ്ഥലമാണ് വേണ്ടത്. ആയത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, ചട്ടം 1, അദ്ധ്യായം IV-ൽ ആണ് പ്രതിപാദിച്ചിട്ടുള്ളത്. പ്രസ്തുത ചട്ടത്തിന്റെ പകർപ്പ് അനുബന്ധമായി

ചേർക്കുന്നു.+ 01.06.1959 ൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നപ്പോൾ നിലവിലുണ്ടായിരുന്ന സർക്കാർ - എയ്ഡഡ് സ്കൂളുകൾക്ക് (പ്രീ-കെ.ഇ.ആർ) സ്ഥലം സംബന്ധിച്ച സ്ഥിര ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ടി ചട്ടപ്രകാരം പോസ്റ്റ് കെ.ഇ.ആർ സ്കൂളുകൾക്ക് സ്ഥലം സംബന്ധിച്ച് ഇളവ് നൽകിയിട്ടില്ല. അതോടൊപ്പം 2018-ൽ ഉണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് വയനാട് ജില്ലയിലെ കുറിച്യർമല ഗവ. എൽ. പി. സ്കൂളിന് മദ്രസ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനായും 2019-ലുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് ടി ജില്ലയിലെ പുത്തുമല ഗവ. എൽ. പി. സ്കൂളിന് അങ്കണവാടി കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ താൽക്കാലികാനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എൽ.പി., യു.പി. സ്കൂളുകൾക്ക് സ്വന്തമായി കളിസ്ഥലം വേണമെന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ കളിസ്ഥലം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും കളിസ്ഥലത്തിന് ചുരുങ്ങിയത് എത്ര വിസ്തീർണ്ണം വേണമെന്ന വിവരവും അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുട്ടികളുടെ പരിശീലനത്തിന് ആവശ്യമായി സ്ഥലം വേണമെന്ന് മാത്രമേ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, ചട്ടം 3(2), അദ്ധ്യായം IV-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. വിസ്തീർണ്ണം എത്ര വേണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) എത്ര കുട്ടികൾ പഠിക്കുന്ന യു. പി. സ്കൂളുകളിലാണ് കായികാധ്യാപക തസ്തികകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

500 കുട്ടികൾ പഠിക്കുന്ന യു. പി. സ്കൂളുകളിലാണ് കായിക അധ്യാപക തസ്തികകൾ അനുവദിച്ചിട്ടുള്ളത്.

(ഡി) നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ യു. പി. സ്കൂളുകളിലാണ് കായികാധ്യാപക തസ്തികകൾ നിലവിലുള്ളതെന്ന് അറിയിക്കുമോ?

ഗവ. യു.പി.എസ്. പുള്ളിയിൽ, ഗവ. യു.പി.എസ്. പറമ്പ, ഗവ.യു.പി.എസ്. കാട്ടുമുണ്ട ഈസ്റ്റ്, ഗവ.യു.പി.എസ്. എരഞ്ഞിമങ്ങാട്.

(ഇ) കായികാധ്യാപകരില്ലാത്ത സർക്കാർ യു.പി. സ്കൂളുകളിൽ ഫിസിക്കൽ ട്രെയിനിംഗ് പിരീഡുകൾ എങ്ങനെയാണ് ക്രമീകരിക്കാറുള്ളതെന്നും പ്രസ്തുത പിരീഡുകളുടെ ചുമതല ആരാണ്

നിർവ്വഹിക്കാറുള്ളതെന്നും അറിയിക്കുമോ; കായിക പരിശീലനം ലഭിച്ചവരാണോ പകരം ചുമതല വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കായികാധ്യാപകരില്ലാത്ത സർക്കാർ യു. പി. സ്കൂളുകളിൽ തസ്തിക നിർണ്ണയം പ്രകാരം അനുവദിച്ചിട്ടുള്ള തസ്തികകളിൽ, നിലവിലുള്ള അധ്യാപകർക്കാവശ്യമായ പരിശീലനം നൽകിയാണ് ഫിസിക്കൽ ട്രെയിനിംഗ് പീരീഡുകളുടെ ചുമതല നിറവേറ്റുന്നത്.

**പ്രൈമറി സ്കൂൾ പ്രഥമ അദ്ധ്യാപകർക്ക് ശമ്പള സ്കെയിൽ അനുവദിക്കാൻ നടപടി**

223 (1403) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് പ്രൈമറി വിദ്യാലയങ്ങളിലെ പ്രഥമ അദ്ധ്യാപകർക്ക് ശമ്പള സ്കെയിൽ അനുവദിക്കാൻ കഴിയാത്തതിന്റെ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വ്യക്തമാക്കുമോ;

(ബി) പ്രഥമ അദ്ധ്യാപകന്റെ ജോലിയും അദ്ധ്യാപകരുടെ ജോലിയും ഒരേസമയം ചെയ്യുന്ന പ്രൈമറി വിദ്യാലയങ്ങളിലെ പ്രഥമ അദ്ധ്യാപകർ

സീനിയർ ടീച്ചർ തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(സി) പതിനൊന്നാം ശമ്പള പരിഷ്കരണ റിപ്പോർട്ട് പ്രകാരം പ്രൈമറി സ്കൂൾ പ്രഥമ അദ്ധ്യാപകർക്ക് അനുവദിച്ചിട്ടുള്ള ശമ്പള നിരക്ക് അനുവദിക്കുന്നതിൽ നിലവിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

(എ-സി) പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസ് നിലനിൽക്കുന്നു. പ്രമോഷൻ നൽകുന്നതിനെതിരെ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ വെക്കേറ്റ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽനിന്ന് അനുകൂല

ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകരുടെ ആനുകൂല്യങ്ങൾ**

224 (1404) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽ സർവീസ് സീനിയോറിറ്റി അനുസരിച്ച് മലപ്പുറം ഡെപ്യൂട്ടി ഡയറക്ടറുടെ 26-10-2021-ലെ എ 2/12639/2021, 30-11-2022-ലെ എ 2/6776/2022 എന്നീ നടപടിക്രമങ്ങൾ പ്രകാരം എത്ര പേർക്കാണ് പ്രധാന അധ്യാപകരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

26-10-2021-ലെ എ 2/12639/2021 നമ്പർ നടപടിക്രമം പ്രകാരം 204 പേർക്കും 30-11-2022-ലെ എ 2/6776/2022 നമ്പർ നടപടിക്രമം പ്രകാരം 3 പേർക്കും പ്രധാനാധ്യാപകരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ സ്ഥാനക്കയറ്റം ലഭിച്ച പ്രധാന അധ്യാപകർക്ക് അവരുടെ സർവീസ് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതേ കാലയളവിൽ പ്രമോഷൻ ലഭിച്ച എയ്ഡഡ് മേഖലയിലെ പ്രധാന അധ്യാപകർക്ക് ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എയ്ഡഡ് മേഖലയിലെ പ്രധാന അധ്യാപകർക്ക് ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടെങ്കിൽ നിബന്ധനകൾക്ക് വിധേയമായി സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർക്കും അവരുടെ സർവീസ് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസ് നിലനിൽക്കുന്നു. പ്രഥമാദ്ധ്യാപക പ്രമോഷൻ നൽകുന്നതിനെതിരെ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്, സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ വെക്കേറ്റ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽനിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**എൽ.പി.എസ്.എ. ടീച്ചർ ഒഴിവുകൾ**

225 (1405) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ എൽ.പി.എസ്.എ. ടീച്ചർ (മലയാളം മീഡിയം) എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ നിലവിൽ ലഭ്യമായ എല്ലാ ഒഴിവുകളും നേരിട്ടുള്ള നിയമനത്തിനായി കേരള പബ്ലിക് സർവീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യുകയും ടി ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ലഭിച്ചിട്ടുള്ളതുമാണ്.

എറണാകുളം ജില്ലയിൽ എൽ.പി.എസ്.എ. തസ്തികയിൽ നിലവിൽ 15 ഒഴിവുകളുണ്ട്. ടി ഒഴിവുകൾ കേഡർ പ്രകാരം അപ്ഡേറ്റ് ചെയ്തതിനുശേഷം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ബൈട്രാൻസ്ഫർ നിയമനത്തിനായി റിപ്പോർട്ട്

ചെയ്ത 2 ഒഴിവുകൾ ഒഴികെ ബാക്കിയെല്ലാ ഒഴിവുകളിലും പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചിട്ടുള്ളതാണ്.

(ബി) ഒഴിവുകൾ സംബന്ധിച്ചുള്ള ഫിക്സേഷൻ നടപടികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ഫിക്സേഷൻ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

2022-23 അദ്ധ്യയന വർഷത്തിലെ തസ്തിക നിർണ്ണയ നടപടികൾ കെ.ഇ.ആർ. ഭേദഗതിയെ തുടർന്ന് ഓഗസ്റ്റ് 20 നകം പൂർത്തീകരിക്കാനാണ് നിർദേശം നൽകിയിരുന്നത്. ആയത് പ്രകാരം സംസ്ഥാനത്ത് തസ്തിക നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. പ്രൈമറി തലത്തിൽ ജില്ലാ വിദ്യാഭ്യാസ ആഫീസറും ഹൈസ്കൂൾ തലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറും ഉന്നതതല പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അധിക തസ്തിക ശിപാർശ ചെയ്യുകയും ഇതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തിക അനുവദിച്ച് ഉത്തരവാകുകയും ചെയ്യുന്നു. ശിപാർശ ലഭ്യമാക്കുന്ന നടപടി പൂർത്തീകരിച്ചുവരുന്നു. ഇതുപ്രകാരം അധിക തസ്തിക അനുവദിക്കേണ്ടതുണ്ട്.

(സി) 2023-24 അക്കാദമിക വർഷം എത്ര പ്രതീക്ഷിത ഒഴിവുകൾ നിലവിൽ കണക്കാക്കിയിട്ടുണ്ട്; രണ്ട് ജില്ലകളിലെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ 2023-24 വർഷം പ്രതീക്ഷിത ഒഴിവുകളായി 42 എണ്ണം കേരള പബ്ലിക് സർവീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലയിൽ 2023-24 വർഷം ഏകദേശം 57 ഒഴിവുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഭൂതക്കുളം ജി.എച്ച്.എസ്.എസ്.ൽ ക്ലാസ്സ് മുറികളുടെ നിർമ്മാണം**

226 (1406) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ഭൂതക്കുളം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിനായി സമഗ്ര ശിക്ഷ കേരളം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക എത്രയാണെന്നും അനുവദിച്ചതെന്നാണെന്നും വ്യക്തമാക്കാമോ?

ഉണ്ട്. 5 ക്ലാസ് മുറികൾക്കായി 2022-23 വാർഷിക പദ്ധതി പ്രകാരം 62.5 ലക്ഷം രൂപ 18-10-2022-ൽ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിച്ച് പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

2021 ഫെബ്രുവരി 18 -ന് ഉദ്ഘാടനം ചെയ്ത കൈറ്റ് നിർമ്മിച്ച കെട്ടിടത്തിന്റെ മുകളിൽ പണിയുന്നതിന് ആശങ്കകളുള്ളതിനാലും ടി കെട്ടിടത്തിന് കെട്ടിട നമ്പർ, അഗ്നിസുരക്ഷ എന്നിവ ഇല്ലാത്തതിനാൽ ഫിറ്റ്നസ് ലഭിച്ചിട്ടില്ല എന്നതിനാലുമാണ് കാലതാമസമുണ്ടായത്.

(സി) തടസ്സങ്ങൾ ഒഴിവാക്കി ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ഉണ്ട്. നിലവിലെ കെട്ടിടത്തിന്റെ മുകളിൽ കെട്ടിടം പണിയുവാൻ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് കൈറ്റിൽനിന്ന് ലഭ്യമായിട്ടുണ്ട്. ആയതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗം ചേരുകയും ഫിറ്റ്നസ് നൽകുന്നതിന്

അഗ്നിസുരക്ഷ ഏർപ്പെടുത്തുന്നതിനായുള്ള ഫണ്ട് സ്കൂളിന് നൽകുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. സ്കൂളിന് കെട്ടിട നമ്പർ, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) എസ്.എസ്.കെ. ഫണ്ട് വിനിയോഗിച്ച് ഭ്രൂതക്കുളം ജി.എച്ച്.എസ്.എസ്.-ൽ പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ (ഫയൽ നം. E/6833727/2023) പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

E/6833727/2023 നമ്പരായി ലഭിച്ച നിവേദനം പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

**കോഴ്സ് ക്യാൻസൽ ചെയ്യുന്നതിനുള്ള അപേക്ഷ**

227 (1407) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കണ്ടറി പരീക്ഷാ മാന്വൽ പരിഷ്കരിച്ചുകൊണ്ട് സർക്കാർ ഇറക്കിയ 22-12-2022-ലെ (ആർ.റ്റി.) 8351/2022/പൊവിവ നമ്പർ ഉത്തരവ് പ്രകാരം കോഴ്സ് ക്യാൻസൽ ചെയ്യുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടതിന്റെ പൂർണ്ണമായ രീതി എങ്ങനെയാണെന്ന് അറിയിക്കാമോ?

അപേക്ഷാർത്ഥി ഹയർ സെക്കണ്ടറി പരീക്ഷ രജിസ്റ്റർ ചെയ്ത സ്കൂളിലെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ, വിദ്യാർത്ഥിയുടെ കൈവശം ലഭ്യമായിട്ടുള്ള എല്ലാ ഹയർസെക്കണ്ടറി സർട്ടിഫിക്കറ്റുകളുടെയും ഒറിജിനൽ, 150 രൂപ 0202-01-102-97(03) Other receipts എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ അടച്ചതിന്റെ ഒറിജിനൽ ചെല്ലാൻ രസീത്, സ്പീഡ് പോസ്റ്റ്/ രജിസ്റ്റേർഡ് പോസ്റ്റ്-ന് ആവശ്യമായ പോസ്റ്റൽ സ്റ്റാമ്പ് പതിച്ച് പൂർണ്ണമായ മേൽവിലാസം രേഖപ്പെടുത്തിയ കവർ (size 27cm x 12cm) എന്നിവ സഹിതം പരീക്ഷാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

(ബി) അപേക്ഷ സമർപ്പിച്ചാൽ കോഴ്സ് ക്യാൻസൽ ചെയ്യുന്നതിനെടുക്കുന്ന കാലതാമസം അറിയിക്കാമോ?

അപേക്ഷ സമർപ്പിച്ചാൽ 7 ദിവസത്തിനകം കോഴ്സ് ക്യാൻസൽ ചെയ്ത് നൽകുന്നതാണ്.

(സി) പ്രസ്തുത ഉത്തരവ് പ്രകാരം കോഴ്സ് ക്യാൻസൽ ചെയ്യുന്നവർക്ക് മറ്റ് കോഴ്സ് ചെയ്യുന്നതിന് പരീക്ഷാഫീസ് അടയ്ക്കുന്നതിന് സമയം നൽകുമോ; അറിയിക്കാമോ?

മറ്റ് കോഴ്സ് ചെയ്യുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി ആവശ്യമെങ്കിൽ ആയതിനുള്ള ഉത്തരവ് ലഭ്യമാക്കുന്നപക്ഷം പരീക്ഷാഫീസ് ഒടുക്കുന്നതിനുള്ള അവസരം നൽകി വരുന്നുണ്ട്.

**ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബ്**

228 (1408) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബ് അനുവദിക്കുന്നതിന് എത്ര ഫണ്ട് വകുപ്പ് അനുവദിച്ചുവെന്ന് വിശദമാക്കാമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിലെ എടയന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് കംപ്യൂട്ടർ ലാബ് സൗകര്യം അനുവദിക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത വിദ്യാലയത്തിന് കംപ്യൂട്ടർ ലാബ് സൗകര്യം ഒരുക്കുന്നതിനുള്ള ഫണ്ട് അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്തെ സർക്കാർ ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് അനുവദിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തിൽ (2022-23) വകുപ്പിന് തുകയൊന്നും വകയിരുത്തിയിട്ടില്ല.

**കിടങ്ങറ ഹയർ സെക്കണ്ടറി വിഭാഗത്തിന് അടിസ്ഥാന സൗകര്യങ്ങൾ**

229 (1409) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് കിടങ്ങറ ഹയർ സെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ തലം വരെ അന്തർദേശീയ നിലവാരത്തിൽ അടിസ്ഥാന സൗകര്യങ്ങളുണ്ടെങ്കിലും പ്രസ്തുത സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് ഫിറ്റ്നസുള്ള കെട്ടിടമില്ലാത്തതുമൂലം വിദ്യാർത്ഥികളും അധ്യാപകരും കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് ഹൈസ്കൂളിന് തുല്യമായ അടിസ്ഥാനസൗകര്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ & ബി) കുട്ടനാട് കിടങ്ങറ ഹയർ സെക്കണ്ടറി സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് ഫിറ്റ്നസ്സുള്ള കെട്ടിടമില്ലായെന്നുള്ള കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഭാഗത്തിന്റെ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായി ലഭ്യമായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഹൈസ്കൂളുകൾ, ഹയർസെക്കണ്ടറി സ്കൂളുകൾ എന്നിവ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

230 (1410) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹൈസ്കൂളുകളോ ഹയർസെക്കണ്ടറി സ്കൂളുകളോ ഇല്ലാത്ത എത്ര തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിലവിൽ കോഴിക്കോട് ജില്ലയിലുണ്ടെന്നറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ നിലവിൽ സർക്കാർ ഹൈസ്കൂളുകളില്ലാത്ത 36 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ട്.

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത 41 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോഴിക്കോട് ജില്ലയിൽ നിലവിലുണ്ട്.

(ബി) ഇപ്രകാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലുള്ള ഏതെങ്കിലും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളുകളോ ഹയർ സെക്കണ്ടറി സ്കൂളുകളോ ആയി ഉയർത്താനുള്ള പദ്ധതിയുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

### ലഹരി വിരുദ്ധ ക്യാമ്പയിൻ

231 (1411) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഓരോന്നിനും ചെലവഴിച്ച തുക എത്രയാണെന്നും വിദ്യാഭ്യാസ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ലഹരിവിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

സ്കൂൾ പി.ടി.എ. പ്രസിഡന്റ് അദ്ധ്യക്ഷനായും പ്രധാനാദ്ധ്യാപകൻ കൺവീനറായും ജനജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

എല്ലാ അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും ലഹരിവിരുദ്ധ ബോധവത്കരണത്തിന്റെ ഭാഗമായി ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചിട്ടുണ്ട്.

ജനജാഗ്രത സമിതിയുടെ നിരീക്ഷണത്തിൽ ലഹരി പദാർത്ഥങ്ങൾ ക്ലാസ്സിനുള്ളിലെത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

ലഹരി വിരുദ്ധ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2022 നവംബർ 1 ന് വൈകിട്ട് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി തലത്തിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സംസ്ഥാന വ്യാപകമായി ലഹരിവിരുദ്ധ ശൃംഖല തീർത്തിട്ടുണ്ട്.

ലഹരിവിരുദ്ധ തീവ്രയജ്ഞ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരം ജില്ലയിൽ നിർവ്വഹിക്കുകയും ഏകദേശം 25000/- വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് തിരുവനന്തപുരം ഗാന്ധി പാർക്ക് മുതൽ അയ്യങ്കാളി സ്ക്വയർവരെ ലഹരിവിരുദ്ധ ശൃംഖല അണിചേരുകയും ലഹരി വിരുദ്ധപ്രതിജ്ഞ നടത്തുകയും ചെയ്തിട്ടുണ്ട്.

ലഹരിമുക്ത തീവ്രയജ്ഞ പരിപാടിയുടെ രണ്ടാംഘട്ട പ്രവർത്തനം നവംബർ 14 മുതൽ ജനുവരി 26 വരെ നടക്കുകയുണ്ടായി.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടാംഘട്ട പരിപാടി നവംബർ 14 ന് കൈറ്റ് വിക്ടേഴ്സ് ചാനൽ മുഖേന വിദ്യാർത്ഥികളെ അഭിസംബോധനചെയ്തുകൊണ്ട് സംസാരിക്കുകയുണ്ടായി. നിലവിൽ ലഹരിവിരുദ്ധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. മേൽ പ്രവർത്തനങ്ങൾക്കായിചെലവായ തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**വിദ്യാർത്ഥികൾക്കിടയിൽ ലഹരി ബോധവത്ക്കരണ പരിപാടികൾ**

232 (1412) <u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർഥികൾക്കിടയിൽ ലഹരി ഉപയോഗം വ്യാപിക്കുന്നത് തടയുന്നതിന്റെ ഭാഗമായി ലഹരി വിരുദ്ധ ബോധവൽക്കരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം വ്യാപിക്കുന്നത് തടയുന്നതിന്റെ ഭാഗമായി പല തലത്തിൽ വിദ്യാഭ്യാസം, എക്സൈസ്, ആരോഗ്യം, പോലീസ് വകുപ്പുകൾ നടത്തിയ ഉന്നതതല ചർച്ചയിൽ ഈ വിഷയം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശമുണ്ടായിട്ടുണ്ട്. നിലവിൽ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പരിഷ്കരണത്തിന്റെ ഭാഗമായി ലഹരി പദാർത്ഥങ്ങളുടെ ദോഷഫലങ്ങളെക്കുറിച്ച് അവബോധം ലഭ്യമാക്കുന്നതിനുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്കൂളുകളിൽ നടത്തിവരുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമാക്കി ലഹരി വിരുദ്ധ മുന്നേറ്റത്തിന് പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും നടത്തിയ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ തുടർച്ചയായി സംസ്ഥാനതലത്തിൽ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ഹൈസ്കൂൾ, വൊക്കേഷണൽ, ഹയർസെക്കണ്ടറി തലങ്ങളിലെ കുട്ടികളെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ ലഹരി വിരുദ്ധ ശൃംഖല തീർക്കുകയും ലഹരി വിരുദ്ധ പ്രതിജ്ഞ നടത്തുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ലഹരി വിമുക്ത കേരളം എന്ന പരിപാടിയുടെ ഭാഗമായി അധ്യാപകർക്കുള്ള ശാക്തീകരണത്തിനായി എൽ.പി, യു.പി, എച്ച്.എസ്.എസ്. തലത്തിൽ മൊഡ്യൂൾ തയ്യാറാക്കുകയും സംസ്ഥാനതല പരിശീലനം എസ്.സി.ഇ.ആർ.ടി. നൽകുകയും ചെയ്തു. രക്ഷാകർത്താക്കൾക്കുള്ള ബോധവൽക്കരണത്തിനുള്ള മൊഡ്യൂൾ തയ്യറാക്കിയിട്ടുണ്ട്. വായനക്കുള്ള അനുബന്ധ സാമഗ്രികളും തയാറാക്കിയിട്ടുണ്ട്. National Population Education Project-ന്റെ ഭാഗമായി നടത്തിയ റോൾപ്ലേ മത്സരത്തിൽ പ്രധാനമായി ഈ

മേഖല ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ, ഡി.ഇ.ഒ, ജില്ല, സംസ്ഥാനതല മത്സരങ്ങൾ നടത്തിയിട്ടുണ്ട്.

(സി) സ്കൂൾ കുട്ടികൾക്ക് ഒഴിവ് സമയം ക്രിയാത്മകമായി ചെലവഴിക്കാനും അതുവഴി ലഹരിയിലേയ്ക്ക് വഴിമാറുന്നത് തടയാനും ഉതകുംവിധം ഹരിയാനയിൽ നടപ്പിലാക്കിയ സ്പോർട്സ് നഴ്സറികൾ സംസ്ഥാനത്തും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഹരിയാനയിൽ നടപ്പിലാക്കിയ സ്പോർട്സ് നഴ്സറികളെക്കുറിച്ച് വിശദമായി പരിശോധിച്ചശേഷം തീരുമാനിക്കുന്നതാണ്.

(ഡി) ലഹരിക്കെതിരെ സർക്കാരിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ സംഘടിപ്പിച്ച പദ്ധതിയുടെ ഭാഗമായി നൽകിയ ഉറപ്പിനെ തുടർന്ന് ലഹരി മാഫിയയെക്കുറിച്ച് പോലീസിനെ അറിയിച്ച പെൺകുട്ടിയെയും അമ്മയെയും ലഹരി മാഫിയ ആക്രമിച്ചതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ലഹരിക്കെതിരെ സ്കൂളുകളിൽ സംഘടിപ്പിച്ച പദ്ധതിയുടെ ഭാഗമായി പോലീസ്, എക്സൈസ് എന്നിവരുമായി ചേർന്ന് ലഹരി മാഫിയയുടെ ആക്രമണം ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു.

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ**

233 (1413) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി സ്ഥലമില്ലാത്തതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ എത്ര സർക്കാർ സ്കൂളുകൾ (ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെ) ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് സ്വന്തമായി സ്ഥലം ഇല്ലാത്തതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ (ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെ) 82 സർക്കാർ സ്കൂളുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്കൂളുകൾക്കാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പ്രസ്തുത സ്കൂളുകൾക്കാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

തീക്കോയ് ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിനായി 22-06-2015-ലെ 1533/2015/HEdn നമ്പർ ഉത്തരവ് പ്രകാരം 81.08 ആർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവാകുകയും പ്രസ്തുത ഭൂമിയിൽ 740 ലക്ഷം രൂപയുടെ പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായുള്ള ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്.

കാവാലം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിനായി 3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആലപ്പുഴ ജില്ലാകളക്ടർ വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

അയവന സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിനായി 3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ലഭ്യമായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഇലഞ്ഞി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിനായി 5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് എറണാകുളം ജില്ലാകളക്ടർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കുറിച്ചി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിനായി 1 ഏക്കർ 83 സെന്റ് കര ഭൂമിയും 1 ഏക്കർ 60 സെന്റ് നിലവും ചേർത്ത് ആകെ 3 ഏക്കർ 43 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിനായി 2 ഏക്കർ 65 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് 24-06-2017-ൽ ജി.ഒ.(ആർ ടി) 1210/2017/ഉ.വി.വ പ്രകാരം ഉത്തരവാകുകയും തുടർന്ന് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയ റിപ്പോർട്ട് കോട്ടയം ജില്ലാകളക്ടർ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. വയനാട് കുറിച്യർമല ഗവ.എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിനായി 02-02-2021 ൽ G.O (Ms) No.25/2021/LSGD നമ്പർ

സർക്കാർ ഉത്തരവ് പ്രകാരം 58 ലക്ഷം രൂപയുടെ (അൻപത്തിയെട്ട് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട് .

കൂടാതെ സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലം അപര്യാപ്തമായതോ ആയ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി രൂപീകരിക്കുമെന്ന 2019-ലെ സംസ്ഥാന ബഡ്ജറ്റ് പ്രസംഗ പ്രഖ്യാപനത്തിന്റെ തുടർ നടപടിയായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള സ്കൂളുകളുടെ പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ ക്രോഡീകരിച്ചുവരുന്നു.

(സി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ കുറിച്ചി ടെക്നിക്കൽ സ്കൂളിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കുറിച്ചി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിനായി 1 ഏക്കർ 83 സെന്റ് കര ഭൂമിയും 1 ഏക്കർ 60 സെന്റ് നിലവും ചേർത്ത് ആകെ 3 ഏക്കർ 43 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി ഭൂമി

ഏറ്റെടുക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ബാസ്കറ്റ് ബോൾ ഗെയിം ആരംഭിക്കണമെന്ന ആവശ്യം**

234 (1414) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ഗവൺമെന്റ് വി.എച്ച്.എസ്.എസ്. ഫോർ ബോയ്സിൽ സ്പോർട്സ് ഡിവിഷനിൽ ബാസ്കറ്റ് ബോൾ ഗെയിം ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്കൂളിൽ ബാസ്കറ്റ് ബോൾ ഗെയിം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കുന്നംകുളം ഗവൺമെന്റ് വി.എച്ച്.എസ്.എസ്. ഫോർ ബോയ്സിൽ സ്പോർട്സ് ഡിവിഷനിൽ ബാസ്കറ്റ് ബോൾ ഗെയിം ആരംഭിക്കണമെന്ന ആവശ്യം സ്കൂൾ ഹെഡ് മാസ്റ്റർ കായികയുവജനകാര്യ ഡയറക്ടറെ അറിയിച്ചിരുന്നു. ഇതിനെത്തുടർന്ന് സ്കൂളിൽ ബാസ്കറ്റ്ബോൾ പരിശീലനം തുടങ്ങുന്നത് സംബന്ധിച്ച വിഷയം

പരിശോധിച്ചുവരികയാണെന്ന് കായിക യുവജനകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**കോന്നി മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി**

235 (1415) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തിക്ക് തുക അനുവദിച്ചിട്ടുള്ള ചിറ്റാർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കുന്നിട ഗവൺമെന്റ് എൽ.പി. സ്കൂൾ, കലഞ്ഞൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടത് ഏതൊക്കെ തീയതികളിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ കാലാവധി എത്ര മാസമാണെന്ന് വ്യക്തമാക്കുമോ; നിർമ്മാണ പ്രവൃത്തികൾ എത്ര ശതമാനം നിലവിൽ പൂർത്തിയായിട്ടുണ്ടെന്നറിയിക്കുമോ?

(എ&ബി) കോന്നി നിയോജകമണ്ഡലത്തിലെ ചിറ്റാർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഗവൺമെന്റ് എൽ.പി. സ്കൂൾ, കുന്നിട ഗവൺമെന്റ് എൽ.പി. സ്കൂൾ, കലഞ്ഞൂർ എന്നീ സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നിർവഹണ ഏജൻസികൾക്ക് നൽകിയിട്ടുണ്ട്.

**കയ്യൂർ വി.എച്ച്.എസ്.ഇ.-യിൽ തസ്തിക സൃഷ്ടിക്കൽ**

236 (1416) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ വി.എച്ച്.എസ്.ഇ.-യിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സീനിയർ അധ്യാപക തസ്തിക നിലവിലില്ലാത്തതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിൽ സീനിയർ അധ്യാപക തസ്തിക എന്നത്തേയ്ക്ക് സൃഷ്ടിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി)കയ്യൂർ വി.എച്ച്.എസ്.എസ്.-ൽ സീനിയർ അധ്യാപക തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകളൊന്നുംതന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ഫാത്തിമ മാതാ ഇംഗ്ലീഷ് മീഡിയം സ്കൂളിന് അംഗീകാരം**

237 (1417) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഇരുപത് കൊല്ലമായി ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെയും പട്ടികജാതി പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട

വിദ്യാർത്ഥികൾക്കും കർഷകരുടെയും കർഷക തൊഴിലാളികളുടെയും മക്കൾക്കും മികച്ച വിദ്യാഭ്യാസം നൽകുന്ന ആലപ്പുഴ ജില്ലയിൽ നൂറനാട് പടനിലം ഏലിയാസ് നഗർ കേന്ദ്രമാക്കി പുനലൂർ കത്തോലിക്ക രൂപത നടത്തുന്ന മാവേലിക്കര എ.ഇ.ഒ. യുടെ കീഴിൽ വരുന്ന ഫാത്തിമ മാതാ ഇംഗ്ലീഷ് മീഡിയം സ്കൂളിന് അംഗീകാരം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ വിദ്യാഭ്യാസ നയത്തിൽ നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ച് നടത്തുന്ന ഈ സ്കൂളിന് ഉടൻ അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) 22-05-2019-ലെ ജി.ഒ(എം.എസ്) 45/2019/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന അപേക്ഷ സമർപ്പിച്ച സ്കൂളുകൾക്കാണ് അംഗീകാരം നൽകിവരുന്നത്. പടനിലം ഫാത്തിമ മാതാ

ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ അപേക്ഷ മാനേജർ 27-06-2020-ൽ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിരുന്നു. എന്നാൽ അപേക്ഷ പരിശോധിച്ചതിൽ അപാകതകൾ കണ്ടെത്തുകയും അവ പരിഹരിച്ച് ആവശ്യമായ രേഖകൾ സഹിതം പുനഃസമർപ്പിക്കുന്നതിന് 12-11-2021-ലെ ബി1/4396/2021 നമ്പർ കത്ത് പ്രകാരം അപേക്ഷയും അനുബന്ധ രേഖകളും മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ തിരികെ നൽകിയിരുന്നു. എന്നാൽ അപേക്ഷ അപാകതകൾ പരിഹരിച്ച് പുനഃസമർപ്പിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ച് അപേക്ഷ പുനഃസമർപ്പിച്ചാൽ അംഗീകാരം നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

(സി) ദൂരപരിധിയും സർക്കാർ മാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ അംഗീകാരം ലഭിക്കാത്ത മുഴുവൻ സ്കൂളുകൾക്കും അംഗീകാരം നൽകാൻ അടിയന്തര നിർദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

അംഗീകാരമില്ലാതെ സംസ്ഥാന സിലബസ്സിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് G.O (MS) No.45/2019/GEDN dated 22-05-2019 പ്രകാരവും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് G.O (MS) No.22/2019/GEDN dated 01.03.2019 പ്രകാരവും മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ച് അപേക്ഷകൾ സമർപ്പിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതാണ്.

**പുതുക്കോട് സർവ്വജന സ്കൂൾ ഏറ്റെടുക്കൽ**

238 (1418) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിവരങ്ങൾ എപ്പോൾ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) അഡ്വക്കേറ്റ് ജനറൽ ആവശ്യപ്പെട്ട വിവരങ്ങൾ ഇതിനകം നൽകിയിട്ടുണ്ട്.

**എയ്ഡഡ് സ്കൂളുകളിലെ നിയമനം**

239 (1419) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള ബാക്ക്-ലോഗ് നികത്തേണ്ടത് 18-11-2018 മുതൽ ഉണ്ടാവുന്ന ഒഴിവുകളിലാണെന്നിരിക്കെ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ 18-11-2018-ന് മുമ്പ് സ്ഥിരം നിയമനം നേടുകയും അപ്രകാരം നിയമനം നേടി ദിവസവേതനാടിസ്ഥാനത്തിൽ തുടരവേ സ്കൂളിൽ മതിയായ എണ്ണം കുട്ടികളുണ്ടായി മാറുമ്പോഴും നിയമപ്രകാരം അവർക്ക് അർഹതപ്പെട്ട ശമ്പള സ്കെയിലുള്ള അംഗീകാരം പല വിദ്യാഭ്യാസ ഓഫീസർമാരും നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽ വരാത്ത ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ നിലവിലുള്ള നിയമപ്രകാരം റെഗുലർ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് 18-11-2018-നശേഷം പ്രസ്തുത സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി മാറുന്ന സാഹചര്യത്തിൽ, ശമ്പളസ്കെയിൽ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നത് ഭിന്നശേഷി സംവരണ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകുന്നതാണ്.

**സ്കൂളുകളിലെ തസ്തിക നിർണയം**

240 (1420) <u>ശ്രീ. ഷാഫി പറമ്പിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ 2022-23 ജൂൺ, ജൂലൈ മാസങ്ങളിൽ പൂർത്തീകരിക്കേണ്ടിയിരുന്ന തസ്തിക നിർണ്ണയം പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) തസ്തിക നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓരോ അദ്ധ്യയന വർഷവും ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്താൻ കേരള വിദ്യാഭ്യാസ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

സ.ഉ.(അച്ചടി) 5/2022/GEDN തീയതി 18-04-2022 (S.R.O.No.375/2022) സർക്കാർ ഉത്തരവ് പ്രകാരം KER അധ്യായം XXIII ചട്ടം 12 ഉൾപ്പെടെ വിവിധ ചട്ടങ്ങൾക്ക് വരുത്തിയ ഭേദഗതി ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നതിനാലും കോടതി വിധിയ്ക്കനുസൃതമായിട്ടേ തസ്തിക നിർണ്ണയ നടപടികൾ തുടരാൻ സാധിക്കുകയുള്ളൂവെന്ന സ്ഥിതി നിലനിന്നിരുന്നതിനാലും 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട നടപടികൾ കോടതി സ്റ്റേ ഒഴിഞ്ഞതിനുശേഷം മാത്രമാണ് പൂർണമായും ആരംഭിക്കാൻ സാധിച്ചത്. 2022-2023 വർഷത്തെ തസ്തിക നിർണ്ണയം പുതുക്കിയ ചട്ട ഭേദഗതി പ്രകാരമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അധിക തസ്തിക ഒഴികെയുള്ള തസ്തിക നിർണ്ണയത്തിന്റെ പ്രാബല്യ തീയതി ജൂലൈ 15 മുതൽക്കാണ്. അധിക തസ്തികകൾ ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വരും. തസ്തിക നിർണ്ണയ നടപടികൾ സമന്വയ സോഫ്റ്റ്‌വെയർ വഴിയാണ് നടത്തേണ്ടത്. സ.ഉ.(കൈ) 102/2022/GEDN തീയതി 08-06-2022 പ്രകാരം പുതുക്കിയ ചട്ടഭേദഗതികൾ അനുസരിച്ച് നിയമനം നടത്തുന്നതിനുള്ള കാലയളവിൽ അധ്യയനം

മുടങ്ങാതിരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതിയിൽ മുതൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മുൻ വർഷങ്ങളിൽ ഇത്തരത്തിൽ തസ്തിക നിർണ്ണയം നടത്തി അധിക തസ്തിക അനുവദിക്കാനുള്ള അധികാരം അതാത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ആയിരുന്നു. പുതുക്കിയ ചട്ട ഭേദഗതി പ്രകാരം അധിക തസ്തികകൾ അനുവദിക്കുന്നതിനായി ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അന്വേഷണം നടത്തേണ്ടതും അധിക തസ്തികകൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന സ്കൂളുകളിൽ സൂപ്പർചെക്ക് ഓഫീസറെയോ സർക്കാർ നിർദേശിക്കുന്ന ഉദ്യോഗസ്ഥന്മാരെയോ ഉപയോഗിച്ച് വിശദമായി സ്പോട്ട് വെരിഫിക്കേഷൻ നടത്തേണ്ടതും സമന്വയ സോഫ്റ്റ്‌വെയർ വഴി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന അധിക തസ്തികകൾ സംബന്ധിച്ച അനുമതി നൽകേണ്ടത് സർക്കാരാണ്. മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയാക്കി അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത

ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ഭിന്നശേഷി അധ്യാപകരുടെ നിയമനം

241(1421) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി അധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് വന്നതിനുശേഷം നിലവിൽ എത്ര ഭിന്നശേഷി അധ്യാപകരെ നിയമിച്ചു; വ്യക്തമാക്കാമോ?

ഭിന്നശേഷി അധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് വന്നതിനുശേഷം ഇരുപത്തിയാറ് ഭിന്നശേഷി അധ്യാപകരെ നാളിതുവരെ നിയമിച്ചിട്ടുണ്ട്.

(ബി) ഉത്തരവ് നിലവിൽ വന്നതിന്റെ ഭാഗമായി നിയമനാംഗീകാരം കാത്തുനിന്ന മറ്റ് അധ്യാപകരുടെ നിയമനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

(ബി&സി) ഉണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതി നിർദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**പ്രൈമറി വിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം**

242 (1422) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽ 2021 ഒക്ടോബറിനുശേഷം എത്ര പേരെ പ്രധാനാദ്ധ്യാപകരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 335 |
| കൊല്ലം | 259 |
| പത്തനംതിട്ട | 106 |

| | |
|---|---|
| ആലപ്പുഴ | 166 |
| കോട്ടയം | 104 |
| ഇടുക്കി | 54 |
| എറണാകുളം | 168 |
| തൃശ്ശൂർ | 188 |
| പാലക്കാട് | 231 |
| മലപ്പുറം | 277 |
| കോഴിക്കോട് | 218 |
| വയനാട് | 77 |
| കണ്ണൂർ | 172 |
| കാസർഗോഡ് | 174 |
| **ആകെ** | **2529** |

(ബി) സംസ്ഥാനത്ത് ഇതിനുമുമ്പ് വിദ്യാഭ്യാസ വകുപ്പിലെ ഏതെങ്കിലും കേഡറിൽ പ്രമോഷൻ നൽകിയിട്ട് അതിനനുസൃതമായ ശമ്പള സ്കെയിൽ നൽകാതിരുന്നിട്ടുണ്ടോ; എങ്കിൽ ഏത് വർഷം; കേഡറും വകുപ്പും തിരിച്ച് വിശദാംശം വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലുള്ള കേസിന്റെ അന്തിമവിധിക്കനുസരിച്ചായിരിക്കും സ്ഥിരനിയമനം എന്നതിനാൽ കേസിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ഡി) പ്രസ്തുത കേസിൽ സർക്കാർ ഭാഗത്തുനിന്ന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസ് നിലനിൽക്കുന്നു. പ്രഥമാധ്യാപക തസ്തികയിൽ പ്രമോഷൻ നൽകുന്നതിനെതിരെ ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് സ്കൂളുകളുടെ പ്രവർത്തനം താളംതെറ്റുന്ന അവസ്ഥയിൽ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ വെക്കേറ്റ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമ അദ്ധ്യാപകർക്ക് അന്തിമ ഉത്തരവിന് വിധേയമായി താൽക്കാലിക പ്രമോഷൻ നൽകി. എന്നാൽ എയ്ഡഡ് മേഖലയിലുള്ള ജീവനക്കാർ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽനിന്ന് അനുകൂല ഉത്തരവ് നേടിയതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ താൽക്കാലിക പ്രമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ

നൽകുന്നതിന് നിലവിൽ ബഹു.ട്രൈബ്യൂണലിൽ കേസ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ**

243 (1423) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ അധ്യാപികയായിരിക്കെ മരണമടഞ്ഞ ആശാദേവി എം.എസ്.-ന്റെ ആശ്രിതനായ അനീഷ് കുമാർ എം. എസ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ നൽകിയെങ്കിലും 14-12-2022-ൽ കിട്ടിയ ഫയലിന്മേൽ (ഫയൽ നമ്പർ ആർ 2/242/2022) വകുപ്പിന്റെ എൻ സെക്ഷൻ നാളിതുവരെ നടപടി സ്വീകരിക്കാതെ വച്ചിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയൽ നടപടി സ്വീകരിക്കാതെ നാളിതുവരെ കൈയിൽ വച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്നും ഈ

വിഷയത്തിൽ ഫയൽ സമർപ്പിക്കുന്നതിന് ഭരണപരമായ കാലതാമസം എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഫയലിൽ തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച എൻ സെക്ഷനിലെ ഫയൽ നമ്പർ ലഭ്യമാക്കുമോ?

(എ-സി) ഈരാറ്റുപേട്ട ഗവ.എച്ച്.എസ്.എസ്-ലെ അധ്യാപിക ആയിരിക്കെ മരണമടഞ്ഞ ഡോ. ആശാദേവി. എം. എസ്.-ന്റെ സഹോദരൻ ശ്രീ. അനീഷ് കുമാർ. എം. എസ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷയോടൊപ്പം മരണപ്പെട്ട ജീവനക്കാരി സംരക്ഷിത ജീവനക്കാരി ആയിരുന്നില്ല എന്ന സാക്ഷ്യപത്രം, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മറ്റാരും അപേക്ഷിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, ടി ആനുകൂല്യം കുടുംബത്തിലെ മറ്റാരും ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല. ഇവ ലഭ്യമാക്കുന്നതിന് 27-10-2022-ലെ ആർ2/242/2022/പൊ.വി.വ നമ്പർ കത്തും, തുടർന്ന് 20-01-2023-ലെ എൻ2/15/2023/പൊ.വി.വ നമ്പർ

ഓർമ്മക്കുറിപ്പും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിരുന്നു. ടി സാക്ഷ്യപത്രങ്ങളുടെ അസ്സൽ അടിയന്തരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 03-02-2023-ലെ എഡി.എ 6/245268/2022/ ഡി.ജി.ഇ. കത്തുപ്രകാരം ഈരാറ്റുപേട്ട ഗവ.എച്ച്.എസ്.എസ് പ്രിൻസിപ്പൽ, അപേക്ഷകനായ ശ്രീ. അനീഷ് കുമാർ. എം. എസ് എന്നിവർക്ക് കത്ത് നൽകിയിട്ടുള്ളതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി സാക്ഷ്യപത്രങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അടിയന്തര തുടർനടപടി സ്വീകരിക്കുന്നതാണ്.

### അധ്യാപക-അനധ്യാപക ജീവനക്കാരുടെ നിയമനം

244 (1424) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് കോടതിവിധി നടപ്പാക്കുന്നതുമൂലമുണ്ടായ പ്രതിസന്ധി കാരണം നിയമന അംഗീകാരം ലഭിക്കാൻ വർഷങ്ങളായി കാത്തിരിക്കുന്ന എത്ര അധ്യാപക-അനധ്യാപക ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിന്നിരുന്ന 19808/2021 നമ്പർ കേസിന്റെ 10-08-2022-ലെ ഉത്തരവ് അനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ കേഡർ സ്ട്രെങ്ത്തിന്റെ മൊത്തം ഒഴിവുകളിൽ 07-2-1996 മുതൽ 18-4-2017 വരെ നടത്തിയ നിയമനങ്ങളിൽ മൂന്ന് ശതമാനവും 19-4-2017 മുതൽ നടത്തിയ നിയമനങ്ങളിൽ നാല് ശതമാനവും സംവരണ തോതിൽ ബാക്ക്‌ലോഗ് കണക്കാക്കി G.O.(P)No.5/19/SJD dated 07-05-2019 പ്രകാരം 18-11-2018 മുതൽ മാനേജർമാർ നിയമനം നടത്തേണ്ടതാണ്. തദനുസരണം 18-11-2018-ലെ സ.ഉ.(പി)നം.18/2018/സാ.നീ.വ, 25-06-2022-ലെ സ.ഉ.(കൈ)നം.111/2022/പൊ വി വ, 28-10-2022- ലെ ജെ3/49/2021/പൊ വി വ നമ്പർ സർക്കാർ കത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23-11-2022 -ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം എന്നിവയിലെ

വ്യവസ്ഥകൾ പ്രകാരം സംവരണം പാലിക്കേണ്ടതാണെന്ന നിർദ്ദേശം ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സമന്വയ സോഫ്റ്റ്‌വെയർ മുഖാന്തരം റോസ്റ്റർ തയാറാക്കി സമർപ്പിക്കുവാനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. 18-11-2018 നുശേഷം സംജാതമായ ഒഴിവുകളിൽ നിയമിതരായ ജീവനക്കാരിൽ നിലവിൽ അംഗീകരിക്കപ്പെടാതെ തുടരുന്നവരുടെ നിയമനം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ. 10-08-2022-ലെ ഉത്തരവിനെതിരെ നിരവധി അപ്പീലുകൾ ഫയൽ ചെയ്തിട്ടുള്ളതും ആയത് നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതി നിർദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(ചോദ്യം നമ്പർ 1425 ഒഴിവാക്കിയിരിക്കുന്നു.)

**സർക്കാർ സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയം**

245 (1426) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയം പൂർത്തിയാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട കെ.ഇ.ആർ. അധ്യായം XXIII ചട്ടം 12-ലെ ഭേദഗതി ബഹു. കോടതി സ്റ്റേ ചെയ്തിരുന്നതിനാലും കോടതി വിധിയ്ക്കനുസൃതമായിട്ടേ തസ്തിക നിർണ്ണയ നടപടികൾ തുടരാൻ സാധിക്കുകയുള്ളൂവെന്ന സ്ഥിതി നിലനിന്നിരുന്നതിനാലും 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട നടപടികൾ കോടതി സ്റ്റേ ഒഴിഞ്ഞതിനുശേഷം മാത്രമാണ് പൂർണ്ണമായും ആരംഭിക്കാൻ സാധിച്ചത്. കെ.ഇ.ആർ. അധ്യായം

XXIII ചട്ടം 12 (5) പ്രകാരം അധിക തസ്തികകൾ അനുവദിക്കുന്നതിനായി ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അന്വേഷണം നടത്തേണ്ടതും അധിക തസ്തികകൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന സ്കൂളുകളിൽ സൂപ്പർചെക്ക് ഓഫീസറെയോ സർക്കാർ നിർദേശിക്കുന്ന ഉദ്യോഗസ്ഥർമാരെയോ ഉപയോഗിച്ച് വിശദമായി സ്പോട്ട് വെരിഫിക്കേഷൻ നടത്തേണ്ടതും സമന്വയ സോഫ്റ്റ്‌വെയർ വഴി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമുണ്ട്. പുതുക്കിയ ചട്ട ഭേദഗതി പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന അധിക തസ്തികകൾ സംബന്ധിച്ച അനുമതി നൽകേണ്ടത് സർക്കാരാണ്. മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയാക്കി അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ സ്കൂളുകളിൽനിന്നും ഹയർ ലെവൽ വെരിഫിക്കേഷൻ കഴിഞ്ഞ് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിയിട്ടുള്ള ഫയലുകളുടെയും എത്തിച്ചേരേണ്ട ഫയലുകളുടെയും ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(സി) എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽനിന്ന് എൽ.പി. സ്കൂൾ അസിസ്റ്റന്റ് മലയാളം, യു.പി. സ്കൂൾ അസിസ്റ്റന്റ് മലയാളം എന്നീ വിഭാഗങ്ങളിൽനിന്ന് എത്ര അധിക തസ്തികയ്ക്കായുള്ള ശിപാർശ എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും എൽ.പി.എസ്.റ്റി. വിഭാഗത്തിൽ 14 അധിക തസ്തികകളും യു.പി.എസ്.റ്റി. വിഭാഗത്തിൽനിന്നും 13 അധിക തസ്തികകളും ശിപാർശ ചെയ്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സർക്കാർ സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇതു സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി)**

246 (1427) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; ഇനിയെത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; വ്യക്തമാക്കുമോ?

47. ഇനി ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്യാനില്ല.

(ബി) ജൂൺ-ജൂലൈ മാസങ്ങളിൽ പൂർത്തീകരിക്കേണ്ട 2022-23 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

കെ.ഇ.ആർ. അദ്ധ്യായം XXII-ലെ വ്യവസ്ഥകൾ പ്രകാരം എല്ലാ വർഷവും ആറാം പ്രവർത്തി ദിനത്തിലെ കുട്ടികളുടെ കണക്കനുസരിച്ച് തസ്തിക നിർണ്ണയം നടത്തുന്നു. ഇപ്രകാരമുള്ള തസ്തിക നിർണ്ണയത്തിന് ജൂലൈ 15 മുതൽ അടുത്ത ജൂലൈ 14 വരെ പ്രാബല്യമുണ്ട്. സർക്കാർ ഉത്തരവ് നമ്പർ 5/22/പൊ.വി.വ തീയതി 18-04-2022 (SRO No.375/2022) പ്രകാരം തസ്തിക നിർണ്ണയത്തോടനുബന്ധിച്ച് കെ.ഇ.ആർ. ചട്ടങ്ങളിൽ പുതിയ ചട്ടങ്ങൾ ചേർത്ത് ഭേദഗതി വരുത്തി ഉത്തരവായി. ഇതിനെതിരെ ഫയൽ ചെയ്യപ്പെട്ട റിട്ട് ഹർജി നം.17406/22, 17413/22, 17542/22 കേസുകളിൽ പുറപ്പെടുവിച്ച സ്റ്റേ നിലനിന്നിരുന്നതിനാൽ തസ്തിക നിർണ്ണയ നടപടി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. 13-07-2022-ന് പുറപ്പെടുവിച്ച അന്തിമ വിധിന്യായപ്രകാരം സർക്കാർ പുറപ്പെടുവിച്ച ചട്ടഭേദഗതി പൂർണ്ണമായും അംഗീകരിച്ച് ഉത്തരവായി. തുടർന്ന് തസ്തിക നിർണ്ണയം പൂർത്തീകരിക്കാൻ

ഈ വർഷത്തേയ്ക്കുമാത്രം ആഗസ്റ്റ് 20 വരെ സമയം അനുവദിച്ച് സർക്കാർ ഉത്തരവാകുകയും ആയതുപ്രകാരം സംസ്ഥാനത്ത് 2022-23-ലെ സ്കൂൾ തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം കാലതാമസമുണ്ടാകുമ്പോൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും പ്രായപരിധി കഴിയുന്ന ഉദ്യോഗാർത്ഥികളുടെ തൊഴിലവസരം നഷ്ടമാകുമെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ അടിയന്തരമായി തസ്തിക നിർണ്ണയം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

2022-23 വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ കെ.ഇ.ആർ. ഭേദഗതിയെ തുടർന്ന് ആഗസ്റ്റ് 20-നകം പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. ആയതുപ്രകാരം സംസ്ഥാനത്ത് തസ്തിക നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 വർഷം മുതൽ അധിക തസ്തിക അനുവദിക്കുന്നത് സർക്കാർ ഉത്തരവ് പ്രകാരമാണ്. പ്രൈമറി തലത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറും ഹൈസ്കൂൾ തലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറും ഉന്നതതല പരിശോധന നടത്തി സമർപ്പിക്കുന്ന

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ അധിക തസ്തിക ശിപാർശ ചെയ്യുകയും സർക്കാർ അധിക തസ്തിക അനുവദിച്ച് ഉത്തരവാകുകയും ചെയ്യുന്നത്. ഇതുപ്രകാരം അധിക തസ്തിക അനുവദിക്കേണ്ടതുണ്ട്. ഇപ്രകാരം തസ്തിക അനുവദിച്ച് ഉത്തരവാകുന്ന മുറയ്ക്ക് മാത്രമേ തസ്തിക വ്യവസ്ഥാപിതമായതായി കണക്കാക്കി നിയമനത്തിനായി പി.എസ്.സി.ക്ക് നൽകാൻ സാധിക്കുകയുള്ളൂ.

## അധ്യാപക തസ്തിക നിർണയം

247 (1428) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യയന വർഷത്തിന്റെ അവസാന ഭാഗത്തേയ്ക്ക് കടക്കുമ്പോഴും അദ്ധ്യാപക തസ്തിക നിർണ്ണയം പൂർത്തിയാകാത്തതിനാൽ അദ്ധ്യാപക നിയമനം നടക്കാത്ത സാഹചര്യം നിലനിൽക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുട്ടികളുടെ എണ്ണം കൂടിയതിനനുസരിച്ച് അദ്ധ്യാപക തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഈ അദ്ധ്യയന വർഷം തന്നെ മുഴുവൻ തസ്തികകളിലേയ്ക്കും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട കെ.ഇ.ആർ. അധ്യായം XXIII ചട്ടം 12-ലെ ഭേദഗതി ബഹു. കോടതി സ്റ്റേ ചെയ്തിരുന്നതിനാലും കോടതി വിധിയ്ക്കനുസൃതമായിട്ടേ തസ്തിക നിർണ്ണയ നടപടികൾ തുടരാൻ സാധിക്കുകയുള്ളൂവെന്ന സ്ഥിതി നിലനിന്നിരുന്നതിനാലും 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട നടപടികൾ കോടതി സ്റ്റേ ഒഴിഞ്ഞതിനുശേഷം മാത്രമാണ് പൂർണമായും ആരംഭിക്കാൻ സാധിച്ചത്. കെ.ഇ.ആർ. അധ്യായം XXIII ചട്ടം 12 (5) പ്രകാരം അധിക തസ്തികകൾ അനുവദിക്കുന്നതിനായി

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അന്വേഷണം നടത്തേണ്ടതും അധിക തസ്തികകൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന സ്കൂളുകളിൽ സൂപ്പർചെക്ക് ഓഫീസറെയോ സർക്കാർ നിർദേശിക്കുന്ന ഉദ്യോഗസ്ഥർമാരെയോ ഉപയോഗിച്ച് വിശദമായി സ്പോട്ട് വെരിഫിക്കേഷൻ നടത്തേണ്ടതും സമന്വയ സോഫ്റ്റ്‌വെയർ വഴി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമുണ്ട്. പുതുക്കിയ ചട്ട ഭേദഗതി പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന അധിക തസ്തികകൾ സംബന്ധിച്ച അനുമതി നൽകേണ്ടത് സർക്കാരാണ്. മേൽ പറഞ്ഞ നടപടികൾ പൂർത്തിയാക്കി അധികതസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിലേയ്ക്ക് ശിപാർശകൾ സമർപ്പിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതുവരെയുള്ള കാലയളവിൽ കുട്ടികളുടെ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ

ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് 08-06-2022-ലെ സ.ഉ.(കൈ) നം.102/2022/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

### പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയ നടപടി

248 (1429) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയ നടപടി അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; എല്ലാ വർഷവും ജൂലൈ 15-ന് നടക്കേണ്ട തസ്തിക നിർണ്ണയ നടപടികൾ അധ്യയന വർഷം അവസാനിക്കാറായിട്ടും പൂർത്തീകരിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധികൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെയുള്ള

തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. സ.ഉ.(കൈ)102/2022/GEDN തീയതി 08-06-2022 പ്രകാരം പുതുക്കിയ ചട്ടഭേദഗതികൾ അനുസരിച്ച് നിയമനം നടത്തുന്നതിന് ഉള്ള കാലയളവിൽ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പുതിയ തസ്തിക നിർണ്ണയം വഴി വരുന്ന ഒഴിവുകളിൽ ഈ അധ്യയന വർഷം നിയമന ശിപാർശ നൽകുമോ; പ്രതീക്ഷിത ഒഴിവുകളിൽ സർക്കാർ നിർദേശ പ്രകാരം നിയമിക്കപ്പെട്ട അധ്യാപകർക്ക് ഈ വർഷം തന്നെ നിയമന അംഗീകാരം നൽകുമോ;

(സി) തസ്തിക നിർണ്ണയം വഴി പുതുതായി ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നതിൽ നിലവിലെ സാമ്പത്തികസ്ഥിതി തടസ്സമാകുമോയെന്ന് അറിയിക്കാമോ;

(ഡി) വിവിധ ജില്ലകളിൽനിന്ന് പൊതുവിദ്യഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട എല്ലാ അധ്യാപക ഒഴിവുകളിലും പുതിയ തസ്തികകൾ അനുവദിക്കുമോ; വിശദാംശം നൽകുമോ?

(ബി-ഡി) അധിക തസ്തിക അനുവദിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച ചട്ട പ്രകാരമുള്ള തുടർ നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കുന്നതാണ്.

## അധ്യാപകരുടെ തസ്തിക നിർണ്ണയം

249 (1430) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ സാഹചര്യത്തിൽ അധ്യാപകരുടെ തസ്തിക നിർണ്ണയം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

ഉണ്ട്.

(ബി) എത്ര തസ്തികകൾ കൂടുതൽ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ പൂർണ്ണമാകുന്ന മുറയ്ക്ക് മാത്രമേ അനുവദിക്കാവുന്ന തസ്തികകളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ.

**സ്കൂളുകളിലെ തസ്തിക നിർണ്ണയം**

250 (1431) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഏതാനും വർഷങ്ങളായി നടക്കാതിരുന്ന സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയത്തിനുവേണ്ടിയുള്ള ഫിക്സേഷൻ നടപടികൾ പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തസ്തിക നിർണ്ണയം നടക്കാത്തത് കാരണം സ്കൂളുകളിൽ അധിക ബാച്ചുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് വേതനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കുള്ള വേതന വിതരണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അധിക തസ്തിക അനുവദിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. സ.ഉ.(കൈ) 102/2022/GEDN തീയതി 08-06-2022 പ്രകാരം പുതുക്കിയ ചട്ടഭേദഗതികൾ അനുസരിച്ച് നിയമനം നടത്തുന്നതിനുള്ള കാലയളവിൽ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക

അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതിയിൽ മുതൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അധിക തസ്തിക നിർണ്ണയം പൂർത്തിയാകാത്തത് കാരണം പി.എസ്.സി. വഴി നിയമനം ലഭിക്കേണ്ടവർക്ക് ജോലി ലഭിക്കുന്നതിന് കാലതാമസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഡി.ഡി.ഇ. തലത്തിൽ പരിഹരിക്കാൻ സാധിക്കാത്ത തസ്തിക നിർണ്ണയത്തിലെ അപാകത പരിഹരിക്കാൻ നിലവിൽ സംസ്ഥാന തലത്തിൽ അപ്പീൽ അതോറിറ്റിയുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഡി.ഡി.ഇ. തലത്തിൽ പരിഹരിക്കാൻ സാധിക്കാത്ത തസ്തിക നിർണ്ണയത്തിലെ അപാകത പരിഹരിക്കാൻ നിലവിൽ സംസ്ഥാന തലത്തിൽ റിവിഷൻ സമർപ്പിക്കേണ്ടത് കേരള വിദ്യാഭ്യാസ ചട്ടം അധ്യായം XXIII ചട്ടം 12 E പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്കാണ്.

(ഇ) സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന പ്രധാനാദ്ധ്യാപകരുടെ അർഹമായ പ്രമോഷൻ ആനുകൂല്യം തടഞ്ഞുവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പരിശോധിച്ചുവരുന്നു.

**സംസ്ഥാനത്തെ അൺ എയ്ഡഡ് മേഖലയുടെ സംരക്ഷണം**

251 (1432) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് മേഖലയിൽ ജോലി ചെയ്തുവരുന്ന രണ്ടര ലക്ഷത്തോളം അധ്യാപകർക്കും ജീവനക്കാർക്കും

തൊഴിൽസുരക്ഷയും അർഹമായ സേവനവേതന വ്യവസ്ഥകളും ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ മേഖലയുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കുമോ;

(സി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

(എ-സി) അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് പുതിയ നിയമനിർമ്മാണം നടത്തുന്നതിലേയ്ക്കുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച കരട് ഓർഡിനൻസിലെ പോരായ്മകൾ പരിഹരിക്കുന്നതിലേയ്ക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ (നിയമ വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥനുൾപ്പെടെ) ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പോരായ്മകൾ പരിഹരിച്ച് സർക്കാരിന് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് അൺ എയ്ഡഡ്/സ്വകാര്യ മേഖലയിലെ

അധ്യാപകേതര ജീവനക്കാർക്ക് 11-02-2021-ലെ ജി.ഒ.(പി)നമ്പർ 22/2021/തൊഴിൽ ഉത്തരവ് പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം മിനിമം വേതനം നൽകുന്നില്ലായെങ്കിൽ 1948-ലെ മിനിമം വേതനം നിയമപ്രകാരം മാനേജ്മെന്റിന് നോട്ടീസ് നൽകി ആയത് തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും തുടർന്നും മിനിമം വേതനം നൽകാത്ത മാനേജ്മെന്റിന് എതിരെ ക്ലെയിം ഫയൽ ചെയ്യുകയും ചെയ്തു വരുന്നു.

**ചലഞ്ച് ഫണ്ട്**

252 (1433) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനും അത് ചെലവഴിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് എയ്ഡഡ് മേഖലയിലെ സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

## കെ-ടെറ്റ് യോഗ്യത നിബന്ധന

253 (1434) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേന അധ്യാപക ജോലിയിൽ പ്രവേശിച്ചവർക്ക് കെ-ടെറ്റ് യോഗ്യത 2016 മുതൽ മാത്രമാണ് പ്രാബല്യത്തിൽ വന്നതെങ്കിലും എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപകർക്ക് 2013 മുതൽ കെ-ടെറ്റ് പ്രാബല്യത്തിൽ വരുത്തിയത് കാരണം അനേകം എയ്ഡഡ് സ്കൂൾ അധ്യാപകരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, ഇൻക്രിമെന്റ്, ഗ്രേഡുകൾ എന്നിവ തടഞ്ഞുവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സർക്കാർ, എയ്ഡഡ് എന്ന വേർതിരിവില്ലാതെ അധ്യാപകർക്ക് തുല്യ പരിഗണന നൽകി 2012 മുതൽ 2016 വരെ നിയമിതരായി സർവ്വീസിൽ തുടരുന്ന എയിഡഡ് സ്കൂൾ അധ്യാപകർക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ-ടെറ്റ് യോഗ്യത വേണമെന്ന നിബന്ധന ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) 20-07-2011-നുശേഷം പി.എസ്.സി പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം സേവനത്തിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അധ്യാപകർക്കും എയ്ഡഡ് സ്കൂളിൽ 01-06-2012 മുതൽ റഗുലർ ഒഴിവിൽ നിയമിതരായിട്ടുള്ള അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്. 30-08-2016 ലെ സ.ഉ (പി) നം. 145/2016/പൊ.വി.വ പ്രകാരം പ്രസ്തുത തീയതി മുതലുള്ള പി.എസ്.സി. വിജ്ഞാപനങ്ങളിൽ കെ-ടെറ്റ് നിർബന്ധ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് കെ-ടെറ്റ് പാസ്സായവർക്ക് മാത്രമേ അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. എൻ.സി.റ്റി.ഇ. വിജ്ഞാപന തീയതിയായ 20-07-2011-നുശേഷം പി.എസ്.സി പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം സേവനത്തിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നിർബന്ധമാണെന്ന് 30-06-2020- ലെ ജെ3/37/2020/പൊ.വി.വ സർക്കാർ കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2012

മുതൽ 2016 വരെയുള്ള സർക്കാർ സ്കൂൾ നിയമനങ്ങളിൽ കെ-ടെറ്റ് യോഗ്യത ഒഴിവാക്കുകയോ യോഗ്യത നേടുന്നതിൽ ഇളവോ അനുവദിച്ചിട്ടില്ല.

2019-20 വരെ എയ്ഡഡ് സ്കൂളുകളിൽ നിയമനം നേടിയവർക്ക് മതിയായ യോഗ്യത കരസ്ഥമാക്കുവാൻ 2020-2021 അദ്ധ്യയന വർഷം അവസാനിക്കുന്നത് വരെ സമയം അനുവദിച്ചിരുന്നു. സർക്കാർ അനുവദിച്ച സമയപരിധിക്കുള്ളിൽ എൻ.സി.റ്റി.ഇ. മാനദണ്ഡപ്രകാരമുള്ള കെ-ടെറ്റ് യോഗ്യത കരസ്ഥമാക്കിയ അധ്യാപകരുടെ പ്രൊബേഷൻ, ഇൻക്രിമെന്റ് നിയമന തീയതി അടിസ്ഥാനമാക്കി അനുവദിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ ദീർഘിപ്പിച്ച് നൽകിയ സമയപരിധിക്കുള്ളിൽ മതിയായ യോഗ്യത കരസ്ഥമാക്കാത്തവരുടെ പ്രൊബേഷനും ഇൻക്രിമെന്റുമാണ് തടഞ്ഞുവെച്ചിട്ടുള്ളത്.

### എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനം

254 (1435) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള എത്ര പേർക്കാണ് നിലവിൽ നിയമന അംഗീകാരം ലഭിക്കാനുള്ളത്; എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിലുള്ളവരുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ പ്രസ്തുത വിഭാഗങ്ങളിൽ നിയമന അംഗീകാരം ലഭിക്കാത്ത എത്ര വീതം അദ്ധ്യാപകരും അനദ്ധ്യാപകരുമാണുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**വെള്ളക്കാട് എം.എ.എം.എൽ.പി. സ്കൂളിൽ മാനേജർ നിയമനം**

255 (1436) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വെള്ളക്കാട് എം.എ.എം. എൽ.പി. സ്കൂളിന് മാനേജർ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

വെള്ളക്കാട് എം.എ.എം. എൽ.പി. സ്കൂളിന് മാനേജർ ഇല്ല. WP(C) 30637/2021-മേലുള്ള 23-12-21-ലെ വിധ്യന്യായ പ്രകാരം മാനേജർ നിയമനം ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി) മാനേജർ നിയമനവുമായി ബന്ധപ്പെട്ട തർക്കങ്ങൾമൂലം സ്കൂളിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിലും അക്കാദമിക് കാര്യങ്ങളിലുമുള്ള പിന്നാക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇതു സംബന്ധിച്ച പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മുഹമ്മദ് അബ്ദുൾ റഹിമാൻ സ്മാരക എജ്യൂക്കേഷണൽ സൊസൈറ്റിക്ക് കീഴിലുള്ള സ്കൂൾ ആയതിനാൽ സൊസൈറ്റിയുടെ നിയമാവലിപ്രകാരം ജനറൽ ബോഡി യോഗം ചേർന്ന് തെരഞ്ഞെടുക്കുന്ന ഭരണ സമിതിയാണ് മാനേജരെ നിയമിക്കേണ്ടതെന്ന സാഹചര്യത്തിൽ സർക്കാർ മുൻകൈയെടുത്തുകൊണ്ട് ജനറൽ ബോഡി യോഗം ചേർന്ന് പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ കോടതിയുടെ അന്തിമ ഉത്തരവ് പ്രകാരമേ തുടർനടപടികൾ സ്വീകരിക്കാനാകൂ.

എയ്ഡഡ് മേഖലയിലെ ഭിന്നശേഷി സംവരണം

256 (1437) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് മേഖലയിലെ അധ്യാപക-അനധ്യാപക നിയമനത്തിൽ ഭിന്നശേഷിക്കാരുടെ നാല് ശതമാനം സംവരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ 18-11-2018-ലെ സ.ഉ.(പി)നം.18/2018/സാ.നീ.വ., പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 25-06-2022-ലെ സ.ഉ.(കൈ)നം.111/2022/പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകളിലെ അവ്യക്തതമൂലം നിയമന അംഗീകാരത്തിന് പ്രയാസം നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം അധ്യാപകരുടെയും അനധ്യാപകരുടെയും നിയമനങ്ങൾ അംഗീകരിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ സമയബന്ധിതമായി നിയമന അംഗീകാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

(ബി-ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിന്നിരുന്ന 19808/2021 നമ്പർ കേസിന്റെ 10-08-2022-ലെ ഉത്തരവ് അനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ കേഡർ സ്ട്രെങ്ത്തിന്റെ  മൊത്തം ഒഴിവുകളിൽ 07-2-1996 മുതൽ 18-4-2017 വരെ നടത്തിയ നിയമനങ്ങളിൽ മൂന്ന് ശതമാനവും 19-4-2017 മുതൽ നടത്തിയ നിയമനങ്ങളിൽ നാല്

ശതമാനവും സംവരണ തോതിൽ ബാക്ക്ലോഗ് കണക്കാക്കി G.O. (P)No.5/19/SJD dated 07-05-2019 പ്രകാരം 18-11-2018 മുതൽ മാനേജർമാർ നിയമനം നടത്തേണ്ടതാണ്. തദനുസരണം 18-11-2018-ലെ സ.ഉ.(പി)നം.18/ 2018/സ.നീ.വ, 25-06-2022-ലെ സ.ഉ.(കൈ)നം.111/ 2022/പൊ വി വ, 28-10-2022-ലെ ജെ3/49/2021/ പൊവിവ നമ്പർ സർക്കാർ കത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23-11-2022-ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംവരണം പാലിക്കേണ്ടതാണെന്ന നിർദ്ദേശം ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സമന്വയ സോഫ്റ്റ്വെയർ മുഖാന്തരം റോസ്റ്റർ തയാറാക്കി സമർപ്പിക്കുവാനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് 18-1-2018-നുശേഷം സംജാതമായ ഒഴിവുകളിൽ നിയമിതരായ ജീവനക്കാരിൽ നിലവിൽ അംഗീകരിക്കപ്പെടാതെ തുടരുന്നവരുടെ നിയമനം ഭിന്നശേഷി

വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ. 10-08-2022-ലെ ഉത്തരവിനെതിരെ നിരവധി അപ്പീലുകൾ ഫയൽ ചെയ്തിട്ടുള്ളതും ആയത് നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. ഇതു സംബന്ധിച്ച കോടതി നിർദേശങ്ങളുടെയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനും നിയമന അംഗീകാരം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**അദ്ധ്യാപക നിയമനത്തിൽ ഭിന്നശേഷിക്കാർക്ക് സംവരണം**

257 (1438) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് മേഖലയിലെ അദ്ധ്യാപക നിയമനത്തിൽ ഭിന്നശേഷിക്കാരുടെ നാല് ശതമാനം സംവരണം നടപ്പിലാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ 07-02-1996 മുതൽ 18-04-2017 വരെ മൂന്ന് ശതമാനവും 19-04-2017 മുതൽ നാല് ശതമാനവും ഭിന്നശേഷി സംവരണം പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 18-11-2018-ലെ സ.ഉ.(പി)നം.18/2018/സാ.നീ.വ, 25-06-2022 ലെ സ.ഉ.(കൈ)നം.111/2022/പൊ.വി.വ, 28-10-2022-ലെ ജെ3/49/2021/പൊ.വി.വ നമ്പർ സർക്കാർ കത്ത്, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23-11-2022-ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംവരണം പാലിക്കേണ്ടതാണെന്ന നിർദ്ദേശം ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സമന്വയ സോഫ്റ്റ്‌വെയർ മുഖാന്തരം റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കാനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാനും നിർദ്ദേശം നൽകിയിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാകുന്നു.

(ബി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് എയ്ഡഡ് മേഖലയിൽ അദ്ധ്യാപക നിയമനം നടത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(ബി&സി) 18-11-2018-നശേഷം സംജാതമായ ഒഴിവുകളിൽ നിയമിതമായ ജീവനക്കാരിൽ നിലവിൽ അംഗീകരിക്കപ്പെടാതെ തുടരുന്നവരുടെ നിയമന അംഗീകാരം ഭിന്നശേഷി സംവരണം സംബന്ധിച്ച കോടതി നിർദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

**എയ്ഡഡ് മേഖലയിലെ അദ്ധ്യാപക നിയമനാംഗീകാരം**

258 (1439) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. മേഖലകളിൽ നിയമനാംഗീകാരം ലഭിക്കാതെ എത്ര അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ച് വരുന്നു.

(ബി) പൂർണ്ണമായും സർക്കാർ ചട്ടങ്ങൾ പാലിച്ചുകൊണ്ടുള്ള നിയമനങ്ങളിൽ അംഗീകാരം നൽകുന്നതിന് വളരെയധികം കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി&സി) പൂർണ്ണമായും സർക്കാർ ചട്ടങ്ങളും കോടതി വിധികളും പാലിച്ചുകൊണ്ടുള്ള നിയമനങ്ങളിൽ അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി

19808/2021 നമ്പർ കേസിൽ 10-08-2022 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് 1996 മുതൽ നടത്തിയ നിയമനങ്ങളുടെ അടിസ്ഥാനത്തിൽ റോസ്റ്റർ തയ്യാറാക്കി ബാക്ക്‌ലോഗ് നിയമനം നടത്തുന്നതിനായി സമന്വയ മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും ബഹു കോടതിയുടെ തുടർ വിധിന്യായങ്ങൾക്കനുസൃതമായും മാത്രമേ നിലവിൽ അംഗീകരിക്കാത്ത മറ്റു നിയമനങ്ങൾ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) എയ്ഡഡ് മേഖലയിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഹൈക്കോടതി ഉത്തരവ് ആയിട്ടുണ്ടോ; എങ്കിൽ അതിന് അനുബന്ധമായി പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ?

എയ്ഡഡ് മേഖലയിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച റിട്ട് ഹർജി (സി) നം. 19808/2021 നമ്പർ കേസിൽ 23-09-2021 ന് ബഹു. കോടതി പുറപ്പെടുവിച്ച ഇടക്കാല വിധിയനുസരിച്ച് 2020-2021 അധ്യയന വർഷം മുതൽ നടത്താനിരുന്ന എല്ലാ നിയമനങ്ങളും അംഗീകരിക്കുന്നതിന്

സ്റ്റേ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സ.ഉ (കൈ) നം. 111/2022/പൊ.വി.വ. തീയതി 25-06-2022 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചു. 10-08-2022 തീയതിയിൽ ബഹു. ഹൈക്കോടതി പ്രസ്തുത കേസിൽ അന്തിമവിധി പുറപ്പെടുവിക്കുകയും തുടർന്ന് 18-11-2018 മുതൽ വരുന്ന ഒഴിവുകളിൽ ഭിന്നശേഷി സംവരണം അനുസരിച്ചുള്ള ബാക്ക്‌ലോഗ് നിയമനങ്ങൾ നടത്തുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും 25-06-2022-ലെ ഉത്തരവ് അപ്രകാരം ഭേദഗതി ചെയ്തുകൊണ്ടും 19-09-2022 തീയതിയിൽ സ.ഉ (കൈ) നം. 162/2022/പൊ.വി.വ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

### എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം

259 (1440) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പാലിക്കുന്നതുമായി ബന്ധപ്പെട്ട് 18-11-2018-ലെ സ.ഉ. (പി)നം,18/2018/സാനീവ, 25-06-2022-ലെ സ.ഉ. (കൈ)നം.111/2022/പൊവിവ, 28-10-2022-ലെ ജെ3/49/2021/പൊവിവ നമ്പർ സർക്കാർ കത്ത്, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23-11-2022-ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1996 മുതൽ നടത്തിയ നിയമനത്തിന്റെ റോസ്റ്റർ തയ്യാറാക്കി ബാക്ക് ലോഗ് കണക്കാക്കി സമന്വയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് 1996 മുതൽ 2021 വരെയുള്ള കാലയളവിലെ ബാക്ക്‌ലോഗ് ഒഴിവുകൾ കണക്കാക്കണമെന്ന

നിർദേശം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റുകൾ പാലിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ബാക്ക്‌ലോഗ് കണക്കാക്കി സമന്വയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്ന നടപടി പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ പ്രസ്തുത വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

(സി) സംസ്ഥാനത്ത് കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളുടെ പേര് വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(ഡി) പ്രസ്തുത സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് 1996 മുതൽ 2021 വരെയുള്ള കാലയളവിലെ ബാക്ക് ലോഗ് ഒഴിവുകൾ ഒറ്റ യൂണിറ്റായി കണക്കാക്കിയിട്ടുണ്ടോ?

ബാക്ക്‌ലോഗ് കണക്കാക്കി സമന്വയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്ന നടപടി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പ്രസ്തുത സ്കൂളുകളിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

നടപടികൾ സ്വീകരിച്ചു വരുന്നു.

### സ്കോൾ-കേരളയുടെ പ്രവർത്തനം

260 (1441) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ-കേരള നിലവിൽ എസ്.സി.ഇ.ആർ.ടി.-യുടെ ഭാഗമായാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അല്ല.

(ബി) സ്കോൾ-കേരളയുടെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

സ്കോൾ-കേരളയുടെ സ്വയാർജ്ജിത ഫണ്ട് ഉപയോഗിച്ച് ആസ്ഥാന മന്ദിരം പണികഴിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സ്കോൾ-കേരളയ്ക്ക് സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

14 ജില്ലകളിലും സ്കോൾ-കേരളയുടെ ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

**വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ അനുവദിക്കൽ**

261 (1442) <u>ശ്രീ. ഒ. ആർ. കേളു:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ അനുവദിച്ച് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ അനുവദിച്ച് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്. ഓരോ വർഷവും കേരള പരീക്ഷാഭവൻ പുറപ്പെടുവിക്കുന്ന പരീക്ഷാ നോട്ടിഫിക്കേഷൻ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പരിപത്രം ഇവയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ നിർദ്ദിഷ്ട പെർഫോർമയിലുള്ള അപേക്ഷ, വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവ പ്രധാനാദ്ധ്യാപകന്റെ ശിപാർശയോടെ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക്

സമർപ്പിക്കുകയും ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ക്രോഡീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ടി അപേക്ഷകൾ പരിശോധിച്ച് അർഹമായ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് നൽകുകയും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്ക്രൈബ് ഉൾപ്പെടെയുള്ള പരീക്ഷാനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തുവരുന്നു.

**(ബി) ഒരു വിദ്യാർത്ഥിക്ക് സ്ക്രൈബിനെ ആവശ്യമാണെന്നുള്ള സർട്ടിഫിക്കറ്റ് നൽകാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണ്; അറിയിക്കുമോ?**

മെഡിക്കൽ ബോർഡ്/മെഡിക്കൽ അതോറിറ്റിയിൽ അംഗങ്ങളായ ഡോക്ടർമാർ.

**(സി) സ്ക്രൈബിനെ ഉപയോഗിച്ച് പരീക്ഷ എഴുതുന്ന കുട്ടികൾക്ക് കൊടുക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന് കാലാവധിയുണ്ടോ?**

പരിമിതിയുടെ സ്വഭാവമനുസരിച്ച് വൈകല്യത്തിന്റെ തോത് വ്യത്യാസം വരാൻ സാധ്യതയുള്ളവർക്ക് താൽക്കാലിക സർട്ടിഫിക്കറ്റും

(temporary) സ്ഥിരവൈകല്യമുള്ളവർക്ക് സ്ഥിരമായ സർട്ടിഫിക്കറ്റും (permanent) ലഭിക്കുന്നതാണ്.

(ഡി) ഇത്തരത്തിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ സ്ക്രൈബിനെ ഉപയോഗിച്ചിരുന്നുവെന്ന് എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്താറുണ്ടോ?

ഇല്ല.

**സ്ക്രൈബിനെ ഉപയോഗപ്പെടുത്തി പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം**

262 (1443) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഈ വർഷം സ്ക്രൈബിനെ ഉപയോഗപ്പെടുത്തി എസ്.എസ്.എൽ.സി. പരീക്ഷ എഴുതേണ്ടി വരുന്ന കുട്ടികളുടെ എണ്ണം തയ്യാറാക്കിയിട്ടുണ്ടോ?

(ബി) എങ്കിൽ പ്രസ്തുത കുട്ടികളുടെ എണ്ണം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) നടപടിക്രമങ്ങൾ നടന്നുവരുന്നു. അന്തിമ പട്ടിക ആയിട്ടില്ല.

(സി) പ്രസ്തുത കുട്ടികൾക്ക് മെഡിക്കൽ പരിശോധന ലഭ്യമാക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

29-08-2022-ലെ കത്ത് നം. ഐ.ഇ.ഡി/618332/2022/ഡി.ജി.ഇ. പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രസ്തുത കുട്ടികൾക്ക് മെഡിക്കൽ പരിശോധന ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൽ എല്ലാ പൊതുവിദ്യാലയങ്ങളിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളും പാലിക്കേണ്ട സമയക്രമവും ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ പൊതുവിദ്യാലയങ്ങളിലും സ്ഥാപന മേലധികാരിയുടെ നേതൃത്വത്തിൽ സ്പെസിഫിക് ലേണിംഗ് ഡിസെബിലിറ്റി സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും സ്ക്രീനിംഗ് കമ്മിറ്റിയിൽ അദ്ധ്യാപക പ്രതിനിധികൾ, രക്ഷാകർത്താക്കളുടെ പ്രതിനിധി, റിസോഴ്സ് അദ്ധ്യാപകർ, ലഭ്യമാകുന്ന സ്ഥലങ്ങളിൽ ക്ലിനിക്കൽ/റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, പീഡിയാട്രീഷൻ എന്നിവരെ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ചുമതലയിൽ സ്ക്രീനിംഗ് കമ്മിറ്റി

സ്പെസിഫിക് ലേണിംഗ് ഡിസ്എബിലിറ്റി സംശയിക്കുന്നവരുടെ പട്ടിക അദ്ധ്യാപകരോട് തയ്യാറാക്കുന്നതിനും ഇങ്ങനെ തയ്യാറാക്കുന്ന പട്ടിക സ്ക്രീനിംഗ് കമ്മിറ്റിയുടെ ശിപാർശയോടുകൂടി ബി.ആർ.സി.കളിൽ ക്രോഡീകരിച്ച് മെഡിക്കൽ ബോർഡിന് സമർപ്പിക്കുന്നതിനുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നതിന് കളക്ടർ, ജില്ലാ പഞ്ചായത്ത്, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, സമഗ്ര ശിക്ഷാ കേരള, മെഡിക്കൽകോളേജ് പ്രിൻസിപ്പൽ, ജില്ലാ ഓഫീസർ (സാമൂഹ്യ നീതി വകുപ്പ്) എന്നിവരുടെ യോഗം ചേരുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

**കെ-ടെറ്റിൽ ഇളവ്**

263 (1444) **ശ്രീ. പി. കെ. ബഷീർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധ്യാപക യോഗ്യത പരീക്ഷയായ കെ-ടെറ്റ് (Kerala Teacher Eligibility Test) എന്നുമുതലാണ് നിർബന്ധമാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ദിവസം മുതൽ സർക്കാർ അധ്യാപകർക്ക് കെ-ടെറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എ&ബി) 20-07-2011-നുശേഷം പി.എസ്.സി. പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം സേവനത്തിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അധ്യാപകർക്കും എയ്ഡഡ് സ്കൂളിൽ 01-06-2012 മുതൽ റെഗുലർ ഒഴിവിൽ നിയമിതരായിട്ടുള്ള അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്.

(സി) സർക്കാർ അധ്യാപകരായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് കെ-ടെറ്റ് നിർബന്ധമാക്കിയ കാലാവധിയിൽ പ്രത്യേക ഇളവ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സർക്കാർ സ്കൂൾ അദ്ധ്യാപകർക്ക് യാതൊരു ഇളവും നാളിതുവരെ നൽകിയിട്ടില്ല.

(ഡി) പ്രസ്തുത ഇളവ് ഇതേ സമയത്ത് നിയമിതരായ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നൽകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

(ഇ) ഒരേ യോഗ്യത ആവശ്യമുള്ള തസ്തികയിൽ സർക്കാർ അധ്യാപകർക്ക് കെ-ടെറ്റിൽ 2012 മുതൽ 2016 വരെ ഇളവ് അനുവദിക്കുകയും അതേ സമയത്ത് നിയമിതരായ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ഇളവ് നൽകാതിരിക്കുകയും ചെയ്യുന്നത് സാമൂഹ്യനീതിയുടെ ലംഘനമായതിനാൽ സർക്കാർ അധ്യാപകർക്ക് കെടെറ്റിൽ നിശ്ചിത കാലയളവിലേയ്ക്ക് നൽകിയ ഇളവ് അതേ കാലയളവിൽ നിയമിക്കപ്പെട്ട എയ്ഡഡ് സ്കൂൾ അധ്യാപകർക്കുകൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

30-08-2016 ലെ സ.ഉ.(പി)നം.145/2016/പൊ.വി.വ പ്രകാരം പ്രസ്തുത തീയതി മുതലുള്ള പി.എസ്.സി. വിജ്ഞാപനങ്ങളിൽ കെ-ടെറ്റ് നിർബന്ധ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് കെ-ടെറ്റ് പാസ്സായവർക്ക് മാത്രമേ വിജ്ഞാപനപ്രകാരം അപേക്ഷിക്കാൻ സാധിക്കുകയുള്ളു.

എൻ.സി.റ്റി.ഇ. വിജ്ഞാപന തീയതിയായ 20-07-2011-നുശേഷം പി.എസ്.സി. പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം സേവനത്തിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്. ഇക്കാര്യം 30-06-2020-ലെ ജെ3/37/2020/പൊ.വി.വ സർക്കാർ കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ 2012 മുതൽ 2016 വരെയുള്ള സർക്കാർ സ്കൂൾ നിയമനങ്ങളിൽ കെ-ടെറ്റ് യോഗ്യത ഒഴിവാക്കുകയോ യോഗ്യത നേടുന്നതിൽ ഇളവോ അനുവദിച്ചിട്ടില്ല. 2012-2013 മുതൽ 2019-2020 അക്കാദമിക വർഷം വരെ നിയമിക്കപ്പെട്ടവർക്ക് 2021 അക്കാദമിക വർഷാവസാനം വരെ കെ-ടെറ്റ് നേടുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്.

## കാസർകോട് ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന അധ്യാപക അനധ്യാപക തസ്തികകൾ

264 (1445) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കാസർകോട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അധ്യാപക-അനധ്യാപക തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നതിന്റെ വിശദാംശം തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നിലവിൽ വന്നത് എന്നാണെന്നും ആയത് നികത്താൻ സ്വീകരിച്ച നടപടികളും അറിയിക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

ഹയർ സെക്കണ്ടറി ജൂനിയർ (അറബിക്) നിയമനം

265 (1446) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 10-08-2022-ന് നിലവിൽ വന്ന ഹയർ സെക്കണ്ടറി ജൂനിയർ (അറബിക്) (തസ്തികമാറ്റം) റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; നിയമന ഉത്തരവ് നൽകിയവരിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

14 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിയമനം ലഭിച്ചവരിൽ 5 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ബി) നിയമന ഉത്തരവ് ലഭിച്ചവർ ജോലിയിൽ പ്രവേശിക്കാത്തതിനെത്തുടർന്നുണ്ടായ ഒഴിവുകൾ നികത്തുന്ന നടപടിക്രമം വിശദമാക്കുമോ;

വിവിധ ഹയർസെക്കണ്ടറി അദ്ധ്യാപക-ജൂനിയർ തസ്തികകളിൽ HSA, LPSA/UPSA, Ministerial staff, Lab Assistant എന്നിവർക്ക് 70:20:5:5 അനുപാതത്തിൽ 11/08/2022-ൽ ബൈ ട്രാൻസ്ഫർ നിയമനം നൽകിയിരുന്നു. ടി അനുപാതത്തിൽ ബൈ ട്രാൻസ്ഫർ നിയമനം നൽകാൻ സർക്കാർ ഉത്തരവുണ്ടെങ്കിലും ആയതുസംബന്ധിച്ച് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയിട്ടില്ല. OA Nos. 1170 & 1502 of 2022-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണൽ 06-12-2022-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ സ്പെഷ്യൽ റൂളിന് വിരുദ്ധമായി നൽകിയ ബൈ ട്രാൻസ്ഫർ നിയമനങ്ങൾ ട്രിബ്യൂണൽ വിധിക്ക് വിധേയമായിരിക്കുമെന്ന് വ്യക്തമാക്കിയ

സാഹചര്യത്തിൽ ടി കേസുകളിലെ അന്തിമവിധിക്ക് അനുസൃതമായി മാത്രമേ ടി ഒഴിവുകൾ നികത്താനാകൂ.

(സി) ജോലിയിൽ പ്രവേശിക്കാത്തതിനെത്തുടർന്നുണ്ടായ ഒഴിവുകൾ ഉൾപ്പടെ ഹയർ സെക്കണ്ടറി ജൂനിയർ (അറബിക്) (തസ്തികമാറ്റം)ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

01-01-2016 മുതൽ 28-12-2020 വരെയുള്ള കാലയളവിലെ തസ്തികമാറ്റത്തിനായുള്ള എച്ച്.എസ്.എസ്.റ്റി. ജൂനിയർ അറബിക്കിന്റെ 15 ഒഴിവുകളിൽ തസ്തികമാറ്റ നിയമനം നൽകിയ ശേഷം 9 NJD ഒഴിവുകളും മിനിസ്റ്റീരിയൽ കാറ്റഗറിയിൽ യോഗ്യരായവർ ഇല്ലാത്തതിനാൽ ഒരൊഴിവുമുണ്ട്. 28-12-2020-നുശേഷം തസ്തികമാറ്റ നിയമനത്തിനായി എച്ച്.എസ്.എസ്.റ്റി ജൂനിയർ അറബിക്കിന്റെ 5 ഒഴിവുകളുമുണ്ട്. അപ്രകാരം ആകെ 15 ഒഴിവുകളാണുള്ളത്. 28-12-2020-നുശേഷമുള്ള എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ബൈ ട്രാൻസ്ഫർ ഒഴിവുകൾ PSC വഴി

നികത്തുന്നത് അടക്കം സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് കോടതികളിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളിലെ അന്തിമവിധിയ്ക്ക് അനുസൃതമായി മാത്രമേ ഈ ഒഴിവുകൾ നികത്തുവാൻ കഴിയുകയുള്ളൂ.

### അധ്യാപക തസ്തികകളിൽ നിയമന അംഗീകാരം

266 (1447) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതിയായ കുട്ടികളില്ല എന്ന കാരണത്താൽ വിവിധ അധ്യാപക തസ്തികകളിൽ നിയമന അംഗീകാരം ലഭിക്കാത്ത എത്ര അപേക്ഷകൾ വിദ്യാഭ്യാസ വകുപ്പിൽ പരിഗണിക്കാതെയുണ്ട് എന്നതിന്റെ വിശദാംശം ജില്ല തിരിച്ചും തസ്തിക തിരിച്ചും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) 18-11-2018 വരെ മാനേജർമാർ ചട്ടപ്രകാരം നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല. 18-11-2018 -നുശേഷം എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച ബഹു കോടതി വിധികൾ ബാധകമാണ് .

**പാർട്ട്ടൈം സ്വീപ്പറിന്റെയും ഫുൾടൈം മിനിയലിന്റെയും തസ്തികകൾ**

267 (1448) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് യു.പി. സ്കൂളുകളിൽ യു.പി. വിഭാഗത്തിന് നിലവിൽ പാർട്ട്ടൈം സ്വീപ്പറുടെയോ ഫുൾടൈം മിനിയലിന്റെയോ തസ്തിക നിലവിലുണ്ടോയെന്നറിയിക്കാമോ;

ഗവൺമെന്റ് യു.പി. സ്കൂളുകളിൽ യു.പി. വിഭാഗത്തിന് പാർട്ട്ടൈം കണ്ടീജന്റ് മീനിയൽ തസ്തികയുണ്ട്.

(ബി) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ യു.പി. സ്കൂളുകളിൽ പ്രസ്തുത തസ്തികകൾ നിലവിലുണ്ടെന്നും ഏതെല്ലാം സ്കൂളുകളിൽ ഇല്ലെന്നും അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ യു.പി.സ്കൂളുകളിൽ നിലവിൽ പാർട്ട് ടൈം കണ്ടിജന്റ്-മീനിയൽ തസ്തികകൾ ഇല്ല.

(സി) പ്രസ്തുത തസ്തികകൾ നിലവിലില്ലാത്ത സ്കൂളുകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുവേണ്ട നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

ബാധകമല്ല.

**കായിക രംഗത്തുനിന്നും വിരമിച്ചവരുടെ സേവനം**

268 (1449) <u>ശ്രീ. മുരളി പെരുനെല്ലി:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-ൽ നൂറ്റിയറുപത്തിയഞ്ചോളം കായിക താരങ്ങളെ പൊതുഭരണ വകുപ്പിന്റെ നിർദ്ദേശപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിച്ചവരിൽ കായിക രംഗത്തുനിന്നും വിരമിച്ചവരുടെ സേവനം ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഈ വകുപ്പിൽ നിയമിതരായ കായികതാരങ്ങളുടെ സേവനം ക്രമീകരിക്കുന്നതിന് ടിയാളുകളുടെ കരട് സീനിയോറിറ്റി ലിസ്റ്റ് 01-07-2022-ൽ പ്രസിദ്ധീകരിച്ചിരുന്നു. ടി ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുടെയും ആക്ടീവ് സ്പോർട്സിൽനിന്ന് വിരമിച്ച തീയതി സംബന്ധിച്ച പരാതികളും പരിശോധിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം**

269 (1450) <u>ശ്രീ. കെ. പി. മോഹനൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിലെ പുനർനിയമനം, ആശ്രിത നിയമനം, പ്രമോഷൻ തുടങ്ങിയവയുടെ അവകാശികളെ അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപകർക്ക് അർഹതപ്പെട്ട ഒഴിവുകളിൽ നിയമിക്കാമെന്നത് ചട്ടപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നിരിക്കെ ഭിന്നശേഷി സംവരണ നിയമനത്തിനും അത്തരം വ്യവസ്ഥ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

(ബി) ഒഴിവുകളൊന്നും നിലവിലില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ ഭാവിയിൽ ഉണ്ടാവുന്ന ഒഴിവുകൾ ഭിന്നശേഷി സംവരണത്തിനായി നീക്കിവെക്കാമെന്ന സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്നതിനനുസരിച്ച് ഇതിനകം നിയമിക്കപ്പെട്ടവരുടെ നിയമനം, നിയമന തീയതി മുതൽ അംഗീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തിക

270 (1451) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(സി) ഇല്ലെങ്കിൽ കമ്മിറ്റിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ബാധകമല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) 2023-24 അധ്യയന വർഷത്തിൽതന്നെ പ്രസ്തുത തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ അദ്ധ്യാപക നിയമനം**

271 (1452) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൽ.പി.എസ്.റ്റി., യു.പി.എസ്.റ്റി. തസ്തികകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

എൽ.പി.എസ്.ടി - 259

യു.പി.എസ്.ടി - 199

(ബി) പ്രസ്തുത തസ്തികകളിൽ നാളിതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ടെന്നറിയിക്കുമോ?

പ്രസ്തുത തസ്തികകളിൽ നാളിതുവരെയുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**എ.ഐ.പി.ക്ക് കീഴിലെ സ്കൂളുകളിലെ അധ്യാപകരുടെ നിയമനാംഗീകാരം**

272 (1453) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയ ഇന്റൻസീവ് പ്രോഗ്രാമിന് (എ.ഐ.പി.) കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ അർഹതയുള്ള അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച ജി.ഇ.ഡി.എൻ.-ഡി1/47/2019 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) ഇതിൻ പ്രകാരം എത്ര അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; പ്രസ്തുത അദ്ധ്യാപകരുടെയും സ്കൂളുകളുടെയും പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കണമെങ്കിൽ ഇനി എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടെന്ന്

അറിയിക്കാമോ; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എപ്പോൾ നിയമനാംഗീകാരം നൽകുമെന്ന് വിശദമാക്കുമോ?

(എ-സി) ഈ വിഷയം സംബന്ധിച്ച ഫയൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**യു.പി.എസ്.ടി./എൽ.പി.എസ്.ടി. തസ്തികയിലെ വിരമിക്കൽ**

273 (1454) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിൽ യു.പി.എസ്.ടി. തസ്തികയിൽ 2023 വർഷം എത്ര അധ്യാപകർ വിരമിക്കുമെന്ന് വിരമിക്കുന്ന അധ്യാപകരുടെ പേര്, സ്കൂളിന്റെ പേര്, വിരമിക്കൽ തീയതി എന്നിവ സഹിതം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.+

(ബി) ജില്ലയിലെ ഗവൺമെന്റ് പ്രൈമറി സ്കൂളുകളിൽ എത്ര പ്രധാന അധ്യാപകർ 2023-ൽ വിരമിക്കുമെന്ന് വിരമിക്കുന്ന അധ്യാപകരുടെ പേര്,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കൂളിന്റെ പേര് എന്നിവ സഹിതം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.+

(സി) 2022-2023 അധ്യയന വർഷം ജില്ലയിൽ യു.പി.എസ്.ടി., എൽ.പി.എസ്.ടി. വിഭാഗത്തിൽ എത്ര അധിക ഡിവിഷനുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്; ഇതുമായി ബന്ധപ്പെട്ട് ഹയർ ലെവൽ വെരിഫിക്കേഷൻ കഴിഞ്ഞ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

എറണാകുളം ജില്ലയിൽ 2022-2023 അദ്ധ്യയന വർഷത്തിൽ എൽ.പി വിഭാഗത്തിലും യു.പി. വിഭാഗത്തിലും അധിക ഡിവിഷനുകളും അധിക തസ്തികകളും അനുവദിക്കണമെന്ന പ്രൊപ്പോസൽ സമന്വയ സോഫ്റ്റ്‌വെയർ വഴി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) സർക്കാർ ഉത്തരവ് നിലവിലുണ്ടായിരുന്നിട്ടും എറണാകുളം ജില്ലയിൽ 2023 വർഷത്തെ യു.പി.എസ്.ടി. തസ്തികയിലെ പ്രതീക്ഷിത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ?

2023 വർഷത്തെ യു.പി.എസ്.ടി. തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**കണ്ണൂർ നിയോജക മണ്ഡലത്തിലെ ഇ.എസ്.ഐ. ഡിസ്പെൻസറി**

274 (1455) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തൊഴിലാളികൾ കൂടുതൽ ആശ്രയിക്കുന്ന തോട്ടടയിലെ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് തസ്തിക ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ മുൻകയ്യെടുക്കുമോയെന്നും മരുന്ന് വിതരണം തടസ്സമില്ലാതെ നടത്താൻ ബദൽ സംവിധാനം ഏർപ്പെടുത്തുമോയെന്നും വ്യക്തമാക്കുമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ തോട്ടടയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി നിലവിലില്ല. തോട്ടട ഇ.എസ്.ഐ. ആശുപത്രി മാത്രമാണ് നിലവിലുള്ളത്. തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ നിലവിലുള്ള ഒരു ഫാർമസിസ്റ്റിന്റെ തസ്തികയിൽ ഫാർമസിസ്റ്റ് ജോലി ചെയ്ത് വരുന്നുണ്ട്. ഇതുകൂടാതെ ടി ആശുപത്രിയിലെ ഫാർമസി ഔട്ട് ലെറ്റ് പ്രവർത്തിപ്പിക്കുന്നതിന് താൽക്കാലികാടിസ്ഥാനത്തിൽ ഒരു ഫാർമസിസ്റ്റിനെ നിയമിച്ചുവരുന്നുണ്ട്. ടി താൽക്കാലിക ഫാർമസിസ്റ്റിന്റെ കാലാവധി അവസാനിച്ചതിനാൽ പുതിയ ജീവനക്കാരനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മിനിമം വേതനം ഉറപ്പാക്കാൻ നടപടി**

275 (1456) <u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u>
<u>ശ്രീമതി ഉമ തോമസ്:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടും സർക്കാർ മിനിമം വേതനം നിശ്ചയിക്കാത്ത തൊഴിൽ മേഖലകൾ ഏതൊക്കെയാണെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ 87 തൊഴിൽ മേഖലകൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 84 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും മിനിമം വേതനം നിശ്ചയിക്കാത്ത തൊഴിൽ മേഖലകൾ ചുവടെ ചേർക്കുന്നു.

- എംപ്ലോയ്മെന്റ് ഇൻ എയർപോർട്ട്

- എംപ്ലോയ്മെന്റ് ഇൻ ചെറുകിട തോട്ടം
- എംപ്ലോയ്മെന്റ് ഇൻ സ്വകാര്യ ആയുർവേദം, ഹോമിയോ ആന്റ് ദന്തൽ ഹോസ്പിറ്റൽ, സ്വകാര്യ ഇന്ത്യൻ ട്രഡീഷണൽ സിസ്റ്റം ഓഫ് മെഡിസിൻ, സിദ്ധ, യുനാനി ആന്റ് മർമ്മ ഹോസ്പിറ്റൽസ്, സ്വതന്ത്രമായി പ്രവർത്തിക്കുന്ന

സ്കാനിംഗ് സെന്ററുകൾ, എക്സറേ യൂണിറ്റുകൾ, ലബോറട്ടറികൾ, ഫാർമസികൾ, ബ്ലഡ് ബാങ്കുകൾ, കാത്ത് ലാബുകൾ.

ഇവയിൽ "സ്വകാര്യ ആയുർവേദം, ഹോമിയോ ആന്റ് ദന്തൽ ഹോസ്പിറ്റൽ, സ്വകാര്യ ഇന്ത്യൻ ട്രഡീഷണൽ സിസ്റ്റം ഓഫ് മെഡിസിൻ, സിദ്ധ, യുനാനി ആന്റ് മർമ്മ ഹോസ്പിറ്റൽസ്, സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്കാനിംഗ് സെന്ററുകൾ, എക്സറേ യൂണിറ്റുകൾ, ലബോറട്ടറികൾ, ഫാർമസികൾ, ബ്ലഡ് ബാങ്കുകൾ, കാത്ത് ലാബുകൾ" എന്ന തൊഴിൽ മേഖലയിൽ മിനിമം വേതനം നിശ്ചയിക്കാനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേൽ ലഭിച്ചിട്ടുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ രൂപീകരിച്ച ഉപസമിതികളെയാണ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള മേഖലകളുടെ മിനിമം വേതനം നിശ്ചയിക്കുന്നതിനായി സർക്കാർ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ, നിലവിലുള്ള മിനിമം വേതന ഉപദേശക സമിതിയുടെ കാലാവധി

21/01/2023-ന് അവസാനിച്ചതിനെ തുടർന്ന് പുതിയ സമിതി രൂപീകരണം അന്തിമഘട്ടത്തിലാണ്. പുതിയ ഉപസമിതികൾ രൂപീകരിച്ച് മിനിമം വേതനം നിശ്ചയിക്കാത്ത മേഖലകളുടെ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കുന്നതാണ്.

(ബി) മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടതും മിനിമം വേതനം നിശ്ചയിച്ചതുമായ തൊഴിൽ മേഖലകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; ഓരോ മേഖലയിലെയും മിനിമം വേതനം വ്യക്തമാക്കുമോ?

മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ 87 തൊഴിൽ മേഖലകൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 84 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി തൊഴിൽ മേഖലകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ടി തൊഴിൽ മേഖലകളിൽ ഓരോ മേഖലയ്ക്കും വേണ്ടി പൊതുവായി ഒരു മിനിമം വേതനമല്ല വിജ്ഞാപനം ചെയ്തിട്ടുള്ളത്. മേഖലകളിലെ ഓരോ വിഭാഗത്തിനും തൊഴിലിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരക്കിലാണ് മിനിമം വേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അടിസ്ഥാന വേതനത്തോടൊപ്പം വേരിയബിൾ ഡി.എ. കൂടി ചേർന്നതാണ് മിനിമം വേതനം. സംസ്ഥാനത്ത് ഓരോ ജില്ലകളിലും വേരിയബിൾ ഡി.എ. നിരക്കുകൾ ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ വ്യത്യസ്തമാണ്. ടി തൊഴിൽ മേഖലകളുടെ മിനിമം വേതന വിജ്ഞാപനങ്ങൾ ലേബർ കമ്മീഷണറുടെ www.lc.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) മിനിമം വേതനം നൽകുന്നുവെന്ന് ഉറപ്പാക്കാനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥരാണ് 1948-ലെ മിനിമം വേതന നിയമം പ്രകാരമുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നത്. പരാതിക്കാരുടെ പരാതി ലഭ്യമാകുന്ന മുറയ്ക്കും കേന്ദ്രീകൃത പരിശോധന സംവിധാനം (CIS) മുഖേന നടത്തുന്ന സ്ഥാപന പരിശോധന വഴിയും മിനിമം വേതനം സംബന്ധിച്ച് നടപടികൾ കൈക്കൊള്ളാറുണ്ട്. കൂടാതെ, തൊഴിൽ വകുപ്പിന്റെ വേതന സുരക്ഷാ പദ്ധതി (WPS) മുഖേനയും

തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്.

## റൂൾസ് ഓഫ് ബിസ്സിനസ് അനുസരിച്ച് കോഴ്സിന്റെ ഉയർന്ന യോഗ്യത നിശ്ചയിക്കുന്ന നടപടി

276 (1457) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ റൂൾസ് ഓഫ് ബിസ്സിനസ് അനുസരിച്ച് സംസ്ഥാനത്തെ ഏതെങ്കിലും കോഴ്സിന്റെ തുല്യത/ഉയർന്ന യോഗ്യത നിശ്ചയിക്കുന്നത് സംബന്ധിച്ച സബ്ജക്ട് ഡിസ്ട്രിബ്യൂഷൻ ഏത് വകുപ്പിനാണെന്നറിയിക്കാമോ;

(ബി) തൊഴിലും നൈപുണ്യവും (സി) വകുപ്പിന്റെ 17-01-2023-ലെ സ.ഉ.(സാധാ)നം.57/2023/എൽ.ബി.ആർ. പ്രസ്തുത സബ്ജക്ട് ഡിസ്ട്രിബ്യൂഷൻ പ്രകാരമാണോയെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാന സർക്കാരിന്റെ റൂൾസ് ഓഫ് ബിസ്സിനസ് അനുസരിച്ച് ഐ.ടി.ഐ. കോഴ്സുകളുടെ നടത്തിപ്പ് സംബന്ധിച്ച വിഷയം

തൊഴിലും നൈപുണ്യവും വകുപ്പിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സബ്ജക്ട് ഡിസ്ട്രിബ്യൂഷൻ പ്രകാരം തൊഴിലും നൈപുണ്യവും (സി) വകുപ്പിലാണ് ഐ.ടി.ഐ. സംബന്ധമായ വിഷയങ്ങൾ അനുവദിച്ച് നൽകിയിരിക്കുന്നത്. ഐ.ടി.ഐ. ട്രേഡുകളുടെ സിലബസ് രൂപീകരിക്കുന്നതും പരീക്ഷ നടത്തി നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.ടി.സി.) വിതരണം ചെയ്യുന്നതും കേന്ദ്ര നൈപുണ്യ വികസനവും സംരഭകത്വവും മന്ത്രാലയത്തിന് (Ministry of Skill Development & Entrepreneurship) കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ (ഡി.ജി.റ്റി) നേരിട്ടുള്ള നിയന്ത്രണത്തിലാണ്. ഐ.ടി.ഐ. ട്രേഡുകളുടെ സിലബസ്/സർട്ടിഫിക്കറ്റ് സർവ്വകലാശാലകൾ നടത്തുന്ന മറ്റ് കോഴ്സുകളുമായി തുല്യതപ്പെടുത്താൻ കഴിയില്ലെന്ന് ഡി.ജി.റ്റി. വ്യക്തമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത സർക്കാർ ഉത്തരവിന് ആധാരമായ ഫയലിന്റെ നോട്ട്, കറന്റ് ഭാഗങ്ങളുടെ മുഴുവൻ പേജുകളുടേയും പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സർക്കാർ ഉത്തരവിലെ പരാമർശം 1 മുതൽ 4 വരെയുള്ളവയുടെ പകർപ്പ് ലഭ്യമാക്കാമോ?

(സി&ഡി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

**തൊഴിൽരഹിതർക്ക് തൊഴിൽ നൽകാൻ പദ്ധതി**

277 (1458) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനായി തൊഴിൽ വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തൊഴിൽരഹിതരായ യുവതി യുവാക്കൾക്കായി എംപ്ലോയ്മെന്റ് വകുപ്പ് മുഖേന 5 സ്വയം തൊഴിൽ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 21-നം 50-നം മദ്ധ്യേ പ്രായമുള്ള കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കവിയാത്ത തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് പരമാവധി 1 ലക്ഷം രൂപ (വായ്പയുടെ 20% സബ്സിഡി) അനുവദിച്ച് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണ് കെസ്റു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള പ്രായപരിധി 21-നും 45-നും മധ്യേയുള്ളതും, തൊഴിൽരഹിതരായവരും (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും, പട്ടികജാതി/പട്ടികവർഗ്ഗ/ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവരുമായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണ് മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണ് ശരണ്യ. ഈ പദ്ധതി പ്രകാരം കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000/- രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% (പരമാവധി 25,000/- രൂപ) സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകുകയും ആദ്യ വായ്പയുടെ 50%-

മെങ്കിലും തിരിച്ചടക്കുന്നവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പ തുകയുടെ 80% കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണ് കൈവല്യ. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാല് ഘടക പദ്ധതികൾ ഉണ്ട്. ഇവയിൽ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗം കണ്ടെത്തുന്നതിലേയ്ക്കായി (അൻപത് ശതമാനം പരമാവധി 25,000 (ഇരുപത്തയ്യായിരം രൂപ)) സബ്സിഡിയോടുകൂടി 50,000 (അൻപതിനായിരം രൂപ) വരെ പലിശരഹിത വായ്പ നൽകുന്നു.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയ്ക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി വകുപ്പ് മുഖാന്തരം സംസ്ഥാനത്തെ വിവിധ ധനകാര്യ-സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി നടത്തുന്ന ഒരു പുതിയ സ്വയംതൊഴിൽ പദ്ധതിയാണ് നവജീവൻ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും 50-65 പ്രായപരിധിയിലുള്ളതും വ്യക്തിഗത വാർഷിക വരുമാനം, ഒരു ലക്ഷം രൂപയിൽ കവിയാത്ത എഴുത്തും വായനയും അറിയാവുന്ന ഏതൊരു വ്യക്തിയ്ക്കും ഈ പദ്ധതി പ്രകാരം വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്തെ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ, കെ.എസ്.എഫ്.ഇ. കേരള ബാങ്ക് മറ്റ് പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന വായ്പ അനുവദിച്ചു വരുന്നു.

ഇതുകൂടാതെ ഉദ്യോഗാർത്ഥികളെയും സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഒരു വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന

സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നടത്തുന്നു.

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി.).

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ പദ്ധതി.

(ബി) ഇത് സംബന്ധിച്ച് ഓരോ ജില്ലകളിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന 5 സ്വയം തൊഴിൽ പദ്ധതികളുടെ കഴിഞ്ഞ 2 സാമ്പത്തിക വർഷത്തെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിന് നടപടി**

278 (1459) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും പെൻഷൻ എപ്പോൾ ഏർപ്പെടുത്താൻ കഴിയുമെന്നും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിലെ വിരമിച്ചവരും തുടർന്ന് വിരമിക്കുന്നതുമായ സ്ഥിരം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 2002-ലെ The Kerala Headload Workers Welfare Board Staff (Appointment, Conditions of Service, Conduct and Discipline) Rules-ന്റെ 62-ാം ചട്ടപ്രകാരം 'ബോർഡിന്റെ സർവ്വീസിലുള്ള ജീവനക്കാർക്ക് പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല' എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, പ്രസ്തുത ആവശ്യത്തിലേയ്ക്ക് മേൽപ്പറഞ്ഞ 62-ാം ചട്ടത്തിൽ ഭേദഗതി കൊണ്ടുവന്നതിനുശേഷം മാത്രമേ ചട്ടങ്ങൾ പുറപ്പെടുവിക്കാൻ നിയമപരമായി സാധിക്കുമായിരുന്നുള്ളൂ. എന്നാൽ, 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്ടിലെ 43-ാം വകുപ്പ് പ്രകാരം നിലവിൽ മുൻകാല പ്രാബല്യത്തോടുകൂടി ചട്ടങ്ങൾ ഉണ്ടാക്കുവാൻ വ്യവസ്ഥയില്ല എന്ന് കണ്ടതിനാൽ, 01-04-2007 മുതൽ വിരമിച്ചവർക്ക് കൂടി ആനുകൂല്യങ്ങൾ നൽകാൻ ലക്ഷ്യമിട്ടുകൊണ്ട് മുൻകാല പ്രാബല്യത്തോടുകൂടി ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് ആക്ടിലെ 43-ാം വകുപ്പിൽ ഭേദഗതി വരുത്തി 14-11-2021-ാംതീയതിയിലെ

അസാധാരണ ഗസറ്റ് നമ്പർ 3330 ആയി The Kerala Headload Workers (Amendment) Act, 2021 14-11-2021-ലെ 7304/leg.C2/2020/Law നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ The Kerala Headload Workers Welfare Board Staff (Appointment, Conditions of Service, Conduct and Discipline) Rules-ലെ 62ാം ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ വിലയിരുത്തിവരുന്നു.

പെൻഷൻ പ്രായോഗികതയിൽ വരുത്തുന്ന തീയതി ഇപ്പോൾ വ്യക്തമാക്കാൻ നിർവ്വാഹമില്ല.

**അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷിതത്വ ബോർഡ് അംശദായവും ആനുകൂല്യങ്ങളും പുതുക്കുന്നതിനുള്ള നടപടികൾ**

279 (1460) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷിതത്വ ബോർഡിൽ കേരള സ്റ്റേറ്റ് ബാർബർ ബ്യൂട്ടീഷൻ അസോസിയേഷൻ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷിതത്വ ബോർഡിൽ കെ.എസ്.ബി.എ.-യെ പ്രതിനിധീകരിച്ചുകൊണ്ട് ശ്രീ. റ്റി. ജി. നാരായണൻ, ശ്രീ. ആര്യനാട് മോഹനൻ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) അസംഘടിത മേഖലയിലെ അംശദായം സർക്കാർ കാലാനുസൃതമായി പുതുക്കുമ്പോഴും ആനുകൂല്യങ്ങൾ പഴയതുതന്നെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അംശദായം കൂട്ടുന്നതിനോടൊപ്പം ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അംശദായം 10 രൂപയിൽനിന്നും 100 രൂപയായി വർദ്ധിപ്പിച്ചതിന് ആനുപാതികമായി ആനുകൂല്യങ്ങളിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്.

| ആനുകൂല്യത്തിന്റെ പേര് | അംശദായം 10/- രൂപ നിരക്കിൽ ഒടുക്കിയപ്പോൾ അനുവദിച്ചിരുന്ന ആനുകൂല്യങ്ങളുടെ വിശദാംശം | അംശദായം 100/- രൂപയായി വർദ്ധിച്ചപ്പോൾ പദ്ധതി അംഗങ്ങൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങളുടെ നിരക്ക് |
|---|---|---|
| റിട്ടയർമെന്റ് | അംശദായ ഇനത്തിൽ അടച്ച തുകയുടെ 50% | അംശദായ ഇനത്തിൽ അടച്ച തുകയും ആയതിന്റെ 5% സാധാരണ പലിശയും ഉൾപ്പെടെ |

| | | |
|---|---|---|
| വിവാഹാനുകൂല്യം | 5,000/- | 10,000/- |
| പ്രസവാനുകൂല്യം | 15,000/- | മാറ്റമില്ല |
| വിദ്യാഭ്യാസാനുകൂല്യം | 750/- മുതൽ 2,500/- വരെ | 1,000/- മുതൽ 3,000/- രൂപ വരെ |
| ചികിത്സാധനസഹായം | 3,000/- | 10,000/- |
| മരണാനന്തരാനുകൂല്യം | 10,000+500 =10,500/- | 10,000+1,000 =11,000/- |

(സി) അംശദായം അടയ്ക്കുന്നതിന് 5 വർഷം വരെ കുടിശിക ആയിട്ടുള്ളവർക്ക് ഗഡുക്കളായി പണമടച്ച് അംഗത്വം പുതുക്കുന്നതിന് സൗകര്യമൊരുക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ഡി) അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷിതത്വ ബോർഡ് നൽകുന്ന മരണാനന്തര ധനസഹായം 10000 രൂപയിൽനിന്നും 2 ലക്ഷം രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ**

280 (1461) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉയർന്ന ഭരണ ചെലവുമൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

29-06-2020-ലെ സ.ഉ.(കൈ)35/2020/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇത് സംബന്ധിച്ച് ആവശ്യമായ നിയമനിർമ്മാണത്തിനുള്ള അടിയന്തരനടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണവും വ്യക്തമാക്കുമോ?

ഉണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിൽവരുന്ന ക്ഷേമനിധി ബോർഡുകളുടെ പുനഃസംഘടനയും ശാക്തീകരണവും സംബന്ധിച്ച് പഠിക്കുന്നതിനായി ലേബർ കമ്മീഷണർ അദ്ധ്യക്ഷനായി രൂപീകരിച്ച സബ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മിക്ക ക്ഷേമനിധി ബോർഡുകളിലേയും അംശദായവും ആനുകൂല്യതുകയും വർദ്ധിപ്പിച്ചിട്ടുണ്ട്. ബോർഡുകളുടെ സംയോജനം സംബന്ധിച്ച് ബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(സി) ക്ഷേമനിധി ബോർഡുകളുടെ ഭരണ ചെലവ് കുറയ്ക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ക്ഷേമനിധി ബോർഡുകളുടെ ഭരണചെലവ് കുറയ്ക്കുന്നതിനായി ജീവനക്കാരുടെ എണ്ണം പരിമിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ മെമ്പർഷിപ്പ് രജിസ്ട്രേഷനും, അംശദായം ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനവും ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ അടക്കമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**മരം കയറ്റ് തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ്**

281 (1462) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരം കയറ്റ് തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മരം കയറ്റ തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് നിലവില്ല. ആയത് ആരംഭിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) മരം കയറ്റ് തൊഴിലാളികൾക്ക് തൊഴിലിനിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് ധനസഹായപദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

തൊഴിലിനിടയിൽ അപകടത്തിൽപ്പെടുന്ന മരം കയറ്റ തൊഴിലാളികൾക്കായി, 1980-ലെ കേരള മരം കയറ്റ തൊഴിലാളി ക്ഷേമപദ്ധതി, 2012-ലെ കേരള മരം കയറ്റ തൊഴിലാളി അവശതാപെൻഷൻ പദ്ധതി എന്നിങ്ങനെ രണ്ടു പദ്ധതികൾ നിലവിലുണ്ട്. കേരള മരം കയറ്റ

തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ വൈകല്യം സംഭവിക്കുന്ന മരം കയറ്റ തൊഴിലാളിക്ക് 50,000/- രൂപയും (അൻപതിനായിരം രൂപ മാത്രം), തൊഴിലാളി മരണപ്പെടുന്ന പക്ഷം ആശ്രിതർക്ക് 1,00,000/- രൂപയും (ഒരു ലക്ഷം രൂപ മാത്രം) എക്സ്-ഗ്രേഷ്യാ ധനസഹായമായി നൽകിവരുന്നുണ്ട്. കേരള മരം കയറ്റ തൊഴിലാളി അവശതാപെൻഷൻ പദ്ധതി പ്രകാരം, നിലവിൽ പ്രതിമാസം 1600/- രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നുണ്ട്.

**ക്ഷേമനിധി ആനുകൂല്യങ്ങളും പെൻഷനും അനുവദിക്കൽ**

282 (1463) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കെ.എൻ.ആർ. 07763 എന്ന നമ്പർ പ്രകാരം അംഗത്വം എടുത്തിരുന്ന എ.വി.പ്രേമരാജൻ എന്നു മുതലാണ് ക്ഷേമനിധി ബോർഡിൽ അംഗമായത്?

30-01-1997-ലാണ് എ. വി. പ്രേമരാജൻ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായത്.

(ബി) അദ്ദേഹം ക്ഷേമനിധിയിലേയ്ക്ക് അടച്ച ആകെ തുക എത്രയെന്നും ക്ഷേമനിധിയിൽ നിന്നും പെൻഷനായ തീയതിയും അറിയിക്കുമോ?

എ. വി. പ്രേമരാജൻ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആകെ 3090/- രൂപ അംശദായമായി അടവാക്കിയിട്ടുണ്ട്. ടിയാന്റെ പെൻഷൻ തീയതി 30-09-2014 ആണ്.

(സി) അദ്ദേഹം മരണപ്പെട്ടത് സംബന്ധിച്ച അറിയിപ്പ് ബോർഡിന് ലഭിച്ചത് എന്നാണെന്നും മരണകാരണം എന്താണെന്നാണ് അറിയിച്ചിരുന്നതെന്നും വ്യക്തമാക്കാമോ?

എ. വി. പ്രേമരാജന്റെ ഭാര്യ, ശ്രീമതി സുജിത കെ.പി. സമർപ്പിച്ച പരാതിയിന്മേൽ റിപ്പോർട്ടിനായി കണ്ണൂർ ജില്ലാ കലക്ടർ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് അയച്ച 06-12-2017-ലെ കത്ത് മുഖേനയാണ് ടിയാൻ കാൻസർ രോഗംമൂലം മരണപ്പെട്ട വിവരം ബോർഡിൽ അറിഞ്ഞത്.

(ഡി) അദ്ദേഹം മരണമടഞ്ഞ സമയത്ത് അംശദായം അടവിൽ കുടിശ്ശിക ഉണ്ടായിരുന്നോ; എങ്കിൽ കുടിശ്ശിക തുക എത്രയായിരുന്നു; പ്രസ്തുത

കുടിശ്ശിക ഒടുക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2340/- രൂപ കുടിശ്ശികയുണ്ടായിരുന്നു. ടി കുടിശ്ശിക ഒടുക്കുവാൻ അനുമതി നൽകിയ 08-02-2019-ലെ LBRD-H1/7/2018-LBRD നമ്പർ സർക്കാർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+.

(ഇ) കുടിശ്ശിക അടച്ചത് എന്നാണെന്നും കുടിശ്ശിക അടച്ച രസീതിന്റെ പകർപ്പും ലഭ്യമാക്കുമോ; അംശാദായ കുടിശ്ശിക അടച്ചതോടെ എ.വി. പ്രേമരാജന്റെ കുടുംബം ക്ഷേമനിധി ആനുകൂല്യങ്ങളും പെൻഷനും നേടുന്നതിന് അർഹരായിട്ടുണ്ടോ?

അംശദായ കുടിശ്ശിക 17-09-2021-ൽ അടച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+. കുടിശ്ശിക അടവാക്കിയതിനെത്തുടർന്ന് പെൻഷനും റിട്ടയർമെന്റ് ആനുകൂല്യവും ലഭിക്കുന്നതിന് ടിയാന്റെ അവകാശികൾ അർഹത നേടിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എഫ്) അദ്ദേഹത്തിന്റെ കുടുംബത്തിന് ക്ഷേമനിധി ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പരേതനായ എ. വി. പ്രേമരാജന്റെ ഭാര്യ, ശ്രീമതി സുജിത കെ.പി.-യ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകിയ 08-02-2019-ലെ LBRD-H1/7/2018-LBRD നമ്പർ സർക്കാർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+.

(ജി) ക്ഷേമനിധി കുടിശ്ശിക പൂർണമായും അടയ്ക്കുകയും മറ്റ് നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കുകയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടും അദ്ദേഹത്തിന്റെ കുടുംബത്തിന് ക്ഷേമനിധി ആനുകൂല്യങ്ങളും പെൻഷനും നൽകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; അദ്ദേഹത്തിന്റെ കുടുംബത്തിന് ക്ഷേമനിധി ആനുകൂല്യങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എ.വി. പ്രേമരാജൻ എന്നവർക്ക് കുടിശ്ശിക ഉണ്ടായിരുന്ന 2340/- രൂപ 17-09-2021-ൽ അടവാക്കിയിരുന്നുവെങ്കിലും ടിയാന്റെ ആശ്രിതയായ ശ്രീമതി സുജിത കെ.പി. പെൻഷനും റിട്ടയർമെന്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും നാളിതുവരെയും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സമർപ്പിച്ചിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരം, പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അപേക്ഷ ബോർഡിൽ സമർപ്പിക്കുന്നതിന് ശ്രീമതി സുജിത കെ.പി.-ക്ക് ബോർഡിൽനിന്നും 12-07-2019, 29-01-2022 എന്നീ തീയതികളിൽ തപാൽ മുഖാന്തരവും തുടർന്ന് ടെലഫോൺ മുഖാന്തരവും നേരിട്ടും അറിയിപ്പ് നൽകിയിരുന്നു. ടിയാരി കണ്ണൂർ ജില്ലാ ഓഫീസിൽ നേരിട്ട് ഹാജരായപ്പോൾ ബാങ്ക് വിവരങ്ങളും ആവശ്യമായ മറ്റുരേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പെൻഷനും റിട്ടയർമെന്റ് ആനുകൂല്യവും ലഭ്യമാക്കുന്നതിനായി, പെൻഷൻ അപേക്ഷ ഓൺലൈനായി സമർപ്പിച്ച് ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പുകൾ ഉള്ളടക്കം

ചെയ്ത് അപേക്ഷ ഓഫീസിൽ ലഭ്യമാക്കുന്നതിന് 03-02-2023-ൽ രജിസ്റ്റേർഡ് കത്തുമുഖേന ബോർഡിൽനിന്നും ടിയാരിയ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

**തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള പെൻഷൻ നിഷേധിക്കുന്ന നടപടി**

283 (1464) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി ക്ഷേമനിധികളിൽനിന്ന് ലഭിച്ചിരുന്ന പെൻഷൻ സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നവർക്ക് നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

06-02-201-നുമുമ്പ് സാമൂഹ്യ സുരക്ഷാപെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ലഭിച്ചിരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാപെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്. 06-02-2017 മുതൽക്കുള്ള പെൻഷൻ ഗുണഭോക്താക്കൾക്ക് ഏതെങ്കിലും ഒരു പെൻഷൻ (സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് വിതരണം ചെയ്യുന്ന ക്ഷേമ ബോർഡ് പെൻഷൻ/സാമൂഹ്യ

സുരക്ഷാ പെൻഷൻ) ഗുണഭോക്താവിന്റെ താല്പര്യമനുസരിച്ച് അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി ലഭിക്കുന്നതാണ്. തനതുഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 06-07-2018 നു മുമ്പ് സാമൂഹ്യ സുരക്ഷാപെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചുവന്നിരുന്ന ഉയർന്നനിരക്കിലുള്ള സാമൂഹ്യ സുരക്ഷാപെൻഷൻ തുടർന്നും ലഭിക്കുന്നതാണ്.

(ബി) ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്ന് ഉൾപ്പെടെ പെൻഷൻ വാങ്ങിയിരുന്ന നിരവധി തൊഴിലാളികൾ പ്രസ്തുത തീരുമാനത്തിന്റെ പേരിൽ ദുരിതമനുഭവിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;വിശദാംശം നൽകുമോ?

ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ് തനതുഫണ്ടിൽനിന്നും പെൻഷൻ നൽകുന്നതിനാൽ ടി ബോർഡിലെ പെൻഷൻ ഗുണഭോക്താക്കൾക്ക് ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാപെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുവാൻ നിലവിലും അർഹതയുണ്ട്.

അർഹതപ്പെട്ടവർക്കെല്ലാം ആയത് ലഭിക്കുന്നുണ്ട്. ഒരാൾ ഒന്നിലധികം ക്ഷേമനിധിയിൽ ചേരുന്നത് ആശാസ്യമല്ല.

(സി) ദീർഘകാലം തൊഴിലാളി ക്ഷേമനിധിയിൽ അംശദായം അടച്ചതിനുശേഷം പെൻഷൻ കൈപ്പറ്റുന്ന തൊഴിലാളികൾക്ക് ന്യായമായി ലഭിക്കേണ്ട ആനുകൂല്യം ഇല്ലാതാക്കുന്ന നടപടി അവസാനിപ്പിക്കുവാൻ തൊഴിൽവകുപ്പ് മുൻകയ്യെടുക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

23-09-2020-ലെ സ.ഉ.(എം.എസ്)നം. 97/2020/ധന.നം. ഉത്തരവിലെ നിബന്ധനകൾ പ്രകാരമാണ് പെൻഷൻ ആനുകൂല്യം അനുവദിച്ചുവരുന്നത്.

**ഷോപ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെ ക്ഷേമത്തിനുള്ള നടപടികൾ**

284 (1465) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ക്ഷേമനിധി അടയ്ക്കാൻ ഉടമയുടെ

സഹായമില്ലാത്തതുമൂലം ക്ഷേമനിധി തുക അടയ്ക്കാൻ കഴിയാതെവന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത മേഖലയിലെ ജീവനക്കാർക്ക് ഇരിപ്പിട സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

2018-ലെ കേരള ഷോപ്പ്സ് ആൻഡ് കോമേഴ്സ്യൽഎസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) നിയമത്തിൽ വകുപ്പ് 21 (ബി) യിൽ തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിടസൗകര്യം തൊഴിലുടമ ഏർപ്പെടുത്തണമെന്ന വ്യവസ്ഥ നിലവിലുണ്ട്. ആയതനുസരിച്ച് തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ സ്ഥാപനപരിശോധന നടത്തുന്ന വേളയിൽ ഇക്കാര്യം ഉറപ്പുവരുത്താറുണ്ട്. പ്രസ്തുത സൗകര്യം നൽകിയിട്ടില്ലാത്ത തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് നൽകി ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുകയും തുടർന്നും ടി വ്യവസ്ഥ പാലിക്കാതിരിക്കുന്ന തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ

സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ ഇരിപ്പിടസൗകര്യം അനുവദിക്കാത്തത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് 2)-മാർ നേരിട്ട് അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**സംസ്ഥാനത്തെ നിർമ്മാണ തൊഴിലാളികളുടെ അംശദായം**

285 (1466) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണ തൊഴിലാളികളുടെ അംശദായം 2018 മുതൽ ഇരുപത് രൂപയിൽനിന്ന് അൻപത് രൂപയായി വർദ്ധിപ്പിക്കുകയുണ്ടായോ; അംശദായത്തിലെ വർദ്ധനവിനനുസൃതമായി തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്. 2018 ജനുവരി മുതൽ ഇരുപത് രൂപയിൽനിന്നും അൻപത് രൂപയാക്കി അംശദായം വർദ്ധിപ്പിച്ചിട്ടുണ്ട്. അംശദായം വർദ്ധിപ്പിച്ചതിനെ തുടർന്ന് ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) നിർമ്മാണ തൊഴിലാളികൾ സെക്രട്ടേറിയറ്റ് നടയിൽ നടത്തിയ രാപ്പകൽ സമരത്തെത്തുടർന്ന് ട്രേഡ് യൂണിയനുകളുമായി സർക്കാർ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പാക്കിയിരുന്നോ; ഇല്ലെങ്കിൽ ആയത് നടപ്പാക്കാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിർമ്മാണ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഭവനനിർമ്മാണ വായ്പയും ഉപകരണ വായ്പയും നിർത്തലാക്കുകയുണ്ടായോ; എങ്കിൽ ഇവ തുടർന്ന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ബോർഡ് കടുത്ത സാമ്പത്തികപ്രതിസന്ധി നേരിടുന്നതിനാൽ നിർമ്മാണ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഭവന നിർമ്മാണ വായ്പയും, ഉപകരണ വായ്പയും അനുവദിക്കുന്നത് താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് ഭവനവായ്പയും ഉപകരണ വായ്പയും തുടർന്നും അനുവദിക്കുന്നതാണ്.

(ഡി) നിലവിൽ പെൻഷൻ പറ്റി പിരിയുന്ന തൊഴിലാളികൾക്ക് അടച്ച അംശദായത്തുക മാത്രമാണോ നൽകുന്നത്; ഇവർക്ക് അംശദായത്തിന് ന്യായമായ പലിശ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ എന്നറിയിക്കുമോ?

കെട്ടിട നിർമ്മാണ ക്ഷേമ ബോർഡ് നിലവിൽ പെൻഷൻ പറ്റി പിരിയുന്ന തൊഴിലാളികൾക്ക് അടച്ച അംശദായ തുക തിരികെ നൽകിവരുന്നുണ്ട്. 1998 ആഗസ്റ്റ് 17-ന് മുൻപ് രജിസ്ട്രേഷൻ നേടിയ അംഗത്തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയ്ക്കും പലിശയ്ക്കും അർഹതയുണ്ട്.

**തൊഴിൽ മേഖലയിലെ കേരളത്തിന്റെ പുരോഗതി**

286 (1467) ശ്രീ. വി. ശശി:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ് ജയലാൽ:

ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ നിരക്ക് കുറഞ്ഞതായി സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമി നടത്തിയ പുതിയ പഠന

പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്, തൊഴിൽദായകശേഷി വർദ്ധിക്കുന്നതിന്റെ സൂചനയായി കാണാൻ കഴിയുമോയെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവേ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ തൊഴിൽവകുപ്പ് ചെയ്യുന്നില്ല. കൂടാതെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമില്ലാത്തതിനാൽ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് വിശകലനം ചെയ്യുന്നതിന് നിർവ്വാഹമില്ല. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ 27,36,469 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൊഴിൽസഭ, ജോബിഫെയറുകൾ, നൈപുണ്യവികസന പ്രവർത്തനങ്ങൾ എന്നിവവഴി തൊഴിൽദായകശേഷി വർദ്ധിച്ചുവരുന്നു.

(ബി) സംസ്ഥാനം നടപ്പിലാക്കുന്ന വ്യാവസായിക തൊഴിൽനയങ്ങൾ സമസ്തമേഖലകളിലും മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും വേതനവും തൊഴിലാളികൾക്ക് ലഭിക്കുന്നതിന് എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യംവച്ച് സമസ്തമേഖലകളെയും ഉൾപ്പെടുത്തി സർക്കാർ തൊഴിൽനയത്തിന്റെ അന്തിമരൂപത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിന്റെ സാമൂഹിക സാമ്പത്തികമേഖലകളുടെ സമഗ്രമായവളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കി കേരളത്തെ ഒരു തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് തൊഴിൽനയം ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഉല്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച് ലിംഗസമത്വം ഉറപ്പുവരുത്തുക, തൊഴിലാളികൾക്ക് ന്യായമായ വേതനവും ആരോഗ്യസുരക്ഷയും ഉറപ്പാക്കുക തുടങ്ങി നിരവധിലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് ഊന്നൽ നൽകിയാണ് തൊഴിൽനയം രൂപീകരിച്ചിട്ടുള്ളത്. സമസ്തമേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ

വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുമെന്ന് തൊഴിൽനയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

തൊഴിൽതർക്കങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സുദൃഢമായ തൊഴിലാളി തൊഴിലുടമബന്ധം ഉറപ്പാക്കുന്നതിനും തൊഴിൽതർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാവിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും തൊഴിൽനയം സഹായകരമായിട്ടുണ്ട്. തൊഴിൽനയത്തിലെ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 87 തൊഴിൽ മേഖലകളിൽ 84 തൊഴിൽമേഖലകളുടെ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽമേഖലകളുടെ മിനിമം വേതനം കാലാകാലങ്ങളിൽ പുതുക്കിനിശ്ചയിച്ചിട്ടുണ്ട്.

(സി) ആഗോള തൊഴിൽമേഖലയിൽ ആധുനിക കാലഘട്ടത്തിലെ നൂതന തൊഴിൽസാധ്യതകൾ മുന്നിൽകണ്ടുകൊണ്ട് പുതിയ

തൊഴിൽമേഖലകൾ കണ്ടെത്തുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ആഗോളതലത്തിൽ വൈജ്ഞാനിക തൊഴിൽ മേഖലയിലുൾപ്പെടെ കേരളത്തിന്റെ തൊഴിൽശേഷിയെ വിന്യസിക്കുന്നതിനും അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതർക്ക് അഭിരുചിക്കും നൈപുണ്യത്തിനും അനുസൃതമായി തൊഴിൽ കണ്ടെത്തുന്നതിന് കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ കേരള നോളജ് എക്കോണമി മിഷൻ എന്ന പ്രത്യേക ദൗത്യപദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കിയിട്ടുണ്ട്. പ്രാദേശികമായും ആഗോളതലത്തിലും ലഭ്യമായിട്ടുള്ള തൊഴിലുകളെ ഈ സംവിധാനത്തിലൂടെ ക്രോഡീകരിച്ചുനൽകുന്നു.

കേരള നോളജ് എക്കോണമി മിഷന്റെ ഭാഗമായി തൊഴിലന്വേഷകരെ തിരിച്ചറിയുകയും അനുയോജ്യമായ തൊഴിൽ സാധ്യതകൾ കണ്ടെത്തുകയും കേരളത്തിനും രാജ്യത്തിനും അകത്തും പുറത്തുമുള്ള തൊഴിലുകളിലേയ്ക്ക് തൊഴിലന്വേഷകരെ നയിക്കുക എന്ന ലക്ഷ്യത്തോടെ തൊഴിൽസഭ എന്ന

സൂക്ഷ്മതല ജനകീയ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. 18 നും 59 നും വയസ്സിനുമിടയിൽ തൊഴിലന്വേഷിക്കുന്ന ആർക്കും തൊഴിൽ-സംരംഭസാധ്യതകൾ മനസ്സിലാക്കുന്നതിനും ചർച്ചചെയ്യുന്നതിനും സർക്കാർ സംവിധാനങ്ങളുമായി ഇവരെ ബന്ധപ്പെടുത്തുന്നതിനുള്ള ജനകീയ ഇടവും ഇടപെടലുമായിരിക്കും തൊഴിൽസഭ.

(ഡി) അഞ്ച് ലക്ഷത്തിലധികം അന്യസംസ്ഥാനതൊഴിലാളികൾ തൊഴിലിനായി കേരളത്തെ ആശ്രയിക്കുന്ന സാഹചര്യത്തിൽ തദ്ദേശീയരായ തൊഴിലാളികൾക്ക് ആഭ്യന്തര തൊഴിൽസാധ്യതാനിരക്ക് മെച്ചപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനം പിന്തുടരുന്ന തൊഴിൽ നയങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

അന്യസംസ്ഥാനതൊഴിലാളികളെ സംസ്ഥാനത്ത് വിവിധ ജോലികൾക്ക് നിയോഗിക്കുന്നതുമൂലം തദ്ദേശീയരായ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നുവെന്നത് സംബന്ധിച്ച് പരാതിയൊന്നും തൊഴിൽ വകുപ്പിൽ ലഭിച്ചിട്ടില്ല. ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് നൈപുണ്യ വികസനത്തിന്റെ ഭാഗമായി Re-Skill, Up-

Skill പ്രോഗ്രാമുകളിൽ KASE മുഖേന പങ്കെടുപ്പിക്കുകയും ഒരു സ്കിൽ രജിസ്ട്രി രൂപീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ജോലി ആവശ്യമുള്ള തൊഴിലാളികൾക്ക് ഒരു സ്റ്റേറ്റ് ജോബ് പോർട്ടൽ, ജോബ് ഫെയർ എന്നിവയിൽ ഉൾപ്പെടുത്തി സ്വദേശത്തും വിദേശത്തും ജോലി നേടുന്നതിനുള്ള സാഹചര്യമുണ്ടാക്കുന്നു.

**വർഷങ്ങളായി പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ**

287(1468) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി മുൻസർക്കാരിന്റെ കാലത്ത് തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പൂട്ടിയ തോട്ടങ്ങളിലെ മാനേജ്മെന്റുകളെ ഉൾപ്പെടുത്തി ചർച്ചനടത്തുകയും തോട്ടം തുറക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ വ്യവസായ

വകുപ്പിന്റെ സജീവപരിഗണനയിലാണ്. ചർച്ചകളിലൂടെ തുറക്കാൻ സാധിക്കാത്ത തോട്ടങ്ങൾ 1953-ലെ ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തുറന്നു പ്രവർത്തിപ്പിക്കുന്നതും പൂട്ടിയ തോട്ടങ്ങൾ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഏറ്റെടുത്തുനടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതും പ്ലാന്റേഷൻ പോളിസിയിൽ ഉൾപ്പെടുത്തിയ വിഷയമാണ്.

(ബി) വർഷങ്ങളായി കെട്ടിക്കിടക്കുന്ന തൊഴിൽതർക്ക ഫയലുകൾ തീർപ്പാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോവിഡ് മഹാമാരിയുടെ കാലത്തുൾപ്പെടെ സമയബന്ധിതമായി തുടർനടപടികൾ പൂർത്തിയാക്കാൻ കഴിയാതെ പെൻഡിംഗ് ആയിട്ടുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയും അനുരഞ്ജന ചർച്ചകളിലൂടെയും പ്രശ്നപരിഹാരം നടത്തിവരുന്നു. അവധി ദിനങ്ങൾ പ്രവൃത്തി ദിനമാക്കിയും പ്രവൃത്തി ദിവസങ്ങളിൽ അധികസമയം ജോലി ചെയ്തും ഫയൽ തീർപ്പാക്കൽ യജ്ഞം പോലുള്ള പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്തും തൊഴിൽതർക്ക നിയമപ്രകാരം ചർച്ചകൾ

നടത്തി വിഷയം ഒത്തുതീർപ്പിലെത്തിക്കുകയാണ്. പരിഹാരം കണ്ടെത്താൻ കഴിയാത്ത വിഷയങ്ങൾ ലേബർ കോടതി/ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളുടെ ഇടപെടലിനായി നൽകിവരുന്നുണ്ട്.

(സി) തോട്ടം തൊഴിലാളികളുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ കുറഞ്ഞ കൂലി 2019 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുത്തി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിരുന്നു. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് മൂന്നു വർഷം കൂടുമ്പോഴായതിനാൽ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ കാലാവധി 31-12-2021-ന് അവസാനിച്ചിരിക്കുകയാണ്. തൊഴിലാളി-തൊഴിലുടമ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ 19-8-2022-ന് ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തൊഴിലാളികളുടെ മിനിമം വേതനം സംബന്ധിച്ച് മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് സമർപ്പിച്ചിരുന്ന

ഡിമാന്റുകളും ട്രേഡ് യൂണിയന്റെ ഭാഗത്തുനിന്നുള്ള ഡിമാന്റുകളും ഇരുവിഭാഗങ്ങൾക്കും സർക്കുലേറ്റ് ചെയ്തിരുന്നു.

തുടർന്ന് 27-01-2023-ൽ കൂടിയ യോഗത്തിൽ 01-04-2023 മുതൽ കഴിഞ്ഞ മിനിമം വേജസ് നോട്ടിഫിക്കേഷൻ മുഖേനയുള്ള അടിസ്ഥാന വേതനത്തോടൊപ്പം 20/- രൂപ കൂടി വർദ്ധിപ്പിക്കാമെന്ന് മാനേജ്മെന്റ് വ്യക്തമാക്കിയെങ്കിലും 2016-ലെ മിനിമം വേതനത്തിനോടൊപ്പം 52/- രൂപ വർദ്ധനവുണ്ടായാണ് 2021-ൽ മിനിമം വേജസ് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതെന്നും അതിനാൽ 20/- രൂപ വർദ്ധനവ് എന്ന മാനേജ്മെന്റിന്റെ നിലപാട് അംഗീകരിക്കാൻ കഴിയില്ലെന്നും വ്യക്തമാക്കിക്കൊണ്ട് തൊഴിലാളി പ്രതിനിധികൾ വിയോജിപ്പ് രേഖപ്പെടുത്തുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ അനുഭാവപൂർവ്വമായ തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി 04-03-2023-ന് തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം കൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുതുക്കിപ്പണിയുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുവാൻ നടപടികൾ സ്വീകരിക്കാമോയെന്ന് വിശദീകരിക്കുമോ?

തോട്ടം തൊഴിലാളികളുടെ താമസസൗകര്യങ്ങൾ ഒരുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 80 ലക്ഷം രൂപ പ്ലാന്റേഷൻ മേഖലയിലെ ലയം/പാഡി എന്നീ വാസസ്ഥലങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി വിനിയോഗിക്കാമെന്നും 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ, ഇനം നം.353-ൽ പ്ലാന്റേഷൻ മേഖലയിലെ ലയം/പാഡികൾ എന്നീ വാസസ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 10 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ, പ്രസ്തുത പ്രവൃത്തികൾക്കായി വിശദമായ എസ്റ്റിമേറ്റ് സഹിതം ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സംഘടിത തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തത്തിലുള്ള കുറവ്**

288 (1469) **ശ്രീ. ടി. പി. രാമകൃഷ്ണൻ:**

**ശ്രീ. പി. നന്ദകുമാർ:**

<u>ശ്രീ. എ. പ്രഭാകരൻ:</u>
<u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും കൂടിയ കൂലി ലഭിക്കുന്ന ഒരു സംസ്ഥാനം എന്ന ഖ്യാതി നിലനിൽക്കുന്നുണ്ടെങ്കിലും മാസവരുമാനക്കാരായ സ്ത്രീകൾക്കിടയിലും മറ്റ് തൊഴിലാളികൾക്കിടയിലും ഇപ്പോഴും നിലനിൽക്കുന്ന അസമത്വം പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് സ്ത്രീകൾക്ക് സൗകര്യപ്രദമായി തൊഴിലെടുക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. തുല്യജോലിയ്ക്ക് തുല്യവേതനം ഉറപ്പുവരുത്തുന്നതിനായി 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്റ്റ് പ്രകാരമുള്ള സേവന-വേതന വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് പരിശോധനകളിലൂടെ ഉറപ്പുവരുത്താറുണ്ട്. 1961-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ചട്ടങ്ങളിലെ ചട്ടം 5 A (4) പ്രകാരം പ്രത്യേക വിശ്രമ മുറി, 5 A (8) (ബി) പ്രകാരം പ്രത്യേക ശൗചാലയം, ചട്ടം 6 B പ്രകാരം ലൈംഗിക അതിക്രമം തടയുന്നതിനുള്ള നടപടിക്രമങ്ങൾ

സ്വീകരിക്കുന്നതിനും, 1961-ലെ മെറ്റേണിറ്റി ബെനഫിറ്റ് നിയമം പ്രകാരം 26 ആഴ്ചത്തെ പ്രസവാനുകൂല്യം, തൊഴിലെടുക്കുന്ന വനിതകളുടെ 6 വയസ്സിൽ താഴെയുള്ള കുട്ടികളെ പരിപാലിക്കുന്നതിന് ക്രഷ് സൗകര്യം മുതലായവയും നടപ്പിലാക്കിവരുന്നുണ്ട്. സ്ഥാപനപരിശോധനാവേളയിൽ സ്ത്രീ/പുരുഷ തൊഴിലാളികൾക്കിടയിൽ വേതനത്തിൽ വ്യത്യാസമില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്റ്റ് പ്രകാരമുള്ള പരിശോധനകൾ നടത്തുകയും അസമത്വങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പരിഹരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

രാജ്യത്ത് ഏറ്റവും കൂടിയ കൂലി ലഭിക്കുന്ന ഒരു സംസ്ഥാനം എന്ന ഖ്യാതി നിലനിൽക്കുന്നുണ്ടെങ്കിലും മാസവരുമാനക്കാരായ സ്ത്രീകൾക്കിടയിലും മറ്റ് തൊഴിലാളികൾക്കിടയിലും ഇപ്പോഴും നിലനിൽക്കുന്ന അസമത്വം പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ തൊഴിൽമേഖലയിൽ ജെൻഡർ ഓഡിറ്റിംഗ് നടത്തുന്നതാണ്.

(ബി) സംഘടിത തൊഴിൽമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തത്തിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുപരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾ സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുക വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടത്തിവരുന്നു. ഇത്തരം സംരംഭങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തത്തിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സ്ത്രീകൾ കൂടുതലായി സംരംഭകരംഗത്തേയ്ക്ക് വരുന്നതായാണ് കാണുന്നത്. 2022-23 വർഷം സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 1,28,966 സംരംഭങ്ങൾ വഴി ആകെ 2,76,604 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതിൽ 1,03,104 എണ്ണവും സ്ത്രീകൾ ആണ്. കൂടാതെ 1,28,966 സംരംഭങ്ങളിൽ 41,388 എണ്ണവും വനിതാ സംരംഭകരാണ് ആരംഭിച്ചത്.

(സി) സ്ത്രീകളുടെ പങ്കാളിത്തം തൊഴിൽ നൈപുണ്യം ആവശ്യമില്ലാത്ത മേഖലയിൽ മാത്രമായി ചുരുങ്ങിപോകുന്ന അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ?

സ്ത്രീകളുടെ പ്രവർത്തനം എല്ലാ മേഖലകളിലേയ്ക്കും വ്യാപിച്ചുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

(ഡി) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും മറ്റും കൂടുതൽ തുകയും സ്ത്രീകൾക്ക് മാത്രമുള്ള വേതനമായി ചെലവഴിക്കപ്പെടുന്നത് ഇങ്ങനെയുള്ള കാരണം കൊണ്ടാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നൈപുണ്യം ആവശ്യമില്ലാത്ത അവിദഗ്ധ തൊഴിലാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നൽകി വരുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ സംസ്ഥാനത്തിൽ ചെലവഴിക്കപ്പെടുന്ന അവിദഗ്ധ വേതനത്തിന്റെ 89.5 ശതമാനം തുകയും സ്ത്രീ തൊഴിലാളികൾക്കാണ് നിലവിൽ ലഭിക്കുന്നത്. ഒരു ദാരിദ്ര്യ ലഘൂകരണപദ്ധതി എന്ന നിലയിലാണ് കൂടുതലായി സ്ത്രീകൾ തൊഴിലുറപ്പുപദ്ധതിയിൽ പങ്കാളികളാകുന്നത്.

(ഇ) സ്ത്രീകൾക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് തൃശ്ശൂർ കിലെയുമായി ചേർന്ന് 'മികവ്'' പദ്ധതി ആവിഷ്ക്കരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

ജെൻഡർ പാർക്ക് മുഖേന സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശീലനം വനിതാശിശു വികസനവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു. വകുപ്പിലെ ക്ഷേമസ്ഥാപനങ്ങളിലെയും സമൂഹത്തിലെയും സ്ത്രീകൾക്കാണ് ഈ പരിശീലനം നൽകിവരുന്നത്. ആയത് കൂടാതെ ASAP, KASE എന്നീ സ്ഥാപനങ്ങൾ മുഖേനയും സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശീലനം നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പിലാക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന അടുത്ത വർഷങ്ങളിലേയ്ക്കുള്ള

എംപ്ലോയബിലിറ്റി സെന്ററുകളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നമുറയ്ക്ക് സ്ത്രീകൾക്ക് മാത്രമായുള്ള തൊഴിൽ നൈപുണ്യ പദ്ധതി ആവിഷ്കരിക്കുന്നതാണ്.

സ്ത്രീകൾക്ക് തൊഴിൽനൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിലുള്ള സർക്കാർ ഐ.ടി.ഐ.-കളിൽ 33% സീറ്റുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. കൂടാതെ വകുപ്പിനുകീഴിൽ 14 വനിതാ ഐ.ടി.ഐ.-കളും പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ തൊഴിൽ നൈപുണ്യം വർദ്ധിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് സഹായിക്കുന്നതിനുവേണ്ടി സ്കിൽഗ്യാപ് നടത്തി അതിനനുസൃതമായ കൂടുതൽ ഫലപ്രദമായ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തൊഴിൽ മേഖലയിലെ നൂതന പരിഷ്കരണങ്ങൾ**

289 (1470) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u>
<u>ശ്രീ. തോമസ് കെ. തോമസ്:</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>

<u>**ശ്രീ. കെ. പി. മോഹനൻ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളി ക്ഷേമവും തൊഴിൽ മേഖലയിലെ സുരക്ഷിതത്വവും മുൻനിർത്തി വിവിധ തൊഴിൽ മേഖലകളിൽ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ വിശദമാക്കുമോ?

തൊഴിലാളികൾക്കുള്ള ക്ഷേമവുമായി ബന്ധപ്പെട്ട് 16 ക്ഷേമനിധി ബോർഡുകൾ മുഖേന വിവിധ ക്ഷേമപദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇപ്രകാരമുള്ള പദ്ധതികളിൽ അംഗങ്ങളാകുന്നവർക്ക് അതത് പദ്ധതികൾ പ്രകാരമുള്ള അർഹതയ്ക്കനുസൃതമായി വിവാഹ ധനസഹായം, പ്രസവാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, ശവസംസ്കാര ചെലവ്, റിട്ടയർമെന്റ് ആനുകൂല്യം, പെൻഷൻ, അധിവർഷാനുകൂല്യം എന്നിവ നൽകിവരുന്നു.

(ബി) ഏതൊക്കെ മേഖലകളിലാണ് മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളതെന്നും ആയതിന്റെ വിശദാംശവും അറിയിക്കുമോ?

മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 87 തൊഴിൽമേഖലകളിൽ 84 തൊഴിൽമേഖലകളുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 63 മേഖലകളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുമുണ്ട്. മിനിമം വേതനം പുതുക്കി നിശ്ചയിച്ച മേഖലകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) തോട്ടം തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

തോട്ടം മേഖലയിലെ എല്ലാ ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുക എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ തൊഴിൽ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽ 32452 ഭവനരഹിതരായ തോട്ടം തൊഴിലാളികളെ കണ്ടെത്തുകയും ഇവരെ സർക്കാരിന്റെ ലൈഫ് മിഷൻ ലിസ്റ്റിനൊപ്പം പ്രത്യേക ലിസ്റ്റായി പരിഗണിക്കുന്നതിന് സർക്കാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അംഗീകാരം നൽകിയിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട തൊഴിൽ, തദ്ദേശ സ്വയംഭരണ, റവന്യൂ വകുപ്പുമന്ത്രിമാർ പങ്കെടുത്ത 05-10-2021-ലെ മീറ്റിംഗിൽ തൊഴിൽ വകുപ്പ് നടത്തിയ സർവ്വേവിവരങ്ങൾ സൂക്ഷ്മപരിശോധന നടത്തുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തുകയുണ്ടായി. 07-01-2022-ന് തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനപ്രകാരം ലൈഫ് മാനദണ്ഡപ്രകാരം വീട് ലഭ്യമാകുന്നതിനുള്ള അർഹത പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനെയും ലിസ്റ്റ് പരിശോധിക്കുന്നതിന് ലൈഫ് മിഷനെയും ചുമതലപ്പെടുത്തി, ആയതിന്റെ യൂസർ ഐ.ഡി.-യും പാസ്‌വേർഡും തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

മൂന്നാർ മേഖലയിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം തൊഴിലാളികൾക്കുള്ള 9 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. കൂടാതെ ഭവനം പദ്ധതി "ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം”-ൽ ഉൾപ്പെടുത്തി റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ പുനലൂരിലുള്ള എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലത്ത് 412 സ്ക്വയർ ഫീറ്റ്

വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചതിൽ 6 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറിയിട്ടുണ്ട്.

**കെ.എസ്.ബി.എ. സമർപ്പിച്ച നിവേദനം**

290 (1471) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആവശ്യങ്ങളുന്നയിച്ച് കെ.എസ്.ബി.എ. സമർപ്പിച്ച നിവേദനം സർക്കാർതലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പരിശോധന നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത നിവേദനത്തിലെ നടപ്പിലാക്കാനുദ്ദേശിക്കുന്ന ആവശ്യങ്ങൾ വിശദമാക്കാമോ?

പ്രസ്തുത നിവേദനത്തിലെ പ്രായോഗികമായ ആവശ്യങ്ങളിന്മേൽ സ്വീകരിച്ച നടപടി ചുവടെചേർക്കുന്നു.

1. 2021-ൽ പ്രഖ്യാപിച്ച പ്രകാരം കോവിഡ് ബാധിച്ച് ക്വാറന്റൈനിൽ കഴിഞ്ഞിട്ടുള്ളവർക്കും, ആശുപത്രിയിൽ ചികിത്സ തേടിയവർക്കും,

മരണമടഞ്ഞ പദ്ധതി അംഗങ്ങൾക്കും ആശ്രിതർക്കും യഥാക്രമം 2,000/-, 5,000/-, 15,000/- രൂപ വീതം അർഹരായ തൊഴിലാളികൾക്ക് എല്ലാ ജില്ലകളിലും ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്.

2. അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷിതത്വ ബോർഡിൽ കെ.എസ്.ബി.എ.-യെ പ്രതിനിധീകരിച്ചുകൊണ്ട് ശ്രീ.റ്റി.ജി നാരായണൻ, ശ്രീ. ആര്യനാട് മോഹനൻ എന്നിവരെ ബോർഡിലുൾപ്പെടുത്തിയിട്ടുണ്ട്.

3. ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമായി നടപ്പാക്കുന്നതിന് വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ തനത് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിലൂടെ തൊഴിലാളികളുടെ രജിസ്ട്രേഷൻ, അംശദായ അടവ്, ആനുകൂല്യ വിതരണം തുടങ്ങിയ പ്രവർത്തനങ്ങളും അഡ്മിനിസ്ട്രേഷൻ, ഫണ്ട് മാനേജ്മെന്റ് അടക്കമുള്ള പൊതുവായ പ്രവർത്തനങ്ങളും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുന്നതിന് ലക്ഷ്യമിടുന്നു.

4. പദ്ധതിയിൽ 10 വർഷക്കാലം തുടർച്ചയായി അംശദായം അടയ്ക്കുന്നവർക്ക് വീട് നിർമ്മിക്കുന്നതിനും വീട് അറ്റകുറ്റപ്പണികൾക്കും തൊഴിൽസാമഗ്രികൾ വാങ്ങുന്നതിനും ടിയാൻ അംശദായമായി അടച്ചതുകയുടെ 50 ശതമാനത്തിന്റെ 75 ശതമാനം തുക പലിശരഹിത വായ്പയായി അനുവദിക്കുന്നതാണ്.
5. ബോർഡിന്റെ ബാങ്കിംഗ് സേവനങ്ങൾ പൂർണ്ണമായും കേരള ബാങ്ക് മുഖേന നടപ്പിലാക്കുന്നതിന് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. കേരള ബാങ്കിന്റെ എല്ലാ ബ്രാഞ്ചുകളിലും ഡിജിറ്റൽ സാങ്കേതികവിദ്യ പ്രാപ്തമാകുന്നതിലൂടെ അംശദായ അടവുവിവരം ബോർഡിൽനിന്നും വിതരണം ചെയ്യുന്ന പാസ്സ്ബുക്കിൽ രേഖപ്പെടുത്തി മതിയായ സാക്ഷ്യപ്പെടുത്തൽ നടത്തുന്നതുൾപ്പെടെയുള്ള തൊഴിലാളി കേന്ദ്രീകൃത സേവനങ്ങൾ സൗകര്യപ്പെടുത്തുന്നതിനുള്ള ധാരണ കേരള ബാങ്കുമായി ഉണ്ടാക്കുന്നതും അത്തരം സാക്ഷ്യപ്പെടുത്തലുകളടങ്ങിയ പാസ്സ്ബുക്ക് ആനുകൂല്യവിതരണത്തിനുള്ള ആധികാരികരേഖയായി പരിഗണിക്കുന്നതുമാണ്. ഈ പദ്ധതി നിലവിൽ വരുന്നതോടുകൂടി

അംശദായ അടവ് അംഗങ്ങളുടെ അക്കൗണ്ടിൽ യഥാസമയം വരവ് വയ്ക്കുന്നതുസംബന്ധിച്ച പരാതികൾ പരിഹരിയ്ക്കപ്പെടുന്നതാണ്.

6. എല്ലാ ജില്ലാ ഓഫീസുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി അന്യത്രസേവന വ്യവസ്ഥയിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ഉൾപ്പെടെയുള്ള ജീവനക്കാരെ അന്യത്രസേവന വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്.

7. കേരള കൈത്തൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽ പ്രതിമാസം അംശദായമായി 10 രൂപ നിരക്കിൽ ജില്ലകളിൽ വിവിധ സ്റ്റേറ്റ് ബാങ്കിലെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുക കണ്ടെത്തി അവ ക്രോഡീകരിച്ച് അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയുടെ ഫണ്ട് അക്കൗണ്ടിലേയ്ക്ക് കൈമാറിക്കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

8. കോവിഡ്-19 പ്രതിസന്ധിമൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളതിനാലും നിരവധി തൊഴിലാളികൾക്ക് അംശദായം കൃത്യമായി ഒടുക്കുന്നതിന് സാധിക്കാത്ത സാഹചര്യവും

ഉണ്ടായിട്ടുള്ളതിനാലും ഒരു വർഷം വരെ അംശദായ ഇനത്തിൽ കുടിശ്ശിക വരുത്തിയ അംഗങ്ങൾക്ക് 22-09-2021-ലെ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംശദായ കുടിശ്ശിക ഗഡുക്കളായി സ്വീകരിക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷിതത്വ പദ്ധതി ബോർഡിൽ കെ.എസ്.ബി.എ. പ്രതിനിധിയെ ഉൾപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷിതത്വ ബോർഡിൽ കെ.എസ്.ബി.എ.-യെ പ്രതിനിധീകരിച്ചുകൊണ്ട് ശ്രീ. റ്റി. ജി. നാരായണൻ, ശ്രീ. ആര്യനാട് മോഹനൻ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കൊടുവള്ളി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി**

291 (1472) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഇ-6301521/2022/മിനിസ്റ്റർ (എൽ.ബി.ആർ.ഡി.) എന്ന ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(എ & ബി) കൊടുവള്ളി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, സോളാർ ടെക്നീഷ്യൻ എന്നീ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ പുതുതായി ട്രേഡുകൾ അനുവദിക്കുവാൻ നിർവ്വാഹമില്ല എന്ന് തീരുമാനത്തിലെത്തുകയുണ്ടായി.

**ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിന് നടപടി**

292 (1473) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. തൃത്താല, കരുനാഗപ്പള്ളി, നെടുമങ്ങാട്, വാമനപുരം, പീച്ചി, മഞ്ചേശ്വരം, തവനൂർ, പൂഞ്ഞാർ എന്നീ നിയമസഭാ മണ്ഡലങ്ങളിൽ ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) പൈവളിഗെയിൽ ഐ.ടി.ഐ. ആരംഭിക്കുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പൈവെളിഗെയിൽ ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് എത്ര ഐ.ടി.ഐ.-കളാണ് പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

നിലവിലെ സാമ്പത്തികസ്ഥിതി പരിഗണിച്ച് പുതിയ ഐ.ടി.ഐ.-കൾ തുടങ്ങുന്നതിന് തല്ക്കാലം നിർവ്വാഹമില്ല.

**ധനുവച്ചപുരം ഇന്റർനാഷണൽ ഐ.ടി.ഐ. നിർമ്മാണ പുരോഗതി**

293 (1474) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനുവച്ചപുരം ഇന്റർനാഷണൽ ഐ.ടി.ഐ. നിർമ്മാണം എന്ന കിഫ്ബി പ്രോജക്ടിന്റെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ ഉള്ളടക്കം, പദ്ധതി മുഖേന ചെയ്ത പ്രവൃത്തികളുടെ വിശദവിവരം എന്നിവ ലഭ്യമാക്കുമോ?

നിലവിൽ 98% നിർമ്മാണ പുരോഗതി കൈവരിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഉള്ളടക്കം താഴെ പറയുന്നു:

വിവരസാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി ആധുനിക പഠന സജ്ജീകരണങ്ങളോടുകൂടിയ മെയിൻ ബിൽഡിംഗ് ബ്ലോക്ക്, നിലവിലുള്ള ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് മുറികളാക്കുന്നു.

കോൺഫറൻസ് ഹാളുകൾ, ലൈബ്രറി, വർക്ക്ഷോപ്പുകൾ, സെമിനാർ ഹാൾ HVAC (HVAC Heating, Ventilating, and Air Conditioning System), സെക്യൂരിറ്റി ക്യാബിനോടുകൂടിയ പ്രവേശന കവാടം, മഴവെള്ള സംഭരണ സംവിധാനം, ആധുനിക സംവിധാനമായ CCTV, Networking, ELV System, മിന്നൽ രക്ഷാചാലകം അഗ്നിരക്ഷാ സംവിധാനങ്ങൾ, Sign Board-കൾ

ഗുണമേന്മയിലുള്ള ഫർണിച്ചറുകൾ അഗ്നിരക്ഷാ സംവിധാനങ്ങളുടെ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ എല്ലാ പ്രവൃത്തികളും 31-03-2023-ന് പൂർത്തിയാക്കാൻ സാധിക്കും.

(സി) അധികസാമ്പത്തിക ബാധ്യതയില്ലാതെതന്നെ ധനുവച്ചപുരം ഐ.ടി.ഐ.-യിലെ ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഒരു അധിക ബാച്ച് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ധനുവച്ചപുരം ഐ.ടി.ഐ.-യിൽ ഇലക്ട്രോണിക്സ് മെക്കാനിക്ക് വിഭാഗത്തിന്റെ അധിക യൂണിറ്റ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവെങ്കിലും സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതിയിൽ ആയത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി.

(ഡി) ധനുവച്ചപുരം ഐ.ടി.ഐ.-യിൽ വിവിധ വിഭാഗങ്ങളിലായി പുതിയ ട്രേഡ് ആരംഭിക്കുന്നതിനായി പ്രൊപ്പോസലുകൾ നിലവിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

അത്തരത്തിലുള്ള ശിപാർശകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**നെന്മാറ ഗവ. ഐ.റ്റി.ഐ. കെട്ടിടം നിർമ്മാണം**

294 (1475) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ ഗവ. ഐ.റ്റി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണം നടത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ നിർമ്മാണ പ്രവർത്തനം തുടങ്ങാനാവശ്യമായ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) നെന്മാറ ഐ.റ്റി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി 2020-21 സാമ്പത്തികവർഷത്തിൽ 3 കോടി രൂപ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ PWD റേറ്റ് റിവിഷൻ വന്നതിനാലും GST 12% ൽ നിന്നും 18% ആയി ഉയർന്നതിനാലും 45 ലക്ഷം രൂപ അധികരിച്ച് 3.45 കോടി രൂപയുടെ ഭരണാനുമതി പുതുക്കി നൽകുന്ന വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരുകയാണ്.

**കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ തുടങ്ങുന്നതിനുള്ള നടപടികൾ**

295 (1476) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ട്രെയിനിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ട്രേഡുകൾ തുടങ്ങുന്നതിനാണ് ശിപാർശ ചെയ്തിട്ടുള്ളത്; പ്രസ്തുത ട്രേഡുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ&ബി) ശിപാർശ ചെയ്തിരുന്നു. മെക്കാനിക്ക് മെഡിക്കൽ ഇലക്ട്രോണിക്സ്, ഫാഷൻ ഡിസൈൻ ടെക്നോളജി, ഫിറ്റർ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, വെൽഡർ എന്നീ ട്രേഡുകൾ തുടങ്ങുന്നതിനുള്ള ശിപാർശയാണ് സർക്കാരിൽ സമർപ്പിച്ചിരുന്നത്. എന്നാൽ സർക്കാരിന്റെ നിലവിലത്തെ സാമ്പത്തികസ്ഥിതിയിൽ പുതുതായി ട്രേഡുകളനുവദിക്കാൻ നിർവ്വാഹമില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള വ്യവസ്ഥകൾ**

296 (1477) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽ ഉൾപ്പെടാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന നിർദ്ദേശം നിലവിലുണ്ടോ?

സർക്കാർ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങൾ/ബോർഡുകൾ/ കമ്പനികൾ /കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയ്ക്ക് പുറത്തുവരുന്ന ഒഴിവുകൾ, സർക്കാർ സ്ഥാപനങ്ങളിലെ പബ്ലിക് സർവീസ് കമ്മീഷന്റെ നിയമനപരിധിയിൽ ഉൾപ്പെടുന്ന തസ്തികകളിലെ താല്കാലിക ഒഴിവുകൾ എന്നിവ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമായിരിക്കണമെന്ന കർശന നിർദ്ദേശം കാലാകാലങ്ങളിൽ എല്ലാ സർക്കാർ വകുപ്പുകൾ/പൊതുമേഖല സ്ഥാപനങ്ങൾ/ ബോർഡുകൾ/കമ്പനികൾ/ കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മേധാവികൾക്ക് നൽകിയിട്ടുണ്ട്.

(ബി) യോഗ്യരായവർ ഇല്ലെങ്കിൽ യോഗ്യരായവർ ഇല്ലെന്ന സർട്ടിഫിക്കറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും വാങ്ങിയ ശേഷമേ പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടുള്ള നിയമനം നടത്താൻ പാടുള്ളൂ എന്ന വ്യവസ്ഥ നിലവിലുണ്ടോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ PSC-യ്ക്ക് വിടുന്നതിന്റെ ഭാഗമായി നിയമനചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ടെന്നും പ്രസ്തുത നിയമന ചട്ട രൂപീകരണത്തിനുമുമ്പും കൂടാതെ മറ്റ് സാങ്കേതിക കാരണങ്ങളാലും ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രം നികത്തേണ്ടതാണെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും NAC ലഭ്യമായാൽ മാത്രം ഓപ്പൺ മാർക്കറ്റിൽനിന്നും നിയമനം നടത്താവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ വകുപ്പുകൾ/പൊതുമേഖല സ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/ കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയ്ക്കുപുറത്ത് വരുന്ന ഒഴിവുകൾ, സർക്കാർ സ്ഥാപനങ്ങളിലെ പബ്ലിക് സർവീസ് കമ്മീഷന്റെ നിയമന

പരിധിയിൽ ഉൾപ്പെടുന്ന തസ്തികകളിലെ താല്ക്കാലിക ഒഴിവുകൾ എന്നിവയിലെ നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രം നികത്തേണ്ടതാണെന്ന് വ്യവസ്ഥ നിലവിലുണ്ട്. അപ്രകാരം അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് വകുപ്പിലെ നിയമങ്ങൾക്കനുസൃതമായി സർക്കുലേഷൻ നടപടികൾ പൂർത്തിയാക്കിയശേഷവും പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിൽ കൂടി പ്രചരണം നടത്തിയശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ NESM (നാഷണൽ എംപ്ലോയ്മെന്റ് സർവീസ് മാന്വൽ) volume II ലെ form X -49 ൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഉദ്യോഗദായകന് നൽകുന്നു.

(സി) പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ച് നിയമനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

വ്യക്തികൾ/സംഘടനകൾ മുഖേന ലഭിക്കുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ്

ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും ചില സ്ഥാപനങ്ങളിൽ വ്യവസ്ഥകൾ ലംഘിച്ച് നിയമനങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെടുകയും ടി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്

(ഡി) എങ്കിൽ പ്രസ്തുത നിയമനാധികാരികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാസ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ്

എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പുമേധാവികൾക്കും/ തലവന്മാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും വ്യവസ്ഥകൾ ലംഘിച്ച് നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി നിയമനങ്ങൾ റദ്ദുചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ**

297 (1478) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇപ്പോൾ എത്ര ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും എണ്ണം എത്രയാണെന്നും അറിയിക്കാമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 27,36,469 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 17,45,509 സ്ത്രീകളും 9,90,943 പുരുഷന്മാരും ഉൾപ്പെടുന്നു.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ജോലി ലഭിച്ചതിനാൽ രജിസ്ട്രേഷൻ ഒഴിവാക്കിയ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സ്ഥിരനിയമനം ലഭിച്ചതിനാൽ 15,278 പേരെ സ്ഥിരമായും താല്ക്കാലിക നിയമനം ലഭിച്ചതിനാൽ 58,550 പേരെ താല്ക്കാലികമായും രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതുകൂടാതെ സ്വന്തം പരിശ്രമത്തിൽ പി.എസ്.സി.-യിലോ മറ്റ് സ്ഥാപനങ്ങളിലോ ജോലി ലഭിച്ചതിനാൽ എംപ്ലോയ്മെന്റ്

വകുപ്പിന്റെ സേവനം ആവശ്യമില്ലായെന്നറിയിച്ചിട്ടുള്ള 636 പേരെയും രജിസ്ട്രേഷനിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

298 (1479) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്ന് എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെട്ട ഒഴിവുകളിന്മേൽ 18,476 പേർക്കും നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പുമുഖേന ആവിഷ്കരിച്ച നടപ്പാക്കിവരുന്ന പദ്ധതിയായ എംപ്ലോയബിലിറ്റി സെന്റർ മുഖേനയും മോഡൽ കരിയർ സെന്റർ മുഖേനയും നടത്തിവരുന്ന പ്ലേസ്മെന്റ് ഡ്രൈവുകളിലൂടെ 12,505 പേർക്കും നിയുക്തിതൊഴിൽ മേളകൾ മുഖേന 19,612 പേർക്കും കരിയർ ഡെവലപ്മെന്റ്

സെന്ററുകൾ മുഖേന നടത്തിയ ജോബ് ഡ്രൈവുകൾ വഴി 135 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ സർക്കാർ മേഖലയിൽ നൽകിയ സ്ഥിരനിയമനം, താല്കാലിക നിയമനം, സ്വകാര്യമേഖലയിൽ നൽകിയ നിയമനങ്ങൾ എന്നിവ വേർതിരിച്ച് വിശദമാക്കാമോ?

സർക്കാർ മേഖലയിൽ 4,086 പേർക്ക് സ്ഥിരനിയമനവും, 14,390 പേർക്ക് താല്കാലിക നിയമനവും, സ്വകാര്യമേഖലയിൽ 32,252 പേർക്ക് നിയമനവും നൽകിയിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ**

299 (1480) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ കുറഞ്ഞുവരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ 2020-21-ൽ 10,883 പേർക്കും 2021-22-ൽ 11,228 പേർക്കും നിയമനങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽനിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങൾ കൂടുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) ദിവസവേതന അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലുമുള്ള നിയമനങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യക്തികൾ/സംഘടനകൾ മുഖേന ലഭിക്കുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും ചില സ്ഥാപനങ്ങളിൽ ദിവസവേതന/ കരാർ നിയമനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ആയവ കൂടുതലും വിവിധ പദ്ധതികളുമായി ബന്ധപ്പെട്ടതും അംഗീകൃത തസ്തികകളിന്മേൽ അല്ലാത്തവയുമായതിനാൽ

ആയതൊന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തന്നെ നടത്തണമെന്ന നിർദ്ദേശം ഉറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന

വകുപ്പ് മേധാവികൾക്കും/തലവൻമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതിന് വിരുദ്ധമായി കരാർനിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി നിയമനങ്ങൾ റദ്ദുചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് കർശനനിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ കൃത്യമായ സമയങ്ങളിൽ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

**നിയമനം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾ**

300 (1481) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി നിയമനം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളിൽ നിന്നുമാണ് സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാസ്ഥാപനങ്ങളിലും, സർക്കാർ ഏജൻസികളിലും താൽക്കാലിക-കരാർ ജീവനക്കാരെ

നിയമിക്കുന്നതെന്ന് ഉറപ്പാക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. വഴിയല്ലാത്ത നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1959 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സർക്കാർ ഗ്രാൻഡിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയ്ക്കു പുറത്തുവരുന്ന എല്ലാത്തരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിർബന്ധമായും അറിയിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്താമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തി താത്കാലിക

നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്ട് പ്രകാരം സ്ഥാപനങ്ങളിൽ പരിശോധന നടത്തുവാൻ സംസ്ഥാനത്ത് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരാണെന്ന് അറിയിക്കാമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പിലെ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (പിറ്റി), റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവരെയും, 14 ജില്ലകളിലെയും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുൾപ്പെടെ എല്ലാ ഗസറ്റഡ് ഉദ്യോഗസ്ഥരെയും കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരമുള്ള സ്ഥാപന പരിശോധനകൾ നടത്തുന്നതിന് പരിശോധന അധികാരികളായി ചുമതലനൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ആക്ട് പ്രകാരമുള്ള പരിശോധനകളുടെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമിച്ച എത്ര താല്ക്കാലിക

ജീവനക്കാരെ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പിരിച്ചു വിട്ടിട്ടുണ്ട്; വിശദാംശം നൽകുമോ?

കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ/സ്ഥാപനങ്ങളിൽ നിന്നും 195 ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**തൊഴിലില്ലായ്മ വേതനം നൽകുന്നതിന്റെ മാനദണ്ഡം**

301 (1482) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ട്; ഇതിൽ എത്ര തൊഴിൽരഹിതർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

സംസ്ഥാനത്ത് നിലവിൽ 85 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ട്. ഇതിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് ആകെയുള്ള അഭ്യസ്തവിദ്യരായ തൊഴിൽരഹിതരിൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ, പുരുഷനും സ്ത്രീയും തിരിച്ചുള്ള ജില്ലാതല കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള പുരുഷൻമാരുടെയും സ്ത്രീകളുടെയും ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർക്കുന്നു+.

(സി) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ പുരുഷനും സ്ത്രീയും തിരിച്ചുള്ള ജില്ലാതല കണക്ക് നല്കാമോ?

തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം III ആയി ചേർക്കുന്നു+.

(ഡി) തൊഴിലില്ലായ്മ വേതനം നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് പതിനെട്ടു വയസ്സിനുശേഷം 3 വർഷം തുടർച്ചയായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവർക്കും വാർഷിക കുടുംബവരുമാനം 12,000/- രൂപയിൽ കവിയാത്തവർക്കും വ്യക്തിഗത വരുമാനം 100/- രൂപയിൽ കവിയാത്തവർക്കും ഈ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകരുടെ പ്രായപരിധി 35 വയസ്സിൽ കവിയരുത്. അപേക്ഷകർ എസ്.എസ്.എൽ.സി. പാസ്സായവരും 18 വയസ്സിനുശേഷം 3 വർഷത്തെ രജിസ്ട്രേഷൻ സീനിയോറിറ്റി ഉള്ളവരും ആയിരിക്കണം. (SC/ST വിഭാഗത്തിൽപ്പെട്ടവരും/ ഭിന്നശേഷിക്കാരും എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയിരുന്നാലും മതി, പാസ്സാകണമെന്നില്ല). ഭിന്നശേഷിക്കാർക്ക് 18 വയസ്സിനുശേഷം രണ്ടുവർഷത്തെ രജിസ്ട്രേഷൻ സീനിയോറിറ്റി മതിയാകും. അപേക്ഷകർ വിദ്യാർത്ഥിയാകാൻ പാടില്ല. 6 മാസം വരെ ദൈർഘ്യമുള്ള ഹ്രസ്വകാലകോഴ്സിൽ പഠിക്കുന്നവരെ വിദ്യാർത്ഥിയെന്ന നിർവ്വചനത്തിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ യോഗ്യതയുള്ളവർ സമർപ്പിക്കുന്ന അപേക്ഷ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ

അർഹതാപരിശോധനയുടെ അടിസ്ഥാനത്തിൽ അർഹതയുണ്ടെങ്കിൽ തൊഴിലില്ലായ്മ വേതനം അനുവദിക്കും. തുടർന്ന് ഓരോതവണ തൊഴിലില്ലായ്മ വേതനം അനുവദിക്കുമ്പോഴും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം അപേക്ഷകനെ വിളിച്ചുവരുത്തി അപേക്ഷകന്റെ തൊഴിൽനില, വരുമാനം, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ തുടങ്ങിയവ സംബന്ധിച്ച് പരിശോധന നടത്തി അർഹത ഉറപ്പുവരുത്തി തൊഴിലില്ലായ്മ വേതനം അനുവദിച്ചുനൽകുന്നു.

**വില്ലേജുതല ജനകീയ സമിതികളുടെ പ്രവർത്തനങ്ങൾ**

302 (1483) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീ. പി. എസ്. സുപാൽ:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ:</u>
<u>ശ്രീ. വാഴൂർ സോമൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി വില്ലേജുതല ജനകീയ സമിതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന്; വ്യക്തമാക്കാമോ?

13-01-2022-ലെ സ.ഉ.(സാധാ)നം.209/2022/റവ നമ്പർ സർക്കാർ ഉത്തരവുപ്രകാരം വില്ലേജുതല ജനകീയസമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) വില്ലേജുതല ജനകീയ സമിതികളുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

1. വില്ലേജ് ഓഫീസർ (കൺവീനർ)

2. വില്ലേജ് പരിധിയിൽ വരുന്ന നിയമാസഭാംഗം അദ്ധ്യക്ഷത വഹിക്കും.

3. നിയമസഭാംഗത്തിന്റെ അഭാവത്തിൽ വില്ലേജ് പരിധിയിൽ വരുന്ന കേർപ്പറേഷൻ മേയർ/മുനിസിപ്പൽ ചെയർമാൻ/പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കും.

4. മേൽപ്പറഞ്ഞവരുടെ അഭാവത്തിൽ വില്ലേജ് ഓഫീസ് ഉൾപ്പെട്ടുവരുന്ന പ്രദേശത്തെ യഥാക്രമം ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത് മെമ്പർ അദ്ധ്യക്ഷത വഹിക്കും.

5. വില്ലേജിന്റെ ചാർജ്ജ് ഓഫീസർ ആയ ഡെപ്യൂട്ടി തഹസിൽദാർ

6. നിയമസഭയിൽ അംഗത്വമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ

7. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ അംഗം

8. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധി

ബന്ധപ്പെട്ട RR ഡെപ്യൂട്ടി കളക്ടർമാർ നോഡൽ ഓഫീസർ ആയിട്ടുള്ള വില്ലേജുതല ജനകീയ സമിതിയുടെ യോഗം എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച മൂന്ന് മണിക്ക് എല്ലാ വില്ലേജുകളിലും ചേരുന്നതും മുൻകൂട്ടി നിശ്ചയിച്ച് നൽകുന്ന അജണ്ടയിലെ വിഷയങ്ങളിന്മേൽ ചർച്ചകൾ നടത്തി വരുന്നതുമാണ്.

(സി) ഡിജിറ്റൽ റീസർവ്വെ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിൽ വില്ലേജുതല ജനകീയ സമിതികൾക്ക് നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന്; വ്യക്തമാക്കാമോ?

18-11-2022, 20-01-2023 എന്നീ തീയതികളിൽ ചേർന്ന വില്ലേജുതല ജനകീയ സമിതി യോഗങ്ങളിൽ ഡിജിറ്റൽ റീസർവ്വെ സംബന്ധിച്ച വിഷയം അജണ്ടയായി ഉൾപ്പെടുത്തിയിരുന്നതും ആയതിന്മേൽ ചർച്ചകൾ നടത്തിയിട്ടുള്ളതുമാണ്. സർവ്വെ നടക്കുന്ന വില്ലേജുകളിൽ ആയത് പ്രയോജനകരമായിരുന്നതായാണ് വിലയിരുത്തിയിട്ടുള്ളത്.

(ഡി) ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ജനകീയപങ്കാളിത്തം ഉറപ്പാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വില്ലേജുതല സമിതികൾക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

പ്രകൃതിക്ഷോഭങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതൽ സംബന്ധിച്ചും ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കാൻ സജ്ജമാക്കേണ്ട കെട്ടിടങ്ങളുടെ ലഭ്യതയും ക്രമീകരണങ്ങൾ സംബന്ധിച്ചും ചർച്ചകൾ നടത്തിയിട്ടുള്ളതും തീരുമാനങ്ങളെടുത്തിട്ടുള്ളതുമാണ്.

**തുറവൂർ വില്ലേജിൽ വാതക്കാട് എസ്.സി. കോളനി റോഡ് നിർമ്മാണം**

303 (1484) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വാതക്കാട് പട്ടികജാതി കോളനി പ്രദേശത്ത് സർക്കാർ നിർമ്മിച്ച് നൽകിയ വീടുകളിലേയ്ക്ക് പോകുന്ന റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സെക്രട്ടറിയുടെ 18-10-2022-ലെ 396/എൻ.സി.എ./2022/കൃഷി നമ്പർ കത്ത് എന്നാണ് കളക്ടർക്ക് ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

തുറവൂർ വില്ലേജിലെ വാതക്കാട് എസ്.സി.കോളനി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സെക്രട്ടറിയുടെ 18-10-22-ലെ 396/എൻ.സി.എ/2022/കൃഷി നമ്പർ കത്ത് 22-10-2022-ൽ എറണാകുളം കളക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കത്തിന്മേൽ കളക്ടർ എന്നാണ് സർക്കാരിന് റിപ്പോർട്ട് നൽകിയത് പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ?

തുറവൂർ വില്ലേജിലെ വാതക്കാട് എസ്.സി.കോളനി റോഡ് നിർമ്മാണ സ്ഥലം നേരിൽ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫോർട്ട് കൊച്ചി സബ് കളക്ടർക്ക് 31-10-2022-ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഫോർട്ട് കൊച്ചി സബ് കളക്ടറിൽനിന്നും റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതാണ്.

(സി) പ്രസ്തുത പ്രദേശത്തെ രോഗികളെ കസേരയിൽ ചുമന്നുകൊണ്ടു പോകുന്ന സ്ഥിതിക്ക് പരിഹാരം കാണുന്ന വിഷയത്തിൽ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും ആയത് വൈകിപ്പിക്കുന്ന നടപടി

പരിശോധിക്കുമോ; പ്രസ്തുത റിപ്പോർട്ട് വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയത്തിൽ വളരെ അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫോർട്ട് കൊച്ചി സബ് കളക്ടർക്ക് എറണാകുളം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് സ്ഥലം ഏറ്റെടുക്കാൻ സ്വീകരിച്ച നടപടികൾ**

304 (1485) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽക്കൂടി കടന്നുപോകുന്ന നിർദ്ദിഷ്ട ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിലെ മരുത്വാ റോഡ് (ch 0.000) മുതൽ കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വരെ (ch 121.006) 121 കി.മീ. ദൈർഘ്യമുള്ള പാലക്കാട് - കോഴിക്കോട് ദേശീയപാത-966 (ഗ്രീൻഫീൽഡ് ഹൈവേ) പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ മൂന്ന് ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്.

ഗ്രീൻഫീൽഡ് ഹൈവേയ്ക്കായി മൂന്ന് ജില്ലകളിലായി ആകെ 545 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

NH Act, 1956 പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളതും കോഴിക്കോട് ജില്ലയിൽ 3A വിജ്ഞാപനം 06-04-2022-നും 3D വിജ്ഞാപനം (28.276 ഹെക്ടർ) 04-11-2022-നും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

മലപ്പുറം ജില്ലയിൽ 3A വിജ്ഞാപനം 01-06-2022-നും 3D വിജ്ഞാപനം (239.32 ഹെക്ടർ) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ 3A വിജ്ഞാപനം 31-05-2022-നും 3D വിജ്ഞാപനം (277.48 ഹെക്ടർ) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലവും കെട്ടിടങ്ങളും നഷ്ടപ്പെടുന്നവർക്ക് നൽകുന്ന നഷ്ട പരിഹാരത്തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) സ്ഥലം നഷ്ടപ്പെടുന്നവർക്ക് നഷ്ട പരിഹാരമായി മാർക്കറ്റ് വിലയുടെ ഇരട്ടിത്തുക നൽകാൻ നടപടി സ്വീകരിക്കുമോ?

(ബി &സി) NH Act, 1956 പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം പട്ടിക-1 പ്രകാരമുള്ള നഷ്ടപരിഹാരവും ആ ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടിക-2 പ്രകാരമുള്ള പുനരധിവാസവും നൽകുന്നതാണ്. ഭൂമിയുടെ വില 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 26(1) പ്രകാരമാണ് മാർക്കറ്റ് വില (BVR) കണക്കാക്കുന്നത്.

3A നോട്ടിഫിക്കേഷൻ തീയതിക്ക് പുറകിലേയ്ക്ക് 3 വർഷക്കാലയളവിൽ, ഭൂമി ഏറ്റെടുക്കുന്ന വില്ലേജിലോ സമീപ വില്ലേജുകളിലോ നടന്ന സമവും സമാനമായ ഭൂമികളുടെ മുഴുവൻ ആധാരങ്ങളും പരിശോധിച്ച് ഏറ്റവും കൂടിയ വില കാണിച്ച പകുതി ആധാരങ്ങളുടെ ശരാശരി വിലയാണ് മാർക്കറ്റ് വിലയായി (BVR) കണക്കാക്കുന്നത്. ഇത്തരത്തിൽ കണക്കാക്കിയ മാർക്കറ്റ് വിലയുടെ (BVR)-(എ) ഗുണനഘടകവും (നഗര പ്രദേശത്തുനിന്നും 10 കി.മീ ഉള്ളിൽ ഗുണനഘടകം 1.2, 10-20 കി.മീ ഉള്ളിൽ ഗുണനഘടകം 1.4, 20-30 കി.മീ ഉള്ളിൽ ഗുണനഘടകം 1.6 അപ്രകാരം) -(ബി), ഏറ്റെടുക്കുന്ന ഭൂമിയിലെ എല്ലാവിധ നിർമ്മിതികൾക്കും പൊതുമരാമത്ത് വകുപ്പ് കണക്കാക്കുന്ന വില, മരങ്ങളുടെ വിലനിർണ്ണയം (സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ്), കാർഷിക

വിളകളുടെ വിലനിർണ്ണയം (അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റ്)-(സി) എന്നിവ കൂട്ടി കിട്ടുന്ന (a* b+c) വിലയും ആയതിന്റെ 100% സൊലേഷ്യവും അടക്കം കണക്കാക്കുന്ന വിലയും (a*b+c) * 100 =(ഡി), അതോടൊപ്പം വിജ്ഞാപന തീയതി മുതൽ അവാർഡ് തീയതി വരെ 12% നിരക്കിൽ മാർക്കറ്റ് വിലയുടെ അധിക വർദ്ധനവും നൽകുന്നതാണ്. ഭൂമി ഏറ്റെടുക്കൽമൂലം ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് പട്ടിക-2 പ്രകാരമുള്ള പുനരധിവാസത്തിനും അർഹത ഉണ്ടായിരിക്കുന്നതാണ്. കെട്ടിടങ്ങളുടെ പഴക്കത്തിനനുസരിച്ച് ഡിപ്രിസിയേഷൻ കണക്കാക്കാതെ നഷ്ടപരിഹാരം നൽകണമെന്ന് NHAI-യോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കാതെ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകാമോ?

ഗ്രീൻഫീൽഡ് ഹൈവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ജില്ലകളക്ടറുടെ നേതൃത്വത്തിൽ ഹൈവേ കടന്നുപോകുന്ന സ്ഥലത്തെ ജനപ്രതിനിധികളുടെ യോഗം റവന്യൂമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയിട്ടുള്ളതും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ അതത് സ്ഥലങ്ങളിൽ

സ്ഥലം നഷ്ടപ്പെടുന്നവരുടെ യോഗം കൂടി സംശയങ്ങൾക്കും ചോദ്യങ്ങൾക്കും വ്യക്തമായ വിശദീകരണം നൽകിയിട്ടുള്ളതുമാണ്.

**ലാൻഡ് ബോർഡുകൾ സ്ഥാപിച്ച് മിച്ചഭൂമി കേസുകൾ തീർപ്പാക്കുന്നതിന് നടപടി**

305 (1486) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് ലാൻഡ് ബോർഡുകൾക്ക് പകരം സോണൽ ലാൻഡ് ബോർഡുകൾ സ്ഥാപിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ എത്ര സോണുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള 78 താലൂക്ക് ലാൻഡ് ബോർഡുകളെ 4 സോണുകളായി തിരിച്ച് ഓരോ സോണിന്റെയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡെപ്യൂട്ടി കളക്ടർമാരെ ലാൻഡ് ബോർഡ് ചെയർമാൻമാരായി നിയമിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സോണൽ ലാൻഡ് ബോർഡുകൾക്കുപകരം ഓരോ ജില്ലയ്ക്കും പ്രത്യേക ലാൻഡ് ബോർഡുകൾ സ്ഥാപിച്ച് മിച്ചഭൂമി കേസുകൾ

തീർപ്പാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**തൃക്കാക്കര മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

306 (1487) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കാക്കര നിയോജക മണ്ഡലത്തിൽ എവിടെയെല്ലാമാണ് റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളതെന്ന വിവരം അറിയിക്കാമോ; പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം, സർവ്വേ നമ്പർ, ഉൾപ്പെടുന്ന വില്ലേജ്, ഉൾപ്പെടുന്ന താലൂക്ക് എന്നിവ ലഭ്യമാക്കാമോ?

തൃക്കാക്കര നിയോജക മണ്ഡലത്തിൽ കണയന്നൂർ താലൂക്കിൽ വാഴക്കാല, കാക്കനാട് വില്ലേജുകളിലാണ് റവന്യൂ പുറമ്പോക്ക് ഭൂമിയുള്ളത്. വാഴക്കാല, കാക്കനാട് വില്ലേജുകളിലെ പുറമ്പോക്ക് ഭൂമിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു+. പ്രസ്തുത പുറമ്പോക്ക് ഭൂമികളുടെ നിലവിലുള്ള വിസ്തീർണ്ണം കണക്കാക്കുന്നതിനായി ടി വിസ്തീർണ്ണത്തിൽനിന്നും അതത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വേ നമ്പറുകളിൽ അനുവദിച്ചിട്ടുള്ള പട്ടയങ്ങളുടെ ഏരിയ കുറച്ചാൽ മാത്രമേ നിലവിലുള്ള റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിസ്തീർണ്ണം കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. ആയതിന് ഓരോ സർവ്വേ നമ്പരിന്റെയും 'ബി' രജിസ്റ്റർ പരിശോധിച്ച് ഏരിയ ലിസ്റ്റ് തയ്യാറാക്കേണ്ടതും പഴയ സർവ്വേ നമ്പറുകളിൽ അനുവദിച്ചിട്ടുള്ള പട്ടയങ്ങളുടെ ഏരിയ കോ റിലേറ്റ് ചെയ്ത് നോക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് വളരെയധികം സമയം ആവശ്യമായതിനാൽ പുറമ്പോക്ക് ഭൂമികളുടെ നിലവിലുള്ള വിസ്തീർണ്ണം കണ്ടെത്തുന്നതിനായി കാലതാമസം നേരിടും.

വാഴക്കാല കാക്കനാട് വില്ലേജുകളിലെ പുറമ്പോക്ക് ഭൂമിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കോഴിച്ചെന കണ്ടംചിറ പറമ്പിന്റെ ഉടമസ്ഥാവകാശം**

307 (1488) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തെന്നല വില്ലേജിൽപ്പെട്ട കോഴിച്ചെനയിലെ കണ്ടംചിറ പറമ്പ് എന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഏത് വകുപ്പിനാണെന്ന് വിശദമാക്കാമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തിരൂരങ്ങാടി താലൂക്ക് തെന്നല വില്ലേജിൽപ്പെട്ട കോഴിച്ചെനയിലെ കണ്ടംചിറ പറമ്പിൽപ്പെട്ട സർവ്വേ നമ്പർ 246/2A (OLD survey NO. 150/2) 1 ഏക്കർ 61 സെന്റ്, സർവ്വേ നമ്പർ 246/2B (OLD Survey NO. 150/2) 45 സെന്റ്, സർവ്വേ നമ്പർ 247/1A (OLD Survey NO. 149/3) 5 ഏക്കർ 42 സെന്റ് വസ്തുക്കളുടെ ഉടമസ്ഥാവകാശം PWD (ദേശീയ പാത)യുടെ പേരിലാണ്.

(ബി) ഈ ഭൂമിയുടെ സ്കെച്ച്, സൈറ്റ് പ്ലാൻ, വിസ്തീർണം, സർവ്വേ നമ്പറുകൾ എന്നിവയുടെ പകർപ്പുകൾ സഹിതമുള്ള വിശദാംശം ലഭ്യമാക്കാമോ?

i. സർവ്വേ നമ്പർ 246/2A (OLD Survey NO. 150/2) 1 ഏക്കർ 61 സെന്റ്

ii. സർവ്വേ നമ്പർ 246/2B (OLD Survey NO. 150/2) 45 സെന്റ്

iii. സർവ്വേ നമ്പർ 247/1A (OLD Survey NO. 149/3) 5 ഏക്കർ 42 സെന്റ്

ആകെ വിസ്തീർണ്ണം - 7 ഏക്കർ 48 സെന്റ് (പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു+)

(സി) ഈ ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ടി ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ (അടങ്കൽ പകർപ്പ്) എഫ് എം ബി എന്നിവ അനുബന്ധം II ആയി ചേർക്കുന്നു+)

**എടക്കര പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി**

308 (1489) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടക്കര പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 03-03-2022-ൽ ചേർന്ന ഭൂമി തരംമാറ്റുന്നതിനുള്ള സംസ്ഥാനതല സമിതിയുടെ റിപ്പോർട്ടിന്റെ വിശദാംശവും പകർപ്പും ലഭ്യമാക്കാമോ; എടക്കര വില്ലേജിൽ സർവ്വെ നമ്പർ 1065/2-ൽപ്പെട്ട 0.1619 ഹെക്ടർ സ്ഥലത്തിന് പരിവർത്തനാനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകാവുന്നതാണെന്ന് പ്രസ്തുത സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് "അനുബന്ധം എ" ആയി ഉള്ളടക്കം ചെയ്യുന്നു+.

(ബി) എടക്കര പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടുകിട്ടിയ സ്ഥലം ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കപ്പെട്ടതാണോ എന്നറിയിക്കാമോ; ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് നൽകാമോ?

പ്രസിദ്ധീകരിച്ച ഡേറ്റാബാങ്ക് പ്രകാരം പ്രസ്തുത സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത സ്ഥലമാണ് എടക്കര പഞ്ചായത്ത് പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിന്റെ പകർപ്പ് അനുബന്ധം 'ബി' ആയി ഉള്ളടക്കം ചെയ്യുന്നു+.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 എ(8) പ്രകാരം പെരിന്തൽമണ്ണ ആർ.ഡി.ഒ. മേൽ വിഷയത്തിൽ സർക്കാരിന് സമർപ്പിച്ച വിവിധ റിപ്പോർട്ടുകളുടെ പകർപ്പുകൾ നൽകാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റവന്യൂ ഡിവിഷണൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 'സി' ആയി ഉള്ളടക്കം ചെയ്യുന്നു+.

(ഡി) സർക്കാർ റിപ്പോർട്ടുകൾ പ്രകാരം പ്രസ്തുത ഭൂമിയിൽ അവസാനമായി കൃഷി ചെയ്തിരുന്നത് എത്ര വർഷം മുമ്പായിരുന്നുവെന്നും പ്രസ്തുത സർവ്വെ നമ്പരുൾപ്പെടുന്ന റവന്യൂ ബ്ലോക്കിലോ സമീപ ബ്ലോക്കുകളിലോ സമാനമായ നഞ്ച സ്വഭാവമുള്ള ഭൂമികളിൽ ഏതെങ്കിലും തരത്തിലുള്ള കെട്ടിടനിർമ്മാണം നടന്നിട്ടുണ്ടോയെന്നും അറിയിക്കാമോ?

നിലമ്പൂർ താലൂക്കിൽ എടക്കര വില്ലേജിൽ 1065/2-ൽ ഉൾപ്പെട്ട 0.1619 ഹെക്ടർ സ്ഥലത്ത് ഏകദേശം 30 വർഷമായ 6 തെങ്ങുകളും 12 വർഷം പ്രായമായ കവുങ്ങുകളുമുണ്ട്. എന്നാൽ പ്രസ്തുത സർവ്വേ നമ്പരുകളിൽപ്പെട്ട ഈ ഭൂമിയുടെ ചുറ്റും ചതുപ്പായതും മുൻപ് വയലായിരുന്നതും എന്നാലിപ്പോൾ തരിശിട്ടിരിക്കുന്നതുമായ പ്രദേശങ്ങളാണ്. പ്രസ്തുത സർവ്വേ നമ്പർ ഉൾപ്പെടുന്ന റവന്യൂ ബ്ലോക്കിലോ സമീപ ബ്ലോക്കിലോ സമാനമായി നഞ്ച സ്വഭാവമുള്ള ഭൂമികളിൽ ഏതെങ്കിലും തരത്തിലുള്ള കെട്ടിടനിർമ്മാണം നടത്തുന്നതിന് ടി വകുപ്പ് അനുമതി നൽകിയിട്ടില്ല. എന്നാൽ എടക്കര വില്ലേജിൽ പഴയ സർവ്വേ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നമ്പരാണ് നിലവിലുള്ളതെന്നും പ്രസ്തുത സർവ്വേ നമ്പരിൽ A രജിസ്റ്റർ പ്രകാരം 34.55 ഏക്കർ ഭൂമിയുണ്ടെന്നും ആയതിൽ കെട്ടിടനിർമ്മാണം നടന്നിട്ടുണ്ടെന്നും എടക്കര പോലീസ് സ്റ്റേഷന് മാറ്റിവച്ച ടി സർവ്വേ നമ്പരിൽപ്പെട്ട ഭൂമി പുനർവിഭജനം ചെയ്ത് 1065/6 എന്നാക്കിയിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) മറ്റ് സ്ഥലങ്ങൾ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ സർക്കാർ ആവശ്യങ്ങൾക്ക് ഭൂമി തരംമാറ്റുന്നതിന് സർക്കാരിന് പ്രത്യേക അധികാരമുണ്ടോ; എങ്കിൽ ആയതിനുള്ള നടപടിക്രമം വിശദമാക്കാമോ?

"വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി" പൊതു ആവശ്യത്തിന് നിലം പരിവർത്തനപ്പെടുത്തുന്നതിന് സംസ്ഥാനതല സമിതി മുമ്പാകെ ലഭിക്കുന്ന അപേക്ഷകളിൽ സമിതി പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്മേൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10 പ്രകാരം അനുമതി നൽകാൻ സർക്കാരിന് അധികാരമുണ്ട്. "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി" പൊതു ആവശ്യത്തിന് പരിവർത്തനപ്പെടുത്താൻ ടി നിയമത്തിലെ വകുപ്പ് 27 എ (8) പ്രകാരം റവന്യൂ

ഡിവിഷണൽ ഓഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് ടി നിയമത്തിലെ വകുപ്പ് 27 എ(9) പ്രകാരം അനുമതി നൽകാൻ സർക്കാരിന് അധികാരമുണ്ട്.

**ഭൂമി തരംമാറ്റം വഴി ഖജനാവിൽ എത്തിയ തുക**

309 (1490) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തണ്ണീർത്തടം നികത്തൽ നിയമത്തിലെ ഇളവുകൾ പ്രകാരം ഭൂമിയുടെ തരംമാറ്റുന്നതുവഴി ഖജനാവിലെത്തിയ തുക എപ്രകാരം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരം ആക്ടിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ, നെൽവയലുകൾ സംരക്ഷിക്കുന്നതിനായി രൂപീകരിക്കുന്ന ജില്ല/താലൂക്കുതല സ്ക്വാഡുകളുടെ പ്രവർത്തനത്തിനാവശ്യമായ വാഹനങ്ങൾ

ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള മറ്റെല്ലാവിധ ചെലവുകൾക്കുമായി കാർഷിക അഭിവൃദ്ധി ഫണ്ട് വിനിയോഗിക്കുന്നതിനുള്ള വ്യവസ്ഥയുള്ളതാണ്.

മേൽപ്രകാരമുള്ള വ്യവസ്ഥയിലെ, സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടിയോ അല്ലെങ്കിൽ സർക്കാർ നിർദ്ദേശിക്കുന്ന വിധത്തിലോ ആക്ടിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ എന്ന വ്യവസ്ഥ പ്രകാരം, സംസ്ഥാനത്ത് 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി ലഭിച്ച കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരുന്നതിനാൽ, അപേക്ഷകളുടെ അതിവേഗതീർപ്പാക്കൽ ദൗത്യത്തിനായുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 990 താല്ക്കാലിക തസ്തികകൾ സൃഷ്ടിക്കുന്നതിനും കൂടാതെ ഐ.ടി. അനുബന്ധ സൗകര്യങ്ങൾ, ഫീൽഡ് പരിശോധനയ്ക്കായുള്ള വാഹനസൗകര്യം എന്നിവയ്ക്കായും നിലവിൽ 21,08,16,909 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 13 പ്രകാരം നിലം പൂർവ്വസ്ഥിതിയിലാക്കേണ്ട ആവശ്യത്തിലേക്കായി

കാർഷിക അഭിവൃദ്ധി ഫണ്ടിലേയ്ക്ക് 10 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച്, ടി തുക ചെലവഴിക്കുന്നതിനനുസൃതമായി, 10 കോടി രൂപ കാർഷിക അഭിവൃദ്ധി ഫണ്ടിൽ ക്രമമായി പുനഃസ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥയുൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയവും, പ്രാദേശികതല നിരീക്ഷണ സമിതിയിലെ നെൽകർഷക അംഗങ്ങൾക്ക് നിലവിൽ സ്വന്തം വരുമാനത്തിൽനിന്നുള്ള തുക ചെലവഴിക്കേണ്ട സാഹചര്യമാണുള്ളതെന്നതിനാൽ ആയതിനായി കാർഷിക അഭിവൃദ്ധി ഫണ്ടിൽനിന്നും തുക അനുവദിക്കുന്ന വിഷയവും സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത തുക തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് വകമാറ്റുന്നതിനുള്ള നിർദ്ദേശം ഉയർന്നിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) റവന്യൂ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ലഭിച്ച തുക തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് മാറ്റാനുള്ള നിർദേശം ഉയർന്നുവരാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

(ബി-ഡി) ഈ വിഷയം റവന്യൂ വകുപ്പിൽ പരിശോധിച്ചിട്ടില്ല.

**പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവെ – നഷ്ടപരിഹാരം നൽകുന്നതിന് നടപടി**

310 (1491) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് – കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതിയെന്തെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ മരുത്വാ റോഡ് (ch 0.000) മുതൽ കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വരെ (ch 121.006) 121 കി.മീ ദൈർഘ്യമുള്ള പാലക്കാട് - കോഴിക്കോട് ദേശീയപാത-966 (ഗ്രീൻഫീൽഡ് ഹൈവേ) പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ മൂന്ന് ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്.

ഗ്രീൻഫീൽഡ് ഹൈവേയ്ക്കായി മൂന്ന് ജില്ലകളിലായി ആകെ 545 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

NH Act, 1956 പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളതും കോഴിക്കോട് ജില്ലയിൽ 3A വിജ്ഞാപനം 06-04-2022-നും 3D വിജ്ഞാപനം (28.276 ഹെക്ടർ) 04-11-2022-നും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

മലപ്പുറം ജില്ലയിൽ 3A വിജ്ഞാപനം 01-06-2022-നും 3D വിജ്ഞാപനം (239.32 ഹെക്ടർ) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ 3A വിജ്ഞാപനം 31-05-2022-നും 3D വിജ്ഞാപനം (277.48 ഹെക്ടർ) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭൂമിയും കെട്ടിടവും കൃഷിയിടങ്ങളും തൊഴിലും ഉൾപ്പെടെ നഷ്ടപ്പെടുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

NH Act, 1956 പ്രകാരം ഏറ്റെടുക്കുന്ന ഭൂമിക്ക് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം പട്ടിക-1 പ്രകാരമുള്ള നഷ്ടപരിഹാരവും ആ ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടിക-2 പ്രകാരമുള്ള പുനരധിവാസവും നൽകുന്നതാണ്. ഭൂമിയുടെ വില 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 26(1) പ്രകാരമാണ് മാർക്കറ്റ് വില (BVR) കണക്കാക്കുന്നത്. കെട്ടിടങ്ങളുടെ പഴക്കത്തിനനുസരിച്ച് ഡിപ്രീസിയേഷൻ കണക്കാക്കാതെ നഷ്ടപരിഹാരം നൽകണമെന്ന് NHAI-യോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക പാക്കേജ് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

(ഡി) ഭവനരഹിതരായ ഭൂവുടമകൾക്ക് മാർക്കറ്റ് വിലയിൽനിന്നും ഉയർന്ന നഷ്ടപരിഹാരം നൽകുന്നതിനും കാർഷിക വിളകൾക്ക് അവയുടെ

ആയുസ്സ് കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

ഭൂമിയുടെ വില 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 26(1) പ്രകാരമാണ് മാർക്കറ്റ് വില (BVR) കണക്കാക്കുന്നത്. 3A നോട്ടിഫിക്കേഷൻ തീയതിക്ക് പുറകിലേയ്ക്ക് 3 വർഷക്കാലയളവിൽ ഭൂമി ഏറ്റെടുക്കുന്ന വില്ലേജിലോ സമീപ വില്ലേജുകളിലോ നടന്ന സമവും സമാനമായ ഭൂമികളുടെ മുഴവൻ ആധാരങ്ങളും പരിശോധിച്ച് ഏറ്റവും കൂടിയ വില കാണിച്ച പകുതി ആധാരങ്ങളുടെ ശരാശരി വിലയാണ് മാർക്കറ്റ് വിലയായി (BVR) കണക്കാക്കുന്നത്. ഇത്തരത്തിൽ കണക്കാക്കിയ മാർക്കറ്റ് വിലയുടെ (BVR)-(എ) ഗുണനഘടകവും (നഗര പ്രദേശത്തുനിന്നും 10 കി.മീ. ഉള്ളിൽ ഗുണനഘടകം 1.2, 10-20 കി.മീ ഉള്ളിൽ ഗുണനഘടകം 1.4, 20-30 കി.മീ ഉള്ളിൽ ഗുണനഘടകം 1.6 അപ്രകാരം) -(ബി), ഏറ്റെടുക്കുന്ന ഭൂമിയിലെ എല്ലാവിധ നിർമ്മിതികൾക്കും പൊതുമരാമത്ത് വകുപ്പ് കണക്കാക്കുന്ന വില, മരങ്ങളുടെ വിലനിർണ്ണയം (സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ്), കാർഷിക വിളകളുടെ വില നിർണ്ണയം (അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റ്)-(സി) എന്നിവ

കൂട്ടി കിട്ടുന്ന (a*b+c) വിലയും ആയതിന്റെ 100% സൊലേഷ്യവും അടക്കം കണക്കാക്കുന്ന വിലയും (a*b+c) * 100 =(ഡി), അതോടൊപ്പം വിജ്ഞാപന തീയതി മുതൽ അവാർഡ് തീയതി വരെ 12% നിരക്കിൽ മാർക്കറ്റ് വിലയുടെ അധിക വർദ്ധനവും നൽകുന്നതാണ്. ഭൂമി ഏറ്റെടുക്കൽമൂലം ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് പട്ടിക-2 പ്രകാരമുള്ള പുനരധിവാസത്തിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത് പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ നൽകുന്ന വിലനിർണ്ണയ പട്ടികയുടെ അടിസ്ഥാനത്തിലാണ്. ആയതുപ്രകാരം തൈകൾ, കായ്ഫലമില്ലാത്തവ, കായ്ഫലമുള്ളവ എന്നീ കാറ്റഗറി തിരിച്ചാണ് ഓരോ വിളകൾക്കും വിലനിർണ്ണയ പട്ടിക തയ്യാറാക്കുന്നത്.

**നറുകര വില്ലേജ് വിഭജിച്ച് കരുവമ്പ്രം വില്ലേജ് രൂപീകരിക്കാൻ നടപടി**

311 (1492) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ നറുകര വില്ലേജ് വിഭജിച്ച് കരുവമ്പ്രം വില്ലേജ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

(ബി) എടപ്പറ്റ വില്ലേജ് ഓഫീസിന് പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

എടപ്പറ്റ വില്ലേജ് ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. 2023 മാർച്ച് മാസം പൂർത്തീകരിക്കുവാൻ കഴിയുമെന്ന രീതിയിലാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്.

**ഭൂനികുതി ഓൺലൈനായി അടക്കുന്നതിന് നടപടി**

312 (1493) ശ്രീ. വി. ആർ. സുനിൽകുമാർ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂനികുതി ഓൺലൈനായി അടക്കുന്നതിനുള്ള സംവിധാനം എല്ലാ വില്ലേജുകളിലും നടപ്പിലായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) മുഴുവൻ വില്ലേജുകളിലും ഓൺലൈനായി നികുതി അടക്കുന്നതിനുള്ള സൗകര്യം സർക്കാർ ഏർപ്പെടുത്തുമോ?

**(എ-സി)** സംസ്ഥാനത്ത് ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം എല്ലാ വില്ലേജുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

**റവന്യൂവകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളുടെ കാലാവധി**

313 (1494) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർട്ടിഫിക്കറ്റുകളുടെ കാലാവധി നിശ്ചയിച്ച് സർക്കാർ ഉത്തരവുണ്ടെങ്കിലും മറ്റ് വകുപ്പുകൾ ഇത് അംഗീകരിക്കാതെ, സർട്ടിഫിക്കറ്റുകൾ കാലാവധി കഴിയുന്നതിന് മുമ്പുതന്നെ പുതിയത് ഹാജരാക്കുവാൻ ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റ് വകുപ്പുകളിൽനിന്നുള്ള സേവനങ്ങൾക്കും ആനുകൂല്യങ്ങൾക്കും ഹാജരാക്കേണ്ട രേഖകളിൽ സർട്ടിഫിക്കറ്റുകളുടെ കാലാവധിയിൽ റവന്യൂവകുപ്പിന്റെ നിർദ്ദേശം പാലിക്കുന്നതരത്തിൽ മാറ്റംവരുത്താത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) സർട്ടിഫിക്കറ്റുകളുടെ കാലാവധി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതരത്തിൽ വിവിധ വകുപ്പുകൾക്കാവശ്യമായ നിർദ്ദേശം നൽകുന്നതിനും ഉത്തരവ് കർശനമായി പാലിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 27-04-2007-ലെ സ.ഉ. (കൈ)നം.136/2007/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും ലാൻഡ് റവന്യൂ മാന്വലിലെ വാല്യം VI-ലെ ഖണ്ഡിക 216 പ്രകാരവും റവന്യൂ

വകുപ്പിൽനിന്നും നൽകുന്ന വിവിധ സാക്ഷ്യപത്രങ്ങൾക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വിവിധ ആവശ്യങ്ങൾക്കായി അപേക്ഷകർ വിവിധ വകുപ്പുകളിൽ ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകൾ ടി കാലാവധിക്കുള്ളിൽ ഉള്ളതാണോ എന്നത് പരിഗണിക്കാതെ പല വകുപ്പുകളും/സ്ഥാപനങ്ങളും പുതിയ സർട്ടിഫിക്കറ്റ് തന്നെ ആവശ്യപ്പെടുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് റവന്യൂവകുപ്പ് അനുവദിക്കുന്ന എല്ലാ സാക്ഷ്യപത്രങ്ങളിലും ആയതിന്റെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമായി രേഖപ്പെടുത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ**

314 (1495) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ജനവരി പത്താം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചേർന്ന ഉന്നതതല യോഗതീരുമാനങ്ങൾ വിശദീകരിക്കാമോ;

(ബി) 1960, 1993 എന്നീ വർഷങ്ങളിലെ ഭൂപതിവ് നിയമങ്ങളിൽ ഭേദഗതിയിലൂടെ വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) 1) 1960-ലെ ഭൂപതിവ് നിയമത്തിൽ കൃഷി ആവശ്യത്തിനായി നൽകിയ ഭൂമി വകമാറ്റിയുള്ള ഉപയോഗം ക്രമവൽക്കരിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്ന പുതിയ വകുപ്പ് ചേർക്കുവാൻ ഭേദഗതി കൊണ്ടുവരിക. ഇത് വരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുക.

2) മേൽ നിയമ ഭേദഗതി വഴി സർക്കാരിന് ലഭിക്കുന്ന അധികാരം വിനിയോഗിച്ച് വിവിധ വകമാറ്റലുകളെ ക്രമപ്പെടുത്തുന്നതിനായി പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുക.

3) ജീവനോപാധിയ്ക്കായി നടത്തിയിട്ടുള്ള 1500 സ്ക്വയർഫീറ്റ് വരെയുള്ള ചെറിയതരത്തിലുള്ള നിർമ്മാണങ്ങളും അതിൽപ്പെടുന്ന

ജീവനോപാധിക്കായി തിരിച്ചിട്ടുള്ള ചെറിയ കടമുറികളും അപേക്ഷാഫീസും ക്രമവത്ക്കരിക്കുന്നതിനുള്ള പ്രത്യേക ഫീസും ഈടാക്കി ക്രമപ്പെടുത്താവുന്നതാണ്. ഇവ ക്രമീകരിക്കുമ്പോൾ താമസിക്കുന്നതിനുള്ള 1500 സ്ക്വയർഫീറ്റ് വരെയുള്ള നിർമ്മാണങ്ങളും അതിൽപ്പെടുന്ന ജീവനോപാധിക്കായി തിരിച്ചിട്ടുള്ള ചെറിയ കടമുറികളും അപേക്ഷാഫീസും ക്രമവൽക്കരിക്കുന്നതിനുള്ള പ്രത്യേക ഫീസും ഈടാക്കി ക്രമപ്പെടുത്താവുന്നതാണ്.

4) 1500-ന് മുകളിൽ വിസ്തീർണ്ണമുള്ള നിർമ്മിതികളെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് വലിയ നിർമ്മിതികൾക്ക് അപേക്ഷാഫീസ്, ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് എന്നിവയ്ക്കുപുറമെ സെസ്, വാർഷിക സെസ്, പരിസ്ഥിതി സംരക്ഷണത്തിനായി ഗ്രീൻ ടാക്സ് എന്നിവ ഈടാക്കി ക്രമപ്പെടുത്തുന്ന കാര്യം ആവശ്യമായ കൂടിയാലോചനകൾ നടത്തി തീരുമാനിക്കാവുന്നതാണ്.

5) പൊതു ആവശ്യത്തിനുള്ള നിർമ്മിതികളെ ക്രമപ്പെടുത്തുമ്പോൾ അവ പ്രത്യേകമായി വേണം പരിഗണിക്കുവാൻ

6) വകമാറ്റിയുള്ള നിർമ്മാണങ്ങളും ഭൂവിനിയോഗങ്ങളും ക്രമീകരിക്കുന്നതിനുള്ള പുതിയ നിയമം നിലവിൽ വരുന്ന തീയതിവരെയുള്ള മറ്റുവ്യവസ്ഥകൾക്കനുസൃതമാണെങ്കിൽ ക്രമവൽക്കരിക്കുക

7) ചരിഞ്ഞ പ്രതലങ്ങളിലെ നിർമ്മാണങ്ങൾക്കനുസൃതമായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണോ എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധിക്കണം.

8) സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിലുള്ള ക്രമീകരണങ്ങൾ ആവശ്യമായി വരാം. അതിനാൽ പുതുതായി കൊണ്ടുവരുന്ന ചട്ടങ്ങൾ പ്രകാരമുള്ള ക്രമവൽക്കരണം സംസ്ഥാനത്തിന് പൊതുവെ ബാധകമാക്കണം.

9) കൃഷിയാവശ്യത്തിനായി പതിച്ചുനൽകിയതും എന്നാലിപ്പോൾ കൃഷിയിലേർപ്പെടാത്തതുമായ ഭൂമി മറ്റേതെങ്കിലും ആവശ്യത്തിനായി പരിവർത്തനം ചെയ്ത് ഉപയോഗിക്കുന്നതിന് (conversion of agricultural land to non agricultural land) അനുമതി നൽകാവുന്നവിധം നിയമത്തിൽ ഭേദഗതി കൊണ്ടുവരണം.

10) മേൽ സൂചിപ്പിച്ച വകമാറ്റിയുള്ള വിനിയോഗം സാധൂകരിക്കുന്നതിനോടൊപ്പം കാർഷികേതര ആവശ്യത്തിന് പരിവർത്തനം ചെയ്ത്, സർക്കാർ അനുമതിയോടെ വിനിയോഗിക്കുന്നതിന് കഴിയുംവിധം, പുതിയ ചട്ടങ്ങൾ രൂപീകരിക്കണം.

11) ഇതുകൂടി ഉൾപ്പെടുത്തി 1960-ലെ ഭൂപതിവ് ആക്ടിൽ ആവശ്യമായ ഭേദഗതി ഈ വരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

12) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ള 20384.59 ഹെക്ടർ ഭൂമിയിൽ (CHR) പട്ടയം നൽകുവാനും ബാക്കിയുള്ളവയിൽ അടിയന്തരതീരുമാനമെടുക്കുവാനും റവന്യൂ, വനം വകുപ്പ് സെക്രട്ടറിമാരും ജില്ലാ കളക്ടറും ചേർന്ന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

13) ഇടുക്കി ജില്ലയിലെ അറക്കുളം, ഉടമ്പന്നൂർ, വെള്ളിയാമറ്റം, കഞ്ഞിക്കുഴി, ഇരട്ടയാർ, ഉടുമ്പൻചോല, വണ്ടൻമേട്, അയ്യപ്പൻകോവിൽ, കാഞ്ചിയാർ, രാജാക്കാട്, കൊന്നത്തടി, കുഞ്ചിത്തണ്ണി, കല്ലാർകുടി, വണ്ടൻമേട്, കൽക്കുന്തൽ, പാറത്തോട്, ആനവിലാസം, ഉപ്പുതോട്,

വാത്തിപ്പൊടി, പൂപ്പാറ, ശാന്തൻപാറ, ആനവിരട്ടി, പള്ളിവാസൽ, കെ.ഡി.എച്ച്. വെള്ളത്തുവൽ, ചിന്നക്കനാൽ, ബൈസൺവാലി, മൂന്നാർ ഇടമലക്കുടി തുടങ്ങിയ പ്രദേശങ്ങളിലെ പട്ടയവിതരണം സംബന്ധിച്ച് റവന്യൂവകുപ്പും വനം വകുപ്പും ആവശ്യമുള്ള ഇടങ്ങളിൽ KSEB-യും ജില്ലാ കളക്ടറും സംയുക്തമായി പരിശോധന നടത്തി എല്ലാ പ്രശ്നങ്ങൾക്കും സമയബന്ധിതമായി ശാശ്വതപരിഹാരം കാണുവാനും നിർദ്ദേശിച്ചു.

14) ഇടുക്കി ജില്ലയിലെ ആനവിലാസം വില്ലേജിനെ കെട്ടിടനിർമ്മാണങ്ങൾക്ക് റവന്യൂ വകുപ്പിന്റെ നിരാക്ഷേപപത്രം വേണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കുന്നതിന് ഒരാഴ്ചയ്ക്കകം തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു.

(സി) 22-8-2019, 14-10-2019 എന്നീ തീയതികളിൽ റവന്യൂവകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകളിൽനിന്ന് വിഭിന്നമായി എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തെല്ലാം; പ്രസ്തുത ഉത്തരവുകൾ റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം നൽകിയ ഭൂമിയിലെ അനധികൃതനിർമ്മാണങ്ങൾ സംബന്ധിച്ച് 22-08-2019-ൽ സ.ഉ (കൈ) നം. 289/2019/റവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിരുന്നതാണ്. ടി ഉത്തരവിലെ ഖണ്ഡിക 6 (3) ലെ നിർദ്ദേശം പ്രസ്തുത ഉത്തരവിന്റെ തീയതി വരെയുള്ള നിർമ്മാണങ്ങൾക്ക് മാത്രം ബാധകമാകുന്നതാണെന്നും ഖണ്ഡിക 6 (1), 6 (6) എന്നിവയിലെ നിർദ്ദേശം ഇടുക്കി ജില്ലയ്ക്ക് മാത്രമായിരിക്കുമെന്ന് വ്യക്തത വരുത്തിയും ഖണ്ഡിക 6 (8)-ൽ 'ഇടുക്കി ജില്ലയിൽ' എന്നതിന് പകരം 'ബഹുമാനപ്പെട്ട ഹൈക്കോടതി NOC നിർബന്ധമാക്കിയിട്ടുള്ള ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, കണ്ണൻ ദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ വില്ലേജുകളിൽ എന്ന് ഭേദഗതി വരുത്തിയും 14-10-2019-ൽ സ.ഉ. (കൈ) നം. 310/2019/റവ നമ്പരായി സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ 01-02-2023 ലെ സ.ഉ. (കൈ) നം. 17/2023/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന്

NOC വേണമെന്ന നിബന്ധനയിൽനിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കിയിട്ടുള്ളതാണ് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.)

(ഡി) പട്ടയഭൂമിയിൽ കാലാകാലങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെ നികുതിയും അനുബന്ധഫീസുകളും നൽകി നിർമ്മിച്ചിട്ടുള്ള 1500 വരെയും 1500-ൽ കൂടുതലും ചതുരശ്രയടിയുള്ള നിർമ്മിതികൾക്ക് അപേക്ഷാഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ചുമത്തി ക്രമവൽക്കരിക്കുമെന്ന തീരുമാനത്തിന്റെ സാംഗത്യം എന്താണെന്ന് വിശദീകരിക്കാമോ?

പട്ടയഭൂമിയിലെ കെട്ടിടങ്ങൾ അപേക്ഷാഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ചുമത്തി ക്രമവൽക്കരിക്കുന്നതിന്മേൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ഇ) വാണിജ്യ ആവശ്യങ്ങൾക്കുള്ള നിർമ്മാണങ്ങൾ, 01-01-1977-ന് മുമ്പുള്ള പട്ടയം ലഭിക്കാത്ത കുടിയേറ്റ ഭൂമികളിലെ നിർമ്മിതികൾ എന്നിവ സംബന്ധിച്ച സർക്കാർ നിലപാട് വിശദീകരിക്കാമോ?

ബോധപൂർവ്വവും ചട്ടങ്ങൾ പാലിക്കാതെയുള്ള വൻകിടനിർമ്മാണങ്ങൾ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്നതല്ലെന്നും ആരാധനാലയങ്ങൾ,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവയുടെ വിഷയത്തിലും സാധാരണക്കാരായ ജനങ്ങളെയും കർഷകരെയും പരിഗണിച്ചുകൊണ്ട് പോസിറ്റീവായ നിലപാടുകൾ സ്വീകരിക്കുമെന്നും 17-12-2019-ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. തുടർന്ന് 14-02-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയിട്ടുള്ള വീഡിയോ കോൺഫറൻസിൽ വാണിജ്യ നിർമ്മാണപ്രവൃത്തികളുടെ ക്രമവൽക്കരണം, കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുന്നത് എന്നീ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുള്ളതാണ്. ടി വിഷയം സർക്കാരിന്റെ സജീവപരിഗണനയിലിരിക്കുന്നതാണ്. നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി ആവശ്യമാണെന്ന് കാണുന്നു.

(എഫ്) ഇടുക്കി ജില്ലയിലെ ജനങ്ങൾക്ക് സംസ്ഥാനത്തെ ഇതര ജില്ലകളിലെ ജനങ്ങൾക്കുള്ളതുപോലെ ഭൂമി സംബന്ധമായ നിയമപരമായ അവകാശങ്ങൾ മുൻകാല പ്രാബല്യത്തോടെ സ്ഥിരീകരിക്കാൻ നിയമപരമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഇതര ജില്ലകളിലെ ജനങ്ങൾക്കുള്ള ഭൂമി സംബന്ധമായ നിയമപരമായ അവകാശങ്ങൾ ഇടുക്കി ജില്ലയിലെ ജനങ്ങൾക്ക് നിഷേധിച്ചിട്ടുള്ളതായി കാണുന്നില്ല. നിലവിൽ പ്രാബല്യത്തിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെയും സർക്കാരിന്റെയും ഉത്തരവുകൾ നടപ്പാക്കിയിട്ടുള്ളതാണ്. സാധാരണക്കാരായ ജനങ്ങളെയും കർഷകരെയും പരിഗണിച്ചുകൊണ്ട് ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമഭേദഗതി ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**കോവിഡുമൂലം മരണപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം**

315 (1496) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബത്തിൽപ്പെട്ട പ്രധാന വരുമാനക്കാർ കോവിഡുമൂലം മരണപ്പെട്ടാൽ അത്തരം കുടുംബങ്ങൾക്ക് പ്രതിമാസം അയ്യായിരം രൂപ ധനസഹായം നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ

അടിസ്ഥാനത്തിൽ എത്ര കുടുംബങ്ങൾക്ക് എത്ര മാസത്തേയ്ക്ക് ധനസഹായം നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആശ്രിതർക്ക് പ്രതിമാസം 5000 രൂപ വീതം നൽകുന്ന പദ്ധതിക്ക് നിലവിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തുക അനുവദിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖാന്തരം വിതരണം ചെയ്തുവരികയാണ് ചെയ്യുന്നത്. 2022 നവംബർ മാസം വരെ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള തുക ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രപേർക്ക് ആനുകൂല്യം നൽകി; ഏത് കാലയളവ് വരെ നൽകി; എത്ര അപേക്ഷകൾ നിരസിച്ചു; അപേക്ഷകൾ നിരസിക്കാനുള്ള കാരണം എന്നിവ ജില്ലതിരിച്ച് വ്യക്തമാക്കുമോ?

ഓരോ അപേക്ഷയിലെയും മരണത്തീയതി വ്യത്യസ്തമായതിനാൽ കോവിഡ് ബാധിച്ച് മരണപ്പെട്ടവർക്ക് ആനുകൂല്യം അനുവദിച്ച കാലയളവ്

ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. കൂടാതെ ബി.പി.എൽ. വിഭാഗത്തിൽപ്പെടാത്തവരുടെ അപേക്ഷകളും ധനസഹായത്തിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്ത അപേക്ഷകളുമാണ് നിരസിച്ചിട്ടുള്ളത് ഇത്തരം വിവരങ്ങളും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

ജില്ല തിരിച്ച മറ്റുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | വിതരണം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം | നിരസിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 2711 | 777 | 709 |
| കൊല്ലം | 2373 | 159 | 555 |
| പത്തനംതിട്ട | 672 | 36 | 212 |
| ആലപ്പുഴ | 2038 | 751 | 598 |
| കോട്ടയം | 1249 | 460 | 549 |
| ഇടുക്കി | 511 | 280 | 160 |
| എറണാകുളം | 1927 | 423 | 528 |
| തൃശ്ശൂർ | 2163 | 684 | 866 |
| പാലക്കാട് | 1775 | 684 | 709 |
| മലപ്പുറം | 1677 | 652 | 539 |
| കോഴിക്കോട് | 1897 | 978 | 552 |
| വയനാട് | 255 | 157 | 98 |
| കണ്ണൂർ | 1119 | 197 | 202 |

| | | | |
|---|---|---|---|
| കാസർഗോഡ് | 362 | 148 | 156 |

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കോവിഡ് ധനസഹായം**

316 (1497) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ഏറ്റവും അടുത്ത ബന്ധുവിന് അമ്പതിനായിരം രൂപ ധനസഹായം നൽകുന്ന പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ആകെ 537 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

515 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

**ഷൊർണ്ണൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ**

317 (1498) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച് തൽസ്ഥിതി റിപ്പോർട്ടുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും റവന്യൂ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പിലാക്കേണ്ട പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ തീർപ്പാക്കാൻ നടപടി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

318 (1499) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഇനിയും പട്ടയം ലഭിക്കാനുള്ളവരുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പട്ടയം ലഭിക്കാനുള്ളവരുടെ എണ്ണം വില്ലേജടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നു.

| വില്ലേജ് | എണ്ണം | പട്ടയം |
|---|---|---|
| കാരാക്കുർശി | 19 | പതിവ് പട്ടയം |
| കോട്ടോപ്പാടം | 21 | പതിവ് പട്ടയം |
| കമരംപുത്തൂർ | 29 | നാലു സെന്റ് പട്ടയം |
| പയ്യനെടം | 1 | നാലു സെന്റ് പട്ടയം |
| കാരാക്കുർശി | 2 | നാലു സെന്റ് പട്ടയം |
| മണ്ണാർക്കാട് - 1 | 7 | നാലു സെന്റ് പട്ടയം |
| കോട്ടോപ്പാടം - 1 | 4 | നാലു സെന്റ് പട്ടയം |
| ഷോളയൂർ | 9 | പതിവ് പട്ടയം |
| അഗളി | 4 | പതിവ് പട്ടയം |
| ആകെ | 96 | |
| അട്ടപ്പാടി ലാൻഡ് ട്രൈബ്യൂണലിനു കീഴിൽ 4877 അപേക്ഷകളിൽ പട്ടയം അനുവദിക്കാനുണ്ട്. (വില്ലേജ് അടിസ്ഥാനത്തിൽ കണക്ക് സൂക്ഷിച്ചിട്ടില്ല.) | | |

(ബി) മണ്ഡലത്തിലെ വിവിധ പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

പട്ടയമിഷനോടനുബന്ധിച്ച് തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റോഡ് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

319 (1500) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്കിൽ എത്ര കുടുംബങ്ങളാണ് പൊതുമരാമത്ത് റോഡ് പുറമ്പോക്കിൽ താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ലഭ്യമായ കണക്കനുസരിച്ച് പട്ടാമ്പി താലൂക്കിൽ നിലവിൽ 17 കുടുംബങ്ങൾ പൊതുമരാമത്ത് റോഡ് പുറമ്പോക്കിലും 6 കുടുംബങ്ങൾ പുഴ പുറമ്പോക്കിലും താമസിക്കുന്നു.

(ബി) ഇവയിൽ കുളം പുറമ്പോക്ക്, റോഡ് പുറമ്പോക്ക്, ആറ്റു പുറമ്പോക്ക്, സർക്കാർ പുറമ്പോക്ക് എന്ന് തരംതിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ?

ഒങ്ങല്ലൂർ 2 വില്ലേജിൽ 1 കുടുംബവും ചാലിശ്ശേരി വില്ലേജിലെ 4 കുടുംബങ്ങളും റോഡ് പുറമ്പോക്കിലും പട്ടിത്തറ വില്ലേജിലെ 6 കുടുംബങ്ങൾ പുഴ പുറമ്പോക്കിലും മുതുമല വില്ലേജിലെ 12 കുടുംബങ്ങൾ പൊതുമരാമത്ത് റോഡ് പുറമ്പോക്കിലും പുഴ പുറമ്പോക്കിലുമായി താമസിക്കുന്നു.

(സി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ വിഷയത്തിൽ സർക്കാരിന് പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടില്ല.

**ചങ്ങനാശേരി മണ്ഡലത്തിലെ കൈവശാവകാശ വസ്തുവിന് പട്ടയം**

320 (1501) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകൾ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്നും വില്ലേജ് തിരിച്ച് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽനിന്നും കൈവശവസ്തുവിന്മേൽ പട്ടയം ലഭിക്കുന്നതിനായി, 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 20 അപേക്ഷകളും 1995-ലെ ചട്ടങ്ങൾ പ്രകാരം 36 അപേക്ഷകളും ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റുകൾക്കായി 20 അപേക്ഷകളും ലഭ്യമായിട്ടുണ്ട്. ആയതിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 9 പട്ടയങ്ങളും 1995-ലെ മുൻസിപ്പൽ ചട്ട പ്രകാരം ഒരു പട്ടയവും 19 ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റുകളും നൽകിയിട്ടുണ്ട്. ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷകളിൽ ബാക്കിയുള്ളവ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷകളിൽ അന്വേഷണം നടത്തിയതിൽ അർഹമെന്ന് കണ്ടെത്തിയ 5 അപേക്ഷകൾ ഭൂമി പതിവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അവശേഷിക്കുന്ന അപേക്ഷകളിൽ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തീരദേശവാസികളുടെ താമസസ്ഥലത്തിന് പട്ടയം നൽകുന്നതിന് നടപടി**

321 (1502) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളിൽ താമസസ്ഥലത്തിന് പട്ടയത്തിനപേക്ഷ നല്കി വർഷങ്ങളായിട്ടും പട്ടയം ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു+.

(ബി) ഇവർക്ക് സമയബന്ധിതമായി പട്ടയം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1964-ലെ ഭൂമി പതിവ് ചട്ടപ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കാത്തതിനാൽ സർക്കാർതലത്തിൽ തീരുമാനമെടുക്കുന്നതിന് പട്ടയം ഡാഷ് ബോർഡിലുൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്രപേർക്ക് ഇത്തരത്തിൽ പട്ടയം നല്കിയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു+.

**ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടയവിതരണം**

322 (1503) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധം (1) ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പട്ടയം ലഭിക്കാൻ അപേക്ഷ നൽകിയിട്ടുള്ളവരുടെ എണ്ണം വ്യക്തമാക്കാമോ?

അനുബന്ധം (2) ആയി ചേർക്കുന്നു+.

**കോങ്ങാട് മണ്ഡലത്തിൽ പട്ടയം അനുവദിക്കുന്നതിന് നടപടി**

323 (1504) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കോങ്ങാട് മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള എത്ര അപേക്ഷകൾ ലാൻഡ് ട്രിബ്യൂണലിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ലാൻഡ് ട്രൈബ്യൂണലുകളിൽ ലഭിക്കുന്ന അപേക്ഷയിൽ അപേക്ഷകന്റെ നിയോജകമണ്ഡലം ഏതാണെന്ന വിവരം രേഖപ്പെടുത്താറില്ലാത്തതിനാൽ നിയോജകമണ്ഡലം തിരിച്ചുള്ള അപേക്ഷകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പാലക്കാട് ജില്ലയിലെ വിവിധ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാനായി ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാനുള്ള കേസുകൾ സർക്കാർ നൂറുദിന കർമ്മ പരിപാടികൾ, പട്ടയ മിഷൻ എന്നിവയിലുൾപ്പെടുത്തി തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എല്ലാവർക്കും ഭൂമി എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ നടപടി**

324 (1505) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

സംസ്ഥാന സർക്കാരിന്റെയും റവന്യൂ വകുപ്പിന്റെയും ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമാണ് എല്ലാവർക്കും ഭൂമി എന്നത്. റവന്യൂ വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി ഒരു മിഷൻ രീതിയിൽ പ്രത്യേക ദൗത്യമായി പട്ടയവിതരണം ഏറ്റെടുക്കുകയും ആയതിന്റെ

ഭാഗമായി ഈ സർക്കാരിന്റെ ആദ്യ ഒരു വർഷ കാലയളവിൽ 54,535 പട്ടയങ്ങൾ സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തിട്ടുള്ളതാണ്. പട്ടയം ലഭിക്കുന്നതിന് അർഹതയുള്ള കേസുകൾ കണ്ടെത്തി പരിഹരിക്കുന്നതിന് പട്ടയം ഡാഷ് ബോർഡ് എന്ന സംവിധാനം ആരംഭിച്ചിട്ടുണ്ട്. എല്ലാ പട്ടയപ്രശ്നങ്ങളും ഡാഷ് ബോർഡിലുൾപ്പെടുത്തി സമയബന്ധിതമായി പരിഹരിക്കുക എന്നുള്ളതാണ് ലക്ഷ്യം. സംസ്ഥാനത്ത് നിരവധി കോളനികളിൽ താമസിച്ചുവരുന്ന പട്ടയമില്ലാത്ത ആയിരക്കണക്കിന് കുടുംബങ്ങൾക്ക് എത്രയും പെട്ടെന്ന് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഭൂമി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കിയശേഷം പട്ടയം നൽകാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇതുസംബന്ധിച്ച രേഖകൾ ലഭ്യമല്ലെങ്കിൽ പോക്കുവരവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തി രേഖകൾ നൽകുവാനുമാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ മലയോര മേഖലകളിൽ പട്ടയവിതരണത്തിനായി "മലയോര-പട്ടികവർഗ്ഗ പട്ടയം വിതരണത്തിനുള്ള കർമ്മപദ്ധതി 2022" തയ്യാറാക്കി നടപടി

സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ പട്ടയപ്രശ്നങ്ങൾ ക്രോഡീകരിച്ച് പരിശോധിച്ച് പട്ടയവിതരണം സുഗമമാക്കുന്നതിനും പട്ടയവിതരണത്തിനുള്ള തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ജില്ലാകളക്ടർമാർക്ക് നൽകിവരുന്നു. എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് 2022-23 വർഷത്തിൽ ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മപദ്ധതിയാണ് മലയോര പട്ടിക വർഗ പട്ടയങ്ങളുടെ വിതരണം. ഈ വർഷത്തോടെതന്നെ കേരളത്തിലെ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്കും ഭൂമി നൽകുകയെന്നതും ഭൂമി കൈവശമുള്ള പട്ടിക വർഗ്ഗക്കാർക്കും രേഖ നൽകുകയെന്നതുമാണ് ഈ കർമ്മപദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 1960-ലെ കേരള ഭൂപതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993-ലെ ചട്ടങ്ങൾ, 2001-ലെ ചട്ടങ്ങൾ എന്നിവ പ്രകാരവും 1970-ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ചുനൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടിക വർഗ്ഗ മേഖലയിലെ പട്ടയങ്ങൾ അധികവും

നൽകേണ്ടത്. ഇതുകൂടാതെ കേന്ദ്ര നിയമമായ വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനാവകാശ രേഖയും നൽകേണ്ടതായിട്ടുണ്ട്. മലയോര പട്ടയങ്ങൾ വിതരണ യോഗ്യമാക്കുന്നത് സംബന്ധിച്ച പ്രവർത്തനം വേഗത്തിലാക്കാൻ ഒരു എസ്.ഒ.പി. തയ്യാറാക്കിയിട്ടുണ്ട്.

(ബി) കോളനികളിലെയും ആദിവാസി മേഖലകളിലേയും പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോളനികളിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പുമായി ചേർന്ന് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി സർക്കാരിലേയ്ക്ക് വെസ്റ്റ് ചെയ്തശേഷം പട്ടയം നൽകാനും രേഖകൾ ലഭ്യമല്ലാത്ത ഭൂമി സംബന്ധിച്ച് പോക്കുവരവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തി പട്ടയം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ആദിവാസി മേഖലകളിൽ പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായ 19,000 ഏക്കർ വനഭൂമിയുടെ

വിതരണം 5 ജില്ലകളിൽ നടന്നുവരുന്നു. വനം വകുപ്പിൽനിന്നും ഭൂമി റവന്യൂവകുപ്പിന് കൈമാറി കിട്ടുന്നമുറയ്ക്കാണ് നടപടി സ്വീകരിക്കുന്നത്. കൂടാതെ 01-01-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചുവരുന്ന പട്ടിക വർഗ്ഗക്കാർ ഉൾപ്പെടെയുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനായി സർവ്വെ നടത്തി സ്കെച്ച് തയ്യാറാക്കിയ വിവരങ്ങൾ പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേന്ദ്ര ഗവൺമെന്റ് അനുമതി ലഭ്യമാകുന്നമുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിലെ അവശേഷിക്കുന്ന ഭൂരഹിതരെയും കണ്ടെത്തി പട്ടയം അനുവദിക്കുന്നതിലേയ്ക്കായി പത്രമാധ്യമങ്ങൾവഴി പരസ്യം നൽകുകയും ആയതുപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ട്.

**അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള കർമ്മപദ്ധതി**

325 (1506) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുറമ്പോക്കുഭൂമിയിൽ താമസിക്കുന്ന അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സുഗമമാക്കുന്നതിനായി റവന്യൂ, വനം, ഇറിഗേഷൻ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് സംയുക്ത അദാലത്തുകൾ വിവിധ താലൂക്ക് തലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കാമോ?

പുറമ്പോക്കുഭൂമികളിൽ താമസിക്കുന്ന മുഴുവൻ പേർക്കും പട്ടയം നൽകുക എന്നതാണ് ലക്ഷ്യം. ഇതിനായി ഒരു പട്ടയ മിഷൻതന്നെ നടപ്പിലാക്കിയിട്ടുണ്ട്. പട്ടയപ്രശ്നങ്ങൾ പെട്ടെന്ന് കണ്ടെത്തി പരിഹരിക്കുന്നതിനായി പട്ടയ ഡാഷ് ബോർഡും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പട്ടയപ്രശ്നങ്ങളിൽ മറ്റു വകുപ്പുകളുടെ ചുമതലയിലുള്ള ഭൂമി കൈവശം വച്ചവരുടെ വിഷയങ്ങൾ ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കോളനികൾ ഇറിഗേഷൻ പദ്ധതികൾക്ക് ഭാവിയിലും ആവശ്യം വരാത്ത സ്ഥലത്തുള്ള കുടിയേറ്റം എന്നിവ പ്രസ്തുത വകുപ്പുകളുമായി ചർച്ചചെയ്ത് പരിഹരിക്കാവുന്നതാണ്. തദ്ദേശ – വനം - ഇറിഗേഷൻ - വൈദ്യുതി-

പൊതുമരാമത്ത് വകുപ്പുകളുടെ മന്ത്രിമാരുമായി യോഗങ്ങൾ നടത്തി അർഹരായവർക്ക് രേഖ നൽകാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വിവിധ വകുപ്പുകളുടെ കൈവശമുള്ള പതിവിനർഹമായ ഭൂമിയിൽ താമസിക്കുന്ന ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സുഗമമാക്കുന്നതിനായി റവന്യൂ, വനം, ഇറിഗേഷൻ, തദ്ദേശ സ്വയം ഭരണം, എന്നീ വകുപ്പുകളെ പങ്കെടുപ്പിച്ച് കൊണ്ട് സംയുക്ത അദാലത്തുകൾ വിവിധ താലൂക്ക് തലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

**2016-നുശേഷം വയനാട് ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം**

326 (1507) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വയനാട് ജില്ലയിൽ ആകെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

ഇക്കാലയളവിൽ വിവിധ ലാൻഡ് ട്രൈബ്യൂണലുകളിൽ നിന്നായി 3851 പട്ടയങ്ങളും നിക്ഷിപ്ത വനഭൂമിയിൽ 604 പട്ടയങ്ങളും വനാവകാശ നിയമപ്രകാരം 230 കൈവശരേഖകളുമുൾപ്പെടെ 4685 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ഇങ്ങനെ വിതരണം ചെയ്ത പട്ടയങ്ങളിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് പട്ടയം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നതിൽ 391 പട്ടയങ്ങളും വനാവകാശ നിയമപ്രകാരമുള്ള 230 കൈവശരേഖകളും നിക്ഷിപ്ത വനഭൂമിക്ക് കൈവശ രേഖ നൽകിയത് പ്രകാരമുള്ള 604 കൈവശരേഖകളും വിതരണം ചെയ്തിരിക്കുന്നത് പട്ടിക വർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്കാണ്. ലാൻഡ് ട്രൈബ്യൂണലുകളിൽനിന്നും വിതരണം ചെയ്ത ക്രയസർട്ടിഫിക്കറ്റുകളുടെ ജാതിതിരിച്ചുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) വയനാട് ജില്ലയിൽ പട്ടയവിതരണം കാര്യക്ഷമമാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടയമേളകളിൽ ഉൾപ്പെടുത്താനായി യുദ്ധകാലാടിസ്ഥാനത്തിൽ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വയനാട് ഉൾപ്പെടെയുള്ള മലയോരമേഖലകളിൽ മലയോര ആദിവാസി വിഭാഗത്തിൽപ്പെടുന്നവർക്ക് പട്ടയം സമയബന്ധിതമായി നൽകുന്നതിനുവേണ്ടി ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡിയർ തയ്യാറാക്കിയിട്ടുണ്ട്. മിഷൻ മോഡിൽ നടപടികൾ പൂർത്തീകരിച്ച് പട്ടയം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**കാസർഗോഡ് ജില്ലയിലെ പട്ടയം അപേക്ഷകൾ**

327 (1508) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടയം ലഭിക്കാനായി എത്ര അപേക്ഷകൾ വിവിധ താലൂക്ക് ഓഫീസുകളിലായി നിലവിലുണ്ടെന്ന് അറിയിക്കാമോ?

| ക്രമ നം. | താലൂക്കാഫീസ് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | മഞ്ചേശ്വരം | 974 |
| 2 | കാസർഗോഡ് | 1605 |
| 3 | ഹോസ്ദുർഗ്ഗ് | 1400 |

| | | |
|---|---|---|
| 4 | വെള്ളരിക്കുണ്ട് | 533 |
| | **ആകെ** | **4512** |

(ബി) ചീമേനി വില്ലേജിൽ ഇനിയും പട്ടയം കിട്ടാത്ത എത്ര പേരുണ്ടെന്നും ഇവർക്ക് എന്ന് പട്ടയം നൽകാൻ കഴിയുമെന്നും അറിയിക്കാമോ?

ചീമേനി വില്ലേജിൽ പട്ടയം അനുവദിക്കുന്നതിന് ലഭിച്ച 8 അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

**കൊയിലാണ്ടി മണ്ഡലപരിധിയിലെ പട്ടയ അപേക്ഷകൾ**

328 (1509) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മണ്ഡലപരിധിയിൽ പട്ടയത്തിനായി എത്ര അപേക്ഷകൾ നിലവിലുണ്ട്; ആയതിന്റെ പട്ടിക തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

കൊയിലാണ്ടി മണ്ഡലപരിധിയിൽ 34 അപേക്ഷകൾ നിലവിലുണ്ട്. പ്രസ്തുത 34 അപേക്ഷകളും പയ്യോളി നഗരസഭാ പരിധിയിൽനിന്നും ലഭ്യമായതാണ്.

**ദേവികുളം താലൂക്കിലെ പട്ടയവിതരണം**

329 (1510) <u>ശ്രീ. എ. രാജ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ 2017-നുശേഷം ലാൻഡ് അസൈൻമെന്റ് കമ്മിറ്റി തീരുമാനപ്രകാരം എത്ര പേർക്ക് പട്ടയം നൽകുന്നതിനാണ് ശിപാർശ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് അറിയിക്കാമോ?

(എ&ബി) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ 2017-നുശേഷം ലാൻഡ് അസൈൻമെന്റ് കമ്മിറ്റി തീരുമാനപ്രകാരം 3296 പേർക്ക് പട്ടയം നൽകുന്നതിനാണ് ശിപാർശ നൽകിയിട്ടുള്ളത്. ഇതിൽ പട്ടയം നൽകിയിട്ടുള്ളവരുടെ വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പള്ളിവാസൽ | 56 |
| 2 | കുഞ്ചിത്തണ്ണി | 349 |
| 3 | ആനവിരട്ടി | 57 |
| 4 | മന്നാംകണ്ടം | 672 |
| 5 | വെള്ളത്തൂവൽ | 252 |
| 6 | കീഴാന്തൂർ | 389 |
| 7 | മറയൂർ | 206 |
| 8 | കാന്തല്ലൂർ | 50 |

(സി) പ്രസ്തുത താലൂക്കിൽ പട്ടയം ലഭിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) അപേക്ഷകരുടെ വിവരങ്ങൾ വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

(സി&ഡി) പട്ടയം ലഭിക്കുന്നതിനായി നിലവിൽ 12860 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകരുടെ വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | മന്നാംങ്കണ്ടം | 3298 |
| 2 | മറയൂർ | 415 |
| 3 | വട്ടവട | 20 |
| 4 | പള്ളിവാസൽ | 1070 |
| 5 | ആനവിരട്ടി | 1148 |
| 6 | കാന്തല്ലൂർ | 1451 |
| 7 | കീഴാന്തൂർ | 1210 |
| 8 | കുഞ്ചിത്തണ്ണി | 2221 |

| | | |
|---|---|---|
| 9 | കൊട്ടക്കാമ്പൂർ | 14 |
| 10 | വെള്ളത്തുവൽ | 2013 |

**പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ**

330 (1511) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ ജില്ല/താലൂക്ക് തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ; ഈ അപേക്ഷകളുടെ കാലപ്പഴക്കം കണക്കാക്കിയിട്ടുണ്ടോ?

അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്+. അപേക്ഷകളുടെ കാലപ്പഴക്കം നിർണ്ണയിച്ചിട്ടുണ്ട്.

(ബി) അർഹരായ മുഴുവൻ അപേക്ഷകർക്കും പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ സർക്കാരിന്റെ കാലത്തുതന്നെ ഇത് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പട്ടയമേളകൾ നടത്തിയും അടിയന്തര പ്രാധാന്യത്തോടെ പട്ടയ അപേക്ഷകളിന്മേൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധന നടത്തി അർഹരായവർക്ക് പട്ടയം വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ മുഴുവൻ പട്ടയ പ്രശ്നങ്ങളും ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു പട്ടയ ഡാഷ് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. ഓരോ പട്ടയപ്രശ്നങ്ങളും പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കും. മറ്റു സർക്കാർ വകുപ്പുകളുടെ ചുമതലയുള്ള ഭൂമിയിൽ താമസിക്കുന്ന അർഹരായവർക്ക് പട്ടയം നൽകുക, പട്ടയം ലഭിക്കാതെ കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് പട്ടയമിഷൻ മുന്നോട്ടുപോകുന്നത്. ഈ സർക്കാരിന്റെ കാലത്തുതന്നെ അപാകതകളില്ലാത്ത അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആലപ്പുഴ നഗരസഭയിലെ വാടയ്ക്കൽ ബീച്ച് പ്രദേശത്ത് നഗരസഭ സ്ഥലം വാങ്ങിനൽകിയ കുടുംബങ്ങളിൽ ഇതുവരെ എത്രപേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്; ഇനി എത്രപേർക്ക് കൂടി പട്ടയം നൽകാനുണ്ടെന്നും ആയത് എന്നു കൊടുത്തുതീർക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ആലപ്പുഴ പടിഞ്ഞാറ് വില്ലേജിൽ വാടയ്ക്കൽ ബീച്ച് പ്രദേശത്ത് നഗരസഭയുടെ സ്ഥലത്ത് പട്ടയം നൽകുന്നതിനുള്ള 48 പേരുടെ അപേക്ഷയിൽ 26 പേർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതും ബാക്കിയുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി താലൂക്ക് തലത്തിൽ സ്വീകരിച്ച് വരുന്നതും പുതുതായി ലഭിച്ച 07 അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള തുടർനടപടി വില്ലേജ് തലത്തിൽ സ്വീകരിച്ചുവരുന്നതുമാണ്.

**ആലത്തൂർ മണ്ഡലത്തിലെ പട്ടയം ലഭിക്കാനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി**

331 (1512) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകൾ ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്ന് ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്നും വില്ലേജ് തിരിച്ച് അറിയിക്കാമോ?

1) 4 സെന്റ് ലക്ഷം വീട് പട്ടയ അപേക്ഷകൾ - 72

പട്ടയം അനുവദിച്ചത് - 56

വണ്ടാഴി 2 വില്ലേജ് - 7

എരിമയൂർ 1 വില്ലേജ് - 1

തേങ്കുറിശ്ശി 1 വില്ലേജ് - 8

തേങ്കുറിശ്ശി 2 വില്ലേജ് - 6

ആലത്തൂർ വില്ലേജ് - 34

2) എൽ.ടി. പട്ടയ അപേക്ഷകൾ - 2164

(വിവരങ്ങൾ വില്ലേജ് തിരിച്ച് സൂക്ഷിച്ചിട്ടില്ല)

പട്ടയം അനുവദിച്ചത് - 159

(ബി) ഇനി പട്ടയം ലഭിക്കാനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

1) എൽ.ടി. പട്ടയ അപേക്ഷകളിൽ പട്ടയം അനുവദിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. ഡിസംബർ മാസം വരെ ലഭിച്ച അപേക്ഷകളിൽ എല്ലാ അപേക്ഷകർക്കും നോട്ടീസയച്ചിട്ടുള്ളതും വിചാരണ നടത്തിവരുന്നതുമാണ്.

2) 4 സെന്റ് ലക്ഷം വീട് പട്ടയ അപേക്ഷകളിൽ 16 എണ്ണത്തിന് പട്ടയം തയ്യാറാക്കിയിട്ടുണ്ട്.

**പാറശാല മണ്ഡലത്തിൽ ദുരന്തപ്രതികരണ നിധിയിലുൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ**

332 (1513) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ പാറശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തുകൾക്കുകീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ 2020 മുതൽ 2022 വരെ സംസ്ഥാന ദുരന്തപ്രതികരണ നിധിയിലുൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെ; ആയതിന്റെ വിശദാംശം ഭരണാനുമതിയുടെ പകർപ്പുൾപ്പെടെ ലഭ്യമാക്കാമോ?

പാറശാല മണ്ഡലത്തിൽ പാറശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തുകളിൽ 2020 മുതൽ 2022 വരെ സംസ്ഥാന ദുരന്തപ്രതികരണ നിധിയിലുൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ

അനുബന്ധം (1) ആയും+ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (2) ആയും+ ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് കളക്ടേറ്റിൽ നിന്ന് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; കളക്ടേറ്റിൽ നിന്ന് ഭരണാനുമതി നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന് പുറമേ തഹസീൽദാരുടെ റിപ്പോർട്ടിന്റെ ആവശ്യകതയുണ്ടോ; എങ്കിൽ തഹസീൽദാരുടെ റിപ്പോർട്ടിന്റെ ആവശ്യകതയിലൂടെ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ഉണ്ട്. കളക്ടേറ്റുകളിൽ നിന്നും നിർവ്വഹണാനുമതി നൽകുന്നതിന് തഹസിൽദാരുടെ റിപ്പോർട്ട് ആവശ്യമില്ല. ബി.ഡി.ഒ./ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവർ സമർപ്പിക്കുന്ന എസ്റ്റിമേറ്റും അനുബന്ധ രേഖകളും പ്രകാരം നിർവ്വഹണാനുമതി നൽകിവരുന്നു.

(സി) തിരുവനന്തപുരം കളക്ടേറ്റിൽ, ദുരന്ത പ്രതികരണ നിധിയിൽ ഉൾപ്പെട്ട പാറശാല മണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്ക് ഇനിയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി ലഭ്യമാക്കാനുണ്ടെന്നുള്ള വിശദാംശം പാറശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ; ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് ബ്ലോക്ക് പഞ്ചായത്തുകളിൽനിന്ന് കളക്ടേറ്റിൽ ലഭിച്ച തീയതി, പ്രവൃത്തിയുടെ പേര്, അടങ്കൽ തുക എന്നിവ ഉൾപ്പെടെ ലഭ്യമാക്കാമോ?

പാറശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തുകളിൽ ഭരണാനുമതി ലഭിച്ച എല്ലാ പ്രവൃത്തികൾക്കും നിർവ്വഹണാനുമതി നൽകിയിട്ടുണ്ട്.

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽനിന്നും 4 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി 30-01-2023-ൽ എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

1. താന്നിമൂട് കരിക്കകത്ത്കുഴി റോഡ്- അടങ്കൽ തുക 10,00,000/-രൂപ

2. തോട്ടവാരം സി.എസ്.ഐ. ചർച്ച് പഴമല റോഡ് - അടങ്കൽ തുക 10,00,000/-രൂപ

3. കണ്ടുകോണം തോട്ടത്തിൽ താഴത്തുവിള റോഡ്-അടങ്കൽ തുക 10,00,000/- രൂപ

4. മാർക്കറ്റ് ജംഗ്ഷൻ പുത്തൻകുളം റോഡ് അടങ്കൽ തുക 10,00,000/- രൂപ

**മോക്ക് ഡ്രിൽ അന്വേഷണം**

333 (1514) ശ്രീമതി ഉമ തോമസ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. സിദ്ദിഖ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണ അതോറിറ്റി സംഘടിപ്പിക്കുന്ന മോക്ക് ഡ്രില്ലിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മോക്ക് ഡ്രിൽ നടത്തുന്നതുമായി ബന്ധപ്പെട്ട് ദേശീയ ദുരന്തനിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ച കൈപ്പുസ്തകവും Ltr.No. 02/326/Ops/2022/827 dated 5-12-2022 എന്ന കത്തുപ്രകാരം ദേശീയ ദുരന്തനിവാരണ അതോറിറ്റി നല്കിയിട്ടുള്ള നിർദേശങ്ങളും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പുറത്തിറക്കിയ മാർഗ്ഗരേഖയും അനുബന്ധം 1, 2, 3 ആയി ചേർക്കുന്നു+.

(ബി) ദുരന്തനിവാരണ അതോറിറ്റി സംഘടിപ്പിച്ച മോക്ക് ഡ്രില്ലിനിടെ കല്ലൂപ്പാറ-തുരുത്തിക്കാട് പാലത്തിങ്കൽ കാക്കരക്കുന്നിൽ യുവാവ് മുങ്ങിമരിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഭവത്തിൽ മോക് ഡ്രിൽ നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, മുൻകരുതലുകൾ എന്നിവ പാലിക്കപ്പെടാതിരുന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) അപകടവുമായി ബന്ധപ്പെട്ട വകുപ്പുതല അന്വേഷണം നടത്തുന്നതിലേയ്ക്കായി സ.ഉ(സാധാ)നം 10/2023/ഡിഎംഡി തീയതി 07-01-2023 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

**കുന്നിടിഞ്ഞ് വീടുകൾക്ക് ഭീഷണി നേരിടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി**

334 (1515) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം വില്ലേജിൽ കുത്താട്ട് കുന്നിടിഞ്ഞതിനെത്തുടർന്ന് വീടുകൾക്ക്

ഭീഷണി നേരിടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പട്ടുവം വില്ലേജിൽ കുന്നിടിച്ചിൽ ഭീഷണി നേരിടുന്ന മുപ്പതോളം കുടുംബങ്ങളിൽ സാരമായി ബാധിക്കപ്പെട്ട 6 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഈ കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും 95,100/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. പ്രളയത്തിൽ വീട് വാസയോഗ്യമല്ലാത്തതും നിലവിൽ ഭൂമിയില്ലാത്തതുമായ ശ്രീ. കുട്ടികൃഷ്ണൻ എം., മഴക്കുദിയാൻ ഹൗസ്, ശ്രീ. ഷിജിത് കുമാർ, പൊങ്ങാടൻ ഹൗസ്, ശ്രീ. അശോകൻ, ഇടച്ചേരിയാൻ ഹൗസ്, ശ്രീമതി ആയിഷ, പുന്നക്കൻ എന്നിവർക്ക് സ്ഥലം വാങ്ങുന്നതിന് 6,00,000/- രൂപയും വീട് നിർമ്മിക്കുന്നതിന് 3,04,900/- രൂപയും ചേർത്ത് ഒരാൾക്ക് 9,04,900/-രൂപ വീതം ആകെ 36,19,600/- രൂപയും ശ്രീ. രാജീവൻ പി., പൊങ്ങാടൻ ഹൗസ്, ശ്രീ. ഇ. രാജീവൻ എന്നിവർക്ക് വീട് നിർമ്മിക്കുന്നതിന് 3,04,900/- രൂപ വീതം ആകെ 6,09,800/- രൂപയും

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**ഇടുക്കി ജില്ലയിലെ കൊക്കയാറിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസം**

335 (1516) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കൊക്കയാറിൽ 16-10-2021-നുണ്ടായ ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലും പഞ്ചായത്തിലുണ്ടായ നാശനഷ്ടങ്ങൾ എന്തൊക്കെയാണ്; ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം, പരിക്കേറ്റവരുടെ എണ്ണം, പൂർണ്ണമായി തകർന്ന വീടുകൾ, ഭാഗികമായി തകർന്നതും വാസയോഗ്യമല്ലാതായതുമായ വീടുകൾ, കൃഷി നാശം, ഇവ സംബന്ധിച്ച വിശദാംശം പട്ടിക തിരിച്ച് നൽകാമോ?

ഇടുക്കി ജില്ലയിലെ കൊക്കയാറിൽ 2021 ഒക്ടോബർ മാസം ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലും ഉണ്ടായ നാശനഷ്ടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം | 8 |
| പരിക്കേറ്റവരുടെ എണ്ണം | 11 |

| | |
|---|---|
| പൂർണ്ണമായും തകർന്ന വീടുകൾ | 84 |
| ഭാഗികമായി തകർന്ന വീടുകൾ | 578 |
| വാസയോഗ്യമല്ലാതായ വീടുകൾ | 18 |
| കൃഷിനാശം | 7 കോടി 35 ലക്ഷം രൂപ |

(ബി) അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായം നൽകി പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകാമോ?

കൊക്കയാർ വില്ലേജ് പരിധിയിൽ 8 പേർ മരണമടയുകയും 8 പേരുടെയും ആശ്രിതർക്ക് എസ്.ഡി.ആർ.എഫ്. വിഹിതമായ 4 ലക്ഷം രൂപ വീതവും സി.എം.ഡി.ആർ.എഫ്. വിഹിതമായ 1 ലക്ഷം രൂപ വീതവും ചേർത്ത് ആകെ 40 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) പരിക്കേറ്റവർക്ക് നൽകിയ ധനസഹായം സംബന്ധിച്ച വിശദാംശം നൽകാമോ?

കൊക്കയാർ വില്ലേജിൽ 11 പേർക്ക് അടിയന്തിര ചികിത്സാ ധനസഹായമായ 5000/- രൂപ വീതവും ഇതിനുപുറമെ ടിയാളുകളിൽ സാരമായി പരിക്കുപറ്റിയ 3 പേർക്ക് 1,15,900/- രൂപ ചുവടെ ചേർക്കും പ്രകാരവും നൽകിയിട്ടുണ്ട്.

റോബിൻ ജോൺ - 54,100/-

ഷറഫുദ്ദീൻ - 54,100/-

ജോൺസൺ സി. ജെ - 7700/-

(ഡി) ഈ ദുരന്തത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങളിൽ തകർന്ന വീടുകൾക്കുപകരം എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ?

ഈ ദുരന്തത്തെത്തുടർന്ന് കൊക്കയാർ വില്ലേജിൽ ആകെ 84 വീടുകൾ പൂർണ്ണമായി തകരുകയും ആയതിന് എസ്.ഡി.ആർ.എഫ്.-ൽനിന്നും 1,01,900/- രൂപ വീതം ഒന്നാം ഗഡുവായി എല്ലാവർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. 14 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുള്ളതും ആയതിന് ധനസഹായം വിതരണം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 70 വീടുകളുടെ പണി പൂർത്തീകരിക്കുന്നമുറയ്ക്ക് രണ്ടും മൂന്നും ഗഡുക്കൾ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച് നൽകുന്നതാണ്.

(ഇ) ദുരന്തത്തിൽ തകർന്ന പാലങ്ങൾ, റോഡുകൾ എന്നിവ പുനർനിർമ്മിച്ച നൽകിയിട്ടുണ്ടോ; ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ദുരന്തത്തിൽ തകർന്ന ഇളംകാട്-മുക്കുളം-മദാമ്മക്കുളം റോഡ് പുനർനിർമ്മിച്ചിട്ടുണ്ട്. ഇതേ റോഡിൽ അവശേഷിക്കുന്ന ഭാഗത്തെ പ്രവൃത്തികൾക്കുവേണ്ടി 2.50 കോടി രൂപയുടെ എസ്റ്റിമേറ്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (നിരത്ത്) വിഭാഗം തയ്യാറാക്കിയിട്ടുണ്ട്.

(എഫ്) ആകെ എത്ര രൂപയുടെ നഷ്ടമാണ് എല്ലാ ഇനത്തിലുമായി കണക്കാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ?

കൊക്കയാർ ഗ്രാമപഞ്ചായത്തിൽ 16-10-20(എഫ്)21 തീയതിയിലുണ്ടായ ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലും കണക്കാക്കിയിട്ടുള്ള നാശനഷ്ടങ്ങൾ പ്രകാരം 7.35 കോടി രൂപയുടെ കൃഷി നാശനഷ്ടവും, 11.80 കോടി രൂപയുടെ ഭവന നാശനഷ്ടവും, 98.31 കോടി രൂപയുടെ റോഡുകൾക്കുള്ള നാശനഷ്ടവും, 3.1 കോടി രൂപയുടെ

പാലങ്ങൾക്കുള്ള നാശനഷ്ടവുമുൾപ്പടെ ആകെ 120.57 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

**ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി**

336 (1517) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റത്തിനായി ലഭിച്ച അപേക്ഷകൾ എന്നത്തേയ്ക്ക് പൂർണ്ണമായും തീർപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ?

ഭൂമി തരംമാറ്റത്തിനായി ലഭിച്ച മഹാഭൂരിപക്ഷം ഓഫ് ലൈൻ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. ഓഫ് ലൈനായി നൽകിയതിൽ വളരെ കുറച്ച് അപേക്ഷകൾ മാത്രമേ തീർപ്പാക്കാനുള്ളൂ. ഓൺലൈൻ ആയി ലഭിച്ച അപേക്ഷകളിൽ 6 മാസത്തിനുള്ളിൽ തീർപ്പ് കല്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരുന്നതിനാൽ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട്, 22-02-2022-ലെ സ.ഉ (കൈ) നം.56/2022/RD പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിലൂടെ ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്ന് താല്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും ക്ലാർക്ക് / ഡാറ്റാ എൻട്രി ഓപ്പറേറ്റർ, സർവ്വേയർ എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചുകൊണ്ടും, 990 തസ്തികകൾ 6 മാസത്തേയ്ക്ക് താല്ക്കാലികമായി സൃഷ്ടിച്ചുകൊണ്ടും ഫീൽഡ് പരിശോധനയ്ക്കുള്ള വാഹനങ്ങൾ, ഐ.ടി. അനുബന്ധ സൗകര്യങ്ങൾ, സ്കാനർ, പ്രിന്റർ എന്നിവയുൾപ്പെടെയുള്ള സൗകര്യങ്ങൾ അനുവദിച്ചും, ടി ആവശ്യത്തിലേയ്ക്കായി കാർഷിക അഭിവൃദ്ധി ഫണ്ടിലേയ്ക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ചുകൊണ്ടും ഉത്തരവായിരുന്നു.

ടി 6 മാസ കാലാവധി അവസാനിച്ചതിനെത്തുടർന്ന്, പൊതു താല്പര്യാർത്ഥം ഓൺലൈനായി ലഭിച്ചതുൾപ്പെടെ ശേഷിക്കുന്ന അപേക്ഷകൾ കൂടി സമയബന്ധിതമായി തീർപ്പാക്കുന്നതിനുവേണ്ടി, ടി സ്പെഷ്യൽ ഡ്രൈവ് 6 മാസത്തേയ്ക്കുകൂടി തുടരേണ്ടതുണ്ടെന്നതിനാൽ, 22-02-2022-ലെ സ.ഉ. (കൈ) നം. 56/2022/RD സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ച താല്ക്കാലികജീവനക്കാരുടെ സേവനം, അനുബന്ധ സൗകര്യങ്ങൾ എന്നിവ 179 ദിവസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ടും ആയതിലേയ്ക്കായി കാർഷിക അഭിവൃദ്ധി ഫണ്ടിലേയ്ക്ക് 10 കോടി രൂപ കൂടി അനുവദിച്ചുകൊണ്ടും 26-11-2022-ലെ സ.ഉ. (കൈ) നം.278/2022/RD ഉത്തരവായിട്ടുള്ളതാണ്.

അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതികതടസ്സം പരിഹരിക്കുന്നതിനും അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ എല്ലാ റവന്യൂ ഡിവിഷണൽ ആഫീസുകളിലും ഏകീകൃത നടപടിക്രമം പാലിക്കുന്നതിനായും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കി നല്കിയിട്ടുണ്ട്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ നിലവിൽ പൂർണ്ണമായും ഓൺലൈൻ മുഖേന

ആക്കിയിട്ടുള്ളതിനാലും നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുള്ളതിനാലും അപേക്ഷ സമർപ്പിക്കുന്നതിന് ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായിട്ടുണ്ട്. ആയവ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത കർമ്മപദ്ധതി നടപ്പിലാക്കിയതുവഴി ലഭിച്ച വരുമാനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉണ്ട്. 2022 ഡിസംബർ 31 വരെ 963.83 കോടി രൂപ സർക്കാർ ഖജനാവിലേയ്ക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) ലഭിച്ച അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കുമ്പോൾ എന്ത് വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

ഭൂമി തരംമാറ്റം 25 സെന്റ് വരെ ഫീസ് ഈടാക്കാതെയും 25 സെന്റിന് മുകളിൽ ന്യായവിലയുടെ 10 ശതമാനം ഈടാക്കിയുമാണ് തരംമാറ്റം നടത്തുന്നത്. ആയതിനാൽ അപേക്ഷകൾ തീർപ്പാക്കുന്നമുറയ്ക്കുമാത്രമേ ഇതുസംബന്ധിച്ചുള്ള വരുമാനം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

## കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ റെയിൽവെ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ്

337 (1518) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ എന്നീ റെയിൽവേ മേൽപ്പാലങ്ങൾക്കായുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത മേൽപ്പാലങ്ങൾക്കായി 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ?

(എ&ബി) 1. കടുത്തുരുത്തി ROB

കോട്ടയം ജില്ലയിലെ മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലുൾപ്പെട്ട 53.80 ആർ ഭൂമി കടുത്തുരുത്തി ROB നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് 06-12-2019-ലെ സ.ഉ.(സാധാ)നം.3663/2019/റവ പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടികൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി, കോട്ടയം കാര്യാലയം മുഖേന നടന്നുവരുന്നു.

പുതുക്കിയ അർത്ഥന 28-09-2022 തീയതി അർത്ഥനാധികാരിയായ RBDCK 28-09-2022-ന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 06-12-2022-ലെ സ.ഉ.(സാധാ)നം. 4984/2022/റവ പ്രകാരം 55.01 ആർ ഭൂമി ഏറ്റെടുക്കുന്നതിന് പുതുക്കിയ അനുമതി നൽകുകയുണ്ടായി.

27-10-2022-ൽ പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പിനായി 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ അലൈന്മെന്റിലെ സംയുക്ത സ്ഥല പരിശോധന പൂർത്തീകരിച്ചിട്ടുള്ളതും എൽ.എ.ഒ. ഓഫീസിൽനിന്നും ചൂണ്ടിക്കാട്ടിയ ന്യൂനതകൾ RBDCK പരിഹരിച്ച് കല്ലുകളുടെ സ്ഥാനം രേഖപ്പെടുത്തിയ സ്കെച്ച് 02-02-2023-ൽ എൽ.എ.ഒ.-യ്ക്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമേറ്റെടുപ്പ് നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. കണ്ടിജൻസി ചാർജ്ജ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ എൽ.എ.ഒ. സമർപ്പിക്കുന്നമുറയ്ക്ക് ആയത് RBDCK നിക്ഷേപിക്കുന്നതും തുടർന്ന് 2013-ലെ RFCTLARR Act അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതാണ്.

2. <u>കുറുപ്പന്തറ ROB</u>

കുറുപ്പന്തറ റെയിൽവേ മേൽപ്പാലനിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. ജനറൽ, പാലാ കാര്യാലയം മുഖേനയാണ് നടന്നുവരുന്നത്. ഈ പദ്ധതിയുടെ 11(1) പ്രാരംഭ വിജ്ഞാപനം 24-05-2020-ലെ DCKTM/7162/2018-G1 നം. നടപടിക്രമം പ്രകാരം 16-07-2020-ലെ കേരള അസാധാരണ ഗസറ്റ് നം. 1700 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതും തുടർന്ന് 19(1) പ്രഖ്യാപനം 12-07-2022-ലെ DCKTM/7162/2018-G1 നം. നടപടിക്രമം പ്രകാരം 14-07-2022-ലെ കേരള അസാധാരണ ഗസറ്റ് നം. 2343 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനായി 8,55,28,213/- രൂപ കിഫ്ബിയിൽനിന്നും ലഭ്യമാക്കി എൽ.എ.ഒ.-യ്ക്ക് നൽകിയിട്ടുണ്ട്. 68 കൈവശങ്ങളിൽ 61 കൈവശങ്ങളുടെ അവാർഡ് പാസ്സാക്കിയിട്ടുള്ളതും രണ്ട് കൈവശക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നൽകിയ റിട്ട് ഹർജിയിൽ status quo ഉത്തരവായിട്ടുള്ളതാണ്. റെയിൽവേ ജി.എ.ഡി.-യിൽ വന്ന മാറ്റംമൂലം 4.67 ആർ ഭൂമി കൂടുതലായി ഏറ്റെടുക്കേണ്ടി

വന്നതിനാൽ ആയതുകൂടി ഉൾപ്പെടുത്തി പുതുക്കിയ റിക്വിസിഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ 11(1) അനുബന്ധ വിജ്ഞാപനം 26-07-2022-ലെ DCKTM/7162/2018-G1 പ്രകാരം 29-07-2022-ലെ കേരള അസാധാരണ ഗസറ്റ് നം. 2504 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പിനായുള്ള പുനരധിവാസ പാക്കേജ് അംഗീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

1.കടുത്തുരുത്തി ROB

പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

2. കുറുപ്പന്തറ ROB

ഈ പദ്ധതിയുടെ പുനരധിവാസ പാക്കേജ് 28-05-2022-ലെ LR/7512/2021-LR (C3) നമ്പർ നടപടി ക്രമപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിച്ചിട്ടുള്ളതാണ്.

(ഡി) ഇതിനായി കല്ലുകൾ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലെന്ന് വിശദീകരിക്കാമോ?

1.കടുത്തുരുത്തി ROB

അലൈന്മെന്റിൽ പൂർണ്ണമായും കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

2.കുറുപ്പന്തറ ROB

അലൈന്മെന്റിൽ പൂർണ്ണമായും കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചിട്ടുള്ളതുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 19(1) പ്രഖ്യാപനം പുറപ്പെടുവിച്ചതിനെത്തുടർന്ന് അവാർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഇനി അവശേഷിക്കുന്ന നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

1.കടുത്തുരുത്തി ROB

പ്രസ്തുത പദ്ധതിയുടെ അലൈന്മെന്റിലെ സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചിട്ടുള്ളതും എൽ.എ.ഒ. ഓഫീസിൽനിന്നും ചൂണ്ടിക്കാട്ടിയ ന്യൂനതകൾ RBDCK പരിഹരിച്ച് കല്ലുകളുടെ സ്ഥാനം രേഖപ്പെടുത്തിയ സ്കെച്ച് 02-02-2023-ൽ എൽ.എ.ഒ.-യ്ക്ക് നൽകിയിട്ടുള്ളതാണ്.

കണ്ടിജൻസി ചാർജ്ജ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ എൽ.എ.ഒ. സമർപ്പിക്കുന്നമുറയ്ക്ക് ആയത് RBDCK നിക്ഷേപിക്കുന്നതും തുടർന്ന് 2013-ലെ RFCTLARR Act അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതാണ്.

2.<u>കുറുപ്പന്തറ ROB</u>

68 കൈവശങ്ങളിൽ 61 കൈവശങ്ങളുടെ അവാർഡ് പാസ്സാക്കിയിട്ടുള്ളതും രണ്ട് കൈവശക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നൽകിയ റിട്ട് ഹർജിയിൽ status quo ഉത്തരവായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സ്റ്റേ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 4.67 ആർ അധികഭൂമി കൂടി ഏറ്റെടുക്കുന്നതിനാവശ്യമായ ഫണ്ട് കിഫ്ബിയിൽനിന്ന് ലഭ്യമാക്കി 19(1) പ്രഖ്യാപനം അടക്കമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**അയ്യൻകുഴിയിലെ സ്ഥലമേറ്റെടുപ്പ്**

338 (1519) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.സി.എൽ. കമ്പനിമൂലം ഒറ്റപ്പെട്ടുപോയ വടവുകോട് പുത്തൻ കുരിശ് പഞ്ചായത്തിലെ അയ്യൻകുഴി നിവാസികളുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജനകീയ സമിതി സമർപ്പിച്ച ഡബ്ല്യൂ.പി. (സി) നം.7268/2013 ഹർജിയിൽ പ്രസ്തുത സ്ഥലം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാൻ 2021 സെപ്റ്റംബർ 15-ാം തീയതി ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ അയ്യൻകുഴി നിവാസികളുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജനകീയസമിതി സമർപ്പിച്ച WP(സി) 7268/13 നമ്പർ ഹർജിയിൽ 15-09-2021-ലെ ഇടക്കാല ഉത്തരവിനുശേഷം 08-04-2022

തീയതിയിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി ഉണ്ടായിട്ടുള്ളതാണ്.

പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 05-05-2022-ൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാകളക്ടർ Pollution Control Board, KSWMP & Suchitwa Mission എന്നിവയുടെ പ്രതിനിധികൾക്കൊപ്പം പ്രസ്തുത പ്രദേശം സന്ദർശിച്ച് HOCL, BPCL എന്നീ സ്ഥാപനങ്ങളുമായും ഹർജിക്കാരുമായും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശം e- waste recycling plant purpose-ന് ഉപയോഗിക്കാമെന്നുള്ള ശിപാർശ സമർപ്പിക്കുകയുണ്ടായി.

തുടർന്ന് ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 04-11-2022-ൽ ഈ വിഷയവുമായി ബന്ധപ്പെട്ട് വീണ്ടും യോഗം കൂടിയിട്ടുള്ളതും, പ്രസ്തുത യോഗത്തിൽ E-waste മാനേജ്മെന്റ് പദ്ധതി വേൾഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് നടപ്പാക്കുന്നതിന് വേൾഡ് ബാങ്കിന്റെ അനുമതി ആവശ്യമാണെന്നും

അനുമതി ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും KSWMP പ്രോജക്ട് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വേൾഡ് ബാങ്കിന്റെ അനുമതി ലഭ്യമായതിനുശേഷം വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**പള്ളിച്ചൽ ചട്ടമ്പി സ്മാരക നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ**

339 (1520) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിച്ചൽ പഞ്ചായത്തിൽ ചട്ടമ്പി സ്മാരക നിർമ്മാണത്തിനായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ എന്തായെന്നും തുടർനടപടി എന്താണെന്നും വിശദമാക്കാമോ?

ചട്ടമ്പിസ്വാമികളുടെ മാതൃഭവനവും സ്ഥലവും സ്മാരകമാക്കി സംരക്ഷിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ 13.62 ആർ ഭൂമി ഏറ്റെടുക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2013-ലെ LARR Act പ്രകാരം

നടപടികൾ സ്വീകരിച്ചിട്ടുള്ളതും പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) 12-09-2022-ന് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. LARR Act സെക്ഷൻ 15(3) പ്രകാരം ഭൂമിയേറ്റെടുക്കൽ നടപടി തുടരുന്നതിന് അനുമതി നൽകി 30-11-2022-ന് സമുചിത സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ന്യായവില അടിസ്ഥാനമാക്കി തയ്യാറാക്കിയ 33 ലക്ഷം രൂപ എൽ.എ കോസ്റ്റ് ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിക്ക് കത്ത് നൽകിയിരുന്നതും ആയതിൽ പതിനഞ്ച് ലക്ഷം രൂപ 24-01-2023-ൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വിശദവിലവിവരപ്പട്ടിക തയ്യാറാക്കേണ്ടതും അപ്രകാരം തിട്ടപ്പെടുത്തിയ മുഴവൻ ഫണ്ടും അർത്ഥനാധികാരി ലഭ്യമാക്കുന്നമുറയ്ക്ക് RFCTLARR Act, 2013 പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ഭൂമി കൈമാറുന്നതാണ്.

**കച്ചേരിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

340 (1521) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കച്ചേരിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പാലം നിർമ്മാണം നടത്തി വർഷങ്ങൾ പിന്നിട്ടിട്ടും അപ്രോച്ച് റോഡിന്റെ നിർമ്മാണം ഇനിയും ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വാല്യൂവേഷൻ, നഷ്ടപരിഹാരം അനുവദിക്കൽ തുടങ്ങിയ റവന്യൂ വകുപ്പിന്റെ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കുമോ?

(എ&ബി) തൃശ്ശൂർ ജില്ലയിൽ കച്ചേരിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിനായി വരന്തരപ്പിള്ളി വില്ലേജിലുൾപ്പെട്ട 1.96 ആർസ് ഭൂമി 2013-ലെ LARR Act പ്രകാരം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും 19(1) പ്രഖ്യാപനം 05-01-2023-ലെ 21-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. വാല്യൂവേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ Award Enquiry Notice

നൽകിയിട്ടുള്ളതുമാണ്. അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

(സി) കാലങ്ങളായി കൈവശം വച്ചിട്ടുള്ളതും പട്ടയമോ ആധാരമോ ഉള്ളതും മുഴുവൻ കൈവശഭൂമിക്കും നികുതി അടച്ചു വരുന്നതുമായ ഭൂവുടമകൾക്ക് എല്ലാവർക്കും അർഹമായ നഷ്ടപരിഹാരം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ?

2013-ലെ LARR Act പ്രകാരം അവാർഡ് പാസ്സാക്കി കക്ഷികൾക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു.

**കണ്ണൂർ വിമാനത്താവളത്തിന്റെ ലാൻഡ് അക്വിസിഷൻ**

341 (1522) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കണ്ണൂർ വിമാനത്താവളത്തിന്റെ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ ബാക്കിയുള്ള കേസുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**1.റൺവേ 4000 മീറ്ററായി ദീർഘിപ്പിക്കുന്നത് - 99.3235 ഹെ. (കീഴല്ലൂർ - കാനാട് ദേശം)**

17-09-2020-ന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പദ്ധതിയിലെ കെട്ടിട വാല്യുവേഷൻ PWD ഏജൻസിയും കാർഷിക വിളകളുടെ വാല്യുവേഷൻ കൃഷി വകുപ്പും, വൃക്ഷങ്ങളുടെ വാല്യുവേഷൻ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റും നടത്തിവരുന്നു. പുനരധിവാസ പാക്കേജ് തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. നഷ്ടപരിഹാരത്തുക നിക്ഷേപിക്കുന്നമുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതാണ്. തുടർന്ന് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.

**2. റൺവേ 4000 മീറ്റർ - പുനരധിവാസം**

17-11-2021-ന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. നഷ്ടപരിഹാര തുക നിക്ഷേപിക്കുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതാണ്.

**3. ഡ്രെയിനേജ് (2a, 3a, 4a) 0.238 ഹെ.**

31-08-2021-ന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. കരട് പ്രഖ്യാപനം അന്തിമഘട്ടത്തിലാണ്.

**4. ഡ്രെയിനേജ് 2 അനുബന്ധം - 0.001 ഹെ.**

സാമൂഹ്യാഘാത പഠനവും വിദഗ്ദസമിതി വിലയിരുത്തലും പൂർത്തീകരിച്ചു. സമുചിത സർക്കാർതീരുമാനം 23-01-2023-ന് ഉത്തരവായിട്ടുണ്ട്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഭൂമി വിട്ടുനൽകിയ എല്ലാവർക്കും നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുവേണ്ടിയുള്ള നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ?

കണ്ണൂർ വിമാനത്താവളത്തിന്റെ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ ബാക്കിയുള്ള കേസുകളിൽ ഭൂമി വിട്ടുനൽകിയവർക്കും പുനരധിവാസ പുനഃസ്ഥാപന സ്കീമിൽ ഉൾപ്പെടുന്നവർക്കും

നഷ്ടപരിഹാരത്തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുക നിക്ഷേപിച്ചിട്ടില്ലാത്തതാണ്.

**കലശമല ഇക്കോ ടൂറിസം പദ്ധതിക്ക് ഭൂമി ഏറ്റെടുക്കാൻ നടപടി**

342 (1523) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലശമല ഇക്കോ ടൂറിസം വില്ലേജ് പദ്ധതിയുടെ വികസനത്തിന് പഞ്ചായത്ത് റോഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ കുന്നംകുളം താലൂക്കിൽ അകതിയൂർ വില്ലേജ് പരിധിയിൽനിന്നും 4.9261 ഹെക്ടർ ഭൂമി കലശ്ശമല ഇക്കോ ടൂറിസം പദ്ധതിക്കായി ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ ടൂറിസം വകുപ്പ് ഡയറക്ടർ സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ LARR Act 2013

പ്രകാരമുള്ള ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളതും 31-03-2022-ലെ സ.ഉ.(അച്ചടി)നം. 120/2022/റവ (31-03-2022-ലെ കേരള അസാധാരണ ഗസറ്റ് നം.1084) പ്രകാരം സാമൂഹ്യാഘാതപഠനം നടത്തുന്നതിന് രാജ്ഗിരി ഔട്ട്റീച്ച് സൊസൈറ്റി, കളമശ്ശേരി എന്ന ഏജൻസിയെ നിയോഗിച്ചുകൊണ്ട് 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. എന്നാൽ സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ ലാൻഡ് പ്ലാൻ പ്രകാരം ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് 6.5583 ഹെക്ടർ ആണെന്ന് സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ), തൃശ്ശൂർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 4(1) തിരുത്തൽ വിജ്ഞാപനം 10-06-2022-ലെ സ.ഉ(അച്ചടി)നം. 174/2022/റവ പ്രകാരം (10-06-2022-ലെ കേരള അസാധാരണ ഗസറ്റ് നം.1935) പുറപ്പെടുവിക്കുകയുണ്ടായി. ഇത്തരത്തിൽ കൂടുതലായി വന്നിട്ടുള്ള ഭൂമിയുൾപ്പെടെ സാമൂഹ്യ പ്രത്യാഘാതപഠനം നടത്തിയിട്ടുള്ളതും 30-09-2022 തീയതിയിൽ സാമൂഹിക പ്രത്യാഘാതപഠന റിപ്പോർട്ട് ഏജൻസി സമർപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് പഠന റിപ്പോർട്ട്

വിലയിരുത്തുന്നതിനായുള്ള വിദഗ്ദസമിതിയെ നിയോഗിച്ച് ഉത്തരവായിട്ടുള്ളതുമായിരുന്നു.

എന്നാൽ 06-01-2023-ൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് റോഡ് ടൂറിസം വകുപ്പിലേയ്ക്ക് ഏറ്റെടുക്കേണ്ട ആവശ്യമില്ലെന്നും ആദ്യം സർവ്വെ ചെയ്ത ഭൂമി മാത്രം (4.9261 ഹെക്ടർ) ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. തുടർന്ന് ഏറ്റെടുപ്പിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്ത് റോഡ് ഒഴിവാക്കി ആദ്യം സർവ്വെ ചെയ്ത 4.9261 ഹെക്ടർ ഭൂമി മാത്രം ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ശിപാർശ സഹിതം ജില്ലാ കളക്ടർ 25-01-2023-ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ വിഷയത്തിൽ ഏറ്റെടുക്കേണ്ട ഭൂമിയെ സംബന്ധിച്ച് വിദഗ്ധസമിതിയുടെ അഭിപ്രായം ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാട്ടാക്കട ടൗൺ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടി**

343 (1524) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട ടൗൺ വികസനത്തിന്റെ ഭാഗമായുള്ള റിംഗ് റോഡുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; തുടർനടപടി എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

കാട്ടാക്കട ജംഗ്ഷന്റെയും റിംഗ് റോഡുകളുടെയും വികസനവുമായി ബന്ധപ്പെട്ട് കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ, പെരുംകുളം, വീരണകാവ് വില്ലേജുകളിലുൾപ്പെട്ട 95.26 ആർ ഭൂമി ഏറ്റെടുക്കുന്നതിന് പുതുക്കിയ അർത്ഥന 10-01-2023-ൽ ലഭ്യമാക്കിയിട്ടുള്ളതാണ്. അർത്ഥനാധികാരി അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് സംയുകത സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് LARR Act, 2013 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നതും തുടർന്ന് കണ്ടിജൻസി ചാർജ്ജ് ലഭ്യമാക്കി ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകുന്നതാണ്.

**പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണം**

344 (1525) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് ആരോഗ്യവകുപ്പിന്റെ ഉടമസ്ഥതയിലുള്ള നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ അഞ്ചേക്കർ സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; സ്ഥലം കൈമാറുന്നതിനുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ആരോഗ്യവകുപ്പിന്റെ ഉടമസ്ഥതയിലുള്ള നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ അഞ്ചേക്കർ സ്ഥലം സാംസ്കാരിക വകുപ്പിന് കൈമാറുന്നതിന് അനുമതി നൽകിക്കൊണ്ട് 23-01-2023-ലെ സ.ഉ. (കൈ) നം. 14/2023/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ റവന്യൂ ഭൂമി കൈമാറ്റം**

345 (1526) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം വികസനപദ്ധതികൾക്കാണ് വകുപ്പുതല കൈമാറ്റത്തിലൂടെയും പാട്ടവ്യവസ്ഥയിലൂടെയും റവന്യൂഭൂമി വിട്ടുനൽകുന്നതിനുള്ള അപേക്ഷകൾ പരിഗണനയിലുള്ളതെന്ന് പറയാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വകുപ്പുതല കൈമാറ്റത്തിലൂടെയും പാട്ടവ്യവസ്ഥയിലൂടെയും റവന്യൂഭൂമി വിട്ടുനൽകുന്നതിനുള്ള അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ ഓരോന്നിനും തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ അപേക്ഷകളിലും സ്ഥലപരിശോധന, വിലനിർണ്ണയം ഉൾപ്പെടെയുള്ള നടപടിക്രമം പാലിക്കേണ്ടതിനാലാണ് കാലതാമസം നേരിടുന്നത്.

(സി) കാലതാമസം ഒഴിവാക്കി പ്രസ്തുത അപേക്ഷകൾ വേഗത്തിൽ തീർപ്പുകല്പിച്ച് ഭൂമികൈമാറ്റ നടപടികൾ പൂർത്തീകരിക്കാമോ?

ഭൂമികൈമാറ്റ അപേക്ഷകളിൽ കാലതാമസം ഒഴിവാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**റവന്യൂ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ**

346 (1527) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന റവന്യൂഭൂമി തിരിച്ചുപിടിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

1964-ലെ ഭൂപതിവ് ചട്ടത്തിലെ ചട്ടം 15(4) പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകൽ ചട്ടങ്ങൾ, 1995 ലെ

ചട്ടം 17 പ്രകാരവും ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചാൽ പാട്ടം റദ്ദ് ചെയ്യപ്പെടുന്നതും ഇത്തരം സംഗതികളിൽ ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതുമാണ്. എന്നാൽ ഇത്തരത്തിൽ ഒരുത്തരവ് പുറപ്പെടുവിക്കുന്നതിനുമുൻപേ പതിച്ചുകിട്ടിയ വ്യക്തിക്ക് തന്റെ ഭാഗം പറയാൻ അവസരം നൽകേണ്ടതാണ്. കൂടാതെ കാലഹരണപ്പെട്ട പാട്ടങ്ങളുടെ സംഗതിയിൽ അങ്ങനെയുള്ള പാട്ടപ്രകാരം നിർണയിക്കപ്പെട്ട പാട്ടക്കുടിശ്ശിക ഒടുക്കാത്ത പക്ഷം ടി ഭൂമി വീണ്ടും പാട്ടത്തിന് നൽകുന്നതല്ല. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാത്ത കേസുകളിൽ ഭൂമി സർക്കാർ തിരികെയെടുക്കുന്നതാണ്. കൂടാതെ 03-08-2018-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (കൈ) 276/2018/റ.വ. പ്രകാരവും പാട്ടവ്യവസ്ഥ ലംഘിച്ചിട്ടുള്ളതും കുടിശ്ശിക വരുത്തിയിട്ടുള്ളതുമായ എല്ലാ കേസുകളിലും 1957-ലെ KLC ആക്ട് പ്രകാരം സ്ഥലമേറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര ഹെക്ടർ ഭൂമി സർക്കാരിലേയ്ക്ക് ഇത്തരത്തിൽ തിരിച്ചുപിടിക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ 86.263 സെന്റ് (34.91 ആർ) ഭൂമിയും കൊല്ലം ജില്ലയിൽ 00.16.90 ഹെക്ടർ സ്ഥലവും എറണാകുളം ജില്ലയിൽ 0.8031 ഹെക്ടർ ഭൂമിയും തൃശ്ശൂർ ജില്ലയിൽ 2 ഏക്കർ ഭൂമിയും തിരിച്ചുപിടിച്ചിട്ടുള്ളതാണ്.

**പേരാമ്പ്ര റെഗുലേറ്റിംഗ് മാർക്കറ്റിംഗ് സൊസൈറ്റി**

347 (1528) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ സംസ്ഥാനപാതയ്ക്കരികിൽ സ്ഥിതിചെയ്യുന്ന പേരാമ്പ്ര റെഗുലേറ്റിംഗ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ സ്ഥലവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നടന്നുകൊണ്ടിരിക്കുന്ന കേസിന്റെ പുരോഗതി വിശദമാക്കാമോ?

കൊയിലാണ്ടി താലൂക്ക് മേഞ്ഞാണ്യം വില്ലേജിൽ പേരാമ്പ്ര ടൗണിൽ മലബാർ മാർക്കറ്റിംഗ് സൊസൈറ്റിക്കുവേണ്ടി 1.43 ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നു. സൊസൈറ്റിയുടെ പ്രവർത്തനം അവസാനിപ്പിച്ചതിനെത്തുടർന്ന് മുൻ ഭൂവുടമകളിൽനിന്ന് നിലവിലുള്ള

മാർക്കറ്റ് വിലയും പലിശയും ഈടാക്കി ഭൂമി തിരികെ നൽകുന്നതിന് 29-07-2003-ലെ സ.ഉ.(സാധാ) 2219/03/റവ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കക്ഷികൾ പ്രസ്തുത തുക ഒടുക്കി ഭൂമി പോക്കുവരവ് ചെയ്ത് നികുതി ഒടുക്കാത്തതിനാൽ 16-09-2019-ലെ സ.ഉ.(സാധാ) 2539/2019/റവ, 11-12-2019-ലെ സ.ഉ.(സാധാ) 3708/2019/റവ. എന്നിവ പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുത്ത് കയ്യേറ്റങ്ങൾ ഇല്ലാതെ സംരക്ഷിക്കാൻ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ മുൻ ഭൂവുടമകളുടെ അനന്തരാവകാശികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(സി) 26933/2019 ഹർജിയിലെ 10-10-2019-ലെ ഇടക്കാല വിധിയിൽ പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതാണ്. സ്റ്റേ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് 04-08-2020, 25-01-2023 എന്നീ തീയതികളിൽ എതിർ സത്യവാങ്മൂലം സർക്കാർ കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്.

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് എന്തൊക്കെ രേഖകൾ കോടതിയിൽ സമർപ്പിച്ചുവെന്നറിയിക്കാമോ?

മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കളക്ടേറ്റിലെ എ 5-302/64 ലാൻഡ് അക്വിസിഷൻ ഫയൽ 21-12-2022-ന് ഗവൺമെന്റ് പ്ലീഡർക്ക് കൈമാറിയിട്ടുള്ളതാണ്.

(സി) കൂടുതൽ രേഖകൾ കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ; ആയത് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

**കുന്നംകുളം നിയോജകമണ്ഡലത്തിലെ റവന്യൂ ടവറിന്റെ ചുറ്റുമതിൽ നിർമ്മാണം**

348 (1529) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ നിർദിഷ്ട റവന്യൂ ടവറിന്റെ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസങ്ങൾ നിലനിൽക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ എന്താണ് തടസ്സമെന്ന് വിശദമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കി നിർമ്മാണപ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകും?

(ബി&സി) ചുറ്റുമതിൽ നിർമ്മാണത്തിനായി മുറിച്ചുനീക്കേണ്ട വൃക്ഷങ്ങൾ ഇ-ഓക്ഷനിൽ ലേലം കൊണ്ടിട്ടില്ല. തുടർന്ന് നേരിട്ടുള്ള ലേലം 07-02-2023-ന് നിശ്ചയിച്ചിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത റവന്യൂ ടവർ സ്ഥിതിചെയ്യുന്ന ക്യാമ്പസിന്റെ മുൻഭാഗത്തായി നിലവിൽ പ്രവർത്തിച്ചുവരുന്ന ശിൽപനിർമ്മാണശാലകളുടെ പുനഃക്രമീകരണത്തിനായി കുന്നംകുളം മുനിസിപ്പാലിറ്റിക്ക് ലീസ് ആയി അനുവദിക്കേണ്ട സ്ഥലം നിശ്ചയിക്കേണ്ടതുമുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന് മുറയ്ക്ക് ടി റവന്യൂ ടവറിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിക്കപ്പെടുന്ന റോഡുകളുടെ പ്രവൃത്തി**

349 (1530) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിക്കപ്പെടുന്ന റോഡുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പ്രകൃതി ദുരന്തങ്ങളിൽ നാശം സംഭവിക്കുന്ന റോഡുകളുടെ Immediate Restoration നടത്തുന്നതിനാണ് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും തുക അനുവദിക്കുന്നത്. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയങ്ങളും കോവിഡ് മഹാമാരി നേരിടുന്നതിനായി ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളും നിർമ്മാണ വസ്തുക്കളുടെയും തൊഴിലാളികളുടെയും ലഭ്യതക്കുറവും കാരണം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യം ജനപ്രതിനിധികളും ജില്ലാ കളക്ടർമാരും സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയും കരാറിൽ ഏർപ്പെടുന്നതിനും പ്രവൃത്തി പൂർത്തിയാക്കുന്നതിനുമുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാട്ടുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ചില പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്ന കേസുകളിൽ റീ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇത്തരം പ്രവൃത്തികളുടെ ബില്ല് മാറുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭരണാനുമതി കാലാവധിക്കുശേഷം പൂർത്തിയാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ ജില്ലാകളക്ടർമാരുടെ ശിപാർശ, നിർവ്വഹണോദ്യോഗസ്ഥരുടെ വിശദീകരണം എന്നിവ പരിഗണിച്ച് കാലതാമസം മാപ്പാക്കി തുക അനുവദിക്കുന്നതിന് അനുമതി നൽകുന്നുണ്ട്.

(ഡി) വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിക്കുന്ന പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് മുതൽ അന്തിമ ബിൽതുക അനുവദിക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും ലഘൂകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പ്രളയത്തിലും ഉരുൾപൊട്ടലിലും വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

350 (1531) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഒക്ടോബർ മാസമുണ്ടായ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങൾക്കനുവദിച്ച നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

2021 ഒക്ടോബർ മാസത്തിലെ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് അപേക്ഷ സമർപ്പിച്ച 92 കുടുംബങ്ങളിൽ 89 കുടുംബങ്ങൾക്ക് വസ്തുവാങ്ങുന്നതിനായി 6,00,000/- (ആറു ലക്ഷം) രൂപാ വീതം കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 3 അപേക്ഷകളിൽ വസ്തുവാങ്ങിയതിന്റെ ആധാരം ഹാജരാക്കുന്നമുറയ്ക്ക് തുക അനുവദിക്കുന്നതാണ്. കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള നാലുലക്ഷം

രൂപാ വീതം അനുവദിക്കുന്നതിന് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള കോട്ടയം ജില്ലാ കളക്ടറുടെ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) വീട് നിർമ്മിക്കുന്നതിനായി എത്ര കുടുംബങ്ങൾക്കാണ് നഷ്ടപരിഹാര തുക പൂർണമായും അനുവദിച്ചിട്ടുള്ളതെന്നും ഇനിയും എത്ര കുടുംബങ്ങൾക്കാണ് നഷ്ടപരിഹാരം ലഭ്യമാക്കാനുള്ളതെന്നും വ്യക്തമാക്കുമോ?

പൂർണ്ണമായും വീട് നഷ്ടപ്പെട്ട 46 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി നാലുലക്ഷം രൂപാ അനുവദിച്ചിട്ടുള്ളതാണ്. 2 കുടുംബങ്ങൾക്ക് ഇനിയും ധനസഹായം അനുവദിക്കാനുണ്ട്.

(സി) നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് എന്നത്തേക്ക് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഫ്ലഡ് റിലീഫ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ വിവരം**

351 (1532) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിലെ റോഡ് പുനരുദ്ധാരണത്തിനായി ഫ്ലഡ് റിലീഫ് ഫണ്ടുപയോഗിച്ച് 2016 മുതൽ നാളിതുവരെ അനുവദിച്ച പ്രവൃത്തികളുടെ വിവരം ലഭ്യമാക്കാമോ; ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളതെന്നും തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് വിവരം ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിലെ റോഡ് പുനരുദ്ധാരണത്തിനായി ഫ്ലഡ് റിലീഫ് ഫണ്ടുപയോഗിച്ച് 2016 മുതൽ നാളിതുവരെ അനുവദിച്ച പ്രവൃത്തികളുടെ വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+

(ബി) ഫ്ലഡ് റിലീഫ് ഫണ്ടിനുള്ള അപേക്ഷകൾ നിയമസഭാ സാമാജികർ മുഖേനയാണോ നൽകേണ്ടത്; ഇതിനായുള്ള അപേക്ഷകൾ മറ്റാർക്കൊക്കെ സമർപ്പിക്കാമെന്ന് അറിയിക്കാമോ; തദ്ദേശ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനങ്ങൾക്കോ തദ്ദേശ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കോ അപേക്ഷകൾ സമർപ്പിക്കാമോ?

10-10-2012 തീയതിയിലെ GO(Ms)384/2012/DMD ഉത്തരവ് പ്രകാരം എഫ്.ആർ.ഡബ്ല്യൂ പ്രവൃത്തികൾ ശിപാർശ ചെയ്യേണ്ടത് ബന്ധപ്പെട്ട രാജ്യസഭ, ലോകസഭ എം.പിമാർ, എം.എൽ.എമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വോളന്ററി ഓർഗനൈസേഷൻ, റെസിഡൻസ് അസോസിയേഷൻ, താലൂക്ക് ഡിപ്പാർട്ട്മെന്റ് കമ്മിറ്റി, ഗ്രാമസഭ എന്നിവരാണ്.

(സി) ഫ്ലഡ് റിലീഫ് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ?

10-10-2012 തീയതിയിലെ GO(Ms)384/2012/DMD നം.സർക്കാർ ഉത്തരവിലും, 27-03-2018-ലെ സ.ഉ(കൈ)3/2018/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിലും എഫ്.ആർ.ഡബ്ല്യൂ. പ്രവൃത്തികളുടെ മാനദണ്ഡങ്ങൾ

വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.+

(ഡി) മലപ്പുറം ജില്ലയിൽ 2021-2022, 2022-2023 വർഷങ്ങളിൽ ഫ്ലഡ് റിലീഫ് ഫണ്ടിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരം നിയോജകമണ്ഡലങ്ങൾ തിരിച്ച് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ 2021-2022, 2022-2023 വർഷങ്ങളിൽ ഫ്ലഡ് റിലീഫ് ഫണ്ടിൽ അനുവദിച്ച പ്രവൃത്തികളുടെ നിയോജകമണ്ഡലങ്ങൾ തിരിച്ചുള്ള വിവരം അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.+

(ഇ) വിവിധ ഗ്രാമപഞ്ചായത്തംഗങ്ങളും നിയമസഭാംഗങ്ങളും ഫ്ലഡ് റിലീഫ് ഫണ്ടിനായി പ്രൊപ്പോസൽ സമർപ്പിച്ചാൽ ഇതിൽ ആരുടെ ശിപാർശകളാണ് അംഗീകരിക്കുന്നതെന്ന് അറിയിക്കാമോ?

കാലവർഷക്കെടുതികളിൽ തകർന്ന റോഡുകളുടെ Immediate Restoration നടത്തുന്നതിനാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും തുക അനുവദിക്കുന്നത്. ഇതിനുള്ള മാനദണ്ഡങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10-10-2012 തീയതിയിലെ GO(Ms)384/2012/DMD ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

**മങ്കട മണ്ഡലത്തിലെ കാലവർഷക്കെടുതികളിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണം**

352 (1533) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതികളിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി 2019-20 മുതൽ 2021-22 വരെ ഭരണാനുമതി ലഭിച്ച മങ്കട മണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങൾക്കുകീഴിലെ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇനി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവ ഏതെല്ലാം; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കുമോ?

കാലവർഷക്കെടുതികളിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി 2019-20 മുതൽ 2021-22 വരെ ഭരണാനുമതി ലഭിച്ച മങ്കട മണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങൾക്കുകീഴിലെ

റോഡുകളുടെ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലാകളക്ടർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി അവലോകനം ചെയ്യാറുണ്ടോയെന്നും വർഷം തിരിച്ചുള്ള പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോയെന്നും അറിയിക്കുമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; കാലതാമസം നേരിടുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

ഭരണാനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് കളക്ടർക്ക് ലഭിച്ചാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനുവേണ്ടി നിർവഹണോദ്യോഗസ്ഥർക്ക് അയച്ചുകൊടുക്കുകയും എസ്റ്റിമേറ്റ് ലഭിച്ചാൽ നിർവ്വഹണാനുമതി നൽകുകയും ചെയ്യുന്നു. എസ്റ്റിമേറ്റിൽ അപാകതയുള്ളപക്ഷം ആയത് തിരുത്തി സമർപ്പിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സെക്രട്ടറിമാർ എന്നിവർക്ക് നിർദ്ദേശം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകാറുണ്ട്. ഓരോ പ്രവൃത്തിയുടെയും പുരോഗതി പ്രത്യേകം അവലോകനം നടത്തി വർഷം തിരിച്ചുള്ള പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കാലതാമസം നേരിടുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ജില്ലാകളക്ടർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരൂർ മിനി സിവിൽ സ്റ്റേഷൻ**

353 (1534) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മിനി സിവിൽ സ്റ്റേഷനിൽ സ്ഥല സൗകര്യമില്ലാത്തത് കാരണം ജനങ്ങൾ പ്രയാസപ്പെടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മിനി സിവിൽ സ്റ്റേഷനോട് ചേർന്നുകിടക്കുന്ന രണ്ടേക്കർ സ്ഥലത്ത് പുതിയ ബ്ലോക്ക് നിർമ്മിക്കണമെന്ന നിരന്തരമായ ആവശ്യം പരിഗണിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

പ്രസ്തുത മിനി സിവിൽ സ്റ്റേഷന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്ന കാര്യം ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി പരിശോധിക്കാവുന്നതാണ്.

**ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മാണം**

354 (1535) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

ചാലക്കുടി റവന്യൂ ടവർ നിർമ്മാണത്തിനായി കിഴക്കേ ചാലക്കുടി വില്ലേജിൽ സ്ഥലം കണ്ടെത്തിയിട്ടുള്ളതും പ്രസ്തുത സ്ഥലം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് കൈമാറിയിട്ടുള്ളതുമാണ്.

(ബി) ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഡ്രോയിംഗ്, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡ് സ്വീകരിച്ചുവരുന്നു.

**വലിയ വില്ലേജുകൾ വിഭജിക്കുന്നതിന് നടപടി**

355 (1536) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമിശാസ്ത്രപരമായ വലിയ വില്ലേജുകൾ വിഭജിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ;

(ബി) വിഭജിക്കാനുദ്ദേശിക്കുന്ന വില്ലേജുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്താമോ;

(സി) കൊല്ലം താലൂക്കിലെ വടക്കേവിള വില്ലേജ് വിഭജിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; എങ്കിൽ പരിഗണിക്കുമോ; വിശദാംശം നൽകുമോ?

(എ - സി) സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി

മെച്ചപ്പെടുന്നമുറയ്ക്കുമാത്രമേ വലിയ വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

**പുതുക്കാട് നിയോജകമണ്ഡലത്തിലെ തൃക്കൂർ-കല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജനം**

356 (1537) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട തൃക്കൂർ-കല്ലൂർ ഗ്രൂപ്പ് വില്ലേജുകളെ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തൃക്കൂർ വില്ലേജിൽ പുതിയ വില്ലേജ് ഓഫീസ് കെട്ടിടം പണിയുന്നതിനായി ലഭിച്ചിട്ടുള്ള സ്ഥലത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും കല്ലൂർ വില്ലേജ് ഓഫീസ് നിലവിലെ കെട്ടിടത്തിൽ തുടരുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ & ബി) സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കുമാത്രമേ ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

**നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന് പുറമ്പോക്ക് ഭൂമി അനുവദിക്കുന്നത്**

357 (1538) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നെടുമ്പാശ്ശേരി വില്ലേജിൽ ബ്ലോക്ക് 9-ലുൾപ്പെട്ട 50 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ലഭ്യമാക്കണമെന്ന അപേക്ഷയിൽ (1507/VIP/M (R&H)/2021, തീയതി 29-10-2021) റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിലുള്ള കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നെടുമ്പാശ്ശേരി വില്ലേജിൽ ബ്ലോക്ക് 9-ലുൾപ്പെട്ട 50 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ലഭ്യമാക്കണമെന്ന അപേക്ഷ 28-11-2021-ന് റിപ്പോർട്ടിനായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ 14-10-2019-ൽ നൽകിയ കത്തിൽ നെടുമ്പാശ്ശേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനോടുചേർന്ന് 40

സെന്റ് ഭൂമി അനുവദിച്ചതരണമെന്ന് പരാമർശിച്ചിട്ടുള്ളതും, ആയതിനോടൊപ്പം സമർപ്പിച്ചിരുന്ന അർത്ഥനയിൽ നെടുമ്പാശ്ശേരി വില്ലേജ് റീസർവ്വെ 536/1, 536/2, 536/3 എന്നിവയിൽപ്പെട്ട 42.9 ആർ വസ്തു കൈമാറ്റം ചെയ്യണമെന്ന് രേഖപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ ശരിയായ സർവ്വെ നമ്പർ, വിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തി അർത്ഥന സമർപ്പിക്കണമെന്ന നിർദ്ദേശത്തെത്തുടർന്ന് 05-03-2022 തീയതിയിൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ നെടുമ്പാശ്ശേരി വില്ലേജ്, ബ്ലോക്ക് 10, റീസർവ്വെ നം.536/2-ൽപ്പെട്ട 8.71 ആർ സ്ഥലത്തിനായി അർത്ഥന സമർപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും അനുബന്ധ രേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിനും ജില്ലാ കളക്ടർ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. (കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+)

(ബി) നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന് മേൽപ്പരാമർശിച്ച ഭൂമി വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥപ്രകാരം അനുവദിക്കുന്നത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സമർപ്പിച്ചിട്ടില്ല.

(സി) ഈ വിഷയത്തിൽ ആവശ്യമായ അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോ?

റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**തൃക്കൂർ-കല്ലൂർ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ വിഭജിക്കാൻ നടപടി**

358 (1539) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്കിലെ തൃക്കൂർ-കല്ലൂർ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജ് ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ ഗ്രൂപ്പ് വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന കല്ലൂർ ഓഫീസിനെ കല്ലൂർ വില്ലേജ് ഓഫീസ് മാത്രമാക്കുന്നതിനും തൃക്കൂരിൽ പഞ്ചായത്ത് കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് തൃക്കൂർ വില്ലേജ് ഓഫീസ് അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കുമാത്രമേ ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

**സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടി ക്രമങ്ങൾ**

359 (1540) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബജറ്റ് വിഹിതം ഉപയോഗിച്ച് സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സ്വകാര്യ വ്യക്തികളിൽനിന്നും വാങ്ങുന്നതിനും രജിസ്ട്രേഷൻ നടത്തുന്നതിനും സ്വീകരിക്കേണ്ടുന്ന നടപടി ക്രമങ്ങൾ വിശദമാക്കാമോ?

സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സ്വകാര്യ വ്യക്തികളിൽനിന്നും ഏറ്റെടുക്കുന്നതും വാങ്ങുന്നതും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം (RFCTLARR ACT

2013)-ലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ്. പ്രസ്തുത ആക്ടിന്റെ സംക്ഷിപ്ത രൂപം അനുബന്ധമായി ചേർത്തിരിക്കുന്നു.+

സ്വകാര്യ വ്യക്തികളിൽനിന്നും LARR Act, 2013 പ്രകാരം ഭൂമി ഡയറക്ട് പർച്ചേസ് നടത്താൻ വ്യവസ്ഥയില്ലാത്തതിനാൽ രജിസ്ട്രേഷൻ ആവശ്യമില്ല.

**മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക്**

360 (1541) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായും ബന്ധപ്പെട്ട് ജില്ലാകളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂകമ്മീഷണറേറ്റുതലത്തിൽ നിയോഗിച്ച ടീം ഇതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ നൽകുമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണെന്നിരിക്കെ ഭരണപരമായ സൗകര്യങ്ങൾ കണക്കിലെടുത്ത് മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റുതലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കീഴരിയൂർ, ചെറുവണ്ണൂർ വില്ലേജോഫീസുകൾക്ക് പുതിയ കെട്ടിടം**

361 (1542) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിലെ കീഴരിയൂർ, ചെറുവണ്ണൂർ വില്ലേജോഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ഓഫീസുകൾ താൽക്കാലികമായി സ്വകാര്യ വ്യക്തികളുടെ വാടക കെട്ടിടങ്ങളിലേയ്ക്ക് മാറ്റിയിരുന്നോ?

കൊയിലാണ്ടി താലൂക്കിലെ കീഴരിയൂർ, ചെറുവണ്ണൂർ വില്ലേജോഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി ടി ഓഫീസുകൾ താൽക്കാലികമായി വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയിരുന്നു.

(ബി) എങ്കിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ച പ്രതിമാസ വാടക എത്രയായിരുന്നു?

പൊതുമരാമത്ത് വകുപ്പിന്റെ റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം ചെറുവണ്ണൂർ വില്ലേജ് ഓഫീസിന്റെ പ്രതിമാസ വാടക നിരക്ക് 23-07-2018 മുതൽ 25-03-2019 വരെ 12,759/- രൂപയും, 26-03-2019 മുതൽ 22-02-2021 വരെ

12,301/- രൂപയും കീഴരിയൂർ വില്ലേജ് ഓഫീസിന്റെ പ്രതിമാസ വാടക 26-06-2019 മുതൽ 9,930/- രൂപയാണ് വാടക നിശ്ചയിച്ചിട്ടുള്ളത്.

(സി) എത്ര കാലത്തേയ്ക്കാണ് പ്രസ്തുത കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തതെന്ന് വ്യക്തമാക്കാമോ; എത്ര കാലം പ്രസ്തുത ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവെന്ന് വ്യക്തമാക്കാമോ?

വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയായി ഉപയോഗയോഗ്യമാകുന്നത് വരെയുള്ള കാലത്തേക്കാണ് വാടക കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിച്ചിട്ടുള്ളത്.

ചെറുവണ്ണൂർ വില്ലേജ് ഓഫീസ് 23-07-2018 മുതൽ 22-02-2021 വരെയും, കീഴരിയൂർ വില്ലേജ് 26-06-2019 മുതൽ 04-12-2020 വരെയും ആണ് സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിച്ചിട്ടുള്ളത്. വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായതിനാൽ നിലവിൽ സ്വന്തം കെട്ടിടത്തിലാണ് ടി വില്ലേജുകൾ പ്രവർത്തിക്കുന്നത്.

(ഡി) കെട്ടിട ഉടമസ്ഥർക്ക് പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ച വാടക പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വാടക പൂർണ്ണമായി എന്നത്തേയ്ക്ക്

നൽകുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വാടക അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ?

ചെറുവണ്ണൂർ വില്ലേജ് ഓഫീസ് പ്രവർത്തിച്ച സ്വകാര്യ കെട്ടിടത്തിന്റെ ഉടമസ്ഥന് 23-07-2018 മുതൽ 26-03-2020 വരെയുള്ള വാടകയായി 2,50,507/- രൂപ നൽകിയിട്ടുണ്ട്. അവശേഷിച്ച തുക അനുവദിക്കുന്ന കാര്യത്തിൽ നടപടികൾ പുരോഗമിക്കുകയാണ്. കീഴരിയൂർ വില്ലേജ് ഓഫീസിന്റെ വാടക നിശ്ചയിച്ച് അനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ആയത് അടിയന്തരമായി ലഭ്യമാക്കി ഉടമസ്ഥന് വാടക അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്. ഇക്കാര്യത്തിൽ നിയമതടസ്സങ്ങളൊന്നുമില്ല.

**കടുത്തുരുത്തി സിവിൽ സ്റ്റേഷനിൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം വാടകയ്ക്ക് നൽകുന്നതിന് നടപടി**

362 (1543) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സിവിൽ സ്റ്റേഷനിൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം എം.എൽ.എ. ഓഫീസിന് വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ എം.എൽ.എ. ഓഫീസിന് സ്ഥലം അനുവദിക്കുന്ന വിഷയത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട മിനി സിവിൽസ്റ്റേഷന്റെ ഭരണനിയന്ത്രണം നിർവ്വഹിക്കുന്ന എസ്റ്റേറ്റ് ഓഫീസറായ താലൂക്ക് തഹസീൽദാർക്ക് (വൈക്കം) നിർദ്ദേശം നൽകാൻവേണ്ട നടപടികൾ സ്വീകരിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണർ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ?

ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ 29-09-2022 തീയതിയിലെ എൽ.ആർ/2569/2021-എൽ.ആർ.എം4 നമ്പർ കത്തുപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കാൻ വൈക്കം തഹസീൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അദ്ദേഹം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് വൈക്കം തഹസീൽദാർ കോട്ടയം ജില്ലാകളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

മിനി സിവിൽസ്റ്റേഷന്റെ ഭരണനിയന്ത്രണം നിർവ്വഹിക്കുന്നത് എസ്റ്റേറ്റ് ഓഫീസറായ താലൂക്ക് തഹസീൽദാർമാരാണ്. സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ സർക്കാർ വകുപ്പുകൾക്കും സർക്കാർ രൂപീകരിക്കുന്ന കമ്മീഷനുകൾക്കും വാടകയ്ക്ക് നൽകുമ്പോൾ ഈടാക്കാവുന്ന വാടക, സർക്കാരിന്റെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് നിശ്ചയിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ മിനി സിവിൽസ്റ്റേഷനിൽ എം.എൽ.എ.മാർക്ക് മുറി അനുവദിക്കുന്നത് സംബന്ധിച്ചും ടി മുറികൾക്ക് വാടക ഈടാക്കുന്നത് സംബന്ധിച്ചും വ്യക്തമായ നിർദ്ദേശം ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി കോട്ടയം ജില്ലാ കളക്ടർ സമർപ്പിച്ച

പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പരിശോധിച്ചുവരികയാണ്.

**മഞ്ചേശ്വരം താലൂക്ക് ഓഫീസിലെ ഒഴിവുകൾ നികത്താൻ നടപടി**

363 (1544) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് ഓഫീസിലെ സ്ഥിരം തസ്തികകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥിരം തസ്തികകളിൽ നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ & ബി)

| നം. | തസ്തിക | അംഗീകൃത തസ്തിക | ഒഴിവ് |
|---|---|---|---|
| 1 | തഹസിൽദാർ/ സീനിയർ സൂപ്രണ്ട് | 2 | 0 |
| 2 | ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് | 10 | 0 |
| 3 | വില്ലേജ് ഓഫീസർ/ റവന്യൂ ഇൻസ്പെക്ടർ/ ഹെഡ് ക്ലാർക്ക് | 20 | 1 |

| | | | |
|---|---|---|---|
| 4 | സീനിയർ ക്ലാർക്ക്/ എസ്.വി.ഒ | 30 (എസ്.വി.ഒ-9, സീനിയർ ക്ലാർക്ക്-21) | 6 (എസ്.വി.ഒ-01, സീനിയർ ക്ലാർക്ക്-05) |
| 5 | ക്ലാർക്ക്/ വി.എ | 41 (വി.എ 19, ക്ലാർക്ക്22) | 15 (വി.എ-6, ക്ലാർക്ക്-9) |
| 6 | ടൈപ്പിസ്റ്റ് | 2 | - |
| 7 | താലൂക്ക് സർവെയർ | 1 | - |
| 8 | അഡീഷണൽ താലൂക്ക് സർവെയർ | 1 | - |
| 9 | ഡ്രൈവർ | 1 | - |
| 10 | അറ്റൻഡർ | 1 | അവധിയിൽ |
| 11 | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | 38 | 7 |
| 12 | ഓഫീസ് അറ്റൻഡന്റ് | 4 | - |
| 13 | പാർട്ട് ടൈം സ്വീപ്പർ | 2 | - |

(സി) പ്രസ്തുത തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞ് കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ?

വില്ലേജ് ഓഫീസർ തസ്തിക 3 മാസമായും, സീനിയർ ക്ലാർക്ക്/എസ്.വി.ഒ തസ്തിക 6 മാസമായും, വില്ലേജ് അസിസ്റ്റന്റ് തസ്തിക 8 മാസമായും, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക 6 മാസമായും ഒഴിഞ്ഞുകിടക്കുകയാണ്.

(ഡി) തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഒഴിവുകളുള്ള തസ്തികകളുടെ ചുമതല നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധികമായി നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത താലൂക്ക് ഓഫീസിൽ നിരവധി തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതിന് കാരണമെന്താണെന്ന് വിശദമാക്കാമോ?

പി.എസ്.സി.യിൽനിന്നും നിയമന ശിപാർശ ലഭിക്കാത്തതിനാൽ വില്ലേജ് അസിസ്റ്റന്റ്/വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികകളിൽ നിയമനം നടത്താൻ സാധിച്ചിട്ടില്ല. പകരംസംവിധാനമെന്ന നിലയിൽ 6 പേരെ (വി.എ. ക്ലാർക്ക്) എംപ്ലോയ്മെന്റ് മുഖേന നിയമിച്ചിട്ടുണ്ട്. മറ്റ് തസ്തികകളിൽ പ്രൊമോഷൻ/സ്ഥലംമാറ്റംവഴി കാലതാമസം കൂടാതെ നിയമനം നടത്തുന്നതാണ്.

(എഫ്) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ എപ്പോൾ നികത്താനാകുമെന്ന് വ്യക്തമാക്കാമോ?

പി.എസ്.സി.യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

## റവന്യൂ വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

364 (1545) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് റവന്യൂ, സർവേയും ലാൻഡ് റെക്കോഡ്സും, ലാൻഡ് റിഫോംസ്, ഭവന നിർമ്മാണം എന്നീ വകുപ്പുകളുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരങ്ങൾ നൽകുമോ; ഈ ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഓഫീസുകളുടെ വിശദവിവരങ്ങളും ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ ഓഫീസുകൾ എത്രകാലമായി പ്രവർത്തിക്കുന്നുണ്ടെന്നും അവയ്ക്ക് അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെയാണെന്നുമുള്ള ഓഫീസ് തിരിച്ചുള്ള വിവരം നൽകുമോ?

ഭവനനിർമ്മാണബോർഡിന്റെ കാസർഗോഡ് ഡിവിഷണൽ ഓഫിസ് 1991 മുതൽ പ്രവർത്തിച്ചുവരുന്നു. ജില്ലയിൽ സർവ്വെ വകുപ്പിന്റെ കീഴിൽ 6 ഓഫിസുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവ ഓരോന്നും ആരംഭിച്ച വർഷം അനുബന്ധം-II-ൽ നൽകിയിട്ടുണ്ട്.+ ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി വിവരങ്ങൾ ലഭ്യമല്ല.

ടി ഓഫീസുകളിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിശദവിവരങ്ങൾ അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.+

(സി) ഈ ഓഫീസുകളിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി പ്രസ്തുത ഒഴിവുകൾ തുടരുന്നുവെന്നുമുള്ള വിവരം ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - III, IV ആയി ചേർത്തിരിക്കുന്നു.+

**സിൽവർ ലൈൻ പദ്ധതി സംബന്ധിച്ച ഭൂമി ഏറ്റെടുക്കൽ**

365 (1546) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയോടനുബന്ധിച്ചുള്ള ഭൂമി ഏറ്റെടുക്കലിനായി നിയോഗിച്ച മുഴുവൻ ഉദ്യോഗസ്ഥരെയും പുനർവിന്യസിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്. 13-01-2023 തീയതിയിലെ സ.ഉ.(സാധാ)നം. 246/2023/റവ., 01-02-2023 തീയതിയിലെ സ.ഉ.(സാധാ)നം. 527/2023/റവ. ഉത്തരവുകൾ പ്രകാരം മുഴുവൻ ഉദ്യോഗസ്ഥരെയും പുനർവിന്യസിച്ചിട്ടുണ്ട്.

(ബി) സിൽവർ ലൈൻ പദ്ധതി സംബന്ധിച്ച വിജ്ഞാപനം സർക്കാർ മരവിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിന് സ്റ്റേറ്റ് ലെവൽ എംപാനൽ ലിസ്റ്റിൽനിന്നും SIA ഏജൻസികളെ തെരഞ്ഞെടുത്ത് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2013-ലെ LARR Act പ്രകാരം സാമൂഹ്യ പ്രത്യഘാതപഠന യൂണിറ്റിനെ നിയമിച്ച് 6 മാസത്തിനുള്ളിൽ അന്തിമ പഠന റിപ്പോർട്ട് സമർപ്പിക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ പ്രസ്തുത കാലയളവിനുള്ളിൽ സാമൂഹ്യ പ്രത്യാഘാതപഠനം പൂർത്തീകരിക്കാത്ത പക്ഷം സെക്ഷൻ 4(1) പ്രകാരമുള്ള പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് വീണ്ടും സാമൂഹ്യ പ്രത്യാഘാതപഠനം നടത്തേണ്ടതായിവരുന്നു.

റെയിൽവേ ബോർഡിന്റെ അന്തിമ അനുമതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അന്തിമ അനുമതി ലഭിച്ചതിനുശേഷം മാത്രം 4(1) വിജ്ഞാപനം പുനർവിജ്ഞാപനം ചെയ്താൽ മതിയെന്ന് തീരുമാനമെടുത്തിട്ടുള്ളതാണ്.

(സി) സിൽവർ ലൈൻ പദ്ധതിക്കായി വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി

നൽകാവുന്നതാണെന്ന് റവന്യൂ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ 11(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമിയിൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ ക്രയവിക്രയങ്ങൾ നടത്തുന്നതിനോ ഭൂമി കൈമാറ്റം ചെയ്യുന്നതിനോ യാതൊരു നിയന്ത്രണങ്ങളും നിലവിലില്ല. ഇക്കാര്യം വ്യക്തമാക്കി 21-04-2022 തീയതിയിൽ REV-B1/414/2021/REV പ്രകാരം ബന്ധപ്പെട്ടവർക്ക് കത്ത് നൽകിയിട്ടുണ്ട്.

**തഹസിൽദാർമാരുടെ പ്രമോഷൻ**

366 (1547) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ് കളക്ടർ/ആർ.ഡി.ഒ. തസ്തികകളിൽ അനുവദനീയമായതിലും അധികമായി ഐ.എ.എസ്. ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഐ.എ.എസ്.(കേഡർ)റൂൾസ്, 1954 പ്രകാരം സംസ്ഥാന സർക്കാരിന്റെ അഭിപ്രായംകൂടി പരിഗണിച്ച് കേന്ദ്രസർക്കാരാണ് കേരള കേഡറിലേക്ക് അനുവദിക്കേണ്ട ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ എണ്ണം നിശ്ചയിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ ഫേസ്-2 ട്രെയിനിംഗിനുശേഷം സബ് കളക്ടർമാരായിട്ടാണ് നിയമിക്കുന്നത്. നിലവിൽ പതിനഞ്ച് ഐ.എ.എസ്. ഉദ്യോഗസ്ഥരെ സബ് കളക്ടർമാരായി നിയമിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം ഐ.എ.എസ്. ഉദ്യോഗസ്ഥരെ നിയോഗിച്ചതുമൂലം എത്ര തഹസിൽദാർമാർക്ക് അർഹതപ്പെട്ട പ്രൊമോഷൻ നിഷേധിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രകാരം പ്രമോഷൻ നഷ്ടപ്പെട്ട തഹസിൽദാർമാർക്ക് അർഹതപ്പെട്ട പ്രമോഷൻ നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി & സി) തഹസിൽദാർമാർക്ക് അർഹമായ പ്രൊമോഷൻ നഷ്ടപ്പെട്ടിട്ടില്ല. ഡെപ്യൂട്ടി കളക്ടർമാരുടെ റിവേർഷൻ ഒഴിവാക്കുന്നതിനും തഹസിൽദാർമാരുടെ സ്ഥാനക്കയറ്റം തടസ്സപ്പെടാതിരിക്കുന്നതിനുമായി 11-10-2022 തീയതിയിലെ G.O.(Ms) No.235/2022/RD നമ്പർ ഉത്തരവ് പ്രകാരം നാല് ഡെപ്യൂട്ടി കളക്ടർമാരുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻമാരായി വിവിധ ജില്ലകളിൽ നിയമനം നടത്തിയിട്ടുണ്ട്.

**വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ**

367 (1548) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിലവിൽ അനുവദിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം എത്രയാണ്; വിശദമാക്കാമോ?

നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം, സംസ്ഥാനത്തെ വില്ലേജ് ഓഫീസിൽ ഒരു വില്ലേജ് ഓഫീസറും ഒരു സ്പെഷ്യൽ വില്ലേജ് ഓഫീസറും

ഒരു വില്ലേജ് അസിസ്റ്റന്റും രണ്ട് വി.എഫ്.എ.മാരും അടങ്ങുന്ന അഞ്ച് ജീവനക്കാരാണുള്ളത്.

(ബി) സംസ്ഥാനത്തെ എത്ര വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്നുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ 124 ഗ്രൂപ്പ് വില്ലേജുകളിലും പുതിയതായി രൂപീകരിച്ച അഞ്ച് വില്ലേജുകളിലും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. കൂടാതെ പി.എസ്.സി.-യിൽനിന്നും നിയമനശിപാർശ ലഭിക്കാത്തതിനാൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകളിൽ നിയമനം നടത്തിയിട്ടില്ല.

(സി) കുറവുപരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തസ്തിക സൃഷ്ടിച്ചിട്ടില്ലാത്ത വില്ലേജുകളിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു. വില്ലേജ് ഓഫീസുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് മുൻകാലങ്ങളിലേതുപോലെ ജീവനക്കാരെ നിയമിച്ചുവരുന്നു. പി.എസ്.സി.

റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനം നടത്തി ജീവനക്കാരുടെ കുറവ് പരിഹരിച്ചുവരുന്നുണ്ട്.

(ഡി) വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് നിലവിലെ സ്റ്റാഫ് പാറ്റേൺ കാലോചിതവും ശാസ്ത്രീയവുമായി പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ജനസംഖ്യയിലും ഭൂമിയുടെ കൈവശങ്ങളുടെ എണ്ണത്തിലും നിലവിൽ റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായതനുസരിച്ച് സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഓരോ വില്ലേജ് ഓഫീസിലും ഒരു ക്ലാർക്കിന്റെ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**നായരമ്പലം ഗ്രാമപഞ്ചായത്ത് ഭഗവതി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള നടപടി**

368 (1549) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിൽ ഭഗവതി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുവേണ്ടി റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമി വിട്ടുനൽകുന്നതിനുള്ള അനുമതിക്കായി എറണാകുളം കളക്ടറേറ്റിൽനിന്നും ലാന്റ് റവന്യൂ കമ്മീഷണർക്ക് 11-10-2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിനും, പ്രസ്തുത റോഡ് ഗ്രാമപഞ്ചായത്തിന് വിട്ടുനൽകേണ്ടതാണെങ്കിൽ അതനുസരിച്ച് സർവ്വെ രേഖകളിൽ മാറ്റം വരുത്തുന്നതിനും, കൈമാറ്റം സംബന്ധിച്ച് ശിപാർശ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

(ബി) ഗ്രാമപഞ്ചായത്തിന്റെ 2020-2021 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതും അമ്പതോളം കുടുംബങ്ങൾ പ്രധാന റോഡിലേയ്ക്ക് പ്രവേശിക്കുന്നതുമായ പ്രസ്തുത റോഡിന്റെ ആവശ്യകത

കണക്കിലെടുത്ത് അനുമതി എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ടി സ്ഥലം പഞ്ചായത്തിന് കൈമാറാൻ കഴിയുന്നതാണെങ്കിൽ ആയതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാനും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനും ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറേറ്റിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസിലെയും സെക്രട്ടേറിയറ്റിലെയും ഫയൽ നമ്പർ വ്യക്തമാക്കാമോ?

ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ഫയൽ നം.LR/12423/2022/ LR(J7) ആണ്. ഇതുസംബന്ധിച്ച് സെക്രട്ടേറിയറ്റിൽ ഫയൽ നിലവിലില്ല.

**ചിറയിൻകീഴ് മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ**

369 (1550) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനായി എത്ര പദ്ധതികൾ സമർപ്പിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

(എ & ബി) നിലവിൽ ചിറയിൻകീഴ് മണ്ഡലത്തിൽ, റിവർ മാനേജ്മെന്റ് ഫണ്ടിലുൾപ്പെടുത്തി, ഭരണാനുമതി നൽകുന്നതിനായി പദ്ധതികളൊന്നുംതന്നെ സമർപ്പിക്കപ്പെട്ടിട്ടില്ല.

**കാഞ്ഞിരപ്പള്ളി താലൂക്കിലെ കുടുംബങ്ങളുടെ പുനരധിവാസം**

370 (1551) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ (എ) വകുപ്പിന്റെ 29-10-2021-ലെ ഉത്തരവ് (കൈ) നം. 5/2021/DMD പ്രകാരം ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ

പഠനങ്ങൾപ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ നൂറ്റിപ്പത്ത് കുടുംബങ്ങളെയും മീനച്ചിൽ താലൂക്കിലെ നൂറ്റിമുപ്പത്തിയെട്ട് കുടുംബങ്ങളെയും നിലവിൽ താമസിക്കുന്ന പ്രദേശത്തുനിന്നും മാറ്റി പാർപ്പിക്കേണ്ടതാണെന്നും ഇവർക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ നൽകി പുനരധിവസിപ്പിക്കേണ്ടതാണെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ എത്ര കുടുംബങ്ങൾക്ക് ഈ തുക അനുവദിച്ചിട്ടുണ്ട്; അറിയിക്കുമോ;

(സി) ഇനിയും എത്ര കുടുംബങ്ങൾക്കാണ് ഈ ആനുകൂല്യം അനുവദിക്കാനുള്ളതെന്നും കാലതാമസത്തിന്റെ കാരണവും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇനിയും മാറ്റിപ്പാർപ്പിക്കാനുള്ളവരെ പുനഃരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ - ഡി) കാഞ്ഞിരപ്പള്ളി താലൂക്കിലെ നൂറ്റിപത്ത് കുടുംബങ്ങളെയും മീനച്ചിൽ താലൂക്കിലെ നൂറ്റിമൂപ്പത്തിയെട്ട് കുടുംബങ്ങളെയും നിലവിൽ

താമസിക്കുന്ന പ്രദേശത്തുനിന്നും മാറ്റി പാർപ്പിക്കേണ്ടതാണെന്നും ഇവർക്ക് വസ്തുവാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം ആകെ 24 കോടി 80 ലക്ഷം രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് കോട്ടയം ജില്ലാ കളക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശയിൽ പ്രതിപാദിച്ചിട്ടുള്ള 248 കുടുംബങ്ങളിൽപ്പെട്ട ആർക്കെങ്കിലും സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും ഭൂമിയുണ്ടോ, മാറ്റിപ്പാർപ്പിക്കേണ്ടവരുടെ വിശദാംശം, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്ക് തഹസിൽദാർമാരുടെ റിപ്പോർട്ട് എന്നിവയുൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ സഹിതം റിപ്പോർട്ട് ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ സഹിതമുള്ള റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പ്രളയത്തിൽ വീട് തകർന്നതിന് നഷ്ടപരിഹാരം**

371 (1552) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വീട് തകർന്നതായി കാണിച്ച് തിരൂർ താലൂക്കിലെ പുത്തൂർ വില്ലേജിലെ ചാമപറമ്പിൽ ഷിനി എന്ന ആളിൽനിന്നും എന്തെങ്കിലും അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേലുള്ള നടപടികൾ ഏതുവരെയായിയെന്ന് വിശദമാക്കാമോ?

ശ്രീമതി ഷിനിയുടെ വീട് ഭാരതപ്പുഴയുടെ തീരത്ത് CRZ മേഖലയിലാണ്. പ്രസ്തുത വീട് 2018-19 പ്രളയങ്ങളിലുൾപ്പെട്ട വീടാണെന്നും പുഴയോട് ചേർന്ന വീടായതിനാൽ ഇനിയും അപകടസാധ്യത ഉണ്ടാവാനിടയുണ്ടെന്നും, അവിടെ വീട് വച്ച് താമസിക്കുക ദുഷ്കരമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, 2018-ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവരുടെ പട്ടികയിലുൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ നിറംകൈതക്കോട്ട ഭഗവതി ക്ഷേത്രം**

372 (1553) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ നിറംകൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽനിന്നും ന്യൂനതകൾ പരിഹരിച്ച പുതുക്കിയ വിശദാംശം ലഭ്യമാക്കുന്നതിനായി പുരാവസ്തു ഡയറക്ടർ നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതിന്റെ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി നൽകേണ്ട റവന്യൂ വിശദാംശം സമയബന്ധിതമായി നൽകാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

(എ & ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ നിറംകൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്രസ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽനിന്നും ന്യൂനതകൾ പരിഹരിച്ച പുതുക്കിയ വിശദാംശങ്ങൾ പുരാവസ്തു ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

**നാറാത്ത് ഈസ്റ്റ് എൽ.പി. സ്കൂൾ-രയരോത്ത് റോഡിന്റെ പ്രവൃത്തി**

373 (1554) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി 2021-22-ലുൾപ്പെട്ടിട്ടുള്ള നാറാത്ത് പഞ്ചായത്തിലെ നാറാത്ത് ഈസ്റ്റ് എൽ.പി. സ്കൂൾ-രയരോത്ത് റോഡിന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

(എ & ബി) നാറാത്ത് പഞ്ചായത്തിലെ നാറാത്ത് ഈസ്റ്റ് എൽ.പി.സ്കൂൾ-രയരോത്ത് റോഡ് പ്രവൃത്തി 2021-22 വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത പ്രവൃത്തി വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**അനധികൃത കയ്യേറ്റം**

374 (1555) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യനാട് ഗ്രാമപഞ്ചായത്തിൽ കോട്ടയ്ക്കകം ഹൗസിംഗ് ബോർഡ് കോളനി സ്ഥിതി ചെയ്യുന്ന ഭൂമിയിൽ അനധികൃത കയ്യേറ്റം നടന്നിട്ടുള്ളതായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ആര്യനാട് ഗ്രാമപഞ്ചായത്തിൽ കോട്ടയ്ക്കകം ഹൗസിംഗ് ബോർഡ് കോളനി സ്ഥിതി ചെയ്യുന്ന ഭൂമിയിൽ അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി കൈമാറി നൽകണമെന്ന് ആര്യനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാതി സമർപ്പിച്ചിട്ടുണ്ട്

(ബി) എങ്കിൽ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ടി പരാതിയുടെ അടിസ്ഥാനത്തിൽ പുറമ്പോക്ക് ഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിനും കയ്യേറ്റമുണ്ടെങ്കിൽ ഒഴിപ്പിക്കുന്നതിനും നെടുമങ്ങാട് തഹസിൽദാർ(ഭൂരേഖ)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വൃദ്ധ ദമ്പതികളുടെ വസ്തു

375 (1556) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ അങ്കമാലി വില്ലേജിൽ ശ്രീമതി മേരി ജോർജ്ജ് തച്ചിൽ, ശ്രീ. ടി. എ. ജോർജ്ജ് എന്നിവരുടെ പേരിലുള്ള ബ്ളോക്ക് 11, റീ-സർവ്വേ 386/2-ൽപ്പെട്ട 0.22 ആർ സ്ഥലം സ്വന്തമാക്കുന്നതിനായി ഇവർ നൽകിയ അപേക്ഷയിൽ റവന്യൂ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ലാൻറ് റവന്യൂ കമ്മീഷണർ എൽ.ആർ/7080/2022 നമ്പരായി ജില്ലാ കളക്ടർക്ക് നൽകിയ നിർദ്ദേശം കളക്ടർ നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) സർക്കാർതല ഉത്തരവ് ഉണ്ടായിട്ടുപോലും ആയത് നടപ്പിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗൗരവം കാണിക്കാത്തതുമൂലം 80 വയസ്സ് കഴിഞ്ഞിട്ടുള്ള ഈ വൃദ്ധ ദമ്പതികൾക്ക് വർഷങ്ങളായി അവരുടെ വസ്തുവിന്റെ കാര്യത്തിൽ പരിഹാരം ലഭിക്കാതെ കഷ്ടപ്പെടുന്ന സാഹചര്യം റവന്യൂ സെക്രട്ടറി പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി)ലാന്റ് റവന്യൂ കമ്മീഷണർ എൽ.ആർ 7/7080/2022 നമ്പരായി നൽകിയ ഉത്തരവ് നടപ്പിലാക്കുന്നതിന് കൂടുതൽ വ്യക്തത ഇനിയും ആവശ്യമുണ്ടോ; ഇല്ലെങ്കിൽ വൃദ്ധ ദമ്പതികളുടെ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് തുടർനടപടി വേഗത്തിലാക്കാൻ കളക്ടർക്ക് നിർദ്ദേശം നൽകുമോ?

(എ - സി) ആലുവ താലൂക്ക്, അങ്കമാലി വില്ലേജ്, ബ്ലോക്ക് 11, റീസർവ്വെ 386/2-ൽപ്പെട്ട 0.22 ആർ വസ്തു സംബന്ധിച്ച് ശ്രീ. T. A. ജോർജ്ജ്, ഭാര്യ മേരി ജോർജ്ജ് എന്നിവർ സമർപ്പിച്ച അപേക്ഷയിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ 24-11-2022-ലെ LR/7080/2022-LRJ7 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ LRM മുഖേന പ്രശ്നപരിഹാരം കാണുന്നതിന് എറണാകുളം ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരുന്നതും എത്രയും വേഗത്തിൽ അപേക്ഷയിൽ നടപടികൾ പൂർത്തിയാക്കുന്നതുമാണ്.

**നെന്മാറ ഗവ. ഐ .ടി .ഐ**

376 (1557) <u>ശ്രീ. കെ. ബാബു (നെന്മാറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ ഗവ. ഐ.ടി.ഐ.-യ്ക്ക് ഇറിഗേഷൻ വകുപ്പ് അനുവദിച്ച രണ്ടര ഏക്കർ ഭൂമി മുഴുവനായും കൈമാറിയിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചിറ്റൂർ താലൂക്കിൽ വല്ലങ്ങി വില്ലേജിൽ ബ്ലോക്ക് നം.56-ൽ റീ.സ.നം.497/10-ലുൾപ്പെട്ടതും ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ളതുമായ 1.0120 ഹെക്ടർ (2.50 ഏക്കർ) ഭൂമി നെന്മാറ ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി വ്യവസായിക പരിശീലന വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും ഭൂമികൈമാറ്റ പ്രൊപ്പോസൽ 10-09-2015-ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ സർക്കാർ പദ്ധതികൾക്ക് അനുയോജ്യമായ ഭൂമി നാൾക്കുനാൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് 1.07 ഏക്കർ ഭൂമി ആവശ്യമാണെന്ന്

ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിങ് ന്യൂഡൽഹിയുടെ ഏറ്റവും പുതിയ മാനദണ്ഡപ്രകാരം നിഷ്കർഷിച്ചിട്ടുള്ളതിനാലും, 1.07 ഏക്കർ ഭൂമി വ്യവസായ പരിശീലന വകുപ്പിന് കൈമാറ്റം ചെയ്യുന്നതിന് 29-10-2019 തീയതിയിൽ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 329/2019/റവ. പുറപ്പെടുവിക്കുകയും തുടർന്ന് ടി ഭൂമി വ്യവസായിക പരിശീലന വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്.

(ബി) ഈ വിഷയം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഈ പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പരാതി ലഭിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

**കുളത്തൂപ്പുഴയിലെ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഭൂമി കൈമാറുന്നതിന് നടപടി**

377 (1558) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ കുളത്തൂപ്പുഴയിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഭൂമിയിൽനിന്നും പത്തൊൻപത് സെൻറ് സ്ഥലം

കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നതിനായി നടപടികൾ പൂർത്തിയാക്കി റവന്യൂ വകുപ്പിന് കൈമാറിയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയുടെ കൈമാറ്റ നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കാത്തതിനാൽ ഇവിടെ കെ.എസ്.ഇ.ബി.-ക്ക് സെക്ഷൻ ഓഫീസ് നിർമ്മിക്കാൻ കഴിയാതെവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഭൂമിയുടെ കൈമാറ്റത്തിന് വേണ്ടുന്ന നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ – സി) സർക്കാർ പുറമ്പോക്കായ പ്രസ്തുത സ്ഥലം നിലവിൽ KSEB-യുടെ കൈവശമാണുള്ളത്. ആയതിനാൽ നിലവിലെ കമ്പോളവില ഈടാക്കി സ്ഥലം പതിച്ചുകൊടുക്കുകയോ അല്ലെങ്കിൽ പാട്ടത്തിനുകൊടുക്കുകയോ ചെയ്യാവുന്നതാണെന്ന ശിപാർശയോടുകൂടി ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളിലെ ഭൂമി ആവശ്യപ്പെട്ടുള്ള അപേക്ഷ**

378 (1559) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളാണ് ഭൂമി ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വർക്കല മണ്ഡലത്തിൽ ഭൂമി ആവശ്യപ്പെട്ടുലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പൊതുവിതരണ വകുപ്പ് (താലൂക്ക് സപ്ലൈ ഓഫീസ് ഗോഡൗൺ)
2. ടേക്ക്-എ-ബ്രേക്ക് പദ്ധതി (സർക്കാരിന്റെ 12 ഇന പരിപാടിപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ്)
3. വർക്കല രാധാകൃഷ്ണൻ പെയിൻ &പാലിയേറ്റീവ് കെയർ സൊസൈറ്റി കെട്ടിട നിർമ്മാണത്തിനായി ടി സൊസൈറ്റി അധികൃതർ
4. ലൈഫ് മിഷൻ (തദ്ദേശസ്വയംഭരണവകുപ്പ്)
5. ജലജീവൻ മിഷൻ (കേരള വാട്ടർ അതോറിറ്റി)
6. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിനുവേണ്ടി കേരള വെയർ -ഹൗസ് കോർപ്പറേഷൻ
7. എക്സൈസ്ഓഫീസിനുവേണ്ടി എക്സൈസ് വകുപ്പ്
8. പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് അംഗൻവാടി കെട്ടിടത്തിനായി പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്

9. എക്സ് സർവ്വീസ് ലീഗ്ബിൽഡിംഗിനുവേണ്ടി എക്സ്സർവ്വീസ് ലീഗ് അധികൃതർ

10. വെട്ടൂർ ഗ്രാമ പഞ്ചായത്തിന് അനുബന്ധ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി വെട്ടൂർ ഗ്രാമ പഞ്ചായത്ത്.

11. വർക്കല ടൂറിസം അമിനിറ്റി സെന്ററിനുവേണ്ടി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ

(ബി) പ്രസ്തുത അപേക്ഷകൾ ലഭിച്ചിട്ടുള്ളത് ഏത് തീയതികളിലാണെന്ന് വിശദമാക്കാമോ?

ഓരോ സ്ഥാപനത്തിന്റേയും അപേക്ഷ ലഭിച്ച തീയതി മേൽപരാമർശിച്ച ക്രമത്തിൽത്തന്നെ ചുവടെ ചേർക്കുന്നു.

1) 31-10-2022

2) 02-11-2020

3) 10-02-2020

4) 07-02-2022

5) 20-05-2022

6) 28-05-2018

7) 04-05-2017

8) 24-09-2021

9) 08-03-2019

10) 29-04-2022

11) 27-01-2022

(സി) പ്രസ്തുത അപേക്ഷകളിന്മേൽ അതിവേഗം ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എൻ.ഒ.സി.**

379 (1560) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിൽ നിയമപ്രകാരം നിർമ്മാണം പൂർത്തിയാക്കിയ വീടുകൾക്കും കെട്ടിടങ്ങൾക്കും വൈദ്യുതി കണക്ഷൻ

ലഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി ആവശ്യമുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണെന്ന ദേവികുളം സബ്കളക്ടറുടെ സർക്കുലർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ളതാണോ; അറിയിക്കുമോ;

(ഡി) എൻ.ഒ.സി. നൽകുന്നതിൽ കാലതാമസം നേരിടുന്നതുമൂലം പൊതുജനങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ - ഡി) ബഹു.കേരള ഹൈക്കോടതിയുടെ WP(C)1801/2010 & WP(C)34095/2007 എന്നീ കേസ്സുകളിലെ 21-01-2010-ലെ ഇടക്കാല ഉത്തരവിൽ മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എൻ.ഒ.സി. ഇല്ലാതെയുള്ള നിർമ്മാണ

പ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ലെന്ന് റവന്യൂ, തദ്ദേശ സ്വയംഭരണം, പോലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകൾ ഉറപ്പുവരുത്തണമെന്നും ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിനുശേഷവും റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വാങ്ങാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാർ മേഖലയിൽ നടന്നിട്ടുള്ളതും ഇത് ബന്ധപ്പെട്ട കക്ഷികൾ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. എൻ.ഒ.സി. ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ലായെന്ന് സർക്കാർ വകുപ്പുകൾ ഉറപ്പുവരുത്തണമെന്നുള്ള കോടതിവിധികളുടെ ലംഘനം ഒഴിവാക്കിയില്ലെങ്കിൽ അത് കോടതിയലക്ഷ്യ നടപടികളിലേക്ക് നീങ്ങുന്ന സാഹചര്യമുണ്ടാകുകയും തുടർന്ന് എൻ.ഒ.സി. ഇല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ പാടുള്ളതല്ലെന്ന് ദേവികുളം സബ് കളക്ടർ 23-08-2016-ൽ കെ.എസ്.ഇ.ബി അധികൃതർക്ക് കത്ത് നൽകുകയുണ്ടായി. കോടതി വിധി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം മാത്രമാണ് റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

മേൽപ്പറഞ്ഞപ്രകാരം കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സർക്കാർ ഗൗരവമായാണ് കാണുന്നത്. ഇതൊരു സാമൂഹ്യ പ്രശ്നമായി മാറിയിട്ടുള്ള സാഹചര്യത്തിൽ ഇതുപരിഹരിക്കാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിരവധി തവണ ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. പ്രശ്നപരിഹാരത്തിനായി നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതികൾ വരുത്താൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**തരൂർ മണ്ഡലത്തിലെ ക്രാഫ്റ്റ് വില്ലേജിനുള്ള സ്ഥലമേറ്റെടുപ്പ്**

380 (1561) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കണ്ണമ്പ്രയിൽ ക്രാഫ്റ്റ് വില്ലേജിനായി പഞ്ചായത്ത് വിട്ടുനൽകിയിട്ടുള്ള ഭൂമിയുടെ സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ & ബി) സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

**പൂതക്കുളം, ചിറക്കര വില്ലേജുകളിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

381 (1562) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പൂതക്കുളം വില്ലേജിലും ചിറക്കര വില്ലേജിലും റവന്യൂ പുറമ്പോക്ക് ഭൂമി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

റവന്യൂ പുറമ്പോക്ക് ഭൂമി നിലവിലുണ്ട്.

(ബി) എങ്കിൽ പുറമ്പോക്ക് ഭൂമി പ്രസ്തുത വില്ലേജുകളിലെ ഏതെല്ലാം ബ്ലോക്ക്, സർവ്വെ നമ്പരുകളിലുൾപ്പെടുന്നവയാണെന്നും പ്രസ്തുത ഭൂമിയുടെ അളവ് എത്രയെന്നും വ്യക്തമാക്കാമോ?

അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത വില്ലേജുകളിൽ ഉൾപ്പെട്ടിട്ടുള്ള കാവ് പുറമ്പോക്കുകളുടെ ബ്ലോക്ക് നമ്പറും സർവ്വെ നമ്പറും പ്രത്യേകം വ്യക്തമാക്കാമോ?

അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.+

**പോക്കുവരവ് ചെയ്തുലഭിക്കുന്നതിന് നടപടി**

382 (1563) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ കോടതി വിധിയിലൂടെ ലഭിച്ച ഭൂമിയിൽ പോക്കുവരവ് ചെയ്തുലഭിക്കണമെന്ന് ആവശ്യപ്പെട്ട് കാട്ടാക്കട താലൂക്ക് ഓഫീസിൽ നൽകിയ അപേക്ഷയിന്മേൽ (ഫയൽ നമ്പർ 8624/G1/2019) നാളിതുവരെ തീർപ്പ് കൽപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിരുത്തരവാദപരമായ സമീപനം സ്വീകരിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി1-8624/2019 നമ്പർ ഫയലുമായി ബന്ധപ്പെട്ട വസ്തുസംബന്ധിച്ച് ബഹു മാനപ്പെട്ട നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒ.എസ്.300544/2020 നമ്പരായും ബഹുമാനപ്പെട്ട കേരള ലോകായുക്തയിൽ C.N.14/2022B നമ്പരായും കേസ് നിലവിലുള്ളതിനാലും, തെറ്റായ തണ്ടപ്പേരുകൾ റദ്ദ് ചെയ്യേണ്ടതിനാലുമാണ് പോക്കുവരവ് ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത്.

(ബി) പോക്കുവരവിന് അപേക്ഷിച്ചാൽ എത്ര നാളുകൾക്കുള്ളിലാണ് അപേക്ഷ തീർപ്പാക്കുന്നതെന്ന് അറിയിക്കാമോ;

സേവനാവകാശ നിയമപ്രകാരം നിയമ തടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത സബ്ഡിവിഷൻ പോക്കുവരവ് കേസ്സുകൾക്ക് 40 ദിവസം സമയപരിധി ഉണ്ട്. എന്നിരുന്നാലും വ്യക്തമായ അതിർത്തി, തർക്കരഹിതമായ കൈവശം, സബ്ഡിവിഷൻ ആവശ്യമില്ലാത്ത പോക്കുവരവ് കേസ്സുകളിൽ അന്നേദിവസംതന്നെ പോക്കുവരവ് നടപടി സ്വീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത ഫയൽ എത്ര തവണയാണ് നിയമോപദേശത്തിനായി കളക്ടറേറ്റിൽ നൽകിയതെന്ന് വ്യക്തമാക്കുമോ?

3 തവണ നിയമോപദേശത്തിനായി നൽകിയിരുന്നു.

(ഡി) പ്രസ്തുത അപേക്ഷ തീർപ്പാക്കി നൽകുന്നതിന് എത്ര നാൾ വേണ്ടിവരുമെന്നും അതിൽ നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോയെന്നും വ്യക്തമാക്കുമോ?

പ്രസ്തുത അപേക്ഷ സ്ഥലം സംബന്ധിച്ച് തർക്കം നിലവിലുണ്ട്. കൂടാതെ ബഹുമാനപ്പെട്ട നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ഒ.എസ്. 300544/2020 നമ്പർ കേസുള്ളതിനാലും, തെറ്റായ പോക്കുവരവുകൾ റദ്ദ് ചെയ്യേണ്ടതായിട്ടുള്ളതിനാലുമാണ് അപേക്ഷ തീർപ്പാക്കുന്നതിന് തടസ്സം ഉണ്ടായിട്ടുള്ളത്.

**ഗുരുവായൂർ മണ്ഡലത്തിലെ അൺസർവ്വെ ലാൻഡുകൾ**

383 (1564) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ അൺസർവ്വെ ലാൻഡുകൾ സർവ്വെ ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നാലുവർഷംകൊണ്ട് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ റീസർവ്വേ പൂർത്തിയാക്കുന്നതിനായി ഡിജിറ്റൽ ലാൻഡ് സർവ്വെ

പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളതും, അതിന്റെ ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ സർവ്വെ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. തൃശ്ശൂർ ജില്ലയിൽനിന്നും ഒന്നാംഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള 23 വില്ലേജുകളിൽ ഗുരുവായൂർ മണ്ഡലത്തിലെ ഏങ്ങണ്ടിയൂർ വില്ലേജ് ഉൾപ്പെട്ടുവരുന്നു. ഡിജിറ്റൽ സർവ്വെയുടെ അടുത്ത ഘട്ടങ്ങളിൽ ഗുരുവായൂർ മണ്ഡലത്തിൽനിന്നും കൂടുതൽ വില്ലേജുകളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. ടി വില്ലേജുകളെ ഡിജിറ്റൽ സർവ്വെയ്ക്കായി തിരഞ്ഞെടുക്കുന്നമുറയ്ക്ക് ടി വില്ലേജുകളിലെ അൺ സർവ്വെയ്ഡ് ലാൻഡ്, സർക്കാർ പുറമ്പോക്ക് ഭൂമി ഉൾപ്പെടെയുള്ള ഭൂമികളും സർവ്വെ ചെയ്ത് ഡിജിറ്റൽ റെക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശത്ത് കടൽ പുറമ്പോക്കുകൾ വൻതോതിൽ കയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കടൽ പുറമ്പോക്കുകൾ സർവ്വെ ചെയ്ത് സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുആവശ്യത്തിനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ കാര്യം പരിശോധിക്കുന്നതാണ്.

**കയ്യേറ്റങ്ങൾ തടയുന്നതിന് നടപടി**

384 (1565) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടഭൂമിയിൽ ഉൾപ്പെടെയുള്ള കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

തോട്ടഭൂമി ഉൾപ്പെടെയുള്ള സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ലെയും 1958-ലെ അനുബന്ധ ചട്ടങ്ങളിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ

സ്വീകരിക്കുന്നതിനായി 10-09-2018-ലെ സ.ഉ(സാധാ.)3778/2018/റവ. ഉത്തരവ് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ജോയിന്റ് കമ്മീഷണറും അസിസ്റ്റന്റ് കമ്മീഷണറും മറ്റ് ഉദ്യോഗസ്ഥരുമുൾപ്പെടുന്ന ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല-താലൂക്കുതല മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുള്ളതും ഈ സെല്ലുകൾ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സർവ്വെ വകുപ്പിന്റെ സഹായത്തോടെ സ്ഥലപരിശോധന നടത്തി കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. 08-11-2008-നുശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കയ്യേറ്റ കേസ്സുകളിൽ ഉണ്ടാകുന്ന അപ്പീൽ/റിവിഷൻ കേസ്സുകളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരമൊഴികെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടറുടെ അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ജലസേചന-പൊതുമരാമത്ത്-വനം വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് ടി വകുപ്പുകളുടെ ഭൂമിയിലുള്ള

കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള അധികാരം ലഭ്യമാക്കിയിട്ടുണ്ട്. കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂവകുപ്പ് കൈമാറിവരുന്നു. കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തരം ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറിവരുന്നു.

(ബി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ എത്ര ഹെക്ടർ ഭൂമി ഇത്തരത്തിൽ സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാൻ സാധിച്ചെന്ന് വ്യക്തമാക്കുമോ?

അനുബന്ധം (1), (2) ആയി ചേർത്തിരിക്കുന്നു.+

## ഭൂമിയുടെ ഡിജിറ്റലൈസേഷൻ

385 (1566) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഭൂമിയുടെ അളവുകളും രേഖകളും ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

ഭൂമിയുടെ അളവുകളും രേഖകളും ഡിജിറ്റലൈസേഷൻ ചെയ്യുന്നതിനുവേണ്ടി സംസ്ഥാനത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലുള്ള പേപ്പർ മാപ്പുകൾ നശിക്കാതെ സംരക്ഷിക്കുന്നതിനും, റീസർവ്വെയുടെ ഭാഗമായി റഫറൻസ് മാപ്പായി ഉപയോഗിക്കുന്നതിനും, സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള എല്ലാ പേപ്പർ മാപ്പുകളും സ്കാൻ ചെയ്തുസൂക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ ഭൂസംബന്ധമായ സേവനങ്ങൾ ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും സുഗമവുമായ രീതിയിൽ കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേന ജനങ്ങൾക്ക് ലഭ്യമാക്കുക, റവന്യൂ ഭരണം കൂടുതൽ സുഗമമാക്കുക, ഇനിയൊരു റീസർവ്വെ ആവശ്യമില്ലാത്ത വിധം മാപ്പുകൾ നാളതീകരിച്ച് പരിപാലിക്കുക, സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ

ഭൂസംബന്ധമായ സേവനങ്ങൾ ഏകീകൃത സംവിധാനത്തിലൂടെ നൽകുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് ഏറ്റവും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ 1550 വില്ലേജുകൾ നാലുവർഷംകൊണ്ട് ഡിജിറ്റലായി സർവ്വെ ചെയ്യുന്നതിനുള്ള 858 കോടി രൂപയുടെ ബൃഹത് പദ്ധതിക്കാണ് സർക്കാർ വിഭാവനം ചെയ്ത് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 2022 നവംബർ മാസം ഒന്നാം തീയതി സംസ്ഥാനത്ത് ആരംഭിച്ച ടി പദ്ധതിക്കായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 200 വില്ലേജുകളുടെ സർവ്വെ നടപടികൾ അതിവേഗം പുരോഗമിക്കുന്നുണ്ട്. ടി പദ്ധതിപ്രകാരം ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളുമെന്ന രീതിയിൽ ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലുവർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലെ ഏതെല്ലാം വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വെ ആരംഭിച്ചിട്ടുള്ളത്; ഈ

വില്ലേജുകളിലെ സർവ്വെ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്?

ഡിജിറ്റൽ റീസർവ്വെയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിൽ 16 വില്ലേജുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്, ഇതിൽ കൊയിലാണ്ടി താലൂക്കിലെ 8 വില്ലേജുകളും (അരിക്കുളം, മൂടാടി, ചെറുവണ്ണൂർ, എരവട്ടൂർ, തിക്കോടി, തുറയൂർ, നടുവണ്ണൂർ, ഉള്ളിയേരി), താമരശ്ശേരി താലൂക്കിലെ 2 (പുത്തൂർ, രാരോത്ത്) വില്ലേജുകളുമാണ് ഉൾപ്പെട്ടുവരുന്നത്. പ്രസ്തുത വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ പ്രവർത്തനം ആറുമാസംകൊണ്ട് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(സി) സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ സർവ്വെ നടത്തുമ്പോൾ അവരുടെ സാന്നിധ്യം ഉറപ്പുവരുത്തണമെന്ന് നിർബന്ധമുണ്ടോ; ഇങ്ങനെ സർവ്വെ നടത്തുന്നതിനായി എന്തൊക്കെ തയ്യാറെടുപ്പുകളാണ് സ്വീകരിച്ചിട്ടുള്ളത്?

ഒരു വില്ലേജിന്റെ റീസർവ്വെ ആരംഭിക്കുന്ന വിവരം സർവ്വെ ബൗണ്ടറീസ് ആക്റ്റ് സെക്ഷൻ 6(1) പ്രകാരം പരസ്യം നൽകിയാണ് പ്രസ്തുത

പ്രദേശത്ത് റീസർവ്വെ ആരംഭിക്കുന്നത്. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ റീസർവ്വെ പൂർണ്ണ പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. സർവ്വെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനും, തങ്ങളുടെ ഭൂമിയിലെ അതിർത്തികളിലെ കാടുകൾ വെട്ടിതെളിച്ച് സഞ്ചാര യോഗ്യമാക്കുന്നതിനും, സർവ്വെയർ ഫീൽഡിൽ വരുമ്പോൾ അതിർത്തികൾ കൃത്യമായി കാണിച്ച് കൊടുക്കുന്നതിനും ഭൂവുടമസ്ഥരുടെ സാന്നിദ്ധ്യം സർവ്വെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വളരെ സഹായകരമാകുമെന്നതിനാൽ പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, പദ്ധതിയുടെ പ്രാധാന്യത്തെയും ജനങ്ങളുടെ പങ്കാളിത്തത്തെയും കുറിച്ച് വിശദീകരിക്കുന്നതിനും, പദ്ധതിയെ സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനും ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്ത 200 വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവ്വെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെപ്പറ്റി അവബോധം

ജനങ്ങൾക്ക് നൽകിവരുന്നു. കൂടാതെ സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ നൽകിയിട്ടുള്ളതും, ഡിജിറ്റൽ സർവ്വെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടലും സജ്ജീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ സർവ്വെ ചെയ്യുന്ന വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

**അന്യാധീനപ്പെട്ട റവന്യൂഭൂമി സർക്കാരിലേക്ക് മുതൽക്കൂട്ടുന്ന നടപടി**

386 (1567) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അന്യാധീനപ്പെട്ട റവന്യൂഭൂമി എത്രയെന്നും അവ സർക്കാരിലേക്ക് മുതൽക്കൂട്ടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ?

സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു.

സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-09-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം.3778/2018/റവ. പ്രകാരം ജില്ലാതലത്തിലും താലൂക്കുതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ പൊതുഅവധി ദിവസങ്ങളുൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കയ്യേറ്റം കണ്ടെത്തുന്നപക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായിത്തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ്

കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെയുൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ്സെൽവഴിയും തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 08-11-2008-നുശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ(ഭേദഗതി) നിയമപ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കയ്യേറ്റക്കേസ്സുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ/റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനംവകുപ്പ്, തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്നമുറയ്ക്ക് കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ

കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറിവരുന്നു. കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമികളിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറിവരുന്നു. സംസ്ഥാനത്തെ അന്യാധീനപ്പെട്ട ഭൂമിയെ സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള വിവരം ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് ചുവടെ ചേർക്കുന്നു.

| ജില്ല | അന്യാധീനപ്പെട്ട റവന്യൂ ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 122.99.15 |
| കൊല്ലം | 33.1706 |
| പത്തനംതിട്ട | 9.0853 |
| ആലപ്പുഴ | 3.23.94 |
| കോട്ടയം | 9.69052 |
| ഇടുക്കി | 58.80.06 |
| എറണാകുളം | 10.8181 |
| തൃശ്ശൂർ | 27.999 |
| പാലക്കാട് | 1.1598 |

| | |
|---|---|
| മലപ്പുറം | 3.2066 |
| കോഴിക്കോട് | 15.44286 |
| വയനാട് | 33.9665 |
| കണ്ണൂർ | 0.9168 |
| കാസർഗോഡ് | 16.231 |
| ആകെ | 346.71858 |

(ബി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര ഹെക്ടർ റവന്യൂ ഭൂമി ഇത്തരത്തിൽ സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാക്കാൻ സാധിച്ചെന്ന് വ്യക്തമാക്കാമോ?

ജില്ലാകളക്ടർമാരിൽനിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ സർക്കാർ കാലയളവിനുള്ളിൽ തിരിച്ചെടുത്ത അന്യാധീനപ്പെട്ട ഭൂമിയെ സംബന്ധിച്ചുള്ള ജില്ലാടിസ്ഥനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ഈ സർക്കാർ കാലയളവിൽ ഒഴിപ്പിച്ച ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 2.14.31 |
| കൊല്ലം | 0.8646 |
| പത്തനംതിട്ട | 0.5773 |

| | |
|---|---|
| ആലപ്പുഴ | 00.00.81 |
| കോട്ടയം | NIL |
| ഇടുക്കി | 32.53.24 |
| എറണാകുളം | 00.51.12 |
| തൃശ്ശൂർ | 13.688 |
| പാലക്കാട് | 0.6296 |
| മലപ്പുറം | 2.3384 |
| കോഴിക്കോട് | 1.84661 |
| വയനാട് | 0.1853 |
| കണ്ണൂർ | NIL |
| കാസർഗോഡ് | 8.772 |
| ആകെ | 64.09661 |

**റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടുകിട്ടുന്നതിന് നടപടി**

387 (1568) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി പ്രസ്തുത പഞ്ചായത്തിൽ കണ്ടെത്തിയിട്ടുള്ള റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടുകിട്ടുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ & ബി) കണ്ണൂർ ജില്ലയിൽ പെരിങ്ങോം വില്ലേജിൽ റീസർവ്വെ 20/11-ൽപ്പെട്ട 0.2400 ഹെക്ടർ ഭൂമി പെരിങ്ങോം-വയക്കര ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് ആസ്ഥാന മന്ദിരം പണിയുന്നതിന് പതിച്ചുനൽകുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷണർ, ലാൻഡ് റവന്യൂവിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കടുത്തുരുത്തി സർക്കാർ പോളിടെക്നിക് ഭൂമിയുടെ സർവ്വെ നടപടികൾ**

388 (1569) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സർക്കാർ പോളിടെക്നിക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കാമോ?

ഇല്ല. കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ കൈവശമുള്ള സ്ഥലം അളക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതും പൊന്നുംവിലയ്ക്കെടുത്തതുമായ 19 ഏക്കർ 39.147 സെന്റ് സ്ഥലത്തിൽനിന്നും ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവായവഴിക്ക് നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ സർവ്വെ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

(ബി) കടുത്തുരുത്തി പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമിയിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവായവഴിക്ക് നീക്കിവെച്ചിട്ടുള്ള സ്ഥലത്തിന്റെ വീതിയും സംബന്ധിച്ച വിവരം പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

കടുത്തുരുത്തി പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമിയിൽനിന്നും ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും പൊതുവായവഴിക്ക് നീക്കിവച്ചിട്ടുള്ള സ്ഥലത്തിന്റെ വീതി സംബന്ധിച്ച വിവരവും

പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടില്ല. ഈ വിഷയം പഞ്ചായത്തുമായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതിന് കോട്ടയം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കടുത്തുരുത്തി പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമി മറ്റ് സർക്കാർ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിന് പ്രസ്തുത ഭൂമിയുടെ സർവ്വെ നടപടികൾ അടിയന്തരമായി നടത്തുന്നതിന് റവന്യൂ വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കടുത്തുരുത്തി പോളിടെക്നിക്കിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ എൽ.എ. സ്കെച്ചുകൾ അടിയന്തരമായി ലഭ്യമാക്കിയശേഷം സ്വകാര്യ വ്യക്തിയുമായുള്ള അതിർത്തിത്തർക്കം പരിഹരിച്ച് സർവ്വെ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**എന്റെ ഭൂമി പദ്ധതി**

389 (1570) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എൻ. കെ. അക്ബർ:

<u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഏകജാലക ഓൺലൈൻ സംവിധാനമെന്നനിലയ്ക്ക് 'എന്റെ ഭൂമി' എന്ന ഓൺലൈൻ പോർട്ടൽ എങ്ങനെയാണ് പ്രവർത്തിക്കുകയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകജാലക ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ മാപ്പുകൾ തയ്യാറാക്കേണ്ടതുണ്ട്. ഇതിലേക്കായാണ് സംസ്ഥാനത്തെ ആകെയുള്ള 1666 വില്ലേജുകളിൽ ഇതിനോടകം ഡിജിറ്റലായി സർവ്വെ പൂർത്തിയാക്കിയിട്ടുള്ള വില്ലേജുകൾ ഒഴികെ ബാക്കിവരുന്ന 1550 വില്ലേജുകൾ നാലുവർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ടി പദ്ധതി പ്രകാരമുള്ള എല്ലാ നടപടികളും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിലേക്കായി NIC മുഖേന 'എന്റെ ഭൂമി' എന്ന ഓൺലൈൻ പോർട്ടൽ

തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ഡിജിറ്റൽ സർവ്വെ ആരംഭിച്ചിട്ടുള്ള 200 വില്ലേജുകളിലെ റവന്യൂ രേഖകൾ പ്രകാരമുള്ള ഭൂവുടമസ്ഥരുടെ വിവരങ്ങൾ അറിയാൻ സാധിക്കുന്നതും, ഉടമസ്ഥാവകാശമുള്ള ഭൂമിയുടെ വിവരങ്ങൾ റവന്യൂ രേഖകളിൽ ഉൾപ്പെട്ട് വരാതിരിക്കുകയോ അല്ലെങ്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതായോ ശ്രദ്ധയിൽപ്പെടുന്നപക്ഷം അവകാശ രേഖകളുടെ പകർപ്പുകൾ സഹിതം പ്രസ്തുത വിവരം അറിയിക്കുന്നതിനുള്ള സംവിധാനവും, ടി പോർട്ടലിൽ നൽകിയിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ സർവ്വെ നടപടികൾ ഏറ്റവും സുതാര്യമായ രീതിയിൽ നടത്തുകയെന്ന ലക്ഷ്യത്തോടെ സർവ്വെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ പോർട്ടലിൽ ലഭ്യമാകുന്നതാണ്. അപ്രകാരം ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്നമുറയ്ക്ക് സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിൽ കൊണ്ടുവരുന്നതിന് സാധിക്കുന്നതാണ്.

(ബി) 'എന്റെ ഭൂമി' എന്ന ഡിജിറ്റൽ റീസർവ്വെ പദ്ധതികൊണ്ട് സർക്കാർ എന്തൊക്കെയാണ് ലക്ഷ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഭൂസംബന്ധമായ സേവനങ്ങൾ ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും സുഗമവുമായ രീതിയിൽ കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേന ജനങ്ങൾക്ക് ലഭ്യമാക്കുക, റവന്യൂ ഭരണം കൂടുതൽ സുഗമമാക്കുക, ഇനിയൊരു റീസർവ്വെ ആവശ്യമില്ലാത്ത വിധം മാപ്പുകൾ നാളതീകരിച്ച് പരിപാലിക്കുക, സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ ഭൂസംബന്ധമായ സേവനങ്ങൾ ഏകീകൃത സംവിധാനത്തിലൂടെ നൽകുക, സംസ്ഥാനത്തിന്റെ റീസർവ്വെ സമയബന്ധിതമായിതന്നെ പൂർത്തിയാക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് ഏറ്റവും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തികൊണ്ട് "എന്റെ ഭൂമി" എന്ന പേരിൽ സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ 4 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനായി സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ ആവിഷ്കരിച്ചിട്ടുള്ളത്.

(സി) കഴിഞ്ഞ ആറര വർഷംകൊണ്ട് സംസ്ഥാനത്ത് വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം ലഭ്യമാണോ; എങ്കിൽ നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ 5 വർഷ കാലയളവിനുള്ളിൽ ലഭ്യമാക്കിയ 1,77,011 പട്ടയങ്ങളും ഈ സർക്കാരിന്റെ ആദ്യ ഒരു വർഷ കാലയളവിനുള്ളിൽ ലഭ്യമാക്കിയ 54,535 പട്ടയങ്ങളും ഉൾപ്പെടെ 2,31,546 പട്ടയങ്ങൾ.

(ഡി) റീസർവ്വെ പ്രവൃത്തികൾക്ക് ആവശ്യമായ ജീവനക്കാരെ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

റീസർവ്വെ കൂടാതെ ലാൻഡ് അക്വിസിഷൻ, ലാൻഡ് അസൈൻമെന്റ്, സംസ്ഥാനത്തെ വിവിധ വികസന പദ്ധതികളുടെ ഭാഗമായുള്ള സർവ്വെ തുടങ്ങിയ ജോലികൾക്കാണ് സർവ്വെ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വെ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർവ്വെയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരെ കൂടാതെ 1500 സർവ്വെയർമാരും, 3200 ഹെൽപ്പർമാരുംകൂടി ആവശ്യമാണ്. ടി ജീവനക്കാരെ കരാറടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഇ) സർവ്വെ സഭകൾകൊണ്ട് ലക്ഷ്യമാക്കുന്നതെന്താണെന്നും ഏതൊക്കെ വില്ലേജുകളിലാണ് ആദ്യത്തെ മൂന്ന് വർഷങ്ങളിൽ സർവ്വെ നടത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുക, പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുക, പദ്ധതിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ അവ ദൂരീകരിക്കുക എന്നിവയാണ് സർവ്വെ സഭകൾകൊണ്ട് ലക്ഷ്യമിടുന്നത്. നിലവിൽ ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്ത 200 വില്ലേജുകളിലെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ടി വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി സർവ്വെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച അവബോധം ഭൂവുടമസ്ഥർക്ക് നൽകിവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഡിജിറ്റൽ റീസർവ്വെ**

390 (1571) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി.പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ഭൂമിയും ഡിജിറ്റലായി അളന്ന് റെക്കോർഡുകൾ തയ്യാറാക്കി ഒരു സമഗ്രഭൂരേഖ തയ്യാറാക്കുന്നതിനുള്ള ഡിജിറ്റൽ റീസർവ്വെ നടത്തുന്നതിന് എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് പ്രയോജനപ്പെടുത്തുന്നത്; ഏതൊക്കെ അത്യാധുനിക സർവ്വെ ഉപകരണങ്ങളാണ് പ്രയോജനപ്പെടുത്തുന്നത്; ഡ്രോൺ അധിഷ്ഠിത സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നൂതന സർവ്വെ സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ ഭൂമിയും ഡിജിറ്റലായി സർവ്വെ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കി ഒരു സമഗ്രഭൂരേഖ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. Continuously Operating Reference Station (CORS), Real Time Kinematic (RTK) Rover,

Robotic Total Station, Tablet PC, Drone എന്നീ അത്യാധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് സർവ്വെ നടത്തുന്നത്. ഇതിലേക്കായി "എന്റെ ഭൂമി" എന്ന സമഗ്രമായ സോഫ്റ്റ് വെയർ സംവിധാനം തയ്യാറാക്കിയിട്ടുണ്ട്. സർവ്വെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ പോർട്ടൽ മുഖേന അറിയാൻ സാധിക്കുന്നതാണ്. ഡിജിറ്റൽ സർവ്വെ നടപടികൾ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ സേവനങ്ങൾ ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള സംവിധാനം എൻ.ഐ.സി. മുഖേന തയ്യാറാക്കിവരുന്നു. സംസ്ഥാനത്തെ ഭൂരിഭാഗം സ്ഥലങ്ങളിലും RTK റോവർ മെഷീനുകൾ ഉപയോഗിച്ചും, മരങ്ങളാൽ മൂടപ്പെട്ടതും, സാറ്റലൈറ്റ് സിഗ്നലുകൾ താരതമ്യേന ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മാത്രം റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീനുകളും, ഏറ്റവും ദുറസ്സായ സ്ഥലങ്ങളിൽ ഡ്രോൺ സാങ്കേതിക വിദ്യയും ഉപയോഗിച്ചാണ് സർവ്വെ നടത്തിവരുന്നത്.

(ബി) സർവ്വെ വകുപ്പ് തയ്യാറാക്കുന്ന ഭൂമി സംബന്ധിച്ച അന്തിമരേഖ റവന്യൂ വകുപ്പിന് കൈമാറുന്നതിനുമുമ്പ് ഭൂവുടമയ്ക്ക് പരാതികൾ സമർപ്പിക്കുന്നതിന് അവസരമുണ്ടോ; പരാതി പരിഹാരത്തിന് പ്രത്യേക സംവിധാനമുണ്ടോ; വിശദാംശം നൽകുമോ?

സർവ്വെയും ഭൂരേഖയും വകുപ്പ് തയ്യാറാക്കുന്ന ഭൂമി സംബന്ധിച്ച അന്തിമരേഖ റവന്യൂ വകുപ്പിന് കൈമാറുന്നതിനുമുമ്പ്, ഭൂവുടമയ്ക്ക് പരാതികൾ സമർപ്പിക്കുന്നതിന് അവസരമുണ്ട്.

വില്ലേജിന്റെ സർവ്വെ പൂർത്തിയാകുന്നമുറയ്ക്ക് സർവ്വെ ബൗണ്ടറീസ് ആക്ട് & റൂൾ പ്രകാരമുള്ള 9(2) നോട്ടിഫിക്കേഷൻ നൽകി, ടി വില്ലേജിന്റെ സർവ്വെ റെക്കാർഡുകൾ പരിശോധിക്കുന്നതിനായി ഭൂവുടമയ്ക്ക് അവസരം നൽകുന്നു. കൂടാതെ പ്രസ്തുത റെക്കാർഡുകൾ പരിശോധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സെക്ഷൻ 11 പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമായി "എന്റെ ഭൂമി" പോർട്ടൽ മുഖേന സർവ്വെ റെക്കാർഡുകൾ ഓൺലൈനായി

പരിശോധിക്കുന്നതിനും, ഓൺലൈനായി പരാതികൾ ബോധിപ്പിക്കുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**വില്ലേജുകളിൽ നിയോഗിച്ചിരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ശമ്പളം**

391 (1572) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ റീസർവ്വെ കഴിയാത്ത വില്ലേജുകളിൽ തണ്ടപ്പേരുകളുടെ ഡാറ്റാ എൻട്രിയിലെ തെറ്റ് തിരുത്തുന്നതിനും വിട്ടുപോയ തണ്ടപ്പേരുകൾ ചേർക്കുന്നതിനുമായി വില്ലേജുകളിലും കളക്ടറേറ്റിലുമായി നിയോഗിച്ചിരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് നാളിതുവരെ ശമ്പളം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുനലൂർ താലൂക്കിൽ ഉൾപ്പെടെ ജില്ലയിലെ എത്ര വില്ലേജുകളിൽ ഇനിയും ഡാറ്റാ എൻട്രി പൂർത്തിയാക്കാനുണ്ടെന്ന് അറിയിക്കാമോ;

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ ഉൾപ്പെടെ, റീസർവ്വെ കഴിയാത്ത 9 വില്ലേജുകളിൽ ഡേറ്റാ എൻട്രി പൂർത്തിയാക്കാനുണ്ട്.

(സി) പുനലൂർ താലൂക്കിലെ വിവിധ വില്ലേജുകളിൽ നിയോഗിച്ചിരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ശമ്പളം നൽകുന്നതിനുൾപ്പെടെ 14,77,000 രൂപയുടെ അലോട്ട്മെന്റ് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് ഉചിതമാർഗേണ ലഭ്യമാക്കിയ അപേക്ഷ കൈപ്പറ്റിയ തീയതിയും നാളിതുവരെ സ്വീകരിച്ച നടപടികളും അറിയിക്കാമോ?

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള വേതനം നൽകുന്നതിന് ആവശ്യമായിവരുന്ന 14,77,000/- രൂപ ലഭ്യമാക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർ 03-07-2022-ൽ ഡി.സി.കെ.എൽ.എം/363/2018/റെലിസ് അഡ്മിൻ നമ്പർ കത്ത് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകുകയും ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ ശമ്പള ഇനത്തിൽ 14,77,000/- രൂപ കണക്കാക്കിയതിൽ വസ്തുതാപരമായി തെറ്റുസംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം ഉപയോഗിച്ചുകൊണ്ട് ചെയ്തുതീർത്ത ജോലികളുടെ വിശദവിവരം ലഭ്യമാക്കാൻ 27-09-2022-ൽ ജില്ലാ കളക്ടർക്ക് കത്ത് നൽകി. ആയതിന് കൊല്ലം ജില്ലാ കളക്ടർ 24-12-2022-ൽ ലഭ്യമാക്കിയ മറുപടിപ്രകാരം, കൊല്ലം

ജില്ലയിലെ ആകെയുള്ള 105 വില്ലേജുകളിൽ റീസർവ്വെ പൂർത്തിയായ 90 വില്ലേജുകളിലെ ഡാറ്റാ ഡിജിറ്റൈസേഷൻ പൂർത്തിയായിട്ടുള്ളതായും റീസർവ്വെ കഴിയാത്ത പുനലൂർ, പത്തനാപുരം താലൂക്കുകളിലെ 15 വില്ലേജുകളിൽ, ആദ്യ ഘട്ടത്തിൽ നടന്ന ഡാറ്റാ എൻട്രിയിൽ നിരവധിയായ തെറ്റുകൾ സംഭവിച്ചിട്ടുള്ളതിനാൽ, ഡാറ്റാ മുഴുവനായും ഡിലീറ്റ് ചെയ്യുകയോ തിരുത്തുകയോ ചെയ്യേണ്ട സാഹചര്യം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ നിലവിൽ വീണ്ടും ഡാറ്റാ എൻട്രി നടന്നുവരുന്നതായും ശമ്പള ഇനത്തിൽ ആവശ്യമായിവരുന്ന തുക, 14,77,000/- രൂപ എന്നത് 22,70,000/- രൂപ എന്നുമാറ്റി ലഭ്യമാക്കിയിട്ടുള്ളതുമാണ്.

ജില്ലാ കളക്ടർ ലഭ്യമാക്കിയ പുതുക്കിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫണ്ട് വിഹിതത്തിൽനിന്നും 22,70,000/- രൂപ കൊല്ലം ജില്ലാ കളക്ടർക്ക് 30-01-2023-ൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**പുതുതായി റീസർവ്വെ ആരംഭിക്കുന്നതിന് നടപടി**

392 (1573) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി റീസർവ്വെ നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും സർവ്വെ എപ്പോൾ ആരംഭിക്കുമെന്നും എത്രകാലംകൊണ്ട് പൂർത്തിയാക്കുമെന്നും അറിയിക്കാമോ?

(എ & ബി) സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ വില്ലേജുകൾ ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലുവർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858 കോടി രൂപയുടെ ബൃഹത് പദ്ധതി സർക്കാർ വിഭാവനം ചെയ്തുകൊണ്ട് ആദ്യ ഘട്ടത്തിന് 438.46 കോടി രൂപ അനുവദിക്കുകയും 2022 നവംബർ 1-ന് ബഹു.മാനപ്പെട്ട മുഖ്യമന്ത്രി

ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് ടി പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 200 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെ ആരംഭിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി 1500 സർവ്വെയർമാരെയും 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാറടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു. സർവ്വെയർമാരുടെ എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവ നടത്തി 711 സർവ്വെയർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള എഴുത്ത് പരീക്ഷ പൂർത്തിയാക്കി ഇന്റർവ്യൂ നടപടികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

നൂതന സർവ്വെ ഉപകരണങ്ങളായ CORS, Real Time Kinematic Rover (RTK), Robotic-ETS, Tablet PC, എന്നീ ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ചാണ് സർവ്വെ നടത്തുന്നത്. സംസ്ഥാനത്ത് ആവശ്യമായ 28 Continuously Operating Reference Stations (CORS) സർവ്വെ ഓഫ് ഇൻഡ്യയുടെ സഹായത്തോടെ സ്ഥാപിച്ചിട്ടുള്ളതും ആയത് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതുമാണ്. കൂടാതെ സർവ്വെ ഉപകരണങ്ങൾ

വാങ്ങുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തിയാക്കി Real Time Kinematic Rover (RTK) 1000 എണ്ണം, Robotic-ETS മെഷീൻ 200 എണ്ണം, Tablet PC 1200 എണ്ണം എന്നിവയ്ക്ക് വിതരണാനുമതി നൽകിയിട്ടുള്ളതും, ഇതിൽ Real Time Kinematic Rover (RTK)-350 എണ്ണം, Robotic-ETS മെഷീൻ-70 എണ്ണം, Tablet PC-420 എണ്ണം എന്നിവ ലഭ്യമായിട്ടുള്ളതും ആയത് ജില്ലകളിൽ വിതരണം ചെയ്തിട്ടുള്ളതുമാണ്.

പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായാണ് സർവ്വെ നടത്തുന്നത്. ഇതിലേക്കായി "എന്റെ ഭൂമി" എന്ന പേരിൽ സമഗ്രമായ ഒരു പോർട്ടൽ NIC മുഖേന തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയിൽ പൂർണ്ണ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവ്വെ സഭകൾ

സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ റീസർവ്വെ പൂർത്തീകരിക്കാൻ നടപടി**

393 (1574) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ഷിരിബാഗിലു, മുളിഞ്ച, മൊഗ്രാൽ, ഇച്ചിലംപാടി, പുത്തൂർ, കൊടിബയൽ, മധൂർ, പട്ല, കോയിപ്പാടി, കണ്ണൂരു, കഡ്ലു, മംഗൽപാടി, ഉദുമ, കോട്ടികുളം, പള്ളിക്കര, കീക്കാൻ, ചിത്താരി, അജാനൂർ, ഹോസ്ദുർഗ്, ചെറുവത്തൂർ, തുരുത്തി, മാണിയാട്ട്, പിലിക്കോട്, ഉപ്പള, ബല്ല, പുതുക്കൈ എന്നീ വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കി റെക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) റീസർവ്വെ നടന്ന വില്ലേജുകളിലും ഉപഗ്രഹ സർവ്വെ നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ഭൂസംബന്ധമായ സേവനങ്ങൾ ആധുനിക വിവര വിനിമയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഏറ്റവും സുതാര്യവും സുഗമവുമായ രീതിയിൽ കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേന ജനങ്ങൾക്ക് ലഭ്യമാക്കുക, റവന്യൂ ഭരണം കൂടുതൽ സുഗമമാക്കുക, ഇനിയൊരു റീസർവ്വെ ആവശ്യമില്ലാത്ത വിധം മാപ്പുകൾ നാളതീകരിച്ച് പരിപാലിക്കുക, സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ ഭൂസംബന്ധമായ സേവനങ്ങൾ ഏകീകൃത സംവിധാനത്തിലൂടെ നൽകുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് ഏറ്റവും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് "എന്റെ ഭൂമി" എന്ന പേരിൽ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ ആരംഭിക്കാനും, സമയബന്ധിതമായി പൂർത്തീകരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി സാക്ഷാത്കരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ റിക്കാർഡുകൾ ആവശ്യമായതിനാൽ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ

വില്ലേജുകൾ ഒഴികെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലുവർഷംകൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**റീസർവ്വെ നടപടികളുടെ പുരോഗതി**

394 (1575) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വെ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; റീസർവ്വെ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 921 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കി റെക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും ഇതിൽ 96 വില്ലേജുകൾ മാത്രമാണ് ഡിജിറ്റൽ രീതിയിൽ സർവ്വെ നടപടി പൂർത്തിയാക്കിട്ടുള്ളത്. നിലവിൽ ഡിജിറ്റൽ രീതിയിൽ സർവ്വെ പൂർത്തിയായതും, പുരോഗതിയിലുള്ള വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നാലുവർഷത്തിനകം പൂർത്തിയാക്കുന്ന 858

കോടി രൂപയുടെ ബൃഹത് പദ്ധതി സർക്കാർ ആവിഷ്കരിച്ചുകൊണ്ട് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 438.46 കോടി രൂപ ആദ്യ ഘട്ടത്തിനായി അനുവദിക്കുകയുണ്ടായി. 2022 നവംബർ മാസം ഒന്നാം തീയതി ആരംഭിച്ച പദ്ധതിയുടെ ആദ്യത്തെ മൂന്നുവർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലുവർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന്, സർവ്വെ സംബന്ധിച്ച നടപടികൾ നേരിട്ട് ഓരോ ഭൂവുടമയേയും ബോധവൽക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി വാർഡുതലങ്ങളിൽ സർവ്വെ സഭകൾകൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകുന്ന നടപടികൾ 99% പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളുടെ ബ്ലോക്ക് ഫോർമേഷൻ ജോലികളും, റെക്കാർഡ് കളക്ഷൻ, സ്കാനിംഗ്, Metadata Uploading എന്നിവ പൂർത്തീകരിച്ചിട്ടുള്ളതും, ഭൂവുടമസ്ഥരുടെ വിവരങ്ങൾ ശേഖരിക്കുന്ന

നടപടികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നതുമാണ്. RTK, R-ETS എന്നീ ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് 40440 സബ്ഡിവിഷനുകളിലായി 4546 ഹെക്ടർ സർവ്വെ പൂർത്തിയാക്കുകയും, ശേഷിക്കുന്ന സർവ്വെ ജോലികൾ പുരോഗതിയിലുമാണ്. സർവ്വെ പ്രവർത്തനങ്ങൾ പൂർണ്ണമായും IT അധിഷ്ഠിതമായിത്തന്നെ നടപ്പിലാക്കുന്നതിന് തയ്യാറാക്കിവരുന്ന പോർട്ടലിന്റെ ആദ്യഘട്ട കസ്റ്റമൈസേഷൻ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡിജിറ്റൽ റീസർവ്വെയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ സർവ്വെ 6 മാസം കൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും റീസർവ്വെ നടപടികൾ സംബന്ധിച്ച പരാതി പരിഹരിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കാമോ?

സംസ്ഥാനത്തെ റീസർവ്വെ നടപടികൾക്കായി സർവ്വെ വകുപ്പിൽനിന്നും നാളിതുവരെ 40,11,87,008/- രൂപ ചെലവഴിച്ചിട്ടുള്ളതും, സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ റീസർവ്വെയ്ക്കായി റീ ബിൽഡ് കേരള ഇൻഷ്യേറ്റീവ് (RKI)

മുഖേന ലഭ്യമാക്കിയ തുകയിൽനിന്ന് 4,45,55,026/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വെ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും, പദ്ധതിയെ സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനും ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവ്വെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ നൽകിയിട്ടുള്ളതും, ഡിജിറ്റൽ സർവ്വെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടലും വകുപ്പ് സജ്ജീകരിച്ചിട്ടുള്ളതുമാണ്. സർവ്വെ ചെയ്യുന്ന

വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയും നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

**എന്റെ ഭൂമി ഡിജിറ്റൽ സർവ്വെ പദ്ധതി**

395 (1576) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല് വർഷത്തിനുള്ളിൽ ആധുനിക സാങ്കേതികവിദ്യാധിഷ്ഠിതമായി സമഗ്ര ഭൂരേഖ തയ്യാറാക്കുന്നതിനായി ആരംഭിച്ച എന്റെ ഭൂമി ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ?

സംസ്ഥാനത്തെ ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വെ ചെയ്യുന്നതും നടപടികൾ ആരംഭിച്ചിട്ടുള്ള വില്ലേജുകളിലൊഴികെ ബാക്കിവരുന്ന 1550 വില്ലേജുകൾ 858 കോടി രൂപ ചെലവഴിച്ച് നാലുവർഷംകൊണ്ട് ആവിഷ്കരിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വെ പദ്ധതി 2022 നവംബർ 1-ന് തുടക്കമായിട്ടുണ്ട്. ടി പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും

സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലുവർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഡിജിറ്റൽ റീസർവ്വെയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ സർവ്വെ ആറുമാസംകൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. സർവ്വെ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ ഘട്ടംഘട്ടമായാണ് ലഭ്യമാകുന്നത്. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വെ പദ്ധതി പൂർണ്ണമായും പൊതുജനപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. സർവ്വെ സംബന്ധിച്ച നടപടികൾ നേരിട്ട് ഓരോ വസ്തുഉടമസ്ഥരെയും ബോധവൽക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി വാർഡുതലങ്ങളിൽ സർവ്വെ സഭകൾകൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിവരുന്ന നടപടികൾ 99% പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളുടെ ബ്ലോക്ക് ഫോർമേഷൻ ജോലികളും, റെക്കാർഡ് കളക്ഷൻ, സ്കാനിംഗ്, Metadata Uploading എന്നിവ പൂർണ്ണമായി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഭൂവുടമസ്ഥരുടെ വിവരങ്ങൾ

ശേഖരിക്കുന്ന നടപടികൾ (Form No. 50) ജില്ലകളിൽ പുരോഗമിച്ചുവരുന്നു. RTK, R-ETS എന്നീ ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് 40, 440 സബ്ഡിവിഷനുകളും, 4546 ഹെക്ടർ സർവ്വെ പൂർത്തിയാക്കുകയും ചെയ്തു, ശേഷിക്കുന്ന സർവ്വെ ജോലികൾ പുരോഗതിയിലുമാണ്. സർവ്വെ പ്രവർത്തനങ്ങൾ പൂർണ്ണമായും IT അധിഷ്ഠിതമായിത്തന്നെ നടപ്പിലാക്കുന്നതിന് തയ്യാറാക്കിവരുന്ന പോർട്ടലിന്റെ ആദ്യഘട്ട കസ്റ്റമൈസേഷൻ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിതരണാനുമതി നൽകിയിട്ടുള്ളതുപ്രകാരം മുഴുവൻ ഉപകരണങ്ങളും ലഭ്യമാകുന്നമുറയ്ക്ക് പൂർണ്ണതോതിൽ സർവ്വെ നടത്തുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനും സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

(ബി) പ്രസ്തുത സർവ്വെയ്ക്കായി ഉപയോഗിക്കുന്ന ആധുനിക മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നും സർവ്വെ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതികളും ആശങ്കകളും പരിഹരിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ?

പൂർണ്ണ ജനപങ്കാളിത്തത്തോടെ നൂതന സർവ്വെ ഉപകരണങ്ങളായ CORS(Continously Operating Reference Stations), Real Time Kinematic Rover (RTK), Robotic-ETS, Tablet PC, Drone തുടങ്ങിയ അത്യാധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായാണ് ഡിജിറ്റൽ റീസർവ്വെ നടത്തുന്നത്.

പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും, പദ്ധതിയെ സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനും ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി സർവ്വെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെപ്പറ്റിയുള്ള അവബോധം നൽകിവരികയാണ്. കൂടാതെ സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ നൽകിയിട്ടുള്ളതും, ഡിജിറ്റൽ സർവ്വെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് "എന്റെ ഭൂമി" എന്ന

ഓൺലൈൻ പോർട്ടലും വകുപ്പ് സജ്ജീകരിച്ചിട്ടുള്ളതുമാണ്. സർവ്വെ ചെയ്യുന്ന വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയും നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

(സി) ഭൂവിവരങ്ങൾ സമഗ്രമാക്കുന്നതിന് സർവ്വെ വിവരങ്ങൾ വില്ലേജ് രജിസ്ട്രേഷൻ രേഖകളുമായി സംയോജിപ്പിക്കാൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ?

സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ വിവിധങ്ങളായ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനാൽ ഭൂസംബന്ധമായ സേവനങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഓഫീസുകൾ സന്ദർശിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള ഡിജിറ്റൽ റീസർവ്വെ പദ്ധതി പൂർത്തിയാകുന്നതോടെ സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലാകുകയും നിലവിൽ ഭൂവുടമസ്ഥർ നേരിടുന്ന ഭൂവിവരങ്ങളുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് സാധ്യമാകുന്നതുമാണ്.

**ഭവനനിർമ്മാണ ബോർഡിന്റെ ആസ്തിബാധ്യതകൾ**

396 (1577) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡ് നിലവിൽ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭവന നിർമ്മാണ ബോർഡ് നിലവിൽ സാങ്കേതികമായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഭവനനിർമ്മാണ ബോർഡിന് 181 ഏക്കർ ഭൂമിയും ഇതിൽ സ്ഥിതി ചെയ്യുന്ന ഏകദേശം 16,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളും ആസ്തിയായുണ്ട്. പുതിയ പദ്ധതികൾ ഏറ്റെടുത്തുകൊണ്ടും പ്രവർത്തന മേഖല കൂടുതൽ വിപുലമാക്കിയും ഭവന നിർമ്മാണ ബോർഡ് ലാഭകരമാക്കുന്നതിനുള്ള പ്രവർത്തനം സജീവമായി നടന്നുവരികയാണ്.

(ബി) ഭവനനിർമ്മാണ ബോർഡിന്റെ നിലവിലെ ആസ്തിബാധ്യതകൾ എന്തൊക്കെയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഭവന നിർമ്മാണ ബോർഡിന്റെ ആസ്തി

ഭവന നിർമ്മാണ ബോർഡിന്റെ ആകെ ആസ്തി 181 ഏക്കർ ഭൂമിയും ഇതിൽ സ്ഥിതി ചെയ്യുന്ന ഏകദേശം 16,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുമാണ്.

ഭവന നിർമ്മാണ ബോർഡിന്റെ ബാദ്ധ്യതകൾ

ഭവന നിർമ്മാണ ബോർഡിന് നിലവിൽ സർക്കാരിനോ, മറ്റുധനകാര്യ സ്ഥാപനങ്ങൾക്കോ യാതൊരു ബാധ്യതയും ഇല്ല. ഭവന നിർമ്മാണ ബോർഡിൽനിന്നും പെൻഷനായ ജീവനക്കാർക്ക് പി.എഫ്, ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ എന്നീ ഇനങ്ങളിലായി 47.84 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകാനുണ്ട്.

**ഭവനനിർമ്മാണ ബോർഡിന്റെ ഭൂമി**

397 (1578) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡിന് സംസ്ഥാനത്ത് എവിടെയൊക്കെ ഭൂമിയുണ്ടെന്നറിയിക്കാമോ; അവയുടെ സർവ്വെ നമ്പർ ലഭ്യമെങ്കിൽ അറിയിക്കാമോ?

ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഭവനനിർമ്മാണ ബോർഡിന്റെ ഭൂമി ഏതെങ്കിലും സ്ഥാപനങ്ങൾക്കോ സ്വകാര്യ ട്രസ്റ്റുകൾക്കോ പാട്ടത്തിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽപ്പെട്ട 14.67 ഏക്കർ സ്ഥലം റവന്യൂ വകുപ്പിന്റെ വിവിധ ഉത്തരവുകളിലൂടെ ക്രമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കി 6.91 ഏക്കർ സ്ഥലം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിക്കും 1 ഏക്കർ ഭൂമി വീതം യു.എ.ഇ. കോൺസലേറ്റും, വിദേശ ഭവനം നിർമ്മിക്കുന്നതിനും 4 ഏക്കർ ഭൂമി ശ്രീ. എം. (മുംതാസ് അലി) നേതൃത്വം നൽകുന്ന സത്സംഗ് ഫൗണ്ടേഷന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യോഗ ആന്റ് റിസർച്ച് സെന്റർ നിർമ്മിക്കുന്നതിനുമായി പാട്ടത്തിന് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) ശ്രീ. എമ്മിന്റെ ട്രസ്റ്റിന് ഭവനനിർമ്മാണ ബോർഡിന്റെ ഭൂമി പാട്ടത്തിന് നൽകിയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ വില്ലേജിൽപ്പെട്ട കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള 7.76 ഏക്കർ ഭൂമിയിൽനിന്നും 4 ഏക്കർ ഭൂമി ശ്രീ. എം. (മുംതാസ് അലി) നേതൃത്വം നൽകുന്ന സത്സംഗ് ഫൗണ്ടേഷൻ യോഗ ആന്റ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി ഒരു വർഷത്തേക്ക് 5 ലക്ഷം രൂപ നിശ്ചയിച്ച് പാട്ടത്തിന് നൽകിയിട്ടുണ്ട്. 29-08-2022-ലെ സ.ഉ.(കൈ) നം. 204/2022/ RD നമ്പർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായാണോ ഇപ്രകാരം ഭൂമി വിട്ടുനൽകിയതെന്ന് വ്യക്തമാക്കുമോ?

ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനുള്ള തീരുമാനം എടുത്തിട്ടില്ല. കൂടെ പുതിയ ബഡ്ജറ്റിലും ശ്രദ്ധേയമായ ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ച് ബോർഡിന്റെ പ്രവർത്തനം കൂടുതൽ സജീവമാക്കുകയാണ്.

**ഭവനനിർമ്മാണ ബോർഡിന് ലഭിക്കുവാനുള്ള കുടിശ്ശിക തുക**

398 (1579) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡിന്റെ ആകെ ആസ്തി എത്രയാണെന്നും ഭവന നിർമ്മാണ ബോർഡിന് വിവിധ പൊതുമേഖല സ്ഥാപനങ്ങളിൽനിന്നും സർക്കാർ ഏജൻസികളിൽനിന്നും ലഭിക്കുവാനുള്ള ആകെ കുടിശ്ശിക തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഭവന നിർമ്മാണ ബോർഡിന്റെ ആകെ ആസ്തി 181 ഏക്കർ ഭൂമിയും ഇതിൽ സ്ഥിതി ചെയ്യുന്ന ഏകദേശം 16,00,000 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുമാണ്. ഭവന നിർമ്മാണ ബോർഡിന് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാർ ഏജൻസികളിൽനിന്നും ലഭിക്കുവാനുള്ള കുടിശ്ശിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുവാനുള്ള തുക | - | 4,85,38,757/-രൂപ |
| സർക്കാർ വകുപ്പുകളിൽനിന്നും ലഭിക്കുവാനുള്ള തുക | - | 7,71,26,017/- രൂപ |
| ആകെ ലഭിക്കാനുള്ള കുടിശ്ശിക തുക | - | 12,56,64,774/-രൂപ |

(ബി) ഭവനനിർമ്മാണ ബോർഡിന് ലഭിക്കുവാനുള്ള കുടിശ്ശിക തുകയുടെ വിവരം സ്ഥാപനം തിരിച്ച് പദ്ധതികളുടെ പേര് സഹിതം വ്യക്തമാക്കുമോ?

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാർ കാര്യാലയങ്ങളിൽനിന്നും ബോർഡിന് ലഭിക്കേണ്ട വാടകക്കുടിശ്ശികയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ**

399 (1580) ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഭവനനിർമ്മാണ മേഖലയിൽ ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭവന വായ്പാ പദ്ധതികൾ (ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗം, ഇടത്തരം/ഉയർന്ന വരുമാന വിഭാഗം)
2. പുനരുദ്ധാരണ പദ്ധതി (എം.എൻ. ലക്ഷം വീട് പദ്ധതി)
3. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ
4. കമേഴ്സ്യൽ കം ഓഫീസ് കോംപ്ലക്സ് പദ്ധതികൾ
5. റവന്യൂ ടവർ പദ്ധതികൾ
6. പുനരധിവാസ പദ്ധതികൾ

7. പാരസ്പര്യം പദ്ധതികൾ

8. ഇന്നവേറ്റീവ് പദ്ധതികൾ

9. ഗൃഹശ്രീ ഭവന പദ്ധതി

10. സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതി

11. ബോർഡ് തനത് ഫണ്ട് ഉപയോഗിച്ച് ആരംഭിച്ച പദ്ധതികൾ

12. ആശ്വാസ് വാടക വീട് പദ്ധതി

13. കൺസൾട്ടൻസി വിഭാഗം നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ

14. കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ

(ബി) ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഭവനനിർമ്മാണ ബോർഡ് പിരിച്ചുവിടാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തീരുമാനിച്ചിട്ടില്ല.

## ഭവന നിർമ്മാണ ബോർഡിന്റെ പ്രധാന പദ്ധതികൾ

400 (1581) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീമതി ഉമ തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനനിർമ്മാണ ബോർഡ് നാളിതുവരെ നടപ്പാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നാളിതുവരെ നടപ്പാക്കിയിട്ടുള്ളതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരണം</u>

1. ഭവന വായ്പാ പദ്ധതികൾ (ദുർബ്ബല വിഭാഗം/ താഴ്ന്ന വരുമാന വിഭാഗം/ ഇടത്തരം വരുമാന വിഭാഗം/ഉയർന്ന വരുമാന വിഭാഗം)

2. പുനരുദ്ധാരണ പദ്ധതി (എം.എൻ. ലക്ഷം വീട് പദ്ധതി ) ദുരിതാശ്വാസ പദ്ധതി (ലാത്തൂർ)

3. ചേരി നിർമ്മാർജ്ജന പദ്ധതി (ചെങ്കൽച്ചൂള)

4. സുനാമി ഭവന പദ്ധതി

5. വയനാട് പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായുള്ള ഭവന പദ്ധതി

6. പട്ടികജാതി വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി

7. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ

8. കമേഴ്സ്യൽ കം ഓഫീസ് കോംപ്ലക്സ് പദ്ധതികൾ

9. റവന്യൂ ടവർ പദ്ധതികൾ

10. പുനരധിവാസ പദ്ധതികൾ

11. തീരദേശ ഭവന നിർമ്മാണ പുനരധിവാസ പദ്ധതി

12. സാഫല്യം ഭവന പദ്ധതികൾ

13. പാരസ്പര്യം പദ്ധതികൾ

14. ഇന്നവേറ്റീവ് പദ്ധതികൾ (അത്താണി)

15. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി

<u>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ</u>

1. ഗൃഹശ്രീ ഭവന പദ്ധതി - തിരിച്ചടവില്ലാത്ത നൂതന പദ്ധതി - സ്വന്തമായി 2/3 സെൻറ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./ കാരുണ്യവാന്മാരായ വ്യക്തികൾ തുടങ്ങിയവരുടെ സാമ്പത്തിക സഹായത്തോടെ വീട് നിർമ്മാണത്തിനുള്ള പദ്ധതി.

2. സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതി

3. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണം ആരംഭിച്ചത് (മാഥൂർ).

4. ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി

5. ആശ്വാസ് വാടക വീട് പദ്ധതി - സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി മിതമായ വാടക നിരക്കിൽ താമസസൗകര്യം ഒരുക്കുന്ന പദ്ധതി.

6. കൺസൾട്ടൻസി വിഭാഗം നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ

7. കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ആരോഗ്യ, കുടുംബക്ഷേമകാര്യ വകുപ്പിനുവേണ്ടി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ബോർഡിനെ ഏൽപ്പിച്ചിരിക്കുന്ന പദ്ധതി

8. എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി - ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്ന പദ്ധതി.

9. സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതികൾ - സർക്കാർ ജീവനക്കാർക്കുവേണ്ടി സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതി

10. പാരസ്പര്യം പദ്ധതി.

(ബി) ഇ.എം.എസ്. ഭവന പദ്ധതിയുടെ ഉൾപ്പെടെ നോഡൽ ഏജൻസിയായി പ്രവർത്തിച്ച ഭവനനിർമ്മാണ ബോർഡിനെ ലൈഫ് ഭവന പദ്ധതിയുടെ നിർവ്വഹണത്തിൽനിന്നും ഒഴിവാക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ലൈഫ് ഭവനപദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി

കരാറിലേർപ്പെടുന്ന ഗുണഭോക്താക്കളാണ് ഭവനനിർമ്മാണം നടത്തുന്നത്. ലൈഫ് ഭവന പദ്ധതിയിൽ വ്യക്തിഗത ഭവന നിർമ്മാണത്തിനായി പ്രത്യേക ഏജൻസികളെ നിശ്ചയിച്ച് ചുമതല നൽകിയിട്ടില്ല.

(സി) ഭവന നിർമ്മാണ ബോർഡുവഴിയുള്ള പദ്ധതിനിർവ്വഹണം കാര്യക്ഷമമല്ലെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വിലയിരുത്തിയിട്ടില്ല.

(ഡി) ഭവന നിർമ്മാണ ബോർഡിന്റെ എ ക്ലാസ് ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

30-12-2019-ലെ ഇനം 13 ആയുള്ള ബോർഡ് തീരുമാനപ്രകാരം ബോർഡിന് ലഭ്യമായ PWD 'A' Class Contractors License പുതുക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

## മട്ടന്നൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് അനുവദിച്ച തുക

401 (1582) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംസ്ഥാന ബജറ്റിൽ മട്ടന്നൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് തുക അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

2022-23 സാമ്പത്തിക വർഷം മട്ടന്നൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിക്കായി 10-06-2022-ലെ സ.ഉ(സാധാ) നം.57/2022/ഭവനം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട് (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+).

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്രവിഹിതമാണ്. കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഭവനനിർമ്മാണ ബോർഡിലെ ജീവനക്കാർ**

402 (1583) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

ഭവന നിർമ്മാണ ബോർഡിൽ നിലവിൽ 190 സ്ഥിരം ജീവനക്കാരാണുള്ളത്. ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇവർക്ക് ഏതുമാസം വരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്; ജീവനക്കാരുടെ പി.എഫ്. കോൺട്രിബ്യൂഷൻ നൽകുന്നുണ്ടോ; വിശദാംശം നൽകുമോ;

ജീവനക്കാരുടെ ശമ്പളം 2023 ജനുവരി മാസത്തേതടക്കം നൽകിയിട്ടുണ്ട്. ശമ്പളയിനത്തിൽ ജീവനക്കാർക്ക് കുടിശ്ശിക നൽകാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവശേഷിക്കുന്നില്ല. ജീവനക്കാരുടെ പി.എഫ് സംഭാവന നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഭവനനിർമ്മാണ ബോർഡ് പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ജീവനക്കാരെ പുനർവിന്യസിക്കുമോ; വിശദാംശം നൽകുമോ?

തീരുമാനിച്ചിട്ടില്ല.

**ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം**

403 (1584) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനനിർമ്മാണ മേഖലയിലെ പ്രധാന പൊതുമേഖലാ സ്ഥാപനമായ ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

തീരുമാനമെടുത്തിട്ടില്ല.

(ബി) സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ലാത്തപക്ഷം ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി റിപ്പോർട്ട് ആവശ്യപ്പെട്ടത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഭവന നിർമ്മാണ ബോർഡിന് വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വാടക കുടിശ്ശിക ഇനത്തിൽ ലഭ്യമാവാനുള്ള തുക ലഭ്യമാകുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 08-11-2022-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പിൽ തീരുമാനമായി ദുർബ്ബല വിഭാഗക്കാർക്കുള്ള ഭവന പദ്ധതി ഇപ്പോൾ സർക്കാർ ലൈഫ് മിഷൻ മുഖേന നടപ്പിലാക്കുന്നതിനാൽ ഭവന നിർമ്മാണ ബോർഡിന് നിലവിൽ ആ രംഗത്ത് പ്രവർത്തനം ഇല്ലാത്തതിനാൽ ഈ സംവിധാനം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പരിശോധിക്കേണ്ടതാണെന്ന് രേഖപ്പെടുത്തിയിരുന്നു. ഇത് ചർച്ചയിലുണ്ടായ ഒരു അഭിപ്രായം മിനിട്സായി രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതില്ലെന്നും

കൂടുതൽ പ്രവൃത്തികളേറ്റെടുത്തും, പ്രവർത്തന മേഖല വിപുലമാക്കിയും ബോർഡിനെ ശക്തിപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നിർദ്ദേശം നല്കിയിട്ടുള്ളതാണ്. പുതിയ ബജറ്റിലും ബോർഡിനെ കൂടുതൽ പ്രവൃത്തികളേറ്റെടുത്ത് ശക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) സർക്കാരിന്റെ നയപരമായ തീരുമാനമില്ലാതെ ഇത്തരം നടപടികൾ കൈക്കൊണ്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഭവനനിർമ്മാണ ബോർഡ് നിർത്തലാക്കുന്നത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(സി & ഡി) ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**ഹൗസിംഗ് ബോർഡിന്റെ ഭൂമി കൈമാറ്റം**

404 (1585) ഡോ. മാത്യൂ കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ ഹൗസിംഗ് ബോർഡിന്റെ ഭൂമി, കെട്ടിടം എന്നിവ സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, എജൻസികൾ, പ്രോജക്ടുകൾ എന്നിവയ്ക്ക് വിട്ടുനൽകിയതിന്റെ വിശദാംശം വ്യക്തമാക്കുമോ; ഓരോ കൈമാറ്റത്തിന്റെയും ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2016 മുതൽ നാളിതുവരെ ഭവന നിർമ്മാണ ബോർഡിന്റെ ഭൂമി കൈമാറ്റം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>വളവനാട് ഭൂമി</u>:- ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി വില്ലേജിൽ ഭവന നിർമ്മാണ ബോർഡിന്റെ 6.76 ഏക്കർ ഭൂമിൽനിന്നും 6 സെന്റ് ദേശീയപാത വികസനത്തിനായി കൈമാറിയിട്ടുണ്ട്. കൂടാതെ 15 സെന്റ് ഭൂമിയിൽ കിഫ്ബി കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായി മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന് നിരാക്ഷേപ സാക്ഷ്യ പത്രം (NOC) നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഭൂമിയിൽനിന്നും മൊബിലിറ്റി ഹബ്ബ് നിർമ്മാണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഗാരേജ് മാറ്റി സ്ഥാപിക്കുന്നതിന്

നിരാക്ഷേപ സാക്ഷ്യപത്രം (NOC) നൽകിയിട്ടുണ്ട്. (പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+).

ആക്കുളം ഭൂമി:-ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽപ്പെട്ട ഭൂമിയിൽനിന്നും റവന്യൂ വകുപ്പിന്റെ വിവിധ ഉത്തരവുകളിലൂടെ ക്രമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കിയ ഭൂമിയിൽനിന്നും 1 ഏക്കർ ഭൂമി വീതം യു.എ.ഇ. കോൺസുലേറ്റും, വിദേശ ഭവനം നിർമ്മിക്കുന്നതിനും കൂടാതെ 4 ഏക്കർ ഭൂമി ശ്രീ.എം. (മുംതാസ് അലി) നേതൃത്വം നൽകുന്ന സത്സംഗ് ഫൗണ്ടേഷന് യോഗ ആന്റ് റിസർച്ച് സെന്റർ നിർമ്മിക്കുന്നതിനുമായി പാട്ടത്തിന് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

**തീരക്കടൽ കപ്പൽ ഗതാഗതം**

405 (1586) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുപത് ശതമാനം ചരക്ക് കടത്തൽ തീരക്കടൽ കപ്പൽ ഗതാഗതംവഴിയാക്കുമെന്ന പ്രഖ്യാപിത ലക്ഷ്യത്തിനനുസരിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

തീരദേശ കപ്പൽ ഗതാഗതം സുഗമമായി നടത്തുന്നതിനായി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ വാർഫ്, ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലത്ത് ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് (ICP) ആരംഭിക്കുന്നതിന് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്തെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡ്രെഡ്ജിംഗ് ഉടനെ ആരംഭിക്കുന്നതാണ്. അവിടെ ഒരു Standard Operating Procedure തയ്യാറാക്കിവരുന്നു. ഇതിനുവേണ്ടി വിവിധതലത്തിൽ ചർച്ച നടത്തി ഷിപ്പിംഗ് ഏജൻസികളുടെ ആവശ്യാനുസരണം കപ്പൽ ഗതാഗതത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം തുറമുഖം

പ്രാവർത്തികമാകുന്നമുറയ്ക്ക് തീരദേശത്തിലൂടെയുള്ള കപ്പൽ ഗതാഗതം സുഗമമാക്കാൻ മറ്റുപോർട്ടുകളിലും ബർത്തുകൾ പണിയുക, ആഴം കൂട്ടുക തുടങ്ങിയ പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി പൂർണ്ണതോതിൽ വ്യാപകമാകാത്തതിനാൽ ഇരുവശങ്ങളിലേക്കും ചരക്ക് ലഭിക്കാത്തതുകാരണം ചരക്ക് കടത്തിയിരുന്ന കമ്പനികൾ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; തീരക്കടൽ ചരക്ക് കടത്തിന് ഓരോ ടണ്ണിനും എത്ര രൂപയാണ് സർക്കാർ ഇൻസെന്റീവ് നൽകിവരുന്നത്?

ഉണ്ട്. കോസ്റ്റൽ ഷിപ്പിംഗ് കമ്പനികൾക്ക് തീരദേശ കപ്പൽ ഗതാഗതത്തിൽ ചരക്കുകളുടെ കുറവിൽ വരുന്നനഷ്ടം നികത്താനായി ചുവടെ ചേർക്കുന്ന പട്ടികപ്രകാരം ഗവൺമെന്റ് ഇൻസെന്റീവ് നൽകിയിരുന്നു.

(സി) വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തീരക്കടൽ ചരക്ക് ഗതാഗതത്തിന്റെ പ്രാധാന്യം

വർദ്ധിക്കാനിടയുള്ളത് കണക്കിലെടുത്ത് മാരിടൈം ബോർഡ് നേരിട്ട് കപ്പൽ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിഴിഞ്ഞം തുറമുഖം പ്രാബല്യത്തിൽവരുന്നത് പരിഗണിച്ചുകൊണ്ട് നേരിട്ട് കപ്പൽ ഗതാഗതം നടത്താനാകുമോയെന്നകാര്യം പരിശോധിച്ചുവരുന്നു. ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിന് 'സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ്" എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**അഴീക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യൽ**

406 (1587) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) മെറ്റീരിയൽ നീക്കം ചെയ്യുന്നതിന് മൂന്നാമത് ടെണ്ടർ വിളിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

(എ & ബി) അഴീക്കൽ തുറമുഖത്തെ രണ്ട് ബണ്ടുകളിലെയും മെറ്റീരിയൽസ് നീക്കം ചെയ്യുന്നതിനുള്ള മൂന്നാമത്തെ ടെണ്ടർ 06-08-2022-ൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ടി ടെണ്ടർ 05-09-2022-ൽ തുറന്നുപരിശോധിച്ചതിൽ ബണ്ട്-1-ലെ മെറ്റീരിയൽസ് വാങ്ങുന്നതിന് ആരും ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. ബണ്ട്-2-ലെ മെറ്റീരിയൽസ് വാങ്ങുന്നതിന് ഒരാൾ മാത്രമാണ് പങ്കെടുത്തത്. ആയതിനാൽ നാലാമതും ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. ടെണ്ടർ ഓപ്പൺചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ആലപ്പുഴ തുറമുഖത്തിന്റെ നവീകരണം**

407 (1588) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തുറമുഖത്തിന്റെ നവീകരണം പൂർത്തീകരിച്ച് ചരക്ക് ഗതാഗതവും ടൂറിസ്റ്റുകൾക്ക് കപ്പൽ സഞ്ചാരവും സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആലപ്പുഴ തുറമുഖത്തിന്റെ സാധ്യതകൾ പരിഗണിച്ച് നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

(എ & ബി) ആലപ്പുഴ തുറമുഖം ഒരു മറീനയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി ഒരു കടൽപ്പാലം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ മുസിരിസ്സിന്റെ ആഭിമുഖ്യത്തിൽ പൂർത്തിയായിവരുന്നു. പ്രസ്തുത കടൽപ്പാലം പൂർത്തിയായി വരുന്നമുറയ്ക്ക് അതിനുസമാന്തരമായി 30 മീറ്റർ നീളത്തിലും 12 മീറ്റർ വീതിയിലും ഒരു വാർഫ് പണിയുന്നതിനും ഈ വാർഫിന്റെ ഒന്നാം ഘട്ടം പൂർത്തിയായി രണ്ടാം ഘട്ടത്തിൽ ഈ വാർഫുതന്നെ Extend ചെയ്തുവീണ്ടും രണ്ട് വാർഫുകൾ കണക്ട് ചെയ്ത് ഒരു മറീന വികസിപ്പിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള മാരിടൈം ബോർഡ് സ്വീകരിച്ചുവരുന്നു.

**കാസർകോട് ജില്ലയിലെ ഓഫീസുകൾ**

408 (1589) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖം, കാഴ്ചബംഗ്ലാവുകൾ, പുരാവസ്തു, പുരാരേഖ വകുപ്പുകളുടെ കീഴിൽ കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരം നൽകാമോ; ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള മാരിടൈം ബോർഡിന് കീഴിൽ കാസർഗോഡ് ജില്ലയിൽ ഒരു തുറമുഖ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ടി ഓഫീസ് കാസർഗോഡ് റയിൽവേസ്റ്റേഷന്റെ പടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്യുന്നു.

മേൽ വിലാസം: പോർട്ട് ഓഫീസ്,
കേരള മാരിടൈം ബോർഡ്,
നിയർ ഓൾഡ് റെയിൽവേ സ്റ്റേഷൻ റോഡ്,
കാസർഗോഡ് - 671121

കാഴ്ചബംഗ്ലാവുകൾ, പുരാവസ്തു, പുരാരേഖ വകുപ്പുകളുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ ഓഫീസുകൾ ഇല്ല.

(ബി) പ്രസ്തുത ഓഫീസുകൾ എത്രകാലമായി പ്രവർത്തിക്കുന്നുണ്ടെന്നും ഈ ഓഫീസുകളിൽ അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് തുറമുഖ ഓഫീസ് ഏകദേശം 75 വർഷത്തോളമായി പ്രവർത്തിക്കുന്നു. തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| പോർട്ട് കൺസർവ്വേറ്റർ | 1 |
| വാർഫ് സൂപ്പർവൈസർ | 1 |
| ക്ലാർക്ക് | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

(സി) ഈ ഓഫീസുകളിൽ ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ നിലനിൽക്കുന്നുവെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

നിലവിൽ ഒഴിവുകളില്ല.

## വിഴിഞ്ഞം പുനരധിവാസ പാക്കേജ്

409 (1590) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് തീരശോഷണം ഉൾപ്പെടെയുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് പുനരധിവാസപാക്കേജായി അഞ്ചുവർഷംകൊണ്ട് വിനിയോഗിക്കാവുന്ന രീതിയിൽ 475 കോടി രൂപയുടെ പദ്ധതിക്ക് രൂപം നൽകിയിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലം സമീപപ്രദേശങ്ങളിൽ ഭാവിയിൽ തീരശോഷണം ഉണ്ടായാൽ ബാധിക്കപ്പെട്ടേക്കാവുന്നവരുടെ പുനരധിവാസത്തിനുവേണ്ടി അഞ്ചുവർഷംകൊണ്ട് 475 കോടി രൂപ ചെലവുവരുന്ന ഒരു പദ്ധതിക്ക് അനുമതി നൽകിയിരുന്നു. ഫിഷറീസ് വകുപ്പുവഴിയാണ് ഈ പ്രൊജക്ട് നടപ്പാക്കുവാനുദ്ദേശിച്ചിരുന്നത്. ഇതിൽ ഭവന നിർമ്മാണത്തിന് 350 കോടി രൂപയും മത്സ്യത്തൊഴിലാളികളുടെ

ക്ഷേമപ്രവർത്തനങ്ങൾക്കായി 125 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത സർക്കാർ ഉത്തരവിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളും അവയ്ക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എന്നാൽ ഇതിനുവേണ്ടി പ്രൊജക്ട് തയ്യാറാക്കുകയോ തുക വകയിരുത്തുകയോ ചെയ്തിരുന്നില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്താകെ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി നടപ്പാക്കാനാണ് ഈ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 832 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്ത് ഗൃഹനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

മുട്ടത്തറയിൽ 3.5 ഏക്കർ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറി. ഫ്ലാറ്റ് നിർമ്മാണത്തിന് മാത്രമായി 21 കോടി രൂപ ചെലവഴിച്ചു, ബീമാപള്ളിയിൽ 20 ഫ്ലാറ്റ് നിർമ്മിച്ചുനൽകി. കാരോട് 6 കോടി രൂപ ചെലവിൽ സ്ഥലം വാങ്ങി 128 ഫ്ലാറ്റും നിർമ്മിച്ച് കൈമാറി.

കടലാക്രമണത്തെത്തുടർന്ന് ക്യാമ്പുകളിലും ബന്ധുവീടുകളിലും കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി വലിയതുറയിൽ 2.94 ഏക്കർ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയെങ്കിലും രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തെത്തുടർന്ന് നിർമ്മാണം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. മുട്ടത്തറയിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശമുള്ള 17 ഏക്കർ ഭൂമിയിൽനിന്ന് 8 ഏക്കർ ഭൂമി ഏറ്റെടുത്ത് അവിടെ 400 ഫ്ലാറ്റുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടെ ഈ പ്രദേശത്തുള്ള ഭവന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 ലൈഫ് ജാക്കറ്റുകൾ അനുവദിച്ചു.

തീരസംരക്ഷണത്തിനും തീരശോഷണം തടയുന്നതിനുമായി പൂന്തുറ മുതൽ വലിയതുറ വരെയുള്ള ഭാഗത്ത് ജിയോ ട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന് 150 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ വിജയത്തിനനുസരിച്ച് ഇത് മറ്റുമേഖലകളിലും നടത്താനാണ് ഉദ്ദേശിക്കുന്നത്. തീരദേശത്തെ കുട്ടികൾക്ക് വിദ്യനൈപുണ്യ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സിവിൽ സർവ്വീസ്, ബാങ്കിംഗ്, പി.എസ്.സി., മെഡിസിൻ എന്നീ പരീക്ഷകൾക്ക് കോച്ചിംഗ് നൽകുന്നുണ്ട്.

വിഴിഞ്ഞം തുറമുഖ പദ്ധതി പുനരധിവാസ പാക്കേജിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ 3.75 കോടി രൂപ ചെലവിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കി. ഇതിനുപുറമെ സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലുൾപ്പെടുത്തി 5.60 കോടി രൂപ ചെലവുവരുന്ന മറ്റൊരു പ്രൊജക്ടും നടപ്പാക്കിയിട്ടുണ്ട്.

വിഴിഞ്ഞം പ്രദേശത്ത് ശുദ്ധജലവിതരണം ഉറപ്പാക്കുന്നതിനായി 7.3 കോടി രൂപ ചെലവിൽ പ്രതിദിനം 3.3 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു.

1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (ആയിരത്തിലധികം) സൗജന്യ ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു.

ഖര മാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവുവരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വിഴിഞ്ഞം CHC-യെ 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ അടക്കമുള്ള ഒരു നില അദാനി കമ്പനി നിർമ്മിച്ചുനൽകുന്നുണ്ട്. ഇതുകൂടാതെ നിലവിലുള്ള സബ് സെന്ററിനെ ഒരു PHC ആയി ഉയർത്താമെന്ന് ആരോഗ്യ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. ഇതിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്കുതടസ്സപ്പെട്ട പദ്ധതിപ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കംചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക

നീരൊഴുക്ക് നിലനിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കിയിട്ടുണ്ട്.

വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി 1.8 കോടി രൂപയുടെ പ്രൊജക്റ്റ് തയ്യാറാക്കി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാരിന്റെ ഏജൻസിയായ ASAP 48 കോടി രൂപ ചെലവിൽ ഈ മേഖലയിലുള്ളവർക്ക് തൊഴിൽ നൽകുന്നതിനായി നൈപുണ്യ വികസന പദ്ധതിക്ക് വേണ്ടികെട്ടിടം നിർമ്മിച്ചുവരികയാണ്. കെട്ടിടനിർമ്മാണം പൂർത്തിയായാൽ ഇവിടെ അദാനി കമ്പനി ട്രെയിനിംഗ് സെന്റർ ആരംഭിച്ച് തദ്ദേശവാസികൾക്ക് വിവിധ കോഴ്സുകളിൽ പരിശീലനം നൽകും. 22 കോടി രൂപ ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കും 26 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയുമാണ് കെട്ടിട നിർമ്മാണത്തിന് ചെലവഴിക്കുന്നത്. ഇവിടെ പരിശീലനം ലഭിക്കുന്ന ആളുകൾക്ക് തുറമുഖത്ത് തൊഴിൽ നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

തുറമുഖം വന്നതോടെ കളിസ്ഥലം നഷ്ടപ്പെട്ടതിനുപകരമായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ ഒരേക്കർ ഭൂമിയിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു ആധുനിക സീഫുഡ് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തുറമുഖത്തോടൊപ്പം ഈ പ്രൊജക്ടും പൂർത്തിയാക്കുന്നതാണ്.

ഇതുകൂടാതെ അദാനി കമ്പനിയുടെ CSR ഫണ്ടിലുൾപ്പെടുത്തിയും പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

(സി) തീരശോഷണമുണ്ടായാൽ ബാധിക്കപ്പെടുന്നവരുടെ നഷ്ടപരിഹാരവും പുനരധിവാസവും സർക്കാരിന്റെ ചുമതലയിലായിരിക്കുമെന്ന് പ്രസ്തുത പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

ഉണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിൽ സ്ഥലം ഏറ്റെടുക്കൽ, വീട് നിർമ്മാണം, ജീവിതോപാധി കണ്ടെത്തൽ, സ്ത്രീശാക്തീകരണം, വിദ്യാഭ്യാസ സഹായം,

വാർദ്ധക്യകാല പരിചരണം, നൈപുണ്യ വികസനം എന്നീയിനങ്ങളിൽ വകയിരുത്തിയ തുക കാര്യക്ഷമമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിമൂലം നാളിതുവരെ തീരശോഷണം സംഭവിച്ചതായി കണ്ടെത്തിയിട്ടില്ലെങ്കിലും പുനർഗേഹം പദ്ധതിയുടെ ഭാഗമായി തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മുഴവൻ കുടുംബങ്ങളെയും പൂർണമായും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 832 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി രജിസ്റ്റർചെയ്ത് ഗൃഹനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

മുട്ടത്തറയിൽ 3.5 ഏക്കർ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറി. ഫ്ലാറ്റ് നിർമ്മാണത്തിന് മാത്രമായി 21 കോടി രൂപ ചെലവഴിച്ച, ബീമാപള്ളിയിൽ

20 ഫ്ലാറ്റ് നിർമ്മിച്ചുനൽകി. കാരോട് 6 കോടി രൂപ ചെലവിൽ സ്ഥലം വാങ്ങി 128 ഫ്ലാറ്റും നിർമ്മിച്ച് കൈമാറി.

കടലാക്രമണത്തെത്തുടർന്ന് ക്യാമ്പുകളിലും ബന്ധുവീടുകളിലും കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി വലിയതുറയിൽ 2.94 ഏക്കർ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയെങ്കിലും രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തെത്തുടർന്ന് നിർമ്മാണം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. മുട്ടത്തറയിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശമുള്ള 17 ഏക്കർ ഭൂമിയിൽ നിന്ന് 8 ഏക്കർ ഭൂമി ഏറ്റെടുത്ത് അവിടെ 400 ഫ്ലാറ്റുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടെ ഈ പ്രദേശത്തുള്ള ഭവന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതി പുനരധിവാസ പാക്കേജിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്നതിന് 375.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 7 മത്സ്യഗ്രാമങ്ങളിലായി 1400 കൃത്രിമപ്പാര് യൂണിറ്റുകൾ സ്ഥാപിച്ചു. സംസ്ഥാന

സർക്കാരിന്റെ വിവിധ പദ്ധതികളിലുൾപ്പെടുത്തി പദ്ധതി മേഖലയിൽ 5.60 കോടി രൂപ ചെലവിൽ 2250 കൃത്രിമപ്പാര് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

കോട്ടപ്പുറം പ്രദേശത്ത് ഭവന രഹിതരായ 1026 കുടുംബങ്ങൾക്ക് LIFE മിഷൻ പദ്ധതിയിലൂടെ വീട് നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ജീവിതോപാധി കണ്ടെത്തൽ</u>

പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 2640 പേർക്ക് 99.94 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നിർമ്മാണ ജോലികൾ പരമാവധി തദ്ദേശീയരായ നാട്ടുകാർക്ക് നൽകിവരുന്നു. പദ്ധതി ആരംഭിക്കുമ്പോൾ തൊഴിൽ നൽകുന്നതിന് നൈപുണ്യം ഉള്ളവരെ വാർത്തെടുക്കുന്നതിനായി ASAP-ന്റെ നേതൃത്വത്തിൽ ഒരു നൈപുണ്യ വികസന പാർക്ക് (CSP) 48 കോടി രൂപ ചെലവിൽ നിർമ്മാണം നടത്തിവരുന്നു.

<u>സ്ത്രീശാക്തീകരണം</u>

സാഫ് മുഖേന സ്ത്രീ ശാക്തീകരണത്തിനായി തീരനൈപുണ്യ പരിശീലനവും സൂക്ഷ്മതൊഴിൽ സംരംഭങ്ങളും പലിശരഹിത വായ്പയും

മത്സ്യവില്പനയിൽ ഏർപ്പെടുന്നവർക്ക് റിവോൾവിംഗ് ഫണ്ടും സീ ഫുഡ് റെസ്റ്റോറന്റും മത്സ്യവില്പനയ്ക്കായി കിയോസ്കുകളും അനുവദിച്ചിട്ടുണ്ട്. പദ്ധതിപ്രദേശത്തെ 600 സ്ത്രീകൾക്ക് നൽകിയ സ്വയംതൊഴിൽ പരിശീലനങ്ങളിൽനിന്ന് 17 ഗ്രൂപ്പ് സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിനാവശ്യമായ തുകയിൽ 50% തുക അദാനി കമ്പനിയും വിസിലും വഹിക്കുയും 40% തുക ബാങ്ക് ലോണായി ലഭ്യമാക്കുകയും 10% തുക ഗുണഭോക്തൃവിഹിതമായി കണ്ടെത്തുകയും ചെയ്യുന്നു.

<u>വിദ്യാഭ്യാസ സഹായങ്ങൾ</u>

പ്രതിമാസ കുടുംബ വരുമാനം 10,000/ രൂപയിൽ താഴെയുള്ള സമർത്ഥരായ 100 വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിവരുന്നു. ഇംഗ്ലീഷ് ഭാഷാ പരിശീലനം, കരിയർ ഗൈഡൻസ്, ഓപ്പൺ ഹൗസ്, ലിറ്ററേച്ചർ മീറ്റ് എന്നിവയിലൂടെ പ്രതിമാസം ആയിരത്തിലധികം കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു. വീട്ടമ്മമാരെ ഡിജിറ്റൽ സേവനങ്ങൾ പരിചയപ്പെടുത്തുന്ന പരിശീലനങ്ങളുടെ ഭാഗമായി പ്രതിവർഷം 1200 പേർക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലനങ്ങൾ നൽകുകയും

ടെലിഫോൺ, കറന്റ്, വെള്ളം തുടങ്ങിയവയുടെ ബിൽ പേയ്മെന്റുകളും ബാങ്കിംഗ് സേവനങ്ങളും ഓൺലൈനായി ചെയ്യാൻ അവരെ പ്രാപ്തരാക്കുകയുംചെയ്തു. സ്മാർട്ട് ക്ലാസ്റൂമുകളായി ഉപയുക്തമാക്കാൻ കഴിയുന്നരീതിയിൽ പദ്ധതി പ്രദേശത്തെ 9 സർക്കാർ വിദ്യാലയങ്ങളിലും 5 എയ്ഡഡ് സ്കൂളുകളിലുമുൾപ്പെടെ 14 വിദ്യാലയങ്ങൾക്ക് സ്മാർട്ട് ക്ലാസ്റൂം ഉപകരണങ്ങൾ നൽകുകയും ടീച്ചേഴ്സിന് പരിശീലനം നൽകുകയുംചെയ്തു. മുല്ലൂർ ഗവൺമെന്റ് യു. പി. സ്കൂളിലും ഹാർബർ ഏര്യാ എൽ. പി. സ്കൂളിലും 10 ക്ലാസ് മുറികൾ വീതമുള്ള ഇരുനില സ്കൂൾ മന്ദിരങ്ങൾ നിർമ്മിച്ചുനൽകി.

<u>വാർദ്ധക്യകാല പരിചരണം</u>

വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കി. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു മെഡിക്കൽ ടീം സൗജന്യ മരുന്നും ചികിത്സയും നൽകിക്കൊണ്ട് പദ്ധതി പ്രദേശത്ത് പ്രവർത്തിച്ചുവരുന്നു. നാളിതുവരെ 23,732 പേർക്ക് ഈ യൂണിറ്റിന്റെ സേവനം

ലഭ്യമായിട്ടുണ്ട്. കൂടാതെ ക്യാൻസർ, നേത്രരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ തുടങ്ങിയവയ്ക്ക് സ്പെഷ്യലൈസ്ഡ് മെഡിക്കൽ ക്യാമ്പുകളും നടത്തിയിട്ടുണ്ട്. 3 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പാലിയേറ്റീവ് കെയർ സെന്ററിന് കോട്ടപ്പുറം ഇടവകയുമായി AVPPL ഒരു MoU ഒപ്പുവച്ച് തുടർപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് 69.90 ലക്ഷം രൂപയുടെ ഒന്നാംഘട്ട ഭരണാനുമതി ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം**

410 (1591) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

തുറമുഖത്തിന്റെ പോർട്ട് ഓപ്പറേഷൻ ബിൽഡിംഗും 220 KV സബ്സ്റ്റേഷനും സ്വിച്ച് യാർഡ് കോംപ്ലക്സും പൂർത്തീകരിച്ച് ഉദ്ഘാടനം

നടത്തുകയും, പോർട്ട് സബ്സ്റ്റേഷൻ, ഗേറ്റ് കോംപ്ലക്സ്, എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിലവിലെ പുരോഗതി ചുവടെ ചേർത്തിരിക്കുന്നു.

(ബി) ഈ തുറമുഖത്തിന്റെ കമ്മീഷനിംഗ് സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ?

2023 സെപ്റ്റംബറിൽ ആദ്യകപ്പൽ വിഴിഞ്ഞത്തെത്തിക്കാൻ കഴിയുന്നതരത്തിൽ പ്രവൃത്തികൾ നടത്തുവാനാണ് കരാർ കമ്പനിയോട് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) കേരളത്തിന്റെ വ്യവസായ, വാണിജ്യ, സാമ്പത്തിക മേഖലകളിൽ വിഴിഞ്ഞം തുറമുഖം ഉണ്ടാക്കുന്ന സ്വാധീനം വിശദമാക്കാമോ?

വിഴിഞ്ഞം തുറമുഖം നിലവിൽ വരുന്നതോടുകൂടി കേരളത്തിന്റെ വ്യവസായ, വാണിജ്യ, സാമ്പത്തിക മേഖലകളിൽ ഉണ്ടാകാവുന്ന പുരോഗതി ചുവടെ ചേർത്തിരിക്കുന്നു.

1. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾവഴിയുള്ള ചരക്ക് കൈകാര്യം ചെയ്യാൻ വിഴിഞ്ഞം തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ സാധ്യമാകും.
2. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ടത്തിൽ പ്രതിവർഷം 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാവുന്നതാണ്.
3. അന്താരാഷ്ട്ര കപ്പൽ പാതയ്ക്ക് ഏറ്റവും അടുത്ത് (10 നോട്ടിക്കൽ മൈൽ) ആയതിനാൽ, കൊളംബോ, സിംഗപ്പൂർ, സലാല, ദുബായ് തുറമുഖങ്ങൾക്ക് പ്രതിവർഷം ലഭിച്ചിരുന്ന 2500 കോടി രൂപയുടെ ചരക്കുനീക്കം വിഴിഞ്ഞം തുറമുഖംവഴിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.
4. വിഴിഞ്ഞം യാഥാർത്ഥ്യമാകുമ്പോൾ ചരക്ക് നീക്കത്തിനുള്ള കൂലി ഗണ്യമായി കുറയുന്നതോടെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാനാകും.

5. വിഴിഞ്ഞം തുറമുഖത്തിലൂടെ കയറ്റുമതിയും ഇറക്കുമതിയും വർദ്ധിക്കുന്നതിലൂടെ കേരളത്തിന്റെ വ്യവസായ മേഖലയിൽ വൻ കുതിച്ചുചാട്ടം ഉണ്ടാകും.
6. തുറമുഖംവഴി കൈകാര്യം ചെയ്യുന്ന ഓരോ കണ്ടെയ്നറിനും ശരാശരി 6 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കുന്നു.
7. തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ, തുറമുഖാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിതമാകുവാനും അതുവഴി പ്രാദേശിക വികസനവും നിരവധി തൊഴിലവസരങ്ങളും വന്നുചേരുമെന്നും പ്രതീക്ഷിക്കുന്നു.

**വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിന് സമിതി**

411 (1592) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിനായി നിയോഗിച്ച സമിതിയുടെ പഠനവിഷയങ്ങൾ അന്തിമമാക്കിയിട്ടുണ്ടോ; എങ്കിൽ

എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പഠന റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്ന് അറിയിക്കുമോ?

ഉണ്ട്. സമിതി പഠന വിധേയമാക്കുന്ന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനുശേഷം അതിന്റെ സ്വാധീന മേഖലയിൽ തീരശോഷണം സംഭവിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കൃത്യമായതും സുപ്രധാനവുമായ കാരണങ്ങൾ കണ്ടെത്തി ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

2. മത്സ്യബന്ധന പ്രവർത്തനങ്ങൾക്കോ കടലിന്റെ ആവാസവ്യവസ്ഥയ്ക്കോ നാവിഗേഷൻ ചാനലിനോ തുറമുഖ നിർമ്മാണംമൂലം ഏതെങ്കിലും തരത്തിലുള്ള പ്രത്യാഘാതങ്ങൾ സ്വാധീന മേഖലയിൽ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ ഉചിതമായ പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക.

3. ടി വിഷയവുമായി ബന്ധപ്പെട്ട കക്ഷികളുമായി ആവശ്യമുള്ളപക്ഷം വേണ്ട ആശയവിനിമയം നടത്തുക.

കരട് റിപ്പോർട്ട് 4 മാസത്തിനുള്ളിലും അന്തിമ റിപ്പോർട്ട് 6 മാസത്തിനുള്ളിലും സമർപ്പിക്കണമെന്നാണ് സമിതിക്ക് കൊടുത്തിട്ടുള്ള നിർദ്ദേശം.

**വിഴിഞ്ഞം പുനരധിവാസ പാക്കേജ്**

412 (1593) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതിബാധിത പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധി നഷ്ടപരിഹാരത്തിനും മറ്റ് സാമൂഹ്യക്ഷേമ

പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് സർക്കാർ തുറമുഖ പദ്ധതിയുമായി മുന്നോട്ട് പോകുന്നത്.

തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 5,60,000/- രൂപയും വീതം 913 പേർക്ക് 54.24 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതിപ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 27.18 കോടി രൂപയുടെ മണ്ണെണ്ണ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി

നഷ്ടപരിഹാരമായി 99.94 കോടി രൂപ ഇതിനകംതന്നെ വിതരണം ചെയ്തുകഴിഞ്ഞു.

തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ 3.3 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ശുദ്ധജല വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ആയിരത്തിൽപ്പരം ശുദ്ധജലവിതരണ കണക്ഷൻ സൗജന്യമായി നൽകി. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവുവരുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നിലവിലെ വിഴിഞ്ഞം CHC-യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതിപ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കംചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കി. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു

പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP)-ന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. 2023 ഏപ്രിൽ മാസത്തോടുകൂടി ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇവിടെ തുറമുഖാനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ പ്രദേശവാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കുന്നതാണ്. പദ്ധതി പ്രദേശത്തിനുസമീപം കായിക അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുകയാണ്.

ഇതിനുപുറമേ കരാർ കമ്പനിയും മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) സിമന്റ് ഗോഡൗണിൽ പ്രവർത്തിക്കുന്ന ക്യാമ്പിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ കാര്യത്തിൽ കാലതാമസം നേരിടാനുള്ള കാരണം വ്യക്തമാക്കുമോ; ഇവരെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

8. കയറ്റുമതി-ഇറക്കുമതി വ്യാപാരത്തിൽ കണ്ടെയ്നർ ഒന്നിന് 8000 മുതൽ 10,000 രൂപ വരെ ഇതുമൂലം ലാഭിക്കാൻ കഴിയും.

മുട്ടത്തറ വില്ലേജിൽ വലിയതുറയിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ 2.94 ഏക്കർ ഭൂമിയിൽ 192 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ വികലാംഗർക്ക് പുനരധിവാസം ഉറപ്പാക്കാതെ ഫ്ലാറ്റ് നിർമ്മാണം അനുവദിക്കാൻ കഴിയില്ലെന്ന തർക്കത്തെത്തുടർന്ന് നിർമ്മാണത്തിന് കാലതാമസം നേരിട്ടു. സർക്കാർ ഭൂമിയിൽ ആറ്റിപ്ര വില്ലേജിൽ സെന്റ് മഗ്ദലീന ചർച്ചിന് സമീപം 1.65 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയെങ്കിലും പള്ളിക്കാരുടെ തർക്കത്തെത്തുടർന്ന് പുനരധിവാസ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ മുട്ടത്തറ

വില്ലേജിൽ ക്ഷീരവികസന വകുപ്പിന്റെ 8 ഏക്കർ ഭൂമി ഏറ്റെടുത്ത് അവിടെ 400 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 81 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഫെബ്രുവരി മാസത്തിൽ ഇവിടെ നിർമ്മാണം ആരംഭിക്കും. ക്യാമ്പിൽ നിന്നുമാറി താമസിക്കുന്നതിന് സന്നദ്ധരായ കുടുംബങ്ങൾക്ക് പ്രതിമാസം 5500/- രൂപ വീതം വാടകയും 2 മാസത്തെ വാടക അഡ്വാൻസായും നൽകിയിട്ടുണ്ട്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

413 (1594) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാന സൗകര്യ

വികസനത്തിനായും സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനും അടിസ്ഥാനസൗകര്യം വികസനത്തിനും മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായും തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുമായി ഒരു കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മാണം പൂർത്തിയായി. 2023 ഏപ്രിൽ മാസത്തോടുകൂടി പ്രവർത്തനമാരംഭിക്കുന്നതാണ്. പ്രദേശവാസികൾക്ക് മുൻഗണന നൽകി തുറമുഖാനുബന്ധ തൊഴിൽ പരിശീലനം ഈ കേന്ദ്രം മുഖേന നൽകുന്നതാണ്. കൂടാതെ, ഈ മേഖലയിൽ 7.3 കോടി രൂപ ചെലവഴിച്ചുനിർമ്മിച്ച ജലശുദ്ധീകരണശാലയുൾപ്പെടെ ആയിരത്തോളം വീടുകൾക്ക് സൗജന്യ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിക്കഴിഞ്ഞു. വിഴിഞ്ഞത്ത് നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 80 കിടക്കകളുള്ള ആധുനിക ആശുപത്രിയായി 4 നിലകളിൽ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

നിരവധി വർഷങ്ങളായി മലിനപ്പെട്ട് കിടന്ന ഗംഗയാർ തോട് മാലിന്യങ്ങൾ നീക്കംചെയ്ത് തടസ്സരഹിതമായി ഒഴുകുവാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാരിന്റെ ഒരേക്കർ സ്ഥലത്ത് കളിസ്ഥലത്തിനായി സ്റ്റേഡിയം സ്ഥാപിക്കുന്നതിനുള്ള നടപടി, വയോധികർക്കായി ഒരു പകൽവീട് പ്രദേശത്ത് സ്ഥാപിക്കുവാനുള്ള നടപടിയും കോട്ടപ്പുറം MRF (മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി) സ്ഥാപിക്കുന്നതിനുള്ള നടപടി എന്നിവ സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും പ്രയോജനം ചെയ്യുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു ആധുനിക സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ഇങ്ങനെ പദ്ധതി ബാധിത പ്രദേശങ്ങളിൽ വിവിധ സാമൂഹിക ക്ഷേമ പദ്ധതികൾ സർക്കാർ മേൽനോട്ടത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ നിരവധി CSR പ്രവർത്തനങ്ങൾ തുറമുഖ കരാർ കമ്പനിയുമായി ചേർന്നും നടത്തിവരുന്നുണ്ട്.

(ബി) വിഴിഞ്ഞം പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകിയവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും

വേഗത്തിലാക്കുന്നതിനുമായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയുൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വിഴിഞ്ഞം പദ്ധതിക്കായി സ്ഥലം വിട്ടുനൽകിയ എല്ലാവരെയും പുനരധവസിപ്പിച്ചിട്ടുണ്ട്. പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെട്ട കോട്ടപ്പുറത്തെ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇതിനുപുറമേയുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച് ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി സർക്കാർ രൂപീകരിക്കുകയും ടി മോണിറ്ററിംഗ് കമ്മിറ്റി വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തി വരികയും ചെയ്യുന്നുണ്ട്.

(സി) പ്രദേശവാസികളിൽനിന്നും ഉയർന്നുവരുന്ന വിഷയങ്ങൾ അതത് സമയങ്ങളിൽതന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും ചർച്ച ചെയ്തുപരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ?

പ്രദേശവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി സർക്കാർ രൂപീകരിച്ച ഐ.എ.എസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ഇതിനു പുറമേ ചീഫ് സെക്രട്ടറിതലത്തിലും മന്ത്രിതലത്തിലും ഈ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലം തീരശോഷണം സംഭവിച്ചാൽ പദ്ധതിയേതര മേഖലയിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ?

പരിസ്ഥിതി പഠന റിപ്പോർട്ട് അനുസരിച്ചും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ വിലയിരുത്തലുകളനുസരിച്ചും തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുകയില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

എന്നാൽ വലിയതുറ അടക്കമുള്ള പ്രദേശത്ത് കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്കും കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരുടെ പുനരധിവാസത്തിനുമായി മുട്ടത്തറ വില്ലേജിൽ ക്ഷീരവികസന വകുപ്പിൽനിന്നും കൈമാറി കിട്ടിയ 8 ഏക്കർ ഭൂമിയിൽ 400 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 81 കോടി രൂപയുടെ ഭരണാനുമതി നൽകി. ഈ മാസം ഇവിടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## സാഗർമാല പദ്ധതി

414 (1595) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പദ്ധതിയായ സാഗർമാലയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത പദ്ധതിയിൽ പ്രോജക്ടുകൾ ഉൾക്കൊള്ളിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഇന്ത്യയിലെ തീരദേശ വികസനത്തിന്റെയും ജലഗതാഗതത്തിന്റെ സാദ്ധ്യതകളെയും പ്രയോജനപ്പെടുത്തി Logistic sector-ന്റെ ഉന്നമനത്തിനാണ് സാഗർമാല പദ്ധതി ലക്ഷ്യമിടുന്നത്. അതുവഴി രാജ്യത്തിനകത്തും പുറത്തുമുള്ള ചരക്കുഗതാഗതം വിപുലപ്പെടുത്താൻ സാധിക്കുന്നതാണ്.

പ്രോജക്ടുകൾ ഉൾക്കൊള്ളിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ പറയുന്നു.

1. പോർട്ട് / ഹാർബർ എന്നിവയുടെ അടിസ്ഥാന വികസനം
2. പോർട്ട് / ഹാർബർ തമ്മിലുള്ള കണക്റ്റിവിറ്റി
3. പോർട്ട് / ഹാർബറുമായി ബന്ധപ്പെട്ട വ്യവസായവൽക്കരണവും തീരദേശവാസികളുടെ ഉന്നമനവും

പ്രസ്തുത പദ്ധതിയിൽ പ്രോജക്ടുകൾ സമർപ്പിക്കുന്നതിന് പദ്ധതികളുടെ DPR (Detailed Project Report) തയ്യാറാക്കി State Sagarmala Committee അംഗീകരിച്ച് കേന്ദ്ര സാഗർമാലാ കമ്മിറ്റിക്ക് നൽകിയാണ് പദ്ധതികൾക്ക് അംഗീകാരം നേടുന്നത്.

(ബി) സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികളാണ് സാഗർമാല പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതെന്നും അനുമതി ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

06-05-2022-ലെ NSAC (National Sagarmala Appex Committee)-യുടെ തീരുമാനപ്രകാരം കേരളത്തിലെ താഴെപ്പറയുന്ന 7 ഫിഷിംഗ് ഹാർബർ / ഫിഷ് ലാന്റിംഗ് സെന്ററുകളിൽ ഫ്ലോട്ടിംഗ് ജെട്ടിയും അനുബന്ധസൗകര്യങ്ങളും നടപ്പിലാക്കുന്നതിനുള്ള ഡി.പി.ആർ. Ministry of Ports, Shipping and Water ways-ന് സമർപ്പിച്ചിട്ടുണ്ട്. ഫിഷിംഗ് ഹാർബറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൊല്ലം തുറമുഖത്ത് 20 കോടി രൂപ ചെലവിൽ നിർമ്മിച്ച "മൾട്ടി പർപ്പസ് ബർത്ത്" എന്ന പ്രവൃത്തിയാണ് കേരള മാരിടൈം ബോർഡിൽനിന്നും സാഗർമാലാപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള ഏക പദ്ധതി.

(സി) എറണാകുളം ജില്ലയിൽ 25 കിലോമീറ്ററോളം കടൽത്തീരവും 25 കിലോമീറ്ററോളം കായൽത്തീരവുമുള്ള വൈപ്പിൻകരയിലെ ദുബായ് പോർട്ട്,

സംസ്ഥാനത്തെ തിരക്കേറിയ ഹാർബറുകളായ മുനമ്പം, കാളമുക്ക് തുടങ്ങിയവയെയും ബന്ധിപ്പിച്ചുകൊണ്ട് തുറമുഖ വികസനം, ഹാർബറുകളുടെ വികസനം, റോഡ് കണക്ടിവിറ്റി ഉൾപ്പെടെയുള്ള പദ്ധതികൾ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കാൻ നടപടി**

415 (1596) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽനിന്നും ന്യൂനതകൾ പരിഹരിച്ച് പുതുക്കിയ വിശദാംശം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുമോ;

(സി) റവന്യൂ വകുപ്പിൽനിന്നും ആവശ്യമായ രേഖകൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ - സി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് വില്ലേജിൽ സ്ഥിതി ചെയ്യുന്ന നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ റവന്യൂ വിശദാംശങ്ങളിലെ പിഴവുകളിൽ തിരുത്തൽ വരുത്തി ബന്ധപ്പെട്ട ജില്ലാ കളക്ടർ വകുപ്പിന് നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് പ്രസ്തുത ക്ഷേത്രത്തെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിലേക്കായുള്ള പ്രാഥമിക വിജ്ഞാപനക്കരട് അടിയന്തരമായി സർക്കാരിന് സമർപ്പിക്കുന്നതാണെന്ന് പുരാവസ്തു വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**പയ്യന്നൂരിലെ ഗാന്ധി സ്മൃതി മ്യൂസിയം**

416 (1597) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂരിലെ ഗാന്ധി സ്മൃതി മ്യൂസിയത്തിന്റെ രണ്ടാം ഘട്ട വികസനത്തിനായുള്ള ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂരിലെ ഗാന്ധിസ്മൃതി മ്യൂസിയത്തിന്റെ സജ്ജീകരണപ്രവൃത്തികൾ പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുനൽകിയിട്ടുള്ളതാണ്. രണ്ടാംഘട്ട വികസനത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല.

**ആറ്റിങ്ങൽ കൊട്ടാരം നവീകരണം**

417 (1598) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ കൊട്ടാരം നവീകരണവുമായി ബന്ധപ്പെട്ട് പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണ്; ബാക്കിയുള്ള പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ കൊട്ടാരം പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചശേഷം അതിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് ആരംഭിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി മുഖമണ്ഡപത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. കൊട്ടാരക്കെട്ടിലെ നാലുകെട്ടിന്റെ സംരക്ഷണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. 2023 മെയ് മാസത്തോടുകൂടി മേൽപ്രവൃത്തി പൂർത്തിയാകുന്നതാണ്.

**കാട്ടായിക്കോണം മടവൂർപാറ ടൂറിസ്റ്റ് കേന്ദ്ര പരിപാലനം**

418 (1599) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിനുകീഴിലുള്ള കാട്ടായിക്കോണം മടവൂർപാറ ടൂറിസ്റ്റ് കേന്ദ്രത്തിൽ നിലവിലെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വരുമാനമുണ്ടാക്കി ഈ കേന്ദ്രം പരിപാലിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ അയിരൂർപ്പാറ വില്ലേജിൽപ്പെടുന്ന ഗുഹാക്ഷേത്രം പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ സന്ദർശകർക്ക് പ്രവേശന ടിക്കറ്റ് ഏർപ്പെടുത്തിയും നിരക്ക് നിശ്ചയിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം സന്ദർശകർക്ക് ടിക്കറ്റ് ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉടൻ നിലവിൽ വരും.

(ബി) ടൂറിസ്റ്റുകൾ ധാരാളമായെത്തുന്ന അവധി ദിവസങ്ങളിൽ പ്രസ്തുത കേന്ദ്രം അടച്ചിടുന്നത് ശരിയായ നടപടിയാണോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രം എല്ലാ ദിവസവും തുറന്നുപ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി & സി) പുരാവസ്തു സ്മാരകങ്ങൾ, മ്യൂസിയങ്ങൾ എന്നിവ ദേശീയ അവധിദിനങ്ങളായ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം, ഗാന്ധിജയന്തി, എന്നീ ദിവസങ്ങളിലും അംബേദ്കർ ജയന്തി, തിരുവോണം എന്നീ അവധി ദിനങ്ങളിലും ഒഴികെ മറ്റെല്ലാ അവധി ദിനങ്ങളിലും, ഞായറാഴ്ചകളിലും തുറന്ന് പ്രവർത്തിച്ചുവരുന്നുണ്ട്. മടവൂർപ്പാറ സംരക്ഷിത സ്മാരകവും ഇതേനിലയിലാണ് പ്രവർത്തിച്ചുവരുന്നത്. സ്മാരകങ്ങൾക്കും മ്യൂസിയങ്ങൾക്കും തിങ്കളാഴ്ചയാണ് വാരാന്ത്യ അവധി നൽകിയിരിക്കുന്നത്.

**പാലക്കാട് ജില്ലയിലെ സംരക്ഷിത സ്മാരകങ്ങൾ**

419 (1600) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ചരിത്രപരവും പൈതൃക പ്രാധാന്യമുള്ളതുമായ എത്ര സംരക്ഷിത സ്മാരകങ്ങളാണ് പുരാവസ്തുവകുപ്പിന്റെ കീഴിലുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പാലക്കാട് ജില്ലയിൽ പുരാവസ്തു വകുപ്പിന് കീഴിലുള്ള സ്മാരകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കട്ടിൽമാടം - നാഗലശ്ശേരി വില്ലേജ്, പട്ടാമ്പി താലൂക്ക് (പഴയ ഒറ്റപ്പാലം താലൂക്ക്)

2) തുഞ്ചൻ ഗുരു മഠം - ചിറ്റൂർ വില്ലേജ്, ചിറ്റൂർ താലൂക്ക്

3) റോക്ക് കേവ് - കുത്തന്നൂർ വില്ലേജ്-I, ആലത്തൂർ താലൂക്ക്

4) തോലന്റെ കട്ടിൽ - കുത്തന്നൂർ വില്ലേജ്-II, ആലത്തൂർ താലൂക്ക്

5) മെഗാലിത്തിക് മോനുമെന്റ്, കുത്തന്നൂർ-കുത്തന്നൂർ-I, ആലത്തൂർ താലൂക്ക്

6) പന്നിയൂർ വരാഹമൂർത്തി ക്ഷേത്രം - ആനക്കര വില്ലേജ്, പട്ടാമ്പി താലൂക്ക് (പഴയ ഒറ്റപ്പാലം താലൂക്ക്)

7) അഞ്ചുമൂർത്തി ക്ഷേത്രം - തിരുമിറ്റക്കോട് വില്ലേജ്, പട്ടാമ്പി താലൂക്ക് (പഴയ ഒറ്റപ്പാലം താലൂക്ക്)

8) റോക്കട്ട്കേവ്, ആനക്കര വില്ലേജ്, പട്ടാമ്പി താലൂക്ക് (പഴയ ഒറ്റപ്പാലം താലൂക്ക്)

9) പോസ്റ്റ് ഹോൾസ് - ആനക്കര വില്ലേജ്, പട്ടാമ്പി താലൂക്ക് (പഴയ ഒറ്റപ്പാലം താലൂക്ക്)

(ബി) ഇവയിൽ പട്ടാമ്പി താലൂക്ക് പരിധിയിലുൾപ്പെടുന്ന സ്മാരകങ്ങളുടെ വിവരം നൽകാമോ?

പട്ടാമ്പി താലൂക്ക് പരിധിയിലുൾപ്പെടുന്ന സ്മാരകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കട്ടിൽമാടം

2. പന്നിയൂർ വരാഹമൂർത്തി ക്ഷേത്രം

3. തിരുമിറ്റക്കോട്അഞ്ചുമൂർത്തി ക്ഷേത്രം

4. റോക്കട്ട് കേവ്, ആനക്കര

5. പോസ്റ്റ്ഹോൾസ്, ആനക്കര

**ഷൊർണ്ണൂർ മണ്ഡലത്തിൽ പുരാവസ്തുവകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ**

420 (1601) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന് കീഴിൽ എന്തെങ്കിലും സ്ഥാപനങ്ങളോ പുരാവസ്തുക്കളോ ഉണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

പുരാവസ്തു വകുപ്പിനുകീഴിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ സംരക്ഷിത സ്മാരകങ്ങളോ തിരിച്ചറിയപ്പെട്ട പുരാവസ്തുക്കളോ നിലവിലില്ല.

****